# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

നാലാം സമ്മേളനം

**2022 ഫെബ്രുവരി 24, വ്യാഴം**

# ഔദ്യോഗിക റിപ്പോർട്ട്

വാല്യം 187 –നമ്പർ 5

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

**നാലാം സമ്മേളനം**

**2022 ഫെബ്രുവരി 24, വ്യാഴം**

സ്പീക്കർ
**ശ്രീ. എം. ബി. രാജേഷ്**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി
**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ
**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം,മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി | : | ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി | : | ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി | : | ശ്രീ. സജി ചെറിയാൻ |
| വനം-വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ്ജ് |

## ഉള്ളടക്കം

**I ചോദ്യോത്തരങ്ങൾ** പേജ്

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...

**II അടിയന്തരപ്രമേയ നോട്ടീസ്** ...

(പരിഗണനയ്ക്കെടുത്തില്ല)

**III ശ്രദ്ധ ക്ഷണിക്കൽ**

മണ്ണെണ്ണയുടെ ലഭ്യതക്കുറവുമൂലം മത്സ്യബന്ധന മേഖല
നേരിടുന്ന പ്രതിസന്ധി

- ശ്രീ. പി. പി. ചിത്തരഞ്ജൻ ...

(രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചില്ല)

**IV സബ്മിഷൻ**

(1) കുറ്റ്യാടിയിൽ ഫയർ സ്റ്റേഷൻ

- ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ ...

(2) വാട്ടർ അതോറിറ്റി ജീവനക്കാരുടെ ശമ്പളപരിഷ്കരണം

- ശ്രീ. ജി.എസ്. ജയലാൽ ...

(3) വൈദ്യുതി എത്തിക്കുന്നതിന് നടപടി

- ശ്രീമതി ശാന്തകുമാരി. കെ. ...

**V റിപ്പോർട്ട് സമർപ്പണം**

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പതിനേഴ് മുതൽ
പത്തൊമ്പത് വരെയുള്ള റിപ്പോർട്ടുകൾ ...

**VI ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)** ...

**VII വ്യക്തിപരമായ വിശദീകരണം**

കെ.എസ്.ഇ.ബി.-യിലെ പ്രശ്നങ്ങൾ
- വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) ...

**ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)**

**അനുബന്ധം I-II**

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

**നാലാം സമ്മേളനം**

**2022 ഫെബ്രുവരി 24, വ്യാഴം**

---

വാല്യം 187}　　　ഔദ്യോഗിക റിപ്പോർട്ട്　　　{നമ്പർ 5

---

നിയമസഭ 2022 ഫെബ്രുവരി മാസം 24-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

**I ചോദ്യോത്തരങ്ങൾ**

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

**1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ (*61)

ചോദ്യം നമ്പർ (*64)-ഉം ആയി ക്ലബ് ചെയ്യുന്നതിന് ശ്രീ. മോൻസ് ജോസഫും ചോദ്യം നമ്പർ (*65)-ഉം ആയി ക്ലബ് ചെയ്യുന്നതിന് ശ്രീ. മഞ്ഞളാംകുഴി അലിയും ചോദ്യം നമ്പർ (*67)-ഉം ആയി ക്ലബ് ചെയ്യുന്നതിന് ശ്രീ. ഡി. കെ. മുരളിയും നോട്ടീസ് നൽകിയിട്ടുണ്ട്. ക്ലബ്ബിംഗ് അനുവദിക്കുന്നില്ല.

വന്യജീവി ആക്രമണം നേരിടാൻ നടപടി

1 (*61) ശ്രീ. സണ്ണി ജോസഫ് :
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് അടുത്ത കാലത്തായി കാട്ടാനകളുടെ ആക്രമണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ വന്യജീവി ആക്രമണം പ്രതിരോധിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ;

(ബി) അടുത്ത കാലത്തായി വന്യജീവി ആക്രമണം ഉയരുവാനുള്ള കാരണങ്ങൾ പഠന വിധേയമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) അതിരപ്പിള്ളി കണ്ണൻകുഴിയിൽ അഞ്ചുവയസ്സുകാരിയെ കാട്ടാന ചവിട്ടിക്കൊന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സമാന സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ മുൻകരുതലുകൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) വന്യജീവി ആക്രമണ മേഖലകൾ കണ്ടെത്തി ജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് സമഗ്രമായ പദ്ധതികൾ നടപ്പിലാക്കുന്നതിന് തയ്യാറാകുമോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ഇ) വന്യജീവി ശല്യം നേരിടുന്നതിനായി ഫോറസ്റ്റ് ഓഫീസർമാരുടെ പട്രോളിംഗ്, പൊതുജന പങ്കാളിത്തത്തോടെയുള്ള ജനകീയ ജാഗ്രതാ സമിതികളുടെ പ്രവർത്തനം എന്നിവ ശക്തമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

വനം-വന്യജീവി വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): സർ, (എ) അടുത്ത കാലത്ത് കാട്ടാന ആക്രമണംമൂലമുള്ള ജീവഹാനിയിൽ വർദ്ധനവ് കാണുന്നുണ്ട്. സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം പ്രതിരോധിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ താഴെ ചേർക്കുന്നു.

വനാതിർത്തികളിൽ സൗരോർജ്ജ വേലി, കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ

ഫെൻസിംഗ് എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ ഇവ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും ചെയ്യുന്നുണ്ട്. നിലവിൽ 2400-ഓളം കിലോമീറ്റർ സൗരോർജ്ജവേലിയും 500-ൽപ്പരം കിലോമീറ്റർ കിടങ്ങുകളുമുണ്ട്. പുതിയതായി 680 കിലോമീറ്റർ സൗരോർജ്ജ വേലിയും 132 കിലോമീറ്റർ കിടങ്ങുകളും നിർമ്മിക്കേണ്ടതുണ്ട്. ഹാങ്ങിംഗ് സോളാർ പവർ ഫെൻസ് നിർമ്മിക്കുന്നത് ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുള്ളതിനാൽ പുതിയതായി 685 കിലോമീറ്റർ ഹാങ്ങിംഗ് സോളാർ പവർ ഫെൻസും നിർമ്മിക്കേണ്ടതുണ്ട്. അടുത്തിടെയായി പഞ്ചായത്ത് ഫണ്ടും എം.എൽ.എ ഫണ്ടും വന്യമൃഗ നാശങ്ങൾ പ്രതിരോധിക്കുന്നതിനായി അനുവദിച്ചുകിട്ടിയിട്ടുണ്ട്. ബഹുമാനപ്പെട്ട സ്പീക്കർ പാലക്കാട് എം.പി.യായിരുന്ന സന്ദർഭത്തിൽ റാപ്പിഡ് റെസ്പോൺസ് ഫോഴ്സിന് രണ്ട് വാഹനങ്ങൾ വാങ്ങി നൽകിയ കാര്യം ഈ ഘട്ടത്തിൽ വളരെ നന്ദിയോടെ ഞാൻ ഓർക്കുകയാണ്. ഈ മാതൃക എല്ലാവരും അനുകരിച്ചാൽ നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുമെന്നുള്ളത് സഭയുടെ മുമ്പിൽ ഒരു അഭ്യർത്ഥനയായി വയ്ക്കുകയാണ്. ഈ വർഷം വയനാട്ടിലാണ് മാതൃകാപരമായ പ്രവർത്തനം നടത്തിയിട്ടുള്ളത്. ബത്തേരി എം.എൽ.എ. ശ്രീ. ഐ. സി. ബാലകൃഷ്ണൻ ഒരു കോടി രൂപയും

കൽപ്പറ്റ എം.എൽ.എ. ശ്രീ. ടി. സിദ്ദിഖ് ഒരു വാഹനവും ആർ.ആർ.ടി പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനായി നൽകിയിട്ടുണ്ട്. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിന് ഏർളി വാണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ചില ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. ഇത് വ്യാപിപ്പിക്കുന്നത് പ്രയോജനകരമായിരിക്കും. നാട്ടിലേയ്ക്കിറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി തെരഞ്ഞെടുത്ത പ്രദേശങ്ങളിൽ 13 സ്ഥിരം/താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ചുവരുന്നു. പ്രശ്നക്കാരായ കാട്ടാനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനാവശ്യമായ സംവിധാനമേർപ്പെടുത്തുകയും കാട്ടാന പ്രശ്നം രൂക്ഷമായ പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകളിൽ പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ചുവരുന്നുണ്ട്. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടിവെച്ചോ കൂടുകൾ സ്ഥാപിച്ച് പിടിച്ചോ ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ

നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശീയരും ജനപ്രതിനിധികളും വനം വകുപ്പ് ഉദ്യോഗസ്ഥരും ചേർന്നുള്ള 261 ജനജാഗ്രതാ സമിതികളും ഇതിനകം രൂപീകരിച്ചിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളിലുൾപ്പെടുത്തി വന്യജീവികളുടെ ആവാസ വ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ, ചെക്ക് ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, വനത്തിനകത്ത് ജല ലഭ്യത ഉറപ്പുവരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തിവരുന്നുണ്ട്. വനത്തിനുള്ളിൽ 30000 ഹെക്ടറോളം സ്ഥലത്ത് യൂക്കാലിപ്റ്റസ്, അക്കേഷ്യ, മാഞ്ചിയം, വാറ്റിൽ എന്നീ വിദേശയിനം തോട്ടങ്ങൾ വ്യാവസായിക ആവശ്യങ്ങൾക്കായി നട്ടുപിടിപ്പിച്ചിരുന്നു. 2018 മുതൽ ഈ വിദേശീയ ഇനങ്ങളുടെ നടീൽ നിർത്തലാക്കുകയും മിക്ക തോട്ടങ്ങളെയും ഘട്ടംഘട്ടമായി സ്വാഭാവിക വനങ്ങളാക്കാൻ വേണ്ട നടപടികൾ തുടങ്ങിയിട്ടുമുണ്ട്. കാട്ടാന ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾക്ക് കാട്ടിൽത്തന്നെ കൂടുതൽ ഭക്ഷ്യലഭ്യത ഉറപ്പാക്കാൻ ടി പരിസ്ഥിതി പുനഃസ്ഥാപനത്തിലൂടെ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

മി. ചെയർമാൻ: ദീർഘമായ ഉത്തരമാണെങ്കിൽ മേശപ്പുറത്തുവയ്ക്കാം.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ദീർഘമായ ഉത്തരമായതിനാൽ മേശപ്പുറത്തുവയ്ക്കുന്നു+.

ശ്രീ. സണ്ണി ജോസഫ്: സർ, വന്യമൃഗ ശല്യവുമായി ബന്ധപ്പെട്ട വിഷയം കഴിഞ്ഞ സഭാ സമ്മേളനത്തിൽ അടിയന്തരപ്രമേയമായി കൊണ്ടുവന്നിട്ടുണ്ട്. ഇന്നലെ സഭയിൽ ശ്രദ്ധക്ഷണിക്കലായും സബ്മിഷനുകളായും കൊണ്ടുവന്നു. ഇന്ന് നിരവധി ചോദ്യങ്ങളായും വന്നിട്ടുണ്ട്. ഈ വിഷയം ഉന്നയിക്കുന്ന ഞങ്ങളെ ശല്യക്കാരായി ഗവൺമെന്റ് പ്രഖ്യാപിക്കാതിരുന്നാൽ മതി. വന്യമൃഗശല്യം നേരിടുന്നതിന് ഫലപ്രദമായ പദ്ധതികളോ പണമോ ഇല്ല. ഇന്നലെ ബഹുമാനപ്പെട്ട മന്ത്രി പണമില്ലെന്ന് സമ്മതിച്ചു. കഴിഞ്ഞ വർഷം 22 കോടി രൂപ മാത്രമാണ് ഇതിനായി അനുവദിച്ചത്. ആ തുക തന്നെ ചെലവഴിച്ചിട്ടില്ല. സഭ സമ്മേളിക്കുന്ന ഈ ആഴ്ചയിൽത്തന്നെ വയനാട്ടിൽ ആനയുടെ ആക്രമണംമൂലം ഒരാൾ മരിച്ചു. അതിരപ്പിള്ളിയിൽ ഒരു കുട്ടി മരിച്ചു. അവിടെ മൂന്ന് മന്ത്രിമാർ സന്ദർശനം നടത്തി. ആറളത്ത് ഒരു ചെത്തുതൊഴിലാളി മരിച്ചു. പ്രശ്നം അനുദിനം രൂക്ഷമായിക്കൊണ്ടിരിക്കുകയാണ്. ഇത് പരിഹരിക്കാനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യുകയും പണം കണ്ടെത്തുകയും വേണം.

\+ അനുബന്ധമായി ചേർക്കുന്നു.

കോഴിക്കോട്-വയനാട് തുരങ്കപാതയ്ക്ക് 2600 കോടി രൂപയുടെയും കണ്ണൂരിലെ കൃത്രിമ ജലപാതയ്ക്ക് 680 കോടി രൂപയുടെയും ഫണ്ട് ലഭ്യമായതായി ഇന്നത്തെ പത്രത്തിൽ വായിച്ചു. നല്ല കാര്യം. ഇത്തരത്തിൽ ഏതെങ്കിലുമൊരു ഫണ്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നേതൃത്വത്തിൽ സമാഹരിച്ച് ഫലപ്രദമായ പദ്ധതി ആസൂത്രണം ചെയ്യണം. സ്റ്റീരിയോ ടൈപ്പ് മറുപടി നൽകുന്നതിന് പകരം ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി, വനം വകുപ്പുമന്ത്രി എന്നിവർ ചേർന്ന് പ്രശ്നബാധിത മേഖലകളിലെ ജനപ്രതിനിധികളെ വിളിച്ചുകൂട്ടി ചർച്ച ചെയ്ത് ഫലപ്രദവും കാര്യക്ഷമവുമായ തീരുമാനമെടുക്കാൻ തയ്യാറാകുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, വളരെ ഗൗരവത്തിലാണ് സർക്കാർ ഈ പ്രശ്നങ്ങളെ കാണുന്നതെന്ന് ബഹുമാനപ്പെട്ട സണ്ണി ജോസഫ് തന്നെ ഇവിടെ പറയുകയുണ്ടായി. അതുകൊണ്ടാണ് വനം വകുപ്പുമന്ത്രി മാത്രമല്ല, തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയും പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമന്ത്രിയും ഒരു ടീമായി ഇത്തരം പ്രദേശങ്ങൾ സന്ദർശിച്ച് അവിടത്തെ തദ്ദേശീയമായ പരിഹാരങ്ങളെക്കുറിച്ചും സർക്കാർ തലത്തിൽ കാണേണ്ട പരിഹാരങ്ങളെക്കുറിച്ചും ചർച്ച ചെയ്തുവരുന്നത്. ബഹുമാനപ്പെട്ട അംഗത്തിന്റെ മണ്ഡലത്തിലുൾപ്പെട്ട ആറളത്തും അത് ചെയ്തിട്ടുണ്ട്. മന്ത്രിമാർ മാത്രമല്ല

സമീപ പ്രദേശമായ മട്ടന്നൂരിലെ എം.എൽ.എ. ഉൾപ്പെടെ യോഗത്തിൽ പങ്കെടുത്ത് ഈ വിഷയം ചർച്ച ചെയ്തത് പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്തുകൊണ്ട് തന്നെയാണ്. നമ്മുടെ ആവശ്യം വളരെ വലുതും ചെയ്യാൻ കഴിയുന്നതിന് പരിമിതിയും ഉള്ളതുകൊണ്ടാണ് ഒറ്റയടിക്ക് എല്ലാം ചെയ്തുതീർക്കാൻ കഴിയാത്തത്. ഈ പ്രശ്നം ഒറ്റയടിക്ക് പരിഹരിക്കാൻ കഴിയുന്നത് നല്ലതാണെങ്കിലും സാധാരണ നിലയിൽ അതിന് പ്രയാസമാണെന്ന് എം.എൽ.എ.മാർക്ക് അറിയാമെന്നാണ് ഞാൻ കരുതുന്നത്. വയനാട്ടിലെ എം.എൽ.എ.മാരും ബഹുമാനപ്പെട്ട സ്പീക്കറും കാണിച്ചതുപോലെയുള്ള താൽപ്പര്യം ജനപ്രതിനിധികളും കാണിച്ചാൽ കുറേ പ്രശ്നങ്ങൾ പ്രായോഗികമായി പരിഹരിക്കാൻ കഴിയും. അതിനുള്ള സഹകരണം അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, എം.എൽ.എ. ഫണ്ടൊന്നും ഇതിന് പ്രായോഗികമല്ല. മരണം സംഭവിക്കുന്ന, പരിക്ക് പറ്റുന്ന, കൃഷിനാശം സംഭവിക്കുന്ന കേസ്സുകളിലെല്ലാം തുച്ഛമായ തുകയാണ് നഷ്ടപരിഹാരമായി നൽകുന്നത്. അതും സമയത്ത് നൽകുന്നില്ല. മന്ത്രിമാർ കേൾക്കെ ആറളം ഫാം എം.ഡി. പറഞ്ഞത് എന്താണ്? വളരെ കുറഞ്ഞ റേറ്റിൽ നഷ്ടപരിഹാരത്തുക നിശ്ചയിച്ചിട്ടുപോലും 19 കോടി രൂപ ആറളം ഫാമിന്

കിട്ടാനുണ്ടെന്നാണ്. പേരാവൂരിലുള്ള വിനോദ് എന്ന വ്യക്തിയുടെ പരിക്കിന് 15 ലക്ഷം രൂപയാണ് ചികിത്സാ ചെലവ് വേണ്ടിവന്നത്. ഒരു സ്പെഷ്യൽ കേസായി പരിഗണിച്ച് 6 ലക്ഷം രൂപ ഗവൺമെന്റ് കൊടുത്തു. മരണപ്പെടുന്ന ആളിന്റെ പ്രായം, ജോലി, ആശ്രിതർ ആരൊക്കെ എന്നിവ മനസ്സിലാക്കി മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രൈബ്യൂണൽ അല്ലെങ്കിൽ കൺസ്യൂമർ ഡിസ്പ്യൂട്ട് റിഡ്രെസൽ ഫോറം പോലെ നിയമപരമായൊരു സംവിധാനം നഷ്ടപരിഹാരം കൊടുക്കുന്നതിനുവേണ്ടി കൊണ്ടുവരണം. ഒരു ക്വാസി ജുഡീഷ്യൽ ഫോറം അല്ലെങ്കിൽ ഏതെങ്കിലും നിയമ കോടതികൾ പോലെ ന്യായയുക്തമായി നഷ്ടപരിഹാരം നിർണ്ണയിക്കാനും അത് സമയബന്ധിതമായി നൽകാനും സഹായിക്കുന്ന ഫലപ്രദമായ നിയമ സംവിധാനത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, നഷ്ടപരിഹാരം സംബന്ധിച്ച് നിലവിലുള്ള സമ്പ്രദായം അപര്യാപ്തമാണെന്ന അങ്ങയുടെ നിർദ്ദേശം ഞാൻ തത്വത്തിൽ അംഗീകരിക്കുന്നു. പക്ഷേ നടപടിക്രമങ്ങൾക്കനുസരിച്ചും നിലവിലുള്ള നിയമ വ്യവസ്ഥയനുസരിച്ചും മാത്രമാണ് പ്രവർത്തിക്കാൻ കഴിയുന്നത്. ആറളത്തുനിന്നും വന്നതിനുശേഷം ഈ പ്രശ്നം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അതിനുവേണ്ട പ്രായോഗിക

നടപടികൾ സ്വീകരിക്കാൻ കഴിയുമോയെന്ന് അദ്ദേഹം ചോദിക്കുകയുണ്ടായി. നമ്മൾ മാത്രം വിചാരിച്ചാൽ അത് നടപ്പിലാക്കാൻ കഴിയുന്നതല്ല. കേന്ദ്ര ഗവൺമെന്റിന്റെ അനുവാദത്തോടും സഹായത്തോടുംകൂടി മാത്രമേ ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. ഇപ്പോൾ ധാരാളം പരിമിതികളുണ്ടെന്ന് അങ്ങേയ്ക്ക് അറിയാവുന്നതാണ്. ആ പരിമിതികളുള്ളിൽ നിന്നുകൊണ്ടാണ് നമുക്ക് പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്നത്. അങ്ങ് രണ്ടാമതായി പറഞ്ഞത് പുതിയ നിർദ്ദേശമാണ്. മറ്റ് നിരവധി ഘടകങ്ങളെ ആശ്രയിച്ച് മാത്രമേ അതിന് പരിഹാരം കാണാൻ സാധിക്കുകയുള്ളൂ.

ശ്രീ. സനീഷ്കുമാർ ജോസഫ്: സർ, അതിരപ്പിള്ളിയിൽ ആഗ്നേമിയ എന്ന അഞ്ച് വയസ്സുകാരി കാട്ടാനയുടെ ആക്രമണംമൂലം ദാരുണമായി മരണപ്പെട്ടത് കൂടാതെ ആ ആക്രമണത്തിൽ പരിക്കേറ്റ ആഗ്നേമിയയുടെ മുത്തച്ഛനും കഴിഞ്ഞ ദിവസം മരണപ്പെട്ടു. ഇതുപോലുള്ള നിരവധി സംഭവങ്ങളാണ് നാട്ടിൽ നടക്കുന്നത്. കഴിഞ്ഞ ദിവസം പാലപ്പള്ളിയിലും ആനയെക്കണ്ട് പേടിച്ച് ഒരാൾ മരണപ്പെടുന്ന സാഹചര്യമുണ്ടായി. അത്തരം ആളുകൾക്ക് നഷ്ടപരിഹാരത്തിന്റെ ആനുകൂല്യം ലഭിക്കുന്നില്ലെന്ന യാഥാർത്ഥ്യം നിലനിൽക്കുകയാണ്. ചാലക്കുടി ഉൾപ്പെടുന്ന പ്രദേശത്ത് ഏഴോളം പേരാണ് കാട്ടാനയുടെ ആക്രമണംമൂലം കഴിഞ്ഞ

ആറുമാസത്തിനുള്ളിൽ മരണപ്പെട്ടത്. വന്യമൃഗങ്ങൾക്ക് ലഭിക്കുന്ന പരിഗണനപോലും സാധാരണ കർഷകർക്കും തൊഴിലാളികൾക്കും ലഭിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. ശാശ്വതമായ പരിഹാരമാണ് ഇക്കാര്യത്തിലുണ്ടാകേണ്ടത്. ചാലക്കുടിയിൽ കഴിഞ്ഞ കാലങ്ങളിൽ തുച്ഛമായ തുകയാണ് നഷ്ടപരിഹാരമായി കൊടുത്തിട്ടുള്ളത്. അതുപോലും കൊടുക്കുന്ന സാഹചര്യമില്ല. ഒരു കോടിയോളം രൂപയാണ് ആ പ്രദേശത്ത് നഷ്ടപരിഹാരമായി കൊടുത്തുതീർക്കാനുള്ളത്. പകൽ സമയത്തുപോലും കാട്ടുമൃഗങ്ങൾ നാട്ടിലേയ്ക്കിറങ്ങുന്നുണ്ട്. കൊരട്ടിപോലുള്ള പ്രദേശത്ത് കാട്ടുപോത്തിറങ്ങി എട്ട് മണിക്കൂർ കഴിഞ്ഞശേഷമാണ് തേക്കടിയിൽനിന്നും റാപ്പിഡ് റെസ്പോൺസ് ടീം വന്ന് അതിനെ കാട്ടിലേയ്ക്ക് കയറ്റിവിട്ടത്.

<u>മി.സ്പീക്കർ</u>: ഇത് പ്രസംഗമല്ല, അങ്ങ് ചോദ്യം ചോദിക്കൂ....

<u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: ഈ പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കുന്നതിന് 43 കിലോമീറ്റർ ദൂരം ഫെൻസിംഗ് നിർമ്മിക്കേണ്ടതായിട്ടുണ്ട്. അത് നിർമ്മിക്കുന്നതിനും റാപ്പിഡ് റെസ്പോൺസ് ടീമിന്റെ ഒരു യൂണിറ്റ് ചാലക്കുടി കേന്ദ്രമായി തുടങ്ങുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. സനീഷ്കുമാർ ജോസഫ് പറഞ്ഞ കാര്യങ്ങൾ ഞങ്ങൾ നേരിട്ടുകണ്ട് ബോദ്ധ്യപ്പെട്ടതാണ്. അവിടെ സംഭവമുണ്ടായപ്പോൾ ഞാൻ മാത്രമല്ല ആ ജില്ലയിലുള്ള മന്ത്രിമാരും പ്രത്യേകമായി ഇടപെട്ടിരുന്നു. അതിനുശേഷം ഞാനും ബഹുമാനപ്പെട്ട പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയും സ്ഥലം സന്ദർശിക്കുകയും ജനപ്രതിനിധികളുമായി ചർച്ച ചെയ്യുകയും ചെയ്തു. അവിടെ ഒരു ആക്ഷൻ പ്ലാൻ ഞങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. കൂടുതൽ കാര്യങ്ങളിൽ ശാസ്ത്രീയ പഠനം നടത്തി നിർദ്ദേശങ്ങൾ സമർപ്പിക്കാൻ പറമ്പിക്കുളത്തുള്ള റിസർച്ച് സെന്ററിനോട് പറഞ്ഞിട്ടുണ്ട്. ഒരു കാര്യം മനസ്സിലാക്കാനുള്ളത് ഇതൊക്കെ വനമേഖലകളാണ്. വനമേഖലകളിൽ കാട്ടാനകളും കാട്ടുമൃഗങ്ങളുമുണ്ടാകും. അവിടെ മുന്നറിയിപ്പുകൾ നൽകിയിട്ടും മുന്നറിയിപ്പ് പ്രകാരമുള്ള സമയം കഴിഞ്ഞാലും അത് കണക്കിലെടുക്കാതെ ആളുകൾ പോകുന്നുണ്ട്. അത് അവിടെ മാത്രമല്ല പൊതുവെയുള്ള പ്രവണതയാണ്. മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുകയും മുന്നറിയിപ്പ് ലഭിക്കുകയും ചെയ്താൽ അതിനനുസരിച്ച് പ്രവർത്തിക്കണമെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിന് ആ പ്രദേശങ്ങളിലെ ജനപ്രതിനിധികൾ മുൻകയ്യെടുത്താൽ ഇത്തരം

അപകടങ്ങൾക്ക് ഇരയാകുന്നവരുടെ എണ്ണം കുറയ്ക്കാൻ കഴിയും. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ 4 പേർ ചാലക്കുടി മണ്ഡലത്തിലും 3 പേർ പുതുക്കാട് മണ്ഡലത്തിലുമാണ് മരണപ്പെട്ടത്. മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കുള്ള ധനസഹായത്തിന്റെ ആദ്യ ഗഡു ഇതിനകംതന്നെ കൊടുത്തുകഴിഞ്ഞിട്ടുണ്ട്. രണ്ടാം ഗഡു കൊടുക്കുന്നതിന് പണത്തിന്റെ പ്രശ്നമുണ്ടെങ്കിലും നിയമാനുസൃത പിന്തുടർച്ചാവകാശി ആരാണെന്ന നിയമപ്രകാരമുള്ള രേഖകൾ ലഭിച്ചുകഴിഞ്ഞതിനുശേഷമേ പൂർണ്ണമായി നഷ്ടപരിഹാരം കൊടുക്കാൻ സാധിക്കൂ. കൃഷിനാശത്തിന് ഒരു പുനർനിർണ്ണയം നടത്തുകയെന്ന നിർദ്ദേശത്തോട് വ്യക്തിപരമായി ഞാൻ അനുകൂലമാണെങ്കിലും നേരത്തെ ഞാൻ ഇവിടെ സൂചിപ്പിച്ചതുപോലെ പ്രായോഗികമായി കുറെ പ്രയാസങ്ങളുണ്ട്.

ശ്രീ. സജീവ് ജോസഫ്: സർ, വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിലെ വനം വകുപ്പ് ഉദ്യോഗസ്ഥരുടെയും വനപരിപാലകരുടെയും സേവനത്തെ ഈ സന്ദർഭത്തിൽ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. അവർ ഏറ്റെടുത്തിരിക്കുന്നത് വലിയൊരു റിസ്കാണ്. ജീവൻ പണയം വച്ചാണ് കാട്ടുമൃഗങ്ങളുടെ ആക്രമണത്തിനിരയാകുന്ന ആളുകളുടെ അടുത്തേയ്ക്ക് അല്ലെങ്കിൽ അത്തരം പ്രദേശങ്ങളിലേയ്ക്ക് അവർ എത്തുന്നത്. എന്നാൽ

അവർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങളില്ലെന്നത് വളരെ ഗൗരവത്തിൽ കാണേണ്ട കാര്യമാണ്. അതിനാൽ അവർക്ക് പ്രത്യേക പരിഗണന നൽകണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ സൂചിപ്പിക്കുകയാണ്. ആവശ്യമായ വാഹനങ്ങളും ആയുധങ്ങളും ലഭ്യമാകുന്നില്ലെന്ന് മാത്രമല്ല അവർക്ക് താമസയോഗ്യമായ സ്ഥലങ്ങൾപോലും ഇല്ലെന്നത് വളരെ ഗുരുതരമായൊരു കാര്യമാണ്. അതിനാൽ ഗവൺമെന്റ് പ്രത്യേക താൽപ്പര്യമെടുത്ത് ഇവർക്കാവശ്യമായ ആയുധങ്ങളടക്കമുള്ള സംവിധാനങ്ങൾ ഉറപ്പുവരുത്താനും സ്റ്റാഫിന്റെ കുറവ് പരിഹരിക്കാനുമുള്ള നടപടി സ്വീകരിക്കുമോ; വി.എസ്.എസ്. പോലുള്ള ജാഗ്രതാ സമിതികൾ ശക്തിപ്പെടുത്തുന്നതിനുവേണ്ടിയുള്ള ക്രിയാത്മകമായ നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, അങ്ങ് സൂചിപ്പിച്ചതുപോലെ ഈ കാലഘട്ടത്തിന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ തക്കവിധത്തിൽ പ്രവർത്തിക്കാനുള്ള ആധുനിക സൗകര്യങ്ങളുടെ പരിമിതിയുണ്ടെന്നത് സത്യമാണ്. പക്ഷെ ഇരിക്കൂർ മേഖലയിൽ നല്ല നിലയിലുള്ള പ്രവർത്തനമാണ് നടക്കുന്നതെന്ന് അദ്ദേഹംതന്നെ സൂചിപ്പിച്ചിട്ടുണ്ട്. ഇനിയും പോരായ്മകളെന്തെങ്കിലും ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന്

പ്രയാസമൊന്നുമില്ല. വി.എസ്.എസ്.-കളുടെ പ്രവർത്തനം സജീവമാക്കുന്നതിന് എം.എൽ.എ.-മാരും മുൻകയ്യെടുക്കേണ്ടതാണ്. പഞ്ചായത്ത് പ്രസിഡന്റുമാരെ ബന്ധപ്പെടുത്തി വനസംരക്ഷണ സമിതികൾ രൂപീകരിച്ചാൽ ജനങ്ങളുമായി നല്ലൊരു ബന്ധം സ്ഥാപിക്കാനും ഇത്തരം കാര്യങ്ങൾ വരുമ്പോൾ മുന്നറിയിപ്പ് നൽകാനും ആവശ്യമായ സഹായങ്ങൾ യഥാസമയം എത്തിച്ചുകൊടുക്കാനും കഴിയും. ഇപ്പോഴുള്ള 246 വി.എസ്.എസ്. യൂണിറ്റുകൾ ആയിരമാക്കി വർദ്ധിപ്പിക്കാൻ സാധിക്കണം. അതിന് ദയവായി മുൻകയ്യെടുക്കണമെന്ന് അപേക്ഷിക്കുകയാണ്.

ശ്രീ. ഐ. സി. ബാലകൃഷ്ണനുവേണ്ടി ശ്രീ. ടി. സിദ്ദിഖ്: സർ, ഇന്ത്യൻ ഭരണഘടനയിലെ ആർട്ടിക്കിൾ 21, Right to protection of life സ്റ്റേറ്റിന്റെ ഉത്തരവാദിത്വമാണ്. വന്യമൃഗങ്ങൾ കാട്ടിൽനിന്നും നാട്ടിലേയ്ക്കിറങ്ങി അവരുടെ കാട്ടുനീതി നടത്തിക്കൊണ്ടിരിക്കുകയാണ്. രണ്ടുദിവസം മുമ്പാണ് കാട്ടുനായ്ക്ക വിഭാഗത്തിലുള്ള ശാന്ത എന്ന 45 വയസ്സുള്ള സ്ത്രീ ചെതലയം റേഞ്ചിൽ കാട്ടാന ആക്രമണത്തിൽ മരിച്ചത്. അവരുടെ ബന്ധുവായ ചാച്ചി ഗുരുതരാവസ്ഥയിൽ ആശുപത്രിയിലാണ്. ഗുരുതരമായ ഒരു സാഹചര്യംകൂടി ഞാൻ വിശദീകരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ കാട്ടാന ആക്രമണത്തെ തുടർന്ന് ഒരാൾ 7 വാരിയെല്ലുകളും ഇടുപ്പെല്ലും പൊട്ടി,

മൂത്രസഞ്ചി തകർന്നുകിടക്കുകയാണ്. പേര് പറയുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിയോട് ഇക്കാര്യം ഞാൻ നേരിട്ട് പറഞ്ഞിട്ടുള്ളതാണ്. വയനാട്ടിലെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കൊണ്ടുപോയെങ്കിലും പിന്നീട് കോഴിക്കോട് ആസ്റ്റർ മിംസിലേയ്ക്ക് ഞങ്ങൾ മാറ്റി. ഒരു ലക്ഷം രൂപയാണ് സർക്കാർ കൊടുക്കുന്നത്. അദ്ദേഹത്തിന് ചെലവായ തുക 7 ലക്ഷം രൂപയ്ക്കുമുകളിലാണ്. ഞാൻ ഗ്യാരന്റി ചെയ്താണ് അദ്ദേഹത്തെ ഡിസ്ചാർജ്ജ് ചെയ്തുകൊണ്ടുവന്നത്. സർക്കാരിനോട് നിരന്തരം ആവശ്യപ്പെടുകയാണ്. ഒരാൾക്കും പണം കൊടുക്കുന്നില്ല. മേപ്പാടിയിലെ ലീല എന്ന സ്ത്രീ ഉൾപ്പെടെ നിരവധി ആളുകൾ ഇതുപോലെയുണ്ട്. നിങ്ങൾ പരിഷ്കരിക്കേണ്ട ഒരു കാര്യമുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രികൂടി കേൾക്കുന്നതുകൊണ്ട് ആശ്വാസകരമായ നടപടിയുണ്ടാകുമെന്ന് പ്രതീക്ഷിക്കുകയാണ്. പട്ടികവർഗ്ഗ വിഭാഗക്കാരാണെങ്കിൽ സാമ്പത്തികമായ മുഴുവൻ കാര്യങ്ങളും സർക്കാർ വഹിക്കും. അല്ലാത്ത വിഭാഗങ്ങൾക്ക് ഈ ചികിത്സയുമായി ബന്ധപ്പെട്ട് ഒരു ലക്ഷം രൂപ മാത്രമേ കൊടുക്കുന്നുള്ളൂ. മുഴുവൻ ആളുകൾക്കും ചികിത്സ കൊടുക്കുകയെന്നത് സ്റ്റേറ്റിന്റെ ഉത്തരവാദിത്വമാണ്. അത് നിർവ്വഹിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

<u>മി. സ്പീക്കർ</u>: അങ്ങ് ചോദ്യം ചോദിക്കൂ. ഇത് സബ്മിഷനല്ല.

ശ്രീ. ടി. സിദ്ദിഖ്: കൃഷിനാശം, മനുഷ്യനാശം ഉൾപ്പെടെയുള്ള മുഴുവൻ മേഖലകളിലും ക്വാസി ജുഡിഷ്യൽ സംവിധാനം സ്ഥിരമായി കൊണ്ടുവരാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; എം.എൽ.എ.-മാർക്കും എം.പി.-മാർക്കുമുള്ള പ്രശംസയല്ല, സർക്കാരിന്റെ നടപടികളാണ് ഞങ്ങൾക്കാവശ്യം.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, സർക്കാരിന് പ്രവർത്തിക്കാൻ കഴിയുന്നത് അതത് സമയത്ത് പ്രാബല്യത്തിലുള്ള നിയമ വ്യവസ്ഥയനുസരിച്ചാണ്. അതിൽ പരിഷ്കാരം വേണമെന്ന് ആവശ്യപ്പെടാൻ എല്ലാ മെമ്പർമാർക്കും അധികാരവും അവകാശവുമുണ്ട്. പക്ഷെ പരിഷ്കരിക്കുന്നതുവരെ കാത്തുനിൽക്കാതെ എന്തൊക്കെ കാര്യങ്ങളാണ് ഇപ്പോൾ ചെയ്യാൻ കഴിയുകയെന്നാണ് ആലോചിക്കേണ്ടത്. അദ്ദേഹം പറഞ്ഞതുപോലെ മനുഷ്യജീവൻ സംരക്ഷിക്കുകയെന്നത് നിയമപ്രകാരം ഭരണകൂടത്തിന്റെ ചുമതലയാണെന്ന് പറയുമ്പോൾത്തന്നെ വനം-വന്യജീവി സംരക്ഷണ നിയമത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്ന എനിക്ക് വനം, വന്യജീവി എന്നീ വിഭാഗങ്ങളെ സംരക്ഷിക്കുകയെന്ന മുഖ്യചുമതലയാണുള്ളതെന്ന മറുവശം കൂടിയുണ്ടെന്ന് ദയവായി അറിയണം.

## പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവരുടെ വീട് പുനർനിർമ്മാണം

2 (*62) ശ്രീ. ഇ. കെ. വിജയൻ:
ശ്രീമതി സി. കെ. ആശ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവരുടെ വാസയോഗ്യമല്ലാത്തതും കേടുപാടുകൾ സംഭവിച്ചതുമായ വീടുകൾ പുനർനിർമ്മിക്കുന്നതിന് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ വിശദമാക്കുമോ;

(ബി) പത്ത് വർഷത്തിനുള്ളിൽ പട്ടികജാതി വിഭാഗക്കാർക്ക് അനുവദിച്ചുനൽകിയ ഭവനനിർമ്മാണ ധനസഹായ തുക പൂർണ്ണമായും കൈപ്പറ്റിക്കഴിഞ്ഞിട്ടും വീട് നിർമ്മാണം പൂർത്തീകരിക്കാത്ത പട്ടികജാതി കുടുംബങ്ങൾക്ക് ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിന് നൽകുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(സി) ലൈഫ് മിഷന്റെ അർഹതാ ലിസ്റ്റിൽ ഉൾപ്പെടാത്തതും എന്നാൽ ശോച്യമായ വീടുകളിൽ താമസിക്കുന്നതുമായ പട്ടികജാതി കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിനായി നൽകുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ,

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് 2013 മുതൽ 2016 വരെ വകുപ്പുവഴി ഭവന പുനരുദ്ധാരണ ധനസഹായം നൽകിയിരുന്നു. നിലവിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നില്ല. എന്നാൽ സ്വന്തമായോ വിവിധ വകുപ്പുകൾ മുഖേനയോ ഭവനനിർമ്മാണം ആരംഭിച്ച് പൂർത്തീകരിക്കാനാകാത്ത വീടുകൾ പൂർത്തീകരിക്കുന്നതിന് ഭവന പൂർത്തീകരണ പദ്ധതിയിലുൾപ്പെടുത്തി 2020-21 മുതൽ ധനസഹായം അനുവദിച്ചുവരുന്നു. പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് കേടുപാടുകൾ സംഭവിച്ച വീടുകളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 1.50 ലക്ഷം രൂപവരെ അനുവദിച്ചുവരുന്നു. ഈ സാമ്പത്തിക വർഷം 2603 പേർക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ഭവന നിർമ്മാണത്തിനുള്ള ധനസഹായം പൂർണ്ണമായും കൈപ്പറ്റിക്കഴിഞ്ഞിട്ടും പൂർത്തീകരിക്കാനാകാത്ത പട്ടികജാതി കുടുംബങ്ങൾക്ക് ഭവന പൂർത്തീകരണത്തിനായി പരമാവധി 1.50 ലക്ഷം രൂപ വരെ അനുവദിക്കുന്നു. പ്രസ്തുത പദ്ധതി പ്രകാരം 2020-21-ൽ 9564 പേർക്ക് ധനസഹായം അനുവദിച്ചിരുന്നു. ഈ സാമ്പത്തിക വർഷം 5000 ഗുണഭോക്താക്കൾക്കാണ് ധനസഹായം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നത്.

(സി) ലൈഫ് മിഷന്റെ അർഹതാ പട്ടികയിൽ ഉൾപ്പെടാതെപോയതും എന്നാൽ ഭവന നിർമ്മാണ ധനസഹായത്തിന് അർഹരായ പട്ടികജാതി വിഭാഗക്കാരെ ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തി ആനുകൂല്യം അനുവദിക്കുന്നതിനായി വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു. അതിന്റെ ഭാഗമായി 36399 ഭൂരഹിത ഭവനരഹിതരുടെയും ശോച്യമായ ഭവനങ്ങളിൽ താമസിക്കുന്നവരുൾപ്പെടെ 49105 ഭൂമിയുള്ള ഭവനരഹിതരുടെയും പട്ടിക വകുപ്പ് തയ്യാറാക്കി ലൈഫ് മിഷന് കൈമാറുകയും ചെയ്തിരുന്നു. ആയതിൽനിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾ അർഹത പരിശോധിച്ച് 21859 ഭൂരഹിത ഭവനരഹിതരെയും 35277 ഭൂമിയുള്ള ഭവനരഹിതരെയും ലൈഫ് മിഷന്റെ അഡീഷണൽ ലിസ്റ്റായി ഉൾപ്പെടുത്തി ഭവനനിർമ്മാണ ധനസഹായം അനുവദിച്ചുവരുന്നു. ഭൂമിയുള്ള ഭവനരഹിതരിൽ 14248 പേർ

ഭവന നിർമ്മാണം ആരംഭിക്കുകയും 1498 പേർ ഭവനനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഭൂരഹിത ഭവനരഹിതരുടെ അഡീഷണൽ ലിസ്റ്റിൽ ഉൾപ്പെട്ടവരിൽ ഭൂമി ലഭ്യമായ 268 പേർ ഭവന നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

ശ്രീ. ഇ. കെ. വിജയൻ: സർ, എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എസ്.സി./എസ്.റ്റി. വിഭാഗങ്ങൾക്കും പൊതുസമൂഹത്തിനും വീടുകൾ നൽകുന്ന കാര്യത്തിൽ അതിവേഗതയിലാണ് പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നത്. പ്രത്യേകിച്ച് ആദിവാസി മേഖലയിൽ വീടുകൾ നൽകുമ്പോൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനുള്ള സംവിധാനം വേണമെന്നാണ് എന്റെ ആവശ്യം. സമയബന്ധിതമായി ഇത് പൂർത്തീകരിക്കുന്നതിന് ഒരു ഗ്യാരന്റി/മോണിറ്ററിംഗ് സംവിധാനമുണ്ടാക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, അനുവദിക്കുന്ന വീടുകൾ പൂർണ്ണമായും നിർമ്മിച്ചുവെന്ന് ഉറപ്പുവരുത്താൻ വേണ്ടിയുള്ള ഇടപെടൽ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ആദിവാസി യുവതി-യുവാക്കൾക്ക് വിവിധ മേഖലകളിൽ പരിശീലനം കൊടുത്തുകൊണ്ട് വീടുനിർമ്മാണം

പൂർത്തീകരിക്കുന്നതിന് ആദിവാസി സമൂഹത്തെ സഹായിക്കാൻ വേണ്ടിയുള്ള ഒരു തീരുമാനമെടുത്തിട്ടുണ്ട്. അതനുസരിച്ച് തുടർന്നും നമുക്ക് കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ ആ മേഖലയിൽ കാഴ്ചവയ്ക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, ആദിവാസി മേഖലയിലെ പ്രവർത്തനങ്ങൾ വേഗത്തിൽ നടത്താൻ കഴിയുന്നില്ലെന്നൊരു വിമർശനമുണ്ട്. കഴിഞ്ഞ സഭാ സമ്മേളനത്തിലും ഈ വിഷയം ഉന്നയിക്കേണ്ടി വന്നു. ഏഴ് വർഷത്തിലേറെയായി നാദാപുരം മണ്ഡലത്തിൽ ആദിവാസി കോളനികളുമായി ബന്ധപ്പെട്ട സമഗ്ര വികസന പദ്ധതിക്ക് അഡീഷണൽ ട്രൈബൽ സബ് പ്ലാൻ ലഭിച്ചിരുന്നു. അതിന്റെ ടെണ്ടർ എടുത്തിരുന്നത് എഫ്.ഐ.ടി. ആണ്. പത്തോ പതിനഞ്ചോ തവണ പുരോഗതി വിലയിരുത്തുന്നതിന് യോഗം വിളിച്ചുചേർത്തു. ഒരു തവണ കളക്ടർ പോലീസ് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ യോഗം വിളിച്ച് എഫ്.ഐ.ടി.-യുടെയും സബ് കോൺട്രാക്ട് എടുത്ത കോൺട്രാക്ടറെയും അറസ്റ്റ് ചെയ്യാനുള്ള തീരുമാനമെടുത്തു. എന്നാൽ ഒന്നും തന്നെ പുരോഗതി കൈവരിക്കുന്നില്ല. ഇപ്പോഴും അതിന്റെ പ്രവർത്തനം മുന്നോട്ടുപോകുന്നില്ല.

<u>മി. സ്പീക്കർ</u>: യെസ്... ചോദ്യം ചോദിക്കൂ.

ശ്രീ. ഇ. കെ. വിജയൻ: സർ, ആദിവാസി മേഖലയുടേതായതുകൊണ്ട് ഇതൊരു പ്രധാനപ്പെട്ട പ്രശ്നമാണ്. ഏറ്റവുമൊടുവിൽ അവിടെ റോഡ് ടാർ ചെയ്തപ്പോൾ ദോശയുടെ കട്ടിയിലാണ് ചെയ്തത്. അവിടെ മറ്റ് ശക്തികൾ വന്ന് ഇടപെടുകയാണ്. എഫ്.ഐ.ടി. പോലുള്ള ഏജൻസികളുടെ എ.എസ്., ടി.എസ്., ബിൽ എന്നിവയെല്ലാം കൊടുക്കുന്നത് അവരാണ്. അതിന്റെയടിസ്ഥാനത്തിൽ ഇടത്തട്ടുകാരുടെ ഇടപെടൽ ഇതിൽ നടക്കുന്നുവെന്നൊരു പ്രശ്നം ഗൗരവപൂർവ്വം കാണണം. ആദിവാസി മേഖലയിലുള്ള റോഡുകൾ തീർക്കുന്നതിന് ഏറ്റവും നല്ല ഏജൻസികളെ മാത്രമേ ഏൽപ്പിക്കാവൂ എന്നൊരു തീരുമാനമെടുത്താൽ മാത്രമേ അത് പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ. ബഹുമാനപ്പെട്ട മന്ത്രി ഈ വിഷയത്തിൽ ഇടപെട്ടിട്ടുണ്ട്. ഇപ്പോൾ പുതിയ കളക്ടർ അവിടെ വന്ന് വീണ്ടും യോഗം ചേർന്നിട്ടുണ്ട്. അവിടെ മാത്രമല്ല, പൊതുവായി ഈ വിഷയത്തിൽ ശാശ്വതമായ പരിഹാരമുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചത് പ്രധാനപ്പെട്ട കാര്യമാണ്. വിവിധ പദ്ധതികൾക്കായി 2011-12 മുതൽ 2020-21 വരെ ഏകദേശം 392 എസ്.സി./എസ്.ടി. കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ വിവിധ

ഏജൻസികളാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാനായി മുന്നോട്ടുവന്നത്. പക്ഷേ മിക്ക ഏജൻസികളും അത് പൂർത്തീകരിക്കുന്ന കാര്യത്തിൽ വലിയ വീഴ്ചയാണ് വരുത്തിയിരിക്കുന്നത്. 392 കോളനികളും പ്രത്യേകമായി ഞാൻ നേരിട്ട് റിവ്യൂ ചെയ്തിരുന്നു. റിവ്യൂ ചെയ്ത സമയത്ത് ചില പദ്ധതികൾ 2012-13-നും അതിനുശേഷവും തുടങ്ങിയതായാണ് അറിയാൻ കഴിഞ്ഞത്. 20 ശതമാനം, 30 ശതമാനം, 40 ശതമാനം എന്നിങ്ങനെയാണ് പ്രവൃത്തികൾ പൂർത്തീകരിച്ചിരിക്കുന്നത്. നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ അവ പൂർത്തീകരിക്കണമെന്ന് ഓരോ ഏജൻസികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഡിസംബർ 31-ാം തീയതി വരെയും മാർച്ച് 31-നുള്ളിലും പൂർത്തീകരിക്കേണ്ടതായ പദ്ധതികളെ സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ട്. മാർച്ച് 31 കഴിഞ്ഞാൽ വിവിധ ഏജൻസികളെ റിസ്ക് ആൻഡ് കോസ്റ്റിൽ ഒഴിവാക്കിക്കൊണ്ട് ടി പദ്ധതികൾ പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീമതി സി. കെ. ആശ: സർ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള ലാൻഡ് ബാങ്ക് പദ്ധതി പ്രകാരം വിലനിർണ്ണയം പൂർത്തീകരിച്ച ഭൂമി അർഹരായവർക്ക് നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ;

സംസ്ഥാനത്ത് നിർമ്മാണ സാമഗ്രികളിലെ വില വർദ്ധനവും കൂലി വർദ്ധനവും പരിഗണിച്ച് പട്ടികജാതി/പട്ടികവർഗ്ഗ സമുദായങ്ങൾക്ക് നൽകിവരുന്ന ഭവനനിർമ്മാണ ഗ്രാന്റ് വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഭൂബാങ്കിൽനിന്നും വില നിശ്ചയിച്ച് നൽകിയ ഭൂമി ആദിവാസികൾക്കും മറ്റ് പട്ടികജാതി വിഭാഗങ്ങൾക്കും നൽകാനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. നൽകിയ ഭൂമിക്ക് പ്രത്യേകതയുണ്ട്. ചില ഭൂമി ലഭിച്ചവർക്ക് അത് വാസയോഗ്യവും കൃഷിയോഗ്യവുമല്ല. നൽകുന്ന ഭൂമി വാസയോഗ്യവും കൃഷിയോഗ്യവുമാണെന്ന് ഉറപ്പ് വരുത്തിയതിനുശേഷം മാത്രമേ ഭൂമി അനുവദിച്ചുനൽകാൻ സാധിക്കുകയുള്ളൂ; അല്ലാതെ ഭൂമി അനുവദിച്ചുനൽകിയിട്ട് കാര്യമില്ല. കാരണം അവർക്ക് വീട് വച്ച് താമസിക്കാനും കൃഷി ചെയ്യാനും കഴിയുന്നില്ല. അത്തരം ഭൂമി നൽകുന്നത് യാതൊരു പ്രയോജനവുമില്ലെന്ന് കണ്ടുകൊണ്ട് ഇനി കൊടുക്കുന്ന സ്ഥലം വാസയോഗ്യവും കൃഷിയോഗ്യവുമാണെന്ന് ഉറപ്പ് വരുത്തിയതിനുശേഷം അനുവദിച്ചുനൽകുന്നതായിരിക്കും നല്ലതെന്നാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്. അതുപോലെതന്നെ ഇപ്പോൾ ഭവനനിർമ്മാണത്തിന് കൊടുത്തുകൊണ്ടിരിക്കുന്ന തുക വർദ്ധിപ്പിക്കുന്ന

കാര്യം ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിക്കുകയുണ്ടായി. അക്കാര്യം സർക്കാർ ആലോചിക്കുന്നതാണ്.

ശ്രീ. ജി. എസ്. ജയലാൽ: സർ, അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ സ്വയംപര്യാപ്തഗ്രാമം ഉൾപ്പെടെ നിരവധി പദ്ധതികൾ പൂർത്തീകരണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. വകുപ്പുതലത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിന് എം.എൽ.എ.-മാർ, എസ്.സി ഓഫീസർ, എസ്.സി. പ്രൊമോട്ടർമാർ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാർ എന്നിവരെ ഉൾപ്പെടുത്തി ഒരു സ്ഥിരം മോണിറ്ററിംഗ് സമിതി നിയോജകമണ്ഡലാടിസ്ഥാനത്തിൽ രൂപീകരിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, സഭ ആരംഭിച്ച സന്ദർഭത്തിൽത്തന്നെ ഇക്കാര്യം സൂചിപ്പിച്ചിട്ടുള്ളതാണ്. ഓരോ എം.എൽ.എ.-മാർക്കും 1020 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ തലവന്മാർക്കും ഞാൻ അതുസംബന്ധിച്ച് കത്തെഴുതിയിരുന്നു. എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവർക്ക് ചെലവഴിക്കുന്ന തുക പൂർണ്ണമായും പ്രയോജനം ചെയ്യുന്ന രീതിയിലേയ്ക്ക് മാറ്റാൻ കഴിയണം. തീർച്ചയായും എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ മണ്ഡലാടിസ്ഥാനത്തിലും ഇത് റിവ്യൂ ചെയ്യുന്നതിനുവേണ്ടിയുള്ള കമ്മിറ്റി രൂപീകരിക്കുന്ന കാര്യം സർക്കാർ

സജീവമായി പരിഗണിക്കുന്നതാണ്.

ശ്രീ. സി. സി. മുകുന്ദനുവേണ്ടി ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഭവന നിർമ്മാണ രംഗത്ത് വലിയ പുരോഗതിയുണ്ടാക്കിയ സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. ലൈഫ് ഭവന പദ്ധതിയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ ഉൾപ്പെടുമ്പോൾ അവർക്ക് തുക ലഭിക്കുന്നില്ല; പ്രത്യേകിച്ച് ഹഡ്കോയിലെ വായ്പ ലഭിക്കുന്നതിന് താമസം നേരിടുന്നു. സമയബന്ധിതമായി 4 ലക്ഷം രൂപ ലഭിക്കാത്തതുകൊണ്ട് ഈ വിഭാഗത്തിൽപ്പെട്ടവർ മറ്റ് സ്രോതസ്സുകളിൽനിന്ന് പണം കണ്ടെത്താൻ പ്രയാസം അനുഭവിക്കുന്നുണ്ട്. ആയതിനാൽ ഹഡ്കോയിൽനിന്നുള്ള വായ്പ പഞ്ചായത്തുകൾക്കും വ്യക്തികൾക്കും സമയബന്ധിതമായി ലഭ്യമാക്കുന്നതിനുവേണ്ട പരിശ്രമം ഉണ്ടാകുമോ; അതോടൊപ്പംതന്നെ കമ്പി, സിമന്റ്, മണൽ, മെറ്റൽ തുടങ്ങിയ നിർമ്മാണ സാമഗ്രികൾ ലഭ്യമാക്കാനുള്ള സംവിധാനം ഏർപ്പെടുത്തുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുവേണ്ടിയുള്ള പാർപ്പിട പദ്ധതികൂടി ലൈഫ് മിഷനിലൂടെയാണ് നടപ്പാക്കുന്നത്. ലൈഫ് മിഷനിലൂടെ നടപ്പാക്കുമ്പോൾ ലൈഫ് മിഷൻ കൂടുതൽ തുക വിവിധ ഏജൻസികളിൽനിന്ന് കണ്ടെത്തി

കേരളത്തിലെ മുഴുവൻ പാവപ്പെട്ടയാളുകൾക്കും പാർപ്പിടം കൊടുക്കുകയെന്നുള്ളതാണ് ലക്ഷ്യം. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച ഹഡ്കോയിൽനിന്നുള്ള 1500 കോടി രൂപയുടെ വായ്പ ഇപ്പോൾ ലഭിച്ചുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ആ തുക കൂടി ഉപയോഗപ്പെടുത്തിക്കൊണ്ട് കേരളത്തിലെ മുഴുവൻ പാവപ്പെട്ടയാളുകൾക്കും പാർപ്പിടം കൊടുക്കാൻവേണ്ടിയുള്ള പദ്ധതിയാണ് നടപ്പിലാക്കുന്നത്. തീർച്ചയായും അതിൽ എസ്.സി./എസ്.ടി. ജനവിഭാഗങ്ങൾക്ക് മുൻഗണന കൊടുക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. സമീപ ഭാവിയിൽത്തന്നെ മുഴുവൻ പാവപ്പെട്ട എസ്.സി./എസ്.ടി. ജനവിഭാഗങ്ങൾക്കും പാർപ്പിടം കൊടുക്കാൻ വേണ്ടിയുള്ള നടപടി സ്വീകരിക്കുന്നതാണ്. നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവിനെ സംബന്ധിച്ച് പറഞ്ഞു. അത് പൊതുവായിട്ടുള്ള കാര്യമാണ്. അത് പ്രത്യേകമായി പരിശോധിക്കുന്നതാണ്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ലൈഫ് പദ്ധതി വരുന്നതിനുമുമ്പ് പട്ടികജാതി വകുപ്പിൽനിന്ന് ഒരു വർഷം 3000 മുതൽ 5500 വീടുകൾവരെ പട്ടികജാതിക്കാർക്ക് കൊടുക്കുന്ന കാലമുണ്ടായിരുന്നു. മാറിമാറി വരുന്ന എല്ലാ ഗവൺമെന്റുകളും അത് കൊടുത്തിരുന്നു. എന്നാൽ ലൈഫ് പദ്ധതി വന്നതിനുശേഷം ആ ഗുണഭോക്തൃ പട്ടികയിൽ പട്ടികജാതിക്കാരുടെ എണ്ണം

വളരെ കുറവാണ്. ഇത് പരിഹരിക്കാനുള്ള അടിയന്തര നടപടി സ്വീകരിച്ചില്ലെങ്കിൽ ഇവർക്ക് വീട് എന്നത് സ്വപ്നമായിത്തന്നെ അവശേഷിക്കും. അതിന് ഡിപ്പാർട്ടുമെന്റ് എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, അതാണ് ഞാൻ പറഞ്ഞത്. ലൈഫ് പദ്ധതിയിൽപ്പെടാതെ പോയിട്ടുള്ള അർഹരായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുണ്ട്. അത്തരം ആളുകളുടെ ലിസ്റ്റ് എടുത്തുകൊടുത്തിട്ടുണ്ട്. ഏറ്റവും പ്രയോറിറ്റി കൊടുക്കേണ്ടൊരു വിഭാഗമാണിത്. ഇപ്പോൾ ഹഡ്കോയിൽനിന്നും 1500 കോടി രൂപ ലഭിക്കുന്നുണ്ട്. അതുകൊണ്ട് ലൈഫ് പദ്ധതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ പോകുകയാണ്. ആ സന്ദർഭത്തിൽ കൂടുതൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭവനം നിർമ്മിച്ചുകൊടുക്കാൻ വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

ശ്രീമതി ശാന്തകുമാരി കെ.: സർ, ട്രൈബൽ മേഖലയിൽ ഉരുൾപൊട്ടലിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി നടത്തിയിട്ടുള്ള പുനരധിവാസ പ്രവർത്തനം സംസ്ഥാന വ്യാപകമായി നടക്കുകയാണ്. എന്റെ മണ്ഡലത്തിലെ

കാഞ്ഞിരപ്പുഴ പഞ്ചായത്തിൽ പൂഞ്ചോല, പാമ്പൻതോട്, മുണ്ടൻതോട് പ്രദേശങ്ങളിൽ 94 പേരെ റവന്യൂ വകുപ്പിന്റെകൂടി സഹായത്തോടെ റീഹാബിലിറ്റേറ്റ് ചെയ്യുന്നതിനുവേണ്ടിയുള്ള പ്രവർത്തനം ഏറ്റെടുത്ത് മുന്നോട്ട് പോകുകയാണ്. എന്റെ ചോദ്യം, ലൈഫ് മിഷൻ പദ്ധതി പ്രകാരം ട്രൈബൽ മേഖലയിൽ കൊടുത്തുകൊണ്ടിരിക്കുന്ന വീടിനുള്ള തുക ഇപ്പോൾ 6 ലക്ഷം രൂപയാണ്. ഈ തുക റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി ട്രൈബൽ മേഖലയിൽ ലഭിക്കുന്നില്ല. 4 ലക്ഷം രൂപ മാത്രമാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി വീട് നിർമ്മിക്കുന്നതിന് 6 ലക്ഷം രൂപ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; അങ്ങനെ ക്രിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള കോളനികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചത് ശരിയാണ്. സെറ്റിൽമെന്റ് ഏരിയയിൽ മാത്രമാണ് ഇപ്പോൾ 6 ലക്ഷം രൂപ കൊടുക്കുന്നത്. മറ്റ് മേഖലയിൽ 4 ലക്ഷം രൂപയാണ് കൊടുക്കുന്നത്. സെറ്റിൽമെന്റ് മേഖലയിൽ അല്ലാതെതന്നെ അപ്രാപ്യമായ മേഖലകളിൽ താമസിക്കുന്ന ആദിവാസികൾക്കും പട്ടികജാതിക്കാർക്കും

അവരുടെ ഭവന നിർമ്മാണത്തിന് ചെലവ് കൂടിവരികയാണ്. അപ്പോൾ തീർച്ചയായും അവർക്ക് അഡീഷണലായി ഫണ്ട് കൊടുക്കേണ്ടി വരും. പട്ടികവർഗ്ഗ മേഖലയിൽ 2 ലക്ഷം രൂപ അഡീഷണലായി കൊടുക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. അത് എത്രയുംവേഗം നടപ്പിലാക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

ശ്രീ. കെ. പി. എ. മജീദ്: സർ, പരപ്പനങ്ങാടി മുനിസിപ്പാലിറ്റിയിലെ അയ്യങ്കാളി, മീൻകുഴി നഗരി കോളനികളെ 2016-17-ലെ അംബേദ്കർ ഗ്രാമ പദ്ധതിയിലുൾപ്പെടുത്തി നവീകരണത്തിനായി ഏറ്റെടുത്തിരുന്നു. അതിന്റെ നിർവ്വഹണ ഏജൻസി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനാണ്. ഒരു കോടി രൂപയാണ് ഇതിനായി നീക്കിവച്ചത്. എന്നാൽ ഇതുവരെ നവീകരണ പ്രവർത്തനങ്ങളൊന്നും നടന്നിട്ടില്ല. ഞാൻ ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഒരു യോഗം വിളിച്ചിരുന്നതാണ്. യോഗത്തിന് എസ്.സി. ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥർ വരുന്നില്ല. ഏജൻസി പറഞ്ഞ തീയതി കഴിഞ്ഞു. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മന്ത്രിയോട് അതിനെക്കുറിച്ച് അന്വേഷിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് മാർച്ചിൽ തീരുമെന്നാണ്. ഇപ്പോൾ എനിക്കറിയാൻ സാധിച്ചത് റിവൈസ്ഡ് എസ്റ്റിമേറ്റിന് എ.എസ്. കിട്ടാനായി ഫയൽ എസ്.സി. ഡയറക്ടറേറ്റിൽ കിടക്കുകയാണെന്നാണ്. ഈ

വിഭാഗങ്ങൾക്കുവേണ്ടി നൽകുന്ന വീടുകൾ സമയബന്ധിതമായി തീർക്കാത്തത് കാരണം വലിയ പ്രശ്നങ്ങളാണുണ്ടാകുന്നത്. വീടുകളുടെ നിർമ്മാണം പൂർത്തിയാക്കുമെന്ന് കരുതി ആളുകൾ വീടുകൾ പൊളിച്ചു. എന്നാൽ അത് ശരിയാക്കാൻ ഇപ്പോൾ പണമില്ല. അവർ വീടുകൾ തൽക്കാലം കെട്ടിമേഞ്ഞ് വച്ചിരിക്കുകയാണ്. ഇങ്ങനെ പോയാൽ ബഹുമാനപ്പെട്ട മന്ത്രിയുടെ സൽപ്പേരുപോലും നഷ്ടപ്പെടും. അതുകൊണ്ട് ഇക്കാര്യത്തിൽ ശക്തമായ നിലപാടുണ്ടാകണം. ഏജൻസികൾ ഇങ്ങനെ തീരുമാനിക്കുകയാണെങ്കിൽ, മുനിസിപ്പാലിറ്റിയെയോ പഞ്ചായത്തിനെയോ ഏൽപ്പിക്കണം. അങ്ങനെ ഏൽപ്പിച്ചാൽ അവർക്ക് ജനങ്ങളോട് സമാധാനം പറയാൻ കഴിയുമല്ലോ. നിലവിൽ ആരോടും സമാധാനം പറയാൻ കഴിയുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് മാർച്ച് മാസത്തിൽ തീരുമെന്നാണ്. മാർച്ചിൽ തീരണമെങ്കിൽ റിവൈസ്ഡ് എ.എസ്. കൊടുക്കേണ്ടതല്ലേ; അതിനുള്ള ഫയൽ എസ്.സി. ഡയറക്ടറേറ്റിൽ കിടക്കുകയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ ഉചിതമായ തീരുമാനമെടുക്കണം. ഇതുസംബന്ധിച്ച് ഞാൻ എത്രയോ തവണ അങ്ങയെ കണ്ടതാണ്. അങ്ങയുടെ നിസ്സഹായാവസ്ഥയിൽ എനിക്ക് വേദനയുണ്ട്.

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചത് ശരിയാണ്. 2015-16-ലൊക്കെ ഏറ്റെടുത്ത പദ്ധതികൾ പൂർത്തീകരിക്കാതെ വരുമ്പോൾ റിവൈസ്ഡ് എ.എസ്. വേണ്ടിവരും. റിവൈസ്ഡ് എ.എസ്. കൊടുക്കണമെങ്കിൽ അതിനനുസരിച്ചുള്ള പണവും വകുപ്പിന് വേണം. വെറുതെ എ.എസ്. കൊടുത്താൽ പോര; പണവും കൊടുക്കണം; അതുസംബന്ധിച്ച് കൃത്യമായ പരിശോധന നടത്തിയിട്ടുണ്ട്. മാർച്ച് 31-ന് മുമ്പായി പരമാവധി പദ്ധതികൾ പൂർത്തീകരിക്കാനാണ് ശ്രമിക്കുന്നത്. ചിലതിനൊക്കെ അതിന്റെ സ്റ്റേറ്റ് ലെവൽ വർക്കിംഗ് ഗ്രൂപ്പ് കൂടി ഇപ്പോൾ എ.എസ്. കൊടുത്തിട്ടുണ്ട്. ഇക്കാര്യം അങ്ങ് പലതവണ ചൂണ്ടിക്കാണിച്ചിട്ടുള്ള കാര്യമാണ്. തീർച്ചയായും ആ പദ്ധതികൾ പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കും. അതോടൊപ്പം മാർച്ച് 31-ാം തീയതി കഴിഞ്ഞാൽ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഏജൻസികളെ ഒഴിവാക്കി അങ്ങ് പറഞ്ഞതുപോലെ വിവിധ ഏജൻസികളെ, അതായത് കൃത്യമായി ചെയ്യുമെന്ന് ഉറപ്പുള്ള ഏജൻസികളെ ഏൽപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, വർഷങ്ങളായി എസ്.ടി. വിഭാഗങ്ങൾക്കുവേണ്ടി നടത്തുന്ന പ്രവർത്തനങ്ങൾ പൂർണ്ണതയിൽ

എത്തിക്കാൻ കഴിയുന്നില്ലെന്നത് സങ്കടകരമായ കാര്യമാണ്. എന്നാൽ എസ്.സി. വിഭാഗം കുറേക്കൂടി മെച്ചപ്പെട്ടിട്ടുണ്ട്. എനിക്കുമുമ്പ് സംസാരിച്ച ശ്രീ. കെ. പി. എ. മജീദ് ചൂണ്ടിക്കാണിച്ചതുപോലെ എന്റെ നിയോജകമണ്ഡലത്തിൽ അംബേദ്കർ സ്കീമിലുൾപ്പെടുത്തി പടിയൂർ-കല്യാട് പഞ്ചായത്തിലും കോളയാട് പഞ്ചായത്തിലും രണ്ട് കോളനികൾ എടുക്കുകയുണ്ടായി. ഹാബിറ്റാറ്റിനെയാണ് വർക്ക് ഏൽപ്പിച്ചത്. പുതുതായി എടുക്കാമെന്നുപറഞ്ഞ് അവിടെയുള്ള ചില വീടുകൾ പൊളിച്ചിട്ട് ഇപ്പോൾ നാല് വർഷത്തോളമായി. ഇത് വളരെ ഗുരുതരമായ പ്രശ്നമാണ്. രണ്ടുതവണ ഞാൻ ഹാബിറ്റാറ്റുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മീറ്റിംഗ് വിളിച്ചു. എന്നാൽ ഒരു നീക്കവുമുണ്ടായില്ല. വളരെ വലിയ പ്രശ്നമായി അത് നിലനിൽക്കുകയാണ്. അടിയന്തരമായി ആ പ്രശ്നം പരിഹരിക്കണം. ഇക്കാര്യം ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നതാണ്. അത് പരിഹരിക്കാൻ കഴിയുമെന്ന് എനിക്ക് ശുഭാപ്തി വിശ്വാസമുണ്ട്. അടിയന്തരമായി അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട മുൻമന്ത്രി ഇവിടെ ചൂണ്ടിക്കാണിച്ചത് ശരിയാണ്. വിവിധ ഏജൻസികൾ ഇക്കാര്യത്തിൽ യാതൊരു ആത്മാർത്ഥതയും കാണിക്കുന്നില്ലെന്ന് ഞാൻ നേരത്തെ പറഞ്ഞു,

ഹാബിറ്റാറ്റുപോലും ഇക്കാര്യത്തിൽ വേണ്ടത്ര താൽപ്പര്യം കാണിക്കുന്നില്ല എന്നാണ് റിവ്യൂവിലൂടെ മനസ്സിലായത്. ഹാബിറ്റാറ്റിന്റെ എം.ഡി.യെ നേരിട്ട് വിളിച്ച് കൃത്യമായി മാർച്ച് 31-നുള്ളിൽ പണി പൂർത്തിയാക്കിയില്ലെങ്കിൽ അവരെ ഒഴിവാക്കുമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. തീർച്ചയായും ഇതെല്ലാം സമയബന്ധിതമായി തീർക്കണം. ഇതൊക്കെ 2011-12 കാലഘട്ടത്തിൽ തുടങ്ങിയതാണ്. അത് 2020-21-ലും കൃത്യമായി പൂർത്തീകരിച്ചിട്ടില്ല. 392 കോളനികളാണ് ഇങ്ങനെ പാതിവഴിയിൽ പണി നിർത്തിവച്ച് നിൽക്കുന്നത്. അതെല്ലാം പൂർത്തീകരിക്കാൻ പരമാവധി ശ്രമിക്കുന്നുണ്ട്.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, പട്ടികജാതി വികസന വകുപ്പിലെ ഏറ്റവും പ്രധാനപ്പെട്ട പദ്ധതികളിലൊന്നാണ് വീടില്ലാത്തവർക്ക് വീട് കൊടുക്കുന്ന പദ്ധതി. ലൈഫ് മിഷൻ വന്നതോടുകൂടി അത് പൂർണ്ണമായും താളം തെറ്റിയിരിക്കുകയാണ്. കഴിഞ്ഞ 5 വർഷക്കാലത്തെ കണക്കെടുത്ത് പരിശോധിച്ചാൽ ബഹുമാനപ്പെട്ട മന്ത്രിക്ക് അത് ബോദ്ധ്യമാകും. 2019-20 വർഷത്തിൽ 400 കോടി രൂപയാണ് ലാപ്സായത്. ഇത് ലൈഫ് മിഷനെ വിമർശിക്കുന്നതല്ല; മറിച്ച്, ഏത് ഗവൺമെന്റ് വന്നാലും ഏറ്റവും നന്നായി നടത്തിയിരുന്ന ഈ പദ്ധതി ലൈഫ് മിഷന്റെ ഭാഗമായി മാറിയപ്പോൾ അതിന് പ്രത്യേക മാനദണ്ഡമാണ്. എസ്.സി. വിഭാഗങ്ങൾക്ക് പ്രത്യേക

മാനദണ്ഡമുണ്ടായിരുന്നു. അത് മാറ്റി ഇപ്പോൾ പൊതുവായ മാനദണ്ഡത്തിന്റെ ഭാഗമായി. രണ്ടാമത്തെ കാര്യം, എസ്.സി. വിഭാഗങ്ങൾക്ക് ജനറൽ വിഭാഗങ്ങൾക്ക് കൊടുത്തിരുന്ന ഫണ്ടല്ല കൊടുത്തിരുന്നത്. 50,000/- രൂപ മുതൽ 1 ലക്ഷം രൂപവരെ കൂടുതൽ കൊടുത്തിരുന്നു. ഇത് രണ്ടും ഇപ്പോൾ ഒരുപോലെയാക്കി. അതുകൊണ്ടുതന്നെ ലൈഫ് മിഷന്റെ കീഴിൽ വരുന്ന വീടുപണിയുടെ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുന്നില്ല. വീടുകളുടെ എണ്ണമെടുത്ത് നോക്കിയാലും വളരെ കുറവാണ്. ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, പട്ടികജാതി വികസന വകുപ്പ് എന്നിവയെല്ലാം വീടുകൾ കൊടുത്തിരുന്നു.  കണക്കെടുത്ത് പരിശോധിച്ചാൽ ഏത് ഗവൺമെന്റ് വന്നപ്പോഴും കിട്ടിയിരുന്നതിന്റെ നാലിലൊന്നുപോലും ഇപ്പോൾ കിട്ടുന്നില്ലെന്നതാണ് വാസ്തവം. അതുകൊണ്ട് ദയവുചെയ്ത് പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ഈ പദ്ധതി ആ വകുപ്പിന് കീഴിൽത്തന്നെ കൊണ്ടുവന്ന് നിലവിൽ കൊടുത്തിരുന്ന അനുപാതത്തിൽനിന്നും വ്യത്യസ്തമായി കൂടുതൽ ഫണ്ട് അനുവദിക്കുകയും മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുകയും അങ്ങനെ കൊടുക്കുന്ന വീടുകളുടെ എണ്ണം ലൈഫ് മിഷനോട് ചേർത്തുവയ്ക്കുകയും ചെയ്താൽ  ലൈഫ് മിഷന്റെ എണ്ണമാകും. പക്ഷേ ഇപ്പോൾ യാതൊരു ഓഡിറ്റിംഗുമില്ല.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗം, ദയവായി ചോദ്യം ചോദിക്കൂ. ഇനിയും ഒരുപാടുപേർ അവസരം ചോദിച്ചിട്ടുണ്ട്. മറ്റുള്ളവരുടെ അവസരം നഷ്ടപ്പെടുത്തരുത്.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, എത്ര കോടി രൂപ കൊടുത്തു; എത്ര വീടുകൾ പൂർത്തീകരിച്ചു എന്ന് പറയാൻ കഴിയുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ശ്രീ. എ. പി. അനിൽ കുമാർ മുൻമന്ത്രി കൂടിയാണ്. ലൈഫ് പദ്ധതിയിലൂടെ പാർപ്പിടം കൊടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള ഒരു സംശയമാണ് അദ്ദേഹം സൂചിപ്പിച്ചത്. നമ്മുടെ ലക്ഷ്യം ലൈഫ് പദ്ധതിയിലൂടെ കൂടുതൽ വീടുകൾ കൊടുക്കുകയെന്നുള്ളതാണ്. ലൈഫ് മിഷനിലൂടെ മറ്റ് സാമ്പത്തിക സ്രോതസ്സിൽനിന്നും സമ്പത്ത് കണ്ടെത്തി പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് കൊടുക്കുന്ന പണവുംകൂട്ടി കൂടുതൽ വീടുകൾ നൽകുകയെന്നതായിരുന്നു ലക്ഷ്യം. എന്നാൽ കഴിഞ്ഞ ഒരു വർഷക്കാലം ഹഡ്കോയിൽനിന്നും ലോൺ കിട്ടാൻ കാലതാമസമുണ്ടാകുകയും വീടുകളുടെ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിൽ ചെറിയ പ്രയാസമുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ വർഷം 1500 കോടി രൂപ ലഭിച്ചിട്ടുണ്ട്. തീർച്ചയായും കഴിഞ്ഞ പ്രാവശ്യമൊക്കെയുണ്ടായിരുന്ന കുറവുകളടക്കം നികത്താൻ നടപടി

സ്വീകരിക്കുന്നുണ്ട്. ഇപ്പോൾ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പല്ല വീടുകൾ കൊടുക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതെന്നത് ശരിയാണ്; അത് ലൈഫ് മിഷനാണ് ചെയ്യുന്നത്. അതിൽ പ്രയോറിറ്റി നിശ്ചയിക്കുന്ന കാര്യത്തിൽ ലൈഫ് മിഷന്റെ ഇപ്പോഴത്തെ പ്രയോറിറ്റി ജനറലായാണ്. അതിൽ എസ്.സി./എസ്.ടി.-ക്ക് പ്രത്യേകമായി മാനദണ്ഡം നിശ്ചയിക്കണമെന്നുള്ള കാര്യം വകുപ്പ് മുന്നോട്ടുവച്ചിട്ടുണ്ട്. തീർച്ചയായും അക്കാര്യത്തിൽ  ചർച്ചചെയ്ത് തീരുമാനമെടുക്കാവുന്നതാണ്. എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് ലൈഫ് മിഷനിലൂടെതന്നെ വീട് കൊടുത്താലും പ്രയോറിറ്റി നിശ്ചയിച്ചുകൊടുക്കാൻ കഴിയണം. അതിനുവേണ്ടി വകുപ്പ് നിർദ്ദേശം മുന്നോട്ടുവച്ചിട്ടുണ്ട്.

മി. സ്പീക്കർ: ഉപചോദ്യം ചോദിക്കുന്നവർ  കാര്യമാത്ര പ്രസക്തമായി ചോദിച്ചാൽ മറ്റുള്ളവർക്കും അവസരം ലഭിക്കും.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, കോളനികൾ നവീകരിക്കാൻ ഒരു കോടി രൂപ നൽകുന്നത് വളരെ നല്ല പദ്ധതിയാണ്. അതിൽ 18% ജി.എസ്.ടി.-യിൽ പോകുകയാണ്. ബാക്കി തുകകൊണ്ടാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തേണ്ടത്. ഏതാണ്ട് എട്ട് വർഷം മുമ്പ് ശ്രീ. എ. പി. അനിൽ കുമാർ മന്ത്രിയായിരുന്നപ്പോൾ എന്റെ

നിയോജകമണ്ഡലത്തിലെ മേലില പഞ്ചായത്തിൽ ഒരു കോളനി അനുവദിച്ചു. ആ കോളനി നിർമ്മിക്കാൻ എഫ്.ഐ.ടി. എന്ന ഏജൻസിയെയാണ് ഏൽപ്പിച്ചത്. അതിനുശേഷം ട്രൈബൽ ഡിപ്പാർട്ടുമെന്റ് 25 വീടുകൾ നിർമ്മിക്കുന്നതിനായി പോലീസ് ഹൗസിംഗ് സൊസൈറ്റിയെ ഏൽപ്പിച്ചു. അങ്ങേയ്ക്ക് അത് നേരിട്ട് ബോദ്ധ്യപ്പെട്ട കാര്യമാണ്. ഈ രണ്ട് സൊസൈറ്റികളും നിർമ്മാണം പൂർത്തീകരിച്ചില്ലെന്ന് മാത്രമല്ല അവിടെയുള്ള ജനങ്ങളുടെ ജീവിതം ദുഃസ്സഹമാക്കുകയും ചെയ്തു. ഭാവിയിൽ ഇത്തരം തട്ടിപ്പ് ഏജൻസികളെ ജോലി ഏൽപ്പിക്കാതിരിക്കുകയാണ് വേണ്ടത്. ഈ വിഷയം ഇതേ സഭയിൽ ഞാൻ ശ്രീ. എ. കെ. ബാലൻ മന്ത്രിയായിരിക്കുമ്പോൾ അദ്ദേഹത്തോട് പറഞ്ഞിരുന്നു, അന്ന് നടപടി സ്വീകരിക്കാമെന്ന് പറഞ്ഞുവെങ്കിലും ഒരു നടപടിയും സ്വീകരിച്ചില്ല. അങ്ങ് പറഞ്ഞ 350-ലധികം കോളനികൾ നവീകരിക്കുന്ന പദ്ധതികൾ പകുതിക്ക് ഉപേക്ഷിച്ചവരുടെ പേരിൽ കർശന നടപടി സ്വീകരിച്ച് ആ പണം തിരിച്ചുപിടിച്ച് ഈ കോളനികളിലെ നിർമ്മാണ പ്രവർത്തനങ്ങൾ മറ്റൊരു ഏജൻസിയെക്കൊണ്ട് പൂർത്തീകരിക്കാൻ സാധിക്കുമോ; ഏറ്റവും നല്ല രീതിയിൽ പ്രവർത്തിക്കുന്ന പി.ഡബ്ല്യൂ.ഡി. (ബിൽഡിംഗ്സ്) വിഭാഗത്തെ കോളനി നവീകരണ പദ്ധതികൾ പൂർണ്ണമായി ഏൽപ്പിച്ച് എം.എൽ.എ.-

മാരുടെയും പഞ്ചായത്ത് പ്രസിഡന്റുമാരുടെയും കൂടി മേൽനോട്ടത്തിൽ കെട്ടിടം നിർമ്മിച്ച് മുറ്റത്ത് ഇന്റർലോക്ക് ടൈലിട്ട് വെള്ളവും വൈദ്യുതിയും കൊടുക്കുന്ന പദ്ധതിയായി ഇതിനെ മാറ്റാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട അംഗം അദ്ദേഹത്തിന്റെ മണ്ഡലത്തിലെ കാര്യമാണ് പറഞ്ഞത്. ഞാൻ നേരിട്ടുകണ്ട് ബോദ്ധ്യപ്പെട്ടതാണ്. വളരെ ദയനീയമായ സ്ഥിതിയാണ്. തീർച്ചയായും ഈ മാർച്ച് 31 കഴിഞ്ഞാൽ നിലവിലുള്ള ഏജൻസികളുടെ പ്രവർത്തനങ്ങൾ പരിശോധിച്ച് ആ ഏജൻസികളെ മാറ്റി പുതിയ സംവിധാനം കൊണ്ടുവരാം. അത് പി.ഡബ്ല്യു.ഡി. ആണോ മറ്റേതെങ്കിലും ഏജൻസികളാണോ വേണ്ടതെന്ന് ആലോചിക്കാം. മാർച്ച് 31 വരെ അവർക്ക് സമയം നൽകിയിട്ടുണ്ട്. മാർച്ച് 31-ന് മുമ്പ് പൂർത്തീകരിക്കുകയാണെങ്കിൽ അത് പൂർത്തീകരിക്കട്ടെ. സംസ്ഥാന നിർമ്മിതി കേന്ദ്രം, ഫോറസ്റ്റ് ഇൻഡസ്ട്രീസ് കോർപ്പറേഷൻ, പോലീസ് ഹൗസിംഗ് സൊസൈറ്റി എന്നിങ്ങനെ നിരവധി സ്ഥാപനങ്ങളുണ്ട്. അവയെയെല്ലാം ബ്ലാക്ക് ലിസ്റ്റിൽപ്പെടുത്തണോ എന്നുള്ള കാര്യം അവിടെ നിൽക്കട്ടെ. എസ്.സി/എസ്.ടി. ഡിപ്പാർട്ടുമെന്റിന്റെ പണി ഏറ്റെടുത്ത് ചെയ്യാതെ പോയതിന്റെ ഭാഗമായി റിസ്ക് ആൻഡ് കോസ്റ്റിൽ അവരെ ഒഴിവാക്കാൻ സാധിക്കും. പി.ഡബ്ല്യു.ഡി. ആണോ മറ്റ് ഏതെങ്കിലും

ഏജൻസിയാണോ ഇനി വേണ്ടതെന്ന് ആലോചിക്കാവുന്നതാണ്.

<u>ശ്രീമതി കെ. കെ. രമ</u>: സർ, എന്റെ നിയോജകമണ്ഡലത്തിലെ പാലോളിപ്പാലത്ത് നാല് പട്ടികജാതി കുടുംബങ്ങളുണ്ട്. അവർക്ക് വീട്ടിലേയ്ക്ക് വഴിയില്ലാതെ ഒറ്റപ്പെട്ട നിലയിലാണ്. പട്ടികജാതി മേഖലയിലേയ്ക്ക് വഴിക്കായി ഫണ്ട് അനുവദിക്കണമെങ്കിൽ കുറഞ്ഞത് അഞ്ച് കുടുംബങ്ങളെങ്കിലും വേണമെന്നതാണ് മാനദണ്ഡം. ആ മാനദണ്ഡപ്രകാരം ഇവർക്ക് ഫണ്ട് അനുവദിക്കുന്നില്ല. അതുകൊണ്ട് ഈ കുടുംബങ്ങൾക്ക് ഒരു നടപ്പാത അനുവദിക്കുന്നതിന് പ്രത്യേക അനുമതി ലഭ്യമാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ഇക്കാര്യം പ്രത്യേകമായി പരിശോധിക്കാം. പത്തോ ഇരുപതോ കുടുംബങ്ങൾ താമസിക്കുന്ന ആദിവാസി കോളനികളിലേയ്ക്ക് റോഡ് നിർമ്മിക്കാൻ ഇരുപത് കോടി ഇരുപത്തിരണ്ട് കോടി, അഞ്ച് കോടി, പത്ത് കോടി എന്നിങ്ങനെയാണ് തുക ചെലവാക്കുന്നത്. നാലോ അഞ്ചോ കുടുംബങ്ങൾ മാത്രം താമസിക്കുന്ന സ്ഥലത്തേയ്ക്ക് വഴി നിർമ്മിക്കാൻ പതിനഞ്ച് കോടി രൂപയാണ് ചെലവഴിക്കുന്നത്. 43 കുടുംബങ്ങൾ താമസിക്കുന്ന ഒരു പ്രദേശത്തേയ്ക്ക് റോഡ് നിർമ്മിക്കാൻ 22 കോടി രൂപയാണ് ചെലവഴിക്കുന്നത്. അങ്ങനെയുള്ള

ബുദ്ധിമുട്ടുണ്ട്. നാല് കുടുംബങ്ങൾക്ക്  മാത്രമായി റോഡ് നിർമ്മിക്കുന്ന കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം.

ശ്രീ. വി. ജോയി: സർ, ലൈഫ് മിഷന്റെ ഭാഗമായാണ് പട്ടികജാതി വിഭാഗത്തിന് വീട് നൽകുന്നത്. അതിന് മാനദണ്ഡം നിശ്ചയിക്കണമെന്ന് അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. പാവങ്ങളെ പറ്റിക്കുന്ന ഒരുപാട് ആളുകളുണ്ട്. വീട് നിർമ്മിച്ചുനൽകാമെന്ന് പറഞ്ഞ് പണം വാങ്ങി നിരന്തരമായി പറ്റിക്കുന്നവരുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾ സൂചിപ്പിച്ചതുപോലെ വകുപ്പിന് കീഴിൽ വീട് നിർമ്മിച്ച് നൽകുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ സാധിക്കുമോ; ഏതെങ്കിലും ഏജൻസിയെക്കൊണ്ട് ബ്ലോക്ക് അടിസ്ഥാനത്തിലോ ജില്ലാ അടിസ്ഥാനത്തിലോ അത് നിർമ്മിക്കാൻ സാധിക്കുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ഇപ്പോൾ ലൈഫ് മിഷനാണ് ഈ പ്രവൃത്തികൾ ചെയ്തുകൊണ്ടിരിക്കുന്നത്. ആ പ്രവൃത്തി പരിശോധിച്ചതിനുശേഷം ആവശ്യമായ നടപടി സ്വീകരിക്കാം. ഇത് മോണിറ്റർ ചെയ്യുന്നതിനായി ത്രിതല പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരവും സമ്പത്തും നൽകിയിട്ടുണ്ട്. ആ ത്രിതല പഞ്ചായത്തുകൾ നല്ലതുപോലെ ഇക്കാര്യങ്ങൾ പരിശോധിക്കാൻകൂടി തയ്യാറാകണം.

എം.എൽ.എ.-മാരുടെ മേൽനോട്ടവുംകൂടി വരണമെന്നുള്ളത് ഇവിടെ ചർച്ച ചെയ്തതാണ്. എം.എൽ.എ.-മാർ ഉൾപ്പെടെയുള്ള ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരെക്കൂടി ഉൾപ്പെടുത്തി ഓരോ വീട് നിർമ്മാണവും അതുപോലെ വികസന പ്രവർത്തനവും പരിശോധിക്കാൻ വേണ്ട സംവിധാനം നമുക്ക് രൂപപ്പെടുത്താൻ സാധിക്കും.

## അട്ടപ്പാടിയിലെ പോഷകാഹാരക്കുറവ് പരിഹരിക്കാൻ നടപടി

3 (*63) ശ്രീ. റോജി എം. ജോൺ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. അൻവർ സാദത്ത്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ ഗർഭിണികൾക്കും മുലയൂട്ടുന്നവർക്കും പോഷകാഹാരത്തിനായി മാസം രണ്ടായിരം രൂപ നൽകുന്ന ജനനി-ജന്മരക്ഷാ പദ്ധതി മുടങ്ങിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം നൽകുന്ന തുകയും ആയതിന്റെ കുടിശ്ശികയും നൽകാൻ നടപടികൾ സ്വീകരിക്കുമോ; ഈ തുക മുടങ്ങുന്നില്ലെന്ന് ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിക്കുമോ;

(സി) അട്ടപ്പാടിയിൽ പോഷകാഹാരക്കുറവ് പരിഹരിക്കാൻ മൂന്ന് പഞ്ചായത്തുകളിലെ ഊരുകളിൽ തുടങ്ങിയ നൂറ്റിത്തൊണ്ണൂറോളം സമൂഹ അടുക്കളകളിൽ നിരവധി എണ്ണം പ്രവർത്തിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവയുടെ പ്രവർത്തനം അടിയന്തരമായി പുനരാരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ഡി) പോഷകാഹാരം ഉറപ്പാക്കുന്നതിനുള്ള മില്ലറ്റ് ഗ്രാമം പദ്ധതി നിലച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ പ്രവർത്തനം പുനരാരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ഇ) അട്ടപ്പാടിയിലെ ആദിവാസി മേഖലകളിൽ മെച്ചപ്പെട്ട ആരോഗ്യ പരിരക്ഷ ഉറപ്പാക്കാൻ കോട്ടത്തറയിലെ ട്രൈബൽ ആശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, (എ) ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും ധനസഹായം നൽകുന്ന 'ജനനീ-ജന്മരക്ഷാ' പദ്ധതിപ്രകാരം 2021-22 സാമ്പത്തിക വർഷം ആഗസ്റ്റ് മാസം വരെ തുക അനുവദിച്ച് കുടിശ്ശിക വിതരണം നടത്തിയിട്ടുണ്ട്. പദ്ധതി

തടസ്സങ്ങൾ കൂടാതെ തുടർന്നുവരുന്നുണ്ട്.

(ബി) പദ്ധതിയിലെ കുടിശ്ശിക തുക 2021 നവംബർ മാസം പൂർണ്ണമായും വിതരണം ചെയ്തുകഴിഞ്ഞു. 693 പേർക്ക് കുടിശ്ശിക തുക ഉൾപ്പെടെ 83,92,000/- രൂപയാണ് വിതരണം ചെയ്തത്. പ്രസ്തുത പദ്ധതിയിൽ തുക മുടങ്ങുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ആകെയുള്ള 192 ഊരുകളിൽ 182 സമൂഹ അടുക്കളകൾ പ്രവർത്തിച്ചിരുന്നു. കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കായിരുന്നു നടത്തിപ്പു ചുമതല. പ്രാദേശികമായ പ്രശ്നങ്ങൾ കാരണവും ഊരുകൂട്ടങ്ങളുടെ താൽപ്പര്യപ്രകാരവും ചില ഊരുകളിൽ സമൂഹ അടുക്കള പ്രവർത്തനം ആവശ്യമില്ലെന്ന് തീരുമാനിച്ചതിനെത്തുടർന്ന് പ്രവർത്തനം നിർത്തിവച്ചിരുന്നു. നിലവിൽ 150 ഊരുകളിൽ സമൂഹ അടുക്കള പ്രവർത്തിക്കുന്നുണ്ട്.

(ഡി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും കൃഷി വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ 3 വർഷക്കാലത്തേയ്ക്കാണ് 2017-18-ൽ 'മില്ലറ്റ് ഗ്രാമം' പദ്ധതി ആരംഭിച്ചത്. കൃഷി വകുപ്പ് മുഖേന ഇത് നടപ്പിലാക്കിവരുന്നു.

(ഇ) ഉണ്ട്. 54 കിടക്കകളുള്ള കോട്ടത്തറ ഗവൺമെന്റ് ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയെ 100 കിടക്കകളുള്ള ആശുപത്രിയായി

സജ്ജീകരിച്ചിട്ടുണ്ട്. അവിടെ പ്രതിദിനം ഏകദേശം 750 ഒ.പി., 100 ഐ.പി. ഉൾപ്പെടെയുള്ള സേവനം നൽകിവരുന്നു. കൂടാതെ ആർദ്രം പദ്ധതിയുടെ ഭാഗമായി കോട്ടത്തറ ആശുപത്രിയിൽ വെൽനെസ്സ് ക്ലിനിക്ക്, ശ്വാസ് ക്ലിനിക്ക്, ആശ്വാസ് ക്ലിനിക്ക്, വെൽ വുമൺ ക്ലിനിക്ക്, ജെറിയാട്രിക് ക്ലിനിക്ക്, തെമ്പ് പരിപാടി, സിക്കിൾ സെൽ ഡിറ്റക്ഷൻ, ഐ.സി.യു.ജി.ആർ. വാർഡ്, ഫാമിലി പ്ലാനിംഗ് കൗൺസിലിംഗ്, ഡി-അഡിക്ഷൻ സെന്റർ എന്നീ സേവനങ്ങൾ നൽകുന്നു. പട്ടികവർഗ്ഗക്കാരുടെ ചികിത്സയ്ക്കായി പാലക്കാട് ഡി.എം.ഒ. മുഖേന പട്ടികവർഗ്ഗ വികസന വകുപ്പ് തുക അനുവദിച്ചുനൽകുന്നുണ്ട്. മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിന് പാലക്കാട് മെഡിക്കൽ കോളേജിൽനിന്നുള്ള വിദഗ്ദ്ധ ഡോക്ടർമാർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരുടെ സേവനം നിലവിൽ ലഭ്യമാക്കിയിട്ടുണ്ട്.

ശ്രീ. റോജി എം. ജോൺ: സർ, അട്ടപ്പാടി മേഖലയിൽ ശിശുമരണങ്ങൾ ആവർത്തിക്കുന്നത് സംസ്ഥാനത്തിന് അപമാനകരമായ കാര്യമാണ്. അട്ടപ്പാടി മേഖലയിൽ വിവിധ പ്രവർത്തനങ്ങൾക്കുവേണ്ടി നല്ല നിലയിൽ ഫണ്ട് അനുവദിക്കുന്നുണ്ട്; അതിൽ വലിയൊരു ശതമാനം വിനിയോഗിക്കുന്നുമുണ്ട്. പക്ഷെ അത് ഫലപ്രദമായി വിനിയോഗിക്കപ്പെടുന്നുണ്ടോ; കൃത്യമായ നിലയിൽ ഗുണഭോക്താക്കളിലേയ്ക്ക്

എത്തുന്നുണ്ടോ എന്നീ കാര്യങ്ങൾ സംബന്ധിച്ച് കൃത്യമായ പരിശോധന ആവശ്യമാണ്. പല പദ്ധതികളും വിവിധ വകുപ്പുകളുടെ മേൽനോട്ടത്തിലാണ് നടക്കുന്നത്. സാങ്കേതികമായ നടപടിക്രമമാണത്. കോട്ടത്തറ ആശുപത്രിയുടെ പ്രവർത്തനം ആരോഗ്യ വകുപ്പും സമൂഹ അടുക്കള തദ്ദേശസ്വയംഭരണ വകുപ്പും ഭക്ഷ്യധാന്യ വിതരണം ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പും 'ജനനീ-ജന്മരക്ഷാ' പദ്ധതി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമാണ് നിയന്ത്രിക്കുന്നത്. വിവിധ വകുപ്പുകൾ നടത്തുന്ന പ്രവർത്തനങ്ങൾക്ക് കൃത്യമായൊരു ഏകോപനമില്ലെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ഫലപ്രദമാക്കുന്നതിന് അട്ടപ്പാടി മേഖലയിൽ ഇതിനായി ഒരു പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. കഴിഞ്ഞ നവംബർ മാസത്തിൽ ഇക്കാര്യങ്ങളെല്ലാം വിശദമായി ചർച്ച ചെയ്തത് മണ്ണാർക്കാട് എം.എൽ.എ. ശ്രീ. എൻ. ഷംസുദ്ദീനടക്കം അറിയാം. അതിന്റെ അടിസ്ഥാനത്തിൽ എല്ലാ വകുപ്പുകളുടെയും കോ-ഓർഡിനേഷൻ ഉണ്ടാകണമെന്ന് തീരുമാനിച്ചിട്ടുണ്ട്. എല്ലാ വകുപ്പുകളെയും കോ-ഓർഡിനേറ്റ് ചെയ്തുകൊണ്ട് ആദിവാസികളുടെ

പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാലക്കാട് ജില്ലാതല ഓഫീസർമാരുടെ പ്രത്യേക യോഗം ചേർന്നിട്ടുണ്ട്. ഇതെല്ലാം കോ-ഓർഡിനേറ്റ് ചെയ്യാൻ ജില്ലാ കളക്ടർക്ക് ചുമതല കൊടുത്തിട്ടുണ്ട്. അവിടെ നല്ല രീതിയിൽ കാര്യങ്ങൾ നടന്നുവരികയാണ്. തീർച്ചയായും കോ-ഓർഡിനേഷന്റെ കുറവുണ്ടായിട്ടുണ്ടാകാം. അത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, അട്ടപ്പാടി കോട്ടത്തറ ട്രൈബൽ ആശുപത്രിയിൽ വരുത്തിയിരിക്കുന്ന ക്രമീകരണങ്ങളെക്കുറിച്ച് അങ്ങ് ആദ്യത്തെ ഉത്തരത്തിൽ സൂചിപ്പിക്കുകയുണ്ടായി. എന്നാൽ അവിടെ പല ജീവനക്കാരും സ്ഥിരം നിയമിക്കപ്പെട്ടവരല്ല. ആവശ്യമായ തസ്തികകൾ അനുവദിക്കപ്പെട്ടിട്ടില്ല എന്നത് ഒരു പ്രശ്നമായി നിലനിൽക്കുകയാണ്. അവിടെ ലാബ് ടെക്നീഷ്യൻമാരെ ഉൾപ്പെടെ ലഭ്യമാക്കേണ്ടതുണ്ട്. അവിടെ നവജാത ശിശുക്കൾ മരണപ്പെടുന്നത് സംബന്ധിച്ച് കാലാകാലങ്ങളായി പുറത്തുവരുന്ന വിവരം ഹീമോഗ്ലോബിന്റെ കുറവും തൂക്കക്കുറവും കാരണമാണെന്നാണ്. 2018-ന് ശേഷമുണ്ടായ ശിശുമരണങ്ങളിൽ ചിലത് മുലപ്പാൽ തൊണ്ടയിൽ കുരുങ്ങിയതാണെന്നാണ് പോസ്റ്റ്മോർട്ടം റിപ്പോർട്ടുകളിൽനിന്നും വെളിപ്പെടുന്നത്. ഇത് വാസ്തവമല്ലെന്നും ശാസ്ത്രീയമായ

പഠനം നടത്തണമെന്നും ആദിവാസി ആക്ഷൻ കൗൺസിലുൾപ്പെടെ ആവശ്യപ്പെട്ടിട്ടുണ്ട്. നവജാത ശിശുക്കളുടെ മരണം സംബന്ധിച്ച് സമഗ്രമായ പഠനം നടത്തി പരിഹാര നടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, കോട്ടത്തറ ഗവൺമെന്റ് ആശുപത്രിയിൽ ഇപ്പോൾ ശരിയായ രീതിയിൽ പരിശോധനകൾ നടന്നുവരുന്നുണ്ട്. മെഡിക്കൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് മരണകാരണം അറിയുന്നത്. മിൽക്ക് ആസ്പിറേഷനാണ് മരണത്തിന്റെ പ്രധാന കാരണമെന്ന് പല കേസ്സുകളിലും പറഞ്ഞിട്ടുണ്ട്. അത് മെഡിക്കൽ റിപ്പോർട്ടിന്റെകൂടി അടിസ്ഥാനത്തിലാണ് പറയുന്നത്. മറ്റ് പ്രശ്നങ്ങളും ഉണ്ടാകാം. അവിടെ പോഷകാഹാരക്കുറവ് നല്ലതുപോലെയുണ്ടെന്നുള്ളത് നേരത്തെ ഇവിടെ ചൂണ്ടിക്കാണിച്ചു. അത് പരിഹരിക്കാൻ ഒട്ടേറെ കാര്യങ്ങൾ ചെയ്തെങ്കിലും ഫലപ്രാപ്തിയിൽ എത്തിയില്ല. അവിടെ ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും കുറവുണ്ടായിരുന്നു. അത് പരിഹരിക്കാൻ ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രിതന്നെ അട്ടപ്പാടി സന്ദർശിക്കുകയും ആവശ്യമായ ക്രമീകരണങ്ങളേർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടുതൽ കാര്യങ്ങൾ ശ്രദ്ധിക്കാൻ ആരോഗ്യവകുപ്പുകൂടി മുന്നോട്ടുവന്നിട്ടുണ്ട്.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, അട്ടപ്പാടി മേഖലയിൽ ധാരാളം സർക്കാരിതര ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്. അവർക്ക് ഗവൺമെന്റ് ഗ്രാന്റും നൽകുന്നുണ്ട്. ഈ സർക്കാരിതര ഏജൻസികൾ ഏറ്റെടുക്കുന്ന പ്രോജക്ടുകൾ കൃത്യമായി പൂർത്തിയാക്കുന്നുണ്ടോയെന്ന് വിലയിരുത്താനുള്ള സംവിധാനം കുറവാണ്. സർക്കാരിതര ഏജൻസികൾ ഏറ്റെടുത്ത പ്രോജക്ടുകൾ പൂർത്തിയായിട്ടുണ്ടോ; പൂർത്തിയായിട്ടുണ്ടെങ്കിൽ അതിന്റെ പ്രയോജനം ഇവർക്ക് ലഭിച്ചിട്ടുണ്ടോയെന്ന് വിലയിരുത്താൻ സർക്കാരിന് എന്തെങ്കിലും സംവിധാനമുണ്ടോ; ആ കാര്യത്തെക്കുറിച്ച് പറയാൻ സാധിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചത് പ്രധാനപ്പെട്ട കാര്യമാണ്. ധാരാളം സർക്കാരിതര ഏജൻസികൾ ട്രൈബൽ ഏരിയയിൽ പ്രവർത്തിക്കുന്നുണ്ട്. ട്രൈബൽ ഏരിയയിൽ മാത്രമല്ല സമൂഹത്തിലാകെ ഒരുപാട് ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്. ടി ഏജൻസികളുടെ പ്രവർത്തനങ്ങൾ പൂർണ്ണമായും പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ടോയെന്ന് ചോദിച്ചാൽ അതിന് കഴിയാറില്ലെന്നുള്ളതാണ് വസ്തുത. ട്രൈബൽ ഏരിയയിൽ പ്രവർത്തിക്കുന്ന ഏജൻസികൾക്ക് നേരിട്ടുതന്നെ പൈസ കൊടുക്കുകയെന്നതാണ് കേന്ദ്ര ഗവൺമെന്റിന്റെ

പോളിസി. സ്റ്റേറ്റ് ഗവൺമെന്റ് മുഖേന കൊടുത്തുകൊണ്ടിരുന്നത് മാറി നേരിട്ട് ഏജൻസികൾക്ക് പൈസ നൽകാനുള്ള നടപടികൾ സ്വീകരിക്കുകയാണ്. അതാണ് അടുത്തകാലത്ത് ഒരു വിവാദമുണ്ടായത്. ആദിവാസികളുടെ ക്ഷേമത്തിനായി കേന്ദ്ര ഗവൺമെന്റ് സംസ്ഥാന ഗവൺമെന്റുവഴി പണം കൊടുക്കുന്നതിനുപകരം നേരിട്ട് വിവിധ ഏജൻസികൾക്ക് കൊടുക്കുന്ന സ്ഥിതിയുണ്ട്. അത്തരം ഏജൻസികളുടെ പ്രവർത്തനങ്ങൾ ശരിയായ രീതിയിൽ പലപ്പോഴും വിലയിരുത്തപ്പെടുന്നില്ല. അതുകൊണ്ടാണ് ഒട്ടേറെ ആക്ഷേപങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഈ ഏജൻസികളുടെ പ്രവർത്തനങ്ങൾകൂടി നമുക്ക് പരിശോധനാ വിധേയമാക്കേണ്ടതാണ്. തീർച്ചയായും അത് ചെയ്യുന്നതിന് വേണ്ടിയുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. നടപ്പിലാക്കിയ പദ്ധതികളുടെ വിലയിരുത്തൽ അതിന്റേതായ രീതിയിൽ സർക്കാർ നടത്തിയിട്ടില്ല.

ശ്രീ. അൻവർ സാദത്ത്: സർ, അട്ടപ്പാടിയിൽ നിരവധി കുടുംബാരോഗ്യ കേന്ദ്രങ്ങളുണ്ട്. ഒരു സാമൂഹ്യാരോഗ്യ കേന്ദ്രം, ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി, 5 മൊബൈൽ യൂണിറ്റുകൾ, രണ്ട് ഒ.പി. ക്ലിനിക്കുകൾ, 28 സബ് സെന്ററുകൾ, മൂന്ന് വീതം ആയുർവേദ ആശുപത്രികളും ഹോമിയോ ഡിസ്പൻസറികളും, ഒരു നോഡൽ ഓഫീസർ, 150 ട്രൈബൽ പ്രൊമോട്ടർമാർ,

ഹെൽത്ത് ഇൻസ്പെക്ടർമാർ എന്നിവരുൾപ്പെടെ സമഗ്രമായ ആരോഗ്യ സംവിധാനം അട്ടപ്പാടിയിൽ ക്ഷേമ പ്രവർത്തനങ്ങൾക്കായി നിലവിലുണ്ട്. എന്നാൽ അട്ടപ്പാടിയിലെ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ഗർഭിണികളെ പരിശോധിക്കാൻ ജീവനക്കാരില്ലാത്തതിനാൽ 40 കിലോമീറ്റർ ദൂരത്തുള്ള മണ്ണാർക്കാട് സ്വകാര്യ ആശുപത്രിയിലേയ്ക്കാണ് റഫർ ചെയ്യുന്നത്. ഈ ദുരവസ്ഥയ്ക്ക് പരിഹാരം കാണാൻ ആരോഗ്യവകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കുമോ; അട്ടപ്പാടിയുൾപ്പെടെ പല സ്ഥലങ്ങളിലുമുള്ള ഇത്തരം വിഷയങ്ങളിൽ നമ്മൾ സഹതപിക്കാറുണ്ടെങ്കിലും പലപ്പോഴും അത് യാഥാർത്ഥ്യമാക്കാൻ കഴിയുന്നില്ല. അതിന് എന്തുചെയ്യാൻ സാധിക്കും?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, സഹതപിക്കുകയല്ല, കാര്യക്ഷമമായി പ്രവർത്തിക്കുകയാണ് വേണ്ടതെന്നുള്ള അംഗത്തിന്റെ അഭിപ്രായത്തോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. അട്ടപ്പാടി കോട്ടത്തറ സ്പെഷ്യാലിറ്റി ആശുപത്രിയിൽ കിടത്തി ചികിത്സിക്കാൻ കഴിയുന്ന രോഗികളുടെ എണ്ണം 58-ൽനിന്നും 100 ആയി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സ്പെഷ്യാലിറ്റി ഹോസ്പിറ്റലിന്റെ എല്ലാ സൗകര്യങ്ങളും വർദ്ധിപ്പിച്ചുകൊണ്ട് അവിടെനിന്നും മറ്റ് ആശുപത്രികളിലേയ്ക്ക് റഫർ ചെയ്യുന്നത് കുറയ്ക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അട്ടപ്പാടിയിൽ നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർക്ക്

ഭൗതിക സൗകര്യങ്ങളുടെ ലഭ്യതക്കുറവുള്ള സാഹചര്യം എല്ലാവർക്കും അറിയാവുന്നതാണ്. അവിടെ കൂടുതൽ ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫുകളെയും നഴ്സുമാരെയും അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പാലക്കാട് മെഡിക്കൽ കോളേജിൽനിന്നും ഇവിടേയ്ക്ക് 8 ഡോക്ടർമാരെയും പാരാമെഡിക്കൽ സ്റ്റാഫിനേയും പ്രത്യേകം അനുവദിച്ചിട്ടുണ്ട്. അട്ടപ്പാടിയിൽ തന്നെ എല്ലാ ചികിത്സയും ലഭ്യമാക്കാൻ കഴിയുന്ന ഇടപെടലാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ദൂരെ സ്ഥലങ്ങളിലേയ്ക്ക് യാത്ര ചെയ്യുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങളുണ്ട്. തീർച്ചയായും അത് പരിഹരിക്കാൻവേണ്ട നടപടികളാണ് സ്വീകരിച്ചുവരുന്നത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, കേരള സംസ്ഥാനം രൂപീകൃതമായിട്ട് 65 വർഷമായി. ഇത്രയും വർഷത്തിനിടയിൽ അട്ടപ്പാടി പ്രദേശത്ത് സർക്കാർ മുടക്കിയിട്ടുള്ള തുകയെക്കുറിച്ചാണ് ഇവിടെ സംസാരിച്ചുകൊണ്ടിരിക്കുന്നത്. അട്ടപ്പാടിക്കുള്ള പ്രത്യേകത ഭൂ വിസ്തൃതി കൂടുതലാണ്. പക്ഷെ ജനസംഖ്യ വളരെ കുറവാണ്. സാമ്പത്തികമായി അവിടെയുള്ളവർ പാവങ്ങളാണ്, അവർക്ക് ജോലി ചെയ്യുന്നതിനുള്ള കഴിവുണ്ടെങ്കിലും അത് ഉപയോഗപ്പെടുത്തുന്നില്ല എന്നിവയാണ്. ഈ സമ്പത്ത് മുഴുവൻ എവിടെപ്പോയിയെന്നുള്ളത് കടംകഥപോലെ

നിലനിൽക്കുകയാണ്. ഇതുസംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തുമെന്ന് അങ്ങ് കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ പറഞ്ഞിട്ടുണ്ട്. ഇപ്പോഴും അത് ആവർത്തിക്കുന്നുണ്ട്. അങ്ങയുടെ ആത്മാർത്ഥതയെ ഞാൻ ഒരിക്കലും ചോദ്യം ചെയ്യുന്നില്ല. പക്ഷെ അവിടത്തെ പാവപ്പെട്ട കുടുംബങ്ങളിൽ ഇപ്പോഴും ശിശുമരണങ്ങൾ നടക്കുകയാണ്. അവർ പട്ടിണിയിലാണ്. പല ആളുകൾക്കും ജീവിക്കാൻ മാർഗ്ഗമില്ല. ഗവൺമെന്റ് ഇതൊരു സമഗ്ര പ്രശ്നമായെടുത്ത് അന്വേഷിക്കണം. ഇതിനൊരു സാധാരണ അന്വേഷണം പോരാ. കാരണം, അന്വേഷിക്കാൻ പോകുന്നവർതന്നെ അവരുടെ ഇടത്തേ കൈകൊണ്ട് മറ്റൊരു രൂപത്തിൽ പണി ചെയ്യുകയാണ്. അതുകൊണ്ട് നേരെചൊവ്വേ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്ന വിധത്തിൽ ഒരു നടപടിയെടുക്കുമോ; അടുത്ത പ്രാവശ്യമെങ്കിലും നിയമസഭാ സമ്മേളനം ചേരുമ്പോൾ അങ്ങ് ദയവായി ഇക്കാര്യത്തിൽ ഉചിതമായ നടപടിയെടുത്തതിനെക്കുറിച്ച് വിശദീകരിക്കുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ:</u> സർ, നേരെചൊവ്വേ കാര്യങ്ങൾ ചെയ്തുപോകണമെന്ന് തന്നെയാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അങ്ങ് ഇവിടെ സൂചിപ്പിച്ചത് അവിടെ ഇതുവരെ നടപ്പാക്കിയ പദ്ധതികൾക്കുവേണ്ടി ചെലവഴിച്ച കോടിക്കണക്കിന് രൂപയുടെ ഗുണം ആ വിഭാഗത്തിന്

ലഭിച്ചിരുന്നെങ്കിൽ അവർ രക്ഷപ്പെട്ടുപോകുമായിരുന്നുവെന്നതാണ്. ആ ധാരണ സമൂഹത്തിലുണ്ട്. തീർച്ചയായും ഇനി അവിടെ നടപ്പിലാക്കുന്ന പദ്ധതികൾ പൂർണ്ണമായും അവരുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനായി പ്രയോജനപ്പെടുത്താൻ കഴിയണമെന്നുതന്നെയാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതിന് ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ വിവിധ ഡിപ്പാർട്ടുമെന്റുകളുടെ കോ-ഓർഡിനേഷൻ ആവശ്യമാണ്. അവിടെ പോലീസും എക്സൈസും ഫോറസ്റ്റും ചേർന്നുകൊണ്ടുള്ള ഒരു പദ്ധതി ആവിഷ്കരിക്കുന്നുണ്ട്. പലപ്പോഴും നാം കാണുന്നതുപോലുള്ള പൂർണ്ണതയിലെത്താൻ കഴിയാതെ പോകുന്നതിന് പല കാരണങ്ങളുണ്ട്, അതിന്റെ എല്ലാ വിശദാംശങ്ങളും ഞാനിവിടെ പറയുന്നില്ല. അതെല്ലാം പരിഹരിക്കുന്നതിനുവേണ്ടി വിവിധ ഡിപ്പാർട്ടുമെന്റുകളുടെ യോജിച്ച പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. അഴിമതിയും തട്ടിപ്പുമെല്ലാം ലഘൂകരിക്കാൻ ഇപ്പോൾ കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടുതന്നെ ഇനി കൂടുതൽ ഇടപെടാം, ഓരോ മേഖലയിലും ഇടപെട്ടുപോകാം, ഓരോ ഡിപ്പാർട്ടുമെന്റിലും ഇടപെട്ടു പോകാം. അവിടെ ജില്ലാഭരണം കൂടുതൽ കേന്ദ്രീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഒരു സ്പെഷ്യൽ ഓഫീസറെ ഇതെല്ലാം കോ-ഓർഡിനേറ്റ് ചെയ്യുന്നതിനായി അവിടെ നിയമിക്കുന്നതിനെക്കുറിച്ച് ചർച്ച

ചെയ്തുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. കെ. പ്രേംകുമാർ</u>: സർ, അട്ടപ്പാടി മേഖലയിലെ പ്രധാനപ്പെട്ട പ്രശ്നം അവിടത്തെ യുവാക്കൾ അമിതമായ മദ്യപാനത്തിനും വിവിധതരം ലഹരികൾക്കും അടിമയാകുന്നുവെന്നതാണ്. അതിൽനിന്നും അവരെ മോചിപ്പിക്കുന്നതിനായി, അവരുടെ ശ്രദ്ധ കായികരംഗത്തേയ്ക്ക് കൂടുതൽ കേന്ദ്രീകരിക്കുന്നതിനായി അട്ടപ്പാടി കേന്ദ്രീകരിച്ച് കായിക വകുപ്പിന്റെയും സ്പോർട്സ് കൗൺസിലിന്റെയും സഹായത്തോടെ ഒരു സ്പോർട്സ് സെന്റർ ആരംഭിക്കുന്നതുപോലുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാൻ സർക്കാർ തയ്യാറാകുമോ?

<u>ശ്രീ. കെ. രാധാകൃഷ്ണൻ</u>: സർ, ഇത് വളരെ പ്രധാനപ്പെട്ട ചോദ്യമാണ്. അവരെ മദ്യത്തിൽനിന്നും മയക്കുമരുന്നിൽനിന്നും മോചിപ്പിക്കേണ്ടത് അടിയന്തര പ്രാധാന്യമുള്ള കാര്യമാണ്. അത് ഗവൺമെന്റ് നല്ലതുപോലെ മനസ്സിലാക്കിയിട്ടുണ്ട്. അതാണ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ ചോദ്യത്തിന് ഞാൻ നേരത്തെ മറുപടി പറഞ്ഞത്. അവിടെ പോലീസും എക്സൈസും ഫോറസ്റ്റും സംയുക്തമായി സംരംഭം ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതോടൊപ്പം സ്പോർട്സിലേയ്ക്ക് നല്ല കായികക്ഷമതയുള്ള ആളുകളെ കൊണ്ടുവരാനുള്ള നടപടികൾകൂടി

സ്വീകരിക്കുന്ന കാര്യം സ്പോർട്സ് വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്തിട്ടുണ്ട്. തീർച്ചയായും അട്ടപ്പാടി കേന്ദ്രീകരിച്ച് സമഗ്ര സ്പോർട്സ് വികസനത്തിന് വേണ്ടിയുള്ള ഒരു കോംപ്ലക്സ് പണിയുന്ന കാര്യം എത്രയുംവേഗം നടപ്പിലാക്കാൻ ശ്രമിക്കാം. അതോടൊപ്പം യൂണിഫോം ഫോഴ്സിലേയ്ക്കുള്ള ട്രെയിനിംഗ് കൊടുക്കാൻ നമുക്ക് കഴിയണം. അത് ഏറ്റവും മാതൃകാപരമായി ചെയ്തത് കണ്ണൂർ ജില്ലാ പഞ്ചായത്താണ്. കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ പ്രത്യേക സ്കീ പ്രകാരം കുട്ടികളെ യൂണിഫോം ഫോഴ്സിലേയ്ക്ക് എടുക്കാൻ വേണ്ടിയുള്ള ട്രെയിനിംഗ് ഒരു മാസക്കാലം കൊടുത്തു. അപ്പോൾ ആ കുട്ടികളുടെ മാനസികവും ശാരീരികവുമായ കഴിവുകൾ വർദ്ധിക്കുകയാണ്. സംസ്ഥാനത്താകെ ആദിവാസി മേഖലകൾ കേന്ദ്രീകരിച്ചുകൊണ്ട് യൂണിഫോം ഫോഴ്സിലേയ്ക്ക് സെലക്ഷൻ കിട്ടുന്നതിനായി ട്രെയിനിംഗ് കൊടുത്താൽ അത് അവരുടെ മാനസികവും ശാരീരികവുമായ കഴിവുകൾ വളർത്തുന്നതിനോടൊപ്പം മദ്യപാനം ഉൾപ്പെടെയുള്ള തെറ്റായ ആസക്തികളിൽനിന്നും അവരെ മോചിപ്പിക്കാനും കഴിയുമെന്ന് കണ്ടെത്തിയിട്ടുണ്ട്. തീർച്ചയായും ആദിവാസി മേഖലകളിലുള്ളവരെ മദ്യത്തിൽനിന്നും മയക്കുമരുന്നിൽനിന്നും മോചിപ്പിച്ചാൽ തന്നെ അവർക്കുവേണ്ടി നടപ്പിലാക്കുന്ന പദ്ധതികളുടെ പകുതിയെങ്കിലും ഗുണം

അവർക്ക് കിട്ടുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**(ചോദ്യോത്തരസമയം കഴിഞ്ഞു)**

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### വന്യജീവി ആക്രമണത്തിൽനിന്നും സംരക്ഷണം

4 (*64) ശ്രീ. മാണി. സി. കാപ്പൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യമൃഗങ്ങളുടെ ആക്രമണത്തിൽനിന്നും കർഷകരുൾപ്പെടെയുള്ളവരെ സംരക്ഷിക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ഇതുമൂലം അവർക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നൽകി വരുന്ന നഷ്ടപരിഹാരം സംബന്ധിച്ച വിവരം നൽകാമോ?

വന്യമൃഗങ്ങളുടെ ആക്രമണത്തിൽനിന്നും കർഷകരുൾപ്പെടെയുള്ളവരെ സംരക്ഷിക്കുവാൻ വനം വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു:

വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോടുചേർന്നുള്ള ചില ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. നാട്ടിലേയ്ക്ക് ഇറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി വിവിധ പ്രദേശങ്ങളിൽ 13 സ്ഥിരം/ താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. തെരഞ്ഞെടുത്ത വനാതിർത്തികളിൽ സൗരോർജ്ജ വേലികൾ, കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ് എന്നിവ നിർമ്മിച്ച് പരിപാലിച്ചുവരുന്നുണ്ട്. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കാട്ടാനപ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ചുവരുന്നുണ്ട്. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന നാശകാരികളായ വന്യജീവികളെ മയക്കുവെടിവച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്. മനുഷ്യ-

വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി 261 ജനജാഗ്രതാ സമിതികൾ വനാതിർത്തി പങ്കിടുന്ന പഞ്ചായത്തുകളിൽ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കാട്ടുപന്നി അടക്കമുള്ള വന്യമൃഗങ്ങളുടെ ശല്യം രൂക്ഷമായതിനെത്തുടർന്ന് ഇതുസംബന്ധിച്ച് പഠനം നടത്തുന്നതിനും ഇത് പരിഹരിക്കുന്നതിനുമായി ഹ്രസ്വകാല പദ്ധതികളും ദീർഘകാല പദ്ധതികളും നിർദ്ദേശിക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിച്ചുകൊണ്ട് സർക്കാർ 01-02-2011-ലെ ജി.ഒ.(എം.എസ്)04/2011/വനം പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ 03-05-2011-ലെ ശിപാർശയുടെ അടിസ്ഥാനത്തിൽ നാശംവരുത്തുന്ന കാട്ടുപന്നികളെ നിർദ്ദിഷ്ട വനം അധികാരിയുടെ അനുമതിയോടെ വെടിവച്ചുകൊല്ലുന്നതിന് കർഷകർക്ക് അനുവാദം നൽകി 17-06-2011-ലെ സ.ഉ (സാധാ) 265/2011/വനം പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ഈ ഉത്തരവ് ഭേദഗതികളോടെ തുടർവർഷങ്ങളിൽ പുതുക്കുകയും ആയതിന്റെ നിലവിലെ കാലാവധി 29.05.2021-ലെ സ.ഉ.(സാധാ)നം. 159/2021/വനം ഉത്തരവുപ്രകാരം 17.05.2022 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. കൃഷിഭൂമികളിൽ നാശംവരുത്തുന്ന കാട്ടുപന്നികളെ 'വെർമിൻ' ആയി പ്രഖ്യാപിക്കണമെന്ന അപേക്ഷ സംബന്ധിച്ച് 21-11-2021-ന് വനം വകുപ്പുമന്ത്രി, കേന്ദ്ര മന്ത്രിയുമായി

നേരിട്ട് ചർച്ച നടത്തിയതിനുശേഷം കാട്ടുപന്നികളെ 'വെർമിൻ' ആയി പ്രഖ്യാപിക്കുന്നതിനുവേണ്ടി കാട്ടുപന്നിയുടെ ആക്രമണം രൂക്ഷമായ പ്രദേശങ്ങൾ വില്ലേജടിസ്ഥാനത്തിൽ തയ്യാറാക്കി സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. മനുഷ്യ - വന്യജീവി സംഘർഷം ലഘൂകരിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ 06.02.2021-ലെ F.No.8-60/20 WL (Part I) അഡ്വൈസറിയുടെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ മനുഷ്യ-വന്യജീവി സംഘർഷം ഫലപ്രദമായി നേരിടുന്നതിനുവേണ്ടി കോ-ഓർഡിനേഷൻ കമ്മിറ്റികൾ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും രൂപീകരിച്ച് 09.12.2021-ലെ സ.ഉ. (സാധാ) നം.402/2021/വനം പ്രകാരം ഉത്തരവായിട്ടുള്ളതുമാണ്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) &ചീഫ് വൈൽഡ് ലൈഫ് വാർഡൻ 07.09.2021-ന് സമർപ്പിച്ച 620 കോടി രൂപയുടെ 5 വർഷത്തേയ്ക്കുള്ള ഒരു ബൃഹത് പദ്ധതി ചർച്ച ചെയ്യുന്നതിന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 10.01.2022-ൽ യോഗം ചേർന്നിട്ടുള്ളതും തുടർനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. മനുഷ്യ-വന്യജീവി സംഘർഷം അടുത്ത 10 വർഷത്തേയ്ക്ക് ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനാവശ്യമായ

1150 കോടി രൂപയുടെ ഒരു പദ്ധതിയും ആയതിനായി രൂപീകൃതമായ എക്സ്പേർട്ട് സബ് ഗ്രൂപ്പ് തയ്യാറാക്കി സംസ്ഥാന പ്ലാനിംഗ് ബോർഡിന് 25.01.2021-ന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ സമർപ്പിച്ചിട്ടുണ്ട്. വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 08.01.2015-ലെ സ.ഉ.നം.(കൈ)2/2015/വനം, 05.04.2018-ലെ സ.ഉ.നം.(കൈ)17/2018/വനം എന്നീ ഉത്തരവുകൾ പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. 05.04.2018-ലെ സ.ഉ.നം.(കൈ)17/2018/വനം ഉത്തരവുപ്രകാരം വന്യജീവി ആക്രമണംമൂലം ജീവഹാനി, പരിക്ക്, സ്വത്തുനാശം, അംഗവൈകല്യം എന്നിവ ഉണ്ടാകുന്നവർക്കാണ് നിലവിൽ നഷ്ടപരിഹാരം നൽകിവരുന്നത്. വന്യജീവി ആക്രമണംമൂലം മരണപ്പെടുന്ന വ്യക്തികളുടെ ആശ്രിതർക്ക് 10 ലക്ഷം രൂപയും വനത്തിന് പുറത്തുവച്ച് പാമ്പ് കടിയേറ്റ് ജീവഹാനി സംഭവിച്ചാൽ 2 ലക്ഷം രൂപയും നഷ്ടപരിഹാരമായി അനുവദിക്കുന്നു. വന്യജീവി ആക്രമണംമൂലം പരിക്കേൽക്കുന്ന വ്യക്തികൾക്ക് ചികിത്സയ്ക്ക് ചെലവാകുന്ന തുക പരമാവധി ഒരു ലക്ഷം രൂപവരെയും സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപവരെയും മേൽ സർക്കാർ ഉത്തരവുപ്രകാരം അനുവദിച്ചുവരുന്നു. പട്ടികവർഗ്ഗക്കാരുടെ

കാര്യത്തിൽ ചികിത്സാർത്ഥം ചെലവാകുന്ന മുഴവൻ തുകയും നൽകാവുന്നതാണ്. ചികിത്സാ ചെലവ് അനുവദിക്കുന്നത് അപേക്ഷകന് ചികിത്സാർത്ഥം ചെലവായ തുക സംബന്ധിച്ച് കേരള സർക്കാർ സർവ്വീസിലെ സിവിൽ സർജൻ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ്. കൂടാതെ കൃഷി, കന്നുകാലി, വീടുകൾ/കുടിലുകൾ എന്നിവയ്ക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് കണക്കാക്കപ്പെടുന്ന തുകയുടെ 100%, പരമാവധി 1 ലക്ഷം രൂപ എന്ന നിരക്കിൽ ഓരോ നാശനഷ്ടത്തിനും അനുവദിക്കുന്നു. ഒരു വ്യക്തിക്ക് വർഷത്തിൽ 4 തവണവരെയാണ് നഷ്ടപരിഹാരം ലഭിക്കുന്നതിന് അർഹതയുള്ളത്.

(ബി) ഇപ്രകാരം കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നല്കിവരുന്നത് എപ്രകാരമാണെന്ന് വിശദമാക്കാമോ; കൃഷിക്കാർക്ക് തൃപ്തികരമായ രീതിയിലുള്ള നഷ്ടപരിഹാര പാക്കേജ് നിലവിലുണ്ടോ; അറിയിക്കാമോ?

വന്യമൃഗങ്ങൾമൂലമുണ്ടാകുന്ന കൃഷിനാശത്തിന് 08-01-2015-ലെ സ.ഉ (കൈ)നം.2/2015/വനം ഉത്തരവിൽ പറയും പ്രകാരം ഓരോ കാർഷിക വിളകൾക്കും നഷ്ടപരിഹാരം അനുവദിച്ചുവരുന്നുണ്ട്. 05-04-2018-ലെ

സ.ഉ(കൈ)നം.17/2018/വനം ഉത്തരവുപ്രകാരം കൃഷിനാശത്തിന് കണക്കാക്കപ്പെടുന്ന നഷ്ടത്തിന്റെ 100% (പരമാവധി ഒരു ലക്ഷം രൂപ) ആണ് അനുവദിക്കുന്നത്. ഒരു വ്യക്തിക്ക് വർഷത്തിൽ നാല് തവണവരെയാണ് നഷ്ടപരിഹാരം ലഭിക്കുന്നതിന് അർഹതയുള്ളത്. കൃഷി നാശമുണ്ടായി ആറ് മാസത്തിനകം അപേക്ഷകൻ നഷ്ടപരിഹാരത്തിനായി അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. കൃഷിവകുപ്പിന്റെ ഇൻഷ്വറൻസ് സ്കീമിലും ഇൻഷ്വർ ചെയ്യുന്ന കർഷകന് വന്യമൃഗങ്ങൾമൂലമുള്ള കൃഷിനാശത്തിന് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കാൻ അർഹതയുണ്ട്.

**മനുഷ്യ-വന്യമൃഗ സംഘർഷം കുറയ്ക്കാൻ നടപടി**

5 (*65) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. ടി. വി. ഇബ്രാഹിം:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) മനുഷ്യ-വന്യമൃഗ സംഘർഷം തടയുന്നതിനും ലഘൂകരിക്കുന്നതിനുമായി വിവിധ വകുപ്പുകളെ യോജിപ്പിച്ച് സംസ്ഥാന-

ജില്ലാതല ഏകോപന സമിതികൾ രൂപീകരിച്ചിട്ടുണ്ടോ?

രൂപീകരിച്ചിട്ടുണ്ട്. 05/01/2021-ൽ ദേശീയ വന്യജീവി ബോർഡിന്റെ 60-ാമത് സ്റ്റാന്റിംഗ് കമ്മിറ്റിയിലെ ശിപാർശ പ്രകാരം മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി 06.02.2021-ലെ F.No.8-60/20 WL (Part I) പ്രകാരം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം അഡ്വൈസറി പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന - ജില്ലാ തലങ്ങളിൽ ഏകോപന സമിതികൾ രൂപീകരിച്ച് 09.12.2021-ലെ സ.ഉ(സാധാ)402/2021/വനം പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) മനുഷ്യ-വന്യമൃഗ സംഘർഷം പരമാവധി കുറയ്ക്കാനാവശ്യമായ നിർദ്ദേശങ്ങൾ സമിതി സമർപ്പിച്ചിട്ടുണ്ടോ;

(സി) സമിതിയുടെ നിർദ്ദേശങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(ബി & സി) വയനാട് ജില്ലയിൽ മാത്രമാണ് ജില്ലാതല ഏകോപന കമ്മിറ്റി മീറ്റിംഗ് നടത്തുവാൻ കഴിഞ്ഞിട്ടുള്ളത് (11/02/2022-ൽ). ഇതര ജില്ലകളിലെ ഏകോപന കമ്മിറ്റികളുടെ മീറ്റിംഗുകൾ ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ നടത്തുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ജില്ലാതല

കമ്മിറ്റികളുടെ മീറ്റിംഗിനുശേഷം സംസ്ഥാനതല സമിതിയുടെ ആദ്യത്തെ മീറ്റിംഗ് നടത്തേണ്ടതുണ്ട്.

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായുള്ള വികസന പദ്ധതികൾ**

6 (*66) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. പി. വി. അൻവർ:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമിട്ട് അടിസ്ഥാന സൗകര്യ വികസനത്തിനായി ഈ സർക്കാർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യ വികസനത്തിനായി ചുവടെ ചേർത്തിരിക്കുന്ന പദ്ധതികളാണ് നടപ്പിലാക്കി വരുന്നത് :-

1. ഭവന പൂർത്തീകരണ പദ്ധതി

2. ഭൂരഹിത പുനരധിവാസ പദ്ധതി

3. അംബേദ്ക്കർ ഗ്രാമം പദ്ധതി

4. ദുർബല വിഭാഗ പുനരധിവാസ പദ്ധതി

5. കോർപ്പസ് ഫണ്ടുപയോഗിച്ചുള്ള കോളനികളുടെ
അടിസ്ഥാനസൗകര്യ വികസനം.

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി. അടിയന്തരമായി നടപ്പിലാക്കേണ്ട അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തിക വികസന പ്രവർത്തനങ്ങൾ, വനിതകൾക്കും കുട്ടികൾക്കുമായുള്ള ക്ഷേമ പ്രവർത്തനങ്ങൾ, പട്ടികവർഗ്ഗ സങ്കേതങ്ങളിലെ ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവനം, ഭവന പുനരുദ്ധാരണം, കുടിവെള്ള വിതരണ പദ്ധതികൾ, ശുചിത്വ പരിപാടികൾ, നടപ്പാത, നടപ്പാലം മുതലായ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, ജീവനോപാധികളുടെ വിതരണം തുടങ്ങിയവ ഈ പദ്ധതിയിൽ നടപ്പാക്കുന്നു. പട്ടികവർഗ്ഗ സങ്കേതങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കോർപ്പസ് ഫണ്ട് പദ്ധതിയിലുൾപ്പെടുത്തി ജില്ലാതലത്തിലും സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ചും വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

പശ്ചാത്തല മേഖലകളിലും വിദ്യാഭ്യാസ മേഖലകളിലും മറ്റ് സാമ്പത്തിക ഉന്നമന കാര്യത്തിലും കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി വിവിധ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ റോഡ്, പാലം, വൈദ്യുതി, കുടിവെള്ളം, കമ്മ്യൂണിറ്റി ഹാൾ തുടങ്ങിയ സൗകര്യങ്ങളും തൊഴിലും മറ്റ് വരുമാനദായക സംരംഭങ്ങളും സൃഷ്ടിക്കുവാനായിട്ടുണ്ട്.

(ബി) പ്രസ്തുത വിഭാഗങ്ങൾക്ക് വിദ്യാഭ്യാസം നൽകുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതികളിൽ ഈ സർക്കാരിന്റെ കാലത്ത് നടത്തിയിട്ടുള്ള പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

താഴെപ്പറയുന്ന വിവിധ വിദ്യാഭ്യാസ ആനുകൂല്യ പദ്ധതികൾ പട്ടികജാതി വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു:-

ശ്രീ.അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്, മോഡൽ റസിഡൻഷ്യൽ സ്കൂൾ പ്രീമെട്രിക് സ്കോളർഷിപ്പ്, സബ്സിഡൈസ്ഡ് ഹോസ്റ്റൽ, 9, 10 ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് പ്രീമെട്രിക് സ്കോളർഷിപ്പ്, അംഗീകൃത എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നവർക്ക് ട്യൂഷൻ ഫീസ് റീഇംബേഴ്സ്മെന്റ്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ, ഹോസ്റ്റൽ സൗകര്യം ലഭ്യമല്ലാത്ത വിദ്യാർത്ഥികൾക്ക് പ്രൈവറ്റ് അക്കോമഡേഷൻ, ഉന്നത വിജയം നേടുന്നവർക്ക് പ്രത്യേക പ്രോത്സാഹന സമ്മാനം, റാങ്ക്

ജേതാക്കൾക്ക് സ്വർണ്ണമെഡൽ, മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം, പ്ലസ് ടു പഠനത്തിനുശേഷമുള്ള എൻട്രൻസ് കോച്ചിംഗ്, പ്രൈമറി/സെക്കണ്ടറി എഡ്യൂക്കേഷൻ എയ്ഡ്, ലാപ് ടോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം, സ്റ്റെതസ്കോപ്പ് വാങ്ങുന്നതിനുള്ള സഹായം, ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, ബിരുദ/ബിരുദാനന്തര ബിരുദ കലാകോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠന പരിശീലനോപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം.

പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വിദ്യാഭ്യാസം നൽകുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതികളിൽ ഈ സർക്കാരിന്റെ കാലത്ത് നടത്തിയിട്ടുള്ള പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:-

പ്രീ-മെട്രിക് സ്കോളർഷിപ്പ് 9, 10 ക്ലാസ്സുകൾ (100% CSS), പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി, വിദേശപഠനത്തിന് ധനസഹായം, അന്യസംസ്ഥാന പഠനം, അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആൻഡ് ഡെവലപ്മെന്റ് പദ്ധതി, സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹന ധനസഹായം, മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പൊതുപ്രവേശനപരീക്ഷാ പരിശീലനം, ലാപ്ടോപ്പ് വിതരണം, സാമൂഹ്യ

പഠനമുറി, ഗോത്രബന്ധു പദ്ധതി, എം.ആർ.എസ്-കൾ, ഹോസ്റ്റലുകൾ, ഗോത്രസാരഥി പദ്ധതി.

(സി) നൈപുണ്യ വികസനം, തൊഴിൽ ഉപജീവന പരിപാടികൾക്കായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ലക്ഷ്യത്തിലെത്തിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സാധിച്ചിട്ടുണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട തൊഴിൽരഹിതർക്ക് സംസ്ഥാനത്തും വിദേശത്തും തൊഴിൽ ലഭിക്കുന്നതിനും സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും വിവര സാങ്കേതിക ഇലക്ട്രിക്കൽ & ഓട്ടോ മൊബൈൽ എഞ്ചിനീയറിംഗ്, ടെക്സ്റ്റൈൽ ഡിസൈനിംഗ് എന്നിങ്ങനെ വിവിധ മേഖലകളിൽ തൊഴിൽ നേടുന്നതിന് നൈപുണ്യ വികസന പരിശീലന പരിപാടി വകുപ്പ് സംഘടിപ്പിച്ചുവരുന്നു.

<u>തൊഴിൽ</u>:- തൊഴിൽ പദ്ധതി പ്രകാരം സ്വയംതൊഴിൽ സബ്സിഡി പദ്ധതിയും വിദേശത്ത് തൊഴിൽ തേടി പോകുന്നവർക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു.

<u>ഉപജീവന പരിപാടികൾ</u>:-

1. വിവാഹധനസഹായ പദ്ധതി

2. മിശ്രവിവാഹ ധനസഹായ പദ്ധതി

3. ഏകവരുമാനദായകൻ മരണമടഞ്ഞതുമൂലം ധനസഹായം അനുവദിക്കുന്ന പദ്ധതി

4. എസ് സി എ റ്റു എസ് സി പി പദ്ധതി

5. ഭൂരഹിത പുനരധിവാസ പദ്ധതി

6. ദുർബല വിഭാഗങ്ങൾക്കുള്ള വിവിധ ധനസഹായം.

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനും സ്ഥിരവരുമാനവും തൊഴിലും ഉറപ്പുവരുത്തുന്നതിനുമായി വിവിധ നൈപുണ്യ വികസന, തൊഴിൽ, ഉപജീവന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

<u>നൈപുണ്യ വികസനം</u>:- പട്ടികവർഗ്ഗ യുവതീ-യുവാക്കൾക്കായി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള പ്രശസ്ത തൊഴിൽ നൈപുണ്യ വികസന സ്ഥാപനങ്ങളുമായി ചേർന്ന് തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലനങ്ങൾ സംഘടിപ്പിക്കുന്നു.

<u>തൊഴിൽ, ഉപജീവന പരിപാടികൾ</u>:- തൊഴിൽ പരിശീലന പരിപാടിയിലുൾപ്പെടുന്ന പ്രധാന പദ്ധതിയാണ് ഗോത്രജീവിക. 2016-17 വർഷം മുതൽ ആരംഭിച്ച ടി പദ്ധതി പ്രകാരം 1170 തൊഴിൽ രഹിതരെ കണ്ടെത്തി മേസ്തിരി, കാർപെന്ററി, ഇലക്ട്രീഷ്യൻ, പ്ലംബിംഗ്, വയറിംഗ്, ഡ്രൈവിംഗ് തുടങ്ങിയ ഇനത്തിലുള്ള പരിശീലനം നൽകിയതുവഴി

പട്ടികവർഗ്ഗത്തിലെ ഒട്ടനവധിപേർ പ്രസ്തുത മേഖലകളിൽ തൊഴിൽ ചെയ്തുവരുന്നു.

**വന്യജീവികളുടെ എണ്ണത്തിലെ അനിയന്ത്രിത വർദ്ധനവ്**

7 (*67) ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) വന്യജീവികളുടെ എണ്ണത്തിലുണ്ടാകുന്ന അനിയന്ത്രിത വർദ്ധനവ് കാരണം അവ തീറ്റയ്ക്കായി ജനവാസകേന്ദ്രങ്ങളിൽ കടന്നുകയറുന്നതും മനുഷ്യരെ ആക്രമിക്കുന്നതും വളരെ വ്യാപകമായ സാഹചര്യത്തിൽ അവയെ ജനവാസകേന്ദ്രത്തിൽനിന്ന് അകറ്റുന്നതിൽ ഫലപ്രദമായ നടപടികൾ ഉറപ്പാക്കുമോ?

വന്യജീവി സംരക്ഷണ നടപടികളാലും നിയമവ്യവസ്ഥയാലും വന്യജീവികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. വന്യമൃഗങ്ങളെ ജനവാസ കേന്ദ്രത്തിൽനിന്നും അകറ്റുന്നതിനായി താഴെപ്പറയുന്ന മാർഗ്ഗങ്ങൾ

സ്വീകരിച്ചുവരുന്നു:-

വനാതിർത്തികളിൽ സൗരോർജ്ജ വേലി, കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ് എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നുമുണ്ട്. നിലവിൽ 2400-ഓളം കി.മീറ്റർ സൗരോർജ്ജ വേലികളും 500-ൽപ്പരം കി.മീറ്റർ കിടങ്ങുകളും ഉണ്ട്. യഥാസമയം പരിപാലിക്കുകയാണെങ്കിൽ ഇവ ഫലപ്രദമാണ്. പുതിയതായി 680 കി.മീറ്റർ സൗരോർജ്ജ വേലികളും 132 കി.മീറ്റർ കിടങ്ങുകളും നിർമ്മിക്കേണ്ടതുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഹാങ്ങിംഗ് സോളാർ പവർ ഫെൻസ് നിർമ്മിക്കുന്നത് വളരെയധികം ഫലപ്രദമാണെന്ന് കണ്ടിട്ടുണ്ട്. പുതുതായി 685 കി.മീറ്റർ ഹാങ്ങിംഗ് സോളാർ പവർ ഫെൻസും നിർമ്മിക്കേണ്ടതായി കണ്ടെത്തിയിട്ടുണ്ട്. അടുത്തിടെയായി പഞ്ചായത്തുകളുടെ ഫണ്ടുകളും എം.എൽ.എ. ഫണ്ടും വന്യമൃഗനാശങ്ങൾ പ്രതിരോധിക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ ജില്ലാ-ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകൾ 3.2 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ ജില്ലാ-ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകൾ 55 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. സുൽത്താൻ ബത്തേരി എം.എൽ.എ 1.0 കോടി രൂപയും

കൽപ്പറ്റ എം.എൽ.എ 20 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ചില ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. നാട്ടിലേയ്ക്കിറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി തിരഞ്ഞെടുത്ത പ്രദേശങ്ങളിൽ 13 സ്ഥിരം/താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ചുവരുന്നു. പ്രശ്നക്കാരായ കാട്ടാനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കാട്ടാന പ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ചുവരുന്നുണ്ട്. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടിവച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി

തദ്ദേശീയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള 261 ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ, ചെക്ക്ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, വനത്തിനകത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തിവരുന്നുണ്ട്. വനങ്ങളിൽ 30,000 ഹെക്ടറോളം യൂക്കാലിപ്റ്റസ്, അക്കേഷ്യ, മാഞ്ചിയം, വാറ്റിൽ എന്നീ വിദേശയിനം തോട്ടങ്ങൾ വ്യാവസായിക ആവശ്യങ്ങൾക്കായി നട്ടുപിടിപ്പിച്ചിട്ടുണ്ട്. 2018 മുതൽ ഈ വിദേശീയ ഇനങ്ങളുടെ നടീൽ നിർത്തലാക്കി. ടി തോട്ടങ്ങളെ ഘട്ടംഘട്ടമായി സ്വാഭാവിക വനങ്ങളാക്കാനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. കാട്ടാന ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾക്ക് കാട്ടിൽത്തന്നെ കൂടുതൽ ഭക്ഷണലഭ്യത ഉറപ്പാക്കുവാൻ ടി പരിസ്ഥിതി പുന:സ്ഥാപനത്തിലൂടെ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും

വനാതിർത്തി പങ്കിടുന്ന ജനവാസ മേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിലെ ഫോറസ്റ്റ് സെറ്റിൽമെന്റുകളിലെ താമസക്കാരെ സ്വയംസന്നദ്ധ പുനരധിവാസ പദ്ധതിപ്രകാരം കാടിന് പുറത്തേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) കഴിഞ്ഞ ഒരു വർഷം മാത്രം പതിനായിരത്തിലധികം പേർ കാട്ടുമൃഗങ്ങളുടെ ആക്രമണത്തിനിരയായെന്നും ഏപ്രിൽ മുതലുള്ള കാലത്ത് 53 പേർ മരിച്ചെന്നുമുള്ള റിപ്പോർട്ട് പ്രസ്തുത പ്രശ്നത്തിന്റെ ഗൗരവം വ്യക്തമാക്കുന്നതിനാൽ സത്വരമായി വന്യജീവി ആക്രമണം നിയന്ത്രിക്കുന്നതിന് മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ പദ്ധതി തയ്യാറാക്കുമോ?

വർദ്ധിച്ചുവരുന്ന വന്യജീവി സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി 620 കോടി രൂപയുടെ 5 വർഷത്തേയ്ക്കുള്ള ഒരു ബൃഹത് പദ്ധതി തയ്യാറാക്കി പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ സർക്കാരിന് സമർപ്പിക്കുകയും ഈ പദ്ധതിയെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്

ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 10.01.2022-ൽ യോഗം ചേർന്നിട്ടുള്ളതും തുടർനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം രൂക്ഷമായ 25 ടെറിട്ടോറിയൽ ഡിവിഷനുകളിലെയും 10 വൈൽഡ് ലൈഫ് ഡിവിഷനുകളിലെയും പ്രദേശങ്ങൾ കണ്ടെത്തിയിട്ടുള്ളതും സോളാർ പവർ ഹാങിംഗ് ഫെൻസ് (685 കി.മീ), ആന കിടങ്ങ് (132 കി.മീ) എന്നിവ പുതിയതായി നിർമ്മിക്കുവാനും നിലവിലുള്ളവയുടെ പരിചരണവും ഇതര പരിഹാര മാർഗ്ഗങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്.

1. വന്യജീവികൾ മനുഷ്യരുടെ വാസസ്ഥലങ്ങളിലേയ്ക്കും കൃഷിയിടങ്ങളിലേയ്ക്കും പ്രവേശിക്കുന്നത് തടയുന്നതിനായി പ്രതിരോധ സംവിധാനങ്ങൾ നിർമ്മിക്കുക.

2. മനുഷ്യനും-വന്യജീവികളും തമ്മിലുള്ള സംഘർഷം ഒഴിവാക്കുന്നതിന് മുൻകൂർ മുന്നറിയിപ്പ് സംവിധാനം അടക്കമുള്ള നൂതന മാർഗ്ഗങ്ങൾ നടപ്പിലാക്കുക.

3. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ഫലപ്രദമായ അടിസ്ഥാനസൗകര്യങ്ങളും മാനവ-വിഭവശേഷിയും വികസിപ്പിക്കുക.

4. വന്യജീവിമൂലമുള്ള നാശനഷ്ടത്തിന് നഷ്ടപരിഹാരം, വിള ഇൻഷുറൻസ്, ലൈഫ് ഇൻഷുറൻസ്, എക്സ്-ഗ്രേഷ്യ എന്നിവ നടപ്പിൽവരുത്തുക.

5. ലൈൻ ഡിപ്പാർട്ടുമെന്റുകളുടെ സേവനം ഉപയോഗപ്പെടുത്തുക.

6. ജനപങ്കാളിത്തത്തോടെയുള്ള നടപടികൾ ശക്തിപ്പെടുത്തുക.

7. പുൽമേട്ടുകളും ജലസ്രോതസുകളുമുൾപ്പെടെയുള്ള ആവാസവ്യവസ്ഥ മെച്ചപ്പെടുത്തി വനത്തിനുള്ളിൽ ഭക്ഷണവും വെള്ളവും ലഭ്യമാക്കുക.

8. സംഘർഷം കുറയ്ക്കുന്നതിനുതകുന്ന അവബോധം സൃഷ്ടിക്കുന്നതിന് പരിശീലനങ്ങളും ഗവേഷണങ്ങളും നടത്തുക.

മനുഷ്യ-വന്യജീവി സംഘർഷം അടുത്ത 10 വർഷത്തേയ്ക്ക് ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനാവശ്യമായ 1150 കോടി രൂപയുടെ ഒരു പദ്ധതിയും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ സംസ്ഥാന പ്ലാനിംഗ് ബോർഡിന്

25.01.2021-ന് സമർപ്പിച്ചിട്ടുണ്ട്.

(സി) വന്യജീവി ആക്രമണം മൂലമുള്ള മരണങ്ങളിൽ കൂടുതലും വിഷപ്പാമ്പുകളുടെ കടിയേറ്റാണെന്നുള്ളതിനാൽ ഇവയുടെ അനിയന്ത്രിതമായ വംശവർദ്ധനവ് നിയന്ത്രിക്കുന്ന കാര്യം പരിശോധിക്കുമോ?

2012 മുതൽ 2021 വരെയുള്ള 10 വർഷങ്ങളിൽ വന്യമൃഗങ്ങൾമൂലം കേരളത്തിൽ മരണപ്പെട്ടിട്ടുള്ളത് 1088 പേരാണ്. ആയതിൽ 750 പേരും (69%) മരണപ്പെട്ടിട്ടുള്ളത് വിഷ പാമ്പുകളുടെ കടിയേറ്റാണ്. എല്ലാ പാമ്പുകളും 1972-ലെ വന്യജീവി (സംരക്ഷണ) നിയമപ്രകാരം ഷെഡ്യൂൾ I, II, IV എന്നിവയിൽ ഉൾപ്പെടുന്ന സംരക്ഷിത വിഭാഗം വന്യമൃഗങ്ങളാണ്. ആകയാൽ പ്രകൃത്യാലുള്ള എണ്ണ നിയന്ത്രണമാണ് സാധ്യമായുള്ളത്. പാമ്പുകളെ ആഹരിക്കുന്ന ജന്തു-പക്ഷിയിനങ്ങൾ, മറ്റു പാമ്പുകളെ ഭക്ഷിക്കുന്ന ചേര പോലുള്ള പാമ്പുകൾ എന്നിവ പൊതുവെ പാമ്പുകളുടെ വംശവർദ്ധനവ് പ്രകൃത്യാ നിയന്ത്രിക്കുന്നു. സർപ്പക്കാവുകൾ സംരക്ഷിക്കപ്പെടുകയാണെങ്കിൽ പാമ്പുകൾക്ക് മനുഷ്യന് ശല്യമുണ്ടാക്കാത്ത സുരക്ഷിത വാസസ്ഥലമാകും. പാമ്പുവിഷത്തിനുള്ള ആന്റിവെനം അടുത്തുള്ള ആശുപത്രികളിൽ ലഭ്യമാകുന്നപക്ഷം പാമ്പുകടിയിൽനിന്നുമുള്ള മരണങ്ങൾ വളരെയധികം ഒഴിവാക്കുവാൻ കഴിയുന്നതാണ്. അകലെയുള്ള ആശുപത്രിയിലേയ്ക്ക്

പാമ്പുകടിയേറ്റയാൾ എത്തിച്ചേരുമ്പോൾത്തന്നെ വളരെയധികം സമയനഷ്ടം ഉണ്ടാകുന്നതാണ്. പാമ്പുകൾ അതീവ പാരിസ്ഥിതിക പ്രാധാന്യമുള്ള ജീവിവർഗ്ഗങ്ങളാണ്. എല്ലാവിധ ആവാസവ്യവസ്ഥയിലും വിവിധയിനം പാമ്പുകളെ സ്വാഭാവികമായി കണ്ടുവരുന്നു. സാംക്രമിക രോഗങ്ങൾ പരത്തുന്നതും വിളകൾ നശിപ്പിക്കുന്നതുമായ എലികൾപോലെയുള്ള ജീവികളുടെ വംശവർദ്ധനവ് തടയുന്നതിൽ പാമ്പുകൾ സുപ്രധാന പങ്ക് വഹിക്കുന്നു. ഏറ്റവും വൃത്തിഹീനമായ സാഹചര്യങ്ങളിൽ ജീവിക്കുന്ന ജീവികളെന്ന നിലയിൽ പ്ലേഗ് തുടങ്ങി അതിപ്രഹരശേഷിയുള്ള, അറിയപ്പെടുന്നതും അല്ലാത്തതുമായ ജന്തുജന്യരോഗങ്ങളും സാംക്രമിക രോഗങ്ങളും പരക്കാൻ എലികളുടെ വംശവർദ്ധനവ് കാരണമായേക്കും.

**കുടിവെള്ള പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം**

8 (*68) ശ്രീ. കെ. ബി.ഗണേഷ് കുമാർ:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാവർക്കും കുടിവെള്ളം എത്തിക്കാനുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) കുടിവെള്ള ലഭ്യത കുറവായ പ്രദേശങ്ങൾക്ക് പ്രത്യേക പരിഗണന നൽകി പദ്ധതികൾ യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തീകരിക്കുന്നതിനായി പുതിയതായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്നറിയിക്കുമോ?

(എ & ബി) 2024-ഓടുകൂടി സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും കുടിവെള്ള കണക്ഷൻ ലഭ്യമാക്കി ശുദ്ധജല ലഭ്യത ഉറപ്പാക്കുന്നതിന് ലക്ഷ്യമിട്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി ജൽജീവൻ മിഷൻ പദ്ധതി നടപ്പിലാക്കിവരുന്നു. കേരളത്തിലാകെയുള്ള 70 ലക്ഷം ഗ്രാമീണ ഭവനങ്ങളിൽ 01.04.2020 വരെ 17.5 ലക്ഷം കുടുംബങ്ങളിലാണ് ടാപ്പ് വഴി കുടിവെള്ളം ലഭ്യമായിരുന്നത്. 2020-21-ൽ 4 ലക്ഷവും 2021-22-ൽ (22.02.2022 വരെ) 6.04 ലക്ഷവും കുടിവെള്ള കണക്ഷനുകൾ ജൽജീവൻ മിഷൻ പദ്ധതി വഴി നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. പദ്ധതിയുടെ സ്ഥിതിവിവര കണക്കും പദ്ധതിയുടെ ഇംപ്ലിമെന്റേഷൻ പ്ലാനും അനുബന്ധമായി ചേർക്കുന്നു+. സ്റ്റേറ്റ് പ്ലാൻ, കിഫ്ബി, ആർ.കെ.ഐ, അമൃത്,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജൽജീവൻ മിഷൻ കൂടാതെ വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിക്ഷേപ പ്രവൃത്തികൾ എന്നിവ വഴി പുതിയ പദ്ധതികൾ ആവിഷ്കരിച്ച് സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിലുള്ള പദ്ധതികളുടെ വിപുലീകരണം നടത്തിയും ഗുണമേന്മയുള്ള ശുദ്ധജലം തടസ്സരഹിതമായി ലഭിക്കുന്നത് കാര്യക്ഷമമാക്കാനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതികൾ അപര്യാപ്തമായ മേഖലകളിലേയ്ക്ക് പുതിയ പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. ജലലഭ്യത കുറഞ്ഞ സ്ഥലങ്ങളിൽ നിലവിലുള്ള പൈപ്പുകൾ അനുയോജ്യമായ രീതിയിൽ ദീർഘിപ്പിച്ചും പുതിയ പൈപ്പ്ലൈനുകൾ സ്ഥാപിച്ചും ജലലഭ്യത ഉറപ്പു വരുത്താൻ നടപടി സ്വീകരിക്കുന്നു. നിലവിൽ പ്രതിശീർഷ ജലലഭ്യത (LPCD) കുറവായ പ്രദേശങ്ങൾക്ക് മുൻഗണന നൽകിയാണ് സ്റ്റേറ്റ് പ്ലാൻ, കിഫ്ബി, ആർ.കെ.ഐ, അമൃത്, വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിക്ഷേപ പ്രവൃത്തികൾ എന്നിവ വഴി പുതിയ പദ്ധതികൾക്ക് അംഗീകാരം നൽകുന്നത്. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ അനുബന്ധം 2+-ൽ ചേർക്കുന്നു.

(സി) വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

സംസ്ഥാനത്ത് വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ചുവടെ പരാമർശിച്ചിരിക്കുന്ന പദ്ധതികളാണ് നിലവിലുള്ളത്:-

1. എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ പ്രവർത്തിച്ചുവരുന്നു.

2. പരിശോധനാ ഫലങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനും വിവിധതലങ്ങളിൽ ഉദ്യോഗസ്ഥർക്ക് നിരീക്ഷിക്കുന്നതിനും തീരുമാനമെടുക്കുന്നതിനും LIMS (Laboratory Information Management System) സോഫ്റ്റ്‌വെയർ ഉപയോഗിച്ചുവരുന്നുണ്ട്.

3. സംസ്ഥാനത്തെ 8 ജില്ലാ ലാബുകൾ ജൽജീവൻ പദ്ധതിയുടെ ഭാഗമായി ISO/IEC 17025 നിലവാരത്തിലേയ്ക്ക് ഉയർത്തി NABL അക്രഡിറ്റേഷൻ ലഭ്യമാക്കിയിട്ടുണ്ട്.

4. സംസ്ഥാനത്തെ മുഴുവൻ കുടിവെള്ള സ്രോതസ്സുകളും വർഷത്തിൽ രണ്ടുതവണ വീതം ഫീൽഡ് ടെസ്റ്റ് കിറ്റ് (Field Test Kit) ഉപയോഗിച്ച് പരിശോധിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്ത്

കേരള വാട്ടർ അതോറിറ്റിയുടെ ലാബുകൾ, പബ്ലിക് ഹെൽത്ത് ലബോറട്ടറികൾ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ് ലാബ് എന്നിവ വഴി പൊതുജനങ്ങൾക്ക് ജലഗുണനിലവാര പരിശോധന നടത്തുവാനുള്ള സൗകര്യം ലഭ്യമാണ്. മേൽപ്പറഞ്ഞ ലാബുകൾക്കുപുറമേ CWRDM, RRL, CMFRI തുടങ്ങിയ ഏജൻസികൾക്കും ആധുനിക ഗുണനിലവാര ലാബുകളുണ്ട്. ഇതുകൂടാതെ നിരവധി NABL അംഗീകാരമുള്ള സ്വകാര്യ ലാബുകളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്.

**വന്യജീവി സംരക്ഷണ നയം**

9 (*69) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. പി. വി. അൻവർ:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) വനാതിർത്തിയിലുള്ള ഒറ്റപ്പെട്ട പ്രദേശങ്ങളിൽ മാത്രം ഉണ്ടായിരുന്ന വന്യജീവി ആക്രമണം ഇപ്പോൾ വനത്തിന്റെ സമീപ പ്രദേശങ്ങളിലാകെ വ്യാപിച്ചിരിക്കുന്നത് പരിഹരിക്കാനായി ആവിഷ്കരിച്ചിട്ടുള്ള പരിപാടിയെക്കുറിച്ച് അറിയിക്കാമോ?

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കാൻ ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:-

വനാതിർത്തികളിൽ സൗരോർജ്ജവേലി, കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ് എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നുമുണ്ട്. നിലവിൽ 2400-ഓളം കി.മീറ്റർ സൗരോർജ്ജ വേലികളും 500-ൽപ്പരം കി.മീറ്റർ കിടങ്ങുകളും ഉണ്ട്. യഥാസമയം പരിപാലിക്കുകയാണെങ്കിൽ ഇവ ഫലപ്രദമാണ്. പുതിയതായി 680 കി.മീറ്റർ സൗരോർജ്ജ വേലികളും 132 കി.മീറ്റർ കിടങ്ങുകളും നിർമ്മിക്കേണ്ടതുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ഹാങ്ങിംഗ് സോളാർ പവർ ഫെൻസ് നിർമ്മിക്കുന്നത് വളരെയധികം ഫലപ്രദമാണെന്ന് കണ്ടിട്ടുണ്ട്. പുതുതായി 685 കി.മീറ്റർ ഹാങ്ങിംഗ് സോളാർ പവർ ഫെൻസും നിർമ്മിക്കേണ്ടതായി കണ്ടെത്തിയിട്ടുണ്ട്. അടുത്തിടെയായി പഞ്ചായത്തുകളുടെ ഫണ്ടുകളും എം.എൽ.എ. ഫണ്ടും വന്യമൃഗനാശങ്ങൾ പ്രതിരോധിക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ ജില്ലാ-ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകൾ 3.2 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ ജില്ലാ-ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകൾ 55 ലക്ഷം രൂപ

അനുവദിച്ചിട്ടുണ്ട്. ബഹു. ബത്തേരി എം.എൽ.എ 1 കോടി രൂപയും ബഹു. കൽപ്പറ്റ എം.എൽ.എ 20 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. പ്രാരംഭപ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ചില ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. നാട്ടിലേയ്ക്ക് ഇറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി തിരഞ്ഞെടുത്ത പ്രദേശങ്ങളിൽ 13 സ്ഥിരം/താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ചുവരുന്നു. പ്രശ്നക്കാരായ കാട്ടാനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കാട്ടാനപ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ചുവരുന്നുണ്ട്. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടിവച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്. മനുഷ്യ-

വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി തദ്ദേശീയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള 261 ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ, ചെക്ക്ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, വനത്തിനകത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തിവരുന്നുണ്ട്. വനങ്ങളിൽ 30,000 ഹെക്ടറോളം യൂക്കാലിപ്റ്റസ്, അക്കേഷ്യ, മാഞ്ചിയം, വാറ്റിൽ എന്നീ വിദേശ ഇനം തോട്ടങ്ങൾ വ്യാവസായിക ആവശ്യങ്ങൾക്കായി നട്ടുപിടിപ്പിച്ചിട്ടുണ്ട്. 2018 മുതൽ ഈ വിദേശീയ ഇനങ്ങളുടെ നടീൽ നിർത്തലാക്കി. ടി തോട്ടങ്ങളെ ഘട്ടംഘട്ടമായി സ്വാഭാവിക വനങ്ങളാക്കാനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. കാട്ടാന ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾക്ക് കാട്ടിൽത്തന്നെ കൂടുതൽ ഭക്ഷണലഭ്യത ഉറപ്പാക്കുവാൻ ടി പരിസ്ഥിതി പുനഃസ്ഥാപനത്തിലൂടെ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും

ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസമേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. സംസ്ഥാനത്ത് കാട്ടുപന്നി അടക്കമുള്ള വന്യമൃഗങ്ങളുടെ ശല്യം രൂക്ഷമായതിനെത്തുടർന്ന് ഇതുസംബന്ധിച്ച് പഠനം നടത്തുന്നതിനും ഇത് പരിഹരിക്കുന്നതിനായി ഹ്രസ്വകാല പദ്ധതികളും ദീർഘകാല പദ്ധതികളും നിർദ്ദേശിക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിച്ചുകൊണ്ട് സർക്കാർ 01-02-2011-ലെ ജി.ഒ (എം.എസ്)04/2011/വനം പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ 03-05-2011-ലെ ശിപാർശയുടെ അടിസ്ഥാനത്തിൽ നാശംവരുത്തുന്ന കാട്ടുപന്നികളെ നിർദ്ദിഷ്ട വനം അധികാരിയുടെ അനുമതിയോടെ വെടിവച്ച് കൊല്ലുന്നതിന് കർഷകർക്ക് അനുവാദം നൽകി 17-06-2011-ലെ സ.ഉ (സാധാ) 265/2011/വനം പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ഈ ഉത്തരവ് ഭേദഗതികളോടെ തുടർവർഷങ്ങളിൽ പുതുക്കുകയും ആയതിന്റെ നിലവിലെ കാലാവധി 29.05.2021-ലെ സ.ഉ.(സാധാ) നം. 159/2021/വനം പ്രകാരം 17.05.2022 വരെ ദീർഘിപ്പിച്ചിട്ടുമുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനം വകുപ്പിന്റെ മേൽനോട്ടത്തിൽ വനേതര ഭൂമികളിലെ ശല്യക്കാരായ 1981 കാട്ടുപന്നികളെ കൊന്ന്

ഇല്ലാതാക്കിയിട്ടുണ്ട്. കൃഷിഭൂമികളിൽ നാശം വരുത്തുന്ന കാട്ടുപന്നികളെ വെർമിനായി പ്രഖ്യാപിക്കണമെന്ന അപേക്ഷ സംബന്ധിച്ച് 21-11-2021-ന് സംസ്ഥാന വനം വകുപ്പുമന്ത്രി കേന്ദ്രമന്ത്രിയുമായി നേരിട്ട് ചർച്ച നടത്തിയതിനുശേഷം കാട്ടുപന്നികളെ 'വെർമിൻ' ആയി പ്രഖ്യാപിക്കുന്നതിനുവേണ്ടി കാട്ടുപന്നിയുടെ ആക്രമണം രൂക്ഷമായ പ്രദേശങ്ങൾ വില്ലേജടിസ്ഥാനത്തിൽ തയ്യാറാക്കി സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിലെ ഫോറസ്റ്റ് സെറ്റിൽമെന്റുകളിലെ താമസക്കാരെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതിപ്രകാരം കാടിനുപുറത്തേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി 620 കോടി രൂപയുടെ 5 വർഷത്തേയ്ക്കുള്ള ഒരു ബൃഹത് പദ്ധതി തയ്യാറാക്കി അംഗീകാരത്തിനായി പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ സർക്കാരിന് സമർപ്പിച്ചു. പദ്ധതിയെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 10.01.2022-ൽ യോഗം ചേർന്നിട്ടുള്ളതും തുടർനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. മനുഷ്യ-വന്യജീവി സംഘർഷം അടുത്ത 10

വർഷത്തേയ്ക്ക് ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനാവശ്യമായ 1150 കോടി രൂപയുടെ ഒരു പദ്ധതിയും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ സംസ്ഥാന പ്ലാനിംഗ് ബോർഡിന് 25.01.2021-ന് സമർപ്പിച്ചിട്ടുണ്ട്. മനുഷ്യ - വന്യജീവി സംഘർഷം ലഘൂകരിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ 06.02.2021-ലെ F.No.8-60/20 WL (Part I) അഡ്വൈസറിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന - ജില്ലാ തലങ്ങളിൽ ഇന്റർ ഡിപ്പാർട്ടുമെന്റൽ കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിക്കുന്നതിന് 09.12.2021-ലെ സ.ഉ. (സാധാ)402/2021/വനം പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) യുക്തിപൂർവ്വമായ വന്യജീവി സംരക്ഷണ നയത്തിൽ പ്രദേശവാസികളുടേയും വനാശ്രിത സമൂഹത്തിന്റെയും ക്ഷേമംകൂടി പരിഗണിച്ചുകൊണ്ട് അതിനനുസൃതമായ മാർഗ്ഗങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; വിശദീകരിക്കാമോ?

രൂപീകരിച്ചിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് വനാതിർത്തി പങ്കിടുന്ന പഞ്ചായത്തുകളിൽ തദ്ദേശീയരും ജന പ്രതിനിധികളും വന ഉദ്യോഗസ്ഥരും ചേർന്നുള്ള ജനജാഗ്രതാ സമിതികൾ 07.02.2017-ലെ സ.ഉ. (സാധാ) നം. 51/2017/വനം ഉത്തരവുപ്രകാരം

രൂപീകരിച്ച് 2017 മുതൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്/മുനിസിപ്പൽ ചെയർപേഴ്സൺ അദ്ധ്യക്ഷനും ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ്/മുനിസിപ്പൽ വൈസ് ചെയർപേഴ്സൺ ഉപാദ്ധ്യക്ഷനും ജില്ലാ പഞ്ചായത്ത് മെമ്പർ, ബ്ലോക്ക് പഞ്ചാത്ത് മെമ്പർ എന്നിവർ അംഗങ്ങളുമായ 261 ജനജാഗ്രതാ സമിതികൾ നിലവിൽ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 204 ജനജാഗ്രതാ സമിതികൾ നിലവിലുണ്ടായിരുന്നു. ജനജാഗ്രതാ സമിതികൾക്ക് മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനുള്ള ഉത്തരവാദിത്വങ്ങളും കടമകളും ചുവടെ ചേർക്കുന്നു:-

വന്യജീവി ആക്രമണമുണ്ടാകുന്ന മേഖലകളിൽ വനം വകുപ്പിന്റെ ജനകീയ മുഖമായി പ്രവർത്തിച്ച് ജനങ്ങളെ സഹായിക്കുക, പ്രദേശത്തിന് ഏറ്റവും യോജിച്ച പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ച് വനം വകുപ്പിനെ അറിയിക്കുക, മൂന്ന് മാസത്തിലൊരിക്കൽ യോഗംകൂടി വേണ്ട ശിപാർശകൾ വനം വകുപ്പ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകുക, നിലവിൽ നിർമ്മിച്ചിട്ടുള്ള ഫെൻസിംഗ് ഉൾപ്പെടെയുള്ള പ്രതിരോധമാർഗ്ഗങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ആ വിവരം ബന്ധപ്പെട്ട റേഞ്ച് ഫോറസ്റ്റ് ഓഫീസറെ അറിയിക്കുകയും കമ്മിറ്റിയിൽ ചർച്ചചെയ്ത് പരിഹാരമാർഗ്ഗങ്ങൾ

നിർദ്ദേശിക്കുകയും ചെയ്യുക, വന്യജീവി ആക്രമണമുണ്ടാകുന്നപക്ഷം സ്ഥലത്തെത്തി വേണ്ട നടപടികൾ സ്വീകരിക്കാൻ വനം വകുപ്പിനെ സഹായിക്കുക, വനാതിർത്തി പങ്കിടുന്ന മേഖലകളിൽ വന്യജീവികളെ ആകർഷിക്കാത്ത തരത്തിലുള്ള കൃഷി ചെയ്യുന്നതിന് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്ന വകുപ്പിന്റെ നടപടികളിൽ പങ്കാളികളാകുക, വന്യജീവികൾ കാടിന് പുറത്തേയ്ക്ക് വരുന്നത് തദ്ദേശവാസികളെ മുൻകൂട്ടി അറിയിക്കുന്നതിനുള്ള എസ്.എം.എസ്. അലർട്ട് സിസ്റ്റം തുടങ്ങിയ സംവിധാനങ്ങളുടെ പ്രവർത്തക്ഷമത ഉറപ്പുവരുത്തുക.

(സി) വന്യജീവി ശല്യംമൂലം പ്രശ്നബാധിതരായവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളുംകൂടി ഉൾപ്പെടുത്തി വനം-വന്യജീവി സംരക്ഷണ വകുപ്പ് പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; ഇതിന്റെയടിസ്ഥാനത്തിൽ കാര്യക്ഷമമായ രീതിയിൽ കർമ്മപരിപാടി ആസൂത്രണം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

തയ്യാറാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി വിശദമായ ഒരു കർമ്മപദ്ധതി തയ്യാറാക്കുന്നതിന്

സർക്കാർ നിർദ്ദേശിച്ചതുപ്രകാരം സംസ്ഥാനത്ത് ഉയർന്ന തോതിൽ മനുഷ്യ-വന്യജീവി സംഘർഷം നിലനിൽക്കുന്ന മേഖലകൾ കണ്ടെത്തി, നിലവിൽ ഇത്തരം സംഘർഷങ്ങൾ നേരിടുന്നതിനായി അനുവർത്തിച്ചുവരുന്ന പ്രതിരോധ പരിഹാരമാർഗ്ഗങ്ങൾ വിശകലനം ചെയ്ത്, മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി വിശദമായ ഒരു കർമ്മപദ്ധതി തയ്യാറാക്കുന്നതിന് പെരിയാർ, പറമ്പിക്കുളം ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനുകളെ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ ചുമതലപ്പെടുത്തുകയുണ്ടായി. വെബ്സൈറ്റ്, പത്രങ്ങൾ, റേഡിയോ എന്നിവയിലൂടെ പൊതുജനാഭിപ്രായം തേടുകയും 1600-ഓളം അഭിപ്രായങ്ങൾ രേഖാമൂലം ലഭ്യമാവുകയും ചെയ്തു. വിശദമായ പഠനങ്ങളുടെയും എം.പിമാർ, എം.എൽ.എ.-മാർ, ഇതര ജനപ്രതിനിധികൾ, ശാസ്ത്രജ്ഞർ, കർഷക സംഘടനകൾ, പൊതുജനങ്ങൾ തുടങ്ങിയവരിൽനിന്നും ലഭിച്ച അഭിപ്രായങ്ങളുടെയും ഉദ്യോഗസ്ഥതല ചർച്ചകളുടെയും അടിസ്ഥാനത്തിൽ 620 കോടി രൂപയുടെ 5 വർഷത്തേയ്ക്കുള്ള ഒരു സമഗ്ര പദ്ധതി പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ തയ്യാറാക്കി 07.09.2021-ന് സർക്കാരിൽ

ലഭ്യമാക്കിയിട്ടുണ്ട്. താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്:

1. വന്യജീവികൾ മനുഷ്യരുടെ വാസസ്ഥലങ്ങളിലേയ്ക്കും കൃഷിയിടങ്ങളിലേയ്ക്കും പ്രവേശിക്കുന്നത് തടയുന്നതിനായി പ്രതിരോധ സംവിധാനങ്ങൾ നിർമ്മിക്കുക.

2. മനുഷ്യനും-വന്യജീവികളും തമ്മിലുള്ള സംഘർഷം ഒഴിവാക്കുന്നതിന് മുൻകൂർ മുന്നറിയിപ്പ് സംവിധാനം അടക്കമുള്ള നൂതനമാർഗ്ഗങ്ങൾ നടപ്പിലാക്കുക.

3. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ഫലപ്രദമായ അടിസ്ഥാന സൗകര്യങ്ങളും മാനവ-വിഭവശേഷിയും വികസിപ്പിക്കുക.

4. വന്യജീവി മൂലമുള്ള നാശനഷ്ടത്തിന് നഷ്ടപരിഹാരം, വിള ഇൻഷ്വറൻസ്, ലൈഫ് ഇൻഷ്വറൻസ്, എക്സ്-ഗ്രേഷ്യ എന്നിവ നടപ്പിൽവരുത്തുക.

5. ലൈൻ ഡിപ്പാർട്ടുമെന്റുകളുടെ സേവനം ഉപയോഗപ്പെടുത്തുക.

6. ജനപങ്കാളിത്തത്തോടെയുള്ള നടപടികൾ ശക്തിപ്പെടുത്തുക.

7. പുൽമേടുകളും ജലസ്രോതസ്സുകളുമുൾപ്പെടെയുള്ള ആവാസവ്യവസ്ഥ മെച്ചപ്പെടുത്തി വനത്തിനുള്ളിൽ ഭക്ഷണവും വെള്ളവും ലഭ്യമാക്കുക.

8. സംഘർഷം കുറയ്ക്കുന്നതിനുതകുന്ന അവബോധം സൃഷ്ടിക്കുന്നതിന് പരിശീലനങ്ങളും ഗവേഷണങ്ങളും നടത്തുക. പ്രസ്തുത പദ്ധതിയെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 10.01.2022-ൽ യോഗം ചേർന്നിട്ടുള്ളതും തുടർനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. മനുഷ്യ-വന്യജീവി സംഘർഷം അടുത്ത 10 വർഷത്തേയ്ക്ക് ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനാവശ്യമായ 1150 കോടി രൂപയുടെ ഒരു പദ്ധതിയും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്)&ചീഫ് വൈൽഡ് ലൈഫ് വാർഡൻ സംസ്ഥാന പ്ലാനിംഗ് ബോർഡിന് 25.01.2021-ന് സമർപ്പിച്ചിട്ടുണ്ട്.

**കുടിവെള്ള ചാർജ്ജ് കുടിശിക**

10 (*70) <u>ശ്രീ. കെ. പ്രേംകുമാർ</u>:
<u>ശ്രീ. എ. സി. മൊയ്തീൻ</u>:
<u>ശ്രീമതി ഒ. എസ്. അംബിക</u>:
<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. റോഷി അഗസ്റ്റിൻ</u>) സദയം

മറുപടി നൽകുമോ:

(എ) നടത്തിപ്പുചെലവിന്റെ നാല്പത് ശതമാനത്തിനടുത്തുമാത്രം ഈടാക്കി കുടിവെള്ള വിതരണം നടത്തുന്നത് കേരള വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക അടിത്തറ ദുർബലപ്പെടുത്താനിടയാക്കുമോയെന്ന് വ്യക്തമാക്കുമോ?

ഒരു കിലോ ലിറ്റർ വെള്ളം ശുദ്ധീകരിച്ച് ഉപഭോക്താവിലെത്തിക്കുന്നതിന് കേരള വാട്ടർ അതോറിറ്റിക്ക് 22.85 രൂപ ചെലവ് വരുന്നു. എന്നാൽ കുടിവെള്ള വിതരണംവഴി കേരള വാട്ടർ അതോറിറ്റിക്ക് ശരാശരി ലഭിക്കുന്നത് കിലോ ലിറ്ററിന് 10.92/-രൂപയാണ്. ഇത്തരത്തിൽ ജലശുദ്ധീകരണത്തിനും വിതരണത്തിനും വരുന്ന ചെലവിനേക്കാൾ കുറഞ്ഞ തുകയ്ക്ക് ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതുവഴി കേരള വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക അടിത്തറ ദുർബലപ്പെടാൻ സാധ്യതയുണ്ട്.

(ബി) കോവിഡ് കാരണം ഉപഭോക്താക്കൾ നേരിട്ട സാമ്പത്തിക പ്രതിസന്ധി കുടിവെള്ള ചാർജ്ജ് കുടിശ്ശിക വർദ്ധിക്കാൻ കാരണമായിട്ടുണ്ടോ; നിലവിൽ എത്ര തുകയാണ് കുടിശ്ശികയുള്ളതെന്ന്

അറിയിക്കാമോ; ബില്ലിംഗിലെ പരിഷ്കാരം കുടിശ്ശിക വർദ്ധിപ്പിക്കാൻ കാരണമാകുമോയെന്ന് പരിശോധിക്കുമോ?

കോവിഡ് കാരണം ഉപഭോക്താക്കൾ നേരിട്ട സാമ്പത്തിക പ്രതിസന്ധി കുടിവെള്ള ചാർജ് കുടിശ്ശിക വർദ്ധനവിന് കാരണമായിട്ടുണ്ട്. നിലവിൽ 31/01/2022 വരെ ജല അതോറിറ്റിക്ക് ആകെ 2275.65 കോടി രൂപ കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുണ്ട്. ഇപ്പോഴുള്ള ഭീമമായ കുടിശ്ശിക മുൻകാലങ്ങളിലെ കുടിശ്ശികയും അതിലെ പിഴപ്പലിശയുമാണ്. ബില്ലിംഗിലെ പരിഷ്കാരം പൊതുജനങ്ങളിലേയ്ക്ക് വേഗത്തിലെത്തിക്കാനും കുടിശ്ശിക വർദ്ധിക്കാതിരിക്കാനും ശ്രദ്ധിക്കുന്നുണ്ട്.

(സി) കുടിശ്ശിക പിരിച്ചെടുക്കുന്നതിന് കേരള വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർ കാര്യക്ഷമമായ നടപടി സ്വീകരിച്ചുവരുന്നുണ്ടോ?

കുടിശ്ശിക വരുത്തുന്ന ഉപഭോക്താക്കൾക്ക് നോട്ടീസുകൾ വഴിയും ലഘുലേഖകൾ വഴിയും മുന്നറിയിപ്പ് നൽകിവരുന്നു. സെക്ഷൻ തലത്തിലും സബ് ഡിവിഷൻ തലത്തിലും സ്ക്വാഡ് രൂപീകരിച്ച് സർക്കാർ നിഷ്കർഷിക്കുന്ന രീതിയിൽ കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് ഉപഭോക്താക്കളുടെ വീടുകളിലും സ്ഥാപനങ്ങളിലും നേരിൽ സമീപിച്ച്

കുടിശ്ശിക നിവാരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ ഫോൺ എസ്.എം.എസ് മുഖാന്തരവും ഉപഭോക്താക്കൾക്ക് മുന്നറിയിപ്പ് നൽകിയും കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ചോർച്ചമൂലവും പ്രവർത്തനരഹിതമായ മീറ്ററുകൾ വഴിയുമുണ്ടാകുന്ന റവന്യൂ നഷ്ടം കണക്കിലെടുത്ത് അവ പരിഹരിക്കാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ?

പൈപ്പുകൾ പൊട്ടുന്നതുമൂലമുണ്ടാകുന്ന ജലനഷ്ടം ഒഴിവാക്കുന്നതിന് റണ്ണിംഗ് കോൺട്രാക്ടർ മുഖേനയും ബ്ലൂ ബ്രിഗേഡ് സംവിധാനം ഉപയോഗിച്ചും പൊട്ടിയ പൈപ്പിന്റെ ഭാഗം അടിയന്തരമായി മാറ്റി സ്ഥാപിച്ച് ജലനഷ്ടം ഒഴിവാക്കിവരുന്നു. പൈപ്പുകളുടെ പ്രീ-ഡെലിവറി പോസ്റ്റ്-ഡെലിവറി ടെസ്റ്റിംഗ് നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ കുടിവെള്ളം പാഴാക്കുന്നത് തടയുന്നതിനായി സമയബന്ധിതമായി അറ്റകുറ്റപ്പണികൾ നടപ്പിലാക്കിവരുന്നു. വാട്ടർ മീറ്ററുകൾ കേടാകുന്നത് ശ്രദ്ധയിൽപ്പെട്ടാൽ പ്രവർത്തനരഹിതമായ മീറ്ററുകൾ മാറ്റി സ്ഥാപിക്കുവാൻ ഉപഭോക്താക്കൾക്ക് നോട്ടീസ് നൽകുന്നുണ്ട്. സമയബന്ധിതമായി മീറ്റർ മാറ്റി സ്ഥാപിക്കാൻ തയ്യാറാകാത്ത ഉപഭോക്താക്കൾക്ക് ആദ്യമാസം കുടിവെള്ള ചാർജ്ജിന്റെ 25%-വും തുടർന്നുള്ള രണ്ട് മാസങ്ങളിൽ 50%-വും പിന്നീട് 100%-വും

സർചാർജായി ഈടാക്കുന്നുണ്ട്. കൂടാതെ ഉയർന്ന ഉപഭോഗം വരുത്തുന്ന ഉപഭോക്താക്കളുടെ കേടായ വാട്ടർ മീറ്ററുകൾ വാട്ടർ അതോറിറ്റിയുടെ സ്വന്തം ചെലവിൽ മാറ്റി സ്ഥാപിച്ചശേഷം അതിന്റെ ചെലവ് തവണകളാക്കി വാട്ടർ ചാർജ്ജിനൊപ്പം ഈടാക്കിയും റവന്യൂനഷ്ടം പരിഹരിച്ചുവരുന്നു.

**സിനിമാ മേഖലയിൽ വനിതകൾ നേരിടുന്ന പ്രശ്നങ്ങൾ**

11 (*71) ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. പി. പി.സുമോദ്:
ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിനിമാ തൊഴിൽ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾ അനുഭവിക്കുന്ന പ്രശ്നങ്ങളും തൊഴിൽ സാഹചര്യങ്ങളും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പ്രത്യേക കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ വിശദമായി പരിശോധിച്ച് നടപ്പിൽ വരുത്തേണ്ട കാര്യങ്ങൾ ശിപാർശ ചെയ്യുന്നതിനായി പ്രത്യേക

സമിതിയെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ സമിതിയുടെ ശിപാർശകൾ ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ ലഭ്യമാകുന്ന മുറയ്ക്ക് നടപ്പിൽ വരുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ & ബി) സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾക്ക് നേരിടേണ്ടി വരുന്ന പ്രശ്നങ്ങളും തൊഴിൽ സാഹചര്യങ്ങളും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി (റിട്ട) ജസ്റ്റിസ് കെ.ഹേമ അദ്ധ്യക്ഷയായും ശ്രീമതി ശാരദ, ശ്രീമതി കെ. ബി. വൽസലകുമാരി എന്നിവർ അംഗങ്ങളുമായി ഒരു വിദഗ്ധ സമിതിയെ 01.07.2017-ലെ സ.ഉ.(കൈ) നം.16/2017/ സാം.കാ.വ ഉത്തരവ് പ്രകാരം സർക്കാർ നിയോഗിച്ചിരുന്നു. പ്രസ്തുത സമിതി 31.12.2019-ന് സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഹേമ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിക്കുന്നതിനോ നടപ്പിലാക്കുന്നതിനോ സർക്കാർ ഒരു പ്രത്യേക സമിതിയെ നിയോഗിച്ചിട്ടില്ല. എന്നാൽ പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകളിന്മേൽ പ്രത്യേക പ്രാധാന്യം നൽകി തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം 13.07.2021-ന് സാംസ്കാരിക വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വകുപ്പിന്റെ പ്രിൻസിപ്പൽ സെക്രട്ടറി, ചലച്ചിത്ര അക്കാദമി,

ചലച്ചിത്ര വികസന കോർപ്പറേഷൻ, സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് എന്നിവയുടെ പ്രതിനിധികൾ, നിയമവകുപ്പ് സെക്രട്ടറി എന്നിവരെ ഉൾപ്പെടുത്തി ഒരു യോഗംചേരുകയും ഹേമ സമിതി റിപ്പോർട്ടിലെ ശിപാർശകളിൽ സ്വീകരിക്കാവുന്ന തുടർനടപടികൾ സംബന്ധിച്ച് വിശദമായി ചർച്ച നടത്തുകയും ചെയ്തു. ജസ്റ്റിസ് കെ. ഹേമ സമിതി റിപ്പോർട്ടിലെ ശിപാർശകളിൽ ഭരണപരമായ നടപടി സ്വീകരിക്കാവുന്ന വിഷയങ്ങളിൽ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് എന്നിവ മുഖേന തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**പൈപ്പുകൾ സ്ഥാപിക്കുന്ന റോഡുകൾ പൂർവ്വസ്ഥിതിയിലാക്കാൻ സംവിധാനം**

12 (*72) ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തിയാകുന്നതിന് മുമ്പുതന്നെ ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതുവഴി റോഡുകൾ പൂർവ്വസ്ഥിതിയിലാക്കാൻ വേണ്ടിവരുന്ന അധികച്ചെലവ് ഒഴിവാക്കുന്നതിന് ജലവിഭവ വകുപ്പും പൊതുമരാമത്ത്

വകുപ്പും സംയുക്തമായി ഏതെങ്കിലും നൂതന സംവിധാനത്തിന് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ?

ഉണ്ട്. ജലവിതരണ പദ്ധതികൾക്കായി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുവേണ്ടി റോഡുകൾ കുഴിക്കുന്നതിനും പൊതുമരാമത്തു വകുപ്പിന്റെ അധീനതയിലുള്ള റോഡ് നവീകരണത്തിന്റെ ഭാഗമായി ജലവിതരണ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ജലവിഭവ വകുപ്പും പൊതുമരാമത്ത് വകുപ്പും സംയുക്തമായി ഒരു ഓൺലൈൻ പോർട്ടൽ (Right of Way–RoW Portal) സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ജലവിഭവ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന ജലവിതരണ പദ്ധതികളുടെ വിവരം, പൊതുമരാമത്തു റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികളുടെ വിവരം എന്നിവ മുൻകൂട്ടി മേല്പറഞ്ഞ പോർട്ടലിൽ രേഖപ്പെടുത്തുകയും അതനുസരിച്ച് പൊതുമരാമത്തു റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനുമുമ്പുതന്നെ ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതുവഴി റോഡുകൾ പൂർവ്വസ്ഥിതിയിലാക്കാൻ വേണ്ടിവരുന്ന അധികച്ചെലവ് ഒഴിവാക്കാവുന്നതാണ്. കൂടാതെ, മേല്പറഞ്ഞ പോർട്ടൽ സംവിധാനത്തിലൂടെ ജലവിതരണ പദ്ധതികളുടെ പൈപ്പ് സ്ഥാപിക്കുന്നതിനായി പൊതുമരാമത്തു വകുപ്പിൽനിന്നും അനുമതി

ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാവുന്നതുമാണ്. ഇത് പ്രാവർത്തികമാക്കാനും ഇതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ വരുന്ന അനന്തര നടപടികൾക്കുമായി 05.01.2022-ൽ പൊതുമരാമത്ത് വകുപ്പുമന്ത്രിയും ജലവിഭവ വകുപ്പുമന്ത്രിയും സംയുക്തമായി ചേർന്ന യോഗത്തിലെ തീരുമാനപ്രകാരം പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി കൺവീനറായി പൊതുമരാമത്ത് വകുപ്പിലെയും ജല അതോറിറ്റിയിലെയും ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ഒരു സ്ഥിരം സമിതി രൂപീകരിച്ചിട്ടുണ്ട്. നടപ്പ് വർഷത്തിൽ ജല അതോറിറ്റിക്ക് ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്നവയുടെ വിവരവും പൊതുമരാമത്ത് റോഡ് നവീകരണ പ്രവൃത്തികളുടെ വിവരവും അടിയന്തരമായി മേൽപ്പറഞ്ഞ RoW പോർട്ടലിൽ ചേർക്കുന്നതിന്റെ വിശദാംശങ്ങൾ സമിതി നിരീക്ഷിക്കുന്നുണ്ട്.

**പരിവർത്തിത ക്രൈസ്തവർക്കുള്ള ആനുകൂല്യങ്ങൾ**

13 (*73) ശ്രീ. കോവൂർ കുഞ്ഞുമോൻ:

ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിയിൽനിന്നും ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്തവർക്ക് പ്രത്യേകമായി പ്രൊഫഷണൽ കോഴ്സുകളിൽ ആനുപാതികമായ സംവരണം ഏർപ്പെടുത്തണമെന്ന ആവശ്യം സംബന്ധിച്ച് പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ ശിപാർശ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത വിഷയത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

ഡയറക്ടറുടെ ശിപാർശ പിന്നാക്ക വിഭാഗ കമ്മീഷന്റെ ഉപദേശത്തിനായി നൽകിയിരുന്നു. ഇത് പരിഗണിച്ച കമ്മീഷൻ ടി സമുദായങ്ങൾക്കായി 4% സംവരണം നൽകുന്നതിനുള്ള കാരണങ്ങളൊന്നും കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്ന വിവരം സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(സി) കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശിപാർശിത വിഭാഗ വികസന കോർപ്പറേഷനിൽനിന്നുള്ള ആനുകൂല്യങ്ങൾ പൊതുവായി ഇതിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ വിഭാഗങ്ങൾക്കുമായി വിനിയോഗിക്കുന്ന അവസരത്തിൽ ഇതര ക്ഷേമ കോർപ്പറേഷനുകളിൽ അംഗങ്ങളായ ചില വിഭാഗങ്ങൾക്കും ലഭിക്കുന്നതായും മറ്റു ക്ഷേമ കോർപ്പറേഷനുകളിലൊന്നിലും

ഉൾപ്പെട്ടിട്ടില്ലാത്ത പരിവർത്തിത ക്രൈസ്തവർക്ക് അർഹതപ്പെട്ട ആനുപാതിക ആനുകൂല്യം ലഭ്യമാകുന്നില്ലെന്നുമുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് പരിശോധന നടത്തി പരിഹാര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

പരിവർത്തിത കോർപ്പറേഷനിൽനിന്നും വായ്പയും മറ്റ് ആനുകൂല്യങ്ങളും താഴെപ്പറയുന്ന വിഭാഗങ്ങൾക്കാണ് നൽകിവരുന്നത്.

(എ) പട്ടികജാതിയിൽനിന്നും ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്യപ്പെട്ടവർ:

1. കുശവൻ, കുലാലൻ, കുലാല, കുംബാരൻ, വേളാൻ, ഓടൻ, ആന്ധ്രാനായർ, ആന്ദുരുനായർ

2. പുലയൻ വേട്ടുവൻ

(ബി) ഇതര ശിപാർശിത വിഭാഗങ്ങളിൽപ്പെട്ടവർ

1. ചാക്കമർ

2. മഡിഗ

3. ചെമ്മാൻ/ചെമ്മാർ

4. കുടുംബി

5. ധീവര/ധീവരൻ (അരയൻ, വാലൻ, നുളയൻ, മുക്കുവൻ, അരയവാത്തി, വാലഞ്ചിയർ, പണിയാക്കൾ, മൊകയ, ബോവി, മൊഗായർ, മൊഗവീരർ).

മുകളിൽ സൂചിപ്പിച്ചിട്ടുള്ള ലക്ഷ്യവിഭാഗത്തിൽപ്പെട്ട അർഹരായ അപേക്ഷകർക്ക് വായ്പയും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിന് പ്രത്യേകമായ അനുപാതം നിശ്ചയിച്ചിട്ടില്ല, തുല്യപരിഗണനയിലാണ് നൽകിവരുന്നത്. പട്ടികജാതിയിൽനിന്നും പരിവർത്തനം ചെയ്ത ക്രൈസ്തവ വിഭാഗത്തിൽപ്പെട്ടവർക്ക് മറ്റ് ശിപാർശിത വിഭാഗത്തിൽപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ നൽകുന്നതുമൂലം, പരിവർത്തിത ക്രൈസ്തവർക്കുള്ള ആനുകൂല്യം നഷ്ടപ്പെടുന്നതുമായി ബന്ധപ്പെട്ട് പരാതികളൊന്നും സർക്കാരിൽ ലഭ്യമായിട്ടില്ല.

**അട്ടപ്പാടി കോട്ടത്തറ ട്രൈബൽ ആശുപത്രി**

14 (*74) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ആദിവാസി മേഖലകളിൽ മെച്ചപ്പെട്ട ആരോഗ്യ പരിരക്ഷ ഉറപ്പാക്കാൻ കോട്ടത്തറയിൽ ട്രൈബൽ ആശുപത്രി ആരംഭിച്ചിരുന്നോയെന്ന് അറിയിക്കാമോ; എങ്കിൽ പ്രസ്തുത ആശുപത്രിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ കഴിഞ്ഞ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

അട്ടപ്പാടിയിലെ ആദിവാസി മേഖലകളിൽ മെച്ചപ്പെട്ട ആരോഗ്യ പരിരക്ഷ ഉറപ്പാക്കാൻ പട്ടികവർഗ്ഗ വികസന വകുപ്പ് കോട്ടത്തറയിൽ ആരംഭിച്ച ട്രൈബൽ ആശുപത്രി ആരോഗ്യ വകുപ്പിന് കൈമാറിയിട്ടുണ്ട്. പ്രസ്തുത ആശുപത്രി നിലവിൽ ആരോഗ്യ വകുപ്പിന്റെ കീഴിലും അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുമായി പ്രവർത്തിച്ചുവരുന്നു. ആരോഗ്യ വകുപ്പ് മുഖേന അട്ടപ്പാടിയിലെ കോട്ടത്തറ ആശുപത്രിയിൽ 2016 മുതൽ നാളിതുവരെ പൂർത്തീകരിച്ച പ്രവർത്തനങ്ങൾ/പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) കുട്ടികളുടെ ഐ.സി.യു., വെന്റിലേറ്റർ സൗകര്യത്തോടുകൂടിയ ആംബുലൻസ്, കിടത്തിച്ചികിത്സയ്ക്ക് ആവശ്യമായ കിടക്കകൾ, സീനിയർ കൺസൾട്ടന്റിന്റെ സേവനം, താലൂക്ക് ആശുപത്രിയുടെ സൗകര്യം തുടങ്ങി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോട്ടത്തറ ആശുപത്രി മുന്നോട്ടുവച്ച ആവശ്യങ്ങളൊന്നും പരിഗണിക്കപ്പെട്ടിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ആശുപത്രിയുടെ സേവനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിലവിൽ കുട്ടികളുടെ ക്ഷേമത്തിനും ചികിത്സയ്ക്കുമായി എസ്.എൻ.ഐ.സി.യു പ്രവർത്തിച്ചുവരുന്നു. കൂടാതെ വെന്റിലേറ്റർ സൗകര്യത്തോടെ ആംബുലൻസുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. 57 കിടക്കകളുള്ള കോട്ടത്തറ ആശുപത്രിയെ 100 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തിക്കൊണ്ടുള്ള പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ 100 കിടക്കകൾ സജ്ജീകരിക്കുകയും പ്രതിദിനം 750-ഓളം ഒ.പി., 100-ഓളം ഐ.പി. ഉൾപ്പെടെയുള്ള സേവനവും നൽകിവരുന്നു. കൂടാതെ ആശുപത്രിയുടെ നവീകരണവുമായി ബന്ധപ്പെട്ട സി.ടി. സ്കാൻ, സ്റ്റാഫ് ക്വാർട്ടേഴ്സ്, അമ്മയും കുഞ്ഞും വിഭാഗത്തിനുള്ള കെട്ടിടം എന്നീ സൗകര്യങ്ങളുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതുകൂടാതെ അട്ടപ്പാടി കോട്ടത്തറ ട്രൈബൽ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലിൽ വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം അത്യാവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അടിയന്തര

സാഹചര്യം പരിഗണിച്ച് പാലക്കാട് മെഡിക്കൽ കോളേജിലെ ഡോക്ടർമാരുടെ സേവനവും ഒരു ആംബുലൻസിന്റെ സേവനവും 02.12.2021-ലെ സ.ഉ(സാധാ)നം.1041/2021/പജപവവിവ പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. ഇതിനാവശ്യമായി വരുന്ന ചെലവ് പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും അനുവദിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) കോട്ടത്തറ ആശുപത്രിയിലുള്ള അസൗകര്യങ്ങൾ കാരണം വിദഗ്ധ ചികിത്സയ്ക്കായി വിവിധ മെഡിക്കൽ കോളേജുകളിലേയ്ക്കും സ്വകാര്യ ആശുപത്രികളിലേയ്ക്കും റഫർ ചെയ്യുന്ന ഒരു ആശുപത്രിയായി ഇത് ചുരുങ്ങിയെന്നത് വസ്തുതയാണോ?

നിലവിൽ കോട്ടത്തറ ആശുപത്രിയിൽ അനസ്തേഷ്യ, ഗൈനക്കോളജി, പീഡിയാട്രിക്, ഇ.എൻ.ടി, ജനറൽ മെഡിസിൻ, ഓർത്തോ തുടങ്ങിയ വിഭാഗങ്ങളുടെ സ്പെഷ്യാലിറ്റി ഒ.പി/ഐ.പി ചികിത്സകൾ 24 മണിക്കൂറും ലഭ്യമാക്കിവരുന്നു. മേൽ എല്ലാ വിഭാഗത്തിലും സർജറി ഉൾപ്പെടുന്ന സേവനങ്ങൾ ഉറപ്പുവരുത്തുന്നുണ്ട്. എന്നാൽ അടിയന്തര പ്രാധാന്യമുള്ള സർജറികൾക്കായി ഗർഭിണികൾക്കുള്ള സ്കാനിംഗ് നടത്തുന്നതിനും സി.ടി സ്കാൻ, എം.ആർ.ഐ പോലുള്ള സേവനങ്ങൾ ആശുപത്രിയിൽ ലഭ്യമല്ലാത്ത സാഹചര്യങ്ങളിൽ മാത്രമാണ് പ്രസ്തുത സേവനങ്ങൾ ലഭ്യമായ മെഡിക്കൽ

കോളേജുകളിലേയ്ക്ക് റഫർ ചെയ്യുന്നത്.

(ഡി) അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതിയുടെ ഭാഗമായി പെരിന്തൽമണ്ണ ഇ.എം.എസ്. സഹകരണ ആശുപത്രിക്ക് തുക അനുവദിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും അട്ടപ്പാടിയിലെ സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം പെരിന്തൽമണ്ണ ഇ.എം.എസ് സഹകരണ ആശുപത്രിക്ക് തുക അനുവദിച്ചിട്ടില്ല.

(ഇ) എങ്കിൽ കോട്ടത്തറ ട്രൈബൽ ആശുപത്രി വികസിപ്പിക്കുന്നതിനുപകരം പെരിന്തൽമണ്ണ ഇ.എം.എസ്. സഹകരണ ആശുപത്രിക്ക് തുക നൽകുന്നതിന്റെ കാരണം വിശദമാക്കാമോ?

ബാധകമല്ല.

**സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനത്തിനായി പ്രത്യേക നയം**

15 (*75) ശ്രീ. എ. രാജ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി

നൽകുമോ:

(എ) സംസ്ഥാനത്ത് സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനത്തിനായി പശ്ചിമഘട്ട മലനിരകൾ മുതൽ സമുദ്രതീരം വരെയുള്ള പ്രദേശങ്ങൾ ഉൾപ്പെടുത്തി പ്രത്യേക നയത്തിന് രൂപം കൊടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ജൈവ സമ്പത്തിന്റെ സംരക്ഷണം, ജല സംരക്ഷണം, കാലാവസ്ഥാ വ്യതിയാനം ചെറുക്കൽ, മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കൽ എന്നിവ സാധ്യമാക്കുന്നതിന് പ്രസ്തുത നയരേഖ എത്രത്തോളം സഹായകരമാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത നയരേഖ പ്രാവർത്തികമാക്കാനുതകുന്ന എന്തെല്ലാം പ്രവർത്തന പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകാമോ?

(എ&ബി) സംസ്ഥാനത്ത് സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനത്തിനായി 17.12.2021-ലെ സർക്കാർ ഉത്തരവ് (കൈ) നം. 29/2021/വനം പ്രകാരം ഒരു നയരേഖ അംഗീകരിച്ച് ഉത്തരവായിട്ടുള്ളതാണ്. കേരളത്തിൽ അടിക്കടിയുണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങളുടെ പശ്ചാത്തലത്തിൽ കേരളത്തിന്റെ പാരിസ്ഥിതിക സുരക്ഷയും ജലസുരക്ഷയും

ഉറപ്പാക്കുന്നതിനുള്ള നടപടികൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നയരേഖയാണ് അംഗീകരിച്ചിട്ടുള്ളത്. കേരളത്തിന്റെ പാരിസ്ഥിതിക സുരക്ഷയും ജലസുരക്ഷയും ഉറപ്പുവരുത്തുന്നതിനായി ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികളാണ് വിഭാവനം ചെയ്യുന്നത്. ആരോഗ്യകരമായ സ്വാഭാവിക/പരിസ്ഥിതി പുനഃസ്ഥാപിക്കുന്നതുവഴി സുസ്ഥിര സാമ്പത്തിക വളർച്ചയും ശ്രേയസ്കരമായ സമൂഹവുമാണ് ലക്ഷ്യംവയ്ക്കുന്നത്. ആധുനിക സാങ്കേതിക സംവിധാനം ഉപയോഗിച്ച് കാടിന്റെ അതിർത്തി നിർണ്ണയം പൂർത്തീകരിച്ച് ജണ്ടകൾ നിർമ്മിച്ച് സംരക്ഷിക്കുക, വനാതിർത്തികൾ ഡിജിറ്റൈസ് ചെയ്യുക, നിലനിൽക്കുന്ന വനങ്ങളുടെ ആരോഗ്യം വീണ്ടെടുക്കുന്നതും സർക്കാർ ഉടമസ്ഥതയിലുള്ള ശോഷിച്ച വനങ്ങളായ അക്കേഷ്യ, വാറ്റിൽ, യൂക്കാലി തോട്ടങ്ങൾ തുടങ്ങിയവയും മണ്ണ്-ജലസംരക്ഷണം എന്നിവ ലക്ഷ്യമാക്കി ഘട്ടംഘട്ടമായി സ്വാഭാവിക വനങ്ങളാക്കി മാറ്റുക, വെട്ടിമാറ്റുന്ന വ്യാവസായിക തോട്ടങ്ങളിൽനിന്നുള്ള അസംസ്കൃത വസ്തുക്കൾ കേരളത്തിലെ ചെറുകിട വനാധിഷ്ഠിത വ്യവസായങ്ങൾക്ക് ന്യായവിലയ്ക്ക് നൽകുക, വനത്തിന്റെ ആവാസ വ്യവസ്ഥയെ അത്യധികം പ്രതികൂലമായി ബാധിക്കുന്ന സെന്ന, ലന്റാന, മൈക്കേനിയ തുടങ്ങിയ അധിനിവേശ സസ്യങ്ങളെ

യുദ്ധകാലാടിസ്ഥാനത്തിൽ നീക്കം ചെയ്യുക, തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കാട്ടുതീ പ്രതിരോധം, ചെറുകിട വനവിഭവങ്ങളുടെ ശാസ്ത്രീയ ശേഖരണവും മൂല്യവർദ്ധനവും ഉറപ്പുവരുത്തുക, ജൈവവൈവിദ്ധ്യത്തിന്റെ തുരുത്തുകളായ കാവുകളുടെ സംരക്ഷണം, പാരിസ്ഥിതിക പ്രാധാന്യമുള്ള സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽ കാടുകൾ ഉടമസ്ഥരുടെ സമ്മതത്തോടെ അർഹമായ വില നൽകി ഏറ്റെടുക്കുക, കേരളത്തിലെ പഞ്ചായത്തുകൾ കാർബൺ ന്യൂട്രലാക്കുന്നതിനായി ആവശ്യമായ വൃക്ഷവൽക്കരണം നടപ്പാക്കുക, കടൽക്ഷോഭത്തിൽനിന്നും തീരപ്രദേശങ്ങളെ സംരക്ഷിക്കുന്നതിനായി അനുയോജ്യമായ സസ്യങ്ങൾ വച്ചുപിടിപ്പിച്ച് തീരവനം നിർമ്മിക്കുക, നദികളുടെയും വനങ്ങളുടെയും റിസർവോയറുകളുടെയും വൃഷ്ടിപ്രദേശങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിനായി അനുയോജ്യമായ വൃക്ഷത്തൈകൾ പൊതുജന പങ്കാളിത്തത്തോടെ നട്ടുപിടിപ്പിക്കുക, വിദ്യാലയങ്ങളിലും നഗരങ്ങളിലും മറ്റും ചെറുവനങ്ങൾ നട്ടുപിടിപ്പിക്കുക, കാർബൺ ആഗീകരണം ലക്ഷ്യമാക്കി സ്വകാര്യഭൂമിയിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുക, പാരിസ്ഥിതിക സേവനങ്ങളുടെ വിലയിരുത്തലിന് ദീർഘകാലാടിസ്ഥാനത്തിലുള്ള ഗവേഷണ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക, പാരിസ്ഥിതിക

അവബോധം സൃഷ്ടിക്കുന്നതിനനുയോജ്യമായ കർമ്മപരിപാടികൾ നടപ്പിലാക്കുക എന്നിവയാണ് ടി നയരേഖ മുന്നോട്ടുവയ്ക്കുന്ന പ്രധാന കർമ്മ പരിപാടികൾ.

**വാട്ടർ അതോറിറ്റിയുടെ സാമ്പത്തിക സ്ഥിതി**

16 (*76) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. എം. വിജിൻ:
ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) വർഷങ്ങളായി റവന്യൂ കമ്മിയിൽ പ്രവർത്തിച്ചുവരുന്ന വാട്ടർ അതോറിറ്റിയുടെ നിലവിലെ സാമ്പത്തികസ്ഥിതി എന്താണ്; സാമ്പത്തിക സ്ഥിതി മോശമാകുന്ന സാഹചര്യം സംജാതമാകുന്നത് എങ്ങനെയാണെന്ന് വിശദീകരിക്കാമോ?

2020-21 സാമ്പത്തിക വർഷത്തിൽ കേരളാ വാട്ടർ അതോറിറ്റിയുടെ നഷ്ടം (ബോർഡ് അംഗീകരിച്ച അക്കൗണ്ട്സ് പ്രകാരം) 594.10 കോടി രൂപയാണ്. 1000 ലിറ്റർ കുടിവെള്ളത്തിന് ഉൽപ്പാദന-പ്രസരണ ചെലവ് 22.85 രൂപ വരുന്നു. അതേസമയം 1000 ലിറ്റർ കുടിവെള്ളത്തിന് വരുമാനമായി 10.92 രൂപ മാത്രമേ ലഭിക്കുന്നുള്ളൂ. അതായത് 1000 ലിറ്റർ

കുടിവെള്ളം ഉപഭോക്താവിന് നൽകുമ്പോൾ കേരളാ വാട്ടർ അതോറിറ്റിക്ക് 11.93 രൂപ നഷ്ടമുണ്ടാകുന്നു. വർഷാവർഷം വർദ്ധിച്ചുവരുന്ന ശമ്പളം, പെൻഷൻ, വൈദ്യുതച്ചെലവ്, അറ്റകുറ്റപ്പണികളുടെ ചെലവ്, വായ്പാതിരിച്ചടവ് (പലിശ ഉൾപ്പെടെ), DCRG, കമ്മ്യൂട്ടേഷൻ, എംപ്ലോയ്മെന്റ്/കരാർ തൊഴിലാളികളുടെ വേതനം എന്നിവ കൊടുക്കേണ്ട ബാദ്ധ്യത അതോറിറ്റിക്കുണ്ട്. 01.10.2014-ൽ പ്രാബല്യത്തിൽ വന്ന പുതുക്കിയ കുടിവെള്ള നിരക്കിൽ പ്രതിമാസം 15,000 ലിറ്റർ വരെ ഉപയോഗിക്കുന്ന ഗാർഹിക ഉപഭോക്താവിനെ വർദ്ധനവിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. ബി.പി.എൽ, (ദാരിദ്ര്യ രേഖയ്ക്ക് താഴെ) ഉപഭോക്താക്കൾക്ക് പ്രതിമാസം 15,000 ലിറ്റർ ഉപഭോഗംവരെ സൗജന്യമായാണ് നൽകുന്നത്. 31/01/2022-ൽ വാട്ടർ ചാർജ്ജ് ഇനത്തിൽ 2275.65 കോടി രൂപ (പൊതുടാപ്പുകൾ ഉൾപ്പെടെ) കുടിശ്ശികയായി പിരിഞ്ഞുകിട്ടാനുണ്ട്. കുടിശ്ശിക തുകയിൽ ഭൂരിഭാഗവും പിഴയും പിഴപ്പലിശയുമാണ്. റവന്യൂ ഇനത്തിൽ 31.01.2022-ലെ കണക്കനുസരിച്ച് വിവിധ ഇനത്തിൽ 2116.54 കോടി രൂപ കൊടുത്തുതീർക്കുവാനുണ്ട്. കുടിവെള്ള പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് 31.01.2022 വരെ വിവിധ സ്കീമുകളിൽ കുടിശ്ശികയായ ബില്ലുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു:

സ്റ്റേറ്റ് പ്ലാൻ - 295.22 കോടി രൂപ

നബാർഡ് - 32.26 കോടി രൂപ

ആസ്തി വികസന സ്കീം - 4.54 കോടി രൂപ.

(ബി) കേരള വാട്ടർ അതോറിറ്റിയുടെ ആകെ ആസ്തിബാദ്ധ്യതകൾ കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. 31.03.2021-ലെ അക്കൗണ്ട്സ് പ്രകാരമുള്ള ബാലൻസ് ഷീറ്റിന്റെയും വരവുചെലവ് കണക്കിന്റെയും സംക്ഷിപ്തരൂപം അനുബന്ധം (1)+ ആയി ചേർക്കുന്നു. റവന്യൂ ഇനത്തിൽ 31.01.2022-ലെ കണക്കനുസരിച്ച് വിവിധ ഇനത്തിൽ 2116.54 കോടി രൂപ കൊടുത്തുതീർക്കുവാനുണ്ട്. വിശദവിവരം അനുബന്ധം (2)+ ആയി ചേർക്കുന്നു.

(സി) കേരള വാട്ടർ അതോറിറ്റി പുനഃസംഘടിപ്പിക്കുന്നതിനും കടബാദ്ധ്യത ഒഴിവാക്കുന്നതിനും വീണ്ടും നഷ്ടത്തിലേയ്ക്ക് പോകുന്നത് ഒഴിവാക്കുന്നതിനും സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്നും സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നവ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്താനും അതുവഴി നഷ്ടം നികത്താനും താഴെ പരാമർശിക്കുന്ന കർമ്മപദ്ധതികൾ തയ്യാറാക്കി നിർവ്വഹിച്ചുവരുന്നു:-

•വാട്ടർ അതോറിറ്റിയുടെ ജലവിതരണ ശൃംഖലയിലെ ജലച്ചോർച്ച തടയുന്നതിന് പഴക്കംചെന്ന എല്ലാ പൈപ്പുകളും പമ്പുകളും മാറ്റി സ്ഥാപിക്കുക.

•ഒട്ടനവധി പദ്ധതികൾ ചെറിയ തുക ചെലവഴിച്ച് പൂർണ്ണമായും വിനിയോഗ സജ്ജമാക്കുക.

•നഗര മേഖലയിലെ ചില പദ്ധതികൾ മുൻഗണന നൽകി പൂർത്തിയാക്കൽ. താഴെപ്പറയുന്ന ഘടകങ്ങളാണ് ഈ പദ്ധതികളിൽ ഉൾക്കൊള്ളിക്കുവാൻ ഉദ്ദേശിക്കുന്നത്.

1. ഉല്പാദന ഘടകങ്ങളിലാവശ്യമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുക.

2. കാലപ്പഴക്കം വന്ന പൈപ്പുകൾ മാറ്റി സ്ഥാപിക്കുക.

3. വിതരണ ശൃംഖലയെ വിവിധ മേഖലകളാക്കി തിരിച്ച് ഡി.എം.എ. (District Metering Area)-കൾ സ്ഥാപിച്ച് ജലവിതരണം

കാര്യക്ഷമമാക്കുകയും ജലച്ചോർച്ച നിയന്ത്രണത്തിലാക്കുകയും ചെയ്യുക.

4. മർദ്ദനിയന്ത്രണ ഉപകരണങ്ങളും ഫ്ലോമീറ്ററുകളും എല്ലാ മേഖലകളിലും സ്ഥാപിക്കുക.

5. Supervisory Control and Data Acquisition (SCADA) പോലെയുള്ള ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ജലവിതരണ സംവിധാനം നിയന്ത്രിക്കുക.

6. പഴയതും ചോർച്ചയുള്ളതുമായ സർവ്വീസ് കണക്ഷനുകൾ പുനരുദ്ധരിക്കുക.

7. എല്ലാ ഉപഭോക്തൃ വാട്ടർ മീറ്ററുകളും മാറ്റി ഉന്നത നിലവാരമുള്ള സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കുക.

8. വിതരണ ശൃംഖലയുടെ സർവ്വേ നടത്തി ജി.ഐ.എസ് മാപ്പ് തയ്യാറാക്കുക.

**ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിലെ ആചാരാനുഷ്ഠാനങ്ങൾ**

17 (*77) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>:
<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>:
<u>ശ്രീ. വി. കെ. പ്രശാന്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) ഭരണഘടനാദത്തമായ അവകാശങ്ങൾക്ക് വിധേയമായി മാത്രമേ ആചാരങ്ങളും അനുഷ്ഠാനങ്ങളും നിലനിൽക്കാൻ പാടുള്ളൂവെന്നിരിക്കെ പ്രാകൃതമായ ആചാരങ്ങൾ ചില ക്ഷേത്രങ്ങളിലെങ്കിലും നിലനിൽക്കുന്നത് പരിശോധനയ്ക്ക് വിധേയമാക്കുമോ?

ഭരണഘടനയ്ക്ക് വിരുദ്ധമായി ഏതെങ്കിലും ആചാരങ്ങൾ നിലവിൽ നടന്നുവരുന്നത് സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ടാൽ അക്കാര്യം അന്വേഷിച്ച് അനന്തര നടപടികൾ കൈക്കൊള്ളുന്നതാണ്.

(ബി) തൃപ്പൂണിത്തുറ ശ്രീപൂർണ്ണത്രയീശ ക്ഷേത്രത്തിൽ ബ്രാഹ്മണരുടെ കാൽകഴുകിച്ചൂട്ട് വഴിപാട് നടത്തുന്നുവെന്ന പത്രവാർത്തയുടെ അടിസ്ഥാനത്തിൽ നടപടിയെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

തൃപ്പൂണിത്തുറ ശ്രീപൂർണ്ണത്രയീശ ക്ഷേത്രത്തിലെ 12 നമസ്കാരം വഴിപാടിനെക്കുറിച്ച് ഒരു വാർത്ത ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് തൃപ്പൂണിത്തുറ ദേവസ്വം ഓഫീസർ, അസി. കമ്മീഷണർ എന്നിവരിൽനിന്ന്

കൊച്ചിൻ ദേവസ്വം കമ്മീഷണർ റിപ്പോർട്ട് വാങ്ങുകയും അഖില കേരള തന്ത്രി സമാജം ഭാരവാഹികളുമായി 14.02.2022-ൽ ചർച്ച നടത്തുകയും ചെയ്തിട്ടുള്ളതാണ്. തന്ത്രി സമാജം ഭാരവാഹികൾ 12 നമസ്കാരം വഴിപാടിനെ സംബന്ധിച്ച് ഇനിപ്പറയും പ്രകാരം അറിയിച്ചിട്ടുള്ളതാണ്. ക്ഷേത്രത്തിൽ പൂജാസന്ദർഭത്തിൽ നിവേദ്യസമയത്ത് പൂജാർഹരായ 12 പേരെ ദേവസമന്മാരായി സങ്കൽപ്പിച്ച് പൂജിക്കുന്നു. ഓരോരുത്തരേയും ഇരുത്തി മന്ത്രപൂരിതമായ പുറ്റുമണ്ണ് സ്വയം കാലിൽ വയ്ക്കുകയും തുടർന്ന് തന്ത്രി കിണ്ടിയിലെ തീർത്ഥജലം അവരുടെ കാലിൽ ഒഴിച്ചുകൊടുക്കുകയും ചെയ്യുന്നു. മുഖവും കൈകളും സ്വയം കഴുകി ശുദ്ധിവരുത്തി അവരെ ദേവസങ്കൽപ്പത്തിൽ തന്ത്രിതന്നെ പൂജിച്ച് നിവേദ്യത്തിന്റെ ഒരു ഭാഗം വിളമ്പി നൽകുകയും തുടർന്ന് അവർക്ക് ദ്രവ്യ-താമ്പൂല-വസ്ത്രങ്ങൾ കൊടുത്ത് തന്ത്രി അവരെ നമസ്കരിക്കുകയും ചെയ്യുന്നു. ഈ ചടങ്ങ് കാൽകഴുകിച്ചൂട്ട്, 12 നമസ്കാരം തുടങ്ങി പല പേരുകളിലും അറിയപ്പെടുന്നുണ്ട്. ഇത് ക്ഷേത്രങ്ങളിലെ ദേവപൂജയുടെ നിവേദ്യസമയത്തുള്ള ചടങ്ങുകളുടെ ഭാഗമായാണ് നടത്തുന്നത്. പൂർണ്ണത്രയീശ ക്ഷേത്രത്തിലെ കാൽകഴുകിച്ചൂട്ട് എന്ന വഴിപാട് തന്ത്രി സമാജം ഭാരവാഹികളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ ഇനിമുതൽ 'സമാരാധന' എന്ന പേരിൽ അറിയപ്പെടുന്നതിനും ക്ഷേത്രപൂജയ്ക്ക്

അർഹരായ എല്ലാ വ്യക്തികൾക്കും പങ്കെടുക്കാവുന്നതാണെന്നുള്ള കാലോചിത പരിഷ്കാരങ്ങൾ വരുത്തുന്നതിനും തീരുമാനിച്ചിട്ടുള്ളതാണ്.

(സി) സർക്കാർ നിലപാടിനെത്തുടർന്ന് തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളിൽ പട്ടിക ഗോത്രങ്ങളിലും പട്ടിക ജാതികളിലുംപെട്ടവരുൾപ്പെടുന്ന അബ്രാഹ്മണ ശാന്തിമാർ നിയമിതരായെങ്കിലും ശബരിമല ക്ഷേത്രത്തിൽ അബ്രാഹ്മണ ശാന്തിക്കാർക്ക് വിലക്കുള്ളതായി പറയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ബഹുമാനപ്പെട്ട സുപ്രീംകോടതി അംഗീകരിച്ച മാർഗ്ഗരേഖയ്ക്ക് അനുസൃതമായിട്ടാണ് നിലവിൽ ശബരിമല മേൽശാന്തി തെരഞ്ഞെടുപ്പ് നടത്തുന്നത്. പ്രസ്തുത മാർഗ്ഗരേഖയിൽ അപേക്ഷകർ മലയാള ബ്രാഹ്മണ വിഭാഗത്തിൽപ്പെട്ടവരും കേരളത്തിൽ ജനിച്ചവരുമാണെന്ന് തെളിയിക്കുന്ന വില്ലേജ് ആഫീസറുടെ സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഹാജരാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥ ടി കേസിൽ ആരും ചോദ്യം ചെയ്യുകയോ തർക്കവിഷയമാക്കുകയോ ചെയ്തിട്ടില്ല. എന്നാൽ ഈ വ്യവസ്ഥയെ ചോദ്യം ചെയ്തുകൊണ്ടുള്ള ഏതാനും കേസുകൾ ബഹു. കേരള ഹൈക്കോടതിയിൽ ഇപ്പോൾ പരിഗണനയിലുള്ളതാണ്.

(ഡി) എൻമകജെ പെർള സ്വർഗയിലെ ബദിയാറു ജഡാധാരി ദേവസ്ഥാനത്ത് പട്ടികജാതി, പട്ടിക ഗോത്രങ്ങളിൽപ്പെട്ടവർക്ക് വിലക്കുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തി അതനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

**ഗോത്ര ജീവിക പദ്ധതി**

18 (*78) ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ശശി:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിലുള്ള യുവതീ-യുവാക്കളുടെ നൈപുണ്യ വികസനവും ജീവനോപാധിയും ലക്ഷ്യമാക്കി പട്ടികവർഗ്ഗ വികസന വകുപ്പ് ഗോത്രജീവിക പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

വിശദമാക്കുമോ?

ഉണ്ട്. ഗോത്രജീവിക പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിലെ 1170 യുവതി-യുവാക്കൾക്ക് നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട മേസൺറി, മരപ്പണി, പ്ലംമ്പിംഗ്, ഇലക്ട്രിക്കൽ വയറിംഗ്, ബിൽഡിംഗ് മെറ്റീരിയൽസ്, ഡ്രൈവിംഗ് തുടങ്ങിയവയും വനിതകൾക്കായി വസ്ത്രനിർമ്മാണ പരിശീലനവും നൽകിയിട്ടുണ്ട്. രണ്ടാംഘട്ടത്തിൽ 1050 പേർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഉപരിപഠനാർത്ഥം വിദേശത്തുപോയി പഠിക്കുന്നതിന് ധനസഹായം നൽകിവരുന്നുണ്ടോ; എങ്കിൽ ഇതിന്റെ മാനദണ്ഡങ്ങൾ വിശദീകരിക്കാമോ?

ഉണ്ട്. കേരളീയരായ പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഉപരിപഠനാർത്ഥം വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പോയി പഠനം നടത്തുന്നതിന് വിദ്യാഭ്യാസ ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ആയതിലേയ്ക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 04/10/2017-ലെ സർക്കാർ ഉത്തരവ് (എംഎസ്) 81/2017/പജപവ.വിവ പ്രകാരം സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. ആയത് അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കിടയിലെ തോൽവിയും കൊഴിഞ്ഞുപോക്കും തടയുന്നതിന്റെ ഭാഗമായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ?

ഉണ്ട്. പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കിടയിലെ തോൽവിയും കൊഴിഞ്ഞുപോക്കും തടയുന്നതിന്റെ ഭാഗമായി പഠനത്തിനും പ്രോത്സാഹനത്തിനും സഹായകരമാകുന്ന തരത്തിൽ ശ്രീ അയ്യങ്കാളി ടാലന്റ് സെർച്ച് സ്കോളർഷിപ്പ്, മോഡൽ റസിഡൻഷ്യൽ സ്കൂൾ, പ്രീമെട്രിക് സ്കോളർഷിപ്പ്, സബ്സിഡൈസ്ഡ് ഹോസ്റ്റൽ, അംഗീകൃത എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്നവർക്ക് ട്യൂഷൻ ഫീസ് റീ ഇംബേഴ്സ്മെന്റ്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ, പ്രൈവറ്റ് അക്കോമഡേഷൻ, പ്രത്യേക പ്രോത്സാഹന സമ്മാനം, റാങ്ക് ജേതാക്കൾക്ക് സ്വർണ്ണമെഡൽ, മെഡിക്കൽ-എഞ്ചിനീയറിംഗ് പരീക്ഷയ്ക്ക് പ്രത്യേക പരിശീലനം, പ്ലസ്ടു പഠനത്തിനുശേഷമുള്ള എൻട്രൻസ് കോച്ചിംഗ്, പ്രൈമറി/സെക്കണ്ടറി എഡ്യൂക്കേഷൻ എയ്ഡ്, ലാപ്ടോപ്പ് വാങ്ങുന്നതിനുള്ള ധനസഹായം, സ്റ്റെതസ്കോപ്പ് വിതരണം, ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, ബിരുദ/ബിരുദാനന്തര ബിരുദകലാ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് പരിശീലന ഉപകരണങ്ങൾ/ഉപാധികൾ വാങ്ങുന്നതിന്

ധനസഹായം തുടങ്ങിയ വിവിധ വിദ്യാഭ്യാസ ആനുകൂല്യ പദ്ധതികൾ പട്ടികജാതി വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ഡി) പ്രീമെട്രിക്, പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ ആധുനികരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും നവീകരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നതിലേയ്ക്കായി ലഭ്യമാക്കുന്ന പ്രൊപ്പോസലുകൾ പരിശോധിച്ച് അനുമതി നൽകുകയും ആധുനികവത്കരണത്തിന്റെ ഭാഗമായി കമ്പ്യൂട്ടർ സൗകര്യം ഏർപ്പെടുത്തുകയും കൂടാതെ മറ്റ് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള പ്രീമെട്രിക്, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ ആധുനീകരിച്ച് ടി ഹോസ്റ്റലുകളിലെ ഭൗതിക സാഹചര്യങ്ങൾ യൂണിസെഫ് നിഷ്കർഷിച്ച നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി നിരവധി പരിഷ്കാരങ്ങൾ വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. മഴവെള്ള സംഭരണി നിർമ്മാണം, ശുചിത്വ സംവിധാനം, കിണർ

എന്നിവയുടെ നിർമ്മാണവും കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി സിസിടിവി, മിനിമാസ്റ്റ് ലൈറ്റ് എന്നിവ ഇതിന്റെ ഭാഗമായി സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഹോസ്റ്റലുകളിലെ അന്തേവാസികൾക്കിടയിൽ പകർച്ചവ്യാധി തടയുന്നതിന് 114 ഹോസ്റ്റലുകളിൽ ബയോ ഹസാർഡ് സ്പിൽ കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. വിദ്യാർത്ഥികളുടെ സുരക്ഷയ്ക്കായി ഹോസ്റ്റലുകളിൽ അഗ്നിപ്രതിരോധ സംവിധാനം, ഹോസ്റ്റലുകളിലെ ആഹാരത്തിലെ പോഷകാംശം നഷ്ടപ്പെടാതിരിക്കാനും ഗ്യാസിന്റെ ഉപയോഗത്തിൽ ഗണ്യമായ കുറവ് വരുത്തുന്നതിനും ആഹാരം പാകം ചെയ്യുന്നതിനുള്ള സമയം കുറയ്ക്കുന്നതിനുമായി ഹോസ്റ്റലുകളിൽ സ്റ്റീം ബേസ്ഡ് കുക്കിംഗ് സിസ്റ്റം എന്നിവയും സ്ഥാപിച്ചിട്ടുണ്ട്. ഹോസ്റ്റലുകളിൽ സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

**വാട്ടർ അതോറിറ്റിയുടെ ഓൺലൈൻ സേവനങ്ങൾ**

19 (*79) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) കേരളം സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനമാകുന്നതിന്റെ ഭാഗമായി പൊതുജനങ്ങൾക്ക് വാട്ടർ അതോറിറ്റി ഏതെല്ലാം സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുമെന്നറിയിക്കാമോ?

(1) പുതിയ കുടിവെള്ള കണക്ഷനും മലിനജല കണക്ഷനുമുള്ള അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിന് ഇ-ടാപ്പ് എന്ന പുതിയ ഓൺലൈൻ സംവിധാനം.

(2) കുടിവെള്ള കണക്ഷനുമായി ബന്ധപ്പെട്ട മീറ്റർ മാറ്റിസ്ഥാപിക്കൽ, ഉടമസ്ഥാവകാശം മാറ്റൽ, കണക്ഷനുകളിൽ മാറ്റം വരുത്തൽ തുടങ്ങി മറ്റ് ഉപഭോക്തൃ സേവനങ്ങൾ ഓൺലൈനായി നല്കുന്നതിനുള്ള പുതിയ ഓൺലൈൻ സംവിധാനം പൂർത്തിയായി വരികയാണ്.

(3) ഉപഭോക്താക്കൾക്ക് വാട്ടർ ചാർജ് ഓൺലൈനായി അടയ്ക്കുന്നതിനും ബിൽ വിവരങ്ങൾ അറിയുന്നതിനും വാട്ടർ അതോറിറ്റിയുടെ ഓൺലൈൻ പേയ്മെന്റ് സൈറ്റ് (quick pay) ഒരുക്കിയിട്ടുണ്ട്.

(4) BBPS (ഭാരത് ബിൽ പേയ്മെന്റ് സിസ്റ്റം) വഴിയും ഓൺലൈനായി വാട്ടർ ചാർജ് അടക്കാവുന്നതാണ്.

(5) വാട്ടർ അതോറിറ്റിയുടെ സേവനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ

ഓൺലൈനായി അറിയിക്കുന്നതിനും പരിഹരിക്കുന്നതിനും 'ACQA LOOM' എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ചുവരുന്നു. ഈ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് അറിയിക്കുന്ന പരാതികളുടെ തൽസ്ഥിതി പരാതിക്കാരനെ എസ്.എം.എസ്.-ലൂടെ അറിയിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഉപഭോക്താക്കൾക്ക് ബില്ലിന്റെയും പണം അടച്ചതിന്റെയും വിവരങ്ങൾ എസ്.എം.എസ് ആയി ലഭ്യമാക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. വെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള ചാർജ്ജുകൾ അടയ്ക്കുന്നതിനുള്ള ഓൺലൈൻ സംവിധാനവും ഉപയോഗത്തിലുണ്ട്.

(ബി) പരാതികൾക്കും അന്വേഷണങ്ങൾക്കുമായി ടോൾഫ്രീ നമ്പർ സംവിധാനം വാട്ടർ അതോറിറ്റി ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ടോൾഫ്രീ നമ്പർ വഴി അറിയിക്കുന്ന പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ യഥാസമയം പരാതിക്കാരനെ അറിയിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. പരാതികൾക്കും അന്വേഷണങ്ങൾക്കുമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന 1916 എന്ന ടോൾ ഫ്രീ നമ്പർ സംവിധാനം വാട്ടർ അതോറിറ്റി ഏർപ്പെടുത്തിയിട്ടുണ്ട്. അതോറിറ്റിയുടെ പൊതുപരാതിപരിഹാര

സോഫ്റ്റ്‌വെയർ ആയ 'അക്വല്യം' മുഖേനയാണ് പരാതികൾ രജിസ്റ്റർ ചെയ്യുന്നത്. ബില്ല്, ജല ദൗർലഭ്യം, പൈപ്പ് ലൈനിലെ ലീക് മുതലായ പരാതികൾ അതോറിറ്റിയെ അറിയിക്കാനും പരാതിയുടെ നിലവിലെ അവസ്ഥ (സ്റ്റാറ്റസ്) പരാതിക്കാരന് അറിയുവാനും ഈ സോഫ്റ്റ്‌വെയർ വഴി സാധിക്കും.

(സി) വാട്ടർ കണക്ഷൻ ലഭിക്കുന്നതിന് വാട്ടർ അതോറിറ്റി ഓഫീസിൽ നേരിട്ട് എത്താതെ ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിന് സൗകര്യമുണ്ടോ; അപേക്ഷ സംബന്ധിച്ച വിവരങ്ങൾ അപേക്ഷകന് മനസ്സിലാക്കുന്നതിനുള്ള സംവിധാനം ഇതോടൊപ്പം ലഭ്യമാണോ; വിശദമാക്കുമോ?

വാട്ടർ കണക്ഷൻ ലഭിക്കുന്നതിന് വാട്ടർ അതോറിറ്റി ഓഫീസിൽ നേരിട്ട് എത്താതെ ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിന് ഇ-ടാപ്പ് എന്ന സോഫ്റ്റ്‌വെയർ ഉപയോഗിച്ചുവരുന്നു. ഈ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഓൺലൈനായി സമർപ്പിക്കപ്പെട്ട കുടിവെള്ള കണക്ഷനുള്ള അപേക്ഷ സംബന്ധിച്ച വിവരങ്ങൾ അപേക്ഷകന് മനസ്സിലാക്കുന്നതിനുള്ള സംവിധാനം ലഭ്യമാക്കിയിട്ടുണ്ട്. എസ്.എം.എസ്. വഴിയും അപേക്ഷ സംബന്ധിച്ച വിവരങ്ങൾ അപേക്ഷകന് ലഭ്യമാക്കുന്നുണ്ട്.

**കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കാൻ നടപടി**

20 (*80) <u>ശ്രീ. പ്രമോദ് നാരായൺ</u>:
<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>:
<u>ഡോ. എൻ. ജയരാജ്</u>:
<u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>) സദയം മറുപടി നൽകുമോ:

(എ) 1972-ലെ വന്യജീവി സംരക്ഷണ നിയമത്തിലെ ഏത് ഷെഡ്യൂളിലാണ് കാട്ടുപന്നിയെ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഷെഡ്യൂളിലുൾപ്പെട്ട മറ്റ് വന്യജീവികൾ ഏതൊക്കെയെന്ന് അറിയിക്കാമോ?

1972-ലെ വന്യജീവി (സംരക്ഷണം) നിയമത്തിലെ ഷെഡ്യൂൾ III-ലാണ് കാട്ടുപന്നിയെ ഉൾപ്പെടുത്തിയിട്ടുള്ളത്. കാട്ടുപന്നിയെ കൂടാതെ ഷെഡ്യൂൾ III-ൽ താഴെപ്പറയുന്ന വന്യമൃഗങ്ങളാണുള്ളത്.

1. ബാർക്കിംഗ് ഡീർ (കേഴ)
2. ചീത്തൽ (പുള്ളിമാൻ)
3. ഗോരൽസ്
4. ഹയന (കഴുതപ്പുലി)

5. നിൽഗായ് (നീലക്കാള)

6. സാംബാർ (മ്ളാവ്)

7. സ്ലോഞ്ചുകൾ

(ബി) കാട്ടുപന്നിയുടെ ആക്രമണം മനുഷ്യവാസത്തിന് നിരന്തര ഭീഷണിയായ സാഹചര്യത്തിൽ കാട്ടുപന്നിയെ ക്ഷുദ്രജീവികളുടെ ഗണത്തിൽപ്പെടുത്തുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

വന്യജീവി (സംരക്ഷണം) നിയമം 1972 പ്രകാരം കാട്ടുപന്നിയെ ഷെഡ്യൂൾ III-ലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കാട്ടുപന്നിയെ ക്ഷുദ്രജീവികളായി പ്രഖ്യാപിക്കുന്നതിന് അവയെ ഷെഡ്യൂൾ III-ൽനിന്നും ഷെഡ്യൂൾ V-ലേയ്ക്ക് മാറ്റേണ്ടതുണ്ട്. 1972-ലെ വന്യജീവി (സംരക്ഷണം) നിയമത്തിലെ സെക്ഷൻ 62 പ്രകാരം ഷെഡ്യൂൾ I-ലോ, II-ന്റെ പാർട്ട് II-ലോ ഉൾപ്പെടാത്ത ഏത് മൃഗത്തേയും ഒരു നിശ്ചിത കാലത്തേയ്ക്ക് ഒരു നിശ്ചിത പ്രദേശത്ത് വെർമിനായി പ്രഖ്യാപിക്കുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാരിന് മാത്രമാണ്. വനേതര ഭൂമികളിൽ നാശംവരുത്തുന്ന കാട്ടുപന്നികളെ വെർമിനായി പ്രഖ്യാപിക്കുന്നതിനായി സംസ്ഥാന സർക്കാർ 01.11.2020, 17.06.2021 എന്നീ തീയതികളിൽ കേന്ദ്ര വനം-പരിസ്ഥിതി

മന്ത്രാലയത്തിന് അപേക്ഷ നൽകിയിരുന്നു. ടി അപേക്ഷ സംബന്ധിച്ച് 21-11-2021-ന് സംസ്ഥാന വനം വകുപ്പുമന്ത്രി, കേന്ദ്ര മന്ത്രിയുമായി നേരിട്ട് ചർച്ച നടത്തിയതിനുശേഷം കാട്ടുപന്നികളെ വെർമിനായി പ്രഖ്യാപിക്കുന്നതിനുവേണ്ടി കാട്ടുപന്നിയുടെ ആക്രമണം രൂക്ഷമായ പ്രദേശങ്ങൾ വില്ലേജടിസ്ഥാനത്തിൽ തയ്യാറാക്കി സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുമുണ്ട്.

(സി) കാട്ടുപന്നിയെ വെടിവയ്ക്കുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

മനുഷ്യന്റെ ജീവനും സ്വത്തിനും നാശംവരുത്തുന്ന കാട്ടുപന്നികളെ 1972-ലെ വന്യജീവി (സംരക്ഷണം) നിയമത്തിലെ 2 (16) വകുപ്പിൽ നിർവ്വചിച്ചിട്ടുള്ളതുപ്രകാരം നശിപ്പിക്കാൻ കർഷകർക്കും ഉദ്യോഗസ്ഥർക്കും നടപടി സ്വീകരിക്കാവുന്നതാണ്. വിഷപ്രയോഗം, സ്ഫോടകവസ്തു പ്രയോഗം, വൈദ്യുതി ഷോക്ക് ഏൽപ്പിക്കൽ, വനാതിർത്തിയിൽനിന്നും 2 കിലോമീറ്റർ വരെയുള്ള ഭാഗത്ത് കുരുക്കിട്ട് പിടിക്കൽ എന്നീ മാർഗ്ഗങ്ങളിലൂടെ കാട്ടുപന്നികളെ നശിപ്പിക്കാൻ പാടില്ല. കാട്ടിൽനിന്നും നാട്ടിലേയ്ക്കിറങ്ങി മനുഷ്യ ജീവനോ സ്വത്തിനോ കൃഷിക്കോ നാശനഷ്ടമുണ്ടാക്കുന്ന എല്ലാത്തരം കാട്ടുപന്നികളെയും നശിപ്പിക്കാവുന്നതാണ്. കാട്ടുപന്നിയുടെ ആക്രമണം

ത്രൂക്ഷമായ പ്രദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ചീഫ് വൈൽഡ് ലൈഫ് വാർഡൻ പുറപ്പെടുവിച്ചിട്ടുള്ള പട്ടികയിലെ പ്രദേശങ്ങളിൽ കാട്ടുപന്നികളെ നശിപ്പിക്കാവുന്നതാണ്. ജനജാഗ്രതാ സമിതിയുടെ ശിപാർശ സഹിതമോ അല്ലാതെയോ റേഞ്ച് ഫോറസ്റ്റ് ഓഫീസർ/അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻ/ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/വൈൽഡ് ലൈഫ് വാർഡൻ എന്നിവർക്ക് ടി പന്നികളെ നശിപ്പിക്കുന്നതിനുള്ള അനുമതി തേടിക്കൊണ്ട് സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ 24 മണിക്കൂറിനകം തീർപ്പാക്കേണ്ടതാണ്. ഇപ്രകാരം അനുമതി ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പിടിക്കപ്പെടുകയോ കൊല്ലപ്പെടുകയോ ചെയ്യുന്ന കാട്ടുപന്നികളെ സംബന്ധിച്ച വിവരം പ്രസ്തുത വനം വകുപ്പ് ഉദ്യോഗസ്ഥരെ ഉടൻതന്നെ അറിയിക്കേണ്ടതും പ്രസ്തുത അറിയിപ്പ് ലഭിച്ചുകഴിഞ്ഞാലുടൻ 24 മണിക്കൂറിനകം പ്രസ്തുത കാട്ടുപന്നിയുടെ ജഡത്തെ പ്രസ്തുത ഉദ്യോഗസ്ഥർ കൈപ്പറ്റേണ്ടതുമാണ്. ഫോറസ്റ്റ് റേഞ്ച് പരിധിയിലുള്ള തോക്ക് ഉപയോഗിക്കുവാൻ ലൈസൻസുള്ളവരും പന്നിയെ കൊല്ലാൻ സന്നദ്ധരായവരുമായ വ്യക്തികളുടെ ഒരു പാനൽ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/വൈൽഡ് ലൈഫ് വാർഡൻ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. കാട്ടുപന്നിയെ വെടിവച്ച് കൊല്ലുന്നതിന് വനം വകുപ്പ്, പോലീസ്, മറ്റു

യൂണിഫോം സർവ്വീസിൽപ്പെട്ട ഉദ്യോഗസ്ഥർ, തോക്ക് ഉപയോഗിക്കാൻ ലൈസൻസുള്ള വ്യക്തികൾ എന്നിവരെ എംപാനൽ ചെയ്യാവുന്നതാണ്. വെടിവയ്ക്കാൻ എംപാനൽ ചെയ്യപ്പെടുന്ന വ്യക്തിക്ക് കൃത്യം നിർവ്വഹിക്കുന്ന മുറയ്ക്ക് പന്നി ഒന്നിന് 1000/- രൂപ (ആയിരം രൂപ മാത്രം) നിരക്കിൽ പ്രതിഫലം അനുവദിക്കേണ്ടതാണ്. കാട്ടുപന്നിയെ വെടിവയ്ക്കുന്നതുമായി ബന്ധപ്പെട്ട് അറിഞ്ഞോ അറിയാതെയോ മനുഷ്യ ജീവനോ സ്വത്തിനോ സംഭവിക്കുന്ന അപായങ്ങൾക്കും നാശനഷ്ടങ്ങൾക്കും വെടിവയ്ക്കുന്നയാൾ മാത്രമായിരിക്കും ഉത്തരവാദി. കൊല്ലപ്പെട്ട പന്നിയുടെ ജഡം പരിശോധിച്ച് മഹസ്സർ തയ്യാറാക്കേണ്ടതും നിശ്ചിത ഫോമിൽ റേഞ്ച് ഫോറസ്റ്റ് ഓഫീസർ റിപ്പോർട്ട് തയ്യാറാക്കേണ്ടതുമാണ്. തുടർന്ന് സെക്ഷൻ ഫോറസ്റ്റ് ഓഫീസറുടെ മേൽനോട്ടത്തിൽ ജഡം കത്തിക്കുകയോ മണ്ണെണ്ണ ഒഴിച്ച് മറവ് ചെയ്യുകയോ ചെയ്യേണ്ടതാണ്. കൃത്യം നടപ്പിലാക്കി 24 മണിക്കൂറിനകം ചീഫ് വൈൽഡ് ലൈഫ് വാർഡന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

(ഡി) കർണ്ണാടക, ഹിമാചൽപ്രദേശ്, തെലങ്കാന എന്നീ സംസ്ഥാനങ്ങളിൽ കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിച്ച് വെടിവച്ച് കൊല്ലുവാനുള്ള അനുമതി നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

വിശദാംശം ലഭ്യമാക്കാമോ?

1972-ലെ വന്യജീവി (സംരക്ഷണ) നിയമത്തിലെ ഷെഡ്യൂൾ III-ൽ ഉൾപ്പെട്ടിട്ടുള്ള കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാരിന് മാത്രമുള്ളതാണ്. കർണ്ണാടക സംസ്ഥാനത്തിൽ കാട്ടുപന്നികളെ ക്ഷുദ്രജീവികളായി പ്രഖ്യാപിച്ച് കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. തെലങ്കാന സംസ്ഥാനത്തിൽ കാട്ടുപന്നികളെ ക്ഷുദ്രജീവികളായി പ്രഖ്യാപിച്ച് കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ, വനേതര ഭൂമികളിൽ നാശംവരുത്തുന്ന കാട്ടുപന്നികളെ കൊന്നുനശിപ്പിക്കുന്നതിനായി 26.01.2021-ലെ ജി. ഒ (ആർ.റ്റി) നം. 11-ഉം, ആയതിന്റെ വെളിച്ചത്തിൽ ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് & ചീഫ് വൈൽഡ്‌ലൈഫ് വാർഡന്റെ 29.01.2021-ലെ നടപടി ഉത്തരവ് Proc.No. 51282/2009/WL2 ഇറക്കിയിട്ടുള്ളതുമാണ്. 21.01.2021- ലെ ഉത്തരവിന്റെ കാലാവധി ഒരു വർഷത്തേയ്ക്കാണ്. ടി സർക്കാർ ഉത്തരവിന്റെയും നടപടി ഉത്തരവിന്റെയും പകർപ്പുകൾ ഉള്ളടക്കം+ ചെയ്യുന്നു. ഹിമാചൽപ്രദേശിൽ കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിച്ചുകൊണ്ട്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേന്ദ്രസർക്കാരിന്റെ വിജ്ഞാപനം വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ 14.02.2019-ൽ റീസസ് മക്കാക്ക് മങ്കികളെ 12 ജില്ലകളിലെ തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ ഒരു വർഷത്തേയ്ക്ക് ക്ഷുദ്രജീവിയായി കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്തിരുന്നു. കാട്ടുപന്നിയെ ക്ഷുദ്രജീവിയാക്കിക്കൊണ്ടുള്ള വിജ്ഞാപനം 13/11/2018-ൽ ഉത്തരാഖണ്ഡ് സംസ്ഥാനത്തിനായി കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിരുന്നു. ടി വിജ്ഞാപനത്തിന് ഒരു വർഷത്തേയ്ക്കുള്ള പ്രാബല്യമുണ്ടായിരുന്നതും 13 ജില്ലകളിലെ തെരഞ്ഞെടുത്ത സ്ഥലങ്ങളിലേയ്ക്ക് നിജപ്പെടുത്തിയിരുന്നതുമാണ്.

**വിഷബാധയേറ്റുള്ള മരണങ്ങൾ ഒഴിവാക്കാൻ നടപടി**

21 (*81) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>:
<u>ശ്രീ. ഐ. ബി. സതീഷ്</u>:
<u>ശ്രീമതി ശാന്തകുമാരി കെ.</u>:
<u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>) സദയം മറുപടി നൽകുമോ:

(എ) ആവാസ വ്യവസ്ഥയിലുണ്ടായിട്ടുള്ള വ്യതിയാനത്തിന്റെ ഭാഗമായി

വന്യമൃഗങ്ങളോടൊപ്പംതന്നെ ഉരഗജീവികളും വാസസ്ഥലത്തുനിന്നും ജനവാസ മേഖലയിലേയ്ക്കെത്തുകയും അവയുടെ കടിയേൽക്കുന്നതുകാരണം വിഷം തീണ്ടുന്നവരുടെ എണ്ണം വർദ്ധിക്കുന്നതായുമുള്ള കണക്കുകളുടെ സ്ഥിതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

വിലയിരുത്തിയിട്ടുണ്ട്. ഓരോ വർഷവും ചികിൽസ ആവശ്യമായ രീതിയിൽ മാരകമായ പാമ്പുകടിമൂലം വിഷബാധയേറ്റ് ആശുപത്രികളിൽ ചികിൽസ തേടുന്നവർ മൂവായിരത്തോളമുണ്ടെന്ന് പാമ്പുകടിയേറ്റ രോഗികളുടെ ചികിൽസ നടത്തുന്ന ഡോക്ടർമാർ വിലയിരുത്തുന്നു. 2017 മുതൽ 2019 വരെ മൂന്ന് വർഷങ്ങളിൽ സംസ്ഥാനത്ത് പാമ്പുകടിയേറ്റ് മരിച്ചവരുടെ എണ്ണം 334 ആണ്. വാർഷിക ശരാശരി 110. പാമ്പുകടിയേറ്റുള്ള മരണ സംഖ്യ 2020-ൽ 76-ഉം 2021-ൽ 40-ഉം ആണ്. മനുഷ്യജീവഹാനി കുറഞ്ഞുവരുന്നതായി മേൽകണക്കുകളിൽനിന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിഷബാധയേറ്റുള്ള മരണങ്ങളൊഴിവാക്കാൻ വനംവകുപ്പ് എന്തെല്ലാം മുൻകരുതൽ, ബോധവൽക്കരണ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ?

ജനവാസ മേഖലയിൽ എത്തിപ്പെടുന്ന പാമ്പുകൾമൂലം അപകടങ്ങൾ

ഉണ്ടാകാവുന്ന സാഹചര്യങ്ങളിൽ ജനങ്ങളുടേയും പാമ്പുകളുടേയും സുരക്ഷ ഉറപ്പുവരുത്തുന്നതിനായി അത്തരം പാമ്പുകളെ ശാസ്ത്രീയമായി പിടികൂടി അനുയോജ്യമായ ആവാസ വ്യവസ്ഥയിൽ വിട്ടയയ്ക്കുന്നതിന് വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കി നടപ്പിലാക്കിവരുന്നുണ്ട്. സർക്കാർ അംഗീകരിച്ച ഈ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സംസ്ഥാനത്താകെ വനംവകുപ്പ് ജീവനക്കാരും സന്നദ്ധ പ്രവർത്തകരുമടക്കം 1657 പേർക്ക് പാമ്പുകളെ കൈകാര്യം ചെയ്യുന്നതിൽ ശാസ്ത്രീയ പരിശീലനം നൽകി, അതിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട 928 പേർക്ക് അംഗീകൃത പാമ്പുപിടുത്തക്കാർക്കുള്ള സർട്ടിഫിക്കേഷൻ നൽകിയിട്ടുണ്ട്. പാമ്പുകളുടെ റെസ്ക്യൂ സംബന്ധിച്ച വിവരങ്ങൾ സൂക്ഷിക്കുന്നതിനായി പൊതുജനങ്ങൾക്കും ഉദ്യോഗസ്ഥർക്കും സന്നദ്ധപ്രവർത്തകർക്കും ഉപയോഗിക്കാവുന്ന "സർപ്പ" എന്ന മൊബൈൽ ആപ്ലിക്കേഷൻ വനംവകുപ്പ് തയ്യാറാക്കി ഉപയോഗിച്ചുവരുന്നു. ഓരോ ജില്ലയിലേയും റസ്ക്യൂ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി അംഗീകൃത റസ്ക്യൂവർമാരും ഉദ്യോഗസ്ഥരും ഉൾപ്പെട്ട വാട്സ്ആപ്പ് ഗ്രൂപ്പുകൾ എല്ലാ ജില്ലകളിലും നിലവിലുണ്ട്. റസ്ക്യൂ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ഓരോ ജില്ലയിലും ജില്ലാതല കോ-ഓഡിനേറ്റർമാരുണ്ട്. ട്രെയിനിംഗുകളും റസ്ക്യൂ പ്രവർത്തനങ്ങളും

സംസ്ഥാനതലത്തിൽ ഏകോപിപ്പിക്കുന്നതിനായി നോഡൽ ഓഫീസറേയും നിയമിച്ചിട്ടുണ്ട്. വിവിധ ജില്ലകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാ കോ-ഓർഡിനേറ്റർമാരുടെ വാട്സ്ആപ്പ് ഗ്രൂപ്പും "സർപ്പ" മൊബൈൽ ആപ്ലിക്കേഷനിലെ എൻട്രികൾ സൂക്ഷ്മമായി നിരീക്ഷിക്കുന്നതിനും പാമ്പുകളെ പിടികൂടുന്നതുമായി ബന്ധപ്പെട്ട നിയമവിരുദ്ധ പ്രവർത്തനങ്ങൾ സഗൗരവം കൈകാര്യം ചെയ്യുന്നതിനുമായി മേലുദ്യോഗസ്ഥർ ഉൾപ്പെട്ട മാസ്റ്റർ ട്രെയിനർമാരുടെ വാട്സ്ആപ്പ് ഗ്രൂപ്പുമുണ്ട്. പാമ്പുകളുടെ സംരക്ഷണവും ജനങ്ങളുടെ സുരക്ഷയും പ്രതിപാദിക്കുന്ന ചെറു ബോധവൽക്കരണ വീഡിയോകൾ തയ്യാറാക്കി സാമൂഹ്യമാധ്യമങ്ങൾവഴി പ്രചരിപ്പിക്കുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, എൻ.ജി.ഒ.-കൾക്കുമായി ഓൺ ലൈൻ, ഓഫ്‌ലൈൻ മാർഗ്ഗങ്ങളിലൂടെ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട്. കോവിഡ് ലോക്ഡൗൺ കാലത്ത് അടച്ചിട്ടിരുന്ന സ്കൂളുകൾ ശുചീകരിക്കുന്നതിനായി 2021 ഒക്ടോബറിൽ റസ്ക്യൂ വോളന്റിയർമാരുടെ സാന്നിദ്ധ്യം എല്ലാ ജില്ലകളിലും ലഭ്യമാക്കുകയും ശുചീകരണവേളയിൽ അനവധി പാമ്പുകളെ സുരക്ഷിതമായി പിടികൂടി മാറ്റുകയും ചെയ്തിട്ടുണ്ട്. വനംവകുപ്പിൽ പുതുതായി ജോലിയിൽ പ്രവേശിക്കുന്ന എല്ലാ സംരക്ഷണ വിഭാഗം ഉദ്യോഗസ്ഥർക്കും അവരുടെ നിർബന്ധിത

പരിശീലനവേളയിൽത്തന്നെ പാമ്പുകളെ കൈകാര്യം ചെയ്യുന്നതിൽ ശാസ്ത്രീയ പരിശീലനം നൽകുന്നുണ്ട്.

(സി) വനം വകുപ്പിന്റെ കീഴിലുള്ള അരിപ്പ വനപരിശീലന ഇൻസ്റ്റിറ്റ്യൂട്ടിൽ ഇതുമായി ബന്ധപ്പെട്ട എന്തെല്ലാം പരിശീലന പരിപാടികളാണ് നടന്നുവരുന്നതെന്നറിയിക്കാമോ?

പാമ്പുകളെ ശാസ്ത്രീയമായി പിടികൂടുന്നതിനും ജനവാസമേഖലകളിൽ എത്തിപ്പെടുന്ന പാമ്പുകൾ മുഖേന ജനങ്ങൾക്കുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനുംവേണ്ട പരിശീലനം അരിപ്പ, വാളയാർ സംസ്ഥാന വനപരിശീലന കേന്ദ്രങ്ങളിൽ നടത്തിവരുന്നുണ്ട്. പാമ്പുകളെ പിടികൂടുമ്പോൾ പാലിക്കേണ്ട അംഗീകൃത ഗൈഡ്‌ലൈനിൽ നിഷ്കർഷിച്ച പ്രകാരമാണ് ഈ പരിശീലനം നൽകിവരുന്നത്. വനപരിശീലന കേന്ദ്രത്തിൽ എത്തുന്ന പരിശീലനാർത്ഥികളെ ഈ വിഷയത്തിൽ വൈദഗ്ധ്യം നേടിയ പരിശീലകരായി വളർത്തിയെടുക്കാൻ വേണ്ട നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) പ്രസ്തുത പരിശീലനം വനമേഖലയോട് ചേർന്ന സ്കൂളുകളിലെ വിദ്യാർത്ഥികൾക്കുകൂടി നൽകിയാൽ കൂടുതൽ ഫലപ്രദമായിരിക്കുമെന്ന

കാര്യം വിലയിരുത്തിയിട്ടുണ്ടോ?

പാമ്പുകളെ കൈകാര്യം ചെയ്യാൻ പരിശീലനവും സർട്ടിഫിക്കേഷനും ലഭിച്ച അംഗീകൃത റെസ്ക്യൂവർമാരെ ഉപയോഗിച്ച് വനമേഖലയോടുചേർന്ന സ്കൂളുകളിൽ ഓൺലൈൻ-ഓഫ്ലൈൻ സംവിധാനത്തിലൂടെ ബോധവൽക്കരണ പരിപാടികൾ ഫലപ്രദമായി നടത്തിവരുന്നുണ്ട്. പാമ്പുകളെ പിടികൂടുന്നതിനുള്ള പരിശീലനം സ്കൂൾ വിദ്യാർത്ഥികൾക്ക് നൽകുന്നത് നല്ലതല്ല.

(ഇ) ഇത്തരം അപകടത്തിൽപ്പെട്ട് മരിക്കാനിടയായവരുടെ ആശ്രിതർക്കും പരിക്കേറ്റവർക്കും എന്തെല്ലാം സഹായമാണ് നൽകിവരുന്നതെന്ന് വെളിപ്പെടുത്താമോ?

05.04.2018-ലെ സ.ഉ.(കൈ) 17/2018/വനം നമ്പർ ഉത്തരവ് പ്രകാരമാണ് വന്യജീവി ആക്രമണത്തിൽ പരിക്കേറ്റവർക്കും മരണമടയുന്നവർക്കും നഷ്ടപരിഹാരം നൽകിവരുന്നത്. വനത്തിന് പുറത്തുവച്ച് പാമ്പുകടിയേറ്റ് ജീവഹാനി സംഭവിച്ചാൽ 2 ലക്ഷം രൂപ നഷ്ടപരിഹാരമായി അനുവദിക്കുന്നു. വന്യമൃഗങ്ങളുടെ ആക്രമണംമൂലം പരിക്കേൽക്കുന്ന വ്യക്തികൾക്ക് ചികിത്സയ്ക്ക് ചെലവാകുന്ന തുക പരമാവധി

ഒരു ലക്ഷം രൂപവരെയും സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും മേൽ സർക്കാർ ഉത്തരവുപ്രകാരം അനുവദിച്ചുവരുന്നു. പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ചികിത്സാർത്ഥം ചെലവാകുന്ന മുഴുവൻ തുകയും നൽകുന്നതാണ്.

**ജലജീവൻ മിഷൻ**

22 (*82) ശ്രീ. ജി. സ്റ്റീഫൻ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) ജലജീവൻ മിഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ?

ഗ്രാമീണ മേഖലയിലെ എല്ലാ കുടുംബങ്ങൾക്കും 2024-ഓടുകൂടി കുടിവെള്ളം ലഭ്യമാക്കുന്നതിനുവേണ്ടി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കുന്ന ജലജീവൻ മിഷൻ പദ്ധതി പ്രവർത്തനങ്ങൾ ബഹു.മുഖ്യമന്ത്രിയുടെ മുൻഗണനാ പദ്ധതികളിലുൾപ്പെടുത്തിയും സംസ്ഥാന

സർക്കാർതലത്തിലും കേന്ദ്രസർക്കാർതലത്തിലും അവലോകനയോഗങ്ങൾ നടത്തി നിരന്തരം വിലയിരുത്തുന്നുണ്ട്. കൂടാതെ ജലജീവൻ മിഷന്റെ മിഷൻ ഡയറക്ടറായ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ നേതൃത്വത്തിൽ പ്രതിവാര അവലോകന യോഗം നടത്തിയും നിർവ്വഹണ പുരോഗതി വിലയിരുത്തിവരുന്നു. 21.02.2022 അടിസ്ഥാനമാക്കിയുള്ള സ്ഥിതിവിവരവും 2024-ഓടുകൂടി മുഴുവൻ ഗ്രാമീണ ഭവനങ്ങളിലും കുടിവെള്ളം എത്തിക്കുന്നതിനായി തയ്യാറാക്കിയിരിക്കുന്ന ഇംപ്ലിമെന്റേഷൻ പ്ലാനും അനുബന്ധമായി ചേർക്കുന്നു+. ജലജീവൻ മിഷൻ നിലവിൽ വന്നതിനുശേഷം 18.02.2022 വരെ നല്കിയ കുടിവെള്ള കണക്ഷനുകളുടെ നിയോജകമണ്ഡലം തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു+. കെ.ആർ.ഡബ്ല്യു.എസ്.എ മുഖേന ജലജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി നിലവിലുള്ള ജലനിധി കുടിവെള്ള പദ്ധതികളിൽനിന്നും പ്രവർത്തനക്ഷമമായ ഗാർഹിക കുടിവെള്ള കണക്ഷനുകൾ നല്കിവരുന്നുണ്ട്. ഭൂജലസ്രോതസ്സായ കുടിവെള്ള പദ്ധതികൾ ഭൂജല വകുപ്പ് മുഖേനയും നടപ്പാക്കുന്നുണ്ട്. കേന്ദ്രസർക്കാർ നിഷ്കർഷിച്ചിട്ടുള്ള സമയപരിധിയായ 2024-ഓടെ പൂർത്തീകരിക്കത്തക്ക തരത്തിലാണ് ജലജീവൻ പദ്ധതി ആസൂത്രണം ചെയ്ത്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപ്പിലാക്കിവരുന്നത്. എന്നാൽ പദ്ധതി നിർവ്വഹണത്തിനാവശ്യമായ സ്ഥലലഭ്യത, പൊതുനിരത്തുകളിൽ പൈപ്പുകൾ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ്, നാഷണൽ ഹൈവേ അതോറിറ്റി തുടങ്ങിയവയിൽ നിന്നും ലഭ്യമാക്കേണ്ട അനുമതി ലഭ്യമാകുന്നതിലുള്ള തടസ്സങ്ങൾ എന്നിവ പദ്ധതി നിർവ്വഹണത്തിന്റെ വേഗതയെ ബാധിക്കുന്ന സാഹചര്യം നിലവിലുണ്ട്. ജലജീവൻ മിഷൻ പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്ത് നിലവിൽ പ്രസ്തുത വിഷയങ്ങൾക്ക് അടിയന്തര പരിഹാരത്തിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി മഴവെള്ള സംഭരണം, ഭൂഗർഭ ജല റീചാർജിംഗ്, സുരക്ഷിതമായ കുടിവെള്ള സ്രോതസ്സുകൾ കണ്ടെത്തൽ, ഉറവിട പരിപാലനത്തിനായി പ്രാദേശിക അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കൽ, പുതുതായി വിതരണ ശൃംഖല സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ടോ?

ജലജീവൻ പദ്ധതിയുടെ ഭാഗമായി ഓരോ പദ്ധതി ആസൂത്രണം ചെയ്യുമ്പോഴും ജലസ്രോതസ്സുകളുടെ ലഭ്യതയും സുസ്ഥിരതയും ഗുണനിലവാരവും ഉറപ്പുവരുത്തുന്നതിനായി സോഴ്സ് ഫൈൻഡിംഗ് കമ്മിറ്റികൾ ജില്ലാതലത്തിൽ നിലവിലുണ്ട്. പദ്ധതികളുടെ ജലലഭ്യത

ഉറപ്പുവരുത്തുന്നതിനായി ആവശ്യമായ സ്ഥലങ്ങളിൽ തടയണ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി ഓരോ പ്രദേശത്തിന്റെയും ആവശ്യകതക്കനുസരിച്ചാണ് പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുള്ളത്. അതനുസരിച്ച് നിലവിൽ വിതരണ ശൃംഖലയുടെ അഭാവംകാരണം കുടിവെള്ള ലഭ്യതയില്ലാത്ത പ്രദേശങ്ങൾക്കായി വിതരണ ശൃംഖല സ്ഥാപിച്ച് നിലവിലുള്ള പദ്ധതികളിൽനിന്നും ജലം ലഭ്യമാക്കി കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള പദ്ധതികളാണ് നടപ്പിലാക്കുന്നത്. എന്നാൽ പദ്ധതികളൊന്നും നിലവിലില്ലാത്ത പ്രദേശങ്ങൾക്കായി കുടിവെള്ള സ്രോതസ്സ്, ജല ശുദ്ധീകരണശാല, ജല സംഭരണികൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെയുള്ള ഘടകങ്ങൾ സൃഷ്ടിച്ച് വിതരണശൃംഖല സ്ഥാപിച്ച് കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കുന്നു.

(സി) പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിലൂടെ ഗ്രാമീണ കുടിവെള്ള ലഭ്യതയിൽ പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ വിശദമാക്കാമോ?

ജലജീവൻ മിഷൻ പദ്ധതിയുടെ പൂർത്തീകരണത്തിലൂടെ പ്രധാനമായും ഗ്രാമീണ മേഖല ഇന്നനുഭവിക്കുന്ന ഗുരുതരമായ കുടിവെള്ള ലഭ്യതയുമായി

ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ കഴിയുന്നതാണ്. കൂടാതെ സുരക്ഷിതമായ കുടിവെള്ളം ആവശ്യമായ അളവിൽ ലഭ്യമാകുന്നതിലൂടെ ജലജന്യ രോഗങ്ങൾ ഇല്ലാതാകുകയും ഇതിലൂടെ പൊതുജനാരോഗ്യം മെച്ചപ്പെടുന്നതുമാണ്. ശുദ്ധമായ കുടിവെള്ളം വീടുകൾക്കുള്ളിൽത്തന്നെ ലഭ്യമാകുന്നതിലൂടെ ഗ്രാമീണ മേഖലയിലെ സ്ത്രീകൾ കുടിവെള്ളത്തിനായി അനുഭവിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയും അവരുടെ ജീവിതനിലവാരം മെച്ചപ്പെടുകയും ചെയ്യുന്നതാണ്.

**ഉൾനാടൻ മത്സ്യകൃഷി**

23 (*83) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉൾനാടൻ ജലാശയങ്ങളിൽ നാടൻ മത്സ്യങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് മത്സ്യക്കുഞ്ഞുങ്ങളെ വ്യാപകമായി നിക്ഷേപിക്കുന്നതിന് നടപടികളുണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്തെ ഉൾനാടൻ ജലാശയങ്ങളിൽ നാടൻ മത്സ്യങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് പൊതുജലാശയങ്ങളിലും പുഴകളിലും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന ഫിഷ് സ്റ്റോക്ക് എൻഹാൻസ്മെന്റ് പ്രോഗ്രാം (റാഞ്ചിംഗ്) പദ്ധതി നടപ്പിലാക്കിവരുന്നു. 2021-22 സാമ്പത്തിക വർഷം 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി കാർപ്പ്, ആറ്റുകൊഞ്ച്, കാര ചെമ്മീൻ, നാരൻ ചെമ്മീൻ, പൂമീൻ തുടങ്ങിയ മത്സ്യ/ചെമ്മീൻ കുഞ്ഞുങ്ങളെ സംസ്ഥാനത്തെ വിവിധ ജലാശയങ്ങളിൽ നിക്ഷേപിക്കുന്നു. ആയതനുസരിച്ച് 370 ലക്ഷം മത്സ്യ/ചെമ്മീൻ കുഞ്ഞുങ്ങളെ സംസ്ഥാനത്തെ 100 വിവിധ ജലാശയങ്ങളിൽ നിക്ഷേപിച്ച് പദ്ധതി പൂർത്തീകരിച്ചുവരുന്നു. ഇതുവഴി 4320 മെട്രിക് ടൺ അധിക ഉല്പാദനം പ്രതീക്ഷിക്കുന്നു. അണക്കെട്ടുകളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന്റെ ഭാഗമായി 2021-22 സാമ്പത്തിക വർഷം റിസർവോയർ ഫിഷറീസ് പദ്ധതിയിലുൾപ്പെടുത്തി തെന്മല, ഇടുക്കി, ഭൂതത്താൻകെട്ട്, ചിമ്മിനി, ഷോളയാർ (ലോവർ), പെരിങ്ങൽക്കുത്ത്, പീച്ചി, വാഴാനി തുടങ്ങിയ 8 റിസർവോയറുകളിലായി വംശനാശ ഭീഷണി നേരിടുന്നവയുൾപ്പെടെ തദ്ദേശീയ വിഭാഗത്തിൽപ്പെട്ട endemic carp, endemic cat fish, കയിൽമത്സ്യം, വരാൽ തുടങ്ങിയവയുടെ മത്സ്യക്കുഞ്ഞുങ്ങളെ

നിക്ഷേപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി. 8 റിസർവോയറുകളിലായി മേൽപ്പറഞ്ഞ തദ്ദേശീയ വിഭാഗത്തിൽപ്പെട്ട 27,45,230 മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട്. കൂടാതെ പാലക്കാട് ജില്ലയിലെ വിവിധ റിസർവോയറുകളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് 32.25 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു. ആയതനുസരിച്ച് പാലക്കാട് ജില്ലയിലെ മലമ്പുഴ, മംഗലം, മീങ്കര, ചുള്ളിയാർ, കാഞ്ഞിരപ്പുഴ എന്നീ 5 അണക്കെട്ടുകളിൽ 49.59 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെയും നിക്ഷേപിച്ചു.

(ബി) അണക്കെട്ടുകളിലും ജലാശയങ്ങളിലും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കാൻ പ്രത്യേക പദ്ധതി നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

അണക്കെട്ടുകളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന്റെ ഭാഗമായി 2021-22 സാമ്പത്തിക വർഷം റിസർവോയർ ഫിഷറീസ് പദ്ധതിയിലുൾപ്പെടുത്തി തെന്മല, ഇടുക്കി, ഭൂതത്താൻകെട്ട്, ചിമ്മിനി, ഷോളയാർ (ലോവർ), പെരിങ്ങൽക്കുത്ത്, പീച്ചി, വാഴാനി തുടങ്ങിയ 8 റിസർവോയറുകളിലായി വംശനാശ ഭീഷണി നേരിടുന്നവയുൾപ്പെടെ തദ്ദേശീയ വിഭാഗത്തിൽപ്പെട്ട endemic carp, endemic cat fish, കുയിൽമത്സ്യം, വരാൽ തുടങ്ങിയവയുടെ മത്സ്യക്കുഞ്ഞുങ്ങളെ

നിക്ഷേപിക്കുന്നതിനുള്ള 150 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പദ്ധതി പൂർത്തീകരിച്ചുവരുന്നു. ഇതിനുപുറമെ പാലക്കാട് ജില്ലയിലെ വിവിധ റിസർവോയറുകളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് 32.25 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു. ആയതനുസരിച്ച് പാലക്കാട് ജില്ലയിലെ മലമ്പുഴ, മംഗലം, മീങ്കര, ചുള്ളിയാർ, കാഞ്ഞിരപ്പുഴ എന്നീ 5 ജലസംഭരണികളിൽ 49.59 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി പൂർത്തീകരിച്ചുവരുന്നു.

(സി) ഉൾനാടൻ മേഖലയിൽ മത്സ്യലഭ്യത ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചുവരുന്ന മറ്റു നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉൾനാടൻ മത്സ്യമേഖലയിൽ മത്സ്യോല്പാദനം വർദ്ധിപ്പിച്ച് മത്സ്യലഭ്യത ഉറപ്പാക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. “എവിടെയെല്ലാം ജലാശയം അവിടെയെല്ലാം മത്സ്യം” എന്ന കാമ്പയിനിലൂടെ ഉൾനാടൻ മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി 2021-22 സാമ്പത്തിക വർഷം സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി പദ്ധതിക്കായി 98 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആയതനുസരിച്ച് വിവിധ മത്സ്യകൃഷി പദ്ധതികൾ നടപ്പിലാക്കിവരുകയും ചെയ്യുന്നു. ടി പദ്ധതിയിലൂടെ 49545.74 മെട്രിക് ടൺ മത്സ്യം ഉൽപ്പാദിപ്പിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. കൂടാതെ

2020-21 സാമ്പത്തിക വർഷം PMMSY പദ്ധതിയിലുൾപ്പെടുത്തി 5392.5 ലക്ഷം രൂപ അടങ്കൽ തുക വരുന്ന റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ബയോഫ്ലോക് അക്വാകൾച്ചർ സിസ്റ്റം എന്നീ നൂതന മത്സ്യക്കൃഷി രീതികളും കൂടാതെ ബാണാസുര സാഗർ, കാരാപ്പുഴ, പെരുവണ്ണാമൂഴി, കക്കി റിസർവോയറുകളിൽ 16 കോടി രൂപയുടെ 100 കൂടുകൾ വീതമുള്ള കൂട് മത്സ്യക്കൃഷി പദ്ധതിയും പൂർത്തീകരിച്ചുവരുന്നു. ഇതിനുപുറമേ ഉൾനാടൻ മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി PMMSY പദ്ധതിയിലുൾപ്പെടുത്തി 2021-22 സാമ്പത്തിക വർഷം 6090 ലക്ഷം രൂപ അടങ്കൽ തുക വരുന്ന ബയോഫ്ളോക് കൃഷി, റീ സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ഓരുജല കൂട്ടു കൃഷി, കുളങ്ങളിലെ ഓരുജല കൃഷി എന്നീ 4 പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമായിട്ടുണ്ട്. ആയതനുസരിച്ച് പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. കൂടാതെ 1081.80 ലക്ഷം രൂപ അടങ്കൽ തുക വരുന്ന റിസർവോയർ വികസന പദ്ധതിക്കും കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

**വന്യജീവി ആക്രമണം തടയാൻ മാസ്റ്റർ പ്ലാൻ**

24 (*84) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ:</u>

<u>ശ്രീ. പി. എസ്. സുപാൽ:</u>

ശ്രീ. വാഴൂർ സോമൻ:

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വന്യജീവി ആക്രമണം തടയാൻ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു. സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി വിശദമായ ഒരു കർമ്മപദ്ധതി തയ്യാറാക്കുന്നതിന് സർക്കാർ വനം വകുപ്പ് മേധാവിക്ക് നിർദ്ദേശം നൽകിയതുപ്രകാരം പെരിയാർ, പറമ്പിക്കുളം ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനുകളെ, സംസ്ഥാനത്ത് ഉയർന്ന തോതിൽ മനുഷ്യ-വന്യജീവി സംഘർഷം നിലനിൽക്കുന്ന മേഖലകൾ കണ്ടെത്തി, നിലവിൽ ഇത്തരം സംഘർഷങ്ങൾ നേരിടുന്നതിനായി അനുവർത്തിച്ചുവരുന്ന പ്രതിരോധ പരിഹാരമാർഗ്ഗങ്ങൾ വിശകലനം ചെയ്ത്, മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി വിശദമായ ഒരു കർമ്മപദ്ധതി തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തുകയുണ്ടായി. വെബ്സൈറ്റ്, പത്രങ്ങൾ, റേഡിയോ

എന്നിവയിലൂടെ പൊതുജനാഭിപ്രായം തേടുകയും 1600-ഓളം അഭിപ്രായങ്ങൾ രേഖാമൂലം ലഭ്യമാവുകയും ചെയ്തു. വിശദമായ പഠനങ്ങളുടെയും ബഹു. എം.പിമാർ, എം.എൽ.എ.മാർ, ഇതര ജനപ്രതിനിധികൾ, ശാസ്ത്രജ്ഞർ, കർഷക സംഘടനകൾ, പൊതുജനങ്ങൾ തുടങ്ങിയവരിൽനിന്നും ലഭിച്ച അഭിപ്രായങ്ങളുടെയും ഉദ്യോഗസ്ഥതല ചർച്ചകളുടെയും അടിസ്ഥാനത്തിൽ 620 കോടി രൂപയുടെ 5 വർഷത്തേയ്ക്കുള്ള ഒരു സമഗ്ര പദ്ധതി തയ്യാറാക്കി പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ 07.09.2021-ന് സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. 1. വന്യജീവികൾ മനുഷ്യരുടെ വാസസ്ഥലങ്ങളിലേയ്ക്കും കൃഷിയിടങ്ങളിലേയ്ക്കും പ്രവേശിക്കുന്നത് തടയുന്നതിനായി പ്രതിരോധ സംവിധാനങ്ങൾ നിർമ്മിക്കുക.

2. മനുഷ്യനും-വന്യജീവികളും തമ്മിലുള്ള സംഘർഷം ഒഴിവാക്കുന്നതിന് മുൻകൂർ മുന്നറിയിപ്പ് സംവിധാനമടക്കമുള്ള നൂതന മാർഗ്ഗങ്ങൾ നടപ്പിലാക്കുക.

3. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ഫലപ്രദമായ അടിസ്ഥാന സൗകര്യങ്ങളും മാനവ-വിഭവശേഷിയും

വികസിപ്പിക്കുക.

4. വന്യജീവിമൂലമുള്ള നാശനഷ്ടത്തിന് നഷ്ടപരിഹാരം, വിള ഇൻഷ്വറൻസ്, ലൈഫ് ഇൻഷ്വറൻസ്, എക്സ്-ഗ്രേഷ്യ എന്നിവ നടപ്പിൽ വരുത്തുക.

5. ലൈൻ ഡിപ്പാർട്ടുമെന്റുകളുടെ സേവനം ഉപയോഗപ്പെടുത്തുക.

6. ജനപങ്കാളിത്തത്തോടെയുള്ള നടപടികൾ ശക്തിപ്പെടുത്തുക.

7. പുൽമേടുകളും ജലസ്രോതസുകളും ഉൾപ്പെടെയുള്ള ആവാസവ്യവസ്ഥ മെച്ചപ്പെടുത്തി വനത്തിനുള്ളിൽ ഭക്ഷണവും വെള്ളവും ലഭ്യമാക്കുക.

8. സംഘർഷം കുറയ്ക്കുന്നതിനുതകുന്ന അവബോധം സൃഷ്ടിക്കുന്നതിന് പരിശീലനങ്ങളും ഗവേഷണങ്ങളും നടത്തുക.

പ്രസ്തുത പദ്ധതിയെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് ബഹു. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 10.01.2022-ൽ യോഗം ചേർന്നിട്ടുള്ളതും തുടർനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. മനുഷ്യ-വന്യജീവി സംഘർഷം അടുത്ത 10 വർഷത്തേയ്ക്ക് ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനാവശ്യമായ 1150 കോടി രൂപയുടെ ഒരു പദ്ധതിയും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ

സംസ്ഥാന പ്ലാനിംഗ് ബോർഡിന് 25.01.2021-ന് സമർപ്പിച്ചിട്ടുണ്ട്.

(ബി) വനാതിർത്തി പങ്കിടുന്ന പഞ്ചായത്തുകളിൽ പൊതുജന പങ്കാളിത്തത്തോടെയുള്ള ജനകീയ ജാഗ്രതാ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്ന കാര്യം പഠനവിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ജനജാഗ്രതാ സമിതികളുടെ പ്രവർത്തനം പഠനവിധേയമാക്കിയിട്ടില്ല. എന്നിരുന്നാലും ആയവയുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിന് നടപടികളെടുക്കുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് വനാതിർത്തി പങ്കിടുന്ന പഞ്ചായത്തുകളിൽ തദ്ദേശീയരും ജന പ്രതിനിധികളും വനംവകുപ്പ് ഉദ്യോഗസ്ഥരും ചേർന്നുള്ള ജനജാഗ്രതാ സമിതികൾ 07.02.2017-ലെ സ.ഉ.(സാധാ) നം. 51/2017/വനം പ്രകാരം രൂപീകരിച്ച് 2017 മുതൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്/ മുനിസിപ്പൽ ചെയർപേഴ്സൺ അദ്ധ്യക്ഷനും ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ്/മുനിസിപ്പൽ വൈസ് ചെയർപേഴ്സൺ ഉപാദ്ധ്യക്ഷനും ജില്ലാ പഞ്ചായത്ത് മെമ്പർ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ എന്നിവർ അംഗങ്ങളുമായ 261 ജനജാഗ്രതാ സമിതികൾ നിലവിൽ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 204 ജനജാഗ്രതാ സമിതികൾ നിലവിലുണ്ടായിരുന്നു. ജനജാഗ്രതാ

സമിതികൾക്ക് മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനുള്ള ഉത്തരവാദിത്വങ്ങളും കടമകളും ചുവടെ ചേർക്കുന്നു:-

വന്യജീവി ആക്രമണമുണ്ടാകുന്ന മേഖലകളിൽ വനം വകുപ്പിന്റെ ജനകീയ മുഖമായി പ്രവർത്തിച്ച് ജനങ്ങളെ സഹായിക്കുക. പ്രദേശത്തിന് ഏറ്റവും യോജിച്ച പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ച് വനം വകുപ്പിനെ അറിയിക്കുക. മൂന്ന് മാസത്തിലൊരിക്കൽ യോഗംകൂടി വേണ്ട ശിപാർശകൾ വനം വകുപ്പ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകുക. നിലവിൽ നിർമ്മിച്ചിട്ടുള്ള ഫെൻസിംഗ് ഉൾപ്പെടെയുള്ള പ്രതിരോധ മാർഗ്ഗങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ആ വിവരം ബന്ധപ്പെട്ട റേഞ്ച് ഫോറസ്റ്റ് ഓഫീസറെ അറിയിക്കുകയും കമ്മറ്റിയിൽ ചർച്ചചെയ്ത് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക. വന്യജീവി ആക്രമണം ഉണ്ടാകുന്നപക്ഷം സ്ഥലത്തെത്തി വേണ്ട നടപടികൾ സ്വീകരിക്കാൻ വനം വകുപ്പിനെ സഹായിക്കുക. വനാതിർത്തി പങ്കിടുന്ന മേഖലകളിൽ വന്യജീവികളെ ആകർഷിക്കാത്ത തരത്തിലുള്ള കൃഷി ചെയ്യുന്നതിന് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്ന വകുപ്പിന്റെ നടപടികളിൽ പങ്കാളികളാകുക. വന്യജീവികൾ കാടിന് പുറത്തേയ്ക്കുവരുന്നത് തദ്ദേശവാസികളെ മുൻകൂട്ടി അറിയിക്കുന്നതിനുള്ള എസ്.എം.എസ്. അലർട്ട് സിസ്റ്റം തുടങ്ങിയ

സംവിധാനങ്ങളുടെ പ്രവർത്തക്ഷമത ഉറപ്പുവരുത്തുക.

(സി) വന്യജീവികൾ മനുഷ്യരുടെ വാസസ്ഥലങ്ങളിലേയ്ക്കും കൃഷിയിടങ്ങളിലേയ്ക്കും പ്രവേശിക്കുന്നത് തടയുന്നതിനായി സ്വീകരിച്ച പ്രതിരോധ സംവിധാനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

വനാതിർത്തികളിൽ സൗരോർജ്ജ വേലി, കിടങ്ങുകൾ, ആന പ്രതിരോധ മതിലുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ് എന്നിവ നിർമ്മിച്ച് കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നുണ്ട്. നിലവിൽ 2400- ഓളം കി.മീറ്റർ സൗരോർജ്ജ വേലികളും 500-ൽപ്പരം കി.മീറ്റർ കിടങ്ങുകളും ഉണ്ട്. യഥാസമയം പരിപാലിക്കുകയാണെങ്കിൽ ഇവ ഫലപ്രദമാണ്. അടുത്തിടെയായി പഞ്ചായത്തുകളുടെ ഫണ്ടുകളും എം.എൽ.എ. ഫണ്ടും വന്യമൃഗനാശങ്ങൾ പ്രതിരോധിക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ ജില്ലാ-ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകൾ 3.2 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ ജില്ലാ-ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകൾ 55 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ബഹു. സുൽത്താൻ ബത്തേരി എം.എൽ.എ 1.0 കോടി രൂപയും ബഹു. കൽപ്പറ്റ എം.എൽ.എ 20 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്; പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്.

വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോട് ചേർന്നുള്ള ചില ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. നാട്ടിലേയ്ക്കിറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി തിരഞ്ഞെടുത്ത പ്രദേശങ്ങളിൽ 13 സ്ഥിരം/താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ചുവരുന്നു. പ്രശ്നക്കാരായ കാട്ടാനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കാട്ടാനപ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ചുവരുന്നുണ്ട്. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടിവച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്. കേന്ദ്രസർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ്-ജല സംരക്ഷണ

പ്രവൃത്തികൾ, ചെക്ക്ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, വനത്തിനകത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തിവരുന്നുണ്ട്. വനങ്ങളിൽ 30,000 ഹെക്ടറോളം യൂക്കാലിപ്റ്റസ്, അക്കേഷ്യ, മാഞ്ചിയം, വാറ്റിൽ എന്നീ വിദേശയിനം തോട്ടങ്ങൾ വ്യാവസായിക ആവശ്യങ്ങൾക്കായി നട്ടുപിടിപ്പിച്ചിട്ടുണ്ട്. 2018 മുതൽ ഈ വിദേശീയ ഇനങ്ങളുടെ നടീൽ നിർത്തലാക്കി. ടി തോട്ടങ്ങളെ ഘട്ടംഘട്ടമായി സ്വാഭാവിക വനങ്ങളാക്കാനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. കാട്ടാന ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾക്ക് കാട്ടിൽത്തന്നെ കൂടുതൽ ഭക്ഷണലഭ്യത ഉറപ്പാക്കുവാൻ ടി പരിസ്ഥിതി പുന:സ്ഥാപനത്തിലൂടെ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസമേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിലെ ഫോറസ്റ്റ് സെറ്റിൽമെന്റുകളിലെ താമസക്കാരെ സ്വയംസന്നദ്ധ പുനരധിവാസ പദ്ധതിപ്രകാരം കാടിന് പുറത്തേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**ആദിവാസി മേഖലകളിലെ മദ്യ-മയക്കുമരുന്ന് ഉപയോഗം**

25 (*85) ശ്രീ. അൻവർ സാദത്ത്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) പെരിങ്ങമ്മല പഞ്ചായത്തിലെ ആദിവാസി പെൺകുട്ടികളുടെ ആത്മഹത്യയെക്കുറിച്ചും അതിന് കാരണമായി കരുതപ്പെടുന്ന മേഖലയിലെ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗത്തെക്കുറിച്ചും അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

അന്വേഷണം നടത്തിയിട്ടുണ്ട്.

(ബി) ആദിവാസി മേഖലയിൽ മദ്യത്തിന്റെയും മയക്കുമരുന്നിൻെയും സാന്നിദ്ധ്യം കണ്ടെത്തുന്നതിനും ഇതുസംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

പട്ടികവർഗ്ഗ വികസന വകുപ്പും വനിതാ ശിശു വികസന വകുപ്പും

ചേർന്ന് ടി മേഖലയിൽ ബോധവത്കരണ പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. പോലീസ്, എക്സൈസ് ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ഈ മേഖല സന്ദർശിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ ഫലപ്രദമായ ഇടപെടലുകൾ ഉണ്ടാകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുകയും മദ്യം, മയക്കുമരുന്ന് എന്നിവയുടെ ദുരുപയോഗം തടയുന്നതിന് എക്സൈസ് വകുപ്പിന് കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ എക്സൈസ്, പോലീസ്, തദ്ദേശസ്വയം ഭരണം, വനം, ആരോഗ്യം, വനിതാ ശിശു വികസനം എന്നീ വകുപ്പുകളുടെ സഹായത്തോടുകൂടി സമഗ്രമായ ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

(സി) എക്സൈസ് വകുപ്പുമായി ചേർന്ന് മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം തടയുന്നതിനായി നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

നടപടി സ്വീകരിച്ചിട്ടുണ്ട്. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം തടയുന്നതിനായി എക്സൈസ് വകുപ്പ് ഓരോ മേഖലയിലേയും എസ്.റ്റി പ്രമോട്ടർമാരുമായി സമഗ്ര ചർച്ച നടത്തുകയും പ്രൊമോട്ടർമാരിൽ നിന്നും ലഭ്യമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ പ്രശ്നബാധിത ഊരുകളിൽ മദ്യം, മയക്കുമരുന്ന് എന്നിവയുടെ ദുരുപയോഗം തടയുന്നതിന്

ശക്തമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യങ്ങൾ കൃത്യമായ ഇടവേളകളിൽ വിവിധ വകുപ്പുകൾ സംയുക്തമായി യോഗം ചേർന്ന് അവലോകനം നടത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ സാമൂഹ്യ നീതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നാഷണൽ ആക്ഷൻ പ്ലാൻ ഫോർ ഡ്രഗ് ഡിമാന്റ് റിഡക്ഷൻ (NAPDDR) എന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു.

**മുല്ലപ്പെരിയാർ ബേബി ഡാം ബലപ്പെടുത്തൽ**

26 (*86) ശ്രീ. പി. സി. വിഷ്ണുനാഥ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) 2021 നവംബർ 1-ാം തീയതി ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചേംബറിൽ മുല്ലപ്പെരിയാർ ബേബി ഡാം ബലപ്പെടുത്താൻ മരങ്ങൾ മുറിക്കുന്നതുമായി ബന്ധപ്പെട്ട് ഉന്നതതല യോഗം നടന്നിരുന്നോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത യോഗത്തിലെ പ്രധാന തീരുമാനങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് വിശദമാക്കാമോ?

2021 നവംബർ 1-ാം തീയതി ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചേംബറിൽ മുല്ലപ്പെരിയാർ ബേബി ഡാം ബലപ്പെടുത്താൻ

മരങ്ങൾ മുറിക്കുന്നതുമായി ബന്ധപ്പെട്ട് ഉന്നതതല യോഗം നടന്നിട്ടില്ല.

(ബി) 2021 സെപ്റ്റംബർ 17-ാം തീയതി കേരളം, തമിഴ്നാട് സെക്രട്ടറിമാരുടെ അന്തർ സംസ്ഥാനതല യോഗം നടന്നിരുന്നോ; പ്രസ്തുത യോഗത്തിൽ മുല്ലപ്പെരിയാർ ബേബി ഡാം ബലപ്പെടുത്താൻ മരങ്ങൾ മുറിക്കുന്നതുമായി ബന്ധപ്പെട്ട സമവായ ധാരണ രൂപപ്പെട്ടിരുന്നോയെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകാമോ?

2021 സെപ്റ്റംബർ 17-ാം തീയതി കേരള-തമിഴ്നാട് സെക്രട്ടറിമാരുടെ അന്തർസംസ്ഥാന സെക്രട്ടറിതല സമിതിയുടെ മൂന്നാമത് യോഗം ഓൺലൈൻ മുഖാന്തരം നടന്നിരുന്നു. പ്രസ്തുത യോഗത്തിൽ മുല്ലപ്പെരിയാർ ബേബി ഡാം ബലപ്പെടുത്താൻ മരങ്ങൾ മുറിക്കുന്നതുമായി ബന്ധപ്പെട്ട സമവായ ധാരണയൊന്നും രൂപപ്പെട്ടിരുന്നില്ല. എന്നാൽ അസ്സൽ അന്യായം 3/2006-ന് ബഹു. സുപ്രീം കോടതിയുടെ 07/05/2014-ലെ വിധി പ്രകാരം, ബേബി ഡാമിന്റെ ബലപ്പെടുത്തൽ നടപടികളുടെ ഭാഗമായി ബാക്കിയുള്ള പ്രവൃത്തികൾ ചെയ്യുന്നതിനായി ബേബി ഡാമിന് താഴെയായി നിലനിന്നിരുന്ന 23 മരങ്ങൾ മുറിച്ചുനീക്കുന്നതിനുള്ള അനുമതിക്കായി (Forest Clearance) കേന്ദ്രസർക്കാരിന്റെ PARIVESH പോർട്ടൽ മുഖാന്തരം തമിഴ്നാട്

2015-ൽ സമർപ്പിച്ച അപേക്ഷയുടെ ഭാഗമായി, തമിഴ്നാട്ടിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരും കേരള വനം വകുപ്പ് ഉദ്യോഗസ്ഥരും സംയുക്തമായി 2021 ജൂൺ മാസത്തിൽ നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിൽ 15 മരങ്ങൾ കണ്ടെത്തിയിട്ടുണ്ടെന്നും ആയത് മുറിച്ചുനീക്കുന്നതിനുള്ള അനുമതിക്കായുള്ള തമിഴ്നാടിന്റെ അപേക്ഷ പരിശോധനയിലാണെന്നും കേരള ഫോറസ്റ്റ് ആൻഡ് വൈൽഡ് ലൈഫ് പ്രിൻസിപ്പൽ സെക്രട്ടറി പ്രസ്തുത യോഗത്തിൽ അറിയിച്ചു.

(സി) ബേബി ഡാമിന് തൊട്ടുതാഴെയായി മരങ്ങൾ വളരുന്നത് അതിന്റെ സുരക്ഷയെ ബാധിക്കുമെന്നും അതിനാൽ മരങ്ങളൊഴിവാക്കി ബേബി ഡാമിന് കീഴ്ഭാഗം എപ്പോഴും നീർ വലിഞ്ഞ് ഉണങ്ങിയിരിക്കണമെന്നും 2021 സെപ്റ്റംബർ 15-ന് ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഓഫീസിൽ ചേർന്ന യോഗത്തിൽ ജലവിഭവ വകുപ്പിലെ എൻജിനീയർമാർ നിർദ്ദേശിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ; ഈ യോഗത്തിന്റെ വിശദാംശങ്ങൾ നൽകാമോ?

2021 സെപ്റ്റംബർ 17-ാം തീയതി കേരള-തമിഴ്നാട് സെക്രട്ടറിമാരുടെ അന്തർസംസ്ഥാന സെക്രട്ടറിതല സമിതിയുടെ മൂന്നാമത് യോഗത്തിന്

മുന്നോടിയായി ടി യോഗത്തിൽ ഉൾപ്പെടുത്തേണ്ട അന്തർസംസ്ഥാന നദീജലകരാറുകളുമായി ബന്ധപ്പെട്ട വിഷയങ്ങളിന്മേൽ ഒരു ധാരണയിൽ എത്തിച്ചേരുന്നതിലേയ്ക്കാണ് ബന്ധപ്പെട്ട വകുപ്പുകളുമായി 2021 സെപ്റ്റംബർ 15-ന് ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചേംബറിൽ യോഗം ചേർന്നത്. എന്നാൽ ടി യോഗത്തിൽ, ബേബി ഡാമിന് തൊട്ടുതാഴെയായി മരങ്ങൾ വളരുന്നത് അതിന്റെ സുരക്ഷയെ ബാധിക്കുമെന്നും അതിനാൽ മരങ്ങളൊഴിവാക്കി ബേബി ഡാമിന് കീഴ്ഭാഗം എപ്പോഴും നീർ വലിഞ്ഞ് ഉണങ്ങിയിരിക്കണമെന്നുള്ള വിഷയം പരിഗണനയിൽ വന്നില്ല.

(ഡി) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് എന്ന ആവശ്യത്തിന് പ്രസക്തിയില്ലെന്നും ബേബി ഡാം ബലപ്പെടുത്തി ജലനിരപ്പ് 152 അടിയായി ഉയർത്തുമെന്നും തമിഴ്നാട് സുപ്രീം കോടതിയിലെടുത്ത നിലപാട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. എന്നാൽ നിലവിലെ മുല്ലപ്പെരിയാർ അണക്കെട്ട് സുരക്ഷിതവും ദൃഢവുമായതിനാൽ പുതിയ അണക്കെട്ട് എന്ന ആവശ്യത്തിന് പ്രസക്തിയില്ലെന്നും കൂടാതെ ബേബി ഡാമിന്റെ ബലപ്പെടുത്തൽ പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് ജലനിരപ്പ് 152 അടിയായി ഉയർത്താമെന്നതുമാണ്

തമിഴ്നാടിന്റെ നിലപാട്.

(ഇ) മുല്ലപ്പെരിയാറിൽ ബേബി ഡാം ബലപ്പെടുത്താൻ മരങ്ങൾ മുറിക്കുന്നതുമായി ബന്ധപ്പെട്ട് തമിഴ്നാട് കേരളത്തിന് കത്ത് നൽകിയിരുന്നോയെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകാമോ?

സംരക്ഷിത വനമേഖലയിലെ മരങ്ങൾ മുറിച്ചുനീക്കുന്നതിന് ചട്ടപ്രകാരം അപേക്ഷ സമർപ്പിക്കേണ്ടതും പരിശോധനകൾക്കുശേഷം വന്യജീവി സംരക്ഷണ നിയമം, വനസംരക്ഷണ നിയമം, പരിസ്ഥിതി സംരക്ഷണ നിയമം എന്നിവ അടിസ്ഥാനമാക്കി വനം വകുപ്പ് ആവശ്യമായ അനുമതിക്കുള്ള ശിപാർശ നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ Forest Clearance ആത്യന്തികമായി നൽകുന്നത് കേന്ദ്രസർക്കാരിന്റെ പരിസ്ഥിതി വനം കാലാവസ്ഥാ വ്യതിയാന മന്ത്രാലയവുമാണ്. 07/05/2014-ലെ അസ്സൽ അന്യായം, 3/2006-ലെ ബഹു. സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ ബേബി ഡാമിന്റെ ബലപ്പെടുത്തൽ നടപടികളുടെ ഭാഗമായുള്ള പ്രവൃത്തികൾ നടത്തുന്നതിനായി ബേബി ഡാമിന് താഴെയായി നിലനിന്നിരുന്ന 23 മരങ്ങൾ മുറിച്ചു നീക്കുന്നതിനുള്ള അനുമതിക്കായുള്ള [Forest Clearance] അപേക്ഷ, കേന്ദ്രസർക്കാരിന്റെ PARIVESH പോർട്ടൽ മുഖാന്തരം തമിഴ്നാട് 2015-ൽ സമർപ്പിച്ചിരുന്നു. 03.09.2020-ലെ

8626/ISW.1/2015-24 നമ്പർ കത്ത് പ്രകാരം, തമിഴ്നാട് പൊതുമരാമത്ത് പ്രിൻസിപ്പൽ സെക്രട്ടറി, മുല്ലപ്പെരിയാർ ഡാമിന്റെയും, ബേബി ഡാമിന്റെയും പരിസര പ്രദേശങ്ങളിലുള്ള 23 മരങ്ങളും കുറ്റിച്ചെടികളും മുറിച്ചുനീക്കുന്നതിനുള്ള അനുമതി നൽകാൻ സംസ്ഥാന വനംവകുപ്പ് സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

**മുല്ലപെരിയാറിൽ പുതിയ അണക്കെട്ട്**

27 (*87) ശ്രീ. കെ. ജെ. മാക്സി:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) സമവായത്തോടെ മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് എന്ന സംസ്ഥാന നിലപാടിന്റെ അടിസ്ഥാനത്തിൽ തമിഴ്നാടുമായി ചർച്ച നടത്തുന്ന കാര്യത്തിൽ തീരുമാനമായിട്ടുണ്ടോ?

127 വർഷം പഴക്കമുള്ള ഡാമിന്റെ സുരക്ഷയെ സംബന്ധിച്ച് ആശങ്കയുള്ളതിനാൽ കേരളത്തിന്റെ ആവശ്യകത കണക്കിലെടുത്ത്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തമിഴ്നാടിന്റെ അനുമതിയോടെ പുതിയ ഡാം നിർമ്മിക്കുവാനുള്ള അഭിപ്രായം സുപ്രീം കോടതി പുറപ്പെടുവിച്ച അസ്സൽ അന്യായം 3/2006-ലെ 07/05/2014-ലെ വിധിന്യായത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. നിലവിൽ മുല്ലപ്പെരിയാറിൽനിന്നും തമിഴ്നാടിന് നൽകിക്കൊണ്ടിരിക്കുന്ന ജലത്തിന്റെ അളവിൽ കുറവ് വരാത്തവിധത്തിലും കേരളത്തിലെ ജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്ന രീതിയിലുമാണ് പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനുള്ള വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി വരുന്നത്. മുല്ലപ്പെരിയാർ വിഷയത്തിൽ കേരളത്തിലെ ജനങ്ങളുടെ സുരക്ഷ കണക്കിലെടുത്ത് "കേരളത്തിന് സുരക്ഷ - തമിഴ്നാടിന് ജലം" എന്ന നിലപാട് കേരളം സ്വീകരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ നടന്ന മുഖ്യമന്ത്രിതല ചർച്ചയിലും സെക്രട്ടറിതല ചർച്ചയിലും പുതിയ അണക്കെട്ടിന്റെ നിർമ്മാണം സംബന്ധിച്ച വിഷയം മുന്നോട്ട് വച്ചിരുന്നുവെങ്കിലും ഒരു സമവായത്തിലെത്തുവാൻ നിലവിൽ കഴിഞ്ഞിട്ടില്ല. അടുത്ത് നടക്കുന്ന കേരള-തമിഴ്നാട് മുഖ്യമന്ത്രിതല ചർച്ചയിൽ ടി വിഷയത്തിന്മേൽ കൂടുതൽ ചർച്ചകൾ നടത്തി ഇരുകൂട്ടർക്കും സ്വീകാര്യമായ തരത്തിൽ ധാരണയുണ്ടാക്കുന്നതിലേയ്ക്കായുള്ള നടപടികൾക്ക് സംസ്ഥാന സർക്കാർ മുൻകയ്യെടുത്തിട്ടുണ്ട്.

(ബി) പുതിയ അണക്കെട്ടിനായുള്ള പരിസ്ഥിതി ആഘാതപഠനം വേഗത്തിൽ പൂർത്തീകരിക്കാൻ കരാർ കമ്പനിയോട് ആവശ്യപ്പെടുമോ?

പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിന്റെ ഭാഗമായി, 2018 നവംബർ 14-ന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം, നിബന്ധനകളോടെ അംഗീകരിച്ച പരിസ്ഥിതി ആഘാതപഠനത്തിനുള്ള പരിഗണനാവിഷയങ്ങൾ (Terms of Reference (ToR)) അനുസരിച്ച് പരിസ്ഥിതി ആഘാതപഠനം നടത്തി, റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള കരാർ ഏറ്റെടുത്ത ഹൈദ്രാബാദ് ആസ്ഥാനമായുള്ള പ്രഗതി ലാബ്സ് പ്രൈവറ്റ് ലിമിറ്റഡ് ആവശ്യമായ വിവര ശേഖരണം നടത്തി, കരട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനായി 23/10/2021-ലെ സർക്കാർ ഉത്തരവ് (സാ.ധാ)നം.560/2021/ജ.വി.വ പ്രകാരം നിയമിച്ച സമിതിയുടെ നിർദ്ദേശമനുസരിച്ച് ആവശ്യമായ തിരുത്തലുകളും പരിഷ്ക്കാരങ്ങളും വരുത്തി, പാരിസ്ഥിതികാനുമതി ലഭിക്കുന്നതിനായുള്ള അന്തിമ റിപ്പോർട്ട് എത്രയും വേഗം സമർപ്പിക്കുവാൻ കരാർ കമ്പനിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത പരിഗണനാവിഷയങ്ങളുടെ (ToR) കാലാവധി 4 വർഷമാണ്.

**ആദിവാസി ഊരുകളിലെ പെൺകുട്ടികളുടെ ആത്മഹത്യ**

28 (*88) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):

ശ്രീ. ഐ. സി. ബാലകൃഷ്ണൻ:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:

ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) സദയം മറുപടി നൽകുമോ:

(എ) പെരിങ്ങമ്മല, വിതുര ആദിവാസി ഊരുകളിൽ കഴിഞ്ഞ രണ്ടുമാസത്തിനിടെ അഞ്ച് പെൺകുട്ടികളുടെ ആത്മഹത്യയുമായി ബന്ധപ്പെട്ടുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയം പട്ടികവർഗ്ഗ വികസന വകുപ്പ് ഗൗരവമായിത്തന്നെ കാണുകയും തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്.

(ബി) ഊരിന് പുറത്തുള്ളവർ കുട്ടികളെ മയക്കുമരുന്നിന് അടിമകളാക്കി ചൂഷണം നടത്തി അവരെ ആത്മഹത്യയിലേയ്ക്ക് നയിച്ചതാണെന്ന് കണ്ടെത്തിയിട്ടുണ്ടോ?

മയക്കുമരുന്നിന് അടിമകളാക്കി ചൂഷണം നടത്തി ആത്മഹത്യയിലേയ്ക്ക് നയിച്ചതായ വിവരം ലഭ്യമായിട്ടില്ല.

(സി) കുട്ടികളെ ലഹരിക്ക് അടിമകളാക്കാൻ പ്രവർത്തിക്കുന്നവരെ നിയമത്തിനു മുമ്പിൽ കൊണ്ടുവരാനും ഊരിനു പുറത്തുള്ളവർ ഊരുവാസികളെ ലഹരിക്ക് അടിമകളാക്കുന്നത് തടയാനും വേണ്ട നടപടികൾ സ്വീകരിക്കുമോ?

നടപടികൾ സ്വീകരിച്ചുവരുന്നു. അനധികൃതമായി രാത്രികാലങ്ങളിൽ സങ്കേതങ്ങൾക്കുള്ളിൽ പ്രവേശിക്കുന്നവരെ കണ്ടെത്തുന്നതിന് കോളനികൾക്കകത്ത് സി.സി.ടി.വി ക്യാമറ സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. പ്രതികളായിട്ടുള്ളവരെ പോലീസ് കസ്റ്റഡിയിലെടുത്ത് കേസ് രജിസ്റ്റർ ചെയ്ത് നിയമനടപടി സ്വീകരിച്ചുവരുന്നു. എക്സൈസ് വകുപ്പിന്റെ സഹായത്തോടെ ഊരുകളിൽ ലഹരി വസ്തുക്കൾ തടയുന്നതിന് ശക്തമായി നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ആദിവാസി ഊരുകളിലെ പെൺകുട്ടികളുടെ ആത്മഹത്യകൾക്ക് പിന്നിൽ മൊബൈൽ ഫോണിന്റെ സ്വാധീനം കണ്ടെത്തിയുണ്ടോയെന്ന് വ്യക്തമാക്കാമോ?

പെൺകുട്ടികളുടെ ആത്മഹത്യയ്ക്ക് പിന്നിൽ മൊബൈൽ ഫോണുകളുടെ ദുരുപയോഗം ഉള്ളതായി റിപ്പോർട്ട് ലഭിച്ചിട്ടില്ല. എന്നാൽ ഇവയുടെ സ്വാധീനം ഉള്ളതായി രക്ഷിതാക്കൾ അറിയിച്ചിട്ടുണ്ട്.

**മൂല്യവർദ്ധിത മത്സ്യോല്പന്നങ്ങൾ**

29 (*89) ശ്രീ. എം. നൗഷാദ്:

ശ്രീ. കെ. ആൻസലൻ:

ശ്രീ. കെ. വി. സുമേഷ്:

ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ) സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾ നേരിട്ടുവരുന്ന ചൂഷണം അവസാനിപ്പിക്കുന്നതിനായി മുൻ സർക്കാരും ഈ സർക്കാരും മത്സ്യബന്ധന, വിപണന രംഗത്ത് എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയെന്ന് വ്യക്തമാക്കുമോ?

മത്സ്യത്തിന്റെ വില നിശ്ചയിക്കുന്നതിനുള്ള അവകാശം മത്സ്യത്തൊഴിലാളികൾക്കുതന്നെ നൽകുന്നതിനും അവർക്ക് ന്യായവില ഉറപ്പാക്കുന്നതിനും ആയതിലൂടെ ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും

ഒഴിവാക്കുന്നതിനും ഗുണഭോക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യം ലഭ്യമാക്കുന്നതിനുമായി 2021 നവംബർ 14-ലെ 18575/ലെഗ്/ഐ1/2018-നിയമം നമ്പർ ഗസറ്റ് വിജ്ഞാപന പ്രകാരം "2021-ലെ കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്ട്" നിലവിൽ വന്നിട്ടുണ്ട്. മത്സ്യസംഭരണവും വിപണനവും നിയന്ത്രിക്കുന്നതിനും വ്യവസ്ഥാപിതവും ശുചിത്വപൂർണ്ണവും കാര്യക്ഷമവുമായ ലേലവും വിപണനവും പ്രോത്സാഹിപ്പിക്കുന്നതിനും ഗുണനിലവാരം പരിപാലിക്കുന്നതിനും അവയുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കുംവേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള ഒരു ആക്ടാണിത്. മത്സ്യത്തൊഴിലാളികൾ നേരിട്ടുവരുന്ന ചൂഷണം അവസാനിപ്പിക്കുന്നതിനായി മുൻസർക്കാരും ഈ സർക്കാരും മത്സ്യബന്ധന, വിപണനരംഗത്ത് സാഫ്, മത്സ്യഫെഡ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ എന്നിവ മുഖാന്തരം വിവിധ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു. സാഫ് മുഖാന്തരം നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ മത്സ്യമേഖലയിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് അവരുടെ തൊഴിൽ മുന്നോട്ട് കൊണ്ടുപോകുന്നതിന് ആവശ്യമായ മൂലധനത്തിനായി സ്വകാര്യ

ധനമിടപാടുകാരെയും കൊള്ളപ്പലിശക്കാരെയും ആശ്രയിക്കുന്ന പ്രവണതയിൽ നിന്ന് ഒഴിവാക്കുന്നതിനും അതിൽനിന്നും മുക്തരാക്കുന്നതിനും വേണ്ടി 3R Project (3R Package For Ensuring Sustainable Livelihoods of Fisherwomen in Kerala (Rebuilding, Revival, Reforms)), JLG Project (JLG Project for Ensuring Livelihood Security of Fisherwomen in Kerala 2020-21) എന്നീ പദ്ധതികളിലൂടെ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. 2021-22-ൽ Alternative and Supportive Livelihood Opportunity to Fisherwomen of Kerala എന്ന പദ്ധതി ഹെഡിൽ JLG Project for fisherwomen in allied sector വിഭാഗത്തിൽ 2000 മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചുകൊണ്ട് തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കാസർഗോഡ് എന്നീ ജില്ലകളിലായി 400 JLG-കൾ രൂപീകരിക്കുന്നു. തീരദേശമേഖലയിൽ മത്സ്യവിൽപ്പനയും അനുബന്ധതൊഴിൽ ചെയ്യുന്നവരുമായ 2000 മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു. 200 ലക്ഷം രൂപ ഈ പദ്ധതി വഴി മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് പലിശയില്ലാതെ റിവോൾവിംഗ് ഫണ്ടായി അനുവദിക്കുന്നതിന് സാധിക്കും. കൂടാതെ സാഫ് യൂണിറ്റുകളെ കൊള്ളപ്പലിശക്കാരുടെ ചൂഷണത്തിൽനിന്ന് രക്ഷപ്പെടുത്തുന്നതിനായി (1)

പലിശരഹിത ചാക്രീകമൂലധന സഹായം ( interest free Working Capital Revolving Fund) (2) കേരള ബാങ്ക് ദീർഘകാല വായ്പ പദ്ധതി (3) കിസാൻ ക്രെഡിറ്റ് കാർഡ് വായ്പാ പദ്ധതി (4) KSWDC മുഖേനയുള്ള NMDFC വായ്പാ പദ്ധതിയും നടപ്പാക്കിവരുന്നു. മത്സ്യഫെഡ് മുഖാന്തരം നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ:- മത്സ്യത്തൊഴിലാളികളെ ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും മോചിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് മത്സ്യഫെഡ് തീരദേശ ലേലം നടപ്പിലാക്കുന്നുണ്ട്. കൂടുതൽ സംഘങ്ങളെ ലേലത്തിലേയ്ക്ക് കൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സഹകരണ സംഘങ്ങളിലെ മത്സ്യബന്ധന ഗ്രൂപ്പുകൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം മത്സ്യഫെഡ് ഫിഷ് മാർട്ടുകളിലൂടെ വിപണനം ചെയ്യുന്നതുവഴി മെച്ചപ്പെട്ട വില ഉറപ്പു വരുത്തുന്നതിന് കഴിയും. മത്സ്യത്തിന്റെ വ്യാപാരം സുതാര്യമായി നടപ്പിലാക്കുന്നതിന് മത്സ്യഫെഡ് ആവിഷ്കരിച്ച "തീരത്തുനിന്നും മാർക്കറ്റിലേയ്ക്ക്" (Coast to Market) പദ്ധതിയുമായി ബന്ധപ്പെട്ട് മാർക്കറ്റ് ഇന്റലിജൻസ് സിസ്റ്റം നടപ്പാക്കുന്നതിലേയ്ക്ക് മൊബൈൽ ആപ്പ് തുടങ്ങിയിട്ടുണ്ട്. കൂടാതെ മത്സ്യത്തിന്റെ വിവിധതരത്തിലുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ തയ്യാറാക്കുന്നതിനുവേണ്ടി ചെങ്ങന്നൂർ മുളക്കുഴയിൽ ഒരു ഉൽപ്പാദന യൂണിറ്റ്, CIFT-ന്റെയും CTCRI-യുടെയും സാങ്കേതിക

സഹായത്തോടെ ആരംഭിക്കുന്നതിനുള്ള നടപടിയും പുരോഗമിച്ചുവരുന്നു. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖാന്തരം നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ മുൻ സർക്കാരിന്റേയും ഈ സർക്കാരിന്റേയും കാലയളവുകളിൽ കേന്ദ്രസർക്കാരിന്റെ ബ്ലൂ റവല്യൂഷൻ പദ്ധതിയിലുൾപ്പെടുത്തി 5.15 കോടി രൂപയുടെ രണ്ട് മത്സ്യമാർക്കറ്റുകളും കിഫ്ബി ധനസഹായത്തോടെ 51 ആധുനിക മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നതിനായി 120.57 കോടി രൂപയുടെ അംഗീകാരവും നൽകിയിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾ വിപണന രംഗത്ത് നേരിടുന്ന ചൂഷണം അവസാനിപ്പിക്കുന്നതിനായി അത്യാധുനിക സംവിധാനങ്ങൾ അടങ്ങുന്ന ശുചിത്വപൂർണ്ണമായ മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

(ബി) മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിന് ആധുനിക സംവിധാനങ്ങളുള്ള സംഭരണ കേന്ദ്രങ്ങൾ ആവശ്യമാണെന്നകാര്യം പരിശോധിച്ചിട്ടുണ്ടോ?

പരിശോധിച്ചിട്ടുണ്ട്.

(സി) മത്സ്യസമ്പത്തിന്റെ ലഭ്യതയനുസരിച്ച് അതിനൂതന സാങ്കേതിക വിദ്യയിലൂടെ ഗുണമേന്മയുള്ള മൂല്യവർദ്ധിത മത്സ്യോല്പന്നങ്ങളുടെ ഉല്പാദനം ആരംഭിക്കുന്നതിന് പദ്ധതികൾ നടപ്പിലാക്കുമോ?

മത്സ്യമേഖലയിൽ പുത്തൻ സാങ്കേതികവിദ്യകളുടെ സഹായത്താൽ മത്സ്യം സംസ്കരിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിനും വൈവിദ്ധ്യവൽക്കരണം കൊണ്ടുവരുന്നതിനും സാഫ്, മത്സ്യഫെഡ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ തുടങ്ങിയ ഏജൻസികൾ മുഖാന്തരം ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:-

തീരമൈത്രി സംരംഭങ്ങളിലെ 145 മത്സ്യസംസ്കരണ യൂണിറ്റുകളിൽ ഉൽപാദിപ്പിക്കുന്നതിൽനിന്നും തെരഞ്ഞെടുത്ത ഗുണനിലവാരമുള്ള ആറ് തരം ഉണക്കമത്സ്യം തീരമൈത്രി എന്ന ബ്രാൻഡിൽ കേരളത്തിലെമ്പാടുമുള്ള മാർക്കറ്റിൽ സാഫ് ലഭ്യമാക്കിവരുന്നു. എറണാകുളം ജില്ലയിൽ കൊച്ചങ്ങാടിയിൽ പ്രവർത്തിക്കുന്ന മത്സ്യഫെഡ് ഐസ് & ഫ്രീസിംഗ് പ്ലാന്റിൽനിന്നും മത്സ്യം ശീതീകരിച്ച് കയറ്റുമതി ചെയ്യുന്നു. റെഡി റ്റു ഈറ്റ് & റെഡി റ്റു കുക്ക് വിഭവങ്ങൾ മത്സ്യഫെഡ് ഈറ്റ്സ് & മത്സ്യഫെഡ് ട്രീറ്റ്സ് എന്ന പേരിൽ ചെമ്മീൻ ചമ്മന്തിപ്പൊടി, ചെമ്മീൻ റോസ്റ്റ്, രണ്ടുതരം ഫിഷ് കറിക്കൂട്ടുകൾ, ഫിഷ് ഫ്രൈ മസാല എന്നിവ ഫിഷ് മാർട്ടുകൾ വഴി

മത്സ്യഫെഡ് വിപണനം ചെയ്തുവരുന്നു. കൊല്ലം ജില്ലയിലെ കൈറ്റോസൺ പ്ലാന്റിൽനിന്നും ചെമ്മീൻതോടിൽനിന്നും കൈറ്റോൺ ഗുളികകളും ഉൽപ്പാദിപ്പിക്കുന്നുണ്ട്. ചെങ്ങന്നൂർ മുളക്കുഴയിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉൽപ്പാദന യൂണിറ്റ് CIFT-ന്റെയും, CTCRI-യുടെയും സാങ്കേതിക സഹായത്തോടെ തുടങ്ങുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. പുതിയ സംസ്കരണശാലകൾ തുടങ്ങുന്നതിനും പദ്ധതിയുണ്ട്. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിൽ മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് തൊഴിലവസരവും ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള മൂല്യവർദ്ധിത മത്സ്യഉൽപ്പന്നങ്ങളും ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ കൊല്ലം ശക്തികുളങ്ങരയിൽ ഒരു പ്രോസസ്സിംഗ് പ്ലാന്റ് പ്രവർത്തിച്ചുവരുന്നു. പ്രസ്തുത പ്ലാന്റിൽനിന്നും ഗുണനിലവാരമുറപ്പാക്കിക്കൊണ്ട് സൗരോർജ്ജ ഡ്രൈയറിൽ ഉണക്കിയെടുത്ത മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങൾ ഡ്രിഷ് കേരള എന്ന ബ്രാൻഡിൽ വിപണിയിൽ എത്തിച്ചുവരുന്നു. ഇതുകൂടാതെ ICAR-CIFT-ന്റെ സാങ്കേതിക സഹായത്തോടെ “റെഡി ടു ഈറ്റ്” മത്സ്യവിഭവങ്ങൾ “ഫിഷ് മെയ്ഡ്”എന്ന പേരിൽ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. ഫിഷ് കട്ട്ലറ്റ്, ഫിഷ് മോമോസ്, ഫിഷ് റോൾഡ്, ഫിഷ് ബർഗർ, മറ്റു വിവിധ

മത്സ്യ ഉൽപ്പന്നങ്ങളായ അച്ചാറുകൾ, ചമ്മന്തിപ്പൊടി മുതലായവയും പ്ലാന്റിൽ നിന്നും ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു.

**മുല്ലപ്പെരിയാർ ഡാമിലെ ജലം തുറന്നുവിട്ട നടപടി**

30 (*90) ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ) സദയം മറുപടി നൽകുമോ:

(എ) രാത്രിയിൽ മുന്നറിയിപ്പില്ലാതെ മുല്ലപ്പെരിയാർ ഡാമിലെ ജലം തുറന്നുവിട്ട നടപടി തമിഴ്നാടിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടോ; എങ്കിൽ 2021-ൽ എത്ര തവണ ഇത്തരം നടപടി തമിഴ്നാട് ആവർത്തിച്ചെന്ന് വ്യക്തമാക്കാമോ?

കേന്ദ്രസർക്കാരിന്റെ ജലശക്തി മന്ത്രാലയത്തിന്റെ ജലവിഭവ, ആർ.ഡി ആൻഡ് ജി.ആർ വകുപ്പിന്റെ 09/08/2020-ലെ Z-2011/2/2020-FM നമ്പർ ഉത്തരവിൽ ഡാമുകൾ/ റിസർവ്വോയറുകളിൽനിന്നും ജലം തുറന്നുവിടുന്നതിനു മുമ്പായി അതാത് സംസ്ഥാന സർക്കാർ/UT/അധികാരികൾ/ഡാം അതോറിറ്റി എന്നിവർ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ

വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽവ്യവസ്ഥ പൂർണ്ണമായി പാലിക്കാതെ പകൽ സമയങ്ങളിൽ വളരെ കുറഞ്ഞ അളവിൽ സ്പിൽവേ വഴി ജലം പുറത്തേയ്ക്കൊഴുക്കുകയും തുടർന്ന് രാത്രിയിലും പുലർച്ചയിലുമായി ജലം പുറത്തേയ്ക്കൊഴുക്കുന്നതിന് മുമ്പായി, ജനങ്ങൾക്ക് ആവശ്യമായ മുന്നറിയിപ്പ് നൽകുന്നതിനോ ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനോ ജനങ്ങളെ ഒഴിപ്പിക്കുന്നതുൾപ്പെടെയുള്ള നടപടികൾക്ക് ജില്ലാ ഭരണകൂടത്തിന് വേണ്ടത്ര സമയം അനുവദിക്കാതെയുമാണ് 30/11/2021 മുതൽ 06/12/2021 വരെ ക്രമാനുഗതമല്ലാത്ത രീതിയിൽ തമിഴ്നാട് അധികൃതർ സ്പിൽവേ ഷട്ടറുകൾ പ്രവർത്തിപ്പിച്ചത്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ബി) ഇപ്രകാരം ജലം തുറന്നുവിട്ടതിനുള്ള വിശദീകരണം തമിഴ്നാടിനോട് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ ലഭിച്ച മറുപടിയുടെ വിശദാംശം നൽകാമോ?

കനത്ത മഴ സമയത്ത് ജലവിതാനത്തിലുണ്ടാകുന്ന വ്യതിയാനങ്ങൾ, തമിഴ്നാട് കൊണ്ടുപോകുന്ന ജലത്തിന്റെ അളവ് എന്നിവ ഡാമിന്റെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചുമതലയുള്ള സംസ്ഥാന ജലവിഭവ വകുപ്പിലെ ഉദ്യോഗസ്ഥർ നിരീക്ഷിച്ചു വരികയും ഡാമിന്റെയും ഡാമിന്റെ കീഴ്ഭാഗങ്ങളിൽ വസിക്കുന്ന ജനങ്ങളുടെയും സുരക്ഷ ഉറപ്പുവരുത്തുവാനായി അണക്കെട്ടിൽനിന്നും കൂടുതൽ ജലം തമിഴ്നാട് കൊണ്ടുപോകുവാനും ജലവിതാനം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും ഡാമിന്റെ ഷട്ടറുകൾ തുറന്ന് ജലം പുറത്തേക്കൊഴുക്കുന്ന സാഹചര്യമുണ്ടായാൽ ആ വിവരം 24 മണിക്കൂറിന് മുമ്പായി കേരളത്തെ അറിയിക്കണമെന്നും കേരളം തമിഴ്നാടിനോടും മേൽനോട്ട സമിതിയുടെ ചെയർമാനോടും കേന്ദ്രസർക്കാരിനോടും ആവശ്യപ്പെടാറുണ്ട്. 30/11/2021 മുതൽ 06/12/2021 വരെ ക്രമമല്ലാത്ത രീതിയിൽ സ്പിൽവേ ഷട്ടറുകൾ പ്രവർത്തിപ്പിച്ച് മുല്ലപ്പെരിയാർ അണക്കെട്ടിന്റെ താഴ്ന്ന പ്രദേശങ്ങൾ, പ്രത്യേകിച്ച് വണ്ടിപ്പെരിയാർ പ്രദേശത്ത് വസിക്കുന്ന ജനങ്ങളുടെ ജീവനും സ്വത്തിനും ഹാനിയുണ്ടാക്കുന്ന രീതിയിലുള്ള തമിഴ്നാട് അധികൃതരുടെ പ്രവൃത്തിയെ കേരളം, ഉദ്യോഗസ്ഥതലത്തിലും സർക്കാർതലത്തിലും ചോദ്യം ചെയ്തുകൊണ്ട്, പ്രഥമ അവസരത്തിൽത്തന്നെ 30/11/2021-ലെ D.O No.ISWC1/76/2021-WRD പ്രകാരം സംസ്ഥാന ചീഫ് സെക്രട്ടറി തമിഴ്നാട് ചീഫ് സെക്രട്ടറിക്ക് കത്ത് അയയ്ക്കുകയും അതിനുശേഷം 02/12/2021-ലെ D.O.No.1345/2021/CM

പ്രകാരം സംസ്ഥാന മുഖ്യമന്ത്രി തമിഴ്നാട് മുഖ്യമന്ത്രിക്ക് കത്തയയ്ക്കുകയും ഇത്തരം പ്രവൃത്തികൾ ആവർത്തിക്കാതിരിക്കാനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട തമിഴ്നാട് ഉദ്യോഗസ്ഥർക്ക് നൽകിയശേഷം മാത്രമേ ജലം വലിയ അളവിൽ ഒഴുക്കി വിടാൻ പാടുള്ളൂവെന്നും ആവശ്യപ്പെടുകയും ചെയ്തു. കൂടാതെ സംഭരണിയിലെ ജലനിരപ്പ് ക്രമീകരിച്ച്, ഡാമിലേയ്ക്കുള്ള നീരൊഴുക്കിനെ സുരക്ഷിതമായി ഉൾക്കൊള്ളാനാവുംവിധം ആവശ്യമായ Flood Cushion സംഭരണിയിൽ നിലനിർത്തണമെന്നും ആവശ്യപ്പെട്ടിരുന്നു. എന്നാൽ എല്ലാ വ്യവസ്ഥകളും പാലിച്ചുകൊണ്ടും വളരെ സാധാരണവും ക്രമാനുഗതവുമായാണ് സ്പിൽവേ ഷട്ടറുകൾ പ്രവർത്തിപ്പിച്ചതെന്നും പെരിയാറിലെ ജലനിരപ്പുയരുന്നത് വളരെ സാധാരണമായ കാര്യമാണെന്നും ആയതിനാൽ താഴ്ന്നപ്രദേശങ്ങളിൽ ജലനിരപ്പുയർന്നതും പ്രളയസമാന സാഹചര്യമുണ്ടായതും മുല്ലപ്പെരിയാർ അണക്കെട്ടിൽനിന്നും ഒഴുക്കിവിട്ട വെള്ളം കാരണമല്ലായെന്നുമാണ് തമിഴ്നാട് മറുപടി നൽകിയത്. മാത്രമല്ല, അണക്കെട്ടിന് താഴെയുള്ള പ്രദേശങ്ങൾ കയ്യേറി താമസിക്കുന്നവർക്കാണ് ജലനിരപ്പുയരുന്നതുകാരണം ബുദ്ധിമുട്ടുണ്ടാകുവാൻ സാധ്യതയെന്നും തമിഴ്നാട് അഭിപ്രായപ്പെട്ടു. അതിനുപുറമെ, 140, 141, 142 അടിയിൽ സംഭരണിയിലെ ജലനിരപ്പെത്തിയപ്പോൾത്തന്നെ പ്രളയ മുന്നറിയിപ്പുകൾ

നൽകിയിരുന്നെന്നും അതിനാൽ ആവശ്യമായ നടപടികൾ ജില്ലാ ഭരണകൂടം സ്വീകരിക്കേണ്ടതായിരുന്നുവെന്നുമാണ് തമിഴ്നാടിന്റെ നിലപാട്.

(സി) ഈ വിഷയത്തിൽ കേന്ദ്ര ജല കമ്മീഷനും മുല്ലപ്പെരിയാർ മേൽനോട്ട സമിതിയും എന്ത് നിലപാടാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

തമിഴ്നാട് മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ഷട്ടറുകൾ പ്രവർത്തിപ്പിച്ച രീതിയെ കേന്ദ്ര ജലകമ്മീഷനും മുല്ലപ്പെരിയാർ മേൽനോട്ട സമിതി ചെയർമാനും ചോദ്യം ചെയ്യുകയോ കേന്ദ്ര ജലകമ്മീഷൻ തന്നെ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ശരിയായ രീതിയിലുള്ള പ്രവർത്തനരീതി അവലംബിക്കണമെന്ന നിർദ്ദേശം തമിഴ്നാടിന് നൽകുകയോ ചെയ്തില്ല. എന്നിരുന്നാലും, മുല്ലപ്പെരിയാർ അണക്കെട്ടിന്റെ താഴെയുള്ള പ്രദേശങ്ങളിൽ വസിക്കുന്ന ജനങ്ങൾക്ക് നാശനഷ്ടങ്ങൾ ഉണ്ടാകാത്ത രീതിയിൽ ഡാമിലെ ജലം തുറന്നു വിടേണ്ടതാണെന്ന് മേൽനോട്ട സമിതിയോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന് കേന്ദ്രസർക്കാർ, ജലശക്തി മന്ത്രാലയം ബഹു. കേരള ചീഫ് സെക്രട്ടറിയെ കത്ത് മുഖേന അറിയിച്ചിരുന്നു. മുല്ലപ്പെരിയാറിൽനിന്നും ജലം തുറന്നു വിടുന്നതു സംബന്ധിച്ച് 08/12/2021-ൽ മുല്ലപ്പെരിയാർ മേൽനോട്ട

സമിതിയുടെ യോഗം കൂടുകയും ഷട്ടർ പ്രവർത്തനവുമായി ബന്ധപ്പെട്ട തീരുമാനങ്ങളെടുക്കുന്നതിനായി കേരള-തമിഴ്നാട് ഉദ്യോഗസ്ഥരടങ്ങുന്ന ഒരു സംയുക്ത സമിതി രൂപീകരിക്കണമെന്ന കേരളത്തിന്റെ ആവശ്യം പ്രായോഗികമല്ലെന്ന് മേൽനോട്ട സമിതിയുടെ ചെയർമാൻ അറിയിക്കുകയുമുണ്ടായി. പ്രസ്തുത യോഗത്തിൽ, തമിഴ്നാടിന് 142 അടി വരെ ജലം സംഭരിക്കാനുള്ള അനുവാദം ബഹു. സുപ്രീം കോടതി നൽകിയിട്ടുണ്ടെന്ന വാദം ഉന്നയിച്ച്, വർഷകാലത്ത് മതിയായ Flood Cushion നിലനിർത്താതെ ജലസംഭരണിയുടെ പ്രവർത്തനം നടത്തിയ തമിഴ്നാടിന്റെ പ്രവൃത്തി ന്യായീകരിക്കുകയാണുണ്ടായത്. ഇതിനുപുറമെ 06/12/2021-ൽ രാത്രി 9 മണിക്ക് മുല്ലപ്പെരിയാറിൽനിന്നും 12,654 ക്യൂസെക്സ് എന്ന നിരക്കിൽ ജലം സ്പിൽവേ വഴി ഒഴുക്കിയതിനെ, പ്രസ്തുത നിരക്ക് സ്പിൽവേയിൽ കൂടി ഒഴുക്കിവിടാൻ കഴിയുന്ന പരമാവധി അളവിന്റെ 8 ശതമാനം മാത്രമായിരുന്നുവെന്ന വാദം നിരത്തി തമിഴ്നാടിന്റെ പ്രവൃത്തിയെ ന്യായീകരിക്കുകയും ചെയ്തു.

(ഡി) രാത്രിയിൽ പതിവായി മുന്നറിയിപ്പില്ലാതെ ജലം തുറന്നുവിടുന്നതുമൂലം തദ്ദേശവാസികൾക്കുള്ള ഭീതി ഇല്ലാതാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

30/11/2021 മുതൽ 06/12/2021 വരെയുള്ള കാലയളവിൽ ക്രമാനുഗതമല്ലാതെയും മറ്റും തമിഴ്നാട് അധികൃതർ സ്പിൽവേ ഷട്ടറുകൾ പ്രവർത്തിപ്പിച്ചതുമായി ബന്ധപ്പെട്ട് 08/12/2021-ൽ ബഹു. സുപ്രീം കോടതിയിൽ കേരളം സമർപ്പിച്ച സത്യവാങ്മൂലത്തിൽ വേണ്ടത്ര മുന്നറിയിപ്പ് നേരത്തെ നൽകാതെ അസമയങ്ങളിൽ ജലം ഒഴുക്കിവിടുന്നത് ഒഴിവാക്കുന്നതിനും കാലാവസ്ഥാ നിരീക്ഷണ വകുപ്പിന്റെ മുന്നറിയിപ്പുകൾ കണക്കിലെടുത്ത് പകൽ സമയം ക്രമേണ അധിക ജലം ഒഴുക്കി ആവശ്യമായ Flood Cushion ജലസംഭരണിയിൽ നിലനിർത്തുന്നതിനുമുള്ള നിർദ്ദേശം തമിഴ്നാടിന് നൽകണമെന്നും ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനാവശ്യമായ സമയം ലഭ്യമാക്കുന്നതിനായി കഴിയുന്നതും സ്പിൽവേ ഷട്ടറുകൾ പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട മുന്നറിയിപ്പുകൾ 24 മണിക്കൂർ മുമ്പെങ്കിലും ജില്ലാ ഭരണകൂടത്തെ അറിയിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്നും ഷട്ടർ ഓപ്പറേഷനുമായി ബന്ധപ്പെട്ട തീരുമാനങ്ങളെടുക്കുന്നതിനായി കേരള-തമിഴ്നാട് ഉദ്യോഗസ്ഥരടങ്ങുന്ന ഒരു സംയുക്ത സമിതിയെ ചുമതലപ്പെടുത്തണമെന്നും കേരളം ആവശ്യപ്പെട്ടു. ഇതുമായി ബന്ധപ്പെട്ട ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളാൻ സൂപ്പർവൈസറി കമ്മിറ്റിയോട്

ബഹു. കോടതി നിർദ്ദേശിച്ചു. രാത്രിയിൽ പതിവായി, ജലം തുറന്നുവിടുന്നതുമൂലം തദ്ദേശവാസികൾക്കുള്ള ഭീതി ഒഴിവാക്കാൻ ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ റവന്യൂ, പോലീസ്, അഗ്നിശമനസേന, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് വെള്ളപ്പൊക്ക ഭീഷണിയുള്ള പ്രദേശങ്ങളിൽനിന്നും മുൻകരുതൽ നടപടിയെന്ന നിലയ്ക്ക് ജനങ്ങളെ മാറ്റിപ്പാർപ്പിക്കാൻ ആവശ്യമായ നടപടികൾ ജില്ലാ ഭരണകൂടം ചെയ്തിരുന്നു.

**(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

**മണ്ണും വീടും പദ്ധതി**

1(734) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മണ്ണും വീടും പദ്ധതി പ്രകാരം എത്ര പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് സ്ഥലം നൽകിയെന്ന് വിശദമാക്കാമോ;

(ബി) തൃശ്ശൂർ ജില്ലയിൽ എത്ര കുടുംബങ്ങൾക്ക് സ്ഥലം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

(എ & ബി) ഭൂരഹിതരായ പട്ടികജാതി, പട്ടികവർഗ്ഗക്കാർക്ക് ഭൂമി ലഭ്യമാക്കുന്നതിനായി പട്ടികജാതി വികസന വകുപ്പ് മുഖേനയും പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും "മണ്ണും വീടും" എന്ന പേരിൽ പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല. എന്നാൽ ഭൂമിയില്ലാത്തവർക്ക് കൃഷിഭൂമി വാങ്ങി നൽകുന്ന പദ്ധതി നിലവിലുണ്ട്.

**കുന്നത്തുകാൽ പഞ്ചായത്ത്-ഭൂരഹിത ഭവനരഹിത പട്ടികജാതിക്കാർക്ക് പട്ടയം**

2(735) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിലെ മൂവേരിക്കര വാർഡിൽ 1991-92 കാലഘട്ടത്തിൽ ഭൂരഹിത ഭവന രഹിതർക്കായി പട്ടികജാതി വികസന വകുപ്പ് മുഖേന ആവിഷ്കരിച്ച പദ്ധതി പ്രകാരം പട്ടികജാതി വിഭാഗത്തിലെ ഒമ്പതുപേർക്ക് ഭൂമിയും സർക്കാർ ഗ്രാന്റുപയോഗിച്ച് വീടും നൽകിയെങ്കിലും നാളിതുവരെ പട്ടയം നൽകിയിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാറശ്ശാല മണ്ഡലത്തിലെ കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിലെ മൂവേരിക്കര വാർഡിൽ മണ്ണംകോട് എന്ന പ്രദേശത്ത് 1989-90 കാലഘട്ടത്തിൽ നെയ്യാറ്റിൻകര താലൂക്ക് പട്ടികജാതി വികസന ഓഫീസ് മുഖേന 4 സെന്റ് വസ്തു വീതം പത്തുപേർക്ക് നൽകുകയുണ്ടായി. ടി കുടുംബങ്ങൾക്ക് പട്ടയം ലഭിക്കുന്നതിലേയ്ക്കാവശ്യമായ രേഖകൾ സഹിതം വില്ലേജാഫീസിൽ ഹാജരാക്കുന്നതിന് കുടുംബങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആവശ്യമായ രേഖകൾ ലഭിക്കുന്ന മുറയ്ക്ക് നടപടിക്രമങ്ങൾ പാലിച്ച് പട്ടയം അനുവദിക്കുമെന്ന് റവന്യൂ വകുപ്പ് അറിയിച്ചിട്ടുണ്ട്.

(ബി) ടി പദ്ധതി പ്രകാരം ഭൂമി ലഭിച്ചവരിൽ ആരൊക്കെ നിലവിൽ ഇവിടെ താമസിക്കുന്നുണ്ടെന്നും അല്ലാത്തവർ എത്ര പേരുണ്ടെന്നുമുള്ള വിവരം നൽകാമോ?

ആകെ 10 പേർക്ക് പ്രസ്തുത വസ്തു നൽകിയിരുന്നു. വിവരം ചുവടെ ചേർക്കുന്നു:

പ്ലോട്ട് നം. 1 സുകുമാരൻ (Late)

പ്ലോട്ട് നം. 2 ശ്യാമള

പ്ലോട്ട് നം. 3 നിർമ്മല (Late)

പ്ലോട്ട് നം. 4 പ്രസന്നകുമാരി

പ്ലോട്ട് നം. 5 അനിത

പ്ലോട്ട് നം. 6 ശശി

പ്ലോട്ട് നം. 7 ഓമന

പ്ലോട്ട് നം. 8 തങ്കമ്മ (Late)

പ്ലോട്ട് നം. 9. മണിയൻ

പ്ലോട്ട് നം. 10. അംബിക (Late)

<u>നിലവിൽ താമസിച്ചുവരുന്നവർ</u>:-

1. പ്രസന്നകുമാരി, മൂവേരിക്കര വാർഡ്

2. ശ്യാമള, മൂവേരിക്കര വാർഡ്

3. മണിയൻ, മൂവേരിക്കര വാർഡ്.

<u>15 വർഷമായി അനധികൃതമായി താമസിക്കുന്നവർ</u>:-

1. ശാരദ (പ്ലോട്ട് നം. 3)

2. ലീല (പ്ലോട്ട് നം. 6)

(സി) ഇവരിൽ എത്രപേർ പട്ടയത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും പ്രസ്തുത പദ്ധതി പ്രകാരം ഭൂമി ലഭിച്ച ഇവിടത്തെ സ്ഥിരതാമസക്കാർക്ക് പട്ടയം നൽകുന്നതിന് സ്വീകരിച്ച നടപടികളും പട്ടയം എപ്പോൾ നൽകാനാകുമെന്നും ആയതിന്റെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

ഇവരിൽ 3 പേർ പട്ടയത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അവകാശ രേഖകൾ ഹാജരാക്കുന്നതിന് ടി കക്ഷികൾക്ക് അറിയിപ്പ് നൽകുന്നതിനായി കുന്നത്തുകാൽ വില്ലേജ് ആഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും പ്രസ്തുത രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് പട്ടയം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും റവന്യൂ വകുപ്പ് അറിയിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത വിഷയത്തിൽ അടിയന്തരമായി ഇടപെട്ട് അവിടത്തെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് യഥാർത്ഥ ഉടമകൾക്ക് പട്ടയം നൽകാനും ബാക്കിയുള്ള ഭൂമി ഏറ്റെടുത്ത് ടി പഞ്ചായത്തിലെ ഭൂരഹിതരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് നൽകി ലൈഫ് പദ്ധതി മുഖേനയോ മണ്ണുംവീടും പദ്ധതി മുഖേനയോ വീട് നിർമ്മിച്ചു നൽകുന്നതിനും നടപടി സ്വീകരിക്കുമോ?

യഥാർത്ഥ ഉടമകളെ കണ്ടെത്തി അവർ നിലവിൽ ഭൂരഹിതരാണോയെന്ന് പരിശോധിച്ച് അർഹത ഉറപ്പുവരുത്തി മാത്രമേ പട്ടയം നൽകുന്നതിനും അവശേഷിക്കുന്ന ഭൂമി അർഹരായ ഭൂരഹിത കുടുംബങ്ങൾക്ക് നൽകുന്നതിനും സാധിക്കുകയുള്ളൂ.

**ലൈഫ് ഭവന പദ്ധതി**

3(736) <u>ശ്രീ. എ. പി. അനിൽ കുമാർ:</u> താഴെ കാണുന്ന

ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പ് ലൈഫ് ഭവന പദ്ധതിയിലേയ്ക്ക് നാളിതുവരെ എത്ര തുക കൈമാറിയിട്ടുണ്ട്; വർഷാടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ?

| **വർഷം** | **തുക (കോടിയിൽ)** |
|---|---|
| 2018-19 | 61.30 |
| 2020-21 | 245 |
| 2021-22 | 101.17 |
| **ആകെ** | **407.47** |

(ബി) ലൈഫ് ഭവന പദ്ധതിയിലുൾപ്പെടുത്തി പട്ടികജാതി വിഭാഗങ്ങൾക്ക് നാളിതുവരെ എത്ര വീടുകൾ നൽകിയിട്ടുണ്ടെന്ന് വർഷാടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ?

വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(സി) പട്ടികജാതി വികസന വകുപ്പ് മുഖേന ഭൂരഹിതരായ ആളുകൾക്ക് ഭൂമി വാങ്ങുന്നതിനും ഭവനരഹിതരായ ആളുകൾക്ക് വീട് നൽകുന്നതിനുമുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതി ഇപ്പോൾ നിലവിലുണ്ടോ?

ഭൂരഹിതരായ പട്ടികജാതി വിഭാഗക്കാർക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം ലഭ്യമാക്കുന്നതിനായി ഭൂരഹിത പുനരധിവാസ പദ്ധതിയും ഭവനരഹിതരായ പട്ടികജാതി വിഭാഗക്കാർക്ക് വീട് ലഭ്യമാക്കുന്നതിന് ലൈഫ് മിഷൻ പദ്ധതിയും നിലവിലുണ്ട്.

**പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവനങ്ങൾ**

4(737) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ ഓരോ സാമ്പത്തിക വർഷവും പട്ടികജാതി, പട്ടികവർഗ്ഗ വകുപ്പ് മുഖേന എത്ര ഭവനങ്ങൾ നിർമ്മിച്ചുനൽകിയിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം നൽകുമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2016-17 മുതൽ 2018-19 വരെ വകുപ്പു മുഖേനയും ശേഷം ലൈഫ് മിഷൻ മുഖേനയുമാണ് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭവനനിർമ്മാണ ധനസഹായം അനുവദിച്ചു നൽകിയിരുന്നത്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം 1+ ആയി ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ലൈഫ് മിഷൻ മുഖേന കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവനങ്ങൾ നിർമ്മിച്ച നൽകിയിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ ജില്ല തിരിച്ച് വിശദാംശം നൽകുമോ?

ലൈഫ് മിഷൻ മുഖേന 29,777 പട്ടികജാതി കുടുംബങ്ങളും 19,244 പട്ടികവർഗ്ഗ കുടുംബങ്ങളും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധം 2+ ആയി ചേർക്കുന്നു.

(സി) ലൈഫ് മിഷൻ മുഖേന 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിൽ എത്ര പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവനങ്ങൾ നിർമ്മിച്ച നൽകിയിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ ജില്ല തിരിച്ച് വ്യക്തമാക്കുമോ?

വിവരങ്ങൾ അനുബന്ധം 3+ ആയി ചേർക്കുന്നു.

**പട്ടിക ജാതി, പട്ടികവർഗ്ഗ വകുപ്പ് നിർത്തലാക്കിയ ഭവന നിർമ്മാണ ധനസഹായ പദ്ധതി**

5(738) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലൈഫ് ഭവന പദ്ധതി നിലവിൽ വന്നതോടെ പട്ടിക ജാതി, പട്ടികവർഗ്ഗ വകുപ്പ് നിർത്തലാക്കിയ ഭവനനിർമ്മാണ ധനസഹായ വിതരണ പദ്ധതി പുന:സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നവകേരള മിഷന്റെ ഭാഗമായ ലൈഫ് മിഷൻ ഭവന പദ്ധതി മുഖേനയാണ് സംസ്ഥാനത്തെ ഭവനരഹിതരായ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് അനുവദിക്കുന്നത്. ഭവനരഹിതരായ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളുടെ പട്ടിക തയ്യാറാക്കുന്നതിനും ആനുകൂല്യം ലഭ്യമാക്കുന്നതിനും പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ സേവനം മിഷന് ലഭ്യമാക്കുകയും വകുപ്പുകളുടെ വിഹിതം നൽകുകയും ചെയ്യുന്നു. വകുപ്പുകൾ നേരിട്ട് ഭവന പദ്ധതി നടപ്പിലാക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

**ലൈഫ് മിഷൻ പ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവനം**

6(739) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും

ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പ്രകാരം ഭവനം ലഭിക്കുന്നതിനായി നിലവിൽ എത്ര പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾ അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന കണക്ക് വകുപ്പിൽ ലഭ്യമാണോയെന്ന് അറിയിക്കാമോ;

(ബി) 2020-21 സാമ്പത്തിക വർഷത്തിൽ ലൈഫ് മിഷൻ മുഖേന എത്ര പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭവനങ്ങൾ നിർമ്മിച്ചു നൽകിയിട്ടുണ്ടെന്ന കണക്ക് വകുപ്പിൽ ലഭ്യമാണോ; എങ്കിൽ ജില്ലതിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

(എ & ബി) വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

**ഭൂരഹിതർക്ക് ഭവന നിർമ്മാണത്തിനായി ഭൂമി വാങ്ങൽ**

7(740) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 കാലയളവിൽ ഷൊർണ്ണൂർ മണ്ഡലത്തിൽ, പട്ടികജാതി വിഭാഗത്തിലെ ഭൂരഹിതർക്ക് ഭവനനിർമ്മാണത്തിനായുള്ള ഭൂമി വാങ്ങുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചു; എത്ര പേർക്ക് ഭൂമി നൽകാൻ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കഴിഞ്ഞു; വിശദമാക്കാമോ?

പ്രസ്തുത മണ്ഡലത്തിൽനിന്നും ഭൂരഹിത പുനരധിവാസ പദ്ധതിക്കായി 25 അപേക്ഷകൾ ലഭിച്ചതിൽ 17 പേർക്ക് ഭൂമി അനുവദിച്ചിട്ടുണ്ട്.

(ബി) ഈ കാലയളവിൽ ഭാഗികമായി നിർമ്മിച്ച ഭവനങ്ങളുടെ പൂർത്തീകരണം, ദുർബലമായവയുടെ നവീകരണം, പഠനമുറികളുടെ നിർമ്മാണം എന്നിവയ്ക്ക് എത്ര അപേക്ഷ പട്ടികജാതി വിഭാഗത്തിൽനിന്നും ലഭിച്ചു; എത്രയെണ്ണം നൽകുവാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ?

ഭവന പൂർത്തീകരണത്തിനായി ലഭിച്ച 75 അപേക്ഷകളിൽ 37 എണ്ണം അനുവദിച്ചിട്ടുണ്ട്. പഠനമുറിക്കായി ലഭിച്ച 58 അപേക്ഷകളിൽ 35 എണ്ണം അനുവദിച്ചിട്ടുണ്ട്. ദുർബലമായ വീടുകളുടെ നവീകരണത്തിന് നിലവിൽ പദ്ധതി നടപ്പിലാക്കുന്നില്ല.

**പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ വീട് പുനർനിർമ്മാണം**

8(741) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലപ്പഴക്കംകൊണ്ട് ദുർബലമായ വീടുകൾ പുനർനിർമ്മിക്കാൻ

പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കായി എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോയെന്ന് അറിയിക്കാമോ?

കഴിഞ്ഞ 10 വർഷത്തിനുള്ളിൽ സ്വന്തമായോ വിവിധ വകുപ്പുകൾ മുഖാന്തരമോ ഭവനനിർമ്മാണം നടത്തിയിട്ട് പൂർത്തീകരിക്കാൻ കഴിയാതെ പോയ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വീടുകൾ പൂർത്തീകരിക്കുന്നതിന് പരമാവധി 1.5 ലക്ഷം രൂപവരെ അനുവദിക്കുന്ന ഭവന പൂർത്തീകരണ പദ്ധതി പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. വിവിധ പുനരധിവാസ പദ്ധതികളിലൂടെ ഭൂമി ലഭ്യമാകുന്ന പട്ടികവർഗ്ഗക്കാർക്ക് ആദിവാസി പുനരധിവാസ മിഷൻ മുഖേന വീട് അനുവദിക്കുന്നുണ്ട്. കൂടാതെ, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ പൂർത്തീകരിക്കാൻ കഴിയാതെപോയ വീടുകളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി 1.5 ലക്ഷം രൂപവരെ അനുവദിക്കുന്നുണ്ട്.

(ബി) സ്വന്തമായി സ്ഥലവുംവീടുമില്ലാത്ത പട്ടികജാതി വിഭാഗക്കാർക്ക് സ്ഥലം വാങ്ങാൻ ഫണ്ട് അനുവദിക്കാൻ കഴിയുമോയെന്ന് അറിയിക്കാമോ?

സ്വന്തമായി ഭൂമി ഇല്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിനായി പട്ടികജാതി വികസന വകുപ്പിൽനിന്ന് ഭൂരഹിത

പുനരധിവാസ പദ്ധതി പ്രകാരം ധനസഹായം അനുവദിക്കുന്നു. ലൈഫ് മിഷനും തദ്ദേശ സ്വയംഭരണ വകുപ്പും തയ്യാറാക്കിയ ലൈഫ് ലിസ്റ്റിൽനിന്നും വീടിന് അർഹരായ ഗുണഭോക്താക്കൾക്ക് മുൻഗണനാക്രമം അനുസരിച്ച് ഫണ്ട് അനുവദിക്കുന്നു.

**കൊണ്ടോട്ടി മണ്ഡലത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ ഭവനരഹിതർ**

9(742) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിതർ, ഭവനരഹിതർ, നിലവിലെ വീട് അപകടാവസ്ഥയിലായവർ എന്നിവരെ സംബന്ധിച്ച കണക്കുകൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ നൽകാമോ?

വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരിൽനിന്നും പുതിയ ഭവനത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അവയിൽ എത്രപേർക്ക് ധനസഹായം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകിയിട്ടുണ്ടെന്നുമുള്ള കണക്കുകൾ നൽകാമോ?

പ്രസ്തുത നിയോജകമണ്ഡലത്തിൽനിന്നും പുതിയ ഭവനത്തിനായി പട്ടികജാതിയിൽപ്പെട്ടവരിൽനിന്നും 1225 അപേക്ഷകളും പട്ടികവർഗ്ഗത്തിൽപ്പെട്ടവരിൽനിന്നും ഒരു അപേക്ഷയുമാണ് ലഭിച്ചിട്ടുള്ളത്. ടി അപേക്ഷകളിന്മേലുള്ള അർഹതാ പരിശോധന ലൈഫ് മിഷനിൽ നടന്നുവരുന്നു. ഗുണഭോക്തൃ പട്ടിക അന്തിമമാകുന്ന മുറയ്ക്ക് ധനസഹായം ലഭ്യമാക്കും.

(സി) പ്രസ്തുത വിഭാഗത്തിൽപ്പെട്ടവർക്ക് പുതിയ ഭവനം നിർമ്മിക്കുന്നതിനും വീടുകൾക്ക് അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാന സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ ലൈഫ് മിഷൻ മുഖേനയാണ് നിലവിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭവനനിർമ്മാണ ധനസഹായം നൽകുന്നത്. അർഹരായ ഗുണഭോക്താക്കൾക്ക് ലൈഫ് മിഷൻ മുഖേന 4 ലക്ഷം രൂപയും പട്ടികവർഗ്ഗ സങ്കേതങ്ങളിൽ താമസിക്കുന്നവർക്ക് 6 ലക്ഷം രൂപയും ഭവന

നിർമ്മാണ ധനസഹായമായി നൽകുന്നു. വിവിധ പുനരധിവാസ പദ്ധതികളിലൂടെ ഭൂമി ലഭ്യമാകുന്ന പട്ടികവർഗ്ഗക്കാർക്ക് ആദിവാസി പുനരധിവാസ മിഷൻ മുഖേന വീട് അനുവദിക്കുന്നുണ്ട്. വീടുകളുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനുമായി 1.50 ലക്ഷം രൂപ പട്ടികവർഗ്ഗ വികസന വകുപ്പുമുഖേന അനുവദിക്കുന്നു. ഭവന പുനരുദ്ധാരണത്തിന് പട്ടികജാതി വികസന വകുപ്പുമുഖേന ധനസഹായം അനുവദിക്കുന്നില്ല. എന്നാൽ കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ സ്വന്തമായോ വിവിധ വകുപ്പുകൾ/ഏജൻസികൾ മുഖാന്തരമോ ഭവനനിർമ്മാണം നടത്തിയിട്ട് സാമ്പത്തിക ബുദ്ധിമുട്ട് കാരണം പൂർത്തീകരിക്കാൻ കഴിയാതെ പോയ വീടുകൾ പൂർത്തീകരിക്കുന്നതിന് പരമാവധി 1.50 ലക്ഷം രൂപ അനുവദിക്കുന്ന ഭവനപൂർത്തീകരണ പദ്ധതി നടപ്പിലാക്കിവരുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പട്ടയം**

10(743) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ

വിഭാഗക്കാർ പട്ടയം ലഭിക്കുന്നതിനുവേണ്ടി സമർപ്പിച്ച അപേക്ഷകളിൽ ഇനിയും എത്രയെണ്ണം തീർപ്പാക്കാനുണ്ടെന്ന് അറിയിക്കാമോ?

വാമനപുരം നിയോജകമണ്ഡലത്തിലെ പട്ടികജാതി വിഭാഗക്കാർ പട്ടയം ലഭിക്കുന്നതിനുവേണ്ടി സമർപ്പിച്ച അപേക്ഷകളിൽ ഇനി 27 എണ്ണം കൂടി തീർപ്പാക്കാനുണ്ട്. പട്ടയ അപേക്ഷ സംബന്ധിച്ച വിശദാംശങ്ങൾ റവന്യൂ വകുപ്പിൽനിന്നും ശേഖരിച്ച് അറിയിക്കുന്നതാണ്.

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട എത്രപേർക്ക് മുൻസർക്കാരിന്റെ കാലംമുതൽ ഇപ്പോൾവരെ പട്ടയം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ?

പട്ടികജാതി വിഭാഗത്തിൽപ്പെട്ട 49 പേർക്ക് മുൻ സർക്കാരിന്റെ കാലംമുതൽ ഇപ്പോൾവരെ പട്ടയം നൽകിയിട്ടുണ്ട്. എന്നാൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ആർക്കും പട്ടയം നൽകിയിട്ടില്ല.

**കോഴിക്കോട് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി**

11(744) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിലുൾപ്പെടുത്തി

പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സങ്കേതങ്ങളിൽ നടപ്പിലാക്കുന്ന പരിപാടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്ന അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനമാണ് ലക്ഷ്യമിടുന്നത്. അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തിക വികസന പ്രവർത്തനങ്ങൾ, വനിതകൾക്കും കുട്ടികൾക്കുമായുള്ള ക്ഷേമ പ്രവർത്തനങ്ങൾ, പട്ടികവർഗ്ഗ സങ്കേതങ്ങളിലെ ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവനം, ഭവന പുനരുദ്ധാരണം, കുടിവെള്ള വിതരണ പദ്ധതികൾ, ശുചിത്വ പരിപാടികൾ, നടപ്പാത, നടപ്പാലം മുതലായ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, ജീവനോപാധികളുടെ വിതരണം തുടങ്ങിയവ ഈ പദ്ധതിയിൽ നടപ്പാക്കുന്നു.

(ബി) കോഴിക്കോട് ജില്ലയിൽ ഈ പദ്ധതി പ്രകാരം പുതിയതായി അനുവദിച്ച സെറ്റിൽമെന്റുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

2020-21 വർഷം കോഴിക്കോട് ജില്ലയിലെ നാദാപുരം നിയോജക മണ്ഡലത്തിൽനിന്നും പൊയ്യിൽ കോളനി, ബാലുശ്ശേരി നിയോജക മണ്ഡലത്തിൽനിന്നും അമ്പലക്കുന്ന്, തിരുവമ്പാടി നിയോജകമണ്ഡലത്തിൽ

നിന്നും ചിപ്പിലത്തോട് എന്നീ സെറ്റിൽമെന്റുകളെയാണ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ തെരഞ്ഞെടുത്തിട്ടുള്ളത്.

(സി) ഓരോ സെറ്റിൽമെന്റിലും അനുവദിച്ച തുക എത്രയാണെന്നും എന്തൊക്കെ പരിപാടികളാണ് നടപ്പിലാക്കുന്നതെന്നും വിശദമാക്കുമോ?

2020-21 വർഷം അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിൽനിന്നും തെരഞ്ഞെടുത്ത പട്ടികവർഗ്ഗ കോളനികളിൽ പദ്ധതി നടപ്പിലാക്കുന്നതിനായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിനെ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുക്കുകയും കോളനികളിലെ ഊരുകൂട്ട തീരുമാനപ്രകാരം പരമാവധി ഒരു കോടി രൂപയിൽ നിജപ്പെടുത്തി ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കുന്നതിന് കോഴിക്കോട് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

**നെന്മാറ മണ്ഡലത്തിലെ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി**

12(745) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിലുൾപ്പെടുത്തിയ കോളനികളുടെ വികസന പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) നിലവിലുള്ള പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

(എ & ബി) വിലയിരുത്തിയിട്ടുണ്ട്. പ്രസ്തുത നിയോജകമണ്ഡലത്തിൽ നിന്നും നെന്മാറപ്പാടം കോളനി, പടിക്കൽപ്പാടം കോളനി എന്നിവയെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നെന്മാറപ്പാടം കോളനിയിലെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 09/09/2021, 18/11/2021 തീയതികളിൽ നടത്തിയ ഉന്നതതല അവലോകന യോഗത്തിൽ പടിക്കൽപ്പാടം കോളനിയിലെ പദ്ധതി പ്രവർത്തനങ്ങൾ വിലിയിരുത്തുകയും അടിയന്തരമായി പൂർത്തീകരിക്കുന്നതിന് കർശന നിർദ്ദേശം നൽകുകയും ചെയ്തു. ആയതിൻപ്രകാരം ടി കോളനിയിലെ കുടിവെള്ള പദ്ധതിക്ക് വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമാകാത്തതിനാൽ പ്രസ്തുത പ്രവൃത്തിയൊഴിച്ച് മറ്റെല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

**ഒറ്റപ്പെട്ട ആദിവാസി ഊരുകളിലേയ്ക്ക് ഗതാഗത സൗകര്യം**

13(746) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവശ്യത്തിന് ഗതാഗത സൗകര്യമില്ലാതെ ഒറ്റപ്പെട്ട എത്ര ആദിവാസി ഊരുകൾ സംസ്ഥാനത്ത് നിലവിലുണ്ട്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഊരുകളിലേയ്ക്ക് ഭക്ഷണസാധനങ്ങളും അടിയന്തര വൈദ്യസഹായവും ഉൾപ്പെടെയുള്ള കാര്യങ്ങൾ എത്തിച്ചുനൽകുന്നതിന് വകുപ്പുതലത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) എല്ലാ ജില്ലകളിൽനിന്നുമുള്ള വിവരം ശേഖരിച്ചുനൽകുന്നതാണ്.

**അംബേദ്കർ ഗ്രാമ പദ്ധതി**

14(747) <u>ഡോ. സുജിത് വിജയൻപിള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കോളനികളുടെ വികസനത്തിനായുള്ള അംബേദ്കർ

ഗ്രാമ പദ്ധതിയിലുൾപ്പെടുത്തി പ്രവൃത്തികൾ നടക്കുന്ന ചവറ മണ്ഡലത്തിലെ കോളനികളുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ;

(ബി) ഇതിനായി അനുവദിച്ച തുകയിൽ ഓരോ കോളനിക്കും എത്ര രൂപ ചെലവഴിച്ചുവെന്ന് അറിയിക്കുമോ?

(എ&ബി) ചവറ മണ്ഡലത്തിൽനിന്നും 2016-17 വർഷം പന്മന പഞ്ചായത്തിലെ കൊല്ലക 3 സെന്റ് കോളനിയെയാണ് അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. ടി കോളനിയിലെ ഭവന നിർമ്മാണം, കമ്മ്യൂണിറ്റിഹാൾ, ലൈബ്രറി നിർമ്മാണം, ടോയ്‌ലറ്റ് നിർമ്മാണം തുടങ്ങിയവ പൂർത്തീകരിച്ചിട്ടുണ്ട്. വാട്ടർ സപ്ലൈ ആൻഡ് സാനിട്ടറി വർക്ക്സ്, സപ്ലൈ ആൻഡ് കൺസ്ട്രക്ഷൻ ഓഫ് ബയോ ഡൈജസ്റ്റർ പോട്ട്, സോളാർ എനർജി ലാംപ്സ് സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികളാണ് അവശേഷിക്കുന്നത്. ടി പദ്ധതിക്കായി 50,00,000 രൂപ നിർവ്വഹണ ഏജൻസിക്ക് നൽകിയിട്ടുണ്ട്. പ്രവൃത്തികൾ 31.03.2022-ന് മുമ്പായി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ആലത്തൂർ -അംബേദ്കർ ഗ്രാമസമഗ്ര പദ്ധതി**

15(748) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യത്തിന്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ മണ്ഡലത്തിൽ അംബേദ്കർ ഗ്രാമസമഗ്ര പദ്ധതി പ്രകാരം ഏതെല്ലാം കോളനികളുടെ പണി പൂർത്തീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ; ഇനി ഏതെല്ലാം പൂർത്തീകരിക്കാനുണ്ടെന്ന് അറിയിക്കാമോ?

വിവരങ്ങൾ അനുബന്ധമായി+ ഉൾപ്പെടുത്തിയിരിക്കുന്നു.

**മലമ്പുഴ മണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനികൾ**

16(749) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മലമ്പുഴ നിയോജകമണ്ഡലത്തിൽ എത്ര പട്ടികവർഗ്ഗ കോളനികളുണ്ടെന്നും അവ ഏതൊക്കെയാണെന്നും പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ?

മലമ്പുഴ നിയോജകമണ്ഡലത്തിലെ പട്ടികവർഗ്ഗ കോളനികളുടെ

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

**കോഴിക്കോട് ജില്ല-അംബേദ്കർ ഗ്രാമം പദ്ധതി**

17(750) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിലൂടെ കോഴിക്കോട് ജില്ലയിലെ എത്ര പട്ടികജാതി കോളനികളിലാണ് നവീകരണ പ്രവൃത്തികൾ നടന്നുവരുന്നതെന്ന് വിശദമാക്കാമോ;

(ബി) ഓരോ കോളനിയിലെയും വികസന പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കാമോ?

(എ & ബി) വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

**നായാടി വിഭാഗക്കാരുടെ കോളനി വികസനത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ**

18(751) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്ത് നായാടി വിഭാഗക്കാരുടെ കോളനി വികസനത്തിനായി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ വ്യക്തമാക്കാമോ?

വിവരങ്ങൾ അനുബന്ധമായി+ ഉൾപ്പെടുത്തിയിരിക്കുന്നു.

(ബി) ഗുരുവായൂർ മണ്ഡലത്തിലെ നായാടി വിഭാഗക്കാരുടെ കോളനി വികസനത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ വിശദമാക്കാമോ?

പ്രസ്തുത നിയോജകമണ്ഡലത്തിൽ അകലാട് പട്ടികജാതി കോളനിയിൽ (പുന്നയൂർ പഞ്ചായത്തിൽ) വികസന പ്രവർത്തനങ്ങൾക്കായി ദുർബല വിഭാഗ പുനരധിവാസ പദ്ധതിപ്രകാരം 64,40,000/- രൂപ അനുവദിച്ചിട്ടുണ്ട്. ടി കോളനിയിലെ 22 വീടുകളിൽ അറ്റകുറ്റപ്പണി നടത്തുവാൻ സാധ്യമായ 17 വീടുകളുടെ പ്രവൃത്തികൾ നടന്നുവരുന്നു. ശേഷിക്കുന്ന 5 വീടുകളിൽ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ട 3 പേർക്ക് പുതിയ ഭവനനിർമ്മാണ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ട്. വകുപ്പിന്റെ പഠനമുറി, ടോയ്‌ലറ്റ് ഗ്രാന്റ് പദ്ധതികളും പ്രസ്തുത കോളനിയിൽ നടപ്പിലാക്കിവരുന്നു.

(സി) ഗുരുവായൂർ മണ്ഡലത്തിൽ നായാടി വിഭാഗക്കാരായ എത്ര കുടുംബങ്ങൾ വീടില്ലാത്തവരായുണ്ടെന്നും അവരുടെ വീട്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർമ്മാണത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ?

പ്രസ്തുത മണ്ഡലത്തിൽ ഭവനരഹിതരായ 15 നായാടി വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളാണുള്ളത്. ടി കുടുംബങ്ങളിൽ 6 കുടുംബങ്ങൾ ലൈഫ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. ആയതിൽ 4 ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**പയ്യന്നൂർ മണ്ഡലം-അംബേദ്കർ ഗ്രാമം പദ്ധതി**

19(752) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് ഗ്രാമം പദ്ധതിയുടെ പുരോഗതി അറിയിക്കുമോ?

അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം പയ്യന്നൂർ മണ്ഡലത്തിൽനിന്നും തെരഞ്ഞെടുത്ത മാടക്കാംപൊയിൽ കോളനി, കാരന്തോട് കോളനി എന്നിവിടങ്ങളിലെ പ്രവൃത്തി പൂർത്തീകരിച്ചു. കുക്കാനം കോളനിയിലെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി

പ്രകാരം തെരഞ്ഞെടുത്ത പട്ടത്തുവയൽ ST കോളനിയിൽ അനുവദിച്ച 7 വീടുകളുടെ നിർമ്മാണം 90% പൂർത്തീകരിച്ചിട്ടുണ്ട്. ഭവന പുനരുദ്ധാരണം, നടപ്പാത നിർമ്മാണം, വാട്ടർടാങ്ക് നിർമ്മാണം എന്നീ പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്. ടി പദ്ധതി പ്രകാരം തെരഞ്ഞെടുത്ത എയ്യൻകല്ല് കോളനിയിൽ കോളനി നിവാസികളുടെ എതിർപ്പുകാരണം നിർമ്മാണ പ്രവൃത്തികളൊന്നും നിലവിൽ ആരംഭിച്ചിട്ടില്ല.

(ബി) പ്രസ്തുത പദ്ധതിയിലുള്ള കോളനികളുടെ പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരമുള്ള 2 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന ഒരു പ്രവൃത്തി 15/07/2022-ന് പൂർത്തീകരിക്കുമെന്ന് നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിലുൾപ്പെടുത്തിയ പ്രവൃത്തികൾ 31.03.2022-നകം പൂർത്തീകരിക്കാൻ നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**വള്ളിക്കോട് മൂർത്തിമുരുപ്പ് കോളനി, ചിറ്റാർ കണക്കയം കോളനി എന്നീ പ്രവൃത്തികളുടെ പുരോഗതി**

20(753) <u>ശ്രീ. കെ. യു. ജനീഷ് കുമാർ:</u> താഴെ കാണുന്ന

ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിലെ വള്ളിക്കോട്-മൂർത്തിമുരുപ്പ് കോളനി, ചിറ്റാർ-മണക്കയം കോളനി എന്നീ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

(എ & ബി) വള്ളിക്കോട് മൂർത്തിമുരുപ്പ് കോളനി - 2020-21 വർഷം അംബേദ്കർ ഗ്രാമവികസന പദ്ധതിയിൽ ഉൾക്കൊള്ളിക്കുകയും നിലവിൽ 80% പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കിയുള്ള പ്രവൃത്തികൾ 2022 മാർച്ച് 31-ന് മുമ്പായി പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ചിറ്റാർ മണക്കയം കോളനി - 2020-21 വർഷം പ്രസ്തുത പദ്ധതിയിൽ ഉൾക്കൊള്ളിക്കുകയും നിലവിൽ 50% പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തു. ശേഷിക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2022 മെയ് മാസത്തിനുള്ളിൽ ഈ പദ്ധതി പൂർത്തീകരിക്കുന്നതിന് നിർവ്വഹണ

ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**കൊടുവള്ളി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

21(754) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതിയുടെ ഭാഗമായി താമരശ്ശേരി എളോത്തുകണ്ടി എ.കെ.ജി കോളനിയിലെ വിവിധ പദ്ധതികൾക്കും നെരൊമ്പാറ കോളനിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകാരത്തിനും കോഴിക്കോട് ജില്ലാ പട്ടികജാതി വികസന ഓഫീസർ സമർപ്പിച്ച ഫയലിന്മേൽ പട്ടികജാതി വികസന ഡയറക്ടറേറ്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ; ഇതുസംബന്ധിച്ച ഡയറക്ടറേറ്റിലെ ഫയൽ നമ്പർ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇതുസംബന്ധിച്ച് പുറത്തിറക്കിയ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

(എ & ബി) നെരൊമ്പാറ കോളനി നവീകരണത്തിനായി 91,78,415/-

രൂപയുടെ എസ്റ്റിമേറ്റ് 15/12/2017-ന് അംഗീകരിച്ച് ഉത്തരവായിരുന്നു (ഉത്തരവിന്റെ പകർപ്പ്+ ഉള്ളടക്കം ചെയ്യുന്നു). പ്രസ്തുത പദ്ധതിയിൽ ഉൾപ്പടുത്തിയിരുന്ന സാംസ്കാരിക നിലയം, റോഡ്, അംഗൻവാടി, സ്ട്രീറ്റ് ലൈറ്റ് എന്നീ പ്രവൃത്തികൾ ഒഴിവാക്കി പകരം ഭവന പുനരുദ്ധാരണ പദ്ധതി, റീടെയ്നിംഗ് വാൾ എന്നീ പ്രവൃത്തികളിൽ കൂടുതൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തിക്കൊണ്ട് കോഴിക്കോട് ജില്ലാ പട്ടികജാതി വികസന ഓഫീസർ സമർപ്പിച്ച റിവൈസ്ഡ് എസ്റ്റിമേറ്റ് ഡയറക്ടറേറ്റ്തലത്തിൽ Dev-C1/32040/2017 നമ്പർ ഫയലിൽ നടപടി സ്വീകരിച്ചുവരുന്നു. റിവൈസ്ഡ് എസ്റ്റിമേറ്റിൽ ന്യൂനതയുള്ളതിനാൽ കോഴിക്കോട് ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്. താമരശ്ശേരി എളോത്തുകണ്ടി എ.കെ.ജി കോളനിയിലെ പദ്ധതി നിർവ്വഹണത്തിനായി ഏജൻസി സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റ് അംഗീകരിക്കുന്നതിനുള്ള നടപടികൾ ഡയറക്ടറേറ്റ്തലത്തിൽ Dev-C1/9119/2021 നമ്പർ ഫയലിൽ സ്വീകരിച്ചുവരുന്നു.

**അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി**

22(755) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽ അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തിയ പൊൻമള പഞ്ചായത്തിലെ തെക്കേക്കര കോളനി, ഇരിമ്പിളിയം പഞ്ചായത്തിലെ കൊട്ടമുടി-പോക്കാട്ടുകുഴി കോളനി, എടയൂർ പഞ്ചായത്തിലെ പൊറ്റെക്കളംപടി കോളനി എന്നിവയുടെ നവീകരണം സംബന്ധിച്ച വിശദമായ വിവരം ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി+ ഉൾപ്പെടുത്തിയിരിക്കുന്നു.

(ബി) പ്രസ്തുത കോളനികളുടെ നവീകരണപ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

പ്രവൃത്തികൾ 2022 മാർച്ച് 31-നകം പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് കർശനനിർദ്ദേശം നൽകിയിട്ടുണ്ട്.

**നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

23(756) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ അനുവദിച്ച അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെട്ട കോളനി നവീകരണ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) ഓരോ കോളനിക്കും അനുവദിച്ച തുക എത്രയാണെന്നും അത് വിനിയോഗിച്ച് പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാമെന്നും വിശദമാക്കാമോ;

(സി) ഇനി പൂർത്തീകരിക്കേണ്ട പ്രവൃത്തികൾ ഏതെല്ലാമാണെന്നും എപ്പോൾ പൂർത്തീകരിക്കുമെന്നും വിശദമാക്കാമോ; ഒരോ പ്രവൃത്തിയും ഏത് വർഷത്തിലാണ് തുടങ്ങിയതെന്നും വ്യക്തമാക്കാമോ?

(എ-സി) വിവരങ്ങൾ അനുബന്ധമായി+ ഉൾപ്പെടുത്തിയിരിക്കുന്നു.

**സമഗ്ര കോളനി വികസന പദ്ധതി**

24(757) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര കോളനി വികസന പദ്ധതി പ്രകാരം കാസർഗോഡ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജില്ലയിൽ എത്ര പട്ടികജാതി - പട്ടികവർഗ്ഗ കോളനികളാണ് 2016 മുതൽ ഇതുവരെയും ഒരു കോടി രൂപ പദ്ധതി ആവിഷ്കരിച്ചത്; ഓരോ പദ്ധതികളുടെയും നിർവ്വഹണ ഏജൻസി ഏതെന്ന് നിയോജകമണ്ഡലം തിരിച്ച് വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിലെ 5 നിയോജകമണ്ഡലങ്ങളിൽനിന്നും 2 കോളനികൾ വീതം ആകെ 10 പട്ടികജാതി കോളനികളെ പ്രസ്തുത പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുത്തിട്ടുണ്ട്. ടി പദ്ധതികളുടെ നിർവ്വഹണ ഏജൻസി കാസർഗോഡ് ജില്ലാ നിർമ്മിതി കേന്ദ്രമാണ്. അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം 2021 വർഷത്തിൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 6 കോളനികളുൾപ്പെടെ 14 പട്ടികവർഗ്ഗ കോളനികളെ ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 2017-18 വർഷത്തിൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 8 കോളനികളിലെ നിർമ്മാണ പ്രവൃത്തികൾ കാസർഗോഡ് ജില്ലാ നിർമ്മിതി കേന്ദ്രം വഴി പുരോഗമിച്ചുവരുന്നു. 2020-21 വർഷം അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിക്കായി തെരഞ്ഞെടുക്കപ്പെട്ട കോളനികളുടെ നിർവ്വഹണ ഏജൻസികളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഇതിൽ ഏതെല്ലാം പദ്ധതികളാണ് പൂർത്തീകരിക്കാനുള്ളത്; അത് പൂർത്തീകരിക്കാനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ?

തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 10 പട്ടികജാതി കോളനികളിൽ 4 കോളനികളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കല്ലക്കട്ട, ആനിക്കാടി, രാവണീശ്വരം, ഉജ്ജംപാടി, ദേവരടുക്ക, മാച്ചിക്കാട് എന്നീ 6 കോളനികളിലെ പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളത്. മോണിറ്ററിംഗ് കമ്മിറ്റി നിർദ്ദേശ പ്രകാരം കൂടുതൽ പ്രവൃത്തികൾ ഉൾപ്പെടുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടി വന്നതിലാണ് പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിടുന്നത്. 2017-18 വർഷം അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിലുൾപ്പെടുത്തിയ 8 പട്ടികവർഗ്ഗ കോളനികളുടെയും പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. എല്ലാ പ്രവൃത്തികളും 31.03.2022-ന് മുമ്പായി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഏതെങ്കിലും പദ്ധതി നിർവ്വഹണം സംബന്ധിച്ച് ക്രമക്കേടുകൾ ഉണ്ടായതായോ ഇതുസംബന്ധിച്ച പരാതികൾ ഉണ്ടായതായോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആയതിൽ എന്ത് നടപടികളാണ് സ്വീകരിച്ചത്;

വ്യക്തമാക്കുമോ?

(സി & ഡി) പദ്ധതിയിൽ ക്രമക്കേട് നടന്നതായോ ഇതുസംബന്ധിച്ച് പരാതികൾ ഉള്ളതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഇനിയും പദ്ധതി പ്രകാരം പ്രവൃത്തി ആരംഭിക്കാത്ത ഏതെല്ലാം കോളനികളാണുള്ളതെന്നും ആയതിന്റെ നിർവ്വഹണ ഏജൻസി ഏതാണെന്നും പറയാമോ?

തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള എല്ലാ പട്ടികജാതി കോളനികളിലെയും പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. 2017-18-ൽ ആരംഭിച്ച അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽനിന്നും തെരഞ്ഞെടുത്തിട്ടുള്ള എല്ലാ പട്ടികവർഗ്ഗ കോളനികളിലും പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. 2021 വർഷം പ്രസ്തുത പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 6 പട്ടികവർഗ്ഗ കോളനികളിലെ പദ്ധതി നടത്തിപ്പിനായി നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുക്കുകയും ബന്ധപ്പെട്ട കോളനികളുടെ ഊരുകൂട്ട ശിപാർശയുടെ അടിസ്ഥാനത്തിൽ ഡി.പി.ആർ തയ്യാറാക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

**മലമ്പുഴ മണ്ഡലത്തിലെ പട്ടികജാതി കോളനികൾ**

25(758) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിൽ എത്ര പട്ടികജാതി കോളനികളാണ് നിലവിലുള്ളതെന്നറിയിക്കാമോ?

പ്രസ്തുത മണ്ഡലത്തിൽ 311 പട്ടികജാതി കോളനികളാണ് നിലവിലുള്ളത്.

(ബി) പ്രസ്തുത കോളനികളുടെ പേരുവിവരം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

അനുബന്ധമായി+ ഉൾപ്പെടുത്തിയിരിക്കുന്നു.

### ഉഴവൂർ - കല്ലട കോളനി നിവാസികൾക്ക് പട്ടയം

26(759) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉഴവൂർ ഗ്രാമ പഞ്ചായത്ത് ആറാം വാർഡിലെ കല്ലട കോളനി നിവാസികളുടെ വീടുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് സ്വീകരിച്ച

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപടികൾ വ്യക്തമാക്കാമോ?

പ്രസ്തുത കോളനിയിൽ ആകെ 13 പട്ടികജാതി കുടുംബങ്ങളുള്ളതിൽ 5 വീടുകളിൽ കോളനി അലോട്ടുമെന്റ് സമയത്തെ യഥാർത്ഥ ഗുണഭോക്താക്കളല്ല താമസിക്കുന്നത്. കോളനിയിലെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനായി SCSP ഫണ്ടുപയോഗിച്ച് ഉഴവൂർ ഗ്രാമപഞ്ചായത്ത് ഒരു വീടിന് മെയിന്റനൻസ് അനുവദിച്ചിരുന്നു. ശോച്യാവസ്ഥയിലുള്ള 2 എസ്.സി.വീടുകൾ നിലവിൽ ഉഴവൂർ ഗ്രാമപഞ്ചായത്തിലെ ഭവനരഹിത ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി കോളനിയിലെ ഒരു വീടിന് ഗ്രാമപഞ്ചായത്തും ഒരു വീടിന് വകുപ്പും പഠനമുറി നൽകിയിട്ടുണ്ട്.

(ബി) ഈ കോളനിയിലെ സ്ഥിരതാമസക്കാരായ അന്തേവാസികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് നടപടി സ്വീകരിക്കുമോ?

ലൈഫ് മിഷൻ മുഖേനയും SCSP ഫണ്ടും വകുപ്പിന്റെ പഠനസഹായവും വിനിയോഗിച്ച് പ്രസ്തുത കുടുംബങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ഈ കോളനി നിവാസികൾക്ക് പട്ടയം നൽകുന്നതിന് കേരളാ സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റെ അനുവാദം ലഭ്യമാക്കുവാൻ നടപടി

സ്വീകരിക്കുമോ?

പ്രസ്തുത കോളനി സ്ഥിതിചെയ്യുന്നത് ഭവനനിർമ്മാണ ബോർഡിന്റെ കൈവശമുള്ള ഭൂമിയിലായതിനാൽ ബോർഡുമായി ചേർന്ന് പരിശോധിച്ച മാത്രമേ ഈ വിഷയത്തിൽ നടപടി സ്വീകരിക്കുവാൻ കഴിയൂ.

(ഡി) ഈ കോളനിയിൽ വർഷങ്ങളായി താമസിക്കുന്നവർക്ക് പട്ടയം നൽകാൻ നടപടി സ്വീകരിക്കുമോ; യഥാർത്ഥ ഉടമകളുടെ പിന്നാക്കാവസ്ഥ മാറിയതിനാൽ അവർക്ക് പകരം വന്നവർക്ക് ഉടമസ്ഥാവകാശം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

പ്രസ്തുത കോളനിയിൽ നിലവിൽ താമസിച്ചുവരുന്ന 41 കുടുംബങ്ങളിൽ 13 എസ്.സി. കുടുംബങ്ങളാണുള്ളത്. അതിൽ 8 കുടുംബങ്ങൾ മാത്രമാണ് യഥാർത്ഥ അലോട്ടുമെന്റ് ലഭിച്ചവർ. നിലവിൽ താമസമില്ലാത്ത യഥാർത്ഥ ഭൂവുടമയുടെ നിലവിലെ സാഹചര്യം പരിശോധിച്ച് ബോദ്ധ്യപ്പെട്ടശേഷം മാത്രമേ പകരം വന്നവർക്ക് ഉടമസ്ഥാവകാശം നൽകുന്ന കാര്യത്തിൽ നടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

**അരൂർ പാണാവള്ളി അംബേദ്കർ ഗ്രാമം**

27(760) <u>ശ്രീമതി ദെലീമ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമ പദ്ധതി പ്രകാരം അരൂർ മണ്ഡലത്തിലെ പാണാവള്ളി പഞ്ചായത്തിലെ പൊറ്റേത്തറ കോളനി നവീകരണവുമായി ബന്ധപ്പെട്ട്, ബാലൻസ് തുക ചെലവഴിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷയിന്മേൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കാമോ?

(എ & ബി) പ്രസ്തുത കോളനി നവീകരണവുമായി ബന്ധപ്പെട്ട് ബാലൻസ് തുക ചെലവഴിക്കുന്നതിനായി നിർവ്വഹണ ഏജൻസി നൽകിയ 69,19,627/- രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിക്കുകയും ആയതിൻ പ്രകാരം നിർമ്മാണ പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിച്ച് 2022 മാർച്ച് 31-നകം ഫൈനൽ ബിൽ സമർപ്പിക്കുന്നതിന് കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

**പാറശ്ശാല മണ്ഡലം-എസ്.സി./എസ്.ടി. കോളനികളുടെ വിവരങ്ങൾ**

28(761) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിലെ എസ്.സി., എസ്.ടി. കോളനികളുടെ വിവരങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഓരോ കോളനികളിലുമുള്ള വീടുകളുടെ എണ്ണം, കുടിവെള്ള ലഭ്യത, ജലസ്രോതസ്സുകളുടെ തരം എന്നിവ വിശദമാക്കാമോ;

(സി) പ്രസ്തുത കോളനികളിൽ വീടില്ലാത്തവരുടെയും വാസയോഗ്യമായ വീടില്ലാത്തവരുടെയും വിവരങ്ങൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത മണ്ഡലത്തിലെ കുടിവെള്ളവും വൈദ്യുതി സൗകര്യങ്ങളുമില്ലാത്ത കോളനികളുടെ പേരുവിവരങ്ങളും വീടുകളുടെ എണ്ണവും കോളനിയും പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ;

(ഇ) റോഡ് സൗകര്യമില്ലാത്തതും ഗതാഗത യോഗ്യമല്ലാത്ത റോഡുകളുള്ളതുമായ കോളനികളുടെ വിശദവിവരങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ;

(എഫ്) പ്രസ്തുത കോളനികളിലേയ്ക്കുള്ള തകരാറിലായ ഏതെല്ലാം

റോഡുകൾക്ക് അറ്റകുറ്റപ്പണികൾ നടത്താനുണ്ടെന്നും ഏതെല്ലാം റോഡുകളുടെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

(എ-എഫ്) പാറശ്ശാല നിയോജകമണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ വിവരങ്ങൾ അനുബന്ധം-എ+ ആയും പട്ടികവർഗ്ഗ കോളനികളുടെ വിവരങ്ങൾ അനുബന്ധം - ബി+ ആയും ചേർക്കുന്നു.

**ഇരിക്കൂർ നിയോജകമണ്ഡലത്തിലെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി**

29(762) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സെറ്റിൽമെന്റ് പദ്ധതി പ്രകാരം ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പട്ടികവർഗ്ഗ കോളനികളിലാണ് നവീകരണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയിരിക്കുന്നതെന്നും കോളനികളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ;

(ബി) ഏത് ഏജൻസിയെയാണ് പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ ഏൽപ്പിച്ചതെന്നും ആയത് എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അറിയിക്കാമോ?

(എ & ബി) 2017-18 വർഷം അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം ഇരിക്കൂർ നിയോജകമണ്ഡലത്തിൽനിന്നും തെരഞ്ഞെടുത്ത മാവുംതട്ട്, ചെമ്പുവച്ചമൊട്ട, പെരുവട്ടം, തോപ്പിലായി എന്നീ 4 പട്ടികവർഗ്ഗ കോളനികളുടെ നവീകരണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. കരേത്തുംചാൽ പട്ടികവർഗ്ഗ കോളനിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. 2017-18 വർഷത്തെ അഞ്ച് കോളനികളിലെ നിർമ്മാണ പ്രവൃത്തികൾ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് എന്ന ഏജൻസിയെയാണ് ഏൽപ്പിച്ചിട്ടുള്ളത്. 31.03.2022-നകം പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 2020-21 വർഷം ഇരിക്കൂർ മണ്ഡലത്തിൽനിന്നും തെരഞ്ഞെടുത്ത ആനയടി-വാതിൽമട പട്ടികവർഗ്ഗ കോളനിയിൽ പദ്ധതി നടപ്പിലാക്കുന്നതിനായി ജില്ലാ നിർമ്മിതി കേന്ദ്രത്തെ നിർവ്വഹണ ഏജൻസിയായി തെരഞ്ഞെടുക്കുകയും കോളനികളിലെ ഊരുകൂട്ട തീരുമാന പ്രകാരം ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കുന്നതിന് കണ്ണൂർ ഐ.ടി.ഡി.പി. പ്രോജക്ട് ഓഫീസർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

**പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമ കേസുകൾ**

30(763) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ സർക്കാരിന്റെ കാലംമുതൽ നാളിതുവരെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള എത്ര അതിക്രമ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന കണക്ക് പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പിൽ ലഭ്യമാണോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ലഭ്യമാണ്. സംസ്ഥാനത്ത് കഴിഞ്ഞ സർക്കാരിന്റെ കാലംമുതൽ നാളിതുവരെ (25.05.2016 മുതൽ 15.02.2022 വരെ) പട്ടികജാതി വിഭാഗങ്ങൾക്കെതിരെ 5855 കേസുകളും പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെ 974 കേസുകളും ഉൾപ്പെടെ ആകെ 6829 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ കേസുകളിൽ എത്രയെണ്ണത്തിൽ കുറ്റക്കാർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയിക്കുമോ?

പട്ടികജാതി വിഭാഗത്തിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം 5855-ഉം ചാർജ്ജ് ഷീറ്റ് നൽകിയ കേസുകളുടെ എണ്ണം 3668-ഉം കോടതി ശിക്ഷിച്ച കേസുകളുടെ എണ്ണം 91-ഉം ആണ്. പട്ടികവർഗ്ഗ വിഭാഗത്തിൽ

രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം 974-ഉം ചാർജ്ജ് ഷീറ്റ് നൽകിയ കേസുകളുടെ എണ്ണം 694-ഉം കോടതി ശിക്ഷിച്ച കേസുകളുടെ എണ്ണം 13-ഉം ആണ്.

(സി) പ്രസ്തുത വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും കുറ്റക്കാർക്ക് ശിക്ഷ ഉറപ്പാക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

അതിക്രമ നിരോധന നിയമം ശരിയായ രീതിയിൽ കൈകാര്യം ചെയ്യുന്നതിനും അതിക്രമങ്ങൾ വർദ്ധിക്കാതിരിക്കുന്നതിനും ശക്തമായ നടപടികളാണ് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പും ആഭ്യന്തര വകുപ്പും സ്വീകരിച്ചുവരുന്നത്. 1989-ലെ അതിക്രമ നിരോധന നിയമപ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് നീതി ലഭിക്കുന്നതിനും അതിക്രമങ്ങൾ ഉണ്ടാകാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും അതിക്രമങ്ങളുണ്ടായാൽ ആയത് PoA Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിനും പോലീസ് ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ യഥാസമയം നൽകിവരുന്നു. കൂടാതെ അതിക്രമ നിരോധന നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകൾ ആഭ്യന്തര വകുപ്പിലെ

DySP റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ അന്വേഷണം നടത്തുകയും എസ്.പി സ്പെഷ്യൽ സെല്ലിന്റെ നേതൃത്വത്തിൽ 6 മാസം കൂടുമ്പോൾ നോഡൽ ഓഫീസർമാരെയും അന്വേഷണ ഉദ്യോഗസ്ഥന്മാരെയും ഉൾപ്പെടുത്തി കേസുകളുടെ റിവ്യൂമീറ്റിംഗും നടത്തിവരുന്നു. സംസ്ഥാന പോലീസ് മേധാവി പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട-വർക്കെതിരെയുള്ള കേസുകളുടെ അവലോകനങ്ങൾ യഥാസമയങ്ങളിൽ നടത്തിവരുന്നുണ്ട്. എന്തെങ്കിലും വീഴ്ചകൾ വരികയാണെങ്കിൽ സംസ്ഥാന മോണിറ്ററിംഗ് കമ്മിറ്റി, District Level Vigilance and Monitoring Committee എന്നിവ കൂടി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. പട്ടികജാതി പ്രൊമോട്ടർമാർക്കും ജനപ്രതിനിധികൾക്കും പോലീസ് ഉദ്യോഗസ്ഥർക്കും ജീവനക്കാർക്കും എല്ലാ വർഷവും പട്ടികജാതി വികസന വകുപ്പ് പ്രഗത്ഭരായ നിയമജ്ഞരെക്കൊണ്ട് ബോധവൽക്കരണ ക്ലാസുകൾ നൽകിവരുന്നു. മുഖ്യമന്ത്രി അദ്ധ്യക്ഷനായുള്ള ഉന്നതതല വിജിലൻസ് ആൻഡ് മോണിറ്ററിംഗ് കമ്മിറ്റി 6 മാസത്തിലൊരിക്കൽ കൂടി ഈ നിയമനടത്തിപ്പിനെ വിശദമായി പരിശോധിക്കുന്നു. ഈ പരിശോധനയിൽ അതിക്രമത്തിന് ഇരയായവർക്ക് നൽകുന്ന സഹായവും അവരുടെ പുനരധിവാസവും ചർച്ച ചെയ്യുന്നതോടൊപ്പംതന്നെ കേസ് നടത്തിപ്പിന്റെ

പുരോഗതിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വവും സ്വീകരിച്ച നടപടികളും വിശദമായി വിലയിരുത്തുന്നു.

**പത്തനംതിട്ട ജില്ലയിലെ എസ്.സി., എസ്.ടി. വിഭാഗത്തിൽപ്പെട്ടവർക്ക് പ്രവാസി നൽകിയ ഭൂമി**

31(764) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ പഴവങ്ങാടി ഗ്രാമപഞ്ചായത്തിൽ എസ്.സി., എസ്.ടി. വിഭാഗത്തിൽപ്പെട്ടവർക്ക് പ്രവാസി നൽകിയ ഭൂമിയിൽ വീട് നിർമ്മിക്കുന്നതിനോ അതിർത്തി കെട്ടിത്തിരിക്കുന്നതിനോ അനുവദിക്കാത്തതായ സംഭവമുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സംഭവം സർക്കാർ ഗൗരവത്തിൽ എടുക്കാത്തതിനാൽ എസ്.സി./എസ്.ടി. കമ്മിഷൻ നിയമനടപടികൾ സ്വീകരിക്കാൻ ആഭ്യന്തര വകുപ്പിനോട് ആവശ്യപ്പെട്ടുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) എങ്കിൽ പോലീസ് സ്വീകരിച്ച നടപടികൾ

എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

(എ-സി) ഉണ്ട്. പത്തനംതിട്ട ജില്ലയിലെ റാന്നി ബ്ലോക്കിൽ ശ്രീ.വർഗ്ഗീസ് എന്നയാൾ 8 പേർക്ക് വീട് നിർമ്മിക്കാനായി സൗജന്യമായി നൽകിയ സ്ഥലത്ത് 3 പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ ഷെഡ് കെട്ടി താമസിക്കുന്നുണ്ട്. ഈ സ്ഥലത്ത് വീട് നിർമ്മിക്കുന്നതിനും അതിർത്തി കെട്ടി തിരിക്കുന്നതിനും അനുവദിക്കാത്തതായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ റാന്നി പോലീസ് സ്റ്റേഷനിൽ ക്രൈം-1285/21, 1310/21, 1313/21 എന്നീ കേസുകൾ SC/ST POA Act പ്രകാരം രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു.

**ആദിവാസി ഊരുകളിലെ പെൺകുട്ടികളുടെ ആത്മഹത്യ**

32(765) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീമതി കെ. കെ. രമ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിങ്ങമ്മല, വിതുര ഗ്രാമപഞ്ചായത്തുകളിലെ ആദിവാസി

ഊരുകളിൽ പെൺകുട്ടികൾ ആത്മഹത്യ ചെയ്ത സംഭവത്തിൽ വകുപ്പുതല അന്വേഷണം നടത്തിയിട്ടുണ്ടോ?

അന്വേഷണം നടത്തുന്നതിന് നെടുമങ്ങാട് ITDP പ്രോജക്ട് ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമേ പോലീസ് അന്വേഷണം നടന്നുവരികയുമാണ്.

(ബി) പ്രസ്തുത സംഭവങ്ങളെത്തുടർന്ന് സമാന സംഭവങ്ങളുണ്ടാകുന്നത് തടയുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

പട്ടികവർഗ്ഗ വികസന, ശിശുസംരക്ഷണ വകുപ്പുകൾ ചേർന്ന് ടി മേഖലയിൽ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം തടയുന്നതിന് എക്സൈസ് ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപിച്ചുള്ള പ്രവർത്തനം നടന്നുവരുന്നു. കമ്മിറ്റഡ് സോഷ്യൽ വർക്കേഴ്സ്, കൗൺസിലർമാർ തുടങ്ങിയ മറ്റ് വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തി വിദ്യാലയങ്ങളിലും സങ്കേതങ്ങളിലും ബോധവൽക്കരണം നടത്തിവരുന്നു.

(സി) ആദിവാസി ഊരുകളിലെ പെൺകുട്ടികളെ ലഹരി മാഫിയാ സംഘങ്ങൾ ലക്ഷ്യമിടുന്നുവെന്ന കാര്യം അന്വേഷണ

വിധേയമാക്കിയിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഈ കാര്യങ്ങൾ സംബന്ധിച്ച് പൊലീസും എക്സൈസും ചേർന്ന് അന്വേഷണം നടത്തിവരികയാണ്.

**ആദിവാസി ഊരുകളിലെ പെൺകുട്ടികളുടെ ആത്മഹത്യ**

33(766) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സി. ആർ. മഹേഷ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിങ്ങമ്മല, വിതുര ഗ്രാമപഞ്ചായത്തുകളിലെ വിവിധ ആദിവാസി ഊരുകളിലെ പെൺകുട്ടികൾ ആത്മഹത്യ ചെയ്ത സാഹചര്യത്തിൽ ഇത്തരം ഊരുകളിൽ പെൺകുട്ടികൾ ലൈംഗിക ചൂഷണത്തിന് വിധേയരാകുന്നുണ്ടോയെന്ന് കണ്ടെത്താൻ കൗൺസലിംഗ് വിദഗ്ധരുടെ സഹായം തേടാൻ വകുപ്പ് മുൻകയ്യെടുക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) സമാനമായ സംഭവങ്ങൾ തടയാൻ കുട്ടികൾക്കും മാതാപിതാക്കൾക്കും ബോധവൽക്കരണം നടത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ?

(എ & ബി) കൗൺസലിംഗ് വിദഗ്ധരുടെ സഹായം വകുപ്പ് തേടിയിട്ടുണ്ട്. കൗൺസലിംഗ് പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പട്ടികവർഗ്ഗ വികസന വകുപ്പും ശിശുസംരക്ഷണ വകുപ്പും ചേർന്ന് ടി മേഖലയിൽ ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. ഇതുകൂടാതെ വിവിധ വകുപ്പുകളെയും ഏജൻസികളെയും ഏകോപിപ്പിച്ചുകൊണ്ട് ബോധവൽക്കരണം നടത്തിവരുന്നു. വകുപ്പിന്റെ കീഴിലുള്ള കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ, കൗൺസിലർമാർ തുടങ്ങി വിദഗ്ധരായവരുടെ സേവനം പ്രയോജനപ്പെടുത്തി ഊരുകളിലും പഠനമുറികളിലും വിദ്യാലയങ്ങളിലും ബോധവൽക്കരണം നടത്തിവരുന്നു.

(സി) അത്യാവശ്യ സമയത്ത് നിയമസഹായം തേടാൻ കുട്ടികളെ പ്രാപ്തരാക്കുന്ന തരത്തിലുള്ള സാഹചര്യമൊരുക്കാൻ പദ്ധതികൾ ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കാമോ?

നിരന്തരമായ ബോധവൽക്കരണത്തിലൂടെ അടിയന്തര സഹായം

തേടാനുള്ള പ്രാപ്തി നേടാൻ കുട്ടികളെ പ്രാപ്തരാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജില്ലാ ചൈൽഡ് ലൈനിന്റെ ടോൾ ഫ്രീ നമ്പർ സംബന്ധിച്ച് ഊരുകളിലും കുട്ടികൾക്കും അവബോധം നൽകിയിട്ടുണ്ട്.

**ആദിവാസി ഊരുകളിലെ മരണം**

34(767) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ ആദിവാസി ഊരുകളിൽ അഞ്ച് ആദിവാസി പെൺകുട്ടികൾ ദുരൂഹ സാഹചര്യത്തിൽ മരിക്കാനിടയായ സംഭവത്തിൽ പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. തിരുവനന്തപുരം ജില്ലയിലെ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഐ.ടി.ഡി. പ്രോജക്ടാഫീസർ മുഖേന അന്വേഷണം നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുപുറമേ പോലീസ് അന്വേഷണവും

നടക്കുന്നുണ്ട്.

(ബി) ആദിവാസി ഊരുകൾക്ക് പുറത്തുള്ളവരും ക്രിമിനൽ പശ്ചാത്തലമുള്ളവരും അവിടെ എത്തിയിരുന്നതായി കണ്ടെത്തിയിട്ടുണ്ടോ എന്ന് അറിയിക്കാമോ?

ഊരുകൾക്ക് പുറത്തുള്ളവർ അവിടെ എത്തിയതായി കണ്ടെത്തിയിട്ടുണ്ട്. അവർക്ക് ക്രിമിനൽ പശ്ചാത്തലം ഉണ്ടോയെന്നുള്ളത് സംബന്ധിച്ചുള്ള അന്വേഷണം പോലീസ് നടത്തിവരുന്നു.

(സി) കുട്ടികൾ മരിച്ച കുടുംബങ്ങൾക്ക് എന്തെല്ലാം ധനസഹായം നൽകിയെന്ന് വ്യക്തമാക്കുമോ?

മരണപ്പെട്ട കുട്ടികളുടെ കുടുംബത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് അടിയന്തര ധനസഹായം നൽകിയിട്ടുണ്ട്.

**പട്ടികജാതി-പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികളുടെ ആത്മഹത്യ**

35(768) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ വിതുര, പെരിങ്ങമ്മല

പഞ്ചായത്തുകളിലായി കഴിഞ്ഞ രണ്ട് വർഷക്കാലയളവിൽ പട്ടികജാതി-പട്ടികവർഗ്ഗക്കാരായ എത്ര വിദ്യാർത്ഥികളാണ് ആത്മഹത്യ ചെയ്തതെന്ന് വ്യക്തമാക്കാമോ?

തിരുവനന്തപുരം ജില്ലയിലെ വിതുര, പെരിങ്ങമ്മല പഞ്ചായത്തുകളിലായി കഴിഞ്ഞ രണ്ട് വർഷക്കാലയളവിനുള്ളിൽ പട്ടികവർഗ്ഗക്കാരായ 5 കുട്ടികൾ ആത്മഹത്യ ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പട്ടികജാതിക്കാരായ വിദ്യാർത്ഥികളുടെ ആത്മഹത്യ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) എന്തെല്ലാം കാരണങ്ങളാണ് ഇത്തരം ആത്മഹത്യകളിലേയ്ക്ക് വിദ്യാർത്ഥികളെ നയിക്കുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സാമൂഹ്യപരമായ പലവിധ പ്രശ്നങ്ങളാൽ കുട്ടികൾ ചൂഷണം ചെയ്യപ്പെട്ടതാണ് ആത്മഹത്യയിലേയ്ക്ക് നയിച്ചതെന്ന് പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്.

(സി) കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ ആദിവാസി മേഖലകളിലെ വിദ്യാർത്ഥികൾക്കിടയിലെ മദ്യം-മയക്കമരുന്ന് ഉപയോഗവും മൊബൈൽ ഫോൺ ദുരുപയോഗവും തടയാൻ എന്തെല്ലാം നടപടികളാണ്

സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

മദ്യം, മയക്കുമരുന്ന് എന്നിവയുടെ ദുരുപയോഗം തടയുന്നതിന് എക്സൈസ് ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപിച്ചുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് കമ്മിറ്റഡ് സോഷ്യൽ വർക്കർ, കൗൺസലിംഗ് തുടങ്ങിയ മറ്റ് വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തി വിദ്യാലയങ്ങളിലും സങ്കേതങ്ങളിലും നിരന്തരമായ ബോധവൽക്കരണം നടത്തിവരുന്നു. പട്ടികജാതി വികസന ഓഫീസർമാരും പ്രൊമോട്ടർമാരും കോളനികൾ സന്ദർശിച്ച് ആവശ്യമായ ബോധവൽക്കരണ നടപടികൾ സ്വീകരിക്കുന്നുണ്ട്.

**പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതി**

36(769) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർഥികളുടെ വിദ്യാഭ്യാസ പുരോഗതിക്കായി പുതിയ പദ്ധതികളാരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

നിലവിലെ പദ്ധതികളിലെ പോരായ്മകൾ തിരിച്ചറിഞ്ഞ് പുതിയ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും കാലാനുസൃതമായി നടപ്പിലാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഗ്രാന്റുകൾ വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം അറിയിക്കുമോ?

09/01/2020-ലെ സ.ഉ. (അച്ചടി) നം.1/2020/പജപവവിവ പ്രകാരം നിലവിലുള്ള വിദ്യാഭ്യാസാനുകൂല്യം 20% വർദ്ധിപ്പിച്ചിട്ടുണ്ട്.

**നെന്മാറ നിയോജകമണ്ഡലത്തിലെ കാർഷിക കോളേജ്**

37(770) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിനുകീഴിൽ കാർഷിക കോളേജ് തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കോളേജിനായി എന്തെല്ലാം നടപടികളാണ് നിലവിൽ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

(എ&ബി) പാലക്കാട് നെന്മാറയിൽ കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ കാർഷിക കോളേജ് സ്ഥാപിക്കുന്നത് സംബന്ധിച്ച് സർക്കാർ പരിശോധിച്ചുവരികയാണ്. കാർഷിക കോളേജ് തുടങ്ങുന്നതിന് ശിപാർശ ചെയ്ത സ്ഥലം ഈട് നൽകി എസ്.ബി.ഐ.-യിൽ നിന്നും കൊല്ലങ്കോട് എഡ്യൂക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റ് വായ്പ എടുത്തിട്ടുള്ളതിന്മേൽ കുടിശ്ശിക വരുത്തിയിട്ടുള്ളതിനാൽ, സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച വിഷയവും പരിശോധിച്ചുവരികയാണ്.

**ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഗോത്ര വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്**

38(771) <u>ശ്രീ. അബ്ദുൽ ഹമീദ് പി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ഐ.ഐ.ടി. ഉൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും ഗോത്ര വിദ്യാർത്ഥികൾ പഠനം പൂർത്തിയാക്കാതെ പാതിവഴിയിൽ അവസാനിപ്പിക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പാലക്കാട് ഐ.ഐ.ടി.യിൽ ഉന്നത പഠനം നടത്തുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

എന്നാൽ ബിരുദ ബിരുദാനന്തര തലങ്ങളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽ ചിലരെങ്കിലും വിവിധ കാരണങ്ങളാൽ കോഴ്സ് പൂർത്തീകരിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ ഈ പ്രവണത തടയുന്നതിന് വകുപ്പുതലത്തിൽ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠനം പൂർത്തീകരിക്കാത്ത പ്രവണത തടയുന്നതിന് നിരവധി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശനം ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രാരംഭ ചെലവുകൾക്കായി ധനസഹായം അനുവദിക്കുന്നു. തെരഞ്ഞെടുത്ത 32 കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വകുപ്പ് മുഖേന ലാപ്ടോപ്പ് അനുവദിച്ചുവരുന്നു. കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ, കേന്ദ്ര സ്കോളർഷിപ്പ് എന്നിവയും നൽകുന്നുണ്ട്. എഞ്ചിനീയറിംഗ് കോഴ്സുകൾ വിജയകരമായി പൂർത്തീകരിക്കാൻ സാധിക്കാത്ത പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കോഴ്സ് വിജയിക്കുന്നതിന് പ്രത്യേക റെമഡിയൽ കോച്ചിംഗ് നടപ്പിലാക്കുന്നുണ്ട്. മെഡിക്കൽ, എഞ്ചിനീയറിംഗ്, ബിരുദാനന്തര ബിരുദ പരീക്ഷകൾക്ക് തയ്യാറെടുക്കുന്നവർക്ക് പരിശീലന പരിപാടിയിൽ

പങ്കെടുക്കുന്നതിനാവശ്യമായ ഫീസും അനുബന്ധ ചെലവുകളും അനുവദിച്ചു വരുന്നുണ്ട്.

**ഓവർസീസ് സ്കോളർഷിപ്പ്**

39(772) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക സമുദായ ക്ഷേമ വകുപ്പിന്റെ 2021-22 വർഷത്തെ ഓവർസീസ് സ്കോളർഷിപ്പിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

2021-22 വർഷത്തെ ഓവർസീസ് സ്കോളർഷിപ്പിന് ആകെ 363 അപേക്ഷകൾ ലഭിച്ചിരുന്നു.

(ബി) 2021-22 വർഷത്തെ ഓവർസീസ് സ്കോളർഷിപ്പ് നൽകുന്നതിനുള്ള നടപടിക്രമങ്ങളുടെ തൽസ്ഥിതി വിവരം ലഭ്യമാക്കാമോ?

ഒരു വർഷം 20 വിദ്യാർത്ഥികൾക്കാണ് സ്കോളർഷിപ്പ് അനുവദിക്കുന്നത്. ഗവൺമെന്റ് സെക്രട്ടറി അദ്ധ്യക്ഷനായ സെലക്ഷൻ കമ്മിറ്റി 20 പേരെ മുഖ്യപട്ടികയിലും 20 പേരെ സാധ്യതാ പട്ടികയിലും

ഉൾപ്പെടുത്തി തെരഞ്ഞെടുക്കുകയും സർക്കാർ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത സ്കോളർഷിപ്പ് നൽകുന്നതിന് കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അടിയന്തരമായി സ്കോളർഷിപ്പ് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

നടപടി സ്വീകരിച്ചിട്ടുണ്ട്.

**ലംപ്സം ഗ്രാന്റ്**

40(773) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോളേജുകളിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ് കുടിശ്ശികയായ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണം വിശദമാക്കുമോ;

(സി) ലംപ്സം ഗ്രാന്റ് വിതരണം ചെയ്യുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കാമോ?

(എ-സി) സംസ്ഥാനത്തെ കോളേജുകളിൽ പട്ടികജാതി

വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റ് വിതരണത്തിൽ നിലവിൽ കുടിശ്ശികയില്ല.

**മോഡൽ റസിഡൻഷ്യൽ സ്കൂളിൽ +2 കോഴ്സ്**
**ആരംഭിക്കാൻ നടപടി**

41(774) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ മണ്ഡലത്തിലെ പട്ടികജാതി വിദ്യാർത്ഥികൾക്കുള്ള കൊടക്കാട് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ എസ്.എസ്.എൽ.സി. വിജയിക്കുന്ന വിദ്യാർത്ഥികൾക്ക് 50 കിലോമീറ്ററിലധികം യാത്ര ചെയ്ത് +2 കോഴ്സ് പഠിക്കാൻ പോകേണ്ട അവസ്ഥ പരിഹരിക്കാൻ ഇവിടെത്തന്നെ +2 കോഴ്സ് ആരംഭിക്കാൻ നടപടികൾ ഉണ്ടാകുമോ; കൊടക്കാട് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ കിഫ്ബി ഫണ്ടുപയോഗിച്ച് ഇതിനാവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളതിനാൽ ഈ വർഷംതന്നെ +2 കോഴ്സ് ആരംഭിക്കാൻ വേണ്ട നടപടികൾ ഉണ്ടാകുമോയെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിലെ കൊടക്കാട് (വെള്ളച്ചാൽ) പ്രവർത്തിച്ചുവരുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിൽ ഹയർസെക്കണ്ടറി

കോഴ്സിന്റെ രണ്ട് ബാച്ചുകൾ (സയൻസ്, കൊമേഴ്സ്) ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ പൊതുവിദ്യാഭ്യാസ വകുപ്പ് പരിശോധിച്ചുവരുന്നു.

**പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള ഗ്രാന്റ്**

42(775) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട ഗ്രാന്റ് വിതരണം ചെയ്യുന്നതിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) വിദ്യാർത്ഥികൾക്ക് അതാത് അദ്ധ്യയന വർഷങ്ങളിൽത്തന്നെ ധനസഹായം അനുവദിച്ചുനൽകുന്നതിന് നടപടി സ്വീകരിക്കുമോ?

വിദ്യാർത്ഥികൾക്ക് അതാത് അദ്ധ്യയന വർഷങ്ങളിൽത്തന്നെ ധനസഹായം അനുവദിച്ചുനൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ചികിത്സാ ധനസഹായമുൾപ്പെടെയുള്ള ധനസഹായങ്ങൾ കാലതാമസംകൂടാതെ ലഭ്യമാക്കുന്നതിനും ആയത് അർഹരായ മുഴുവൻ

പേർക്കും ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുമുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ?

കാലതാമസം കൂടാതെ ധനസഹായം ലഭ്യമാക്കുന്നുണ്ട്.

**കുന്നത്തുനാട്-പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി**

43(776) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിച്ചു നൽകുന്ന പദ്ധതി പ്രകാരം കുന്നത്തുനാട് മണ്ഡലത്തിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്രപേർക്ക് പഠനമുറി നിർമ്മിച്ചുനൽകിയെന്നും അറിയിക്കാമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് 2017-18 മുതൽ 2021-22 വരെ കുന്നത്തുനാട് മണ്ഡലത്തിൽ 374 അപേക്ഷകൾ ലഭിച്ചതിൽ 360 പേർക്ക് പഠനമുറി അനുവദിച്ചുനൽകിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പ് വ്യക്തിഗത ആനുകൂല്യമായി പഠനമുറി എന്ന പദ്ധതി നടപ്പിലാക്കുന്നില്ല. പട്ടികവർഗ്ഗ കോളനികൾ കേന്ദ്രീകരിച്ച് സാമൂഹ്യപഠനമുറികൾ

സ്ഥാപിച്ചുവരുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം നിർമ്മിച്ച പഠനമുറികളുടെ എണ്ണവും ചെലവഴിച്ച തുകയും പഞ്ചായത്ത് അടിസ്ഥാനത്തിൽ തരംതിരിച്ച് വ്യക്തമാക്കാമോ?

അനുബന്ധമായി+ ചേർക്കുന്നു.

## പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള ആലപ്പുഴയിലെ ഐ.ടി.ഐ./ഐ.ടി.സി.-കൾ

44(777) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ പട്ടികജാതി വികസന വകുപ്പിനുകീഴിൽ ഐ.ടി.ഐ./ഐ.ടി.സി.കൾ പ്രവർത്തിക്കുന്നുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ അവയുടെ നിലവിലെ സ്ഥിതി, നടത്തുന്ന കോഴ്സുകൾ, അദ്ധ്യാപകരുടെയും ജീവനക്കാരുടെയും എണ്ണം എന്നിങ്ങനെ ഇനം തിരിച്ച് വിശദവിവരം ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികജാതി വികസന വകുപ്പിനുകീഴിൽ ആലപ്പുഴ ജില്ലയിൽ മാവേലിക്കരയിലും ഹരിപ്പാടും വകുപ്പിന്റെ ഓരോ ഐ.റ്റി.ഐ.കൾ പ്രവർത്തിക്കുന്നു. പ്രസ്തുത ഐ.റ്റി.ഐ.കളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(സി) പ്രസ്തുത സ്ഥാപനങ്ങൾ സ്വന്തം കെട്ടിടങ്ങളിലാണോ പ്രവർത്തിക്കുന്നത്?

സ്വന്തം കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്.

**പട്ടികജാതി വികസന വകുപ്പിൻ കീഴിലെ ഐ.ടി.ഐ.**

45(778) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിനുകീഴിൽ നിലവിൽ എത്ര സർക്കാർ ഐ.ടി.ഐ.കൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കാമോ?

പട്ടികജാതി വികസന വകുപ്പിനുകീഴിൽ 44 ഐ.ടി.ഐ.കൾ പ്രവർത്തിക്കുന്നുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) വകുപ്പിനുകീഴിൽ പുതുതായി ഐ.ടി.ഐ.കൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

(സി) മഞ്ചേരി മണ്ഡലത്തിൽ പട്ടികജാതി വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന പാണ്ടിക്കാട് ഗവൺമെന്റ് ഐ.ടി.ഐ.-യിൽ ഏതെങ്കിലും ട്രേഡുകൾ പുതുതായി ആരംഭിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) പാണ്ടിക്കാട് ഐ.ടി.ഐ.യിൽ ഇലക്ട്രീഷ്യൻ ട്രേഡ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(സി & ഡി) നിലവിൽ നടത്തുന്ന കോഴ്സുകളിൽ കാലഹരണപ്പെട്ട ട്രേഡുകൾക്ക് പകരം, സാങ്കേതിക പരിശീലന വകുപ്പിന്റെ അഭിപ്രായംകൂടി പരിഗണിച്ചുകൊണ്ട് സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ അധിക സാമ്പത്തിക ബാദ്ധ്യത വരാത്ത രീതിയിൽ പുതിയ ട്രേഡുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലാണ്.

**പരപ്പ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ**

46(779) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും

പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരപ്പ ബ്ലോക്ക് പഞ്ചായത്തിൽ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ പരപ്പ ബ്ലോക്ക് പഞ്ചായത്തിൽ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

(ബി) ഉണ്ടെങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് പറയാമോ?

ബാധകമല്ല.

**ധന്വന്തരി സെന്ററുകൾ**

47(780) <u>ശ്രീ. വി. ശശി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ സർക്കാർ ആശുപത്രികളിലാരംഭിച്ച ധന്വന്തരി സെന്ററുകൾ എത്രയെന്നും അവ ഏതെല്ലാം സർക്കാർ ആശുപത്രികളിൽ പ്രവർത്തിക്കുന്നുവെന്നും വ്യക്തമാക്കാമോ?

തിരുവനന്തപുരം മെഡിക്കൽ കോളേജ്, കൊല്ലം ജില്ലാ ആശുപത്രി, കരുനാഗപ്പള്ളി താലൂക്ക് ആശുപത്രി, കുണ്ടറ താലൂക്ക് ആശുപത്രി, കോട്ടയം മെഡിക്കൽ കോളേജ്, എറണാകുളം ജില്ലാ ജനറൽ ആശുപത്രി എന്നീ സർക്കാർ ആശുപത്രികളിൽ ധന്വന്തരി സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

(ബി) പ്രസ്തുത സെന്ററുകളിലോരോന്നിലും എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് സജ്ജമാക്കിയിട്ടുള്ളതെന്നും അവിടെ നൽകിവരുന്ന സേവനങ്ങൾ എന്തൊക്കെയാണെന്നും വിശദീകരിക്കാമോ?

ധന്വന്തരി സെന്ററുകളിൽ സജ്ജമാക്കിയിട്ടുള്ള അടിസ്ഥാന സൗകര്യങ്ങളുടെയും സേവനങ്ങളുടെയും വിവരം ചുവടെ ചേർക്കുന്നു.

<u>തിരുവനന്തപുരം മെഡിക്കൽ കോളേജ്</u>: ഒരു ഓഫീസ് മുറി, ഒരു പോർട്ടബിൾ എക്സ്റേ, ഒരു ഇസിജി, RBS യൂണിറ്റ്, ന്യൂക്ലിയാർ മെഡിക്കൽ ലാബ്, 2 ആംബുലൻസുകൾ, ഫോട്ടോകോപ്പി യൂണിറ്റ്, 2 കോഫി-ടീ-സ്റ്റേഷനറി സ്റ്റാളുകൾ.

<u>കൊല്ലം ജില്ലാ ആശുപത്രി</u>: 24 മണിക്കൂറും പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോർ (ന്യായവില), ഇസിജി യൂണിറ്റ്, GRBS യൂണിറ്റ്.

<u>കരുനാഗപ്പള്ളി താലൂക്ക് ആശുപത്രി</u>: 24 മണിക്കൂറും പ്രവർത്തിക്കുന്ന

ഇസിജി യൂണിറ്റ്.

<u>കുണ്ടറ താലൂക്ക് ആശുപത്രി</u>: ഇസിജി യൂണിറ്റ്.

<u>കോട്ടയം മെഡിക്കൽ കോളേജ്</u>: ആംബുലൻസ്, കൂൾബാർ, മെഡിക്കൽ ഷോപ്പ്, ഔഷധി, ഫോട്ടോസ്റ്റാറ്റ്, ഡോർമെറ്ററി, കാർ പാർക്കിംഗ്, സ്റ്റേഷനറി ഷോപ്പ്.

<u>എറണാകുളം ജില്ലാ ജനറൽ ആശുപത്രി</u>: 24 മണിക്കൂർ ആംബുലൻസ് സർവ്വീസ്, മോർച്ചറി കോൾഡ് സ്റ്റോറേജ്, ന്യായവില മെഡിക്കൽ സ്റ്റോർ, ഫോട്ടോസ്റ്റാറ്റ് സെന്റർ, മിനി കാന്റീൻ.

(സി) ഓരോ ധന്വന്തരി സെന്ററുകളിലും വിവിധ വിഭാഗങ്ങളിലായി എത്ര ജീവനക്കാരുണ്ടെന്നും അവയിൽ പട്ടിക വിഭാഗങ്ങളിൽപ്പെട്ട എത്ര ജീവനക്കാരുണ്ടെന്നും വ്യക്തമാക്കാമോ?

ധന്വന്തരി സെന്ററുകളിലെ ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| സെന്റർ | എസ്.സി | ജനറൽ | ആകെ |
|---|---|---|---|
| തിരുവനന്തപുരം മെഡിക്കൽ കോളേജ് | 30 | 0 | 30 |
| കൊല്ലം ജില്ലാ ആശുപത്രി | 9 | 1 | 10 |

| | | | |
|---|---|---|---|
| കരുനാഗപ്പള്ളി താലൂക്ക് ആശുപത്രി | 3 | 0 | 3 |
| കുണ്ടറ താലൂക്ക് ആശുപത്രി | 1 | 0 | 1 |
| കോട്ടയം മെഡിക്കൽ കോളേജ് | 12 | 1 | 13 |
| എറണാകുളം ജില്ലാ ജനറൽ ആശുപത്രി | 5 | 3 | 8 |
| ആകെ | 60 | 5 | 65 |

(ഡി) ചികിത്സാരംഗത്തുണ്ടായിട്ടുള്ള മുന്നേറ്റം കണക്കിലെടുത്ത് ധന്വന്തരി സെന്ററുകളിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമോ?

പരിശോധിക്കുന്നതാണ്.

**ഉദ്യോഗസ്ഥരുടെ സ്ഥാനക്കയറ്റം**

48(781) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പിൽ ലിംഗ്വിസ്റ്റിക് മൈനോരിറ്റീസ് ലാംഗ്വേജ് ടെസ്റ്റ് - തമിഴ് പാസ്സായ ഉദ്യോഗസ്ഥർ നിലവിലുണ്ടോയെന്ന് അറിയിക്കാമോ; ഉണ്ടെങ്കിൽ അവരുടെ പട്ടിക ലഭ്യമാക്കാമോ?

മറയൂർ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിലെ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറായ ശ്രീ. വി. സുരേഷ് കുമാർ എന്ന ഉദ്യോഗസ്ഥൻ പ്രസ്തുത യോഗ്യതയുള്ളയാളാണ്.

(ബി) ഇവർക്ക് 3.10.1962-ലെ സ.ഉ. (No.506/PD) അനുസരിച്ച് നിയമാനുസൃതം അർഹമായ പ്രത്യേക സ്ഥാനക്കയറ്റം നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ടിയാൾക്ക് പ്രത്യേക സ്ഥാനക്കയറ്റം നൽകിയിട്ടില്ല.

(സി) സ്ഥാനക്കയറ്റം നൽകിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ?

പരിശോധിക്കുന്നതാണ്.

**പ്രൊഫഷണൽ കോഴ്സുകൾക്ക് നൽകിവരുന്ന സംവരണം**

49(782) <u>ശ്രീ. മോൻസ് ജോസഫ്</u>:
<u>ശ്രീ. പി. ജെ. ജോസഫ്</u>:
<u>ശ്രീ. അനൂപ് ജേക്കബ്</u>:
<u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിവർത്തിത ക്രിസ്ത്യാനികൾക്ക് പ്രൊഫഷണൽ കോഴ്സുകൾക്കായി പ്രത്യേക സംവരണം നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

പരിവർത്തിത ക്രൈസ്തവർക്ക് പ്രൊഫഷണൽ കോഴ്സുകൾക്കായി പ്രത്യേക സംവരണം സംബന്ധിച്ച ശിപാർശ പിന്നാക്ക വിഭാഗ കമ്മീഷന്റെ ഉപദേശത്തിനായി നൽകിയിരുന്നു. ഇത് പരിഗണിച്ച കമ്മീഷൻ ടി സമുദായങ്ങൾക്കായി 4% സംവരണം നൽകുന്നതിനുള്ള കാരണങ്ങളൊന്നും കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്ന അഭിപ്രായമാണ് സർക്കാരിനെ അറിയിച്ചിട്ടുള്ളത്.

(ബി) പ്രൊഫഷണൽ കോഴ്സുകൾക്ക് പരിവർത്തിത ക്രിസ്ത്യാനികൾക്ക് മാത്രം സംവരണം പരിമിതപ്പെടുത്തി നൽകുമോ?

പരിവർത്തിത ക്രൈസ്തവർക്ക് മാത്രമായി സംവരണം പരിമിതപ്പെടുത്തുവാൻ നിർവ്വാഹമില്ല.

(സി) പരിവർത്തിത ക്രിസ്ത്യാനികൾക്ക് പ്രത്യേക സംവരണം ജനസംഖ്യാനുപാതികമായി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

## സർക്കാർ സർവ്വീസിലെ പിന്നാക്ക വിഭാഗ പ്രാതിനിധ്യം

50(783) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1993-ലെ സംസ്ഥാന പിന്നാക്ക കമ്മീഷൻ നിയമത്തിലെ പതിനൊന്നാം വകുപ്പുപ്രകാരം സംസ്ഥാനത്തെ സാമൂഹിക-സാമ്പത്തിക-ജാതി സർവ്വേ നടത്തി ആറുമാസത്തിനകം സംവരണ പട്ടിക പുനഃപരിശോധിക്കണമെന്നുള്ള ഹൈക്കോടതിയുടെ വിധി നടപ്പിൽവരുത്താൻ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പിന്നാക്ക വിഭാഗക്കാരുടെ സോഷ്യോ ഇക്കണോമിക് സ്റ്റഡി നടത്തണമെന്നുള്ള WP(C) 19937/2019 നമ്പർ കേസിലെ 8/9/2020-ലെ ഹൈക്കോടതി ഉത്തരവ് നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

(എ&ബി) ഈ വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) ഓരോ പത്തുവർഷം കൂടുമ്പോഴും സംവരണ പട്ടിക പുനഃപരിശോധിച്ച് പുതിയ പിന്നാക്ക വിഭാഗങ്ങളെ ഉൾപ്പെടുത്തി പട്ടിക

പൂർണ്ണമാക്കണമെന്നുള്ള 1992-ലെ സുപ്രീം കോടതി വിധി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഇല്ല.

(ഡി) സർക്കാർ - അർദ്ധ സർക്കാർ - എയ്ഡഡ് മേഖലകളിലെ ജീവനക്കാരുടെ പിന്നാക്ക വിഭാഗ പ്രാതിനിധ്യം സംബന്ധിച്ച കണക്കുകൾ തയ്യാറാക്കാൻ കേരള സർക്കാർ ആരംഭിച്ച വെബ്സൈറ്റിൽ ഇതുവരെ ഏതൊക്കെ വകുപ്പുകളിൽനിന്നുള്ള ജീവനക്കാരുടെ ജാതി തിരിച്ചുള്ള വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ; അതിന് തയ്യാറാകാത്ത വകുപ്പുകൾക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഇ) കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ ആരംഭിച്ച വെബ് പോർട്ടലിൽ ജീവനക്കാരുടെ ജാതി, ഉപജാതി, പൊതുവിവരങ്ങൾ ചേർക്കുന്നത് സംബന്ധിച്ച് നാളിതുവരെ ഏതൊക്കെ വകുപ്പുകളിൽ നടപടി പൂർത്തീകരിച്ചിട്ടുണ്ട്; വകുപ്പുതിരിച്ച് വിശദ പട്ടിക ലഭ്യമാക്കുമോ?

(ഡി & ഇ) സർക്കാർ സർവ്വീസിൽ പിന്നാക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യം സംബന്ധിച്ച വിവരങ്ങൾ കേരള സംസ്ഥാന പിന്നാക്ക വിഭാഗ

കമ്മീഷന്റെ അധീനതയിലുള്ള വെബ് പോർട്ടലിൽ ചേർത്തുവരുന്നു. ഇതിനോടകം ഈ പ്രക്രിയ പൂർത്തീകരിച്ച വകുപ്പുകളുടെ പട്ടിക അനുബന്ധമായി+ ചേർക്കുന്നു.

## സർക്കാർ സർവ്വീസിലെ എസ്.സി./എസ്.ടി. സംവരണം

51(784) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിലെ വിവിധ വകുപ്പുകളിൽ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്കുള്ള സംവരണം ഉറപ്പാക്കുന്നതിനും ആവശ്യമെങ്കിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തുന്നതിനുമായി ചുമതലപ്പെടുത്തിയിട്ടുള്ള പൊതുഭരണ എംപ്ലോയ്മെന്റ് എ, ബി സെക്ഷനുകൾ സംയോജിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് പൊതുഭരണ വകുപ്പിലെ എംപ്ലോയ്മെന്റ് സെൽ-എ, എംപ്ലോയ്മെന്റ് സെൽ-ബി എന്നിവ ഏകോപിപ്പിച്ച് ഒറ്റ സെക്ഷൻ ആക്കുവാൻ തീരുമാനിച്ചിട്ടുള്ളത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സംസ്ഥാന സർക്കാർ സർവ്വീസിലെ ഏതൊക്കെ വകുപ്പുകളിലാണ് എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ടവർക്ക് ആനുപാതികമായ സംവരണം നിലവിൽ ലഭ്യമായിട്ടില്ലാത്തത്; പ്രസ്തുത കണക്ക് പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ വകുപ്പിൽ ലഭ്യമാണോ; എങ്കിൽ ഏതൊക്കെ വകുപ്പുകളാണെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ സംസ്ഥാനത്തെ ഏതൊക്കെ വകുപ്പുകളിലാണ് എസ്.സി./എസ്.ടി. വിഭാഗക്കാർക്ക് പ്രാതിനിധ്യം നൽകുന്നതിനായി സ്പെഷൽ റിക്രൂട്ടുമെന്റ് നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുള്ളത്; ഏതൊക്കെ വകുപ്പുകൾ ഇതനുസരിച്ച് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തിയിട്ടുണ്ട്; വിശദമായ വിവരം പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിൽ ലഭ്യമാണോ; വ്യക്തമാക്കുമോ?

(ബി & സി) 15 വകുപ്പുകളിലാണ് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മതിയായ പ്രാതിനിധ്യം ഇല്ലാതിരുന്നത്. ഈ വകുപ്പുകളിൽ മതിയായ സംവരണം ഉറപ്പുവരുത്താനായി സ്പെഷ്യൽ റിക്രൂട്ടുമെന്റിനായി തസ്തികകൾ സംവരണം ചെയ്ത് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത വകുപ്പുകൾ ചുവടെ ചേർക്കുന്നു.

1) ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്

2) ക്ഷീര വികസന വകുപ്പ്

3) മത്സ്യബന്ധന വകുപ്പ്

4) ഭക്ഷ്യസുരക്ഷാ വകുപ്പ്

5) ഭൂജല വകുപ്പ്

6) ഹോമിയോപ്പതി വകുപ്പ്

7) മോട്ടോർ വാഹന വകുപ്പ്

8) പോലീസ് വകുപ്പ്

9) ജയിൽ വകുപ്പ്

10) പട്ടികജാതി വികസന വകുപ്പ്

11) സാമൂഹ്യനീതി വകുപ്പ്

12) കായിക-യുവജനകാര്യ വകുപ്പ്

13) ആഡിറ്റ് വകുപ്പ്

14) വിനോദസഞ്ചാര വകുപ്പ്

15) നഗര-ഗ്രാമാസൂത്രണ വകുപ്പ്.

(ഡി) മേൽപ്പറഞ്ഞ കാര്യങ്ങളിലുള്ള ചുമതലകൾ നിറവേറ്റിയിരുന്ന പൊതുഭരണ എ, ബി വിഭാഗങ്ങൾ സംയോജിപ്പിച്ചത് സർക്കാർ സർവ്വീസിൽ എസ്.സി./എസ്.ടി. വിഭാഗക്കാർക്ക് അർഹതപ്പെട്ട സംവരണം ഉറപ്പാക്കുന്നതിനെ പ്രതികൂലമായി ബാധിക്കുമെന്ന് വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; ഈ കാര്യത്തിൽ എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചുവെന്നറിയിക്കുമോ?

നിലവിൽ ഈ സെക്ഷനിൽ ഏറ്റെടുത്ത് ചെയ്തുവരുന്ന ജോലികൾ യാതൊരു തടസ്സവും വരാതെ തുടരുന്നതിനുള്ള ക്രമീകരണവും വരുത്തിയിട്ടുണ്ട്. എസ്.സി/എസ്.ടി വിഭാഗങ്ങൾക്ക് അർഹതപ്പെട്ട സംവരണം ഉറപ്പാക്കുന്നതിനെ ഈ നടപടി ഒരു കാരണവശാലും പ്രതികൂലമായി ബാധിക്കില്ല.

**പട്ടികജാതി വികസന വകുപ്പിൽ പദ്ധതി നിർവ്വഹണത്തിനുള്ള ജീവനക്കാരുടെ കുറവ്**

52(785) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ പട്ടികജാതി വികസന വകുപ്പിൽ ആവശ്യമുള്ള ജീവനക്കാരില്ലാത്തതിനാൽ വിവിധ പദ്ധതികളുടെ നിർവ്വഹണം തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഭൂമി വാങ്ങൽ, വിവാഹ ധനസഹായം, പഠനമുറി ഒരുക്കൽ എന്നീ പദ്ധതികളുടെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ ധനവിനിയോഗം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

<u>സംസ്ഥാനതലത്തിലെ ചെലവ് (2020-21)</u>: ഭൂമി വാങ്ങൽ-140.79 കോടി രൂപ, വിവാഹ ധനസഹായം-69.32 കോടി രൂപ, പഠനമുറി ഒരുക്കൽ-175.20 കോടി രൂപ.

<u>മലപ്പുറം ജില്ലയിലെ ചെലവ് (2020-21)</u>: ഭൂമി വാങ്ങൽ -7.148 കോടി രൂപ, വിവാഹ ധനസഹായം - 6.27 കോടി രൂപ, പഠനമുറി ഒരുക്കൽ - 8.839 കോടി രൂപ.

(സി) പദ്ധതികളുടെ നിർവ്വഹണം സുഗമമാക്കുന്നതിനാവശ്യമായ ജീവനക്കാരെ നിയമിക്കുമോ?

നിയമിച്ചിട്ടുണ്ട്.

## പട്ടികജാതി വികസന ഓഫീസർ തസ്തിക

53(786) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി രൂപീകരിക്കപ്പെട്ട മുനിസിപ്പാലിറ്റികളിൽ പട്ടികജാതി വികസന ഓഫീസർ തസ്തിക ഇല്ലാത്തതിനാൽ പട്ടികജാതി വിഭാഗക്കാർക്കുള്ള പദ്ധതി നിർവ്വഹണത്തിൽ തടസ്സം നേരിടുന്നുണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിനായി സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയിലെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥർക്ക് അധികചുമതല നൽകിയിട്ടുണ്ടോ?

നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത മുനിസിപ്പാലിറ്റികളിൽ പട്ടികജാതി വികസന ഓഫീസർ തസ്തിക സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

ജനസംഖ്യയ്ക്ക് ആനുപാതികമായാണ് മുനിസിപ്പാലിറ്റികളിൽ തസ്തിക സൃഷ്ടിക്കുന്നത്.

(ഡി) പട്ടികജാതി വികസന ഓഫീസർ തസ്തികയില്ലാത്ത ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളുടെ ജില്ല തിരിച്ചുള്ള എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ; ലിസ്റ്റ് ലഭ്യമാക്കുമോ?

വിശദാംശം അനുബന്ധമായി+ ഉൾപ്പെടുത്തിയിരിക്കുന്നു.

(ഇ) പട്ടികജാതി വിഭാഗക്കാർക്കുള്ള പദ്ധതി നിർവ്വഹണത്തിലെ തടസ്സങ്ങൾ പരിഹരിക്കുന്നതിന് മൂവാറ്റുപുഴ നഗരസഭ ഉൾപ്പെടെ പുതുതായി രൂപീകരിക്കപ്പെട്ട സംസ്ഥാനത്തെ മുഴുവൻ ബ്ലോക്ക്/മുനിസിപ്പാലിറ്റി/ കോർപ്പറേഷനുകളിലും പട്ടികജാതി വികസന ഓഫീസർ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പരിശോധിക്കുന്നതാണ്.

**പട്ടികജാതി പ്രൊമോട്ടർമാരുടെ തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ**

54(787) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) പട്ടികജാതി പ്രൊമോട്ടർമാരുടെ തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചുകൊണ്ട് 22.01.2022-ൽ പുറപ്പെടുവിച്ച ഉത്തരവുപ്രകാരം പ്രൊമോട്ടർമാരുടെ ഉയർന്ന പ്രായപരിധി 30 വയസ്സായി നിശ്ചയിച്ചതിനാൽ നിലവിലുള്ള പ്രൊമോട്ടർമാർ ഭൂരിപക്ഷവും പുറത്താകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അനുഭവസമ്പത്തുള്ള പ്രൊമോട്ടർമാരുടെ സേവനം ഉറപ്പുവരുത്തുന്നതിനായി പ്രൊമോട്ടർമാരുടെ ഉയർന്ന പ്രായപരിധി 40 വയസ്സായി നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ & ബി) പട്ടികജാതി പ്രൊമോട്ടർ ഒരു സ്ഥിരം തസ്തികയല്ല. പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിവരുന്ന വിവിധ ക്ഷേമ - വികസന പദ്ധതികൾ സംബന്ധിച്ച അറിയിപ്പും അവബോധവും പ്രാദേശികതലത്തിൽ നൽകി അവയുടെ പ്രയോജനം അർഹരായവരിലേയ്ക്ക് എത്തിക്കുന്നതിലേയ്ക്കുള്ള ഫീൽഡുതല പ്രവർത്തനങ്ങൾക്കായി ഒരു വർഷക്കാലയളവിലേയ്ക്കാണ് ഇവർ നിയമിക്കപ്പെടുന്നത്. ഈ മേഖലയിലേയ്ക്ക് കൂടുതലായി യുവതി-യുവാക്കൾക്ക് അവസരം നൽകി പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും നിലവിലെ

തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടുമാണ് 22.01.2022-ൽ സർക്കാർ ഉത്തരവ് (സ.ഉ.(കൈ)നം.6/2022/പജപവവിവ) പുറപ്പെടുവിച്ചിട്ടുള്ളത്. അതോടൊപ്പംതന്നെ സാമൂഹ്യസേവനവും സർക്കാർ സംവിധാനത്തിൽ പ്രവർത്തിച്ച പരിചയവും കൈമുതലാക്കി മെച്ചപ്പെട്ട തൊഴിൽ മേഖലകളിലേയ്ക്ക് എത്തിച്ചേരുവാൻ പട്ടികജാതി-പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് ഒരു സംവിധാനമൊരുക്കുന്നതാണ്. +2 ആണ് കുറഞ്ഞ യോഗ്യതയായി നിശ്ചയിച്ചിട്ടുള്ളത്. എഴുത്ത് പരീക്ഷ, അഭിമുഖം എന്നിവയിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന പ്രൊമോട്ടർമാരുടെ കാര്യക്ഷമത ഉറപ്പാക്കുന്നതിനായി നിർബന്ധിത പരിശീലനവും നിഷ്കർഷിച്ചിട്ടുണ്ട്.

**എസ്.സി./എസ്.ടി. പ്രൊമോട്ടർമാരുടെ പ്രായപരിധി**

55(788) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എസ്.സി./എസ്.ടി. പ്രൊമോട്ടർമാരായി നിയമനം ലഭിക്കുന്നതിനുള്ള പ്രായപരിധി കുറച്ചിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം ഒരു തീരുമാനം എടുക്കുന്നതിനിടയായ സാഹചര്യം എന്താണെന്ന്

വ്യക്തമാക്കുമോ?

ഉണ്ട്. എസ്.സി/എസ്.ടി പ്രൊമോട്ടർ ഒരു സ്ഥിരം തസ്തികയല്ല. പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകൾ നടപ്പിലാക്കിവരുന്ന വിവിധ ക്ഷേമ-വികസന പദ്ധതികൾ സംബന്ധിച്ച അറിയിപ്പും അവബോധവും പ്രാദേശികതലത്തിൽ നൽകി അവയുടെ പ്രയോജനം അർഹരായവരിലേയ്ക്ക് എത്തിക്കാൻ ഫീൽഡുതല പ്രവർത്തനങ്ങൾക്കായി ഒരു വർഷക്കാലയളവിലേയ്ക്കാണ് ഇവർ നിയമിക്കപ്പെടുന്നത്. നൂതന പദ്ധതികൾ പട്ടികജാതി-പട്ടികവർഗ്ഗക്കാരിൽ എത്തിക്കുന്നതിന് കാലഘട്ടത്തിന് അനുസൃതമായ മാറ്റങ്ങൾ ഈ മേഖലകളിലും വരുത്തേണ്ടതുണ്ട്. ആയതിന് പ്രതിജ്ഞാബദ്ധരും ഊർജ്ജസ്വലരും വിദ്യാഭ്യാസ യോഗ്യതയുള്ളതുമായ പട്ടികജാതി/പട്ടികവർഗ്ഗ പ്രൊമോട്ടർമാരെ തെരഞ്ഞെടുക്കേണ്ടത് അത്യന്താപേക്ഷിതമാണ്. നിലവിലുണ്ടായിരുന്ന വ്യവസ്ഥകളിൽനിന്നും വ്യത്യസ്തമായി ഈ മേഖലയിലേയ്ക്ക് കൂടുതലായി യുവതി-യുവാക്കൾക്ക് അവസരം നൽകി പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമാണ് എസ്.സി/എസ്.ടി പ്രൊമോട്ടർമാരുടെ നിയമനം ലഭിക്കുന്നതിനുള്ള പ്രായപരിധി പുതുക്കി നിശ്ചയിച്ചിട്ടുള്ളത്.

(ബി) നിശ്ചയിച്ചിട്ടുള്ള പ്രായപരിധിയേക്കാൾ പ്രായമുള്ള എത്ര

ആളുകളാണ് നിലവിൽ എസ്.സി./എസ്.ടി. പ്രൊമോട്ടർമാരായി പ്രവർത്തിക്കുന്നത്; വർഷങ്ങളായി ഈ മേഖലയിൽ ആത്മാർത്ഥമായി പ്രവർത്തിച്ചിരുന്നവർക്ക് തൊഴിൽ നഷ്ടമുണ്ടാകുന്ന ഈ സാഹചര്യം ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

നിശ്ചയിച്ചിട്ടുള്ള പ്രായപരിധിയേക്കാൾ പ്രായമുള്ള 904 ആളുകളാണ് നിലവിൽ എസ്.സി പ്രൊമോട്ടർമാരായി പ്രവർത്തിക്കുന്നത്. പുതിയ മാനദണ്ഡങ്ങൾ പ്രകാരം അപേക്ഷിക്കാൻ സാധിക്കാത്ത നിലവിലുള്ള പ്രൊമോട്ടർമാർക്ക് പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന എംപവർമെന്റ് സൊസൈറ്റികൾ, ടാലന്റ് സെന്ററുകൾ എന്നിവയിലേയ്ക്ക് അപേക്ഷിക്കുമ്പോൾ മുൻഗണന നൽകേണ്ടതാണെന്ന് പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ആയമാരുടെ ജോലി സമയം**

56(789) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പിൽ നിലവിലുള്ള ആയ തസ്തികയുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ; ഇത് സ്ഥാപനം തിരിച്ച് ലഭ്യമാക്കാമോ?

പട്ടികവർഗ്ഗ വികസന വകുപ്പിൽ ആകെ 166 'ആയ' തസ്തികകളാണ് നിലവിലുള്ളത്. അതിൽ 108 ആയ തസ്തികകൾ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖാന്തരം നിയമനം നടത്തേണ്ടവയാണ്. സ്ഥാപനങ്ങൾ തിരിച്ചുള്ള വിവരങ്ങൾ ശേഖരിച്ചുനൽകുന്നതാണ്.

(ബി) ആയമാരുടെ ജോലി സമയം സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട ഉത്തരവുകൾ/സർക്കുലറുകൾ എന്നിവയുടെ പകർപ്പ് ലഭ്യമാക്കാമോ?

ആയമാരുടെ ജോലി സമയം സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

(സി) പട്ടികവർഗ്ഗ വികസന വകുപ്പിൽ വിദ്യാർത്ഥി - ആയ അനുപാതം നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; ഇല്ലെങ്കിൽ വിദ്യാർത്ഥി - ആയ അനുപാതം നിശ്ചയിക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും

പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ?

പട്ടികവർഗ്ഗ വികസന വകുപ്പിൽ വിദ്യാർത്ഥി - ആയ അനുപാതം നിശ്ചയിച്ചിട്ടില്ല.

(ഡി) ആയമാരുടെ ജോലി സമയം സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങളില്ലാത്തതിനാൽ ആഴ്ചയിൽ തുടർച്ചയായി 6 ദിവസം 24 മണിക്കൂറും ഹോസ്റ്റലുകളിൽ തങ്ങി ജോലി ചെയ്യേണ്ട സ്ഥിതിവിശേഷം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ജീവനക്കാരുടെ ജോലി സമയം സംബന്ധിച്ച് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഒ.എ 2048/2016 എന്ന കേസിൽ 22.3.2017-ൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ആയമാരുടെ ജോലിസമയം പുനഃക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കാമോ?

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ഒ.എ 2048/2016 എന്ന കേസിൽ 22.03.2017-ൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ

അടിസ്ഥാനത്തിൽ വാച്ച്മാൻ തസ്തികയിലെ ജോലിസമയം ക്രമീകരിച്ചുള്ള ഉത്തരവാണ് പുറപ്പെടുവിച്ചിട്ടുള്ളത്.

**കോന്നി-മുരുകൻകുന്ന് കുടിവെള്ള പദ്ധതി**

57(790) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിൽ കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി നിർമ്മാണാനുമതി ലഭിച്ച മുരുകൻകുന്ന് കുടിവെള്ള പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

(എ & ബി) കോന്നി മണ്ഡലത്തിൽ കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി നിർമ്മാണാനുമതി ലഭിച്ച മുരുകൻകുന്ന് കുടിവെള്ള പദ്ധതിയുടെ 80% പ്രവൃത്തികൾ പൂർത്തീകരിച്ചു. പ്രസ്തുത പ്രവൃത്തി 2022 മാർച്ച് 31-നകം പൂർത്തീകരിക്കുന്നതാണ്.

**പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് ലഭിച്ച**

**ബജറ്റ് വിഹിതം**

58(791) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 സാമ്പത്തിക വർഷത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുകൾക്ക് സംസ്ഥാന ബജറ്റ് വിഹിതം, കേന്ദ്ര വിഹിതം എന്നീ ഇനങ്ങളിൽ എത്ര തുകയാണ് ലഭ്യമായിട്ടുള്ളത്; വിശദമാക്കാമോ;

(ബി) ഈ കാലയളവിൽ ലഭിച്ച തുകയിൽനിന്ന് എത്ര തുക ചെലവഴിച്ചെന്ന് വിശദമാക്കാമോ?

(എ & ബി) 2020-21 സാമ്പത്തിക വർഷം പട്ടികജാതി വികസന വകുപ്പിന് സംസ്ഥാന ബജറ്റ് വിഹിതമായ 148739 ലക്ഷം രൂപയും കേന്ദ്രവിഹിതമായി 11227.5 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. ഇതിൽ സംസ്ഥാന പദ്ധതികൾക്ക് ലഭിച്ച തുകയിൽനിന്ന് 131337.67 ലക്ഷം രൂപയും കേന്ദ്രവിഹിതമായി ലഭിച്ച തുകയിൽനിന്ന് 11215.12 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പിന് സംസ്ഥാന വിഹിതത്തിലുൾപ്പെടുത്തി 580.98 കോടി രൂപയും കേന്ദ്രാവിഷ്കൃത പദ്ധതികളിലുൾപ്പെടുത്തി 54.45 കോടി രൂപയുമുൾപ്പെടെ ആകെ

635.43 കോടി രൂപ ബഡ്ജറ്റ് വിഹിതമായി ലഭ്യമായിട്ടുണ്ട്. ഇതിൽ സംസ്ഥാന വിഹിതത്തിൽ 554.62 കോടി രൂപയും കേന്ദ്രാവിഷ്കൃത പദ്ധതികളിൽ 40.47 കോടി രൂപയുമുൾപ്പെടെ ആകെ 595.09 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന എന്തെല്ലാം വ്യക്തിഗത ആനുകൂല്യങ്ങളാണ് നിലവിൽ നൽകിവരുന്നതെന്ന് വിശദമാക്കാമോ?

പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുമുഖേന നൽകുന്ന വ്യക്തിഗത ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

**മാവേലിക്കര മണ്ഡലം-കോർപ്പസ് ഫണ്ട് വിനിയോഗിച്ചുള്ള പ്രവൃത്തികൾ**

59(792) <u>ശ്രീ. എം. എസ്. അരുൺ കുമാർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ വിവിധ കോളനികളുടെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത മണ്ഡലത്തിൽനിന്നും ക്ലാത്തറ കോളനി (നൂറനാട്) 2012-13 വർഷത്തിൽ സ്വാശ്രയഗ്രാമം പദ്ധതിയിലുൾപ്പെടുത്തി നവീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ അയിക്കമത്തുവിള കോളനി (പാലമേൽ), ഐ.കെ.എസ്.കോളനി, വള്ളിക്കുന്ന് കോളനി എന്നിവയെയും 2018-19 സാമ്പത്തിക വർഷത്തിൽ ചുനക്കര പാങ്കാവിൽ കോളനിയെയും 2021-22 സാമ്പത്തിക വർഷത്തിൽ പുലിക്കുന്ന് കോളനിയെയും നവീകരണ പ്രവർത്തനങ്ങൾക്കായി അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം എ+ ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

(ബി) കോർപ്പസ് ഫണ്ട് വിനിയോഗിച്ച് മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കുന്ന വിവിധ പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കുമോ?

അനുബന്ധം ബി+ ആയി ഉൾപ്പെടുത്തിയിരിക്കുന്നു.

**കോന്നി നിയോജക മണ്ഡലത്തിലെ ആവണിപ്പാറ പാലത്തിന്റെ നിർമ്മാണം**

60(793) <u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിലെ ആവണിപ്പാറ പാലത്തിന്റെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിരുന്നോ?

നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിന് തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ആവണിപ്പാറ പാലം 2014-15 വർഷം നബാർഡിന്റെ ആർ.ഐ.ഡി.എഫ് സ്കീമിലുൾപ്പെടുത്തി നിർമ്മിക്കുന്നതിനാണ് അനുമതി നൽകിയിരുന്നത്. എന്നാൽ ടി പദ്ധതിയുടെ കാലാവധി 31.03.2019-ന് അവസാനിച്ചു. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽനിന്നും ഭൂമി വിട്ടുകിട്ടുന്നതിന് തടസ്സം നേരിടുന്നുണ്ട്.

(സി) പാലത്തിന്റെ നിർമ്മാണ പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

വനഭൂമി ലഭ്യമായാലുടൻ പാലത്തിനുള്ള പുതുക്കിയ പ്രൊപ്പോസലിൽ മറ്റ് ഫണ്ടുകൾ വിനിയോഗിച്ച് പ്രവൃത്തി ആരംഭിക്കുന്നതാണ്.

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസന പ്രവർത്തന ഫണ്ട്**

61(794) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കും മറ്റുമായി അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി ചെലവഴിക്കുന്നതിനും ഇത്തരം ഫണ്ടുകൾ ലാപ്സാകാതിരിക്കാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കും മറ്റുമായി അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി ചെലവഴിക്കുന്നതിന് കേന്ദ്ര/സംസ്ഥാന വിഹിതങ്ങളുടെ വിനിയോഗ വിവരങ്ങൾ സംസ്ഥാന തലത്തിൽ ബഹു. മുഖ്യമന്ത്രിയുടെയും വകുപ്പുമന്ത്രിയുടെയും അദ്ധ്യക്ഷതയിൽ പ്രത്യേകമായി പദ്ധതി പുരോഗതി വിലയിരുത്തുന്നുണ്ട്. കൂടാതെ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ മാസത്തിലൊരിക്കൽ വിവിധ വകുപ്പുകളുടെ പദ്ധതി പുരോഗതി വിലയിരുത്തുന്നതോടൊപ്പം വിവിധ പാദങ്ങളിലായി സർക്കാർ

നിഷ്കർഷിച്ചിട്ടുള്ള പുരോഗതി കൈവരിക്കുന്നതിനാവശ്യമായ നിർദ്ദേശവും നൽകുന്നുണ്ട്. കൂടാതെ വകുപ്പ് സെക്രട്ടറി, വകുപ്പ് ഡയറക്ടർമാർ എന്നിവരും മാസംതോറും പദ്ധതി പുരോഗതി വിലയിരുത്താറുണ്ട്. പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക ഭൗതിക നേട്ടങ്ങൾ എല്ലാ മാസവും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്/ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതലത്തിൽ ചേരുന്ന ജില്ലാവികസന സമിതിയോഗത്തിലും വിലയിരുത്തുന്നുണ്ട്. ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥർ ജില്ലകൾ തിരിച്ച് യഥാസമയം പുരോഗതി വിലയിരുത്തുന്നുണ്ട്. പട്ടികജാതി -പട്ടികവർഗ്ഗ വികസന വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന വിവിധ സ്കീമുകൾ അതാത് വർഷം ചെലവഴിക്കാതെ വരുന്ന സാഹചര്യത്തിൽ തുടർന്നുള്ള വർഷങ്ങളിൽ ടി പ്രവൃത്തികൾ സ്പിൽ ഓവറായി ഏറ്റെടുത്ത് നിർവ്വഹണം പൂർത്തീകരിക്കുന്നുണ്ട്.

**പട്ടികവർഗ്ഗ വികസന ഫണ്ടുകൾ**

62(795) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസനത്തിനായി കോർപ്പസ് ഫണ്ട്, പൂൾ ഫണ്ട്

എന്നീ ഇനങ്ങളിലായി 2016-17 മുതൽ 2020-21 വരെയുള്ള 5 വർഷക്കാലം ബഡ്ജറ്റിൽ ഓരോ വർഷവും എത്ര തുക നീക്കിവച്ചു; അതിൽ എത്ര തുക ചെലവഴിച്ചു; വിശദമാക്കാമോ?

പട്ടികവർഗ്ഗ വികസനത്തിനായി കോർപ്പസ് ഫണ്ട്, പൂൾ ഫണ്ട് എന്നീ ഇനങ്ങളിലായി 2016-17 മുതൽ 2020-21 വരെയുള്ള 5 വർഷക്കാലം ബഡ്ജറ്റ് വിഹിതമായി ലഭ്യമാക്കിയ തുക ചുവടെ ചേർക്കുന്നു:

| | **കോർപ്പസ് ഫണ്ട് (രൂപ ലക്ഷം)** | |
|---|---|---|
| **വർഷം** | **അനുവദിച്ച തുക** | **ചെലവഴിച്ച തുക** |
| 2016-17 | 5057.69 | 4754.41 |
| 2017-18 | 5079.00 | 5022.23 |
| 2018-19 | 4500.00 | 4054.77 |
| 2019-20 | 5800.00 | 3157.77 |
| 2020-21 | 4508.97 | 4453.37 |

| | **പൂൾഡ് ഫണ്ട് (രൂപ ലക്ഷം)** | |
|---|---|---|
| **വർഷം** | **അനുവദിച്ച തുക** | **ചെലവഴിച്ച തുക** |

| | | |
|---|---|---|
| 2016-17 | 1131.96 | 1131.96 |
| 2017-18 | 1000.00 | 416.22 |
| 2018-19 | 1000.00 | 364.35 |
| 2019-20 | 500.00 | 143.72 |
| 2020-21 | 200.00 | 200.00 |

(ബി) ഇതിൽനിന്നും ഡെപ്പോസിറ്റ് വർക്കുകൾക്കായി ഓരോ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും അനുവദിച്ച തുക വർഷം തിരിച്ച് വ്യക്തമാക്കാമോ; അതോടൊപ്പം ചെലവഴിച്ച തുകയും ഭൗതിക നേട്ടവും വെളിപ്പെടുത്താമോ?

വിവരം ശേഖരിച്ചുനൽകുന്നതാണ്.

**എസ്.സി കോളനികളുടെ പുനരുദ്ധാരണ പ്രവൃത്തികൾ**

63(796) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ ഏതൊക്കെ എസ്.സി. കോളനികളുടെ

പുനരുദ്ധാരണ പ്രവൃത്തികളാണ് വകുപ്പിന്റെ ഫണ്ടുപയോഗിച്ച് നടപ്പിലാക്കി വരുന്നതെന്ന് പഞ്ചായത്ത് തിരിച്ച് വിശദവിവരങ്ങൾ അറിയിക്കാമോ?

കുറ്റ്യാടി മണ്ഡലത്തിൽ മണിയൂർ പഞ്ചായത്തിലെ മീനത്തുകര എസ്. സി. കോളനി, പാലയാട് എസ്. സി. കോളനി, മൂഴിക്കൽ IHDP കോളനി എന്നി 3 കോളനികളും തിരുവള്ളൂർ പഞ്ചായത്തിലെ വെള്ളൂക്കര എസ്.സി. കോളനി, തുരുത്തി എസ്. സി. കോളനി എന്നീ 2 കോളനികളും ഉൾപ്പെടെ ആകെ 5 കോളനികളിലാണ് വകുപ്പിന്റെ ഫണ്ടുപയോഗിച്ച് പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നത്.

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ അവസ്ഥ എന്തെന്നും അവയുടെ കാലതാമസം ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്നും അറിയിക്കുമോ?

<u>മണിയൂർ പഞ്ചായത്ത്</u>:

1. മീനത്തുകര എസ്. സി. കോളനി - പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

2. പാലയാട് എസ്. സി. കോളനി - ഭവന പുനരുദ്ധാരണം (31), ടോയ്‌ലറ്റുകൾ (11 എണ്ണം), ഫുട്പാത്ത് (2 എണ്ണം) എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

3. മൂഴിക്കൽ IHDP കോളനി - എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടുണ്ട്.

തിരുവള്ളൂർ പഞ്ചായത്ത്:

1. വെള്ളൂക്കര എസ്. സി. കോളനി - പദ്ധതി പൂർത്തികരിച്ചു.

2. മലങ്കര എസ്.സി. കോളനി (പ്രളയബാധിത കോളനി) - ഭവനപുനരുദ്ധാരണം (24 എണ്ണം), ഇലക്ട്രിഫിക്കേഷൻ (2 എണ്ണം), ടോയ്‌ലറ്റ് റിപ്പയർ (10 എണ്ണം), കിണർ റിപ്പയർ (5 എണ്ണം), പൊതുകിണർ നവീകരണം എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു.

3. തുരുത്തി എസ്. സി. കോളനി - ഭവനപുനരുദ്ധാരണം (24 എണ്ണം), ടോയ്‌ലറ്റ് റിപ്പയർ (1 എണ്ണം), കമ്മ്യൂണിറ്റി ഹാൾ പുനരുദ്ധാരണം, കമ്മ്യൂണിറ്റി ഹാൾ ഇലക്ട്രിഫിക്കേഷൻ, സംരക്ഷണഭിത്തി എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

09/09/2021, 18/11/2021 എന്നീ തീയതികളിൽ മന്ത്രിതല അവലോകനയോഗം നടത്തുകയും പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിച്ച് ഫൈനൽ ബിൽ സമർപ്പിക്കുന്നതിന് ഡയറക്ടറേറ്റുതലത്തിലും ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലാ കളക്ടർ, അസിസ്റ്റന്റ് കളക്ടർ, ജില്ലാ പട്ടികജാതി വികസന ഓഫീസർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ

നിർമ്മാണ ഏജൻസികളുടെ യോഗം വിളിച്ചുചേർക്കുകയും പ്രവൃത്തി പുരോഗതി വിലയിരുത്തുകയും പദ്ധതികൾ പൂർത്തീകരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്.

(സി) ഏതൊക്കെ ഏജൻസികൾ വഴിയാണ് ഇത്തരം പ്രവൃത്തികൾ നടപ്പിലാക്കുന്നത്; ഇത്തരം ഏജൻസികളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; അറിയിക്കാമോ?

ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ മുഖേനയോ അല്ലെങ്കിൽ 04/04/2019-ലെ സ.ഉ.(പി)77/2019/ഫിൻ പ്രകാരം നിശ്ചയിച്ചിട്ടുള്ള അംഗീകൃത സർക്കാർ ഏജൻസികൾ മുഖേനയോ ആണ് പദ്ധതികൾ നടപ്പാക്കുന്നത്. നിർവ്വഹണ ഏജൻസികളെ തെരഞ്ഞെടുക്കുമ്പോൾ മുമ്പ് സ്വയംപര്യാപ്ത ഗ്രാമം/അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം വീഴ്ച്ച വരുത്തിയിട്ടില്ലാത്ത ഏജൻസികൾക്ക് മുൻഗണന നൽകാറുണ്ട്. നിർവ്വഹണ ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ 18/03/2017-ലെ സ.ഉ.(കൈ) നം.15/2017/പജപവവിവ, 03.12.2021-ലെ സ.ഉ.(കൈ)നം. 54/2021/പജപവവിവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

**കോർപ്പസ് ഫണ്ട് അനുവദിക്കുന്നതിലെ മാനദണ്ഡങ്ങൾ**

64(797) ശ്രീ. കെ. എൻ ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോർപ്പസ് ഫണ്ട് അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

2014-15 ബഡ്ജറ്റ് പ്രകാരം കോർപ്പസ് ഫണ്ടിന്റെ 1/3 തുക ജില്ലാതലത്തിൽ വിനിയോഗിക്കണമെന്നും ഇതിൽ 25 ലക്ഷം രൂപവരെയുള്ള പദ്ധതികളുടെ ഭരണാനുമതി ഉത്തരവ് ജില്ലയിൽ നടപ്പിലാക്കണമെന്നും നിർദ്ദേശിച്ചിരുന്നു. കൂടാതെ ഇത്തരത്തിലുള്ള ഭരണാനുമതി ഉത്തരവ് നൽകുന്നതിന് ജില്ലാതലത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണെന്നും ബഡ്ജറ്റിൽ പറയുന്നു. ഇപ്രകാരം ജില്ലാതലത്തിൽ ഭരണാനുമതി നൽകുന്നതിനും പദ്ധതികൾ നടപ്പിലാക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനുള്ള വിശദാംശം ഉൾക്കൊള്ളുന്ന മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. കുടിവെള്ള വിതരണം - പട്ടിക വിഭാഗങ്ങൾക്ക് വ്യക്തിഗത കണക്ഷനും ജനറൽ വിഭാഗക്കാർക്ക് ഒന്നോരണ്ടോ പൊതുടാപ്പും നൽകുന്ന രീതിയിൽ

ഫീസിബിലിറ്റി, ഗുണഭോക്തൃ ലിസ്റ്റ്, സോഷ്യൽ മാപ്പ് എന്നിവ ലഭ്യമാക്കി പദ്ധതി നടപ്പിലാക്കണം.

2. ഗതാഗത സൗകര്യ വികസനം - കോളനിക്കുള്ളിലെ റോഡുകൾ, സംരക്ഷണ ഭിത്തി, കലുങ്ക് എന്നിവ മാത്രം ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ ഫീസിബിലിറ്റി ഉറപ്പാക്കി മാത്രം നടപ്പിലാക്കുന്നു.

3. വൈദ്യുതി വിതരണം - പട്ടികജാതി സങ്കേതങ്ങൾ, ഒറ്റപ്പെട്ട കുടുംബങ്ങൾ, കോളനിക്കുള്ളിലെ വഴി വിളക്കുകൾ എന്നിവ മാത്രം.

4. പട്ടികജാതി സങ്കേതങ്ങളിലെ വിദ്യാർത്ഥികളുടെ സമഗ്ര പുരോഗതിക്ക് ഉതകുന്ന പ്രോജക്ടുകൾ DIET-ന്റെ സഹായത്തോടെ തയ്യാറാക്കി ജില്ലാ സമിതി പരിശോധിച്ച് നിർവ്വഹണം നടത്തുന്നു.

5. നിലവിൽ പട്ടികജാതി ക്ഷേമത്തിനായി വകുപ്പ്/തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയ ഏതെങ്കിലും പ്രത്യേക ഘടക പദ്ധതി അടിസ്ഥാനത്തിലുള്ള പ്രോജക്ട് പൂർത്തീകരിക്കുകയും എന്നാൽ ഏതെങ്കിലും കാരണങ്ങളാൽ കമ്മീഷൻ ചെയ്യുവാൻ സാധിക്കാതെ വരികയും ചെയ്തിട്ടുള്ള പ്രോജക്ട് കമ്മീഷൻ ചെയ്യുന്നതിനും ഈ തുക വിനിയോഗിക്കാവുന്നതാണ്. 6. വിജ്ഞാൻവാടികളുടെ ആവർത്തന ചെലവുകൾ.

(ബി) പട്ടികജാതി ജനസംഖ്യയ്ക്ക് ആനുപാതികമായാണോ ഫണ്ട് അനുവദിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

ജില്ലകളിലെ പട്ടികജാതി ജനസംഖ്യയ്ക്ക് ആനുപാതികമായിട്ടാണ് 1/3 കോർപ്പസ് ഫണ്ട് പദ്ധതി പ്രകാരം തുക അനുവദിക്കുന്നത്.

(സി) എറണാകുളം ജില്ലയിൽ 2020-21, 2021-22 എന്നീ കാലഘട്ടങ്ങളിൽ കോർപ്പസ് ഫണ്ടിലൂടെ അനുവദിച്ച പ്രവൃത്തികളും തുകയും സംബന്ധിച്ച വിശദാംശങ്ങൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

2019-20 സാമ്പത്തിക വർഷം അനുവദിച്ച പ്രവൃത്തികൾ പൂർത്തിയാക്കാൻ ഉണ്ടായിരുന്നതിനാൽ 2020-21 സാമ്പത്തിക വർഷം 1/3 കോർപ്പസ് ഫണ്ടിൽ പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിനായി തുക അനുവദിച്ചിരുന്നില്ല. 2021-22 സാമ്പത്തിക വർഷം അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം-I+ ആയി ചേർക്കുന്നു.

(ഡി) വൈപ്പിൻ നിയോജകമണ്ഡലത്തിൽ 2021-22 വർഷത്തിൽ സമർപ്പിച്ച പദ്ധതികൾ ഏതെല്ലാം; അനുവദിച്ച പദ്ധതികൾ ഏതെല്ലാം?

വൈപ്പിൻ മണ്ഡലത്തിൽ 2021-22 വർഷത്തിൽ സമർപ്പിച്ച

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതികളുടെയും അതിൽ അനുവദിച്ച പദ്ധതികളുടെയും വിശദാംശങ്ങൾ അനുബന്ധം-II+ ആയി ചേർക്കുന്നു.

**ചിറ്റാർ-കാരിക്കയം ചതുരക്കള്ളിപ്പാറ കുടിവെള്ള പദ്ധതി**

65(798) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ചിറ്റാർ-കാരിക്കയം-ചതുരക്കള്ളിപ്പാറ കുടിവെള്ള പദ്ധതി നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് കോന്നി നിയോജക മണ്ഡലത്തിൽ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ചിറ്റാർ ഗ്രാമപഞ്ചായത്തിലെ കാരിക്കയം ചതുരക്കള്ളിപ്പാറ പട്ടികജാതി കോളനിയിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് 76,70,000/- (എഴുപത്തിയാറ് ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകുകയും ടി തുക പത്തനംതിട്ട ജില്ലാ ഓഫീസർക്ക് അനുവദിക്കുകയും ചെയ്തിരുന്നു. ഇതിനിടെ പദ്ധതിയുടെ എസ്റ്റിമേറ്റ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുതുക്കിയത് ഭരണാനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്. ഭരണാനുമതി കിട്ടുന്ന മുറയ്ക്ക് പ്രവൃത്തി നടപടികൾ ആരംഭിക്കാൻ കഴിയും.

**ചങ്ങനാശ്ശേരി നിയോജകമണ്ഡലം-കോർപ്പസ് ഫണ്ട് പ്രവൃത്തികൾ**

66(799) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിനായി എത്ര പ്രൊപ്പോസലുകളാണ് ലഭിച്ചിട്ടുള്ളതെന്നും അവ ഏതൊക്കെയെന്നും വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വികസന വകുപ്പുമായി ബന്ധപ്പെട്ട് ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കുന്നതിനായി 13 പ്രൊപ്പോസലുകളാണ് ലഭിച്ചിട്ടുള്ളത്. ലിസ്റ്റ് ചുവടെ ചേർക്കുന്നു. 1. നാലേക്കർ-കൊച്ചുകയം റോഡ് കോൺക്രീറ്റിംഗ്

2. പുതുച്ചിറ എസ്.സി കോളനി-അടിസ്ഥാന സൗകര്യ വികസനം.

3. അറുന്നൂറിൽ പുതുവൽ എസ്.സി. കോളനി റോഡ് - റീട്ടെയ്നിംഗ് വാൾ.

4. മുക്കാഞ്ഞിരം ഇലവുംമൂട് കോളനി കുടിവെള്ള പദ്ധതി.

5. പൊൻപുഴ എസ്.സി. കോളനി - അടിസ്ഥാന സൗകര്യ വികസനം.

6. ഏഴോലിക്കൽ എസ്.സി. കോളനി- അടിസ്ഥാന സൗകര്യ വികസനം.

7. ചെമ്പുപുറം കോളനിയിലെ സാംസ്കാരിക നിലയം പുനരുദ്ധാരണം.

8. കെ.പി.എം.എസ്. ശ്മശാനം-കുടമാൻചിറ എസ്.സി. കോളനി - റോഡ് പൂർത്തീകരണം.

9. ചാഞ്ഞോടിപ്പള്ളി-മാറാട്ടുകുളം എസ്.സി. കോളനി-അടിസ്ഥാന സൗകര്യ വികസനം.

10. വേഷണാൽ എസ്.സി. കോളനി-കലുങ്ക് നിർമ്മാണം

11. ഞണ്ടുകുളം എസ്.സി. കോളനി-അടിസ്ഥാന സൗകര്യ വികസനം.

12. മുളന്താനത്തുകുഴി എസ്.സി. കോളനി-അടിസ്ഥാന സൗകര്യ വികസനം.

13. പാണക്കുന്ന് കോളനി കുടിവെള്ള പദ്ധതി.

പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട് കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി ചങ്ങനാശ്ശേരി മണ്ഡലത്തിൽനിന്ന്

പ്രൊപ്പോസലുകൾ ഒന്നും ലഭ്യമാക്കിയിട്ടില്ല.

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കുമോ?

ലഭ്യമായ പ്രൊപ്പോസലുകളിൽ പുതുച്ചിറ എസ്.സി. കോളനിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. ടി പ്രവൃത്തിക്കായി 8,57,000/- രൂപ (എട്ടുലക്ഷത്തി അമ്പത്തി ഏഴായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

**തിരുവനന്തപുരം നഗരസഭയിലെ പട്ടികജാതി ക്ഷേമ ഫണ്ട് തട്ടിപ്പ്**

67(800) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയിലെ പട്ടികജാതി ക്ഷേമ ഫണ്ട് തട്ടിപ്പ് സംബന്ധിച്ച് പട്ടികജാതി ക്ഷേമ വകുപ്പ് തയ്യാറാക്കിയ ഓഡിറ്റ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റിപ്പോർട്ടിൽ കൃത്രിമം നടന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത ആഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ആഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് + ഉള്ളടക്കം ചെയ്യുന്നു.

(സി) വ്യാജ അക്കൗണ്ടുകളിലൂടെ ഗുണഭോക്താക്കളല്ലാത്തവരുടെ പേരിൽ വൻതോതിൽ പണം തട്ടിയെടുത്തത് മറച്ചുവയ്ക്കുന്ന രീതിയിൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കിയതായി വാർത്തകൾ പുറത്തുവന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ വകുപ്പുതല അന്വേഷണം നടത്തുവാൻ തയ്യാറാകുമോ; വിശദാംശം നൽകുമോ?

ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

**തിരുവിതാംകൂർ ദേവസ്വം ബോർഡിലെ അഴിമതി**

68(801) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിനുകീഴിൽ ചെയ്യാത്ത

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പണികളുടെ പേരിൽ കോടികൾ തട്ടിയെടുത്ത അഴിമതി സംബന്ധിച്ച് വിജിലൻസ് അന്വേഷണം ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ദേവസ്വം മരാമത്ത് വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ നടപടിക്രമങ്ങൾ പാലിക്കാതെ നടക്കാത്ത നിർമ്മാണങ്ങളുടെ പേരിൽ 100 കോടി രൂപയോളം തട്ടിയെടുത്തത് യഥാസമയം കണ്ടെത്താൻ സാധിക്കാതെയിരുന്നത് വകുപ്പിന്റെയും ദേവസ്വം ബോർഡിന്റെയും വീഴ്ചയല്ലേ; ഇക്കാര്യത്തിൽ ഉത്തരവാദികളായവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) മേൽപ്പറഞ്ഞ പ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് യാതൊരു പരിശോധനകളും കൂടാതെ ദേവസ്വം ബോർഡ് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയത് എങ്ങനെയാണെന്ന് അന്വേഷിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ ഉത്തരവാദികളായ ബോർഡ് അംഗങ്ങൾ ഉൾപ്പടെയുള്ളവർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

(എ-സി) മാവേലിക്കര, കോട്ടയം ഡിവിഷനുകളിലെ ഏതാനും ചില വർക്കുകളെക്കുറിച്ച് ലഭിച്ച പരാതിയിന്മേൽ തിരുവിതാംകൂർ ദേവസ്വം

ബോർഡ് വിജിലൻസ് പ്രാഥമിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കുറ്റാരോപിതരുടെ വിശദീകരണം ലഭ്യമാക്കി തുടർനടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത വിഷയത്തിന്മേൽ വിശദമായ അന്വേഷണത്തിനായി സംസ്ഥാന വിജിലൻസ് വിഭാഗത്തിനും കത്ത് നൽകിയിട്ടുണ്ട്.

**പട്ടികജാതി ക്ഷേമ ഫണ്ട് വിനിയോഗത്തിലെ ക്രമക്കേടുകൾ**

69(802) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ നഗരസഭകളിൽ പട്ടികജാതി ക്ഷേമ ഫണ്ട് വിനിയോഗത്തിൽ ക്രമക്കേടുകൾ നടന്നതായി കണ്ടെത്തിയിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത ഫണ്ട് വിനിയോഗത്തിൽ സുതാര്യത ഉറപ്പാക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പട്ടികജാതി ക്ഷേമ ഫണ്ട് വിനിയോഗത്തിൽ സുതാര്യത ഉറപ്പാക്കുന്നതിനുവേണ്ടി, വകുപ്പിന്റെ ക്ഷേമപദ്ധതികളെല്ലാം ഓൺലൈനായി നടപ്പിലാക്കുന്നതിനുള്ള അടിയന്തര നടപടികളും ആയതിനോടൊപ്പം

വകുപ്പുതല ഓഡിറ്റ് സംവിധാനവും വിജിലൻസ് പരിശോധനയും ശക്തമാക്കി ഇത്തരം ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ വകുപ്പിന്റെ അധീനതയിലുള്ള ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം അടിയന്തരമായി നടപ്പിലാക്കി വരികയും ചെയ്യുന്നു.

(ബി) ടി ഫണ്ട് തട്ടിപ്പുമായി ബന്ധപ്പെട്ട് കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇതിൽ എത്ര കേസുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

സംസ്ഥാനത്തെ വിവിധ നഗരസഭകളിൽ പട്ടികജാതി ക്ഷേമ ഫണ്ട് വിനിയോഗത്തിൽ ക്രമക്കേടുകൾ കണ്ടെത്തിയ രണ്ട് കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ടി രണ്ട് കേസിലും ഉൾപ്പെട്ട ജീവനക്കാർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു.

**പട്ടികജാതി വകുപ്പ് മുഖേന നടപ്പാക്കുന്ന ക്ഷേമപദ്ധതികൾ**

70(803) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പ് മുഖേന നടപ്പാക്കുന്ന വിവിധ ക്ഷേമപദ്ധതികളുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിലും സ്കോളർഷിപ്പുകൾ നൽകുന്നതിലും വ്യാപകമായി കൈക്കൂലി കൈപ്പറ്റുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ അർഹതപ്പെട്ടവർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ അവർക്ക് ലഭിക്കാതിരിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് എന്തെങ്കിലും കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

അർഹതപ്പെട്ടവർക്കുതന്നെ ആനുകൂല്യം നൽകുന്നുവെന്ന് ഉറപ്പാക്കുന്നതിന് ഇന്റേണൽ ഓഡിറ്റ് സംവിധാനം ശക്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വീഴ്ചവരുത്തുന്ന ജീവനക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്നുണ്ട്. പട്ടികവർഗ്ഗ പദ്ധതികളിലുള്ള ആനുകൂല്യം അർഹതപ്പെട്ടവർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും സുതാര്യമാക്കുന്നതിനും ആവിഷ്കരിച്ച കർമ്മ പദ്ധതികൾ ചുവടെ ചേർക്കുന്നു:

a) ആനുകൂല്യങ്ങൾ ബാങ്ക് അക്കൗണ്ട് (DBT) മുഖാന്തരം

ഗുണഭോക്താക്കൾക്ക് നേരിട്ട് ലഭ്യമാക്കുന്നു.

b) അപേക്ഷകൾ കൃത്യമായി പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നു.

c) വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ ഇ-ഗ്രാന്റ്സ് മുഖേന വിതരണം ചെയ്യുന്നു.

d) ഊരുകൂട്ടം അംഗീകരിച്ച ഗുണഭോക്തൃ പട്ടികയിലുള്ളവർക്കാണ് ആനുകൂല്യം നൽകുന്നത്.

e) അപേക്ഷ സമർപ്പിച്ചത് അർഹരായ ഗുണഭോക്താക്കൾ തന്നെയാണോ എന്ന് പട്ടികവർഗ്ഗ പ്രൊമോട്ടർമാർ/കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ മുഖേന പരിശോധന നടത്തുന്നു.

(സി) ആനുകൂല്യ വിതരണം സുതാര്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

പട്ടികജാതി ക്ഷേമ ഫണ്ട് വിനിയോഗത്തിൽ സുതാര്യത ഉറപ്പാക്കുന്നതിനുവേണ്ടി വകുപ്പിന്റെ ക്ഷേമപദ്ധതികളെല്ലാം ഓൺലൈനായി നടപ്പിലാക്കുന്നതിനുള്ള അടിയന്തര നടപടികളും ആയതിനോടൊപ്പം വകുപ്പുതല ഓഡിറ്റ് സംവിധാനവും വിജിലൻസ് പരിശോധനയും ശക്തമാക്കി ക്രമക്കേടുകൾ ആവർത്തിക്കാതിരിക്കുവാനുള്ള നടപടികൾ സ്വീകരിച്ച

വരുന്നു. കൂടാതെ വകുപ്പിന്റെ അധീനതയിലുള്ള ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം അടിയന്തരമായി നടപ്പിലാക്കിവരികയും ചെയ്യുന്നു. പട്ടികവർഗ്ഗക്കാർക്ക് വ്യക്തിഗത ആനുകൂല്യങ്ങൾ Direct Benefit Transfer (DBT) മുഖേന ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് കൈമാറുകയാണ് ചെയ്യുന്നത്. എല്ലാ പദ്ധതികളും ഊരുകൂട്ടങ്ങൾ കൃത്യമായി മോണിറ്റർ ചെയ്യുന്നു.

**തിരുവനന്തപുരം നഗരസഭയിലെ പട്ടികജാതി ക്ഷേമ ഫണ്ട് തട്ടിപ്പ്**

71(804) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയിലെ പട്ടികജാതി ക്ഷേമ ഫണ്ട് തട്ടിപ്പ് സംബന്ധിച്ച അന്വേഷണത്തിൽ ആരുടെയൊക്കെ അക്കൗണ്ടുകളിലേയ്ക്കാണ് തുക കൈമാറിയതെന്ന് കണ്ടെത്തിയിട്ടുള്ളത്; വിശദമാക്കാമോ?

തിരുവനന്തപുരം നഗരസഭയിലെ പട്ടികജാതി ക്ഷേമ ഫണ്ട് തട്ടിപ്പ് സംബന്ധിച്ച അന്വേഷണത്തിൽ വകുപ്പിന്റെ വിവിധ പദ്ധതികളുടെ

നിർവ്വഹണവുമായി ബന്ധപ്പെട്ട് ഒരേ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് നിരവധി തവണ തുക മാറി നൽകി സർക്കാർ പണം ദുരുപയോഗം ചെയ്തതായി കണ്ടെത്തിയിട്ടുണ്ട്. അക്കൗണ്ടുകൾ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) പ്രസ്തുത കേസിൽ വകുപ്പുതല അന്വേഷണം നടത്തിയിരുന്നോയെന്ന് വ്യക്തമാക്കാമോ?

വകുപ്പുതല അന്വേഷണം നടത്തി കുറ്റക്കാരായ ജീവനക്കാർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ പ്രസ്തുത വിഷയത്തിൽ വിജിലൻസ് അന്വേഷണവും നടന്നുവരുന്നു.

(സി) ഉന്നത രാഷ്ട്രീയ നേതൃത്വത്തിന് പങ്കുള്ളതിനാൽ അന്വേഷണം അട്ടിമറിക്കപ്പെടുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പട്ടികവർഗ്ഗ വികസന ഫണ്ട്**

72(805) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫണ്ടുപയോഗിച്ച് സ്കൂളുകൾ,

അങ്കണവാടികൾ എന്നിവയ്ക്ക് കെട്ടിടനിർമ്മാണത്തിനും മറ്റു ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനുമുള്ള പദ്ധതി നിലവിലുണ്ടോ; എങ്കിൽ ഇതിന്റെ മാനദണ്ഡങ്ങളും വിശദവിവരങ്ങളും വ്യക്തമാക്കുമോ?

പട്ടികവർഗ്ഗ മേഖലകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് വകുപ്പിന്റെ കീഴിലുള്ള കോർപ്പസ് ഫണ്ട് അനുവദിക്കാൻ വ്യവസ്ഥയുണ്ട്. ഊരുകൂട്ടം തീരുമാനത്തിന്റെയും സോഷ്യൽ മാപ്പ്, 50 ശതമാനത്തിനുമുകളിൽ പട്ടികവർഗ്ഗക്കാർക്ക് പ്രയോജനപ്പെടുമെന്ന ഫീസിബിലിറ്റി സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ കോർപ്പസ് ഫണ്ട് വിനിയോഗിക്കുന്നുണ്ട്. 25 ലക്ഷം രൂപവരെയുള്ള പ്രവൃത്തികൾ ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് അനുമതിയോടെ ജില്ലാതലത്തിൽ നടപ്പാക്കാവുന്നതാണ്. 25 ലക്ഷം രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾ ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ച് സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയോടുകൂടി നടപ്പിലാക്കുന്നു.

(ബി) അമ്പത് ശതമാനത്തോളം പട്ടികവർഗ്ഗ വിഭാഗങ്ങളിലെ കുട്ടികൾ പഠിക്കുന്ന കാസർഗോഡ് ജില്ലയിലെ ജി.എച്ച്.എസ്.എസ്, പഡ്രെ സ്കൂളിന് പട്ടികവർഗ്ഗ വികസന ഫണ്ടുപയോഗിച്ച് കെട്ടിടം നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

പരിശോധിക്കുന്നതാണ്. സർക്കാർ ഹയർസെക്കണ്ടറി സ്കൂളുകൾ ജില്ലാപഞ്ചായത്തിന്റെ നിയന്ത്രണത്തിൽ ഉൾപ്പെടുന്ന സ്ഥാപനങ്ങളായതിനാൽ അവയ്ക്കുള്ള കെട്ടിട നിർമ്മാണങ്ങൾ ജില്ലാ പഞ്ചായത്ത് ഫണ്ടുപയോഗിച്ചും നടപ്പിലാക്കാവുന്നതാണ്.

**വന്യമൃഗങ്ങളുടെ ആക്രമണം - സഹായം**

73(806) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങളുടെ ആക്രമണംമൂലം മരണമടഞ്ഞ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്?

വന്യമൃഗങ്ങളുടെ ആക്രമണത്തിൽ മരണമടയുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ആനുകൂല്യം നൽകുന്ന പദ്ധതി ഈ വകുപ്പുകളിൽ നിലവിലില്ല. എന്നാൽ ഇപ്രകാരം മരണമടയുന്ന വ്യക്തി കുടുംബത്തിന്റെ ഏകവരുമാനദായകനാണെങ്കിൽ തഹസീൽദാരുടെ സാക്ഷ്യപത്രം സഹിതം അപേക്ഷ സമർപ്പിച്ചാൽ രണ്ടു ലക്ഷം രൂപവരെ വകുപ്പിൽനിന്നും ധനസഹായം നൽകിവരുന്നു.

(ബി) വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽനിന്നും സംരക്ഷണം നൽകുവാൻ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ?

വന്യമൃഗങ്ങളുടെ ആക്രമണങ്ങളിൽനിന്നും സംരക്ഷണം നൽകുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ്, വനം-വന്യജീവി വകുപ്പുമായി സഹകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

**പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധി**

74(807) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് (2016-17 മുതൽ 2020-21 വരെ) വർഷം പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ ധനസഹായത്തിനായി എത്ര പേർ അപേക്ഷ നൽകിയിട്ടുണ്ടെന്നും അതിൽ എത്ര പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

മണലൂർ മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് (2016-17 മുതൽ 2020-21 വരെ) വർഷം പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ

നിധിയിൽനിന്നും പട്ടികജാതി വിഭാഗത്തിൽപ്പെട്ട 570 പേരുടെ അപേക്ഷ ലഭിച്ചിട്ടുള്ളതും അതിൽ 537 പേർക്ക് ധനസഹായം അനുവദിച്ചിട്ടുള്ളതുമാണ്. പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നും ചികിത്സാ ധനസഹായത്തിനായി അപേക്ഷകളൊന്നും ലഭ്യമായിട്ടില്ല.

(ബി) അവർക്കായി എത്ര രൂപയുടെ ചികിത്സാ ധനസഹായം അനുവദിക്കുകയുണ്ടായിയെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി വിഭാഗത്തിനായി ആകെ 1,21,00,500/-രൂപ (ഒരു കോടി ഇരുപത്തിയൊന്ന് ലക്ഷത്തി അഞ്ഞൂറ് രൂപ മാത്രം) ചികിത്സാ ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

**ചാത്തന്നൂർ നിയോജക മണ്ഡലം-പട്ടിക ജാതി വിഭാഗത്തിനായി ചികിത്സാ ധനസഹായം**

75(808) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതി വിഭാഗത്തിന്റെ ചികിത്സാ ധനസഹായത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അതിൽ എത്ര

പേർക്ക് ധനസഹായം ലഭ്യമാക്കിയിട്ടുണ്ടെന്നും എത്ര രൂപ ഇതിനകം അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പട്ടികജാതി വിഭാഗത്തിന്റെ ചികിത്സാ ധനസഹായത്തിനായി 110 അപേക്ഷകൾ ലഭിച്ചു. ഇതിൽ 75 അപേക്ഷകർക്കായി 8,65,000/-രൂപ നാളിതുവരെ അനുവദിച്ചിട്ടുണ്ട്.

**പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ**

76(809) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി-പട്ടികവർഗ്ഗങ്ങളിൽ ഉൾപ്പെടുന്ന കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുവേണ്ടി ഏതെങ്കിലും തരത്തിലുള്ള സഹായം അനുവദിക്കാറുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

പട്ടികജാതി കുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുവേണ്ടി പട്ടികജാതി വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ട് പദ്ധതി പ്രകാരം തുക അനുവദിക്കുന്നുണ്ട്. പട്ടികജാതി സങ്കേതങ്ങൾ,

ഒറ്റപ്പെട്ട കുടുംബങ്ങൾ, കോളനിക്കുള്ളിലെ വഴിവിളക്കുകൾ എന്നീ പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനാണ് തുക അനുവദിക്കുന്നത്. സംസ്ഥാനത്തെ സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി പട്ടികവർഗ്ഗ കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിന് 11.5844 കോടി രൂപ കെ.എസ്.ഇ.ബി.-ക്ക് അനുവദിക്കുകയും ആയതുപ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, പട്ടികവർഗ്ഗ കുടുംബങ്ങളുടെ വീടുകൾ വൈദ്യുതീകരിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി തുക അനുവദിച്ചുവരുന്നുണ്ട്.

**കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രി**

77(810) **ശ്രീ. ഷാഫി പറമ്പിൽ:**
**ശ്രീ. സണ്ണി ജോസഫ്:**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:**
**ശ്രീമതി കെ.കെ.രമ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ആദിവാസികളുടെ ഏക ആശ്രയമായ കോട്ടത്തറ

ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ സി.ടി സ്കാൻ, വെന്റിലേറ്റർ സൗകര്യമുള്ള ആംബുലൻസ് എന്നിവയടക്കമുള്ള അടിസ്ഥാന സൗകര്യങ്ങൾ ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. കോട്ടത്തറ ഗവൺമെന്റ് ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ സി.ടി. സ്കാൻ സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിവരുന്നു. കൂടാതെ പ്രസ്തുത ആശുപത്രിയിലേയ്ക്ക് വെന്റിലേറ്റർ സജ്ജീകരിക്കാൻ സാധിക്കുന്ന ഒരു ആംബുലൻസും അനുവദിച്ചുനൽകിയിട്ടുണ്ട്. ഇനിയും ആവശ്യമുള്ള സൗകര്യങ്ങൾ അനുവദിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) നവജാത ശിശുക്കൾക്കുള്ള വെന്റിലേറ്റർ, നവജാത ശിശുക്കൾക്കുള്ള ഡോക്ടർ, പീഡിയാട്രിക് ഐ.സി.യു, ഹൃദ്രോഗ വിദഗ്ധൻ, കാത്ത്ലാബ് സൗകര്യം എന്നിവ ലഭ്യമാക്കാൻ ആരോഗ്യ വകുപ്പുമായി ചേർന്നുകൊണ്ട് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

കോട്ടത്തറ ഗവൺമെന്റ് ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നവജാത ശിശുക്കൾക്കുള്ള വെന്റിലേറ്റർ, പീഡിയാട്രിക് ഐ.സി.യു എന്നിവ നിലവിൽ സജ്ജമാണ്. ഹൃദ്രോഗ വിദഗ്ധന്റെ സേവനം ലഭ്യമാക്കുന്നതിനുള്ള

നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇതുകൂടാതെ പാലക്കാട് ജില്ലയിലെ പട്ടികജാതി വികസന വകുപ്പിനുകീഴിലെ സർക്കാർ മെഡിക്കൽ കോളേജിലെ ഡോക്ടർമാരുടെ സേവനവും ആംബുലൻസ് സൗകര്യവും 02-12-2021-ലെ സ.ഉ.(സാധാ)നം.1041/2021/പജപവവിവ പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. ഇതിനാവശ്യമായി വരുന്ന ചെലവ് പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രധാനപ്പെട്ട ആശുപത്രിയായിട്ടും കോട്ടത്തറ ആശുപത്രിയിൽ ലോടെൻഷൻ വൈദ്യുതി കണക്ഷൻ മാത്രമാണുള്ളതെന്നതിനാൽ സ്കാനിംഗ് അടക്കമുള്ള ടെസ്റ്റുകൾ നടത്താൻ സാധിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. കോട്ടത്തറ ആശുപത്രിയിൽ ഹൈടെൻഷൻ സ്ഥാപിക്കുന്നതിനാവശ്യമായ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായി വരുന്നു.

(ഡി) കോട്ടത്തറ ട്രൈബൽ ആശുപത്രി വികസിപ്പിക്കുന്നതിനുപകരം പെരിന്തൽമണ്ണ ഇ.എം.എസ് സഹകരണ ആശുപത്രി വികസിപ്പിക്കാനാണ്

സർക്കാർ മുൻഗണന നൽകുന്നതെന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കാമോ?

അത്തരം ആക്ഷേപം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വള്ളിക്കുന്ന് നിയോജക മണ്ഡലം-കള്ളിക്കുഴമ്പിൽ പട്ടികജാതി ശ്മശാന ഭൂമി വഴി റോഡ് നിർമ്മാണം**

78(811) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ ചേലേമ്പ്ര ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന കള്ളിക്കുഴമ്പിൽ പട്ടികജാതി ശ്മശാനം വക ഭൂമി പൊതുജനങ്ങൾക്ക് ഗുണകരമാകുംവിധം റോഡ് നിർമ്മാണത്തിന് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് നിർമ്മാണത്തിന് ശ്മശാനം വക ഭൂമി വിട്ടുനൽകുന്നതിനുള്ള ജില്ലാ പട്ടികജാതി വികസന വകുപ്പ് ഓഫീസറുടെ റിപ്പോർട്ട് പ്രകാരമുള്ള അനുമതി നൽകുമോ; വ്യക്തമാക്കാമോ?

(എ & ബി) ഭൂമിയുടെ ഉടമസ്ഥാവകാശം പട്ടികജാതി വികസന

വകുപ്പിൽ നിലനിർത്തിക്കൊണ്ട് ശ്മശാനത്തിന്റെ ഇടിഞ്ഞുകിടക്കുന്ന അതിർത്തികളെല്ലാം മതിൽകെട്ടി നൽകണമെന്നും ശ്മശാനത്തിൽ ഷെഡ് നിർമ്മിച്ച് നൽകണമെന്നുമുള്ള വ്യവസ്ഥകളോടെ റോഡ് നിർമ്മാണത്തിന് അനുമതി നൽകിയിട്ടുണ്ട്.

**ഇരിക്കൂർ മണ്ഡലത്തിലെ പട്ടികജാതി സഹകരണ സംഘങ്ങൾ**

79(812) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ മണ്ഡലത്തിൽ പ്രവർത്തിക്കുന്ന പട്ടികജാതി സഹകരണ സംഘങ്ങൾ എത്രയെന്ന് വ്യക്തമാക്കുമോ?

രണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ വർഷങ്ങളായി പ്രവർത്തിക്കാത്ത സംഘങ്ങളുടെ വിശദാംശങ്ങൾ നൽകുമോ?

പ്രവർത്തിക്കാത്ത സംഘങ്ങളില്ല.

(സി) പ്രസ്തുത സംഘങ്ങളെ പ്രവർത്തനസജ്ജമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ബാധകമല്ല.

**അട്ടപ്പാടിയിലെ ശിശുമരണം**

80(813) ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. ഒ. ആർ. കേളു:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ ശിശുമരണം റിപ്പോർട്ട് ചെയ്തയുടൻതന്നെ അത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സർക്കാർ ഫലപ്രദമായി ഇടപെട്ടിരുന്നോ?

സർക്കാർ ഫലപ്രദമായി ഇടപെട്ടിട്ടുണ്ട്. പ്രസ്തുത മരണങ്ങൾ റിപ്പോർട്ട് ചെയ്ത ഉടൻതന്നെ വകുപ്പുമന്ത്രി രണ്ടുതവണ അട്ടപ്പാടി സന്ദർശിക്കുകയും ആരോഗ്യം, പട്ടികവർഗ്ഗ വികസനം, കുടുംബശ്രീ, വനിതാ ശിശുക്ഷേമം, എക്സൈസ്, തദ്ദേശ സ്വയംഭരണം, ഭക്ഷ്യ സിവിൽ സപ്ലൈസ്, പോലീസ് തുടങ്ങിയ വകുപ്പുകളുടെയും ജനപ്രതിനിധികളുടെയും യോഗം വിളിച്ചുചേർക്കുകയും ഓരോ വകുപ്പുകളും നടപ്പിലാക്കേണ്ട പദ്ധതിയുടെ

നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ഭാരക്കുറവോടുകൂടി ജനിക്കുന്ന കുട്ടികളാണ് മരണത്തിന് കീഴ്പെടുന്നതെന്നതിനാൽ മാതാവിന് ശരിയായ രീതിയിൽ പോഷകാഹാരവും വൈദ്യപരിശോധനയും ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ നടപടിയെടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും നവജാത ശിശുക്കൾക്കും യഥാസമയം വൈദ്യപരിശോധനയും പോഷകാഹാരവും ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ പ്രൊമോട്ടർമാർ, അംഗൻവാടി വർക്കർമാർ, ആശാവർക്കർമാർ, കുടുംബശ്രീ അനിമേറ്റർമാർ എന്നിവരെ നിയോഗിച്ച് തുടർച്ചയായി ഇവരെ നിരീക്ഷിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് സഹായം എത്തിക്കുന്നതിനായി ഹെൽപ് ഡെസ്ക് രൂപീകരിച്ചു. 24 മണിക്കൂർ സേവനം ലഭ്യമാണ്. പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി ഭക്ഷ്യസഹായ പദ്ധതിയിലൂടെ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തുവരുന്നു. കൂടാതെ ജനനി ജന്മരക്ഷാ പദ്ധതിയിലൂടെ പ്രതിമാസം 2,000/- രൂപ വീതം ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും നൽകിവരുന്നു. ടി തുക ശരിയായി വിനിയോഗിക്കുന്നുണ്ടെന്നും

പോഷകാഹാരം വാങ്ങി കഴിക്കുന്നുണ്ടെന്നും ഫീൽഡുതലത്തിൽ പ്രവർത്തിക്കുന്ന എസ്.ടി പ്രൊമോട്ടർമാർ മുഖേന നിരീക്ഷിച്ചുവരുന്നു. ആരോഗ്യ വകുപ്പ് വൈദ്യപരിശോധന യഥാസമയം നടത്തിവരുന്നുണ്ട്. കൂടാതെ ഗർഭിണികളെ എല്ലാ ആഴ്ചകളിലും ഊരുകളിൽ ചെന്ന് നേരിട്ട് കണ്ട് അവരുടെ ആരോഗ്യസ്ഥിതി വിലയിരുത്തുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിനും പ്രദേശവാസികളെ സാമ്പത്തികമായി സ്വയംപര്യാപ്തരാക്കുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

അർഹരായ എല്ലാവർക്കും MGNREGS-ന്റെ കീഴിൽ 200 തൊഴിൽദിനങ്ങൾ ഉറപ്പുവരുത്തുന്നതിനായി ട്രൈബൽ പ്ലസ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. കൂടാതെ കാർഷികോദ്യമ വികസന പദ്ധതികൾ നടപ്പിലാക്കുന്നു. വകുപ്പിനുകീഴിലുള്ള അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റി (ACFS) മുഖേനയും തൊഴിലവസരങ്ങൾ നൽകിവരുന്നു.

**കുണ്ടറ നിയോജകമണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

81(814) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം പദ്ധതി മുഖേന 2016-21 കാലഘട്ടത്തിൽ അനുവദിച്ചിട്ടുള്ളതും പൂർത്തിയാക്കിയതുമായ പദ്ധതികൾ പഞ്ചായത്ത്, വാർഡ്, പദ്ധതി നടപ്പാക്കിയ പ്രദേശം എന്നിങ്ങനെ തരം തിരിച്ച് വിശദമാക്കാമോ?

വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) 2021-22 സാമ്പത്തിക വർഷത്തേയ്ക്ക് അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതികളുടെ ഇപ്പോഴത്തെ പ്രവർത്തന പുരോഗതി വിലയിരുത്താമോ?

2021-22 വർഷം അംബേദ്കർ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ഒരു നിയോജകമണ്ഡലത്തിൽ 2 എന്ന നിലയ്ക്ക് അതാത് എം.എൽ.എ.-മാർ നിർദ്ദേശിക്കുന്ന കോളനികളുടെ ലിസ്റ്റ് ലഭ്യമാക്കുന്ന മുറയ്ക്ക് കോളനികൾ അംഗീകരിച്ച് അനുമതി നൽകുന്നതാണ്. നിലവിൽ ലഭിച്ചിട്ടുള്ള ശിപാർശകൾ പരിശോധിച്ച് ഭരണാനുമതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വാമനപുരം നിയോജകമണ്ഡലത്തിൽ ദുരിതാശ്വാസ ഫണ്ടിൽ നിന്നുള്ള ധനസഹായം**

82(815) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പുകളിലൂടെ ഡി.ആർ.എഫ്. (ഡിസ്ട്രെസ്സ് റിലീഫ് ഫണ്ട്)-ൽ നിന്ന് വാമനപുരം നിയോജകമണ്ഡലത്തിൽ എത്രപേർക്ക് ധനസഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ധനസഹായമായി നൽകിയ തുകയെത്ര, എത്രപേർക്ക് നൽകി എന്നീ വിവരങ്ങൾ പഞ്ചായത്ത്/വില്ലേജ് തിരിച്ച് നൽകാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി- പട്ടികവർഗ്ഗ വകുപ്പുകളിലൂടെ ഡി.ആർ.എഫ്. (ഡിസ്ട്രെസ്സ് റിലീഫ് ഫണ്ട്)-ൽ നിന്ന് വാമനപുരം നിയോജകമണ്ഡലത്തിൽ പട്ടികജാതി വിഭാഗത്തിൽനിന്ന് 101 പേർക്ക് 14,76,540/-രൂപയും പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്ന് 154 പേർക്ക് 5,67,140/-രൂപയും ധനസഹായമായി

നൽകിയിട്ടുണ്ട്. പഞ്ചായത്ത്/വില്ലേജ് തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| പട്ടികജാതി വിഭാഗം | |
|---|---|
| പഞ്ചായത്ത് ധനസഹായം അനുവദിച്ച ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
| പാങ്ങോട് | 14 1,31,964 |
| പെരിങ്ങമ്മല | 8 65,000 |
| കല്ലറ | 3 43,000 |
| പുല്ലമ്പാറ | 29 4,04,000 |
| നെല്ലനാട് | 15 1,76,576 |
| നന്ദിയോട് | 4 85,000 |
| വാമനപുരം | 1 25,000 |
| ആനാട് | 14 2,95,500 |
| പനവൂർ | 13 2,50,500 |
| ആകെ | 101 14,76,540 |
| **പട്ടികവർഗ്ഗ വിഭാഗം** | |
| പനവൂർ | 2 |
| പെരിങ്ങമ്മല | 81 |
| നന്ദിയോട് | 35 |
| പാങ്ങോട് | 36 |
| **ആകെ** | **154** |

**അട്ടപ്പാടിയിലെ ശിശുമരണം**

83(816) <u>ശ്രീ. ഷാഫി പറമ്പിൽ</u>:
<u>ശ്രീ. എ. പി. അനിൽ കുമാർ</u>:
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>:
<u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) അട്ടപ്പാടിയിൽ 2021 നവംബർ മാസത്തിൽ ഒരാഴ്ചയ്ക്കിടയിൽ അഞ്ചോളം ശിശുമരണങ്ങൾ റിപ്പോർട്ടുചെയ്ത അതീവ ഗുരുതര സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

2021 നവംബർ മാസത്തിൽ അട്ടപ്പാടിയിൽ നാല് ശിശുമരണങ്ങളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

(ബി) സർക്കാരിന്റെ ആഭിമുഖ്യത്തിൽ നവജാതശിശുക്കൾക്കും ഗർഭിണികളായ അമ്മമാർക്കുംവേണ്ടി നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടും ശിശുമരണത്തിന്റെ തോത് വർദ്ധിക്കുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതുസംബന്ധിച്ച് വിശദപഠനം നടത്തി ആവശ്യമായ നടപടികൾ കൈക്കൊള്ളുമോ?

അട്ടപ്പാടി മേഖലയിൽ ശിശുമരണ തോത് വർദ്ധിച്ചിട്ടില്ല. സർക്കാർ നടപ്പിലാക്കിയ പദ്ധതികളുടെ ഫലമായി മുൻവർഷത്തെ അപേക്ഷിച്ച് മരണനിരക്ക് കുറഞ്ഞുവരുന്നുണ്ട്. നിലവിലുള്ള ശിശു മരണങ്ങളെല്ലാംതന്നെ ജന്മനാലുള്ള അസുഖങ്ങൾ കാരണമോ മുലയൂട്ടുമ്പോൾ അനുഭവപ്പെട്ട ശ്വാസതടസ്സം കാരണമോ ആണ് സംഭവിച്ചതെന്ന് അട്ടപ്പാടി ട്രൈബൽ ഹെൽത്ത് നോഡൽ ആഫീസർ റിപ്പോർട്ടുചെയ്തിട്ടുണ്ട്. ചെറുപ്രായത്തിലുള്ള വിവാഹം, രക്തബന്ധമുള്ളവർ തമ്മിലുള്ള വിവാഹം, തുടർച്ചയായുള്ള ഗർഭധാരണം എന്നിവയും ശിശുമരണങ്ങൾക്ക് കാരണമാകാറുണ്ട്. ശിശുമരണങ്ങൾ ഒഴിവാക്കുന്നതിനും സമഗ്ര ആരോഗ്യ സംരക്ഷണത്തിനുമായി ക്ഷേമപദ്ധതികൾ വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കിവരുന്നു.

(സി) 2011-2016 കാലഘട്ടത്തിൽ നടപ്പിലാക്കിയ സമൂഹ അടുക്കള, ജനനി-ജന്മരക്ഷ ഉൾപ്പെടെയുള്ള നിരവധി പദ്ധതികൾ അട്ടിമറിച്ചതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് അട്ടപ്പാടിയിൽ ശിശുമരണം വർദ്ധിക്കുവാനുള്ള കാരണമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

2011-16 കാലഘട്ടങ്ങളിൽ നടപ്പിലാക്കിയ സമൂഹ അടുക്കള, ജനനി-ജന്മരക്ഷ ഉൾപ്പെടെയുള്ള പദ്ധതികൾ അട്ടിമറിച്ചതായുള്ള ആക്ഷേപം

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അട്ടപ്പാടിയിൽ 182 ഊരുകളിൽ ആരംഭിച്ചിരുന്ന കമ്മ്യൂണിറ്റി കിച്ചൺ ആവശ്യമില്ലെന്ന് ഊരുകൂട്ടങ്ങൾ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 32 ഊരുകളിൽ പ്രവർത്തനം അവസാനിപ്പിച്ചിരുന്നു. നിലവിൽ 150 ഊരുകളിൽ കുടുംബശ്രീ മുഖേന പദ്ധതി നടപ്പിലാക്കിവരുന്നു. ജനനി-ജന്മരക്ഷ പദ്ധതിയിൽ 693 ഗുണഭോക്താക്കൾക്ക് കുടിശ്ശിക ഉൾപ്പെടെ 83,92,000/- രൂപ അനുവദിച്ചിട്ടുണ്ട്. പദ്ധതി സുഗമമായി നടന്നുവരുന്നു.

(ഡി) സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ പൂർണ്ണതോതിൽ അട്ടപ്പാടിയിലെ ആദിവാസികൾക്ക് ലഭിക്കുന്നില്ലെന്നത് ശരിയാണോ; എങ്കിൽ ഇക്കാര്യത്തിൽ നടക്കുന്നതായി പറയപ്പെടുന്ന ക്രമക്കേട് കണ്ടെത്തി പദ്ധതികളുടെ പൂർണ്ണപ്രയോജനം ആദിവാസികൾക്ക് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാർക്കായി നടപ്പിലാക്കുന്ന പദ്ധതികൾ പൂർണ്ണതോതിൽ ആദിവാസികൾക്ക് ലഭിക്കുന്നില്ലെന്നത് ശരിയല്ല. DBT സംവിധാനം നിലവിൽ വന്നതോടെ ഗുണഭോക്താവിന് ലഭിക്കേണ്ട തുക പൂർണ്ണമായും അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്കുതന്നെ നേരിട്ട് എത്തുന്നുണ്ട്.

**സാവിത്രിഭായി ഫൂലെ മെമ്മോറിയൽ സ്കൂളിന് സ്വന്തമായി കെട്ടിടം**

84(817) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കുണ്ടംകുഴിയിൽ പ്രവർത്തിക്കുന്ന സാവിത്രിഭായി ഫൂലെ മെമ്മോറിയൽ സ്കൂളിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ സാമ്പത്തിക വർഷംതന്നെ ഭരണാനുമതി നൽകുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

(എ & ബി) സാവിത്രിഭായി ഫൂലെ മെമ്മോറിയൽ സ്കൂളിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ 31.81 കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. ധനകാര്യ വകുപ്പിന്റെ അംഗീകാരം ലഭിച്ചാലുടൻതന്നെ ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

**പിന്നാക്ക വിഭാഗത്തിലെ വിദ്യാർത്ഥികൾക്കായി സ്പോർട്സ് സ്കൂൾ**

85(818) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജകമണ്ഡലത്തിൽ ആതവനാട് ഗ്രാമപഞ്ചായത്തിൽ കുറുമ്പത്തൂർ വില്ലേജിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റേതായ എത്ര സ്ഥലമുണ്ടെന്ന് വ്യക്തമാക്കുമോ?

മലപ്പുറം ജില്ലയിലെ തിരൂർ നിയോജകമണ്ഡലത്തിൽ ആതവനാട് ഗ്രാമപഞ്ചായത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പിന് 9.59 ഏക്കർ സ്ഥലം നിലവിലുണ്ട്.

(ബി) പ്രസ്തുത സ്ഥലത്ത് പട്ടികവർഗ്ഗമുൾപ്പെടെ പിന്നാക്ക വിഭാഗത്തിലെ വിദ്യാർത്ഥികൾക്കായി സ്പോർട്സ് സ്കൂൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

പരിശോധിച്ചുവരികയാണ്.

**അട്ടപ്പാടിയിലെ ആദിവാസി വിഭാഗങ്ങളുടെ ജീവിത നിലവാരം**

86(819) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:

ശ്രീ. റോജി എം. ജോൺ:

ശ്രീ. ഷാഫി പറമ്പിൽ:

ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ആദിവാസി വിഭാഗങ്ങളുടെ ജീവിത നിലവാരം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

അട്ടപ്പാടിയിൽ ആദിവാസി വിഭാഗങ്ങളുടെ ജീവിത നിലവാരം സംബന്ധിച്ച് പട്ടികവർഗ്ഗ വികസന വകുപ്പ് നേരിട്ട് പ്രത്യേക പഠനം നടത്തിയിട്ടില്ല.

(ബി) ആദിവാസികൾക്കായി നടപ്പിലാക്കുന്ന ക്ഷേമപദ്ധതികളിലെ അഴിമതിയാണ് അവരുടെ ജീവിത നിലവാരം താഴോട്ടുപോയതിന്റെ പ്രധാന കാരണമെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല.

(സി) ആദിവാസികൾക്കായി 2011-16-ലെ സർക്കാർ പ്രഖ്യാപിച്ച നിരവധി പദ്ധതികളിൽ ചിലത് ഇപ്പോൾ മുടങ്ങിയിട്ടുണ്ടോ; എങ്കിൽ ഇവ

പുനരാരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ?

പട്ടികവർഗ്ഗ വികസന വകുപ്പ് 2011-16 കാലഘട്ടത്തിൽ ആരംഭിച്ച ജനനി-ജന്മരക്ഷാ പദ്ധതി, ഗോത്രസാരഥി എന്നിവ നിലവിൽ തുടർന്നുവരുന്നുണ്ട്. സമ്പൂർണ്ണ ഭവന പദ്ധതിയിലുൾപ്പെടുത്തി നിർമ്മാണം ആരംഭിച്ച് പൂർത്തീകരിക്കാത്ത വീടുകൾ ലൈഫ് മിഷനിലുൾപ്പെടുത്തി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി പ്രകാരം ലഭ്യമായ നിക്ഷിപ്ത വനഭൂമി, വനാവകാശ പ്രകാരം കൈവശരേഖ നൽകൽ എന്നീ പദ്ധതികൾ നിലവിലുള്ളത് കാരണം അട്ടപ്പാടിയിൽ ഭൂമി വിലയ്ക്ക് വാങ്ങുന്ന പദ്ധതി നടപ്പാക്കിയിട്ടില്ല.

(ഡി) അട്ടപ്പാടി മേഖലയിൽ പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിവിധ വകുപ്പുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണം-എക്സൈസ്, ധനകാര്യം, ഭക്ഷ്യ-സിവിൽ സപ്ലൈസ്, ആരോഗ്യ

വകുപ്പുമന്ത്രിമാരുടെയും സാന്നിദ്ധ്യത്തിൽ വിവിധ വകുപ്പ് അദ്ധ്യക്ഷന്മാരുടെ ഒരു ഉന്നതതല യോഗം ചേർന്നിരുന്നു. കൂടാതെ, വകുപ്പ് മേധാവികളുടെയും ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ അഗളിയിൽ രണ്ടുതവണ വിളിച്ചുചേർക്കുകയും ഓരോ വകുപ്പുകൾ ചെയ്യേണ്ട പദ്ധതിയുടെ കർമ്മപരിപാടി തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുപുറമേ, ഒറ്റപ്പാലം സബ്കളക്ടർ കൺവീനറായി പത്തംഗ സമിതി രൂപീകരിച്ച് വിവിധ വകുപ്പുകളുടെ പ്രവർത്തനം സംയോജിപ്പിച്ച് അട്ടപ്പാടി മേഖലയിലെ പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കിവരുന്നുണ്ട്.

(ഇ) അട്ടപ്പാടി മേഖലയിൽ പദ്ധതികൾ നടപ്പിലാക്കിയത് സംബന്ധിച്ച പരാതികളിൽ എന്തെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. 2015-16 വർഷത്തെ ATSP ഭവന നിർമ്മാണ പദ്ധതിയിൽ ഭൂതിവഴി ഊരിൽ ഏഴുപേർക്ക് അനുവദിച്ച ഭവന നിർമ്മാണ ധനസഹായം കരാറുകാരൻ തെറ്റിദ്ധരിപ്പിച്ച് തട്ടിയെടുത്തതുമായി ബന്ധപ്പെട്ട് കലമണി W/o രാമകൃഷ്ണൻ എന്നവരുടെ പരാതി പ്രകാരം ക്രൈം നമ്പർ 215/2019, പാപ്പ W/o കോണൻ എന്നവരുടെ പരാതി പ്രകാരം ക്രൈം നമ്പർ 246/19, കാളി S/o കാടൻ എന്നവരുടെ പരാതി പ്രകാരം ക്രൈം നമ്പർ 301/19 എന്നീ

കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**ആദിവാസി ഊരുകളിലെ ലഹരി മാഫിയയുടെ ചൂഷണം**

87(820) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ ആദിവാസി ഊരുകളിൽ ലഹരി മാഫിയ പിടിമുറുക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരുടെ ചൂഷണങ്ങൾക്ക് വിധേയമായും ലഹരിക്ക് അടിമപ്പെട്ടും മരണപ്പെട്ടവരുടെ കണക്ക് ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കുമോ?

കേരളത്തിലെ വിവിധ ആദിവാസി ഊരുകളിൽ ലഹരി മാഫിയ പിടിമുറുക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ലഹരി മാഫിയയുടെ പ്രവർത്തനം പ്രതിരോധിക്കുന്നതിൽ ട്രൈബൽ ഓഫീസർമാരും എസ്.ടി. പ്രൊമോട്ടർമാരും ഫലപ്രദമായ സാമൂഹ്യ ഇടപെടലുകൾ നടത്തുന്നുണ്ടോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ലഹരി മാഫിയയുടെ പ്രവർത്തനം ഉണ്ടാകാതിരിക്കുന്നതിനായി

ട്രൈബൽ ഓഫീസർമാരും എസ്.ടി. പ്രൊമോട്ടർമാരും ഫലപ്രദമായ സാമൂഹ്യ ഇടപെടലുകൾ നടത്തുന്നുണ്ട്. പട്ടികവർഗ്ഗക്കാർക്കിടയിൽ ലഹരി ഉപയോഗത്തിനെതിരെ ബോധവൽക്കരണത്തിനും ലഹരിവർജ്ജനം പ്രോത്സാഹിപ്പിക്കുന്നതിനും എസ്.ടി. പ്രൊമോട്ടർമാർ, ഹെൽത്ത് പ്രൊമോട്ടർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർ എന്നിവരെയും ആരോഗ്യം, പോലീസ്, എക്സൈസ്, ഫോറസ്റ്റ് വകുപ്പുകളെ കൂട്ടിയോജിപ്പിച്ച് ബോധവൽക്കരണ പരിപാടികളും മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിച്ചുവരുന്നു.

(സി) തിരുവനന്തപുരം പെരിങ്ങമ്മലയിൽ 5 ആദിവാസി പെൺകുട്ടികളുടെ മരണത്തിലേയ്ക്ക് നയിച്ച സംഭവങ്ങളുടെ പശ്ചാത്തലത്തിൽ ആദിവാസി ഊരുകളിലെ ലഹരി മാഫിയയുടെ ഇടപെടൽ തടയുന്നതിന് ഫലപ്രദമായ നടപടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പട്ടികവർഗ്ഗ ഊരുകളിൽ എക്സൈസ് വകുപ്പ്, തദ്ദേശഭരണ സ്ഥാപനങ്ങൾ, പോലീസ്, വനം, ആരോഗ്യം വകുപ്പുകളുടെയും സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ ബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും കൗൺസലിംഗ് നടത്താനും

ഊരുകളിൽ പോലീസ് നിരീക്ഷണം ശക്തമാക്കാനും സി.സി.ടി.വി ക്യാമറ സ്ഥാപിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

**പ്രളയത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ധനസഹായം**

88(821) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിൽ പ്രളയത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്കാണ് ധനസഹായം ലഭിച്ചത്?

പ്രളയത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട 77 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചിട്ടുണ്ട്.

(ബി) മാനന്തവാടി മണ്ഡലത്തിൽ എത്ര ആദിവാസി കുടുംബങ്ങൾക്ക് പുതിയ സ്ഥലവും വീടും പ്രസ്തുത പദ്ധതിയിലൂടെ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ?

പ്രളയത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട 77 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഈ പദ്ധതി പ്രകാരം ധനസഹായം ലഭിച്ചിട്ടുണ്ട്. കോഴിക്കോട് എൻ.ഐ.ടി,

ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ വിദഗ്ദ്ധ സമിതി എന്നിവർ പരിശോധിച്ച് മാറ്റി പാർപ്പിക്കുന്നതിന് ശിപാർശ ചെയ്തവരിൽ 171 പേർക്ക് ഭൂമി വാങ്ങി നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി ഏറ്റവും കൂടുതൽ എത്ര അളവ് സ്ഥലം വാങ്ങിയെന്നും ഏറ്റവും കുറവ് എത്ര അളവ് സ്ഥലം വാങ്ങിയെന്നും വ്യക്തമാക്കാമോ?

ഏറ്റവും കൂടുതൽ ഭൂമി വാങ്ങി നൽകിയത് - 29.5 സെന്റ്, ഏറ്റവും കുറവ് ഭൂമി വാങ്ങി നൽകിയത് - 10 സെന്റ്.

**പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനം**

89(822) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ ഗോത്ര വിഭാഗങ്ങളുടെ ഉന്നമനത്തിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ചെലവഴിക്കുന്ന ഫണ്ട് അർഹമായ കരങ്ങളിൽ എത്തുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത വിഭാഗത്തിനായി എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ നടപ്പിലാക്കിവരുന്നത്; വിശദമാക്കാമോ?

സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതി വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(എ) വിദ്യാഭ്യാസം

- വിദ്യാഭ്യാസ സ്കോളർഷിപ്പ്
- ഹോസ്റ്റലുകൾ /എം.ആർ.എസ്സുകൾ
- പ്രീപ്രൈമറി വിദ്യാഭ്യാസം
- ഗോത്രബന്ധു
- സാമൂഹിക പഠനമുറി
- ലാപ്ടോപ്പ്
- കോളനികളിൽ ഇന്റർനെറ്റ് സൗകര്യം
- വിദേശപഠനത്തിനുള്ള സ്കോളർഷിപ്പ്

(ബി) ആരോഗ്യ സംരക്ഷണ പദ്ധതികൾ

• സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി

• ചികിത്സാ സഹായം

• സിക്കിൾസെൽ അനീമിയ രോഗികൾക്കുള്ള സാമ്പത്തിക സഹായം

• മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ

• ഒ.പി. ക്ലിനിക്കുകളും ആയുർവ്വേദ ഡിസ്പെൻസറികളും

• ആംബുലൻസ് സേവനം

• ജനനി- ജന്മരക്ഷാ പദ്ധതി

(സി) <u>സാമൂഹിക-സാമ്പത്തിക വികസന പദ്ധതികൾ</u>

• കൈത്താങ്ങ് പദ്ധതി

• ലൈഫ് മിഷൻ മുഖേന ഭവനനിർമ്മാണം

• ഭൂമി വിതരണവും ഭവന നവീകരണവും

• അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം

• പി. കെ. കാളൻ കുടുംബ പദ്ധതി

• ഭക്ഷ്യ സുരക്ഷാ പദ്ധതികൾ

• മില്ലെറ്റ് വില്ലേജ് പദ്ധതി

• പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമങ്ങൾ

• തൊഴിലുറപ്പ് പദ്ധതിയിൽ കേരള ട്രൈബൽ പ്ലസ് പദ്ധതി

• തൊഴിലും നൈപുണ്യ പരിശീലനവും (ITI-കളിലെ തൊഴിൽ പരിശീലനം)

(സി) ആദിവാസി കോളനികളിലേയ്ക്കുള്ള റോഡ്, വൈദ്യുതി, വെള്ളം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ വർദ്ധിപ്പിക്കുന്നതിനായി 2016 മുതൽ നാളിതുവരെയായി അനുവദിച്ച തുകയും അതിൻപ്രകാരം പൂർത്തീകരിച്ച പ്രവൃത്തികളും ഏതെല്ലാമെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്തുമോ?

(ഡി) ഭൂരഹിതരും ഭൂമിയുള്ളവരുമായ ആദിവാസികൾക്ക് വീട് നിർമ്മിച്ചുനൽകുന്ന പദ്ധതിയിൻകീഴിൽ എത്ര കുടുംബങ്ങൾക്ക് വീട് വച്ചുനൽകിയെന്നും ഓരോ വീടിനും സ്ഥലം വാങ്ങുന്നതിന് അനുവദിച്ച തുക എത്രയാണെന്നും അറിയിക്കാമോ?

(സി & ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ഇ) പാതിവഴിയിൽ ഉപേക്ഷിച്ച ഏറനാട് മണ്ഡലത്തിലെ ചാലിയാർ-പാലക്കയം ആദിവാസി കോളനി റോഡ് നിർമ്മാണം പൂർത്തീകരിക്കുന്നതിനായി വർക്കിംഗ് കമ്മിറ്റി തയ്യാറാക്കിയ

എസ്റ്റിമേറ്റിന്മേൽ എന്ത് തുടർനടപടി സ്വീകരിച്ചുവെന്നും എപ്പോൾ പൂർത്തീകരിക്കുമെന്നും അറിയിക്കാമോ?

പാലക്കയം ആദിവാസി കോളനി റോഡ് നിർമ്മിക്കുന്നതിനായി നിലമ്പൂർ ബ്ലോക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിയ 2,60,00,000/- രൂപയുടെ എസ്റ്റിമേറ്റ് ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് അംഗീകാരത്തോടുകൂടി സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരം ലഭ്യമാക്കി ഫണ്ടുൾപ്പെടെ നിലമ്പൂർ പ്രോജക്ട് ഓഫീസർക്ക് നൽകുന്നതാണ്.

**പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമപദ്ധതികൾ**

90(823) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് വിശദീകരിക്കാമോ?

പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവരുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി നടപ്പാക്കുന്ന വിവിധ പദ്ധതി പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. ഭൂരഹിതർക്ക് ഭവന നിർമ്മാണത്തിനായുള്ള ഭൂമി

2. സ്പിൽഓവർ ഭവനങ്ങളുടെയും പൂർത്തീകരിക്കാത്ത ഭവനങ്ങളുടെയും പൂർത്തീകരണവും പഠനമുറികളുടെ നിർമ്മാണവും.

3. പട്ടിക വിഭാഗത്തിലെ ദുർബല വിഭാഗത്തിനുള്ള വികസന പരിപാടികൾ.

4. ഭവനരഹിത പട്ടികജാതിക്കാർക്ക് ഭവന പദ്ധതി (ലൈഫ് മിഷൻ)

5. പട്ടികജാതി ഉപപദ്ധതികളുൾപ്പെടെ പ്രത്യേക പ്രോജക്ടുകൾക്കായുള്ള പൂൾഡ് ഫണ്ട്.

6. പട്ടികജാതി വികസന വകുപ്പിന്റെ നവീകരണവും ഇ-ഗവേണൻസ് സംരംഭങ്ങളും.

7. പട്ടികജാതി ഉപപദ്ധതി പ്രകാരമുള്ള കോർപ്പസ് ഫണ്ട് (നിർണ്ണായക വിടവ് നികത്തൽ പദ്ധതി)

8. കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന ഫെഡറേഷൻ ഓഹരി മൂലധന വിഹിതം.

9. പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം.

10. വെള്ളായണിയിലുള്ള അയ്യങ്കാളി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ ഉൾപ്പെടെയുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നടത്തിപ്പ്.

11. പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനുള്ള ധനസഹായം

12. പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിനുള്ള ധനസഹായം - പാലക്കാട് മെഡിക്കൽ കോളേജ് നിർമ്മാണ പ്രവർത്തനങ്ങൾ

13. തൊഴിലിനും പരിശീലനത്തിനും മാനവ വിഭവശേഷി വികസനത്തിനുമുള്ള സഹായം

14. വകുപ്പിന്റെ നിയന്ത്രണത്തിലുള്ള വിവിധ കെട്ടിടങ്ങളുടെ മരാമത്ത് പ്രവൃത്തികളും അറ്റകുറ്റപ്പണിയും

15. എം.ആർ.എസ്.-നും ഹോസ്റ്റലുകൾക്കും കെട്ടിടം പണിയുന്നതിനായി ഭൂമി വാങ്ങുന്ന പദ്ധതി

16. ഡോ. അംബേദ്കർ ഗ്രാമ വികസന പദ്ധതി

17. ആരോഗ്യ സംരക്ഷണ പരിപാടി

18. പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് അധിക സംസ്ഥാന സഹായം

19. എല്ലാ ജില്ലകളിലും വർക്കിംഗ് വുമൺസ് ഹോസ്റ്റൽ.

<u>100 ശതമാനം കേന്ദ്ര സഹായമുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>

1. പട്ടികജാതി ഉപപദ്ധതിക്കുള്ള പ്രത്യേക കേന്ദ്രസഹായം (എസ്.എസ്.എ. ടു എസ്.സി.എസ്.പി.)

2. പട്ടികജാതി വിദ്യാർത്ഥികൾക്ക് പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ.

3. പട്ടികജാതി വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തൽ

4. പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (പോസ്റ്റ് മെട്രിക്) ബാബു ജഗജീവൻ റാം ഛത്രവാസ് യോജന

5. ഒമ്പതും പത്തും ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പ്

6. ശുചീകരണത്തിലും ആരോഗ്യ ശോഷണത്തിന് സാധ്യതയുള്ളതുമായ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കുട്ടികൾക്കായുള്ള പ്രീമെട്രിക് സ്കോളർഷിപ്പ്

7. പ്രധാൻമന്ത്രി ആദർശ് ഗ്രാമം യോജന (പി.എം.എ.ജി.വൈ)

<u>മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>

1. ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (50 ശതമാനം കേന്ദ്ര വിഹിതം)

2. പൗരാവകാശ സംരക്ഷണ നിയമവും 1989-ലെ അതിക്രമങ്ങൾ തടയൽ നിയമവും നടപ്പാക്കൽ

3. പ്രധാൻമന്ത്രി ആവാസ് യോജന-ഗ്രാമീൺ (പി.എം.എ.വൈ) പട്ടികജാതിക്കാർക്കുള്ള ഉപപദ്ധതി (40 ശതമാനം സംസ്ഥാന വിഹിതം) (ഗ്രാമവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്നു).

4. ദീൻ ദയാൽ അന്ത്യോദയ യോജന-ദേശീയ ഗ്രാമീണ ഉപജീവന മിഷൻ

(ഡിഎവൈ-എൻ.ആർ.എൽ.എം) (40 ശതമാനം സംസ്ഥാന വിഹിതം) (കുടുംബശ്രീ മുഖേന നടപ്പിലാക്കുന്നു)

5. കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ് (എസ്.സി.എസ്.പി) (49 ശതമാനം കേന്ദ്ര വിഹിതം) എസ്.സി.എസ്.റ്റി. കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നു.

സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതി വിവരങ്ങൾ ചുവടെ ചേർക്കുന്നു:

എ) <u>വിദ്യാഭ്യാസം</u>: പ്രീമെട്രിക്/പോസ്റ്റ് മെട്രിക് സ്കോളർഷിപ്പുകൾ, ഹോസ്റ്റലുകൾ/എം.ആർ.എസ്സുകൾ, പ്രീ പ്രൈമറി വിദ്യാഭ്യാസം, ഗോത്രബന്ധു, സാമൂഹിക പഠനമുറി, ലാപ്ടോപ്പ്, കോളനികളിൽ ഇന്റർനെറ്റ് സൗകര്യം, വിദേശ പഠനത്തിനുള്ള ധനസഹായം, മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെ നവീകരണം, പ്രീമെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ നവീകരണം.

ബി) <u>ആരോഗ്യ സംരക്ഷണ പദ്ധതികൾ</u>: സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി, ചികിത്സാ സഹായം, അരിവാൾ രോഗികൾക്കുള്ള സാമ്പത്തിക സഹായം, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ഒ.പി. ക്ലിനിക്കുകളും ആയുർവ്വേദ ഡിസ്പെൻസറികളും, ആംബുലൻസ് സേവനം, ജനനി- ജന്മരക്ഷാ

പദ്ധതി, കൈത്താങ്ങ് പദ്ധതി.

സി) സാമൂഹിക-സാമ്പത്തിക വികസന പദ്ധതികൾ: വിവാഹ ധനസഹായ പദ്ധതി, ഭൂമി വിതരണവും ഭവന നിർമ്മാണവും, ഭവന നവീകരണ പദ്ധതി, ലൈഫ് മിഷൻ, അംബേദ്കർ സെറ്റിൽമെന്റ് ഡെവലപ്മെന്റ് സ്കീം, പി. കെ. കാളൻ കുടുംബ പദ്ധതി, ഭക്ഷ്യസുരക്ഷാ പദ്ധതികൾ, മില്ലറ്റ് വില്ലേജ് പദ്ധതി, പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം, തൊഴിലുറപ്പ് പദ്ധതിയിൽ കേരള ട്രൈബൽ പ്ലസ് പദ്ധതി, തൊഴിലും നൈപുണ്യ പരിശീലനവും.

(ബി) ഏറനാട് നിയോജകമണ്ഡലത്തിലെ വിവിധ പട്ടികജാതി - പട്ടികവർഗ്ഗ കോളനി പ്രദേശങ്ങളുടെ വികസനത്തിനും ഉന്നമനത്തിനുമായി നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്നും പ്രസ്തുത പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വ്യക്തമാക്കുമോ?

ഏറനാട് നിയോജകമണ്ഡലത്തിലെ വിവിധ പട്ടികജാതി-പട്ടികവർഗ്ഗ കോളനി പ്രദേശങ്ങളുടെ വികസനത്തിനും ഉന്നമനത്തിനുമായി നടപ്പിലാക്കിയ പദ്ധതികൾ:

1. എടവണ്ണ ഗ്രാമപഞ്ചായത്തിലെ വെള്ളാമ്പുറം പട്ടികജാതി

കോളനിയിൽ നടപ്പിലാക്കിയ അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതി, എസ്റ്റിമേറ്റ് പ്രകാരമുള്ള എല്ലാ പദ്ധതികളും പൂർത്തീകരിച്ചു.

2. വിവിധ പഞ്ചായത്തുകളിലായി കോർപ്പസ് ഫണ്ട് വകയിരുത്തി നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധം-I+ ആയി ചേർക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് ഏറനാട് നിയോജകമണ്ഡലത്തിൽ ചാലിയാർ ഗ്രാമപഞ്ചായത്തിലെ ഇടിവണ്ണ, പാറേക്കാട് കുറുമ കോളനി, പാറേക്കാട് പണിയ കോളനികളിൽ അംബേദ്കർ വികസന പദ്ധതിയിലുൾപ്പെടുത്തി ഒരു കോടി രൂപയുടെ വിവിധ പദ്ധതികൾ ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന പൂർത്തിയായിവരുന്നു.

(സി) പ്രസ്തുത മണ്ഡലത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളുടെ വികസനത്തിനായി പുതുതായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

പ്രസ്തുത മണ്ഡലത്തിൽ പട്ടികജാതി കോളനികളുടെ വികസനത്തിനായി പുതുതായി നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ അനുബന്ധം-II+ ആയി ചേർക്കുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പ് സാമ്പത്തിക വർഷം ഏറനാട് നിയോജകമണ്ഡലത്തിൽ പുതിയതായി അംബേദ്കർ വികസന

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതി നടപ്പിലാക്കുന്നതിനായി ചാലിയാർ ഗ്രാമപഞ്ചായത്തിലെ വളാംതോട് കോളനിയും ഊർങ്ങാട്ടിരി ഗ്രാമപഞ്ചായത്തിലെ മൈലാടി കോളനിയും തെരഞ്ഞെടുത്തിട്ടുണ്ട്.

**സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ്**

91(824) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് നഗരസഭയുടെ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് പാലക്കാട് മെഡിക്കൽ കോളേജിനുകീഴിലുള്ള സ്ഥലമല്ലാതെ മറ്റേതെങ്കിലും സ്ഥലം നഗരസഭ കണ്ടെത്തി ശിപാർശ ചെയ്തിട്ടുണ്ടോ?

പാലക്കാട് നഗരസഭയുടെ സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് പാലക്കാട് മെഡിക്കൽ കോളേജിനുകീഴിലുള്ള സ്ഥലമല്ലാതെ വേറൊരു സ്ഥലവും നഗരസഭ കണ്ടെത്തി ശിപാർശ ചെയ്തിട്ടില്ല.

(ബി) പട്ടികജാതി വകുപ്പിനുകീഴിലുള്ള പാലക്കാട് മെഡിക്കൽ

കോളേജിന്റെ തുടർവികസനത്തിനും നഴ്സിംഗ് കോളേജ്, ഡെന്റൽ കോളേജ്, ഫാർമസി കോളേജ് എന്നിവയുടെ നിർമ്മാണത്തിനും ആവശ്യമായ ഭൂമി നിലവിലില്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇതുസംബന്ധിച്ച വിശദാംശങ്ങൾ പരിശോധിച്ചുവരുന്നു.

**അട്ടപ്പാടി കർമ്മപദ്ധതി**

92(825) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിതസൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി പ്രത്യേക കർമ്മപദ്ധതികൾ എന്തെങ്കിലും ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കിവരുന്ന നിലവിലുള്ള പദ്ധതികൾക്കുപുറമെ മാതൃ-ശിശു സൗഹാർദ്ദ പദ്ധതികളും വിവിധ വകുപ്പുകളുടെ സംയോജിത പദ്ധതികളും നടപ്പാക്കിവരികയാണ്. കോർപ്പസ്

ഫണ്ടിലുൾപ്പെടുത്തി വിവിധ പദ്ധതികൾ പ്രത്യേകമായും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. അട്ടപ്പാടിയിലെ ആദിവാസികൾക്ക് മികച്ച വിദ്യാഭ്യാസം നൽകി സ്വയംപര്യാപ്തരാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് സർക്കാർ ഏറ്റെടുത്ത് നടപ്പാക്കിവരുന്നത്.

(ബി) എങ്കിൽ കർമ്മപദ്ധതിയുടെ ഭാഗമായി ഡീ-അഡിക്ഷൻ സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കൽ, ഗർഭിണികളുടെയും കുട്ടികളുടെയും ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തൽ, ഹൈ റിസ്ക് കാറ്റഗറിയിലുള്ളവർക്ക് പ്രത്യേക പരിചരണം, കൃത്യമായ ഫണ്ട് വിനിയോഗം, പ്രത്യേകമായ ആരോഗ്യപദ്ധതികൾ എന്നിവ കാര്യക്ഷമമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

പരിഗണനയിലുണ്ട്.

(സി) പദ്ധതിയുടെ ഭാഗമായി മറ്റെന്തെല്ലാം കാര്യങ്ങളാണ് പരിഗണിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

ഗർഭിണികളുടെ സുരക്ഷയും പരിചരണവും ഉറപ്പുവരുത്തുന്നതിനായി ഐ.റ്റി.ഡി.പി, കുടുംബശ്രീ, ഐ.സി.ഡി.എസ്, ആരോഗ്യ വകുപ്പ് എന്നീ വകുപ്പുകൾ സംയുക്തമായി ചേർന്ന് ഗർഭിണികളുടെ ലിസ്റ്റ് തയ്യാറാക്കി

പ്രതിവാര മീറ്റിംഗിൽ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുകയും ഹൈ റിസ്കിൽ ഉൾപ്പെട്ടവരെ പ്രത്യേകം നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്.

**അട്ടപ്പാടി ആദിവാസി വിഭാഗങ്ങൾക്കായുള്ള ക്ഷേമപദ്ധതികൾ**

93(826) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ അട്ടപ്പാടിയിൽ ആദിവാസി വിഭാഗങ്ങളുടെ ക്ഷേമത്തിനായി പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മുഖേന ഏതൊക്കെ പദ്ധതികളിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്?

അനുബന്ധമായി+ ഉള്ളടക്കം ചെയ്യുന്നു.

(ബി) ആദിവാസി വിഭാഗങ്ങൾക്കായി സർക്കാർ ചെലവഴിക്കുന്ന തുക ഫലപ്രദമായി വിനിയോഗിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളത്; വ്യക്തമാക്കാമോ?

പട്ടികവർഗ്ഗ വിഭാഗത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും കാര്യക്ഷമത ഉറപ്പുവരുത്തി പുരോഗതി വിലയിരുത്തുന്നതിനുമായി എല്ലാ ജില്ലകളിലും ജില്ലാകളക്ടർ അദ്ധ്യക്ഷനും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജനപ്രതിനിധികൾ അംഗങ്ങളുമായി വർക്കിംഗ് ഗ്രൂപ്പ് നിലവിലുണ്ട്. ജില്ലാതലത്തിൽ നടത്തുന്ന പദ്ധതികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഈ കമ്മിറ്റി പദ്ധതികൾ പരിശോധിച്ച് യഥാസമയം പുരോഗതി വിലയിരുത്തി വരുന്നു. സംസ്ഥാനതലത്തിൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ മാസത്തിലൊരിക്കൽ വിവിധ വകുപ്പുകളുടെ പ്രാതിനിധ്യത്തോടെ പ്രധാന പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ചെയർമാനും ജോയിന്റ് ഡയറക്ടർ കൺവീനറും ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ ഓഫീസർമാർ എന്നിവർ അംഗങ്ങളുമായി രൂപീകരിച്ച കമ്മിറ്റി പദ്ധതി പുരോഗതി ജില്ലാതലത്തിൽ വിലയിരുത്തുന്നു. പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക-ഭൗതിക നേട്ടങ്ങൾ എല്ലാ മാസവും ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതലത്തിൽ ചേരുന്ന ജില്ലാവികസന സമിതി യോഗത്തിലും വിലയിരുത്തുന്നുണ്ട്. ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥർ ജില്ലകളിൽ സന്ദർശനം നടത്തി പുരോഗതി വിലയിരുത്തുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ എല്ലാ വ്യക്തിഗത ആനുകൂല്യങ്ങളും ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (ഡി.ബി.റ്റി) വഴി ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് അനുവദിച്ചുവരുന്നു. ടി തുക ശരിയായ രീതിയിൽ

വിനിയോഗിച്ചുവരുന്നുവെന്ന് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ പ്രൊമോട്ടർമാരുടെ സഹായത്തോടെ വിലയിരുത്തുന്നു.

(സി) അട്ടപ്പാടി മേഖലയിൽ ശിശുമരണങ്ങളും മറ്റും നിരന്തരം ആവർത്തിക്കപ്പെടുന്ന സാഹചര്യത്തിൽ പ്രസ്തുത പദ്ധതികൾ ഫലപ്രദമായി നടപ്പാക്കുന്നതിൽ വീഴ്ചയുണ്ടായ സാഹചര്യം പരിശോധിച്ച് തിരുത്തൽ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഗർഭിണികളുടെ സുരക്ഷയും പരിചരണവും ഉറപ്പുവരുത്തുന്നതിനായി ഐ.റ്റി.ഡി.പി, കുടുംബശ്രീ, ഐ.സി.ഡി.എസ്, ആരോഗ്യ വകുപ്പ് എന്നീ വകുപ്പുകൾ സംയുക്തമായി വീടുകൾ സന്ദർശിച്ച് ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, നവജാതശിശുക്കൾ എന്നിവരുടെ ആരോഗ്യം, പോഷണ നിലവാരം തുടങ്ങിയ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യുകയും ഹൈ റിസ്ക് വിഭാഗത്തിലുൾപ്പെട്ടവരെ പ്രത്യേകം നിരീക്ഷിക്കുകയും ആവശ്യമായ മെഡിക്കൽ സഹായം നൽകുകയും ചെയ്യുന്നു.

**പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ ഇന്റർനെറ്റ് സൗകര്യം**

94(827) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ പട്ടികജാതി-പട്ടികവർഗ്ഗ കോളനികളിലും ഓൺലൈൻ പഠന സൗകര്യം ലഭ്യമാക്കുന്ന ഒരു പ്രാദേശിക പഠന കേന്ദ്രം ആരംഭിക്കുവാൻ ആലോചിക്കുന്നുണ്ടോ?

പട്ടികവർഗ്ഗ കോളനികളിൽ ഒരുക്കിയിട്ടുള്ള 250 സാമൂഹ്യ പഠനമുറികളിലൂടെയും ഊരുവിദ്യാ കേന്ദ്രങ്ങൾ, ക്ലബ്ബുകൾ, വായനശാലകൾ, അങ്കണവാടികൾ, മൾട്ടി ഗ്രേഡ് ലേണിംഗ് സെന്ററുകൾ മുതലായ കോളനികളിലെ പൊതുയിടങ്ങളിൽ താൽക്കാലികമായി ഓൺലൈൻ പഠന സൗകര്യം ഒരുക്കിയിട്ടുണ്ട്. ഫെസിലിറ്റേറ്റർമാരുടെയും മെന്റർ ടീച്ചർമാരുടെയും സഹായത്തോടുകൂടി ഓൺലൈൻ പഠനം ഗോത്ര ഭാഷയിലും നൽകുന്നുണ്ട്. നടപ്പുസാമ്പത്തിക വർഷം പുതിയതായി 114 സാമൂഹ്യപഠനമുറികളും നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ 114 സാമൂഹ്യപഠന മുറികളും സ്ഥാപിക്കുന്നതിന് നടപടികളാരംഭിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ പട്ടികജാതി കോളനികളിൽ 208 വിജ്ഞാൻവാടികളിലൂടെ ഓൺലൈൻ പഠനസൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) നിലവിൽ ഇന്റർനെറ്റ് സൗകര്യം ലഭ്യമല്ലാത്ത എസ്.സി./എസ്.ടി. കോളനികളിൽ വിവിധ ഇന്റർനെറ്റ് സേവനദാതാക്കളുമായി സഹകരിച്ച് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പട്ടികവർഗ്ഗ കോളനികളിൽ ബി.എസ്.എൻ.എൽ മുഖേന കണക്ടിവിറ്റി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പട്ടികജാതി കോളനികളിൽ ഇന്റർനെറ്റ് കണക്ടിവിറ്റി ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും പരിഗണനയിലാണ്.

**ഗുരുവായൂർ മണ്ഡലം-അംബേദ്കർ ഗ്രാമം**

95(828) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 വർഷത്തെ അംബേദ്കർ ഗ്രാമ വികസന പദ്ധതിയുമായി ബന്ധപ്പെട്ട് ഗുരുവായൂർ മണ്ഡലത്തിലെ കൊളാടി പറമ്പ് പട്ടികജാതി കോളനിയിൽ ഇതുവരെ നടപ്പാക്കിയ പ്രവർത്തനങ്ങളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇവയിൽ 21-02-2020-ൽ ഭരണാനുമതി ലഭിച്ച പ്രവൃത്തി നടപ്പിലാക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

(എ & ബി) പ്രസ്തുത കോളനിയെ 2020-21 വർഷത്തിൽ അംബേദ്കർ പദ്ധതിക്കായി തെരഞ്ഞെടുത്തിരുന്നെങ്കിലും മോണിറ്ററിംഗ് സമിതി ശിപാർശ ചെയ്ത നിർവ്വഹണ ഏജൻസിയായ തൃശ്ശൂർ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് പ്രവൃത്തി ഏറ്റെടുക്കാൻ സാങ്കേതിക ബുദ്ധിമുട്ടുണ്ടെന്ന് അറിയിച്ചിട്ടുള്ളതിനാൽ പദ്ധതി നിർവ്വഹണം ആരംഭിച്ചിട്ടില്ല.

**പിന്നാക്ക വിഭാഗങ്ങളുടെ ഉന്നമനം**

96(829) **ശ്രീ. പി. ടി. എ. റഹീം:**
**ശ്രീ. പി. പി. ചിത്തരഞ്ജൻ:**
**ശ്രീമതി കാനത്തിൽ ജമീല:**
**ശ്രീ. ജി. സ്റ്റീഫൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പിന്നാക്ക വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികളുടെ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് വിതരണത്തിലുണ്ടായ തടസ്സം അറിയിക്കാൻ നടപടിയെടുത്തിരുന്നോ?

പിന്നാക്ക വിഭാഗ വികസന വകുപ്പിന് എല്ലാ ജില്ലകളിലും ഓഫീസ് സംവിധാനവും ആവശ്യത്തിന് ഉദ്യോഗസ്ഥരും ഉണ്ടാകുന്നതുവരെ പിന്നാക്ക വിഭാഗങ്ങളുടെ സ്കോളർഷിപ്പ് അപേക്ഷകൾ മുൻവർഷങ്ങളിലേതിന് സമാനമായി പട്ടികജാതി വികസന വകുപ്പുതന്നെ കൈകാര്യം ചെയ്യുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പിന്നാക്ക വിഭാഗ വികസന വകുപ്പിനുകീഴിലുള്ള ഓഫീസുകൾ വിപുലീകരിച്ച് കാര്യക്ഷമത ഉറപ്പുവരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

എല്ലാ ജില്ലകളിലും പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ ഓഫീസുകളാരംഭിക്കുന്നത് സർക്കാർ സജീവമായി പരിഗണിച്ചുവരുന്നുണ്ട്. നിലവിൽ പിന്നാക്ക വിഭാഗ വികസന വകുപ്പ് പൂർണ്ണമായും ഇ-ഓഫീസടക്കമുള്ള സാങ്കേതിക സൗകര്യത്തോടെയാണ് പ്രവർത്തിക്കുന്നത്. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതോടൊപ്പം എല്ലാ സ്കീമുകളും ഓൺലൈനായും സുതാര്യമായും വേഗത്തിലും നടപ്പിലാക്കുന്നതിനും കാര്യക്ഷമമായി ഉദ്യോഗസ്ഥർ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പിന്നാക്ക വിഭാഗങ്ങളുടെ ഉന്നമനത്തിനായി നടപ്പിലാക്കിവരുന്ന

പദ്ധതികൾ ഏതെല്ലാമാണ്; പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിന് എല്ലാ ജില്ലകളിലും പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ ഓഫീസുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോ?

വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു. വകുപ്പുമുഖേന നൂതന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിനുള്ള പ്രൊപ്പോസലുകൾ പരിഗണനയിലാണ്. എല്ലാ ജില്ലകളിലും പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ ഓഫീസുകൾ ആരംഭിക്കുന്നത് സർക്കാർ സജീവമായി പരിഗണിച്ചുവരുന്നുണ്ട്.

## കണ്ണൂർ മണ്ഡലം-പള്ളിപ്രം, വലിയന്നൂർ കോളനിയിലെ അംബേദ്കർ ഗ്രാമം

97(830) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ മണ്ഡലത്തിലെ പള്ളിപ്രം, വലിയന്നൂർ കോളനികളെ അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി നടത്തുന്ന നിർമ്മാണ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവൃത്തികൾ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) പ്രസ്തുത കോളനിയുടെ നിർമ്മാണം പുരോഗമിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

(എ & ബി) കണ്ണൂർ മണ്ഡലത്തിലെ പള്ളിപ്രം, വലിയന്നൂർ കോളനിയിലെ ചുറ്റുമതിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. സാംസ്കാരിക നിലയത്തിന്റെ നിർമ്മാണത്തിനുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ച് അടിയന്തരമായി പദ്ധതി നിർവ്വഹണം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പട്ടികജാതി - പട്ടികവർഗ്ഗ മിശ്രവിവാഹിതർക്കുള്ള ധനസഹായം**

98(831) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മിശ്ര വിവാഹിതരായ ദമ്പതികൾക്ക് പട്ടികജാതി - പട്ടികവർഗ്ഗ വികസന വകുപ്പുവഴി എന്തൊക്കെ ധനസഹായങ്ങളാണ് നൽകിവരുന്നതെന്നും എത്ര രൂപയാണ് ധനസഹായമെന്നും വ്യക്തമാക്കാമോ?

മിശ്രവിവാഹംമൂലം ക്ലേശങ്ങൾ അനുഭവിക്കുന്നതും സാമൂഹ്യമായ ഒറ്റപ്പെടുത്തലിനും പീഡനങ്ങൾക്കും വിധേയരാകുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട ദമ്പതിമാർക്ക് വരുമാനദായകമായ ഏതെങ്കിലും സംരംഭം ആരംഭിക്കുന്നതിന് 75,000/-രൂപ ധനസഹായം നൽകുന്നു. മിശ്രവിവാഹംമൂലം ക്ലേശമനുഭവിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് 75,000/-രൂപ മിശ്രവിവാഹ ധനസഹായമായി അനുവദിക്കുന്നു.

(ബി) പ്രസ്തുത മിശ്രവിവാഹ ധനസഹായംവഴി എന്തൊക്കെ ആനുകൂല്യങ്ങളാണ് കിട്ടുന്നതെന്ന് വ്യക്തമാക്കാമോ; ആർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടതെന്നും എന്തൊക്കെ രേഖകളാണ് അപേക്ഷകർ ഹാജരാക്കേണ്ടതെന്നും ഇതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

മിശ്രവിവാഹംമൂലം ദുരിതമനുഭവിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട ദമ്പതിമാർക്ക് വരുമാനദായകമായ ഏതെങ്കിലും സംരംഭം ആരംഭിക്കുന്നതിനായി 75,000/-രൂപ ധനസഹായമായി നൽകുന്നു. വിവാഹം കഴിഞ്ഞ് ഒരു വർഷത്തിനുശേഷം 3 വർഷത്തിനുള്ളിലായി ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കണം. അപേക്ഷയോടൊപ്പം

ദമ്പതിമാരുടെ ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, സഹവാസ സർട്ടിഫിക്കറ്റ് (ഗസറ്റഡ് ഓഫീസറിൽനിന്നും), വിവാഹ സർട്ടിഫിക്കറ്റ്, ആധാർ കാർഡിന്റെ കോപ്പി/തിരിച്ചറിയൽ രേഖ, ബാങ്ക് പാസ് ബുക്കിന്റെ കോപ്പി എന്നിവയും സമർപ്പിക്കണം. വരുമാന പരിധി ഒരു ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. മിശ്രവിവാഹംമൂലം ക്ലേശം അനുഭവിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് 75,000/-രൂപ ധനസഹായമായി അനുവദിക്കുന്നു. വിവാഹം കഴിഞ്ഞ് ഒരു വർഷത്തിനുശേഷവും 3 വർഷത്തിനുള്ളിലും അപേക്ഷ സമർപ്പിക്കണം. 1 ലക്ഷം രൂപ വരുമാന പരിധിയായി നിശ്ചയിച്ചിട്ടുണ്ട്. അപേക്ഷകന്റെ ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ, പഞ്ചായത്തിൽനിന്നും ധനസഹായം ലഭിച്ചിട്ടില്ലെന്ന സർട്ടിഫിക്കറ്റ്, വിവാഹസർട്ടിഫിക്കറ്റ് തുടങ്ങിയവ സഹിതം അപേക്ഷ അതാത് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർക്ക് നൽകേണ്ടതും ആയത് ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ അന്വേഷണം നടത്തി മിശ്രവിവാഹ ധനസഹായത്തിന് അർഹരാണെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം ജില്ലാതല ഓഫീസിലേയ്ക്ക് ശിപാർശ ചെയ്യുകയും ആയതുപ്രകാരം ധനസഹായം അനുവദിക്കുകയും ചെയ്യുന്നു.

(സി) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ പ്രസ്തുത മിശ്രവിവാഹ

ആനുകൂല്യത്തിനായി കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ആയതിൽ എത്ര അപേക്ഷകർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ പട്ടികജാതി വിഭാഗത്തിൽനിന്നും 8 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആനുകൂല്യം വിതരണം ചെയ്യുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നും മിശ്രവിവാഹ ധനസഹായത്തിനുള്ള ഒരു അപേക്ഷ ലഭിച്ചിട്ടുണ്ട്. ധനസഹായം നൽകാൻ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) നിലവിൽ ഏത് തീയതി മുതലുള്ള അപേക്ഷകളിന്മേലാണ് ധനസഹായം വിതരണം ചെയ്യാൻ ബാക്കിയുള്ളതെന്ന് വിശദമാക്കാമോ?

പട്ടികജാതി വികസന വകുപ്പിൽ 25-08-2020 മുതലുള്ള അപേക്ഷകളിന്മേൽ ധനസഹായം അനുവദിക്കാൻ ബാക്കിയുണ്ട്. കണ്ണൂർ ജില്ലയിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മിശ്രവിവാഹിതരായ ദമ്പതികൾക്ക് 4/2017 മുതലുള്ള 22 അപേക്ഷകളിന്മേൽ ധനസഹായം വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചുവരുന്നു.

## അംബേദ്കർ ഗ്രാമം പദ്ധതി-മാനന്തവാടി

99(832) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി നവീകരിക്കുന്ന മാനന്തവാടി മണ്ഡലത്തിലെ വിവിധ പട്ടികവർഗ്ഗ സങ്കേതങ്ങളുടെ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; പ്രവൃത്തി പൂർത്തീകരിച്ച സ്ഥലങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

മാനന്തവാടി മണ്ഡലത്തിൽനിന്നും അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം തെരഞ്ഞെടുത്ത എട്ട് കോളനികളുടെ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അനുബന്ധമായി+ ചേർക്കുന്നു. ടി എട്ട് കോളനികളിൽ കൊന്നിയോട്, കൈതവള്ളി, പുഴവയൽ, ചേകോട് എന്നീ നാല് കോളനികളിലെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള പ്രവൃത്തികൾ 31-03-2022-ന് മുമ്പായി പൂർത്തീകരിക്കുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പ്രവൃത്തി പൂർത്തീകരിക്കാത്ത സ്ഥലങ്ങൾ ഏതൊക്കെയെന്നും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആയതിന്റെ കാരണവും വ്യക്തമാക്കാമോ?

അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം തെരഞ്ഞെടുത്ത ആലഞ്ചേരി-പുറവഞ്ചേരി-മേചേരി ക്ലസ്റ്റർ, വിട്ടിയാംമ്പറ്റ, പാലിയാണ, പടക്കോട്ട്കുന്ന് എന്നീ നാല് കോളനികളുടെ നിർമ്മാണ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്.

**പഠനം ഉപേക്ഷിച്ച ആദിവാസി പിന്നാക്ക വിദ്യാർത്ഥികൾ**

100(833) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മാണി. സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ; ഇത്തരത്തിൽ കൊഴിഞ്ഞുപോക്ക് കൂടുതലുള്ളത് ഏതെല്ലാം ജില്ലകളിലാണെന്ന് വ്യക്തമാക്കാമോ?

വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്കിന്റെ കാരണങ്ങൾ കണ്ടെത്തി

അത് പരിഹരിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് താഴെപ്പറയുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

ഗോത്രബന്ധു: വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുക, ഭാഷാ പ്രശ്നം പരിഹരിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി സർക്കാർ/എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ മെന്റർ ടീച്ചർമാരെ നിയമിക്കുന്ന പദ്ധതിയാണിത്. സാമൂഹ്യപഠന മുറി, ഗോത്രബന്ധു പദ്ധതികൾ നടപ്പിലാക്കിയതിലൂടെ പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഗോത്രസാരഥി: വിദൂര സ്ഥലങ്ങളിൽനിന്നും കുട്ടികളെ സ്കൂളിൽ എത്തിക്കുന്നതിനായി വാഹനസൗകര്യം ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണിത്.

രക്ഷിതാക്കൾക്കുള്ള പ്രോത്സാഹന ധനസഹായം: പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ മുടങ്ങാതെ സ്കൂളുകളിൽ അയയ്ക്കുന്നതിന് ഓരോ അദ്ധ്യയനവർഷവും 75% ഹാജരുള്ള വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് പ്രതിവർഷം 500 രൂപ പ്രോത്സാഹന ധനസഹായം നൽകുന്നു.

സ്കോളർഷിപ്പുകൾ/ഗ്രാന്റുകൾ: പട്ടികവർഗ്ഗ വികസന

വകുപ്പിനുകീഴിലുള്ള നഴ്സറി സ്കൂളുകളിലെ കുട്ടികൾക്ക് ലംപ്സംഗ്രാന്റ് നൽകുന്നു. പെരിപ്പറ്ററ്റിക് സെന്റർ, ഏകാദ്ധ്യാപക വിദ്യാലയം എന്നിവിടങ്ങളിലെ കുട്ടികൾക്കും പ്രീമെട്രിക്തലത്തിൽ ഒന്നാം ക്ലാസുമുതൽ പത്താം ക്ലാസുവരെ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്കും ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ് എന്നിവ നൽകി വരുന്നു.

9, 10 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രത്യേക കേന്ദ്രസഹായ സ്കോളർഷിപ്പ്: ക്രേന്ദാവിഷ്കൃത പദ്ധതി പ്രകാരം പ്രീമെട്രിക്തലത്തിൽ 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രതിവർഷം 2,250/- രൂപ സ്കോളർഷിപ്പ് ഇനത്തിലും 750/- രൂപ ബുക്കുകളടക്കമുള്ള പഠന സാമഗ്രികൾ വാങ്ങുന്നതിന് ഗ്രാന്റിനത്തിലും നൽകുന്നു. ഹോസ്റ്റലിൽ താമസിച്ചുപഠിക്കുന്ന വിദ്യാർത്ഥികൾക്ക് യഥാക്രമം 5250/- രൂപയും 1000/- രൂപയും നൽകുന്നു.

സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം: അക്കാഡമിക്, കലാകായിക മത്സരങ്ങളിൽ ഉന്നത വിജയം നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്ന പദ്ധതിയാണിത്. കുട്ടികളുടെ കൊഴിഞ്ഞുപോക്ക് കൂടുതൽ വയനാട് ജില്ലയിലാണ്.

(ബി) ശാസ്ത്ര വിഷയങ്ങളോട് ആദിവാസി പിന്നാക്ക വിദ്യാർത്ഥികൾക്ക് വിമുഖതയുണ്ടോ; വ്യക്തമാക്കുമോ?

വിമുഖതയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചുവരുന്നു.

(സി) പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിനികളെ നേരത്തെ വിവാഹം കഴിപ്പിക്കുന്നത് തടയാൻ നടപടി സ്വീകരിക്കുമോ?

പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾ വിവാഹിതരാവുകയും പ്രസവിക്കുകയും ചെയ്യുന്നതുമൂലം അവരുടെ ആരോഗ്യവും ജനിക്കുന്ന കുഞ്ഞുങ്ങളുടെ ആരോഗ്യവും സംരക്ഷിക്കപ്പെടാതെ അകാല മൃത്യുവിലേയ്ക്ക് നയിക്കപ്പെടുന്നത് സംബന്ധിച്ചും ആരോഗ്യമില്ലാത്ത ബാല്യങ്ങളെ സംബന്ധിച്ചും പട്ടികവർഗ്ഗ സമൂഹത്തിനിടയിൽ അവബോധം സൃഷ്ടിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. പട്ടികവർഗ്ഗ സമുദായങ്ങൾക്കിടയിൽ ഗോത്രാചാരങ്ങളുടെ ഭാഗമായി മുൻകാലങ്ങളിൽ നടത്തിവരുന്ന നേരത്തെയുള്ള വിവാഹങ്ങൾ തടയുന്നതിന് തുടർച്ചയായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുന്നതിനും പട്ടികവർഗ്ഗ വികസന വകുപ്പിലെ പ്രോജക്ട്

ഓഫീസർമാർ, ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർ മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പോക്സോ നിയമത്തിലെ വ്യവസ്ഥകളെ സംബന്ധിച്ചും ശൈശവ വിവാഹ നിരോധന നിയമത്തിലെ വ്യവസ്ഥകൾ സംബന്ധിച്ചും വകുപ്പിന്റെ ജില്ലാ ഓഫീസുകൾ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുകൾ, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, ഹോസ്റ്റലുകൾ, സാമൂഹ്യ പഠനമുറികൾ എന്നിവിടങ്ങളിലൂടെ വ്യാപക പ്രചരണം നൽകുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാനത്ത് ശൈശവ വിവാഹം തടയുന്നതിനായി 258 ശിശുവികസന പദ്ധതി ഓഫീസർമാരെയും ശൈശവ വിവാഹ നിരോധന ഓഫീസർമാരായി നിയോഗിച്ചിട്ടുണ്ട്. ശൈശവ വിവാഹം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ മുൻകൂട്ടി വനിതാ ശിശുവികസന വകുപ്പിനെ അറിയിക്കുന്ന വ്യക്തിക്ക് 2500/-രൂപ പാരിതോഷികം നൽകുന്ന 'പൊൻവാക്ക് പദ്ധതി' വനിതാ ശിശുവികസന വകുപ്പുമുഖേന നടപ്പാക്കുന്നു. കൂടാതെ ശൈശവ വിവാഹം തടയുന്നതിനായി നിരവധി ബോധവത്കരണ പരിപാടികളും പത്ര-ദൃശ്യ-ശ്രവ്യ സാമൂഹിക മാധ്യമങ്ങൾ മുഖേന നടപ്പിലാക്കുന്നു.

## സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ പ്രവർത്തനം

101(834) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷനിൽ നിലവിൽ എത്ര പരാതികൾ തീർപ്പുകൽപ്പിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ; കമ്മീഷന്റെ ശിപാർശകൾ യഥാസമയം നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളത്?

സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ നിലവിൽ 205 പരാതികൾക്ക് തീർപ്പുകൽപ്പിക്കാനുണ്ട്. പരാതികളിന്മേൽ കമ്മീഷനിൽനിന്നും സർക്കാരിന് ഉപദേശം/അഭിപ്രായം ലഭ്യമാകുന്ന മുറയ്ക്ക് അവ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) 2020 ജനുവരി മുതൽ നാളിതുവരെ കമ്മീഷൻ എത്ര സിറ്റിംഗുകൾ നടത്തിയിട്ടുണ്ട്; പരാതികളിൽ വേഗത്തിൽ തീർപ്പ് കൽപ്പിക്കുന്നതിന് ക്രമീകരണം ഏർപ്പെടുത്തുമോ?

2020-ജനുവരി മുതൽ നാളിതുവരെ കമ്മീഷൻ 29 സിറ്റിംഗുകൾ നടത്തിയിട്ടുണ്ട്. പരാതികൾ കഴിയുന്നതുംവേഗത്തിൽ തീർപ്പാക്കുന്നതിനായി ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

**പട്ടികജാതി – പട്ടികവർഗ്ഗ കോളനികളിലെ വികസന പ്രവർത്തനങ്ങൾ**

102(835) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നിയോജകമണ്ഡലത്തിൽ പട്ടികജാതി - പട്ടികവർഗ്ഗ കോളനികളിൽ 2007 മുതൽ നാളിതുവരെ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ കോളനി തിരിച്ച് വ്യക്തമാക്കാമോ?

കാസർഗോഡ് നിയോജകമണ്ഡലത്തിലെ പട്ടികജാതി - പട്ടികവർഗ്ഗ കോളനികളിൽ 2007 മുതൽ നാളിതുവരെ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശം അനുബന്ധം-1+ ആയി ചേർക്കുന്നു.

(ബി) ഏതെല്ലാം പദ്ധതിപ്രകാരം, ഏത് വർഷം, എത്ര രൂപയാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) അനുവദിച്ച തുകയിൽ എത്ര രൂപ ചെലവഴിച്ചു; ഏതെല്ലാം പ്രവൃത്തികൾ ചെയ്തുതീർത്തു; ഇനി ചെയ്യാൻ ബാക്കിയുള്ള പ്രവൃത്തികൾ ഏതെല്ലാം; കോളനി തിരിച്ച് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി & സി) വിശദാംശം അനുബന്ധം - 2+ ആയി ചേർക്കുന്നു.

(ഡി) ബാക്കിയുള്ള പ്രവൃത്തികൾ ഇനി ചെയ്യുമോയെന്നും ഇല്ലെങ്കിൽ ചെയ്യാതിരിക്കാനുള്ള കാരണമെന്താണെന്നും അവശേഷിക്കുന്ന പ്രവൃത്തികൾക്ക് വീണ്ടും തുക അനുവദിക്കുമോയെന്നും വ്യക്തമാക്കാമോ?

പട്ടികജാതി കോളനികളിൽ ബാക്കിയുള്ള പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. ടി പ്രവൃത്തികൾക്കാവശ്യമായ തുക അനുവദിക്കുന്നതാണ്. മായിലാംകോട്ട പട്ടികവർഗ്ഗ കോളനിയിൽ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിന് സ്ഥലം ലഭ്യമായാൽ കോർപ്പസ് ഫണ്ടിൽ തുക വകയിരുത്തി പദ്ധതി നടപ്പിലാക്കാവുന്നതാണ്. പിലികുട്ല് പട്ടികവർഗ്ഗ കോളനിയിൽ കുടിവെള്ള പദ്ധതിക്ക് അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പുതിയ കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതാണ്.

**പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷനിലെ പരാതികൾ**

103(836) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി0, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ കമ്മീഷനിൽ നിലവിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എത്ര പരാതികൾ തീർപ്പുകൽപ്പിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ; കമ്മീഷന്റെ ശിപാർശകൾ യഥാസമയം നടപ്പാക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളത്?

കേരള സംസ്ഥാന പട്ടികജാതി പട്ടികഗോത്രവർഗ്ഗ കമ്മീഷനിൽ നിലവിൽ 5426 കേസുകൾ തീർപ്പാക്കാനുണ്ട്. കമ്മീഷന്റെ ശിപാർശകൾ നടപ്പിലാക്കിയില്ലെന്ന് പരാതിക്കാരൻ പരാതിപ്പെടുന്നപക്ഷം ബന്ധപ്പെട്ട എതിർകക്ഷികളോട് റിപ്പോർട്ട് ആവശ്യപ്പെട്ട് തുടർനടപടികൾ കമ്മീഷൻ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) 2020 ജനുവരി മുതൽ നാളിതുവരെ കമ്മീഷൻ എത്ര സിറ്റിംഗുകൾ നടത്തിയിട്ടുണ്ട്; പരാതികളിൽ വേഗത്തിൽ തീർപ്പുകൽപ്പിക്കുന്നതിന് ക്രമീകരണം ഏർപ്പെടുത്തുമോ?

2020 ജനുവരി മുതൽ നാളിതുവരെ കമ്മീഷനിൽ 43 സിറ്റിംഗുകൾ നടത്തിയിട്ടുണ്ട്. കോവിഡ് -19 മഹാമാരിയെത്തുടർന്നുള്ള ലോക്ഡൗൺ സാഹചര്യത്തിൽ സിറ്റിംഗുകളുടെ എണ്ണവും പരിഗണിക്കപ്പെടുന്ന പരാതികളുടെ എണ്ണവും പരിമിതപ്പെടുത്തേണ്ടതായി വന്നിട്ടുണ്ട്. കോവിഡ് ഭീതി മാറിവരുന്ന ഇപ്പോഴത്തെ സാഹചര്യത്തിൽ ജില്ലകൾതോറും

അദാലത്തുകൾ സംഘടിപ്പിക്കാൻ കമ്മീഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**പട്ടികജാതി-പട്ടികവർഗ്ഗ മേഖലയിലെ വികസന-ക്ഷേമ പ്രവർത്തനങ്ങൾ**

104(837) ശ്രീ. എം. എം. മണി:

ശ്രീ. വി. ജോയി:

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:

ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ബഡ്ജറ്റിൽ സംസ്ഥാനത്തോടുള്ള അവഗണന കാരണം പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക ഉന്നമനത്തിനായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതികളിൽ കുറവുണ്ടാകുമോ; വിശദമാക്കുമോ?

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക ഉന്നമനത്തിനായി സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, അടിസ്ഥാന സൗകര്യ വികസനം എന്നീ മേഖലകളിൽ സംസ്ഥാന സർക്കാർ ആവശ്യാനുസരണം തുക വകയിരുത്തുന്നുണ്ട്. കേന്ദ്രസർക്കാരിൽനിന്നും വകുപ്പിന് ലഭ്യമാക്കേണ്ട ഫണ്ടുകൾ യഥാവിധം ലഭിക്കുന്നതിനുള്ള

നടപടികൾ വകുപ്പ് സ്വീകരിക്കുന്നുണ്ട്. കേന്ദ്രവിഹിതത്തിൽ കുറവുണ്ടാകുമ്പോൾ അതിലുള്ള വിടവ് നികത്തുന്നതിന് സംസ്ഥാന സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെ അവഗണന കാരണം പട്ടികജാതി-പട്ടികവർഗ്ഗ മേഖലയിൽ സർക്കാർ നടത്തുവാനുദ്ദേശിച്ചിരുന്ന വികസന, ക്ഷേമ പ്രവർത്തനങ്ങൾ മന്ദഗതിയിലാകുമോ; വ്യക്തമാക്കാമോ?

പട്ടികജാതി മേഖലയിൽ സംസ്ഥാന സർക്കാർ നടത്താനുദ്ദേശിച്ചിരുന്ന വികസന ക്ഷേമ പ്രവർത്തനങ്ങൾ മന്ദഗതിയിലാകുകയില്ല. പട്ടികജാതി വിഭാഗക്കാരുടെ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക ക്ഷേമത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുവാൻ സാധിക്കും. ആയതിനാവശ്യമായ സത്വരനടപടികൾ സ്വീകരിക്കുന്നുണ്ട്. സംസ്ഥാന സർക്കാർ പട്ടികവർഗ്ഗ വികസന വകുപ്പുമുഖേനയും തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേനയും ഫലപ്രദമായി ഇടപെടുന്നതിനാൽ പട്ടികവർഗ്ഗ മേഖലയിലെ വികസന, ക്ഷേമ പ്രവർത്തനങ്ങൾ ഫണ്ടിന്റെ അപര്യാപ്തതമൂലം മന്ദഗതിയിലാകുന്ന സ്ഥിതിവിശേഷം നിലവിലില്ല. ഏതെങ്കിലും കാരണവശാൽ കേന്ദ്രവിഹിതം ലഭ്യമല്ലാത്ത സാഹചര്യമുണ്ടായാൽ സംസ്ഥാന ഫണ്ട് ടി ആവശ്യത്തിനായി ഉപയോഗിക്കുന്നതാണ്.

(സി) കേന്ദ്രവിഹിതത്തിൽ കുറവുള്ളപ്പോഴും ഈ വിഭാഗങ്ങൾക്കുള്ള ക്ഷേമകാര്യ പ്രവർത്തനങ്ങൾ യാതൊരു കുറവും വരുത്താതെ മുന്നോട്ടു കൊണ്ടുപോകാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളും സംസ്ഥാനാവിഷ്കൃത പദ്ധതികളും പട്ടികജാതി വിഭാഗക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് മുന്തിയ പരിഗണന നൽകുന്ന പദ്ധതികളാണ്. കേന്ദ്ര പദ്ധതിയായ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് യോഗ്യതാ മാനദണ്ഡം രണ്ടര ലക്ഷം രൂപ വരുമാനപരിധി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാന സർക്കാർ വരുമാന പരിധിയില്ലാതെയാണ് സ്കോളർഷിപ്പ് അനുവദിച്ചുവരുന്നത്. ഇതിനായി സംസ്ഥാന സർക്കാർ വലിയ സാമ്പത്തിക ബാധ്യതയാണ് ഏറ്റെടുത്തിട്ടുള്ളത്. മാത്രമല്ല 100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയായിരുന്ന ടി പദ്ധതി കഴിഞ്ഞ സാമ്പത്തിക വർഷംമുതൽ കേന്ദ്ര- സംസ്ഥാന ഫണ്ട് അനുപാതം 60:40 അനുപാതമായി നിജപ്പെടുത്തിയിട്ടുണ്ട്. ഇത്തരത്തിലും സംസ്ഥാന സർക്കാർ തുക വിനിയോഗം ചെയ്യുന്നുണ്ട്. കൂടാതെ, മുൻവർഷങ്ങളിൽ യഥാർത്ഥത്തിൽ കേന്ദ്രസർക്കാർ നൽകേണ്ടിയിരുന്ന തുക ലഭിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത തുക സംസ്ഥാന സർക്കാരാണ്

കണ്ടെത്തി വിദ്യാർത്ഥികൾക്ക് നൽകിയത്. സംസ്ഥാനാവിഷ്കൃത പദ്ധതിയിൽ വിദ്യാഭ്യാസം, തൊഴിൽ, നൈപുണ്യ പരിശീലനം, സ്വയംതൊഴിൽ, വിദേശതൊഴിൽ, പ്രൊഫഷണൽ കോഴ്സുകൾ എന്നിവയ്ക്ക് കൂടുതൽ പ്രാധാന്യവും ധനസഹായവും കൂടുതൽ പ്രോത്സാഹനവും നൽകിവരുന്നുണ്ട്. കേന്ദ്രവിഹിതത്തിൽ കുറവുണ്ടാകുകയാണെങ്കിലും പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമകാര്യങ്ങളിൽ തടസ്സമുണ്ടാകാതിരിക്കാൻ സംസ്ഥാന സർക്കാർ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. കേന്ദ്ര ഫണ്ട് അനുവദിക്കുന്നതിന് തടസ്സമുണ്ടാകുകയോ കേന്ദ്ര ഫണ്ടുപയോഗിച്ച് നടപ്പാക്കുന്ന പദ്ധതിക്ക് തുക ലഭ്യമാകാതിരിക്കുകയോ കുറവുവരികയോ ചെയ്താൽ സംസ്ഥാന വിഹിതത്തിൽ ഉൾപ്പെടുത്തിയ കോർപ്പസ് ഫണ്ടിൽനിന്നും നിർണ്ണായക വിടവുകൾ നികത്തുന്നതിന് ഫണ്ട് അനുവദിക്കുകയും തുടർവർഷങ്ങളിൽ പദ്ധതി പരിശോധിച്ച് പ്രത്യേക സംസ്ഥാന പദ്ധതി ആവിഷ്കരിക്കുന്നതുമാണ്.

**പിന്നാക്ക വിഭാഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങളുടെ പരിഷ്കരണം**

105(838) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും

പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ പിന്നാക്ക വിഭാഗങ്ങളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ കാലോചിതമായി പരിഷ്കരിച്ചുവരുന്നുണ്ട്. ഒ.ഇ.സി. വിഭാഗങ്ങളുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ 2020-ലും മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ ആനുകൂല്യങ്ങൾ 2021-ലും പരിഷ്കരിച്ചിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

(ബി) പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പുകൾ കാലോചിതമായി വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന സ്കോളർഷിപ്പ്/വിദ്യാഭ്യാസ സഹായ പദ്ധതികളിൽ കാലാകാലങ്ങളിൽ തുക വർദ്ധിപ്പിക്കുന്നുണ്ട്. ജീവിതച്ചെലവടക്കമുള്ളവ പരിശോധിച്ച് അതിന്റെ അടിസ്ഥാനത്തിൽ മെയിന്റനൻസ് ചെലവുകൾ അനുവദിക്കുന്നു. വിവിധ കോഴ്സുകൾക്ക് സർക്കാർ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഫീസ് വർദ്ധിപ്പിക്കുന്ന മുറയ്ക്ക് ആയതും അനുവദിച്ചുനൽകുന്നു.

## പിന്നാക്ക സമുദായങ്ങളുടെ ക്ഷേമം

106(839) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക സമുദായങ്ങളുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദമാക്കാമോ?

പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ അനുബന്ധം -1+ ആയി ചേർക്കുന്നു.

(ബി) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന, പിന്നാക്ക സമുദായത്തിൽപ്പെട്ടവരുടെ മക്കളുടെ വിദ്യാഭ്യാസത്തിന് എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വിശദമാക്കാമോ?

വിദ്യാഭ്യാസ പദ്ധതികളുടെ പട്ടിക അനുബന്ധം -2+ ആയി ചേർക്കുന്നു.

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് ദിൽഷാദ് എം, മയ്യിത്താഴ പി.ഒ, മയ്യനാർ സമർപ്പിച്ച അപേക്ഷയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത വിഷയം സംബന്ധിച്ച് ദിൽഷാദ് എം, മയ്യിത്താഴ പി.ഒ, മയ്യന്നൂർ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് അർഹതാ പട്ടികയിൽ ടിയാളുടെ മകൾ ഷർസിദ നസ്രിനെ ഉൾപ്പെടുത്തിയിട്ടുണ്ട് (റാങ്ക്: 964). ധനസഹായം ഉടൻ അനുവദിക്കുന്നതാണ്.

**പട്ടികജാതിക്കാരുടെ സാമ്പത്തിക ഉന്നമനത്തിനുള്ള പദ്ധതി**

107(840) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട്, മലപ്പുറം, കൊല്ലം, ഇടുക്കി എന്നീ ജില്ലകൾ കേന്ദ്രീകരിച്ച് താമസിക്കുന്ന പട്ടികജാതിക്കാരിലെ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന വേടർ, നായാടി, കള്ളാടി, അരുന്ധതിയാർ, ചക്ലിയാർ എന്നീ വിഭാഗക്കാരുടെ പുനരധിവാസത്തിനും സാമ്പത്തിക ഉന്നമനത്തിനുമായി 2021-22-ൽ നടപ്പാക്കിയ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടി സ്വീകരിച്ചുവരുന്നു; വിശദമാക്കാമോ?

പട്ടികജാതിക്കാരിലെ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം

നിൽക്കുന്ന വേടർ, നായാടി, കള്ളാടി, അരുന്ധതിയാർ, ചക്ലിയാർ എന്നീ വിഭാഗക്കാരുടെ (ദുർബല വിഭാഗം) പുനരധിവാസത്തിനും സാമ്പത്തിക ഉന്നമനത്തിനുമായി നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികൾ-ടോയ്‌ലെറ്റ്, ഭവന പുനരുദ്ധാരണം, പഠനമുറി, വീട്, ഭൂമി, കൃഷിഭൂമി എന്നിവയാണ്. 2021-22 സാമ്പത്തിക വർഷം 50 കോടി രൂപയാണ് ദുർബല വിഭാഗ പുനരധിവാസ പദ്ധതികൾക്കായി വകയിരുത്തിയിരിക്കുന്നത്.

<u>പാലക്കാട്</u>:- ആയതിന്റെ അടിസ്ഥാനത്തിൽ 2021-22-ലെ പദ്ധതികൾക്കായി പാലക്കാടിന് 470 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. മുഴുവൻ തുകയും ചെലവഴിക്കുന്നതിനുള്ള പദ്ധതി നിർവ്വഹണ നടപടികൾ ജില്ലയിൽ പുരോഗമിക്കുന്നു.

<u>മലപ്പുറം</u>:- മലപ്പുറം ജില്ലയ്ക്ക് 271.5 ലക്ഷം രൂപയാണ് അനുവദിച്ചിരിക്കുന്നത്. സാമ്പത്തിക ഉന്നമനത്തിനായി അനുവദിച്ചിരിക്കുന്ന കൃഷി ഭൂമിയുടെ രജിസ്ട്രേഷൻ നടപടികളും മറ്റു പദ്ധതികളുടെ നിർവ്വഹണവും ജില്ലയിൽ പുരോഗമിക്കുന്നു.

<u>കൊല്ലം</u>:- 272 ലക്ഷം രൂപയാണ് കൊല്ലം ജില്ലയ്ക്കായി നിലവിൽ അനുവദിച്ചിട്ടുള്ളത്. ആയതുപ്രകാരമുള്ള പദ്ധതി നിർവ്വഹണം

പുരോഗമിക്കുന്നു. ടി തുക കൂടാതെ ടോയ്‌ലെറ്റ്-64, ഭവന പുനരുദ്ധാരണം-30, പഠനമുറി-9, വീട്-11, ഭൂമി-4 എന്നിങ്ങനെ പദ്ധതികൾക്ക് അധിക തുകയായി 183.6 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഇടുക്കി:- ഇടുക്കി ജില്ലയ്ക്ക് പദ്ധതി നടത്തിപ്പിനായി ആകെ 265.39 ലക്ഷം രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്. മുഴുവൻ തുകയും ചെലവഴിക്കുന്നതിനുള്ള പദ്ധതി നിർവ്വഹണ നടപടികൾ ജില്ലയിൽ പുരോഗമിക്കുന്നു. പട്ടികജാതി പ്രൊമോട്ടർമാരുടെ കൂടി സേവനം പരമാവധി പ്രയോജനപ്പെടുത്തി പദ്ധതി നിർവ്വഹണം നടത്തുന്നതിനും തുക ചെലവഴിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ, വികസന ഫണ്ടുകളുടെ വിനിയോഗം**

108(841) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. പി. പി. സുമോദ്:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി ക്ഷേമ ഫണ്ട് വിനിയോഗത്തിൽ ചിലയിടങ്ങളിൽ ക്രമക്കേട് കണ്ടെത്തിയ സാഹചര്യത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ,

വികസന ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച് കർശന നിരീക്ഷണം ഏർപ്പെടുത്തുമോ?

പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ, വികസന ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച് കർശന നിരീക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) എസ്.സി., എസ്.ടി. വിഭാഗത്തിൽപ്പെട്ടവർക്കുള്ള വികസന, ക്ഷേമ പദ്ധതികൾ അർഹരിലേയ്ക്കെത്തുന്നുവെന്ന് ഉറപ്പാക്കാൻ നിലവിൽ എന്തൊക്കെ സംവിധാനങ്ങളുണ്ടെന്ന് അറിയിക്കാമോ?

പട്ടികജാതി വികസന വകുപ്പിന്റെ ക്ഷേമ വികസന പദ്ധതികൾ ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിൽ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങളും വ്യവസ്ഥകളും പാലിച്ച് സമയബന്ധിതമായാണ് നടപ്പാക്കിവരുന്നത്. വകുപ്പുതലത്തിലും ജില്ലാതലത്തിലും നടത്തുന്ന പ്രതിമാസ അവലോകന യോഗങ്ങളിൽ ക്ഷേമ വികസന പദ്ധതികളുടെ നിർവ്വഹണം സംബന്ധിച്ച പുരോഗതി വിലയിരുത്തുകയും പദ്ധതികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നൽകുകയും ചെയ്തുവരുന്നു. വകുപ്പിന്റെ ആഭ്യന്തര ആഡിറ്റ് വിഭാഗം വകുപ്പ് നടപ്പാക്കുന്ന എല്ലാ പദ്ധതികളും വിശദമായി

പരിശോധിക്കുകയും ന്യൂനത പരിഹാര നടപടികൾ നിർദ്ദേശിക്കുകയും ചെയ്തുവരുന്നു. വകുപ്പിന്റെ പദ്ധതികൾ അർഹരായ ഗുണഭോക്താക്കൾക്ക് തന്നെയാണോ ലഭിക്കുന്നതെന്നതുസംബന്ധിച്ച് കൃത്യമായ ഇടവേളകളിൽ ഉന്നതതല പരിശോധന ബന്ധപ്പെട്ട ഓഫീസുകളിൽ നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി അനുവദിക്കുന്ന പദ്ധതി വിഹിതം അർഹരായവർക്കുതന്നെ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഈ വിഭാഗത്തിന് അർഹതപ്പെട്ട ആനുകൂല്യം ലഭ്യമാക്കുന്നതിന് പട്ടികവർഗ്ഗ പ്രമോട്ടർമാരുടെ പ്രവർത്തനം സഹായകരമാകുന്നുണ്ട്. പട്ടികവർഗ്ഗ വികസന പദ്ധതികളുടെ ഗുണഫലങ്ങൾ പട്ടികവർഗ്ഗ ഗുണഭോക്താക്കളിൽ എത്തിക്കാൻവേണ്ടി പട്ടികവർഗ്ഗ മേഖലകളിൽ തെരഞ്ഞെടുത്ത് നിയമിക്കപ്പെടുന്ന ഫെസിലിറ്റേറ്റർമാരാണ് പട്ടികവർഗ്ഗ പ്രമോട്ടർമാർ. അർഹരായ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് മുൻഗണനാക്രമം നിശ്ചയിക്കാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത് ഊരുകൂട്ടങ്ങളെയാണ്. പദ്ധതി പുരോഗതി വിലയിരുത്തുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ചെയർമാനും ജോയിന്റ് ഡയറക്ടർ കൺവീനറും ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഓഫീസർമാർ എന്നിവർ

അംഗങ്ങളായും രൂപീകരിച്ച കമ്മിറ്റി സംസ്ഥാനതലത്തിൽ വിലയിരുത്തുന്നുണ്ട്. പദ്ധതി നടത്തിപ്പിന്റെ സാമ്പത്തിക-ഭൗതിക നേട്ടങ്ങൾ എല്ലാ മാസവും ജില്ലാകളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാതലത്തിൽ ചേരുന്ന ജില്ലാ വികസന സമിതി യോഗത്തിലും പ്ലാൻ സ്പെയിസിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തുന്നുണ്ട്. ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥർ ജില്ലകൾ സന്ദർശിച്ച് സാമ്പത്തിക-ഭൗതിക സ്ഥിതിവിവരങ്ങൾ വിലയിരുത്തുന്നതിലൂടെ ആനുകൂല്യങ്ങൾ അർഹരായ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നുണ്ട്.

(സി) വ്യക്തിഗത ആനുകൂല്യങ്ങൾ അർഹരിലേയ്ക്ക് എത്തുന്നുവെന്നും അനർഹർ കൈക്കലാക്കുന്നില്ലെന്നും ഉറപ്പുവരുത്താൻ എസ്.സി., എസ്.ടി. പ്രൊമോട്ടർമാരുടെ സേവനം വിനിയോഗിക്കുന്നുണ്ടോ; ഇവരുടെ കാര്യശേഷി ഉയർത്താനായി പരിശീലന പരിപാടികൾ ഉണ്ടോയെന്നറിയിക്കുമോ?

വകുപ്പിന്റെ പദ്ധതികൾ അർഹരായ ഗുണഭോക്താക്കൾക്ക് തന്നെയാണോ ലഭിക്കുന്നതെന്നത് ഉറപ്പുവരുത്തുന്നതിനായി എസ്.സി., എസ്.ടി പ്രൊമോട്ടർമാരുടെ സേവനവും വിനിയോഗിക്കുന്നുണ്ട്.

**പട്ടികജാതി വികസന ഫണ്ടുകൾ**

109(842) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസനവുമായി ബന്ധപ്പെട്ടുള്ള കോർപ്പസ് ഫണ്ട്, പൂൾ ഫണ്ട് എന്നീ ഇനങ്ങളിലായി 2016-17 മുതൽ 2020-21 വരെയുള്ള ബഡ്ജറ്റിൽ എത്ര തുക വീതം ഓരോ വർഷവും നീക്കിവച്ചു; ഇതിൽനിന്നും എത്ര തുക ചെലവഴിച്ചു; വിശദമാക്കാമോ?

കോർപ്പസ് ഫണ്ട്, പൂൾ ഫണ്ട് എന്നീ ഇനങ്ങളിലായി 2016-17 മുതൽ 2020-21 വരെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക, ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിവരം അനുബന്ധമായി+ ചേർക്കുന്നു.

(ബി) ഡെപ്പോസിറ്റ് വർക്കുകൾക്കായി ഓരോ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും ഓരോ വർഷവും എത്ര തുക അനുവദിച്ചുവെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ; അതോടൊപ്പം ചെലവഴിച്ച തുകയും ഭൗതിക നേട്ടവും വെളിപ്പെടുത്താമോ?

വിവരം ശേഖരിച്ചുവരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

110(843) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട കൊടകര, ചേർപ്പ്, ഇരിങ്ങാലക്കുട ബ്ലോക്ക് പരിധിയിലുള്ള ഏതെല്ലാം പട്ടികജാതി കോളനികളിലാണ് അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി അനുവദിച്ചിട്ടുള്ളത്; ഇവിടത്തെ വികസന പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) പറപ്പൂക്കര പഞ്ചായത്തിലെ കോംഗോത്ര പട്ടികജാതി കോളനിയിൽ അനുവദിച്ച പ്രസ്തുത പദ്ധതി ഇനിയും ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) നിർമ്മാണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തിന്റെ അനുമതിയുമായി ബന്ധപ്പെട്ട സാങ്കേതിക കാരണങ്ങൾമൂലം പ്രസ്തുത നിർമ്മാണം ഇനിയും ആരംഭിക്കാത്ത സാഹചര്യത്തിൽ, ഈ പദ്ധതിക്ക് അനുവദിച്ച ഫണ്ട് നഷ്ടപ്പെടാതെ, നിർമ്മാണ ഏജൻസിയെ മാറ്റുന്നതിനോ,

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അല്ലെങ്കിൽ അനുവദിച്ച ഏജൻസിയെക്കൊണ്ട് പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിനോ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(ബി & സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചില സാങ്കേതിക കാരണങ്ങളാൽ പ്രസ്തുത പദ്ധതി നിർവ്വഹണം നടത്താൻ സാധിക്കാത്ത സാഹചര്യമാണെന്ന് നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രം അറിയിച്ചിട്ടുണ്ട്. ടി ഏജൻസിക്ക് അസൗകര്യമുള്ള സാഹചര്യത്തിൽ മറ്റേതെങ്കിലും അംഗീകൃത ഏജൻസി മുഖേന പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പിന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി**

111(844) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷനിൽനിന്ന് ലോണെടുക്കുകയും കോവിഡ് പ്രതിസന്ധിമൂലം തിരിച്ചടവ് മുടങ്ങുകയും ചെയ്തവർക്ക് വായ്പ തിരിച്ചടയ്ക്കാൻ പ്രത്യേക ഇളവുകൾ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. കോവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ കുടിശ്ശിക വരുത്തിയ വായ്പക്കാർക്ക് ചുവടെ ചേർക്കുന്ന ഇളവുകൾ കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ നടപ്പിലാക്കിയിട്ടുണ്ട്.

1. റിസർവ് ബാങ്കിന്റെ നിബന്ധനകൾക്ക് വിധേയമായി 2020 മാർച്ച് 1 മുതൽ ആഗസ്റ്റ് 31 വരെയുള്ള കാലയളവിൽ വായ്പകളിൽ മൊറട്ടോറിയം ഏർപ്പെടുത്തുകയും ആയതുപ്രകാരം കുടിശ്ശികക്കാർക്ക് പിഴപ്പലിശ ഇളവ് നൽകുകയും ചെയ്തു.

2. 2021-ലെ കോവിഡിന്റെ രണ്ടാം തരംഗത്തിൽ കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി സർക്കാർ ഏർപ്പെടുത്തിയ ലോക്ഡൗൺ കാലയളവിൽ വായ്പാ തിരിച്ചടവ് മുടങ്ങിയ ഉപഭോക്താക്കൾക്ക് പിഴപ്പലിശ ഇളവ് നൽകി.

(ബി) ഇതുമായി ബന്ധപ്പെട്ട് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതുപ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകി വരുന്നത്?

ഉണ്ട്;

1. 2021 ഫെബ്രുവരി 15 മുതൽ 2021 മാർച്ച് 31 വരെ 100% പിഴപ്പലിശ

ഇളവോടുകൂടി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.

2. കൂടാതെ, ഈ സാമ്പത്തിക വർഷം കോവിഡ് പ്രതിസന്ധിയുടെ പശ്ചാത്തലം കണക്കിലെടുത്ത് 2022 ജനുവരി 1 മുതൽ മാർച്ച് 31 വരെ കാലാവധി കഴിഞ്ഞ വായ്പകളിൽ 100% പിഴപ്പലിശ ഇളവ് വായ്പക്കാർക്ക് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കിവരുന്നു.

(സി) മാരക രോഗബാധിതരായവർക്ക് വായ്പാ കുടിശ്ശിക തീർക്കുന്നതിൽ പ്രത്യേക ഇളവ് നൽകുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

കോർപ്പറേഷനിൽനിന്നും വായ്പയെടുത്ത് മാരക രോഗബാധിതരായവർക്ക് വായ്പാ കുടിശ്ശിക തീർപ്പാക്കുന്നതിനായി LDRF (Loanees Distress Relief Fund) പദ്ധതി നടപ്പിലാക്കിവരുന്നു (മാർഗ്ഗരേഖ അനുബന്ധമായി+ ചേർക്കുന്നു).

**ക്ഷേത്രങ്ങളുടെ വാർഷിക അറ്റകുറ്റപ്പണികൾ**

112(845) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള വിവിധ ക്ഷേത്രങ്ങളുടെ വാർഷിക അറ്റകുറ്റപ്പണികൾക്കും മറ്റുമായി സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ടോ; ക്ഷേത്രങ്ങളിലെ ചുമർച്ചിത്രങ്ങൾ, ദാരുശില്പങ്ങൾ എന്നിവയുൾപ്പെടെയുള്ള അപൂർവ്വ നിർമ്മിതികൾ സംരക്ഷിക്കാൻ നടപടികളുണ്ടാകുമോ?

2021-22 സാമ്പത്തിക വർഷം മലബാർ ദേവസ്വം ബോർഡിന് സർക്കാരിൽനിന്നും അനുവദിച്ചിട്ടുള്ള 5,17,37,120 (അഞ്ചു കോടി പതിനേഴ് ലക്ഷത്തി മുപ്പത്തിയേഴായിരത്തി ഒരുന്നൂറ്റി ഇരുപത് രൂപ) രൂപയിൽനിന്നും ക്ഷേത്രങ്ങളുടെ നിർമ്മാണ പ്രവൃത്തികളും അറ്റകുറ്റപ്പണികളും നടത്തുന്നതിനായി ജീർണ്ണോദ്ധാരണ ഗ്രാന്റ് ഇനത്തിൽ ആകെ 3.40 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ക്ഷേത്രങ്ങളിലെ ചുമർച്ചിത്രങ്ങൾ, ദാരുശിൽപ്പങ്ങൾ മുതലായ അപൂർവ്വ നിർമ്മിതികൾ സംരക്ഷിച്ചുവരുന്നുണ്ട്. ചില ക്ഷേത്രങ്ങളിൽ ഇത്തരം വിഷയങ്ങൾ പുരാവസ്തു വകുപ്പ് ഏറ്റെടുത്ത് സംരക്ഷിച്ചുവരുന്നുണ്ട്. എന്നാൽ ഇതിനായി മലബാർ ദേവസ്വം ബോർഡ് പ്രത്യേക പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

**തിരുവിതാംകൂർ ദേവസ്വം ബോർഡിലെ വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം**

113(846) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്രമക്കേടുകൾ ഒന്നൊന്നായി പുറത്തുവരുന്നതിനിടെ തിരുവിതാംകൂർ ദേവസ്വം ബോർഡ് വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം നിലച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡ് വിജിലൻസ് വിഭാഗത്തിന്റെ പ്രവർത്തനം നിലച്ചിട്ടില്ല. സൂപ്രണ്ട് ഓഫ് പോലീസ് റാങ്കിലുള്ള പോലീസ് ഉദ്യോഗസ്ഥൻ അന്യത്രസേവന വ്യവസ്ഥയിൽ ചീഫ് വിജിലൻസ് ആഫീസറായി പ്രവൃത്തിയെടുക്കുന്നുണ്ട്. കൂടാതെ ബോർഡിലെ അസിസ്റ്റന്റ് കമ്മീഷണർ കേഡറിലുള്ള 3 വിജിലൻസ് ആഫീസർമാർ തിരുവനന്തപുരം, മാവേലിക്കര, വൈക്കം വിജിലൻസ് സോണുകളിൽ പ്രവൃത്തിയെടുക്കുന്നുണ്ട്. അതുകൂടാതെ ഒരു പോലീസ് സബ്ഇൻസ്പെക്ടറും തിരുവനന്തപുരം സോണിൽ അന്യത്രസേവന വ്യവസ്ഥയിൽ പ്രവൃത്തിയെടുക്കുന്നുണ്ട്. നിലവിൽ ഒഴിവുള്ള 2 പോലീസ് സബ്ഇൻസ്പെക്ടർ തസ്തികയിലും 3 സിവിൽ പോലീസ് ആഫീസർ തസ്തികകളിലും അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം

നടത്തുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു.

(ബി) നിലവിൽ അന്യത്ര സേവന വ്യവസ്ഥയിൽ ദേവസ്വം വിജിലൻസിൽ പ്രവർത്തിച്ചിരുന്ന പോലീസ് ഉദ്യോഗസ്ഥരെ തിരിച്ചയച്ചതിന്റെ കാരണം വ്യക്തമാക്കുമോ?

അന്യത്ര സേവന വ്യവസ്ഥയിൽ 3 മുതൽ 4 വർഷം വരെ തുടർച്ചയായി സേവനമനുഷ്ഠിച്ചിരുന്ന 2 പോലീസ് സബ്ഇൻസ്പെക്ടർമാരുടെയും 2 സിവിൽ പോലീസ് ആഫീസർമാരുടെയും അന്യത്രസേവന കാലാവധി 20-01-2022-ൽ അവസാനിച്ചതിനെത്തുടർന്ന് മാതൃവകുപ്പിലേയ്ക്ക് തിരികെ അയച്ചിട്ടുണ്ട്. പ്രസ്തുത തസ്തികകളിലേയ്ക്ക് പുതിയ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 2018-2019 വർഷത്തിലെ ശബരിമല തീർത്ഥാടന സമയത്ത് നിലയ്ക്കലിൽ ദേവസ്വം മെസ്സിന്റെ പേരിലെ പണം തട്ടിപ്പ്, മാവേലിക്കര ഡിവിഷനിൽ ചെയ്യാത്ത മരാമത്ത് പണിക്ക് പണം എഴുതിക്കൊടുക്കൽ, ശംഖുംമുഖം ക്ഷേത്രത്തിൽ തിരുവാഭരണത്തിന്റെ ഭാഗം കാണാതായത് തുടങ്ങിയ ക്രമക്കേടുകളുടെ അന്വേഷണം എവിടെ എത്തിയെന്ന് വ്യക്തമാക്കുമോ ?

നിലയ്ക്കലിൽ ദേവസ്വം മെസ്സ് നടത്തിപ്പിലെ അഴിമതിയാരോപണം സംബന്ധിച്ച് ദേവസ്വം വിജിലൻസ് റിപ്പോർട്ടുപ്രകാരം പ്രധാനമായും കുറ്റാരോപിതനായ അഡ്മിനിസ്ട്രേറ്റീവ് ആഫീസറെ സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്ത് അച്ചടക്ക നടപടി സ്വീകരിച്ചുവരികയാണ്. ടി വിഷയവുമായി ബന്ധപ്പെട്ട് അഡ്മിനിസ്ട്രേറ്റീവ് ആഫീസറെ കൂടാതെ 3 ഉദ്യോഗസ്ഥർക്കുകൂടി കുറ്റപത്രം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ സ്റ്റേറ്റ് വിജിലൻസ് വിഭാഗം മേൽ 4 ഉദ്യോഗസ്ഥരുടെയും പേരിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. മാവേലിക്കര ഡിവിഷനിലെ മരാമത്ത് പണികളിലെ ക്രമക്കേടുകൾ സംബന്ധിച്ച് ദേവസ്വം വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റാരോപിതരായ ഉദ്യോഗസ്ഥരുടെ പേരിൽ വകുപ്പുതല അച്ചടക്ക നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തുന്നതിന് സംസ്ഥാന വിജിലൻസിനോട് 15-12-2021-ന് ബോർഡ് അഭ്യർത്ഥിച്ചിട്ടുമുണ്ട്. ശംഖുംമുഖം ക്ഷേത്രത്തിലെ തിരുവാഭരണം നഷ്ടപ്പെട്ടുവെന്ന ആരോപണം സംബന്ധിച്ച് ദേവസ്വം വിജിലൻസ് റിപ്പോർട്ടുപ്രകാരം കുറ്റാരോപിതരുടെ പേരിൽ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചുവരികയാണ്.

**ദേവസ്വം വകുപ്പിനുകീഴിലുള്ള ക്ഷേത്രങ്ങൾ**

**114(847)** <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം വകുപ്പിനുകീഴിൽ വിവിധ ദേവസ്വങ്ങളിലായി എത്ര ക്ഷേത്രങ്ങൾ നിലവിലുണ്ട്; അവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ വകുപ്പ് സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാം; വ്യക്തമാക്കുമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡിനുകീഴിൽ 1250 ക്ഷേത്രങ്ങൾ നിലവിലുണ്ട്. ഭരണ സൗകര്യാർത്ഥം ദേവസ്വം ബോർഡിലെ ക്ഷേത്രങ്ങളെ ദേവസ്വം കമ്മീഷണറുടെ നേതൃത്വത്തിൽ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർമാരുടെ കീഴിൽ ശബരിമലയുൾപ്പെടെ നാല് ദേവസ്വം ജില്ലകളായി തിരിച്ചിരിക്കുന്നു. ദേവസ്വങ്ങളെ സബ് ഗ്രൂപ്പുകളിൽ ഉൾപ്പെടുത്തിയും ടി സബ് ഗ്രൂപ്പുകളെ ഗ്രൂപ്പുകളായി തിരിച്ചും അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർമാരുടെ നേതൃത്വത്തിൽ ഭരണം നിർവ്വഹിച്ചുപോരുന്നു. ഒരു ദേവസ്വം ജില്ലയിൽ ഇത്തരത്തിലുള്ള നാല് മുതൽ അഞ്ചുവരെ ഗ്രൂപ്പുകൾ ഉൾപ്പെടുന്നു. ശബരിമലയെ പ്രത്യേകം ഗ്രൂപ്പായി കണക്കാക്കി എക്സിക്യൂട്ടീവ് ഓഫീസറുടെ നേതൃത്വത്തിൽ ഭരണം നിർവ്വഹിച്ചുപോരുന്നു. ടി ക്ഷേത്രങ്ങളുടെ

കാര്യക്ഷമമായ പ്രവർത്തനത്തിനായി ബോർഡുതലത്തിൽ സ്വീകരിക്കുന്ന നടപടികൾ കാലാകാലങ്ങളായി ക്ഷേത്രങ്ങളിൽ നടപ്പാക്കിവരുന്നു. മലബാർ ദേവസ്വം ബോർഡിനുകീഴിൽ 1378 ക്ഷേത്രങ്ങൾ നിലവിലുണ്ട്. ക്ഷേത്രജീവനക്കാർക്ക് ശമ്പള ധനസഹായം അനുവദിക്കൽ, ക്ഷേത്രങ്ങളുടെ അറ്റകുറ്റപ്പണികളും ജീർണ്ണോദ്ധാരണ പ്രവർത്തനങ്ങളും ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് കിടക്കുന്ന കുളം-കാവ്-ആൽത്തറ എന്നിവയുടെ സംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങൾ സർക്കാർ ഗ്രാന്റുപയോഗിച്ച് ബോർഡ് നിർവ്വഹിച്ചുവരുന്നുണ്ട്. മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി, മലബാർ ദേവസ്വം ബോർഡ് നിയമ ഭേദഗതി സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഗുരുവായൂർ ദേവസ്വത്തിനുകീഴിൽ ഗുരുവായൂർ ക്ഷേത്രം ഉൾപ്പെടെ 11 ക്ഷേത്രങ്ങളുണ്ട്. കൂടൽമാണിക്യം ദേവസ്വത്തിനുകീഴിൽ 12 ക്ഷേത്രങ്ങൾ (കീഴേടങ്ങൾ) ഉണ്ട്. അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ പ്രാദേശിക കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. സാമ്പത്തിക സുതാര്യത ഉറപ്പുവരുത്തുന്നതിന് ഇടപാടുകൾ ബാങ്ക് വഴിയാക്കിയിട്ടുണ്ട്. ക്ഷേത്ര കമ്മിറ്റികളുടെ വാർഷിക ജനറൽ ബോഡി യോഗത്തിൽ ചെയർമാൻ, അഡ്മിനിസ്ട്രേറ്റർ, കമ്മിറ്റി മെമ്പർമാർ എന്നിവർ പങ്കെടുക്കുന്നു. എല്ലാ

കീഴേടങ്ങളിലേയും ഭൂമികൾ അളന്ന് തിട്ടപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വഴിപാട് ചോർച്ച തടയാനും വഴിപാടിതര വരുമാനം വർദ്ധിപ്പിക്കാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൊച്ചിൻ ദേവസ്വം ബോർഡിനുകീഴിൽ 406 ക്ഷേത്രങ്ങളുണ്ട്. കൊച്ചിൻ ദേവസ്വം ബോർഡിനെ 5 ഗ്രൂപ്പുകളായി തിരിച്ച് അസിസ്റ്റന്റ് കമ്മീഷണർമാർക്ക് ചുമതല നൽകുകയും എല്ലാ മാസവും ബോർഡുതലത്തിൽ മീറ്റിംഗ് നടത്തി കാര്യങ്ങൾ വിലയിരുത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. ഭക്തന്മാരുടെ സൗകര്യാർത്ഥം ഓൺലൈൻ വഴിപാട് സൗകര്യങ്ങൾ പ്രധാനപ്പെട്ട ക്ഷേത്രങ്ങളിൽ ഒരുക്കിയിട്ടുണ്ട്. കൂടാതെ ദേവസ്വം ബോർഡുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ദേവസ്വം ബോർഡുകളുടെ സാമ്പത്തിക പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനുമായി 13-07-2021-ന് ദേവസ്വം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ദേവസ്വം ബോർഡ് പ്രസിഡന്റുമാരുടെ സംയുക്ത യോഗം ചേർന്നതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ദേവസ്വത്തിനുകീഴിലുള്ള ക്ഷേത്രങ്ങളിൽ ക്ഷേത്ര ചടങ്ങുകളിലും പൂജാവിധികളിലും ചില പ്രശ്നങ്ങൾ ഈ അടുത്തകാലത്ത് ഉണ്ടാകുന്നുവെന്നത് വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രശ്നങ്ങളുണ്ടാകാതിരിക്കാനായി എല്ലാ ദേവസ്വം ബോർഡുകളുടെയും പ്രവർത്തനങ്ങൾ നിരീക്ഷിച്ച് ഒരു ഏകീകൃത ആചാരപ്രക്രിയ നടപ്പാക്കാനും അവ കാലാനുസൃതമാക്കാനും എന്ത് നടപടികൾ സ്വീകരിച്ചുവരുന്നു; വ്യക്തമാക്കുമോ?

(ബി & സി) തിരുവിതാംകൂർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളിൽ താന്ത്രികവിധി പ്രകാരമുള്ള ക്ഷേത്ര ചടങ്ങുകളും പൂജാ വിധികളുമാണ് നടന്നുവരുന്നത്. ക്ഷേത്രചടങ്ങുകളിലും പൂജാവിധികളിലും എന്തെങ്കിലും പ്രശ്നങ്ങളുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മലബാർ ദേവസ്വം ബോർഡിനുകീഴിലെ ക്ഷേത്രങ്ങളിൽ, ക്ഷേത്രചടങ്ങുകളിലും പൂജാവിധികളിലും എന്തെങ്കിലും പ്രശ്നങ്ങളുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ഓരോ ക്ഷേത്രങ്ങൾക്കും അവയുടെ പ്രതിഷ്ഠ, ക്ഷേത്രം സ്ഥിതിചെയ്യുന്ന പ്രദേശത്തിന്റെ പ്രത്യേകത തുടങ്ങിയ കാര്യങ്ങൾ അടിസ്ഥാനമാക്കി വൈവിധ്യങ്ങളായ ആചാരാനുഷ്ഠാനങ്ങളും പൂജാവിധികളും ക്ഷേത്രം തന്ത്രിമാരുടെ നിർദ്ദേശപ്രകാരമാണ് നടക്കാറുള്ളത്. ആയതിനാൽ ഏകീകൃത ആചാര പ്രക്രിയ എന്നത് മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളിൽ അപ്രായോഗികമാണ്. കൊച്ചിൻ ദേവസ്വം ബോർഡിനുകീഴിലെ തൃപ്പൂണിത്തുറ ശ്രീപൂർണ്ണത്രയീശ

ക്ഷേത്രത്തിലെ 12 നമസ്കാരം (കാൽകഴുകിച്ചൂട്ട്) വഴിപാടിനെക്കുറിച്ചുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് തൃപ്പൂണിത്തുറ ദേവസ്വം ഓഫീസർ, അസിസ്റ്റന്റ് കമ്മീഷണർ എന്നിവരിൽനിന്ന് കൊച്ചിൻ ദേവസ്വം കമ്മീഷണർ റിപ്പോർട്ട് വാങ്ങുകയും അഖില കേരള തന്ത്രി സമാജം ഭാരവാഹികളുമായി 11-02-2022-ൽ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ, കൊച്ചിൻ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളിൽ 12 നമസ്കാരം, കാൽകഴുകിച്ചൂട്ട് എന്ന പേരുകളിൽ നടത്തിപ്പോരുന്ന വഴിപാടുകൾ ഇനിമുതൽ 'സമാരാധന' എന്ന പേരിൽ അറിയപ്പെടുന്നതിനും ഇതുസംബന്ധിച്ച് കാലോചിത പരിഷ്കാരങ്ങൾ വരുത്തുന്നതിനും തീരുമാനിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

## തിരുവിതാംകൂർ ദേവസ്വം ബോർഡ് കോളേജുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ നിയമനം

115(848) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള കോളേജുകളിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ

ഒഴിവിലേയ്ക്ക് അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; ഏതെല്ലാം വർഷങ്ങളിൽ എത്ര പ്രാവശ്യം അപേക്ഷ ക്ഷണിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

ഉണ്ട്. മൂന്ന് പ്രാവശ്യം. 10-02-2016 - മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി, 09-03-2016 – കേരളായൂണിവേഴ്സിറ്റി, 15-08-2020 – കേരള/ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി.

(ബി) അതിൻപ്രകാരം എത്ര അപേക്ഷകൾ കിട്ടിയിട്ടുണ്ട്; അപേക്ഷാ ഫീസായി എത്ര തുക ലഭിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

12,000 അപേക്ഷകൾ കിട്ടിയിട്ടുണ്ട്. അപേക്ഷാ ഫീസായി 250/- രൂപാ ക്രമത്തിൽ 30,00,000/- (മുപ്പതുലക്ഷം) രൂപ ലഭിച്ചിട്ടുണ്ട്.

(സി) നിയമന നടപടികൾ സ്വീകരിക്കാൻ വൈകുന്നതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ?

(സി & ഡി) ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനായി സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു.

**തുറവൂർ ക്ഷേത്രത്തിലെ ജീവനക്കാർ**

116(849) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള തുറവൂർ ക്ഷേത്രത്തിൽ നിലവിൽ എത്ര സ്ഥിരം ജീവനക്കാരുണ്ടെന്ന് വിശദമാക്കാമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള തുറവൂർ ക്ഷേത്രത്തിൽ ഒമ്പത് സ്ഥിരം ജീവനക്കാരുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു:

വാച്ചർ - 3

നാദസ്വരം - 1

തകിൽ - 1

സംബന്ധി - 3

കാരാണ്മ തൃക്കോവിൽ പ്രവൃത്തി - 1

കൂടാതെ മേൽശാന്തി ലാവണത്തിൽ പുറപ്പെടാ മേൽശാന്തിയെ ഒരു വർഷക്കാലത്തേയ്ക്ക് കാസർഗോഡ് നല്ലൂർ <u>ഇല്ലത്തു</u>നിന്നും തെരഞ്ഞെടുത്ത് അയയ്ക്കുന്നു.

(ബി) താൽക്കാലികമായി ഏതൊക്കെ തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്; വ്യക്തമാക്കാമോ?

ഡിപ്പാർട്ടുമെന്റ് ലാവണത്തിൽ ഒഴിവുള്ളവയിൽ പകരം വ്യവസ്ഥയിൽ താഴെപ്പറയുന്ന തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്.

ഫുൾടൈം കഴകം - 1

ചേങ്ങില/പാത്രം തേപ്പ് - 1

പാർട്ട് ടൈം തളി - 3

ഗസ്റ്റ് ഹൗസ് വാച്ചർ - 1

കാരാണ്മ ഒഴിവുള്ള ലാവണത്തിൽ താഴെപ്പറയുന്ന തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്.

ഫുൾടൈം കഴകം - 1

കാരാണ്മ തൃക്കോവിൽ പ്രവൃത്തി - 2

(സി) അടിച്ചുതളി ജോലി ചെയ്യുന്ന താൽക്കാലിക ജീവനക്കാർക്ക് മിനിമം കൂലിപോലും കൊടുക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ പാർട്ട് ടൈം തളി ലാവണത്തിൽ പകരം ജോലി നോക്കുന്നവർക്ക് 01-07-2016-ലെ ആർ.ഒ.സി. 515/2016/എസ്റ്റ.1 നമ്പർ ഉത്തരവുപ്രകാരം ഫുൾടൈം ലാവണത്തിന് അനുവാദമുള്ള തുകയുടെ പകുതി വേതനം ദിവസം 150 രൂപാ ക്രമത്തിൽ നൽകിവരുന്നു.

**ദേവസ്വം ബോർഡിലെ പട്ടികവിഭാഗക്കാരുടെ പ്രാതിനിധ്യം**

117(850) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിൽ പട്ടികവിഭാഗക്കാരുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനായി സ്പെഷ്യൽ റിക്രൂട്ടുമെന്റ് നടത്തുന്നതിനുള്ള വ്യവസ്ഥ ദേവസ്വം റിക്രൂട്ട്മെന്റ് റൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉൾപ്പെടുത്തിയിട്ടില്ല. സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നടത്തുന്ന കാര്യം പരിശോധിച്ചുവരുന്നു. കൂടാതെ ഏതെങ്കിലും തസ്തികയിൽ നിയമന ശിപാർശ നടത്തുമ്പോൾ എസ്.സി/എസ്.റ്റി വിഭാഗക്കാർ ഉൾപ്പെടെ

ഏതെങ്കിലും സംവരണ വിഭാഗത്തിന്റെ ഊഴം വരുമ്പോൾ നിയമനം നൽകുന്നതിന് റാങ്ക് ലിസ്റ്റിൽ ആ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ ഇല്ലാതെ വന്നാൽ അത്തരം ഒഴിവുകൾ അതേ സംവരണ വിഭാഗത്തിൽപ്പെട്ടവരിൽനിന്നുമാത്രം അപേക്ഷ ക്ഷണിച്ച് (എൻ സി എ വിജ്ഞാപനം) നികത്തുന്നതിനുള്ള വ്യവസ്ഥ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ചട്ടങ്ങളിൽ നിലവിലുണ്ട്. ആയതിൻപ്രകാരം സംവരണ സമുദായക്കാരുടെ അഭാവം പരിഹരിക്കുന്നതിനായി പല തസ്തികകളിലും കെ ഡി ആർ ബി, എൻ സി എ വിജ്ഞാപനം നടത്തിയിട്ടുണ്ട്.

(ബി) ദേവസ്വം ബോർഡിൽ പട്ടികവിഭാഗക്കാരുടെ പ്രാതിനിധ്യം ജനസംഖ്യാനുപാതികമായി വർദ്ധിപ്പിക്കുന്നതുസംബന്ധിച്ച് കേരള പട്ടികജാതി/പട്ടികവർഗ്ഗ ഗോത്ര കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ?

റിപ്പോർട്ട് ലഭ്യമായിട്ടില്ല.

**പട്ടാഴി ദേവസ്വം ഭരണസമിതി**

118(851) <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും

ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)തിരുവിതാംകൂർ ദേവസ്വം ബോർഡിൽ കൊട്ടാരക്കര ഗ്രൂപ്പിൽപ്പെട്ട പി. ഡി. പട്ടാഴി ദേവസ്വത്തിൽ ക്ഷേത്ര സംരക്ഷണ സമിതിക്ക് ദേവസ്വം ബോർഡ് അംഗീകാരമോ രജിസ്ട്രേഷനോ നൽകിയിട്ടുണ്ടായിരുന്നോ എന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ രജിസ്ട്രേഷൻ നമ്പർ, അംഗീകാരം നൽകിയ തീയതി, ബൈലോ, മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ ഉൾപ്പെടെയുള്ള പൂർണ്ണമായ വിശദാംശങ്ങൾ പകർപ്പ് സഹിതം വ്യക്തമാക്കുമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ കൊട്ടാരക്കര ഗ്രൂപ്പിൽപ്പെട്ട പി.ഡി. പട്ടാഴി ദേവസ്വത്തിൽ ക്ഷേത്ര സംരക്ഷണ സമിതിക്ക് ദേവസ്വം ബോർഡിന്റെ ക്ഷേത്രോപദേശക സമിതി എന്ന നിലയ്ക്കുള്ള അംഗീകാരമോ രജിസ്ട്രേഷനോ നൽകിയിട്ടില്ല.

(ബി) പ്രസ്തുത രജിസ്ട്രേഷൻ ഇപ്പോഴും പ്രാബല്യത്തിലുണ്ടോ; ആയതിന് ദേവസ്വം ബോർഡ് അനുമതി ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

പി.ഡി. പട്ടാഴി ദേവസ്വത്തിൽ ക്ഷേത്ര സംരക്ഷണ സമിതി

നിലവിലില്ല.

(സി) നിലവിലുണ്ടായിരുന്ന സമിതി പിരിച്ചുവിട്ടിട്ടുണ്ടെങ്കിൽ എന്ന് പിരിച്ചുവിട്ടുവെന്നും എന്ത് കാരണത്താലാണെന്നും ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും കേസുകളുണ്ടെങ്കിൽ അവയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ; ഇപ്പോൾ ക്ഷേത്രഭരണത്തിന്റെ ചുമതല ആർക്കാണെന്ന് വ്യക്തമാക്കുമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ 04/03/2016-ലെ നടപടി ഉത്തരവ് നമ്പർ. 14177/12/എൻ.എസ് ഉത്തരവുപ്രകാരം ക്ഷേത്ര സംരക്ഷണ സമിതി പിരിച്ചുവിട്ടിട്ടുള്ളതാണ് (പകർപ്പ് ചേർക്കുന്നു+). ഇതുമായി ബന്ധപ്പെട്ട് ഡി.ബി.പി. 120/2011 നമ്പർ കേസ്സിൽ ബഹു. ഹൈക്കോടതി 22/03/2018-ൽ ഒരു വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട് (പകർപ്പ് ചേർക്കുന്നു.+). നിലവിൽ ക്ഷേത്ര ഭരണത്തിന്റെ ചുമതല തിരുവിതാംകൂർ ദേവസ്വം ബോർഡിനാണ്. കൂടാതെ ക്ഷേത്ര ഉപദേശക സമിതിയും നിലവിലുണ്ട്.

(ഡി) സമിതി നാട്ടുകാരിൽനിന്നും പിരിച്ചെടുത്ത തുകയുടെ കണക്കുകൾ ദേവസ്വം ബോർഡ് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ഇതിൽ ലക്ഷക്കണക്കിന് രൂപ ഏതെങ്കിലും ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ളതായി ദേവസ്വം ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആയതിന്റെ വിശദാംശങ്ങളും അറിയിക്കുമോ?

സമിതി നാട്ടുകാരിൽനിന്നും പിരിച്ചെടുത്ത തുകയുടെ കണക്കുകൾ കേരളാ സ്റ്റേറ്റ് ഓഡിറ്റ് വിഭാഗം പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുള്ളതാണ് (പകർപ്പ് ചേർക്കുന്നു+). സമിതി പ്രസ്തുത തുക പട്ടാഴി സർവ്വീസ് സഹകരണ ബാങ്കിലും പട്ടാഴി ഫെഡറൽ ബാങ്കിലും നിക്ഷേപിച്ചിട്ടുള്ളതായി ദേവസ്വം ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) ഇപ്രകാരമുള്ള മുഴുവൻ തുകയും ദേവസ്വം ബോർഡിലേയ്ക്ക് മുതൽക്കൂട്ടാൻ ബോർഡ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ച നടപടികൾ പ്രസക്തമായ രേഖകൾ സഹിതം വിശദമാക്കുമോ?

ഇപ്രകാരമുള്ള മുഴുവൻ തുകയും ബോർഡിലേയ്ക്ക് മുതൽക്കൂട്ടുന്നതിനും പട്ടാഴി സർവ്വീസ് സഹകരണ ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള 30 ലക്ഷം രൂപ സംബന്ധിച്ചും പട്ടാഴി ഫെഡറൽ ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള 2 ലക്ഷം രൂപ സംബന്ധിച്ചും ടി ബാങ്ക് മാനേജർമാർക്ക് നൽകിയിട്ടുള്ള കത്തിന്റെയും നോട്ടീസിന്റെയും പകർപ്പ് ചേർക്കുന്നു+. എന്നാൽ നാളിതുവരെ തുക ദേവസ്വം പി.ഡി. ഫണ്ടിലേയ്ക്ക് നൽകിയിട്ടില്ലാത്തതാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**തിരുവിതാംകൂർ ദേവസ്വവുമായി ബന്ധപ്പെട്ട്**

**വിജിലൻസ് പരിശോധന**

119(852) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വവുമായി ബന്ധപ്പെട്ട് ദേവസ്വം വിജിലൻസ് വിഭാഗം പരിശോധിക്കുന്നതും സംസ്ഥാന ആഭ്യന്തര വിജിലൻസ് വകുപ്പ് പരിശോധിക്കുന്നതുമായ കേസുകളുടെ ഇനം തിരിച്ച പട്ടിക ലഭ്യമാക്കുമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡ് വിജിലൻസ് വിഭാഗം കേസുകളൊന്നുംതന്നെ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നില്ല. എൻക്വയറികൾ മാത്രമാണ് നടത്തുന്നത്. വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ നിലവിൽ 2 കേസുകളിൽ അന്വേഷണം നടത്തുന്നുണ്ട്.

(ബി) ഏതെല്ലാം കേസുകളാണ് സംസ്ഥാന വിജിലൻസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതെന്ന് വിശദമാക്കുമോ?

1) പത്തനം തിട്ട - വി.സി. 02/2021/പി.ടി.എ.

2) കൊല്ലം - വി.സി. 01/2021/കെ.എൽ.എം.

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് വിജിലൻസ് ഏതെങ്കിലും ഉദ്യോഗസ്ഥനെ പ്രതിയാക്കി കേസെടുത്തിട്ടുണ്ടോ; എങ്കിൽ എന്നാണ് കേസെടുത്തതെന്നും ബോർഡിനെ എന്നാണ് അറിയിച്ചതെന്നും വിശദമാക്കുമോ?

ഉണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

(1) വി.സി. 02/2021/പി.ടി.എ. രജിസ്റ്റർ ചെയ്ത തീയതി - 06.10.2021

പ്രതികൾ:-

1) ജയപ്രകാശ് ജെ. (മുൻ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ദേവസ്വം ബോർഡ്, നിലയ്ക്കൽ.) നിലവിൽ അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ, ദേവസ്വം ബോർഡ്.

2) ഡി. സുധീഷ് കുമാർ (മുൻ എക്സിക്യൂട്ടീവ് ഓഫീസർ, ശബരിമല.) നിലവിൽ ഫിനാൻസ് കമ്മീഷണർ, ദേവസ്വം ബോർഡ്.

3) വി.എസ്. രാജേന്ദ്രപ്രസാദ് (മുൻ എക്സിക്യൂട്ടീവ് ഓഫീസർ, ശബരിമല.) നിലവിൽ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, ദേവസ്വം ബോർഡ്.

4) എൻ. വാസുദേവൻ നമ്പൂതിരി, (മുൻ ജൂനിയർ സൂപ്രണ്ട്, തിരുവിതാംകൂർ

ദേവസ്വം ബോർഡ്.) നിലവിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, വള്ളിയാംകാവ് ദേവസ്വം. സർക്കാരിലേയ്ക്ക് അറിയിച്ച തീയതി -09-11-2021, ബോർഡിലേയ്ക്ക് അറിയിച്ച തീയതി - 06.12.2021

(2) വിസി 01/2021/കെ.എൽ.എം. രജിസ്റ്റർ ചെയ്ത തീയതി - 10.04.2021

പ്രതികൾ:-

രാധാകൃഷ്ണനാചാരി, സബ് ഗ്രൂപ്പ് ഓഫീസർ, കാഞ്ഞിരംകോട് സബ് ഗ്രൂപ്പ് ഓഫീസ്, തിരുവിതാംകൂർ ദേവസ്വം ബോർഡ്. സർക്കാരിലേയ്ക്ക് അറിയിച്ച തീയതി - 28.06.2021, ബോർഡിലേയ്ക്ക് അറിയിച്ച തീയതി - 07.09.2021.

(ഡി) കേസെടുത്തിട്ടുണ്ടെങ്കിൽ പ്രസ്തുത വിഷയത്തിൽ ബോർഡ് സ്വീകരിച്ച നടപടി വിശദമാക്കാമോ; വിഷയം പരിശോധിച്ചുവരികയാണെങ്കിൽ പരിശോധന എപ്പോൾ കഴിയുമെന്ന് വ്യക്തമാക്കുമോ?

നിലയ്ക്കൽ മെസ്സ് നടത്തിപ്പ് വിഷയത്തിൽ ദേവസ്വം വിജിലൻസ് റിപ്പോർട്ടുപ്രകാരം പ്രധാനമായും കുറ്റാരോപിതരായ ശ്രീ. ജെ. ജയപ്രകാശിനെ (നിലയ്ക്കൽ ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ) സർവ്വീസിൽനിന്നും 04-02-2022-ൽ സസ്പെൻഡ് ചെയ്ത് അച്ചടക്ക നടപടി

സ്വീകരിച്ചുവരുന്നു. ടിയാനെ കൂടാതെ ഈ വിഷയത്തിൽ മറ്റ് മൂന്ന് ഉദ്യോഗസ്ഥർക്ക് വകുപ്പുതല അച്ചടക്ക നടപടിയുടെ ഭാഗമായി കുറ്റപത്രം നൽകുന്നതിന് 04-02-2022-ൽ ബോർഡ് തീരുമാനിച്ചിട്ടുണ്ട്. മാവേലിക്കര ഡിവിഷനിലെ മരാമത്ത് പണികളിലെ ക്രമക്കേടുകൾ സംബന്ധിച്ച് ദേവസ്വം വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റാരോപിതരായ ഉദ്യോഗസ്ഥരുടെ പേരിൽ കാരണം കാണിക്കൽ നോട്ടീസ് നൽകി വകുപ്പുതല അച്ചടക്ക നടപടി സ്വീകരിച്ചുവരുന്നു.

**വാരണാസിയിലെ തിരുവിതാംകൂർ ദേവസ്വം ബോർഡ് സത്രം**

120(853) **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:**
**ശ്രീ. പ്രമോദ് നാരായൺ:**
**ഡോ. എൻ. ജയരാജ്:**
**ശ്രീ. ജോബ് മൈക്കിൾ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാരണാസി കാശിവിശ്വനാഥ ക്ഷേത്രത്തിന് സമീപമുള്ള തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ സ്ഥലവും സത്രവും സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന്

വിശദമാക്കാമോ;

(ബി) ദേവസ്വം ബോർഡ് അധികൃതർ സത്രം സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തിയിട്ടുണ്ടോയെന്നും എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ?

(എ & ബി) വാരണാസി കാശിവിശ്വനാഥ ക്ഷേത്രത്തിന് സമീപമുള്ള തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ സ്ഥലവും സത്രവും സംരക്ഷിക്കുന്നതിനും ഉടമസ്ഥാവകാശം പൂർണ്ണമായും ദേവസ്വം ബോർഡിന്റെ പേരിലേയ്ക്ക് മാറ്റുന്നതിനും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 21/02/2014-ലെ ഡി.ബി.പി. 179/2011 നമ്പർ അനുമതിയുടെ അടിസ്ഥാനത്തിൽ ശ്രീ. റ്റി. എസ്. സുബ്രഹ്മണിയെ വാരണാസി നോഡൽ ഓഫീസറായി നിയമിക്കുകയും ശ്രീ. റ്റി. എസ്. സുബ്രഹ്മണി ബോർഡിനെ പ്രതിനിധീകരിച്ച് വാരണാസിയിലെ വസ്തുവിലെ കെട്ടിടത്തിന്റെ അനധികൃത കൈവശം സംബന്ധിച്ച കേസുകൾ വാരണാസി കോടതിയിൽ നടത്തിയിട്ടുള്ളതുമാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള വാരണാസി സത്രം നവീകരണത്തിനായി 06/08/2018-ലെ ആർ.ഒ.സി.7371/16/എം. നമ്പർ ബോർഡ് ഉത്തരവുപ്രകാരം 1,00,40,000/- (ഒരു കോടി നാല്പതിനായിരം) രൂപയുടെ എസ്റ്റിമേറ്റ്

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അനുമതിക്ക് വിധേയമായി അനുവദിച്ചിരുന്നതും 05/07/2019-ലെ ആർ.ഒ.സി.7371/16/എം. നമ്പർ ബോർഡ് ഉത്തരവുപ്രകാരം ശ്രീ. ബി. എസ്. സുരേഷ്കുമാറിന് 25% അധിക നിരക്കിൽ കരാർ അനുമതി നൽകിയിരുന്നതുമാണ്. എന്നാൽ കോവിഡ് വ്യാപന സാഹചര്യത്തിലും കോൺട്രാക്ടർ അധികമായി ജി.എസ്.ടി തുക ആവശ്യപ്പെട്ട സാഹചര്യത്തിലും ടി വർക്കിന്റെ ടേം പിരീഡ് അവസാനിച്ചിട്ടുള്ളതിനാലും പ്രസ്തുത കരാർ റദ്ദാക്കിയിട്ടുള്ളതും പ്രസ്തുത വർക്കിന്റെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ചീഫ് എഞ്ചിനീയർ (ജനറൽ)-നെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. തുടർന്ന് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കേരളത്തിൽനിന്നുള്ള തീർത്ഥാടകർക്ക് പ്രസ്തുത സത്രത്തിൽ താമസ സൗകര്യത്തിന് മുൻഗണന നൽകാറുണ്ടോയെന്നും ഓൺലൈനിൽ റിസർവേഷൻ സൗകര്യം ലഭ്യമാക്കുമോയെന്നും അറിയിക്കാമോ?

നിലവിൽ താമസയോഗ്യമല്ലാത്തതിനാൽ സത്രം നവീകരിച്ചതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ ഒരു തീരുമാനം കൈക്കൊള്ളാനാകൂ എന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

**ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിലെ ഓഡിറ്റ്**

121(854) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിൽ 2020 മാർച്ച് 31 വരെയുള്ള കാലയളവിലെ ഓഡിറ്റ് നടപടികൾ പൂർത്തീകരിക്കാനുണ്ടെന്ന് വ്യക്തമാക്കുമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളിൽ 2018 വരെയും ഗുരുവായൂർ ദേവസ്വത്തിൽ 2018-2019 വരെയും കൂടൽമാണിക്യം ദേവസ്വത്തിൽ 2017-18 വരെയുമുള്ള ഓഡിറ്റ് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൊച്ചിൻ ദേവസ്വം ബോർഡിനുകീഴിലുള്ള 63 ദേവസ്വങ്ങളിൽ 50 ദേവസ്വങ്ങളുടേയും തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ചില ക്ഷേത്രങ്ങളുടെയും 2020 മാർച്ച് 31 കാലയളവിലുള്ള ഓഡിറ്റും പൂർത്തീകരിച്ചിട്ടുണ്ട്. തിരുവിതാംകൂർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളിൽ 2018-നുശേഷമുള്ള ഓഡിറ്റ് നടപടികളും ഗുരുവായൂർ ദേവസ്വത്തിന്റെ 2019-2020, 2020-2021 വർഷങ്ങളിലെ ഓഡിറ്റ് നടപടികളും

പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മലബാർ ദേവസ്വം ബോർഡിനുകീഴിലുള്ള ക്ഷേത്രങ്ങളിൽ നിന്നുള്ള വാർഷിക കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പ് നേരിട്ട് ശേഖരിച്ചാണ് ഓഡിറ്റ് നടപടികൾ പൂർത്തീകരിക്കുന്നത്.

(ബി) ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിൽ ഓഡിറ്റ് വൈകുന്നതിന്റെ പേരിൽ ജീവനക്കാരുടെ ശമ്പളം തടഞ്ഞുവയ്ക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ?

ഇല്ല.

(സി) ദേവസ്വം ബോർഡ് സ്ഥാപനങ്ങളിലെ ഓഡിറ്റ് യഥാസമയം പൂർത്തീകരിക്കുന്നതിനുള്ള ചുമതല ആർക്കാണെന്ന് വ്യക്തമാക്കുമോ; ഓഡിറ്റ് വൈകുന്നതിന്റെ പേരിൽ ജീവനക്കാരുടെ ശമ്പളം തടഞ്ഞുവയ്ക്കുന്ന നടപടി അവസാനിപ്പിക്കുന്നതിനും യഥാസമയം ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിൽ ഓഡിറ്റ് നടക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

തിരുവിതാംകൂർ ദേവസ്വം ബോർഡിൽ ഫൈനാൻസ് കമ്മീഷണർക്കാണ് ഓഡിറ്റ് പൂർത്തീകരിക്കുന്നതിനുള്ള ചുമതലയുള്ളത്.

ഫൈനാൻസ് കമ്മീഷണർ നൽകുന്ന ഓഡിറ്റ് പ്രോഗ്രാമനുസരിച്ച് ഓഡിറ്റ് ഓഫീസർമാരുടെ നേതൃത്വത്തിലുള്ള ടീം ഓഡിറ്റ് നടത്തിവരുന്നു. ഓഡിറ്റ് പെന്റിംഗ് തീർക്കാനുള്ള നടപടികളും യഥാസമയം ക്ഷേത്രങ്ങളിൽ ഓഡിറ്റ് നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഫൈനാൻസ് കമ്മീഷണറുടെ നേതൃത്വത്തിൽ ഇൻസ്പെക്ഷനും നടത്തിവരുന്നുണ്ട്. മലബാർ ദേവസ്വം ബോർഡിൽ ഓഡിറ്റ് യഥാസമയം പൂർത്തീകരിക്കുന്നതിനുള്ള ചുമതല സംസ്ഥാന ഓഡിറ്റ് വകുപ്പിനാണുള്ളത്. ക്ഷേത്രങ്ങളുടെ വാർഷിക കണക്കുകൾ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യഥാസമയം സമർപ്പിക്കേണ്ടത് അതാത് ക്ഷേത്ര ഭരണാധികാരികളായതിനാൽ ക്ഷേത്രം കണക്കുകൾ ഓഡിറ്റ് മുമ്പാകെ സമർപ്പിക്കുന്നതിന് എല്ലാ ക്ഷേത്ര ഭരണാധികാരികൾക്കും മലബാർ ദേവസ്വം ബോർഡ് നിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. കൊച്ചിൻ ദേവസ്വം ബോർഡിൽ ഓഡിറ്റ് യഥാസമയം പൂർത്തീകരിക്കുന്നതിനുള്ള ചുമതല അസിസ്റ്റന്റ് കമ്മീഷണർ ഓഡിറ്റിനാണ്. കൂടൽമാണിക്യം ദേവസ്വത്തിന്റെ കണക്കുകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് പരിശോധിക്കാറുണ്ട്. ഇന്റേണൽ ഓഡിറ്റ് മുഖേനയും പരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്. ഗുരുവായൂർ ദേവസ്വത്തിൽ, ഓഡിറ്റ് നടത്തുന്നതിന് ഗുരുവായൂർ ദേവസ്വത്തിനും കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിനും സംയുക്ത

ച്ചുമതലയാണുള്ളത്.

## പൊതുവഴികളുടെ പരിപാലനം

122(855) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ദേവസ്വം ബോർഡുകളുടെ കൈവശമുള്ള ഭൂമിയിലൂടെ നിലവിൽ പൊതുജനങ്ങൾ സഞ്ചാരത്തിനായി ഉപയോഗിച്ചുവരുന്ന വഴികൾ ദേവസ്വം ബോർഡിന്റെ അനുവാദത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽനിന്നും തുക മുടക്കി ടാറിംഗ് നടത്തിയോ, ടൈൽ വിരിച്ചോ സഞ്ചാരയോഗ്യമാക്കുന്നതിന് സർക്കാർ അനുമതിയുണ്ടോ; എങ്കിൽ ടി സർക്കാർ ഉത്തരവിന്റെ പകർപ്പ് നൽകാമോ?

വിവരം ശേഖരിച്ചുവരുന്നു.

(ബി) തൃശ്ശൂർ തേക്കിൻകാട് മൈതാനത്തിൽ കൊച്ചി ദേവസ്വം ബോർഡ് വക ഭൂമിയിലൂടെ റോഡുകൾ നിർമ്മിക്കുന്നതിനും ടാർ ചെയ്തും ടൈൽ വിരിച്ചും സഞ്ചാരയോഗ്യമാക്കുന്നതിനുമുള്ള ഫണ്ട് എവിടെ നിന്നാണ് അനുവദിക്കുന്നതെന്നും ടി ജോലികളുടെ നടത്തിപ്പും മേൽനോട്ടവും ഏത്

വകുപ്പാണ് നടത്തിവരുന്നതെന്നും വ്യക്തമാക്കാമോ?

നിലവിൽ ടി റോഡുകളുടെ മെയിന്റനൻസ് തൃശ്ശൂർ കോർപ്പറേഷനാണ് ചെയ്തുവരുന്നത്.

**വിദ്യാവനം പദ്ധതി**

123(856) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ ഏതെല്ലാം സ്കൂളുകളിലാണ് വിദ്യാവനം പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

കോട്ടയം ജില്ലയിലെ ജവഹർ നവോദയ വിദ്യാലയം, എസ്.ആർ.വി. എൻ.എസ്.എസ്. എച്ച്.എസ്.എസ്., ചിറക്കടവ് എന്നീ സ്കൂളുകളിൽ വിദ്യാവനം പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡവും നടപടിക്രമങ്ങളും വ്യക്തമാക്കുമോ?

ഒരു വിദ്യാവനത്തിന് ഏറ്റവും കുറഞ്ഞത് 5 സെന്റ് സ്ഥലമെങ്കിലും ആവശ്യമാണ്. ടി സൗകര്യമുള്ള സ്കൂളുകളെ വിദ്യാവനം പദ്ധതിക്കായി തെരഞ്ഞെടുക്കുന്നു. ഫോറസ്ട്രി ക്ലബ്ബുകൾ സജീവമായി പ്രവർത്തിക്കുകയും

സ്കൂൾ മേലധികാരി സമ്മതം അറിയിക്കുകയും ചെയ്യുന്ന സ്കൂളുകളാണ് വിദ്യാവനം പദ്ധതിക്കായി തെരഞ്ഞെടുക്കപ്പെടുന്നത്.

(സി) പ്രസ്തുത പദ്ധതി കൂടുതൽ സ്കൂളുകളിൽ നടപ്പിലാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സർക്കാരിന്റെ 100 ദിന പദ്ധതിയിലുൾപ്പെടുത്തി 28 വിദ്യാവനങ്ങൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**സ്വാഭാവിക വനം പുന:സ്ഥാപനം**

124(857) ശ്രീ. എം. എം. മണി:
ശ്രീ. കെ. ആൻസലൻ:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വാഭാവിക വനം പുന:സ്ഥാപിക്കുന്നതിനായി സർക്കാർ നയരേഖ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ഉണ്ട്. 17-12-2021-ലെ സർക്കാർ ഉത്തരവ് (കൈ) നം.29/2021/വനം പ്രകാരം സംസ്ഥാനത്ത് സർക്കാർ നയരേഖ അംഗീകരിച്ചിട്ടുണ്ട്.

വ്യാവസായിക വികസനം ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി 1950 മുതൽ 1980-കളുടെ തുടക്കംവരെ കേരളത്തിലെ ജൈവസമ്പന്നമായിരുന്ന സ്വാഭാവിക മരങ്ങൾ വെട്ടിത്തെളിച്ച് യൂക്കാലിപ്റ്റസ്, അക്കേഷ്യ ഓറിക്കുലിഫോർമിസ്, അക്കേഷ്യ, മാഞ്ചിയം, വാറ്റിൽ തുടങ്ങിയ വിദേശ-ഏകവിളത്തോട്ടങ്ങൾ വച്ചുപിടിപ്പിക്കുകയുണ്ടായി. ഏതാണ്ട് 27,000-ത്തോളം ഹെക്ടർ വരുന്ന ടി വിദേശ-ഏകവിളത്തോട്ടങ്ങൾ സ്വാഭാവികതയിലേയ്ക്ക് പുന:സ്ഥാപിക്കാനും തദ്ദേശീയ ഇനങ്ങൾ വീണ്ടും നട്ട് തോട്ടങ്ങളാക്കുന്നതിനുമാണ് നയരേഖ വിഭാവനം ചെയ്യുന്നത്.

(ബി) വനാശ്രിത സമൂഹത്തിന്റെ ഉപജീവനം ഉറപ്പാക്കുന്നതിനും കൃഷിഭൂമിയിൽ മരം നട്ടുപിടിപ്പിക്കുന്നവർക്ക് നിയന്ത്രണരഹിതമായി സ്വന്തം ആവശ്യത്തിന് ഉപയോഗിക്കാനും വ്യവസ്ഥ ചെയ്യുന്ന തരത്തിലാണോ നയം രൂപീകരിച്ചിട്ടുള്ളത്?

വനാശ്രിത സമൂഹത്തിന്റെ ഉപജീവനം പരമാവധി ഉറപ്പാക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ ടി നയം മുന്നോട്ടുവയ്ക്കുന്നുണ്ട്. ചെറുകിട വനവിഭവങ്ങളുടെ ശാസ്ത്രീയ ശേഖരണം, മൂല്യവർദ്ധനവ്, മെച്ചപ്പെട്ട വിപണനം എന്നിവ ഉറപ്പുവരുത്തി വനാശ്രിത സമൂഹത്തിന് പ്രത്യേകിച്ച് ആദിവാസി സമൂഹത്തിന് കൂടുതൽ തൊഴിലവസരങ്ങളും ജീവസന്ധാരണ

മാർഗ്ഗങ്ങളും സാധ്യമാക്കും. തടിയേതര വനവിഭവങ്ങളുടെ സുസ്ഥിരമായ ലഭ്യത ഉറപ്പുവരുത്തുന്നതിന് പങ്കാളിത്ത വനപരിപാലനത്തിന്റെയും വനാവകാശ നിയമത്തിന്റേയും സാധ്യതകൾ കോർത്തിണക്കി കർമ്മപരിപാടികൾ ആവിഷ്കരിക്കുമെന്ന് ടി നയത്തിൽ പറഞ്ഞിട്ടുള്ളത് ആത്യന്തികമായി വനാശ്രിത സമൂഹത്തിന് ദീർഘകാലാടിസ്ഥാനത്തിൽ ഉപജീവനം ഉറപ്പാക്കാൻ ലക്ഷ്യംവച്ചുള്ളതാണ്. വനത്തിന് വെളിയിലുള്ള വൃക്ഷാവരണം വർദ്ധിപ്പിച്ച് കാർബൺ ആഗിരണം വർദ്ധിപ്പിക്കുന്നതിനും വനാശ്രിതത്വം കുറയ്ക്കുന്നതിനും സ്വകാര്യ ഭൂമിയിൽ വൃക്ഷം വളർത്തുന്നത് പ്രോത്സാഹിപ്പിക്കുമെന്ന് ടി നയത്തിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇതിനായി ഗുണനിലവാരമുള്ള തൈകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യും. കൃഷിക്കാരും പട്ടാദാർമാരും നട്ടുപിടിപ്പിച്ച വൃക്ഷങ്ങൾ മുറിച്ച് ഉപയോഗിക്കുന്നതിനുള്ള നിയമനിർമ്മാണം നടത്തുന്ന കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പുകൾ കൂടിയാലോചിച്ച് നടപടി സ്വീകരിക്കും.

(സി) വന സംരക്ഷണത്തിന് ജനകീയപ്രസ്ഥാനം രൂപീകരിക്കാനും വന്യജീവി ആക്രമണ നിയന്ത്രണത്തിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കാനും ഉദ്ദേശിക്കുന്നുണ്ടോ?

വന പുന:സ്ഥാപനം അടിസ്ഥാനമാക്കിയുള്ള സുസ്ഥിര വികസനത്തിന്

ഭൂവിഭാഗത്തിനാകെ അനുയോജ്യമായ പ്ലാൻ ബന്ധപ്പെട്ട വകുപ്പുകൾ/പങ്കാളികളുടെ സഹകരണത്തോടുകൂടി നടപ്പിലാക്കുമെന്ന് ടി നയം വിവക്ഷിക്കുന്നു. ഇത് വർദ്ധിച്ച തോതിലുള്ള പാരിസ്ഥിതിക സേവനങ്ങളും തൊഴിലവസരങ്ങളും പ്രദാനം ചെയ്യുമെന്ന് കരുതുന്നു. ടി വന പുന:സ്ഥാപന നയത്തിൽ ബഹുജനങ്ങളെ അണിനിരത്തിയുള്ള ഒരു ജനകീയപ്രസ്ഥാനം രൂപീകരിക്കേണ്ടതിന്റെ പ്രാധാന്യം വ്യക്തമാക്കുന്നുണ്ട്. ഇത്തരത്തിലുള്ള ജനകീയപ്രസ്ഥാനങ്ങൾ വനസംരക്ഷണത്തിനും വന്യജീവി ആക്രമണം കുറയ്ക്കുന്നതിനും സഹായകരമാകുമെന്നാണ് കാണുന്നത്.

**ആലത്തൂർ താലൂക്കിലെ പരിസ്ഥിതിലോല പ്രദേശങ്ങൾ**

125(858) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്കിൽ പരിസ്ഥിതിലോല പ്രദേശമായി വിലയിരുത്തിയ വില്ലേജുകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

ആലത്തൂർ താലൂക്കിലെ കിഴക്കഞ്ചേരി - 1 വില്ലേജ് പരിസ്ഥിതിലോല പ്രദേശമായി വിലയിരുത്തിയിട്ടുണ്ട്.

(ബി) നിർമ്മാണ പ്രവർത്തനങ്ങൾക്കും മറ്റുമുള്ള നിയന്ത്രണങ്ങൾ പ്രസ്തുത

വില്ലേജിലെ വനാതിർത്തിയില്ലാത്ത വേറെ സ്ഥലങ്ങൾക്കും ബാധകമാണോ; ഉണ്ടെങ്കിൽ അതിന്റെ മാനദണ്ഡം വ്യക്തമാക്കാമോ?

കിഴക്കഞ്ചേരി - 1 വില്ലേജിലെ ബ്ലോക്ക് നമ്പർ 37, 38, 41, 42 എന്നിവയിലെ വിവിധ സർവ്വേ നമ്പറുകളിലുൾപ്പെട്ട കുളം, പാറ, അരുവി, കനാൽ, നിക്ഷിപ്തവനം എന്നിവയിലുൾപ്പെട്ട ഭൂമികളാണ് പരിസ്ഥിതിലോല പ്രദേശമായി ഉൾപ്പെടുത്തിയിട്ടുള്ളത്. ഇവയിൽപ്പെടാത്ത ഈ വില്ലേജിലെ മറ്റ് ഭൂമികളിൽ നിയന്ത്രണങ്ങൾ ബാധകമല്ല.

**ആദിവാസി ഇതര കുടുംബങ്ങളുടെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള പദ്ധതികൾ**

126(859) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വന്യജീവികളുടെ ആക്രമണംമൂലം ബുദ്ധിമുട്ടുന്ന ആദിവാസി ഇതര കുടുംബങ്ങളുടെ ഭൂമി നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിനുള്ള പദ്ധതികൾ പ്രകാരം വാമനപുരം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ ഏറ്റെടുത്ത ഭൂമിയുടെ വിശദവിവരങ്ങൾ നൽകാമോ; ചെലവായ തുക എത്രയാണെന്ന് വിശദമാക്കാമോ?

വന്യജീവികളുടെ ആക്രമണംമൂലം ബുദ്ധിമുട്ടുന്ന ആദിവാസി ഇതര

കുടുംബങ്ങളുടെ ഭൂമി നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിനുള്ള പദ്ധതികൾ പ്രകാരം വാമനപുരം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ ഭൂമിയൊന്നും ഏറ്റെടുത്തിട്ടില്ല.

**വനപ്രദേശങ്ങളുടെ അതിർത്തി നിർണ്ണയം**

127(860) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ വനപ്രദേശങ്ങളുടെയും അതിർത്തി നിർണ്ണയം പൂർത്തീകരിച്ചിട്ടുണ്ടോ; ഏതൊക്കെ മേഖലകളിലാണ് ഇനിയും അതിർത്തി നിർണ്ണയം പൂർത്തീകരിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ?

പൂർത്തീകരിച്ചിട്ടില്ല. അതിർത്തി നിർണ്ണയം പൂർത്തീകരിക്കാനുള്ള സർക്കിൾതലത്തിലുള്ള വിവരങ്ങൾ ഇതോടൊപ്പം അനുബന്ധമായി+ ഉൾക്കൊള്ളിക്കുന്നു.

(ബി) ആധുനിക സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ച് കാടിന്റെ അതിർത്തി നിർണ്ണയം പൂർത്തീകരിക്കുന്നതിനും വനാതിർത്തികളിൽ ഡിജിറ്റൈസേഷൻ നടപ്പാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വനാതിർത്തി സർവ്വേ, ജിയോറഫറൻസിംഗ് എന്നിവ Differential Global Positioning System (DGPS) ഉപയോഗിച്ച് നിർണ്ണയിക്കുന്നതിനുവേണ്ട പ്രാരംഭ പഠനം (Pilot Study) തെരഞ്ഞെടുക്കപ്പെട്ട ഫോറസ്റ്റ് ഡിവിഷനുകളിൽ നടത്തുന്നതിനും ആയത് ഉപയോഗപ്പെടുത്തി ഒരു Standard Operating Procedure (SOP) തയ്യാറാക്കുന്നതിലേയ്ക്കുമായി Ministry of Environment Forest and Climate Change ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യയെ (FSI) ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. കേരളത്തിൽ ചാലക്കുടി വനം ഡിവിഷനിലാണ് പൈലറ്റ് സ്റ്റഡി നടത്തിയത്. ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ Standard Operating Procedure (SOP) പൂർത്തീകരിക്കുന്ന മുറയ്ക്ക് സംസ്ഥാനത്തെ വനങ്ങളുടെ സർവ്വേയ്ക്കും വനാതിർത്തികളുടെ ഡിജിറ്റൈസേഷനും റവന്യൂ, സർവ്വേ എന്നീ വകുപ്പുകളുടെ സഹായത്തോടുകൂടി നടപടി സ്വീകരിക്കുന്നതാണ്.

**സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി**

128(861) ശ്രീ. അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനത്തിനുള്ളിലെ സ്ഥിരതാമസക്കാരെ നഷ്ടപരിഹാരം നൽകി

ഒഴിപ്പിക്കുന്ന പദ്ധതിയിൽ തട്ടിപ്പ് നടന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വനത്തിനുള്ളിലെ സ്ഥിരതാമസക്കാരെ നഷ്ടപരിഹാരം നൽകി ഒഴിപ്പിക്കുന്ന പദ്ധതിയിൽ തട്ടിപ്പ് നടന്നുവെന്ന 27/11/2021-ലെ 'മലയാള മനോരമ' പത്രത്തിലെ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 5 സെന്റ് സ്ഥലം ഉള്ളവർക്കും 5 ഏക്കർ സ്ഥലം ഉള്ളവർക്കും അടിസ്ഥാന നഷ്ടപരിഹാരത്തുക ഒന്നാകുന്ന വൈരുദ്ധ്യമായ തീരുമാനം സ്വീകരിക്കുവാനുണ്ടായ സാഹചര്യം വിശദമാക്കാമോ?

കേരളത്തിലെ വനങ്ങളിൽ ധാരാളം മനുഷ്യവാസ കേന്ദ്രങ്ങൾ നിലവിലുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം, തുടർച്ചയായി സംഭവിക്കുന്ന പ്രകൃതി ദുരന്തങ്ങൾ, വികസനപ്രവർത്തനങ്ങളുടെ അപര്യാപ്തത തുടങ്ങിയ വിവിധ കാരണങ്ങൾ മുൻനിർത്തി വനത്തിനുള്ളിലെ ഇത്തരം മനുഷ്യവാസ മേഖലകളിൽനിന്നും പുനരധിവാസത്തിനായുള്ള ആവശ്യം ഉയരുന്നുണ്ട്. ഇതിലേയ്ക്കായി പൊതുജനങ്ങളുടെ പൂർണ്ണസമ്മതത്തോടെ അവരുടെ ഭൂമി മതിയായ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിന് സർക്കാർ റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതി (14-11-2019-ലെ ജി.ഒ. (ആർ.റ്റി)

483/2018/പി&ഇ.എ നമ്പർ ഉത്തരവ്), കിഫ്ബി Phase II (23-01-2020-ലെ ജി.ഒ (എം.എസ്) 2/2020/വനം വന്യജീവി, 02-08-2021-ലെ ജി.ഒ (എം.എസ്) 12/2021/വനം വന്യജീവി നമ്പർ ഉത്തരവുകൾ) എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. സ്വയംസന്നദ്ധ പുനരധിവാസത്തിനായി കേന്ദ്രസർക്കാരിന്റെ ദേശീയ കടുവ സംരക്ഷണ അതോറിറ്റി വിജ്ഞാപനം ചെയ്തിട്ടുള്ളതും കേരളത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ടും ഗുണഭോക്താക്കൾക്ക് ഏറ്റവും ഗുണകരമായ രീതിയിൽ പരിഷ്കരിച്ച ഈ പദ്ധതിക്ക്, അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. കുടുംബമെന്നാൽ ഒരു വ്യക്തി/അവരുടെ ജീവിത പങ്കാളി, പ്രായപൂർത്തിയാകാത്ത മക്കൾ, പ്രായപൂർത്തിയാകാത്ത സഹോദരങ്ങൾ, മാതാപിതാക്കൾ, ഉപജീവനത്തിനായി വ്യക്തിയെ ആശ്രയിച്ച് ഒപ്പം കഴിയുന്ന മറ്റ് ബന്ധുക്കൾ, ഒരു കുടുംബത്തിലെ തന്നെ താഴെപ്പറയുന്ന അംഗങ്ങളെ (ഇപ്പോൾ ഒന്നിച്ചാണു താമസിക്കുന്നതെങ്കിലും) പുനരധിവാസത്തിന് അർഹരായ പ്രത്യേക കുടുംബമായി കണക്കാക്കുന്നതാണ്.

1. പ്രായപൂർത്തിയായ മകനോ, മകളോ (18 വയസ്സിന് മുകളിൽ), വിവാഹിതരോ അല്ലയോ എന്നത് കണക്കിലെടുക്കാതെ.

2. 18 വയസ്സിനുമുകളിൽ പ്രായമുള്ള സഹോദരനോ സഹോദരിയോ.

3. ശാരീരികമായോ മാനസികമായോ വെല്ലുവിളികൾ നേരിടുന്നവർ (പ്രായം കണക്കിലെടുക്കാതെ)

4. പ്രായപൂർത്തിയാകാത്ത, മാതാപിതാക്കൾ നഷ്ടപ്പെട്ട അനാഥർ.

5. വിധവ അല്ലെങ്കിൽ വിവാഹമോചിത.

രണ്ട് ഹെക്ടർവരെ ഭൂമിയുള്ള ഒരു അർഹതപ്പെട്ട കുടുംബത്തിന് മുഴുവൻ പാക്കേജ് തുകയായ 15 ലക്ഷം രൂപ ലഭ്യമാകും. വനമേഖലയിൽ സ്ഥിരതാമസമില്ലാത്ത കുടുംബമാണെങ്കിൽ, പ്രായപൂർത്തിയായ മകൻ/മകൾ എന്നിങ്ങനെ കണക്കാക്കാതെ നഷ്ടപരിഹാരം ഒരു അർഹതപ്പെട്ട കുടുംബം മാത്രമായി നിജപ്പെടുത്തുന്നതാണ്. രണ്ട് ഹെക്ടറിനുമേൽ വിസ്തൃതിയിലുള്ള ഭൂമിയെങ്കിൽ അധികമായുള്ള ഓരോ രണ്ട് ഹെക്ടറിനെയും ഒരു പാർപ്പിട യൂണിറ്റായി കണക്കാക്കുന്നതാണ്.

(സി) സ്ഥിരതാമസക്കാരല്ലാത്ത ആളുകൾ ഗുണഭോക്തൃ പട്ടികയിൽ വരാനിടയായതിനെ സംബന്ധിച്ച ആക്ഷേപങ്ങളിൽ അന്വേഷണം നടത്തുമോ?

27-11-2021-ലെ 'മലയാള മനോരമ' പത്രത്തിൽ, വനത്തിനുള്ളിലെ സ്ഥിരതാമസക്കാരെ നഷ്ടപരിഹാരം നൽകി ഒഴിപ്പിക്കുന്ന പദ്ധതിയിൽ

തട്ടിപ്പ് നടന്നതായ വാർത്ത വന്നതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ വസ്തുതാവിരുദ്ധമായ മാധ്യമ വാർത്തകൾ ചില ആളുകൾ സ്ഥാപിതതാത്പര്യങ്ങൾക്കായി കെട്ടിച്ചമച്ചതാണെന്ന് കണ്ടെത്തിയിട്ടുള്ളതുമാണ്.

**മലപ്പുറത്തെ വനഭൂമി തിട്ടപ്പെടുത്തൽ**

129(862) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-നുശേഷം മലപ്പുറം ജില്ലയിൽ വനഭൂമി തിട്ടപ്പെടുത്തി ജണ്ടകൾ സ്ഥാപിക്കുന്നതിന് സർക്കാർ തലത്തിൽ ആശയവിനിമയം നടത്തുകയോ നിർദ്ദേശം നൽകുകയോ ഉത്തരവിറക്കുകയോ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച രേഖകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 23-11-2001-ലെ WP(c) No. 202/95-ലെ IA No. 703 ഉത്തരവ്, സിവിൽ അപ്പീൽ നമ്പർ 2116/2000, 30-03-2009-ലെ ഉത്തരവ് എന്നിവ പ്രകാരം വനം കയ്യേറ്റം റെഗുലറൈസ് ചെയ്യുന്നത് വിലക്കിയിട്ടുള്ളത് പാലിക്കപ്പെടേണ്ടതാണെന്ന് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുള്ളതായി പരാമർശിച്ചിട്ടുണ്ട്. ആയതിലേയ്ക്കായി ചീഫ്

സെക്രട്ടറി ചെയർമാനായി സംസ്ഥാന തലത്തിൽ സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി 08-11-2002-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 69/2002/വനം പ്രകാരം രൂപീകരിച്ചിട്ടുണ്ട് പകർപ്പ് അനുബന്ധം - 1+ ആയി ചേർക്കുന്നു. കൂടാതെ 2018-ലെ ബഹുമാനപ്പെട്ട കേരളാ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ഖണ്ഡിക 85-ൽ താഴെപ്പറയുംപ്രകാരം പ്രസ്താവിച്ചിട്ടുണ്ട്. “Government would ensure that there would be no encroachments on forests and that the core areas of forests would be protected as untouched; entire forest boundaries will be demarcated with permanent cairns during the tenure of this Government” ബന്ധപ്പെട്ട പരാമർശത്തിന്റെ പകർപ്പ് ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു (അനുബന്ധം 2+).

(ബി) മലപ്പുറം ജില്ലയിലെ വനഭൂമിയുടെ അതിർത്തി നിശ്ചയിച്ച് ഇറക്കിയിട്ടുള്ള സർക്കാർ ഉത്തരവുകളോ കോടതി ഉത്തരവുകളോ ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ; ഇത്തരത്തിൽ അതിർത്തി നിശ്ചയിച്ചത് ഏത് വർഷമാണെന്ന് വ്യക്തമാക്കാമോ?

മലപ്പുറം ജില്ലയിലെ പഴയ റിസർവ് വനങ്ങളുടെ വിജ്ഞാപനം നടന്നത്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബ്രിട്ടീഷ് കാലഘട്ടത്തിലും നിക്ഷിപ്ത വനഭൂമികളുടെ സർവ്വേ നടത്തി സ്കെച്ച് തയ്യാറാക്കിയിട്ടുള്ളത് 1974 മുതൽ 1976 വരെയുള്ള കാലഘട്ടത്തിലുമാണ്. ആയതിന്റെ പകർപ്പുകൾ ഇതോടൊപ്പം സമർപ്പിക്കുന്നു (അനുബന്ധം - 3+).

(സി) നിലമ്പൂർ നോർത്ത് ഫോറസ്റ്റ് ഡിവിഷനുകീഴിലെ നിലമ്പൂർ റേഞ്ച് കാഞ്ഞിരപ്പുഴ ഫോറസ്റ്റ് സ്റ്റേഷനുകീഴിൽ റവന്യൂ രേഖകളുള്ള സ്വകാര്യ ഭൂമിയിൽ വനം വകുപ്പിന്റെ സർവ്വേ നടത്തുന്നതിന് നിർദ്ദേശം നൽകിയ ഉദ്യോഗസ്ഥൻ ആരെന്ന് വ്യക്തമാക്കുമോ; പ്രസ്തുത നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

നിലമ്പൂർ നോർത്ത് ഫോറസ്റ്റ് ഡിവിഷൻ പരിധിയിലുള്ള സ്വകാര്യ ഭൂമികളിൽ സർവ്വേ നടത്തുന്നതിനുള്ള നിർദ്ദേശം വനം വകുപ്പ് നൽകിയിട്ടില്ല.

(ഡി) കാഞ്ഞിരപ്പുഴ ഫോറസ്റ്റ് സ്റ്റേഷനുകീഴിൽ സ്വകാര്യ വ്യക്തികളുടെ ഭൂമിയും വനം വകുപ്പിന്റെ ഭൂമിയും തിട്ടപ്പെടുത്തുന്നതിന് സംയുക്ത സർവ്വേ നടന്ന വർഷം ഏതെന്ന് വ്യക്തമാക്കാമോ; 1977-നുമുമ്പ് എത്ര സ്വകാര്യ വ്യക്തികളാണ് വനഭൂമിയിൽ താമസിക്കുന്നതായി കണ്ടെത്തിയതെന്ന് വിശദമാക്കാമോ?

ടി മേഖലയിൽ സംയുക്ത സർവ്വേ നടന്നത് 1992-93

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാലഘട്ടത്തിലാണ്. 1977-നുമുമ്പ് 610 വ്യക്തികളാണ് ടി സർവ്വേ പ്രകാരം വനഭൂമിയിൽ താമസിക്കുന്നതായി കണ്ടെത്തിയിട്ടുള്ളത്.

(ഇ) 1977-നുമുമ്പ് റവന്യൂ പട്ടയം ലഭിച്ച വ്യക്തികൾക്ക് വനഭൂമി വിട്ടുനൽകുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; ഇതിനായുള്ള നടപടികൾ ഏത് വകുപ്പിനുകീഴിലാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധനയിൽ 01-01-1977-നുമുമ്പ് വനഭൂമി കൈവശംവച്ചിട്ടുള്ളതായി സ്ഥിരീകരിച്ച വ്യക്തികൾക്ക് ആയത് സാധൂകരിച്ച് പട്ടയം നൽകുന്നതിന് കേന്ദ്രസർക്കാരിന്റെ അനുമതി ആവശ്യമാണ്. ആയതിനായി യൂസർ ഏജൻസിയായ റവന്യൂ വകുപ്പുമുഖേന "PARIVESH" വെബ് പോർട്ടൽ വഴി കേന്ദ്രാനുമതിക്കായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. കേന്ദ്രാനുമതി ലഭിക്കുന്ന മുറയ്ക്ക് മറ്റ് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കോതമംഗലം മണ്ഡലം - വനാവകാശ രേഖ നൽകിയ ഭൂമിയിലെ മരങ്ങൾ മുറിച്ചുമാറ്റാൻ നടപടി**

130(863) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ പന്തപ്ര ആദിവാസി കോളനിയിലെ കുടുംബങ്ങൾക്ക് രണ്ട് ഏക്കർ വനാവകാശ രേഖ നൽകിയെങ്കിലും ഭവനനിർമ്മാണത്തിനുവേണ്ടി 15 സെന്റ് സ്ഥലത്തെ മരങ്ങൾ മാത്രമേ മുറിച്ചുമാറ്റാൻ അനുവാദം നൽകിയിട്ടുള്ളൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവരുടെ പ്രധാന ജീവിതമാർഗ്ഗം കൃഷിയാണെന്നിരിക്കെ, കൃഷി ചെയ്ത് ഉപജീവനം നടത്തുന്നതിനായി ബാക്കി മരങ്ങൾ മുറിച്ച് നീക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

(എ & ബി) ഉണ്ട്. പന്തപ്ര ആദിവാസി കോളനിയിൽ രണ്ട് ഏക്കർ വീതം വനഭൂമി നൽകിയിട്ടുണ്ട്. ഇവിടെ ഭവനനിർമ്മാണം നടത്തുന്ന സ്ഥലത്തും വീടിനും സ്വത്തിനും ഭീഷണിയായി നിൽക്കുന്നതുമായ മരങ്ങൾ മുറിക്കാൻ അനുമതി നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WP(C)-24438/18 & WP(C)-24563/15 എന്നിവയുടെ 06/03/2019-ലെ വിധിന്യായത്തിൽ കൂടുതൽ മരങ്ങൾ മുറിക്കാൻ കേന്ദ്ര

വനം-പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെ അനുമതി ലഭ്യമാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ അംഗീകരിച്ച മലയാറ്റൂർ ഡിവിഷന്റെ വർക്കിംഗ് പ്ലാനിൽ പ്രസ്തുത സ്ഥലത്ത് സ്ഥിതിചെയ്യുന്ന 1978 വർഷത്തിലെ മിക്സഡ് പ്ലാന്റേഷനിലെ തേക്ക് മരങ്ങൾ നിയമാനുസൃതം അടച്ചുമുറിക്ക് പാകമാകുന്ന വർഷത്തിൽ മാത്രമേ മറ്റ് മൃദുമരങ്ങൾ മുറിക്കാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വർക്കിംഗ് പ്ലാനിൽ വേണ്ട ഡീവിയേഷൻ അംഗീകാരം കേന്ദ്ര വനം - പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിൽനിന്നും നേടിയെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ജീവനും സ്വത്തിനും ഭീഷണിയുള്ള മരങ്ങളുണ്ടെങ്കിൽ ആയവ നിയമാനുസൃതം മുറിച്ച് നീക്കം ചെയ്യാനുള്ള നടപടി നിലവിൽ സ്വീകരിച്ചുവരുന്നുണ്ട്.

(സി) പ്രസ്തുത ആദിവാസി കോളനിയിലെ വീടുകൾക്ക് ഭീഷണിയായി നിൽക്കുന്ന നാശകം, വട്ട അടക്കമുള്ള 919 പാഴ്മരങ്ങൾ വെട്ടിമാറ്റുന്നതിനു വേണ്ടി വനം വകുപ്പ് ലിസ്റ്റ് തയ്യാറാക്കിയിട്ട് നാളുകളായെങ്കിലും നാളിതുവരെ പാഴ്മരങ്ങൾ വെട്ടിമാറ്റിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ഡി) ലിസ്റ്റ് തയ്യാറാക്കിയിട്ടും പാഴ്മരങ്ങൾ വെട്ടിമാറ്റാത്തത്

എന്തുകൊണ്ടാണെന്ന കാര്യം വ്യക്തമാക്കാമോ;

(ഇ) ലിസ്റ്റനുസരിച്ചുള്ള പാഴ്മരങ്ങൾ അടിയന്തരമായി മുറിച്ച് മാറ്റുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ഡി & ഇ) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവിന്റെ വെളിച്ചത്തിൽ കേന്ദ്ര വനം - പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിൽനിന്നും വേണ്ട അനുമതി ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പാഴ്മരങ്ങൾ മുറിച്ചു മാറ്റുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**മണ്ണാർക്കാട് മണ്ഡലത്തിലെ വനം വകുപ്പിന്റെ അധീനതയിലുള്ള പ്രദേശങ്ങൾ**

131(864) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് മണ്ഡലത്തിൽ വനം വകുപ്പിന്റെ കൈവശമുള്ള പ്രദേശങ്ങളുടെ വിസ്തൃതി പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കുമോ?

പരാമർശിത പ്രദേശങ്ങളുടെ വിസ്തൃതി പഞ്ചായത്ത് അടിസ്ഥാനത്തിൽ അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) വനാതിർത്തിയോട് ചേർന്നുകിടക്കുന്നതും വന്യജീവി ശല്യമുള്ളതുമായ സ്ഥലങ്ങൾ വനം വകുപ്പ് ഏറ്റെടുക്കുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മണ്ണാർക്കാട് മണ്ഡലത്തിൽ ഇപ്രകാരമുള്ള സ്ഥലങ്ങൾ വനം വകുപ്പ് ഏറ്റെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

ഉണ്ട്. 23-01-2020-ലെ ജി.ഒ (എം.എസ്). 02/2020/വനം-വന്യജീവി നമ്പർ ഉത്തരവുപ്രകാരം കിഫ്ബി Phase II പദ്ധതിയിൽ 3 വനം ഡിവിഷനുകളിലെ 10 സെറ്റിൽമെന്റുകളിലായി 501 ആദിവാസി ഇതര കുടുംബങ്ങളെ വനത്തിനുപുറത്തേയ്ക്ക് മാറ്റിപ്പാർപ്പിക്കുന്നതിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. ടി മൂന്ന് വനം ഡിവിഷനുകളിൽ മണ്ണാർക്കാട് ഡിവിഷനിലെ മേലേക്കാലം സെറ്റിൽമെന്റും ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ മണ്ണാർക്കാട് ഡിവിഷനിലെ മേലേക്കാലം സെറ്റിൽമെന്റിലെ 63 അർഹതപ്പെട്ട കുടുംബങ്ങൾ സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം തങ്ങളുടെ ഭൂമി വനം വകുപ്പിന് വിട്ടുകൊടുക്കാൻ തയ്യാറല്ലെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടി സെറ്റിൽമെന്റിനെ കിഫ്ബി Phase II സ്വയംസന്നദ്ധ പുരനധിവാസ പദ്ധതിയിൽനിന്നും 02-08-2021-ലെ ജി.ഒ(എം.എസ്) 12/2021/വനം വന്യജീവി നമ്പർ ഉത്തരവു പ്രകാരം ഒഴിവാക്കിയിരുന്നു.

**കാഞ്ഞങ്ങാട് വനം വകുപ്പിന്റെ അധീനതയിലുള്ള ഭൂമി**

132(865) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ വനം വകുപ്പിന്റെ അധീനതയിലുള്ള പ്രദേശങ്ങളുടെ വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

പരാമർശിത പ്രദേശങ്ങളുടെ വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിൽപ്പെടുന്ന വനം വകുപ്പിന്റെ കൈവശമുണ്ടായിരുന്ന ഭൂമി ഏതെങ്കിലും സാഹചര്യത്തിൽ വിട്ടുകൊടുക്കേണ്ടിവന്ന സാഹചര്യമുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

പ്രസ്തുത മണ്ഡല പരിധിയിലുള്ള വെള്ളരിക്കുണ്ട് താലൂക്കിലെ പനത്തടി വില്ലേജിലെ റീസർവ്വേ നമ്പർ 273/1A ചിത്താരിമല വി.എഫ്.സി., പടിഞ്ഞാറെ തുമ്പോടി വി.എഫ്.സി. എന്നിവയിലെ 30.373 ഹെക്ടർ ഭൂമി ഭൂരഹിതരായ ആദിവാസികൾക്ക് പതിച്ചുനൽകുന്നതിനായി കേന്ദ്രാനുമതി ലഭിച്ചതുപ്രകാരം നൽകിയിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**സൗജന്യ വൃക്ഷത്തൈ വിതരണം**

133(866) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോഷ്യൽ ഫോറസ്ട്രിയുടെ ഭാഗമായി സംസ്ഥാനത്തെ സംഘടനകൾക്ക് സർക്കാർ സൗജന്യമായി വൃക്ഷത്തൈകൾ വിതരണം ചെയ്തിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ 2 വർഷത്തിനുള്ളിൽ ഏതെല്ലാം സംഘടനകൾക്ക് എത്ര വീതം വൃക്ഷത്തൈകൾ വിതരണം ചെയ്തിട്ടുണ്ടെന്ന കണക്ക് ലഭ്യമാക്കുമോ?

ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) സംസ്ഥാന സർക്കാർ നേരിട്ട് ഏകദേശം എത്ര വൃക്ഷത്തൈകൾ വിതരണം ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

വനം വകുപ്പ് 2020-21-ൽ 57.37 ലക്ഷം വൃക്ഷത്തൈകളും 2021-22-ൽ 43.08 ലക്ഷം വൃക്ഷത്തൈകളും ഉത്പാദിപ്പിച്ച് വിതരണം ചെയ്തിട്ടുണ്ട്.

(സി) ഇത്തരത്തിൽ സംഘടനകൾക്കും സർക്കാർ നേരിട്ടും വൃക്ഷത്തൈകൾ വിതരണം ചെയ്ത ഇനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട്?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2020-21-ൽ 691.92 ലക്ഷം രൂപ, 2021-22-ൽ 669.79 ലക്ഷം രൂപ എന്നിങ്ങനെ ചെലവഴിച്ചിട്ടുണ്ട്.

(ഡി) സോഷ്യൽ ഫോറസ്ട്രിയുടെ ഭാഗമായി വിതരണം ചെയ്യുന്ന വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നുണ്ടോയെന്ന് സർക്കാർ ഏതെങ്കിലും തരത്തിൽ പരിശോധന നടത്തുന്നുണ്ടോ; വ്യക്തമാക്കുമോ?

സോഷ്യൽ ഫോറസ്ട്രി പദ്ധതികൾ പ്രകാരം വിതരണം ചെയ്യുന്ന വൃക്ഷത്തൈകളുടെ സംരക്ഷണവും പരിപാലനവും സ്ഥലത്തിന്റെ ഉടമസ്ഥതയിലുള്ള വ്യക്തികളിലും സ്ഥാപനങ്ങളിലും സംഘടനകളിലുമാണ് നിക്ഷിപ്തമായിരിക്കുന്നത്. വിതരണം ചെയ്ത തൈകളുടെ എണ്ണം, നടീൽ, അതിജീവനം എന്നിവ സംബന്ധിച്ച് പ്രത്യേകം രജിസ്റ്റർ സൂക്ഷിക്കാൻ വനം വകുപ്പ് സോഷ്യൽ ഫോറസ്ട്രി വിഭാഗം നിർദ്ദേശം നല്കികിയിട്ടുള്ളതും ആയത് ടി വിഭാഗം പരിശോധനാവിധേയമാക്കി തുടർനിർദ്ദേശങ്ങൾ നൽകിവരുന്നതുമാണ്.

**സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം**

134(867) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനത്തിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനത്തിനായി 17-12-2021-ലെ സർക്കാർ ഉത്തരവ് (കൈ) നം. 29/2021/വനം പ്രകാരം ഒരു നയരേഖ അംഗീകരിച്ച് ഉത്തരവായിട്ടുള്ളതാണ്. സ്വാഭാവിക വനങ്ങളുടെ പുന:സ്ഥാപനത്തിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

- ആധുനിക സാങ്കേതിക സംവിധാനം ഉപയോഗിച്ച് കാടിന്റെ അതിർത്തി നിർണ്ണയം പൂർത്തീകരിച്ച് ജണ്ടകൾ നിർമ്മിച്ച് സംരക്ഷിക്കുക.

- വനാതിർത്തികൾ ഡിജിറ്റൈസ് ചെയ്യുക. നിലനിൽക്കുന്ന വനങ്ങളുടെ ആരോഗ്യം വീണ്ടെടുക്കുന്നതും സർക്കാർ ഉടമസ്ഥതയിലുള്ള ശോഷിച്ച വനങ്ങളായ അക്കേഷ്യ, വാറ്റിൽ, യൂക്കാലിത്തോട്ടങ്ങൾ തുടങ്ങിയവയും മണ്ണ്-ജലസംരക്ഷണം എന്നിവ ലക്ഷ്യമാക്കി ഘട്ടംഘട്ടമായി സ്വാഭാവിക വനങ്ങളാക്കി മാറ്റുക. വനത്തിന്റെ ആവാസ വ്യവസ്ഥയെ അത്യധികം പ്രതികൂലമായി ബാധിക്കുന്ന സെന്ന, ലന്റാന, മൈക്കേനിയ തുടങ്ങിയ അധിനിവേശ സസ്യങ്ങളെ

യുദ്ധകാലാടിസ്ഥാനത്തിൽ നീക്കംചെയ്യുക.

- തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കാട്ടുതീ പ്രതിരോധം നടപ്പിലാക്കുക.
- ചെറുകിട വനവിഭവങ്ങളുടെ ശാസ്ത്രീയ ശേഖരണവും മൂല്യവർദ്ധനയും ഉറപ്പുവരുത്തുക.
- ജൈവവൈവിദ്ധ്യത്തിന്റെ തുരുത്തുകളായ കാവുകളുടെ സംരക്ഷണം ഉറപ്പുവരുത്തുക.
- പാരിസ്ഥിതിക പ്രാധാന്യമുള്ള സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾ ഉടമസ്ഥരുടെ സമ്മതത്തോടെ അർഹമായ വില നൽകി ഏറ്റെടുക്കുക.
- കേരളത്തിലെ പഞ്ചായത്തുകൾ "കാർബൺ ന്യൂട്രൽ" ആക്കുന്നതിനാവശ്യമായ വൃക്ഷവൽക്കരണം നടപ്പാക്കുക.
- കടൽക്ഷോഭത്തിൽനിന്നും തീരപ്രദേശങ്ങളെ സംരക്ഷിക്കുന്നതിനായി അനുയോജ്യമായ സസ്യങ്ങൾ വച്ചുപിടിപ്പിച്ച് തീരവനം നിർമ്മിക്കുക.
- നദികളുടെയും വനങ്ങളുടെയും റിസർവോയറുകളുടെയും വൃഷ്ടി

പ്രദേശങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിനായി അനുയോജ്യമായ വൃക്ഷത്തൈകൾ പൊതുജന പങ്കാളിത്തത്തോടെ നട്ടുപിടിപ്പിക്കുന്നതാണ്.

- വിദ്യാലയങ്ങളിലും നഗരങ്ങളിലും മറ്റും ചെറുവനങ്ങൾ നട്ടുപിടിപ്പിക്കുക.
- കാർബൺ ആഗിരണം ലക്ഷ്യമാക്കി സ്വകാര്യഭൂമിയിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുക.
- പാരിസ്ഥിതിക സേവനങ്ങളുടെ വിലയിരുത്തലിന് ദീർഘ കാലാടിസ്ഥാനത്തിലുള്ള ഗവേഷണ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
- പാരിസ്ഥിതിക അവബോധം സൃഷ്ടിക്കുന്നതിന് അനുയോജ്യമായ കർമ്മപരിപാടികൾ നടപ്പിലാക്കുക.

**വനപരിപാലന വിവര സമ്പ്രദായവും ഭൗമ വിവര സാങ്കേതിക സംവിധാനവും**

135(868) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2021-22 വർഷത്തിൽ വനപരിപാലന വിവര

സമ്പ്രദായവും ഭൗമ വിവര സാങ്കേതിക സംവിധാനവും നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് ഫോറസ്റ്റ് സ്റ്റേഷനുകളിൽ കമ്പ്യൂട്ടർവൽക്കരണം, വകുപ്പിന്റെ എല്ലാ ഓഫീസുകളും തമ്മിൽ നെറ്റ്‌വർക്ക് കണക്റ്റിവിറ്റി ഏർപ്പെടുത്തൽ, ഇ-ഗവേണൻസ് പദ്ധതികൾ എന്നിവ നടപ്പിലാക്കാനുള്ള ചെലവുകൾ സംബന്ധിച്ച് വിശദീകരിക്കാമോ?

കേരള വനം വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം, ഇ-ഗവേണൻസ് പദ്ധതികളുടെ നടത്തിപ്പ് എന്നിവ വകുപ്പിന്റെ ഐ.ടി വിഭാഗത്തിന്റെ മേൽനോട്ടത്തിലാണ് നടപ്പിലാക്കിവരുന്നത്. മാനേജ്മെന്റ് ആവശ്യങ്ങൾക്കായി നിലവിൽ വനം വകുപ്പ് ഉപയോഗപ്പെടുത്തിവരുന്ന ഡിജിറ്റൽ ഭൂപടങ്ങൾ 1975-80 കാലഘട്ടത്തിലെ ടോപ്പോ ഷീറ്റുകളെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കിയവയാണ്. ഈ വിവരങ്ങൾ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇ-ഗവേണൻസ് നടപ്പിലാക്കുന്നതിനായി നാഷണൽ ഇൻഫോർമാറ്റിക്സ് സെന്ററിന്റെ സഹകരണത്തോടുകൂടി വനം വകുപ്പ് ലഭ്യമാക്കിവരുന്ന സേവനങ്ങൾ ഓൺലൈൻ സംവിധാനത്തിലേയ്ക്ക് മാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2021-22 കാലഘട്ടത്തിൽ ഇ-ഓഫീസ് സംവിധാനം വനം വകുപ്പ്

എല്ലാ സർക്കിൾതല ഓഫീസുകളിലും നടപ്പിലാക്കുകയും ഡിവിഷൻതല ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വനം വകുപ്പിലെ വിവിധ ഓഫീസുകളിലേയും ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സിലെയും ഉപയോഗത്തിലേയ്ക്കായി കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും KSWAN Connectivity ലഭ്യമാക്കുന്നതിലേയ്ക്കുമായി 2021-22 വർഷത്തിൽ 95,84,502/- (തൊണ്ണൂറ്റിയഞ്ച് ലക്ഷത്തി എൺപത്തി നാലായിരത്തി അഞ്ഞൂറ്റി രണ്ട്) രൂപ ചെലവഴിച്ചിട്ടുള്ളതുമാണ്.

(ബി) വനം വകുപ്പിന്റെ വാളയാർ, അരിപ്പ, പി.ടി.പി നഗർ എന്നിവിടങ്ങളിലുള്ള പരിശീലന കേന്ദ്രങ്ങളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

വനം-വന്യജീവി വകുപ്പിൽ സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, അരിപ്പ, പി.ടി.പി നഗർ എന്നിവിടങ്ങളിലെ പരിശീലന കേന്ദ്രങ്ങളിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടി വിവരം ചുവടെ ചേർക്കുന്നു:

പി.ടി.പി നഗർ ട്രെയിനിംഗ് സെന്ററുമായി ബന്ധപ്പെട്ട ട്രെയിനിംഗ് ഹോസ്റ്റലിന്റെ നവീകരണവും പരിശീലനാർത്ഥികൾക്കുവേണ്ട സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കമ്പ്യൂട്ടർലാബ് സജ്ജമാക്കുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, അരിപ്പ കേന്ദ്രമായി International Centre for Forest and Nature Conservation സ്ഥാപിക്കുന്നതിന് 5366.45 ലക്ഷം രൂപയ്ക്ക് ഒരു പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുള്ളതാണ്. സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, അരിപ്പയിൽ നിലവിലെ പരിശീലനാർത്ഥികളുടെ ശാരീരിക-കായികക്ഷമത വർദ്ധിപ്പിക്കുന്നതിലേയ്ക്കായി ഒരു ഇൻഡോർ കോർട്ടിന്റെയും നീന്തൽ കുളത്തിന്റെയും നിർമ്മാണം അന്തിമഘട്ടത്തിലാണ്. കൂടാതെ പരിശീലന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിലേയ്ക്കായി ഹോസ്റ്റൽ റൂമിന്റെയും ടോയ്‌ലറ്റ് ബ്ലോക്കിന്റെയും നവീകരണ പ്രവർത്തനങ്ങളും ഓപ്പൺ എയർ ഓഡിറ്റോറിയത്തിന്റെ നിർമ്മാണവും ഈ സാമ്പത്തിക വർഷം പൂർത്തീകരിക്കുന്നുണ്ട്. ആയതിനോടൊപ്പം 8.58 കോടി രൂപയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ JICA സഹായത്തോടെ നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുള്ളതാണ്. സ്റ്റേറ്റ് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, വാളയാറിൽ ട്രെയിനികളുടെ

കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഒരു ഇൻഡോർ സ്റ്റേഡിയം നിർമ്മിച്ചത് 2021 ഫെബ്രുവരി മാസം മുതൽ പ്രവർത്തനക്ഷമമാണ്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ട്രെയിനികൾക്ക് പരിചയപ്പെടുത്തുന്നതിനായി നൂതന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ JICA Scheme-ലുൾപ്പെടുത്തി സ്ഥാപനത്തിലെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനുള്ള 8.78 കോടിയുടെ പദ്ധതി സമർപ്പിച്ചിട്ടുണ്ട്.

**കാസർഗോഡ് ജില്ലയിൽ ഫോറസ്റ്റ് സ്റ്റേഷൻ**

136(869) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഫോറസ്റ്റ് സ്റ്റേഷൻ നിലവിലില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ജില്ലയിൽ ഫോറസ്റ്റ് സ്റ്റേഷൻ അനുവദിക്കണമെന്ന് നിരവധി തവണ ആവശ്യപ്പെട്ടിട്ടും നാളിതുവരെയായി ഈ വിഷയം പരിഹരിക്കപ്പെടാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) എങ്കിൽ ജില്ലയിൽ എത്രയുംവേഗം ഒരു ഫോറസ്റ്റ് സ്റ്റേഷൻ

അനുവദിക്കുന്നത് പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

കാസർഗോഡ് ജില്ലയിൽ കാസർഗോഡ് വനം ഡിവിഷനുകീഴിൽ കാസർഗോഡ്, കാഞ്ഞങ്ങാട് റെയ്ഞ്ചുകളിലായി പരപ്പ, ബന്തടുക്ക, കല്ലാർ എന്നിവിടങ്ങളിൽ പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ വനം വകുപ്പ് ആസ്ഥാനത്തുനിന്നും ലഭ്യമായിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

**മലപ്പുറം ജില്ലയിലെ വനാതിർത്തിയിലുള്ള കൃഷി ഭൂമിയുടെ ജോയിന്റ് വെരിഫിക്കേഷൻ**

137(870) <u>ശ്രീ. എ. പി. അനിൽകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വിവിധ പ്രദേശങ്ങളിൽ വനാതിർത്തി നിർണ്ണയിക്കുന്നതിന്റെ പേരിൽ കൃഷിഭൂമിയും താമസസ്ഥലവും വനം വകുപ്പ് ഉദ്യോഗസ്ഥർ ഒഴിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല. നിക്ഷിപ്ത വനഭൂമിയുടെ അംഗീകൃത സർവ്വേ സ്കെച്ചുപ്രകാരം വനാതിർത്തി പുനർനിർണ്ണയം നടത്തുമ്പോൾ വനം കയ്യേറ്റമുള്ള പ്രദേശങ്ങളിൽ കയ്യേറ്റം ഒഴിപ്പിക്കൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) പ്രസ്തുത ജില്ലയിലെ ചുങ്കത്തറ, പോത്തുകല്ല് പഞ്ചായത്തുകളിലെ വിവിധ പ്രദേശങ്ങളിൽ 50 വർഷത്തിലേറെയായി കൈവശംവച്ചുവരുന്നതും പട്ടയമുള്ളതും നികുതി അടയ്ക്കുന്നതുമായ ഭൂമി ജണ്ട കെട്ടി ഒഴിപ്പിക്കുവാൻ ശ്രമം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വനാതിർത്തി പുനർനിർണ്ണയം നടത്തിവരുന്നതിന്റെ ഭാഗമായി മലപ്പുറം ജില്ലയിലെ ചുങ്കത്തറ, പോത്തുകല്ല് പഞ്ചായത്ത് പ്രദേശങ്ങളിലെ വനാതിർത്തി നിർണ്ണയിച്ച് ജണ്ടകൾ നിർമ്മിച്ചുവരുന്നുണ്ട്.

(സി) പ്രസ്തുത പ്രദേശങ്ങളിലെ കർഷകരുടെ കൃഷിയിടവും വീടും വനം വകുപ്പിന്റെ തടസ്സങ്ങളില്ലാതെ കർഷകരിൽത്തന്നെ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

സ്വകാര്യ ഭൂമികളും കൃഷിയിടങ്ങളും വീടും കർഷകരിൽത്തന്നെ നിലനിർത്തുന്നതിന് വനം വകുപ്പിന് തടസ്സമൊന്നുംതന്നെയില്ല. പ്രസ്തുത പ്രദേശങ്ങളിൽ വനഭൂമിയുടെ അംഗീകൃത സർവ്വേ സ്കെച്ചുപ്രകാരം സർവ്വെ നടത്തി വനാതിർത്തികളിലാണ് നിയമാനുസൃത ജണ്ടകൾ നിർമ്മിച്ചുവരുന്നത്.

(ഡി) 1989-ലെ സർക്കാർ ഉത്തരവുപ്രകാരം കർഷകരുടെ വീടും കൃഷി

ഭൂമിയും പരിശോധിച്ച് രേഖകൾ കൈമാറാൻ ചുമതലപ്പെടുത്തിയപ്രകാരമുള്ള ജോയിന്റ് വെരിഫിക്കേഷൻ പൂർത്തിയാക്കിയിട്ടുണ്ടോ; ജോയിന്റ് വെരിഫിക്കേഷനിൽ ചുങ്കത്തറ, പോത്തുകല്ല് പഞ്ചായത്തുകളിലെ അർഹതപ്പെട്ട കർഷകരെ ഉൾപ്പെടുത്തിയില്ലെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവരെക്കൂടി ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

1989-ലെ സർക്കാർ ഉത്തരവുപ്രകാരമുള്ള ജോയിന്റ് വെരിഫിക്കേഷൻ മലപ്പുറം ജില്ലയിൽ നടത്തിയിട്ടുള്ളതാണ്. ജോയിന്റ് വെരിഫിക്കേഷനിൽ ചുങ്കത്തറ, പോത്തുകല്ല്, പഞ്ചായത്തുകളിലെ അർഹതപ്പെട്ട കർഷകരെ ഉൾപ്പെടുത്തിയിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രസ്തുത ജോയിന്റ് വെരിഫിക്കേഷനിൽ ഉൾപ്പെടുത്താത്തവരെ നിലവിലുള്ള സർക്കാർ ഉത്തരവുപ്രകാരം ഉൾപ്പെടുത്താൻ നിർവ്വാഹമില്ല.

**കക്കാട് ഇക്കോ ടൂറിസം സെന്റർ വികസനം**

138(871) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുപ്പാടി ഗ്രാമപഞ്ചായത്തിലെ കക്കാട് ഇക്കോ ടൂറിസം

കേന്ദ്രത്തിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) കക്കാട് ഇക്കോ ടൂറിസം സെന്റർ വികസിപ്പിക്കുന്നതിന് നടപടികൾ സ്വകരിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

**ഇക്കോ-ടൂറിസം പദ്ധതി പ്രവർത്തനങ്ങൾ**

139(872) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് മഹാമാരി സംസ്ഥാനത്തെ ഇക്കോ-ടൂറിസം പദ്ധതി പ്രവർത്തനങ്ങളെ സാരമായി ബാധിച്ച സാഹചര്യത്തിൽ തൊഴിൽ നഷ്ടപ്പെട്ട വനാശ്രിതർക്ക് ഇക്കാലയളവിൽ നൽകിയ സഹായ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കോവിഡ് മഹാമാരി സംസ്ഥാനത്ത് ബാധിച്ച കാലയളവിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന വനാശ്രിതർക്ക്, അതത്

വനവികസന ഏജൻസികളുടെ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ പങ്കാളിത്ത അഗ്നിപ്രതിരോധ പ്രവർത്തനങ്ങളിലും മറ്റു വനസംരക്ഷണ പ്രവർത്തനങ്ങളിലും ഉൾപ്പെടുത്തിക്കൊണ്ട് ഉപജീവനത്തിനാവശ്യമായ തൊഴിലുകൾ നൽകുകയും വനസംരക്ഷണ സമിതി/ഇക്കോ-ഡെവലപ്മെന്റ് കമ്മിറ്റികൾ മുഖേന ഭക്ഷ്യക്കിറ്റുകളും കോവിഡ് മഹാമാരിയെ പ്രതിരോധിക്കുന്നതിനാവശ്യമായ മാസ്ക്, സാനിറ്റൈസർ മുതലായവ ലഭ്യമാക്കുകയും ബോധവൽക്കരണ-രോഗനിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കുകയും കൂടാതെ ഓൺലൈൻ പഠനത്തിനാവശ്യമായ സജ്ജീകരണങ്ങൾ ഒരുക്കി നൽകുകയും ചെയ്തിട്ടുണ്ട്.

**സാഹസിക ടൂറിസത്തിനുള്ള സൗകര്യങ്ങൾ**

140(873) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രക്കിംഗ് പോലുള്ള സാഹസിക ടൂറിസത്തിന്റെ ഭാഗമായി കേരളത്തിലെ വനപ്രദേശങ്ങളിലെത്തുന്ന ടൂറിസ്റ്റുകൾക്കായി വനം വകുപ്പ് എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം സാഹസിക ടൂറിസ്റ്റുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി

എന്തൊക്കെ സുരക്ഷാസംവിധാനങ്ങളാണ് വനം വകുപ്പ് നിലവിൽ ഒരുക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

(എ & ബി) വനം വകുപ്പ് സാഹസിക ടൂറിസങ്ങളൊന്നുംതന്നെ നടപ്പിലാക്കുന്നില്ല. എന്നാൽ ഇക്കോ-ടൂറിസം പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള ട്രക്കിംഗിനെത്തുന്ന സന്ദർശകർക്ക് പരിചയസമ്പന്നരായ ഗൈഡുകളുടെ സാന്നിദ്ധ്യത്തിൽ മാർഗ്ഗനിർദ്ദേശങ്ങളോടുകൂടി വനപാതയിലൂടെ സുരക്ഷിതമായ ട്രക്കിംഗ് നടത്തിവരുന്നുണ്ട്. ടി സഞ്ചാരികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ ക്യാമ്പ് ഷെഡുകൾ, കുടിവെള്ള സൗകര്യം, ടോയ്‌ലറ്റ് മുതലായ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ഇക്കോ-ടൂറിസം കേന്ദ്രങ്ങളിലെത്തുന്ന സന്ദർശകർക്ക് നിലവിൽ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) അടുത്തയിടെ പാലക്കാട് കൂർമ്പാച്ചി മലയിൽ ട്രക്കിംഗിനിടെ ഉണ്ടായതുപോലുള്ള അപകടങ്ങൾ നേരിടുന്നതിനായി പരിശീലനം സിദ്ധിച്ച ഉദ്യോഗസ്ഥർ വനം വകുപ്പിൽ നിലവിലുണ്ടോ?

സാഹസിക ടൂറിസം മൂലമുണ്ടാകാവുന്ന അപകടസ്ഥിതിയെ നേരിടുന്നതിനുള്ള വിദഗ്ധപരിശീലനം വനം വകുപ്പ് ഉദ്യോഗസ്ഥർക്ക്

നൽകിയിട്ടില്ല.

(ഡി) എങ്കിൽ ഇത്തരം സന്ദർഭങ്ങൾ നേരിടുന്നതിനും സാഹസിക സഞ്ചാരികൾക്ക് സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും അവർക്കാവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നറിയിക്കാമോ?

വനമേഖലയ്ക്കുള്ളിൽ അപകടം വരുത്തുന്ന സാഹസിക വിനോദങ്ങളൊന്നുംതന്നെ അനുവദിക്കാറില്ല.

**ചാലക്കുടി ഫോറസ്റ്റ് ഡിവിഷനിലെ താൽക്കാലിക ഫോറസ്റ്റ് വാച്ചർമാർക്ക് ശമ്പളം**

141(874) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ഫോറസ്റ്റ് ഡിവിഷനിലെ വെള്ളികുളങ്ങര റേഞ്ചിനു കീഴിലുള്ള താൽക്കാലിക ഫോറസ്റ്റ് വാച്ചർമാർക്ക് നാലുമാസക്കാലമായി ശമ്പളം നൽകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചാലക്കുടി ഫോറസ്റ്റ് ഡിവിഷനിലെ വെള്ളികുളങ്ങര റേഞ്ചിനു കീഴിലുള്ള താൽക്കാലിക ഫോറസ്റ്റ് വാച്ചർമാർക്ക് ഒക്ടോബർ 2021 വരെയുള്ള

വേതനം നൽകിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതക്കുറവുമൂലം നവംബർ മാസത്തെ ശമ്പളം കുറച്ചുപേർക്ക് മാത്രമേ നൽകിയിട്ടുള്ളൂ. 2021 ഡിസംബർ, 2022 ജനുവരി മാസങ്ങളിലെ ശമ്പളവും ഫണ്ടിന്റെ ലഭ്യതക്കുറവുമൂലം നൽകാൻ ബാക്കിയുണ്ട്.

(ബി) ശമ്പളം അതാത് മാസങ്ങളിൽ വിതരണം ചെയ്യുന്നതിന് എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ?

ഫണ്ടിന്റെ അപര്യാപ്തതമൂലം താൽക്കാലിക ഫോറസ്റ്റ് വാച്ചർമാർക്ക് അതാത് മാസങ്ങളിലെ ശമ്പളം കൃത്യമായി നൽകുവാൻ സാധിക്കുന്നില്ല.

(സി) എങ്കിൽ, തടസ്സങ്ങൾ നീക്കി ശമ്പള കുടിശ്ശിക ഉടൻ നൽകുന്നതിനും അതാത് മാസങ്ങളിൽത്തന്നെ ശമ്പളം അനുവദിച്ച് നല്കുന്നതിലേയ്ക്കും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക്, ശമ്പള കുടിശ്ശിക നൽകുന്നതിനും അതാത് മാസങ്ങളിൽത്തന്നെ ശമ്പളം അനുവദിച്ച് നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ജോലി ചെയ്യുന്ന മുഴുവൻ ദിവസങ്ങളിലേയ്ക്കും വേതനം അനുവദിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ജോലി ചെയ്യുന്ന മുഴുവൻ ദിവസങ്ങളിലേയ്ക്കും വേതനം അനുവദിച്ചുനൽകുന്നുണ്ട്.

**ഫോറസ്റ്റ് ഡ്രൈവർ റാങ്ക് ലിസ്റ്റ്**

142(875) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.യുടെ കാറ്റഗറി നമ്പർ 120/2017 പ്രകാരം നിലവിൽ വന്ന ഫോറസ്റ്റ് ഡ്രൈവർ റാങ്ക് ലിസ്റ്റിൽനിന്നും എത്ര പേർക്ക് അഡ്വൈസ് മെമ്മോ നൽകിയെന്ന് വിശദമാക്കാമോ?

68 പേർക്ക് അഡ്വൈസ് മെമ്മോ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കുമെന്ന് വ്യക്തമാക്കാമോ?

നിലവിലുള്ള റാങ്ക് ലിസ്റ്റ് 08/06/2021-ന് നിലവിൽ വന്നു. ടി റാങ്ക് ലിസ്റ്റിന് മൂന്ന് വർഷംവരെയോ ടി തസ്തികയ്ക്കായി മറ്റൊരു റാങ്ക് ലിസ്റ്റ് നിലവിൽ വരുന്നതുവരെയോ, ഏതാണോ ആദ്യം അതുവരെ കാലാവധിയുണ്ട്.

(സി) പ്രസ്തുത റാങ്ക് ലിസ്റ്റിലേയ്ക്കായി നിലവിൽ ഒഴിവുകൾ റിപ്പോർട്ട്

ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

പ്രസ്തുത റാങ്ക് ലിസ്റ്റിലേയ്ക്കായി നിലവിൽ പ്രതീക്ഷിത ഒഴിവുകളുൾപ്പെടെ ആകെ 19 ഒഴിവുകൾ വനം വകുപ്പിൽനിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യുവാൻ കഴിയുന്ന റിട്ടയർമെന്റ് വേക്കൻസി എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ 2022 വർഷത്തെ റിട്ടയർമെന്റ് ഒഴിവുകൾ കണക്കാക്കി ആറ് പ്രതീക്ഷിത ഒഴിവുകൾ വനം വകുപ്പിൽനിന്ന് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഇ) ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ പുതിയ ഡ്രൈവർ തസ്തിക സൃഷ്ടിക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ നിലവിലെ സ്ഥിതി ഫയൽ നമ്പർ സഹിതം വ്യക്തമാക്കാമോ;

(എഫ്) ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ പുതിയ ഡ്രൈവർ തസ്തിക സൃഷ്ടിക്കുന്ന വിഷയം അനുഭാവപൂർവ്വം പരിഗണിക്കുമോ; വിശദമാക്കാമോ?

(ഇ&എഫ്) വനം വകുപ്പിലെ ഡ്രൈവർ തസ്തികകളിൽ താൽക്കാലിക നിയമനം നിർത്തലാക്കി സ്ഥിര നിയമനത്തിനാവശ്യമായ നടപടികൾ

സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സർക്കാരിൽ നിവേദനം ലഭിച്ചിട്ടുണ്ട്. ആയത് എഫ്1/3/2021/വനം ഫയലിൽ പരിശോധനയിലാണ്.

**ഫോറസ്റ്റ് ഡ്രൈവർ റാങ്ക് ലിസ്റ്റ് - നിയമനം**

143(876) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിലേയ്ക്ക് പുതിയതായി 6 റാപ്പിഡ് റെസ്പോൺസ് ടീം എമർജൻസി സർവ്വീസ് വാഹനങ്ങൾ വാങ്ങുന്നതിനായി തീരുമാനിച്ചിട്ടുണ്ടോ?

"Developing RRT (Rapid Response Team) & VET (Veterinary Emergency Team) facility for mitigation of Human-Wildlife conflict in 6 locations in Kerala" എന്ന പ്രോജക്ട് പ്രൊപ്പോസൽ NABARD - RIDF -XXVII-ൽ ഉൾപ്പെടുത്തുന്നതിന് വനം വകുപ്പ് ആസ്ഥാനത്തുനിന്നും സർക്കാരിന് ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രോജക്ട് പ്രൊപ്പോസലിൽ വനം വകുപ്പിലേയ്ക്ക് റാപ്പിഡ് റെസ്പോൺസ് ടീം എമർജൻസി സർവ്വീസിനായി പുതുതായി 5 അനിമൽ റസ്ക്യൂ വാഹനങ്ങൾ വാങ്ങുന്നതിനുള്ള പ്രൊപ്പോസലും ഉൾപ്പെട്ടിട്ടുണ്ട്. ടി പ്രോജക്ട് പ്രൊപ്പോസൽ പരിഗണിക്കുന്നതിനായി സർക്കാർ 22/12/2021-ന്

നബാർഡിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ നിലവിലുള്ള ഫോറസ്റ്റ് ഡ്രൈവർ റാങ്ക് ലിസ്റ്റ് (Cat.No 120/2017)-ൽനിന്നും ഡ്രൈവർ തസ്തികയിലേയ്ക്ക് ഉദ്യോഗാർത്ഥികളെ പരിഗണിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

വനം വകുപ്പിലെ അനുവദനീയ ഡ്രൈവർ തസ്തികയിൽ ഒഴിവ് വരുന്ന മുറയ്ക്കുമാത്രമേ ഡ്രൈവർമാരെ പി.എസ്.സി മുഖേന നിയമിക്കാൻ സാധിക്കുകയുള്ളൂ. കൂടാതെ, നബാർഡിന് സമർപ്പിച്ചിരിക്കുന്ന പ്രൊപ്പോസലിന്മേൽ തീരുമാനമാകുന്ന മുറയ്ക്കുമാത്രമേ ആ കാര്യത്തിൽ ഒരു തീരുമാനമെടുക്കുവാൻ സാധിക്കുകയുള്ളൂ.

**വനം വകുപ്പ് ഉദ്യോഗസ്ഥരുടെ സസ്പെൻഷൻ**

144(877) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിമതിയുമായി ബന്ധപ്പെട്ട് 2016-2021 വരെ എത്ര വനം വകുപ്പ് ഉദ്യോഗസ്ഥരെയാണ് സസ്പെൻഡ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

അഴിമതിയുമായി ബന്ധപ്പെട്ട് 2016-2021 വരെ 46 വനം വകുപ്പ് ഉദ്യോഗസ്ഥരെയാണ് സസ്പെന്റ് ചെയ്തിട്ടുള്ളത്.

(ബി) ഇതിൽ എത്ര ഉദ്യോഗസ്ഥരുടെ സസ്പെൻഷൻ പിൻവലിച്ച് തിരികെയെടുത്തു എന്ന് വ്യക്തമാക്കാമോ?

40 ഉദ്യോഗസ്ഥരുടെ സസ്പെൻഷൻ പിൻവലിച്ച് തിരികെയെടുത്തു.

(സി) അഴിമതിയുമായി ബന്ധപ്പെട്ട് 2021 മുതൽ നാളിതുവരെ എത്ര വനം വകുപ്പ് ഉദ്യോഗസ്ഥരെയാണ് സസ്പെൻഡ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

അഴിമതിയുമായി ബന്ധപ്പെട്ട് 2021 മുതൽ നാളിതുവരെ 13 വനം വകുപ്പ് ഉദ്യോഗസ്ഥരെയാണ് സസ്പെൻഡ് ചെയ്തിട്ടുള്ളത്.

(ഡി) ഇതിൽ എത്ര ഉദ്യോഗസ്ഥരുടെ സസ്പെൻഷൻ പിൻവലിച്ച് തിരികെയെടുത്തു എന്ന് വ്യക്തമാക്കാമോ ?

ഏഴ് ഉദ്യോഗസ്ഥരുടെ സസ്പെൻഷൻ പിൻവലിച്ച് തിരികെയെടുത്തു.

**വനം വകുപ്പിലെ കരാർ ജീവനക്കാർ**

145(878) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ നിലവിൽ എത്ര താത്കാലിക/കരാർ ജീവനക്കാരുണ്ടെന്ന വിവരം ലഭ്യമാക്കാമോ;

(ബി) ഇതിൽ എത്രപേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിക്കപ്പെട്ടവരാണെന്ന് അറിയിക്കാമോ?

(എ & ബി) 3809 പേരെ ദിവസവേതനാടിസ്ഥാനത്തിൽ നിലവിൽ താത്ക്കാലികമായി നിയോഗിച്ചിട്ടുണ്ട്. കൂടാതെ, വനം വകുപ്പിൽ സർക്കാർ അനുവദനീയ തസ്തികയിൽ രണ്ടുപേരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താത്ക്കാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെയുള്ള നിയമനങ്ങൾ മറ്റ് ഏതൊക്കെ രീതിയിലാണ് നിയമിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ആന്റി പോച്ചിംഗ്, ഫയർ പ്രൊട്ടക്ഷൻ തുടങ്ങിയ വനസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി പരിചയസമ്പന്നരായ തദ്ദേശീയരായ ആദിവാസി വിഭാഗത്തിൽപ്പെട്ടവരുൾപ്പെടെയുള്ളവരെ ഫണ്ടിന്റെ ലഭ്യതയും ആവശ്യകതയും അനുസരിച്ച് ദിവസവേതനാടിസ്ഥാനത്തിലാണ് നിയോഗിച്ചിട്ടുള്ളത്.

**വനം വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ നടപടി**

146(879) <u>ശ്രീ. ടി. ജെ. വിനോദ്</u>: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റവന്യൂ വകുപ്പിന്റെ ഉത്തരവിന്റെ മറവിൽ പട്ടയഭൂമിയിൽനിന്നും മരങ്ങൾ മുറിച്ചു കടത്തിയ സംഭവത്തിൽ ഈ സർക്കാരിന്റെ കാലത്ത് എത്ര വനം വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ സസ്പെൻഷൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും പ്രസ്തുത ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ?

റവന്യൂ വകുപ്പിന്റെ ഉത്തരവിന്റെ മറവിൽ പട്ടയഭൂമിയിൽനിന്നും മരങ്ങൾ മുറിച്ചുകടത്തിയ സംഭവത്തിൽ ഈ സർക്കാരിന്റെ കാലത്ത് ചുവടെ ചേർക്കുന്ന 4 വനം വകുപ്പ് ഉദ്യോഗസ്ഥരെ സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്.

1. ശ്രീ.ജോജി ജോൺ, റേഞ്ച് ഫോറസ്റ്റ് ഓഫീസർ

2. ശ്രീ.വിനേഷ് വി. എസ്., സെക്ഷൻ ഫോറസ്റ്റ് ഓഫീസർ

3. ശ്രീ. ബി. പി. രാജു, സെക്ഷൻ ഫോറസ്റ്റ് ഓഫീസർ

4. ശ്രീ. ശ്രീജിത്ത് ഇ. പി, ബീറ്റ് ഫോറസ്റ്റ് ഓഫീസർ.

**നെയ്യാർ വന്യജീവി സങ്കേതത്തിലെ ജീവനക്കാർ**

147(880) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ നെയ്യാർ വന്യജീവി

സങ്കേതത്തിൽ വനം വകുപ്പിനുകീഴിൽ ഇരുപത് വർഷത്തിലധികമായി താൽക്കാലികാടിസ്ഥാനത്തിൽ ജോലി നോക്കിവരുന്ന എത്ര ജീവനക്കാരുണ്ട്; തസ്തിക തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

15/02/2022 വരെ, 6 പേർ വാച്ചർ തസ്തികയിൽ ജോലി നോക്കി വരുന്നുണ്ട്.

(ബി) ഇത്തരത്തിൽ ജോലി നോക്കിയിരുന്ന എത്ര ജീവനക്കാരെ ഇതിനോടകം സ്ഥിരപ്പെടുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

14/05/2015-ലെ സ.ഉ.(കൈ) നം. 29/2015/വനം ഉത്തരവിന്റെ അടിസ്ഥാനത്തിൽ 13 ജീവനക്കാരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്.

(സി) വനം വകുപ്പിനുകീഴിൽ ഇരുപത് വർഷത്തിലധികമായി താത്ക്കാലികാടിസ്ഥാനത്തിൽ ജോലി നോക്കിവരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

വനം വകുപ്പിനുകീഴിൽ 20 വർഷത്തിലധികം തുടർച്ചയായി താൽക്കാലികാടിസ്ഥാനത്തിൽ ജോലി നോക്കിയിരുന്ന 269 ജീവനക്കാരെ 14/05/2015-ലെ സ.ഉ.(കൈ) നം. 29/2015/വനം, 28/12/2015-ലെ സ.ഉ.

(കൈ) നം. 110/2015/വനം, 03/11/2019-ലെ സ.ഉ. (കൈ) നം. 31/2019/വനം ഉത്തരവുകൾ പ്രകാരം സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് സ്ഥിരപ്പെടുത്തിയിട്ടുണ്ട്. Writ Appeal No. 2084/2018-മേലുള്ള ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 22/02/2021-ലെ ഉത്തരവിൽ, ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ Appeal (Civil) 3595-3612 of 1999 (സെക്രട്ടറി, സ്റ്റേറ്റ് ഓഫ് കർണ്ണാടക V/s ഉമാദേവി) നമ്പർ കേസ്സിലെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സർക്കാർ വകുപ്പിൽ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ബഹു. സുപ്രീംകോടതിയുടെ ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പിനുകീഴിൽ 20 വർഷത്തിലധികമായി താൽക്കാലികാടിസ്ഥാനത്തിൽ ജോലി നോക്കിവരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ കഴിയില്ലെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**വനം വകുപ്പ് വാങ്ങിച്ച വാഹനങ്ങൾ**

148(881) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ നിലവിൽ എത്ര വാഹനങ്ങളുണ്ടെന്ന വിവരം

നൽകാമോ?

VEELS പ്രകാരം 644 വാഹനങ്ങളാണ് വനം വകുപ്പിൽ നിലവിലുള്ളത്.

(ബി) 2016 മുതൽ 2021 മെയ് വരെ വനം വകുപ്പിൽ എത്ര വാഹനങ്ങളാണ് വാങ്ങിയതെന്ന് വ്യക്തമാക്കാമോ?

149 വാഹനങ്ങൾ.

(സി) 2021 ജൂൺ മുതൽ നാളിതുവരെ വകുപ്പിൽ എത്ര വാഹനങ്ങൾ വാങ്ങിയെന്നതിന്റെ വിവരം നൽകാമോ?

2021 ജൂൺ മുതൽ നാളിതുവരെ വാഹനങ്ങൾ വാങ്ങിയിട്ടില്ല.

**സർക്കാർ ഭൂമിയിലെ മരങ്ങളുടെ വില നിർണ്ണയം**

149(882) <u>ശ്രീ. കെ. പി. മോഹനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വികസന പ്രവർത്തനങ്ങൾക്കായി സർക്കാർ ഭൂമിയിലെ വൃക്ഷങ്ങൾ മുറിക്കേണ്ടിവരുമ്പോൾ വനം വകുപ്പ് നിർണ്ണയിക്കുന്ന വില അമിതമാകുന്നതുകാരണം വൃക്ഷങ്ങൾ ലേലത്തിൽ പോകാതെ പദ്ധതികൾക്ക് കാലതാമസം നേരിടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് വനം വകുപ്പും പദ്ധതിയുടെ നിർവ്വഹണ വകുപ്പും ചേർന്ന്

എസ്റ്റിമേറ്റിലുൾപ്പെടുത്തി മരം മുറിച്ച് ലേലം ചെയ്യുന്ന കാര്യം പരിശോധിക്കുമോ?

ഉണ്ട്. സർക്കാർതലത്തിൽ വിഷയം പരിശോധിച്ചുവരുന്നു.

(ബി) പാഴ്മരങ്ങൾക്ക് വിപണി വിലയേക്കാൾ അധികവില നിശ്ചയിക്കുന്നത് പുനഃപരിശോധിക്കുവാനും മുറിച്ചുമാറ്റാനുള്ള കൂലി, തടസ്സങ്ങൾ നീക്കുവാനുള്ള ചെലവ് എന്നിവകൂടി ഉൾപ്പെടുത്തി വില നിർണ്ണയം പ്രായോഗികമാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

വനം വകുപ്പ് നിൽപ്പ് മരങ്ങളുടെ അളവ് കണക്കാക്കുന്നതിന് എൻ.ആർ.നായർ വോളിയം ടേബിൾ വഴി അളവ് കണ്ടെത്തി, 2015-ലെ സർക്കാർ അംഗീകരിച്ച സീനിയറേജ് നിരക്കുപ്രകാരമാണ് മരങ്ങളുടെ വില നിർണ്ണയിച്ചുനൽകുന്നത്.

(സി) കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ ഉരുവച്ചാൽ കുന്ന് -സെൻട്രൽ പൊയിലൂർ റോഡ്, തുരുത്തിമുക്ക് പാലം എന്നിവിടങ്ങളിലെ മരങ്ങളുടെ വില നിർണ്ണയം പ്രായോഗികവും ജനസൗഹൃദവുമായി നടത്താൻ നടപടി സ്വീകരിക്കുമോ?

കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലെ തുരുത്തിമുക്ക് പാലം നിർമ്മിക്കുന്നതിന്റെ ഭാഗമായി മരങ്ങൾ മുറിച്ചുമാറ്റുന്നതിന് അനുമതിക്കായി ലഭിച്ച അപേക്ഷയിന്മേൽ ജില്ലാതല ട്രീകമ്മിറ്റിയുടെ തീരുമാന പ്രകാരം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ (സോഷ്യൽ ഫോറസ്ട്രി)കണ്ണൂർ 55 മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള അനുമതിയും വിലനിർണ്ണയവും നടത്തി ഉത്തരവായിട്ടുണ്ട്.

**ഫോറസ്റ്റ് ഡയറക്ടറേറ്റിലെ അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ്**

150(883) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഫോറസ്റ്റ് ഡയറക്ടറേറ്റിൽ അക്കൗണ്ടന്റ് ജനറൽ അവസാനമായി നടത്തിയ ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; പ്രസ്തുത റിപ്പോർട്ടിൽ എന്തെങ്കിലും ഗുരുതരമായ കണ്ടെത്തലുകൾ ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സിൽ അക്കൗണ്ടന്റ് ജനറൽ അവസാനമായി നടത്തിയ ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു. പ്രസ്തുത റിപ്പോർട്ടിൽ ഗുരുതരമായ കണ്ടെത്തലുകൾ ഉണ്ടായിട്ടില്ല.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഫോറസ്റ്റ് ഡയറക്ടറേറ്റിലെ ഓഡിറ്റ്

151(884) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ധനകാര്യ പരിശോധനാ വിഭാഗം ഫോറസ്റ്റ് ഡയറക്ടറേറ്റിൽ അവസാനമായി നടത്തിയ ഓഡിറ്റ് സംബന്ധിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഈ റിപ്പോർട്ടിൽ ഗുരുതരമായ എന്തെങ്കിലും കണ്ടെത്തലുകളുണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ധനകാര്യ പരിശോധനാ (എൻ.റ്റി-ഇ) വിഭാഗം 14/02/2020, 13/02/2021 തീയതികളിൽ ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സിൽ നടത്തിയ പരിശോധനയുടെ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു. അക്കൗണ്ടന്റ് ജനറലിന്റെ ഇലക്ട്രോണിക് പേ സ്ലിപ്പ് സ്പാർക്ക് സോഫ്റ്റ് വെയറിൽ ലഭ്യമാകാതെ വനം വകുപ്പിലെ ചില ഗസറ്റഡ് ഉദ്യോഗസ്ഥർ ശമ്പളം ക്രമവിരുദ്ധമായി മാറിയതായി ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പിന്റെ ആഭ്യന്തര ആഡിറ്റ് വിഭാഗം വകുപ്പിനുകീഴിലുള്ള എല്ലാ ഓഫീസുകളിലും പരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കുന്നതിനും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് താക്കീതു

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നൽകി ഇത്തരം വീഴ്ചകൾ ആവർത്തിക്കില്ലെന്ന് ഉറപ്പുവരുത്തുന്നതിനും റിപ്പോർട്ടിലൂടെ നിർദ്ദേശിച്ചിരുന്നു.

**വനം വകുപ്പിലെ തീർപ്പുകല്പിക്കാത്ത ഫയലുകൾ**

152(885) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വനം വകുപ്പിൽ നിലവിൽ തീർപ്പുകൽപ്പിക്കാതെ എത്ര ഫയലുകളുണ്ടെന്ന വിവരം ലഭ്യമാക്കാമോ?

വനം വകുപ്പിൽ നിലവിൽ തീർപ്പുകൽപ്പിക്കാനുള്ള ഫയലുകൾ തീർപ്പാക്കുന്നതിനായി 2019-ൽ തീവ്ര ഫയൽ തീർപ്പാക്കൽ അദാലത്ത് നടത്തിയിരുന്നു. 08/2019-ൽ ഫയൽ അദാലത്ത് ആരംഭിക്കുന്നതിനുമുമ്പ് വനം വകുപ്പിൽ ആകെ 281134 ഫയലുകളാണുണ്ടായിരുന്നത്. തുടർന്ന് 08/2019, 09/2019, 10/2019 എന്നീ മൂന്ന് മാസങ്ങളിൽ നടത്തിയ ഫയൽ അദാലത്തിലൂടെ 101082 ഫയലുകൾ തീർപ്പാക്കുന്നതിന് സാധിച്ചു. ബാക്കി 180052 ഫയലുകൾ മാത്രമേ അവശേഷിച്ചിരുന്നുള്ളൂ. 2020-ൽ കോവിഡ് മഹാമാരി പടർന്നുപിടിച്ചതുമൂലം ആ വർഷം ഫയൽ അദാലത്ത് നടത്തിയിരുന്നില്ല. 2021-ൽ സർക്കാർ നിർദ്ദേശത്തെത്തുടർന്ന് ഫയൽ

അദാലത്ത് പുനരാരംഭിക്കുകയും അതുപ്രകാരമുള്ള നടപടികൾ പുരോഗമിച്ചുവരികയുമാണ്.

**വനമേഖലയിലെ അനധികൃത പ്രവേശനം**

153(886) ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴയിലെ മലയിടുക്കിൽ ഒരു യുവാവ് കുടുങ്ങിയതിന്റെ പശ്ചാത്തലത്തിൽ വനത്തിനുള്ളിൽ അനധികൃതമായി പ്രവേശിക്കുന്നത് തടയുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

വനത്തിനുള്ളിൽ അനധികൃതമായി പ്രവേശിക്കുന്നത് തടയുന്നതിനായി സംരക്ഷണ വിഭാഗം ജീവനക്കാർ നിതാന്ത ജാഗ്രത പുലർത്തിവരുന്നുണ്ട്. ഇതിനായി പട്രോളിംഗ്, അതിർത്തി പരിശോധന എന്നിവ നടത്തുകയും വനത്തിനകത്ത് അതിക്രമിച്ച് കയറുന്നതിനെതിരെ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുകയും ജനങ്ങൾക്കിടയിൽ അപകടങ്ങൾ സംബന്ധിച്ച ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തുകയും

ചെയ്തുവരുന്നുണ്ട്. വനത്തിനുള്ളിൽ അനധികൃതമായി പ്രവേശിക്കുന്നത് തടയുന്നതിനായി ഇപ്രകാരം നിയമലംഘനം നടത്തുന്നവർക്കെതിരെ കേരളാ വന നിയമം 1961 section 27(1)(e)(IV) പ്രകാരം നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വനമേഖലകളിലെ കൂടുതൽ പ്രദേശങ്ങൾ ട്രക്കിംഗ് നടത്തുന്നതിനായി നീക്കിവയ്ക്കുന്നത് പരിഗണനയിലുണ്ടോ?

നിലവിൽ പരിഗണനയിലില്ല.

(സി) മലമ്പുഴയിലെ മലയിടുക്കിൽ കുടുങ്ങിയ യുവാവിനെ രക്ഷിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; രക്ഷാപ്രവർത്തനം വൈകിയെന്ന ആരോപണത്തിന്റെ വസ്തുത വിശദമാക്കുമോ?

മലമ്പുഴയിൽ യുവാവ് മലയിടുക്കിൽ കുടുങ്ങിയ വിവരം ലഭ്യമായ സമയത്തുതന്നെ വനം വകുപ്പ് ടി സ്ഥലത്ത് എത്തിച്ചേരുകയും രാത്രി സമയമായതിനാൽ രക്ഷാപ്രവർത്തനം വനം വകുപ്പിന് മാത്രമായി നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ ടി യുവാവിനെ പുറത്തെത്തിക്കുന്നതിനായി പോലീസ്, ഫയർഫോഴ്സ്, മിലിട്ടറി ഫോഴ്സിനെ

സംഭവസ്ഥലത്തെത്തിക്കുന്നതിന് വനം വകുപ്പിലെ ജീവനക്കാരും ടി മലയെ സംബന്ധിച്ച് പരിചിതരായ വാച്ചർമാരും മുഴുവൻ സമയവും പ്രവർത്തിച്ചിട്ടുണ്ട്. രക്ഷാപ്രവർത്തനങ്ങളിലേർപ്പെട്ടിരുന്ന മറ്റു വകുപ്പുകളിലെ ജീവനക്കാർക്കാവശ്യമായ ഭക്ഷണവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തുകയും മലയിടുക്കിൽ കുടുങ്ങിയ യുവാവിന്റെ അടുത്തേയ്ക്ക് വന്യമൃഗങ്ങൾ പ്രവേശിക്കാതിരിക്കാനുള്ള നടപടികളും സ്വീകരിച്ചിരുന്നു. യുവാവ് കുടുങ്ങിക്കിടന്ന മലയിടുക്ക് വളരെ ചെങ്കുത്തായതും രക്ഷാപ്രവർത്തകർക്ക് എത്തിപ്പെടാൻ കഴിയാത്തതുമാണ്. കൂടാതെ ഇത്തരം രക്ഷാപ്രവർത്തനങ്ങളുടെ ആവശ്യം മുമ്പ് ഉണ്ടായിട്ടില്ലാത്തതുമാണ്. ആയതിനാൽ യുവാവിനെ രക്ഷിക്കാൻ വൈകി എന്ന ആരോപണം വസ്തുതാവിരുദ്ധമാണ്.

(ഡി) വനപാലകരുടെ എണ്ണത്തിലുള്ള കുറവ് പരിഹരിക്കുന്നതിനായി സേനയുടെ അംഗബലം വർദ്ധിപ്പിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ?

വനപാലകരുടെ എണ്ണത്തിലുള്ള കുറവ് പരിഹരിച്ച് സേനയുടെ അംഗബലം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ സസ്പെൻഷൻ

154(887) ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ ബേബി ഡാമിന് സമീപമുള്ള 15 മരങ്ങൾ മുറിക്കാൻ അനുമതി നൽകിയതിനെത്തുടർന്ന് സസ്പെൻഷനിലായ സംസ്ഥാന ചീഫ് വൈൽഡ് ലൈഫ് വാർഡൻ ശ്രീ. ബെന്നിച്ചൻ തോമസിനെ സർവ്വീസിൽ തിരിച്ചെടുത്തിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ;

(ബി) ചീഫ് സെക്രട്ടറി സംസ്ഥാന ചീഫ് വൈൽഡ് ലൈഫ് വാർഡന് നൽകിയ ഷോകോസ് നോട്ടീസിന് മറുപടി ലഭിക്കുന്നതിനുമുമ്പ് സസ്പെൻഷൻ പിൻവലിക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ?

(എ & ബി) ഉണ്ട്. ശ്രീ. ബെന്നിച്ചൻ തോമസ് ഐ.എഫ്.എസ്.-ന്റെ സസ്പെൻഷൻ പുന:പരിശോധിക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള സസ്പെൻഷൻ റിവ്യൂ കമ്മിറ്റി 08.12.2021-ൽ യോഗം ചേരുകയും മുല്ലപ്പെരിയാർ ബേബി ഡാമിന് സമീപമുള്ള പതിനഞ്ച് മരങ്ങൾ

മുറിക്കാൻ അനുമതി നൽകിയ ഉത്തരവ് സർക്കാർ റദ്ദാക്കിയതിനാലും ഇതുമൂലം പ്രസ്തുത സ്ഥലത്ത് മരം മുറി നടന്നില്ലെന്നതും വിലയിരുത്തി അച്ചടക്ക നടപടിയിൽ അന്തിമതീർപ്പിന് വിധേയമായി പ്രസ്തുത ഉദ്യോഗസ്ഥന്റെ സസ്പെൻഷൻ പിൻവലിച്ച് സർവ്വീസിൽ തിരിച്ചെടുക്കാൻ ശിപാർശ നൽകുകയും ചെയ്തു. ഇക്കാര്യം പരിശോധിച്ച് ശ്രീ. ബെന്നിച്ചൻ തോമസ് ഐ.എഫ്.എസ്.-ന്റെ സസ്പെൻഷൻ പിൻവലിച്ച് സർവ്വീസിൽ തിരിച്ചെടുക്കുകയും ചെയ്തു.

(സി) സെക്രട്ടറിതല നിർദ്ദേശം ലഭിച്ചതിനെത്തുടർന്നായിരുന്നു മരം മുറിക്കാൻ അനുമതി നൽകിയതെന്ന ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ വിശദീകരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രീ. ബെന്നിച്ചൻ തോമസ് ഐ.എഫ്.എസ്. സമർപ്പിച്ച പ്രതിവാദ പത്രിക സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) ചീഫ് വൈൽഡ് ലൈഫ് വാർഡനെ സസ്പെൻഡ് ചെയ്ത് താമസിയാതെതന്നെ തിരിച്ചെടുക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ?

ശ്രീ. ബെന്നിച്ചൻ തോമസ് ഐ.എഫ്.എസ്-ന്റെ സസ്പെൻഷൻ പുന:പരിശോധിക്കുന്നതിനായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള

സസ്പെൻഷൻ റിവ്യൂ കമ്മിറ്റി 08.12.2021-ൽ യോഗം ചേരുകയും മുല്ലപ്പെരിയാർ ബേബി ഡാമിന് സമീപമുള്ള പതിനഞ്ച് മരങ്ങൾ മുറിക്കാൻ അനുമതി നൽകിയ ഉത്തരവ് സർക്കാർ റദ്ദാക്കിയതിനാലും ഇതുമൂലം പ്രസ്തുത സ്ഥലത്ത് മരം മുറി നടന്നില്ലെന്നതും വിലയിരുത്തി അച്ചടക്ക നടപടിയിൽ അന്തിമതീർപ്പിന് വിധേയമായി പ്രസ്തുത ഉദ്യോഗസ്ഥന്റെ സസ്പെൻഷൻ പിൻവലിച്ച് സർവ്വീസിൽ തിരിച്ചെടുക്കാൻ ശിപാർശ നൽകുകയും ചെയ്തു. ഇക്കാര്യം പരിശോധിച്ച് ശ്രീ. ബെന്നിച്ചൻ തോമസ് ഐ.എഫ്.എസ്-ന്റെ സസ്പെൻഷൻ പിൻവലിച്ച് സർവ്വീസിൽ തിരിച്ചെടുക്കുകയും ചെയ്തു.

**വന പുനഃസ്ഥാപന നയം**

155(888) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതി ദുരന്ത സാധ്യതാപ്രദേശങ്ങളും വന്യജീവി വഴിത്താരകളും ഏറ്റെടുത്ത് സ്വാഭാവിക വനമാക്കി മാറ്റുവാനുള്ള വന പുനഃസ്ഥാപന നയരേഖയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ടോ?

സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനത്തിനായി 17.12.2021-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് (കൈ) നം. 29/2021/വനം നയരേഖ സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത നയരേഖയിലെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത നയരേഖയിലെ പ്രധാന നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:

(a) ആധുനിക സാങ്കേതിക സംവിധാനം ഉപയോഗിച്ച് കാടിന്റെ അതിർത്തി നിർണ്ണയം പൂർത്തീകരിച്ച് ജണ്ടകൾ നിർമ്മിച്ച് സംരക്ഷിക്കുക; വനാതിർത്തികൾ ഡിജിറ്റൈസ് ചെയ്യുക.

(b) നിലനിൽക്കുന്ന വനങ്ങളുടെ ആരോഗ്യം വീണ്ടെടുക്കുന്നതും സർക്കാർ ഉടമസ്ഥതയിലുള്ള ശോഷിച്ച വനങ്ങളായ അക്കേഷ്യ, വാറ്റിൽ, യൂക്കാലി തോട്ടങ്ങൾ എന്നിവ മണ്ണ്-ജലസംരക്ഷണം ലക്ഷ്യമാക്കി ഘട്ടംഘട്ടമായി സ്വാഭാവിക വനങ്ങളാക്കി മാറ്റുകയും ചെയ്യുക.

(c) വനത്തിന്റെ ആവാസ വ്യവസ്ഥയെ അത്യധികം പ്രതികൂലമായി ബാധിക്കുന്ന സെന്ന, ലന്റാന, മൈക്കേനിയ തുടങ്ങിയ അധിനിവേശ സസ്യങ്ങളെ യുദ്ധകാലാടിസ്ഥാനത്തിൽ നീക്കംചെയ്യുക.

(d) തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി കാട്ടുതീ പ്രതിരോധം നടപ്പിലാക്കുക.

(e) ചെറുകിട വനവിഭവങ്ങളുടെ ശാസ്ത്രീയ ശേഖരണവും മൂല്യവർദ്ധനവും ഉറപ്പുവരുത്തുക.

(f) ജൈവവൈവിദ്ധ്യത്തിന്റെ തുരുത്തുകളായ കാവുകളുടെ സംരക്ഷണം ഉറപ്പുവരുത്തുക.

(g) പാരിസ്ഥിതിക പ്രാധാന്യമുള്ള സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽ കാടുകൾ ഉടമസ്ഥരുടെ സമ്മതത്തോടെ അർഹമായ വില നൽകി ഏറ്റെടുക്കുക.

(h) കേരളത്തിലെ പഞ്ചായത്തുകൾ "കാർബൺ ന്യൂട്രൽ" ആക്കുന്നതിനായി ആവശ്യമായ വൃക്ഷവൽക്കരണം നടപ്പാക്കുക.

(i) കടൽക്ഷോഭത്തിൽനിന്നും തീരപ്രദേശങ്ങളെ സംരക്ഷിക്കുന്നതിനായി അനുയോജ്യമായ സസ്യങ്ങൾ വച്ചുപിടിപ്പിച്ച് തീരവനം നിർമ്മിക്കുക.

(j) നദികളുടെയും വനങ്ങളുടെയും റിസർവോയറുകളുടെയും വൃഷ്ടിപ്രദേശങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിനായി അനുയോജ്യമായ

വൃക്ഷത്തൈകൾ പൊതുജന പങ്കാളിത്തത്തോടെ നട്ടുപിടിപ്പിക്കുക.

(k) വിദ്യാലയങ്ങളിലും നഗരങ്ങളിലും മറ്റും ചെറുവനങ്ങൾ നട്ടുപിടിപ്പിക്കുക.

(l) കാർബൺ ആഗീകരണം ലക്ഷ്യമാക്കി സ്വകാര്യഭൂമിയിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നത് പ്രോത്സാഹിപ്പിക്കുക.

(m) പാരിസ്ഥിതിക സേവനങ്ങളുടെ വിലയിരുത്തലിന് ദീർഘകാലാടിസ്ഥാനത്തിലുള്ള ഗവേഷണ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.

(n) പാരിസ്ഥിതിക അവബോധം സൃഷ്ടിക്കുന്നതിന് അനുയോജ്യമായ കർമ്മപരിപാടികൾ നടപ്പിലാക്കുക.

(സി) വന പുനഃസ്ഥാപന പ്രവർത്തനങ്ങളുടെ ഭാഗമായി ഭൂമി ഏറ്റെടുക്കുന്നവർക്ക് നഷ്ടപരിഹാരം നൽകാൻ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്ര രൂപവരെയാണ് നഷ്ടപരിഹാരം അനുവദിക്കുന്നതെന്നും അവ നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്നും വിശദമാക്കാമോ?

വനത്തിന്റെ പാരിസ്ഥിതിക സേവനം കണക്കിലെടുത്തും വന്യജീവി

സംരക്ഷണം ഉറപ്പാക്കുന്നതിനും മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുമായി വനത്താൽ ചുറ്റപ്പെട്ടതോ വനത്തോടുചേർന്ന് കിടക്കുന്നതോ ആയ പ്രദേശങ്ങളിലെ സ്വകാര്യ സ്ഥലങ്ങൾ/എസ്റ്റേറ്റുകൾ തുടങ്ങിയവയുടെ ഉടമസ്ഥരുടെ സമ്മതത്തോടുകൂടി അർഹമായ നഷ്ടപരിഹാരം നൽകി ഏറ്റെടുത്ത് പുനഃസ്ഥാപനം നടത്തുന്നതിനുള്ള നടപടികൾ ടി നയരേഖ വിഭാവനം ചെയ്യുന്നു. കൂടാതെ പാരിസ്ഥിതിക പ്രാധാന്യമുള്ള സ്വകാര്യ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾ ഉടമസ്ഥരുടെ സമ്മതത്തോടെ അർഹമായ വില നൽകി ഏറ്റെടുക്കുന്നതും ടി നയരേഖ വിഭാവനം ചെയ്യുന്നു. ഇത് ഒരു നയരേഖ ആയതിനാൽ കൃത്യമായി എത്ര തുകയാണ് നഷ്ടപരിഹാരം അനുവദിക്കുന്നതെന്നോ അവ നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡമോ ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയത് ടി നയം നടപ്പിലാക്കുന്ന മുറയ്ക്ക് നിലവിലെ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായി പരിശോധിക്കാവുന്നതാണ്.

**പട്ടയ ഭൂമിയിലെ മരംമുറി**

156(889) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വയനാട്ടിലെ പട്ടയഭൂമിയിലെ മരംമുറി കേസുകളുമായി ബന്ധപ്പെട്ട് കേസെടുത്ത ഉദ്യോഗസ്ഥർക്കെതിരെ വാസ്തവവിരുദ്ധമായ റിപ്പോർട്ടുകൾ നൽകി മരം കൊള്ളക്കാരെ സഹായിക്കുന്നതിനും അന്വേഷണം വഴിതിരിച്ച് വിടുന്നതിനും വനം വകുപ്പിലെ ചില ഉദ്യോഗസ്ഥർ ശ്രമം നടത്തിയെന്ന ആരോപണം സംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇത് എന്നാണ് ലഭിച്ചതെന്നും സ്വീകരിച്ച നടപടി എന്താണെന്നും വിശദമാക്കുമോ?

ഉണ്ട്. ആയത് സർക്കാർ തലത്തിൽ പരിശോധിച്ചുവരികയാണ്. കൂടാതെ മരം മുറിയുമായി ബന്ധപ്പെട്ട എല്ലാ വിഷയങ്ങളിലും സമഗ്രമായ അന്വേഷണം സർക്കാർ നിയോഗിച്ച സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം നടത്തിവരുന്നുണ്ട്.

**വനത്തിനുള്ളിലെ ആദിവാസികളല്ലാത്തവരുടെ പുനരധിവാസം**

157(890) <u>ശ്രീ. എൻ. ഷംസുദ്ദീൻ:</u>
<u>ശ്രീ. നജീബ് കാന്തപുരം:</u>
<u>ശ്രീ. യു. എ. ലത്തീഫ്:</u>
<u>ശ്രീ. കുറുക്കോളി മൊയ്തീൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനത്തിനുള്ളിൽ ദീർഘകാലമായി താമസിക്കുന്ന ആദിവാസികളല്ലാത്ത വിഭാഗങ്ങളെ നഷ്ടപരിഹാരം നൽകി വനത്തിനു പുറത്ത് പുനരധിവസിപ്പിക്കുന്നതിനുള്ള കേന്ദ്രസർക്കാർ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ടോ?

നടപ്പിലാക്കി വരുന്നുണ്ട്. വന്യജീവി സംഘർഷം രൂക്ഷമായി അനുഭവപ്പെടുന്ന വയനാട് വന്യജീവി സങ്കേതത്തിനുള്ളിലെ സെറ്റിൽമെന്റുകളിൽ അധിവസിക്കുന്ന കുടുംബങ്ങളെ വനത്തിനുപുറത്തേയ്ക്ക് മാറ്റി താമസിപ്പിക്കുന്നതിനുള്ള കേന്ദ്ര സഹായത്തോടുകൂടിയുള്ള പദ്ധതിയാണ് വയനാട് സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി. 2012-ലാണ് വയനാട്ടിലെ വന്യജീവി സങ്കേതത്തിൽ സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി ആരംഭിച്ചത്. വന്യജീവി സങ്കേതത്തിലെ 14 സെറ്റിൽമെന്റുകളിൽനിന്നും യോഗ്യരായ 800 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിലേയ്ക്കായി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം 80 കോടി രൂപയുടെ പദ്ധതി അംഗീകരിച്ചിട്ടുണ്ട്. യോഗ്യതയുള്ള ഓരോ കുടുംബത്തിനും 10 ലക്ഷം രൂപ വീതം സാമ്പത്തിക സഹായം നൽകിയാണ് 2011-2012 മുതൽ പുനരധിവസിപ്പിച്ചത്. ഈ സെറ്റിൽമെന്റുകളിൽ ആദിവാസികളല്ലാത്തവരും ആദിവാസികളുമുണ്ട്. ആദിവാസികൾ

അല്ലാത്തവർക്ക് മാത്രമായി പ്രത്യേക പദ്ധതി നടപ്പിലാക്കിയിട്ടില്ല. വയനാട് വന്യജീവി സങ്കേതത്തിലുള്ള 8 സെറ്റിൽമെന്റുകളിൽനിന്ന് പൂർണ്ണമായും 2 സെറ്റിൽമെന്റുകളിൽനിന്ന് ഭാഗികമായും ആളുകളെ വനത്തിനകത്തുനിന്നും പുറത്തുകൊണ്ടുവന്നിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 382 കുടുംബങ്ങളെ ഇതിനകം മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത പദ്ധതി റീ ബിൽഡ് കേരളയിൽ ഉൾപ്പെടുത്തിയാണോ നടപ്പാക്കുന്നതെന്ന് വിശദമാക്കാമോ?

അല്ല. കേരളത്തിലെ വനങ്ങളിൽ ധാരാളം മനുഷ്യവാസ കേന്ദ്രങ്ങൾ നിലവിലുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം, തുടർച്ചയായി സംഭവിക്കുന്ന പ്രകൃതി ദുരന്തങ്ങൾ, വികസന പ്രവർത്തനങ്ങളുടെ അപര്യാപ്തത തുടങ്ങിയ വിവിധ കാരണങ്ങൾ മുൻനിർത്തി വനത്തിനുള്ളിലെ ഇത്തരം മനുഷ്യവാസ മേഖലകളിൽനിന്നും പുനരധിവാസത്തിനായുള്ള ആവശ്യം ഉയരുന്നുണ്ട്. ഇതിലേയ്ക്കായി പൊതുജനങ്ങളുടെ പൂർണ്ണസമ്മതത്തോടെ അവരുടെ ഭൂമി മതിയായ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിന് സർക്കാർ റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതി (14.11.2019-ലെ ജി.ഒ. (ആർ.റ്റി) 483/2018/പി&ഇ.എ നമ്പർ ഉത്തരവ്), കിഫ്ബി Phase II (23.01.2020-ലെ ജി.ഒ (എം.എസ്) 2/2020/വനം വന്യജീവി, 02.08.2021-ലെ ജി.ഒ

(എം.എസ്) 12/2021/വനം വന്യജീവി നമ്പർ ഉത്തരവുകൾ) എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഈ സ്വയം സന്നദ്ധമാകുന്ന പദ്ധതിയിൽ അംഗമാകുന്ന കുടുംബങ്ങൾക്ക് മതിയായ നഷ്ടപരിഹാരം നൽകി റീബിൽഡ് കേരള ഡവലപ്മെന്റ് പദ്ധതിക്കുകീഴിൽ 4 വനം ഡിവിഷനുകളിലെ 22 സെറ്റിൽമെന്റുകളിലായി 677 ആദിവാസി ഇതര കുടുംബങ്ങളെയും കിഫ്ബി പദ്ധതിയിൽ 3 വനം ഡിവിഷനുകളിലെ 10 സെറ്റിൽമെന്റുകളിലായി 501 ആദിവാസി ഇതര കുടുംബങ്ങളേയും വനത്തിന് പുറത്തേയ്ക്ക് മാറ്റി പാർപ്പിക്കുന്നതാണ് ഇതിലൂടെ ലക്ഷ്യമാക്കുന്നത്.

(സി) പ്രസ്തുത പദ്ധതിയിൽ അഴിമതികളുണ്ടെന്ന ആക്ഷേപം സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

27/11/2021-ലെ മലയാള മനോരമ പത്രത്തിൽ പ്രസ്തുത പദ്ധതിയിൽ അഴിമതിയുണ്ടെന്ന് വാർത്ത വന്നതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തുകയും അന്വേഷണ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ വസ്തുതാവിരുദ്ധമായ മാധ്യമ വാർത്തകൾ ചില ആളുകൾ സ്ഥാപിതതാത്പര്യങ്ങൾക്കായി കെട്ടിച്ചമച്ചതാണെന്ന് കണ്ടെത്തിയിട്ടുള്ളതുമാണ്.

**കാസർഗോഡ് ജില്ലയിലെ വനഭൂമിയോട് ചേർന്നുള്ള കൃഷിഭൂമി ഏറ്റെടുക്കൽ**

158(891) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനഭൂമിയോട് ചേർന്നുള്ള കൃഷിഭൂമി നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്ന പദ്ധതി നിലവിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

കേരളത്തിലെ വനങ്ങളിൽ ധാരാളം മനുഷ്യവാസ കേന്ദ്രങ്ങൾ നിലവിലുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം, തുടർച്ചയായി സംഭവിക്കുന്ന പ്രകൃതി ദുരന്തങ്ങൾ, വികസന പ്രവർത്തനങ്ങളുടെ അപര്യാപ്തത തുടങ്ങിയ വിവിധ കാരണങ്ങൾ മുൻനിർത്തി വനത്തിനുള്ളിലെ ഇത്തരം മനുഷ്യവാസ മേഖലകളിൽനിന്നും പുനരധിവാസത്തിനായുള്ള ആവശ്യം ഉയരുന്നുണ്ട്. ഇതിലേയ്ക്കായി പൊതുജനങ്ങളുടെ പൂർണ്ണസമ്മതത്തോടെ അവരുടെ ഭൂമി മതിയായ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിന് സർക്കാർ റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതി (14.11.2019-ലെ ജി.ഒ. (ആർ.റ്റി) 483/2018/പി&ഇ.എ നമ്പർ ഉത്തരവ്), കിഫ്ബി Phase II (23.01.2020-ലെ ജി.ഒ (എം.എസ്) 2/2020/വനം വന്യജീവി, 02.08.2021-ലെ ജി.ഒ (എം.എസ്) 12/2021/വനം വന്യജീവി നമ്പർ ഉത്തരവുകൾ) എന്നീ

പദ്ധതികൾ നടപ്പിലാക്കിവരുന്നു. റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഒരു പ്രധാന പദ്ധതിയാണ് സ്വകാര്യ സെറ്റിൽമെന്റുകളുടെ പുനരധിവാസം. സ്വയം സന്നദ്ധമാകുന്ന ഒരു അർഹമായ കുടുംബത്തിന് മതിയായ നഷ്ടപരിഹാരം നൽകി റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതിക്കുകീഴിൽ 4 വനം ഡിവിഷനുകളിലെ 22 സെറ്റിൽമെന്റുകളിലായി 677 ആദിവാസി ഇതര കുടുംബങ്ങളുടെയും കിഫ്ബി Phase II പദ്ധതിയിൽ 3 വനം ഡിവിഷനുകളിലെ 10 സെറ്റിൽമെന്റുകളിലായി 501 ആദിവാസി ഇതര കുടുംബങ്ങളെയും വനത്തിന് പുറത്തേയ്ക്കുമാറ്റി പാർപ്പിക്കുന്നതാണ് പദ്ധതിയിലൂടെ ലക്ഷ്യമാക്കുന്നത്. സ്വയംസന്നദ്ധ പുനരധിവാസത്തിനായി കേന്ദ്രസർക്കാരിന്റെ ദേശീയ കടുവ സംരക്ഷണ അതോറിറ്റി വിജ്ഞാപനം ചെയ്തിട്ടുള്ളതും കേരളത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ടും ഗുണഭോക്താക്കൾക്ക് ഏറ്റവും ഗുണകരമായ രീതിയിൽ പരിഷ്കരിച്ച ഈ പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. കുടുംബമെന്നാൽ ഒരു വ്യക്തി/അവരുടെ ജീവിത പങ്കാളി, പ്രായപൂർത്തിയാകാത്ത മക്കൾ, പ്രായപൂർത്തിയാകാത്ത സഹോദരങ്ങൾ, മാതാപിതാക്കൾ, ഉപജീവനത്തിനായി വ്യക്തിയെ ആശ്രയിച്ച് ഒപ്പം കഴിയുന്ന മറ്റ് ബന്ധുക്കൾ എന്നിവരാണ്. ഒരു കുടുംബത്തിലെതന്നെ

താഴെപ്പറയുന്ന അംഗങ്ങളെ (ഇപ്പോൾ ഒന്നിച്ചാണ് താമസിക്കുന്നതെങ്കിലും) പുനരധിവാസത്തിന് 'അർഹരായ പ്രത്യേക കുടുംബമായി' കണക്കാക്കുന്നതാണ്.

1. പ്രായപൂർത്തിയായ മകനോ, മകളോ (18 വയസ്സിന് മുകളിൽ), വിവാഹിതരോ അല്ലയോ എന്നത് കണക്കിലെടുക്കാതെ.

2. 18 വയസ്സിന് മുകളിൽ പ്രായമുള്ള സഹോദരനോ സഹോദരിയോ.

3. ശാരീരികമായോ മാനസികമായോ വെല്ലുവിളികൾ നേരിടുന്നവർ (പ്രായം കണക്കിലെടുക്കാതെ)

4. പ്രായപൂർത്തിയാകാത്ത, മാതാപിതാക്കൾ നഷ്ടപ്പെട്ട അനാഥർ.

5. വിധവ അല്ലെങ്കിൽ വിവാഹമോചിത.

രണ്ട് ഹെക്ടർ വരെ ഭൂമിയുള്ള ഒരു അർഹതപ്പെട്ട കുടുംബത്തിന് മുഴുവൻ പാക്കേജ് തുകയായ 15 ലക്ഷം രൂപ ലഭ്യമാകും. വനമേഖലയിൽ സ്ഥിരതാമസമില്ലാത്ത കുടുംബമാണെങ്കിൽ, പ്രായപൂർത്തിയായ മകൻ/മകൾ എന്നിങ്ങനെ കണക്കാക്കാതെ നഷ്ടപരിഹാരം ഒരു അർഹതപ്പെട്ട കുടുംബം മാത്രമായി നിജപ്പെടുത്തുന്നതാണ്. രണ്ട് ഹെക്ടറിനുമേൽ വിസ്തൃതിയിലുള്ള ഭൂമിയെങ്കിൽ അധികമായുള്ള ഓരോ രണ്ട് ഹെക്ടറിനെയും ഒരു പാർപ്പിട

യൂണിറ്റായി കണക്കാക്കുന്നതാണ്.

(ബി) കാസർഗോഡ് ജില്ലയിൽ എത്ര ഏക്കർ ഭൂമിയാണ് ഇത്തരത്തിൽ ഏറ്റെടുക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

റീ ബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതിയുടെ അംഗീകരിച്ച DPR പ്രകാരം നിലവിൽ കാസർഗോഡ് വനം ഡിവിഷനിൽ ഏറ്റെടുക്കുന്ന ഭൂമിയുടെ വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(സി) ഏറ്റെടുക്കുന്ന ഭൂമിക്കുള്ള നഷ്ടപരിഹാരത്തുക യഥാസമയം കർഷകർക്ക് നൽകാനുള്ള നടപടി സ്വീകരിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉണ്ട്. കാസർഗോഡ് വനം ഡിവിഷനിലെ ഒറ്റമല, അട്ടൂർ - മുച്ചംതുള്ളി സെറ്റിൽമെന്റിലെ 11 അർഹതപ്പെട്ട കുടുംബങ്ങൾക്ക് ഏഴര ലക്ഷം രൂപ വീതം ആകെ 82.5 ലക്ഷം രൂപ ആദ്യഗഡുവായി 28/01/22-ലെ E&TW5-492/2021 ഉത്തരവുപ്രകാരം നൽകിയിട്ടുണ്ട്.

**വന്യമൃഗ ആക്രമണങ്ങൾക്ക് ഇരയാകുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് നൽകിവരുന്ന ഇൻഷ്വറൻസ് പരിരക്ഷ**

159(892) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാന വനം വകുപ്പ് വന്യമൃഗ ആക്രമണങ്ങൾക്ക് ഇരയാകുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് നൽകിവരുന്ന ഇൻഷ്വറൻസ് പരിരക്ഷ മുടങ്ങാനുള്ള കാരണങ്ങൾ വിശദമാക്കാമോ;

(ബി) പോളിസി കാലാവധി അവസാനിച്ച് മൂന്ന് മാസങ്ങൾക്കുശേഷവും പോളിസി പുതുക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ?

(എ & ബി) സംസ്ഥാനത്ത് വന്യമൃഗ ആക്രമണങ്ങൾക്ക് ഇരയാകുന്ന പട്ടികവർഗ്ഗവിഭാഗക്കാർക്കുള്ള ഇൻഷ്വറൻസ് പദ്ധതിയുടെ കാലാവധി 25.09.2021 വരെയായിരുന്നു. ആയത് പുതുക്കി നൽകുന്നതിനുള്ള പ്രൊപ്പോസൽ ചർച്ച ചെയ്യുന്നതിന് 20.01.2022-ന് വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഒരു യോഗം ചേർന്നിട്ടുള്ളതും തുടർനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

(സി) ഇതിലൂടെ എത്ര പേർക്കാണ് ആനുകൂല്യങ്ങൾ നഷ്ടമാകുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

വനത്തിനുള്ളിലും വനാതിർത്തികളിലും താമസിക്കുന്ന പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗക്കാർക്കും വനാതിർത്തിയോട് ചേർന്ന് താമസിക്കുന്ന മറ്റു വിഭാഗത്തിൽപ്പെട്ട വനാശ്രിതരും ഉൾപ്പെടെയുള്ള 18750 പേർക്കുള്ള അപകട

ഇൻഷ്വറൻസ് പരിരക്ഷയുടെ പ്രൊപ്പോസലാണ് യുണൈറ്റഡ് ഇൻഷ്വറൻസ് കമ്പനി വനം വകുപ്പിന് സമർപ്പിച്ചിട്ടുള്ളത്.

(ഡി) കഴിഞ്ഞ അഞ്ച് വർഷക്കാലയളവിനുള്ളിൽ പ്രസ്തുത പദ്ധതിയിലൂടെ എത്രപേർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

കഴിഞ്ഞ അഞ്ച് വർഷക്കാലയളവിനുള്ളിൽ പ്രസ്തുത പദ്ധതിയിലൂടെ നഷ്ടപരിഹാരം നൽകിയതിന്റെ വിവരം അനുബന്ധമായി+ ചേർക്കുന്നു.

**വനമേഖലയിലെ അനധികൃത ട്രക്കിംഗ്**

160(893) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനമേഖലയിൽ ട്രക്കിംഗിന് നിലവിൽ വനം വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളും ആയത് ലംഘിക്കുന്നവർക്കെതിരെ സ്വീകരിച്ചുവരുന്ന നടപടികളും എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

വനത്തെയും വന്യജീവികളെയും ആയവ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയേയുംകുറിച്ച് സന്ദർശകർക്ക് അവബോധം നൽകുകയെന്നതാണ് ഇക്കോ-ടൂറിസം പദ്ധതികളുടെ ലക്ഷ്യം. ഇതിന്റെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭാഗമായി ട്രക്കിംഗുകൾ നടത്തിവരുന്നുണ്ട്. ആയത് വനം വകുപ്പിന്റെ കർശന നിരീക്ഷണത്തിലാണ് നടത്തിവരുന്നത്. വനത്തിനോ വന്യജീവികൾക്കോ നാശം സംഭവിക്കാതെയും അവയുടെ സ്വാഭാവിക ആവാസവ്യവസ്ഥയ്ക്ക് കോട്ടം തട്ടാതെയുമാണ് ട്രക്കിംഗുകൾ അനുവദിക്കുന്നത്. ട്രക്കിംഗിൽ പങ്കെടുക്കുന്നവർക്കൊപ്പം വനം വകുപ്പിന്റെ പരിചയസമ്പന്നരായ ഗൈഡുകൾ അനുഗമിക്കാറുണ്ട്. ഇവരുടെ മാർഗ്ഗനിർദ്ദേശങ്ങളും സുരക്ഷാ മുന്നറിയിപ്പുകളും അനുസരിച്ച് മാത്രമേ ട്രക്കിംഗ് നടത്തുവാൻ അനുവദിക്കുകയുള്ളൂ. ഇത്തരത്തിൽ നൽകുന്ന നിർദ്ദേശങ്ങളും മുന്നറിയിപ്പുകളും ലംഘിക്കുന്നവർക്കെതിരെ 1961-ലെ കേരളാ വനനിയമം സെക്ഷൻ 27 (1) (ഇ) iv പ്രകാരം നടപടി സ്വീകരിക്കുന്നതാണ്.

(ബി) ട്രക്കിംഗ് യുവാക്കൾക്ക് ഹരമാണെങ്കിലും അപകടങ്ങൾ നിറഞ്ഞതായതിനാൽ വകുപ്പ് പലപ്പോഴും അനുമതി നൽകാതിരിക്കുന്നതും എന്നാൽ യുവാക്കൾ അനുമതിയില്ലാതെ വനം വകുപ്പിനെ കബളിപ്പിച്ച് മല കയറുന്നത് പതിവാണെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

വനം വകുപ്പിന്റെ അനുമതിയില്ലാത്ത പ്രദേശങ്ങളിൽ പ്രവേശിക്കുന്നതിനോ ട്രക്കിംഗ് നടത്തുന്നതിനോ അനുവാദം നൽകുന്നില്ല.

ചില പ്രദേശങ്ങളിൽ യുവാക്കൾ സാഹസികതയുടെ പേരിൽ അനധികൃതമായി പ്രവേശിക്കുന്ന ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് അവരെ പിന്തിരിപ്പിക്കാൻ ശ്രമിക്കുകയും ആവശ്യമായ ഘട്ടങ്ങളിൽ നിലവിലെ നിയമപ്രകാരം കേസ് എടുക്കാറുമുണ്ട്. പാലക്കാട്, ഈസ്റ്റേൺ സർക്കിളിന്റെ പരിധിയിൽ ഇത്തരത്തിൽ രണ്ട് സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുകയും ഒരു കേസിൽ കുറ്റക്കാരെ കണ്ടെത്തി നടപടി സ്വീകരിക്കുകയും ഒരു കേസിൽ അന്വേഷണം നടത്തിവരികയും ചെയ്യുന്നു.

(സി) പ്രസ്തുത സാഹചര്യത്തിൽ വനമേഖലയിൽ ട്രക്കിംഗ് ഉൾപ്പെടെ വിവിധ യാത്രകൾ പൂർണ്ണമായും വകുപ്പിന്റെ നിയന്ത്രണത്തിലാക്കാനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ?

വനമേഖലകളിലെ ട്രക്കിംഗുകളെല്ലാം ഇക്കോ-ടൂറിസം പ്രവർത്തനങ്ങളുടെ ഭാഗമായി വനം വകുപ്പിന്റെ പൂർണ്ണ നിയന്ത്രണത്തിലാണ് നടത്തിവരുന്നത്.

(ഡി) ഇത്തരത്തിൽ അനധികൃത ട്രക്കിംഗിന് പോയവർക്കുണ്ടായ അപകടങ്ങളും അവർ വഴി വനമേഖലയ്ക്കുണ്ടായ പ്രശ്നങ്ങളും മുഖേന നിലവിലെ

സർക്കാരിനുണ്ടായ ചെലവുകളും നാശനഷ്ടങ്ങളും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

2022 വർഷത്തിൽ മലമ്പുഴയിലുണ്ടായ അപകടത്തിൽ രക്ഷാപ്രവർത്തനത്തിലേർപ്പെട്ടവർക്ക് ആവശ്യമായ ഭക്ഷണവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഏർപ്പെടുത്തിയതിന് വനം വകുപ്പിന് 15,000/- രൂപയോളം ചെലവ് വന്നിട്ടുണ്ട്. ടി രക്ഷാപ്രവർത്തനത്തിന് മറ്റു വകുപ്പുകൾക്ക് ചെലവായ തുക ക്രോഡീകരിക്കാത്തതിനാൽ നിലവിൽ ലഭ്യമല്ല. ടി വനമേഖലയ്ക്ക് നാശനഷ്ടമൊന്നുമുണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

**വനാന്തരങ്ങളിലെ അനധികൃത വൈഡൂര്യഖനനം**

161(894) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>:
<u>ശ്രീ. പി. ഉബൈദുള്ള</u>:
<u>ശ്രീ. നജീബ് കാന്തപുരം</u>:
<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനാന്തരങ്ങളിൽ അനധികൃത വൈഡൂര്യഖനനം നടക്കുന്നതായ സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇതിൽ പ്രതികളായവരെ കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്; കൊല്ലം സതേൺ സർക്കിൾ അധികാരപരിധിയിൽ പാലോട് റേഞ്ചിൽ വരുന്ന മണച്ചാല എന്ന വനാന്തരപ്രദേശത്ത് അനധികൃത വൈഡൂര്യഖനനം നടത്തുന്നതിനായി ശ്രമിച്ചത് കണ്ടെത്തിയതിനെത്തുടർന്ന് 2014 വർഷത്തിൽ ഒ.ആർ. 14/2014 നമ്പരായും 2021-ൽ ഒ.ആർ. 29/2021 നമ്പരായും രണ്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഒ.ആർ. 14/2014-ാം നമ്പർ കേസ്സിലെ മുഴുവൻ പ്രതികളെയും കണ്ടെത്തിയിട്ടുള്ളതും ആയത് സി.സി. 39/2015 നമ്പരായി ബഹുമാനപ്പെട്ട ജുഡീഷ്യൽ ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് കോടതി, നെടുമങ്ങാട് മുമ്പാകെ വിചാരണയിലുമാണ്. 2021-ലെ ഒ.ആർ. 29/2021 നമ്പർ കേസിലെ പ്രതികളെ കണ്ടെത്തുന്നതിനും അന്വേഷണം പൂർത്തിയാക്കി ബഹുമാനപ്പെട്ട കോടതിയിൽ എത്രയുംവേഗം ചാർജ്ജ് ചെയ്യുന്നതിനുള്ള തുടർനടപടി സ്വീകരിക്കുവാനും തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് കർശനനിർദ്ദേശം നൽകിയിട്ടുണ്ട്. വന്യജീവി വിഭാഗത്തിൽ അഗസ്ത്യവനം ബയോളജിക്കൽ പാർക്ക് സർക്കിളിന്റെ പരിധിയിലുള്ള വന്യജീവി സങ്കേതത്തിൽ വൈഢൂര്യഖനനം നടത്തിയതുമായി ബന്ധപ്പെട്ട് മൂന്ന് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസുകളിലെ പ്രതികളെയെല്ലാം കണ്ടെത്തി നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്. 9 പേർ പ്രതികളായ 01/2000 കേസ് പുനലൂർ കോടതി

കുറ്റവിമുക്തരാക്കി തീർപ്പാക്കിയിട്ടുണ്ട്. 6 പേർ പ്രതികളായ 05/2000 കേസ് ബഹു‌മാനപ്പെട്ട നെടുമങ്ങാട് വനം കോടതി മുമ്പാകെ വിചാരണയിലാണ്. ഒരാൾ പ്രതിയായ 07/2005 കേസ് വകുപ്പുതലത്തിൽ തീർപ്പാക്കിയിട്ടുണ്ട്.

(ബി) ഖനനം തടയുന്നതിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പാലോട് റേഞ്ചിൽ വരുന്ന മണച്ചാലയിലെ 2021-ലെ ഒ.ആർ. 29/2021 നമ്പർ കേസിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയ ഉദ്യോഗസ്ഥരെ അച്ചടക്കനടപടിയുടെ ഭാഗമായി സ്ഥലം മാറ്റിയിട്ടുണ്ട്. റേഞ്ച് ഫോറസ്റ്റ് ഓഫീസർക്കെതിരെ കർശന അച്ചടക്കനടപടി സ്വീകരിക്കുന്നതിന് ശിപാർശ നൽകിയിട്ടുണ്ട്. ടി കുറ്റകൃത്യം നടന്ന സെക്ഷന്റെ ചുമതലയുള്ള സെക്ഷൻ ഫോറസ്റ്റ് ഓഫീസറെ സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്തിട്ടുണ്ട്. മറ്റുള്ള ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിച്ചുവരുന്നു.

**വനം വകുപ്പ് മുഖേന മരം ലേലത്തിലെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ**

162(895) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പുമുഖേന മരം ലേലത്തിലെടുക്കുന്നതിനുള്ള

നടപടിക്രമങ്ങൾ വിശദമാക്കാമോ?

വനം വകുപ്പുമുഖേന മരം ലേലത്തിലെടുക്കുന്നതിനുള്ള നടപടിക്രമങ്ങളെ സംബന്ധിച്ച വിജ്ഞാപനം 16.09.2014-ലെ കേരള ഗസറ്റ് വാല്യം 3 നമ്പർ 36-ലും 04.11.2014-ലെ കേരള ഗസറ്റ് വാല്യം 3 നമ്പർ 43-ലും 25.08.2015-ലെ കേരള ഗസറ്റ് വാല്യം 4 നമ്പർ 34-ലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി നോട്ടിഫിക്കേഷനുകളിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് ലേലനടപടികൾ നടന്നുവരുന്നത്. ടി കേരള ഗസറ്റുകളുടെ പകർപ്പുകൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

(ബി) ലേലത്തിലെടുത്ത മരങ്ങൾക്ക് അടയ്ക്കേണ്ട അവസാന ഗഡു തുക അടയ്ക്കാൻ സാധിക്കാതെ വരുന്നപക്ഷം ലേലം റദ്ദ് ചെയ്ത് അടച്ച തുക തിരികെ നൽകണമെന്ന് മരം ലേലം വിളിച്ചെടുത്തയാൾ അപേക്ഷ നൽകിയാൽ ആയത് പരിഗണിക്കാൻ വ്യവസ്ഥയുണ്ടോ?

ഇല്ല.

(സി) മരം ലേലം വിളിച്ചെടുത്തയാൾ പണമടയ്ക്കുന്നതിൽ വീഴ്ച വരുത്തിയാൽ കക്ഷിക്ക് നോട്ടീസ് നൽകാതെ പുനർലേലം ചെയ്യാൻ വകുപ്പുണ്ടോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) കക്ഷിക്ക് നോട്ടീസ് നൽകി വിവരമറിയിക്കാതെ പുനർലേലം നടത്തിയ കേസിൽ ആദ്യം അടച്ച തുക തിരിച്ചുനൽകാൻ നടപടി സ്വീകരിക്കുമോ?

(സി & ഡി) കേരള ഗസറ്റ് നമ്പർ 43, തീയതി 04.11.2014-ലെ ലേലവ്യവസ്ഥ 15(എ) പ്രകാരം ലേലം സ്ഥിരപ്പെടുത്തിയത് അറിയിക്കുന്ന തീയതി മുതൽ നീട്ടി അനുവദിക്കപ്പെട്ട സമയം ഉൾപ്പെടെയുള്ള തീയതിക്കകം എല്ലാ തുകയും അടച്ചുതീർക്കാത്തപക്ഷം ഒരു നോട്ടീസും നൽകാതെ ടിയാന്റെ ലേലം റദ്ദുചെയ്യാനും നിരതദ്രവ്യം ഉൾപ്പെടെ അടച്ച എല്ലാ തുകയും സർക്കാരിലേയ്ക്ക് മുതൽക്കൂട്ടാവുന്നതുമാണ്. ഇപ്രകാരം റദ്ദുചെയ്ത വിഭവങ്ങൾ ലേലക്കാരന്റെ നഷ്ടോത്തരവാദിത്തത്തിൽ പുനർലേലം നടത്തുന്നതുമായിരിക്കും.

**വനം വകുപ്പ് ഓഡിറ്റ്**

163(896) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിലെ വിവിധ ഓഫീസുകളിൽ, ഫോറസ്റ്റ് ഹെഡ് ക്വാർട്ടേഴ്സ് അവസാനമായി നടത്തിയ ഇന്റേണൽ ഓഡിറ്റുകളുടെ

റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം+ ചെയ്യുന്നു.

(ബി) ഈ റിപ്പോർട്ടുകളിൽ എന്തെങ്കിലും ഗുരുതരമായ കണ്ടെത്തലുകളുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

റിപ്പോർട്ടുകളിൽ ഗുരുതരമായ കണ്ടെത്തലുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ഫോറസ്റ്റ് ഡയറക്ടറേറ്റിൽ ലോക്കൽ ഫണ്ട് ഓഡിറ്റ്**

164(897) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം ഫോറസ്റ്റ് ഡയറക്ടറേറ്റിൽ അവസാനമായി നടത്തിയ ഓഡിറ്റ് സംബന്ധിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഈ റിപ്പോർട്ടിൽ എന്തെങ്കിലും ഗുരുതരമായ കണ്ടെത്തലുകളുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ലോക്കൽ ഫണ്ട് ഓഡിറ്റ് വിഭാഗം ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സിൽ ഓഡിറ്റ് നടത്തിയിട്ടില്ല. ലോക്കൽ ഫണ്ട് ഓഡിറ്റ് നടത്താത്തതിനാൽ മറ്റ് ചോദ്യങ്ങൾക്ക് പ്രസക്തിയില്ല.

\+ നിയമ സഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ സസ്പെൻഷൻ**

165(898) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ ബേബി ഡാമിന് സമീപമുള്ള പതിനഞ്ച് മരങ്ങൾ മുറിക്കാൻ അനുമതി നൽകിയതിനെത്തുടർന്ന് സസ്പെൻഷനിലായ സംസ്ഥാന ചീഫ് വൈൽഡ് ലൈഫ് വാർഡൻ ശ്രീ. ബെന്നിച്ചൻ തോമസിന് ചീഫ് സെക്രട്ടറി ഷോകോസ് നോട്ടീസ് നൽകിയിരുന്നോ; പ്രസ്തുത നോട്ടീസ് എന്നാണ് നൽകിയതെന്ന് അറിയിക്കാമോ?

ശ്രീ. ബെന്നിച്ചൻ തോമസ് ഐ.എഫ്.എസ്.-ന് 07.12.2021-ൽ Articles of Charges-ഉം Statement of Imputation-നും നൽകിയിരുന്നു.

(ബി) പ്രസ്തുത നോട്ടീസിന് ചീഫ് വൈൽഡ് ലൈഫ് വാർഡൻ മറുപടി നൽകിയിരുന്നോ; എന്നാണ് മറുപടി നൽകിയതെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത Articles of Charges-നും Statement of Imputation-നും ശ്രീ. ബെന്നിച്ചൻ തോമസ് ഐ.എഫ്.എസ് 21.12.2021-ൽ മറുപടി നൽകിയിട്ടുണ്ട്.

(സി) സസ്പെൻഷനിലായ ചീഫ് വൈൽഡ് ലൈഫ് വാർഡനെ സർവ്വീസിൽ തിരിച്ചെടുത്തിരുന്നോ; തിരിച്ചെടുത്തത് എന്നാണെന്ന്

അറിയിക്കാമോ?

ശ്രീ. ബെന്നിച്ചൻ തോമസ് ഐ.എഫ്.എസ്-നെ 09.12.2021-ലെ സർക്കാർ ഉത്തരവുപ്രകാരം സർവ്വീസിൽ തിരിച്ചെടുത്തിട്ടുണ്ട്.

**വനം - വന്യജീവികളുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളിൽ നടപടി**

166(899) ശ്രീമതി ശാന്തകുമാരി കെ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വനം-വന്യജീവികളുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ നടത്തുന്നവർക്കെതിരെ അന്വേഷണ, നിയമ നടപടികൾ കാര്യക്ഷമമാക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വനം-വന്യജീവികളുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ നടത്തുന്നവർക്കെതിരെ അന്വേഷണ, നിയമ നടപടികൾ കാര്യക്ഷമമാക്കാൻ വനം വകുപ്പ് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

(a) വനം-വന്യജീവികളുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളിൽ ഉൾപ്പെടുന്ന കുറ്റക്കാർക്കെതിരെ 1972 വന്യജീവി (സംരക്ഷണ) നിയമം, കേരള ഫോറസ്റ്റ് ആക്ട് 1961, മറ്റ് വനനിയമങ്ങൾ എന്നിവപ്രകാരം കേസ് രജിസ്റ്റർ ചെയ്ത്

അന്വേഷണം നടത്തി നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(b) വനം-വന്യജീവി കുറ്റകൃത്യങ്ങൾ തടയുന്നതിനും കുറ്റകൃത്യം സംബന്ധിച്ച അന്വേഷണം കാര്യക്ഷമമാക്കുന്നതിനും ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ചുവരുന്നുണ്ട്.

(c) വനം-വന്യജീവികളുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളുടെ കൃത്യമായ വിവരങ്ങളടങ്ങിയ ഡേറ്റാബെയ്സ് രൂപപ്പെടുത്തുന്നതിനും കേസ്സുകളുടെ അന്വേഷണ പുരോഗതി കാര്യക്ഷമമായി വിലയിരുത്തുന്നതിനും വിവരസാങ്കേതിക വിദ്യാധിഷ്ഠിതമായി HAWK (Hostile Activity Watching Kernel) എന്ന ഒരു ഓൺലൈൻ മൊഡ്യൂൾ വികസിപ്പിച്ചിട്ടുണ്ട്. ഫോറസ്റ്റ് സ്റ്റേഷൻ/സെക്ഷനുകളിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന വനം-കുറ്റകൃത്യങ്ങൾ പ്രസ്തുത ഓൺലൈൻ മൊഡ്യൂളിൽ രേഖപ്പെടുത്തിവരുന്നതും കുറ്റവാളികളെ സംബന്ധിക്കുന്ന വിവരങ്ങൾ കൃത്യമായി അപ്ഡേറ്റ് ചെയ്യപ്പെടുന്നതുമാണ്. വനം-കുറ്റകൃത്യങ്ങൾ സംബന്ധിച്ച സ്ഥിരം കുറ്റവാളികളുടെ വിവരങ്ങൾ വളരെവേഗം ലഭ്യമാകുന്നതിന് ടി സെൻട്രലൈസ്ഡ് ഓൺലൈൻ മൊഡ്യൂൾപ്രകാരം സാധിക്കുന്നതാണ്.

(d) വനം-കുറ്റകൃത്യങ്ങൾ പൊതുജനങ്ങളുടെ ശ്രദ്ധയിൽപ്പെട്ടാൽ അത്

വിളിച്ചറിയിക്കുന്നതിന് വനം വകുപ്പിന് 24 മണിക്കൂറും പ്രവർത്തിക്കുന്ന ടോൾ ഫ്രീ നമ്പർ (1800 425 4733) നിലവിലുണ്ട്.

(e) വനം-കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട വിവരശേഖരണവും അന്വേഷണവും ഫലപ്രദമായി നടത്തുന്നതിന് ഫോറസ്റ്റ് ഇന്റലിജൻസ് വിഭാഗവും പ്രവർത്തിച്ചുവരുന്നു.

(f) അന്തർസംസ്ഥാന വന്യജീവി കേസ്സുകളുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തുന്നതിന് വൈൽഡ് ലൈഫ് ക്രൈം കൺട്രോൾ ബ്യൂറോയുടെ സേവനവും ഉപയോഗിച്ചുവരുന്നു.

(g) വിവിധ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് ഫോറസ്റ്റ് സ്റ്റേഷൻ/സെക്ഷനുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ അന്വേഷണ പുരോഗതിയും തുടർനടപടിക്രമങ്ങളും വിവിധ ഡിവിഷൻ, സർക്കിൾതലങ്ങളിൽ കൃത്യമായ ഇടവേളകളിൽ വിലയിരുത്തി വരുന്നതാണ്.

(h) വനം-വന്യജീവി കേസ്സുകളുടെ അന്വേഷണവും പ്രോസിക്യൂഷൻ നടപടികളും ഫലപ്രദമായി നടത്തുന്നതിനാവശ്യമായ പരിശീലനം സംരക്ഷണ വിഭാഗം ജീവനക്കാർക്ക് ഫോറസ്റ്റ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ

മുഖാന്തരം നടത്തിവരുന്നു.

**കൂടൽകടവ്-പാൽവെളിച്ചം പ്രദേശത്തെ വന്യമൃഗശല്യ പ്രതിരോധ ഫെൻസിംഗ്**

167(900) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗശല്യ പ്രതിരോധ ഫെൻസിംഗ് നടപ്പാക്കുന്നതിന്റെ ഭാഗമായി മാനന്തവാടി മണ്ഡലത്തിൽ ആരംഭിച്ച കൂടൽകടവ് - പാൽവെളിച്ചം ഭാഗത്തെ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

നോർത്ത് വയനാട് ഡിവിഷനുകീഴിൽ ബേഗൂർ റേഞ്ചിന്റെ പരിധിയിൽ കൂടൽകടവ് മുതൽ പാൽവെളിച്ചംവരെയുള്ള ഭാഗത്ത് ക്രാഷ് ഗാർഡ് റോപ്പ് ഫെൻസിംഗ് ആരംഭിക്കുന്നതിനുള്ള പ്രവൃത്തി ടെണ്ടർ ചെയ്യുകയും പ്രവൃത്തി കോൺട്രാക്ടർ ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രവൃത്തി നടക്കുന്നില്ലെങ്കിൽ അതിന്റെ കാരണവും പ്രശ്നം പരിഹരിക്കാൻ വകുപ്പ് സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ?

മേൽ പ്രവൃത്തിയുടെ പ്രാരംഭ നടപടികൾ ആരംഭിച്ച ഘട്ടത്തിൽ പ്രവൃത്തിക്കായി തയ്യാറാക്കിയ ഡിസൈനിൽ മാറ്റം വരുത്തേണ്ടത് അനിവാര്യമാണെന്ന NIT കോഴിക്കോട്, ടെക്നിക്കൽ കമ്മിറ്റി

നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ NIT കോഴിക്കോട് പുതിയ ഡിസൈൻ തയ്യാറാക്കി സമർപ്പിക്കുകയും ആയത് സ്റ്റേറ്റ് ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസി യോഗത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് മേൽപ്രവൃത്തി പുനരാരംഭിക്കുന്നതിന് കോൺട്രാക്ടർക്ക് നിർദ്ദേശം നൽകുകയും നിലവിൽ ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ് സ്ഥാപിക്കുന്നതിനുള്ള സ്റ്റീൽ ഗാർവണൈസിംഗ് ചെയ്യുന്ന പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) നിലവിൽ ഈ പദ്ധതിയുടെ ഫയൽ ഏത് ഓഫീസിൽ, ഏത് ഉദ്യോഗസ്ഥന്റെ കൈവശം, എത്ര കാലമായി ഇരിക്കുന്നുവെന്നുള്ളത് വ്യക്തമാക്കാമോ?

2019 മെയ് മാസം മുതൽ ഇന്നേവരെ മേൽ വിഷയവുമായി ബന്ധപ്പെട്ട ഫയൽ നോർത്ത് വയനാട് ഡിവിഷനിലെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കൈവശമാണ് സൂക്ഷിച്ചിരിക്കുന്നത്.

**പാമ്പുകളെ പിടികൂടൽ**

168(901) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ:</u>
<u>ശ്രീ. എം. രാജഗോപാലൻ:</u>
<u>ശ്രീ. വി. കെ. പ്രശാന്ത്:</u>

<u>ശ്രീമതി കാനത്തിൽ ജമീല:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാമ്പുകളെ പിടികൂടി അവയെ അതിന്റെ ആവാസ വ്യവസ്ഥയിലേയ്ക്ക് തിരികെ വിടുന്നതിന് സർക്കാർ പരിശീലനം നൽകുന്നുണ്ടോ; എങ്കിൽ പരിശീലന കാലയളവ് എത്രയാണ്; ലൈസൻസ് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

പാമ്പുകളെ ജനവാസമേഖലകളിൽ അപകടകരമായി കാണുന്ന സാഹചര്യങ്ങളിൽ അവയെ പിടികൂടി അനുയോജ്യമായ ആവാസ വ്യവസ്ഥയിലേയ്ക്ക് തിരികെ വിടുന്നതിനുള്ള അംഗീകൃത ഗൈഡ്‌ലൈനിൽ നിഷ്കർഷിച്ച പ്രകാരം വനം വകുപ്പ് ജീവനക്കാർക്കും തല്പരരായ വോളന്റിയർമാർക്കും പരിശീലനം നൽകുന്നുണ്ട്. രണ്ട് ദിവസത്തെ പരിശീലനക്രമമാണ് നിശ്ചയിച്ചിട്ടുള്ളത്. പരിശീലനം വിജയകരമായി പൂർത്തിയാക്കി പരീശീലനത്തിന്റെ ഒടുവിലുള്ള പ്രായോഗിക പരീക്ഷയിൽ സുരക്ഷിതമായി പാമ്പുകളെ കൈകാര്യം ചെയ്ത് കാണിക്കുന്നവർക്കാണ് സർട്ടിഫിക്കേഷൻ നൽകുക. അപേക്ഷകർ 65 വയസ്സിൽ താഴെ പ്രായമുള്ള ആളായിരിക്കണം.

(ബി) വനം വകുപ്പിന്റെ പരിശീലന പരിപാടികളിൽ പങ്കെടുക്കാതെയുള്ളതും വളരെക്കാലമായി പാമ്പുകളെ പിടിക്കുകയും അവയെക്കുറിച്ച് പഠന ഗവേഷണങ്ങളിലൂടെ അനുഭവസമ്പത്ത് നേടിയിട്ടുള്ളവരുമായ പ്രകൃതിസ്നേഹികൾക്ക് ലൈസൻസ് നൽകുന്നതിനും അവരുടെ പരിചയസമ്പന്നത ഈ മേഖലയ്ക്ക് ഗുണകരമാകുന്ന രീതിയിൽ ഉപയോഗപ്രദമാക്കുന്നതിനും പദ്ധതിയുണ്ടോ; വിശദമാക്കാമോ?

വിശദമാക്കാം. സ്വന്തം സുരക്ഷയും പാമ്പുകളുടെ സുരക്ഷയും ഉറപ്പുവരുത്തുന്ന സുരക്ഷിത രീതികൾ അവലംബിച്ച് പാമ്പുകളെ പിടിക്കാൻ സന്നദ്ധതയുള്ള പരിചയസമ്പന്നരായ പാമ്പുപിടിത്തക്കാരെ, അവർ വനം വകുപ്പിൽ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് അംഗീകൃത ഗൈഡ്‌ലൈനിലെ നിഷ്കർഷകൾക്ക് വിധേയമായി സർട്ടിഫിക്കേഷൻ നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(സി) പാമ്പുകളെക്കുറിച്ചും അവയെ കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച നിയമവശങ്ങളെക്കുറിച്ചും പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

സാമൂഹ്യമാധ്യമങ്ങൾവഴി പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും

വേണ്ടി ബോധവൽക്കരണ വീഡിയോകൾ തയ്യാറാക്കി പ്രചരിപ്പിക്കുക, വെബിനാറുകൾ സംഘടിപ്പിക്കുക, SARPA മൊബൈൽ ആപ്ലിക്കേഷൻ മുഖേന പാമ്പുകടി ഒഴിവാക്കുന്നതിനുള്ള മുൻകരുതൽ, പാമ്പുകടിയേറ്റാൽ ചെയ്യേണ്ട സത്വര നടപടികൾ മുതലായവ സംബന്ധിച്ച് ബോധവൽക്കരണം നടത്തുക മുതലായ നടപടികളാണ് വനം വകുപ്പ് സ്വീകരിച്ചുവരുന്നത്. കൂടാതെ പാമ്പുകളെ അപകടകരമായി കണ്ടാൽ സുരക്ഷിതമായി പിടികൂടി മാറ്റുന്നതിന് എല്ലാ ജില്ലകളിലും പരിശീലനം ലഭിച്ച റെസ്ക്യൂവർമാരുടെ സേവനവും ലഭ്യമാണ്. ഇത് SARPA മൊബൈൽ ആപ്ലിക്കേഷൻ മുഖേന ഏകോപിപ്പിക്കുന്നു. എല്ലാ ജില്ലകളിലും അംഗീകൃത സർപ്പരക്ഷകരും വനം വകുപ്പ് ഉദ്യോഗസ്ഥരുമടങ്ങുന്ന വാട്ട്സാപ്പ് ഗ്രൂപ്പുകളും മേൽസേവനങ്ങളിലൂടെ ഫലപ്രദമായ ഏകോപനത്തിനായി പ്രവർത്തിച്ചുവരുന്നു.

**വന്യമൃഗങ്ങളുടെ ആക്രമണം**

169(902) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങളുടെ ആക്രമണംമൂലം 2021 ജനുവരി മുതൽ

കേരളത്തിൽ എത്രപേർക്ക് ജീവഹാനി സംഭവിച്ചു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

വന്യമൃഗങ്ങളുടെ ആക്രമണംമൂലം 2021 ജനവരി മുതൽ 20.02.2022 വരെ കേരളത്തിൽ 88 പേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 1+-ൽ ചേർത്തിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ വന്യമൃഗങ്ങളുടെ ആക്രമണംമൂലം പരിക്കേറ്റതിനും ജീവഹാനി സംഭവിച്ചതിനും എത്ര രൂപ നഷ്ടപരിഹാരം അനുവദിച്ചുവെന്നതുസംബന്ധിച്ച കണക്ക് ലഭ്യമാക്കാമോ?

ജനുവരി 2021 മുതൽ 20.02.2022 വരെ വന്യമൃഗങ്ങളുടെ ആക്രമണംമൂലം പരിക്കേറ്റതിനും ജീവഹാനി സംഭവിച്ചതിനും അനുവദിച്ചിട്ടുള്ള നഷ്ടപരിഹാരത്തിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 2+-ൽ ചേർത്തിട്ടുണ്ട്.

**കൊമ്പുകുത്തി ട്രൈബൽ മേഖലയിലെ വന്യമൃഗശല്യം**

170(903) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കോരുത്തോട് ഗ്രാമപഞ്ചായത്തിലെ കൊമ്പുകുത്തി ട്രൈബൽ മേഖലയിലേയ്ക്കുള്ള മടുക്ക-കൊമ്പുകുത്തി പി.ഡബ്ല്യു.ഡി. റോഡ് കടന്നുപോകുന്ന ഏകദേശം രണ്ട് കിലോമീറ്റർ ദൂരത്തിലുള്ള വനപ്രദേശത്തെ വന്യമൃഗശല്യംമൂലം ഗതാഗതം അപകടകരമാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോട്ടയം ഡിവിഷന്റെ പരിധിയിൽവരുന്ന ടി പ്രദേശങ്ങളിൽ വനപ്രദേശത്തുനിന്നും വന്യമൃഗങ്ങൾ രാത്രികാലങ്ങളിൽ റോഡിലേയ്ക്ക് ഇറങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതുമൂലം അപകടങ്ങൾ ഉണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

അപകടങ്ങൾ ഒഴിവാക്കുന്നതിനായി കൊമ്പുകുത്തി മുതൽ മൈനാക്കുളം വരെയുള്ള റോഡിന്റെ ഇരുവശവും വനമേഖലയിൽ 10 മീറ്റർ വിസ്തൃതിയിൽ തദ്ദേശവാസികളുടെ സഹകരണത്തോടെ അടിക്കാടുകൾ വെട്ടിത്തെളിച്ച് വിസ്താ ക്ലീയറിംഗ് നടത്തിയിട്ടുള്ളതാണ്. കൂടാതെ രാത്രികാലങ്ങളിൽ ടി മേഖലകളിൽ പട്രോളിംഗ് ശക്തമാക്കിയിട്ടുണ്ട്.

**വന്യമൃഗങ്ങളെകൊണ്ടുള്ള കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം**

171(904) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് തടയുന്നതിന് നിലവിൽ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ?

വന്യമൃഗങ്ങൾ കൃഷി നശിപ്പിക്കുന്നത് തടയുന്നതിന് നിലവിൽ ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു:

വനാതിർത്തികളിൽ സൗരോർജ്ജ വേലി, കിടങ്ങുകൾ, ആനപ്രതിരോധ മതിലുകൾ, ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗ്, റെയിൽ ഫെൻസിംഗ് എന്നിവ നിർമ്മിക്കുകയും കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നുമുണ്ട്. നിലവിൽ 2400-ഓളം കിലോമീറ്റർ സൗരോർജ്ജ വേലികളും 500-ൽപ്പരം കിലോമീറ്റർ കിടങ്ങുകളും ഉണ്ട്. യഥാസമയം പരിപാലിക്കുകയാണെങ്കിൽ ഇവ ഫലപ്രദമാണ്. അടുത്തിടെയായി പഞ്ചായത്തുകളുടെ ഫണ്ടുകളും എം.എൽ.എ ഫണ്ടും വന്യമൃഗനാശങ്ങൾ പ്രതിരോധിക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ ജില്ല-ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകൾ 3.2 കോടി

രൂപ അനുവദിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ ജില്ല-ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകൾ 55 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. സുൽത്താൻബത്തേരി എം.എൽ.എ 1.0 കോടി രൂപയും കൽപ്പറ്റ എം.എൽ.എ 20 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. പ്രാരംഭപ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്. വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോടുചേർന്നുള്ള ചില ജനവാസമേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. നാട്ടിലേയ്ക്ക് ഇറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി തിരഞ്ഞെടുത്ത പ്രദേശങ്ങളിൽ 13 സ്ഥിരം/താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ചുവരുന്നു. പ്രശ്നക്കാരായ കാട്ടാനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കാട്ടാന പ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ചുവരുന്നുണ്ട്. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്കുവെടിവച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസകേന്ദ്രങ്ങളിൽനിന്നും അകലെയുള്ള

വനമേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നുണ്ട്. കേന്ദ്ര സർക്കാരിന്റേയും സംസ്ഥാന സർക്കാരിന്റേയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളിൽപ്പെടുത്തി വന്യജീവികളുടെ ആവാസവ്യവസ്ഥ അഭിവൃദ്ധിപ്പെടുത്തുന്നതിന് മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ, ചെക്ക്ഡാമുകളുടെ നിർമ്മാണം, തദ്ദേശീയമല്ലാത്ത കളകളുടെ നിർമ്മാർജ്ജനം, വനത്തിനകത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിന് കുളങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം തുടങ്ങിയവ നടത്തിവരുന്നുണ്ട്. വനങ്ങളിൽ 30,000 ഹെക്ടറോളം യൂക്കാലിപ്റ്റസ്, അക്കേഷ്യ, മാഞ്ചിയം, വാറ്റിൽ എന്നീ വിദേശ ഇനം തോട്ടങ്ങൾ വ്യാവസായിക ആവശ്യങ്ങൾക്കായി നട്ടുപിടിപ്പിച്ചിട്ടുണ്ട്. 2018 മുതൽ ഈ വിദേശീയ ഇനങ്ങളുടെ നടീൽ നിർത്തലാക്കി. ടി തോട്ടങ്ങളെ ഘട്ടംഘട്ടമായി സ്വാഭാവിക വനങ്ങളാക്കാനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. കാട്ടാന ഉൾപ്പെടെയുള്ള വന്യമൃഗങ്ങൾക്ക് കാട്ടിൽത്തന്നെ കൂടുതൽ ഭക്ഷണലഭ്യത ഉറപ്പാക്കാൻ പരിസ്ഥിതി പുന:സ്ഥാപനത്തിലൂടെ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസ മേഖലകളിലും കാട്ടുതീ പ്രതിരോധ

പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിലെ ഫോറസ്റ്റ് സെറ്റിൽമെന്റുകളിലെ താമസക്കാരെ സ്വയംസന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം കാടിനുപുറത്തേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ചാത്തന്നൂർ മണ്ഡലത്തിലെ കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ വേളമാനൂർ പ്രദേശങ്ങളിൽ വന്യമൃഗങ്ങൾ കൃഷിനശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ടി പ്രദേശങ്ങളിൽ വന്യമൃഗശല്യം തടയാൻ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ കല്ലുവാതുക്കൽ പഞ്ചായത്തിലെ വേളമാനൂർ പ്രദേശം തൊട്ടടുത്ത ഇളമ്പ്രക്കോട് റിസർവ്വിൽനിന്നും ഉദ്ദേശം 10 കിലോമീറ്റർ അകലെയും അഞ്ചൽ റേഞ്ചിലെ ചിതറ ഫോറസ്റ്റ് ഏരിയയിൽ നിന്നും 30 കിലോമീറ്റർ അകലെയുമാണ്. ഈ പ്രദേശത്ത് കാട്ടുപന്നി ശല്യമുണ്ടെന്ന പരാതി അഞ്ചൽ റേഞ്ച് ഓഫീസർക്ക് ലഭിച്ചിരുന്നു. ആയതിൻപ്രകാരം അഞ്ചൽ ആസ്ഥാനമായ ആർ.ആർ.റ്റി. ടീമിനെ പരാതിക്കാസ്പദമായ പ്രദേശങ്ങൾ പരിശോധിക്കുന്നതിന് നിയോഗിച്ചിരുന്നു. ആർ.ആർ.റ്റി.-യുടെ പരിശോധനയിൽ ഈ പ്രദേശത്ത് കാട്ടുപന്നികളുടെ സാന്നിദ്ധ്യമുള്ളതായി സ്ഥിരീകരിച്ചിരുന്നു. 06.11.2021, 21.11.2021, 27.11.2021,

05.01.2022 എന്നീ തീയതികളിൽ പ്രസ്തുത സ്ഥലങ്ങളിൽ ആ.ആർ.ടി. ടീം, ഈ സ്ഥലവുമായി ഏറ്റവും അടുത്തുവരുന്ന പ്രദേശങ്ങളിലെ 3 എംപാനൽഡ് ഷൂട്ടർമാരെയുംകൂട്ടി പട്രോളിംഗ് നടത്തിയെങ്കിലും പട്രോളിംഗ് വേളയിൽ കാട്ടുപന്നികളെ കണ്ടെത്താത്തതുകൊണ്ട് വെടിവച്ച് കൊല്ലാൻ കഴിഞ്ഞില്ല. വീണ്ടും പട്രോളിംഗ് ശക്തിപ്പെടുത്തി കാട്ടുപന്നികളെ കാണുന്നപക്ഷം വെടിവച്ച് കൊല്ലുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ ഈ പ്രദേശത്ത് ജനജാഗ്രതാ സമിതി കൂടുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

(സി) വന്യമൃഗശല്യം കാരണം കർഷകർക്കുണ്ടാകുന്ന നഷ്ടം കണക്കിലെടുത്ത് കൃഷിക്കാർക്ക് നിലവിൽ നഷ്ടപരിഹാരം നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ?

വന്യമൃഗങ്ങൾ മൂലമുണ്ടാകുന്ന കൃഷിനാശത്തിന് വനം വകുപ്പിൽനിന്നും 08-01-2015-ലെ സ.ഉ (കൈ)നം.2/2015/വനം ഉത്തരവിൽ പറയും പ്രകാരം ഓരോ കാർഷിക വിളകൾക്കും നഷ്ടപരിഹാരം അനുവദിച്ചുവരുന്നുണ്ട്. 05-04-2018-ലെ സ.ഉ(കൈ)നം.17/2018/വനം ഉത്തരവുപ്രകാരം കൃഷിനാശത്തിന് കണക്കാക്കപ്പെടുന്ന നഷ്ടത്തിന്റെ 100% (ഒരു തവണ പരമാവധി ഒരു ലക്ഷം രൂപ) യാണ് അനുവദിക്കുന്നത്. ഒരു വ്യക്തിക്ക് വർഷത്തിൽ നാല് തവണവരെയാണ് നഷ്ടപരിഹാരം ലഭിക്കുന്നതിന്

അർഹതയുള്ളത്. കൃഷി നാശമുണ്ടായി ആറ് മാസത്തിനകം അപേക്ഷകൻ നഷ്ടപരിഹാരത്തിനായി അപേക്ഷ സമർപ്പിക്കേണ്ടതുണ്ട്. വന്യമൃഗങ്ങൾ മൂലമുണ്ടാകുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം ലഭിക്കുന്നതിനായി തൊട്ടടുത്തുള്ള അക്ഷയകേന്ദ്രംവഴി ഇ-ഡിസ്ട്രിക് മുഖേന ബന്ധപ്പെട്ട റേഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്, ഭൂമിയുടെ കൈവശരേഖ/കരം അടച്ച രസീത്, ദേശസാൽകൃത ബാങ്ക് പാസ്ബുക്ക്, കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ് എന്നിവയും സമർപ്പിക്കേണ്ടതാണ്. കൃഷി വകുപ്പ് നടപ്പിലാക്കുന്ന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ നിശ്ചിത പ്രീമിയം ഒടുക്കി അംഗമാകുന്ന കർഷകർക്ക് വന്യമൃഗാക്രമണംമൂലം കൃഷിനാശം സംഭവിച്ചാൽ മാനദണ്ഡങ്ങൾക്കനുസൃതമായി നഷ്ടപരിഹാരം നൽകുന്നുണ്ട്. 22/03/2017-ലെ സർക്കാർ ഉത്തരവ് നമ്പർ 37/2017/കൃഷി പ്രകാരമാണ് സംസ്ഥാന വിള ഇൻഷ്വറൻസ് നടപ്പിലാക്കുന്നത്. പദ്ധതിയിൽ അംഗമാകാൻ താല്പര്യമുള്ള കർഷകർ കൃഷി വകുപ്പിന്റെ ഓൺലൈൻ പോർട്ടലിൽ 'AIMS' മുഖേന അപേക്ഷ സമർപ്പിക്കേണ്ടതും തുടർന്ന് പരിശോധനയ്ക്കുശേഷം പ്രീമിയം ഒടുക്കുന്നതിന് കർഷകർക്ക് നിർദ്ദേശം നൽകുകയും ചെയ്യുന്നു. അപ്രകാരം തുക ഒടുക്കി പദ്ധതിയിൽ അംഗമാകുന്ന

കർഷകർക്ക് പോളിസി സർട്ടിഫിക്കറ്റ് ലഭ്യമാക്കുകയും ചെയ്യുന്നു. ഇത്തരത്തിൽ അംഗമാകുന്ന കർഷകരുടെ വിളകൾക്ക് വന്യമൃഗാക്രമണം സംഭവിച്ചാൽ 15 ദിവസത്തിനുള്ളിൽ AIMS പോർട്ടൽ മുഖേന നഷ്ടപരിഹാരത്തിന് അപേക്ഷ നൽകേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ ഫീൽഡുതല പരിശോധനകൾക്കുശേഷം അർഹമായ നഷ്ടപരിഹാരത്തുക അംഗീകരിക്കുകയും ആയത് കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറേറ്റിൽനിന്നും നേരിട്ട് നൽകുകയും ചെയ്യുന്നു.

**വന്യജീവി ആക്രമണത്തിനുള്ള നഷ്ടപരിഹാരം**

172(905) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവികളുടെ ആക്രമണത്തിൽ ജീവൻ നഷ്ടപ്പെടുന്നവർക്കും കൃഷി നശിക്കുന്നവർക്കും മതിയായ നഷ്ടപരിഹാരം നൽകുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

05.04.2018-ലെ സ.ഉ. (കൈ) 17/2018/വനം നമ്പർ ഉത്തരവ് പ്രകാരമാണ് വന്യജീവി ആക്രമണത്തിൽ പരിക്കേറ്റവർക്കും മരണമടയുന്നവർക്കും നഷ്ടപരിഹാരം നൽകിവരുന്നത്. വന്യജീവി ആക്രമണംമൂലം മരണപ്പെടുന്ന വ്യക്തികളുടെ ആശ്രിതർക്ക് 10 ലക്ഷം രൂപയും വനത്തിനുപുറത്തുവച്ച് പാമ്പുകടിയേറ്റ് ജീവഹാനി സംഭവിച്ചാൽ 2 ലക്ഷം രൂപയും നഷ്ടപരിഹാരമായി അനുവദിക്കുന്നു. വന്യമൃഗങ്ങളുടെ ആക്രമണംമൂലം പരിക്കേൽക്കുന്ന വ്യക്തികൾക്ക് ചികിത്സയ്ക്ക് ചെലവാകുന്ന തുക പരമാവധി ഒരു ലക്ഷം രൂപവരെയും സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും മേൽ സർക്കാർ ഉത്തരവുപ്രകാരം അനുവദിച്ചുവരുന്നു. പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ ചികിൽസാച്ചെലവ് മുഴുവനും ലഭ്യമാകും. വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 08.01.2015-ലെ സ.ഉ.നം. (കൈ) 2/2015/വനം എന്ന ഉത്തരവിൽ പറയും പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. കൃഷിവകുപ്പിന്റെ ഇൻഷ്വറൻസ് സ്കീമിലും ഇൻഷ്വർ ചെയ്യുന്ന കർഷകന് വന്യമൃഗങ്ങൾമൂലമുള്ള കൃഷിനാശത്തിന് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കാൻ അർഹതയുണ്ട്. മേൽ ഉത്തരവുകൾ പ്രകാരം നഷ്ടപരിഹാരം ലഭിക്കുന്നതിനുവേണ്ടി അപേക്ഷകൻ ഇ-ഡിസ്ട്രിക്ട് ഓൺലൈൻ പോർട്ടൽ

മുഖാന്തരം നിശ്ചിത കാലയളവിനുള്ളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(ബി) വന്യജീവികളുടെ ആക്രമണം തടയാൻ ജൈവവേലി വ്യാപകമാക്കുന്നതിനും വന്യജീവികൾക്ക് വനത്തിനുള്ളിൽത്തന്നെ ആഹാര ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

വന്യജീവി ആക്രമണം തടയാൻ ജൈവവേലി വ്യാപകമാക്കുന്നതിനും വന്യജീവികൾക്ക് വനത്തിനുള്ളിൽത്തന്നെ ആഹാരലഭ്യത ഉറപ്പുവരുത്തുന്നതും ഉൾപ്പെടുത്തിക്കൊണ്ട് വിശദമായ കർമ്മപദ്ധതി പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ സമർപ്പിച്ചത് സർക്കാർ പരിശോധിച്ചു വരികയാണ്. അടുത്ത 5 വർഷത്തേയ്ക്ക് സംസ്ഥാനത്ത് വനാതിർത്തി പങ്കിടുന്ന സ്ഥലങ്ങളിൽ 17.5 കിലോമീറ്റർ നീളത്തിൽ ജൈവവേലികൾ നിർമ്മിക്കാൻ ഈ പദ്ധതിയിൽ ശിപാർശ ചെയ്തിട്ടുണ്ട്. വന്യജീവികളുടെ സ്വാഭാവിക ആവാസ മേഖലകളിൽ ജലവും തീറ്റയും ലഭ്യമാക്കുന്നതിന്റെ ഭാഗമായി പുതിയതായി 197 കുളങ്ങളുടെ നിർമ്മാണം, 723 കുളങ്ങളുടെ വൃത്തിയാക്കൽ, 1288 ഹെക്ടർ വയലുകളുടെ പരിപാലനം, 2284 ഹെക്ടർ അധിനിവേശ സസ്യങ്ങളുടെ നിർമ്മാർജ്ജനം എന്നിവ പദ്ധതിയിൽ

ഉൾപ്പെടുത്തിയിട്ടുണ്ട്. വന്യമൃഗങ്ങൾക്ക് ഭക്ഷ്യയോഗ്യമായ പ്ലാവ്, മാവ് മുതലായ തദ്ദേശീയ വൃക്ഷങ്ങൾ ഉൾവന ഭാഗങ്ങളിൽ വച്ചുപിടിപ്പിക്കുന്നത് കൃഷി ഇടങ്ങളിലേയ്ക്ക് കടന്നുകയറുന്ന ചില വന്യമൃഗങ്ങളെ തടയുവാൻ സഹായിക്കുമെന്നതിനാൽ 5000 ഹെക്ടർ സ്ഥലത്ത് ഇത്തരം സംപുഷ്ടീകരണം നടത്തുവാനും പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്.

(സി) വന്യജീവികളുടെ ആക്രമണങ്ങളിൽ ജീവൻ നഷ്ടപ്പെടുന്ന ആദിവാസികൾ ഉൾപ്പെടെയുള്ളവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

വന്യജീവികളുടെ ആക്രമണം നേരിട്ടവർക്ക് 1980-ലെ ദി കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരം നഷ്ടപരിഹാരം നൽകുന്നുണ്ട്. വന്യമൃഗങ്ങളുടെ ആക്രമണംമൂലം മരണപ്പെടുന്ന ആദിവാസികൾ ഉൾപ്പെടെയുള്ളവരുടെ ആശ്രിതർക്ക് 05.04.2018-ലെ സ.ഉ. (കൈ) 17/2018/വനം നമ്പർ ഉത്തരവ് പ്രകാരം നിലവിൽ നഷ്ടപരിഹാരം അനുവദിച്ചുവരുന്നു. പ്രസ്തുത ഉത്തരവുപ്രകാരം വന്യജീവിയാക്രമണംമൂലം മരണപ്പെടുന്ന വ്യക്തികളുടെ ആശ്രിതർക്ക് 10 ലക്ഷം രൂപയും വനത്തിന്

പുറത്തുവച്ച് പാമ്പുകടിയേറ്റ് ജീവഹാനി സംഭവിച്ചാൽ 2 ലക്ഷം രൂപയും നഷ്ടപരിഹാരമായി അനുവദിക്കുന്നു. വന്യമൃഗങ്ങളുടെ ആക്രമണംമൂലം പരിക്കേൽക്കുന്ന വ്യക്തികൾക്ക് ചികിത്സയ്ക്ക് ചെലവാകുന്ന തുക പരമാവധി ഒരു ലക്ഷം രൂപവരെയും സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപയും മേൽ സർക്കാർ ഉത്തരവുപ്രകാരം അനുവദിച്ചുവരുന്നു. മേൽ നഷ്ടപരിഹാരത്തുക കാലതാമസംകൂടാതെ ലഭ്യമാക്കുന്നതിനായി ഇ-ഡിസ്ട്രിക്ട് പോർട്ടൽ മുഖാന്തരം ലഭിക്കുന്ന അപേക്ഷ ഡിവിഷൻതലത്തിൽ എത്രയുംവേഗം തീർപ്പാക്കിവരുന്നതാണ്. എന്നാൽ നഷ്ടപരിഹാരം സമയബന്ധിതമായി നൽകാൻ കഴിയാത്ത സാഹചര്യങ്ങൾ ഉണ്ടാകാറുണ്ട്. നഷ്ടപരിഹാരത്തുക താമസംവിനാ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**വന്യജീവി ആക്രമണം**

173(906) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്തെ വന്യജീവി ആക്രമണം തടയുന്നതിനും കർഷകർക്ക് വന്യജീവികളാലുണ്ടാകുന്ന കൃഷിനാശത്തിന് പരിഹാരം

കാണുന്നതിനും വനം വകുപ്പ് സ്വീകരിച്ചുവരുന്ന നടപടി വിശദമാക്കാമോ?

വന്യമൃഗങ്ങളുടെ സാന്നിദ്ധ്യം മുൻകൂറായി അറിയിക്കുന്നതിനായി ഏർളി വാർണിംഗ് സിസ്റ്റം വനത്തിനോടുചേർന്നുള്ള ചില ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. നാട്ടിലേയ്ക്ക് ഇറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്ക് തുരത്തുന്നതിനായി വിവിധ പ്രദേശങ്ങളിൽ 13 സ്ഥിരം/താത്കാലിക റാപ്പിഡ് റെസ്പോൺസ് ടീമുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. തെരഞ്ഞെടുത്ത വനാതിർത്തികളിൽ സൗരോർജ്ജ വേലികളും കിടങ്ങുകളും ആനപ്രതിരോധ മതിലുകളും ക്രാഷ്ഗാർഡ് റോപ്പ് ഫെൻസിംഗുകളും നിർമ്മിച്ച് പരിപാലിച്ചുവരുന്നുണ്ട്. പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കാട്ടാന പ്രശ്നം രൂക്ഷമായിട്ടുള്ള പാലക്കാട്, വയനാട് ജില്ലകളിൽ കുങ്കിയാനകളെ ഉപയോഗിച്ച് പ്രശ്നക്കാരായ കാട്ടാനകളെ തിരിച്ച് കാട്ടിലേയ്ക്ക് തുരത്തുന്നതിനായി കുങ്കി സ്ക്വാഡുകളും പ്രവർത്തിച്ചുവരുന്നുണ്ട്. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന നാശകാരികളായ വന്യജീവികളെ മയക്കുവെടിവച്ചോ കൂടുകൾ സ്ഥാപിച്ചോ പിടിച്ച് ജനവാസ കേന്ദ്രങ്ങളിൽനിന്നും അകലെയുള്ള വനമേഖലയിലേയ്ക്ക്

പുനരധിവസിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് പൊതുജന പങ്കാളിത്തത്തോടെ നടപടികൾ സ്വീകരിക്കുന്നതിനായി 261 ജനജാഗ്രതാ സമിതികൾ വനാതിർത്തി പങ്കിടുന്ന പഞ്ചായത്തുകളിൽ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കാട്ടുപന്നിയടക്കമുള്ള വന്യമൃഗങ്ങളുടെ ശല്യം രൂക്ഷമായതിനെത്തുടർന്ന് ഇതുസംബന്ധിച്ച് പഠനം നടത്തുന്നതിനും ഇത് പരിഹരിക്കുന്നതിന് ഹ്രസ്വകാല പദ്ധതികളും ദീർഘകാല പദ്ധതികളും നിർദ്ദേശിക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിച്ചുകൊണ്ട് സർക്കാർ 01-02-2011-ലെ ജി.ഒ(എം.എസ്)04/2011/വനം പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ 03-05-2011-ലെ ശിപാർശയുടെ അടിസ്ഥാനത്തിൽ നാശംവരുത്തുന്ന കാട്ടുപന്നികളെ നിർദ്ദിഷ്ട വനം അധികാരിയുടെ അനുമതിയോടെ വെടിവച്ച് കൊല്ലുന്നതിന് കർഷകർക്ക് അനുവാദം നൽകി 17-06-2011-ലെ സ.ഉ (സാധാ) 265/2011/വനം പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ഈ ഉത്തരവ് ഭേദഗതികളോടെ തുടർവർഷങ്ങളിൽ പുതുക്കുകയും ആയതിന്റെ നിലവിലെ കാലാവധി 29.05.2021-ലെ സ.ഉ. (സാധാ) നം. 159/2021/വനം പ്രകാരം 17.05.2022 വരെ ദീർഘിപ്പിച്ചിട്ടുമുണ്ട്. കൃഷിഭൂമികളിൽ നാശംവരുത്തുന്ന കാട്ടുപന്നികളെ വെർമിനായി

പ്രഖ്യാപിക്കണമെന്ന അപേക്ഷ സംബന്ധിച്ച് 21-11-2021-ന് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി, കേന്ദ്രമന്ത്രിയുമായി നേരിട്ട് ചർച്ച നടത്തിയതിനുശേഷം കാട്ടുപന്നികളെ 'വെർമിൻ' ആയി പ്രഖ്യാപിക്കുന്നതിനുവേണ്ടി കാട്ടുപന്നിയുടെ ആക്രമണം രൂക്ഷമായ പ്രദേശങ്ങൾ വില്ലേജ് അടിസ്ഥാനത്തിൽ തയ്യാറാക്കി സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. മനുഷ്യ - വന്യജീവി സംഘർഷം ലഘൂകരിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിന്റെ 06.02.2021-ലെ F.No.8-60/20 WL (Part I) അഡ്വൈസറിയുടെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ മനുഷ്യ-വന്യജീവി സംഘർഷം ഫലപ്രദമായി നേരിടുന്നതിനുവേണ്ടി കോ-ഓർഡിനേഷൻ കമ്മിറ്റികൾ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും രൂപീകരിച്ച് 09.12.2021-ലെ സ.ഉ. (സാധാ) നം. 402/2021/വനം പ്രകാരം ഉത്തരവായിട്ടുള്ളതുമാണ്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി 620 കോടി രൂപയുടെ 5 വർഷത്തേയ്ക്കുള്ള ഒരു ബൃഹത്പദ്ധതി തയ്യാറാക്കി പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ സർക്കാരിന് സമർപ്പിച്ച പദ്ധതിയെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 10.01.2022-ൽ യോഗം

ചേർന്നിട്ടുള്ളതും തുടർനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. മനുഷ്യ-വന്യജീവി സംഘർഷം അടുത്ത 10 വർഷത്തേയ്ക്ക് ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനാവശ്യമായ 1150 കോടി രൂപയുടെ ഒരു പദ്ധതിയും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ സംസ്ഥാന പ്ലാനിംഗ് ബോർഡിന് 25.01.2021-ന് സമർപ്പിച്ചിട്ടുണ്ട്. വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് 08.01.2015-ലെ സ.ഉ.നം. (കൈ) 2/2015/വനം, 05.04.2018-ലെ സ.ഉ.നം. (കൈ)17/2018/വനം എന്നീ ഉത്തരവുകൾ പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നുണ്ട്. 05.04.2018-ലെ സ.ഉ.നം. (കൈ)17/2018/വനം ഉത്തരവുപ്രകാരമാണ് വന്യജീവി ആക്രമണംമൂലം ജീവഹാനി, പരിക്ക്, സ്വത്ത് നാശം, അംഗവൈകല്യം എന്നിവ ഉണ്ടാകുന്നവർക്ക് നിലവിൽ നഷ്ടപരിഹാരം നൽകിവരുന്നത്. വന്യജീവി ആക്രമണംമൂലം മരണപ്പെടുന്ന വ്യക്തികളുടെ ആശ്രിതർക്ക് 10 ലക്ഷം രൂപയും വനത്തിനുപുറത്തുവച്ച് പാമ്പുകടിയേറ്റ് ജീവഹാനി സംഭവിച്ചാൽ 2 ലക്ഷം രൂപയും നഷ്ടപരിഹാരമായി അനുവദിക്കുന്നു. വന്യജീവി ആക്രമണംമൂലം പരിക്കേൽക്കുന്ന വ്യക്തികൾക്ക് ചികിത്സയ്ക്ക് ചെലവാകുന്ന തുക പരമാവധി ഒരു ലക്ഷം രൂപവരെയും സ്ഥായിയായ അംഗവൈകല്യം

സംഭവിക്കുന്നവർക്ക് 2 ലക്ഷം രൂപവരെയും മേൽസർക്കാർ ഉത്തരവുപ്രകാരം അനുവദിച്ചുവരുന്നു. പട്ടികവർഗ്ഗക്കാരുടെ കാര്യത്തിൽ ചികിത്സാർത്ഥം ചെലവാകുന്ന മുഴുവൻ തുകയും നൽകാവുന്നതാണ്. ചികിത്സാച്ചെലവ് അനുവദിക്കുന്നത് അപേക്ഷകന് ചികിത്സാർത്ഥം ചെലവായ തുക സംബന്ധിച്ച് കേരള സർക്കാർ സർവ്വീസിലെ സിവിൽ സർജൻ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ്. കൂടാതെ കൃഷി, കന്നുകാലി, വീടുകൾ/കുടിലുകൾ എന്നിവയ്ക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് കണക്കാക്കപ്പെടുന്ന തുകയുടെ 100%, പരമാവധി 1 ലക്ഷം രൂപ എന്ന നിരക്കിൽ ഓരോ നാശനഷ്ടത്തിനും അനുവദിക്കുന്നു. ഒരു വ്യക്തിക്ക് വർഷത്തിൽ 4 തവണവരെയാണ് നഷ്ടപരിഹാരം ലഭിക്കുന്നതിന് അർഹതയുള്ളത്.

(ബി) കാർഷിക വിളകൾക്ക് ഏറ്റവും കൂടുതൽ നാശംവരുത്തുന്ന കാട്ടുപന്നികളെ അമർച്ച ചെയ്യുന്നതിന് വനം വകുപ്പ് നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗങ്ങൾ വ്യക്തമാക്കാമോ?

1. സംസ്ഥാനത്ത് കാട്ടുപന്നിയടക്കമുള്ള വന്യമൃഗങ്ങളുടെ ശല്യം രൂക്ഷമായതിനെത്തുടർന്ന് ഇതുസംബന്ധിച്ച് പഠനം നടത്തുന്നതിനും ഇത് പരിഹരിക്കുന്നതിനുമായി ഹ്രസ്വകാല പദ്ധതികളും ദീർഘകാല പദ്ധതികളും

നിർദ്ദേശിക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിച്ചുകൊണ്ട് സർക്കാർ 01-02-2011-ലെ ജി.ഒ (എം.എസ്) 04/2011/വനം പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ 03-05-2011-ലെ ശിപാർശയുടെ അടിസ്ഥാനത്തിൽ നാശംവരുത്തുന്ന കാട്ടുപന്നികളെ നിർദ്ദിഷ്ട വനം അധികാരിയുടെ അനുമതിയോടെ വെടിവച്ച് കൊല്ലുന്നതിന് കർഷകർക്ക് അനുവാദം നൽകിക്കൊണ്ട് 17-06-2011-ലെ സ.ഉ (സാധാ) 265/2011/വനം പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ഈ ഉത്തരവ് ഭേദഗതികളോടെ തുടർവർഷങ്ങളിൽ പുതുക്കുകയും ആയതിന്റെ നിലവിലെ കാലാവധി 29.05.2021-ലെ സ.ഉ. (സാധാ) നം. 159/2021/വനം പ്രകാരം 17.05.2022 വരെ ദീർഘിപ്പിച്ചിട്ടുമുണ്ട്. പ്രസ്തുത ഉത്തരവുകൾപ്രകാരം താഴപ്പറയുന്ന നിബന്ധനകളോടെ കാട്ടുപന്നികളെ വെടിവയ്ക്കുന്നതിനുള്ള അനുമതി നൽകിവരുന്നു. വിഷപ്രയോഗം, സ്ഫോടക വസ്തു പ്രയോഗം, വൈദ്യുതി ഷോക്ക് ഏൽപ്പിക്കൽ, വനാതിർത്തിയിൽനിന്നും 2 കിലോമീറ്റർ വരെയുള്ള ഭാഗത്ത് കുരുക്കിട്ട് പിടിക്കൽ എന്നീ മാർഗ്ഗങ്ങളിലൂടെ കാട്ടുപന്നികളെ നശിപ്പിക്കാൻ പാടില്ല. കാട്ടിൽനിന്നും നാട്ടിലേയ്ക്കിറങ്ങി മനുഷ്യജീവനോ സ്വത്തിനോ കൃഷിക്കോ നാശനഷ്ടമുണ്ടാക്കുന്ന എല്ലാത്തരം കാട്ടുപന്നികളെയും നശിപ്പിക്കാവുന്നതാണ്. കാട്ടുപന്നിയുടെ ആക്രമണം രൂക്ഷമായ പ്രദേശങ്ങൾ

ഉൾപ്പെടുത്തിക്കൊണ്ട് ചീഫ് വൈൽഡ് ലൈഫ് വാർഡൻ പുറപ്പെടുവിച്ചിട്ടുള്ള പട്ടികയിലെ പ്രദേശങ്ങളിൽ കാട്ടുപന്നികളെ നശിപ്പിക്കാവുന്നതാണ്. ജനജാഗ്രതാ സമിതിയുടെ ശിപാർശ സഹിതമോ അല്ലാതെയോ, റേഞ്ച് ഫോറസ്റ്റ് ഓഫീസർ/അസിസ്റ്റന്റ് വൈൽഡ്‌ലൈഫ് വാർഡൻ/ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/വൈൽഡ് ലൈഫ് വാർഡൻ എന്നിവർക്ക് ടി പന്നികളെ നശിപ്പിക്കുന്നതിനുള്ള അനുമതി തേടിക്കൊണ്ട് സമർപ്പിക്കപ്പെടുന്ന അപേക്ഷകൾ 24 മണിക്കൂറിനകം തീർപ്പാക്കേണ്ടതാണ്. ഇപ്രകാരം അനുമതി ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പിടിപ്പിക്കപ്പെടുകയോ കൊല്ലപ്പെടുകയോ ചെയ്യുന്ന കാട്ടുപന്നികളെ സംബന്ധിച്ച വിവരം പ്രസ്തുത വനം വകുപ്പ് ഉദ്യോഗസ്ഥരെ ഉടൻതന്നെ അറിയിക്കേണ്ടതും പ്രസ്തുത അറിയിപ്പ് ലഭിച്ചുകഴിഞ്ഞാലുടൻ 24 മണിക്കൂറിനകം പ്രസ്തുത കാട്ടുപന്നിയുടെ ജഡത്തെ പ്രസ്തുത ഉദ്യോഗസ്ഥർ കൈപ്പറ്റേണ്ടതുമാണ്. ഫോറസ്റ്റ് റേഞ്ച് പരിധിയിലുള്ള തോക്ക് ഉപയോഗിക്കുവാൻ ലൈസൻസുള്ളവരും പന്നിയെ കൊല്ലാൻ സന്നദ്ധരായവരുമായ വ്യക്തികളുടെ ഒരു പാനൽ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/വൈൽഡ് ലൈഫ് വാർഡൻ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. കാട്ടുപന്നിയെ വെടിവച്ചു കൊല്ലുന്നതിന്, വനം വകുപ്പ്,

പോലീസ്, മറ്റ് യൂണിഫോം സർവ്വീസിൽപ്പെട്ട ഉദ്യോഗസ്ഥർ, തോക്ക് ഉപയോഗിക്കാൻ ലൈസൻസുള്ള വ്യക്തികൾ എന്നിവരെ എംപാനൽ ചെയ്യാവുന്നതാണ്. വെടിവയ്ക്കാൻ എംപാനൽ ചെയ്യപ്പെടുന്ന വ്യക്തിക്ക് കൃത്യം നിർവ്വഹിക്കുന്ന മുറയ്ക്ക് പന്നി ഒന്നിന് 1000/- രൂപാ (ആയിരം രൂപ മാത്രം) നിരക്കിൽ പ്രതിഫലം അനുവദിക്കേണ്ടതാണ്. കാട്ടുപന്നിയെ വെടിവയ്ക്കുന്നതുമായി ബന്ധപ്പെട്ട് അറിഞ്ഞോ അറിയാതെയോ മനുഷ്യ ജീവനോ സ്വത്തിനോ സംഭവിക്കുന്ന അപായങ്ങൾക്കും നാശനഷ്ടങ്ങൾക്കും വെടിവയ്ക്കുന്നയാൾ മാത്രമായിരിക്കും ഉത്തരവാദി. കൊല്ലപ്പെട്ട പന്നിയുടെ ജഡം പരിശോധിച്ച് മഹസ്സർ തയ്യാറാക്കേണ്ടതും നിശ്ചിത ഫോമിൽ റേഞ്ച് ഫോറസ്റ്റ് ഓഫീസർ റിപ്പോർട്ട് തയ്യാറാക്കേണ്ടതുമാണ്. തുടർന്ന് സെക്ഷൻ ഫോറസ്റ്റ് ഓഫീസറുടെ മേൽനോട്ടത്തിൽ ജഡം കത്തിക്കുകയോ മണ്ണെണ്ണ ഒഴിച്ച് മറവ് ചെയ്യുകയോ ചെയ്യേണ്ടതാണ്. കൃത്യം നടപ്പിലാക്കി 24 മണിക്കൂറിനകം ചീഫ് വൈൽഡ് ലൈഫ് വാർഡന്, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

2. കൃഷിഭൂമികളിൽ നാശംവരുത്തുന്ന കാട്ടുപന്നികളെ വെർമിനായി പ്രഖ്യാപിക്കണമെന്ന അപേക്ഷ സംബന്ധിച്ച് 21-11-2021-ന് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി, കേന്ദ്രമന്ത്രിയുമായി നേരിട്ട് ചർച്ച നടത്തിയതിനുശേഷം

കാട്ടുപന്നികളെ 'വെർമിൻ' ആയി പ്രഖ്യാപിക്കുന്നതിനുവേണ്ടി കാട്ടുപന്നിയുടെ ആക്രമണം രൂക്ഷമായ പ്രദേശങ്ങൾ വില്ലേജ് അടിസ്ഥാനത്തിൽ തയ്യാറാക്കി സംസ്ഥാന സർക്കാർ 08.02.2022-ൽ കേന്ദ്രസർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

3. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ കാട്ടുപന്നിശല്യം കൂടിയ വനേതര ഭൂമികളിലെ കാട്ടുപന്നികളെ കൊന്ന് ഇല്ലാതാക്കുന്ന നടപടികൾ കാര്യക്ഷമമായി ചെയ്യുന്നുണ്ട്.

(സി) വനത്തോടുചേർന്ന പ്രദേശങ്ങളിലും നാട്ടിൻപുറങ്ങളിലും കുരങ്ങുകളുടെ ശല്യം വ്യാപകമായ സാഹചര്യത്തിൽ വനം വകുപ്പിൽനിന്നും ഇവയ്ക്ക് തീറ്റ നൽകുവാൻ നടപടി സ്വീകരിക്കുമോ?

നാട്ടിൻപുറങ്ങളിലെ കുരങ്ങുകൾക്ക് വനം വകുപ്പിൽനിന്നും തീറ്റ നൽകുകയെന്നുള്ളത് പ്രായോഗികമല്ല.

**വന്യമൃഗ ആക്രമണം-പട്ടിക വിഭാഗങ്ങൾക്കുള്ള ഇൻഷ്വറൻസ്**

174(907) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യമൃഗ ആക്രമണങ്ങൾക്ക് ഇരയാകുന്ന പട്ടിക

വിഭാഗങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷയുടെ കാലാവധി അവസാനിച്ചിട്ടും യഥാസമയം പുതുക്കാത്ത സാഹചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര പേർക്കാണ് പ്രസ്തുത പരിരക്ഷ നഷ്ടമാകുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് വന്യമൃഗ ആക്രമണങ്ങൾക്ക് ഇരയാകുന്ന പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ഇൻഷ്വറൻസ് പദ്ധതിയുടെ കാലാവധി 25.09.2021 വരെയാണ്. വനത്തിനുള്ളിലും വനാതിർത്തികളിലും താമസിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കും വനാതിർത്തിയോടുചേർന്ന് താമസിക്കുന്ന മറ്റു വിഭാഗത്തിൽപ്പെട്ട വനാശ്രിതരും ഉൾപ്പെടെയുള്ള 18750 പേർക്കുള്ള അപകട ഇൻഷ്വറൻസ് പരിരക്ഷയുടെ പ്രൊപ്പോസലാണ് യുണൈറ്റഡ് ഇൻഷ്വറൻസ് കമ്പനി വനം വകുപ്പിന് സമർപ്പിച്ചിട്ടുള്ളത്. ആയത് പുതുക്കി നൽകുന്നതിനുള്ള പ്രൊപ്പോസൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഇ&റ്റിഡബ്ല്യൂ)-വിൽ നിന്ന് സർക്കാരിന് ലഭിക്കുകയും 20.01.2022-ന് വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേരുകയും യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്.

(ബി) പ്രസ്തുത പരിരക്ഷയ്ക്കായി എത്ര തുകയാണ് പ്രീമിയമായി സർക്കാർ ഒടുക്കിവരുന്നതെന്നും ഒരു വ്യക്തിക്ക് എത്ര തുകയാണ് പ്രീമിയമായി

ഒടുക്കേണ്ടതെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

കഴിഞ്ഞ അഞ്ച് വർഷത്തെ പ്രീമിയമായി സർക്കാർ ഒടുക്കിയ തുകയുടെ വിശദവിവരങ്ങൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

(സി) പ്രസ്തുത ഇൻഷ്വറൻസ്പ്രകാരം എന്തെല്ലാം പരിരക്ഷയാണ് വ്യക്തികൾക്കും കുടുംബങ്ങൾക്കും ഉറപ്പുവരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

1. വനങ്ങളിലും വനാതിർത്തികളിലും താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് വന്യജീവി ആക്രമണംമൂലം മരണമോ പൂർണ്ണമായ അംഗവൈകല്യമോ, വാഹന അപകടം, മണ്ണിടിച്ചിൽ, വൈദ്യുതാഘാതം, പാമ്പുകടിയേറ്റുണ്ടാകുന്ന മരണം, മുങ്ങിമരണം, ഇടിമിന്നലേറ്റുള്ള മരണം എന്നിവ സംഭവിക്കുകയോ ചെയ്യുന്നപക്ഷം ഒരു ലക്ഷം രൂപയും ആശുപത്രി ചെലവിനായി അയ്യായിരം രൂപയും ഇൻഷ്വറൻസ് പരിരക്ഷയായി നൽകി വരുന്നു. കൂടാതെ ആശുപത്രിയിലേയ്ക്കുള്ള യാത്രാച്ചെലവുകൾക്കായി ആയിരം രൂപയും നൽകുന്നുണ്ട്. പ്രകൃതി ദുരന്തം, കാട്ടുമൃഗങ്ങളുടെ ആക്രമണം എന്നിവ കാരണം പാർപ്പിടം നഷ്ടപ്പെട്ട് വനത്തിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് പ്രതിവർഷം അയ്യായിരം രൂപയുടെ ഇൻഷ്വറൻസ് പരിരക്ഷയും നൽകുന്നുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2. വനാതിർത്തിയിൽ താമസിക്കുന്ന പട്ടികജാതിക്കാരുൾപ്പെടെ മറ്റു വിഭാഗക്കാർക്കും ഈ ഇൻഷ്വറൻസ് പരിരക്ഷയുടെ പ്രയോജനം ലഭിക്കുന്നുണ്ട്. വന്യജീവി ആക്രമണംമൂലം അപകടമരണം, പൂർണ്ണമായ അംഗവൈകല്യം എന്നിവയ്ക്ക് ഒരു ലക്ഷം രൂപയും ആശുപത്രിച്ചെലവിന് അയ്യായിരം രൂപയും നൽകിവരുന്നു. ഇത് ഒരു വർഷം പരമാവധി അഞ്ച് ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്.

**വന്യമൃഗങ്ങളുടെ ശല്യം പരിഹരിക്കാൻ**

175(908) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ, വിശിഷ്യ തൃക്കരിപ്പൂർ മണ്ഡലത്തിലെ മലയോര മേഖലകളിൽ വ്യാപകമായിട്ടുള്ള കാട്ടാന ഉൾപ്പെടെയുള്ള വന്യമൃഗങ്ങളുടെ ശല്യം പരിഹരിക്കാൻ വനം വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

കാസർഗോഡ് ഡിവിഷനുകീഴിൽ മൊത്തം 51.7 കിലോമീറ്റർ സൗരോർജ്ജവേലി നിലവിലുണ്ട്. ആയതിൽ തൃക്കരിപ്പൂർ മണ്ഡലമുൾപ്പെട്ട കാഞ്ഞങ്ങാട് റേഞ്ചിനുകീഴിൽ 23.5 കിലോമീറ്റർ സൗരോർജ്ജവേലി

നിർമ്മിച്ചിട്ടുണ്ട്. തൃക്കരിപ്പൂർ മണ്ഡലത്തിൽ മാത്രം പാലാവയൽ മുതൽ മീനഞ്ചേരിവരെ 5.5 കിലോമീറ്റർ സൗരോർജ്ജവേലിയും അത്തിയടുക്കം ഭാഗത്ത് 2.200 കിലോമീറ്റർ സൗരോർജ്ജവേലിയുംകൂടി ആകെ 7.700 കിലോമീറ്റർ സൗരോർജ്ജവേലി നിർമ്മിച്ചിട്ടുണ്ട്. കാട്ടാനശല്യം രൂക്ഷമായ തൃക്കരിപ്പൂർ മണ്ഡലത്തിലെ പാലാവയൽ, അത്തിയടുക്കം ഭാഗങ്ങളിൽ ആനയെ ഓടിക്കാൻ താൽക്കാലിക വാച്ചർമാരെ നിയമിച്ചിട്ടുണ്ട്. കാട്ടാനകളെ ഓടിക്കുന്നതിനാവശ്യമായ സാമഗ്രികൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കാഞ്ഞങ്ങാട് റേഞ്ചിൽ ആന ഉൾപ്പെടെയുള്ള വന്യജീവികളുടെ ആക്രമണം തടയുന്നതിനായി 36 കിലോമീറ്റർ തൂക്കുവേലി നിർമ്മിക്കുന്നതിനുള്ള പദ്ധതി കാസർഗോഡ് വികസന പാക്കേജിലുൾപ്പെടുത്തി അംഗീകാരം നേടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ആയതിൽ മീനഞ്ചേരി മുതൽ വായ്ക്കാനം വരെ 3 കിലോമീറ്ററും പാലാവയൽ ടൗണിൽ ഒരു കിലോമീറ്ററും നിർമ്മിക്കുന്ന തൂക്കുവേലി തൃക്കരിപ്പൂർ മണ്ഡലത്തിൽ ഉൾപ്പെടുന്നതാണ്.

(ബി) 2020-21 വർഷങ്ങളിൽ വനം മന്ത്രിയുടെയും ഉന്നത ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ നടത്തിയ യോഗതീരുമാനങ്ങളുടെ ഭാഗമായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയതെന്ന്

വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ കാറഡുക്ക, മുളേളരിയ, പാണ്ടി, പാണത്തൂർ, കോട്ടഞ്ചേരി, അത്തിയടുക്കം, പാലാവയൽ എന്നിവിടങ്ങളിൽ മനുഷ്യ-വന്യജീവി സംഘർഷം വർദ്ധിക്കാനുള്ള പ്രധാന കാരണം കർണ്ണാടക വനത്തിൽനിന്നും വരുന്ന കാട്ടാനകളാണ്. 2020 വർഷത്തിൽ മുളേളരിയയിലെ കാട്ടാനകളെ കർണ്ണാടക വനത്തിലേയ്ക്ക് ഓടിക്കാൻ ഓപ്പറേഷൻ ഗജ നടത്തിയിരുന്നു. തുടർന്നും കർണ്ണാടക അതിർത്തിയിൽ നിന്നും കേരളത്തിലെ ജനവാസകേന്ദ്രങ്ങളിൽ ഇറങ്ങി ജീവനും സ്വത്തിനും ഭീഷണി സൃഷ്ടിക്കുന്നതിനാൽ ഈ വിഷയം അടിയന്തര ശ്രദ്ധ പതിപ്പിച്ച് നിയന്ത്രിക്കേണ്ടതുണ്ട്. ആയതുപ്രകാരം മംഗലാപുരം ഫോറസ്റ്റ് ഡിവിഷൻ ഉദ്യോഗസ്ഥരുടെയും തലക്കാവേരി സങ്കേതം ഉദ്യോഗസ്ഥരുടെയും ഒരു യോഗം 11.09.2021-ൽ കൂടുകയും കർണ്ണാടകത്തിൽനിന്നും അതിർത്തി വഴി കേരളത്തിലേയ്ക്കിറങ്ങുന്ന കാട്ടാനകളെ തടയുന്നതിന് നടപടി സ്വീകരിക്കുമെന്ന് ഉറപ്പുനൽകുകയും ചെയ്തിരുന്നു. കാട്ടാന ആക്രമണം രൂക്ഷമാകുന്നത് കണക്കിലെടുത്ത് കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് മുൻകയ്യെടുത്ത് കാട്ടാന ആക്രമണം തടയുന്നതിന് പഞ്ചായത്ത് ഫണ്ട് വകയിരുത്തുകയും ഇതുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുന്നതിന്

14.09.2021-ന് വനം വകുപ്പിന്റെയും ദേലംപാടി, കാറഡുക്ക, മുളിയാർ, ബേഡഡുക്ക, കുറ്റിക്കോൽ പഞ്ചായത്ത് പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട് എന്നിവരുടെ യോഗം വനം വകുപ്പ് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ നടത്തുകയും അടിയന്തരമായി വനം വകുപ്പ് ഉദ്യോഗസ്ഥരെയും പ്രദേശവാസികളെയും ഉൾപ്പെടുത്തി ദ്രുതകർമ്മസേന ഉണ്ടാക്കി ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങിയ കാട്ടാനകളെ തുരത്തുന്നതിന് ഫണ്ട് അനുവദിക്കുന്നതിനുള്ള തീരുമാനം യോഗത്തിൽ എടുക്കുകയുമുണ്ടായി. ഇതിലേയ്ക്കായി അടിയന്തരമായി 30 ലക്ഷം രൂപ കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് വനം വകുപ്പിന് കൈമാറിയിട്ടുണ്ട്. കാട്ടാനകളെ തുരത്തുന്നതിന് യോഗ്യരായ കാര്യക്ഷമതയുള്ള തദ്ദേശീയ ആളുകളെ തിരഞ്ഞെടുത്ത് ഒരു ദ്രുതകർമ്മ സേന രൂപീകരിച്ച് കാട്ടാനകളെ അതിന്റെ ആവാസ വ്യവസ്ഥയിലേയ്ക്ക് തിരികെ എത്തിക്കുന്നതിന് ശ്രമിച്ചുവരുന്നുണ്ട്. ആയതിനാൽ ഓപ്പറേഷൻ ഗജ 2-ന്റെ ആവശ്യം നിലവിൽ അത്യാവശ്യമായി വരുന്നില്ല. കാസർഗോഡ് ജില്ലാ വികസന സമിതി യോഗത്തിൽ വന്യജീവി ആക്രമണങ്ങൾ തടയുന്നതിനുള്ള വിവിധ പ്രതിരോധമാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതിന് കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ച നടപടികൾ മറ്റു പഞ്ചായത്തുകളും സ്വീകരിക്കുന്നതിനും ആവശ്യമായ തുക

വകയിരുത്തുന്നതിനും തീരുമാനിക്കുകയുണ്ടായി. വന്യജീവി ആക്രമണം തടയുന്നതിനുള്ള വിവിധ പദ്ധതികൾക്ക് ഫണ്ട് ലഭ്യമാക്കാൻ ഈ പദ്ധതികൾ കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കുന്നതിന് കാസർഗോഡ് വികസന പാക്കേജ്, സ്പെഷ്യൽ ഓഫീസർക്ക് നിർദ്ദേശം നൽകേണ്ടതായിട്ടുണ്ട്. ആയതിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതാണ്. വന്യമൃഗ ആക്രമണം രൂക്ഷമായ കാറഡുക്ക പ്രദേശത്ത് 29 കിലോമീറ്റർ തൂക്കുവേലി നിർമ്മിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് 3.21 കോടി രൂപ വകയിരുത്തുകയും പദ്ധതി പൂർത്തീകരിക്കുന്നതിനായി കേരള പോലീസ് ഹൗസിംഗ് കോർപ്പറേഷനെ തെരഞ്ഞെടുക്കുകയും കെ.പി.എച്ച്.സി പദ്ധതിയുടെ ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ വെടിവയ്ക്കുന്നതുമായി ബന്ധപ്പെട്ട് കാസർഗോഡ് ഡിവിഷനിൽനിന്നും ഇതുവരെയായി 50 പേരെ എംപാനൽ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുവരെയായി 41 കാട്ടുപന്നികളെ വെടിവച്ച് കൊന്നിട്ടുണ്ട്. മനുഷ്യ- വന്യജീവി സംഘർഷംമൂലം നാശനഷ്ടം സംഭവിക്കുന്ന വ്യക്തികൾക്ക് അർഹമായ നഷ്ടപരിഹാരം കൊടുത്തുവരുന്നുണ്ട്. കാസർഗോഡ് ഡിവിഷനു കീഴിൽ ആർ.ആർ.ടി.-യുടെ സേവനം പരമാവധി

പ്രയോജനപ്പെടുത്തിക്കൊണ്ട് നാട്ടിലേയ്ക്കിറങ്ങുന്ന വന്യജീവികളെ കാട്ടിലേയ്ക്കുതന്നെ തിരികെ വിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**കോഴിക്കോട് ജില്ലയിലെ കാട്ടുപന്നി അതിക്രമം**

176(909) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കാട്ടുപന്നികളുടെ ശല്യം കാരണം ഹോട്ട്സ്പോട്ടായി പ്രഖ്യാപിച്ച വില്ലേജുകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ?

കാട്ടുപന്നികളുടെ ശല്യവും കൃഷിനാശവും ഏറ്റവും കൂടുതൽ റിപ്പോർട്ട് ചെയ്യപ്പെട്ട പ്രദേശങ്ങളുടെ ലിസ്റ്റ് വില്ലേജ് അടിസ്ഥാനത്തിൽ വിവിധ സർക്കിളുകളിൽ തയ്യാറാക്കിയിട്ടുള്ളതും ആയതുപ്രകാരം സംസ്ഥാനത്ത് കാട്ടുപന്നി ആക്രമണം രൂക്ഷമായ പ്രദേശങ്ങളുടെ ലിസ്റ്റ് സംസ്ഥാന സർക്കാർ 8.02.2022-ന് കേന്ദ്രസർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുള്ളതുമാണ്. പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള കോഴിക്കോട് ജില്ലയിലെ 33 വില്ലേജുകളുടെ ലിസ്റ്റ് അനുബന്ധമായി+ ചേർക്കുന്നു.

(ബി) കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിനുവേണ്ടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേന്ദ്ര സർക്കാരിൽ ഏതൊക്കെ രീതിയിലുള്ള ഇടപെടലുകളാണ് നടത്തിവരുന്നതെന്ന് വ്യക്തമാക്കാമോ?

വന്യജീവി (സംരക്ഷണം) നിയമം 1972 സെക്ഷൻ 62 പ്രകാരം കാട്ടുപന്നിയെ വെർമിനായി പ്രഖ്യാപിക്കുന്നതിനുള്ള അധികാരം കേന്ദ്രസർക്കാരിൽ നിക്ഷിപ്തമാണ്. ഷെഡ്യൂൾ III-ൽ ഉൾപ്പെട്ട കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് 01.11.2020-ൽ ഡി2/126/2020/വനം നമ്പർ സർക്കാർ കത്തുപ്രകാരം അപേക്ഷ നൽകിയിരുന്നു. 1972-ലെ വന്യജീവി (സംരക്ഷണം) നിയമത്തിന്റെ 11 (1) (ബി) വകുപ്പുപ്രകാരമുള്ള നടപടികൾ സ്വീകരിക്കാനും പ്രശ്നക്കാരായ കാട്ടുപന്നികളുടെ കാര്യത്തിൽ പഞ്ചായത്തിരാജ് സ്ഥാപനങ്ങളുടെ സേവനങ്ങൾ ഉപയോഗിക്കാനുള്ള സാധ്യത പരിഗണിക്കുവാൻ നിർദ്ദേശിച്ചുകൊണ്ടും കേന്ദ്രസർക്കാർ, 10.12.2020-ലെ എഫ്.നം. 8-31/2020-ഡബ്ല്യൂ.എൽ, കത്ത് പ്രകാരം സംസ്ഥാന സർക്കാരിന്റെ അപേക്ഷ മടക്കി നൽകിയിരുന്നു. പഞ്ചായത്തുകളുടെ സേവനം ഉപയോഗിച്ച് 1972-ലെ വന്യജീവി (സംരക്ഷണം) നിയമത്തിന്റെ 11 (1) (ബി) വകുപ്പുപ്രകാരമുള്ള നടപടികൾ സംസ്ഥാന സർക്കാർ എടുത്തുവന്നിരുന്നുവെങ്കിലും കാട്ടുപന്നി പ്രശ്നത്തിൽ

കാര്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ലെന്ന് വ്യക്തമാക്കി കാട്ടുപന്നികളെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുന്നതിനുള്ള അപേക്ഷ പുന:പരിശോധിക്കണമെന്നാവശ്യപ്പെട്ട് വീണ്ടും 17.06.2021-ന് ഡി2/126/2020/വനം നമ്പർ പ്രകാരം സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് കത്ത് നൽകുകയുണ്ടായി. തുടർന്ന് മനുഷ്യ-വന്യജീവി സംഘർഷം കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട് 2011 മുതൽ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികളെയും 06.02.2021-ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച അഡ്വൈസറിയിന്മേൽ സ്വീകരിച്ച നടപടികളെയും സംബന്ധിച്ച് 08.07.2021-ലെ F.No. 831/2020 WL നമ്പർ കത്ത് മുഖാന്തരം കേന്ദ്രസർക്കാർ വിവരങ്ങൾ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി. ആയതിനുള്ള മറുപടി 17.11.2021-ലെ ഡി2/126/2020/വനം നമ്പർ കത്തുപ്രകാരം സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് നൽകിയിട്ടുണ്ട്. കൂടാതെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 06.02.2021-ലെ അഡ്വൈസറിയുടെ അടിസ്ഥാനത്തിൽ ഇന്റർ ഡിപ്പാർട്ടുമെന്റൽ കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിച്ച് 09.12.2021-ലെ സ.ഉ. (ആർ.റ്റി.) നം. 402/2021/വനം പ്രകാരം സംസ്ഥാന സർക്കാർ

ഉത്തരവായിട്ടുള്ളതാണ്. കൃഷിഭൂമികളിൽ നാശംവരുത്തുന്ന കാട്ടുപന്നികളെ വെർമിനായി പ്രഖ്യാപിക്കണമെന്ന അപേക്ഷ സംബന്ധിച്ച് 21-11-2021-ന് വനം വകുപ്പുമന്ത്രി, കേന്ദ്രമന്ത്രിയുമായി നേരിട്ട് ചർച്ച നടത്തിയതിനുശേഷം കാട്ടുപന്നികളെ 'വെർമിൻ' ആയി പ്രഖ്യാപിക്കുന്നതിനുവേണ്ടി കാട്ടുപന്നിയുടെ ആക്രമണം രൂക്ഷമായ പ്രദേശങ്ങൾ വില്ലേജ് അടിസ്ഥാനത്തിൽ തയ്യാറാക്കി 08.02.2022-ൽ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളതുമാണ്.

**വന്യമൃഗ അക്രമങ്ങൾ തടയുന്നതിനായി നിലവിലുള്ള സംവിധാനം**

177(910) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യമൃഗങ്ങളുടെ ആക്രമണങ്ങൾക്ക് ഇരയാകുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നതായി പരിശോധിച്ചിട്ടുണ്ടോ; കണക്കുകൾ ലഭ്യമാക്കാമോ?

പരിശോധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വന്യജീവികളുടെ ആക്രമണംമൂലം ഉണ്ടായിട്ടുള്ള മരണം, പരിക്കുകൾ, കന്നുകാലി നഷ്ടം, കൃഷി നഷ്ടം എന്നിവയ്ക്കുവേണ്ടി ലഭിച്ചിട്ടുള്ള മൊത്തം അപേക്ഷകളുടെ എണ്ണം

പരിശോധിച്ചതിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് 2020-21 കാലഘട്ടത്തിൽ അപേക്ഷകളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവുണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഓരോ വർഷവും ലഭിച്ച അപേക്ഷകളുടെ കണക്കുകൾ അനുബന്ധം-1+ ൽ ചേർക്കുന്നു.

(ബി) വന്യമൃഗ ആക്രമണങ്ങൾ തടയുന്നതിന് നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ പുതുതായി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

മനുഷ്യ - വന്യജീവി സംഘർഷം ലഘൂകരിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിന്റെ 06.02.2021-ലെ F.No.8-60/20 WL (Part I) അഡ്വൈസറിയുടെ അടിസ്ഥാനത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ മനുഷ്യ-വന്യജീവി സംഘർഷം ഫലപ്രദമായി നേരിടുന്നതിനുവേണ്ടി കോ-ഓർഡിനേഷൻ കമ്മിറ്റികൾ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും രൂപീകരിച്ച് 09.12.2021-ലെ സ.ഉ. (സാധാ) നം. 402/2021/വനം പ്രകാരം ഉത്തരവായിട്ടുള്ളതാണ്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി 620 കോടി രൂപയുടെ 5 വർഷത്തേയ്ക്കുള്ള ഒരു ബൃഹത്പദ്ധതി തയ്യാറാക്കി പ്രിൻസിപ്പൽ ചീഫ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ സർക്കാരിന് സമർപ്പിച്ച പദ്ധതിയെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 10.01.2022-ൽ യോഗം ചേർന്നിട്ടുള്ളതും തുടർനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. മനുഷ്യ-വന്യജീവി സംഘർഷം അടുത്ത 10 വർഷത്തേയ്ക്ക് ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനാവശ്യമായ 1150 കോടി രൂപയുടെ ഒരു പദ്ധതിയും പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ സംസ്ഥാന പ്ലാനിംഗ് ബോർഡിന് 25.01.2021-ന് സമർപ്പിച്ചിട്ടുണ്ട്. അടുത്തിടെയായി പഞ്ചായത്തുകളുടെ ഫണ്ടുകളും എം.എൽ.എ. ഫണ്ടും വന്യമൃഗനാശങ്ങൾ പ്രതിരോധിക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ ജില്ലാ-ബ്ലോക്ക്-ഗ്രാമപഞ്ചായത്തുകൾ 3.2 കോടി രൂപ അനുദിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ ജില്ലാ-ബ്ലോക്ക്-ഗ്രാമ പഞ്ചായത്തുകൾ 55 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. സുൽത്താൻബത്തേരി എം.എൽ.എ. 1 കോടി രൂപയും കൽപ്പറ്റ എം.എൽ.എ. 20 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ട്.

(സി) നിലവിൽ അക്രമങ്ങൾ തടയുന്നതിനായി ജാഗ്രതാ സമിതികൾ

രൂപീകരിച്ചിട്ടുണ്ടോ; കണക്കുകൾ ലഭ്യമാക്കാമോ; പ്രസ്തുത ജാഗ്രതാ സമിതികളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

രൂപീകരിച്ചിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് വനാതിർത്തി പങ്കിടുന്ന പഞ്ചായത്തുകളിൽ തദ്ദേശീയരും ജനപ്രതിനിധികളും വനഉദ്യോഗസ്ഥരും ചേർന്നുള്ള ജനജാഗ്രതാ സമിതികൾ 07.02.2017-ലെ സ.ഉ. (സാധാ) നം. 51/2017/വനം പ്രകാരം രൂപീകരിച്ച് 2017 മുതൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്/ മുനിസിപ്പൽ ചെയർപേഴ്സൺ അദ്ധ്യക്ഷനും ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ്/മുനിസിപ്പൽ വൈസ് ചെയർപേഴ്സൺ ഉപാദ്ധ്യക്ഷനും ജില്ലാപഞ്ചായത്ത് മെമ്പർ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ എന്നിവർ അംഗങ്ങളുമായ 261 ജനജാഗ്രതാ സമിതികൾ നിലവിൽ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 204 ജനജാഗ്രതാ സമിതികൾ നിലവിലുണ്ടായിരുന്നു. ജനജാഗ്രതാ സമിതികൾക്ക് മനുഷ്യ-വന്യജീവി സംഘർഷം കുറയ്ക്കുന്നതിനുള്ള ഉത്തരവാദിത്വങ്ങളും കടമകളും ചുവടെ ചേർക്കുന്നു:

വന്യജീവി ആക്രമണമുണ്ടാകുന്ന മേഖലകളിൽ വനം വകുപ്പിന്റെ ജനകീയ മുഖമായി പ്രവർത്തിച്ച് ജനങ്ങളെ സഹായിക്കുക, പ്രദേശത്തിന്

ഏറ്റവും യോജിച്ച പ്രതിരോധമാർഗ്ഗങ്ങളെക്കുറിച്ച് വനം വകുപ്പിനെ അറിയിക്കുക, മൂന്ന് മാസത്തിലൊരിക്കൽ യോഗംകൂടി വേണ്ട ശിപാർശകൾ വനം വകുപ്പ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകുക, നിലവിൽ നിർമ്മിച്ചിട്ടുള്ള ഫെൻസിംഗ് ഉൾപ്പെടെയുള്ള പ്രതിരോധമാർഗ്ഗങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ആ വിവരം ബന്ധപ്പെട്ട റേഞ്ച് ഫോറസ്റ്റ് ഓഫീസറെ അറിയിക്കുകയും കമ്മറ്റിയിൽ ചർച്ചചെയ്ത് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക, വന്യജീവി ആക്രമണം ഉണ്ടാകുന്നപക്ഷം സ്ഥലത്തെത്തി വേണ്ട നടപടികൾ സ്വീകരിക്കാൻ വനം വകുപ്പിനെ സഹായിക്കുക, വനാതിർത്തി പങ്കിടുന്ന മേഖലകളിൽ വന്യജീവികളെ ആകർഷിക്കാത്തതരത്തിലുള്ള കൃഷി ചെയ്യുന്നതിന് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്ന വകുപ്പിന്റെ നടപടികളിൽ പങ്കാളികളാകുക, വന്യജീവികൾ കാടിന് പുറത്തേയ്ക്കുവരുന്നത് തദ്ദേശവാസികളെ മുൻകൂട്ടി അറിയിക്കുന്നതിനുള്ള എസ്.എം.എസ്., അലർട്ട് സിസ്റ്റം തുടങ്ങിയ സംവിധാനങ്ങളുടെ പ്രവർത്തനക്ഷമത ഉറപ്പുവരുത്തുക. സർക്കിൾ തിരിച്ചുള്ള കണക്ക് അനുബന്ധം-2+ ൽ ചേർക്കുന്നു.

**പട്ടാമ്പി പ്രാദേശിക കാർഷിക കേന്ദ്രത്തിൽ കാട്ടുപന്നി ശല്യം**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

178(911) <u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി പ്രാദേശിക കാർഷിക കേന്ദ്രത്തിൽ കാട്ടുപന്നികൾമൂലം ഗവേഷണങ്ങൾക്ക് ബുദ്ധിമുട്ടുകൾ നേരിടുന്നുവെന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേരളത്തിലെ നെൽകൃഷിക്കാർ നെൽവിത്തിനായി ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന ഈ ഗവേഷണ കേന്ദ്രത്തിൽ കാട്ടുപന്നികളുടെ ആക്രമണം വിത്തുകളുടെ ലഭ്യത കുറയ്ക്കുന്ന സാഹചര്യത്തിൽ കാട്ടുപന്നികളെ നിയന്ത്രിക്കുന്നതിന് സർക്കാർ അടിയന്തരമായി നടപടികൾ സ്വീകരിക്കുമോ?

സംസ്ഥാനത്ത് കാട്ടുപന്നി അടക്കമുള്ള വന്യമൃഗങ്ങളുടെ ശല്യം രൂക്ഷമായതിനെത്തുടർന്ന് ഇതുസംബന്ധിച്ച് പഠനം നടത്തുന്നതിനും ഇത് പരിഹരിക്കുന്നതിനുമായി ഹ്രസ്വകാല പദ്ധതികളും ദീർഘകാല പദ്ധതികളും നിർദ്ദേശിക്കുന്നതിനായി ഒരു കമ്മിറ്റി രൂപീകരിച്ചുകൊണ്ട് സർക്കാർ 01-02-2011-ലെ ജി.ഒ(എം.എസ്) 04/2011/വനം പ്രകാരം ഉത്തരവായിരുന്നു.

പ്രസ്തുത കമ്മിറ്റിയുടെ 03-05-2011-ലെ ശിപാർശയുടെ അടിസ്ഥാനത്തിൽ നാശംവരുത്തുന്ന കാട്ടുപന്നികളെ നിർദ്ദിഷ്ട വനം അധികാരിയുടെ അനുമതിയോടെ വെടിവച്ച് കൊല്ലുന്നതിന് കർഷകർക്ക് അനുവാദം നൽകിക്കൊണ്ട് 17-06-2011-ലെ സ.ഉ (സാധാ)നം.265/2011/വനം പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ഈ ഉത്തരവ് ഭേദഗതികളോടെ തുടർവർഷങ്ങളിൽ പുതുക്കുകയും ആയതിന്റെ നിലവിലെ കാലാവധി 29.05.2021-ലെ സ.ഉ. (സാധാ) നം. 159/2021/വനം പ്രകാരം 17.05.2022 വരെ ദീർഘിപ്പിച്ചിട്ടുമുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ഒറ്റപ്പാലം റേഞ്ച് പരിധിയിൽവരുന്ന തോക്ക് ലൈസൻസുള്ള 11 പേരെ എംപാനലിൽ ഉൾപ്പെടുത്തുകയും ഒറ്റപ്പാലം റേഞ്ച് പരിധിയിൽ നാളിതുവരെ 207 കാട്ടുപന്നികളെ വെടിവച്ച് കൊല്ലുകയും ചെയ്തിട്ടുണ്ട്. പട്ടാമ്പി കാർഷിക കേന്ദ്രത്തിൽ ഇതുവരെയായി 50-ഓളം കാട്ടുപന്നികളെ വെടിവച്ചുകൊന്നിട്ടുണ്ട്. ടി പ്രവൃത്തി ത്വരിതഗതിയിൽ തുടരുന്നതിനും കാട്ടുപന്നികളുടെ ശല്യം ഇല്ലാതാക്കുന്നതിനുമാവശ്യമായ അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**ആറളം മേഖലയിലെ രൂക്ഷമായ കാട്ടാനശല്യം**

179(912) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ആറളം ഫാമിൽ കാട്ടാന ആക്രമണത്തിൽ കൊല്ലപ്പെട്ട മട്ടന്നൂർ പാണലാട് സ്വദേശി ശ്രീ. റിജേഷിന്റെ കുടുംബത്തിന് ധനസഹായം അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ആറളം ഫാമിൽ കാട്ടാന ആക്രമണത്തിൽ കൊല്ലപ്പെട്ട മട്ടന്നൂർ പാണലാട് സ്വദേശി ശ്രീ. റിജേഷിന്റെ കുടുംബത്തിന് അടിയന്തര ധനസഹായമായി 5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. മരണപ്പെട്ട റിജേഷിന്റെ ആശ്രിതരിൽനിന്നും ഇ-ഡിസ്ട്രിക്ട് വഴിയുള്ള അപേക്ഷയും അനന്തരാവകാശ സർട്ടിഫിക്കറ്റും ലഭിക്കുന്ന മുറയ്ക്ക് അവശേഷിക്കുന്ന 5 ലക്ഷം രൂപയും അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) ആറളം മേഖലയിലെ രൂക്ഷമായ കാട്ടാനശല്യം നേരിടുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ആറളം ഫാം മേഖലയിലേയ്ക്ക് വന്യജീവി സങ്കേതത്തിലൂടെ ആനകൾ വരുന്നത് തടയുന്നതിനായി എലിഫന്റ് പ്രൂഫ് വാൾ-5.065 കി.മീ, എലിഫന്റ് പ്രൂഫ് ട്രഞ്ച്-3.55 കി.മീ, സ്റ്റീൽ ഫെൻസിംഗ്-1.88 കി.മീ, സോളാർ ഫെൻസിംഗ്-10 കി.മീ എന്നിവ വന്യജീവി സങ്കേതത്തിനും ആറളം ഫാം

പുനരധിവാസ മേഖലയ്ക്കും ഇടയിൽ നിർമ്മിക്കുകയും കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ ആർ.ആർ.ടി, കൊട്ടിയൂർ റേഞ്ച് സ്റ്റാഫ്, വന്യജീവി സങ്കേതം സ്റ്റാഫ് എന്നിവരുടെ രാത്രിയും പകലുമുള്ള പട്രോളിംഗിലൂടെ ഫാമിലും പുനരധിവാസ മേഖലയിലും ഇറങ്ങുന്ന കാട്ടാനകളെ സങ്കേതത്തിലേയ്ക്ക് തിരികെ ഓടിച്ച് കയറ്റുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

**കാസർഗോഡ് ഫോറസ്റ്റ് റേഞ്ചിൽ കാട്ടാനശല്യം തടയുന്നതിന് പുതിയ പദ്ധതി**

180(913) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഫോറസ്റ്റ് റേഞ്ചിൽ കാട്ടാനശല്യം തടയുന്നതിന് പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉണ്ട്. കാസർഗോഡ് റേഞ്ച് പരിധിയിൽ കാട്ടാനശല്യം തടയുന്നതിന് കാറഡുക്ക ആനപ്രതിരോധ പദ്ധതി (KAPP-21) എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതിയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:

കാസർഗോഡ് ജില്ലയിലെ കാറഡുക്ക ബ്ലോക്കിനുകീഴിലുള്ള ദേലംപാടി,

കാറഡുക്ക, മുളിയാർ, ബേഡഡുക്ക, കുറ്റിക്കോൽ പഞ്ചായത്തുകളിൽ രൂക്ഷമായ ആനശല്യമാണ് 2008 മുതൽ അനുഭവപ്പെടുന്നത്. വ്യാപകമായ കൃഷിനാശങ്ങൾ ഇതുമൂലം ഉണ്ടാവുകയും പ്രദേശവാസികൾ കഷ്ടത അനുഭവിക്കുകയും ചെയ്യുന്നു. കാട്ടാനക്കൂട്ടങ്ങൾ 30 കിലോമീറ്റർ ദൂരത്തിൽ കർണ്ണാടക അതിർത്തിയിൽനിന്ന് കേരളത്തിലെ ജനവാസകേന്ദ്രങ്ങളിൽ ഇറങ്ങി ജീവനും സ്വത്തിനും ഭീഷണി സൃഷ്ടിച്ചിരിക്കുകയാണ്. ഈ സന്നിദ്ധഘട്ടത്തിൽ വനം വകുപ്പിന്റെ നിലവിലെ സ്റ്റാഫിനെ ഉപയോഗിച്ച് ഈ ആക്രമണങ്ങൾ ഒഴിവാക്കുന്നതിന് സാധിക്കാതെ വന്നിരിക്കുകയാണ്. വനം വകുപ്പ് കഴിഞ്ഞ കുറെ ദിവസങ്ങളായി നടത്തുന്ന പരിശ്രമങ്ങളിലൂടെ കാട്ടാനകളെ പൂർണ്ണമായും തുരത്തുന്നതിന് സാധിച്ചിരുന്നില്ല. സ്റ്റാഫിന്റെ കുറവും വാഹനങ്ങളുടെ അപര്യാപ്തതയും കാട്ടാനകളെ തുരത്തുന്നതിനുള്ള സാമഗ്രികളുടെ കുറവും ഈ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങളാണ്. ഈ അടിയന്തര സാഹചര്യം കണക്കിലെടുത്ത് കാട്ടാന ആക്രമണം തടയുന്നതിന് 14.09.2021-ന് വനം വകുപ്പിന്റെയും ദേലംപാടി, കാറഡുക്ക, മുളിയാർ, ബേഡഡുക്ക, കുറ്റിക്കോൽ പഞ്ചായത്ത് പ്രസിഡണ്ട്, വൈസ് പ്രസിഡണ്ട് എന്നിവരുടെ യോഗം കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് മുമ്പാകെ നടത്തുകയും അടിയന്തരമായി വനം വകുപ്പ്

ഉദ്യോഗസ്ഥരെയും പ്രദേശവാസികളെയും ഉൾപ്പെടുത്തി ദ്രുതകർമ്മസേന ഉണ്ടാക്കി ജനവാസ കേന്ദ്രങ്ങളിലേയ്ക്കിറങ്ങിയ കാട്ടാനകളെ തുരത്തുന്നതിനും ആനപ്രതിരോധ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനും ഫണ്ട് അനുവദിക്കുന്നതിനുമുള്ള തീരുമാനം യോഗത്തിൽ എടുക്കുകയുമുണ്ടായി. കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് ഇതിനായി ഫണ്ട് വകയിരുത്തുകയുണ്ടായി. ഇതോടനുബന്ധിച്ച് കാസർഗോഡ് ജില്ലയിൽ കാറഡുക്ക ബ്ലോക്ക് പഞ്ചായത്തും വനംവകുപ്പും സംയുക്തമായി കാറഡുക്ക ആനപ്രതിരോധ പദ്ധതി (KAPP-21) എന്ന പേരിൽ ഒരു പദ്ധതി തയ്യാറാക്കുകയും കാറഡുക്ക ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള വനാതിർത്തിയിൽ 29 കിലോമീറ്റർ ഹാംഗിംഗ് ഫെൻസ് (തൂക്കുവേലി), വിവിധ ആനപ്രതിരോധ പ്രവർത്തനങ്ങൾ, ക്യാമ്പ് ഷെഡ്ഡുകൾ, വാച്ച്ടവർ, ആനപ്രതിരോധ വാച്ചർമാർ എന്നിവ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ ഈ പദ്ധതിയിലുൾപ്പെടുത്തുകയും ഈ പദ്ധതി കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി 02.11.2021-ലെ 1(4)2021 നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയുമുണ്ടായി. ഇതുമായി ബന്ധപ്പെട്ട് കാസർഗോഡ് ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ, ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസിയുടെ പേരിൽ യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, ബോവിക്കാനം ബ്രാഞ്ചിൽ ഒരു അക്കൗണ്ട് (അക്കൗണ്ട് നമ്പർ

01692201000167) തുടങ്ങുകയുമുണ്ടായി. ഈ അംഗീകരിച്ച പദ്ധതിയിലേയ്ക്ക് കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് 20 ലക്ഷം രൂപയും കാസർഗോഡ് ജില്ലാ പഞ്ചായത്ത് 10 ലക്ഷം രൂപയും ദേലമ്പാടി ഗ്രാമപഞ്ചായത്ത് 5 ലക്ഷം രൂപയും ബേഡഡുക്ക ഗ്രാമപഞ്ചായത്ത് 5 ലക്ഷം രൂപയും കാസർഗോഡ് എഫ്.ഡി.എ. അക്കൗണ്ടിലേയ്ക്ക് നിക്ഷേപിച്ചിട്ടുണ്ട്. ഇതുവരെ 40 ലക്ഷം രൂപ എഫ്.ഡി.എ. അക്കൗണ്ടിൽ ലഭിച്ചിട്ടുണ്ട്. ഇതിലുൾപ്പെട്ട 29 കിലോമീറ്റർ തൂക്കുവേലിയുടെ പ്രവർത്തനം M/s കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിനെ ഏൽപ്പിക്കാനാണ് ബ്ലോക്ക് പഞ്ചായത്തും വനം വകുപ്പും തീരുമാനമെടുത്തത്. ആയതുപ്രകാരം കാസർഗോഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറും M/s. കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറും സംയുക്തമായി 3.2 കോടി രൂപയ്ക്കുള്ള പ്രവൃത്തികൾക്കായുള്ള MoU ഒപ്പിടുകയും M/s. കേരള പോലീസ് ഹൗസിംഗ് & കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് ഈ പ്രവൃത്തി ഏറ്റെടുത്ത് ടെണ്ടർ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കാട്ടാന ആക്രമണംമൂലം വളരെ ദുരിതം അനുഭവിക്കുന്ന കർഷകർക്ക് ഈ പദ്ധതി വളരെ ആശ്വാസകരമാകും. ഈ

പദ്ധതിയുടെ വിശദവിവരങ്ങൾ അനുബന്ധം 1+-ൽ ചേർത്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്ക് എത്ര രൂപ വേണ്ടിവരും, പദ്ധതി എന്നത്തേയ്ക്ക് യാഥാർത്ഥ്യമാക്കാനാകും തുടങ്ങിയ വിശദാംശങ്ങൾ അറിയിക്കാമോ?

പ്രസ്തുത പദ്ധതി പൂർത്തീകരിക്കുന്നതിനായി 4,11,00,000/- രൂപ പ്രതീക്ഷിക്കുന്നു. 2025-26 സാമ്പത്തിക വർഷത്തിൽ പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**വന്യജീവി - മനുഷ്യ സംഘർഷം**

181(914) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യജീവി - മനുഷ്യ സംഘർഷംമൂലം നിരവധി ആളുകൾക്ക് ജീവഹാനി സംഭവിച്ചതും കൃഷി നാശമുണ്ടായതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഈ പ്രശ്നം അടിയന്തരമായി പരിഹരിക്കുന്നതിനും ജീവഹാനി സംഭവിച്ചവരുടെ കുടുംബങ്ങൾക്കും കർഷകർക്കുണ്ടായ കൃഷി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നാശത്തിനും അർഹമായ നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

നടപടി സ്വീകരിച്ചിട്ടുണ്ട്. താഴെപ്പറയുംപ്രകാരം നിലവിൽ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. 01.04.2000 മുതൽ 31.03.2021 വരെ മരണം, കൃഷിനാശം, പരിക്ക്, കന്നുകാലി നഷ്ടം, വീട് നാശം, വസ്തുവകകളുടെ നാശം എന്നിവയ്ക്ക് 28345 അപേക്ഷകളിലായി 8,41,18,772/- രൂപയുള്ള നഷ്ടപരിഹാരം അംഗീകരിച്ചിട്ടുണ്ട്. നഷ്ടപരിഹാരത്തുക നൽകിവരുന്നു.

(സി) ഇത്തരത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് വനം വകുപ്പ് നൽകുന്ന നഷ്ടപരിഹാരം അപര്യാപ്തമായതിനാൽ, ഉണ്ടാകുന്ന നഷ്ടത്തിന് ആനുപാതികമായ നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകിവരുന്നത് 08.01.2015-ലെ സ.ഉ. (കൈ.) നം 02/2015/വനം, 05.04.2018-ലെ സ.ഉ.(കൈ) നം. 17/2018/വനം എന്നീ ഉത്തരവുകൾ പ്രകാരമാണ്. കണക്കാക്കപ്പെടുന്ന നഷ്ടത്തിന്റെ 100% (ഒരു തവണ പരമാവധി 1 ലക്ഷം രൂപവരെ) ആണ് നഷ്ടപരിഹാരമായി അനുവദിക്കുന്നത്. ഒരു വ്യക്തിക്ക് വർഷത്തിൽ 4 തവണ വരെയാണ് നഷ്ടപരിഹാരത്തിന് അർഹതയുള്ളത്. കൃഷി വകുപ്പിന്റെ വിള

ഇൻഷ്വറൻസ് സ്കീമിൽ ഇൻഷ്വർ ചെയ്യുന്ന കർഷകന് വന്യമൃഗങ്ങൾമൂലമുള്ള കൃഷിനാശത്തിന് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്.

(ഡി) വനത്തിനുള്ളിലെ കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

കേരളത്തിലെ വനങ്ങളിൽ ധാരാളം മനുഷ്യവാസ കേന്ദ്രങ്ങൾ നിലവിലുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം, തുടർച്ചയായി സംഭവിക്കുന്ന പ്രകൃതി ദുരന്തങ്ങൾ, വികസനപ്രവർത്തനങ്ങളുടെ അപര്യാപ്തത തുടങ്ങിയ വിവിധ കാരണങ്ങൾ മുൻനിർത്തി വനത്തിനുള്ളിലെ ഇത്തരം മനുഷ്യവാസ മേഖലകളിൽനിന്നും പുനരധിവാസത്തിനായുള്ള ആവശ്യം ഉയരുന്നുണ്ട്. ഇതിലേയ്ക്കായി പൊതുജനങ്ങളുടെ പൂർണ്ണസമ്മതത്തോടെ അവരുടെ ഭൂമി മതിയായ നഷ്ടപരിഹാരം നൽകി ഏറ്റെടുക്കുന്നതിന് സർക്കാർ റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതി (14.11.2019-ലെ ജി.ഒ. (ആർ.റ്റി) 483/2018/പി&ഇ.എ നമ്പർ ഉത്തരവ്), കിഫ്ബി phase II (23.01.2020-ലെ ജി.ഒ (എം.എസ്) 2/2020/വനം വന്യജീവി, 02.08.2021-ലെ ജി.ഒ (എം.എസ്)നം. 12/2021/വനം വന്യജീവി നമ്പർ ഉത്തരവുകൾ) എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. സ്വയംസന്നദ്ധ പുനരധിവാസത്തിനായി

കേന്ദ്രസർക്കാരിന്റെ ദേശീയ കടുവ സംരക്ഷണ അതോറിറ്റി വിജ്ഞാപനം ചെയ്തിട്ടുള്ളതും കേരളത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ടും ഗുണഭോക്താക്കൾക്ക് ഏറ്റവും ഗുണകരമായ രീതിയിൽ പരിഷ്കരിച്ച ഈ പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. ഇതിന്റെ ഭാഗമായി റീബിൽഡ് കേരള ഡെവലപ്മെന്റ് പദ്ധതിക്കുകീഴിൽ 4 വനം ഡിവിഷനുകളിലെ 22 സെറ്റിൽമെന്റുകളിലായി 677 ആദിവാസി ഇതര കുടുംബങ്ങളുടെയും കിഫ്ബി ഫെയ്സ് II പദ്ധതിയിൽ 3 വനം ഡിവിഷനുകളിലെ 10 സെറ്റിൽമെന്റുകളിലായി 501 ആദിവാസി ഇതര കുടുംബങ്ങളെയും വനത്തിന് പുറത്തേയ്ക്ക് മാറ്റിപ്പാർപ്പിക്കുന്നതാണ് പദ്ധതിയിലൂടെ ലക്ഷ്യമാക്കുന്നത്. കുടുംബമെന്നാൽ ഒരു വ്യക്തി/അവരുടെ ജീവിത പങ്കാളി, പ്രായപൂർത്തിയാകാത്ത മക്കൾ, പ്രായപൂർത്തിയാകാത്ത സഹോദരങ്ങൾ, മാതാപിതാക്കൾ, ഉപജീവനത്തിനായി വ്യക്തിയെ ആശ്രയിച്ച് ഒപ്പം കഴിയുന്ന മറ്റ് ബന്ധുക്കൾ എന്നിവരാണ്. ഒരു കുടുംബത്തിലെതന്നെ താഴെപ്പറയുന്ന അംഗങ്ങളെ (ഇപ്പോൾ ഒന്നിച്ചാണ് താമസിക്കുന്നതെങ്കിലും) പുനരധിവാസത്തിന് 'അർഹരായ പ്രത്യേക കുടുംബമായി' കണക്കാക്കുന്നതാണ്.

1. പ്രായപൂർത്തിയായ മകനോ, മകളോ (18 വയസ്സിന് മുകളിൽ),

വിവാഹിതരോ അല്ലയോ എന്നത് കണക്കിലെടുക്കാതെ.

2. 18 വയസ്സിനുമുകളിൽ പ്രായമുള്ള സഹോദരനോ സഹോദരിയോ.

3. ശാരീരികമായോ മാനസികമായോ വെല്ലുവിളികൾ നേരിടുന്നവർ (പ്രായം കണക്കിലെടുക്കാതെ)

4. പ്രായപൂർത്തിയാകാത്ത, മാതാപിതാക്കൾ നഷ്ടപ്പെട്ട അനാഥർ.

5. വിധവ അല്ലെങ്കിൽ വിവാഹമോചിത. രണ്ട് ഹെക്ടർ വരെ ഭൂമിയുള്ള ഒരു അർഹതപ്പെട്ട കുടുംബത്തിന് മുഴുവൻ പാക്കേജ് തുകയായ 15 ലക്ഷം രൂപ ലഭ്യമാകും. വനമേഖലയിൽ സ്ഥിരതാമസമില്ലാത്ത കുടുംബമാണെങ്കിൽ, പ്രായപൂർത്തിയായ മകൻ/മകൾ എന്നിങ്ങനെ കണക്കാക്കാതെ നഷ്ടപരിഹാരം ഒരു അർഹതപ്പെട്ട കുടുംബം മാത്രമായി നിജപ്പെടുത്തുന്നതാണ്. രണ്ട് ഹെക്ടറിനുമേൽ വിസ്തൃതിയിലുള്ള ഭൂമിയെങ്കിൽ അധികമായുള്ള ഓരോ രണ്ട് ഹെക്ടറിനെയും ഒരു പാർപ്പിട യൂണിറ്റായി കണക്കാക്കുന്നതാണ്.

**വന്യജീവി ആക്രമണങ്ങളിൽനിന്ന് സംരക്ഷണം**

182(915) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നിയോജകമണ്ഡലത്തിൽ ചാലക്കുടി, വാഴച്ചാൽ, മലയാറ്റൂർ ഡിവിഷനുകളിലെ വനമേഖലയോടുചേർന്ന ജനവാസ കേന്ദ്രങ്ങളിൽ താമസിക്കുന്നവർക്ക് വന്യമൃഗങ്ങളുടെ ആക്രമണംമൂലം ജീവഹാനിയും കൃഷിനാശവും ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 01.01.2021 മുതൽ നാളിതുവരെ ഈ മേഖലയിൽ കാട്ടാനയുടെ ആക്രമണത്തിൽ മരണമടഞ്ഞവരുടെ പേര് ഉൾപ്പെടെയുള്ള വിശദാംശങ്ങൾ നൽകാമോ?

ഈ മേഖലയിൽ ചാലക്കുടി ഡിവിഷന്റെ പരിധിയിൽ കാട്ടാനയുടെ ആക്രമണത്തിൽ 4 പേർ മരണപ്പെട്ടിട്ടുണ്ട്. മരണമടഞ്ഞവരുടെ പേര് വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. രാജേഷ്, മലയൻകോളനി, പിള്ളപ്പാറ, തീയതി- 18.03.2021 (സംഭവസ്ഥലം - കൊന്നക്കുഴി ഫോറസ്റ്റ് സ്റ്റേഷൻ സമരബ്ലോക്ക് ഭാഗം).

2. അയ്യപ്പൻ, മലയൻവീട്, കാരിക്കടവ്, തീയതി - 23.03.2021 (സംഭവസ്ഥലം ഹാരിസൺ മലയാളം പ്ലാന്റേഷൻ ലിമിറ്റഡ് ).

3. പീതാംബരൻ, പോട്ടക്കാരൻ വീട്, കുണ്ടായി, തീയതി - 30.08.2021

(സംഭവസ്ഥലം ഹാരിസൺ മലയാളം പ്ലാന്റേഷൻ ലിമിറ്റഡ് ).

4. ആഗ്നേമിയ, D/o നിഖിൽ, കച്ചട്ടിൽ വീട്, പുത്തൻചിറ, തീയതി 07.02.2022 (സംഭവസ്ഥലം - കൊന്നക്കുഴി ഫോറസ്റ്റ് സ്റ്റേഷൻ, കണ്ണൻകുഴി).

(സി) 01.01.2021 മുതൽ നാളിതുവരെ ഈ മേഖലയിൽ വന്യജീവികളുടെ ആക്രമണത്താൽ സ്ഥായിയായ അംഗഭംഗം സംഭവിച്ചവർ, പരിക്കേറ്റവർ എന്നിവരുടെ എണ്ണം വിശദമാക്കാമോ?

01/01/2021 മുതൽ നാളിതുവരെ ഈ മേഖലയിൽ വന്യജീവികളുടെ ആക്രമണത്താൽ സ്ഥായിയായ അംഗഭംഗം സംഭവിച്ചവർ, പരിക്കേറ്റവർ എന്നിവരുടെ എണ്ണം അനുബന്ധമായി+ ചേർക്കുന്നു.

(ഡി) പകൽ സമയത്തുപോലും കാട്ടാനയുടെയും കാട്ടുപന്നിയുടെയും ആക്രമണങ്ങളുണ്ടാകുന്ന സാഹചര്യത്തിൽ ഈ മേഖലയിൽ ആന പ്രതിരോധ മതിൽ, ആനപ്രതിരോധ കിടങ്ങുകൾ എന്നിവ നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ?

ചരിവോടുകൂടിയ നിമ്നോന്നതമായ സ്ഥലങ്ങളിൽ കിടങ്ങുകൾ നിർമ്മിക്കുന്നത് മണ്ണൊലിപ്പ്, മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ എന്നിവയ്ക്ക് കാരണമാകുന്നതിനാലും മണ്ണൊലിച്ചുവന്ന് കിടങ്ങുകൾ നികത്തപ്പെടാൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാധ്യതയുള്ളതിനാലും കിടങ്ങുകൾ ഈ മേഖലയിൽ അനുയോജ്യമല്ല. ആനമതിലിന് ഒരു കിലോമീറ്ററിന് 2 കോടിയോളം രൂപ ചെലവ് വരുന്നതിനാലും വളരെയധികം കല്ല് മലകൾ ഇടിച്ചുപൊട്ടിച്ച് എടുക്കേണ്ടി വരുമെന്നതിനാലും ടി മതിലുകൾക്ക് മുകളിലൂടെ ആനകൾ വലിഞ്ഞുകയറി മറുവശം കടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാലും ആനമതിൽ ഈ മേഖലയിൽ പണിയുന്നത് ഉചിതമായിരിക്കുകയില്ല. സോളാർ ഫെൻസിംഗും സോളാർ ഹാംഗിംഗ് പവ്വർ ഫെൻസും ഈ മേഖലയിൽ ഫലപ്രദമാണെന്ന് കാണുന്നു.

(ഇ) വനത്തിന് പുറത്തേയ്ക്കുവരുന്ന മൃഗങ്ങളെ തിരിച്ച് വനത്തിനുള്ളിലേയ്ക്ക് തെളിച്ചുവിടുന്നതിനുള്ള സംവിധാനമായ റാപ്പിഡ് റെസ്പോൺസ് ടീം ചാലക്കുടി, വാഴച്ചാൽ ഡിവിഷനുകളിൽ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ 7.09.2021-ൽ സർക്കാരിന് സമർപ്പിച്ച 620 കോടി രൂപയുടെ പോജക്ട് പ്രൊപ്പോസലിൽ ചാലക്കുടി ഡിവിഷനിൽ ഉൾപ്പെടെ 25 റാപ്പിഡ് റെസ്പോൺസ് ടീമുകൾ രൂപീകരിക്കുന്നതിന്

വിഭാവനം ചെയ്തിട്ടുണ്ട്. മേൽ പ്രോജക്ട് പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

(എഫ്) പ്രശ്നക്കാരായ ആനകളെ റേഡിയോ കോളർ ഘടിപ്പിച്ച് അവയുടെ സഞ്ചാരപഥം നിരീക്ഷിച്ച് വനാതിർത്തിയിലെ താമസക്കാർക്ക് മുന്നറിയിപ്പ് കൊടുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുമോ?

ഈ സംവിധാനം നിലവിൽ നടപ്പിലാക്കിവരുന്നുണ്ട്.

**കാട്ടുപന്നികളെ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ**

183(916) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിലെ ഏതാണ്ട് എല്ലാ കൃഷിസ്ഥലങ്ങളും കാട്ടുപന്നി ആക്രമണ ഭീഷണിയുടെ നിഴലിലാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കാട്ടുപന്നിയെ വെടിവയ്ക്കുന്നതിന് പാലക്കാട് ജില്ലയിൽ അനുമതി ലഭിച്ചിട്ടുള്ളവർക്ക് ആവശ്യമായ വെടിയുണ്ടകൾ ലഭിക്കാത്ത സാഹചര്യം നിലവിലുണ്ടെന്നുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ എത്രയും

വേഗം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ തോക്ക് ലൈസൻസുള്ള വ്യക്തിക്ക് ഒരു വർഷം 200 വെടിയുണ്ടകൾ മാത്രമാണ് വാങ്ങിക്കാൻ അനുമതിയുള്ളത്. നാട്ടിലിറങ്ങി ജീവനും സ്വത്തിനും കൃഷിക്കും നാശംവരുത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിന് സന്നദ്ധരായ തോക്ക് ലൈസൻസുള്ള 34 വ്യക്തികളെ പാലക്കാട് ഡിവിഷനിൽ എംപാനൽ ചെയ്തിട്ടുള്ളതാണ്. ഇപ്രകാരം ഒറ്റപ്പാലം റേഞ്ചിൽ എംപാനൽ ചെയ്തിട്ടുള്ള ശ്രീ. അബ്ബാസ് എന്നയാൾക്ക് വെടിയുണ്ട തീർന്നതിന്റെ അടിസ്ഥാനത്തിൽ കൂടുതൽ വെടിയുണ്ടകൾ ലഭിക്കുന്നതിനുള്ള അനുമതിക്കായി ജില്ലാകളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്.

**വന്യജീവി ആക്രമണത്തിൽ മരിച്ചവർ**

184(917) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2021 വരെ വന്യജീവി ആക്രമണത്തിൽ എത്ര പേരാണ് മരണപ്പെട്ടത്; ജില്ല തിരിച്ചുള്ള വിവരം നൽകാമോ?

2016 മുതൽ 2021 വരെ വന്യജീവി ആക്രമണത്തിൽ (പാമ്പുകടി

ഉൾപ്പെടെ) 589 പേർ മരണപ്പെട്ടു. മരണപ്പെട്ടവരുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 1+ ആയി ചേർത്തിട്ടുണ്ട്.

(ബി) 2011 മുതൽ 2016 വരെ വന്യ ജീവി ആക്രമണത്തിൽ എത്ര പേർ മരണപ്പെട്ടുവെന്നുള്ള വിവരവും ജില്ല തിരിച്ച് നൽകാമോ?

2011 മുതൽ 2016 വരെ വന്യജീവി ആക്രമണത്തിൽ (പാമ്പുകടി ഉൾപ്പെടെ) 629 പേർ മരണപ്പെട്ടു. മരണപ്പെട്ടവരുടെ ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധം 2+ ആയി ചേർത്തിട്ടുണ്ട്.

(സി) 2021 മുതൽ നാളിതുവരെ വന്യജീവി ആക്രമണത്തിൽ എത്ര പേർ മരിച്ചു എന്ന വിവരം ജില്ല തിരിച്ച് നൽകാമോ?

2021 മുതൽ നാളിതുവരെ വന്യജീവി ആക്രമണത്തിൽ (പാമ്പുകടി ഉൾപ്പെടെ) 81 പേർ മരണപ്പെട്ടു. മരണപ്പെട്ടവരുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം 3+ ആയി ചേർത്തിട്ടുണ്ട്.

## വന്യജീവികളുടെ ആക്രമണം

185(918) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്ത് ജനവാസ മേഖലയിൽ വന്യജീവികൾ ഇറങ്ങി ഭീതിപരത്തുന്നത് ആവർത്തിക്കപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വന്യജീവികൾ ജനവാസമേഖലയിൽ എത്തിച്ചേരുന്നത് തടയുന്നതിനായി മുൻസർക്കാരിന്റെ കാലം മുതൽ നാളിതുവരെ വനം വകുപ്പ് എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്നും ഓരോ പദ്ധതിയിലും നാളിതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

വിവിധ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഓരോ പദ്ധതിയിലും മുൻ സർക്കാരിന്റെ കാലംമുതൽ നാളിതുവരെ നടപ്പിലാക്കിയ പദ്ധതികളും ചെലവഴിച്ച തുക സംബന്ധിച്ച വിവരവും അനുബന്ധമായി+ ചേർക്കുന്നു.

(സി) പ്രസ്തുത പദ്ധതികളൊന്നുംതന്നെ ഫലപ്രദമാകാത്തതിനുള്ള കാരണം വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതികൾ ഫലപ്രദമാണെന്നാണ് സർക്കാർ വിലയിരുത്തിയിട്ടുള്ളത്.

**വന്യജീവി ആക്രമണത്തിൽ നഷ്ടപരിഹാരം അനുവദിക്കുന്നത്**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

186(919) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി, വാഴച്ചാൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസുകളുടെ പരിധിയിൽ വന്യജീവി ആക്രമണത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരത്തിനും സ്ഥായിയായ അംഗഭംഗം, പരിക്ക്, വീട് നഷ്ടം, കന്നുകാലി നഷ്ടം, കൃഷിനാശം തുടങ്ങിയവയ്ക്കുള്ള നഷ്ടപരിഹാരത്തിനുമായി ലഭിച്ച എത്ര അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കാനുണ്ടെന്ന് ഇനം തിരിച്ച് വിശദമാക്കാമോ?

നഷ്ടപരിഹാരം നൽകുന്നതിനായി ചാലക്കുടി, വാഴച്ചാൽ വനം ഡിവിഷനുകളിൽ ലഭിച്ച അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കാനുള്ളവയുടെ വിവരങ്ങൾ അനുബന്ധം 1+ ആയി ചേർക്കുന്നു.

(ബി) നഷ്ടപരിഹാരം അനുവദിക്കുന്നതിന് പര്യാപ്തമായ ഫണ്ട് ലഭ്യമാണോ; വിശദാംശങ്ങൾ നൽകാമോ?

നഷ്ടപരിഹാരം അനുവദിക്കുന്നതിന് പര്യാപ്തമായ ഫണ്ട് ലഭ്യമല്ല. നഷ്ടപരിഹാരം നൽകുവാനുള്ളതിന്റെ വിവരങ്ങൾ അനുബന്ധം 2+ ആയി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചേർക്കുന്നു.

(സി) കഴിഞ്ഞ സാമ്പത്തിക വർഷത്തിലും നടപ്പുസാമ്പത്തിക വർഷത്തിലും ചാലക്കുടി, വാഴച്ചാൽ ഡിവിഷനുകളിൽ നഷ്ടപരിഹാരം നൽകുന്നതിനും വന്യമൃഗശല്യം പ്രതിരോധിക്കുന്നതിനുമായി ഫണ്ട് അനുവദിച്ചതിന്റെയും വിനിയോഗിച്ചതിന്റെയും വിശദാംശങ്ങൾ നൽകാമോ?

വിശദാംശങ്ങൾ അനുബന്ധം 3+ ആയി ചേർക്കുന്നു.

**കോതമംഗലം മണ്ഡലത്തിലെ വന്യമൃഗശല്യം തടയാൻ നടപടി**

187(920) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കോട്ടപ്പടി, പിണ്ടിമന, കുട്ടമ്പുഴ, കീരംപാറ, വെള്ളങ്ങാട് തുടങ്ങിയ പഞ്ചായത്തുകളിൽ കാട്ടാന അടക്കമുള്ള വന്യമൃഗശല്യം രൂക്ഷമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോട്ടപ്പടി, പിണ്ടിമന, കുട്ടമ്പുഴ പഞ്ചായത്തുകളിൽ കാട്ടാന ഉൾപ്പെടെയുള്ള വന്യജീവികൾ ജനവാസ മേഖലകളിൽ ഇറങ്ങി കാർഷിക വിളകൾക്കും വളർത്തുമൃഗങ്ങൾക്കും നാശം വരുത്തുന്ന സംഭവങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. കീരംപാറ,

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കവളങ്ങാട് പഞ്ചായത്തുകളിൽ വന്യജീവികൾ മൂലമുള്ള നാശനഷ്ടങ്ങൾ മേൽപ്പറഞ്ഞ മൂന്ന് പഞ്ചായത്തുകളെക്കാൾ കുറവാണ്.

(ബി) പ്രസ്തുത പഞ്ചായത്തുകളിലെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

1. വന്യജീവി ആക്രമണ സാധ്യതയുള്ള പ്രദേശങ്ങളിൽ ഫലപ്രദമായി പട്രോളിംഗ് നടത്തി വന്യജീവികൾ ജനവാസമേഖലയിൽ ഇറങ്ങുന്നത് പരമാവധി ലഘൂകരിക്കുന്നതിന് ശ്രമിച്ചുവരുന്നു. വന്യജീവികൾ ജനവാസ മേഖലയ്ക്ക് സമീപം എത്തിയാൽ അറിയിക്കുന്നതിനായി ടെലഫോൺ നമ്പരുകൾ പരസ്യപ്പെടുത്തിയിട്ടുണ്ട്. രാപ്പകൽ വ്യത്യാസമില്ലാതെ ഫോൺകോളുകൾ സ്വീകരിച്ച് ഉടൻതന്നെ സ്ഥലത്ത് എത്തിച്ചേർന്ന് വന്യജീവികളെ തിരികെ കാട്ടിലേയ്ക്ക് കയറ്റിവിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്പെഷ്യൽ ഫോറസ്റ്റ് പ്രൊട്ടക്ഷൻ ഫോഴ്സിനെയും താത്ക്കാലിക വാച്ചർമാരേയും ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള സ്ക്വാഡുകളുടെ സേവനം ഇതിനായി ഉപയോഗപ്പെടുത്തിവരുന്നു.

2. വന്യജീവി ആക്രമണ സാധ്യത കൂടുതലുള്ള പ്രദേശങ്ങളിൽ

സൗരോർജ്ജവേലികൾ നിർമ്മിച്ച് വന്യജീവികൾ ജനവാസ മേഖലകളിലേയ്ക്ക് ഇറങ്ങുന്നത് തടയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അറ്റകുറ്റപ്പണികൾ ആവശ്യമായ സൗരോർജ്ജവേലികൾ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. കർഷകർ, ജനപ്രതിനിധികൾ എന്നിവരുമായി ആശയവിനിമയം നടത്തി വന്യമൃഗശല്യത്തിന് പരിഹാരം കാണുന്നതിനായി കോട്ടപ്പടി, പിണ്ടിമന, കുട്ടമ്പുഴ പഞ്ചായത്തുകളിലെ ജനജാഗ്രതാ സമിതികളുടെ യോഗം യഥാക്രമം 19.10.21, 06.10.21, 14.12.21 തീയതികളിൽ വിളിച്ചുചേർത്തിട്ടുണ്ട്. കീരംപാറ, കവളങ്ങാട് പഞ്ചായത്തുകളിലും ജനജാഗ്രതാ സമിതികളുടെ യോഗങ്ങൾ യഥാക്രമം 03.11.2021, 30.10.2021 തീയതികളിൽ കൂടിയിട്ടുണ്ട്. ടി യോഗങ്ങളിലെ നിർദ്ദേശങ്ങൾകൂടി ഉൾപ്പെടുത്തിക്കൊണ്ട് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

4. കോട്ടപ്പടി പ്രദേശത്ത് നിലവിലുള്ള സൗരോർജ്ജ വേലികളോട് ചേർന്നുനിൽക്കുന്ന വൃക്ഷങ്ങൾ, ടി സൗരോർജ്ജ വേലികളിലേയ്ക്ക് മറിച്ചിട്ട്, ആയതിന് കേടുപാടുകൾ വരുത്തി ആനകൾ ജനവാസ മേഖലകളിലേയ്ക്ക് ഇറങ്ങിവരുന്ന പ്രവണത കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ആയത്

പരിഹരിക്കുന്നതിലേയ്ക്കായി കോട്ടപ്പടി പ്രദേശത്തെ സൗരോർജ്ജ വേലിയോടുചേർന്ന് 30 മീറ്ററിനുള്ളിലെ അക്കേഷ്യ മരങ്ങൾ മുറിച്ച് മാറ്റുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

5. വന്യജീവികൾ ജനവാസ മേഖലകളിൽ ഇറങ്ങുന്ന സംഭവം കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്ന പ്രദേശങ്ങളിൽ ആനപ്രതിരോധ സൗരോർജ്ജ വേലികൾ/ഹാംഗിങ്ങ് സൗരോർജ്ജവേലികൾ/ആന കിടങ്ങുകൾ സ്ഥാപിക്കുന്ന കാര്യം പുരോഗമിക്കുന്നു.

(സി) മേൽപ്രദേശങ്ങളിലെ കർഷകർക്ക് വന്യമൃഗശല്യംമൂലം ഉണ്ടായിട്ടുള്ള നാശനഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

വന്യമൃഗ ആക്രമണംമൂലം കാർഷികവിളകൾക്ക് നാശനഷ്ടം സംഭവിച്ചതിന് നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ട് ലഭ്യമാകുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ 2021, 2022 വർഷങ്ങളിലായി കോതമംഗലം മണ്ഡലത്തിനുകീഴിൽ ഇത്തരത്തിലുള്ള 215 സംഭവങ്ങൾ റിപ്പോർട്ടുചെയ്തിട്ടുണ്ട്.

(ഡി) വന്യമൃഗശല്യംമൂലം മേൽപ്രദേശങ്ങളിലെ ജനങ്ങൾക്ക് കൃഷിനാശം സംഭവിച്ചതിനുള്ള നഷ്ടപരിഹാരം പൂർണ്ണമായും വിതരണം

ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

വന്യജീവിശല്യംമൂലം മേൽപ്രദേശങ്ങളിലെ കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള അപേക്ഷകളിന്മേൽ സമയബന്ധിതമായി നഷ്ടപരിഹാരത്തുക നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചുവരുന്നുണ്ട്. എന്നാൽ നഷ്ടപരിഹാരത്തുക പൂർണ്ണമായും വിതരണം ചെയ്യുന്നതിന് സാധിച്ചിട്ടില്ല.

(ഇ) നഷ്ടപരിഹാരം ലഭിക്കാനുള്ള കർഷകർക്ക് അടിയന്തരമായി നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

പ്രസ്തുത നഷ്ടപരിഹാരത്തുക താമസംവിനാ വിതരണം ചെയ്യുന്നതാണ്.

(എഫ്) വന്യമൃഗശല്യം ശാശ്വതമായി പരിഹരിക്കുന്നതിന് സംസ്ഥാനതലത്തിൽ തയ്യാറാക്കിയിട്ടുള്ള കർമ്മപദ്ധതിയിൽ കോതമംഗലം മണ്ഡലത്തിന് മുൻഗണന നൽകി വന്യമൃഗശല്യം പരിഹരിക്കുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കോട്ടപ്പടി, പിണ്ടിമന, കുട്ടമ്പുഴ പഞ്ചായത്തുകളിലെ പ്രശ്നബാധിത പ്രദേശങ്ങളിൽ സോളാർ ഫെൻസിംഗ്, സോളാർ പവർ ഹാംഗിങ്ങ് ഫെൻസിംഗ്, ആനക്കിടങ്ങുകൾ തുടങ്ങിയവ കർമ്മപദ്ധതിയിൽ

ഉൾപ്പെടുത്തിയിട്ടുണ്ട്.

## വന്യമൃഗശല്യം പരിഹരിക്കാൻ നടപടി

188(921) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കോരുത്തോട് ഗ്രാമപഞ്ചായത്തിലെ കൊമ്പുകുത്തി, മൈനാക്കുളം, 504 കോളനി, കുഴിമാവ് എന്നീ ട്രൈബൽ മേഖലകളിലും സമീപ ഗ്രാമപ്രദേശങ്ങളിലും പുലി, കാട്ടാന, കാട്ടുപോത്ത്, കാട്ടുപന്നി തുടങ്ങിയ വന്യജീവികളുടെ നിരന്തരമായ ആക്രമണംമൂലം പ്രദേശവാസികളുടെ ജീവനും സ്വത്തിനും ഉണ്ടാകുന്ന ഭീഷണി ഒഴിവാക്കുന്നതിനും കൃഷിനാശം സംഭവിക്കുന്നത് തടയുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

വ്യക്തമാക്കാം. വന്യജീവി ആക്രമണവും കൃഷിനാശവും കുറയ്ക്കുന്നതിനായി 2019-20 സാമ്പത്തിക വർഷത്തിൽ 7 കിലോമീറ്റർ സോളാർ ഫെൻസിംഗ് കുണ്ടങ്കയംമുതൽ മൈനാക്കുളംവരെ സ്ഥാപിക്കുകയും കൂടാതെ 2021-22 സാമ്പത്തിക വർഷത്തിൽ മാങ്ങാപേട്ട-116 ഭാഗത്ത് 3.5 കിലോമീറ്റർ പുതുതായി സോളാർ ഫെൻസിംഗ് സ്ഥാപിച്ചിട്ടുള്ളതുമാണ്.

അതോടൊപ്പം കാലപ്പഴക്കത്താൽ തകരാറിലായിരുന്ന ഫെൻസിംഗ് അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തനക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. വന്യജീവി ആക്രമണംമൂലം കോരുത്തോട് പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ കൃഷിനാശവും ജീവനും സ്വത്തിനും നഷ്ടമുണ്ടായതിനും നഷ്ടപരിഹാരം ലഭിക്കുന്നതിനുമായി സമർപ്പിച്ച അപേക്ഷകളിൽ നഷ്ടപരിഹാരത്തുക അനുവദിച്ചിട്ടുള്ളതാണ്. 11.01.2021-ലെ സർക്കാർ ഉത്തരവ് നമ്പർ 5/2021/വനം പ്രകാരം ജനവാസ മേഖലയിലെ കൃഷിയിടത്തിൽ നിരന്തരം കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ വെടിവച്ചു കൊല്ലുന്ന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതിനായി 44 പേരെ ടി പ്രദേശങ്ങളുൾപ്പെടുന്ന എരുമേലി റേഞ്ചിൽനിന്നും നിയോഗിച്ചിട്ടുള്ളതാണ്.

(ബി) വന്യമൃഗശല്യം പരിഹരിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ജനജാഗ്രതാ സമിതി യോഗത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന തുടർനടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

കോരുത്തോട് പഞ്ചായത്തിലെ കുണ്ടങ്കയം പ്രദേശവാസികളുൾപ്പെട്ട ജനജാഗ്രതാ സമിതി വിളിച്ചുകൂട്ടുകയും സമിതിയുടെ നേതൃത്വത്തിൽ സോളാർ ഫെൻസിംഗ്, അടിക്കാടുകൾ തെളിക്കുന്ന ജോലി എന്നിവ കോരുത്തോട്

ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ രാത്രികാലങ്ങളിൽ ടി മേഖലകളിൽ പട്രോളിംഗ് ഊർജ്ജിതമാക്കിയിട്ടുണ്ട്.

**അശാസ്ത്രീയ പാമ്പുപിടുത്തം**

189(922) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാമ്പുപിടിത്തത്തിൽ അശ്രദ്ധയും അശാസ്ത്രീയരീതി അവലംബിക്കുന്നതും അപകടത്തിലേയ്ക്ക് നയിക്കുമെന്നത് കണക്കിലെടുത്ത് സുരക്ഷിതവും ശാസ്ത്രീയവുമായ മാർഗ്ഗത്തിലൂടെ പാമ്പിനെ പിടികൂടുന്നതിന് വനം വകുപ്പ് പ്രത്യേകമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

പാമ്പിനെ പിടികൂടുന്നതിന് വനം വകുപ്പ് പ്രത്യേകമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വനം വകുപ്പ് 2020 ആഗസ്റ്റ് മുതൽ സംസ്ഥാനത്ത് ജനവാസ മേഖലയിൽ എത്തിപ്പെടുന്ന പാമ്പുകളെ ശാസ്ത്രീയമായി പിടികൂടി

അനുയോജ്യമായ ആവാസവ്യവസ്ഥയിൽ വിട്ടയയ്ക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കുകയും ആയതിന്റെ ഭാഗമായി രണ്ടു ഘട്ടങ്ങളിലായി വനം വകുപ്പ് ഉദ്യോഗസ്ഥർക്കും താൽക്കാലിക ജീവനക്കാർക്കും പൊതുജനങ്ങളിൽനിന്നും തൽപ്പരരായ സന്നദ്ധസേവകർക്കും പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. അതിൽ പ്രായോഗിക പരീക്ഷ വിജയകരമായി പൂർത്തിയാക്കുന്നവരെ അംഗീകൃത റെസ്ക്യൂവർമാരായി സർട്ടിഫിക്കേഷൻ നൽകുകയും ചെയ്തിട്ടുണ്ട്. പാമ്പിനെ പിടികൂടുന്നവർക്ക് പരമാവധി സുരക്ഷ ഉറപ്പുവരുത്തുന്നതിനും പിടികൂടപ്പെടുന്ന പാമ്പിന് പരിക്കുകളോ അപകടമോ സംഭവിക്കാത്തതുമായ രീതിയാണ് വനം വകുപ്പ് പരിശീലിപ്പിക്കുന്നത്.

(ബി) പാമ്പുപിടിക്കുന്നതിന് പ്രത്യേക പരിശീലനം നൽകുന്നതിനും പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ലൈസൻസ് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; ഇവരുടെ സേവനവും പാമ്പുകളെക്കുറിച്ചുള്ള പ്രാഥമിക വിവരങ്ങളും ലഭ്യമാകുന്ന പ്രത്യേക ആപ്പ് നിലവിലുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ജനവാസ മേഖലയിൽ എത്തിപ്പെടുന്ന പാമ്പുകൾമൂലം അപകടങ്ങൾ ഉണ്ടാകാവുന്ന സാഹചര്യങ്ങളിൽ ജനങ്ങളുടേയും പാമ്പുകളുടേയും സുരക്ഷ

ഉറപ്പുവരുത്തുന്നതിനായി, അത്തരം പാമ്പുകളെ ശാസ്ത്രീയമായി പിടികൂടി അനുയോജ്യമായ ആവാസവ്യവസ്ഥയിൽ വിട്ടയയ്ക്കുന്നതിന് വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കി നടപ്പിലാക്കിവരുന്നുണ്ട്. ഈ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സംസ്ഥാനത്താകെ വനം വകുപ്പ് ജീവനക്കാരും സന്നദ്ധ പ്രവർത്തകരുമടക്കം 1657 പേർക്ക് പാമ്പുകളെ കൈകാര്യം ചെയ്യുന്നതിൽ ശാസ്ത്രീയ പരിശീലനം നൽകി, അതിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട 928 പേർക്ക് അംഗീകൃത പാമ്പുപിടുത്തക്കാർക്കുള്ള സർട്ടിഫിക്കേഷൻ നൽകിയിട്ടുണ്ട്. പാമ്പുകളുടെ റെസ്ക്യൂ സംബന്ധിച്ച വിവരങ്ങൾ സൂക്ഷിക്കുന്നതിനായി പൊതുജനങ്ങൾക്കും ഉദ്യോഗസ്ഥർക്കും സന്നദ്ധ പ്രവർത്തകർക്കും ഉപയോഗിക്കാവുന്ന “സർപ്പ” എന്ന മൊബൈൽ ആപ്ലിക്കേഷൻ വനം വകുപ്പ് തയ്യാറാക്കി ഉപയോഗിച്ചുവരുന്നു. ഓരോ ജില്ലയിലേയും റസ്ക്യൂ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി അംഗീകൃത റസ്ക്യൂവർമാരും ഉദ്യോഗസ്ഥരും ഉൾപ്പെട്ട വാട്സാപ്പ് ഗ്രൂപ്പുകൾ എല്ലാ ജില്ലകളിലും നിലവിലുണ്ട്. റസ്ക്യൂ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ഓരോ ജില്ലയിലും ജില്ലാതല കോ-ഓഡിനേറ്റർമാരുണ്ട്. ട്രെയിനിംഗുകളും റസ്ക്യൂ പ്രവർത്തനങ്ങളും സംസ്ഥാനതലത്തിൽ ഏകോപിപ്പിക്കുന്നതിനായി നോഡൽ ഓഫീസറേയും

നിയമിച്ചിട്ടുണ്ട്. വിവിധ ജില്ലകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാ കോ-ഓർഡിനേറ്റർമാരുടെ വാട്സാപ്പ് ഗ്രൂപ്പും "സർപ്പ"- മൊബൈൽ ആപ്ലിക്കേഷനിലെ എൻട്രികൾ സൂക്ഷ്മമായി നിരീക്ഷിക്കുന്നതിനും പാമ്പുകളെ പിടികൂടുന്നതുമായി ബന്ധപ്പെട്ട നിയമവിരുദ്ധ പ്രവർത്തനങ്ങൾ സഗൗരവം കൈകാര്യം ചെയ്യുന്നതിനുമായി മേലുദ്യോഗസ്ഥർ ഉൾപ്പെട്ട മാസ്റ്റർ ട്രെയിനർമാരുടെ വാട്സാപ്പ് ഗ്രൂപ്പുമുണ്ട്. പാമ്പുകളുടെ സംരക്ഷണവും ജനങ്ങളുടെ സുരക്ഷയും പ്രതിപാദിക്കുന്ന ചെറു ബോധവൽക്കരണ വീഡിയോകൾ തയ്യാറാക്കി സാമൂഹ്യമാധ്യമങ്ങൾ വഴി പ്രചരിപ്പിക്കുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും എൻ.ജി.ഒ.-കൾക്കുമായി ഓൺലൈൻ, ഓഫ്‌ലൈൻ മാർഗ്ഗങ്ങളിലൂടെ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട്. കോവിഡ് ലോക്ഡൗൺ കാലത്ത് അടച്ചിട്ടിരുന്ന സ്കൂളുകൾ ശുചീകരിക്കുന്നതിനായി 2021 ഒക്ടോബറിൽ റസ്ക്യൂ വോളന്റിയർമാരുടെ സാന്നിദ്ധ്യം എല്ലാ ജില്ലകളിലും ലഭ്യമാക്കുകയും ശുചീകരണ വേളയിൽ അനവധി പാമ്പുകളെ സുരക്ഷിതമായി പിടികൂടി മാറ്റുകയും ചെയ്തിട്ടുണ്ട്. വനം വകുപ്പിൽ പുതുതായി ജോലിയിൽ പ്രവേശിക്കുന്ന എല്ലാ സംരക്ഷണ വിഭാഗം ഉദ്യോഗസ്ഥർക്കും അവരുടെ നിർബന്ധിത പരിശീലന വേളയിൽത്തന്നെ പാമ്പുകളെ കൈകാര്യം ചെയ്യുന്നതിൽ

ശാസ്ത്രീയ പരിശീലനം നൽകുന്നുണ്ട്.

## മൈനർ/മേജർ ഇറിഗേഷൻ പദ്ധതികൾ

190(923) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലപ്പുഴ ജില്ലയിലുൾപ്പെട്ട ഓരോ നിയമസഭാമണ്ഡലങ്ങളിലും 2006-2011, 2011-2016, 2016-2021 എന്നീ കാലയളവുകളിൽ മൈനർ/മേജർ ഇറിഗേഷൻ വകുപ്പുവഴി നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്നും മണ്ഡലം തിരിച്ച് ലഭ്യമാക്കാമോ?

ആലപ്പുഴ ജില്ലയിലുൾപ്പെട്ട ഓരോ നിയമസഭാമണ്ഡലങ്ങളിലും 2006-2011, 2011-2016, 2016-2021 എന്നീ കാലയളവുകളിൽ മൈനർ/മേജർ ഇറിഗേഷൻ വകുപ്പുവഴി നടപ്പിലാക്കിയ പദ്ധതികളുടെയും അനുവദിച്ച തുകയുടെയും വിശദവിവരങ്ങൾ ശേഖരിച്ചുവരുന്നു.

## ഡാമുകളിലെയും ചെക്ക് ഡാമുകളിലെയും മണൽ/ചെളി എന്നിവയുടെ വിൽപ്പന

191(924) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 മുതലുണ്ടായ കാലവർഷക്കെടുതികളുടെ ഭാഗമായി സംസ്ഥാനത്തെ പ്രധാന നദികളുമായി ബന്ധപ്പെട്ട ഡാമുകൾ, ചെക്ക് ഡാമുകൾ എന്നിവയിൽ അടിഞ്ഞുകൂടിയ മണൽ/ചെളി എന്നിവയുടെ അളവ് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത മണൽ/ചെളി എന്നിവ കടത്തി അമിത വിലയ്ക്ക് വിറ്റ് ലാഭം കൊയ്യുന്ന ലോബികളുടെ പ്രവർത്തനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് തടയാൻ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ;

(സി) പ്രസ്തുത നദികളിലെയും നദീതടങ്ങളിലെയും മണൽ/ചെളി എന്നിവയ്ക്ക് നിരീക്ഷണം ശക്തമാക്കാനും അനധികൃത കടത്ത് ഇല്ലാതാക്കാനും അവ ശേഖരിച്ച് ന്യായവിലയിൽ പൊതുജനങ്ങൾക്ക് നൽകി സർക്കാർ മുതൽ സർക്കാരിൽത്തന്നെ നിക്ഷിപ്തമാക്കാനും എന്ത് നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ?

(ബി & സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിവിധ നദികളിലുള്ള ഇറിഗേഷൻ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വകുപ്പിന്റെ നിർമ്മിതികളിൽ കാലങ്ങളായി അടിഞ്ഞുകൂടിയിട്ടുള്ള മണ്ണ്/എക്കൽ/ചെളി നീക്കം ചെയ്യുന്നതിന് 26/09/2017-ലെ സ.ഉ(കൈ)നം.79/17/ജവിവ, 14/05/2019-ലെ സ.ഉ(കൈ) 14/19/ജവിവ എന്നീ ഉത്തരവുകൾ പ്രകാരം അടിസ്ഥാന പ്രവർത്തനരേഖ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത അടിസ്ഥാന പ്രവർത്തനരേഖ അനുസരിച്ചാണ് വിവിധ നദികളിലുള്ള ഇറിഗേഷൻ വകുപ്പിന്റെ നിർമ്മിതികളിലെ ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾ കരാർ അടിസ്ഥാനത്തിൽ നടപ്പിലാക്കിവരുന്നത്. ഇതിൻപ്രകാരം സാങ്കേതിക സമിതി നിശ്ചയിക്കുന്ന പി.ക്യൂ (Prequalifying) യോഗ്യതയുള്ള കരാറുകാരിൽനിന്നും ടെണ്ടർ മുഖേന മണ്ണ്/എക്കൽ/ചെളി എന്നിവയ്ക്ക് യൂണിറ്റിന് ഏറ്റവുമധികം തുക നൽകുന്ന ആൾക്ക് കരാർ നൽകുകയാണ് ചെയ്യുന്നത്. കരാർ തുകയുടെ രണ്ട് ശതമാനം അഥവാ 25 ലക്ഷം രൂപ സർക്കാർ നിശ്ചയിക്കുന്ന ബാങ്ക് അക്കൗണ്ടിൽ ഒടുക്കേണ്ടതും പിന്നീട് മണ്ണ്/എക്കൽ/ചെളി നീക്കം ചെയ്യാനുള്ള അനുമതിയുള്ള കടവുകൾ/പോയിന്റുകൾ മാർക്ക് ചെയ്ത് നൽകുകയും ചെയ്യുന്നു. ഡീസിൽറ്റേഷനുമായി ബന്ധപ്പെട്ട രേഖകൾ സൂക്ഷിക്കാനും നിരീക്ഷിക്കാനുമുള്ള ചെക്ക്പോസ്റ്റ്, ബൂം ബാരിയർ, മോഷൻ സെൻസർ ക്യാമറാ ദൃശ്യം രേഖപ്പെടുത്തുന്നതിനുള്ള കമ്പ്യൂട്ടർ എന്നീ സംവിധാനങ്ങൾ

കടവുകളിൽ ഏർപ്പെടുത്തുന്നതാണ്. കടവിൽനിന്നും മണൽ/എക്കൽ/ചെളി നീക്കംചെയ്യുന്ന വാഹനങ്ങൾക്ക് പ്രത്യേകം പാസ് നൽകുകയും ആയത് ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിലും വില്ലേജ് ഓഫീസിലും അറിയിക്കുന്നതുമാണ്.

**കുറ്റ്യാടി ജലസേചന പദ്ധതി**

192(925) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി ജലസേചന പദ്ധതിയിൽ നിലവിൽ എന്തെല്ലാം നവീകരണ പ്രവൃത്തികളാണ് നടക്കുന്നതെന്ന് വ്യക്തമാക്കാമോ?

കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി ജലസേചന പദ്ധതിയിൽ നിലവിൽ നടന്നുവരുന്ന നവീകരണ പ്രവൃത്തികൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) സപ്പോർട്ടിംഗ് ഡാമിന്റെ പ്രവൃത്തിക്കായി എത്ര കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നതെന്ന് അറിയിക്കാമോ?

സപ്പോർട്ടിംഗ് ഡാമിന്റെ പ്രവൃത്തിക്കായി 35.14 കോടി രൂപ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വകയിരുത്തിയിട്ടുണ്ട്.

## പട്ടാമ്പി മണ്ഡലത്തിലെ പദ്ധതികൾ

193(926) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ ചെറുകിട ഇറിഗേഷൻ വകുപ്പിനുകീഴിൽ നടപ്പിലാക്കിവരുന്ന പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

പട്ടാമ്പി മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന ചെറുകിട ജലസേചന പദ്ധതികളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം I+-ആയി ചേർക്കുന്നു.

(ബി) അനുമതി ലഭിച്ചിട്ടും ഇനിയും ആരംഭിച്ചിട്ടില്ലാത്ത പദ്ധതികളുണ്ടെങ്കിൽ അവ ഏതെല്ലാമാണെന്നും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

പട്ടാമ്പി മണ്ഡലത്തിൽ അനുമതി ലഭിച്ചിട്ടും ഇനിയും ആരംഭിക്കാത്ത ചെറുകിട ജലസേചന പദ്ധതിയെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-II+ ആയി ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കുട്ടനാട് പാക്കേജ്

194(927) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2006 മുതൽ 2016 വരെ ആലപ്പുഴ ജില്ലയിലെ വിവിധ മണ്ഡലങ്ങളിൽ കുട്ടനാട് പാക്കേജുവഴി നടപ്പിലാക്കിയ പദ്ധതികൾക്ക് അനുവദിച്ച തുക എത്രയെന്ന് വിശദമാക്കാമോ?

2006 മുതൽ 2016 വരെ ആലപ്പുഴ ജില്ലയിലെ വിവിധ മണ്ഡലങ്ങളിൽ കുട്ടനാട് പാക്കേജുവഴി നടപ്പിലാക്കിയ പദ്ധതികൾക്കായി 726.76 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

## കോഴിക്കോട് ജില്ലയിൽ അനുവദിച്ച പദ്ധതികൾ

195(928) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സാമ്പത്തിക വർഷം കോഴിക്കോട് ജില്ലയിൽ ചെറുകിട ജലസേചന/ജലസേചന വകുപ്പുകൾ അനുവദിച്ച പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോന്നിനും എത്ര തുകയാണ് അനുവദിച്ചതെന്നും അവയുടെ നിലവിലെ അവസ്ഥ എന്താണെന്നും വ്യക്തമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

**പാലക്കാട് ജില്ലയിലെ ജലസേചന പദ്ധതികളുടെ പ്രവർത്തനം**

196(929) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഇടത്തരം ജലസേചന പദ്ധതിയായ കാഞ്ഞിരപ്പുഴ ജലസേചന പദ്ധതിയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

പാലക്കാട് ജില്ലയിലെ ഇടത്തരം ജലസേചന പദ്ധതിയായ കാഞ്ഞിരപ്പുഴ ജലസേചന പദ്ധതി 1980-ൽ ഭാഗികമായി കമ്മീഷൻ ചെയ്യുകയും കനാലുകളിലൂടെ ആയക്കെട്ട് ഏരിയയിലേയ്ക്ക് എല്ലാ വർഷവും സുഗമമായ രീതിയിൽ ജലസേചനം നടത്തിവരികയും ചെയ്യുന്നുണ്ട്.

(ബി) പ്രസ്തുത ജില്ലയിലെ ചേരമംഗലം പദ്ധതി (ആനിക്കട്ടിന്റെയും മറ്റ് നിർമ്മാണങ്ങളുടെയും നവീകരണം), മൂലത്തറ വലതുകര കനാൽ ദീർഘിപ്പിക്കൽ പദ്ധതി (വരട്ടയാർ മുതൽ വേലൻതാവളം വരെ) എന്നിവയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ചേരമംഗലം പദ്ധതിയുടെ ഭാഗമായുള്ള ആനിക്കട്ടിന്റേയും മറ്റ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർമ്മാണങ്ങളുടേയും നടന്നുവരുന്ന നവീകരണ പ്രവൃത്തികൾ ജലവിതരണം അവസാനിക്കുന്ന മുറയ്ക്ക് തുടരുന്നതാണ്. കിഫ്ബിയുടെ ധനസഹായത്താൽ ജലസേചന വകുപ്പിന്റെ എസ്.പി.വി. ആയ കെ.ഐ.ഐ.ഡി.സി മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് മൂലത്തറ വലതുകര കനാൽ ദീർഘിപ്പിക്കൽ പദ്ധതി. മൂലത്തറ വലതുകര കനാൽ ദീർഘിപ്പിക്കുന്നതിന്റെ ഭാഗമായി 8.5 കിലോമീറ്റർ നീളത്തിലുള്ള കനാൽ അലൈൻമെന്റ് നിശ്ചയിക്കുകയും തത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തു. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഭാരതപ്പുഴ നദീതടത്തിലെ ചിറ്റൂർപ്പുഴ ജലസേചന പദ്ധതിയുടെ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ?

ചിറ്റൂർപ്പുഴ ജലസേചന പദ്ധതി 1972-ൽ പൂർത്തീകരിച്ചിട്ടുള്ളതാണ്. പദ്ധതിയിലൂടെ പറമ്പിക്കുളം-ആളിയാർ കരാർപ്രകാരം ഓരോ ജലവർഷത്തിലും ലഭിക്കുന്ന 7.25 TMC ജലം ഉപയോഗിച്ച് 19 പഞ്ചായത്തുകളിലും ഒരു മുനിസിപ്പാലിറ്റിയിലുമായി 20440 ഹെക്ടർ സ്ഥലത്ത് മൂലത്തറ ഇടതുകര, വലതുകര കനാൽ ശൃംഖല വഴി ഒന്നാം വിളയ്ക്കും രണ്ടാം വിളയ്ക്കും വേണ്ടിയുള്ള ജലസേചനം നടത്തിവരുന്നുണ്ട്.

## കാരമൂട് ലിഫ്റ്റ് ഇറിഗേഷൻ സ്കീം

197(930) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴുവന്നൂർ പഞ്ചായത്തിലെ കാരമൂട് ലിഫ്റ്റ് ഇറിഗേഷൻ സ്കീമിൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനും അറ്റകുറ്റപ്പണികൾക്കുമായി സമർപ്പിച്ച എസ്റ്റിമേറ്റിന് അംഗീകാരം ലഭ്യമായിട്ടുണ്ടോ;

(ബി) നൂറുകണക്കിന് ഏക്കർ സ്ഥലത്തെ ജലസേചനം ഉറപ്പുവരുത്തുന്ന പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ & ബി) മഴുവന്നൂർ പഞ്ചായത്തിലെ കാരമൂട് ലിഫ്റ്റ് ഇറിഗേഷൻ സ്കീമിൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനും അറ്റകുറ്റപ്പണികൾക്കുമായി 16 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകി ടി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്റ്റിന് ഭൂമി വിട്ടുനൽകിയതിനുള്ള നഷ്ടപരിഹാരം

198(931) <u>ശ്രീ. മോൻസ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ട് കാരിക്കോട് ഡിസ്ട്രിബ്യൂട്ടറി കനാലിനായി ഏറ്റെടുത്ത ഭൂമിക്ക് നഷ്ടപരിഹാരത്തിനായി സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) ശ്രീ. കെ. പി. ജോസഫ്, ശ്രീമതി ഏലിയാമ്മ ജോസഫ്, കയ്യൂരിക്കൽ വീട്, കാരിക്കോട്, മുളക്കുളം, കോട്ടയം നൽകിയിരുന്ന അപേക്ഷയിൽ എം.വി.ഐ.പി. എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത വ്യക്തികൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

(എ-സി) മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ട് കാരിക്കോട് ഡിസ്ട്രിബ്യൂട്ടറി കനാലിനായി ഏറ്റെടുത്ത ഭൂമിക്ക് നഷ്ടപരിഹാരം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ. കെ. പി. ജോസഫും ശ്രീമതി ഏലിയാമ്മ ജോസഫും ബഹുമാനപ്പെട്ട എം.എൽ.എ. മുഖാന്തരം സർക്കാരിൽ

സമർപ്പിച്ച അപേക്ഷ ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം 2-ന് കൈമാറിയിട്ടുണ്ട്. നഷ്ടപരിഹാരത്തിനുള്ള അപേക്ഷ നിശ്ചിത മാതൃകയിൽ എൽ.എ.ആർ. കേസിന്റെ വിധിപ്പകർപ്പും മറ്റ് അനുബന്ധ രേഖകളും സഹിതം ലഭിച്ചാൽ മാത്രമേ തുടർനടപടികൾ സ്വീകരിച്ച് തുക അനുവദിക്കാൻ സാധിക്കുകയുള്ളൂ.

**ഭാരതപ്പുഴ-ചൂലന്നൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

199(932) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭാരതപ്പുഴ-ചൂലന്നൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് തരൂർ എം.എൽ.എ. നൽകിയ 26/7/2021-ലെ 01/pjct/MLA Tarur/2021/TVM നമ്പർ കത്തിന്മേൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

തരൂർ എം.എൽ.എ. 26/07/2021-ൽ നൽകിയ 01/pjct/MLA/Tarur/2021/Tvm നമ്പർ കത്തിൽ സൂചിപ്പിച്ചിട്ടുള്ള ഭാരതപ്പുഴ ചൂലന്നൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി 2020-21 ബഡ്ജറ്റിൽ അനുബന്ധം-2 വാല്യം-2 ക്രമ നം.2515 'മേപ്പാടം-മുതാരുകുളമ്പ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി'

(പെരിങ്ങാട്ടുകുറിശ്ശി) എന്ന പേരിൽ 150 ലക്ഷം രൂപ അടങ്കലിൽ 100 രൂപ ടോക്കൺ തുകയായി വകയിരുത്തിയ പ്രവൃത്തിയാണ്. നിലവിലെ ഡി.എസ്.ആർ-2018 പ്രകാരം 226 ലക്ഷം രൂപയുടെ വിശദ പദ്ധതിരേഖ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

200(933) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>**:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ വരന്തരപ്പിള്ളി പഞ്ചായത്തിലെ തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പൂർത്തീകരിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

പുതുക്കാട് മണ്ഡലത്തിലെ വരന്തരപ്പിള്ളി പഞ്ചായത്തിലെ തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പൂർത്തീകരണത്തിന്റെ അവസാന ഘട്ടത്തിലാണ്. നിലവിൽ 86% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പദ്ധതിയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ; എങ്കിൽ തടസ്സങ്ങൾ നീക്കി പദ്ധതി

കമ്മീഷൻ ചെയ്യുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉണ്ട്. പദ്ധതിയുടെ ഡെലിവറി പൈപ്പ്ലൈൻ ഇനി സ്ഥാപിക്കാനുള്ളത് പാടഭാഗത്തുകൂടിയും തോട്ടിലൂടെയുമാണ്. വർഷം മുഴുവനായും വെള്ളക്കെട്ട് നേരിടുന്ന പ്രദേശങ്ങളാണിത്. എങ്കിലും പരമാവധി പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാധിച്ചിട്ടുണ്ട്. വെള്ളക്കെട്ടില്ലാത്ത ഭാഗത്ത് പൈപ്പ് സ്ഥാപിക്കുന്നതിനെ ഭൂമിയുടെ ഉടമസ്ഥർ തടസ്സപ്പെടുത്തിയിരിക്കുകയാണ്. ബഹുമാനപ്പെട്ട പുതുക്കാട് നിയോജകമണ്ഡലം എം.എൽ.എ.-യും വരന്തരപ്പിള്ളി പഞ്ചായത്ത് ഭരണ സമിതിയും പ്രസിഡന്റ് ഉൾപ്പെടെയുള്ള ജനപ്രതിനിധികളും നിരന്തരം ഇവരുമായി ചർച്ചകൾ നടത്തിയിട്ടും നാളിതുവരെയായിട്ടും പൈപ്പ് സ്ഥാപിക്കാൻ അവർ സമ്മതം നൽകിയിട്ടില്ല. മേൽപ്പറഞ്ഞ തടസ്സങ്ങൾ പരിഹരിക്കുന്ന മുറയ്ക്ക് പദ്ധതി കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**കൊണ്ടോട്ടി വലിയ തോട് സംരക്ഷണം**

201(934) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിലൂടെ കടന്നുപോകുന്ന വലിയ തോട് പാർശ്വഭിത്തി കെട്ടി മാലിന്യങ്ങളൊഴിവാക്കി സംരക്ഷിക്കുന്നതിനായി നഗര സഞ്ചയം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം സംരക്ഷണ പ്രവൃത്തികളാണ് പ്രസ്തുത പദ്ധതി പ്രകാരം നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത കേന്ദ്രാവിഷ്കൃത പദ്ധതിയുടെ നടത്തിപ്പ് എപ്രകാരമാണെന്ന് വിശദമാക്കുമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**കൂത്തുപറമ്പ് മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾ**

202(935) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2021-22 വരെയുള്ള കാലയളവിൽ കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് വിവിധ പദ്ധതികളിലുൾപ്പെടുത്തി അനുവദിച്ചതും നടപ്പിലാക്കിയതുമായ പ്രവൃത്തികളുടെ വിശദവിവരവും തുകയും ലഭ്യമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി സംബന്ധിച്ച

വിശദവിവരം നൽകുമോ?

(എ&ബി) 2016-17 മുതൽ 2021-22 വരെയുള്ള കാലയളവിൽ കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പ് വിവിധ പദ്ധതികളിലൂൾപ്പെടുത്തി അനുവദിച്ചതും നടപ്പിലാക്കിയതുമായ പ്രവൃത്തികളുടെ വിശദവിവരവും തുകയും അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(സി) തടയണ നിർമ്മാണം, പാർശ്വഭിത്തി സംരക്ഷണം, തോട് നവീകരണം, ജലസ്രോതസ്സുകളുടെ സംരക്ഷണം എന്നിവയിൽ പ്രൊപ്പോസലുകൾ നൽകിയ പുതിയ പദ്ധതികൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ഭരണാനുമതി ലഭ്യമാക്കി പ്രസ്തുത പ്രവൃത്തികൾ എപ്പോൾ തുടങ്ങാനാകുമെന്ന് വ്യക്തമാക്കാമോ?

പ്രൊപ്പോസലുകൾ ലഭിച്ച പുതിയ പദ്ധതികൾക്ക് ഫണ്ട് അനുവദിച്ചിട്ടില്ല. കണ്ണൂർ ജില്ലയിലെ തൃപ്പങ്ങോട്ടൂർ പഞ്ചായത്തിലെ പനോളിത്താഴെ പാറമ്മേൽ യു.പി.സ്കൂളിനുസമീപം കല്ലിക്കണ്ടി പുഴയ്ക്ക് കുറുകെയുള്ള വി.സി.ബി-യുടെ പുനർനിർമ്മാണം എന്ന പ്രവൃത്തി 2021-22 സാമ്പത്തിക വർഷത്തെ പ്ലാൻ സ്കീമിന്റെ അധിക തുകയ്ക്കുള്ള മുൻഗണനാ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികയിൽ അനുമതിക്കായി ഉൾപ്പെടുത്തിയിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം "ഭൂജല സംപോഷണവും സംരക്ഷണവും" എന്ന പ്ലാൻ പദ്ധതിയിലുൾപ്പെടുത്തി തൃപ്പങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിൽ തുപ്രാൽതോട് റിംഗ് ടൈപ്പ് വി.സി.ബി (ചെക്ക് ഡാം) നിർമ്മാണം പൂർത്തീകരിച്ചു.

**അമ്പലപ്പുഴ മണ്ഡലത്തിലെ ഇറിഗേഷൻ പദ്ധതികൾ**

203(936) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ നിലവിൽ അനുവദിച്ചിട്ടുള്ളതും നടപ്പാക്കിവരുന്നതുമായ മൈനർ-മേജർ ഇറിഗേഷൻ പദ്ധതികളും അവയ്ക്ക് അനുവദിച്ചിരിക്കുന്ന തുകയും വെളിപ്പെടുത്താമോ;

(ബി) ഓരോ പദ്ധതിയുടെയും പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ; സമയബന്ധിതമായി പദ്ധതികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം വരുന്നതിന്റെ കാരണം അറിയിക്കാമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

**ആമച്ചൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

204(937) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട പഞ്ചായത്തിലെ ആമച്ചൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഈ പദ്ധതിയുടെ പമ്പ് ഹൗസിന്റെയും അനുബന്ധ പൈപ്പ് ലൈനിന്റെയും പണി പൂർത്തിയായിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ലഭ്യമാകുന്ന മുറയ്ക്ക് പ്രവർത്തനമാരംഭിക്കുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിക്ക് വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടുണ്ടോ; ഇതുസംബന്ധിച്ച് ബന്ധപ്പെട്ട പഞ്ചായത്തിന്റെയും കെ.എസ്.ഇ.ബി.-യുടെയും അഭിപ്രായം വിശദീകരിക്കാമോ?

വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടില്ല. പ്രസ്തുത പമ്പ് ഹൗസിന് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് നിരാക്ഷേപ സാക്ഷ്യപത്രം നൽകണമെന്ന കാട്ടാക്കട ചെറുകിട ജലസേചന സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ അപേക്ഷയിന്മേൽ ടി സ്ഥലമോ കെട്ടിടമോ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാൽ പഞ്ചായത്തിൽനിന്നും നിരാക്ഷേപ സാക്ഷ്യപത്രം നൽകേണ്ടതില്ലെന്നും കാർഷികാവശ്യങ്ങൾക്കുമാത്രം ഉപയോഗിക്കുന്ന പമ്പ് ഹൗസ്, മോട്ടോർ

ഷെഡ് എന്നിവയ്ക്ക് വസ്തു നികുതി പ്രത്യേകമായി ചുമത്തേണ്ടതില്ലെന്നും കാർഷികാവശ്യത്തിനുള്ള പമ്പ് ഹൗസിന് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് കെട്ടിടനമ്പർ ആവശ്യമില്ലെന്നും പഞ്ചായത്തിൽനിന്നും അറിയിച്ചിട്ടുണ്ട്. പമ്പ് ഹൗസ് സ്ഥിതിചെയ്യുന്ന വസ്തു ഭൂരിഭാഗവും ശ്രീ. ശ്രീകണ്ഠൻ നായർ എന്നയാളുടെ സ്ഥലത്തും ബാക്കിഭാഗം പുറമ്പോക്ക് ഭൂമിയിലുമായതിനാൽ KSEB-യുടെ പ്രൊഫോർമയിലുള്ള സമ്മതപത്രവും തിരുത്തൽ അപേക്ഷയുംകൂടി ഹാജരാക്കാൻ KSEB എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചതനുസരിച്ച് പ്രസ്തുത രേഖകൾ ഹാജരാക്കിയിട്ടുണ്ട്. KSEB-യുടെ ഭാഗത്തുനിന്നും എസ്റ്റിമേറ്റ് തയ്യാറാക്കി സ്ഥലപരിശോധന കഴിഞ്ഞാലുടൻ തുക ഒടുക്കുന്ന മുറയ്ക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതാണെന്ന് KSEB അറിയിച്ചിട്ടുണ്ട്.

**അമരവിള-പുല്ലാമല ബണ്ട്**

205(938) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ആഗസ്റ്റിൽ തകർന്ന അമരവിള-പുല്ലാമല ബണ്ട് പുനർനിർമ്മിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച ഓരോ നടപടിയും തീയതി

സഹിതം വ്യക്തമാക്കാമോ;

(ബി) ബണ്ട് തകർന്നിട്ട് 3 വർഷം കഴിഞ്ഞിട്ടും ഇതുവരെയും പുനർനിർമ്മാണം നടത്താൻ കഴിയാത്ത സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ബണ്ട് പുനർനിർമ്മിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണവും നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

(എ-സി) 2018 ആഗസ്റ്റ് മാസത്തെ പ്രളയത്തിൽ തകർന്ന അമരവിള - പുല്ലാമല ബണ്ട് പുനർനിർമ്മിക്കുന്നതിലേയ്ക്കായി 327 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 2018 നവംബർ മാസത്തിൽത്തന്നെ തയ്യാറാക്കിയിരുന്നു. എന്നാൽ ബണ്ടിന്റെ തകർച്ചയുടെ വ്യാപ്തി വലുതായതിനാൽ, മണ്ണ് പര്യവേഷണം നടത്തി വിശദമായ പഠനം നടത്തി രൂപരേഖ തയ്യാറാക്കി നിർമ്മാണം നടത്തേണ്ടിയിരുന്നു. ആയതിന്റെ പ്രാരംഭനടപടിയായി പുല്ലാമല ബണ്ട് പ്രദേശത്ത് മണ്ണുപര്യവേഷണം നടത്തുന്നതിലേയ്ക്കായി 1.24 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് അംഗീകാരം നൽകുകയും മണ്ണുപര്യവേഷണം പൂർത്തീകരിക്കുകയും ചെയ്തു. പ്രസ്തുത സ്ഥലത്ത് ഗാബിയോൺ ഉപയോഗിച്ച് ബണ്ട് പുനർനിർമ്മിക്കുന്നതിലേയ്ക്കായി തയ്യാറാക്കിയ ഡിസൈൻ പ്രസ്തുത

സ്ഥലത്ത് പര്യാപ്തമാണോയെന്ന് പരിശോധിക്കുന്നതിലേയ്ക്കായി സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ഉൾപ്പെടെ ഐ. ഡി. ആർ. ബി. ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിരുന്നു. ഇതിന്റെ തുടർച്ചയായി ഐ.ഡി.ആർ.ബി.-യുടെ സംഘം പ്രസ്തുത സ്ഥലം 09/04/2021-ൽ സന്ദർശിക്കുകയും ഡിസൈൻ പര്യാപ്തമാണോയെന്ന് പരിശോധിക്കുന്നതിനായി കൂടുതൽ വിവരങ്ങൾ ആവശ്യമാണെന്ന് 15/04/2021-ന് അറിയിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വിവരങ്ങൾ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ ഡിവിഷൻ, തിരുവനന്തപുരം 15/07/2021-ൽ സമർപ്പിച്ചു. പ്രസ്തുത ഡിസൈൻ പര്യാപ്തമല്ലെന്ന് കണ്ടതിനാൽ ഫീൽഡ് ഉദ്യോഗസ്ഥരുമായി ഒരു ചർച്ച നടത്താൻ 09/08/2021-ൽ ആവശ്യപ്പെട്ടിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഇറിഗേഷൻ സൗത്ത് സർക്കിൾ, തിരുവനന്തപുരത്തിന്റെ നേതൃത്വത്തിൽ 10/09/2021-ന് ഒരു മീറ്റിംഗ് നടത്തുകയുണ്ടായി. പ്രസ്തുത മീറ്റിംഗിൽ തീരുമാനിച്ചതുപ്രകാരം പുതിയ ഡിസൈൻ ഐ.ഡി.ആർ.ബി.-യിൽ പൂർത്തിയാക്കുകയും 26/11/2021-ൽ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) സമർപ്പിക്കുകയും ചെയ്തു. ടി ഡിസൈൻ പ്രകാരം തയ്യാറാക്കിയ 370 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിന്റെ

പരിഗണനയിലാണ്.

**കനാലുകളുടെയും നദികളുടെയും ശുചീകരണം**

206(939) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാലിന്യംപേറി ഒഴുകുന്ന കനാലുകൾ, നദികൾ, മറ്റ് ജലസ്രോതസ്സുകൾ എന്നിവ മാലിന്യമുക്തമാക്കുന്നതിനും നവീകരിക്കുന്നതിനുമായി നവകേരളം പദ്ധതിയിലുൾപ്പെടുത്തി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം നദികളെയും കനാലുകളെയും മറ്റ് ജലസ്രോതസ്സുകളെയുമാണ് നവകേരളം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

(എ & ബി) 01/08/2021-ലെ സർക്കാർ ഉത്തരവ് നം.(പി) 10/2021/പി&ഇ.എ പ്രകാരമാണ് നവകേരളം കർമ്മ പദ്ധതി II രൂപീകരിച്ച് ഉത്തരവായത്. ഇതിലുൾപ്പെടുന്ന ഹരിതകേരളം മിഷന്റെ ഉപമിഷനായ "മണ്ണ്-ജലസംരക്ഷണം" (ജലസമൃദ്ധി)-യുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളാണ് ജലസേചന വകുപ്പുമായി ബന്ധപ്പെട്ടുവരുന്നത്.

ഹരിതകേരളം മിഷന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സർക്കാർ പുറത്തിറക്കിയ മാർഗ്ഗരേഖ പ്രകാരം സംയോജിത നീർത്തടാധിഷ്ഠിത ആസൂത്രണത്തിലധിഷ്ഠിതമായിട്ടാകണം ജലവിഭവ മേഖലയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏറ്റെടുത്ത് നിർവ്വഹിക്കേണ്ടത്. ഇതിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തുതലത്തിൽ "സംയോജിത നീർത്തടപ്ലാനുകൾ" തയ്യറാക്കുകയും ഓരോ തദ്ദേശഭരണ സ്ഥാപനത്തിനുള്ളിലും വരുന്ന നദികൾ ഉൾപ്പെടെയുള്ള ജലസ്രോതസ്സുകളുടെ നിലവിലെ സ്ഥിതി രേഖപ്പെടുത്തി മുൻഗണനാ പട്ടിക തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2017-18 മുതൽ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തുന്ന തുക (ഹരിതകേരളം ശീർഷകത്തിൽ) പൂർണ്ണമായും ഇത്തരത്തിൽ പട്ടികപ്പെടുത്തിയ തോടുകൾ/പുഴകൾ/കുളങ്ങൾ എന്നിവ ശുചീകരിച്ച് മാലിന്യമുക്തമാക്കുന്നതിന് വിനിയോഗിച്ചിട്ടുണ്ട്. ഇതിൽ പ്രധാനപ്പെട്ടവ വരട്ടാർ നദിയുടെ പുനരുജ്ജീവനം, കാനാമ്പുഴ, കുട്ടമ്പേരൂർപുഴ, കോലറയാർ, വടക്കേപ്പുഴ, കടമ്പ്രയാർ, പെരുംതോട്, പുന്നൂർപുഴ, പള്ളിക്കലാർ, മീനച്ചിൽ-മീനന്തറയാർ-കൊടൂരാർ പുന:സംയോജനം എന്നിവയാണ്. നവകേരളം കർമ്മപദ്ധതി II-മായി ബന്ധപ്പെട്ട് ജലവിഭവമേഖലയുടെ പ്രവർത്തനങ്ങൾ സംയോജിത നീർത്തടാടിസ്ഥാനത്തിൽ തന്നെയാകണം നിർവ്വഹിക്കേണ്ടതെന്ന്

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. അതിൻപ്രകാരം ആദ്യഘട്ടത്തിൽ തയ്യാറാക്കിയ നീർത്തട പ്ലാനുകൾ പുതുക്കുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. 2018, 2019 വർഷങ്ങളിലുണ്ടായ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ നദികളിലും നദികളിലേയ്ക്കെത്തിച്ചേരുന്ന കൈവഴികളിലും/തോടുകളിലും ഉണ്ടായിട്ടുള്ള മാറ്റങ്ങൾക്കൂടി കണക്കിലെടുത്ത് ഓരോ നീർത്തടത്തിലെയും നിലവിലെ സ്ഥിതി പ്രാഥമിക വിവരശേഖരണത്തിലൂടെ കണ്ടെത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിന് തീരുമാനം കൈക്കൊള്ളുകയും 44 നദികളുടെയും നിലവിലെ സ്ഥിതി വിവരിക്കുന്ന ആദ്യഘട്ട റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. നവകേരളം കർമ്മപദ്ധതി II, ഹരിതകേരളം മിഷൻ-ജലസമൃദ്ധി എന്നിവയുമായി ബന്ധപ്പെട്ട പുതിയ മാർഗ്ഗരേഖകൾ പുറപ്പെടുവിക്കുന്ന മുറയ്ക്ക് 44 നദികളുമായി ബന്ധപ്പെട്ട് മുൻഗണനാക്രമത്തിൽ ശുചീകരണ-പുനരുദ്ധാരണ പ്രവൃത്തികൾ നിർവ്വഹിക്കാൻ കഴിയും.

(സി) തലസ്ഥാനത്തെ ആമയിഴഞ്ചാൻ തോട്, പാർവതീ പുത്തനാർ എന്നിവ മാലിന്യമുക്തമാക്കി നവീകരിക്കുന്നതിനും സൗന്ദര്യവൽക്കരിക്കുന്നതിനും എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; ഇതിനായി ഭൂമി

ഏറ്റെടുക്കേണ്ടതുണ്ടോ; എങ്കിൽ ഏറ്റെടുക്കുന്ന ഭൂമിയുടെ സർവ്വേ നമ്പർ ഏതെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ പ്രവൃത്തി എപ്പോൾ ആരംഭിക്കുമെന്നും എത്ര സമയംകൊണ്ട് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ?

(സി&ഡി) തലസ്ഥാന നഗരത്തിലെ പ്രധാന തോടായ ആമയിഴഞ്ചാൻ തോട് മാലിന്യമുക്തമാക്കി നവീകരിക്കുന്നതിനായി "Desilting and Reconstruction of Amayizhanchan thodu from Kannammoola to Akkulam" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി, 27-07-2020-ലെ സർക്കാർ ഉത്തരവ് നം. 187/2020/ജവിവ പ്രകാരം 25 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൽ ചുവടെ പറയുന്ന പ്രധാന പ്രവൃത്തികൾ ഉൾപ്പെടുന്നു:

1. തോട്ടിൽ അടിഞ്ഞുകൂടിയ മണ്ണ്/മാലിന്യം നീക്കം ചെയ്യൽ (2.71 കോടി രൂപ)

2. കണ്ണമ്മൂല മുതൽ നെല്ലിക്കുഴിവരെയുള്ള ആമയിഴഞ്ചാൻ തോടിന്റെ പാർശ്വഭിത്തി പുനരുദ്ധാരണ പ്രവൃത്തി (6.5754 കോടി)

3. മാലിന്യം/ചെളി/എക്കൽ എന്നിവ നീക്കം ചെയ്യുന്നതിനുള്ള "Silt pusher" വാങ്ങുന്നതിന്-ജലസേചനവകുപ്പ്-മെക്കാനിക്കൽ വിഭാഗം-(3 കോടി) രൂപ

4. ഈ പദ്ധതിയിലുൾപ്പെടുത്തി കേരളാ വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന "സ്വീവേജ് ലൈൻ കണക്ഷൻ പദ്ധതി" (10.78 കോടി) പ്രവൃത്തിയുടെ കരാർ നടപടികൾ പൂർത്തിയാക്കി, നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി സ്ഥലം ഏറ്റെടുക്കൽ നടപടികളൊന്നും ആവശ്യമില്ല. വെസ്റ്റ്കോസ്റ്റ് കനാലിന്റെ കോവളം മുതൽ വർക്കലവരെയുള്ള ഭാഗത്ത് കുടിയൊഴിപ്പിക്കലിനും പുനരധിവാസത്തിനുമായി കിഫ്ബിയിൽനിന്നും 247.2 കോടി രൂപയുടെ സാമ്പത്തിക പാക്കേജ് 04/08/2021-ലെ G.O(Rt)No.16/2021/CSIND പ്രകാരം ഉത്തരവായിട്ടുള്ളതും അതിലുൾപ്പെട്ട പാർവ്വതീപുത്തനാറിന്റെ നവീകരണ പ്രവർത്തനങ്ങൾക്ക് Kerala Water Ways & Infrastructure Limited(KWIL)-നെ വിശേഷാൽ ലക്ഷ്യോപാധി (Special Purpose Vehicle) ആയി ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. എന്നാൽ ഫണ്ടിന്റെ ലഭ്യതക്കുറവുമൂലം KWIL-ന് പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കാത്തതിനാൽ കനാലിന്റെ ബാക്കി ഭാഗങ്ങൾ വൃത്തിയാക്കുന്നതിനുള്ള എസ്റ്റിമേറ്റ് സിറ്റി ഫ്ളഡിൽ ഉൾപ്പെടുത്തി 48 ലക്ഷം

രൂപയുടെ ഭരണാനുമതി നൽകുകയും ആയതിന്റെ ടെണ്ടർ നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. പാർവ്വതീപുത്തനാറിന്റെ ഇരുവശങ്ങളിലുമായി ഭൂമി ഏറ്റെടുക്കുന്നതിലേയ്ക്കായി 22/08/2018-ലെ G.O(Rt)No.24/ 2018/CSIND പ്രകാരം 66.39 കോടി രൂപ അനുവദിക്കുകയും കനാൽ വികസനത്തിനായി 183 കോടി രൂപയുടെ ഡി.പി.ആർ. (DPR) KIIFB-യുടെ അംഗീകാരത്തിനായി KWIL സമർപ്പിച്ചിട്ടുമുണ്ട്. കനാലും റോഡും ഉൾപ്പെടെ 35 മീറ്റർ വീതിയിൽ പാർവ്വതീ പുത്തനാർ നവീകരിക്കുന്നതിന് അതിർത്തി നിർണ്ണയിച്ചിട്ടുണ്ട്. ടി സ്ഥലങ്ങളിൽ റവന്യൂ അധികാരികളുമായിട്ടുള്ള സംയുക്ത പരിശോധന നടന്നുവരുന്നു. 4(1) Notification പ്രസിദ്ധീകരിക്കുന്നതോടെ സർവ്വേ നമ്പർ ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ ലഭ്യമാകുന്നതാണ്. പാർവ്വതീപുത്തനാർ മാലിന്യമുക്തമാക്കുന്നതിന് പീരിയോഡിക്കൽ ക്ലീനിംഗ് ഒരു വർഷത്തേയ്ക്ക് നടത്തുന്നതിനുള്ള ടെണ്ടർ നടപടികൾ നടന്നുവരുന്നു.

**എക്കലും മണ്ണും നീക്കം ചെയ്യുന്നതിന് നടപടി**

207(940) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ പ്രളയകാലത്തുണ്ടാകുന്ന കനത്ത ആഘാതം

ലഘൂകരിക്കാൻ ആറുകളിലും തോടുകളിലും അടിഞ്ഞുകൂടിയ എക്കലും മണ്ണും നീക്കം ചെയ്യുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) അടുത്ത മൺസൂണിനുമുമ്പ് ഇക്കാര്യത്തിൽ എന്തൊക്കെ അടിയന്തര നടപടി സ്വീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കാമോ?

(എ & ബി) കുട്ടനാട്ടിൽ പ്രളയകാലത്തുണ്ടാകുന്ന കനത്ത ആഘാതം ലഘൂകരിക്കാൻ പാടശേഖരങ്ങളുമായി ബന്ധപ്പെട്ട് കിടക്കുന്ന തോടുകൾ, കനാലുകൾ എന്നിവ ആഴംകൂട്ടി അവയുടെ സംവഹനശേഷി വർദ്ധിപ്പിച്ചുവരുന്നു. എല്ലാ വർഷവും കുട്ടനാട് പാക്കേജ് പ്ലാൻ പദ്ധതി, നബാർഡ് പദ്ധതി എന്നിവയിൽപ്പെടുത്തി ടി പ്രവൃത്തികൾ നടത്തിവരുന്നു. കുട്ടനാട്ടിലെ പ്രളയകാലത്തുണ്ടാകുന്ന കനത്ത ആഘാതം ലഘൂകരിക്കാൻ ആറുകളിലും തോടുകളിലും അടിഞ്ഞുകൂടിയ എക്കലും മണ്ണും നീക്കം ചെയ്യുന്നതിനുവേണ്ടി പുതിയ ആധുനിക സംവിധാനത്തോടുകൂടിയ ഡ്രെഡ്ജറുകളും അനുബന്ധ മെഷീനറികളും വാങ്ങുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കിവരികയാണ്. കുട്ടനാട്ടിലെ ആറുകളിലും തോടുകളിലും അടിഞ്ഞുകൂടിയ എക്കലും മണ്ണും നീക്കംചെയ്ത് ബണ്ട് സംരക്ഷിക്കുന്നതിന്

ഒന്നാംഘട്ടമായി 56.25 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കുട്ടനാട് ഉൾപ്പെടെയുള്ള ആലപ്പുഴ ജില്ലയിലെ തോടുകളിൽ അടിഞ്ഞുകൂടിയ എക്കലും മണ്ണും നീക്കം ചെയ്യുന്നതിന് 26.52 കോടി രൂപയുടെ പ്രൊപ്പോസൽ ജില്ലാകളക്ടർ, ദുരന്ത നിവാരണ വകുപ്പ്, ആലപ്പുഴയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ വേൾഡ് ബാങ്ക് സഹായത്തോടെയുള്ള പദ്ധതികളിലുൾപ്പെടുത്താനായി 3.09 കോടി രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. അടുത്ത മൺസൂണിനുമുമ്പ് ടി പ്രവൃത്തികൾ നടപ്പിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ആറുകളിലെ മണൽവാരൽ നിശ്ചിത സമയത്തേയ്ക്ക് ഗ്രാമപഞ്ചായത്തുകളെ ഏൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ആറുകളിൽ അടിഞ്ഞുകൂടിയ എക്കലും മണ്ണും നീക്കം ചെയ്യുന്ന പ്രവൃത്തി, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളെ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

**നിലമ്പൂർ മണ്ഡലത്തിലെ പുഴകളിലെ ചെളിയും മണലും**

208 (941) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉരുൾപൊട്ടലും പ്രളയവും കാരണം നിലമ്പൂർ മണ്ഡലത്തിലെ ചാലിയാർ പുഴ, പുന്നപ്പുഴ, കരിമ്പുഴ എന്നിവയിൽ ചെളിയും മണലും അടിഞ്ഞ് സ്വാഭാവിക നീരൊഴുക്ക് തടസ്സപ്പെട്ടിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മേൽ നദികളിൽ അടിഞ്ഞിട്ടുള്ള ചെളിയുടെയും മണലിന്റെയും അളവ് തിട്ടപ്പെടുത്തുകയോ നീക്കംചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോ?

ചാലിയാർ പുഴ, പുന്നപ്പുഴ, കരിമ്പുഴ എന്നിവയിൽ അടിഞ്ഞുകൂടിയ ചെളി, മണ്ണ്, എക്കൽ, ജൈവാംശം, മറ്റ് പ്രളയാവശിഷ്ടങ്ങൾ എന്നിവയുടെ ഏകദേശ അളവ് തിട്ടപ്പെടുത്തിയിട്ടുണ്ട്. MGNREGS/AUEGS വഴി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നീക്കം ചെയ്യാവുന്നതിന്റെ വിശദാംശങ്ങൾ സംബന്ധിച്ച പട്ടിക ബന്ധപ്പെട്ട പഞ്ചായത്തുകൾക്കും മലപ്പുറം ജില്ല MGNREGS ജോയിന്റ് പ്രോഗ്രാം കൺവീനർക്കും തുടർനടപടികൾക്കായി കൈമാറിയിട്ടുണ്ട്. സർക്കാർതലത്തിലും മേൽ വിഷയത്തിലുള്ള പുരോഗതി വിലയിരുത്തുന്നുണ്ട്.

(സി) ഇല്ലെങ്കിൽ അടുത്ത മഴക്കാലത്തിനുമുമ്പായി ചെളിയും മണലും നീക്കംചെയ്ത് പുഴകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിന് നിർദ്ദേശം നൽകാമോ; ചെറിയ മഴയിൽപ്പോലും പ്രളയസാധ്യതയുള്ളതിനാൽ ഇക്കാര്യം ഗൗരവപൂർവ്വം പരിഗണിക്കുമോ?

ചെളിയും മണലും നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ചെളിയും മണലും നീക്കംചെയ്യുന്ന പ്രവൃത്തിക്ക് പ്രാദേശികതലത്തിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതി നൽകുന്നതിന് തടസ്സങ്ങളുണ്ടോ; ഇതിനായി നടപടി സ്വീകരിക്കുമോ?

MGNREGS/AUEGS-ന്റെ മാനദണ്ഡങ്ങൾക്കനുസൃതമായി തദ്ദേശഭരണ സ്ഥാപനങ്ങൾ, നിലവിൽ പുഴയുടെ ഒഴുക്കിന് തടസ്സം നിൽക്കുന്ന ചെളി, മണ്ണ്, എക്കൽ, ജൈവാംശം, മറ്റ് പ്രളയാവശിഷ്ടങ്ങൾ എന്നിവ നീക്കംചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ആലോചിച്ചുവരുന്നു.

**കനാൽ/കായലിന്റെ ആഴം വർദ്ധിപ്പിക്കൽ**

209(942) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ ഏതെല്ലാം കായൽ/കനാലുകളിൽ പ്രളയശേഷം എക്കൽ/ചെളി വന്നടിഞ്ഞ് ആഴം കുറഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പ്രളയശേഷം ഗുരുവായൂർ മണ്ഡലത്തിൽ ചേറ്റുവ പുഴയോടുചേർന്നുള്ള കാളമനക്കായലിലും കനോലി കനാലിലും ഏങ്ങണ്ടിയൂർ പഞ്ചായത്തിലെ പൊക്കാഞ്ചേരി പുഴയ്ക്കും കടലിനും ഇടയിലുള്ള തോടിലും ചെളി അടിഞ്ഞുകൂടി ആഴം കുറഞ്ഞിട്ടുണ്ടായിരുന്നു. കൂടാതെ പി. സി. കനാലിൽ പുളിക്കകടവ് മുതൽ ചേറ്റുവ അഴിവരെയും ചെളി അടിഞ്ഞുകൂടി ആഴം കുറഞ്ഞിട്ടുണ്ട്.

(ബി) മണ്ഡലത്തിലെ കായൽ/കനാലുകളിൽ ചെളിയും മണ്ണും നീക്കം ചെയ്ത് ആഴം വർദ്ധിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

പൊക്കാഞ്ചേരി പുഴയ്ക്കും കടലിനും ഇടയിലുള്ള തോട്ടിലെ അടിഞ്ഞുകൂടിയ മണ്ണ്/ചെളി നീക്കം ചെയ്തിട്ടുണ്ട്. കൂടാതെ കുന്നുകുഴി തോട്, മത്തിക്കായൽ എന്നിവയിലെ മണ്ണ്, ചെളി നീക്കം ചെയ്യുന്നതിനുള്ള പ്രൊപ്പോസലുകളും തയ്യാറാക്കിയിട്ടുണ്ട്. കനോലി കനാലിലെ ചേറ്റുവ മുതൽ ചാവക്കാടുവരെയുള്ള ഭാഗങ്ങളിലെ ആഴം കുറവുള്ള ഇടങ്ങളിൽ നാല്

സ്വെച്ചുകളായി ഡീസിൽറ്റേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. കാളമനക്കായലിൽ മണ്ണ്/ചെളിയുടെ അളവ് വളരെ കൂടുതലായതിനാൽ ഈ കായലിലെ ഡീസിൽറ്റേഷൻ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുവേണ്ടി നീക്കംചെയ്യേണ്ട മണ്ണ്/ചെളിയുടെ അളവ്, ആവശ്യമായ ഇൻവെസ്റ്റിഗേഷൻ നടത്തി തിട്ടപ്പെടുത്തണമെന്ന്, കെ.ഇ.ആർ.ഐ. പീച്ചിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. പി.സി കനാലിന്റെ ചാവക്കാട് മുതൽ പുന്നയൂർക്കുളം വരെയുള്ള ഭാഗങ്ങളിൽ ഡീസിൽറ്റേഷൻ പ്രവൃത്തികൾ നടത്തുന്നതിനും പി.സി.കനാലിലെ പുളിക്കകടവ് മുതൽ ചേറ്റുവ പാലംവരെ ഏകദേശം 1.6 കിലോമീറ്റർ നീളത്തിൽ ചെളി/മണ്ണ് നീക്കം ചെയ്യുന്നതിനും 2022-23 സി.എസ്.ഐ.എൻ.ഡി. പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**വാളയാർ കനാലുകളുടെ നവീകരണം**

210(943) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 വർഷത്തെ സംസ്ഥാന ബജറ്റിൽ 20 ശതമാനം തുക വകയിരുത്തിയിട്ടുള്ള വാളയാർ കനാലുകളുടെ നവീകരണം-ഒന്നാം ഘട്ടം

എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് 17.12.2021-ലെ റസീറ്റ് നം.5745268 പ്രകാരം ലഭിച്ചതിന്മേൽ ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട വകുപ്പിലെ ഫയൽ നമ്പർ, ഫയലിന്റെ നാൾവഴി, നടപടിക്രമം എന്നിവ അറിയിക്കാമോ?

(എ & ബി) ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം-1 സമർപ്പിച്ച വാളയാർ കനാലുകളുടെ നവീകരണം-ഒന്നാം ഘട്ടം എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് 20/12/2021-ലെ റസീറ്റ് നം. 5745268 പ്രകാരം ജലവിഭവ (എം.പി.) വകുപ്പിൽ കൈപ്പറ്റുകയുണ്ടായി. ശിപാർശയോടൊപ്പം സമർപ്പിക്കേണ്ടിയിരുന്ന പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുന്ന അനുബന്ധങ്ങൾ ഉൾക്കൊള്ളിക്കാതിരുന്നതിനാൽ ആയത് അടിയന്തരമായി ലഭ്യമാക്കുവാൻ ചീഫ് എഞ്ചിനീയർ, പദ്ധതി വിഭാഗം 1-നോട് നിർദ്ദേശിക്കുകയും ആയത് 22/01/2022-ൽ സർക്കാരിൽ ലഭിക്കുകയും ചെയ്തു. 25/01/2022 മുതൽ ഒരാഴ്ചയിലധികം സെക്രട്ടേറിയറ്റിലെ ഇ-ഓഫീസ് സംവിധാനം പ്രവർത്തനരഹിതമായിരുന്നു. ഇ-ഓഫീസ് പ്രവർത്തന സജ്ജമായതിനെത്തുടർന്ന് ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം-1 സമർപ്പിച്ച പ്രൊപ്പോസൽ, ഫയൽ നം. MP1/12/2022-WRD ആയി പ്രോസസ് ചെയ്ത് സമർപ്പിക്കുകയും ആയത് ശിപാർശ ചെയ്ത് 15/02/2022-ൽ ധനകാര്യ

വകുപ്പിലേയ്ക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. ഫയലിന്റെ നാൾവഴി വ്യക്തമാക്കുന്ന ഇ-ഓഫീസ് രേഖ അനുബന്ധമായി+ ചേർക്കുന്നു.

**മാവുള്ളപൊയിൽ വി.സി.ബി.**

211(944) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ മാവുള്ളപൊയിൽ വി.സി.ബി.ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത എസ്റ്റിമേറ്റ് ഭരണാനുമതിക്കായി 2017-ൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഭരണാനുമതി നൽകാൻ തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ?

(എ & ബി) പയ്യന്നൂർ മണ്ഡലത്തിലെ മാവുള്ളപൊയിൽ വി.സി.ബി നിർമ്മാണത്തിനായി 89 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് പ്രൈസ് മുഖേന സാമ്പത്തികാനുമതിക്കായി 2018 ജനുവരി മാസം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ലഭിച്ചിരുന്നുവെങ്കിലും സാമ്പത്തിക വർഷം കഴിയാറായതിനാലും ഫണ്ട് ഏകദേശം പൂർണ്ണമായും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിനിയോഗിച്ചതിനാലും അടുത്ത സാമ്പത്തിക വർഷം സമർപ്പിക്കുന്നതിനായി എസ്റ്റിമേറ്റ് 2018 മെയ് മാസം തിരിച്ചുനൽകിയിരുന്നു. തുടർന്ന് 2019 ഒക്ടോബർ മാസത്തിൽ 92.5 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സാമ്പത്തികാനുമതിക്കായി ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പുനർസമർപ്പിച്ചിരുന്നുവെങ്കിലും സൂപ്രണ്ടിംഗ് എഞ്ചിനീയർ തയ്യാറാക്കി സമർപ്പിച്ച മുൻഗണനാ പട്ടികയിൽ മേൽപ്രവൃത്തി ഉൾപ്പെട്ടിരുന്നില്ല. ടി പ്രവൃത്തി അടുത്ത സാമ്പത്തിക വർഷത്തെ (2022-23) മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തി സമർപ്പിക്കാൻ സൂപ്രണ്ടിംഗ് എഞ്ചിനീയറോട് ചീഫ്എഞ്ചിനീയർ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ടി പ്രവൃത്തിയുടെ 98 ലക്ഷം രൂപയുടെ പ്രൊപ്പോസൽ (DSR 2018 നിരക്ക് പരിഗണിച്ചു.) 2021-22 സാമ്പത്തിക വർഷത്തെ പ്ലാൻ സ്കീമിന്റെ അധിക തുകയ്ക്കുള്ള മുൻഗണനാ പട്ടികയിലുൾപ്പെടുത്തി അനുമതിക്കായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**തെലശ്ശേരി കുളം നവീകരണം**

212(945) <u>ഡോ. എം. കെ. മുനീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിലെ നരിക്കുനി ഗ്രാമപഞ്ചായത്തിലെ തെലശ്ശേരി കുളം നവീകരണം സംബന്ധിച്ച പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

(എ & ബി) കോഴിക്കോട് ജില്ലയിലെ കൊടുവള്ളി നിയോജകമണ്ഡലത്തിലെ നരിക്കുനി ഗ്രാമപഞ്ചായത്തിലെ തെലശ്ശേരി കുളം നവീകരണം സംബന്ധിച്ച പ്രവൃത്തിക്ക് Rennovation of Tanks and Pond in Haritha Keralam എന്ന ശീർഷകത്തിലുൾപ്പെടുത്തി മുപ്പതു (30.00) ലക്ഷം രൂപയുടെ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സ്വീകരിച്ചുവരുന്നു.

**കനോലി കനാൽ നവീകരണ പദ്ധതി**

213(946) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കനോലി കനാൽ നവീകരണത്തിനുള്ള പദ്ധതി തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം

ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

(എ & ബി) കനോലി കനാൽ നവീകരണത്തിന് കേരള വാട്ടർവേയ്സ് ആൻഡ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL) സമർപ്പിച്ച കൺസെപ്റ്റ് നോട്ടിന്റെ അടിസ്ഥാനത്തിൽ ഏകദേശം 1118 കോടി രൂപ വേണ്ടിവരുന്ന പദ്ധതി കിഫ്ബി ധനസഹായം ലഭ്യമാക്കി നടപ്പിലാക്കുന്നതിന് തത്വത്തിലുള്ള അനുമതി നൽകിയിട്ടുണ്ട്. ഇതിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് (DPR) തയ്യാറാക്കുന്നതിന് ഓപ്പൺ കോംപറ്റിറ്റീവ് ബിഡ്ഡിലൂടെ LEA Associates South Asia Pvt. Ltd. എന്ന കൺസൾട്ടൻസിയെ തെരഞ്ഞെടുത്തിട്ടുണ്ട്.

**കായൽ/കനാലിൽനിന്നും ഉപ്പുവെള്ളം കയറുന്നതുമൂലമുള്ള നാശനഷ്ടം**

214(947) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ ഏതെല്ലാം പ്രദേശങ്ങളിൽ കായൽ/കനാലിൽനിന്നും ഉപ്പുവെള്ളം കയറുന്നതുമൂലം ജനങ്ങൾ ദുരിതത്തിലായിട്ടുണ്ടെന്ന് അറിയിക്കുമോ?

ഗുരുവായൂർ മണ്ഡലത്തിലെ കടപ്പുറം, ചാവക്കാട്, പുന്നയൂർ, ഒരുമനയൂർ, പുന്നയൂർക്കുളം എന്നീ പഞ്ചായത്തുകൾ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ ഉപ്പുവെള്ളം കയറിയതുമൂലം ജനങ്ങൾ ദുരിതത്തിലാവുകയും എങ്ങണ്ടിയൂർ പഞ്ചായത്തിൽ മീനക്കടവ് മുതൽ മണപ്പാട് പാലംവരെയുള്ള ഭാഗങ്ങളിൽ വ്യാപക കൃഷിനാശം സംഭവിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ ഏതെല്ലാം പ്രദേശങ്ങളിലാണ് നിലവിൽ കായൽ/കനാലിന്റെ പാർശ്വഭിത്തി സംരക്ഷണത്തിനായി പദ്ധതി തയ്യാറാക്കിയിട്ടുള്ളതെന്ന വിവരം ലഭ്യമാക്കുമോ?

കടപ്പുറം പഞ്ചായത്തിൽ ചേറ്റുവ പുഴയിൽനിന്നും ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായുള്ള പ്രവൃത്തികൾ 6, 7, 8 വാർഡുകളിൽ നടന്നുകൊണ്ടിരിക്കുന്നു. കടപ്പുറം, ഒരുമനയൂർ പഞ്ചായത്തുകളിൽ മീൻകടവിനടുത്തും മണപ്പാടും മുട്ടകായലിനടുത്തും സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ടി പദ്ധതി നടപ്പിലാക്കാവുന്നതാണ്.

(സി) ഉപ്പുവെള്ളം കയറുന്നതുമൂലം വീടുകൾക്കും കൃഷിക്കും നാശനഷ്ടം സംഭവിക്കുന്നവർക്ക് എന്തെല്ലാം നഷ്ടപരിഹാരമാണ് നൽകുന്നതെന്ന വിവരം

ലഭ്യമാക്കാമോ?

ഉപ്പുവെള്ളം കയറി വീടുകൾക്കും കൃഷിക്കും നാശനഷ്ടം സംഭവിക്കുന്നത് ദേശീയ/സംസ്ഥാനതല അംഗീകൃത ദുരന്തങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നില്ല.

**കനാൽ നവീകരണം**

215(948) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട കനാൽ നവീകരണത്തിനായി എത്ര കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

കുറ്റ്യാടി ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട കനാൽ നവീകരണത്തിനായി 2021-22 സാമ്പത്തിക വർഷത്തിൽ പ്ലാൻ ശീർഷകത്തിൽ 200 ലക്ഷം രൂപയും നോൺപ്ലാൻ ശീർഷത്തിൽ 180.50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(ബി) കനാൽ നവീകരണത്തിനായി എന്തൊക്കെ പ്രവൃത്തികളാണ്

നടന്നുവരുന്നതെന്ന് വ്യക്തമാക്കുമോ?

കുറ്റ്യാടി ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട കനാൽ നവീകരണത്തിനായി ഏറ്റെടുത്തിരിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(സി) തൊഴിലുറപ്പ് തൊഴിലാളികൾ നടത്തിവന്നിരുന്ന കനാലിന്റെ വാർഷിക അറ്റകുറ്റപ്പണികൾ ഇപ്പോൾ നടക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പകരം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തിക്കാവശ്യമുള്ള ഫണ്ട് വകയിരുത്തിയിട്ടുണ്ടോ?

ഉണ്ട്. മുൻ വർഷങ്ങളിൽ ജില്ലാ കളക്ടറുടെ പ്രത്യേക അനുമതിയോടുകൂടി MGNREGS മുഖേനയാണ് കനാൽ ശുചീകരണ പ്രവൃത്തികൾ നടത്തിയിരുന്നത്. പ്രസ്തുത അനുമതി ഈ വർഷം ലഭ്യമാകാതിരുന്നതിനെത്തുടർന്ന് 25/01/2022-ൽ ജലവിഭവ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ കളക്ടർമാർ ഉൾപ്പെടെ ബന്ധപ്പെട്ടവരുമായി നടത്തിയ യോഗ തീരുമാനപ്രകാരം കനാൽ ശുചീകരണ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിന് ജില്ലാ ഭരണകൂടത്തിന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നിർദ്ദേശം നൽകിയിട്ടുണ്ട്. ബദൽ സംവിധാനം എന്ന നിലയിൽ കുറ്റ്യാടി ജലസേചന പദ്ധതി ഡിവിഷനുകീഴിൽ വരുന്ന HR/CLR/SLR ജീവനക്കാരെ ഉപയോഗിച്ച് കനാൽ ശുചീകരണം നടത്തിവരുന്നു.

**പഴശ്ശി ജലസേചന പദ്ധതി**

216(949) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴശ്ശി ജലസേചന പദ്ധതിയുടെ കീഴിലുള്ള കനാലുകളിൽ വെള്ളത്തിന്റെ ലഭ്യതക്കുറവുമൂലം സമീപപ്രദേശങ്ങളിലെ കൃഷി നശിച്ചുപോകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പഴശ്ശി ജലസേചന പദ്ധതിയുടെ ഷട്ടറുകളുടെ തകരാറും കനാലുകളുടെ ശോചനീയാവസ്ഥയും മെയിൻ കനാൽ തകർന്നതുംമൂലം കൃഷിക്കാവശ്യമായ ജലസേചനം നടത്താൻ പറ്റാത്ത സാഹചര്യമുണ്ടായിട്ടുണ്ട്. വിവിധ പദ്ധതികളിൽപ്പെടുത്തി 2018 മുതൽ കനാൽ പുനർനിർമ്മാണം നടന്നുവരുന്നുണ്ട്. മെയിൻ കനാൽ 5 കി.മീ വരെയുള്ള പ്രവൃത്തികൾ നടത്തി 2022 ജനുവരിയിൽ കനാൽ വഴിയുള്ള വെള്ളമൊഴുക്കിന്റെ ട്രയൽ റൺ നടത്തിയിട്ടുണ്ട്. ഫണ്ട് ലഭ്യതയ്ക്കനുസൃതമായി

തുടർന്നുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിവരുന്നു.

(ബി) വെള്ളമില്ലാതെ കാടുമൂടി കിടക്കുന്നതിനാൽ കനാലിൽ മാലിന്യങ്ങൾ തള്ളുന്നതുമൂലം ജനങ്ങൾക്ക് വളരെയധികം പ്രയാസമുണ്ടാകുന്ന എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി കനാലിൽ നിക്ഷേപിക്കപ്പെട്ട മാലിന്യങ്ങൾ മാറ്റുന്നതിനും കാട് വെട്ടി വൃത്തിയാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

**കുറ്റ്യാടി ഇറിഗേഷൻ കനാലുകൾ വൃത്തിയാക്കാൻ നടപടി**

217(950) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ കാർഷിക മേഖലയിലെ ജല ദൗർലഭ്യം പരിഹരിക്കുന്നതിനായി കുറ്റ്യാടി ഇറിഗേഷൻ കനാലുകളിലേയ്ക്ക് വെള്ളം എന്ന് എത്തിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

കുറ്റ്യാടി ഇറിഗേഷൻ കനാലിലൂടെയുള്ള ജലവിതരണം 2022 ഫെബ്രുവരി 28-ന് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) കനാലുകൾ വൃത്തിയാക്കുന്ന പ്രവൃത്തികൾ ഏത് ഘട്ടത്തിലാണ്;

ഇതിൽ തൊഴിലുറപ്പ് തൊഴിലാളികളുടെ സേവനം ഉപയോഗിക്കാൻ പദ്ധതിയുണ്ടോയെന്ന് അറിയിക്കാമോ?

ജലവിതരണത്തിനുമുമ്പ് കനാലിലെ കാടും ചെളിയും മാറ്റി കനാൽ വൃത്തിയാക്കുന്ന പ്രവൃത്തി വർഷങ്ങളായി തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി അതാത് തദ്ദേശഭരണ സ്ഥാപനങ്ങളാണ് നിർവ്വഹിച്ചുവരുന്നത്. ഈ വർഷവും ഇതേ രീതി തുടരുന്നതിനുള്ള സാധ്യത ജില്ലാ ഭരണകൂടവുമായി ബന്ധപ്പെട്ട് ആരാഞ്ഞുവരികയാണ്.

(സി) യഥാസമയം കനാൽ വൃത്തിയാക്കാൻ സാധിക്കാത്ത അവസ്ഥയുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) നിലവിൽ ജലം കൃഷി സ്ഥലത്തെത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നേരിടുന്നുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

(സി & ഡി) ഉണ്ട്. മുൻവർഷങ്ങളിൽ ജില്ലാ കളക്ടറുടെ പ്രത്യേക അനുമതിയോടുകൂടി MGNREGS മുഖേനയാണ് കനാൽ ശുചീകരണ പ്രവൃത്തികൾ നടത്തിയിരുന്നത്. പ്രസ്തുത അനുമതി ഈ വർഷം ലഭ്യമാകാതിരുന്നതിനെത്തുടർന്ന് 25/01/2022-ൽ ജലവിഭവ

വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ കളക്ടർമാരുൾപ്പെടെ ബന്ധപ്പെട്ടവരുമായി നടത്തിയ യോഗ തീരുമാനപ്രകാരം കനാൽ ശുചീകരണ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിന് ജില്ലാ ഭരണകൂടത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ബദൽ സംവിധാനം എന്ന നിലയിൽ കുറ്റ്യാടി ജലസേചന പദ്ധതി ഡിവിഷനുകീഴിൽ വരുന്ന HR/CLR/SLR ജീവനക്കാരെ ഉപയോഗിച്ച് കനാൽ ശുചീകരണം നടത്തിവരുന്നു.

(ഇ) കനാൽ വൃത്തിയാക്കുന്നതിന് സമയക്രമം നിലവിലുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. ഡിസംബർ മുതൽ ഫെബ്രുവരി മാസംവരെയാണ് കുറ്റ്യാടി ഇറിഗേഷൻ കനാലുകളുടെ ശുചീകരണത്തിന്റെ സമയപരിധി.

**കൊച്ചിൻ ഫ്രോണ്ടിയർ തോടിന്റെ നവീകരണം**

218(951) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ കൊച്ചിൻ ഫ്രോണ്ടിയർ തോടിന്റെ നവീകരണവുമായി ബന്ധപ്പെട്ട സർവ്വേ നടപടികളുടെ ഭാഗമായി അതിർത്തി നിർണ്ണയിച്ച് കല്ലുകൾ സ്ഥാപിക്കുന്നതിനായി എത്ര തുകയുടെ

ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്; ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

മണലൂർ മണ്ഡലത്തിലെ കൊച്ചിൻ ഫ്രോണ്ടിയർ തോടിന്റെ നവീകരണവുമായി ബന്ധപ്പെട്ട സർവ്വേ നടപടികളുടെ ഭാഗമായി അതിർത്തി നിർണ്ണയിച്ച് കല്ലുകൾ സ്ഥാപിക്കുന്നതിനായി 6,70,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത സർവ്വേ നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

കൊച്ചിൻ ഫ്രോണ്ടിയർ തോടിന്റ ഏകദേശം 7 കിലോമീറ്റർ നീളം സർവ്വെ നടത്തുകയും അത്രയും ദൂരം സർവ്വെ കല്ലുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്നുള്ള 15 കിലോമീറ്റർ ദൂരത്തിൽ അതിർത്തി നിർണ്ണയിക്കുന്നതിനും കല്ല് സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മുല്ലപ്പെരിയാർ ഡാം**

219(952) <u>ശ്രീ. പി. കെ. ബഷീർ:</u>

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>:

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>:

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതാധികാര സമിതി നിശ്ചയിച്ച റൂൾ കർവിന് അനുസൃതമായി മുല്ലപ്പെരിയാർ ഡാമിലെ ജലനിരപ്പ് നിലനിർത്തുന്നതിനായി കഴിഞ്ഞ വർഷം ഡാമിൽനിന്നും ജലം തുറന്നുവിട്ടിരുന്നോ?

ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 2021-ലെ ഉത്തരവ് പ്രകാരം മേൽനോട്ട സമിതി ചെയർമാന്റെ നിർദ്ദേശമനുസരിച്ച് മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് തമിഴ്നാട് തയ്യാറാക്കിയ റൂൾ കർവ്വിന് അനുസൃതമായി ക്രമീകരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളുടെ ഭാഗമായി ഡാമിൽനിന്നും സ്പിൽവേ ഷട്ടർ വഴി ജലം തുറന്നുവിട്ടിരുന്നു.

(ബി) ഡാം തുറക്കുന്നതിന് പന്ത്രണ്ട് മണിക്കൂർ മുമ്പ് മുന്നറിയിപ്പ് നൽകുന്നതിനും രാത്രിയിൽ ഡാം തുറക്കില്ലെന്ന കാര്യത്തിലും ഇരുസംസ്ഥാനങ്ങളുമായി ധാരണ ഉണ്ടാക്കിയിരുന്നോ?

ഇല്ല.

(സി) പ്രസ്തുത ധാരണ ലംഘിച്ച് രാത്രികാലങ്ങളിൽ ജലം ഒഴുക്കി

വിട്ടതിനെത്തുടർന്നുണ്ടായ ബുദ്ധിമുട്ടുകൾ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്താനും ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കാനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ബാധകമല്ല.

(ഡി) ഡാം മേഖലയിൽ താമസിക്കുന്നവരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

സ്പിൽവേ ഷട്ടറുകൾ തുറക്കുന്നതുൾപ്പെടെയുള്ള അവസരങ്ങളിൽ ഡാമിന്റെ പരിസരത്ത് താമസിക്കുന്ന ജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് അവർക്ക് ജാഗ്രതാനിർദ്ദേശങ്ങളും അറിയിപ്പും നൽകുന്നതിനായി ജില്ലാദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ റവന്യൂ, പോലീസ്, അഗ്നിശമനസേന, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നീ വകുപ്പുകളുടെ ഏകോപനത്തോടെ, അതാത് തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖാന്തരം ഉച്ചഭാഷിണികളിലൂടെ ഷട്ടർ തുറക്കുന്നതുമായി ബന്ധപ്പെട്ട മുൻകരുതൽ നിർദ്ദേശങ്ങൾ നൽകുകയും മുൻകരുതൽ നടപടിയെന്ന നിലയ്ക്ക് മാറ്റിതാമസിപ്പിക്കേണ്ടവരെ സുരക്ഷിത സ്ഥാനങ്ങളിലേയ്ക്ക് മാറ്റുന്നതിനുള്ള

നടപടികളും സ്വീകരിക്കാറുണ്ട്.

**വാഴാനി ഡാമിനോട് ചേർന്ന് സീസ്മോഗ്രാഫ് സ്ഥാപിക്കുന്നതിന് നടപടി**

220(953) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭൂകമ്പ സാധ്യതാ പ്രദേശമെന്ന് നിരവധി പഠനങ്ങളിലൂടെ കണ്ടെത്തിയ വടക്കാഞ്ചേരി-വരവൂർ-തലശ്ശേരി മേഖലകളുൾപ്പെടുന്ന വടക്കാഞ്ചേരി മണ്ഡലത്തിലെ വാഴാനി ഡാമിനോടുചേർന്ന് സീസ്മോഗ്രാഫ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഡാമുകളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമായി ലോകബാങ്ക് ധനസഹായത്തോടെ കേന്ദ്ര ജല കമ്മീഷന്റെ മേൽനോട്ടത്തിൽ നടപ്പാക്കുന്ന ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിന്റെ 2020-ൽ ആരംഭിച്ച രണ്ടാംഘട്ടത്തിൽ ഡാമുകളുടെ ഇൻസ്ട്രുമെന്റേഷൻ പ്രവൃത്തികൾ ആരംഭിക്കുന്ന മുറയ്ക്ക് കേന്ദ്ര ജല കമ്മീഷനുമായി കൂടിയാലോചിച്ച് വടക്കാഞ്ചേരി-വരവൂർ-തലശ്ശേരി മേഖലകളുൾപ്പെടുന്ന വടക്കാഞ്ചേരി മണ്ഡലത്തിലെ വാഴാനി ഡാമിനോടുചേർന്ന് സീസ്മോഗ്രാഫ് സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

**പെരിയാർ നദീതീരത്തെ ജനങ്ങളുടെ സുരക്ഷ**

221(954) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിയാർ നദീതീരത്തെ ജനങ്ങളുടെ സുരക്ഷയെ മുൻനിർത്തി മുല്ലപ്പെരിയാർ അണക്കെട്ടിലെ റൂൾ കർവിന് ഭേദഗതി വരുത്താൻ സാധിക്കാത്തതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ?

തമിഴ്നാട് തയ്യാറാക്കുകയും കേന്ദ്ര ജലകമ്മീഷൻ അംഗീകരിക്കുകയും ചെയ്ത റൂൾ കർവ് കേരളം അംഗീകരിച്ചിട്ടില്ല. പെരിയാർ നദീതീരത്തെ ജനങ്ങളുടെ സുരക്ഷ, ഡാമിന്റെ കാലപ്പഴക്കം, കഴിഞ്ഞ 4 വർഷങ്ങളിൽ കേരളത്തിലുണ്ടായ അതിതീവ്രമായ മഴ, തുടർന്നുണ്ടായ പ്രളയ സാഹചര്യം, കാലാവസ്ഥാ വ്യതിയാനം, മുല്ലപ്പെരിയാർ അണക്കെട്ടിനൊപ്പംതന്നെ ഇടുക്കി ജലസംഭരണിയും നിറയുന്ന സാഹചര്യം എന്നിവ പരിഗണിച്ച് തമിഴ്നാട് തയ്യാറാക്കിയ റൂൾ കർവ് പുനഃപരിശോധിക്കണമെന്ന് കേരളം ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ആവശ്യപ്പെട്ടിട്ടുണ്ട്. റൂൾ കർവ് നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം നിലവിൽ സുപ്രീംകോടതിയുടെ പരിഗണനയിലാണ്.

(ബി) എങ്കിൽ പ്രസ്തുത വിഷയത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന

തുടർനടപടികൾ എന്തെല്ലാം?

തമിഴ്നാട് തയ്യാറാക്കിയ റൂൾ കർവ് കേരളത്തിന് അംഗീകരിക്കാൻ കഴിയുന്നതല്ലെന്നും കേരളത്തിന്റെ അഭിപ്രായങ്ങൾക്കൂടി കണക്കിലെടുത്തുകൊണ്ട് റൂൾ കർവ്വിന് അന്തിമരൂപം കൊടുത്ത് അംഗീകരിക്കണമെന്നും നിലവിൽ കോടതിയുടെ പരിഗണനയിലുള്ള ഹർജികളുടെ ഭാഗമായി ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെ കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ 4 കൊല്ലങ്ങളായി കേരളത്തിൽ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന ക്രമംതെറ്റിയതും അതിതീവ്രവുമായ മഴയും (പ്രത്യേകിച്ചും മുല്ലപ്പെരിയാർ അണക്കെട്ടിന്റെ വൃഷ്ടിപ്രദേശത്ത്) തുടർന്നുള്ള പ്രളയസാഹചര്യവും കാലാവസ്ഥാ വ്യതിയാനവും മുല്ലപ്പെരിയാർ ജലസംഭരണിയിലെ ജലനിരപ്പ് ചുരുങ്ങിയ സമയത്തിനുള്ളിൽ കുതിച്ചുയരുന്ന സാഹചര്യവും മുല്ലപ്പെരിയാർ അണക്കെട്ടിനോടൊപ്പംതന്നെ ഇടുക്കി ജലസംഭരണിയും നിറയുന്ന സാഹചര്യവും പെരിയാർ നദീതീരത്തെ ജനങ്ങളുടെ സുരക്ഷയും കണക്കിലെടുത്ത്, സെപ്തംബർ 20-ാം തീയതിയിൽ 142 അടി ജലനിരപ്പ് നിശ്ചയിച്ചുകൊണ്ട് തമിഴ്നാട് തയ്യാറാക്കിയ റൂൾ കർവ് അംഗീകരിക്കുന്നതിലേയ്ക്കായുള്ള വാദഗതികൾ പരിഗണനാർഹമല്ലെന്നും ആയത് അംഗീകരിക്കാൻ കഴിയുന്നതല്ലെന്നും ആയതിനാൽ തമിഴ്നാട്

തയ്യാറാക്കിയ റൂൾ കർവ് പുനഃപരിശോധിക്കണമെന്നും ചൂണ്ടിക്കാട്ടി കേരളം ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്. കൂടാതെ പെരിയാർ നദീതടത്തിൽത്തന്നെ സ്ഥിതിചെയ്യുന്ന ഇടുക്കി, ഇടമലയാർ തുടങ്ങിയ മറ്റ് ജലസംഭരണികൾക്ക് കേന്ദ്ര ജല കമ്മീഷൻ തയ്യാറാക്കിയ അപ്പർ റൂൾ കർവുകൾക്കെല്ലാംതന്നെ ഒരു ഉച്ചസ്ഥാനം (Peak) (അതായത് വർഷകാലത്തിന്റെ അവസാനം നവംബർ 30-ന്) മാത്രമാണുള്ള തെന്നിരിക്കെ, മുല്ലപ്പെരിയാർ അണക്കെട്ടിന് നിശ്ചയിക്കുന്ന അപ്പർ റൂൾ കർവിൽ രണ്ട് ഉച്ചസ്ഥാനങ്ങൾ (Peaks) അനുവദിക്കാൻ കഴിയില്ലെന്നും ബഹുമാനപ്പെട്ട കോടതിയെ കേരളം അറിയിച്ചിട്ടുണ്ട്. കൂടാതെ ഡാമിന്റെ കാലപ്പഴക്കം, മാറിയ സാഹചര്യങ്ങൾ, ഡാമിൽ ഉണ്ടാകുവാൻ സാധ്യതയുള്ള മർദ്ദത്തിലെ വ്യതിയാനം എന്നിവ പരിഗണിച്ച് ഏതൊരു സമയത്തും മുല്ലപ്പെരിയാർ ജലസംഭരണിയിലെ ജലനിരപ്പ് 2014-ൽ ബഹുമാനപ്പെട്ട കോടതി അനുവദിച്ചിട്ടുള്ള പരമാവധി ജലനിരപ്പായ 142 അടിയിൽ കൂടാൻ പാടുള്ളതല്ലെന്നതുകൂടി കണക്കിലെടുത്ത് തമിഴ്നാട് തയ്യാറാക്കിയ റൂൾ കർവ് പുനഃപരിശോധിക്കുവാൻ വേണ്ട നിർദ്ദേശം തമിഴ്നാടിന് നൽകണമെന്നും ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെ കേരളം സമർപ്പിച്ച സത്യവാങ്മൂലത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. മുല്ലപ്പെരിയാർ വിഷയത്തിൽ

ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷയൊരുക്കുന്നതിനും തമിഴ്നാടിന് ജലം ലഭ്യമാക്കുന്നതിനും സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കണമെന്നുമുള്ള സർക്കാർ നിലപാടിന് ഊന്നൽ നൽകിക്കൊണ്ട് സംസ്ഥാനത്തിന്റെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിലേയ്ക്കായുള്ള എല്ലാ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

**കാരിച്ചാൽ കടവ് ചെക്ക്ഡാം-കം-സ്ലൂയിസ് ബ്രിഡ്ജ് പദ്ധതി**

222(955) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്നംകുളം മണ്ഡലത്തിലെ കാരിച്ചാൽ കടവ് ചെക്ക്ഡാം-കം-സ്ലൂയിസ് ബ്രിഡ്ജ് പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

കുന്നംകുളം മണ്ഡലത്തിലെ കാരിച്ചാൽ കടവ് ചെക്ക്ഡാം-കം-ബ്രിഡ്ജ് പദ്ധതി പൂർത്തീകരണ കാലാവധി 30/04/2022 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത കാലയളവിൽത്തന്നെ പൂർത്തീകരണം നടത്തുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**മഞ്ചേരി മണ്ഡലത്തിലെ തടയണ നിർമ്മാണം**

223(956) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിലെ പാണ്ടിക്കാട്, കീഴാറ്റൂർ ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്ക് ഏറെ ഉപകാരപ്രദമാകുന്നതിന് ഒറവംപുറത്ത് തടയണ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

മഞ്ചേരി മണ്ഡലത്തിലെ പാണ്ടിക്കാട്, കീഴാറ്റൂർ പഞ്ചായത്തുകൾക്ക് ഉപകാരപ്രദമായ കടലുണ്ടിപ്പുഴയ്ക്ക് കുറുകെയുള്ള ഒറവംപുറത്ത് തടയണ നിർമ്മാണത്തിന് ബഡ്ജറ്റ് 2021-22-ൽ 100 രൂപ ടോക്കൺ പ്രൊവിഷൻ അനുവദിച്ചിരുന്നു. (ക്രമ നം. 1046). ഈ പ്രവൃത്തിയുടെ ഡി.എസ്.ആർ 2018 പ്രകാരമുള്ള 832 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ തയ്യാറാക്കിവരുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പുഴങ്കാവ് തടയണയുടെ പ്രവൃത്തി വേഗത്തിൽ പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

മലപ്പുറം നിയോജകമണ്ഡലത്തിൽ കെ.ഐ.ഐ.ഡി.സി. നടപ്പിലാക്കി

വരുന്ന പദ്ധതിയാണ് 'മഞ്ചേരി മുനിസിപ്പാലിറ്റിയിലെ പുഴംകാവിൽ കടലുണ്ടി നദിക്ക് കുറുകെയുള്ള റെഗുലേറ്ററിന്റെ നിർമ്മാണം'. ഈ പ്രവൃത്തിയുടെ 78 ശതമാനത്തോളം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മഴയും വെള്ളപ്പൊക്കവുംമൂലം പ്രവൃത്തിക്ക് കാലതാമസം നേരിട്ടെങ്കിലും പ്രസ്തുത പ്രവൃത്തി ഏപ്രിൽ അവസാനം പൂർത്തീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

**കുറ്റ്യാടി പുഴയോര ഭാഗങ്ങൾ സംരക്ഷിക്കാൻ നടപടി**

224(957) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി പുഴയോരം ഇടിഞ്ഞുവീണ് പൊതുജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി നേരിടുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കുറ്റ്യാടി പുഴയോരത്തെ ഇടിഞ്ഞുവീഴുന്ന ഭാഗങ്ങൾ കെട്ടി സംരക്ഷിക്കുന്ന പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; ഈ വിഷയം സംബന്ധിച്ച് ശ്രീ. കെ. പി. ബാലകൃഷ്ണൻ, കോവുപ്പുറത്ത് ഹൗസ്, പാലയാട്ടുനട, ശ്രീ. കെ. പി. വിപിൻ കുമാർ, പാലയാട്ടുനട, ശ്രീമതി

സജീന അറക്കൽ, കുറ്റ്യാടി, ശ്രീ. ഗോപാലൻ, മണിയൂർ എന്നിവർ സമർപ്പിച്ച അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

കുറ്റ്യാടിപ്പുഴയുടെ ഇടതുകര സംരക്ഷണത്തിനായി 2019-20 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ 10 കോടി രൂപയുടെ 17 പ്രവൃത്തികളും 2018-19 വർഷത്തെ എഫ്.സി. പ്ലാനിൽ ഉൾപ്പെട്ട ഒരു പ്രവൃത്തിയും നടപ്പിലാക്കിവരുന്നുണ്ട്. ഈ പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

1) ശ്രീ. വിപിൻകുമാർ, പാലയാട്ടുനട എന്നവരുടെ അപേക്ഷ പരിഗണിച്ച് 140 മീറ്റർ നീളത്തിൽ പുഴ - സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് 47 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

2) ശ്രീ. ഗോപാലൻ, മണിയൂർ എന്നവരുടെ പരാതി പരിഗണിച്ച് 27 മീറ്റർ നീളത്തിൽ പുഴ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് 7.50 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

3) ശ്രീ. കെ. പി. ബാലകൃഷ്ണൻ, കോവുപ്പുറത്ത് എന്നവരുടെ അപേക്ഷ പരിഗണിച്ച് 385 മീറ്റർ നീളത്തിൽ പുഴ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിന് 154 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

4) ശ്രീമതി സജീന അറയ്ക്കൽ എന്നവരുടെ പരാതി ലഭിച്ചിട്ടില്ല.

(സി) തകർന്ന കുറ്റ്യാടി പുഴയോര ഭാഗങ്ങൾ കെട്ടി സംരക്ഷിക്കുന്നതിനായി ഇറിഗേഷൻ വകുപ്പുവഴി സമർപ്പിക്കപ്പെട്ട പ്രോജക്ടുകളിൽ ഏതൊക്കെ പ്രോജക്ടുകൾക്ക് അംഗീകാരം ലഭ്യമായിട്ടുണ്ട്; വിശദവിവരങ്ങൾ നൽകുമോ;

(ഡി) പ്രസ്തുത പ്രവൃത്തി കാലവർഷത്തിനുമുമ്പ് നടപ്പിലാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

(സി&ഡി) തകർന്ന കുറ്റ്യാടിപ്പുഴയുടെ ഇടതുകര കെട്ടി സംരക്ഷിക്കുന്നതിനായി ബഡ്ജറ്റിൽ വകയിരുത്തിയ 10 കോടി രൂപയുടെ 17 പ്രവൃത്തികളും കൂടാതെ 2018-19 വർഷത്തെ എഫ്.സി.-പ്ലാനിൽ ഉൾപ്പെട്ട ഒരു പ്രവൃത്തിയും സമയബന്ധിതമായി നടപ്പിലാക്കിവരുന്നു.

**നദീതീരങ്ങളിൽ സംരക്ഷണഭിത്തി നിർമ്മാണം**

225(958) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ ഒക്ടോബർ മാസമുണ്ടായ പ്രളയത്തിൽ പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ചില പ്രദേശങ്ങളിൽ നദികളുടെയും

തോടുകളുടെയും തീരമിടിഞ്ഞ് വ്യാപകമായി നാശനഷ്ടം സംഭവിച്ചിട്ടുള്ളതിനാൽ പ്രസ്തുത പ്രദേശങ്ങളിൽ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

2021 ഒക്ടോബർ മാസത്തിലുണ്ടായ പ്രളയത്തിൽ പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ നദികളുടെ തീരം ഇടിഞ്ഞതുമായി ബന്ധപ്പെട്ട് ലഭിച്ച പരാതികളുൾപ്പെട്ട സ്ഥലങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സന്ദർശനം നടത്തി, നാശനഷ്ടങ്ങൾ വിലയിരുത്തുകയും ആവശ്യമായ സ്ഥലങ്ങളിൽ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കിവരികയും ചെയ്തുവരുന്നു. കൂടാതെ പ്രളയത്തിൽ പൂഞ്ഞാർ മണ്ഡലത്തിലൂടെ ഒഴുകുന്ന മണിമലയാറ്റിന്റെ ഭാഗത്ത് അടിഞ്ഞുകൂടിയ മാലിന്യം, തടികൾ, മുളങ്കാടുകൾ എന്നിവ നീക്കം ചെയ്യുന്നതിലേയ്ക്കായി 12.40 ലക്ഷം രൂപയുടെ 8 പ്രവൃത്തികൾ ക്രമീകരിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രളയ ദുരന്തനിവാരണ പദ്ധതിയെന്ന നിലയിൽ പ്രസ്തുത പ്രവൃത്തികൾക്കായി പ്രത്യേക പാക്കേജ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിഗണനയിലില്ല.

**കുട്ടനാടൻ പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തൽ**

226(959) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിലുൾപ്പെടുന്ന കുട്ടനാട് മേഖലയിലെ പാടശേഖരങ്ങളുടെ പുറംബണ്ടുകളുടെ ബലക്ഷയമുള്ള ഭാഗങ്ങൾ ബലപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

അമ്പലപ്പുഴ മണ്ഡലത്തിലെ ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ ഉൾപ്പെടുന്ന ദേവസ്വംകരി പാടശേഖരത്തിന്റെ കിഴക്കുബണ്ട് പൈലും സ്ലാബും ഉപയോഗിച്ച് 130 മീറ്റർ സംരക്ഷിക്കുവാനും 1200 മീറ്റർ Masonry സംരക്ഷണഭിത്തിയും 1000 മീറ്റർ പുറംബണ്ട് കളിമണ്ണുപയോഗിച്ച് ബലപ്പെടുത്തുവാനുള്ള പ്രവൃത്തിയും ആരംഭിച്ചിട്ടുണ്ട്.

(ബി) കൊയ്യാൻ പാകമായ നെല്ലുപോലും മട വീണ് നശിക്കുന്നതിന് പരിഹാരമായി കുട്ടനാടൻ മേഖലയിലെ പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തുന്നതിനായി ഒരു പ്രത്യേക പദ്ധതി നടപ്പാക്കാൻ നടപടി

സ്വീകരിക്കുമോ?

കുട്ടനാട് മേഖലയിലെ മടവീഴ്ച തടയുന്നതിന് പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. ഇതിനായി ആലപ്പുഴ നിയോജകമണ്ഡലത്തിൽ, പ്ലാൻ ഫണ്ടിലുൾപ്പെടുത്തി 6 പ്രവൃത്തികളിലായി 1520 ലക്ഷം രൂപയുടെ പ്രവൃത്തികളും 4 പ്രവൃത്തികളിലായി 1365 ലക്ഷം രൂപയുടെ പ്രവൃത്തികളും പാടശേഖരങ്ങളുടെ പുറംബണ്ട് ബലപ്പെടുത്തുന്നതിനായി നടപ്പിലാക്കിവരുന്നു.

**ചാലിയാർ പുഴയോരം കെട്ടി സംരക്ഷിക്കുന്ന പ്രവൃത്തി**

227(960) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷ സമയത്ത് ഇടിഞ്ഞുവീണതും നിലവിൽ ഭീഷണി നേരിടുന്നതുമായ ചാലിയാർ പുഴയോരം കെട്ടി സംരക്ഷിക്കുന്ന പ്രവൃത്തി ഏതെല്ലാം ഭാഗങ്ങളിലാണ് നടന്നുവരുന്നതെന്ന് അറിയിക്കാമോ; ഇതിനുവേണ്ടി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ഏതിലെല്ലാം തീരുമാനമെടുത്തിട്ടുണ്ടെന്നും വിശദമാക്കാമോ?

മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി മണ്ഡലത്തിൽ ചാലിയാർ പുഴയുടെ

തീരസംരക്ഷണത്തിനായി ആർ.എം.എഫ്. ഫണ്ടിൽ ഉൾപ്പെടുത്തി വാഴക്കാട് പഞ്ചായത്തിലെ വാർഡ് 5-ൽ ചാലിയാറിന്റെ ഇടതുകര സംരക്ഷണത്തിന് 52.00 ലക്ഷം രൂപയുടെ ഒരു പ്രവൃത്തി ടെണ്ടർ ചെയ്തിരുന്നുവെങ്കിലും കരാറുകാർ ആരുംതന്നെ ഏറ്റെടുത്തില്ല. പ്രവൃത്തിയുടെ ഭരണാനുമതി കാലാവധി അവസാനിച്ചതിനാൽ ഭരണാനുമതി പുതുക്കി നൽകുന്നതിനായി മലപ്പുറം ജില്ലാ കളക്ടർക്ക് ചീഫ് എഞ്ചിനീയർ നിർദ്ദേശം നല്കിയിട്ടുണ്ട്. 23 അപേക്ഷകൾ ലഭിച്ചതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തികൾ നടപ്പിലാക്കാവുന്നതാണ്. കോഴിക്കോട് ജില്ലയിൽ കാലവർഷ സമയത്ത് ഇടിഞ്ഞുവീണതും നിലവിൽ ഭീഷണി നേരിടുന്നതുമായ ചാലിയാർ പുഴയോരം കെട്ടുന്നതുമായി ബന്ധപ്പെട്ട് 40 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിന് എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ 4 പ്രവൃത്തികൾക്ക് അംഗീകാരം നൽകുകയും 3 പ്രവൃത്തികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഒരു പ്രവൃത്തി നിലവിൽ പുരോഗതിയിലാണ്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം-1+ ആയി ചേർക്കുന്നു.

(ബി) മലപ്പുറം ജില്ലയിലെ വാഴക്കാട്, വാഴയൂർ, ചീക്കോട്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പഞ്ചായത്തുകളിൽ ജനങ്ങളുടെ സുരക്ഷിതത്വം പരിഗണിച്ച് അടുത്ത കാലവർഷത്തിന് മുമ്പായി പുഴയോരം ഇടിഞ്ഞുവീഴാൻ സാധ്യതയുള്ള ഭാഗങ്ങൾ കെട്ടി സംരക്ഷിക്കുന്നതിന് പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദവിവരം അറിയിക്കാമോ?

മലപ്പുറം ജില്ലയിലെ വാഴക്കാട്, വാഴയൂർ, ചീക്കോട് പഞ്ചായത്തുകളിൽ ചാലിയാർ പുഴയുടെ കര സംരക്ഷണവുമായി ബന്ധപ്പെട്ട് 23 പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തികൾ നടപ്പിലാക്കാവുന്നതാണ്. ടി പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം-2+ ആയി ചേർക്കുന്നു.

**കല്യാശ്ശേരി മണ്ഡലത്തിലെ കടൽഭിത്തി നിർമ്മാണം**

228(961) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ല്യാശ്ശേരി മണ്ഡലത്തിലെ കടലാക്രമണം രൂക്ഷമായ മാടായി, മാട്ടൂൽ ഗ്രാമപഞ്ചായത്തുകളിലെ കടൽഭിത്തി പുനരുദ്ധാരണത്തിനായി 2019-20 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പതിനാറ് കോടി രൂപയുടെ പ്രവൃത്തിയുടെ നിർമ്മാണ പുരോഗതി അറിയിക്കുമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കല്ല്യാശ്ശേരി മണ്ഡലത്തിലെ കടലാക്രമണം രൂക്ഷമായ മാടായി, മാട്ടൂൽ ഗ്രാമപഞ്ചായത്തുകളിലെ കടൽഭിത്തി പുനരുദ്ധാരണത്തിനായി 2019-20 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ 16 കോടി രൂപയുടെ പ്രവൃത്തിക്കാവശ്യമായ 20-45 dm3 വലിപ്പമുള്ള കല്ലുകൾ കരാറുകാരൻ സൈറ്റിൽ ശേഖരിച്ച് സ്റ്റോക്ക് ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തിക്കാവശ്യമായ നമ്പർ സ്റ്റോൺ ലഭ്യമായിട്ടില്ല. നമ്പർ സ്റ്റോൺ ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കാവുന്നതാണ്.

**കൊളാവിപ്പാലം കടപ്പുറത്ത് പുലിമുട്ട് നിർമ്മാണം**

229(962) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ കൊളാവിപ്പാലം കടപ്പുറത്ത് പുലിമുട്ട് നിർമ്മാണത്തിന് മുന്നോടിയായി സി.ഡബ്ല്യൂ.പി.ആർ.എസ്. നടത്തിയ പഠനത്തിന്റെ റിപ്പോർട്ട് വകുപ്പിൽ ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ടിനെ അധികരിച്ച് പുലിമുട്ട് നിർമ്മാണത്തിനുള്ള പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിനുവേണ്ടി വകുപ്പിൽ നടക്കുന്ന

പ്രവർത്തനങ്ങൾ വിശദീകരിക്കാമോ;

(സി) പുലിമുട്ട് നിർമ്മാണത്തിന്റെ വിശദമായ പദ്ധതി രേഖ എത്ര സമയത്തിനുള്ളിൽ തയ്യാറാക്കി ഭരണാനുമതിക്ക് സമർപ്പിക്കാമെന്നാണ് കരുതുന്നത്; വിശദമാക്കാമോ?

(എ - സി) കൊയിലാണ്ടി മണ്ഡലത്തിലെ കൊളാവിപ്പാലം കടപ്പുറത്ത് പുലിമുട്ട് നിർമ്മാണത്തിന് മുന്നോടിയായി Central Water and Power Research Station (സി.ഡബ്ല്യൂ.പി.ആർ.എസ്) നടത്തിയ പഠനത്തിന്റെ റിപ്പോർട്ട് ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർക്ക് ലഭ്യമായിട്ടുണ്ട്. ടി റിപ്പോർട്ടിലെ ചില കാര്യങ്ങൾക്ക് വ്യക്തത വരുത്തുന്നതിലേയ്ക്കായി, ടി റിപ്പോർട്ട് ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർക്ക് നൽകി ഡിസൈൻ ലഭ്യമാക്കി, വിശദമായ പദ്ധതി രേഖ തയ്യാറാക്കിവരുന്നു.

**തീരമേഖലകളിലെ ശാശ്വത പ്രതിരോധ പദ്ധതികൾ**

230(963) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രൂക്ഷമായ കടലാക്രമണമുണ്ടാകുന്ന തീരമേഖലകളിൽ ശാശ്വത പ്രതിരോധ പദ്ധതികൾ ആസൂത്രണം

ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ തെരഞ്ഞെടുക്കപ്പെട്ട 16 ഹോട്ട്സ്പോട്ടുകളിൽ കൊയിലാണ്ടി മണ്ഡലത്തിലെ കാപ്പാട് ഉൾപ്പെട്ടിട്ടുണ്ടോ; അറിയിക്കാമോ?

(എ & ബി) തീരപ്രദേശത്തുണ്ടാകുന്ന മാറ്റങ്ങൾ സംബന്ധിച്ച പഠനങ്ങൾ വിലയിരുത്തുമ്പോൾ, സമീപകാലത്തായി കടലാക്രമണത്തിന്റെ തീവ്രത വർദ്ധിച്ചതായി കാണുന്നു. കൂടാതെ, കാലാവസ്ഥാ വ്യതിയാനത്തിന്റെ ഭാഗമായുള്ള ഭീഷണികളും വർദ്ധിച്ചുവരുന്നതായി കണക്കാക്കുന്നു. ഇക്കാര്യങ്ങൾ പരിഗണിച്ച് സംസ്ഥാനത്തെ തീരപ്രദേശത്ത് അതിശക്തമായ കടലാക്രമണമുണ്ടാകുന്ന 10 ഹോട്ട്സ്പോട്ടുകൾ കേന്ദ്രമാക്കി സംസ്ഥാനത്തെ തീരപ്രദേശത്തുണ്ടാകുന്ന മാറ്റങ്ങൾ ശാസ്ത്രീയമായി പഠിച്ച് സുസ്ഥിരമായ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുംവിധമുള്ള പഠനം നടത്തുവാൻ തീരുമാനിക്കുകയും അതിനാവശ്യമായ ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ കാപ്പാട് തീരം ഈ പഠനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) പ്രതിരോധ മാർഗ്ഗങ്ങൾ നിർണ്ണയിക്കുന്നതിന് പഠനത്തിനായി നിശ്ചയിച്ച ഏജൻസി ഏതെന്ന് വ്യക്തമാക്കാമോ;

(ഡി) കാപ്പാട് തീരത്തെ സംബന്ധിച്ച് പ്രസ്തുത ഏജൻസിയുടെ പഠനം നടന്നുകഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) പഠനം ആരംഭിച്ചിട്ടില്ലെങ്കിൽ അടിയന്തരമായി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ?

(സി-ഇ) കേന്ദ്ര ഭൗമമന്ത്രാലയത്തിനുകീഴിലുള്ള "നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് ചെന്നൈ" എന്ന സ്ഥാപനവുമായാണ് പഠനത്തിനുള്ള ധാരണാപത്രം ഒപ്പുവച്ചിട്ടുള്ളത്. തെരഞ്ഞെടുക്കപ്പെട്ട തീരപ്രദേശങ്ങളുടെ വിശദമായ പഠനം നടത്തുന്നതിനാവശ്യമായ വിവരശേഖരണം ആരംഭിച്ചുകഴിഞ്ഞു. ഇക്കാര്യത്തിൽ ജലസേചന വകുപ്പിന്റെ കീഴിലുള്ള "തീരപഠന വിഭാഗം" ആവശ്യമായ സഹായങ്ങൾ നൽകിവരുന്നു. സംസ്ഥാനത്തെ തീരപ്രദേശത്തെക്കുറിച്ച് "സംസ്ഥാന ഹൈഡ്രോഗ്രാഫിക് വിഭാഗം" നടത്തിയിട്ടുള്ള പഠന/സർവ്വെ റിപ്പോർട്ടുകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**തീരദേശ സംരക്ഷണ പദ്ധതി**

231(964) <u>ശ്രീ. വി. ശശി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ തലത്തിൽ വളരെ പ്രശസ്തമായ സാങ്കേതിക സ്ഥാപനങ്ങളുടെ സഹായത്തോടെ 5300 കോടി രൂപയുടെ തീരദേശ സംരക്ഷണ പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങളും കൈവരിച്ച പുരോഗതിയും വ്യക്തമാക്കാമോ?

(എ & ബി) നടപടി സ്വീകരിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ച 5 വർഷംകൊണ്ട് പൂർത്തീകരിക്കാൻ കഴിയുന്ന 5300 കോടി രൂപയുടെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങളുടെ ആദ്യഘട്ടമായി 'കിഫ്ബി' ധനസഹായത്തോടെ 1500 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ തീരുമാനിക്കുകയും തുടർന്ന് കടലാക്രമണം ഏറ്റവും രൂക്ഷമായ എറണാകുളം ചെല്ലാനം പ്രദേശത്ത് ചെന്നൈ ആസ്ഥാനമായ നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ചിന്റെ സഹായത്തോടെ പഠനം നടത്തി, ഒരു ഹൈബ്രിഡ് പദ്ധതി (കടൽഭിത്തിയും പുലിമുട്ടും ചേർന്ന സംയോജിത നിർമ്മിതി) അനുയോജ്യമാണെന്ന് ശാസ്ത്രീയമായി കണ്ടെത്തുകയും NCCR-ന്റെ സഹായത്തോടെതന്നെ തയ്യാറാക്കിയ ഡിസൈൻ പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് 254.20 കോടി രൂപയുടെ കടൽഭിത്തിയും 90 കോടി രൂപയുടെ

പുലിമുട്ടിന്റെയും (ആകെ 344.20 കോടി രൂപ) നിർമ്മാണച്ചെലവ് 29-07-2021-ലെ സർക്കാർ ഉത്തരവ് നം. 395/2021/ജ.വി.വ പ്രകാരം അനുമതി ലഭിക്കുകയും ചെയ്തു. പ്രസ്തുത പദ്ധതി, ജലസേചന വകുപ്പിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ KIIDC മുഖേന ടെണ്ടർ ചെയ്യുകയും ചെയ്തു. ടി പ്രവൃത്തിയുടെ നടത്തിപ്പിനായി ജലസേചന വകുപ്പിലെ ഉദ്യോഗസ്ഥരെയുംകൂടി ഉൾപ്പെടുത്തി ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് രൂപീകരിക്കുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. കൂടാതെ തിരുവനന്തപുരം ജില്ലയിൽ രൂക്ഷമായ കടലാക്രമണം നേരിടുന്ന കൊല്ലങ്കോട് പ്രദേശത്തിനായി കടൽഭിത്തിയുടെ രൂപകൽപ്പന NCCR ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ ഡി.പി.ആർ. തയ്യാറാക്കിവരുന്നു. കേരള കടൽത്തീരത്ത് ആവർത്തിച്ചുണ്ടാകുന്ന ചുഴലിക്കാറ്റുകളുടെയും കാലാവസ്ഥാ വ്യതിയാനത്തിന്റെയും ഫലമായി തീരപ്രദേശത്ത് അതിരൂക്ഷമായ കടലാക്രമണം സ്ഥിരമായുണ്ടാകുന്നു. മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായ ഈ പ്രതിഭാസം നേരിടുന്നതിനുവേണ്ടി ശാസ്ത്രീയ പഠനം നടത്തുന്നതിന് കേന്ദ്ര ഭൗമ മന്ത്രാലയത്തിനുകീഴിലുള്ള നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (NCCR), ചെന്നൈ എന്ന സ്ഥാപനവുമായി കരാറിലേർപ്പെടുകയും രൂക്ഷമായ കടലാക്രമണം നേരിടുന്ന കൊല്ലങ്കോട്, ശംഖുമുഖം, ആലപ്പാട്,

ഒറ്റമശ്ശേരി, ചെല്ലാനം, കൊടുങ്ങല്ലൂർ, പൊന്നാനി, കാപ്പാട്, തലശ്ശേരി, വലിയപറമ്പ് എന്നിവിടങ്ങൾ കേന്ദ്രമാക്കി നടത്തുന്ന പഠന പ്രവർത്തനത്തിനും പരിസ്ഥിതിക്ക് അനുയോജ്യമായ തീരസംരക്ഷണ മാർഗ്ഗങ്ങൾ രൂപകൽപ്പന ചെയ്യുന്നതിനുമാവശ്യമായ പ്രാഥമിക, ദ്വിതീയ വിവര ശേഖരണം ആരംഭിച്ചുകഴിഞ്ഞു.

**ഉപ്പുവെള്ളം മൂലമുള്ള കാർഷിക മേഖലയിലെ നാശനഷ്ടം**

232(965) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തെക്കൻ ഭാഗങ്ങളായ ചെറുവത്തൂർ, പടന്ന, വലിയപറമ്പ്, നീലേശ്വരം തീരദേശ പ്രദേശങ്ങളിൽ മുമ്പുണ്ടാകാത്ത തരത്തിൽ ഉപ്പുവെള്ളം കയറി കുടിവെള്ളക്ഷാമവും കാർഷിക മേഖലയ്ക്ക് നാശനഷ്ടവും ഉണ്ടാകുന്ന കാര്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത പ്രശ്നം ശാശ്വതമായി പരിഹരിക്കാൻ സമയബന്ധിതമായ നടപടികൾ ഉണ്ടാകുമോ; വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിലെ തെക്കൻ ഭാഗങ്ങളായ ചെറുവത്തൂർ, പടന്ന,

വലിയപറമ്പ്, നീലേശ്വരം എന്നീ തീരദേശ ഗ്രാമങ്ങളിൽ മുമ്പൊരിക്കലുമില്ലാത്ത തരത്തിൽ ഉപ്പുവെള്ളം കയറി കുടിവെള്ളക്ഷാമവും കാർഷിക മേഖലയ്ക്ക് നാശനഷ്ടവും ഉണ്ടാകുന്ന പ്രശ്നം ശാശ്വതമായി പരിഹരിക്കുന്നതിന് മേൽപ്പറഞ്ഞ സ്ഥലങ്ങൾ ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) വിശദമായി പരിശോധിക്കുകയും പ്രതിവിധിയും നിർദ്ദേശങ്ങളുമടങ്ങിയ സമഗ്ര റിപ്പോർട്ട് (എസ്റ്റിമേറ്റ് തുക 5421 ലക്ഷം രൂപ) സർക്കാരിൽ അയച്ചുതരികയും ചെയ്തിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

**മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിൽ കടൽഭിത്തി നിർമ്മാണം**

233(966) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതിന് 2021-22 വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

മഞ്ചേശ്വരം ഗ്രാമപഞ്ചായത്തിൽ ഹൊസബെട്ട് കടപ്പുറത്ത് കടൽഭിത്തി നിർമ്മാണത്തിന് 2021-22 വർഷത്തെ ബഡ്ജറ്റിൽ വോള്യം-2 ക്രമ നം.539-ൽ പൊതുമരാമത്ത് വകുപ്പിന്റേതായി ഉൾപ്പെടുത്തി 200 ലക്ഷം രൂപ അടങ്കൽ

തുക കണക്കാക്കി 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്ക് നിലവിൽ ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; പദ്ധതി നിർവ്വഹണം ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ?

പ്രസ്തുത പദ്ധതിക്ക് നിലവിൽ ഭരണാനുമതി നൽകിയിട്ടില്ല. പ്രവൃത്തിക്കാവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

**വൈപ്പിൻകരയുടെ സംരക്ഷണം**

234(967) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലാക്രമണവും വേലിയേറ്റവുംമൂലം നിലനിൽപ്പിനുതന്നെ ഭീഷണി നേരിടുന്ന ദ്വീപ് മണ്ഡലമായ വൈപ്പിൻകരയുടെ സംരക്ഷണം ഉറപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

വൈപ്പിൻ മണ്ഡലത്തിൽ 459.5 ലക്ഷം രൂപയുടെ പുലിമുട്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. കൂടാതെ കടൽക്ഷോഭം പ്രതിരോധിക്കുന്നതിനായി 1.16 ലക്ഷം രൂപയ്ക്ക് ജിയോ ബാഗ് ഉപയോഗിച്ചുള്ള പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. മഴക്കാലപൂർവ്വ അടിയന്തര കടൽഭിത്തികളുടെ നിർമ്മാണത്തിനായി ജിയോബാഗുകൾ ഉപയോഗിച്ച് 35

ലക്ഷം രൂപയുടെ പ്രവൃത്തിയും 3.5 ലക്ഷം രൂപയുടെ മറ്റൊരു പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. 308.5 ലക്ഷം രൂപയ്ക്ക് എളങ്കുന്നപ്പുഴ പഞ്ചായത്തിലേയും പള്ളിപ്പുറം പഞ്ചായത്തിലേയും വിവിധ തോടുകളിലെ എക്കൽ മാറ്റുന്ന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണത്തോടെ വേലിയേറ്റവും കടൽക്ഷോഭവുംമൂലമുള്ള വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് സാധ്യമായിട്ടുണ്ട്. കുഴിപ്പിള്ളി ഗ്രാമപഞ്ചായത്തിലെ വാർഡ് 5-ൽ ചെറായിപ്പുഴയുടെ പാർശ്വഭിത്തി നിർമ്മാണത്തിനായി 22.1 ലക്ഷം രൂപയുടെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. വൈപ്പിൻ കടൽത്തീരത്തിന്റെ ബാതിമെട്രിക് സർവ്വേ ചെയ്യാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) ഈ പ്രദേശത്ത് കടൽഭിത്തിയും പുലിമുട്ടും പാർശ്വഭിത്തികളും കെട്ടുന്നതിനും എക്കലും ചെളിയും നീക്കം ചെയ്യുന്നതിനും തുക വകയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) വൈപ്പിൻകരയുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കണക്കിലെടുത്തും കാലാവസ്ഥാ വ്യതിയാനത്തിന്റെ തിക്തഫലങ്ങൾ ഏറ്റവും കൂടുതൽ അനുഭവിക്കുന്ന മണ്ഡലമെന്ന പരിഗണന നൽകിയും ടി പ്രദേശത്തെ ഹോട്ട്സ്പോട്ടിൽ ഉൾപ്പെടുത്താനും ദ്വീപിന്റെ സംരക്ഷണത്തിനായി പ്രത്യേക പാക്കേജ് അനുവദിക്കാനും നടപടി സ്വീകരിക്കുമോ?

(ബി & സി) വൈപ്പിൻ നിയോജകമണ്ഡലത്തിൽ കാലാവസ്ഥാ വ്യതിയാനത്തെത്തുടർന്ന് തുടർച്ചയായുണ്ടാകുന്ന കടൽക്ഷോഭത്തെയും വേലിയേറ്റത്തെയും പ്രതിരോധിക്കുന്നതിനായി പുലിമുട്ടുകളും ജിയോ ബാഗുകൾ ഉപയോഗപ്പെടുത്തി അടിയന്തര കടൽഭിത്തികളുടെ നിർമ്മാണവും വിവിധയിടങ്ങളിലായി നിർമ്മിച്ചിരുന്നുവെങ്കിലും വ്യാപകമായ കടൽക്ഷോഭത്തെ പ്രതിരോധിക്കുവാൻ ഒരുപരിധിവരെ മാത്രമേ സാധിച്ചിട്ടുള്ളൂ. പ്രസ്തുത പ്രദേശത്ത് മുൻകാലങ്ങളിൽ പഠനങ്ങൾ നടന്നിട്ടുണ്ടെങ്കിലും കാലാവസ്ഥാ വ്യതിയാനവും മറ്റ് പ്രകൃതി പ്രതിഭാസങ്ങളും കാരണം തീരത്തിന്റെ ഘടനയ്ക്ക് സാരമായ മാറ്റം സംഭവിച്ചിട്ടുണ്ട്. ആയതുകൂടി പരിഗണിച്ച് അടിക്കടി അനുഭവപ്പെടുന്ന ന്യൂനമർദ്ദവും ചുഴലിക്കാറ്റും മൂലമുണ്ടാകുന്ന കടലാക്രമണത്തെ ചെറുക്കാൻ കഴിയുന്ന അനുയോജ്യമായ നിർമ്മിതികൾ അവലംബിക്കേണ്ടതുണ്ട്. കടൽക്ഷോഭവും ന്യൂനമർദ്ദവും അടിക്കടിയുണ്ടാകുന്ന സാഹചര്യത്തിൽ വൈപ്പിൻ ദ്വീപിലെ 24 കിലോമീറ്റർ ദൈർഘ്യമുള്ള കടൽത്തീരം സംരക്ഷിക്കുന്നതിന്റെ പര്യവേക്ഷണം നടത്തുന്നതിനായി ഒരു ബാതിമെട്രിക് സർവ്വെ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എസ്.ഡി.ആർ.എഫ്.-ൽ ഉൾപ്പെടുത്തി വീതി കൂടിയ തോടുകളിലെ എക്കലും ചെളിയും നീക്കംചെയ്യുന്ന പ്രവൃത്തിയും

നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ പെരിയാറിന്റെ സംരക്ഷണത്തിനായി ഓപ്പറേഷൻ വാഹിനിയിൽ ഉൾപ്പെടുത്തി വൈപ്പിൻ ബ്ലോക്കിലെ തോടുകളിലെ എക്കലും ചെളിയും നീക്കം ചെയ്യുന്ന പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) കടൽഭിത്തിയും പുലിമുട്ടും പാർശ്വഭിത്തികളും നിർമ്മിക്കുക, കായലുകളിൽ അടിഞ്ഞുകൂടിയിരിക്കുന്ന എക്കലും ചെളിയും ദ്വീപിന്റെ വികസനത്തിന് ഉപയുക്തമാകുന്ന തരത്തിൽ വിനിയോഗിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് സമർപ്പിക്കപ്പെട്ടിട്ടുള്ള അപേക്ഷകളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

പുലിമുട്ടുകളും കടൽഭിത്തികളും നിർമ്മിക്കുന്നത് സംബന്ധിച്ചുള്ള അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. എന്നാൽ പര്യവേക്ഷണം നടത്തി പഠനം പൂർത്തിയാക്കുന്ന മുറയ്ക്ക് മാത്രമേ പ്രസ്തുത പ്രദേശത്തിനനുയോജ്യമായ നിർമ്മിതി നിർമ്മിക്കുവാൻ സാധിക്കുകയുള്ളൂ. തോടുകളിലും കായലുകളിലും നിന്നും നീക്കംചെയ്യുന്ന എക്കലും ചെളിയും പഞ്ചായത്തുകളുടെ വികസനത്തിനുതകുന്ന തരത്തിൽ വിനിയോഗിക്കുവാൻ നടപടികൾ സ്വീകരിക്കാവുന്നതാണ്.

**മലപ്പുറം മണ്ഡലത്തിലെ ഇറിഗേഷൻ പ്രവൃത്തികൾ**

235(968) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം നിയോജകമണ്ഡലത്തിൽ മേജർ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ വിഭാഗങ്ങളിലായി എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്;

(ബി) ഓരോന്നിനും അനുവദിച്ച തുകയും അവ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വിശദീകരിക്കാമോ?

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലപ്പുറം നിയോജകമണ്ഡലത്തിൽ പുതിയ പ്രവൃത്തികൾക്കൊന്നും ഭരണാനുമതി നൽകിയിട്ടില്ല.

(സി) മലപ്പുറം വലിയതോട് പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ; ആയതിന് വകുപ്പുതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

മലപ്പുറം വലിയതോടിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് എസ്റ്റിമേറ്റ് തയ്യാറാക്കിയ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചേർത്തിരിക്കുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

**ഞുണങ്ങാറിന് കുറുകെയുള്ള പാലം**

236(969) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മകരവിളക്ക് തീർത്ഥാടനത്തോടനുബന്ധിച്ച് പമ്പ ത്രിവേണിയിൽ ഞുണങ്ങാറിന് കുറുകെ ജലസേചനവകുപ്പ് നിർമ്മിച്ച പാലം ഉദ്ഘാടനം ചെയ്ത് ഏതാനും ദിവസങ്ങൾക്കുള്ളിൽ തകർന്നുവീണ സംഭവത്തിൽ ഉത്തരവാദികളായവർക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

പമ്പാ ത്രിവേണിയിൽ ഞുണങ്ങാറിന് കുറുകെ ഗാബിയോൺ ബോക്സും കോൺക്രീറ്റ് പൈപ്പും ഉപയോഗിച്ച് മണ്ഡലകാലത്തേയ്ക്ക് ഉപയോഗിക്കാൻ നിർമ്മിച്ച താൽക്കാലിക പാലം, നിർമ്മാണത്തിന് രണ്ട് ദിവസത്തിനുശേഷം താൽക്കാലിക പാലത്തിന്റെ 1.50 കിലോമീറ്റർ മുകൾഭാഗത്തായുണ്ടായ ഉരുൾപൊട്ടലിലും അതിനെത്തുടർന്നുണ്ടായ ശക്തമായ മലവെള്ളപ്പാച്ചിലിലും പാലത്തിന്റെ ഉപരിതലത്തിൽ

നിരത്തിയിരുന്ന ക്വാറി മക്കിന്റെ കുറച്ചുഭാഗം ഒലിച്ചുപോകുകയുണ്ടായി. ഇത് തൊട്ടടുത്ത ദിവസംതന്നെ പുനഃസ്ഥാപിച്ച് താൽക്കാലിക പാലം ഗതാഗതയോഗ്യമാക്കുകയുണ്ടായി. നിർമ്മാണത്തിനുശേഷം ഏതാണ്ട് മൂന്ന് മാസത്തോളമായിട്ടും പാലം ഇപ്പോഴും മറ്റ് കേടുപാടുകൾ കൂടാതെ ഉപയോഗിച്ചുവരുന്നുണ്ട്. ഉരുൾപൊട്ടലും അതിനെത്തുടർന്നുണ്ടായ മലവെള്ളപ്പാച്ചിലും ഉൾപ്പെടെയുള്ള പ്രകൃതിദുരന്തം മൂലമാണ് കേടുപാടുകളുണ്ടായത്. കൂടാതെ ഇതേ സ്ഥലത്ത് കോൺക്രീറ്റിൽ നിർമ്മിച്ചിരുന്ന സ്ഥിരം പാലം സംവിധാനം, 2018 വെള്ളപ്പൊക്കത്തിൽ പൂർണ്ണമായി തകർന്നുപോയതുകൊണ്ടാണ് ശബരിമല - മണ്ഡലകാലത്തേയ്ക്ക് ഒരു താൽക്കാലിക പാലം നിർമ്മിക്കേണ്ടതായി വന്നത്. ഒരു താൽക്കാലിക പാലത്തിന്റെ ഉപരിതലത്തിൽ മലവെള്ളപ്പാച്ചിലുണ്ടായാൽ സംഭവിക്കാവുന്ന ഒരു സാധാരണ സംഭവത്തിനുപരിയായി പാലത്തിന് മറ്റ് കേടുപാടുകളൊന്നുംതന്നെ സംഭവിച്ചിട്ടില്ല. ആയതിനാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടിക്ക് നിർദ്ദേശിച്ചിട്ടില്ല. നിലവിൽ Rebuild Kerala-യിൽ ഉൾപ്പെടുത്തി സ്ഥിരം പാലത്തിന്റെ നിർമ്മാണ പ്രവൃത്തി നടന്നുവരികയാണ്.

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിന് എത്ര രൂപ

ചെലവഴിച്ചിട്ടുണ്ടെന്നും നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിരുന്നുവെന്നും വ്യക്തമാക്കാമോ?

പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിന് 19.30 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ബന്ധപ്പെട്ട എസ്റ്റിമേറ്റുപ്രകാരം വിശദമായ പരിശോധന നടത്തിയതിനുശേഷമാണ് സാങ്കേതികാനുമതി നൽകിയിട്ടുള്ളത്. കൂടാതെ നിർമ്മാണ സമയത്ത് എസ്റ്റിമേറ്റുപ്രകാരമുള്ള ഇനങ്ങളുടെ ഗുണനിലവാരം പൂർണ്ണമായും ഉറപ്പാക്കിയിട്ടുണ്ട്.

**ഉടുമ്പനാശ്ശേരി ചിറയും മേൽപ്പാലവും നവീകരണ പദ്ധതി**

237(970) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ ചെറുപുഴയിൽ നിർമ്മിച്ച ഉടുമ്പനാശ്ശേരി ചിറയുടെയും മേൽപ്പാലത്തിന്റെയും കാലപ്പഴക്കം കാരണം വെള്ളം സംഭരിച്ചുനിർത്താൻ കഴിയാത്തവിധം ബലക്ഷയം സംഭവിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ പദ്ധതി നവീകരിക്കാത്തതുകാരണം കർഷകരും പാലത്തിലൂടെ യാത്ര ചെയ്യേണ്ടി വരുന്നവരും വളരെയധികം ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നവീകരിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പ്രദേശത്തെ നെൽക്കൃഷിക്കും മറ്റ് കൃഷികൾക്കും കുടിവെള്ളത്തിനും ആശ്രയമായ ഈ പദ്ധതി അടിയന്തരമായി നവീകരിക്കുന്നതിനാവശ്യമായ ഫണ്ട് ലഭ്യമാക്കുമോ?

(ബി & സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഉടുമ്പനാശ്ശേരി ചിറയും മേൽപ്പാലവും നവീകരണം എന്ന പ്രവൃത്തിയുടെ 170 ലക്ഷം തുക വരുന്ന പ്രൊപ്പോസൽ 2022-23 Budget Annexure - II Volume - II sl . No 723 ആയി ഭരണാനുമതി ഇല്ലാത്ത പ്രവൃത്തികളിൽ ഉൾപ്പെടുത്തുന്നതിനായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

**ചിത്താരി നദിക്ക് കുറുകെ റെഗുലേറ്റർ**

238(971) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിത്താരി നദിക്ക് കുറുകെ റെഗുലേറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ & ബി) ചിത്താരിപ്പുഴയിൽ ചിത്താരി റഗുലേറ്റർ പുനർ നിർമ്മിക്കുന്നതിനായി ഐ.ഡി.ആർ.ബി.-യുടെ ഡിസൈൻ പ്രകാരം നാവിഗേഷൻ ലോക്കോടുകൂടിയ റഗുലേറ്ററിന്റെ 34.00 കോടി രൂപ തുക വരുന്ന (DSR 2018) വിശദമായ പ്രോജക്ട് റിപ്പോർട്ട് നബാർഡ്-XXVII-ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനായി സർക്കാരിൽ ലഭ്യമായിരുന്നു. ആയത് സർക്കാരിൽ ലഭ്യമാകുന്നതിന് മുമ്പുതന്നെ നബാർഡ് ആർ.ഐ.ഡി.എഫ്. ട്രാഞ്ചെ 27-ൽ ജലവിഭവ വകുപ്പിന് അനുവദിച്ചിട്ടുണ്ടായിരുന്ന 80 കോടി രൂപയുടെ സെക്ടറൽ അലോക്കേഷനിൽ പരിഗണിക്കുന്നതിനായി 174.99 കോടി രൂപയുടെ പദ്ധതിരേഖകൾ നബാർഡിലേയ്ക്ക് ശിപാർശ ചെയ്തിരുന്ന സാഹചര്യത്തിൽ ചിത്താരി റെഗുലേറ്റർ പുനർ നിർമ്മിക്കുന്നതിനായുള്ള പദ്ധതിരേഖ നബാർഡിലേയ്ക്ക് ശിപാർശ ചെയ്യാൻ കഴിഞ്ഞിട്ടില്ല.

**അരുണാപുരം റെഗുലേറ്റർ-കം-ബ്രിഡ്ജ് പൂർത്തീകരിക്കാൻ നടപടി**

239(972) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലാ മണ്ഡലത്തിലെ അരുണാപുരം റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പാലാ മണ്ഡലത്തിലെ അരുണാപുരം റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പ്രവൃത്തി റീ-ടെണ്ടർ ചെയ്യുവാനായി 16/02/2021-ലെ സ.ഉ(സാധാ)117/ 2021/ ജവിവ നമ്പർ ഉത്തരവിൻ പ്രകാരം പദ്ധതി വിഭാഗം -2 ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നു. കഴിഞ്ഞ മൂന്ന് വർഷംകൊണ്ടുണ്ടായ പ്രളയത്തിൽ വന്ന വ്യതിയാനങ്ങൾ കാരണം പ്രവൃത്തിയുടെ നിർദ്ദിഷ്ട ലൊക്കേഷൻ പഠന വിധേയമാക്കണമെന്ന് ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർ അഭിപ്രായപ്പെട്ടിരുന്നു. ഇതിനിടയിൽ 4.6 കി.മീറ്റർ മുകൾ ഭാഗത്ത് "കളരിയമാക്കൽ" ചെക്ക് ഡാം പണി പൂർത്തിയായതിനാൽ നിർദ്ദിഷ്ട അരുണാപുരം മിനി ഡാം വരുന്നതുമൂലമുണ്ടാകുന്ന ജലനിരപ്പ് ഉയർച്ച കളരിയമാക്കൽ ചെക്ക് ഡാമിന്റെ

ജലനിരപ്പിന്റെ അടിസ്ഥാനത്തിൽ പരിഗണിച്ച് നിർദ്ദിഷ്ട സ്ഥലത്തുതന്നെ പണിയാമോ എന്നതുസംബന്ധിച്ച് വിശദമായ സാങ്കേതിക പഠനം നടത്തേണ്ടതുണ്ട്. ഇതിനായി ടോപ്പോഗ്രാഫിക്കൽ സർവ്വേ പഠനം നടത്തി വരുന്നു. കൂടാതെ നിർദ്ദിഷ്ട ലൊക്കേഷന്റെ structural stability-യിന്മേലുള്ള ഐ.ഡി.ആർ.ബി.-യുടെ വിലയിരുത്തൽ പുനഃപരിശോധിക്കാൻ വകുപ്പിന് പുറത്തുള്ള സാങ്കേതിക വിദഗ്ദ്ധരുടെ അഭിപ്രായം തേടുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

**മഞ്ചേശ്വരം മണ്ഡലത്തിലെ റെഗുലേറ്റർ-കം-ബ്രിഡ്ജ്**

240(973) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ ഷിരിയ പുഴയ്ക്ക് കുറുകെ നബാർഡിന്റെ ധനസഹായത്തോടെ നിർമ്മിക്കുന്ന റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പ്രവൃത്തി എപ്പോൾ തുടങ്ങുമെന്ന് വിശദമാക്കുമോ; പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പദ്ധതിയുടെ നിർവ്വഹണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

(എ&ബി) മഞ്ചേശ്വരം മണ്ഡലത്തിൽ ഷിരിയ പുഴയ്ക്ക് കുറുകെ ബംബ്രാണയിൽ നബാർഡിന്റെ ധനസഹായത്തോടെ നിർമ്മിക്കുന്ന SWECB (Salt Water Extrusion Cum Barrier) എന്ന പ്രവൃത്തിക്കുള്ള ഭരണാനുമതി 18/12/2021-ലെ G.O.(Rt) No.678/2021/WRD, പ്രകാരം നൽകിയിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു. പ്രവൃത്തിയുടെ സിവിൽ എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ട്. PWD Electrical വിഭാഗത്തിന്റേയും ഇറിഗേഷൻ മെക്കാനിക്കൽ വിഭാഗത്തിന്റേയും എസ്റ്റിമേറ്റുകൾ ലഭ്യമായാലുടൻ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ കൈക്കൊള്ളുകയും പ്രവൃത്തി എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

(സി) കുമ്പള പുഴയ്ക്ക് കുറുകെ കഞ്ചികട്ടയിൽ നിർമ്മിക്കുന്ന റെഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതിക്ക് നബാർഡിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ; പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

കുമ്പള പുഴയ്ക്ക് കുറുകെ കഞ്ചികട്ടയിൽ നിർമ്മിക്കുന്ന റെഗുലേറ്റർ-കം-ബ്രിഡ്ജ് എന്ന പ്രവൃത്തിയുടെ പദ്ധതിരേഖ NABARD ട്രാഞ്ചെ-27-ൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിഗണിക്കുന്നതിനായി സർക്കാരിൽ ലഭ്യമാകുകയും ആയത് NABARD-ലേയ്ക്ക് ശിപാർശ ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ ടി പദ്ധതിരേഖ NABARD പരിഗണിച്ചിട്ടില്ല. പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ വീണ്ടും ഡി.പി.ആർ തയ്യാറാക്കി ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയർ ലഭ്യമാക്കുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് NABARD ട്രാഞ്ചെ 28-ലേയ്ക്ക് (അടുത്ത സാമ്പത്തിക വർഷം 2022-23) പരിഗണിക്കുന്നതിനായി നൽകുന്നതാണ്.

**തോട്ടപ്പള്ളി സ്പിൽവേ**

241(974) ശ്രീമതി യു. പ്രതിഭ:
ശ്രീ. എച്ച്. സലാം:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടപ്പള്ളി സ്പിൽവേയുടെ കാലപ്പഴക്കവും ഭൗതിക നിലവാരവും സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

തോട്ടപ്പള്ളി സ്പിൽവേയുടെ കാലപ്പഴക്കവും ഭൗതിക നിലവാരവും സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ട്. 1954-ൽ നിർമ്മിച്ച

തോട്ടപ്പള്ളി സ്പിൽവേയിൽ പ്രധാനമായും 7.62 X 2.87 m-ഉള്ള 40 എണ്ണം മൈൽഡ് സ്റ്റീൽ ഷട്ടറുകളും അനുബന്ധ മെക്കാനിക്കൽ component-കളും ആണ് ഉപയോഗിച്ചിരിക്കുന്നത്. IS Specification പ്രകാരം മൈൽഡ് സ്റ്റീലിന്റെ life period 9-10 വർഷം വരെയാണ്. അറബിക്കടലുമായി ചേർന്ന് കിടക്കുന്ന പ്രദേശമായതിനാൽ ഉപ്പുവെള്ളത്തിന്റെ നേരിട്ടുള്ള ആക്രമണംമൂലം ഷട്ടറുകൾ വേഗം തുരുമ്പെടുത്ത് പോകുന്നത് വിലയിരുത്തി സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2016-ൽ പ്രസ്തുത മൈൽഡ് സ്റ്റീൽ ഷട്ടറുകൾ മാറ്റി സ്റ്റെയിൻലസ് സ്റ്റീൽ ഷട്ടറുകൾ സ്ഥാപിച്ചു. കൂടാതെ ഇലക്ട്രിക് മോട്ടോർ സംവിധാനവും ഉൾപ്പെടുത്തി ഷട്ടർ റഗുലേഷൻ നവീകരിച്ചു.

(ബി) സ്പിൽവേയുടെ സുരക്ഷയും ഷട്ടറുകളുടെ പ്രവർത്തനവും കുറ്റമറ്റതാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

2018-ലെ പ്രളയത്തെത്തുടർന്ന് pier-കളിൽ ഘടിപ്പിച്ചിരുന്ന MS corner angle-കൾ തുരുമ്പെടുക്കുകയും വേലിയേറ്റം, വേലിയിറക്കം എന്നിവ നിമിത്തം ഷട്ടറുകൾ Pier groove-നുള്ളിൽ നിരന്തരമായി corner angle-ൽ വന്നിടിക്കുകയും തൽഫലമായി corner angle ഘടിപ്പിച്ചിട്ടുള്ള pier-കളിലെ

concrete ഇളകിപ്പോവുകയും ആയതിന്റെ അടിസ്ഥാനത്തിൽ അറ്റകുറ്റപ്പണികൾ ഉൾപ്പെടുത്തി വർക്ക് ടെണ്ടർ ചെയ്തെങ്കിലും കരാറുകാരൻ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി തുടങ്ങാത്തതിനാൽ കരാറുകാരനെ നീക്കം ചെയ്തു. നിലവിലെ ഷട്ടറിന് 0.5 m ഉയരം കൂട്ടുകയും corner angle സ്റ്റെയിൻലസ് സ്റ്റീൽ ആക്കുകയും Hoisting bridge 1.5 m ഉയർത്തി വയ്ക്കുന്നതിനും ട്രാഫിക്കിലെ അപകടം ഒഴിവാക്കുന്നതിനായി Hand rail-ൽ കൊടുത്ത് Hoisting mechanism-ന്റെ Area സംരക്ഷിക്കുകയും ചെയ്യുന്നതിനുംകൂടി ഉൾപ്പെടുത്തി 22,46,90,000/- രൂപയുടെ പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കുകയും സാങ്കേതിക, സാമ്പത്തിക അനുമതി എന്നിവയ്ക്കായുള്ള തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(സി) സ്പിൽവേയുടെ മുകളിലൂടെ കടന്നുപോകുന്ന ദേശീയപാതയുടെ വികസനവും തീരശോഷണവും കണക്കിലെടുത്ത് നിലവിലുള്ളതിന് സമാന്തരമായി ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ പ്രവർത്തിപ്പിക്കാൻ കഴിയുന്നതും ടൂറിസത്തിനും ഗതാഗത വികസനത്തിനും ഗുണകരമാകുന്ന തരത്തിലും പുതിയ സ്പിൽവേയുടെ സാധ്യത ആരായുന്നതിന് നടപടി സ്വീകരിക്കുമോ?

ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് സമാന്തര സ്പിൽവേയുടെ

സാധ്യതകൾ പരിശോധിക്കുന്നതിലേയ്ക്കായി ബന്ധപ്പെട്ട വകുപ്പുകളുമായി ചർച്ച നടത്തേണ്ടതായിട്ടുണ്ട്.

**പുതുക്കാട് ആറ്റപ്പിള്ളി റെഗുലേറ്റർ-കം-ബ്രിഡ്ജ്**

242(975) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ ആറ്റപ്പിള്ളിയിൽ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണം പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അപ്രോച്ച് റോഡിന്റെ അപാകതകൾ പരിഹരിച്ച് നിർമ്മാണം ഉടൻ പൂർത്തിയാക്കുന്നതിനും റെഗുലേറ്റർ-കം-ബ്രിഡ്ജ് പ്രവർത്തനസജ്ജമാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിനായി സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റിന് അടിയന്തരമായി അനുമതി നൽകി റോഡ് നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഫണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

വിശദമാക്കുമോ?

(ബി & സി) ആറ്റപ്പിള്ളി റഗുലേറ്ററിന്റെ അപ്രോച്ച് റോഡ് വഴിയുള്ള പൊതുഗതാഗതം പുനഃസ്ഥാപിക്കുന്നതുസംബന്ധിച്ച്, പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനും ആറ്റപ്പിള്ളി റഗുലേറ്റർ-കം-ബ്രിഡ്ജ് പൂർത്തീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും 16.08.2021-ൽ ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഡയറക്ടർ, KERI (Kerala Engineering Research Institute)-യെ ചുമതലപ്പെടുത്തിയിരുന്നു. അതിൻപ്രകാരം KERI വിവിധ ബദൽ പ്രൊപ്പോസലുകളുടെ അവലോകനം നടത്തുകയും അതിൽനിന്നും ഏറ്റവും ഉചിതമായ പ്രൊപ്പോസലിന്റെ റിപ്പോർട്ട് ഐ.ഡി.ആർ.ബി.-യിൽ സമർപ്പിക്കുകയും ചെയ്തു. KERI-യിൽനിന്നും ലഭിച്ച പ്രൊപ്പോസലിന്റെ സ്വീകാര്യത IDRB പരിശോധിച്ചുവരുന്നു.

**ഇറിഗേഷൻ വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ നിയമനം**

243(976) <u>ശ്രീ. പ്രമോദ് നാരായൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ എത്ര

ഒഴിവുകളാണ് നിലവിലുള്ളത്?

i) അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ ആകെ 88 ഒഴിവുകളുണ്ട്.

- സിവിൽ ഡിഗ്രി ക്വാട്ടയിൽ (നേരിട്ടുള്ള നിയമനം) ആകെയുള്ള ഒഴിവുകൾ - 9
- സിവിൽ ഡിഗ്രി ക്വാട്ടയിൽ (ഡിപ്പാർട്ടുമെന്റ് ക്വാട്ട)-യിൽ ആകെയുള്ള ഒഴിവുകൾ - 4
- സിവിൽ ഡിപ്ലോമാ ക്വാട്ടയിൽ ആകെയുള്ള ഒഴിവുകൾ - 50
- സിവിൽ സർട്ടിഫിക്കറ്റ് ക്വാട്ടയിൽ ആകെയുള്ള ഒഴിവുകൾ - 25

ii) അസിസ്റ്റന്റ് എഞ്ചിനീയർ (മെക്കാനിക്കൽ) തസ്തികയിൽ ഒരു ഒഴിവും നിലവിലുണ്ട്.

(ബി) 31.01.2022 വരെ റിട്ടയർമെന്റുവഴിയും പ്രമോഷൻ വഴിയുമുള്ള അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതായിട്ടുണ്ട്;

(സി) പ്രസ്തുത ഒഴിവുകൾ നിലവിലെ റാങ്ക് ലിസ്റ്റിൽനിന്ന് നികത്തുവാൻ

നടപടി സ്വീകരിക്കുമോ?

(ബി & സി) അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ നേരിട്ടുള്ള നിയമനം മുഖേന നികത്തപ്പെടേണ്ട 3 ഒഴിവും ഡിപ്പാർട്ടുമെന്റ് ക്വാട്ട വഴി നികത്തപ്പെടേണ്ട ഒരൊഴിവും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ട്**

244(977) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിൽ നിലവിൽ എത്ര ജീവനക്കാരാണ് ജോലി ചെയ്തുവരുന്നത്; വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ നടന്നുവരുന്ന നവീകരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന്റെ പ്രാധാന്യം കണക്കിലെടുത്ത് ആവശ്യമായ എണ്ണം ജീവനക്കാരെ നിയമിക്കുമോ?

(എ&ബി) കുറ്റ്യാടി ഇറിഗേഷൻ പ്രോജക്ടിൽ നിലവിൽ 88 ജീവനക്കാരാണ് ജോലി ചെയ്തുവരുന്നത്.

- എക്സിക്യൂട്ടീവ് എഞ്ചിനീയർ - 1
- ഡിസൈൻ അസിസ്റ്റന്റ് - 1
- അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ - 1
- അസിസ്റ്റന്റ് എഞ്ചിനീയർ - 7
- ഡിവിഷണൽ അക്കൗണ്ടന്റ് - 1
- ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ - 6
- രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ - 1
- മൂന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ - 14
- ജൂനിയർ സൂപ്രണ്ട് - 2
- ഹെഡ് ക്ലാർക്ക് - 2
- എൽ.ഡി/യു.ഡി ക്ലർക്ക് - 12
- എൽ.ഡി/യു.ഡി ടൈപ്പിസ്റ്റ് - 4
- ഓഫീസ് അറ്റൻഡന്റ് - 8
- വർക്കർ - 2
- ലാസ്കർ - 16
- ഡ്രൈവർ - 3

- ലൈൻമാൻ - 1
- പാർട്ട് ടൈം സ്വീപ്പർ - 3
- വാച്ച്മാൻ - 3
- ആകെ - 88 എണ്ണം

നവീകരണപ്രവർത്തനത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ആവശ്യമെങ്കിൽ ജീവനക്കാരെ നിയമിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) പ്രസ്തുത പ്രോജക്ടിന്റെ നവീകരണ പ്രവർത്തനങ്ങൾക്ക് ഇതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

2018 മുതൽ 2022 വരെയുള്ള കാലഘട്ടങ്ങളിൽ Plan Head-ൽ 140 ലക്ഷം രൂപയുടെ 105 പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. 2016 മുതൽ 2022 വരെയുള്ള കാലഘട്ടങ്ങളിൽ Non Plan Head-ൽ 1177.5 ലക്ഷം രൂപയുടെ 289 പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ SDRF Scheme-ൽ 1943.09 ലക്ഷം രൂപയ്ക്ക് 139 പ്രവൃത്തികളും structure-കളുടെ നവീകരണത്തിനായി 200 ലക്ഷം രൂപയുടെ 8 പ്രവൃത്തികളും നടപ്പിലാക്കിയിട്ടുണ്ട്.

**എഞ്ചിനീയർമാരുടെയും തേഡ് ഗ്രൂപ്പ് സ്റ്റാഫുകളുടെയും കുറവ്**

245(978) <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ മംഗലം, ചേരാമംഗലം ഡാമുകളിൽ എഞ്ചിനീയർമാരുടെയും തേഡ് ഗ്രൂപ്പ് സ്റ്റാഫുകളുടെയും കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മേൽ ജീവനക്കാരുടെ കുറവ് സമയബന്ധിതമായി നികത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

(എ & ബി) മംഗലം, ചേരമംഗലം ഡാമുകളിലെ എഞ്ചിനീയർമാരുടെ തസ്തികയിലുള്ള ഒഴിവ് ഡിപ്പാർട്ടുമെന്റ് ക്വാട്ട/PSC നിയമനം മുഖേനയോ സ്ഥലം മാറ്റത്തിലൂടെയോ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. തേർഡ് ഗ്രൂപ്പ് സ്റ്റാഫുകളുടെ ഒഴിവുകൾ നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും നികത്തുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

**മണലൂർ മണ്ഡലത്തിലെ ഏനാമാക്കൽ, ഇടിയഞ്ചിറ റെഗുലേറ്ററുകൾ**

246(979) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലപ്പഴക്കത്താൽ കേടുപാടുകളുണ്ടായിട്ടുള്ള മണലൂർ മണ്ഡലത്തിലെ ഏനാമാക്കൽ, ഇടിയഞ്ചിറ റെഗുലേറ്ററുകളുടെ

പുനരുദ്ധാരണത്തിന്റെ ഭാഗമായി ഓരോന്നിനും സിവിൽ, മെക്കാനിക്കൽ പ്രവൃത്തികൾക്കായി എത്ര തുക വീതമാണ് അനുവദിച്ചത്?

ഏനാമാക്കൽ റെഗുലേറ്ററിന്റെ പുനരുദ്ധാരണത്തിനായി സിവിൽ പ്രവൃത്തികൾക്ക് 302 ലക്ഷം രൂപയും മെക്കാനിക്കൽ പ്രവൃത്തികൾക്ക് 430 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. ഇടിയഞ്ചിറ റെഗുലേറ്ററിന്റെ പുനരുദ്ധാരണത്തിനായി സിവിൽ പ്രവൃത്തികൾക്ക് 230 ലക്ഷം രൂപയും മെക്കാനിക്കൽ പ്രവൃത്തികൾക്ക് 216 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത റെഗുലേറ്ററുകളുടെ നവീകരണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(സി) പ്രസ്തുത നവീകരണ പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കാമോ;

(ഡി) കോൾ നിലങ്ങളിൽ ഉപ്പുവെള്ളം കയറി കൃഷിനാശം ഒഴിവാക്കുന്നതിനായി പ്രസ്തുത റെഗുലേറ്ററുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ വേഗത്തിലാക്കാൻ നിർദ്ദേശം നൽകുമോ?

(ബി-ഡി) ഏനാമാക്കൽ റെഗുലേറ്ററിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കായുള്ള ടെണ്ടർ അംഗീകരിച്ച് അധിക തുക

അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പദ്ധതി വിഭാഗം 2, ചീഫ് എഞ്ചിനീയർ സർക്കാരിലേയ്ക്ക് സമർപ്പിച്ച പ്രൊപ്പോസൽ 30/12/2021-ൽ സർക്കാരിൽ ലഭിക്കുകയുണ്ടായി. പ്രസ്തുത വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. ഇടിയഞ്ചിറ റെഗുലേറ്ററിന്റെ പുനരുദ്ധാരണ പ്രവൃത്തിക്കായി KERI നടത്തിയ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടും സ്ട്രക്ച്ചർ ഡിസൈൻ ചെയ്യുന്നതിനുള്ള Indent-ഉം പ്രസ്തുത പ്രവൃത്തിക്കാവശ്യമായ ഡിസൈൻ ഡ്രോയിംഗും നിർദ്ദേശങ്ങളും ലഭ്യമാക്കുന്നതിനായി ഐ.ഡി.ആർ.ബി. ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുള്ളതാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

**കോട്ടയ്ക്കൽ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

247(980) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിൽ നിന്ന് 2020-21, 2021-22 വർഷത്തിൽ മേജർ, മൈനർ വിഭാഗങ്ങളിലായി ഭരണാനുമതിക്കായി ജലവിഭവ വകുപ്പിൽ ലഭിച്ച പ്രൊപ്പോസലുകൾ ഏതെല്ലാം; അതിൽ എത്ര പദ്ധതികൾക്ക്

ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) സർക്കാർ അനുമതിക്കായി അയച്ച പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ; ഭരണാനുമതി ലഭിച്ച പദ്ധതികളുടെ നിലവിലെ പുരോഗതി വിശദമാക്കുമോ?

(എ & ബി) കോട്ടയ്ക്കൽ മണ്ഡലത്തിൽനിന്ന് 2020-21, 2021-22 വർഷത്തിൽ മേജർ, മൈനർ വിഭാഗങ്ങളിലായി ഭരണാനുമതിക്കായി ജലവിഭവ വകുപ്പിൽ ലഭിച്ച പ്രൊപ്പോസലുകളും അവയുടെ വിശദാംശവും നിലവിലെ പുരോഗതിയും അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(സി) ഇരിമ്പിളിയം-എടയൂർ-വളാഞ്ചേരി കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ ഇരിമ്പിളിയം-എടയൂർ-വളാഞ്ചേരി കുടിവെള്ള പദ്ധതി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി മൂന്ന് പാക്കേജുകളായിട്ടാണ് നടപ്പിലാക്കുന്നത്.

- പാക്കേജ് I - നിലവിലുള്ള കിണറിന്റെ നവീകരണം, ജലശുദ്ധീകരണ ശാല, പമ്പിംഗ് മെയിനുകൾ, ടാങ്കുകൾ എന്നിവയുടെ നിർമ്മാണം - പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു - 83% പൂർത്തീകരിച്ചു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

- പാക്കേജ് II - വിതരണ ശൃംഖല - പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു - 41% പൂർത്തീകരിച്ചു.

- പാക്കേജ്-III - ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ - പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു - 10% പൂർത്തീകരിച്ചു. പദ്ധതി 2022 ജൂലൈ മാസത്തോടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

**കോട്ടയ്ക്കൽ മണ്ഡലത്തിലെ ഇറിഗേഷൻ പദ്ധതികൾ**

248(981) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുഴ സംരക്ഷണഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് കോട്ടയ്ക്കൽ മണ്ഡലത്തിൽനിന്നും 2020-21, 2021-22 വർഷങ്ങളിൽ സമർപ്പിച്ച എസ്റ്റിമേറ്റുകളിൽ എത്ര എണ്ണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്; അവ എതെല്ലാമാണെന്ന് വിശദമാക്കാമോ?

മലപ്പുറം ജില്ലയിൽ പുഴ സംരക്ഷണഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് കോട്ടയ്ക്കൽ മണ്ഡലത്തിൽനിന്നും 2020-21, 2021-22 വർഷത്തിൽ 3 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ വിശദാംശം അനുബന്ധം 1[+] ആയി ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എത്ര പ്രൊപ്പോസലുകൾക്ക് നിലവിൽ ഭരണാനുമതി നൽകാനുണ്ടെന്നറിയിക്കുമോ; പ്രസ്തുത പ്രവൃത്തികൾക്ക് അടിയന്തരമായി ഭരണാനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കാമോ?

ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിൽ വാർഡ്-4-ൽ കൊട്ടുമുടി തോണിക്കടവ് ഭാഗത്ത് ഭൂതപ്പുഴയുടെ വലതുകര സംരക്ഷണം എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടില്ല. എസ്റ്റിമേറ്റ് തുക 62 ലക്ഷമാണ്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകുന്ന നടപടികൾ സ്വീകരിക്കാവുന്നതാണ്.

(സി) വളാഞ്ചേരി മുനിസിപ്പാലിറ്റിയിലെ കോതത്തോട് –പങ്ങാടിച്ചിറ തോട് സൈഡ് കെട്ടലും വി.സി.ബി. നിർമ്മാണവും, പൊൻമള ഗ്രാമ പഞ്ചായത്തിലെ പെരിങ്ങൽച്ചിറ വി.സി.ബി. നിർമ്മാണം, വളാഞ്ചേരി – ഇരിമ്പിളിയം-കുറ്റിപ്പുറം-പുഞ്ചപ്പാടം തോട് സൈഡ് കെട്ടലും വി.സി.ബി. നിർമ്മാണവും, കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിലെ പൈങ്കണ്ണൂർ-പുഞ്ചപ്പാടം തോട് സൈഡ് കെട്ടലും വി.സി.ബി. നിർമ്മാണവും എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. വിശദാംശം അനുബന്ധം 2+ ആയി ചേർക്കുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

**മണ്ണും ചെളിയും മാലിന്യങ്ങളും നീക്കംചെയ്യൽ**

249(982) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ 2021 ഒക്ടോബർ മാസമുണ്ടായ പ്രളയത്തിൽ മീനച്ചിലാർ, മണിമലയാർ, പമ്പ, പുല്ലകയാർ, അഴുതയാർ, എരുമേലി വലിയതോട് എന്നീ നദികളിലും അവയുടെ പോഷക നദികളിലും ചെക്ക് ഡാമുകളിലും നദികളോടനുബന്ധിച്ചുള്ള കുടിവെള്ള പദ്ധതികളുടെ ജലസ്രോതസ്സുകളിലും അടിഞ്ഞുകൂടിയ മണ്ണും ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

2021 ഒക്ടോബർ മാസത്തിലുണ്ടായ പ്രളയത്തിൽ പൂഞ്ഞാർ മണ്ഡലത്തിലൂടെ ഒഴുകുന്ന മണിമലയാറിന്റെ ഭാഗത്ത് അടിഞ്ഞുകൂടിയ മാലിന്യം, തടികൾ, മുളങ്കാടുകൾ എന്നിവ നീക്കം ചെയ്യുന്നതിലേയ്ക്കായി 12.40

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലക്ഷം രൂപയുടെ 8 പ്രവൃത്തികൾ ക്രമീകരിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി+ ചേർത്തിരിക്കുന്നു. കൊക്കയാർ നദി പുല്ലകയാറിലേയ്ക്ക് ചേരുന്ന ഭാഗത്ത് പ്രളയത്തിനുശേഷം അടിഞ്ഞുകൂടിയ മണ്ണും ചെളിയും മറ്റ് മാലിന്യങ്ങളും ജനപ്രതിനിധികളുടെ ആവശ്യപ്രകാരം നീക്കം ചെയ്തിട്ടുണ്ട്. കൂടാതെ മണിമലയാർ, പുല്ലകയാർ, അഴുതയാർ എന്നീ നദികളിൽ അടിഞ്ഞുകൂടിയിരിക്കുന്ന മണ്ണും ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനാവശ്യമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കിവരുന്നു. ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 11/01/2022-ൽ കൂടിയ മീറ്റിംഗിൽ ആവശ്യപ്പെട്ടതിൻപ്രകാരം കുടിവെള്ള പദ്ധതികളുമായി ബന്ധപ്പെട്ട ചെക്ക് ഡാമുകളിലും ജലസ്രോതസ്സുകളിലും അടിഞ്ഞുകൂടിയ മണ്ണും ചെളിയും അടിയന്തരമായി നീക്കം ചെയ്യുന്നതിനായുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കിവരുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പ്രവൃത്തി നടപ്പിലാക്കാവുന്നതാണ്. കൂടാതെ മേൽ നദികൾ സ്രോതസ്സായ ശുദ്ധജല പദ്ധതികളുടെ കിണറുകളിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കം ചെയ്ത് പമ്പിംഗ് താൽക്കാലികമായി പുന:സ്ഥാപിച്ചിട്ടുണ്ട്.

(ബി) മണ്ണും ചെളിയും മാലിന്യങ്ങളും നീക്കം ചെയ്യുന്ന പ്രവൃത്തി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

തോടുകളിൽ അടിഞ്ഞുകൂടിയിരിക്കുന്ന മണ്ണും ചെളിയും അടിയന്തരമായി നീക്കം ചെയ്യുന്നതിനായി വിവിധ പഞ്ചായത്തുകളിലെ MGNREGS-നെ ഉൾപ്പെടുത്തിക്കൊണ്ടുള്ള പ്രാരംഭ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. MGNREGS വഴി നടപ്പിലാക്കാൻ സധിക്കാത്തിടത്ത് വകുപ്പുതല ഫണ്ട് ക്രമീകരിച്ച് പ്രവൃത്തികൾ നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്.

**മാനന്തവാടി മണ്ഡലത്തിൽ നടപ്പാക്കുന്ന പദ്ധതികൾ**

250(983) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്?

വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതിയും പൂർത്തീകരണ തീയതിയും അറിയിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മാനന്തവാടി നിയോജകമണ്ഡലത്തിലെ മൈനർ ഇറിഗേഷൻ പ്രവൃത്തികളെ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

**തോട്ടപ്പള്ളി സ്പിൽവേയുടെ സുഗമമായ പ്രവർത്തനം**

251(984) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടപ്പള്ളി സ്പിൽവേയുടെ പ്രവർത്തനം സുഗമമാക്കാൻ എന്തെല്ലാം പ്രവൃത്തികളാണ് അനുവദിച്ചിട്ടുള്ളത്; ഓരോ പ്രവൃത്തിയും തുകയും ഇപ്പോഴത്തെ ഭൗതിക നിലവാരവും വിശദമാക്കാമോ?

തോട്ടപ്പള്ളി സ്പിൽവേയുടെ പ്രവർത്തനം സുഗമമാക്കാൻ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിന് താഴെപ്പറയുന്ന പ്രവൃത്തികളാണ് അനുവദിച്ചിട്ടുള്ളത്.

1) തോട്ടപ്പള്ളി പൊഴിമുഖത്തെയും ഡൗൺസ്ട്രീം ചാനലിലെയും മണ്ണ് നീക്കുന്ന പ്രവൃത്തി താൽപ്പര്യപത്രപ്രകാരം കെ.എം.എം.എൽ. പൂർത്തീകരിച്ചിട്ടുണ്ട്.

2) തോട്ടപ്പള്ളി ലീഡിംഗ് ചാനലിന്റെ ആഴം കൂട്ടുന്ന പ്രവൃത്തി വീയപുരം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുതൽ തോട്ടപ്പള്ളി വരെ താൽപ്പര്യപത്രപ്രകാരം പ്രവൃത്തി പുരോഗമിക്കുന്നു.

3) തോട്ടപ്പള്ളി ലീഡിംഗ് ചാനലിന്റെ രണ്ട് കരകളുടേയും സംരക്ഷണത്തിന് (വീയപുരം മുതൽ തോട്ടപ്പള്ളി വരെ) 70.30 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ പര്യവേഷണ പ്രവൃത്തികൾ പൂർത്തീകരിക്കുകയും രൂപകൽപ്പനയ്ക്കുള്ള വിവരങ്ങൾ IDRB-യ്ക്ക് നൽകുവാനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. തോട്ടപ്പള്ളി സ്പിൽവേയുടെ പ്രവർത്തനം സുഗമമാക്കാൻ 12 ഷട്ടറുകളിലെ ഇലക്ട്രിക്കൽ പ്രവൃത്തികളും (കേബിളുകൾ, പാനൽ ബോർഡുകൾ, ഡിസ്ട്രിബ്യൂഷൻ ബോർഡുകൾ എന്നിവ മാറ്റിവയ്ക്കുന്ന പ്രവൃത്തികൾ) 40 ഷട്ടറുകളിൽ 75 സെ.മി നീളത്തിൽ കോർണർ ആംഗിൾ സ്ഥാപിക്കുന്നതിനും 8 ഷട്ടറുകൾക്കുള്ള വയർറോപ്പ് മാറ്റുന്നതിനും ആവശ്യമായ ഡി ഷാക്കിളുകൾ മാറ്റുന്നതിനും 8 മോട്ടോറുകൾ റീവൈൻഡ് ചെയ്യുന്ന പ്രവൃത്തികൾ ഉൾപ്പെടെയുള്ള മെക്കാനിക്കൽ പ്രവൃത്തികൾ അനുവദിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ-മെക്കാനിക്കൽ പ്രവൃത്തികൾക്കായി 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇലക്ട്രിക്കൽ പ്രവൃത്തികൾക്ക് 9,60,000/- രൂപയുടെ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിക്കുകയും ചെയ്തു. മെക്കാനിക്കൽ പ്രവൃത്തിക്ക് 15,28,000/- രൂപയുടെ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തി ടെണ്ടർ

ചെയ്യുകയും ചെയ്തു. പ്രസ്തുത പ്രവൃത്തി അവാർഡ് ചെയ്തുവെങ്കിലും എഗ്രിമെന്റുവച്ച് പ്രവൃത്തി തുടങ്ങുവാൻ ബിഡ്ഡർ തയ്യാറാകാതിരുന്നതിനെത്തുടർന്ന് പ്രവൃത്തികൾ ക്വട്ടേഷൻ വ്യവസ്ഥയിൽ നടത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ ഇംപ്രൂവ്മെന്റ് ഓഫ് തോട്ടപ്പള്ളി സ്പിൽവേ എന്ന പ്രവൃത്തി 2016 DSR പ്രകാരം കരാറുകാരൻ ചെയ്യാതിരുന്നതിനെത്തുടർന്ന് ഷട്ടറിന്റെ ഉയരം 0.5 മീറ്റർ ഉയർത്തുവാനും ഹോയിസ്റ്റിംഗ് ബ്രിഡ്ജിന്റെ ഉയരം 1.5 മീറ്റർ ഉയർത്തുവാനും വേലിയേറ്റ/വേലിയിറക്ക സമയത്ത് ഷട്ടറിനെ പിയർഗ്രൂവിൽ stable ആക്കുന്നതിനും മുഴുവൻ നീളത്തിൽ എൻഡ്ബോക്സ് ഘടിപ്പിക്കുവാനും ഹോയിസ്റ്റിംഗ് മെക്കാനിസം centralize position-ൽ മാറ്റിസ്ഥാപിക്കുന്നതിനുമുള്ള പ്രവൃത്തികൾകൂടി ഉൾപ്പെടുത്തി, 2018 DSR പ്രകാരം 22.4 കോടി രൂപയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഓരുവെള്ളം കുട്ടനാട്ടിലേയ്ക്ക് കയറാതിരിക്കുന്നതിന് സ്പിൽവേ ഷട്ടറുകളുടെ പ്രവർത്തനം കുറ്റമറ്റതാക്കുന്നതിന് സ്വീകരിക്കാനാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

വെള്ളത്തിലെ ലവണാംശ തോത് കൃഷി വകുപ്പുമായി പരിശോധിച്ച്

നിശ്ചിത പരിധിയിൽ കൂടുമ്പോൾ ഷട്ടറുകൾ അടച്ച് ഓരുവെള്ളം കയറുന്നത് നിയന്ത്രിക്കുന്നു. കുട്ടനാട്ടിൽ വെള്ളപ്പൊക്കം ഉണ്ടാകുമ്പോൾ ഷട്ടറുകൾ തുറക്കുകയും ചെയ്യുന്നു. വേലിയേറ്റ, വേലിയിറക്ക സമയത്ത് നിലവിലുള്ള ഷട്ടർ പിയർ ഗ്രൂവിലെ ഉലച്ചിൽ ഒഴിവാക്കുന്നതിനാവശ്യമായ ഷട്ടറിന്റെ ഉയരത്തിൽ End box നൽകി, തംബകം തടിയും റബ്ബർ സീലും ഉപയോഗിച്ച് ലീക്ക് വരാതെയുള്ള സംവിധാനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**പരവൂർ കായലിലെ മണൽ കൂനകൾ നീക്കം ചെയ്യാൻ നടപടി**

252(985) <u>ശ്രീ. ജി. എസ്. ജയലാൽ</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പരവൂർ കായലിന്റെ നിലനിൽപ്പിന് ഭീഷണിയായ മണൽ കൂനകൾ അടിയന്തരമായി നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തികൾ സംബന്ധിച്ച് മേജർ ഇറിഗേഷൻ സി.ഇ.-ക്ക് സമർപ്പിച്ചിരുന്ന എസ്റ്റിമേറ്റ് സഹിതമുള്ള 01.01.2021-ലെ ഡബ്ല്യു3-33552/2018/എഎസ്/പിബി-11 എന്ന നമ്പർ ഫയലിന്റെ നിലവിലെ സ്ഥിതി എന്താണെന്നും പ്രസ്തുത ഫയലിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ?

ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പരവൂർ കായലിൽ അടിഞ്ഞുകൂടിയ മണൽ കൂനകൾ നീക്കം ചെയ്യുന്നതിലേയ്ക്കായി 4.50 കോടി രൂപയുടെ എസ്റ്റിമേറ്റ് ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി തയ്യാറാക്കിയിരുന്നു. എന്നാൽ സർക്കാരിന് വരുമാനം ലഭിക്കത്തക്ക രീതിയിൽ കരാറുകാരൻ സ്വന്തം ചെലവിൽ മണ്ണ് നീക്കം ചെയ്യുന്ന രീതിയിൽ താൽപ്പര്യപത്രം (EOI) ക്ഷണിച്ച് അടിയന്തരമായി മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. ഇതിനായി 2017-ൽ TKM എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികൾ നടത്തിയ പഠനത്തിൽ ഇവിടെ 225000 m3 മണ്ണ് ഉണ്ടെന്നും ടി മണ്ണ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗയോഗ്യമല്ലെന്നുമാണ് കണ്ടെത്തിയിട്ടുള്ളത്. 2017-നുശേഷം പ്രളയവും മറ്റ് പ്രകൃതിക്ഷോഭങ്ങളും ഉണ്ടായതിനാൽ ടി മണ്ണിന്റെ അളവിലും തരത്തിലും മാറ്റം വന്നിട്ടുണ്ടോയെന്ന് അറിയുന്നതിനായി തൃശ്ശൂർ പീച്ചിയിലെ കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KERI) പഠനം നടത്തുന്നതുമായി ബന്ധപ്പെട്ട്, ടി സ്ഥലം KERI-യുടെ എക്സിക്യൂട്ടീവ് എഞ്ചിനീയർ അടങ്ങുന്ന സംഘം 03.02.2022-ൽ സന്ദർശിച്ചിട്ടുണ്ട്. വർഷകാലത്തിനുമുമ്പ് പ്രവൃത്തികൾ പൂർത്തീകരിക്കത്തക്ക രീതിയിൽ അടിയന്തരമായി ടി പ്രവൃത്തി ചെയ്യുന്നതിന് KERI-യുടെ റിപ്പോർട്ട് ലഭിക്കുന്ന

മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്. ടി ചോദ്യത്തിൽ പ്രതിപാദിച്ചിട്ടുള്ള 01/01/2021-ലെ W3-33552/2018/AS/DB-II നമ്പരായ ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ കത്തിന്റെ അടിസ്ഥാനത്തിൽ 03/02/2021-ലെ സ.ഉ.(സാധാ)70/2021/ജവിവ ഉത്തരവുപ്രകാരം "Rejuvenation of Kilikkolloor thodu in Kollam Corporation in Eravipuram Constituency" എന്ന പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. തുടർന്ന് ടി പ്രവൃത്തിക്ക് എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ടിൽനിന്നും ലഭ്യമാക്കാവുന്ന തുക, ഹരിതകേരളം പദ്ധതിയുടെ ഫണ്ടിൽ അനുവദിച്ചിട്ടുള്ള തുക, നീക്കിയിരിപ്പ് തുക, ടി പദ്ധതിക്കായി ലഭ്യമാക്കാവുന്ന തുക എന്നിവ സംബന്ധിച്ച് വ്യക്തമായ റിപ്പോർട്ട് നൽകുവാൻ ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

**ഭൂഗർഭ ജല സംരക്ഷണം**

253(986) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂഗർഭ ജലത്തിന്റെ അളവ് കുറയുന്നതിനെപ്പറ്റി ജലവിഭവ വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പഠന റിപ്പോർട്ടിലെ

വിശദാംശങ്ങൾ ലഭ്യമാക്കുമോ;

സംസ്ഥാന ഭൂജലവകുപ്പും കേന്ദ്ര ഭൂജല ബോർഡും സംയുക്തമായി സംസ്ഥാനത്തെ ഭൂജലവിഭവശേഷി തിട്ടപ്പെടുത്തി 3 വർഷത്തിലൊരിക്കൽ റിപ്പോർട്ട് പ്രസിദ്ധീകരിച്ചുവരുന്നു. പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കുന്നത് വാർഷികമായി സംപോഷണം ചെയ്യപ്പെടുന്ന ഭൂജലത്തിൽനിന്നും എത്ര അളവ് ഭൂജലം ഉപയോഗിക്കുന്നുവെന്നതിനെ അടിസ്ഥാനമാക്കിയാണ്. 2020 മാർച്ച് 31 വരെയുള്ള 'Dynamic Groundwater Resource Estimation Committee' റിപ്പോർട്ടുപ്രകാരം കേരള സംസ്ഥാനത്തെ ആകെ ഭൂജല സമ്പത്ത് 5.12 ശതലക്ഷം (billion cubic meter) ക്യൂബിക് മീറ്റർ ആണ്. 2017 മാർച്ച് 31-ന് പ്രസിദ്ധീകരിച്ച റിപ്പോർട്ടുപ്രകാരം കേരള സംസ്ഥാനത്തെ ആകെ ഭൂജല സമ്പത്ത് 5.21 ശതലക്ഷം ക്യൂബിക് മീറ്റർ ആയിരുന്നു. 2017 മാർച്ചിലെ റിപ്പോർട്ട് 2020 മാർച്ചിലെ റിപ്പോർട്ടുമായി താരതമ്യം ചെയ്യുമ്പോൾ 0.09 ശതലക്ഷം ക്യൂബിക് മീറ്റർ കുറവ് സംഭവിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിൽ സംസ്ഥാനത്തെ 152 ബ്ലോക്കുകളെ, അമിത ചൂഷിതം (over exploited), സന്നിദ്ധാവസ്ഥ (critical), അർദ്ധ സന്നിദ്ധാവസ്ഥ (semi critical), സുരക്ഷിതം (safe) എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട്. 2017-ലെ പഠന റിപ്പോർട്ടുപ്രകാരം അമിതചൂഷിത ബ്ലോക്കായിരുന്ന പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക്

2020-മാർച്ചിലെ പഠന റിപ്പോർട്ടുപ്രകാരം ഗുരുതര വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ ഇടുക്കി ജില്ലയിലെ അർദ്ധ ഗുരുതര ബ്ലോക്കായ ഇളംദേശം ബ്ലോക്ക്, എറണാകുളം ജില്ലയിലെ അർദ്ധഗുരുതര ബ്ലോക്കായ പാറക്കടവ് എന്നിവ സുരക്ഷിത വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുണ്ട്. കൂടാതെ മലപ്പുറം ജില്ലയിലെ സുരക്ഷിത വിഭാഗത്തിൽ ഉൾപ്പെട്ടിരുന്ന മങ്കട ബ്ലോക്ക് അർദ്ധ ഗുരുതര വിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി+ ഉള്ളടക്കം ചെയ്യുന്നു.

(ബി) ഭൂഗർഭ ജലത്തിന്റെ അളവ് സംരക്ഷിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

സംസ്ഥാനത്ത് സുസ്ഥിര ഭൂജല വികസനം നടപ്പിലാക്കുകയെന്ന ലക്ഷ്യത്തോടുകൂടി ഭൂഗർഭ ജലത്തിന്റെ അളവ് സംരക്ഷിക്കുന്നതിനായി 'ഭൂജല സംരക്ഷണവും സംപോഷണവും' എന്ന പ്ലാൻ പദ്ധതി ഭൂജല വകുപ്പ് അവലംബിച്ചുവരുന്നു. തുറന്ന കിണർ/റീചാർജ്ജ് പിറ്റ് കുഴൽക്കിണർ വഴിയുള്ള ഭൂജല സംപോഷണ മൈക്രോ വാട്ടർ ഷെഡ് അടിസ്ഥാനത്തിൽ ചെറിയ തടയണകൾ, അടിയണകൾ എന്നിവയുടെ നിർമ്മാണം, ചെറിയ കുളങ്ങളുടെ പുനരുജ്ജീവനം (0.1 ഹെക്ടറിൽ താഴെയുള്ളത്) എന്നിവ പ്രസ്തുത

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതിയിൻകീഴിൽ വകുപ്പ് നടപ്പിലാക്കിവരുന്നു. 2020-21 സാമ്പത്തിക വർഷം 301 വിവിധ റീചാർജ്ജ് പദ്ധതികൾ ഭൂജല വകുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷം 385 എണ്ണം വിവിധ റീചാർജ്ജ് പദ്ധതികൾ നടപ്പിലാക്കുന്നതിന് 852 ലക്ഷം രൂപയുള്ള സാങ്കേതികാനുമതി ജില്ലകൾക്ക് നൽകിയിട്ടുണ്ട്. 108 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ഭൂഗർഭ ജലത്തിന്റെ അളവ് സംരക്ഷിക്കുന്നതിനുവേണ്ടി ജല സംരക്ഷണത്തിനായി ജലനിധി കിണറുകളിൽ റീചാർജ്ജ്, തടയണകൾ (ചെറുതും വലുതും), ഭൂമിയുടെ അടിയിലുള്ള തടയണകൾ, VCB (Vented cross Bar), മണ്ണ് ഭിത്തി സംരക്ഷണം, മഴക്കുഴികൾ എന്നിവ ഭൂമിയുടെ കിടപ്പനുസരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

**കുഴൽ കിണർ നിർമ്മാണം**

254(987) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹികാവശ്യത്തിനായി കുഴൽ കിണറുകൾ സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

ഗാർഹികാവശ്യത്തിനായി കുഴൽ കിണറുകൾ സ്ഥാപിക്കുന്നതിന് വ്യക്തികൾ ആവശ്യപ്പെടുന്നപ്രകാരം ഭൂജല സർവ്വേ നടത്തുകയും തുക അടയ്ക്കുന്ന മുറയ്ക്ക് കുഴൽക്കിണർ നിർമ്മിച്ച് നൽകുകയും ചെയ്യുന്നു. കൂടാതെ പൊതു കുടിവെള്ള പദ്ധതികൾ വകുപ്പിന്റെ പ്ലാൻ ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്നുണ്ട്.

(ബി) കുഴൽ കിണറുകൾ സ്ഥാപിക്കുന്നതിന് ഈ സർക്കാരിന്റെ കാലത്ത് ലഭിച്ച അപേക്ഷകളുടെ എണ്ണവും അവയിൽ തീർപ്പ് കൽപ്പിച്ചവയുടെ എണ്ണവും ജില്ല തിരിച്ച് ലഭ്യമാക്കുമോ?

കുഴൽകിണർ സ്ഥാപിക്കുന്നതിന് ഈ സർക്കാരിന്റെ കാലത്ത് ലഭിച്ച അപേക്ഷകളുടെ എണ്ണവും തീർപ്പ് കൽപ്പിച്ചവയുടെ എണ്ണവും അനുബന്ധമായി+ ചേർക്കുന്നു.

**മുല്ലപെരിയാർ അണക്കെട്ട്**

255(988) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തമിഴ്നാട് മുന്നറിയിപ്പില്ലാതെ മുല്ലപ്പെരിയാറിലെ ജലം തുറന്നുവിടുന്നത് ബഹുമാനപ്പെട്ട സുപ്രീംകോടതിയെ ബോദ്ധ്യപ്പെടുത്തുന്നതിലും ഷട്ടറുകൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തുറക്കുന്നതിനുള്ള സമയം, തുറന്നുവിടുന്ന വെള്ളത്തിന്റെ തോത് എന്നിവ നിശ്ചയിക്കാൻ സംയുക്ത സമിതി രൂപീകരിക്കണമെന്ന ആവശ്യം നേടിയെടുക്കുന്നതിലും പരാജയപ്പെടാൻ ഇടയായിട്ടുണ്ടോ; എങ്കിൽ കാരണം എന്താണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

30/11/2021 മുതൽ 06/12/2021 വരെയുള്ള കാലയളവിൽ ക്രമാനുഗതമല്ലാതെയും മറ്റും തമിഴ്നാട് അധികൃതർ സ്പിൽവേ ഷട്ടറുകൾ പ്രവർത്തിപ്പിച്ചതുമായി ബന്ധപ്പെട്ട വിഷയങ്ങൾ വ്യക്തമാക്കിക്കൊണ്ട് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പരിഗണനയിലുള്ള റിട്ട് ഹർജിയുടെ ഭാഗമായി 08/12/2021-ലെ IA 161599/2021 നമ്പർ സത്യവാങ്മൂലം കേരളം സമർപ്പിച്ചിട്ടുണ്ട്. ജനങ്ങളെ സുരക്ഷിത സ്ഥാനങ്ങളിലേയ്ക്ക് മാറ്റുന്നതുൾപ്പെടെ ആവശ്യമായ സമയം അനുവദിക്കാതെയും ശരിയായ രീതിയിൽ മുന്നറിയിപ്പുകൾ ജില്ലാ ഭരണകൂടത്തിന് ലഭ്യമാക്കാതെയും പുലർച്ചെയും അസമയങ്ങളിലുമായി തമിഴ്നാട് അധികൃതർ സ്പിൽവേ ഷട്ടറുകൾ പ്രവർത്തിപ്പിച്ച് വലിയതോതിൽ ജലം പുറത്തേക്കൊഴുക്കി, അണക്കെട്ടിന് താഴെയുള്ള പ്രദേശങ്ങളിൽ താമസിക്കുന്ന ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ടുകളും അവരുടെ സ്വത്തിനുണ്ടായ നാശനഷ്ടങ്ങൾ സംബന്ധിച്ചുമുള്ള വിവരങ്ങൾ രേഖാമൂലം ബഹുമാനപ്പെട്ട കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ

സത്യവാങ്മൂലത്തിൽ, വേണ്ടത്ര മുന്നറിയിപ്പ് നേരത്തെ നൽകാതെ അസമയങ്ങളിൽ ജലം ഒഴുക്കിവിടുന്നത് ഒഴിവാക്കുന്നതിനും കാലാവസ്ഥാ നിരീക്ഷണ വകുപ്പിന്റെ മുന്നറിയിപ്പുകൾ കണക്കിലെടുത്ത് പകൽസമയം ക്രമേണ അധിക ജലം ഒഴുക്കി ആവശ്യമായ Flood Cushion ജലസംഭരണിയിൽ നിലനിർത്തുന്നതിനുമുള്ള നിർദ്ദേശം തമിഴ്നാടിന് നൽകണമെന്നും ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനാവശ്യമായ സമയം ലഭിക്കുന്നതിനായി കഴിയുന്നതും സ്പിൽവേ ഷട്ടറുകൾ പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട മുന്നറിയിപ്പുകൾ 24 മണിക്കൂർ മുമ്പെങ്കിലും ജില്ലാഭരണകൂടത്തെ അറിയിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്നും ഷട്ടർ ഓപ്പറേഷനുമായി ബന്ധപ്പെട്ട തീരുമാനങ്ങളെടുക്കുന്നതിനായി കേരള-തമിഴ്നാട് ഉദ്യോഗസ്ഥരടങ്ങുന്ന ഒരു സംയുക്ത സമിതിയെ ചുമതലപ്പെടുത്തണമെന്നും കേരളം ആവശ്യപ്പെട്ടു. കേരളത്തിന്റെ ടി സത്യവാങ്മൂലത്തിനെതിരായി 14/12/2021-ൽ തമിഴ്നാട് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സത്യവാങ്മൂലം സമർപ്പിക്കുകയും ടി വിഷയം 15/12/2021-ൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പരിഗണനയിൽ വരികയും ആയതുസംബന്ധിച്ച് വിശദമായ വാദം കേൾക്കുന്നതിനുപകരം ഈ വിഷയത്തിൽ ഉചിതമായ തീരുമാനങ്ങൾ

കൈക്കൊള്ളാൻ മേൽനോട്ട സമിതിയോട് ബഹുമാനപ്പെട്ട കോടതി നിർദ്ദേശിച്ചു. തുടർന്ന് 17/02/2022-ൽ ഫയൽ ചെയ്ത Written Submission-ലും കേരളം ഈ ആവശ്യം ഉന്നയിച്ചിട്ടുണ്ട്.

**ജലവിഭവ വകുപ്പിലെ വാഹനങ്ങൾ**

256(989) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിൽ നിലവിൽ എത്ര വാഹനങ്ങളുണ്ടെന്ന വിവരം നൽകാമോ?

ജലവിഭവ വകുപ്പിൽ നിലവിൽ 476 വാഹനങ്ങളുണ്ട്. വിശദാംശം അനുബന്ധം (എ)+ ആയി ചേർത്തിരിക്കുന്നു.

(ബി) 2016 മുതൽ നാളിതുവരെ എത്ര വാഹനങ്ങൾ വാങ്ങിയെന്ന് വർഷവും ഇനവും തിരിച്ച് വ്യക്തമാക്കാമോ?

2016 മുതൽ നാളിതുവരെ വാങ്ങിയ വാഹനങ്ങളുടെ വർഷവും ഇനവും തിരിച്ചുള്ള വിവരം അനുബന്ധം (ബി)+ ആയി ചേർത്തിരിക്കുന്നു.

**ജലസംരക്ഷണത്തിനായി പുതിയ പദ്ധതികൾ**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

257(990) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ജലസംരക്ഷണത്തിനായി പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) എങ്കിൽ ഏതൊക്കെ പദ്ധതികളാണ് പരിഗണനയിലുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഇതിന്റെ തുടർനടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

(എ-സി) കാസർഗോഡ് ജില്ലയിൽ ജലസംരക്ഷണത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികളും അവയുടെ വിശദാംശവും അനുബന്ധമായി+ ചേർത്തിരിക്കുന്നു.

**ജൽജീവൻ മിഷൻ പദ്ധതി**

258(991) <u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുമ്പോൾ സാമ്പത്തികമായി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രയാസം അനുഭവിക്കുന്ന പഞ്ചായത്തുകൾക്കും ഗുണഭോക്താക്കൾക്കും വിഹിതം നൽകുന്നതിൽനിന്നും ഇളവുകൾ നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇളവുകൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

(എ & ബി) ഇപ്പോൾ പരിഗണനയിലില്ല. സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ജൽജീവൻ മിഷൻ പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം പദ്ധതി ചെലവിന്റെ 15% തദ്ദേശഭരണ സ്ഥാപനങ്ങളും 10% ഗുണഭോക്താക്കളും വഹിക്കേണ്ടതുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം ബന്ധപ്പെട്ട ജില്ല, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകൾക്ക് സംയുക്തമായി കണ്ടെത്താവുന്നതാണ്. കൂടാതെ ജൽജീവൻ മിഷൻ പദ്ധതി നടപ്പിലാക്കാനായി പഞ്ചായത്ത് വിഹിതവും ഗുണഭോക്തൃവിഹിതവും കണ്ടെത്താൻ കഴിയാതെവരുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് എം.എൽ.എ.-മാരുടെ നിയോജകമണ്ഡല ആസ്തിവികസന ഫണ്ടിൽനിന്നും തുക അനുവദിക്കുന്നതിന് 10-08-2020-ലെ G.O.(Rt) No.4584/2020/Fin നമ്പർ സർക്കാർ ഉത്തരവുപ്രകാരം അനുമതി നൽകിയിട്ടുണ്ട്.

**കല്ല്യാശ്ശേരി മണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതി**

259(992) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കല്ല്യാശ്ശേരി മണ്ഡലത്തിൽ ജൽജീവൻ പദ്ധതിയിലുൾപ്പെടുത്തി 31-01-2022 വരെ എത്ര കുടിവെള്ള കണക്ഷനുകൾ ഓരോ പഞ്ചായത്തിലും നൽകിയിട്ടുണ്ട്; പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തിയാക്കാൻ കഴിയും; വിശദമാക്കാമോ?

കല്ല്യാശ്ശേരി മണ്ഡലത്തിൽ ജൽജീവൻ പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കുടിവെള്ള കണക്ഷനുകളുടെ എണ്ണം പഞ്ചായത്ത് തലത്തിൽ അനുബന്ധമായി+ ചേർക്കുന്നു.

**പാറശ്ശാല മണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതി**

260(993) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ ജൽജീവൻ പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ ഗ്രാമപഞ്ചായത്തുകളിലായി എത്ര ഗാർഹിക കണക്ഷനുകൾ ലഭ്യമാക്കാനുണ്ടെന്നും ആയതിലേയ്ക്കായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) മണ്ഡലത്തിൽ പഞ്ചായത്തടിസ്ഥാനത്തിലുള്ള ജൽജീവൻ പദ്ധതിയുടെ പുരോഗതി അറിയിക്കാമോ; പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

(എ & ബി) പാറശ്ശാല മണ്ഡലത്തിൽ ജൽജീവൻ മിഷൻ പദ്ധതികളുടെ വിശദാംശങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ അനുബന്ധമായി+ ചേർക്കുന്നു.

(സി) മണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കിവരുന്നതും അനുമതി ലഭിച്ചിട്ടുള്ളതുമായ പദ്ധതികളുടെ പ്രവർത്തനപുരോഗതി, അനുവദിച്ച തുക, തൽസ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

മേൽപ്പറഞ്ഞിട്ടുള്ള ജൽജീവനിൽ ഉൾപ്പെട്ട പദ്ധതികൾ കൂടാതെ താഴെപ്പറയുന്ന പദ്ധതികളും നടപ്പിലാക്കുന്നുണ്ട്:

1. ആര്യൻകോട് പെരുങ്കടവിള പഞ്ചായത്തുകൾക്കുവേണ്ടിയുള്ള പദ്ധതി (കിഴക്കൻ മല കുടിവെള്ള പദ്ധതി). പ്രസ്തുത പദ്ധതിക്കായി 43.09 കോടി രൂപയുടെ ഭരണാനുമതി കിഫ്ബി വഴി നൽകിയിരുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകി ദർഘാസുകൾ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ക്ഷണിച്ചിരുന്നു. യോഗ്യത നേടിയ കരാറുകാരൻ ക്വാട്ട് ചെയ്ത തുക അടങ്കൽ തുകയേക്കാളും 25.83% കൂടുതലാണ്. ഈ സാഹചര്യത്തിൽ ടെണ്ടർ അംഗീകരിക്കുന്നതുസംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

2. കൊല്ലയിൽ ഗ്രാമപഞ്ചായത്തിനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള കുടിവെള്ള പദ്ധതി കാളിപ്പാറ കുടിവെള്ള പദ്ധതി പ്രകാരം കൊല്ലയിൽ പഞ്ചായത്തിനുവേണ്ടി പൊൻവിളയിൽനിന്നും റെയിൽവേ, എൻ.എച്ച്. എന്നിവ ക്രോസ്സ് ചെയ്ത് പൈപ്പ്ലൈൻ സ്ഥാപിച്ച് കുടിവെള്ളം ധനുവച്ചപുരം ടി.ടി.ഐ. പരിസരത്ത് നിർമ്മിക്കുന്ന ഉപരിതല ജലസംഭരണിയിലെത്തിച്ച് വിതരണം നടത്താനാണ് പദ്ധതി ലക്ഷ്യമിട്ടിരിക്കുന്നത്. ജൽജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സാർക്ക് പദ്ധതിയിലുൾപ്പെടുത്തി പാറശ്ശാലയ്ക്കും സമീപ പഞ്ചായത്തുകൾക്കുംവേണ്ടിയുള്ള കുടിവെള്ള പദ്ധതിക്കായി നൽകിയ ഭരണാനുമതിയിൽ ബാക്കിയുള്ള തുക ഉപയോഗിച്ച് കൊല്ലയിൽ പഞ്ചായത്തിലെ ശുദ്ധജലവിതരണത്തിനായി ധനുവച്ചപുരം ടി.ടി.ഐ. പരിസരത്ത് 10.17 ലക്ഷം ലിറ്റർ ശേഷിയുള്ള ഉപരിതല ജലസംഭരണി

നിർമ്മിക്കുന്ന പ്രവൃത്തി അവസാനഘട്ടത്തിലാണ്.

(ഡി) ജൽജീവൻ പദ്ധതിയിലുൾപ്പെടുത്തി കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനും കേടായ പൈപ്പ് ലൈനുകൾ റിപ്പയർ ചെയ്യുന്നതിനും വിവിധ പി.ഡബ്യൂ.ഡി., പഞ്ചായത്ത് റോഡുകൾ എന്നിവ വെട്ടിപ്പൊളിച്ചശേഷം റിപ്പയർ ചെയ്ത് നൽകുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ; ഇനിയും റിപ്പയർ ചെയ്യാനുള്ള റോഡുകളുടെ പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

ജൽജീവൻ മിഷൻ പദ്ധതി നടപ്പിലാക്കാൻ പി.ഡബ്ല്യൂ.ഡി. റോഡുകൾ മുറിക്കേണ്ടി വരുമ്പോൾ പുനഃസ്ഥാപിക്കാനുള്ള തുക മുൻകൂറായി അടച്ച് അനുമതി നേടിയതിനുശേഷം മാത്രമാണ് റോഡുകൾ മുറിക്കുന്നത്. അതുകൊണ്ടുതന്നെ പി.ഡബ്ല്യൂ.ഡി. റോഡുകളുടെ ശാശ്വത പുനഃസ്ഥാപനം പി.ഡബ്ല്യൂ.ഡി.-യിൽ നിക്ഷിപ്തമാണ്. ഇത്തരത്തിൽ പി.ഡബ്ല്യൂ.ഡി. റോഡുകൾ മുറിച്ചാൽ താൽക്കാലിക പുനഃസ്ഥാപനം കേരള വാട്ടർ അതോറിറ്റി ചെയ്യുന്നുണ്ട്. ജൽജീവൻ മിഷൻ പഞ്ചായത്തിന്റെ പദ്ധതി ആയതിനാൽ മുറിക്കുന്ന റോഡുകളുടെ പുനഃസ്ഥാപനം പൂർണ്ണമായും പഞ്ചായത്തിന്റെ ചുമതലയാണ്. ഇത്തരത്തിൽ പഞ്ചായത്ത് റോഡുകൾ

മുറിച്ചാൽ താൽക്കാലിക പുനഃസ്ഥാപനം കേരള വാട്ടർ അതോറിറ്റി ചെയ്യുന്നുണ്ട്. നിലവിൽ ഭരണാനുമതി നൽകാനുള്ള പദ്ധതികളിൽ പഞ്ചായത്ത് റോഡ് പുനഃസ്ഥാപിക്കാനുള്ള തുകകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

**കൊയിലാണ്ടി മണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതി**

261(994) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷൻ പദ്ധതി പ്രകാരം കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ എത്ര പഞ്ചായത്തുകളിലാണ് കുടിവെള്ളം എത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ആകെ നിർമ്മാണച്ചെലവ് എത്രയാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) ജൽജീവൻ മിഷൻ പദ്ധതി പ്രകാരം കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ നാല് പഞ്ചായത്തുകളിലാണ് (ചെങ്ങോട്ടുകാവ്, ചേമഞ്ചേരി, മൂടാടി, തിക്കോടി) കുടിവെള്ളം എത്തിക്കുന്നത്. ഈ പഞ്ചായത്തുകളിൽ ലഭിച്ച ഭരണാനുമതിയുടെ വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു. പ്രവൃത്തികളുടെ പ്രാരംഭനടപടികൾ നടന്നുവരുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പദ്ധതിയുടെ സ്ഥലനിർണ്ണയം, മറ്റുസാങ്കേതിക നടപടികൾ എന്നിവയിൽ ഇതുവരെയുണ്ടായ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

പദ്ധതിയിലുൾപ്പെട്ട എല്ലാ പഞ്ചായത്തുകളിലെയും ജല സംഭരണികൾക്കാവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. അവ കൈമാറാനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരികയാണ്. കൂടാതെ ജല അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് (ചക്കിട്ടപാറ പഞ്ചായത്തിൽ) സ്ഥാപിക്കുന്ന 100 MLD ശേഷിയുള്ള ശുദ്ധീകരണശാല, കുറ്റിയാടി റിസർവോയറിൽ സ്ഥാപിക്കുന്ന ഫ്ലോട്ടിംഗ് ഇൻടേക്ക് വെൽ എന്നിവയുടെ രൂപകല്പനകൾ പുരോഗമിക്കുന്നു.

**തലശ്ശേരി-കൂത്തുപറമ്പ് സംയുക്ത കുടിവെള്ള പദ്ധതി**

262(995) <u>ശ്രീ. എ. എൻ. ഷംസീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷം ബഡ്ജറ്റിൽ അനുവദിച്ച തലശ്ശേരി-കൂത്തുപറമ്പ് സംയുക്ത കുടിവെള്ള പദ്ധതിക്കുള്ള വാട്ടർ ടാങ്ക് ചൊക്ലി സർക്കാർ കോളേജിൽ നിർമ്മിക്കുന്നതിനായി ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ അനുമതി വാങ്ങുന്നത് സംബന്ധിച്ച ഫയലിൽ സ്വീകരിച്ച നടപടികൾ ഫയൽ

നമ്പർ സഹിതം വ്യക്തമാക്കാമോ?

വാട്ടർ ടാങ്ക് നിർമ്മിക്കാനുള്ള അനുമതിക്കായുള്ള പ്രൊപ്പോസൽ ഉന്നത വിദ്യാഭ്യാസ വകുപ്പിൽ സമർപ്പിക്കുകയും 05-10-2021-ലെ സ.ഉ.(സാധാ) നം.1323/2021/ഉ.വി.വ പ്രകാരം ചൊക്ലി സർക്കാർ കോളേജിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ തലശ്ശേരി-കൂത്തുപറമ്പ് സംയുക്ത കുടിവെള്ള പദ്ധതിക്കുള്ള വാട്ടർ ടാങ്ക് നിർമ്മിക്കുന്നതിന് സ്ഥലത്തിന് ഉപയോഗ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ പകർപ്പ് 25-11-2021-ലെ WS-C3/303/2018-WRD കത്തുപ്രകാരം തുടർനടപടികൾക്കായി വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് അവശേഷിക്കുന്ന നടപടിക്രമങ്ങൾ വ്യക്തമാക്കാമോ?

പദ്ധതിക്കായി ടാങ്കുകളുടെ നിർമ്മാണത്തിനും പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനും 4 സ്വകാര്യ ഭൂമി ആവശ്യമായിട്ടുണ്ട്. ഇതിൽ 2 ഭൂമി (27.5 സെന്റ്)-യുടെ ലാൻഡ് അക്വിസിഷൻ നടപടികളിൽ 11 (1) നോട്ടിഫിക്കേഷൻ പൂർത്തിയായി. BVR സമർപ്പിച്ചതിനുശേഷം 19 (1)

നോട്ടിഫിക്കേഷൻ വരേണ്ടതുണ്ട്. 2 ഭൂമി (35 സെന്റ്)-യുടെ സാമൂഹികാഘാതപഠനം പൂർത്തിയായി. എക്സ്പെർട്ട് കമ്മിറ്റി റിപ്പോർട്ട് കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ലാൻഡ് അക്വിസിഷൻ നടപടികൾ പൂർത്തിയായാൽ പദ്ധതി നടപ്പിലാക്കാൻ സാധിക്കുന്നതാണ്.

**തഴക്കര കുടിവെള്ള പദ്ധതി**

263(996) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിലെ തഴക്കര കുടിവെള്ള പദ്ധതിക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉണ്ട്. തഴക്കര കുടിവെള്ള പദ്ധതിക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയതിന്റെ വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു. തഴക്കര, ചെട്ടികുളങ്ങര പഞ്ചായത്തുകൾക്കും മാവേലിക്കര മുനിസിപ്പാലിറ്റിക്കുമായി അച്ചൻകോവിൽ നദിയിൽ കിണറും മാവേലിക്കര സബ്ഡിവിഷൻ ഓഫീസ് കോമ്പൗണ്ടിൽ 35 MLD ശുദ്ധീകരണശാലയും ഉന്നതതല ജലസംഭരണികൾക്കും വിതരണ ശൃംഖലയ്ക്കുമായി Topographical Survey

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടത്തി 200 കോടി രൂപയുടെ സമഗ്ര പദ്ധതിക്കായി ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിരുന്നു. ഇതിൽ തഴക്കര, ചെട്ടികുളങ്ങര പഞ്ചായത്തുകളിലെ പ്രവൃത്തികൾക്ക് മാത്രമായി ജൽജീവൻ മിഷൻ പദ്ധതിയിൽ യഥാക്രമം 78.41 കോടി രൂപയും 81.49 കോടി രൂപയും 5th SLSSC-യിൽ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ടി സമഗ്ര കുടിവെള്ള പദ്ധതിയുടെ ഉത്പാദന ഘടകങ്ങൾ മാവേലിക്കര മുനിസിപ്പാലിറ്റിയുടെ പദ്ധതി നിർദ്ദേശത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. മാവേലിക്കര മുനിസിപ്പാലിറ്റിയുടെ 67.50 കോടി രൂപയുള്ള പദ്ധതി തയ്യാറാക്കിയിട്ടുള്ളത് അമൃത്-2 പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ചപ്പാരപ്പടവ് പുഴക്കരയിലെ കിണർ നിർമ്മാണം**

264(997) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ കുടിവെള്ള പദ്ധതി പൂർത്തീകരണത്തിന്റെ ഭാഗമായി ചപ്പാരപ്പടവ് പുഴക്കരയിൽ സ്ഥാപിക്കേണ്ട കിണറിന്റെ നിർമ്മാണ പ്രവൃത്തി വൈകുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

സ്റ്റേറ്റ് പ്ലാൻ 2017-18-ൽ ഉൾപ്പെട്ട പയ്യന്നൂർ കുടിവെള്ള പദ്ധതിയുടെ (അടങ്കൽ തുക 610 ലക്ഷം രൂപ) ഭാഗമായ കിണറിന്റെ നിർമ്മാണ പ്രവൃത്തിക്ക് 29/04/2020-ന് പ്രവർത്തനാനുമതി നൽകിയെങ്കിലും കിണർ കുഴിക്കുന്നതിനുവേണ്ടി പാറപൊട്ടിക്കുന്നതിനുള്ള അനുമതി ലഭിക്കാത്തതിനാൽ പ്രവൃത്തി ആരംഭിക്കുവാൻ സാധിച്ചില്ല. 25-11-2021-ൽ ജില്ലാഭരണകൂടത്തിന്റെ അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ 03-01-2022-ന് പ്രവൃത്തി ആരംഭിച്ചു. എന്നാൽ നാട്ടുകാരുടെ എതിർപ്പുമൂലവും ചപ്പാരപ്പടവ് പഞ്ചായത്തിന്റെ സ്ഥലം കയ്യേറി എന്നാരോപിച്ച് പഞ്ചായത്ത് സെക്രട്ടറി പ്രവൃത്തി നിർത്തിവയ്ക്കാനുള്ള സ്റ്റോപ്പ് മെമ്മോ നൽകിയിരുന്നതിനാലും പ്രവൃത്തി താൽക്കാലികമായി നിർത്തിവയ്ക്കേണ്ടിവന്നു.

(ബി) പ്രസ്തുത പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ബഹുമാനപ്പെട്ട കണ്ണൂർ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ 11-01-2022-ന് ചേർന്ന യോഗത്തിൽ പ്രസ്തുത പ്രവൃത്തി എത്രയുംപെട്ടെന്ന് പുനരാരംഭിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി അടിയന്തരമായി പൂർത്തിയാക്കുന്നതിന് കരാറുകാരന് നിർദ്ദേശം

നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**അങ്കമാലി മണ്ഡലത്തിലെ മേജർ ഇറിഗേഷൻ പദ്ധതികൾ**

265(998) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മണ്ഡലത്തിൽ മേജർ ഇറിഗേഷന്റെ കീഴിൽ പ്ലാൻ, നോൺപ്ലാൻ ഇനത്തിൽ 2021-22 വർഷം അനുവദിച്ചതും പൂർത്തീകരിച്ചതുമായ പദ്ധതികളുടെ വിശദാംശം നൽകുമോ?

2021-2022 സാമ്പത്തിക വർഷത്തിൽ പ്ലാൻ, നോൺപ്ലാൻ ഇനത്തിൽ അങ്കമാലി നിയോജകമണ്ഡലത്തിൽനിന്നും ഭരണാനുമതിക്കായി സമർപ്പിച്ചതും പൂർത്തീകരിച്ചതുമായ പ്രവൃത്തികൾ അനുബന്ധം-1+ ആയി ചേർക്കുന്നു. 2018-19-ൽ അംഗീകാരം ലഭിച്ചതും എന്നാൽ 2021-22-ൽ പൂർത്തീകരിച്ചതുമായ പ്രവൃത്തികൾ അനുബന്ധം-2+ ആയി ചേർക്കുന്നു.

(ബി) 2022-23 വർഷത്തെ ആക്ഷൻപ്ലാനിൽ മണ്ഡലത്തിൽനിന്ന് ഉൾപ്പെടുത്തിയ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) നിലവിൽ വകുപ്പിന്റെ പരിഗണനയിലിരിക്കുന്ന പദ്ധതികളുടെ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദാംശം അറിയിക്കുമോ?

(ബി & സി) 16 പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തിയുടെ മുൻഗണനയും അനുസരിച്ച് നടപ്പിലാക്കാവുന്നതാണ്. പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധം-3+ ആയി ചേർക്കുന്നു.

**രാമപുരം കുടിവെള്ള പദ്ധതി**

266(999) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലാ നിയോജകമണ്ഡലത്തിലെ രാമപുരം കുടിവെള്ള പദ്ധതി നടപ്പാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്നും പ്രസ്തുത പദ്ധതിക്ക് കാലതാമസം നേരിടാനുള്ള കാരണവും വ്യക്തമാക്കാമോ?

പാലാ നിയോജകമണ്ഡലത്തിലെ രാമപുരം ഉൾപ്പെടെ 13 പഞ്ചായത്തുകൾക്കുവേണ്ടിയുള്ള ഒരു കുടിവെള്ള പദ്ധതി ജൽജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. പാലാ നിയോജകമണ്ഡലത്തിൽ സ്റ്റേറ്റ് പ്ലാൻ 2012-ൽ ഉൾപ്പെടുത്തി കടനാട്, രാമപുരം, മേലുകാവ്, വെള്ളിലാപ്പള്ളി എന്നീ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വില്ലേജുകൾക്കുവേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കാനായി 65.45 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിനെത്തുടർന്ന് പദ്ധതിക്കാവശ്യമായ ജലശുദ്ധീകരണശാലയും ടാങ്കുകളും നിർമ്മിക്കാൻവേണ്ട സ്ഥലം ഏറ്റെടുക്കുന്ന നടപടി സ്വീകരിച്ചെങ്കിലും ആകെ ആവശ്യമായ 8 സ്ഥലങ്ങളിൽ 5 സ്ഥലങ്ങൾ മാത്രമേ ലഭ്യമായുള്ളൂ. തുടർന്ന് ലഭ്യമായ സ്ഥലത്ത് 17 ദശലക്ഷം ശേഷിയുള്ള ജലശുദ്ധീകരണശാല നിർമ്മിക്കുന്നതിനായി ടെണ്ടർ നടപടി സ്വീകരിച്ചു. എന്നാൽ ടി പദ്ധതിയിൽ സമീപപഞ്ചായത്തുകളായ കരൂർ, മൂന്നിലവ്, തലനാട്, തീക്കോയി, പൂഞ്ഞാർ, പൂഞ്ഞാർ തെക്കേക്കര എന്നീ പഞ്ചായത്തുകളും ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയുംകൂടി ഉൾപ്പെടുത്തേണ്ടി വന്നതിനാൽ ആദ്യം വിഭാവനം ചെയ്തിരുന്ന 17 എം.എൽ.ഡി-യിൽനിന്നും ശുദ്ധീകരണശാലയുടെ ശേഷിയിലും വർദ്ധനവ് വേണ്ടിവന്നു. ജലശുദ്ധീകരണശാലയുടെ ശേഷിയിൽ മാറ്റം വന്നതിനാൽ ടെണ്ടർ നടപടി റദ്ദാക്കി. ആദ്യം വിഭാവനം ചെയ്തതിൽനിന്നും കൂടുതൽ പ്രദേശങ്ങൾ ഉൾപ്പെടുത്തേണ്ടിവന്നതിനാൽ ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിക്കും രാമപുരം ഉൾപ്പെടെ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന 12 പഞ്ചായത്തുകൾക്കും ജലവിതരണത്തിനായി എം.വി.ഐ.പി.-യിലെ മലങ്കര ജല സംഭരണിയിൽനിന്നും പ്രതിദിനം

30 ദശലക്ഷം ലിറ്റർ വെള്ളം ഉപയോഗിക്കുന്നതിനായി അനുമതി നൽകുകയുണ്ടായി. സംസ്ഥാനത്തെ എല്ലാ ഗ്രാമീണ ഭവനങ്ങൾക്കും 2024-ഓടുകൂടി കുടിവെള്ള കണക്ഷൻ ഉറപ്പുവരുത്തുന്നതിനുള്ള ജൽജീവൻ മിഷൻ പദ്ധതി നിലവിൽ വന്നപ്പോൾ കുടിവെള്ള സ്രോതസ്സ് ലഭ്യമല്ലാത്ത മറ്റു സമീപപ്രദേശങ്ങളെക്കൂടി ഉൾപ്പെടുത്തി ഒരു ബൃഹത് പദ്ധതി ആവിഷ്കരിക്കുന്നതിനായി നടപടികൾ സ്വീകരിച്ചു. പാലാ നിയോജകമണ്ഡലത്തിലെ രാമപുരം, കടനാട്, മേലുകാവ്, മൂന്നിലവ്, തലനാട്, തലപ്പലം, ഭരണങ്ങാനം, മീനച്ചിൽ എന്നീ പഞ്ചായത്തുകളും പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പൂഞ്ഞാർ, പൂഞ്ഞാർ തെക്കേക്കര, തിടനാട്, തീക്കോയി, കൂട്ടിക്കൽ എന്നീ പഞ്ചായത്തുകളുമുൾപ്പെടെ 13 പഞ്ചായത്തുകൾക്കായി 42710 കണക്ഷനുകൾ നൽകുവാനുള്ള 1,111.92 കോടി രൂപയുടെ സമഗ്ര കുടിവെള്ള പദ്ധതി തയ്യാറാക്കുകയും പ്രസ്തുത പദ്ധതിക്ക് അഞ്ചാമത് SLSSC-ൽ അംഗീകാരം നൽകുകയുണ്ടായി. 21-01-2022-ൽ കൂടിയ സ്റ്റേറ്റ് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷൻ അപ്പെക്സ് കമ്മിറ്റി മീറ്റിംഗിൽ പദ്ധതി ജൽജീവൻ മിഷനിലുൾപ്പെടുത്തി ഭരണാനുമതി ലഭിക്കുവാനായി സമർപ്പിച്ചുവെങ്കിലും പദ്ധതിയിലുൾപ്പെട്ട പഞ്ചായത്തുകൾ നൽകേണ്ട വിഹിതം പുനരവലോകനം ചെയ്ത് സാമ്പത്തിക ബാദ്ധ്യതയിൽ

കുറവുവരുത്താൻ സാധിക്കുമോയെന്ന് പരിശോധിക്കുവാൻ തീരുമാനിച്ചു. പ്രസ്തുത യോഗ തീരുമാനപ്രകാരം ഭരണാനുമതി പ്രൊപ്പോസൽ പുതുക്കി സമർപ്പിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. സ്റ്റേറ്റ് പ്ലാൻ 2012-ൽ ഭരണാനുമതി ലഭിച്ച കടനാട്, രാമപുരം, മേലുകാവ്, വെള്ളിലാപ്പള്ളി എന്നീ വില്ലേജുകൾക്കുവേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കുവാൻ ആവശ്യമായ സ്ഥലം വിവിധ പഞ്ചായത്തുകളിൽനിന്നും ഏറ്റെടുക്കുന്നതിൽ വന്ന കാലതാമസവും പദ്ധതിയിൽ പലഘട്ടങ്ങളിലായി മാറ്റം വരുത്തേണ്ടിവന്നതുമാണ് പ്രസ്തുത പദ്ധതിക്ക് കാലതാമസം നേരിടാനുണ്ടായ കാരണം.

**മഞ്ചേശ്വരം മണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതി**

267(1000) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷൻ പദ്ധതിയിലൂടെ മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ എത്രവീടുകളിൽ കുടിവെള്ളം ലഭ്യമാക്കിയെന്നും ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ;

(ബി) മണ്ഡലത്തിലെ ജൽജീവൻ പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്നും ഇനി നടപ്പിലാക്കാനുള്ള പ്രവൃത്തിയുടെ വിവരങ്ങളും വിശദമാക്കുമോ?

(എ & ബി) മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ ജൽജീവൻ മിഷൻ പ്രവൃത്തികളുടെ വിശദാംശങ്ങൾ പഞ്ചായത്ത് തിരിച്ച് അനുബന്ധമായി+ ചേർക്കുന്നു. ബാക്കി കണക്ഷനുകൾ നൽകുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. കുമ്പള, മംഗൽപാടി പഞ്ചായത്തുകളിലേയ്ക്കുള്ള പദ്ധതികൾക്കാവശ്യമായ സ്ഥലം നിലവിൽ ലഭ്യമായിട്ടില്ല. മീഞ്ച, പൈവളിഗെ ഗ്രാമപഞ്ചായത്തുകളിൽ സമ്പൂർണ്ണ കവറേജിലേയ്ക്കായി ജലനിധി വഴി യഥാക്രമം 4385-ഉം 3223-ഉം വീടുകൾ ഉൾപ്പെടുത്തി 22.83 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സ്രോതസ്സിന്റെ അപര്യാപ്തതമൂലം പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. കാസർഗോഡ് വികസന പാക്കേജിലുൾപ്പെടുത്തി ചെക്ക് ഡാം നിർമ്മിക്കുന്നതിലേയ്ക്കായുള്ള സാധ്യത ആരാഞ്ഞിട്ടുണ്ട്.

**ജൽജീവൻ മിഷൻ**

268(1001) <u>ശ്രീ. ഐ. ബി. സതീഷ്:</u>

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

<u>ശ്രീ. കെ. എം. സച്ചിൻദേവ്:</u>

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:</u>

<u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൽജീവൻ മിഷന്റെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

2020-21 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ജൽജീവൻ മിഷൻ പദ്ധതിയുടെ നിർവ്വഹണ പുരോഗതി ബഹുമാനപ്പെട്ട സംസ്ഥാന മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മുൻഗണനാ പദ്ധതികളിലുൾപ്പെടുത്തി വിലയിരുത്തുന്നുണ്ട്. ചീഫ് സെക്രട്ടറി ഉൾപ്പെടെ വിവിധതലങ്ങളിൽ ഉദ്യോഗസ്ഥർ നിരന്തരം വിലയിരുത്തുന്നുണ്ട്. മിഷൻ ഡയറക്ടറുടെ നേതൃത്വത്തിൽ ആഴ്ചതോറും പദ്ധതിയുടെ പുരോഗതി വിലയിരുത്തിവരുന്നു. കൂടാതെ പദ്ധതിയുടെ പുരോഗതി കേന്ദ്രസർക്കാർ നിരന്തരം വിലയിരുത്തുന്നുണ്ട്. സംസ്ഥാനത്താകെ 70.68 ലക്ഷം ഗ്രാമീണ വീടുകളുള്ളതിൽ 2020 ഏപ്രിലിലെ കണക്കനുസരിച്ച് 17.5 ലക്ഷം ഗാർഹിക കുടിവെള്ള കണക്ഷനുകളാണ് നിലവിലുണ്ടായിരുന്നത്. 2020-21 സാമ്പത്തിക വർഷമാണ് സംസ്ഥാനത്ത് ജൽജീവൻ മിഷൻ പദ്ധതിക്ക്

തുടക്കംകുറിക്കുന്നത്. ജൽജീവൻ മിഷൻ നിലവിൽ വന്നതിനുശേഷം 18-02-2022-വരെ 1007408 കുടിവെള്ള കണക്ഷനുകൾ നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകൾക്കും ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കി കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കിക്കഴിഞ്ഞു. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. പദ്ധതികൾ കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള സമയപരിധിയായ 2024-ഓടുകൂടി പൂർത്തീകരിക്കത്തക്കവിധത്തിലാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നത്. കെ.ആർ.ഡബ്ല്യൂ.എസ്.എ. മുഖേന ജൽജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി നിലവിലുള്ള ജലനിധി കുടിവെള്ള പദ്ധതികളിൽനിന്നും 37296 പ്രവർത്തനക്ഷമമായ ഗാർഹിക കുടിവെള്ള കണക്ഷനുകൾ (FHTCs) പുതിയതായി നൽകുന്നതിന് ഭരണാനുമതി നൽകിയിരുന്നു. ഇതുവരെ 16065 പുതിയ കണക്ഷനുകൾ നൽകിയിട്ടുണ്ട്. (ഈ സാമ്പത്തിക വർഷത്തിൽ മാത്രം 9536 കണക്ഷനുകൾ നൽകിയിട്ടുണ്ട്). ബാക്കിയുള്ള കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരികയാണ്. ജില്ലതിരിച്ചുള്ള വിവരങ്ങൾ അനുബന്ധം 1[+] ആയി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചേർക്കുന്നു.

(ബി) പദ്ധതി നിർവ്വഹണം സുതാര്യമാക്കുന്നതിനായി പ്രതിവാര പുരോഗതി വെബ്സൈറ്റിൽ നൽകുന്നുണ്ടോ; പദ്ധതി നിർവ്വഹണ സംവിധാനം വിശദമാക്കാമോ; നിർവ്വഹണ സഹായത്തിന് ഏജൻസികളെ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇവയുടെ പങ്ക് എന്താണെന്നറിയിക്കാമോ?

സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ജൽജീവൻ മിഷൻ പദ്ധതിയുടെ പുരോഗതി ദിനംപ്രതി കേരള വാട്ടർ അതോറിറ്റിയുടെ ഔദ്യോഗിക വെബ്സൈറ്റിലും (www.kwa.kerala.gov.in) കേന്ദ്രസർക്കാരിന്റെ വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നുണ്ട്. ജൽജീവൻ മിഷൻ പദ്ധതിയുടെ സമയബന്ധിതമായ പൂർത്തീകരണം ലക്ഷ്യമിട്ട് സംസ്ഥാനതലത്തിൽ സ്റ്റേറ്റ് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷനും ജില്ലാതലത്തിൽ ഡിസ്ട്രിക്ട് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷനും ഗ്രാമതലത്തിൽ ഗ്രാമപഞ്ചായത്ത് വാട്ടർ ആൻഡ് സാനിറ്റേഷൻ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. ഇതിൽ സ്റ്റേറ്റ് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷന് അപ്പെക്സ് കമ്മിറ്റിയും എക്സിക്യൂട്ടീവ് കമ്മിറ്റിയും നിലവിലുണ്ട്. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സ്റ്റേറ്റ് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷൻ അപ്പെക്സ് കമ്മിറ്റി സംസ്ഥാനതലത്തിൽ ജൽജീവൻ പദ്ധതിയുടെ

നയരൂപീകരണം, ആസൂത്രണം, പദ്ധതി നിർവ്വഹണ തന്ത്രങ്ങൾക്ക് രൂപവും ദിശാബോധവും നൽകുക എന്നീ ചുമതലകൾ നിർവ്വഹിക്കുന്നു. ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സ്റ്റേറ്റ് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷൻ എക്സിക്യൂട്ടീവ് കമ്മിറ്റി പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഡിസ്ട്രിക്ട് സ്റ്റേറ്റ് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷൻ രൂപീകരണത്തിനാവശ്യമായ എല്ലാ സഹായവും ഉപദേശവും നൽകുക, പ്രസ്തുത മിഷനാവശ്യമായ ശേഷിയും നൈപുണ്യവും ആർജ്ജിക്കുവാനുള്ള കർമ്മപരിപാടികൾ ആസൂത്രണം ചെയ്യുക, ജില്ലാതല കർമ്മ പദ്ധതിക്ക് അനുമതി നൽകുക, പദ്ധതി നിർവ്വഹണത്തിന്റെ സാമ്പത്തികവും ഭൗതികവുമായ പുരോഗതി വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിക്കുക മുതലായ കാര്യങ്ങൾ നിർവ്വഹിക്കുന്നു. ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള ഡിസ്ട്രിക്ട് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷൻ ബന്ധപ്പെട്ട ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും പദ്ധതിയുടെ സമ്പൂർണ്ണ ലക്ഷ്യം കൈവരിക്കുന്നതിനാവശ്യമായ കർമ്മപദ്ധതി ഉറപ്പാക്കുക, ജില്ലാതലത്തിൽ പദ്ധതികൾക്ക് അനുമതി നൽകുക, ഗ്രാമപഞ്ചായത്ത് വാട്ടർ ആൻഡ് സാനിറ്റേഷൻ കമ്മിറ്റിക്കാവശ്യമായ സഹായങ്ങൾ ഉറപ്പാക്കുക, ഗ്രാമതല കമ്മിറ്റികളും സ്റ്റേറ്റ് വാട്ടർ ആൻഡ് സാനിറ്റേഷൻ മിഷനുമായുള്ള

ഏകോപനം സാധ്യമാക്കുക എന്നീ ചുമതലകളാണ് പ്രധാനമായും നിർവ്വഹിക്കുന്നത്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായുള്ള ഗ്രാമപഞ്ചായത്ത് വാട്ടർ ആൻഡ് സാനിറ്റേഷൻ കമ്മിറ്റി ഗ്രാമതലത്തിൽ ജനപങ്കാളിത്തത്തോടെ ജൽജീവൻ മിഷന്റെ കർമ്മപദ്ധതി തയ്യാറാക്കുക, കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് പരിപാലനം, കുടിവെള്ള ഗുണനിലവാരം ഉറപ്പാക്കൽ തുടങ്ങിയവയിൽ ജനങ്ങളെ പ്രാപ്തരാക്കുക, പദ്ധതി നിർവ്വഹണത്തിൽ ഗുണഭോക്തൃവിഹിതം ഉറപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക തുടങ്ങിയ ചുമതലകൾ നിർവ്വഹിക്കുന്നു. പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കാവശ്യമായ കുടിവെള്ള പദ്ധതികളുടെ ആസൂത്രണം, രൂപകൽപ്പന, നിർവ്വഹണം മുതലായവ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയാണ്. ഇത് ലക്ഷ്യമിട്ട് ജൽജീവൻ പദ്ധതിയുടെ ദേശീയ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം നിർവ്വഹണ സഹായ ഏജൻസികളുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണത്തിനായി ഗ്രാമപഞ്ചായത്തുകൾക്ക് അനുയോജ്യമായ നിർവ്വഹണ ഏജൻസിയുടെ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളാണ് നടപ്പിലാക്കേണ്ടത്.

നിർവ്വഹണ സഹായ ഏജൻസികളുടെ പ്രധാന ചുമതലകൾ ചുവടെ ചേർക്കുന്നു.

(1) ഗ്രാമതലത്തിൽ കുടിവെള്ള പദ്ധതികളുടെ ആസൂത്രണം, രൂപകൽപ്പന, നിർവ്വഹണം, നടത്തിപ്പ്, പരിപാലനം തുടങ്ങിയ കാര്യങ്ങളിൽ ഗുണഭോക്തൃ സമിതികളെ പ്രാപ്തരാക്കുക.

(2) ഗ്രാമപഞ്ചായത്തുതലത്തിൽ വില്ലേജ് വാട്ടർ & സാനിറ്റേഷൻ കമ്മിറ്റികൾ രൂപീകരിക്കുന്നതിനാവശ്യമായ സഹായം നൽകുക.

(3) ഗ്രാമതലത്തിൽ പഞ്ചായത്തുകളെയും ഗുണഭോക്തൃസമിതികളെയും ഏകോപിപ്പിച്ചുകൊണ്ട് കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുക.

(4) ഡിസ്ട്രിക്ട് വാട്ടർ & സാനിറ്റേഷൻ മിഷനും വില്ലേജ് വാട്ടർ & സാനിറ്റേഷൻ കമ്മിറ്റികളും തമ്മിലുള്ള ഏകോപനം സാധ്യമാക്കുക.

(5) ഗാർഹിക കുടിവെള്ള കണക്ഷനുകളുടെ വിലയിരുത്തൽ നടത്തുക.

(6) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കുടിവെള്ള പ്രചാരണ ബോധവൽക്കരണ പരിപാടികൾക്കാവശ്യമായ സഹായസഹകരണങ്ങൾ നൽകുക.

(7) മഴവെള്ള സംഭരണം, കുടിവെള്ള സ്രോതസ്സുകളുടെ റീചാർജ്ജിംഗ്, സംരക്ഷണം, ഗുണനിലവാരം ഉറപ്പാക്കൽ, ജലജന്യരോഗങ്ങൾ മുതലായ വിഷയങ്ങളിൽ ആവശ്യമായ ബോധവൽക്കരണം നടത്തുക.

(8) ഗ്രാമതലത്തിൽ സൃഷ്ടിച്ചിട്ടുള്ള വിജയമാതൃകകൾ രേഖപ്പെടുത്തി സൂക്ഷിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുക.

(സി) സ്രോതസ്സുകളിൽനിന്നുള്ള സുസ്ഥിര ജലലഭ്യത ഉറപ്പാക്കിയശേഷമാണോ പദ്ധതി നിർവ്വഹണത്തിന് അംഗീകാരം നൽകുന്നത്; സ്രോതസ്സുകളുടെ സംരക്ഷണത്തിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് പ്രധാനമായും ഉപരിതല ജലസ്രോതസ്സുകളെ അടിസ്ഥാനമാക്കിയുള്ള കുടിവെള്ള പദ്ധതികളാണ് നടപ്പിലാക്കുന്നത്. ഇത്തരം പദ്ധതികൾ ആസൂത്രണം ചെയ്യുന്ന സമയത്തുതന്നെ പദ്ധതിയുടെ സ്രോതസ്സിന്റെ സുസ്ഥിരത ഉറപ്പാക്കുന്നുണ്ട്. ഇതിനായി സോഴ്സ് ഫൈൻഡിംഗ് കമ്മിറ്റികൾ നിലവിലുണ്ട്. പ്രസ്തുത കമ്മിറ്റി പരിശോധിച്ച് സ്രോതസ്സിന്റെ സുസ്ഥിരത ഉറപ്പാക്കിയാണ് പദ്ധതികൾ ആസൂത്രണം ചെയ്യുന്നത്. കേരള വാട്ടർ

അതോറിറ്റിയുടെ പദ്ധതികളിലെ ജല സ്രോതസ്സുകളുടെ സംരക്ഷണത്തിന്റെ ഭാഗമായി ആവശ്യമുള്ള ഇടങ്ങളിൽ തടയണ കെട്ടൽ, ഗ്യാലറി വൃത്തിയാക്കൽ, കിണർ വൃത്തിയാക്കൽ എന്നീ നടപടികൾ യഥാസമയം ചെയ്തുവരുന്നു.

**മലപ്പുറം മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

269(1002) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡലത്തിലെ മേൽമുറി കുടിവെള്ള പദ്ധതി, ഇരുമ്പുഴി കരുമാഞ്ചേരി പറമ്പ് കുടിവെള്ള പദ്ധതി എന്നിവ ഇപ്പോൾ ഏതുഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ?

മലപ്പുറം നിയോജകമണ്ഡലത്തിലെ മലപ്പുറം മുനിസിപ്പാലിറ്റിയിൽ ഉൾപ്പെട്ട മേൽമുറി കുടിവെള്ള പദ്ധതിക്കായി 50 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും 2021-22 സാമ്പത്തികവർഷത്തിൽ നഗര ജലവിതരണ ശീർഷകത്തിൽ 45 കോടി രൂപ മാത്രം ബഡ്ജറ്റിൽ അനുവദിച്ചിരുന്നതിനാൽ സ്റ്റേറ്റ് പ്ലാൻ 2021-22-ൽ മേല്പറഞ്ഞ പദ്ധതി ഉൾപ്പെടുത്താൻ സാധിച്ചിരുന്നില്ല. സ്റ്റേറ്റ് പ്ലാൻ 2022-23 സാമ്പത്തിക

വർഷത്തിൽ ഭരണാനുമതി നൽകാനുള്ള നടപടി സ്വീകരിക്കാവുന്നതാണ്. കൂടാതെ മേൽപ്പറഞ്ഞ പ്രദേശം മുനിസിപ്പാലിറ്റിയിലുൾപ്പെട്ട പ്രദേശമായതിനാൽ അർബൻ ജൽജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി നടപടി സ്വീകരിക്കുന്നതാണ്. ജൽജീവൻ മിഷനിലുൾപ്പെടുത്തി ഇരുമ്പുഴി കരുമഞ്ചേരിപ്പറമ്പ് ഉൾപ്പെട്ട പഞ്ചായത്തിലെ വാർഡ് 1, 2, 3, 17 മുതൽ 23 വരെയുള്ള പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിനായി കടലുണ്ടിപ്പുഴ സ്രോതസ്സായി കിണറും ജലശുദ്ധീകരണശാലയും വിതരണ ശൃംഖലയും ഉൾപ്പെടുത്തി ഭരണാനുമതി നൽകി പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) ഇരുപദ്ധതിക്കും ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

മേൽമുറി പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടില്ല. ഇരുമ്പുഴി കരുമഞ്ചേരിപ്പറമ്പ് ഉൾപ്പെട്ട ആനക്കയം പഞ്ചായത്തിലെ പുതുക്കിയ പദ്ധതിക്ക് ജൽജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ

നടപടി സ്വീകരിക്കുമോ?

ഭരണാനുമതി നൽകുന്ന മുറയ്ക്ക് പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുവാനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.

**കുന്നംകുളം മണ്ഡലത്തിലെ പദ്ധതികൾ**

270(1003) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്നംകുളം നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ കീഴിൽ എത്ര പദ്ധതികളാണ് നടന്നുവരുന്നത്; അവയുടെ പുരോഗതി വിശദമാക്കാമോ?

കുന്നംകുളം നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ കീഴിൽ നടന്നുവരുന്ന പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

**അങ്കമാലി മണ്ഡലത്തിലെ പ്രവൃത്തികൾ**

271(1004) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഇടമലയാർ പ്രോജക്ടിന് കീഴിൽ അങ്കമാലി മണ്ഡലത്തിലെ ചാലക്കുടി, പിറവം എന്നിവിടങ്ങളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ 2021-2022 കാലഘട്ടത്തിൽ പ്ലാൻ, നോൺ പ്ലാൻ ഇനത്തിൽ നടന്നുവരുന്ന പ്രവൃത്തികളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഇടമലയാർ ഇറിഗേഷൻ പ്രോജക്ടിന് കീഴിൽ അങ്കമാലി, ചാലക്കുടി എന്നീ ഡിവിഷനുകളാണുള്ളത്. പിറവം ഇടമലയാർ ജലസേചന പദ്ധതിയുടെ കീഴിൽ വരുന്നില്ല. അങ്കമാലി മണ്ഡലത്തിലെ ചാലക്കുടി, അങ്കമാലി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ 2021-2022 കാലഘട്ടത്തിൽ പ്ലാൻ, നോൺ പ്ലാൻ ഉൾപ്പെടുന്ന പ്രവൃത്തികൾ അനുബന്ധം -1+ ആയിചേർക്കുന്നു.

(ബി) 2022-23 സാമ്പത്തിക വർഷം ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്ന മണ്ഡലത്തിലെ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

2022-23 സാമ്പത്തിക വർഷം ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ അനുബന്ധം -2+ ആയി ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## എലവഞ്ചേരി, പല്ലശ്ശന സമഗ്ര കുടിവെള്ള പദ്ധതി

272(1005) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ എലവഞ്ചേരി, പല്ലശ്ശന സമഗ്ര കുടിവെള്ള പദ്ധതി പ്രവൃത്തികൾ ഏതുഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദീകരിക്കുമോ?

(എ & ബി) നെന്മാറ മണ്ഡലത്തിലെ എലവഞ്ചേരി, പല്ലശ്ശന കുടിവെള്ള പദ്ധതികൾക്കായി ഒന്നാംഘട്ടത്തിന് 2017-18-ൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി (Go(Rt)/183/2018/WRD) 22-03-2018-ൽ 1,758 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നെന്മാറ പഞ്ചായത്തിലെ പോത്തുണ്ടിയിൽ 26 ദശലക്ഷം ലിറ്റർ ജലശുദ്ധീകരണശാല 600 എം എം ഡി ഐ കെ 9 -280 മീറ്റർ റോ വാട്ടർ പമ്പിംഗ് മെയിൻ, 43 എച്ച്.പി - 2 എണ്ണം - റോ വാട്ടർ പമ്പ് സെറ്റുകൾ, 630 കെ.വി.എ. ട്രാൻസ്ഫോർമർ എന്നിവയാണ് ഈ പദ്ധതിയുടെ ഘടകങ്ങൾ. നിലവിൽ 72% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 31-05-2022-ന് പൂർത്തീകരിക്കാനാണ്

ലക്ഷ്യമിട്ടിരിക്കുന്നത്. ഈ പദ്ധതിയുടെ രണ്ടാംഘട്ടമായി ജൽജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി 24-12-2020-ന് എലവഞ്ചേരി പഞ്ചായത്തിൽ 2017 ഗാർഹിക കണക്ഷനുകൾ നൽകുന്നതിനായി 3,900 ലക്ഷം രൂപയുടെയും പല്ലശ്ശന പഞ്ചായത്തിൽ 6058 ഗാർഹിക കണക്ഷനുകൾ നൽകുന്നതിനായി 5,800 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് നെന്മാറ നിയോജകമണ്ഡലത്തിലെ എലവഞ്ചേരി, പല്ലശ്ശന പഞ്ചായത്തുകൾക്കും ആലത്തൂർ നിയോജകമണ്ഡലത്തിലെ ആലത്തൂർ, എരിമയൂർ പഞ്ചായത്തുകൾക്കും തരൂർ നിയോജകമണ്ഡലത്തിലെ കാവശ്ശേരി, പുതുക്കോട് പഞ്ചായത്തുകൾക്കുംകൂടിയുള്ള പ്രവൃത്തിക്ക് ഒരുമിച്ച് ടെണ്ടർ ചെയ്ത് 26-04-2021-ന് പ്രവൃത്തി ഉത്തരവ് നൽകി. 31% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 31-03-2023-ഓടെ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയുടെ ഘടകങ്ങൾ എലവഞ്ചേരി വെങ്കായ പാറയിൽ 10 ലക്ഷം ലിറ്റർ ഉന്നതതല സംഭരണി, പല്ലശ്ശന കരോട്ട് വാമലയിൽ 33 ലക്ഷം ലിറ്റർ ഉന്നതതല സംഭരണി, 700 മി. മീ, ഡി ഐ കെ 9 കോമൺ ക്ലിയർ, വാട്ടർ പമ്പിംഗ് മെയിൻ - 9650 മീറ്റർ, എലവഞ്ചേരിക്കായി 250 മി. മീ ഡി ഐ കെ 9 കോമൺ ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ - 2800 മീറ്റർ, പല്ലശ്ശനക്കായി 600 മി.മീ ഡി ഐ കെ 9

കോമൺ ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ - 4400 മീറ്റർ, 217 എച്ച്.പി-3 എണ്ണം കോമൺ ക്ലിയർ വാട്ടർ പമ്പ് സെറ്റുകൾ, എലവഞ്ചേരിയിൽ 500 മി മീ ഡി ഐ കെ 9 മുതൽ 90 മി.മീ പി വി സി വരെയുള്ള 94.698 കിലോമീറ്റർ വിതരണ ശൃഖല, പല്ലശ്ശനയിൽ 500 മി മീ ഡി ഐ കെ 9 മുതൽ 90 മി മീ പി വി സി വരെയുള്ള 121.303 കിലോമീറ്റർ വിതരണ ശൃഖല, എലവഞ്ചേരിയിൽ 2017 ഗാർഹിക കണക്ഷനുകൾ, പല്ലശ്ശനയിൽ 6058 ഗാർഹിക കണക്ഷനുകൾ എന്നിവയാണ്. എലവഞ്ചേരി പഞ്ചായത്തിലെ വെങ്കായപ്പാറയിൽ 10 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള സംഭരണിയുടെ നിർമ്മാണപ്രവൃത്തി ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നു. ആകെ 82.5 കിലോമീറ്റർ വിതരണ ശൃഖലയിൽ 32.5 കിലോമീറ്റർ സ്ഥാപിക്കുകയും 2017 ഗാർഹിക കുടിവെള്ള കണക്ഷനുകളിൽ 51 കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്. പല്ലശ്ശന പഞ്ചായത്തിൽ ആകെ 122 കിലോമീറ്റർ വിതരണ ശൃഖല സ്ഥാപിക്കുന്ന പ്രവൃത്തിയിൽ 30 കിലോമീറ്റർ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ 6058 ഗാർഹിക കണക്ഷനുകളിൽ 380 കണക്ഷനുകളും നൽകിയിട്ടുണ്ട്. കരോട്ട് വാമലയിൽ 33 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉന്നതതല സംഭരണിയുടെ നിർമ്മാണപ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. എലവഞ്ചേരി, പല്ലശ്ശന എന്നീ പഞ്ചായത്തുകളിലായി നടന്നുകൊണ്ടിരിക്കുന്ന

ജലസംഭരണികളുടെ പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രസ്തുത പഞ്ചായത്തിലെ എല്ലാ ജനങ്ങൾക്കും കുടിവെള്ളം എത്തിക്കുവാൻ കഴിയും.

**ഇരിക്കൂർ മണ്ഡലത്തിലെ ജൽജീവൻ മിഷൻ**

273(1006) <u>ശ്രീ. സജീവ് ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി ഇരിക്കൂർ മണ്ഡലത്തിൽ നടന്നുവരുന്ന പ്രവൃത്തികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി മണ്ഡലത്തിലെ വിവിധ പഞ്ചായത്ത്, മുനിസിപ്പൽ മേഖലകളിൽ നടപ്പിലാക്കുന്ന പദ്ധതികൾ വ്യക്തമാക്കാമോ;

(സി) പദ്ധതിയുടെ ഭാഗമായി ഓരോ പഞ്ചായത്തിലും മുനിസിപ്പാലിറ്റിയിലും എത്ര തുകയുടെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്നും ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

(എ-സി) ജൽജീവൻ മിഷൻ പദ്ധതി ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും കുടിവെള്ള കണക്ഷൻ ലഭ്യമാക്കാൻ ലക്ഷ്യമിട്ടുള്ളതാണ്.

നഗരമേഖല ഈ പദ്ധതിയുടെ പരിധിയിൽ ഉൾപ്പെടുന്നില്ല. ഇരിക്കൂർ മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വീടുകൾക്കും ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ജൽജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി ഇരിക്കൂർ മണ്ഡലത്തിൽ നടന്നുവരുന്ന പ്രവൃത്തികളുടെ വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു. 2022 മാർച്ച് 31-നകം ഈ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത പദ്ധതി വേഗത്തിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പ്രവൃത്തികളിലുൾപ്പെട്ട 8971 ഗാർഹിക കുടിവെള്ള കണക്ഷനുകളിൽ 972 കണക്ഷനുകൾ ഇതിനകം നൽകിക്കഴിഞ്ഞിട്ടുണ്ട്. ബാക്കി കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത പ്രവൃത്തികളുമായി ബന്ധപ്പെട്ട് ആഴ്ചതോറും അവലോകന യോഗങ്ങൾ നടത്തി പ്രവർത്തനപുരോഗതി വിലയിരുത്തി വേഗത്തിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂർത്തീകരിക്കുവാനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. കൂടാതെ പ്രവർത്തനപുരോഗതി സംബന്ധിച്ചുള്ള വിവരങ്ങൾ കേരള വാട്ടർ അതോറിറ്റിയുടെ വെബ്സൈറ്റിൽ ദിനംപ്രതി രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ പദ്ധതി നിർവ്വഹണത്തിനാവശ്യമായ സ്ഥലലഭ്യത, പൊതുനിരത്തുകളിൽ പൈപ്പുകൾ സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭ്യമാകുന്നതിലെ കാലതാമസം തുടങ്ങിയവ പദ്ധതി നിർവ്വഹണത്തിന് ചില അവസരങ്ങളിൽ തടസ്സമാകുന്നുണ്ട്. എന്നിരുന്നാലും പ്രസ്തുത തടസ്സങ്ങൾ പരിഹരിച്ച് പദ്ധതി നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

**കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതി**

274(1007) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ ജൽജീവൻ മിഷന്റെ കീഴിലുള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളായ ചിറക്കടവ്, മണിമല, വെള്ളാവൂർ, പള്ളിക്കത്തോട്, വാഴൂർ, നെടുങ്കുന്നം,

കങ്ങഴ, കറുകച്ചാൽ എന്നിവിടങ്ങളിൽ കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി ജൽജീവൻ പദ്ധതിയിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ചിറക്കടവ് പഞ്ചായത്തിൽ രണ്ട് പാക്കേജുകളായി പ്രവൃത്തി പുരോഗമിച്ചുവരുന്നു. മണിമല പഞ്ചായത്തിന്റെ ആദ്യഘട്ടത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. മൂന്നാംഘട്ടത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായി. വെള്ളാവൂർ പഞ്ചായത്തിൽ രണ്ട് പാക്കേജുകളായാണ് പ്രവൃത്തി നടക്കുന്നത്. രണ്ടാംപാക്കേജ് പ്രവൃത്തികൾക്ക് കരാറുകാർ പങ്കെടുക്കാത്തതിനാൽ സാങ്കേതികാനുമതി റദ്ദാക്കി. ഡി.എസ്.ആർ 2018 പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി അധികരിച്ച തുകയ്ക്ക് പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പള്ളിക്കത്തോട് പഞ്ചായത്തിൽ മൂന്ന് പാക്കേജുകളിലാണ് പ്രവൃത്തികൾ നടപ്പിലാക്കുന്നത്. ഒന്നാം പാക്കേജ് പ്രവൃത്തി പുരോഗമിച്ചുവരുന്നു. രണ്ടുംമൂന്നും പാക്കേജുകൾക്ക് വർക്ക് ഓർഡർ നൽകി. വാഴൂർ പഞ്ചായത്തിൽ മൂന്ന് പാക്കേജുകളായാണ് പ്രവൃത്തി നടക്കുന്നത്. ഒന്നാംപാക്കേജിന്റെയും രണ്ടാംപാക്കേജിന്റെയും പണികൾ പുരോഗമിച്ചുവരുന്നു. മൂന്നാംപാക്കേജിന്റെ ടെണ്ടർ നടപടികൾ നടന്നുവരുന്നു. നെടുങ്കുന്നം, കങ്ങഴ, കറുകച്ചാൽ പഞ്ചായത്തുകളിലെ കുടിവെള്ള

പദ്ധതികൾക്കാവശ്യമായ ജലശുദ്ധീകരണശാലയും വാട്ടർ ടാങ്കുകളും സ്ഥാപിക്കേണ്ട സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് നൽകിയാൽ മാത്രമേ പ്രവൃത്തികൾ പുരോഗമിക്കുവാൻ കഴിയുകയുള്ളൂ. പഞ്ചായത്തുതലത്തിൽ ഇതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. പള്ളിക്കത്തോട്, ചിറക്കടവ്, വെള്ളാവൂർ, കാഞ്ഞിരപ്പള്ളി എന്നീ പഞ്ചായത്തുകളിൽ ശേഷിക്കുന്ന 21790 കണക്ഷനുകൾ നൽകുന്നതിനുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കങ്ങഴ പഞ്ചായത്തിൽ നിലവിൽ പൂർത്തീകരിച്ച ജലനിധി പദ്ധതികളിൽനിന്നും 77 FHTC-കൾക്ക് അനുമതി നൽകിയതിൽ 30 FHTC-കൾ പൂർത്തീകരിച്ചു. ബാക്കി FHTC-കൾ പദ്ധതികളുടെ പുനരുദ്ധാരണം പൂർത്തീകരിക്കുന്നതോടൊപ്പം നൽകുവാൻ കഴിയും. ഇതിനുപുറമെ കങ്ങഴ പഞ്ചായത്തിൽ 453 FHTC-യും വാഴൂർ പഞ്ചായത്തിൽ 625 FHTC-കൾക്കുമുള്ള പുതിയ പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) പദ്ധതിയിൽ ലക്ഷ്യമിട്ട കണക്ഷന്റെ എണ്ണം, ഇതുവരെ നൽകിയ കണക്ഷനുകൾ, നൽകാൻ ബാക്കിയുള്ള കണക്ഷനുകൾ, ഇവ എന്നത്തേയ്ക്ക് നൽകാനാകും തുടങ്ങിയ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഈ സാമ്പത്തിക വർഷംതന്നെ ശേഷിക്കുന്ന എല്ലാ പദ്ധതികൾക്കും

ഭരണാനുമതി നൽകി 2024-ഓടുകൂടി എല്ലാ ഗ്രാമീണ ഭവനങ്ങൾക്കും കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

**കുന്ദമംഗലം മണ്ഡലത്തിലെ ജൽജീവൻ പദ്ധതി**

275(1008) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൽജീവൻ പദ്ധതി പ്രവൃത്തികൾക്കായി കോഴിക്കോട് ജില്ലയിൽനിന്നും ഏതെല്ലാം പഞ്ചായത്തുകളാണ് തെരഞ്ഞെടുക്കപ്പെട്ടതെന്ന് വിശദമാക്കാമോ?

കോഴിക്കോട് ജില്ലയിലെ എല്ലാ പഞ്ചായത്തുകളും ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ ജൽജീവൻ പദ്ധതി നടപ്പിലാക്കുന്നതിന് ഓരോ പഞ്ചായത്തിലും എത്ര തുകയുടെ വീതം പ്രോജക്ടുകൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ നിലവിലുള്ള സ്ഥിതി വിശദമാക്കാമോ?

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുന്ദമംഗലം മണ്ഡലത്തിലെ മാവൂർ, ചാത്തമംഗലം, കുന്ദമംഗലം, പെരുവയൽ, ഒളവണ്ണ, പെരുമണ്ണ എന്നീ പഞ്ചായത്തുകളിലാണ് നിലവിൽ ഭരണാനുമതി നൽകി പദ്ധതി നടപ്പിലാക്കിവരുന്നത്. പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

**അമൃത് കുടിവെള്ള പദ്ധതി**

276(1009) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമൃത് കുടിവെള്ള പദ്ധതിയുടെ ഭാഗമായി തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡിൽ നടത്തുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുക അടക്കമുള്ള വിശദാംശങ്ങൾ നൽകാമോ?

ഗുരുവായൂർ മുനിസിപ്പാലിറ്റി-ഇല്ലിക്കൽ മുതൽ ഗുരുവായൂർ കോട്ടപ്പടിവരെ റോ വാട്ടർ പൈപ്പ്ലൈൻ സ്ഥാപിക്കുന്ന അമൃത് 2017-18 വർഷത്തെ പ്രവൃത്തിയിൽ ഉൾപ്പെടുത്തിയാണ് ഏകദേശം 22.22 കിലോമീറ്റർ നീളമുള്ള തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡിൽ പ്രവൃത്തികൾ നടത്തുന്നത്. ഇതിന്റെ എസ്റ്റിമേറ്റ് തുക ഏകദേശം 42,28,81,845/- രൂപയാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പദ്ധതിപ്രകാരം പ്രസ്തുത റോഡിലെ ഏതെല്ലാം സ്ഥലങ്ങളിൽ പൈപ്പിടൽ, റെസ്റ്റോറേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും ഏതെല്ലാം സ്ഥലങ്ങളിൽ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ടെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത റോഡിലെ ശേഷിക്കുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്നും അറിയിക്കാമോ?

(ബി&സി) പദ്ധതിപ്രകാരം പൈപ്പിടൽ റെസ്റ്റോറേഷൻ പൂർത്തീകരിച്ച റോഡുകൾ:

1. പെരിങ്ങോട്ടുകര മൂന്നുംകൂടിയ വഴി മുതൽ നാലുംകൂടിയ വഴി വരെ പൈപ്പ് സ്ഥാപിച്ച് റോഡ് റെസ്റ്റോറേഷൻ (പി.ഡബ്ല്യു.ഡി) പൂർത്തീകരിച്ചു.

2. പെരിങ്ങോട്ടുകര നാലുംകൂടിയ വഴി മുതൽ പുത്തൻപീടിക വരെ പൈപ്പ് സ്ഥാപിച്ച് ലെവലിംഗ് കോഴ്സ് പൂർത്തിയാക്കി.

3. അന്തിക്കാട് മുതൽ മുല്ലശ്ശേരിവരെ പൈപ്പ് സ്ഥാപിച്ച് റോഡ് റെസ്റ്റോറേഷൻ പൂർത്തീകരിച്ചു (പി.ഡബ്ല്യു.ഡി).

പദ്ധതിപ്രകാരം പൈപ്പിടൽ റെസ്റ്റോറേഷൻ പൂർത്തീകരിക്കേണ്ട റോഡുകൾ:

1. പുത്തൻപീടിക മുതൽ മഞ്ഞപ്പിത്തം ബസ് സ്റ്റോപ്പ് വരെ പൈപ്പ് സ്ഥാപിച്ചു. റോഡ് റെസ്റ്റൊറേഷൻ പുരോഗമിക്കുന്നു.

2. മഞ്ഞപ്പിത്തം ബസ് സ്റ്റോപ്പ് മുതൽ അന്തിക്കാടുവരെ പൈപ്പിടൽ പുരോഗമിക്കുന്നു. ആയതിന്റെ 90% പൂർത്തിയായി.

3. മുല്ലശ്ശേരി മുതൽ കുമ്പുള്ളി പാലംവരെ പൈപ്പിടൽ പൂർത്തീകരിച്ച് പ്രഷർ ടെസ്റ്റ് കഴിഞ്ഞു. റോഡ് റെസ്റ്റൊറേഷൻ പുരോഗമിക്കുന്നു.

4. കുമ്പുള്ളി പാലം മുതൽ പാവറട്ടിവരെ അടങ്കൽ തയ്യാറാക്കി പരിശോധനയിലാണ്.

5. പാവറട്ടി മുതൽ മാമാ ബസാർവരെ പൈപ്പ് സ്ഥാപിച്ചു. റോഡ് റെസ്റ്റൊറേഷൻ പുരോഗമിക്കുന്നു.

6. മാമാ ബസാർ മുതൽ പാലയൂർ പള്ളിവരെ റെയിൽവേ ജോലികളുമായി ബന്ധപ്പെട്ട് വാഹനഗതാഗതം പരിമിതപ്പെടുത്തിയതിനാൽ പ്രവൃത്തി ഉടൻ ആരംഭിക്കുവാൻ സാധിക്കും. പ്രവൃത്തികൾ 2022 ഏപ്രിൽ 30-നകം പൂർത്തീകരിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**ജൽജീവൻ മിഷന്റെ പുരോഗതി**

277(1010) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യത്തിന്

ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ജൽജീവൻ മിഷൻ മുഖേന പ്രവൃത്തി നടന്നുവരുന്ന കുടിവെള്ള വിതരണ പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ; പ്രസ്തുത പദ്ധതികൾ എത്ര സമയംകൊണ്ട് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തെ ഗ്രാമീണമേഖലയിലുള്ള എല്ലാ വീടുകളിലും 2024-ഓടുകൂടി കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിനായുള്ള പദ്ധതിയാണ് ജൽജീവൻ മിഷൻ പദ്ധതി. 2020-21 സാമ്പത്തിക വർഷമാണ് സംസ്ഥാനത്ത് ജൽജീവൻ മിഷൻ പദ്ധതിക്ക് തുടക്കം കുറിക്കുന്നത്. സംസ്ഥാനത്തെ 100% വീടുകൾക്കും ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ഭരണാനുമതി നൽകിയ 35.64 ലക്ഷം കണക്ഷനുകൾ നൽകുന്ന പ്രവൃത്തികൾ നടന്നുവരികയാണ്. ശേഷിക്കുന്ന കണക്ഷനുകൾ നൽകുന്നതിനുള്ള പദ്ധതികൾക്കും കേന്ദ്രസർക്കാർ പ്രതിനിധി അംഗമായിട്ടുള്ള സ്റ്റേറ്റ് ലെവൽ സ്കീം സാംഗ്ഷനിംഗ് കമ്മിറ്റിയുടെ അനുമതി ലഭ്യമായിട്ടുണ്ട്. എല്ലാ പദ്ധതികൾക്കും ഈ സാമ്പത്തികവർഷംതന്നെ ഭരണാനുമതി നൽകി 100% ഗ്രാമീണ ഭവനങ്ങളിലും ഗാർഹിക കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കി

കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പദ്ധതിയിൽ SC/ST വിഭാഗത്തിന് മുൻഗണനയുള്ള വില്ലേജുകൾക്കും ഫ്ലൂറൈഡ്, സലൈനിറ്റി, അയൺ തുടങ്ങിയവയുടെ അമിത സാന്നിധ്യംമൂലം ഗുണനിലവാര പ്രശ്നമുള്ള പ്രദേശങ്ങൾക്കും aspirational district (പ്രത്യേക പരിഗണന നൽകേണ്ട) വയനാട് ജില്ലയ്ക്കും കൂടുതൽ പരിഗണന നൽകിയിട്ടുണ്ട്. നിലവിൽ ശുദ്ധജല പദ്ധതികളില്ലാത്ത ഗ്രാമങ്ങളിൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് 2024-ഓടെ എല്ലാ വീടുകളിലും കണക്ഷൻ നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. 18-02-2022-ലെ കണക്കുപ്രകാരം സംസ്ഥാനത്ത് ജൽജീവൻ പദ്ധതി നിലവിൽ വന്നതിനുശേഷം 1007408 ഗാർഹിക കുടിവെള്ള കണക്ഷനുകൾ അധികമായി നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ഇപ്പോൾ (18-02-2022-ലെ കണക്കനുസരിച്ച്) 27.57 ലക്ഷം ഗ്രാമീണ വീടുകളിൽ കുടിവെള്ള കണക്ഷൻ ലഭ്യമാക്കിക്കഴിഞ്ഞു. കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ജൽജീവൻ മിഷൻ പദ്ധതിയുടെ മാർഗ്ഗരേഖപ്രകാരം 2023-24 സാമ്പത്തിക വർഷത്തിനകം പദ്ധതി പൂർത്തീകരിക്കേണ്ടതുണ്ട്. 2024-ഓടുകൂടി സംസ്ഥാനത്തെ എല്ലാ ഗ്രാമീണ വീടുകളിലും കുടിവെള്ള കണക്ഷൻ നൽകുവാനുള്ള ചിട്ടയായ പ്രവർത്തനം നടത്തിവരികയാണ്.

**കോട്ടക്കൽ നഗരസഭയിലെ കുടിവെള്ള പദ്ധതി**

278(1011) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമൃത് പദ്ധതിയുടെ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തിയ കോട്ടയ്ക്കൽ നഗരസഭയിലെ കുടിവെള്ള പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ?

കുറ്റിപ്പുറത്തിനും സമീപപഞ്ചായത്തുകൾക്കുമായി തയ്യാറാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിയുടെ ഉല്പാദക ഘടകങ്ങളുടെ ഡിസൈൻ തയ്യാറാക്കുമ്പോൾ കോട്ടക്കൽ മുനിസിപ്പാലിറ്റിക്കുവേണ്ടി പ്രതിദിനം 15 എം.എൽ.ഡി. വെള്ളം നൽകുന്നതുകൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ കോട്ടക്കൽ മുനിസിപ്പാലിറ്റിയിലേയ്ക്കുള്ള ഉപരിതല ജലസംഭരണികൾ, ഇതിലേയ്ക്ക് ജലമെത്തിക്കുന്ന പ്രധാന വിതരണ പൈപ്പ് ലൈനുകൾ, വിതരണ ശൃംഖല എന്നിവയുടെ ഡിസൈൻ തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള സർവ്വെ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള സർവ്വേ പ്രവൃത്തികൾ പൂർത്തിയാക്കി ഡിസൈൻ പ്രവൃത്തി പുരോഗമിച്ചുവരുന്നു.

(ബി) കുറ്റിപ്പുറം പഞ്ചായത്തിനും സമീപപഞ്ചായത്തുകൾക്കുമായി

ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി ഗാർഹിക കണക്ഷൻ നൽകുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കുറ്റിപ്പുറം പഞ്ചായത്തിനും സമീപപഞ്ചായത്തുകളായ തിരുനാവായ, ആതവനാട്, മറക്കര എന്നീ പഞ്ചായത്തുകൾക്കുമായി ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി 14300 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള 22,107.12 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) കോട്ടക്കൽ നഗരസഭയിൽ ഉപരിതല ജലസംഭരണികളുടെ നിർമ്മാണം ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ?

പദ്ധതിക്കായി കൈമാറ്റം ചെയ്തുതരേണ്ട ജലസംഭരണികളുടെ സ്ഥലങ്ങൾ ഏതെല്ലാമാണെന്നും ഓരോന്നിനും ആവശ്യമായ വിസ്തീർണ്ണം കൈമാറ്റം ചെയ്തുതരേണ്ടതാണെന്നും കോട്ടയ്ക്കൽ മുനിസിപ്പാലിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**കുണ്ടറ മണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതി**

279(1012) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിൽ ജൽജീവൻ മിഷൻ പദ്ധതി

പ്രകാരം ഏതൊക്കെ പഞ്ചായത്തുകളിലാണ് കുടിവെള്ള കണക്ഷൻ നൽകിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം നൽകിയിട്ടുള്ള കുടിവെള്ള കണക്ഷന്റെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് നൽകാമോ?

(എ & ബി) കുണ്ടറ നിയോജകമണ്ഡലത്തിൽ ജലജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി 20-02-2022-വരെ നൽകിയ കുടിവെള്ള കണക്ഷനുകളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരം അനുബന്ധം 1+ ആയി ചേർക്കുന്നു.

(സി) പദ്ധതിപ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ള എല്ലാ ഉപഭോക്താക്കൾക്കും കണക്ഷൻ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിപ്രകാരം അപേക്ഷ സമർപ്പിച്ചിട്ടും കണക്ഷൻ ലഭിക്കാത്ത ഉപഭോക്താക്കളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

(ഇ) അപേക്ഷ സമർപ്പിച്ചിട്ടും എല്ലാ അപേക്ഷകർക്കും നാളിതുവരെ കണക്ഷൻ അനുവദിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

(സി-ഇ) പദ്ധതിപ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ള എല്ലാ

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉപഭോക്താക്കൾക്കും കണക്ഷൻ നൽകാൻ കഴിഞ്ഞിട്ടില്ല. ജൽജീവൻ മിഷൻ പദ്ധതി എല്ലാ ഗ്രാമീണഭവനങ്ങളിലും 2024-ഓടെ ഗാർഹിക കുടിവെള്ള കണക്ഷനുകൾ നൽകുവാൻ ലക്ഷ്യമിട്ടിട്ടുള്ളതാണ്. അപ്രകാരം, ഗ്രാമപഞ്ചായത്തുകളിലെ വീടുകളെ ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കി അനുമതി ലഭ്യമാക്കി പലഘട്ടങ്ങളിലായി നടപ്പിലാക്കിവരികയാണ്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ നിലവിലുള്ള പദ്ധതികളിൽനിന്നും നൽകാവുന്ന കണക്ഷനുകൾ ഉൾപ്പെടുത്തി അനുമതി നൽകിയ പ്രവൃത്തികളാണ് നടപ്പിലാക്കിവരുന്നത്. ഇപ്രകാരം പദ്ധതി നടപ്പിലാക്കുന്ന പ്രദേശത്തെ വീടുകൾക്കുമാത്രമേ ആദ്യഘട്ടത്തിൽ കണക്ഷനുകൾ നൽകാൻ കഴിഞ്ഞിട്ടുള്ളൂ. തുടർന്നുള്ള ഘട്ടങ്ങളിലെ പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് എല്ലാ വീടുകൾക്കും കുടിവെള്ള കണക്ഷനുകൾ നൽകാൻ കഴിയും. ജലജീവൻ പദ്ധതി പ്രകാരം കുണ്ടറ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ഗ്രാമപഞ്ചായത്തുകളിലെ എല്ലാ വീടുകൾക്കും കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കുവാനായി 20-02-2022-ലെ സ്ഥിതിപ്രകാരം നൽകേണ്ട കണക്ഷനുകളുടെ വിവരം അനുബന്ധം 2+ ആയി ചേർക്കുന്നു.

**സീതാർകുണ്ട് മിനി ഡൈവേർഷൻ പദ്ധതി**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

280(1013) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ സീതാർകുണ്ട് മിനി ഡൈവേർഷൻ പദ്ധതിയുടെ ആവശ്യകത സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. സീതാർകുണ്ട് മിനി ഡൈവേർഷൻ പദ്ധതിയുടെ ആവശ്യകത സംബന്ധിച്ചും സീതാർകുണ്ടിൽനിന്നും ചുള്ളിയാർ ഡാമിലേയ്ക്ക് വെള്ളം പൈപ്പുമാർഗ്ഗം എത്തിക്കുന്നതിനുവേണ്ടിയുള്ള അലൈൻമെന്റിന്റെ പഠനവും കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KERI), പീച്ചിയുടെ നേതൃത്വത്തിൽ പൂർത്തിയാക്കിയിട്ടുണ്ട്. ഹൈഡ്രോളജി ഡിവിഷൻ തൃശ്ശൂരിന്റെ നേതൃത്വത്തിൽ സീതാർക്കുണ്ട് പ്രദേശത്തെ ജലലഭ്യതയെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി തുടങ്ങുന്നതിനായി നിലവിൽ എന്തെല്ലാം നടപടിക്രമങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

പദ്ധതി പ്രദേശത്ത് നടത്തിയ സർവ്വേ പ്രവർത്തനങ്ങളുടെയും ഹൈഡ്രോളജിക്കൽ പഠനത്തിന്റെയും അടിസ്ഥാനത്തിൽ സീതാർകുണ്ട്

തോടിന് അത്തിക്കുണ്ടിൽ ഒരു വിയർ നിർമ്മിച്ച് പൈപ്പുമാർഗ്ഗം പലകപ്പാണ്ടി വിയറിന്റെ നിലവിലുള്ള കനാൽ ശൃംഖല വഴി ചുള്ളിയാർ ഡാമിൽ വെള്ളം എത്തിക്കുന്നതിനുള്ള പ്രീ ഫീസിബിലിറ്റി റിപ്പോർട്ട് KERI-യുടെ കീഴിലുള്ള Investigation for Water Resource, Palakkad തയ്യാറാക്കിയിട്ടുണ്ട്.

**ആലത്തൂർ മണ്ഡലത്തിലെ ജൽജീവൻ മിഷൻ പദ്ധതി**

281(1014) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിലെ ജൽജീവൻ പദ്ധതി ഏതെല്ലാം പഞ്ചായത്തുകളിലാണുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

(എ&ബി) ആലത്തൂർ നിയോജകമണ്ഡലത്തിലെ ജൽജീവൻ പദ്ധതികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(സി) പൈപ്പ് ഇടുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് റോഡുകളുടെ പുനർനിർമ്മാണത്തിനുള്ള ഫണ്ട് അനുവദിക്കുന്നതാരാണെന്ന്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അറിയിക്കാമോ?

ജൽജീവൻ മിഷൻ പദ്ധതി പഞ്ചായത്തുകളുടെ നിയന്ത്രണത്തിൽ നടപ്പിലാക്കുന്ന പദ്ധതിയാണ്. ഭരണാനുമതി ലഭിച്ചുകഴിഞ്ഞ പ്രവൃത്തികളിൽ, പൈപ്പ് ഇടുന്നതുമായി ബന്ധപ്പെട്ടുവരുന്ന പഞ്ചായത്ത് റോഡ് പുനർനിർമ്മാണ പ്രവൃത്തികൾ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കേണ്ടതാണ്. എന്നാൽ ഇനി ഭരണാനുമതി നൽകുന്ന പ്രവൃത്തികളിലുൾപ്പെട്ട റോഡ് പുനർനിർമ്മാണ പ്രവൃത്തികൾക്കുള്ള തുക പദ്ധതിയുടെ അടങ്കൽ തുകയുടെ ഭാഗമാക്കി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) പദ്ധതി മുഖേന ജലവിതരണം എന്നത്തേയ്ക്ക് നടത്താൻ കഴിയുമെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ?

നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന പദ്ധതികൾ 2023-ഓടുകൂടിയും പുതിയ പദ്ധതികൾ 2024-ഓടുകൂടിയും പൂർത്തീകരിച്ച് എല്ലാ പഞ്ചായത്തുകളിലും ജലവിതരണം നടത്താനാണ് പദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്.

**ആലപ്പുഴ മണ്ഡലത്തിലെ ഗാർഹിക കുടിവെള്ള കണക്ഷനുകൾ**

282(1015) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ നാളിതുവരെ എത്ര കുടുംബങ്ങൾക്കാണ് കുടിവെള്ള കണക്ഷൻ നൽകിയിട്ടുള്ളതെന്ന് തദ്ദേശഭരണ സ്ഥാപനാടിസ്ഥാനത്തിലുള്ള വിശദാംശം ലഭ്യമാക്കുമോ?

ആലപ്പുഴ നിയോജകമണ്ഡലത്തിൽ നാളിതുവരെ നൽകിയ ഗാർഹിക കുടിവെള്ള കണക്ഷനുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | ആലപ്പുഴ നഗരസഭ | 36021 |
| 2 | ആര്യാട് പഞ്ചായത്ത് | 4708 |
| 3 | മണ്ണഞ്ചേരി പഞ്ചായത്ത് | 7420 |
| 4 | മാരാരിക്കുളം തെക്ക് പഞ്ചായത്ത് | 9336 |
| 5 | മാരാരിക്കുളം വടക്ക് പഞ്ചായത്ത് | 7359 |
| | **ആകെ** | **64844** |

(ബി) പുതുതായി കണക്ഷനെടുക്കുന്നതിന് എത്ര അപേക്ഷകളാണ് ലഭ്യമായിട്ടുള്ളത്; പ്രസ്തുത അപേക്ഷകൾ തീർപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ?

പുതുതായി കണക്ഷൻ എടുക്കുന്നതിലേയ്ക്കായി 100 അപേക്ഷകളാണ്

ലഭിച്ചിട്ടുള്ളത്. പ്രസ്തുത അപേക്ഷകൾ തീർപ്പാക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

**കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിലെ കുടിവെള്ളക്ഷാമം**

283(1016) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയെ അമൃത്-2 പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ ഇതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ?

അമൃത്-2 പദ്ധതിയിൽ കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയെ ഉൾപ്പെടുത്തിയിട്ടുണ്ട്. കുടിവെള്ള പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

**കരുനാഗപ്പള്ളി മണ്ഡലത്തിലെ തീരപ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം**

284(1017) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ തീരപ്രദേശങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ്

നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി നിലവിലുള്ള പദ്ധതികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

(എ&ബി) കരുനാഗപ്പള്ളി മണ്ഡലത്തിലെ തീരപ്രദേശങ്ങളായ ആലപ്പാട്, ക്ലാപ്പന, ഓച്ചിറ പഞ്ചായത്തുകളിലേയും കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയിലേയും കുടിവെള്ള ദൗർലഭ്യം പരിഹരിക്കുന്നതിന് നിലവിലുള്ള സമഗ്ര കുടിവെള്ള പദ്ധതിയിലെ ഓച്ചിറ പദ്ധതിയുടെ ഭാഗമായ മാവേലിക്കര കണ്ടിയൂർ കടവിലുള്ള ഇൻടേക്ക് വെൽ പമ്പ് ഹൗസിൽ 300 എച്ച്.പി. ശേഷിയുള്ള പുതിയ പമ്പ്സെറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി ജൽജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി പുരോഗമിച്ചുവരുന്നു. പ്രസ്തുത പ്രവൃത്തിയുടെ 90%-ഉം പൂർത്തിയായിട്ടുള്ളതിനാൽ ഉടൻതന്നെ കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു. കുലശേഖരപുരം പഞ്ചായത്തിലെ തീരദേശ മേഖലകളിൽ ആവശ്യാനുസരണം കുടിവെള്ളം എത്തിക്കുന്നതിനായി ജൽജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി നാല് കുഴൽക്കിണറുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇവയിൽ ഒരു കുഴൽക്കിണർ സ്ഥാപിക്കുന്നതിന് ഭൂജലവകുപ്പിനെ ചുമതലപ്പെടുത്തി തുക ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതും ഉടൻതന്നെ നിർമ്മാണം ആരംഭിക്കുന്നതുമാണ്. മറ്റ് മൂന്ന് കുഴൽക്കിണറുകളുടെ

നിർമ്മാണത്തിനുള്ള പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിലായി കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ ഭരണാനുമതി ലഭിച്ച കുടിവെള്ള കണക്ഷനുകളുടെ വിവരം അനുബന്ധമായി+ ചേർക്കുന്നു. ആലപ്പാട് പഞ്ചായത്തിലെ വടക്കൻ മേഖലയിലെ 1 മുതൽ 4 വരെ വാർഡുകളിൽ ഓച്ചിറ ശുദ്ധീകരണശാലയിൽനിന്നും നേരിട്ട് ജലം എത്തിക്കുന്നതിനുള്ള പ്രവൃത്തി "റീബിൽഡ് കേരള പദ്ധതിയിൽ" ഉൾപ്പെടുത്തി നടപ്പിലാക്കുന്നത് പരിശോധിച്ചുവരുന്നു. നഗരത്തിലെ എല്ലാ വീടുകളിലും ശുദ്ധജലം മതിയായ അളവിൽ ലഭ്യമാക്കുകയെന്നത് ലക്ഷ്യമിട്ടുകൊണ്ട് കരുനാഗപ്പള്ളി മുനിസിപ്പാലിറ്റിയെ അമൃത് 2.0 പദ്ധതിയിൽ ഉൾപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ ശുദ്ധജല പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിൽവരുത്തുന്നതിനാവശ്യമായ നടപടികൾ കൈകൊണ്ടുവരുകയും ചെയ്യുന്നു.

**പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിലെ പ്രതിസന്ധികൾ**

285(1018) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) തദ്ദേശസ്വയം ഭരണം, പൊതുമരാമത്ത് എന്നീ വകുപ്പുകളുമായി സഹകരിച്ച് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിൽ ജലവിഭവ വകുപ്പ് നേരിടുന്ന പ്രതിസന്ധികളും നിയന്ത്രണങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് റോഡ് കുഴിക്കേണ്ടി വരുമ്പോൾ പൊതുജനങ്ങളിൽനിന്ന് പ്രതിഷേധവും അനുമതി ലഭിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ്, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവയിൽനിന്ന് കാലതാമസവും ബുദ്ധിമുട്ടുകളും നേരിടാറുണ്ട്. പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ/പൊതുമരാമത്ത് വകപ്പ്/നാഷണൽ ഹൈവേ അതോറിറ്റി എന്നിവരിൽനിന്നും റോഡ് കട്ടിംഗിനുള്ള അനുമതി ലഭിക്കാതെ വരുമ്പോൾ സമയബന്ധിതമായി ജലവിതരണ പദ്ധതികൾ പൂർത്തീകരിക്കാൻ സാധിക്കാതെ വരുന്നുണ്ട്. തദ്ദേശഭരണ, പൊതുമരാമത്ത് റോഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ആകെ അടങ്കൽ തുകയുടെ ഭൂരിഭാഗവും ഈ സ്ഥാപനങ്ങൾക്ക് റോഡ് റിസ്റ്റോറേഷൻ ഇനത്തിൽ അടയ്ക്കേണ്ടിവരുന്നു. പൈപ്പ് ലൈൻ സ്ഥാപിക്കൽ പ്രവൃത്തിയും പൈപ്പിന്റെ മറ്റ് അറ്റകുറ്റപ്പണികളും ചെയ്തശേഷം കേരള ജല അതോറിറ്റി താൽക്കാലികമായി റോഡ് പുനരുദ്ധാരണം ചെയ്തതിനുശേഷമാണ് കൈമാറുന്നത്. ജല അതോറിറ്റിയുടെ പ്രവൃത്തികൾക്കുശേഷം ജല അതോറിറ്റി പൊതുമരാമത്ത് വകുപ്പിൽ അടച്ച

പെർമനന്റ് റോഡ് റിസ്റ്റോറേഷൻ തുക ഉപയോഗിച്ച് താമസംവിനാ റോഡ് പുനഃസ്ഥാപിക്കേണ്ട ഉത്തരവാദിത്തം പൊതുമരാമത്ത്/തദ്ദേശസ്വയം ഭരണ വകുപ്പിൽ നിക്ഷിപ്തമാണ്. ഇത് യഥാസമയം ചെയ്യാത്തതുമൂലം പൊതുജനങ്ങളുടെ വിമർശനങ്ങൾക്ക് ഇടയാകുന്നു.

(ബി) ഇവ പരിഹരിക്കുവാൻ ജീവനക്കാർക്ക് ജലവിഭവ വകുപ്പിൽനിന്നോ വാട്ടർ അതോറിറ്റിയിൽനിന്നോ എന്തെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ അവ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

തദ്ദേശഭരണ/പൊതുമരാമത്ത് റോഡുകളിൽ ജലഅതോറിറ്റി പൈപ്പ് ലൈനുകളുടെ പ്രൊപ്പോസലുകൾ നൽകുമ്പോൾത്തന്നെ ടി വകുപ്പുകളുമായി ഏകോപനം നടത്തി പ്രവൃത്തികൾ പ്ലാൻ ചെയ്യണമെന്നും ROW പോർട്ടൽ വഴി അപേക്ഷ നൽകണമെന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി നടപ്പിലാക്കുന്നതിനുമുള്ള നിർദ്ദേശമാണ് നിലവിലുള്ളത്. കൂടാതെ പൊതുമരാമത്ത് റോഡുകളുടെ നവീകരണ പ്രവൃത്തികളും ജല അതോറിറ്റി നടപ്പാക്കുന്ന ജലവിതരണ പൈപ്പ് ലൈനുകളുടെ പ്രവൃത്തികളും ഭരണാനുമതി നൽകുമ്പോൾത്തന്നെ റോ പോർട്ടലിൽ മുൻകൂറായി അപ്ഡേറ്റ് ചെയ്യാനും അതുപ്രകാരം തദ്ദേശഭരണ, പൊതുമരാമത്ത്, ജല അതോറിറ്റി എന്നീ

വകുപ്പുകളുടെ ഏകോപനത്തോടുകൂടി പ്രവൃത്തികൾ സുഗമമായി പൂർത്തീകരിക്കാനുമുള്ള നിർദ്ദേശം നിലവിലുണ്ട്. അതുപ്രകാരമാണ് പ്രവൃത്തികൾ നടത്തുന്നത്.

**പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിലെ ഏകോപനം**

286(1019) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജൽജീവൻ പദ്ധതിയുടെ ഭാഗമായി പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനും പൈപ്പ് ലൈനുകൾ നീളം കൂട്ടുന്നതിനുമുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിലേയ്ക്കായി പൊതുമരാമത്ത് വകുപ്പ് ഉൾപ്പെടെയുള്ള മറ്റുവകുപ്പുകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ പരിഹരിക്കുന്നതിന് വകുപ്പുകൾ തമ്മിലുള്ള ഏകോപന സംവിധാനം നടപ്പാക്കുമോയെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്ത് വകുപ്പും ജല അതോറിറ്റിയും ഉൾപ്പെടെ വിവിധ വകുപ്പുകളടങ്ങിയ അന്തർവകുപ്പുതല ഏകോപനസമിതിയായ ഡിസ്ട്രിക്ട് കോ-ഓർഡിനേഷൻ കമ്മിറ്റി നിലവിലുണ്ട്. ജില്ലാ കളക്ടറാണ് ഈ സമിതിയുടെ അദ്ധ്യക്ഷൻ. ഈ സമിതി യോഗം ചേർന്ന് വിഷയങ്ങൾ ചർച്ച ചെയ്ത് പ്രവൃത്തികൾ ഏകോപിപ്പിക്കാറുണ്ട്. കൂടാതെ ജലവിതരണ

പദ്ധതികൾക്കായി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനും പൈപ്പ് ലൈനുകൾ നീളം കൂട്ടുന്നതിനുമുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിലേയ്ക്കായി റോഡുകൾ കുഴിക്കുന്നതിനും പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള റോഡ് നവീകരണത്തിന്റെ ഭാഗമായി ജലവിതരണ പൈപ്പ് ലൈൻ മാറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ജലവിഭവ വകുപ്പും പൊതുമരാമത്ത് വകുപ്പും സംയുക്തമായി ഒരു ഓൺലൈൻ പോർട്ടൽ (RoW portal) സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ജലവിഭവ വകുപ്പിന്റെ കീഴിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന ജലവിതരണ പദ്ധതികളുടെ വിവരം, പൊതുമരാമത്ത് റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികളുടെ വിവരം എന്നിവ മുൻകൂട്ടി മേൽപ്പറഞ്ഞ പോർട്ടലിൽ രേഖപ്പെടുത്തുകയും അതനുസരിച്ച് പൊതുമരാമത്ത് റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് മുമ്പുതന്നെ ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതുവഴി റോഡുകൾ പൂർവ്വസ്ഥിതിയിലാക്കാൻ വേണ്ടിവരുന്ന അധികച്ചെലവ് ഒഴിവാക്കാവുന്നതുമാണ്. കൂടാതെ ജലവിതരണ പദ്ധതികളുടെ പൈപ്പ് സ്ഥാപിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിൽനിന്നും അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം മേൽപ്പറഞ്ഞ പോർട്ടൽ സംവിധാനത്തിലൂടെ ഒഴിവാക്കാവുന്നതുമാണ്. ഇത്

പ്രാവർത്തികമാക്കാനും ഇതുമായി ബന്ധപ്പെട്ട കാര്യങ്ങളിൽവരുന്ന അനന്തര നടപടികൾക്കുമായി 05-01-2022-ൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയും ചേർന്ന മീറ്റിംഗിൽ പൊതുമരാമത്ത് സെക്രട്ടറി ചെയർമാനായും പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരും ജല അതോറിറ്റി ഉദ്യോഗസ്ഥരും ചേർന്ന ഒരു കമ്മിറ്റി രൂപീകരിക്കാനും തീരുമാനിച്ചു. അതിൻപ്രകാരം 18-01-2022 -ൽ ചേർന്ന കമ്മിറ്റിയിൽ നടപ്പുവർഷത്തിൽ ജല അതോറിറ്റിക്ക് ഭരണാനുമതി ലഭിച്ച ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്ന പ്രവൃത്തികളുടെ വിവരവും പൊതുമരാമത്ത് റോഡ് നവീകരണ പ്രവൃത്തികളുടെ വിവരവും അടിയന്തരമായി മേൽപ്പറഞ്ഞ RoW പോർട്ടലിൽ ചേർക്കേണ്ടതാണെന്ന് തീരുമാനിച്ചിട്ടുണ്ട്.

**വാട്ടർ ചാർജ്ജിനത്തിലെ കുടിശ്ശിക**

287(1020) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുടിവെള്ള വിതരണ മേഖലയിൽ വാട്ടർ ചാർജ്ജിനത്തിൽ വൻകിട-ചെറുകിട മേഖലയിൽ പിരിഞ്ഞുകിട്ടേണ്ട

കുടിശ്ശിക തുക എത്രയെന്ന് ഇനം തിരിച്ച് ലഭ്യമാക്കുമോ?

വൻകിട-ചെറുകിട മേഖല എന്ന തരംതിരിവ് വാട്ടർ അതോറിറ്റിയിൽ ഇല്ല. എന്നാൽ ഡൊമസ്റ്റിക്, നോൺ ഡൊമസ്റ്റിക്, വ്യാവസായികം, സ്പെഷ്യൽ/ കാഷ്വൽ എന്നിങ്ങനെ ഉപഭോക്തൃ വിഭാഗങ്ങളായാണ് വാട്ടർ ചാർജ്ജിനത്തിൽ തരംതിരിച്ചിട്ടുള്ളത്. ഓരോ വിഭാഗത്തിലെയും 31-01-2022 വരെയുള്ള കുടിശ്ശിക ഇനം തിരിച്ച് താഴെ ചേർക്കുന്നു. ഡൊമസ്റ്റിക് - 356.54 കോടി രൂപ, നോൺ ഡൊമസ്റ്റിക് - 848.94 കോടി രൂപ, വ്യാവസായികം - 8.03 കോടി രൂപ, സ്പെഷ്യൽ/കാഷ്വൽ - 16.16 കോടി രൂപ.

(ബി) പ്രസ്തുത കുടിശ്ശിക തുക പിരിച്ചെടുക്കുന്നത് കാര്യക്ഷമമാക്കാനും അതുവഴി കൂടുതൽ പദ്ധതികൾ നടപ്പാക്കാനുമായി സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി എല്ലാ വകുപ്പ് മേലധികാരികൾക്കും ഡിവിഷൻതലത്തിൽ കുടിശ്ശിക അടയ്ക്കുന്നതിന് കത്തിടപാടുകൾ നടത്തുന്നുണ്ട്. കൂടാതെ ചീഫ് സെക്രട്ടറിയുടെ നിർദ്ദേശാനുസരണം എല്ലാ വകുപ്പ് മേലധികാരികൾക്കും കൺസോളിഡേറ്റഡ് ബിൽ തയ്യാറാക്കി ഹെഡ്

ഓഫീസിൽനിന്നും നൽകിവരുന്നു. കുടിശ്ശിക വരുത്തിയ ഉപഭോക്താക്കളെയും വകുപ്പുമേധാവികളെയും നേരിൽ കണ്ട് കുടിശ്ശിക തുക എത്രയുംവേഗം അടയ്ക്കണമെന്ന് ആവശ്യപ്പെടുന്നുണ്ട്. സെക്ഷൻതലത്തിൽ ഇതിനായി സ്ക്വാഡ് പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നുവരുന്നു. പിരിഞ്ഞുകിട്ടുന്ന തുക അതോറിറ്റിയിൽ നാളുകളായി കുടിശ്ശികയുള്ള മെയിന്റനൻസ് കരാറുകാരുടെ ബില്ലുകളും പെൻഷൻകാരുടെ ആനുകൂല്യങ്ങളും തുടങ്ങി 2,116.54 കോടി രൂപയുടെ കുടിശ്ശിക കൊടുത്തുതീർക്കുവാൻ ഉപയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) കുടിശ്ശിക സംബന്ധിച്ച് വൻകിട/ഇടത്തരം/ചെറുകിട മേഖലയിലെ ഉപഭോക്താക്കളുടെ ആശങ്കകൾ എന്തെല്ലാമാണെന്നും ആയത് പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന പ്രധാന നടപടികളും വിശദമാക്കാമോ?

ആശങ്കകൾ ഇതുവരെ അറിയിച്ചിട്ടില്ല. എന്നാലും കുടിശ്ശിക സംബന്ധിച്ച പരാതികൾ ലഭിക്കുമ്പോൾ അവ പരിശോധിച്ച് പരിഹരിച്ചുവരുന്നുണ്ട്. കുടിശ്ശിക നിവാരണത്തിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിവഴി പിഴപ്പലിശ ഒഴിവാക്കി നൽകുന്നു. അദാലത്ത് നടത്തി ദീർഘകാലമായി നിലനിന്നിരുന്ന പരാതികൾ ഇളവുകൾ നൽകി പരിഹരിക്കുന്നു.

## വാട്ടർ ചാർജ്ജ് ഈടാക്കുന്ന സംവിധാനം

288(1021) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാട്ടർ ചാർജ്ജ് ഈടാക്കുന്നതിനുള്ള നിലവിലെ സംവിധാനം വ്യക്തമാക്കാമോ?

കോവിഡ് വ്യാപനവും ഗ്രീൻ പ്രോട്ടോകോൾ പാലിക്കുന്നതിന്റെയും ബില്ലുകൾ നൽകുന്നതുൾപ്പെടെയുള്ള എല്ലാ സേവനങ്ങളും ഓൺലൈൻ ആയി നൽകണമെന്ന സർക്കാർ നിർദ്ദേശത്തിന്റെയും ഭാഗമായി ബില്ലുകൾ എസ്.എം.എസ്/ഇ-മെയിൽ മുഖേന നൽകിവരുന്നു. എന്നാൽ പേപ്പർ ബില്ലുകൾ വേണമെന്ന് നിർബന്ധമുള്ളവർക്ക് ബില്ലുകൾ അത്തരത്തിലും നൽകിവരുന്നു. ബിൽ തുക ഓൺലൈൻ ആയോ (NEFT/RTGS, QUICK PAY ആപ്ലിക്കേഷൻ) വാട്ടർ അതോറിറ്റിയുടെ റവന്യൂ കളക്ഷൻ സെന്ററുകൾ, അക്ഷയ സെന്റർ, ജനസേവന കേന്ദ്രങ്ങൾ വഴിയോ ഉപഭോക്താക്കൾക്ക് അതോറിറ്റിയുടെ ഓഫീസുകളിൽ വരാതെതന്നെ അടയ്ക്കാവുന്നതാണ്.

(ബി) മൊബൈൽ ഫോൺ മുഖേന ബിൽ നൽകുന്ന നടപടി

സാധാരണക്കാരെ ബുദ്ധിമുട്ടിക്കുന്നതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പരാതിക്കാർ ആവശ്യപ്പെട്ടാൽ പേപ്പർ ബിൽ നൽകുന്നതിന് ബന്ധപ്പെട്ട ഓഫീസുകൾക്ക് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്. 2022 ആഗസ്റ്റ് 15-ഓടെ സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനം ആക്കുമെന്ന സർക്കാർ പ്രഖ്യാപനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി വാട്ടർ അതോറിറ്റിയുടെ എല്ലാ സേവനങ്ങളും ഓൺലൈൻ സംവിധാനത്തിലൂടെ നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

**കുണ്ടറ മണ്ഡലത്തിലെ കുടിവെള്ള ക്ഷാമം**

289(1022) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങൾ ഏതൊക്കെയാണെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

കുണ്ടറ മണ്ഡലത്തിലെ രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങൾ (പഞ്ചായത്ത് തിരിച്ച്) താഴെപ്പറയും പ്രകാരമാണ്.

1. കുണ്ടറ - കാഞ്ഞിരക്കോട്, നീരൊഴുക്കിൽ.

2. പേരയം - നെല്ലിമുക്ക്, കുതിര മുനമ്പ്.

3. കൊറ്റങ്കര - ഞെട്ടയിൽ, വേലംകോണം, മാമ്പുഴ, കാടൻ വിളപ്പുറം, അഞ്ചു വിളപ്പുറം.

4. തൃക്കോവിൽവട്ടം - പുതുച്ചിറ, മൈലാപ്പൂർ, ഉമയനല്ലൂർ, കിഴവൂർ, പേരയം, കുന്നുംപുറം.

5. നെടുമ്പന - ഉഗ്രൻ കുന്ന്, കണ്ണങ്കര കോളനി, വട്ടവിള, ശാസ്താം പൊയ്ക, ശാന്തിവിള.

6. പെരിനാട് - ശ്രീശിവംമുക്ക്, കൈതാകോടി, ചെറുമൂട്.

7. ഇളമ്പള്ളൂർ - മാമച്ചൻ കുറ്റിപ്പുറം, കോവിൽ മുക്ക്.

(ബി) പ്രസ്തുത മണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ പദ്ധതികളെന്ന് അറിയിക്കാമോ;

(സി) കുണ്ടറ മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളാണ് പ്രസ്തുത പദ്ധതികളുടെ ഗുണഭോക്താക്കളെന്ന് വ്യക്തമാക്കാമോ?

(ബി & സി) കുണ്ടറ നിയോജകമണ്ഡലത്തിലെ കുടിവെള്ളക്ഷാമം

പരിഹരിക്കുന്നതിനായി ജൽജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി വിവിധ പ്രവൃത്തികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനോടൊപ്പം വിവിധ ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ച് ജലവിതരണം കാര്യക്ഷമമാക്കിവരുന്നുണ്ട്. വിശദാംശങ്ങൾ (പഞ്ചായത്ത് തിരിച്ച്) അനുബന്ധമായി+ ചേർക്കുന്നു.

**കുപ്പിവെള്ള കച്ചവടത്തിൽ സ്വകാര്യ കമ്പനികളുടെ കടന്നുകയറ്റം**

290(1023) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുപ്പിവെള്ളക്കച്ചവടത്തിലെ സ്വകാര്യ കമ്പനികളുടെ കടന്നുകയറ്റവും അമിതവില ഈടാക്കലും തടയുന്നതിന് മുൻസർക്കാരും നിലവിലെ സർക്കാരും സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ജലലഭ്യതയുള്ള സംസ്ഥാനത്ത് സ്വകാര്യമേഖലയുടെ കടന്നുകയറ്റവും അമിതവില ഈടാക്കലും തടയുവാനായി സർക്കാർ പ്രഖ്യാപിച്ച 13/- രൂപയ്ക്ക് ഒരു ലിറ്റർ കുടിവെള്ളം ജലവിഭവ വകുപ്പുവഴി ലഭ്യമാക്കാൻ സ്വീകരിച്ചുവരുന്ന പ്രധാന നടപടികൾ വിശദമാക്കുമോ;

(സി) മേൽപ്രഖ്യാപനത്തിലൂടെയുള്ള സേവനം സപ്ലൈകോ വഴിയും മറ്റ്

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സർക്കാർ വകുപ്പുകൾ മുഖേനയും ജനങ്ങൾക്ക് ലഭ്യമാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(എ-സി) കുപ്പിവെള്ള കച്ചവടത്തിൽ സ്വകാര്യ കമ്പനികളുടെ കടന്നുകയറ്റം തടയുന്നതിനും ഗുണമേന്മയുള്ള കുപ്പിവെള്ളം വിപണിയിൽ എത്തിക്കുന്നതിനുമായി സർക്കാർ മേഖലയിൽ തൊടുപുഴയിലും അരുവിക്കരയിലും 'ഹില്ലി അക്വാ' എന്ന പേരിൽ കുപ്പിവെള്ള നിർമ്മാണ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. തൊടുപുഴ പ്ലാന്റിൽനിന്നും 1 ലിറ്റർ കുപ്പിവെള്ളം, അരുവിക്കര പ്ലാന്റിൽനിന്നും 1 ലിറ്റർ കുപ്പിവെള്ളം, 20 ലിറ്റർ ജാർ എന്നിവ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തിവരുന്നു. 13 രൂപയ്ക്കാണ് ഒരു ലിറ്റർ കുപ്പിവെള്ളം ഉൽപ്പാദിപ്പിച്ച് വിതരണം നടത്തിവരുന്നത്. കൂടുതൽ കുപ്പിവെള്ള നിർമ്മാണ പ്ലാന്റുകൾ സ്ഥാപിച്ച് കുപ്പിവെള്ളത്തിന്റെ വിതരണം വിപുലമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് കുപ്പി വെള്ളത്തിന്റെ വില ലിറ്ററിന് 13 രൂപയായി നിശ്ചയിച്ച് പുറപ്പെടുവിച്ച 17-03-2020-ലെ സ.ഉ (അച്ചടി) 5/20/ഭ.പൊ.വി.വ നമ്പർ ഉത്തരവ് ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ട്. സപ്ലൈകോ ഔട്ട്ലെറ്റുകൾ മുഖേന കുപ്പിവെള്ളം ലിറ്ററിന് 11 രൂപ നിരക്കിൽ നൽകിവന്നിരുന്നു.

**കുടിവെള്ള വിതരണ പദ്ധതി**

291(1024) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകളിലും കോർപ്പറേഷനുകളിലും കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിന് ജൽജീവൻ പദ്ധതിക്ക് സമാനമായി ഏതെങ്കിലും പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നിലവിൽ അമൃത് പദ്ധതി പ്രകാരം തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ കോർപ്പറേഷനുകളിലും ആലപ്പുഴ, പാലക്കാട്, ഗുരുവായൂർ മുനിസിപ്പാലിറ്റികളിലും കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുന്നതിന് പദ്ധതികൾ ഏറ്റെടുത്ത് നടപ്പിൽവരുത്തുന്നു. ഇതിന്റെ തുടർച്ചയായി അമൃത് 2.0 പ്രകാരം കേരളത്തിലെ എല്ലാ നഗരസഭകളിലേയും വീടുകളിൽ ശുദ്ധജലം നൽകുന്നതിന് പദ്ധതികൾ ആസൂത്രണം ചെയ്തുവരുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ ചെലവ് വഹിക്കുന്നത് ഏതെല്ലാം ഏജൻസികളാണെന്നും എത്ര വീതമാണെന്നും വിശദമാക്കാമോ; പദ്ധതി എപ്പോൾ നടപ്പിലാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

ഒരു ലക്ഷംവരെ ജനസംഖ്യയുള്ള നഗരസഭകൾക്ക് പദ്ധതി തുകയുടെ

50% കേന്ദ്രസഹായം ലഭിക്കും. ഒരു ലക്ഷം മുതൽ 10 ലക്ഷംവരെ ജനസംഖ്യയുള്ള നഗരസഭകൾക്ക് പദ്ധതി തുകയുടെ മൂന്നിലൊന്ന് കേന്ദ്രസഹായം ലഭിക്കും. ബാക്കി തുക സംസ്ഥാനവും നഗരസഭകളും വഹിക്കണം. പദ്ധതി പ്രകാരം കേരള ജല അതോറിറ്റി നിർവ്വഹണ ഏജൻസിയാണ്. ജല അതോറിറ്റി തയ്യാറാക്കി സമർപ്പിക്കുന്ന പദ്ധതികൾക്ക് കോർപ്പറേഷൻ/മുനിസിപ്പാലിറ്റി മുഖേന അംഗീകാരം ലഭിച്ചതിനുശേഷം മാത്രമേ നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ. പദ്ധതികൾ ഈ വർഷംതന്നെ ആരംഭിക്കുവാൻ സാധിക്കും.

(സി) അമൃത് പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത പദ്ധതി ഏത് പ്രദേശങ്ങൾക്കായുള്ളതാണെന്ന് വിശദമാക്കാമോ?

നിലവിലെ അമൃത് പദ്ധതി പ്രകാരം ആറ് കോർപ്പറേഷനുകളിലും (തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ) മൂന്ന് മുനിസിപ്പാലിറ്റികളിലും (ആലപ്പുഴ, ഗുരുവായൂർ, പാലക്കാട്) ആണ് ജലവിതരണ പദ്ധതികൾ നടപ്പിലാക്കിവരുന്നത്. ഇതിന്റെ തുടർച്ചയായുള്ള അമൃത് 2.0 പദ്ധതിയിൽ കേരളത്തിലെ എല്ലാ നഗരസഭകളിലും കുടിവെള്ളമെത്തിക്കുന്നതിനും അതോടൊപ്പം നിലവിലെ അമൃത് നഗരങ്ങളിൽ സ്വീവേജ്/സെപ്റ്റേജ് മാലിന്യസംസ്കരണത്തിന് പ്രത്യേക

പദ്ധതികളും ഉൾപ്പെടുന്നു. ഇതിനായി 1,372 കോടി രൂപ കേന്ദ്രസഹായം ലഭിക്കും. ഒരു ലക്ഷംവരെ ജനസംഖ്യയുള്ള നഗരസഭകൾക്ക് പദ്ധതി തുകയുടെ 50% കേന്ദ്രസഹായം ലഭിക്കും. ഒരു ലക്ഷം മുതൽ 10 ലക്ഷംവരെ ജനസംഖ്യയുള്ള നഗരസഭകൾക്ക് പദ്ധതി തുകയുടെ മൂന്നിലൊന്ന് കേന്ദ്രസഹായം ലഭിക്കും. ബാക്കി തുക സംസ്ഥാനവും നഗരസഭകളും വഹിക്കേണ്ടതാണ്. ഇതുകൂടാതെ പദ്ധതിയുടെ കീഴിൽ തിരുവനന്തപുരം, കൊല്ലം, കൊച്ചി, കോർപ്പറേഷനുകളിൽ ജല അതോറിറ്റി മലിനജല നിവാരണ പ്രവർത്തനങ്ങളും നടത്തുന്നു. പ്രസ്തുത പദ്ധതിയുടെ ചെലവ് വഹിക്കുന്നത് കേന്ദ്ര-സംസ്ഥാന-സ്വയംഭരണ വകുപ്പുകൾ 50:30:20 എന്ന അനുപാതത്തിലാണ്. മേൽപ്പറഞ്ഞ നഗരങ്ങളിലേയ്ക്കായി 1,462.57 കോടി രൂപയുടെ 289 പ്രവൃത്തികൾക്ക് ജല അതോറിറ്റിക്ക് ഭരണാനുമതി ലഭിക്കുകയും ഇതിൽ 669.11 കോടി രൂപയുടെ 230 പദ്ധതികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

### ഇ-ടാപ്പ് പദ്ധതി

292(1025) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ടാപ്പ് പദ്ധതി എന്താണെന്ന് വിശദീകരിക്കാമോ?

പുതിയ കുടിവെള്ള കണക്ഷനും സ്വീവറേജ് കണക്ഷനുമുള്ള അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിന് വാട്ടർ അതോറിറ്റി നടപ്പിലാക്കിയ സോഫ്റ്റ്‌വെയർ സംവിധാനമാണ് ഇ-ടാപ്പ്. ഈ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഓൺലൈനായി സമർപ്പിക്കപ്പെട്ട കുടിവെള്ള കണക്ഷനുള്ള അപേക്ഷകൾ വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥർക്ക് പരിശോധിക്കുന്നതിനും കണക്ഷൻ നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കും. അപേക്ഷകർക്ക് ഓൺലൈനായിത്തന്നെ കണക്ഷൻ ഫീസ് അടയ്ക്കുവാനും അപേക്ഷയുടെ തൽസ്ഥിതി അറിയാനും സാധിക്കും. എസ്.എം.എസ്. വഴിയും അപേക്ഷ സംബന്ധിച്ച വിവരങ്ങൾ അപേക്ഷകന് ലഭ്യമാക്കുന്നുണ്ട്.

(ബി) പൊതുജനങ്ങൾക്ക് പ്രസ്തുത പദ്ധതികൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാമാണ്?

പ്രസ്തുത പദ്ധതി നടപ്പിലാക്കിയതോടെ പൊതുജനങ്ങൾക്ക് ഓഫീസുകളിൽ വരാതെതന്നെ പുതിയ കുടിവെള്ള കണക്ഷനും സ്വീവറേജ് കണക്ഷനും ലഭിക്കും. കണക്ഷൻ നടപടികൾ കൂടുതൽ വേഗത്തിലാക്കാനും കൂടുതൽ സുതാര്യത കൈവരിക്കാനും ഈ പദ്ധതിയിലൂടെ സാധിക്കുന്നു.

(സി) എവിടെയെല്ലാമാണ് പദ്ധതി നിലവിൽ നടപ്പാക്കിയിട്ടുള്ളത്; വിശദമാക്കാമോ;

(ഡി) കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കാമോ?

(സി&ഡി) സംസ്ഥാനത്തിലുടനീളം ഇ-ടാപ്പ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

**ജല അതോറിറ്റിയിലെ ക്വാളിറ്റി & കോസ്റ്റ് ബേസ്ഡ് സിസ്റ്റം**

293(1026) <u>ശ്രീ. അബ്ദുൽ ഹമീദ് പി.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജല അതോറിറ്റിയിൽ നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്ന ക്വാളിറ്റി & കോസ്റ്റ് ബേസ്ഡ് സിസ്റ്റം സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?

കേരള വാട്ടർ അതോറിറ്റിയിൽ അടങ്കൽ തുക 5 കോടി രൂപയ്ക്കുമുകളിൽ വരുന്ന പ്രീക്വാളിഫിക്കേഷൻ ആവശ്യമായ ടെണ്ടറുകൾ ഇലക്ട്രോണിക് രണ്ട് കവർ (Two Cover) സിസ്റ്റത്തിൽ ആയിരുന്നു ടെണ്ടർ ക്ഷണിച്ചിരുന്നത്. ഇതിൽ ടെക്നിക്കൽ ബിഡ് ഒന്നാമത്തെ കവറിലും ഫിനാൻഷ്യൽ ബിഡ് രണ്ടാമത്തെ കവറിലും സീൽ ചെയ്താണ് കരാറുകാർ നൽകുന്നത്. ഇതിൽ

ടെക്നിക്കൽ ബിഡിൽ നിഷ്കർഷിച്ച യോഗ്യത നേടുന്നവരുടെമാത്രം ഫിനാൻഷ്യൽ ബിഡാണ് തുറക്കുന്നത്. ഈ ഫിനാൻഷ്യൽ ബിഡിൽ ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തുന്ന കരാറുകാരന് കരാർ നൽകിയിരുന്നു. ബിഡിന്റെ സാങ്കേതികതയ്ക്കും രേഖപ്പെടുത്തുന്ന തുകയ്ക്കും 60:40 എന്ന അനുപാതത്തിൽ മുൻതൂക്കം നൽകി കരാറുകാരെ തിരഞ്ഞെടുക്കുന്ന സംവിധാനമാണ് K.W.A.-യിൽ നടപ്പിലാക്കിയ ക്യൂ.സി.ബി.എസ്. ഈ സംവിധാനത്തിൽ NIT-യിൽ നൽകിയിരിക്കുന്ന സ്കോർ മാതൃക അനുസരിച്ച് കരാറുകാർ ടെക്നിക്കൽ ബിഡിൽ തങ്ങളുടെ യോഗ്യത തെളിയിക്കുന്നതിനാവശ്യമായ അനുബന്ധരേഖകൾ സമർപ്പിക്കേണ്ടതുണ്ട്. ടെണ്ടർ ഡോക്യുമെന്റിന്റെ യോഗ്യതാ മാനദണ്ഡങ്ങൾക്കനുസൃതമായി യോഗ്യത നേടിയ കരാറുകാരിൽനിന്നും അവർ സമർപ്പിച്ച രേഖകൾ വിശകലനം ചെയ്ത് ഓരോ കരാറുകാരന്റെയും ടെക്നിക്കൽ മാർക്ക് കണ്ടെത്തുന്നു. ഇതേത്തുടർന്ന് ടെക്നിക്കൽ യോഗ്യതയുള്ളവരുടെ മാത്രം ഫിനാൻഷ്യൽ ബിഡുകൾ തുറക്കുന്നു. ടെക്നിക്കൽ ബിഡ്ഡിൽ യോഗ്യത നേടാത്തവരുടെ ഫിനാൻഷ്യൽ ബിഡ് തുറക്കില്ല. സാമ്പത്തിക മാർക്കുകൾ സാധാരണയായി കണക്കാക്കുന്നത് ഒരു നോർമലൈസേഷൻ പ്രക്രിയയിലൂടെയാണ്, അവിടെ ഏറ്റവും കുറഞ്ഞ തുക രേഖപ്പെടുത്തിയ

കരാറുകാരന് 100 മാർക്ക് നൽകുകയും മറ്റെല്ലാ കരാറുകാരുടെ മാർക്കുകളും ഇതിനെ അടിസ്ഥാനമാക്കി നോർമലൈസ് ചെയ്യുകയും ചെയ്യുന്നു. സാങ്കേതികവും സാമ്പത്തികവുമായ മാർക്കുകൾ കണ്ടെത്തിയശേഷം അവയെ യഥാക്രമം 60:40 എന്ന അനുപാതത്തിൽ മുൻതൂക്കം നൽകി മൊത്തം സ്കോർ കണ്ടെത്തുകയും ഏറ്റവും ഉയർന്ന സ്കോർ നേടുന്നയാൾക്ക് കരാർ നൽകുകയും ചെയ്യുന്ന രീതിയാണ് K.W.A.-യിൽ നടപ്പിലാക്കിയ ക്യൂ.സി.ബി.എസ്.

(ബി) ക്വാളിറ്റി & കോസ്റ്റ് ബേസ്ഡ് സിസ്റ്റം നടപ്പാക്കുന്നതിന് സർക്കാർ തലത്തിൽ അനുമതി നൽകിയിട്ടുണ്ടോ?

ഇല്ല.

(സി) ജല അതോറിറ്റിയിലെ പ്രവൃത്തികൾ പ്രസ്തുത സിസ്റ്റം മുഖേന നടപ്പാക്കാൻ കരാർ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. വിവരങ്ങൾ അനുബന്ധം 1+ ആയി ചേർത്തിരിക്കുന്നു.

(ഡി) പൊതുമരാമത്ത് വകുപ്പ് മാനുവലിൽ ഇല്ലാത്ത ഇത്തരം സംവിധാനത്തിലൂടെ കരാർ നൽകിയതിനെക്കുറിച്ച് വകുപ്പുതലത്തിലോ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മറ്റുതരത്തിലോ ഉള്ള അന്വേഷണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഇല്ല. 16-02-22 മുതൽ ക്ഷണിക്കുന്ന ദർഘാസുകളിൽ QCBS സംവിധാനം ഇനിയൊരു സർക്കാർ ഉത്തരവുണ്ടാകുന്നതുവരെ മരവിപ്പിച്ചിരിക്കുകയാണ്.

**പൊതുമരാമത്ത് വകുപ്പിലേയ്ക്ക് അടച്ച തുക**

294(1027) <u>ശ്രീ. എ. പ്രഭാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ കിൻഫ്ര വ്യവസായ പാർക്കിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് റോഡുകൾക്ക് സംഭവിച്ച കേടുപാടുകൾ പരിഹരിക്കുന്നതിനായി വാട്ടർ അതോറിറ്റി എത്ര തുകയാണ് പൊതുമരാമത്ത് വകുപ്പിലേയ്ക്ക് അടച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കിൻഫ്ര വ്യവസായ പാർക്കിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കേരള വാട്ടർ അതോറിറ്റി നാളിതുവരെ 1,33,78,873/- രൂപയാണ് പൊതുമരാമത്ത് വകുപ്പിലേയ്ക്ക് അടച്ചിട്ടുള്ളത്.

(ബി) ഇതിൽ ഓരോ റോഡിനും അടച്ച തുക, അടച്ച തീയതി എന്നിവ പട്ടികയായി നൽകാമോ?

ഇതിൽ ഓരോ റോഡിനും അടച്ച തുക, അടച്ച തീയതി എന്നിവ അനുബന്ധം (1)+ ആയി ചേർത്തിട്ടുണ്ട്.

(സി) തുക അടയ്ക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് വാട്ടർ അതോറിറ്റിക്ക് നൽകിയ കത്തുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

കത്തുകളുടെ പകർപ്പ് അനുബന്ധം (2)+ ആയി ചേർത്തിട്ടുണ്ട്.

**നെയ്യാറ്റിൻകര മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ**

295(1028) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിലെ കിഫ്ബി പദ്ധതികളായ കാരോട്-പൊഴിയൂർ, അതിയന്നൂർ-കോട്ടുകാൽ കുടിവെള്ള പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

നെയ്യാറ്റിൻകര മണ്ഡലത്തിലെ കിഫ്ബി പദ്ധതികളായ ചെങ്കൽ, കാരോട്, കുളത്തൂർ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെയും അതിയന്നൂർ, കോട്ടുകാൽ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെയും നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെങ്കൽ, കാരോട്, കുളത്തൂർ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര കുടിവെള്ള പദ്ധതി: പ്രസ്തുത കുടിവെള്ള പദ്ധതിക്ക് കിഫ്ബി വഴി 89.189 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി പൂർത്തീകരിക്കേണ്ട വിവിധ ഘടകങ്ങൾ താഴെപ്പറയുന്നവയാണ്.

1. പൊൻവിളയിൽ 16 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാല.

2. മാവിളക്കടവിൽ 9.0 മീ. വ്യാസമുള്ള കിണറും പമ്പ്ഹൗസും.

3. പൊൻവിള, ചെങ്കൽ, കുളത്തൂർ, കാരോട് എന്നിവിടങ്ങളിൽ 30, 17, 15, 10 ലക്ഷം ലിറ്റർ വീതം സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണികൾ.

4. റാ വാട്ടർ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ പൈപ്പ് ലൈനുകൾ.

5. പൊൻവിളയിൽ ജലശുദ്ധീകരണശാലയ്ക്കടുത്തായി സബ്സ്റ്റേഷൻ കെട്ടിടം.

6. ട്രാൻസ്ഫോർമറുകളും പമ്പ് സെറ്റുകളും സ്ഥാപിക്കൽ.

7. മാവിളക്കടവിൽ നെയ്യാറിനുകുറുകെ തടയണയുടെ നിർമ്മാണം. പൊൻവിളയിൽ ജലശുദ്ധീകരണശാലയ്ക്കാവശ്യമായ 2 ഏക്കർ സ്ഥലം കിഫ്ബി ഫണ്ടുപയോഗിച്ച് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കി

ലാൻഡ് അക്വിസിഷൻ തഹസിൽദാർ കേരള ജല അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. കിണറും പമ്പ്ഹൗസും നിർമ്മിക്കുന്നതിന് മാവിളക്കടവിൽ സർക്കാർ പുറമ്പോക്ക് സ്ഥലം കണ്ടെത്തി കേരള ജല അതോറിറ്റിക്ക് കൈമാറുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. 17 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണി നിർമ്മാണത്തിന് ചെങ്കൽ പഞ്ചായത്ത് മാർക്കറ്റിന് സമീപം 15 സെന്റ് സ്ഥലം കേരള ജല അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. 10 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണി നിർമ്മിക്കാൻ കാരോട് പഞ്ചായത്ത് 10 സെന്റ് സ്ഥലം അമ്പിലിക്കോണം എന്ന സ്ഥലത്ത് കൈമാറിയിട്ടുണ്ട്. കുളത്തൂർ പഞ്ചായത്തിൽ 15 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഉപരിതല ജലസംഭരണി നിർമ്മിക്കാൻ ആരോഗ്യ വകുപ്പിന്റെ 15 സെന്റ് സ്ഥലം പ്രാഥമികാരോഗ്യ കേന്ദ്രത്തിന് സമീപം ലഭ്യമായിട്ടുണ്ട്. പദ്ധതിയുടെ തടയണ ഒഴികെയുള്ള എല്ലാ ഘടകങ്ങളുടേയും ദർഘാസ് നടപടികൾ പുരോഗമിക്കുന്നു. തടയണയുടെ എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

കോട്ടുകാൽ, അതിയന്നൂർ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി: നെയ്യാർ സ്രോതസ്സായുള്ള പ്രസ്തുത പദ്ധതിയുടെ ഒന്നാംഘട്ട പ്രവൃത്തികൾക്കായി 07-09-2019-ൽ കിഫ്ബി വഴി 25.49

കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിവിധ ഘടകങ്ങൾക്കുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയും 08-02-2021-ൽ 22.91 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്ന വിവിധ ഘടകങ്ങൾ താഴെപ്പറയുന്നു.

1. അതിയന്നൂർ പഞ്ചായത്തിലെ പോങ്ങിൽ എന്ന സ്ഥലത്ത് 15 എം.എൽ.ഡി. ശേഷിയുള്ള ജലശുദ്ധീകരണശാല.

2. ജലശുദ്ധീകരണശാലയ്ക്കടുത്തായി 6 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ഭൂതല ജല സംഭരണി.

3. ജലശുദ്ധീകരണശാലയ്ക്കടുത്തായി 10 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉപരിതല ജല-സംഭരണി.

4. പിരായുംമൂട് എന്ന സ്ഥലത്ത് നെയ്യാറിന് സമീപം 9.0 മീ. വ്യാസമുള്ള കിണറും പമ്പ്ഹൗസും.

5. കിണറിനും പമ്പ്ഹൗസിനുസമീപവും ജലശുദ്ധീകരണശാലയ്ക്കടുത്തും സബ്സ്റ്റേഷൻ കെട്ടിടങ്ങളുടെ നിർമ്മാണം.

6. റാ വാട്ടർ പമ്പ്ഹൗസ് മുതൽ ജലശുദ്ധീകരണശാലവരെ 5500 മീ. ദൈർഘ്യത്തിൽ 500 മി.മീ. വ്യാസമുള്ള ഡക്റ്റൈൽ അയൺ റാ വാട്ടർ

പമ്പിംഗ് മെയിൻ പൈപ്പ് ലൈൻ സ്ഥാപിക്കൽ.

7. ജലശുദ്ധീകരണശാല മുതൽ ഉപരിതല ജലസംഭരണിവരെ 100 മീ. ദൈർഘ്യത്തിൽ 350 മി.മീ. വ്യാസമുള്ള ഡക്റ്റൈൽ അയൺ ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ പൈപ്പ് ലൈൻ സ്ഥാപിക്കൽ.

8. റാ വാട്ടർ, ക്ലിയർ വാട്ടർ പമ്പ്ഹൗസുകളിൽ 150 എച്ച്.പി. വീതമുള്ള പമ്പ്സെറ്റുകൾ സ്ഥാപിക്കലും ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കലും. 25% പ്രവൃത്തികൾ പൂർത്തിയാക്കിയ ടി പദ്ധതിയുടെ ശേഷിക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുകയാണ്.

(ബി) പ്രസ്തുത പദ്ധതികൾ എപ്പോൾ പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ചെങ്കൽ, കാരോട്, കുളത്തൂർ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതിയുടെ ദർഘാസ് നടപടികൾ പുരോഗമിക്കുകയാണ്. കരാർ നൽകി 18 മാസംകൊണ്ട് പ്രവൃത്തികൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. കോട്ടുകാൽ, അതിയന്നൂർ പഞ്ചായത്തുകൾക്കുവേണ്ടിയുള്ള കുടിവെള്ള പദ്ധതി 2022 ഡിസംബർ മാസത്തോടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷാകാര്യത്തിലുള്ള പഠനം

296(1029) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷയുമായി ബന്ധപ്പെട്ട് രാജ്യാന്തര നിലവാരത്തിലുള്ള പഠനം നടത്തുന്നതിന് തയ്യാറാകുമോ;

(ബി) എങ്കിൽ പ്രസ്തുത കാര്യത്തിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

(എ&ബി) മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിന്മേൽ ഡാം എഞ്ചിനീയറിംഗിന്റെ വിവിധ മേഖലകളിലുള്ള പ്രഗത്ഭരായ അന്താരാഷ്ട്ര വിദഗ്ദ്ധരും കൂടാതെ ഭൂകമ്പശാസ്ത്രം, ജിയോളജി, ഡാം ഡീ-കമ്മീഷനിംഗ് എന്നീ വിഷയങ്ങളിൽ പ്രഗത്ഭരായ അന്താരാഷ്ട്ര വിദഗ്ദ്ധരുമടങ്ങുന്ന സമിതിയെക്കൊണ്ട് (International Panel of Experts) പരിശോധിക്കണമെന്ന ആവശ്യം ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പരിഗണനയിലുള്ള റിട്ട് ഹർജ്ജി 880/2020-യുടെ ഭാഗമായി കേരളം ഫയൽ ചെയ്ത written submission-ൽ ഉന്നയിച്ചിട്ടുണ്ട്.

## മുല്ലപ്പെരിയാർ അണക്കെട്ട്

297(1030) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവശ്യമായ മുന്നറിയിപ്പുകൾ നൽകിയതിനുശേഷമാണ് മുല്ലപ്പെരിയാർ അണക്കെട്ടിലെ ഷട്ടറുകൾ തുറന്നുവിട്ടതെന്ന് തമിഴ്നാട് സുപ്രീംകോടതിയെ അറിയിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ കോടതിയിൽ വസ്തുതകൾ ബോദ്ധ്യപ്പെടുത്താൻ സംസ്ഥാന സർക്കാരിന് സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. 30-11-2021 മുതൽ 06-12-2021 വരെയുള്ള കാലയളവിൽ ക്രമാനുഗതമല്ലാതെയും മറ്റും തമിഴ്നാട് അധികൃതർ സ്പിൽവേ ഷട്ടറുകൾ പ്രവർത്തിപ്പിച്ചതുമായി ബന്ധപ്പെട്ട വിഷയങ്ങൾ വ്യക്തമാക്കിക്കൊണ്ട്, ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പരിഗണനയിലുള്ള റിട്ട്ഹർജിയുടെ ഭാഗമായി 08-12-2021-ലെ IA 161599/2021 നമ്പർ സത്യവാങ്മൂലം കേരളം സമർപ്പിച്ചിട്ടുണ്ട്. ജനങ്ങളെ സുരക്ഷിത സ്ഥാനങ്ങളിലേയ്ക്ക് മാറ്റുന്നതുൾപ്പെടെ ആവശ്യമായ സമയം അനുവദിക്കാതെയും ശരിയായ രീതിയിൽ മുന്നറിയിപ്പുകൾ ജില്ലാ ഭരണകൂടത്തിന് ലഭ്യമാക്കാതെയും പുലർച്ചെയും

അസമയങ്ങളിലുമായി തമിഴ്നാട് അധികൃതർ സ്പിൽവേ ഷട്ടറുകൾ പ്രവർത്തിപ്പിച്ച് വലിയതോതിൽ ജലം പുറത്തേയ്ക്കൊഴുക്കിയതുമൂലം അണക്കെട്ടിനുതാഴെയുള്ള പ്രദേശങ്ങളിൽ താമസിക്കുന്ന ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ടുകളും അവരുടെ സ്വത്തിനുണ്ടായ നാശനഷ്ടങ്ങളെയും സംബന്ധിച്ചുള്ള വിവരങ്ങൾ രേഖാമൂലം ബഹുമാനപ്പെട്ട കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ സത്യവാങ്മൂലത്തിൽ വേണ്ടത്ര മുന്നറിയിപ്പ് നേരത്തെ നൽകാതെ അസമയങ്ങളിൽ ജലം ഒഴുക്കി വിടുന്നത് ഒഴിവാക്കുന്നതിനും കാലാവസ്ഥാ നിരീക്ഷണ വകുപ്പിന്റെ മുന്നറിയിപ്പുകൾ കണക്കിലെടുത്ത് പകൽ സമയം ക്രമേണ അധികജലം ഒഴുക്കി ആവശ്യമായ Flood Cushion ജലസംഭരണിയിൽ നിലനിർത്തുന്നതിനുള്ള നിർദ്ദേശം തമിഴ്നാടിന് നൽകണമെന്നും ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനാവശ്യമായ സമയം ലഭ്യമാക്കുന്നതിനായി കഴിയുന്നതും സ്പിൽവേ ഷട്ടറുകൾ പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട മുന്നറിയിപ്പുകൾ 24 മണിക്കൂർ മുമ്പെങ്കിലും ജില്ലാഭരണകൂടത്തെ അറിയിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്നും ഷട്ടർ ഓപ്പറേഷനുമായി ബന്ധപ്പെട്ട തീരുമാനങ്ങളെടുക്കുന്നതിനായി കേരള-തമിഴ്നാട് ഉദ്യോഗസ്ഥരടങ്ങുന്ന ഒരു സംയുക്ത സമിതിയെ

ച്ചുമതലപ്പെടുത്തണമെന്നും കേരളം ആവശ്യപ്പെട്ടു. കേരളത്തിന്റെ ടി സത്യവാങ്മൂലത്തിനെതിരായി 14-12-2021-ൽ തമിഴ്നാട് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സത്യവാങ്മൂലം സമർപ്പിക്കുകയും ടി വിഷയം 15-12-2021-ൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പരിഗണനയിൽ വരികയും ആയതുസംബന്ധിച്ച് വിശദമായ വാദം കേൾക്കുന്നതിനുപകരം ഈ വിഷയത്തിൽ ഉചിതമായ തീരുമാനങ്ങൾ കൈക്കൊള്ളാൻ മേൽനോട്ട സമിതിയോട് ബഹുമാനപ്പെട്ട കോടതി നിർദ്ദേശിക്കുകയും ചെയ്തു.

(സി) സംയുക്ത സാങ്കേതിക ഓൺസൈറ്റ് സമിതി രൂപവത്കരിക്കണമെന്ന ആവശ്യം സാധൂകരിക്കുന്നതിനായി കേരളം മുന്നോട്ടുവച്ച വാദഗതികളും വസ്തുതകളും എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; ഇക്കാര്യത്തിൽ അനുകൂല തീരുമാനം നേടിയെടുക്കുവാൻ സാധിച്ചിട്ടുണ്ടോ; അറിയിക്കാമോ?

നിലവിൽ മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സ്പിൽവേ ഷട്ടറുകൾ പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട തീരുമാനങ്ങളെടുക്കുന്നത് തമിഴ്നാട് അധികൃതരാണ്. മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷിതമായ പ്രവർത്തനം നിരീക്ഷിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനുമായി ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ അസ്സൽ അന്യായം 03/2006-ലെ

07-05-2014-ലെ വിധി പ്രകാരം മേൽനോട്ട സമിതിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. എന്നാൽ വർഷകാലത്തുണ്ടാകുന്ന അടിയന്തര സാഹചര്യങ്ങളിൽ അണക്കെട്ടിന്റെ സ്പിൽവേ ഷട്ടറുകൾ പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട തീരുമാനങ്ങളെടുക്കുന്നതിന് മേൽനോട്ട സമിതിയുടെ അംഗങ്ങൾക്ക് ഡാം സൈറ്റിൽ തൽസമയം എത്തുവാനുള്ള ബുദ്ധിമുട്ടുകൾ പരിഗണിച്ചുകൊണ്ട് ഇരുസംസ്ഥാനങ്ങളിലെയും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരടങ്ങുന്ന ഒരു ഓൺസൈറ്റ് സമിതിയെ ചുമതലപ്പെടുത്തണമെന്ന് കേരളം ബഹുമാനപ്പെട്ട സുപ്രീംകോടതിയോട് ആവശ്യപ്പെടുകയും ആയത് നിലവിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ പരിഗണനയിലുമാണ്.

**അണക്കെട്ടുകളുടെ സുരക്ഷാപരിശോധന**

298(1031) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എത്ര അണക്കെട്ടുകളുടെ സുരക്ഷാ പരിശോധനയാണ് ലോക ബാങ്കിന്റെ സഹായത്തോടെ കഴിഞ്ഞ വർഷം പൂർത്തീകരിച്ചിട്ടുള്ളത്; ഏതൊക്കെ അണക്കെട്ടുകളാണ് അവയെന്ന്

വ്യക്തമാക്കുമോ; പ്രസ്തുത പഠനത്തിലെ പ്രധാന കണ്ടെത്തലുകൾ അറിയിക്കുമോ?

2021 വർഷത്തിൽ ലോകബാങ്കിന്റെ സഹായത്തോടെ ജലസേചന വകുപ്പിന്റെ കീഴിലുള്ള ഡാമുകളിൽ സുരക്ഷാപരിശോധന ഒന്നുംതന്നെ നടത്തിയിട്ടില്ല. എന്നാൽ ലോകബാങ്ക് സഹായത്തോടെ 16 ഡാമുകളിൽ നടപ്പിലാക്കുന്ന DRIP-II പദ്ധതിക്കായി ഡാം സേഫ്റ്റി റിവ്യൂ പാനൽ (DSRP) 11 ഡാമുകളിൽ (നെയ്യാർ, കല്ലട, മലങ്കര, ഭൂതത്താൻ കെട്ട് ബാരേജ്, മണിയാർ, വാളയാർ, കാഞ്ഞിരപ്പുഴ, കാരാപ്പുഴ, മലമ്പുഴ, മംഗലം, ചിമ്മിണി) പരിശോധന നടത്തി ശിപാർശകൾ നൽകുകയും ആയതനുസരിച്ച് 9 എണ്ണത്തിന്റെ പുനരുദ്ധാരണ പ്രൊപ്പോസലുകൾ കേന്ദ്രജലകമ്മീഷന്റെ അംഗീകാരത്തിന് നൽകുകയും അംഗീകാരം ലഭിച്ച 6 ഡാമുകളിലെ പ്രവൃത്തികൾ നടപ്പിലാക്കിവരികയും ചെയ്യുന്നു. Turfing, Resetting of riprap, Resectioning of Disturbed Dam Profile, Construction/Repair of Drainage System, Construction of Control Room, Reaming of holes, Pointing, Electrical & Mechanical works മുതലായ പ്രധാന നിർദ്ദേശങ്ങൾ അംഗീകരിച്ചിട്ടുണ്ട്.

(ബി) മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷ സംബന്ധിച്ച്

എന്തെങ്കിലും പഠനം നടത്തുവാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

കേരളവും തമിഴ്നാടും തമ്മിൽ മുല്ലപ്പെരിയാർ അണക്കെട്ടുമായി ബന്ധപ്പെട്ട് നിലനിന്നിരുന്ന തർക്കങ്ങളുടെ ഭാഗമായി ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ നിലനിന്നിരുന്ന അസ്സൽ അന്യായം 3/2006-ന്റെ ഭാഗമായി, ഡാമിന്റെ സുരക്ഷയെ സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ വിവിധ സ്ഥാപനങ്ങളിലെ വിദഗ്ദ്ധരെക്കൊണ്ട് കേരളം പഠനങ്ങൾ നടത്തിയിരുന്നു. ഡാമിന്റെ ഹൈഡ്രോളജിക്കൽ സുരക്ഷയെ സംബന്ധിച്ച് ഐ.ഐ.ടി., ഡൽഹി, ഭൂകമ്പവേളയിലെ സുരക്ഷയെ സംബന്ധിച്ച് ഐ.ഐ.ടി. റൂർക്കി എന്നീ സ്ഥാപനങ്ങളിലെ വിദഗ്ദ്ധരെക്കൊണ്ട് കേരളം പഠനം നടത്തിയിരുന്നു. ഐ.ഐ.ടി., ഡൽഹി നടത്തിയ Probable Maximum Flood (PMF) & Flood Routing പഠന റിപ്പോർട്ട് (2008) പ്രകാരം മുല്ലപ്പെരിയാർ ഡാം ജലശാസ്ത്രപരമായി (Hydrologically) സുരക്ഷിതമല്ലെന്നും ഐ.ഐ.ടി., റൂർക്കിയുടെ പഠന റിപ്പോർട്ട് (2008) പ്രകാരം നിലവിലുള്ള ഡാമിന്, അതിന്റെ പരിസരത്തുണ്ടാകുന്ന ഭൂകമ്പങ്ങളുടെ ആഘാതം നേരിടുവാൻ കഴിയുകയില്ലെന്നും വ്യക്തമാക്കിയിരുന്നു. പ്രസ്തുത പഠന റിപ്പോർട്ടുകൾ കേരളം ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ സമർപ്പിച്ചിരുന്നു.

**മുന്നറിയിപ്പില്ലാതെ സ്പിൽവേ ഷട്ടറുകൾ തുറക്കുന്നതിലെ ആശങ്ക**

299(1032) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ജൂൺ മുതൽ നാളിതുവരെ മുല്ലപ്പെരിയാർ അണക്കെട്ടിലെ സ്പിൽവേ ഷട്ടറുകൾ മുന്നറിയിപ്പില്ലാതെ തമിഴ്നാട് എത്ര തവണ തുറന്നുവിട്ടിട്ടുണ്ട്; ഓരോ സന്ദർഭത്തിലും ഇതിനെതിരായി എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

2018 ജൂൺ, ആഗസ്റ്റ് മാസത്തിലും 2021 ഒക്ടോബർ മുതൽ ഡിസംബർ വരെയുള്ള അവസരങ്ങളിലെല്ലാം മുല്ലപ്പെരിയാർ അണക്കെട്ടിന്റെ ഷട്ടറുകൾ ആദ്യമായി തുറക്കുന്നതിനുമുമ്പായി തമിഴ്നാട് അറിയിപ്പ് തന്നിരുന്നു. കേന്ദ്രസർക്കാരിന്റെ ജലശക്തി മന്ത്രാലയത്തിന്റെ ജലവിഭവ, ആർ.ഡി ആൻഡ് ജി.ആർ വകുപ്പിന്റെ 09-08-2020-ലെ Z-2011/2/2020-FM നമ്പർ ഉത്തരവിൽ ഡാമുകൾ/റിസർവ്വോയറുകളിൽനിന്നും ജലം തുറന്നുവിടുന്നതിനുമുമ്പായി അതാത് സംസ്ഥാന സർക്കാർ/കേന്ദ്രഭരണ പ്രദേശങ്ങൾ/അധികാരികൾ/ഡാം അതോറിറ്റി എന്നിവർ പാലിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽവ്യവസ്ഥകൾ പൂർണ്ണമായും പാലിക്കാതെ ഷട്ടറുകളുടെ പ്രവർത്തനങ്ങളിൽ മാറ്റംവരുത്തി പുറത്തുവിടുന്ന ജലത്തിന്റെ അളവ് വ്യത്യാസപ്പെടുത്തുമ്പോഴുള്ള

അറിയിപ്പുകൾ പലതും യഥാസമയം ലഭ്യമാക്കാതിരിക്കുകയും അല്ലെങ്കിൽ ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ജില്ലാഭരണകൂടത്തിനാവശ്യമായ സമയം ലഭ്യമാകാത്തവിധം അറിയിപ്പ് തന്നുമാണ് തമിഴ്നാട് അധികാരികൾ സ്പിൽവേ ഷട്ടറുകൾ പ്രവർത്തിപ്പിച്ചത്. 30-11-2021 മുതൽ 06-12-2021 വരെയുള്ള കാലയളവിൽ തമിഴ്നാട് സ്പിൽവേ ഷട്ടറുകൾ പ്രവർത്തിപ്പിച്ചതിന്റെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു. 30-11-2021 മുതൽ 06-12-2021 വരെയുള്ള കാലയളവിൽ പുലർച്ചെയും അസമയങ്ങളിലുമായി സ്പിൽവേ ഷട്ടറുകൾ പ്രവർത്തിപ്പിച്ച് വലിയതോതിൽ ജലം പുറത്തേയ്ക്കൊഴുക്കിയ തമിഴ്നാട് അധികൃതരുടെ പ്രവൃത്തിയോടുള്ള ആക്ഷേപവും കേരളത്തിന്റെ എതിർപ്പും ആദ്യഅവസരത്തിൽത്തന്നെ തമിഴ്നാടിനെ അറിയിച്ചിരുന്നു. ഡാമിന്റെ താഴെയുള്ള പ്രദേശങ്ങളിൽ വസിക്കുന്ന ജനങ്ങളുടെ ജീവനും സ്വത്തിനും ഹാനിയുണ്ടാക്കുന്ന ഇത്തരം പ്രവൃത്തികളിൽ തുടർന്ന് ഏർപ്പെടരുതെന്ന് ഉദ്യോഗസ്ഥതലത്തിലും അഡീഷണൽ ചീഫ് സെക്രട്ടറിതലത്തിലും ചീഫ് സെക്രട്ടറിതലത്തിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിതലത്തിലും തമിഴ്നാട് അധികാരികളോട് കേരളം ആവശ്യപ്പെടുകയും തമിഴ്നാടിനുവേണ്ട

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർദ്ദേശങ്ങൾ നൽകാനും നടപടികളെടുക്കാനും മേൽനോട്ട സമിതി ചെയർമാനേയും കേന്ദ്രസർക്കാരിനേയും അറിയിക്കുകയും ചെയ്യുകയുണ്ടായി. ഇതിനുപുറമേ ഈ വിഷയവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരിഗണനയിലുള്ള റിട്ട് ഹർജിയുമായി ബന്ധപ്പെട്ട ഐ.എ 161599/2021 നമ്പർ സത്യവാങ്മൂലം 08-12-2021-ൽ കേരളം സമർപ്പിച്ചിരുന്നതിൽ മുന്നറിയിപ്പ് നൽകാതെ അസമയങ്ങളിൽ ജലം ഒഴുക്കിവിടുന്നത് ഒഴിവാക്കുന്നതിനും കാലാവസ്ഥാനിരീക്ഷണ വകുപ്പിന്റെ മുന്നറിയിപ്പുകൾ കണക്കിലെടുത്ത് പകൽസമയം ക്രമേണ അധിക ജലം ഒഴുക്കി ആവശ്യമായ flood cushion ജലസംഭരണിയിൽ നിലനിർത്തണമെന്നും ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനാവശ്യമായ സമയം ലഭ്യമാക്കുന്നതിനായി കഴിയുന്നതും സ്പിൽവേ ഷട്ടറുകൾ പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട മുന്നറിയിപ്പുകൾ 24 മണിക്കൂർ മുമ്പെങ്കിലും ജില്ലാഭരണകൂടത്തെ അറിയിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണമെന്നും കൂടാതെ ഷട്ടർ ഓപ്പറേഷനുമായി ബന്ധപ്പെട്ട തീരുമാനങ്ങളെടുക്കുന്നതിനായി കേരള-തമിഴ്നാട് ഉദ്യോഗസ്ഥരടങ്ങുന്ന ഒരു സംയുക്തസമിതിയെ ചുമതലപ്പെടുത്തണമെന്നും കേരളം ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെ

ആവശ്യപ്പെടുകയുണ്ടായി.

(ബി) സ്പിൽവേ ഷട്ടറുകൾ തുറക്കുന്നത് സംബന്ധിച്ച ജാഗ്രതാ നിർദ്ദേശങ്ങൾ യഥാസമയം ജനങ്ങളിലെത്തിക്കുന്നതിന് എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്?

സ്പിൽവേ ഷട്ടറുകൾ തുറക്കുന്നത് സംബന്ധിച്ച് ജനങ്ങൾക്ക് ജാഗ്രതാ നിർദ്ദേശം നൽകുന്നതിനായി ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ റവന്യൂ, പോലീസ്, അഗ്നിശമന സേന, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നീ വകുപ്പുകളെ ഏകോപിപ്പിക്കുകയും അതാത് തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖാന്തരം ഉച്ചഭാഷിണികളിലൂടെ ഷട്ടർ തുറക്കുന്നതുമായി ബന്ധപ്പെട്ട മുൻകരുതൽ നിർദ്ദേശങ്ങൾ നൽകുകയും മുൻകരുതൽ നടപടിയെന്ന നിലയ്ക്ക് മാറ്റിതാമസിപ്പിക്കേണ്ടവരെ സുരക്ഷിത സ്ഥാനങ്ങളിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിനായി National Disaster Response Force (NDRF)-നെ വിന്യസിക്കുകയും ചെയ്തിരുന്നു.

(സി) 2020 ഡിസംബർ 31-ന് തമിഴ്നാട് സ്പിൽവേ ഷട്ടറുകൾ തുറന്നുവിട്ടപ്പോൾ പെരിയാറിന്റെ തീരത്തുള്ളവർ മുന്നറിയിപ്പ് ലഭിക്കാതെ

പരിഭ്രാന്തിയിലാകുവാനിടയായ സാഹചര്യം വ്യക്തമാക്കുമോ?

2020 ഡിസംബർ 31-ന് മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സ്പിൽവേ ഷട്ടറുകൾ തുറന്നിട്ടില്ല.

**മുല്ലപ്പെരിയാർ അണക്കെട്ട്**

300(1033) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാർ അണക്കെട്ട് ഡീ-കമ്മീഷൻ ചെയ്യുവാൻ കഴിയില്ലെന്ന് കേന്ദ്രസർക്കാർ വ്യക്തമാക്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മുല്ലപ്പെരിയാർ അണക്കെട്ട് ഡീ-കമ്മീഷൻ ചെയ്യാൻ കഴിയില്ലെന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടില്ല. എന്നാൽ പുതിയ ഡാം കമ്മീഷൻ ചെയ്ത്, പൂർണ്ണമായും പ്രവർത്തനസജ്ജമാകുന്നതുവരെ നിലവിലെ ഡാം ഡീ-കമ്മീഷൻ ചെയ്യാൻ പാടില്ലെന്ന് ഒ.എസ്. 3/2006 അസ്സൽ അന്യായത്തിന്മേൽ ബഹുമാനപ്പെട്ട സുപ്രീംകോടതി 07-05-2014-ൽ പ്രഖ്യാപിച്ച വിധിന്യായത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) തമിഴ്നാടിന് ജലവും കേരളത്തിന് സുരക്ഷയും

ഉറപ്പാക്കിക്കൊണ്ട് മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുന്നതിനായി ജലവിഭവ വകുപ്പ് എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

1895-ൽ നിർമ്മിച്ച മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സുരക്ഷയും അണക്കെട്ടിന്റെ താഴെയുള്ള പ്രദേശങ്ങളിൽ വസിക്കുന്ന ജനങ്ങളുടെ സുരക്ഷയും ഉറപ്പുവരുത്തുന്നതിനായി നിലവിലെ അണക്കെട്ടിന് താഴെയായി ഒരു പുതിയ അണക്കെട്ട് നിർമ്മിക്കണമെന്ന ആവശ്യം ഇരുസംസ്ഥാനങ്ങളും തമ്മിൽ നടന്ന ചർച്ചകളിലെല്ലാം കേരളം ആവശ്യപ്പെട്ടിരുന്നെങ്കിലും ഇതുസംബന്ധിച്ച ധാരണയുണ്ടായിട്ടില്ല. കേരളവും തമിഴ്നാടും തമ്മിൽ നിലനിന്നിരുന്ന മുല്ലപ്പെരിയാർ ഡാം സംബന്ധിച്ച തർക്കങ്ങളുടെ ഭാഗമായി ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ നിലനിന്നിരുന്ന ഒ.എസ്. 3/2006 അസ്സൽ അന്യായത്തിന്മേൽ സുപ്രീംകോടതി 07-05-2014-ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ കേരളത്തിന്റെ ആവശ്യം കണക്കിലെടുത്ത് തമിഴ്നാടിന്റെ സമ്മതത്തോടെ പുതിയ അണക്കെട്ട് നിർമ്മിക്കാവുന്നതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. പുതിയ അണക്കെട്ട് നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി പരിസ്ഥിതി ആഘാതപഠനത്തിനുവേണ്ടിയുള്ള പരിഗണനാ വിഷയങ്ങൾക്കുള്ള (Terms of Reference (ToR)) അംഗീകാരം

2018 നവംബർ 14-ന് കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം നിബന്ധനകളോടെ നൽകിയതിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതി ആഘാതപഠനം നടത്തി, റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള കരാർ ഏറ്റെടുത്ത ഹൈദ്രാബാദ് ആസ്ഥാനമായുള്ള പ്രഗതി ലാബ്സ് ആൻഡ് കൺസൾട്ടന്റ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം ആവശ്യമായ വിവരശേഖരണം നടത്തി കരട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനായി 23-10-2021-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 560/2021/ജ.വി.വ പ്രകാരം നിയമിച്ച സമിതിയുടെ നിർദ്ദേശമനുസരിച്ച് ആവശ്യമായ തിരുത്തലുകളും പരിഷ്കരണങ്ങളും വരുത്തി പാരിസ്ഥിതികാനുമതി ലഭിക്കുന്നതിനായുള്ള അന്തിമ റിപ്പോർട്ട് എത്രയുംവേഗം സമർപ്പിക്കുവാൻ കരാർ കമ്പനിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത പരിഗണനാവിഷയങ്ങളുടെ (ToR) കാലാവധി 4 വർഷമാണ്. ഇതോടൊപ്പം, കേന്ദ്ര ജല കമ്മീഷന്റെ നിലവിലുള്ള മാർഗ്ഗരേഖ പ്രകാരം പുതിയ മുല്ലപ്പെരിയാർ ഡാമിന്റെ ഡി.പി.ആർ. പുതുക്കുന്നതിനായി 12-02-2021-ലെ സ.ഉ (സാധാ) നം. 102/2021/ജ.വി.വ പ്രകാരം ഐ.എസ്.ഡബ്ല്യു. ചീഫ് എഞ്ചിനീയറുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. നിലവിൽ മുല്ലപ്പെരിയാറിൽനിന്നും തമിഴ്നാടിന് നൽകിക്കൊണ്ടിരിക്കുന്ന

ജലത്തിന്റെ അളവിൽ കുറവുവരാത്തവിധത്തിലും കേരളത്തിലെ ജനങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്ന രീതിയിലുമാണ് പുതിയ ഡാം നിർമ്മിക്കുന്നതിനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നത്. പ്രസ്തുത കമ്മിറ്റി യോഗങ്ങൾ കൂടുകയും പുതിയ ഡാമിന്റെ അലൈൻമെന്റ് നിശ്ചയിക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും ഡി.പി.ആർ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) മുല്ലപ്പെരിയാർ അണക്കെട്ടിലെ ജലനിരപ്പ് സംബന്ധിച്ച് തമിഴ്നാട് ശരിയായ കണക്കുകൾ കേരളവുമായി പങ്കുവയ്ക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ കൃത്യമായ വിവരങ്ങൾ ലഭിക്കുന്നതിന് എന്ത് സംവിധാനമാണ് സംസ്ഥാനം ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. കൃത്യമായ വിവരങ്ങൾ തമിഴ്നാട് ഉദ്യോഗസ്ഥരിൽനിന്നും ശേഖരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കൃത്യമായ വിവരങ്ങൾ കൈമാറുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ തമിഴ്നാടിന് നൽകാൻ മേൽനോട്ട സമിതി ചെയർമാനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഡാമിന്റെ ദൈനംദിന ജലനിരപ്പ്, ഡാമിലെ സംഭരണത്തിലെ അളവ്, തമിഴ്നാട് ടണൽ വഴി കൊണ്ടുപോകുന്ന ജലം, മഴയുടെ അളവ് എന്നിവ ജലസേചന വകുപ്പിലെ മോണിറ്ററിംഗ് ഡിവിഷന്റെ

തേക്കടിയിലുള്ള കാര്യാലയത്തിൽ ശേഖരിച്ചുവരുന്നു. ഡാമിലെ ജലനിരപ്പ് 136 അടിയിലേയ്ക്ക് ഉയരുമ്പോൾത്തന്നെ കേരളത്തിലെ ഉദ്യോഗസ്ഥർ തമിഴ്നാട് ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് ഡാമിലെ ജലനിരപ്പ് നിലനിർത്തുവാനുള്ള നടപടികളെടുക്കാറുണ്ട്. കൂടാതെ ഡാമിലെ ജലനിരപ്പ് 136 അടിയായി ഉയരുമ്പോൾ, ഡാമിലെ ജലനിരപ്പ്, നീരൊഴുക്ക്, ടണൽ വഴി തമിഴ്നാട് കൊണ്ടുപോകുന്ന ജലത്തിന്റെ അളവ് എന്നിവ ഓരോ മണിക്കൂറിലും പരിശോധിക്കുന്നതിനായി ജലസേചന വകുപ്പിലെ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുകയും ഇവർ 24 മണിക്കൂർ സമയവും ഡാമിന്റെ പരിസരത്ത് താമസിച്ച് ഈ വിവരങ്ങൾ പരിശോധിച്ചുവരികയും ചെയ്യുന്നു. ഡാമിൽ സ്ഥാപിച്ചിട്ടുള്ള സ്കെയിലിൽ രേഖപ്പെടുത്തിയ ജലനിരപ്പും ആവശ്യാനുസരണം തമിഴ്നാട് സ്ഥാപിച്ചിട്ടുള്ള Digital Water Level Recorder (DWLR)-ൽ രേഖപ്പെടുത്തിയ ജലനിരപ്പും പരിശോധിക്കാറുണ്ട്.

(ഡി) അണക്കെട്ടിലെ ജലനിരപ്പ് അനിയന്ത്രിതമായി ഉയരുമ്പോഴും തമിഴ്നാട് യഥാസമയം ജാഗ്രതാ മുന്നറിയിപ്പ് നൽകാതിരിക്കുകയും 144 അടി വരെ ജലനിരപ്പുയർന്നതിനുശേഷമാണ് പലപ്പോഴും ഷട്ടർ തുറക്കുകയും ചെയ്യുന്നതെന്നതിനാൽ പെരിയാറിന്റെ തീരത്തുള്ളവർ അപകട ഭീതിയിലായിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതൊഴിവാക്കാൻ വകുപ്പ്

എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. ഗണ്യമായ മഴയും നീരൊഴുക്കുമുള്ളപ്പോഴും സംഭരണിയിലെ ജലനിരപ്പ് ക്രമീകരിച്ചുനിർത്തി തുടർന്നുള്ള നീരൊഴുക്കിനെ സുരക്ഷിതമായി ഉൾക്കൊള്ളാനാകുംവിധം ആവശ്യമായ Flood Cushion സംഭരണിയിൽ നിലനിർത്താൻ വേണ്ട നടപടികൾ കൈക്കൊള്ളാതെ, 142 അടി വരെ ജലം സംഭരിക്കാനുള്ള രീതിയിൽ തമിഴ്നാട് മുല്ലപ്പെരിയാർ അണക്കെട്ടിന്റെ പ്രവർത്തനം നടത്തിയതുമൂലം വലിയ അളവിൽ ജലം പുറത്തേയ്ക്കൊഴുക്കേണ്ട സാഹചര്യമുണ്ടായി. ഇത്തരത്തിൽ ക്രമമല്ലാതെയും മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കാതെയും തമിഴ്നാട് മുല്ലപ്പെരിയാർ അണക്കെട്ടിന്റെ സ്പിൽവേയുടെ പ്രവർത്തനം നടത്തിയത് പെരിയാറിന്റെ തീരത്ത് വസിക്കുന്നവർക്ക് ഭീഷണിയായി. രാത്രിയിൽ പതിവായി, വേണ്ട രീതിയിൽ മുന്നറിയിപ്പുനൽകാതെ ജലം തുറന്നുവിടുന്നതുമൂലം തദ്ദേശവാസികൾക്കുള്ള ഭീതി ഒഴിവാക്കാൻ ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ റവന്യൂ, പോലീസ്, അഗ്നിശമനസേന, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നീ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് വെള്ളപ്പൊക്ക ഭീഷണിയുള്ള പ്രദേശങ്ങളിൽനിന്നും മുൻകരുതൽ നടപടിയെന്ന നിലയ്ക്ക് ജനങ്ങളെ മാറ്റിപ്പാർപ്പിക്കാനാവശ്യമായ നടപടികൾ ജില്ലാ ഭരണകൂടം ചെയ്തിരുന്നു.

## ചങ്ങനാശ്ശേരി മണ്ഡലത്തിലെ കുളങ്ങളുടെ നവീകരണം

301(1034) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ കുളങ്ങൾ നവീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഏതെല്ലാം കുളങ്ങളാണ് നവീകരിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും ഇവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ?

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലുൾപ്പെടുന്ന ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റിയിലെ ചിത്രകുളം, കുറിച്ചി പഞ്ചായത്തിലെ ചിറവമുട്ടംകുളം എന്നിവ നവീകരിക്കുന്നതിന് 31 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. മേൽപ്രവൃത്തികൾക്കായി അനുവദിച്ച തുക, അവയുടെ നിലവിലെ സ്ഥിതി എന്നിവ ഉൾപ്പെട്ട പട്ടിക അനുബന്ധമായി+ ചേർക്കുന്നു.

## പടവുകളിൽ അടിഞ്ഞുകൂടിയ മണൽ നീക്കം ചെയ്യാൻ നടപടി

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

302(1035) <u>ശ്രീ. ആന്റണി ജോൺ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ ഭൂതത്താൻകെട്ട് പാലത്തിനുസമീപം പുഴയിലേയ്ക്ക് ഇറങ്ങുവാനുള്ള പടവുകളിൽ മണൽ അടിഞ്ഞുകൂടിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2018-ലെ പ്രളയംമൂലം ഏകദേശം 100 മീറ്ററോളം ദൂരത്തിൽ പടവുകൾ മണൽ നിറഞ്ഞ് മൂടിയിട്ടുള്ളത് നാളിതുവരെ നീക്കം ചെയ്യാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) അടിഞ്ഞുകൂടിയിട്ടുള്ള മണൽ അടിയന്തരമായി നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2018-ലെ പ്രളയംമൂലം അടിഞ്ഞുകൂടിയ മണലോടുകൂടിയ മണ്ണ് നീക്കം ചെയ്യുന്നതിനുള്ള പ്രവൃത്തി 2022-23 ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

**വാട്ടർ അതോറിറ്റിയിലെ ശമ്പള പരിഷ്കരണം**

303(1036) <u>ശ്രീ. എ. പി. അനിൽ കുമാർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ ശമ്പള പരിഷ്കരണം അവസാനമായി നടപ്പിലാക്കിയത് എന്നാണ്; വ്യക്തമാക്കാമോ?

27.09.2016-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 26/2016/ജവിവ പ്രകാരം 01.07.2014 പ്രാബല്യത്തിൽ പത്താം ശമ്പളപരിഷ്കരണം നടപ്പാക്കി.

(ബി) ശമ്പളപരിഷ്കരണം ഉടനെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

ഉണ്ട്. ഇക്കാര്യം പരിശോധിച്ചുവരികയാണ്.

**ഉപഭോക്തൃ സേവനങ്ങൾ മെച്ചപ്പെടുത്താൻ നടപടി**

304(1037) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാട്ടർ അതോറിറ്റിയിൽ ഉപഭോക്തൃ സേവനങ്ങൾ മെച്ചപ്പെടുത്താനായി എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

പരാതികൾക്കും അന്വേഷണങ്ങൾക്കുമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന 1916 എന്ന ടോൾ ഫ്രീ നമ്പർ സംവിധാനം കേരള ജല അതോറിറ്റി ഏർപ്പെടുത്തിയിട്ടുണ്ട്. അതോറിറ്റിയുടെ പൊതു പരാതി

പരിഹാര സോഫ്റ്റ്‌വെയറായ 'അക്വാലൂം' മുഖേനയാണ് പരാതികൾ രജിസ്റ്റർ ചെയ്യേണ്ടത്. ബില്ല്, ജലദൗർലഭ്യം, പൈപ്പ് ലൈനിലെ ലീക്ക് മുതലായ പരാതികൾ ജല അതോറിറ്റിയെ അറിയിക്കുവാനും പരാതിയുടെ നിലവിലെ അവസ്ഥ (സ്റ്റാറ്റസ്) പരാതിക്കാരന് അറിയാനും ഈ സോഫ്റ്റ്‌വെയറിലൂടെ സാധിക്കും.

(ബി) പുതിയ കുടിവെള്ള കണക്ഷൻ, സീവറേജ് കണക്ഷൻ എന്നിവയ്ക്ക് ഓൺലൈൻ അപേക്ഷ സമർപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ?

പുതിയ കുടിവെള്ള കണക്ഷൻ, സീവറേജ് കണക്ഷൻ എന്നിവയ്ക്ക് ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന് ഇ-ടാപ്പ് എന്ന കമ്പ്യൂട്ടർ സംവിധാനം നിലവിലുണ്ട്. ഓൺലൈനായി സമർപ്പിക്കപ്പെട്ട അപേക്ഷയുടെ വിവരങ്ങൾ ഈ സംവിധാനത്തിലൂടെ അപേക്ഷകന് അറിയാൻ കഴിയും. എസ്.എം.എസ്. വഴിയും അപേക്ഷ സംബന്ധിച്ചുള്ള വിവരങ്ങൾ അപേക്ഷകന് ലഭ്യമാക്കുന്നുണ്ട്.

(സി) ഉപഭോക്തൃ സേവനങ്ങൾ ഡിജിറ്റൽ ആക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

പുതിയ കുടിവെള്ള കണക്ഷൻ, സീവറേജ് കണക്ഷൻ എന്നിവയ്ക്ക്

ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിന് ഇ-ടാപ്പ് എന്ന കമ്പ്യൂട്ടർ സംവിധാനം നിലവിലുണ്ട്. ഉപഭോക്താക്കൾക്ക് വാട്ടർ ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനും ബിൽ വിവരങ്ങൾ അറിയുന്നതിനും വാട്ടർ അതോറിറ്റിയുടെ ഓൺലൈൻ പേമെന്റ് സൈറ്റിൽ 'QuiCK PAY' ടാബും സേവനങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ഓൺലൈനായി അറിയിക്കുന്നതിന് 'AQUALOOM' എന്ന കമ്പ്യൂട്ടർ സംവിധാനവുമുണ്ട്. സമർപ്പിക്കുന്ന പരാതികളുടെ തൽസ്ഥിതി, ബില്ലിന്റെയും പണം അടച്ചതിന്റെയും വിവരങ്ങൾ ഇതിലൂടെ എസ്.എം.എസ്. ആയി ഉപഭോക്താക്കളെ അറിയിക്കുന്നുണ്ട്. കുടിവെള്ള കണക്ഷനുകളുടെ ഉടമസ്ഥാവകാശം മാറ്റൽ, മീറ്റർ മാറ്റിവയ്ക്കൽ അടക്കമുള്ള മറ്റ് ഉപഭോക്തൃ സേവനങ്ങൾ ഡിജിറ്റലാക്കുന്നതിന്റെ നടപടി പൂർത്തീകരിച്ചുവരുന്നു.

**ജല വിഭവ വകുപ്പിലെ കരാർ ജീവനക്കാരുടെ നിയമനം**

305(1038) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിൽ നിലവിൽ എത്ര താത്കാലിക/കരാർ ജീവനക്കാരുണ്ടെന്ന വിവരം നൽകാമോ;

(ബി) ഇതിൽ എത്രപേരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിച്ചെന്ന് വ്യക്തമാക്കാമോ;

(സി) മറ്റ് ഏതൊക്കെ വഴിയാണ് ഇവരെ നിയമിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ?

(എ-സി) ജലവിഭവ വകുപ്പിലെ താത്കാലിക/കരാർ ജീവനക്കാരുടെ വിവരം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

**പൊതുടാപ്പുകളുടെ ബിൽ കുടിശ്ശിക**

306(1039) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാട്ടർ അതോറിറ്റിയുടെ നിയന്ത്രണത്തിലുള്ള പൊതുടാപ്പുകൾക്ക് ഉയർന്ന തോതിലുള്ള ബിൽ കുടിശ്ശിക തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും ഈടാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

നൽകിയിട്ടില്ല. എന്നാൽ പൊതുടാപ്പുകൾക്ക് ഗവൺമെന്റ് നിശ്ചയിച്ച വാട്ടർ ചാർജ്ജ് അടയ്ക്കണമെന്നുകാണിച്ച് കുടിശ്ശിക വരുത്തിയിട്ടുള്ള

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കേരള വാട്ടർ അതോറിറ്റി നോട്ടീസുകൾ നൽകിവരുന്നു.

(ബി) നിലവിൽ തദ്ദേശസ്ഥാപനങ്ങളുടെ അധികാര പരിധിയിലുള്ള ഉപയോഗശൂന്യമായ പൊതുടാപ്പുകൾ വിച്ഛേദിക്കാൻ ആവശ്യപ്പെട്ടിട്ടും വാട്ടർ അതോറിറ്റി നടപടി സ്വീകരിച്ചിട്ടില്ലാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ?

പൊതു ടാപ്പുകൾ വിച്ഛേദിക്കാനുള്ള എസ്റ്റിമേറ്റ് തുക വാട്ടർ അതോറിറ്റിയിൽ അടയ്ക്കുന്ന മുറയ്ക്ക് വിച്ഛേദന നടപടികൾ പൂർത്തീകരിച്ചുവരുന്നുണ്ട്. കോവിഡ് വ്യാപനംമൂലം പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിൽ ചെറിയ കാലതാമസം നേരിടുന്നുണ്ട്.

(സി) പിറവം നിയോജകമണ്ഡലത്തിൽ മണീട് ഗ്രാമപഞ്ചായത്തിലെ പൊതു ടാപ്പുകൾക്ക് നൽകിയ ബിൽ കുടിശ്ശിക തുകയിൽ വന്ന അപാകതകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

മണീട് ഗ്രാമപഞ്ചായത്ത് പരിധിയിൽ 08-09-2021-ൽ പഞ്ചായത്ത് സെക്രട്ടറിയും കേരള വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയറും സംയുക്ത പരിശോധനയ്ക്കുശേഷം നൽകിയ റിപ്പോർട്ട് പ്രകാരം പഞ്ചായത്ത്

പരിധിയിൽ 317 ടാപ്പുകളുള്ളതിൽ 44 എണ്ണം നിലനിർത്തുന്നതിനും 273 ടാപ്പുകളുടെ പരിധിയിൽ JJM വഴി വാട്ടർ കണക്ഷൻ (FHTC's) നൽകിയതിനാൽ 273 ടാപ്പുകൾ ഒഴിവാക്കുന്നതിന് തീരുമാനിക്കുകയും ആയതിന്റെ വിച്ഛേദന ചെലവിനായുള്ള 4.20 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തുക പഞ്ചായത്തിനെ അറിയിക്കുകയും ചെയ്തുവെങ്കിലും ടി തുക ഒടുക്കാത്തതിനാൽ പ്രവൃത്തി ക്രമീകരിക്കപ്പെട്ടിട്ടില്ല. ആയതുമൂലം നിലവിൽ 317 ടാപ്പുകളുടെ ബില്ലാണ് പഞ്ചായത്തിന് നൽകിവരുന്നത്.

(ഡി) പ്രസ്തുത പഞ്ചായത്തിലെ ഉപയോഗപ്രദമല്ലാത്ത ടാപ്പുകൾക്ക് ഈടാക്കിയിട്ടുള്ള ഡിമാന്റ് ഒഴിവാക്കി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

വിച്ഛേദന തുക അടയ്ക്കുന്ന മുറയ്ക്ക് ടാപ്പുകൾ വിച്ഛേദിച്ചതിനുശേഷം അവയുടെ വാട്ടർ ചാർജ്ജ് ഒഴിവാക്കി നൽകുന്നതാണ്.

**കാസർഗോഡ് നഗരസഭാ പ്രദേശത്തെ വാട്ടർ ലീക്കേജ്**

307(1040) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയുടെ പലഭാഗങ്ങളിലും വിശിഷ്യ

കാസർഗോഡ് നഗരസഭാ പ്രദേശത്ത് വാട്ടർ അതോറിറ്റിയുടെ വെള്ളം ലീക്ക് ചെയ്ത് നഷ്ടപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ലീക്കേജ് ഏതെല്ലാം പ്രദേശങ്ങളിൽ/പോയിന്റുകളിൽ ഉണ്ടെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് നഗരസഭയിലെ താഴെപ്പറയുന്ന സ്ഥലങ്ങളിലെ പൈപ്പ് ലൈൻ ലീക്കേജ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. കാസർഗോഡ് old SH – BMS-ന് സമീപം.

2. ബീച്ച് റോഡ്, ഗീതാ തീയറ്ററിന് എതിർവശം.

3. പാങ്ങോട്.

4. മുണ്ടപ്പൊതി റോഡ്, തളങ്കര.

5. കെ. എസ്. റാവു റോഡ്.

6. പുലിക്കുന്ന് റോഡ്.

7. പാങ്ങോട് യു.കെ.റോഡ്.

8. മധൂർ റോഡ്, ചൂരി സുന്നി സെന്റർ.

9. നീർച്ചാൽ, ബേഡടുക്ക-ഷിരി ബാഗിലു റോഡ്.

10. മധൂർ റോഡ്, നിയർ ജോയ് കൂൾ ഡ്രിങ്ക്സ്.

11. old SH, മല്ലികാർജ്ജുന ക്ഷേത്രത്തിന് എതിർവശം.

(ബി) പ്രസ്തുത ലീക്കേജിന്റെയും ആയത് പരിഹരിക്കാത്തതിന്റെയും കാരണം വിശദമാക്കാമോ?

പ്രസ്തുത ചോർച്ചകൾ അറ്റകുറ്റപ്പണി നടത്തുന്നതിനായി ROW സർവ്വീസിൽ അപേക്ഷ സമർപ്പിച്ചുവെങ്കിലും കാസർഗോഡ് നഗരസഭയിൽനിന്നും പൊതുമരാമത്ത് വകുപ്പിൽനിന്നും അനുമതി ലഭിച്ചിട്ടില്ല. പൊതുമരാമത്ത് വകുപ്പ് സ്ഥലം സന്ദർശിച്ച് റോഡ് റെസ്റ്റൊറേഷൻ ചാർജ്ജ് അടയ്ക്കുവാനായി ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ട്. റോഡ് റെസ്റ്റൊറേഷൻ ചാർജ്ജ് അടയ്ക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എന്നിരുന്നാലും അടിയന്തര സ്വഭാവമുള്ള പ്രവൃത്തിയായി പരിഗണിച്ച് അനുമതിക്കായി പൊതുമരാമത്ത് വകുപ്പിനെ ബന്ധപ്പെടാറുണ്ടെങ്കിലും മുകളിൽ സൂചിപ്പിച്ച ലീക്കേജുകൾ പരിഹരിക്കുവാനായി അനുമതി ലഭിച്ചിട്ടില്ല.

(സി) ലീക്കേജ് ഇല്ലാതാക്കാൻ ബൃഹത് പദ്ധതി ആവശ്യമുണ്ടോയെന്നും എങ്കിൽ അതിന് പ്രതീക്ഷിക്കുന്ന ചെലവ് എത്രയാണെന്നും അറിയിക്കാമോ;

(ഡി) വെള്ളം പാഴായിപ്പോകുന്ന പ്രശ്നത്തിന് ശാശ്വതപരിഹാരം

കണ്ടെത്തുമോ; വിശദമാക്കാമോ?

(സി & ഡി) കാസർഗോഡ് നഗരസഭയിലെ കാലപ്പഴക്കം ചെന്ന പഴയ പൈപ്പുകൾ മാറ്റാനും വിതരണ ശൃംഖല ദീർഘിപ്പിച്ച് മുഴുവൻ ഭവനങ്ങളിലും ഗാർഹിക കണക്ഷനുകൾ നൽകുന്നതിനുമുള്ള ബൃഹത്പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് അമൃത്-2 പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി തയ്യാറാക്കിവരുന്നുണ്ട്. ടി പ്രോജക്ട് പൂർത്തിയാകുന്ന മുറയ്ക്ക് വെള്ളം പാഴായിപ്പോകുന്ന പ്രശ്നത്തിന് ശാശ്വതപരിഹാരം കണ്ടെത്താനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## കൊണ്ടോട്ടി മണ്ഡലത്തിലെ ഗ്രാമീണ റോഡുകൾ നന്നാക്കുന്നതിന് അധിക ഫണ്ട്

308(1041) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി മണ്ഡലത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനും കുടിവെള്ളം എത്തിക്കുന്നതിനുംവേണ്ടി ചീക്കോട് കുടിവെള്ള പദ്ധതി/ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകളിൽ ഗ്രാമീണ റോഡുകൾ പുനസ്ഥാപിക്കുന്നതിന് പരിമിതമായ തുകയാണ് ഉൾപ്പെടുത്തിയതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കൊണ്ടോട്ടി മണ്ഡലത്തിൽ ഇതിനകം ജൽജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി അംഗീകാരം ലഭ്യമായതും നിർവ്വഹണം ആരംഭിക്കാത്തതുമായ പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് പുതുക്കിയ നിരക്കനുസരിച്ച് തയ്യാറാക്കിയപ്പോൾ റോഡുകൾ പുനസ്ഥാപിക്കുന്നതിന് പരിമിതമായ തുക മാത്രമേ പ്രസ്തുത എസ്റ്റിമേറ്റിൽ നൽകാൻ കഴിഞ്ഞുള്ളൂ. ഇതിനെത്തുടർന്ന് പദ്ധതിയിൽ റോഡുകളുടെ പുനസ്ഥാപനത്തിനുള്ള തുകകൂടി ഉൾപ്പെടുത്തി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) നിലവിൽ പദ്ധതി നിർവ്വഹണം പൂർത്തിയായ നിരവധി ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുവേണ്ടി പൊളിച്ച റോഡുകൾ പുനസ്ഥാപിക്കാത്തതിനാൽ ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പൈപ്പ് ലൈൻ സ്ഥാപിച്ചശേഷം റോഡുകൾ പൂർണ്ണമായി പുനസ്ഥാപിക്കുന്നതിൽ കാലതാമസമുണ്ടാകുന്നതുകൊണ്ട് ചില പ്രദേശങ്ങളിൽ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പൈപ്പ് ഇടുന്നതിനുവേണ്ടി പൊളിച്ച ഗ്രാമീണ റോഡുകൾ

സഞ്ചാരയോഗ്യമാക്കുവാൻ ആവശ്യമായ അധിക ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കൊണ്ടോട്ടി മണ്ഡലത്തിൽ ഇതിനകം ജൽജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി അംഗീകാരം ലഭ്യമായതും നിർവ്വഹണം ആരംഭിക്കാത്തതുമായ പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് പുതുക്കിയ നിരക്കനുസരിച്ച് തയ്യാറാക്കിയപ്പോൾ റോഡുകൾ പുനസ്ഥാപിക്കുന്നതിന് പരിമിതമായ തുക മാത്രമേ പ്രസ്തുത എസ്റ്റിമേറ്റിൽ നൽകുവാൻ കഴിഞ്ഞുള്ളൂ. ഇതിനെത്തുടർന്ന് പദ്ധതിയിൽ റോഡുകളുടെ പുനസ്ഥാപനത്തിനുള്ള തുകകൂടി ഉൾപ്പെടുത്തി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**അരൂർ മണ്ഡലത്തിലെ ഉപഭോക്താക്കൾക്ക് അഡീഷണൽ ബിൽ**

309(1042) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീറ്ററിലെ തകരാറും പൈപ്പ് പൊട്ടിയതുമൂലവും അരൂർ മണ്ഡലത്തിലെ കുടിവെള്ള ഉപഭോക്താക്കളുടെ ബിൽ തുക ക്രമാതീതമായി വർദ്ധിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ചില സ്ഥലങ്ങളിൽ മീറ്ററിനുശേഷമുള്ള സർവ്വീസ് പൈപ്പ് ലൈൻ പൊട്ടി അമിതമായ ജലനഷ്ടം ഉണ്ടാകുന്ന ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇങ്ങനെയുള്ള സംഭവങ്ങൾ ഉടൻതന്നെ ഉപഭോക്താക്കൾ ബന്ധപ്പെട്ട സെക്ഷനുകളിൽ അറിയിക്കുന്നപക്ഷം ലീക്ക് പരിഹരിക്കുകയും പ്രതിമാസം 50 കിലോലിറ്ററിലധികം വെള്ളം നഷ്ടപ്പെട്ടിട്ടുള്ള ഗാർഹിക ഉപഭോക്താക്കൾക്ക് ലീക്കുമൂലമാണ് അമിത ബില്ല് വന്നതെന്ന് ഉറപ്പായാൽ ലീക്കേജ് ആനുകൂല്യവും നൽകിവരുന്നുണ്ട്.

(ബി) എങ്കിൽ എത്ര പേർക്കാണ് ഇപ്രകാരം അഡീഷണൽ ബിൽ ലഭിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

കഴിഞ്ഞ ആറുമാസക്കാലയളവിൽ അരൂർ നിയോജകമണ്ഡലത്തിൽ നാല് ഉപഭോക്താക്കൾ പി.എച്ച്. സബ്ഡിവിഷൻ ചേർത്തലയിൽ പരാതി നൽകിയിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു.

1. ARR/2594/D - പരാതി പരിഹരിച്ചശേഷമുള്ള ബിൽ തുക ഉപഭോക്താവ് അടച്ചിട്ടുണ്ട്.

2. AMT/966/D-ലീക്ക് ആനുകൂല്യം ലഭിക്കുന്നതിനായി ലഭിച്ച അപേക്ഷയ്ക്ക് നടപടി സബ്ഡിവിഷനിൽ സ്വീകരിച്ചുവരുന്നു.

3. KMT/1178/D - എന്ന കണക്ഷനിൽ ഉപഭോക്താവ് ലീക്കേജ് ആനുകൂല്യത്തിനുള്ള അപേക്ഷ നൽകിയിരുന്നു. എന്നാൽ സ്ഥല പരിശോധനയിൽ ലീക്കേജ് വന്നതായി കണ്ടെത്താൻ സാധിച്ചിട്ടില്ലാത്തതിനാൽ ടി പരാതി പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല.

4. KMT/1291/D-ഉപഭോക്താവിന്റെ ആവശ്യപ്രകാരം പുതിയ മീറ്റർ സ്ഥാപിച്ചിട്ടുണ്ട്. വാട്ടർചാർജ്ജ് സംബന്ധിച്ച പരാതി പരിഹരിക്കുന്നതിനുള്ള നടപടികൾ ഡിവിഷൻ തലത്തിൽ സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത പരാതി പരിഹരിക്കുന്നതിനായി വകുപ്പിന്റെ നേതൃത്വത്തിൽ അദാലത്തുകൾ സംഘടിപ്പിക്കുമോ; വ്യക്തമാക്കുമോ?

ഉപഭോക്താക്കളുടെ പരാതി പരിഹരിക്കുന്നതിനായി സ്പെഷ്യൽ അദാലത്ത് നടത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ആലപ്പുഴ ജില്ലയിലെ പൊതുകുളങ്ങളുടെ നവീകരണം**

310(1043) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേത്രക്കുളങ്ങൾ ഉൾപ്പെടെയുള്ള പൊതുകുളങ്ങളുടെ നവീകരണത്തിനായി 2016 മുതൽ 2021 വരെ ആലപ്പുഴ ജില്ലയിൽ അനുവദിച്ച

പദ്ധതികളും തുകയും വർഷം തിരിച്ച് വ്യക്തമാക്കാമോ; ഇവയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) ഇവയിൽ ഇനിയും ആരംഭിക്കാത്തതും പൂർത്തീകരിക്കാത്തതുമായ പദ്ധതികൾ റദ്ദ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഇല്ല. അനുമതി ലഭിച്ച പദ്ധതികളെല്ലാംതന്നെ വിവിധ നിർവ്വഹണ ഘട്ടങ്ങളിലാണ്.

(സി) ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുള്ള പൊതുകുളങ്ങൾ നവീകരിക്കുമ്പോൾ വാട്ടർഷെയർ എഗ്രിമെന്റ് വയ്ക്കേണ്ടതുണ്ടോ; ഇതിനുള്ള വ്യവസ്ഥകൾ വിശദമാക്കാമോ?

ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുള്ള പൊതുകുളങ്ങൾ നവീകരിക്കുമ്പോൾ വാട്ടർഷെയർ എഗ്രിമെന്റ് വയ്ക്കേണ്ടതുണ്ട്. ബന്ധപ്പെട്ട സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുമായി കൂടിയാലോചിച്ച് വാട്ടർഷെയർ എഗ്രിമെന്റിന്റെ മാതൃക തയ്യാറാക്കുന്നതിന് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) വാട്ടർഷെയർ എഗ്രിമെന്റ് ആകാത്തതുമൂലം ഏതെങ്കിലും ക്ഷേത്രക്കുളങ്ങളുടെ നവീകരണം സാധ്യമാകാതെ വന്നിട്ടുണ്ടോ; വിശദാംശം നൽകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി**

311(1044) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതിയുടെ പുരോഗതി അറിയിക്കുമോ?

കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതിയുടെ ഒന്നാംഘട്ടത്തിന്റെ ഒന്നുംരണ്ടും പാക്കേജുകൾ പൂർത്തിയായി. പാക്കേജ് 3-ന്റെ പ്രവൃത്തികൾ പുരോഗമിക്കുന്നു. കുട്ടനാട് താലൂക്കിൽപ്പെട്ട 13 പഞ്ചായത്തുകൾക്കുവേണ്ടി കിഫ്ബി ധനസഹായത്തോടുകൂടിയുള്ള രണ്ടാംഘട്ട പദ്ധതിക്ക് 25-06-2019-ൽ 289.54 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നീരേറ്റുപുറത്ത് 30 ദശലക്ഷം പ്രതിദിന ഉത്പാദനക്ഷമതയുള്ള ജലശുദ്ധീകരണശാലയും 13 ഉന്നതതല ജലസംഭരണികളും 46.02 കിലോമീറ്റർ ട്രാൻസ്മിഷൻ മെയിനും

895 കിലോമീറ്റർ വിതരണ ശൃംഖലയുമാണ് ഈ പദ്ധതിയുടെ ഘടകങ്ങൾ. ഈ പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള പരിശോധനകൾ നടന്നുവരുന്നു. ഈ പദ്ധതി 6 പാക്കേജുകളിലായി നടപ്പാക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ജലശുദ്ധീകരണശാലയുടെ നിർമ്മാണത്തിനായി തലവടി പഞ്ചായത്തിലെ നീരേറ്റുപുറത്ത് 125 സെന്റ് സ്ഥലവും ഉന്നതതല ജലസംഭരണികളുടെ നിർമ്മാണത്തിനായി വെളിയനാട് പഞ്ചായത്തിൽ 20 സെന്റ് സ്ഥലവും പുളിങ്കുന്ന് പഞ്ചായത്തിൽ 20 സെന്റ് സ്ഥലവും ഏറ്റെടുക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. സ്ഥലം ഉടമകൾക്കുള്ള നഷ്ടപരിഹാര തുകയായ 53 ലക്ഷം രൂപ 17-02-2022-ൽ സ്പെഷ്യൽ തഹസീൽദാർക്ക് കൈമാറിയിട്ടുണ്ട്. മാർച്ച് മാസത്തിൽ സ്ഥലം ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. സ്ഥലം ലഭ്യമായാൽ ഉടൻതന്നെ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. 2024 മെയ് മാസത്തോടെ പദ്ധതി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

കിഫ്ബി ധനസഹായത്തോടുകൂടി കേരള വാട്ടർ അതോറിറ്റി ആലപ്പുഴ ജില്ലയിൽ നടപ്പാക്കുന്ന ശുദ്ധജല വിതരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുവേണ്ടി ഒരു പ്രത്യേക പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് 11-09-2020-ൽ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. കുട്ടനാട് ശുദ്ധജല വിതരണ പദ്ധതിയുടെ ഭാഗമായി സ്ഥാപിക്കേണ്ട ജലശുദ്ധീകരണശാലയുടേയും ഉന്നതതല ജലസംഭരണികളുടേയും നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനായി കായംകുളം തഹസീൽദാറെ ലാൻഡ് അക്വിസിഷൻ ഓഫീസറായി ബഹുമാനപ്പെട്ട ജില്ലാ കളക്ടർ നിയമിച്ച് സ്ഥലം ഏറ്റെടുക്കൽ തുടർപ്രവൃത്തികൾ നടന്നുവരുന്നു. പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി കുട്ടനാട് എം.എൽ.എ.-യുടെ നേതൃത്വത്തിൽ ഉന്നതതല ഉദ്യോഗസ്ഥരുടെ സംയുക്തയോഗങ്ങൾ ചേരുന്നുണ്ട്. കൂടാതെ പ്രസ്തുത പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുവേണ്ടി ലെയ്സൻ ഓഫീസറായി കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ, പ്രോജക്ട് ഡിവിഷൻ, ആലപ്പുഴ-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) പദ്ധതി എന്നത്തേയ്ക്ക് പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുമെന്ന് വ്യക്തമാക്കാമോ?

ജലശുദ്ധീകരണശാല, ഉന്നതതല ജലസംഭരണി എന്നിവയുടെ നിർമ്മാണത്തിനായുള്ള സ്ഥലം 2022 മാർച്ച് മാസത്തോടെ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. സ്ഥലം ലഭ്യമായാലുടൻതന്നെ സാങ്കേതികാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് മെയ് 2022-ൽ പ്രവൃത്തികൾ ആരംഭിക്കാവുന്നതാണ്. 2024 മെയ് മാസത്തോടെ പദ്ധതി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**മത്സ്യത്തൊഴിലാളികളിൽ നിന്നും ഈടാക്കുന്ന അധിക കെട്ടിട നികുതി**

312(1045) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ പരിപാലന നിയമം നടപ്പിലാക്കിയ പ്രദേശങ്ങളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളിൽനിന്നും മൂന്നിരട്ടി കെട്ടിടനികുതി ഈടാക്കുന്നതായുള്ള വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ അമിതമായ നികുതി അടിച്ചേൽപ്പിക്കപ്പെട്ട മത്സ്യത്തൊഴിലാളികൾ നൽകിയ പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ

വിശദമാക്കാമോ;

(സി) മത്സ്യത്തൊഴിലാളികളുടെ നിലവിലെ സാമ്പത്തിക സ്ഥിതി പരിശോധിച്ച് നിലവിൽ ഈടാക്കുന്ന മൂന്നിരട്ടി കെട്ടിട നികുതി ഒഴിവാക്കി നൽകുന്നതിന് പഞ്ചായത്ത് വകുപ്പുമായി കൂടിയാലോചിച്ച് പ്രത്യേക ഇളവ് നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

(എ-സി) കടലോര/കായലോര മേഖലകളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള ദരിദ്രരായ ജനവിഭാഗങ്ങളുടെ താമസ ആവശ്യത്തിനുള്ള കെട്ടിടങ്ങൾ, C.R.Z പരിധിയിൽ വരുന്നതിനാൽ അൺഓതറൈസ്ഡ് കെട്ടിട നമ്പരാണ് പഞ്ചായത്തുകളിൽനിന്നും അനുവദിക്കുന്നത്. ഇത്തരത്തിൽ അൺഓതറൈസ്ഡ് നമ്പർ നൽകുന്ന കെട്ടിടങ്ങൾക്ക് കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 എ എ പ്രകാരം നിയമാനുസൃതമായി നിർമ്മിച്ചിരുന്നതായിരുന്നുവെങ്കിൽ ഈടാക്കേണ്ടി വരുമായിരുന്ന കെട്ടിട നികുതിയും അതിന്റെ രണ്ടിരട്ടി തുകയും ചേർന്നുള്ള തുക ചട്ടപ്രകാരം കെട്ടിട നികുതിയായി ഈടാക്കേണ്ടതുണ്ട്. തീരദേശമേഖലയിലും മറ്റ് പുറമ്പോക്കുകളിലും വാസഗൃഹമായി നിർമ്മിക്കുന്ന കെട്ടിടങ്ങളെ അനധികൃത കെട്ടിടങ്ങളായി മാത്രമേ പരിഗണിക്കാനാവുകയുള്ളൂ. ആയതിനാൽ ഇത്തരം കെട്ടിടങ്ങൾക്ക് നികുതി

ഇളവിന് നിലവിൽ അർഹതയില്ല. ഇക്കാര്യം പഞ്ചായത്ത് വകുപ്പുമായി കൂടിയാലോചിച്ച് തീരുമാനിക്കുന്നതാണ്.

**പുതുവൈപ്പിനിൽ അക്വാപാർക്ക്**

313(1046) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ പുതുവൈപ്പിനിൽ അക്വാപാർക്ക് ആരംഭിക്കുന്നത് സംബന്ധിച്ച് 03-09-2021-ന് മത്സ്യബന്ധനവും തുറമുഖവും വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ നടപ്പിലാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി കൺസെപ്റ്റ് നോട്ട് തയ്യാറാക്കുവാൻ എംപാനൽഡ് ഏജൻസിയെ കണ്ടെത്തുന്നതിന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നോട്ടീസ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

(എ & ബി) വൈപ്പിൻ മണ്ഡലത്തിലെ പുതുവൈപ്പിനിൽ അക്വാപാർക്ക് ആരംഭിക്കുന്നത് സംബന്ധിച്ച് 03-09-2021-ന് സർക്കാർതലത്തിൽ ചേർന്ന

യോഗ പ്രകാരം അക്വാപാർക്ക് സ്ഥാപിക്കാനുദ്ദേശിക്കുന്ന പ്രദേശത്തെ കണ്ടൽക്കാടുകൾ നിലനിർത്തിക്കൊണ്ടും കേന്ദ്രസർക്കാരിന്റെ പ്രധാനമന്ത്രി മൽസ്യ സമ്പദാ യോജന പദ്ധതിയിൽ പരിഗണിക്കപ്പെടാൻ കഴിയുന്ന തരത്തിലും കൺസെപ്റ്റ് നോട്ട് തയ്യാറാക്കാൻ തീരുമാനിക്കുകയും അതിനാവശ്യമായ Expression of Interest ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തീരദേശ വികസന കോർപ്പറേഷൻ ഇതിനാവശ്യമായ ഡോക്യുമെന്റ് തയ്യാറാക്കിവരുന്നു.

**ചങ്ങനാശ്ശേരി മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖാന്തരം അനുവദിച്ച പ്രവൃത്തികൾ**

314(1047) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഫിഷറീസ് വകുപ്പ് മുഖാന്തരം ചങ്ങനാശ്ശേരി മണ്ഡലത്തിൽ ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖാന്തരം കുറിച്ചി ഗ്രാമപഞ്ചായത്തിലെ ചലചിറ-കല്ലുകടവ്- കോയിപ്പുറം ജംഗ്ഷൻ റോഡ് പ്രവൃത്തിക്ക് 10-12-2021-ലെ സ.ഉ. (സാധാ) നം.738/2021/മ.തു.വ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു). കൂടാതെ മത്സ്യഫെഡ്, സഹകരണ ബാങ്കുമായി ചേർന്നുള്ള 3 ഫ്രാഞ്ചൈസി ഫിഷ് മാർട്ടുകൾ (പുഴവാത് സർവ്വീസ് സഹകരണ ബാങ്ക്, കുറിച്ചി സഹകരണ ബാങ്ക്, പായിപ്പാട് സഹകരണ ബാങ്ക്) ഈ മണ്ഡലത്തിൽ ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ ഭരണാനുമതിക്കായി ലഭിച്ചിട്ടുള്ള പ്രൊപ്പോസലുകൾ എത്രയെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

ഭരണാനുമതിക്കായി മറ്റ് പ്രൊപ്പോസലുകളൊന്നുംതന്നെ ലഭിച്ചിട്ടില്ല.

## ബോട്ടുകളുടെ കാലാവധി

315(1048) <u>ശ്രീ. പി. നന്ദകുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാഹനങ്ങൾക്കെന്നപോലെ ബോട്ടുകൾക്കും 15 വർഷമെന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാലപരിധി നിശ്ചയിക്കുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാരിൽനിന്ന് കത്തോ ഉത്തരവോ അറിയിപ്പോ ലഭ്യമായിട്ടുണ്ടോ?

കേന്ദ്രസർക്കാരിൽനിന്നും ഇതുസംബന്ധിച്ച കത്തോ ഉത്തരവോ ലഭ്യമായിട്ടില്ല.

**പൊഴിയൂർ മത്സ്യബന്ധന തുറമുഖം**

316(1049) <u>ശ്രീ. കെ. ആൻസലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊഴിയൂർ മത്സ്യബന്ധന തുറമുഖത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടിക്രമങ്ങളാണ് പൂർത്തീകരിച്ചതെന്ന് വിശദമാക്കാമോ;

(ബി) ഡി.പി.ആർ. പൂർത്തീകരിക്കാൻ ആരെയാണ് ചുമതലപ്പെടുത്തിയതെന്നും തുറമുഖത്തിന്റെ പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

(എ & ബി) പൊഴിയൂർ തുറമുഖ നിർമ്മാണത്തിനായി മോഡൽ സ്റ്റഡി നടത്തി DPR തയ്യാറാക്കുന്നത് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പാണ്.

തുറമുഖത്തിന്റെ നിർമ്മാണത്തിനാവശ്യമായ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ, മാതൃകാപഠനം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. ടെക്നിക്കൽ കമ്മിറ്റി മാതൃകാപഠന റിപ്പോർട്ട് പരിശോധിച്ച് വിശദമായ അവലോകനത്തിനുശേഷം മത്സ്യബന്ധന തുറമുഖത്തിന്റെ ലെഔട്ട് അന്തിമമാക്കിയിട്ടുണ്ട്. ഈ അലൈൻമെന്റിൽ Soil investigation നടന്നുവരുന്നു. പദ്ധതിയുടെ EIA Study, CRZ Status റിപ്പോർട്ട് എന്നിവയ്ക്കായി അക്രഡിറ്റഡ് ഏജൻസികളിൽനിന്നും ക്വട്ടേഷൻ ക്ഷണിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. വിവിധതലത്തിലുള്ള അംഗീകാരങ്ങൾ ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

**മുനക്കക്കടവ് ഫിഷ്ലാൻഡിംഗ് സെന്റർ, ചേറ്റുവ ഹാർബർ പദ്ധതികൾ**

317(1050) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനക്കക്കടവ് ഫിഷ്ലാൻഡിംഗ് സെന്ററിന്റെ വികസനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ നൽകുമോ?

മുനക്കക്കടവ് ഫിഷ്ലാൻഡിംഗ് സെന്ററിന്റെ നവീകരണത്തിന്റെ

ഭാഗമായി ഡ്രെഡ്ജിംഗ് പ്രവൃത്തി മാത്രമാണ് നിലവിലുള്ളത്. 90 ലക്ഷം രൂപയുടെ ഡ്രെഡ്ജിംഗ് പ്രവൃത്തി പുരോഗമിച്ചുവരുന്നു. മുനക്കക്കടവ് FLC-യുടെ സമഗ്ര വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ നടപടികളുടെ ഭാഗമായി 17-1-2022-ന് താലൂക്ക് സർവ്വേയറുടെ നേതൃത്വത്തിൽ സർവ്വേ നടത്തിയിട്ടുണ്ട്. സർവ്വേ സ്കെച്ച് തയ്യാറാക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു.

(ബി) ചേറ്റുവ ഹാർബർ നവീകരണവുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ചേറ്റുവ ഫിഷിംഗ് ഹാർബറിലെ വടക്കെ പുലിമുട്ടിന്റെ കേടുപാടുകൾ പരിഹരിക്കുന്നതിന് 195 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി പ്രവൃത്തി ഏർപ്പാടാക്കിയിട്ടുണ്ട്.

**പാലയാട് തുരുത്തി പാലം നിർമ്മാണം**

318(1051) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലയാട് തുരുത്തി പാലം നിർമ്മാണ പ്രവൃത്തി ഏത്

ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

പാലയാട് തുരുത്തി പാലം കരാറിലേർപ്പെട്ട് 15-3-2021-ന് കരാറുകാരന് സൈറ്റ് കൈമാറിയെങ്കിലും പ്രവൃത്തി ആരംഭിച്ചിട്ടില്ല. പ്രാരംഭമായി വേണ്ട മണ്ണ് പരിശോധന, പുഴയിലെ ജലത്തിന്റെ സലൈനിറ്റി ടെസ്റ്റ് എന്നിവ വകുപ്പിലെ ക്വാളിറ്റി കൺട്രോൾ വിഭാഗം വഴി നടത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് എന്നാണ് അനുമതി നൽകിയതെന്നും പ്രവൃത്തി നടപ്പിലാക്കുന്നതിന് എന്തെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നേരിടുന്നുണ്ടോയെന്നും വിശദമാക്കാമോ; തടസ്സങ്ങൾ ഉണ്ടെങ്കിൽ അവ പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്നറിയിക്കാമോ?

28-02-2020-ലെ GO.(Rt) No. 111/2020/F&PD പ്രകാരം 63 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും 6-1-2021-ന് സാങ്കേതികാനുമതി നൽകി 6-3-2021-ന് ഉടമ്പടിയിലേർപ്പെട്ട് 15-3-2021-ന് കരാറുകാരൻ സൈറ്റ് ഏറ്റെടുത്തു. മാർച്ച് മാസത്തിൽ സൈറ്റ് കൈമാറിയതിനുശേഷം നിയമസഭാ തെരഞ്ഞെടുപ്പ്, കോവിഡ്-19 ലോക്ക്ഡൗൺ, മൺസൂൺ കാലം എന്നിവയാൽ പാലം പണിയുന്നതിന് അനുയോജ്യ സാഹചര്യം

ലഭ്യമായിരുന്നില്ല. കരാറുകാരനോട് നിരന്തരം ആവശ്യപ്പെട്ടതിൻപ്രകാരം മൺസൂൺ കഴിഞ്ഞ് പ്രവൃത്തി ആരംഭിക്കാമെന്ന് കത്തുമുഖേന കരാറുകാരൻ അറിയിച്ചിരുന്നുവെങ്കിലും കരാറുകാരൻ ഇതുവരെ പ്രവൃത്തി തുടങ്ങിയിട്ടില്ല.

(സി) പാലങ്ങളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭിച്ചതിനുശേഷം മണ്ണ് പരിശോധന നടത്തി സാങ്കേതികാനുമതിക്കായി സമർപ്പിക്കുമ്പോൾ ഫൗണ്ടേഷൻ നിർമ്മിക്കാനുള്ള തുകയിൽ വലിയ വ്യത്യാസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഫൗണ്ടേഷൻ നിർമ്മിക്കാനുള്ള തുകയിൽ വ്യത്യാസം വന്നിട്ടില്ല.

(ഡി) മണ്ണ് പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പാലങ്ങളുടെ നിർമ്മാണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് പരിഗണനയിലുണ്ടോയെന്ന് അറിയിക്കാമോ?

മണ്ണ് പരിശോധന റിപ്പോർട്ടിനനുസരിച്ച് വ്യത്യാസം വരുന്ന പൈൽ, പിയർ, വെൽ ഫൗണ്ടേഷൻ മുതലായ രീതിയിലുള്ള ഫൗണ്ടേഷനുകളിൽ നിർമ്മിക്കുന്ന പാലങ്ങൾക്ക് ഈ കാര്യങ്ങൾ പരിഗണിക്കുന്നു. എന്നാൽ ബോക്സ് കൾവർട്ടുപോലുള്ള ഡിസൈനുകളിൽ കൂടുതൽ വിശദമായ ബോറിംഗ് നടത്തിയിട്ടുള്ള മണ്ണ് പരിശോധന ചെയ്യാറില്ല.

(ഇ) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ?

പ്രസ്തുത പ്രവൃത്തി ഉടൻതന്നെ ആരംഭിക്കുവാനും അല്ലാത്തപക്ഷം കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി പുനഃക്രമീകരിക്കുന്നതിന് നടപടിയെടുക്കുമെന്നും കരാറുകാരന് കത്ത് നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരണ കാലാവധിയായ 13-01-2023-നകം പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

**തീരദേശ വികസനത്തിന് മത്സ്യബന്ധന വകുപ്പ് നടപ്പാക്കുന്ന പദ്ധതികൾ**

319(1052) <u>ശ്രീമതി യു. പ്രതിഭ</u>:
<u>ശ്രീ. എം. നൗഷാദ്</u>:
<u>ശ്രീ. കെ. വി. സുമേഷ്</u>:
<u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശത്തിന്റെ സമഗ്രവികസനം യാഥാർത്ഥ്യമാക്കുന്നതിന് മത്സ്യബന്ധന വകുപ്പുവഴി നടപ്പാക്കുന്ന 8300 കോടിയോളം രൂപയുടെ പദ്ധതികൾ അവലോകനം നടത്തിയിരുന്നോ; ഇത് സമയബന്ധിതമായി

പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഫിഷറീസ് വകുപ്പിൽ, തീരദേശത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് 5 വർഷംകൊണ്ട് അയ്യായിരം കോടി രൂപയുടെ പാക്കേജ് നടപ്പാക്കുമെന്നാണ് പ്രഖ്യാപിച്ചിട്ടുള്ളത്. തീരദേശത്തിന്റെ സമഗ്ര വികസനത്തിനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുമുതകുന്ന പദ്ധതികളാണ് ഫിഷറീസ് വകുപ്പും അനുബന്ധ ഏജൻസികളും പാക്കേജിന്റെ ഭാഗമായി നടപ്പിലാക്കിവരുന്നത്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് തീരദേശത്ത് കടലാക്രമണ ഭീഷണിയിൽ വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ കഴിയുന്ന 18685 മത്സ്യത്തൊഴിലാളികളെ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്ന 'പുനർഗേഹം' പദ്ധതി. 2450 കോടി രൂപ അടങ്കൽ വരുന്ന പദ്ധതിയിൽ 1398 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നുള്ളതും 1052 കോടി രൂപ സംസ്ഥാന പദ്ധതി വിഹിതവുമാണ്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ 8487 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 998.6 കോടി രൂപയും രണ്ടാംഘട്ടത്തിൽ 5099 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 796.54 കോടി രൂപയും മൂന്നാംഘട്ടത്തിൽ 5099 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 654.85 കോടി രൂപയുമാണ്

വകയിരുത്തുന്നത്. പദ്ധതിപ്രകാരം വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ താമസിക്കുന്ന 11146 കുടുംബങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ജില്ലാതല അപ്രൂവൽ കമ്മിറ്റി അംഗീകരിക്കുകയും ആയതിൽ 8153 കുടുംബങ്ങൾ 50 മീറ്റർ വേലിയേറ്റ രേഖയിൽനിന്നും മാറി താമസിക്കുന്നതിന് തയ്യാറാകുകയും ചെയ്തിട്ടുണ്ട്. ഇതിൽ 2208 കുടുംബങ്ങൾ ഭൂമി രജിസ്റ്റർ ചെയ്യുകയും 1770 കുടുംബങ്ങൾ ഭവന നിർമ്മാണം ആരംഭിക്കുകയും 1093 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 276 കുടുംബങ്ങൾ ഫ്ലാറ്റുകളിലേയ്ക്ക് താമസമാകുകയും ചെയ്തിരിക്കുന്നു. വിവിധ ജില്ലകളിലായി 818 ഫ്ലാറ്റുകൾ പല ഘട്ടങ്ങളിലായി നിർമ്മാണത്തിലാണ്. തീരദേശ സമഗ്ര വികസനം ലക്ഷ്യംവച്ചുള്ള പാക്കേജിന്റെ ഭാഗമായി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി താഴെപ്പറയുന്ന 649.27 കോടി രൂപയുടെ പദ്ധതികൾ പുരോഗമിക്കുന്നു.

| ക്രമ നമ്പർ | പദ്ധതികൾ | തുക (കോടിയിൽ) |
|---|---|---|
| 1 | തീരദേശത്തെ 57 സ്കൂളുകളുടെ നവീകരണം | 66.35 കോടി രൂപ |
| 2 | 51 മാർക്കറ്റുകളുടെ നവീകരണം | 120.57 കോടി രൂപ |
| 3 | തീരസംരക്ഷണ പദ്ധതികൾ | 232 കോടി രൂപ |
| 4 | ഹാർബർ നിർമ്മാണം | 230.43 കോടി രൂപ |

പ്രസ്തുത പാക്കേജുകൾ പ്രകാരം ആർ.ഐ.ഡി.എഫ്-ൽ ഉൾപ്പെടുത്തി 100.18 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇതിൽ 30.2426 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. തീരദേശത്തിന്റെ സമഗ്ര വികസനം ലക്ഷ്യമിട്ട് 2016-17 മുതൽ വിവിധ പദ്ധതികളിലുൾപ്പെടുത്തി ആകെ 1684.72 കോടി രൂപ വകയിരുത്തുകയും 1533.89 കോടി രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. (വിശദാംശം അനുബന്ധം 1+ ആയി ചേർക്കുന്നു.) ഓഖി പാക്കേജിലുൾപ്പെടുത്തി ഹാർബറുകളുടെ നവീകരണ/ വികസന പ്രവർത്തനങ്ങൾക്കായി 54.70 കോടി രൂപയുടെ പദ്ധതികൾ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖാന്തരം നടപ്പിലാക്കിവരുന്നു. ഇതിനെല്ലാം പുറമെ ഫിഷറീസ് വകുപ്പിന്റെയും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെയും പദ്ധതി വിഹിതത്തിലുൾപ്പെടുത്തി തീരദേശത്തിന്റെ വികസനത്തിനായി റോഡുകളടക്കമുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികളും ക്ഷേമ പദ്ധതികളും നടപ്പിലാക്കിവരുന്നു. കൂടാതെ തീരദേശത്തെ സമഗ്ര വികസനത്തിനായി ആരോഗ്യ വകുപ്പ് മുഖാന്തരം കിഫ്ബി ഫണ്ടിലുൾപ്പെടുത്തി തീരദേശ ആശുപത്രികളുടെ നവീകരണവും ജലസേചന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വകുപ്പ് മുഖാന്തരം തീരസംരക്ഷണ പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു. കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്നതിനായി അംഗീകാരം ലഭ്യമായ സ്കൂളുകൾക്ക് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നാളിതുവരെ 12.42 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. പരപ്പനങ്ങാടി മത്സ്യബന്ധന തുറമുഖ നിർമ്മാണത്തിനായി 33.63 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം തീരപ്രദേശ റോഡുകളുടെ നവീകരണത്തിനായി നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ; എത്ര റോഡുകൾ പൂർത്തിയാക്കിയിട്ടുണ്ട്?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന തീരദേശ റോഡുകളുടെ നവീകരണത്തിനായി 153 റോഡ് പ്രവൃത്തികൾക്ക് 7954.90 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ഭരണാനുമതി ലഭ്യമായ ടി പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. കൂടാതെ മുൻ സർക്കാരിന്റെ കാലത്ത് ഭരണാനുമതി ലഭ്യമായി പുരോഗമിച്ചുവന്ന റോഡുപ്രവൃത്തികളുൾപ്പെടെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 139 റോഡുപ്രവൃത്തികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഹാർബറുകൾ, ലാൻഡിംഗ് സെന്ററുകൾ, മത്സ്യമാർക്കറ്റുകൾ എന്നിവ ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന റോഡുനിർമ്മാണത്തിന്റെ പുരോഗതി അറിയിക്കാമോ?

ഹാർബറുകൾ, ലാൻഡിംഗ് സെന്ററുകൾ, മത്സ്യമാർക്കറ്റുകൾ എന്നിവ ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന വിവിധ റോഡ് നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി അനുബന്ധം 2+ ആയി ചേർക്കുന്നു.

**മലപ്പുറം ജില്ലയിലെ മത്സ്യഫെഡിന്റെ ഫിഷ് മാർക്കറ്റുകൾ**

320(1053) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡിന്റെ ഫിഷ് മാർക്കറ്റുകൾ മലപ്പുറം ജില്ലയിൽ എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ടെന്നും ഇവിടങ്ങളിലേയ്ക്കുള്ള മത്സ്യം ഏതെല്ലാം കളക്ഷൻ സെന്ററുകളിൽനിന്നാണ് എത്തിക്കുന്നതെന്നും അറിയിക്കാമോ?

മലപ്പുറം ജില്ലയിൽ എടപ്പാൾ, കോട്ടയ്ക്കൽ, കാലിക്കറ്റ് യൂണിവേഴ്സിറ്റി (തേഞ്ഞിപ്പാലം) എന്നിവിടങ്ങളിലായി സഹകരണ ബാങ്കുമായി സഹകരിച്ച്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഫ്രാഞ്ചൈസി ഫിഷ്മാർട്ടുകൾ ആരംഭിച്ചിരുന്നുവെങ്കിലും നിലവിൽ പ്രവർത്തിക്കുന്നില്ല. പ്രവർത്തിച്ചിരുന്ന കാലയളവിൽ പൊന്നാനി, ബേപ്പൂർ, പുതിയാപ്പ എന്നീ ഹാർബറുകളിൽനിന്നാണ് ടി ഫിഷ്മാർട്ടുകളിലേയ്ക്കുള്ള മത്സ്യം വിതരണത്തിനായി സംഭരിച്ചിരുന്നത്.

(ബി) എല്ലാ നിയോജകമണ്ഡലങ്ങളിലും മത്സ്യഫെഡിന്റെ ഫിഷ് മാർക്കറ്റുകൾ ആരംഭിക്കുന്ന പദ്ധതി പ്രകാരം മലപ്പുറം ജില്ലയിലെ ഏതെല്ലാം സ്ഥലങ്ങളാണ് പുതിയതായി കണ്ടെത്തിയിട്ടുള്ളതെന്നും, ഇവിടങ്ങളിൽനിന്നും കളക്ഷൻ സെന്ററിലേയ്ക്കുള്ള ദൂരവും അറിയിക്കാമോ?

എല്ലാ നിയോജകമണ്ഡലങ്ങളിലും മത്സ്യഫെഡിന്റെ ഫിഷ് മാർക്കറ്റുകൾ ആരംഭിക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട് നിലമ്പൂർ, മലപ്പുറം, മഞ്ചേരി എന്നിവിടങ്ങളിലാണ് പുതുതായി ഫിഷ്മാർട്ട് തുടങ്ങുവാൻ കണ്ടെത്തിയിട്ടുള്ളത്. മത്സ്യസംഭരണ കേന്ദ്രത്തിൽനിന്നും നിലമ്പൂരിലേയ്ക്ക് 79 കിലോമീറ്ററും മഞ്ചേരിയിലേയ്ക്ക് 65 കിലോമീറ്ററും മലപ്പുറത്തേയ്ക്ക് 67 കിലോമീറ്ററുമാണ് ദൂരപരിധിയുള്ളത്.

(സി) മത്സ്യഫെഡിന്റെ ഫിഷ്മാർക്കറ്റ് നിലമ്പൂർ നഗരസഭയുടെ ഫിഷ് മാർക്കറ്റിൽ ആരംഭിക്കുന്നതിനുവേണ്ടി എം.എൽ.എ മുഖാന്തരം സമർപ്പിച്ച

അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഇതുസംബന്ധിച്ച ആശയവിനിമയങ്ങളുടെ പകർപ്പ് ലഭ്യമാക്കാമോ?

മത്സ്യഫെഡിന്റെ ഫിഷ്മാർക്കറ്റ് നിലമ്പൂർ നഗരസഭയുടെ ഫിഷ് മാർക്കറ്റിൽ ആരംഭിക്കുന്നതിനുവേണ്ടി അനുയോജ്യമായ സ്ഥലം (500 Sq.ft) ലഭ്യമാക്കുന്നതിന് ബഹുമാനപ്പെട്ട എം.എൽ.എ.-യും നിലമ്പൂർ നഗരസഭാ ചെയർമാനും 09-02-2022-ൽ കത്ത് നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട നിലമ്പൂർ എം.എൽ.എ.-യും നഗരസഭാ ചെയർമാനും നൽകിയ കത്തുകളുടെ പകർപ്പുകൾ അനുബന്ധമായി+ ചേർക്കുന്നു.

**മത്സ്യഫെഡിൽ നിന്നും എടുത്ത വായ്പയുടെ തിരിച്ചടവ്**

321(1054) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡിൽനിന്നും മത്സ്യബന്ധന ആവശ്യങ്ങൾക്കുവേണ്ടി എടുത്ത വായ്പ, കാലാവധി കഴിഞ്ഞിട്ടും അടച്ചുതീർക്കാത്ത മത്സ്യത്തൊഴിലാളികൾക്ക് പലിശയും പിഴപ്പലിശയും ഒഴിവാക്കി നൽകുമെന്നും ആ സമയത്ത് ബാക്കിനിൽക്കുന്ന തുക മാത്രം അടച്ച് ബാദ്ധ്യത

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തീർത്താൽ ജാമ്യവസ്തുവിന്റെ പ്രമാണങ്ങൾ തിരിച്ചുനൽകുമെന്നും സർക്കാർ പ്രഖ്യാപിച്ചിരുന്നോ;

(ബി) ഈ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ 2019 ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ മത്സ്യഫെഡിൽ തുക അടച്ച് ബാദ്ധ്യത തീർത്ത പാവപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് മൂന്നുവർഷം കഴിഞ്ഞിട്ടും ഇവരുടെ ജാമ്യവസ്തു തിരിച്ച് ലഭ്യമായിട്ടില്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മത്സ്യത്തൊഴിലാളികളുടെ ഈ പ്രശ്നത്തിന് വ്യക്തമായ മറുപടി നൽകാൻ മത്സ്യഫെഡ് ഉദ്യോഗസ്ഥർക്ക് കഴിയുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മത്സ്യഫെഡിന്റെ ഈ നടപടിമൂലം തൊഴിലാളികളുടെ മത്സ്യബന്ധന ഉപകരണങ്ങൾ കാലപ്പഴക്കത്താൽ നശിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ തൊഴിലാളികളുടെ ബാദ്ധ്യത തീർത്ത് പ്രമാണങ്ങൾ തിരിച്ചുകൊടുക്കുവാനും ബാദ്ധ്യത തീർത്ത നാൾമുതൽ അവർക്കുണ്ടായ നഷ്ടങ്ങൾക്ക് പരിഹാരം നൽകുവാനും നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ-ഡി) 2021-22 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ

പലിശയും പിഴപ്പലിശയും ഒഴിവാക്കി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രഖ്യാപിച്ചിരുന്നു. ഇതുസംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

**മൂല്യവർദ്ധിത മത്സ്യഉൽപ്പന്നങ്ങൾ**

322(1055) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂല്യവർദ്ധിത മത്സ്യഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് ലക്ഷ്യമിടുന്നത്;

(ബി) മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതി സംബന്ധിച്ച് നിലവിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നറിയിക്കുമോ?

(എ & ബി) മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമായി മത്സ്യഫെഡ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, സാഫ് എന്നീ ഏജൻസികൾ മുഖാന്തരം നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ കൊടുക്കുന്നു.

മത്സ്യഫെഡ് എറണാകുളം ജില്ലയിലെ കൊച്ചങ്ങാടിയിൽ പ്രവർത്തിക്കുന്ന മത്സ്യഫെഡ് ഐസ് & ഫ്രീസിംഗ് പ്ലാന്റിൽനിന്നും മത്സ്യം

ശീതീകരിച്ച് കയറ്റുമതി ചെയ്യുന്നുണ്ട്. പ്ലാന്റിലെ വനിതാ ജീവനക്കാർ വിവിധതരം അച്ചാറുകളും (ചെമ്മീൻ, ചൂര, ഓലക്കൊടി, കണവ) കട്‌ലറ്റ്, പീര എന്നീ വിവിധ ഉൽപ്പന്നങ്ങളും നിർമ്മിക്കുന്നു. കൂടാതെ ഇവിടെനിന്നും റെഡി റ്റു ഈറ്റ് & റെഡി റ്റു കുക്ക് വിഭവങ്ങൾ 'മത്സ്യഫെഡ് ഈറ്റ്സ് & മത്സ്യഫെഡ് ട്രീറ്റ്സ്' എന്ന പേരിൽ ചെമ്മീൻ ചമ്മന്തിപ്പൊടി, ചെമ്മീൻ റോസ്റ്റ്, രണ്ടുതരം ഫിഷ് കറിക്കൂട്ടുകൾ, ഫിഷ് ഫ്രൈ മസാല എന്നിവയും ഫിഷ്മാർട്ടുകൾ വഴി വിപണനം ചെയ്തു വരുന്നു. കൊല്ലം ജില്ലയിലെ കൈറ്റോസൺ പ്ലാന്റിൽ ചെമ്മീൻ തോടിൽനിന്നും കൈറ്റോൺ ഗുളികകളും ഉൽപ്പാദിപ്പിക്കുന്നുണ്ട്. ആലപ്പുഴയിൽ ചെങ്ങന്നൂർ മുളക്കുഴയിലും വയനാട് കല്പറ്റയിലും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഉപ്പാദന യൂണിറ്റ് CIFT-ന്റെയും, CTCRI-യുടെയും സാങ്കേതിക സഹായത്തോടെ തുടങ്ങുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. പുതിയ സംസ്കരണശാലകൾ തുടങ്ങുന്നതിനും പദ്ധതിയുണ്ട്.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ: കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിൽ കൊല്ലം ശക്തികുളങ്ങരയിൽ ഒരു കോമൺ പ്രോസസ്സിംഗ് പ്ലാന്റ് പ്രവർത്തിച്ചുവരുന്നു. പ്രസ്തുത പ്ലാന്റിൽനിന്നും ഗുണനിലവാരമുറപ്പാക്കിക്കൊണ്ട് സൗരോർജ്ജ ഡ്രൈയറിൽ ഉണക്കിയെടുത്ത മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങൾ 'ഡ്രിഷ്

കേരള്' എന്ന ബ്രാന്റിൽ വിപണിയിൽ എത്തിച്ചുവരുന്നു. ഇതുകൂടാതെ ICAR-CIFT-ന്റെ സാങ്കേതിക സഹായത്തോടെ 26-ൽപ്പരം "റെഡി ടു ഈറ്റ്" മത്സ്യവിഭവങ്ങൾ "ഫിഷ് മെയ്ഡ്" എന്ന പേരിൽ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. ഫിഷ് കട്ട്ലറ്റ്, ഫിഷ് മോമോസ്, ഫിഷ് റോൾഡ്, ഫിഷ് ബർഗർ എന്നിങ്ങനെയുള്ള ഉൽപ്പന്നങ്ങൾ നിർമ്മിച്ച് വിപണിയിൽ എത്തിച്ചുവരുന്നു. സാഫ് ഒരേ ഗുണനിലവാരമുള്ള മത്സ്യ ഉല്പന്നങ്ങൾക്കായി Common Facility Centre സ്ഥാപിക്കുവാനും പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും ഉല്പന്നത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുമായി Procurement Centre-കൾ സ്ഥാപിക്കുവാനും ഉദ്ദേശിക്കുന്നു. 300 മത്സ്യത്തൊഴിലാളി വനിതകൾക്ക് ഈ പദ്ധതിയിലൂടെ ഗുണം ലഭിക്കും. തീരമൈത്രി സംരംഭങ്ങളിലെ 145 മൽസ്യ സംസ്കരണ യൂണിറ്റുകളിൽ ഉൽപ്പാദിപ്പിക്കുന്നതിൽനിന്നും തെരഞ്ഞെടുത്ത ഗുണനിലവാരമുള്ള ആറുതരം ഉണക്കമത്സ്യം കേരളത്തിലെമ്പാടുമുള്ള മാർക്കറ്റിൽ സാഫ് ലഭ്യമാക്കിവരുന്നു.

(സി) മണിമല മാർക്കറ്റ് നവീകരിച്ച് മത്സ്യഫെഡ് മുഖേന ആധുനിക മത്സ്യമാർക്കറ്റ്-കം-വെയർഹൗസ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കാമോ?

നിലവിൽ പരിഗണനയിലില്ല.

**നടക്കാട് മാർക്കറ്റിന്റെ നവീകരണ പ്രവർത്തനങ്ങൾ**

323(1056) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബിയിൽ ഉൾപ്പെടുത്തി അനുമതി ലഭ്യമായ കാട്ടാക്കട നിയോജകമണ്ഡലത്തിലെ നടക്കാട് മാർക്കറ്റിന്റെ നവീകരണ പ്രവർത്തനങ്ങൾ ആരംഭിക്കാനാകാത്തതിന്റെ കാരണം വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തി ആരംഭിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

നടക്കാട് ഫിഷ്മാർക്കറ്റിന്റെ പഴയ കെട്ടിടം തദ്ദേശഭരണ സ്ഥാപനം മുഖേന പൊളിച്ച് മാറ്റുന്നതിനുള്ള കാലതാമസം വന്നതിനാൽ ആദ്യം കരാർ ഏറ്റെടുത്ത കരാറുകാരൻ മേൽപ്രവൃത്തിയിൽനിന്ന് ഒഴിവാകുകയും ക്ലോഷർ എഗ്രിമെന്റ് വച്ചിട്ടുള്ളതുമാണ്. തുടർന്ന് ഡിമോളിഷൻ പൂർത്തീകരിച്ചപക്ഷം ടി പ്രവൃത്തിക്ക് റീ-ടെണ്ടർ ക്ഷണിച്ചതിൽ വളരെ ഉയർന്ന നിരക്കിലുള്ള സിംഗിൾ ബിഡാണ് ലഭിച്ചത്. തുടർന്ന് ഡി.എസ്.ആർ 2018 റേറ്റ് റിവിഷൻ പ്രാബല്യത്തിൽ വന്നതിനാൽ എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് കിഫ്ബിയിൽ പുതുക്കിയ ഫണ്ടിംഗ് അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ആയത് ലഭിക്കുന്ന

മുറയ്ക്ക് ടെണ്ടർ നടപടികൾ കൈക്കൊണ്ട് പ്രവൃത്തി ആരംഭിക്കുന്നതാണ്.

## മത്സ്യമാർക്കറ്റുകളുടെ നവീകരണം

324(1057) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യമാർക്കറ്റുകൾ ആധുനിക മത്സ്യമാർക്കറ്റുകളായി നവീകരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തൊട്ടാകെ അത്യാധുനിക സംവിധാനങ്ങളടങ്ങുന്ന ശുചിത്വപൂർണ്ണമായ മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്നു. ഓരോ മത്സ്യമാർക്കറ്റിലും പച്ച മത്സ്യത്തിനും ഉണക്ക മത്സ്യത്തിനും പ്രത്യേകം സ്റ്റാളുകൾ, മത്സ്യം വൃത്തിയായി കഴുകുന്നതിനാവശ്യമായ സിങ്ക്, മലിനജലം പൂർണ്ണമായും ഒഴുകിപ്പോകുന്ന രീതിയിലുള്ള ഡ്രെയിനേജ് സംവിധാനം എന്നീ സംവിധാനങ്ങളോടുകൂടിയ വിപണന സ്റ്റാളുകൾ, ശുചിത്വം ഉറപ്പാക്കുന്നതിനായി മലിനജല സംസ്കരണ യൂണിറ്റ് എന്നിവയും ഓരോ

മാർക്കറ്റിലും ഉൾപ്പെടുത്തിയിട്ടുണ്ട്. കച്ചവടക്കാർക്ക് വിശ്രമിക്കുന്നതിനായി റെസ്റ്റ് റൂം സൗകര്യം സ്ഥലലഭ്യതയനുസരിച്ച് ഓരോ മത്സ്യമാർക്കറ്റിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ശുദ്ധജല ലഭ്യത, പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേക ടോയ്‌ലെറ്റ് സംവിധാനം എന്നിവയും ഓരോ മത്സ്യമാർക്കറ്റിലും ഉറപ്പുവരുത്തുന്നതാണ്. ഭാഗികമായി കേന്ദ്രസർക്കാരിന്റെ സഹായത്തോടുകൂടി ബ്ലൂ റെവല്യൂഷൻ പദ്ധതിയിലുൾപ്പെടുത്തി 5.15 കോടി രൂപയുടെ രണ്ട് മത്സ്യമാർക്കറ്റുകളും കിഫ്ബി ധനസഹായത്തോടെ 51 ആധുനിക മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കുന്നതിനായി 120.57 കോടി രൂപയുടെ കിഫ്ബി അംഗീകാരവും ലഭ്യമായിട്ടുണ്ട്. മത്സ്യഫെഡ് വഴി ആലപ്പുഴ ജില്ലയിലെ അരൂർ, കൊല്ലം ജില്ലയിലെ അഞ്ചൽ, ഓച്ചിറ എന്നീ മത്സ്യമാർക്കറ്റുകൾ സർക്കാർ ധനസഹായത്തോടുകൂടി നവീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.

(ബി) ഇതിനായി സംസ്ഥാനത്തെ വിവിധ മത്സ്യമാർക്കറ്റുകൾ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ എപ്രകാരമാണെന്ന് വിശദമാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രാഥമിക പരിശോധനയുടെയും ജനപ്രതിനിധികളുമായി ആശയവിനിമയം നടത്തിയശേഷം സാങ്കേതിക ശിപാർശയുടെ അടിസ്ഥാനത്തിലുമാണ് പദ്ധതി തെരഞ്ഞെടുക്കുന്നത്.

(സി) മണ്ണാർക്കാട് മണ്ഡലത്തിലെ വിവിധ മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ നൽകിയാൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദവിവരം നൽകുമോ?

വിശദമായ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ഫീസിബിലിറ്റി സ്റ്റഡി നടത്തി ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**പനച്ചമൂട് മത്സ്യമാർക്കറ്റ് നവീകരണം**

325(1058) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ ആധുനിക മത്സ്യമാർക്കറ്റുകളായി ഉയർത്താൻ തെരഞ്ഞെടുത്തിട്ടുള്ള മത്സ്യമാർക്കറ്റുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന പാറശ്ശാല മണ്ഡലത്തിലെ പനച്ചമൂട് മത്സ്യമാർക്കറ്റ് 462.83 ലക്ഷം രൂപയ്ക്ക് കിഫ്ബി ധനസഹായത്തോടെ പുനരുദ്ധരിക്കുന്നതിനുള്ള അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) കിഫ്ബി ഫണ്ട് വിനിയോഗിച്ച് മത്സ്യമാർക്കറ്റുകളെ ആധുനിക രീതിയിലുള്ള മത്സ്യമാർക്കറ്റുകളായി ഉയർത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള നിബന്ധനകൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

കിഫ്ബി നിർമ്മാണത്തിനായി നൽകുന്ന തുക ലോണാണെന്നും ആയതിനാൽ നിർമ്മാണത്തിനായി അനുവദിച്ച തുക 5 ശതമാനം പലിശയോടുകൂടി 12 വർഷ കാലാവധിക്കുള്ളിൽ തദ്ദേശഭരണ സ്ഥാപനം തിരിച്ചടയ്ക്കാമെന്ന് കിഫ്ബിയുമായി ഉടമ്പടി വയ്ക്കേണ്ടതുണ്ട്.

(സി) പനച്ചമൂട് മത്സ്യമാർക്കറ്റിന്റെ നവീകരണ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ; ഇതിന്റെ ഭാഗമായി നടത്തുന്ന പ്രവൃത്തികൾ എന്തൊക്കെയെന്നും പ്രവൃത്തി എപ്പോൾ ആരംഭിച്ച് എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്നും അറിയിക്കാമോ?

പനച്ചമൂട് മത്സ്യമാർക്കറ്റ് നവീകരിക്കുന്നതിനായി 462.83 ലക്ഷം രൂപയുടെ ഫണ്ടിംഗ് അനുമതി കിഫ്ബിയിൽനിന്നും ലഭ്യമായതനുസരിച്ച് പ്രവൃത്തി നിർമ്മാണത്തിനായി കരാറിൽ ഏർപ്പെട്ടിരുന്നു. എന്നാൽ പഴയ കെട്ടിടങ്ങളുടെ ഡിമോളിഷൻ പഞ്ചായത്ത് മുഖേന പൂർത്തീകരിക്കാത്തതിനാൽ കരാർ റദ്ദ് ചെയ്യേണ്ടതായി വന്നു. നിലവിൽ

ഡിമോളിഷൻ പ്രവൃത്തികൾ പഞ്ചായത്ത് മുഖേന പൂർത്തീകരിച്ചിട്ടുള്ളതാണ്. 15-08-2018-ൽ ഡി.എസ്.ആർ റേറ്റ് റിവിഷൻ 2018 പ്രാബല്യത്തിൽ വന്നതിനാൽ അതിൻപ്രകാരം എസ്റ്റിമേറ്റ് പുതുക്കി അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ളതാണ്. പുതുക്കിയ ഫണ്ടിംഗ് അനുമതി ലഭിക്കുന്നപക്ഷം ടെണ്ടർ നടപടികൾ കൈക്കൊണ്ട് പ്രവൃത്തി ഏർപ്പാടാക്കുന്നതാണ്.

**കണ്ണപുരം, പഴയങ്ങാടി മത്സ്യ മാർക്കറ്റ് നവീകരണം**

326(1059) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി ധനകാര്യ അനുമതി നൽകിയ തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന കണ്ണപുരം മത്സ്യമാർക്കറ്റ്, പഴയങ്ങാടി മത്സ്യമാർക്കറ്റ് എന്നിവയുടെ പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയും; വിശദാംശം ലഭ്യമാക്കാമോ?

പ്രസ്തുത പ്രവൃത്തികൾക്ക് 04-09-2021-ൽ കിഫ്ബിയിൽനിന്നും ഫണ്ടിംഗ് അനുമതി ലഭിച്ചിരുന്നു. എന്നാൽ 15-08-2021-ൽ ഡി.എസ്.ആർ.

റേറ്റ് റിവിഷൻ 2018 പ്രാബല്യത്തിൽ വന്നതിനാൽ അതിൻപ്രകാരം എസ്റ്റിമേറ്റ് പുതുക്കി അംഗീകാരത്തിനായി നിലവിൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടുള്ളതാണ്. പുതുക്കിയ ഫണ്ടിംഗ് അനുമതി ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ കൈക്കൊണ്ട് പ്രവൃത്തി ആരംഭിക്കുന്നതാണ്.

**സുഭിക്ഷകേരളം പദ്ധതിയിലെ മത്സ്യകൃഷി**

327(1060) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുഭിക്ഷകേരളം പദ്ധതിയിൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കിയ മത്സ്യകൃഷി പദ്ധതികളിൽ ഉൽപ്പാദിപ്പിച്ച മത്സ്യങ്ങൾക്ക് വിപണി കിട്ടാതെ കർഷകർക്ക് നഷ്ടം സംഭവിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത കർഷകരെ സഹായിക്കാൻ ഫിഷറീസ് വകുപ്പ് പദ്ധതി നടപ്പിലാക്കുമോ; വിശദാംശങ്ങൾ നൽകാമോ?

വിവിധ മത്സ്യകൃഷി പദ്ധതിയിലൂടെ ഉൽപ്പാദിപ്പിക്കുന്ന മത്സ്യങ്ങൾക്ക് വിപണി ഉറപ്പാക്കുന്നതിനായി ഒരു യൂണിറ്റിന് 10 ലക്ഷം രൂപ അടങ്കൽ തുക

വരുന്ന 25 മാർക്കറ്റിംഗ് ഔട്ട്ലെറ്റുകൾ നടപ്പ് സാമ്പത്തിക വർഷത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ ഗുണനിലവാരമുള്ള മത്സ്യം ശുചിത്വമായ സാഹചര്യത്തിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് മത്സ്യഫെഡ് മുഖേന 50 ഫിഷ് മാർട്ടുകൾ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. സർവ്വീസ് സഹകരണ ബാങ്ക്/ സംഘവുമായി ചേർന്നുള്ള മത്സ്യവിപണന പദ്ധതിയിൽ കേരളത്തിലെ 140 നിയോജകമണ്ഡലത്തിലും ഫിഷ്മാർട്ട് ആരംഭിക്കുന്നതിനായി തുടക്കമിട്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി വിവിധ നിയോജകമണ്ഡലത്തിലായി 59 ഫ്രാഞ്ചൈസി ഫിഷ്മാർട്ടുകൾ പ്രവർത്തിക്കുന്നു. കൂടാതെ, ലൈവ് ഫിഷ് മാർക്കറ്റ്, ഫിഷ് ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷൻ എന്നിവയും ആവിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**ആലപ്പുഴ മണ്ഡലത്തിലെ മത്സ്യച്ചന്തകളുടെ നവീകരണം**

328(1061) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ ഏതെല്ലാം മത്സ്യച്ചന്തകളാണ്

ആധുനീകരിക്കുന്നതെന്നും ഓരോന്നിനും ചെലവഴിക്കുന്ന തുക എത്രയെന്നും വിശദമാക്കുമോ?

ആലപ്പുഴ ജില്ലയിൽ കിഫ്ബി ധനസഹായത്തോടെ തീരദേശ വികസന കോർപ്പറേഷൻ മുഖേന താഴെപ്പറയുന്ന മത്സ്യച്ചന്തകൾ ആധുനീകരിക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്.

| **ക്രമ നം.** | **മത്സ്യമാർക്കറ്റ്, നിയോജകമണ്ഡലം** | **ഭരണാനുമതി തുക (ലക്ഷത്തിൽ)** |
|---|---|---|
| 1 | മണ്ണഞ്ചേരി മത്സ്യമാർക്കറ്റ്, ആലപ്പുഴ | 147.40081 |
| 2 | ചെത്തി മത്സ്യമാർക്കറ്റ്, ആലപ്പുഴ | 137.000985 |

(ബി) പ്രസ്തുത മണ്ഡലത്തിൽ പുതുതായി മത്സ്യമാർക്കറ്റുകൾ നവീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഇല്ല.

**മത്സ്യത്തൊഴിലാളികൾക്കുള്ള ധനസഹായം**

329(1062) <u>ശ്രീ. കെ. പി. എ. മജീദ്</u>:
<u>ശ്രീ. പി. കെ. ബഷീർ</u>:
<u>ശ്രീ. അബ്ദുൽ ഹമീദ് പി.</u> :
<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിൽ അപകടത്തിൽ മരിച്ച മത്സ്യത്തൊഴിലാളികളുടെ ബന്ധുകൾക്ക് ആനുകുല്യങ്ങൾ നൽകുന്നതിൽ കാലതാമസം വരുത്തുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ?

ഇത്തരം പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സമയബന്ധിതമായി ധനസഹായം വിതരണം ചെയ്യുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

പരാതികൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ധനസഹായം എത്രയും വേഗം ലഭ്യമാക്കുന്നതിനായി ഇൻഷ്വറൻസ് കമ്പനികളെ ഉൾപ്പെടുത്തി വകുപ്പുമന്ത്രി പങ്കെടുത്ത് തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിൽവച്ച് യഥാക്രമം 28-12-2021, 15-01-2022 തീയതികളിൽ അദാലത്തുകൾ നടത്തുകയും അതിലൂടെ 201 അപേക്ഷകൾ പരിഗണിക്കുകയും 129 എണ്ണം തീർപ്പാക്കുകയും 12.44 കോടി രൂപ അനുവദിക്കുകയും ചെയ്തു. തീർപ്പാക്കാത്ത അപേക്ഷകളിലെ ന്യൂനതകൾ പരിഹരിച്ച് 3 മാസത്തിനകം ഇൻഷ്വറൻസ് കമ്പനിക്ക് സമർപ്പിക്കുവാനും തീരുമാനിച്ചു. ആവശ്യമായ

രേഖകൾ സമർപ്പിക്കുന്നതിലുള്ള കാലതാമസമാണ് പലപ്പോഴും ഇൻഷ്വറൻസ് ആനുകൂല്യം പരിഗണിക്കുന്നതിനുള്ള കാലതാമസത്തിന് മുഖ്യകാരണം. ഇവ യഥാസമയം പരിശോധിക്കുന്നതിന് മത്സ്യബോർഡ് കമ്മീഷണർക്കും അപേക്ഷകൾ ന്യൂനതകളില്ലാതെ സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട ഫിഷറീസ് ഓഫീസർക്കും ചുമതല നൽകിയിട്ടുണ്ട്. കൂടാതെ 3 മാസത്തിലൊരിക്കൽ ഇൻഷ്വറൻസ് കമ്പനികളുമായി അദാലത്ത് സംഘടിപ്പിച്ച് അപേക്ഷകൾ അതിവേഗം തീർപ്പാക്കുന്നതിന് മത്സ്യബോർഡിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ഓഖി ദുരന്തത്തിൽ മരിച്ചവരുടെയും കാണാതായവരുടെയും മുഴുവൻ ആശ്രിതർക്കും ധനസഹായം വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് നൽകുമെന്ന് വ്യക്തമാക്കുമോ?

ഓഖി ദുരന്തത്തിൽ മരണമടഞ്ഞതും കാണാതായതുമായ 143 മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് 20 ലക്ഷം രൂപ വീതം സംസ്ഥാന ധനസഹായമായി റവന്യൂ വകുപ്പ് മുഖേന നൽകിയിട്ടുണ്ട്. അതോടൊപ്പം ടി ദുരന്തത്തിൽ മത്സ്യബന്ധന യാനങ്ങൾക്കും മറ്റ് അനുസാരികൾക്കും നേരിട്ട നഷ്ടത്തിന് ഏകദേശം തത്തുല്യമായ നഷ്ടപരിഹാരം ഫിഷറീസ് വകുപ്പിൽനിന്നും ലഭ്യമാക്കിയിട്ടുണ്ട്. ഓഖി ദുരന്തത്തിൽ മത്സ്യബന്ധന

ഉപകരണങ്ങൾക്ക് നഷ്ടം സംഭവിച്ചവയിൽ ലൈസൻസും രജിസ്ട്രേഷനും ഇല്ലാത്ത യാനങ്ങളെയുംകൂടി ഉൾപ്പെടുത്തി 6 ഘട്ടങ്ങളിലായി 481 പേർക്ക് 7.13 കോടി രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്. ഓഖി ദുരന്തത്തിൽ മരണപ്പെടുകയോ കാണാതാവുകയോ ചെയ്ത മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അർഹമായ സൗജന്യ വിദ്യാഭ്യാസം, തൊഴിൽ പരിശീലനം ഉൾപ്പെടെ നൽകുന്നതിനായി 1392.82 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 2018-19-ൽ 156 കുട്ടികളുടെ വിദ്യാഭ്യാസത്തിനായി 53.075 ലക്ഷം രൂപയും 2019-20-ൽ 152 കുട്ടികളുടെ വിദ്യാഭ്യാസ ചെലവുകൾക്കായി 55 ലക്ഷം രൂപയും 2020-21-ൽ 131 വിദ്യാർത്ഥികൾക്ക് 45 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. 2021-22-ൽ പദ്ധതിക്കായി 50 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. ഓഖിയിൽ പൂർണ്ണമായും വീട് നഷ്ടപ്പെട്ട 72 മത്സ്യത്തൊഴിലാളികൾക്ക് സ്ഥലവും വീടും നൽകുന്നതിന് 7.41 കോടി രൂപ അനുവദിക്കുകയും അതിൽ മാറിത്താമസിക്കാൻ സന്നദ്ധരായ 22 പേർ സ്ഥലം രജിസ്റ്റർ ചെയ്ത് ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം ജില്ലയിൽ ഓഖിയിൽ മത്സ്യത്തൊഴിലാളികളുടെ ആശ്രിതരിൽ 32 പേർക്ക് സ്ഥലം വാങ്ങി വീടുവയ്ക്കുന്നതിന് 10 ലക്ഷം രൂപ വീതവും 6 പേർക്ക് ഭവനനിർമ്മാണത്തിന് 4 ലക്ഷം രൂപ വീതവും

ധനസഹായം നൽകുന്നതിന് 3.44 കോടി രൂപ അനുവദിച്ചു. 6 പേരിൽ 2 പേർ ഭവനനിർമ്മാണം പൂർത്തീകരിച്ചു. 32 പേരിൽ 26 പേർ സ്ഥലം രജിസ്റ്റർ ചെയ്യുകയും 12 പേർ ഭവനനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി 3 മറൈൻ ആംബുലൻസുകൾ 3 ജില്ലകളിലായി പ്രവർത്തിച്ചുവരുന്നു. കടലിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി 40,000 പേർക്ക് ലൈഫ് ജാക്കറ്റ് നൽകുന്നതിന് 6.10 കോടി രൂപ അനുവദിച്ചു. കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി പ്രത്യേക പരിശീലനം നൽകി 900 കടൽ സുരക്ഷാ സ്ക്വാഡുകളെ നിയോഗിക്കുന്നതിന് 7.15 കോടി രൂപ അനുവദിച്ചു. 612 പേർക്ക് പരിശീലനം നൽകി. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 941 നാവിക് ഉപകരണങ്ങളും ആക്ടിവേറ്റ് ചെയ്ത 168 സാറ്റലൈറ്റ് ഫോണുകളും ഓഖി പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി വിതരണം ചെയ്തു. ഓഖി പുനരധിവാസ പദ്ധതിയിലുൾപ്പെടുത്തി 12 എഫ്.ആർ.പി ബോട്ട് വിതരണം ചെയ്യുന്ന പദ്ധതി പൂർത്തീകരിച്ചുവരുന്നു. 107 ബോട്ടുകൾ വിതരണം ചെയ്തു. ഓഖിയിൽ മരണപ്പെട്ടതും കാണാതായതുമായ മത്സ്യത്തൊഴിലാളികളുടെ വിധവകളിൽ 42 പേർക്ക് മത്സ്യഫെഡിന്റെ മുട്ടത്തറയിലുള്ള ഫാക്ടറിയിൽ

ജോലി നൽകി. 12 പേർക്ക് ആരോഗ്യ വകുപ്പിൽ ജോലി നൽകുന്ന വിഷയം പരിശോധിച്ചുവരുന്നു.

**മത്സ്യത്തൊഴിലാളികൾക്കുള്ള സാമൂഹ്യ സുരക്ഷാ പദ്ധതികൾ**

330(1063) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. എൻ. കെ. അക്ബർ:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപ്രതീക്ഷിത പ്രകൃതിക്ഷോഭവും കനത്തമഴയും കാരണം ഒക്ടോബർ, നവംബർ മാസങ്ങളിൽ കടലിൽ പോകാൻ സാധിക്കാതിരുന്ന സാഹചര്യത്തിൽ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പ്രത്യേക ആശ്വാസ ധനസഹായം നൽകിയിരുന്നോ; എങ്കിൽ എത്ര കുടുംബങ്ങൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചുവെന്നറിയിക്കാമോ?

2021 ഒക്ടോബർ, നവംബർ മാസങ്ങളിലുണ്ടായ കനത്ത മഴയെത്തുടർന്ന് കടലിൽ പോകുന്നതിന് വിലക്കേർപ്പെടുത്തിയതുമൂലം തൊഴിൽ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി, അനുബന്ധ തൊഴിലാളി കുടുംബങ്ങൾക്ക്, ഒരു

കുടുംബത്തിന് 3000/ രൂപ വീതം ധനസഹായം നൽകുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 47.84 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ജില്ലകൾ മുഖേന 159481 മത്സ്യത്തൊഴിലാളി, അനുബന്ധ തൊഴിലാളി കുടുംബങ്ങൾക്ക് ധനസഹായം നൽകുന്നതിനായാണ് പ്രസ്തുത തുക അനുവദിച്ചിട്ടുള്ളത്.

(ബി) മത്സ്യത്തൊഴിലാളികൾക്കായി എന്തെല്ലാം സാമൂഹ്യ സുരക്ഷാ പദ്ധതികളാണ് നിലവിലുള്ളത്; മത്സ്യബന്ധന വകുപ്പ് നേരിട്ടും ക്ഷേമനിധി ബോർഡ്, മത്സ്യഫെഡ്, സാഫ് എന്നിവ വഴിയും നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ?

അനുബന്ധമായി+ ചേർക്കുന്നു.

**കടലാക്രമണത്തിൽ വീട് നഷ്ടപ്പെട്ടവരുടെ പുനരധിവാസം**

331(1064) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലാക്രമണത്തിൽ വീട് നഷ്ടപ്പെട്ട എത്ര കുടുംബങ്ങൾ താൽക്കാലിക ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നുണ്ടെന്ന വിവരം ജില്ല

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തിരിച്ച് വ്യക്തമാക്കുമോ?

തിരുവനന്തപുരം ജില്ലയിൽ 71 കുടുംബങ്ങളും ആലപ്പുഴ ജില്ലയിൽ 3 കുടുംബങ്ങളും കോഴിക്കോട് ജില്ലയിൽ 3 കുടുംബങ്ങളും ക്യാമ്പുകളിൽ കഴിയുന്നുണ്ട്.

(ബി) ഇപ്രകാരം രണ്ടുവർഷത്തിലധികമായി ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്ന എത്ര കുടുംബങ്ങൾ ഉണ്ടെന്ന കണക്ക് ജില്ലതിരിച്ച് വ്യക്തമാക്കുമോ; ഇത്തരം കുടുംബങ്ങൾക്ക് അടിയന്തരമായി പുനരധിവാസത്തിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

തിരുവനന്തപുരം ജില്ലയിൽ 71 കുടുംബങ്ങളിൽ 49 കുടുംബങ്ങൾ രണ്ട് വർഷത്തിലധികമായി ക്യാമ്പിൽ കഴിയുന്നവരാണ്. നിലവിൽ ഫിഷറീസ് വകുപ്പ് തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതിപ്രകാരം വലിയതുറയിൽ നിർമ്മാണമാരംഭിച്ചിട്ടുള്ള ഫ്ലാറ്റ് സമുച്ചയത്തിലേയ്ക്ക് ക്യാമ്പിൽ കഴിയുന്ന അർഹരായ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. മറ്റ് ജില്ലകളിൽ രണ്ടുവർഷത്തിലധികമായി ക്യാമ്പിൽ കഴിയുന്ന ആരുംതന്നെയില്ല.

## പ്രതിഭാതീരം പദ്ധതി

332(1065) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 28-10-2020-ന് മത്സ്യബന്ധന വകുപ്പ് ഭരണാനുമതി നൽകിയ തീരദേശ ലൈബ്രറികൾക്ക് അവശ്യ സൗകര്യങ്ങളൊരുക്കുന്നതിനായി ആവിഷ്കരിച്ച പ്രതിഭാതീരം പദ്ധതി നടപ്പിലാക്കുന്നതിൽ കാലതാമസമുണ്ടാകുന്നതിനുള്ള കാരണം വ്യക്തമാക്കാമോ?

പ്രതിഭാതീരം പദ്ധതി നടപ്പിലാക്കുന്നതിന് 1.06 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. നിർവ്വഹണ ഏജൻസിയായ തീരദേശ വികസന കോർപ്പറേഷൻ കെൽട്രോണിൽനിന്നും ലഭ്യമാക്കി സമർപ്പിച്ച ക്വാട്ട് ഭരണാനുമതി തുകയിൽനിന്നും അധികരിച്ചതിനാൽ ഭരണാനുമതി പുതുക്കുന്നതിന് ലഭിച്ച നിർദ്ദേശം പരിശോധിച്ചുവരുന്നു.

(ബി) വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഏതെല്ലാം ലൈബ്രറികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന്

വ്യക്തമാക്കാമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിലെ ചുവടെ ചേർത്തിട്ടുള്ള ലൈബ്രറികൾ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. ചെറായ് പബ്ലിക് ലൈബ്രറി, ചെറായ്

2. അലിയാർ സ്മാരക വായനശാല, മാലിപ്പുറം, കൊച്ചി

3. ജനകീയ വായനശാല, ചെറായ് ബീച്ച്, കൊച്ചി

(സി) പ്രസ്തുത പദ്ധതിയുടെ ഭരണാനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ?

പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

(ഡി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

നടപടിക്രമങ്ങൾ പൂർത്തിയാക്കി ഉടൻ ആരംഭിക്കുന്നതാണ്.

**അഴീക്കോട് ഗവൺമെന്റ് ഫിഷറീസ് സ്കൂളിന്റെ നവീകരണം**

333(1066) <u>ശ്രീ. കെ. വി. സുമേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) 65.4 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച അഴീക്കോട് ഗവൺമെന്റ് ഫിഷറീസ് എൽ.പി. സ്കൂളിന്റെ നവീകരണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രവൃത്തി പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ & ബി) പഴയ കെട്ടിടം പൊളിക്കാൻ പഞ്ചായത്ത് അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ ക്ഷണിക്കുകയും കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. നിലവിൽ ഡിമോളിഷിംഗ് പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ഡിമോളിഷൻ പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിച്ച് പൂർത്തീകരിക്കുന്നതാണ്.

**പുനർഗേഹം പദ്ധതി**

334(1067) <u>ശ്രീ. എ. എൻ. ഷംസീർ</u>:
<u>ശ്രീ. വി. ജോയി</u>:
<u>ശ്രീ. പി. നന്ദകുമാർ</u>:
<u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരന്തരമുള്ള കടലാക്രമണ ഭീഷണിയിൽ കഴിഞ്ഞിരുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി ആവിഷ്കരിച്ച പുനർഗേഹം പദ്ധതിയുടെ പുരോഗതി അറിയിക്കാമോ?

തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്ന മുഴുവൻ കുടുംബങ്ങളെയും പുനരധിവസിപ്പിക്കാൻ ലക്ഷ്യമിടുന്ന പുനർഗേഹം പദ്ധതി പ്രകാരം ഇതുവരെ 2208 ഗുണഭോക്താക്കൾ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുകയും 1770 പേർ ഭവനനിർമ്മാണം ആരംഭിക്കുകയും അതിൽ 1093 ഭവനങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. ഗുണഭോക്താക്കൾക്ക് കൈമാറിയ ഫ്ലാറ്റുകൾ, നിർമ്മാണം പുരോഗമിക്കുന്ന ഫ്ലാറ്റുകൾ, ഭരണാനുമതി ലഭിച്ച് നിർമ്മാണം ആരംഭിക്കുന്ന ഫ്ലാറ്റുകൾ എന്നിവയുടെ വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത പദ്ധതിക്കായുള്ള ഭൂമിയുടെ രജിസ്ട്രേഷൻ ഫീസും മുദ്രവിലയും ഒഴിവാക്കിയിട്ടുണ്ടോ; ഇതുവരെ എത്ര ഗുണഭോക്താക്കൾക്ക് സ്ഥലം കണ്ടെത്തിയിട്ടുണ്ട്; പഴയ ഭൂമിയിലുള്ള ഉടമസ്ഥാവകാശം നിലനിർത്തിക്കൊണ്ടാണോ ഇവരെ പുനരധിവസിപ്പിക്കുന്നത്;

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വ്യക്തമാക്കാമോ?

ഒഴിവാക്കിയിട്ടുണ്ട്. DLAC അംഗീകരിച്ച 11146 ഗുണഭോക്താക്കളിൽ 2208 പേർ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. നിലവിലുള്ള ഭൂമി ഉടമയുടെ പേരിൽത്തന്നെ നിലനിർത്തി കൃഷിക്ക് ഉപയോഗിക്കാവുന്നതാണെന്നും ഈ സ്ഥലത്ത് യാതൊരുവിധ നിർമ്മാണ പ്രവർത്തനവും നടത്തുകയില്ലെന്നുമുള്ള വ്യവസ്ഥയിലാണ് ഇവരെ പുനരധിവസിപ്പിക്കുന്നത്.

(സി) സംസ്ഥാനത്ത് ഭവനരഹിതരായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾ എത്രയെന്ന കണക്ക് ലഭ്യമാണോ; അവർക്കെല്ലാം ഈ സർക്കാരിന്റെ കാലയളവിൽ വീട് നൽകാൻ പദ്ധതിയുണ്ടോയെന്നും വ്യക്തമാക്കാമോ?

ഹൈദരാബാദിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റിന്റെ (എൻ.ഐ.ആർ.ഡി) 2010-ലെ പഠന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്താകെ 29209 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവനരഹിതരെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 16359 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ ഭവനരഹിതരും 12850 മത്സ്യത്തൊഴിലാളി കുടുംബങ്ങൾ

ഭൂരഹിത ഭവനരഹിതരുമായിരുന്നു. 2018-19 മുതൽ മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണ പദ്ധതി ലൈഫ് മിഷനിലേയ്ക്ക് മാറ്റിയതിനെത്തുടർന്ന് വകുപ്പുമുഖേന നടത്തിയ സത്വര സർവ്വേപ്രകാരം ഭവനരഹിതരായ 7778 പേരുടെ ലിസ്റ്റും ഭൂരഹിത ഭവനരഹിതരായ 7346 പേരുടെ ലിസ്റ്റും ലൈഫ് മിഷന് നൽകിയിട്ടുണ്ട്. ഭവനരഹിതരായ അർഹരായ മുഴുവൻ ആളുകൾക്കും ഭവനം ലഭ്യമാക്കുന്നതിനാണ് ലൈഫ് മിഷൻ പദ്ധതി ലക്ഷ്യമിടുന്നത്.

**കടലിലെ രക്ഷാപ്രവർത്തന സംവിധാനങ്ങൾ**

335(1068) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലിൽ മത്സ്യബന്ധനത്തിനിടയിൽ അപകടം ഉണ്ടാകുമ്പോൾ രക്ഷാപ്രവർത്തനത്തിനായി ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനങ്ങൾ വിശദമാക്കാമോ?

മത്സ്യത്തൊഴിലാളികൾ കടലിൽ മത്സ്യബന്ധനത്തിനിടയിൽ

അപകടത്തിൽപ്പെടുന്ന സാഹചര്യത്തിൽ അതിവേഗം രക്ഷാപ്രവർത്തനവും പ്രാഥമിക ചികിത്സയും സാധ്യമാക്കുന്നതിനായി തിരുവനന്തപുരം-വിഴിഞ്ഞം, എറണാകുളം-വൈപ്പിൻ, കോഴിക്കോട്-ബേപ്പൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് അത്യാധുനിക സംവിധാനങ്ങളോടുകൂടി മൂന്ന് മറൈൻ ആംബുലൻസുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ രക്ഷാ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഫിഷറീസ് ഡയറക്ടറേറ്റ് കേന്ദ്രീകരിച്ച് ഒരു മാസ്റ്റർ കൺട്രോൾ റൂമും വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് ഓരോ റീജിയണൽ കൺട്രോൾ റൂമുകളും പ്രവർത്തിച്ചുവരുന്നു. മറൈൻ ആംബുലൻസുകൾക്കുപുറമെ കടലിൽ അപകടത്തിൽപ്പെടുന്നവരെ രക്ഷിക്കുന്നതിനായി എല്ലാ ജില്ലകളിലും രക്ഷാ ബോട്ടുകളും കടൽ സുരക്ഷാ സ്ക്വാഡുകളും ഏർപ്പെടുത്തിയിട്ടുണ്ട്. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളി മേഖലയിൽനിന്നും തെരഞ്ഞെടുത്ത 900 യുവാക്കളെ ഉൾപ്പെടുത്തി കടൽ സുരക്ഷാ സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്.

(ബി) അപകട സമയത്ത് 108 മാതൃകയിൽ കടലിലും കരയിലും ആംബുലൻസ് ശൃംഖല നടപ്പാക്കുമോ; വിശദാംശം നൽകുമോ?

108 മാതൃകയിൽ കടലിലും കരയിലും ആംബുലൻസ് ശൃംഖല

നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ പരിശോധിച്ചുവരുന്നു.

**കായംകുളം മണ്ഡലത്തിൽ ഫിഷറീസ് വകുപ്പിന്റെ പ്രവൃത്തികൾ**

336(1069) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ 2018-നുശേഷം നാളിതുവരെ ഫിഷറീസ് വകുപ്പുവഴി ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ നിലവിലുള്ള പുരോഗതി വിശദമാക്കാമോ?

കായംകുളം മണ്ഡലത്തിൽ 2018-നുശേഷം നാളിതുവരെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുവഴി ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 1+ ആയി ചേർക്കുന്നു. കായംകുളം മണ്ഡലത്തിൽ 2018-നുശേഷം നാളിതുവരെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദവിവരം അനുബന്ധം 2+ ആയി ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പരമ്പരാഗത മത്സ്യമേഖലയെ ശക്തിപ്പെടുത്തൽ**

337(1070) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പരമ്പരാഗത മത്സ്യമേഖലയെ ശക്തിപ്പെടുത്തുവാൻ എന്തൊക്കെ പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളതെന്നറിയിക്കാമോ?

പരമ്പരാഗത മത്സ്യമേഖലയെ ശക്തിപ്പെടുത്തുന്നതിന് ചുവടെ പറയുന്ന പദ്ധതികൾക്ക് രൂപം നൽകി പ്രാവർത്തികമാക്കിവരുന്നു.

1. കേന്ദ്ര സർക്കാരിന്റെ ബ്ലൂ റെവല്യൂഷൻ പദ്ധതിയിലുൾപ്പെടുത്തി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ കൂടുതൽ ബലവത്തായ 200 FRP ബോട്ടുകൾ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിനുള്ള പദ്ധതി.

2. മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്ന പദ്ധതി.

3. കടലിൽ മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യത്തൊഴിലാളികളുടെ

സുരക്ഷയ്ക്കായി 40000 ലൈഫ് ജാക്കറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. കടൽത്തീരത്തുനിന്ന് 1500 കിലോമീറ്റർ വരെ അകലത്തിൽ വാർത്താവിനിമയം സാധ്യമാക്കുന്നതിന് ISRO വികസിപ്പിച്ചെടുത്ത നാവിക് ഉപകരണം 941 മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് GPS, DAT എന്നിവ സർക്കാർ സബ്സിഡിയോടെ വിതരണം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

4. സംസ്ഥാനത്തെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം കേടുകൂടാതെ സൂക്ഷിക്കുന്നതിനും വിപണനം നടത്തുന്നതിനുമായി 220 ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ നൽകുന്നതിനുള്ള പദ്ധതി.

5. പരമ്പരാഗത മത്സ്യത്തൊഴിലാളികളെ ആഴക്കടൽ മത്സ്യബന്ധനത്തിന് പ്രാപ്തരാക്കുന്നതിനായി 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

6. മത്സ്യത്തിന്റെ വില നിശ്ചയിക്കുന്നതിനുള്ള അവകാശം മത്സ്യത്തൊഴിലാളികൾക്കുതന്നെ നൽകുന്നതിനും അവർക്ക് ന്യായവില

ഉറപ്പാക്കുന്നതിനും ആയതിലൂടെ ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും ഒഴിവാക്കുന്നതിനും ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യം ലഭ്യമാക്കുന്നതിനുമായി "കേരള മത്സ്യസംഭരണവും വിപണനവും ഗുണനിലവാര പരിപാലനവും ആക്ട്" നിലവിൽ വന്നിട്ടുണ്ട്.

7. തിരുവനന്തപുരം ജില്ലയിലെ ലാൻഡിംഗ് സെന്ററുകൾ, ഹാർബറുകൾ എന്നിവിടങ്ങളിൽനിന്നും പ്രധാന മത്സ്യവിപണന കേന്ദ്രങ്ങളിലേയ്ക്കും തിരിച്ചും വനിതാ മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിതവും സൗകര്യപ്രദവുമായ രീതിയിൽ യാത്ര ചെയ്യുന്നതിനും മത്സ്യം ഗുണമേന്മയോടെ എത്തിക്കുന്നതിനുമായി പ്രത്യേക സംവിധാനങ്ങളോടുകൂടിയ 3 സ്പെഷ്യൽ സൗജന്യ ബസ് സർവ്വീസുകൾ 'സമുദ്ര' എന്ന പേരിൽ KSRTC-യും ഫിഷറീസ് വകുപ്പും സംയുക്തമായി ചേർന്ന് നടപ്പിലാക്കിവരുന്നു.

മത്സ്യഫെഡ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ:

1. എൻ.സി.ഡി.സി ധനസഹായത്തോടുകൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി).

2. എൻ.ബി.സി.എഫ്.ഡി.സി/എൻ.എം.ഡി.എഫ്.സി എന്നീ ദേശീയ

ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള പദ്ധതികൾ.

i) ടേം വായ്പകൾ

ii) മൈക്രോഫിനാൻസ് വായ്പ

iii) മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശരഹിത വായ്പാ പദ്ധതി

3. ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം (LDRS)

4. വലകൾക്കുള്ള സബ്സിഡി പദ്ധതി

5. മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി

6. നാടൻ വള്ളങ്ങളുടെ നവീകരണം

7. മത്സ്യത്തൊഴിലാളികൾക്കുള്ള ഉൽപ്പാദന ബോണസ്സ് (Production Bonus)

8. മത്സ്യത്തൊഴിലാളികൾക്കുള്ള കിസാൻ ക്രെഡിറ്റ് കാർഡ് (KCC) 9. പ്രധാനമന്ത്രി മത്സ്യ സമ്പാദ യോജനാ പദ്ധതി

10. കോട്ടയം ജില്ലയിലെ എസ്.സി/എസ്.റ്റി വിഭാഗത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികളുടെയും വനിതകളുടെയും ഉപജീവനമാർഗ്ഗം

മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി

11. മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി

12. മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ സബ്സിഡി

13. മത്സ്യവിപണന ഔട്ട്ലെറ്റുകൾ സാഫ് വഴി നടപ്പിലാക്കുന്ന പദ്ധതികൾ

i) തീരദേശത്തെ മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ശാക്തീകരണത്തിനായി സാഫ് നടപ്പിലാക്കുന്ന തീരമൈത്രി പദ്ധതി

ii) മത്സ്യമേഖലയിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് അവരുടെ തൊഴിൽ മുന്നോട്ട് കൊണ്ടുപോകുന്നതിനാവശ്യമായ മൂലധനത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന 3 R പദ്ധതി

iii) തീരമൈത്രി സീഫുഡ് റസ്റ്റോറന്റ് പദ്ധതി

iV) ഹൈജീനിക് റെഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെൻഡിംഗ് കിയോസ്ക് പദ്ധതി

V) മത്സ്യത്തൊഴിലാളി വനിതകൾക്ക് പുതിയ തൊഴിലവസരങ്ങൾ

സൃഷ്ടിക്കുന്നതിനായി 'Value Added Fish Production Unit-A New Business Platform for Fisherwomen' എന്ന ഒരു പുതിയ പദ്ധതി നടപ്പിലാക്കുന്നത് പരിശോധിച്ചുവരുന്നു.

**മൽസ്യബന്ധന-വിപണനരംഗത്ത് പുതിയ സാങ്കേതിക വിദ്യ**

338(1071) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൽസ്യബന്ധന-വിപണനരംഗങ്ങളിൽ ഗുണമേന്മ ഉറപ്പുവരുത്താൻ പുതിയ സാങ്കേതികവിദ്യകളുടെ പിൻബലത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൽസ്യബന്ധന-വിപണനരംഗങ്ങളിൽ ഗുണമേന്മ ഉറപ്പുവരുത്താൻ പുതിയ സാങ്കേതികവിദ്യകളുടെ പിൻബലത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, മത്സ്യഫെഡ്, സാഫ് തുടങ്ങിയ ഏജൻസികൾ മുഖാന്തരം സ്വീകരിച്ചുവരുന്ന നടപടികൾ അനുബന്ധം 1+ ആയി ചേർക്കുന്നു.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) നൂതന സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുവാനും അവയുടെ വാണിജ്യ ശൃംഖല വിപുലമാക്കുവാനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

നൂതന സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുവാനും അവയുടെ വാണിജ്യ ശൃംഖല വിപുലമാക്കുവാനും സ്വീകരിച്ച നടപടികൾ അനുബന്ധം 2+ ആയി ചേർക്കുന്നു.

(സി) മൂല്യവർദ്ധിത മത്സ്യഉൽപ്പന്നങ്ങൾ ഓൺലൈനായി ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

മൂല്യവർദ്ധിത മത്സ്യഉൽപ്പന്നങ്ങൾ എല്ലാ ജില്ലയിലും ഓൺലൈനായി വിപണനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി കേരള സ്റ്റാർട്ടപ്പ് മിഷന്റെ സഹായത്തോടെ ഒരു വെബ്പോർട്ടലും മൊബൈൽ ആപ്പും രണ്ടുമാസത്തിനകം പ്രവർത്തനക്ഷമമാകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**ഫിഷ് ലാൻഡിംഗ് സെന്ററുകളുടെ നവീകരണം**

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

339(1072) <u>ശ്രീ. എച്ച്. സലാം:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ ഫിഷറീസ് വകുപ്പ് മുഖേന മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനായി 2016 മുതൽ 2021 വരെ അനുവദിക്കപ്പെട്ടിട്ടുള്ള ഓരോ പദ്ധതിയുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) ഫിഷ് ലാൻഡിംഗ് സെന്ററുകളുടെ നവീകരണത്തിനായി ഇക്കാലയളവിൽ ചെലവഴിച്ച തുക എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ?

പുന്നപ്ര ഫിഷ് ലാൻഡിംഗ് സെന്ററിന്റെ നവീകരണത്തിനായി Urgent shore protection work at Punnapra FLC using sand filled Geo Textile bag എന്ന പ്രവൃത്തിക്ക് 5 ലക്ഷം രൂപ അനുവദിച്ചതിൽ 4,36,771 രൂപ ചെലവഴിച്ച് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

**മത്സ്യബന്ധന യാനങ്ങളുടെയും പെർമിറ്റിന്റെയും കാലാവധി**

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

340(1073) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന ഔട്ട്ബോർഡ് എഞ്ചിൻ യാനങ്ങൾക്ക് മണ്ണെണ്ണ പെർമിറ്റ് അനുവദിക്കുന്നതിനും മത്സ്യബന്ധന ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനുമുള്ള കാലാവധി പുതുതായി നിശ്ചയിക്കുകയുണ്ടായോ;

(ബി) മണ്ണെണ്ണ പെർമിറ്റ് ലഭിക്കുന്നതിനായും മത്സ്യബന്ധന ഉപകരണങ്ങൾ ഉപയോഗിക്കുന്നതിനായും ഓരോ ഇനം യാനങ്ങൾക്കും നിലവിൽ നിശ്ചയിച്ചിട്ടുള്ള കാലാവധി എത്ര വർഷം വീതമാണ്?

(എ & ബി) മണ്ണെണ്ണ പെർമിറ്റ് അനുവദിക്കുന്നതിന് എഞ്ചിനുകളുടെ കാലാവധി 10 വർഷമായി നിജപ്പെടുത്തിയിട്ടുണ്ട്. മത്സ്യബന്ധന യാനങ്ങളുടെ കാലാവധി ചുവടെ ചേർക്കുന്നു.

| Sl. No. | Hull material | Fishing vessel with wheel house | Fishing vessel without wheel house |
|---|---|---|---|
| 1 | Wood | 12 Years | 8 Years |
| 2 | Steel | 15 Years | NA |
| 3 | FRP | 18 Years | 12 Years |

(സി) 80 ലക്ഷത്തിലധികം രൂപ ചെലവാക്കി നീറ്റിലിറക്കുന്ന ഒരു യാനത്തിന് 12 വർഷംകൊണ്ട് മുതൽമുടക്ക് തിരിച്ചുപിടിക്കാൻ കഴിയില്ലെന്നുള്ള മത്സ്യത്തൊഴിലാളികളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) കാലാവധി നിശ്ചയിക്കുന്നതിനുപകരം ഫിറ്റ്നസിന്റെ അടിസ്ഥാനത്തിലാണ് പെർമിറ്റ് നൽകേണ്ടതെന്നും മുപ്പതുംനാൽപ്പതും വർഷം പഴക്കമുള്ള വിദേശനിർമ്മിത യാനങ്ങൾ നിർബാധം സർവ്വീസുകൾ നടത്തുമ്പോൾ പരമ്പരാഗത മേഖലയ്ക്ക് ഇത്തരത്തിലുള്ള ഉപാധികൾ വയ്ക്കുന്നത് സംസ്ഥാനത്തെ മത്സ്യലഭ്യത കുറയ്ക്കുന്നതിനും വിദേശത്തുനിന്നടക്കമുള്ള വിഷലിപ്തമായ മത്സ്യം വിപണിയിലെത്തുന്നതിനും ഇടയാക്കുമെന്നുമുള്ള ആശങ്ക പരിശോധിക്കുമോ?

ഫിഷറീസ് വകുപ്പ്, CIFT, CIFNET, Coast Guard, MMD എന്നീ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടന്ന ടെക്നിക്കൽ കമ്മിറ്റി മീറ്റിംഗിലെ തീരുമാനത്തിന്റെയും സുരക്ഷിതമായ മത്സ്യബന്ധനം ഉറപ്പാക്കുന്നതിനുമായാണ് മത്സ്യബന്ധന യാനങ്ങളുടെ പരമാവധി

കാലപ്പഴക്കം നിശ്ചയിച്ചിരിക്കുന്നത്.

(ഇ) ഇപ്പോൾ നിർണ്ണയിച്ചിരിക്കുന്ന കാലാവധി പരിധി പിൻവലിക്കുന്നത് പരിഗണിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

**ഇന്ത്യൻ മേജർ കാർപ് മത്സ്യങ്ങളെ ജലസംഭരണികളിൽ നിക്ഷേപിക്കുന്നതിന് നടപടി**

341(1074) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വനം വകുപ്പിന്റെ അധീനതയിലുള്ളതും വന്യജീവി സങ്കേതത്തിന്റെ ഭാഗവുമായ പീച്ചി, വാഴാനി, ചിമ്മിനി ജലസംഭരണികളിൽ ഇന്ത്യൻ മേജർ കാർപ്പ് മത്സ്യങ്ങളെ നിക്ഷേപിക്കുന്നതിന് നിലവിലുള്ള തടസ്സം നീക്കുന്നതിന് വനം വകുപ്പുമായി ബന്ധപ്പെട്ട് ഊർജ്ജിത നടപടികൾ സ്വീകരിക്കുമോ?

പീച്ചി, വാഴാനി, ചിമ്മിനി റിസർവോയറുകൾ സാങ്ച്വറിക്കുകീഴിൽ

വരുന്നതായതിനാൽ മത്സ്യവിത്ത് നിക്ഷേപത്തിന് വനം വകുപ്പ് അനുമതി ആവശ്യമാണ്. വന്യജീവി സങ്കേതങ്ങളിലെ മാനേജ്മെന്റ് പ്ലാൻ പ്രകാരം ടി ഡാമുകളിൽ മത്സ്യവിത്ത് നിക്ഷേപത്തിന് ഒരു വിദഗ്ധ സമിതിയുടെ പഠനം അനിവാര്യമാണെന്നും വന്യജീവി സംരക്ഷണ നിയമം 12, 29 പ്രകാരം ഒരു വന്യജീവി ആവാസ വ്യവസ്ഥയിലേയ്ക്ക് ഒരു ജീവിയെ പുതുതായി ഉൾപ്പെടുത്താൻ ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ അനുമതി ആവശ്യമാണെന്നും പീച്ചി വൈൽഡ് ലൈഫ് വാർഡൻ അറിയിച്ചിട്ടുണ്ട്. വനം വകുപ്പുമായി കൂടിയാലോചിച്ച് ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

**കല്ലാനോട് ഫിഷ് ഹാച്ചറി**

342(1075) **<u>ശ്രീ. കെ. എം. സച്ചിൻദേവ്</u>:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ലാനോട് ഫിഷ് ഹാച്ചറിയുടെ സമഗ്രവികസനത്തിനായി പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ടൂറിസം സാധ്യതകൂടി പരിഗണിച്ച് പ്രസ്തുത ഫിഷ് ഹാച്ചറിയുടെ

രണ്ടാംഘട്ട വികസനത്തിനായി സമർപ്പിച്ച പദ്ധതിരേഖ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; പ്രസ്തുത ഡി.പി.ആർ. അംഗീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കാമോ?

(എ & ബി) തയ്യാറാക്കിയിട്ടുണ്ട്. കല്ലാനോട് ഹാച്ചറിയുടെ രണ്ടാംഘട്ട വികസനത്തിനായി ഇറിഗേഷൻ വകുപ്പിന്റെ ഭൂമികൂടി ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കിയ 1580 ലക്ഷം രൂപയുടെ ഒരു തിലാപ്പിയ ഹാച്ചറി പദ്ധതി RIDF Tranche XXVII-ൽ ഉൾപ്പെടുത്തി അംഗീകാരം നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

**മാവേലിക്കര മണ്ഡലത്തിലെ ഫിഷറീസ് വകുപ്പിന്റെ പദ്ധതികൾ**

343(1076) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ ഫിഷറീസ് വകുപ്പും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പും നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ

ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധം 1+ ആയി ചേർക്കുന്നു. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധം 2+ ആയി ചേർക്കുന്നു.

**കാസർഗോഡ് മത്സ്യബന്ധന തുറമുഖം**

344(1077) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മത്സ്യതുറമുഖത്തിന്റെ അലൈൻമെന്റ് പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ വടക്കുഭാഗത്തെയും തെക്കുഭാഗത്തെയും ബ്രേക്ക് വാട്ടറുകൾ എത്ര മീറ്ററുകൾ ദീർഘിപ്പിക്കേണ്ട പ്രവൃത്തിയാണ് നടപ്പാക്കേണ്ടതെന്ന് വ്യക്തമാക്കാമോ?

നിലവിലെ വടക്കുഭാഗത്തെ പുലിമുട്ടിൽനിന്നും ഏകദേശം 240 മീറ്റർ മാറി 530 മീറ്റർ നീളമുള്ള പുതിയൊരു പുലിമുട്ടും അതോടൊപ്പം തെക്കുഭാഗത്തെ പുലിമുട്ട് 200 മീറ്റർ നീളം വർദ്ധിപ്പിക്കുന്നതുമാണ് അലൈൻമെന്റ് പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ നടപ്പാക്കേണ്ട

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവൃത്തികൾ.

(ബി) ഇപ്പോൾ പുരോഗമിക്കുന്ന പ്രവൃത്തി ഏതാണെന്നും എത്ര രൂപയുടെ പ്രവൃത്തിയാണെന്നും എപ്പോൾ പൂർത്തീകരിക്കുമെന്നും വ്യക്തമാക്കാമോ?

കാസർഗോഡ് നോർത്ത് ബ്രേക്ക് വാട്ടർ 200 മീറ്റർ (-30 മുതൽ 170 മീറ്റർ വരെ) ദീർഘിപ്പിക്കുന്നതിനുള്ള പ്രവൃത്തിയാണ് പുരോഗമിക്കുന്നത്. 1720 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ള പ്രസ്തുത പ്രവൃത്തി 2022 മാർച്ച് മാസത്തോടുകൂടി പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഇനി ബാക്കിയുള്ള പ്രവൃത്തി ഏതാണെന്നും ഇതിനായുള്ള എസ്റ്റിമേറ്റും ഡി.പി.ആർ.-ഉം തയ്യാറാക്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ;

(ഡി) ഇതിലേയ്ക്കുള്ള എസ്റ്റിമേറ്റ് തുക എത്രയാണെന്നും ഭരണാനുമതി എപ്പോൾ ലഭ്യമാകുമെന്നും വ്യക്തമാക്കാമോ?

(സി & ഡി) വടക്കുഭാഗത്തെ പുലിമുട്ടിന്റെ നീളം 330 മീറ്ററും തെക്കുഭാഗത്തെ പുലിമുട്ടിന്റെ നീളം 200 മീറ്ററും വർദ്ധിപ്പിക്കുന്നതിനുള്ള പ്രവൃത്തിക്കായി തയ്യാറാക്കിയ 4200 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും ഡി.പി.ആറും പരിശോധിച്ചുവരുന്നു.

**അജാനൂർ മൽസ്യബന്ധന തുറമുഖ നിർമ്മാണം**

345(1078) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അജാനൂർ മൽസ്യബന്ധന തുറമുഖം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട് റിപ്പോർട്ട് സമർപ്പിക്കുവാൻ ചുമതലപ്പെടുത്തിയ ഏജൻസി ഏതാണെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത ഏജൻസി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിലെ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത തുറമുഖം എന്നത്തേയ്ക്ക് യാഥാർത്ഥ്യമാകുമെന്ന് അറിയിക്കുമോ?

(എ-സി) കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിലെ ചിത്താരി കടപ്പുറം ഉൾപ്പെടുന്ന അജാനൂർ ഭാഗത്ത് ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനായി മാതൃകാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ

പൂനെ ആസ്ഥാനമായുള്ള CWPRS (Central Water and Power Research Station) എന്ന സ്ഥാപനത്തിനെയാണ് ചുമതലപ്പെടുത്തിയിരുന്നത്. CWPRS മാതൃകാ പഠന റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 1000 മീറ്റർ നീളത്തിലുള്ള വടക്കെ പുലിമുട്ടും 375 മീറ്റർ നീളത്തിലുള്ള തെക്കെ പുലിമുട്ടുമാണ് മാതൃകാ പഠന പ്രകാരം ശിപാർശ ചെയ്തിരിക്കുന്നത്. ചിത്താരിപ്പുഴയുടെ ഗതിമാറ്റംകൂടി കണക്കിലെടുത്തുള്ള റിവർ ട്രെയിനിംഗ് പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ ടി റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ആയതുകൂടി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ CWPRS-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പുതിയ റിപ്പോർട്ട് ലഭ്യമായിട്ടില്ല. റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**അഴീക്കൽ ഫിഷിംഗ് ഹാർബറിന്റെ വികസനം**

346(1079) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ അഴീക്കൽ ഫിഷിംഗ് ഹാർബറിന്റെ

വികസനത്തിനായി 25 കോടി രൂപയുടെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കിയിട്ടുള്ള ഡി.പി.ആർ. പൂർണ്ണമായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കുമെന്ന് അറിയിക്കാമോ?

(എ-സി) കണ്ണൂർ ജില്ലയിലെ അഴീക്കൽ മത്സ്യബന്ധന തുറമുഖത്തിന്റെ വികസനത്തിനായി തയ്യാറാക്കിയ 25 കോടി രൂപയുടെ വിശദമായ പദ്ധതി രൂപരേഖ പരിശോധിച്ചുവരുന്നു.

**പുതിയങ്ങാടി-പാലക്കോട് അഴിമുഖത്തെ റിവർ ട്രെയിനിംഗ് പ്രവൃത്തി**

347(1080) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കണ്ണൂർ ജില്ലയിലെ പുതിയങ്ങാടി-പാലക്കോട് അഴിമുഖത്തെ റിവർ ട്രെയിനിംഗ് പ്രവൃത്തിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന്

വ്യക്തമാക്കാമോ?

(എ & ബി) റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ പുതിയങ്ങാടി - പാലക്കോട് അഴിമുഖത്തെ റിവർ ട്രെയിനിംഗ് പ്രവൃത്തിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുകയും പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ ക്ഷണിച്ച് ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത കരാറുകാരനുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തിയുടെ എൺവയോൺമെന്റൽ ഇംപാക്ട് അസെസ്മെന്റ് പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കി CRZ clearance ലഭ്യമാക്കുന്നതിന് കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിക്ക് അപേക്ഷ സമർപ്പിച്ചിരിക്കുകയാണ്. CRZ Clearance ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

**ഫിഷറീസ് സർവ്വകലാശാല വൈസ് ചാൻസലർ നിയമനം**

348(1081) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് സർവ്വകലാശാലാ വൈസ് ചാൻസലർ നിയമനത്തിനായി കുറഞ്ഞത് മൂന്നുപേരുകളുള്ള പാനൽ ചാൻസലർക്ക്

സമർപ്പിക്കണമെന്ന മാനദണ്ഡം മറികടന്ന് സെർച്ച് കമ്മിറ്റി ഒരാളുടെ പേര് മാത്രം സമർപ്പിക്കുവാനിടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

2010-ലെ കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല ആക്ട് അദ്ധ്യായം IV സെക്ഷൻ 33 (2) പ്രകാരം മൂന്നുപേരിൽ കവിയാതെ ഒരു പാനൽ വൈസ് ചാൻസലർ നിയമനത്തിനായി ചാൻസലർക്ക് സമർപ്പിക്കണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്.

(ബി) ഫിഷറീസ് സർവ്വകലാശാല വൈസ് ചാൻസലർ സ്ഥാനത്തേയ്ക്ക് പേര് നിർദ്ദേശിക്കപ്പെട്ട വ്യക്തിക്ക് പ്രൊഫസർ എന്ന നിലയിൽ 10 വർഷത്തെ പ്രവൃത്തി പരിചയം ഉണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

**കുട്ടനാട് ഫിഷറീസ് സർവ്വകലാശാലയുടെ ക്യാമ്പസ്**

349(1082) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ ഫിഷറീസ് സർവ്വകലാശാലയുടെ ഒരു ക്യാമ്പസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഭ്യമാക്കുമോ;

(ബി) ശുദ്ധജല മത്സ്യങ്ങളുടെ വർദ്ധനവിനും മത്സ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും ആധുനിക സങ്കേതങ്ങൾ മത്സ്യബന്ധന-വിപണന രംഗത്ത് ആർജ്ജിക്കുന്നതിനും ഈ സർവ്വകലാശാലാ ക്യാമ്പസ് ഉപകാരപ്രദമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(എ & ബി) ക്യാമ്പസ് ആരംഭിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

**പയ്യന്നൂർ ഫിഷറീസ് കോളേജ്**

350(1083) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിലെ കോറോം വില്ലേജിൽ കണ്ടെത്തിയ റവന്യൂ ഭൂമി ഫിഷറീസ് കോളേജിനായി കൈമാറുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

കണ്ണൂർ ജില്ലയിൽ പയ്യന്നൂർ താലൂക്ക്, കോറോം വില്ലേജിൽ ബ്ലോക്ക് നം. 13-ൽ റീസർവ്വെ 32/1 pt-യിൽപ്പെട്ട 2.5375 ഹെക്ടർ ഭൂമിയും റീ സർവ്വെ 33/1 pt-യിൽപ്പെട്ട 2.5560 ഹെക്ടർ ഭൂമിയുമുൾപ്പെടെ ആകെ 5.0935 ഹെക്ടർ

ഭൂമി ഫിഷറീസ് കോളേജിനായി അനുവദിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

**ഫിഷറീസ് സർവ്വകലാശാലയുടെ ഡിഗ്രി, പി.ജി., പി.എച്ച്.ഡി. കോഴ്സുകൾ മെച്ചപ്പെടുത്താൻ നടപടി**

351(1084) <u>ശ്രീ. പി. മമ്മിക്കുട്ടി</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർവ്വകലാശാലയുടെ സ്കൂൾ ഓഫ് ഫിഷറീസ് എൻവയോൺമെന്റ്, സ്കൂൾ ഓഫ് ഓഷ്യൻ സ്റ്റഡീസ് ആൻഡ് ടെക്നോളജി, സ്കൂൾ ഓഫ് ഓഷ്യൻ എഞ്ചിനീയറിംഗ് ആൻഡ് അണ്ടർ വാട്ടർ ടെക്നോളജി, സ്കൂൾ ഓഫ് മാനേജ്മെന്റ് ആൻഡ് എന്റർപ്രണർഷിപ്പ് എന്നീ 4 സ്കൂളുകളിലെയും ഫാക്കൽറ്റി ഓഫ് ഫിഷറീസിലെയും നിലവിലുള്ള ഡിഗ്രി, പി.ജി, പി.എച്ച്.ഡി. കോഴ്സുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വിശദമാക്കാമോ?

2021-ലെ കേരള ഫിഷറീസിനും സമുദ്ര പഠനങ്ങൾക്കുമുള്ള സർവ്വകലാശാല (ഭേദഗതി) ആക്ട് (2021-ലെ 18-ാം നമ്പർ ആക്ട്) അനുസരിച്ച് താഴെപ്പറയുന്ന ഫാക്കൽറ്റികളാണ് സർവ്വകലാശാലയിൽ

ഇപ്പോൾ നിലവിലുള്ളത്.

i ഫാക്കൽറ്റി ഓഫ് ഫിഷറീസ് സയൻസ്

ii. ഫാക്കൽറ്റി ഓഫ് ഓഷ്യൻ സയൻസ് & ടെക്നോളജി

iii. ഫാക്കൽറ്റി ഓഫ് ഫിഷറീസ് മാനേജ്മെന്റ്

iv. ഫാക്കൽറ്റി ഓഫ് ഫിഷറീസ് എഞ്ചിനീയറിംഗ്.

മേൽ ഫാക്കൽറ്റികളുടെ കീഴിലായി ഇപ്പോൾ നടന്നുവരുന്ന വിവിധ പ്രൊഫഷണൽ ഡിഗ്രി, പി.ജി., പി.എച്ച്.ഡി., കോഴ്സുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനായി യു. ജി. സി. (UGC), ഐ. സി. എ. ആർ (ICAR), എ.ഐ.സി.ടി.ഇ (AICTE) എന്നിവയുടെ മാനദണ്ഡങ്ങൾക്കനുസൃതമായും സർവ്വകലാശാലയിലെ 'ഫാക്കൽറ്റി പഠന ബോർഡുകളുടെ നിർദ്ദേശാനുസരണവും അക്കാദമിക്ക് കൗൺസിലിന്റെ അനുമതിയോടെ ബന്ധപ്പെട്ട കോഴ്സുകളിലെ അദ്ധ്യാപന, ബോധന പ്രക്രിയകൾ പുന:പരിശോധിക്കുകയും അവ മെച്ചപ്പെടുത്തുന്നതിനാവശ്യമായ കാര്യങ്ങളും പാഠ്യപദ്ധതികളുടെ പരിഷ്കരണത്തിനുവേണ്ടിയുള്ള കാര്യങ്ങളും യഥാസമയം ചെയ്യാറുണ്ട്. അതോടൊപ്പം ബന്ധപ്പെട്ട വിഷയങ്ങളിലെ ഗവേഷണ നയങ്ങൾക്കനുസൃതമായി 'ത്രസ്റ്റ് ഏരിയകൾ' കണ്ടെത്തി വിദ്യാർത്ഥികളുടെ ഗവേഷണ പ്രവർത്തനങ്ങൾ കാലികമായി പ്രയോജനപ്പെടുന്ന രീതിയിൽ

മാർഗ്ഗനിർദ്ദേശങ്ങൾ നൽകാറുമുണ്ട്.

**സാംസ്കാരികകാര്യ വകുപ്പിന്റെ പ്രവർത്തനങ്ങൾ**

352(1085) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്കിൽ 2016-2021 കാലഘട്ടത്തിൽ സാംസ്കാരിക വകുപ്പിന്റെ ഏതെല്ലാം പ്രവർത്തനങ്ങൾക്കാണ് ഫണ്ട് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തികൾക്കും അനുവദിച്ച തുകയും അവ നടപ്പാക്കപ്പെട്ട സ്ഥലവും വ്യക്തമാക്കാമോ;

(സി) ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും ഇനി ഏതെല്ലാം പൂർത്തീകരിക്കാനുണ്ടെന്നും വിശദമാക്കാമോ?

(എ-സി) കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് മതിയായ പൊതുഇടങ്ങൾ ലഭ്യമാകാത്ത ഗ്രാമങ്ങളിലും ചെറുപട്ടണങ്ങളിലും രംഗവേദികൾ സ്ഥാപിക്കുകയെന്ന ലക്ഷ്യത്തോടെ 'നാട്ടരങ്ങ്' എന്ന പദ്ധതി സാംസ്കാരിക വകുപ്പ് നടപ്പിലാക്കിവരുന്നു. പാലക്കാട് ആലത്തൂർ താലൂക്കിലെ

വടക്കഞ്ചേരി ഗ്രാമപഞ്ചായത്തിൽ 'നാട്ടരങ്ങ്' പദ്ധതി 2020-2021 സാമ്പത്തിക വർഷം നടപ്പിലാക്കിയിരുന്നു. നിർമ്മാണം പൂർത്തീകരിച്ച ഈ പദ്ധതിക്കായി 19,70,000/- രൂപ അനുവദിച്ചിട്ടുണ്ട്. 2018-ൽ തുടങ്ങിയ യുവ കലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതിയുടെ ഭാഗമായി ആലത്തൂർ താലൂക്കിൽ ആലത്തൂർ ബ്ലോക്കിൽ എട്ടും കുഴൽമന്ദം ബ്ലോക്കിൽ നാലും കലാകാരന്മാരെ വിന്യസിക്കുകയും പ്രസ്തുത കലാകാരന്മാർ പ്രസ്തുത ബ്ലോക്ക് പഞ്ചായത്തിനുകീഴിലുള്ള വിവിധ കേന്ദ്രങ്ങളിൽ വിവിധ കലാരൂപങ്ങളിൽ സൗജന്യമായി കലാപരിശീലനം നൽകുകയും ചെയ്തിരുന്നു. ഓരോ കലാകാരനും 10,000/- രൂപ സാംസ്കാരിക വകുപ്പിൽനിന്നും 5000/- രൂപ തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും ഉൾപ്പെടെ പ്രതിമാസം ആകെ 15,000/- രൂപ ഫെലോഷിപ്പായി നൽകിയിട്ടുണ്ട്. ആലത്തൂർ താലൂക്കിൽ 2016-21 കാലഘട്ടത്തിൽ വിവിധ സാംസ്കാരിക സംഘടനകൾക്കായി സാംസ്കാരിക വകുപ്പിൽനിന്നും അനുവദിച്ച ഫണ്ടിന്റെ വിശദവിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

**കലാഭവൻ മണി സ്മാരകം**

353(1086) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ കലാഭവൻ മണി സ്മാരകം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ;

(ബി) പ്രസ്തുത സ്മാരകത്തിന്റെ നിർമ്മാണം എപ്പോൾ ആരംഭിച്ച് എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കാമോ?

(എ&ബി) ചാലക്കുടിയിൽ കലാഭവൻ മണി സ്മാരകം നിർമ്മിക്കുന്നതിന് പ്രാരംഭ നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. സ്മാരക നിർമ്മാണത്തിനായി ചാലക്കുടി ഗവൺമെന്റ് ഹൈസ്കൂൾ കോമ്പൗണ്ടിന്റെ കൈവശമുള്ള സർവ്വെ നമ്പർ 438/4, 441/10-ൽ ഉൾപ്പെട്ട 20 സെന്റ് ഭൂമി സാംസ്കാരിക വകുപ്പിന് ഉപയോഗാനുമതി നൽകുകയും സ്മാരക നിർമ്മാണത്തിന് 3 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. സ്മാരകത്തിന് നിലവിൽ ലഭ്യമായ ഭൂമിയിൽ ഫോക്‌ലോർ അക്കാദമിയുടെ ഉപകേന്ദ്രംകൂടി സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ളതിനാൽ ടി ഭൂമി അപര്യാപ്തമാണെന്നും കുറഞ്ഞത് 50 സെന്റ് സ്ഥലമെങ്കിലും

ആവശ്യമായതിനാൽ നിലവിൽ ലഭ്യമായ ഭൂമിയുടെ സമീപം അധികഭൂമി കണ്ടെത്താൻ 31-08-2021-ന് സാംസ്കാരികകാര്യ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനിക്കുകയും ഇതിന് ചാലക്കുടി മുനിസിപ്പാലിറ്റി അധികൃതരെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അനുയോജ്യമായ സ്ഥലം ലഭിക്കുന്ന മുറയ്ക്ക് സ്മാരക നിർമ്മാണം ആരംഭിക്കുന്നതാണ്.

**ഇന്ദുചൂഡൻ സാംസ്കാരിക നിലയത്തിന്റെ നിർമ്മാണം**

354(1087) <u>ശ്രീ. പി. പി. സുമോദ്</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തരൂർ മണ്ഡലത്തിലെ കാവശ്ശേരിയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ഇന്ദുചൂഡൻ സാംസ്കാരിക നിലയത്തിന്റെ നിർമ്മാണം എന്ന് തുടങ്ങാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

പാലക്കാട് ജില്ലയിലെ കാവശ്ശേരി ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ, പാലക്കാട് ജില്ലയിലെ കാവശ്ശേരി കഴനി-ചുങ്കമെന്ന സ്ഥലത്ത് പക്ഷി നിരീക്ഷകനായിരുന്ന ശ്രീ. ഇന്ദുചൂഡന്റെ സ്മരണാർത്ഥം

ഇന്ദുചൂഡൻ സ്മാരക മന്ദിരമെന്ന പേരിൽ ഒരു പഠന കേന്ദ്രവും ഗ്രന്ഥശാലയും നിർമ്മിക്കുന്ന പദ്ധതിക്ക് സർക്കാർ ധനസഹായം അനുവദിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സർക്കാരിൽ അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 2020-2021 സാമ്പത്തിക വർഷം പ്രസ്തുത നിർമ്മാണത്തിന് ധനസഹായമായി 25,00,000/- രൂപ (ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) ടി ഗ്രാമ പഞ്ചായത്തിന് അനുവദിച്ചുകൊണ്ട് 11-05-2020-ലെ സ.ഉ.(സാധാ)നമ്പർ. 215/2020/സാം.കാ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ സർക്കാരിന്റെ പ്ലാൻ (പദ്ധതി) ധനസഹായങ്ങൾ റീലിസ് ചെയ്ത് അനുവദിക്കുന്നതിനാവശ്യമായ ട്രഷറി പി.എസ്.റ്റി.എസ്.ബി അക്കൗണ്ട് വിവരങ്ങൾ ടി ഗ്രാമപഞ്ചായത്ത് അധികൃതർ യഥാസമയം സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിൽ ഹാജരാക്കാത്തതിനാൽ 2020-2021 സാമ്പത്തിക വർഷം പ്രസ്തുത ധനസഹായം റിലീസ് ചെയ്ത് ടി ഗ്രാമപഞ്ചായത്തിന് അനുവദിക്കുവാൻ സാധിച്ചില്ല. തുടർന്ന് പ്രസ്തുത ട്രഷറി പി.എസ്.റ്റി.എസ്.ബി അക്കൗണ്ട് ആരംഭിക്കുന്നതിനുള്ള ടി ഗ്രാമപഞ്ചായത്ത് അധികൃതരുടെ നിശ്ചിത പെർഫോമയിലുള്ള 04-01-2022-ലെ അപേക്ഷ സാംസ്കാരിക വകുപ്പ് ഡയറക്ടർ മുഖാന്തരം സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. ആയതിൽ

തുടർനടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത നിർമ്മാണത്തിനായി കാവശ്ശേരി ഗ്രാമപഞ്ചായത്ത് അധികൃതർ ചുമതലപ്പെടുത്തിയ ഹാബിറ്റാറ്റ് എന്ന സ്ഥാപനം മുമ്പ് (12-12-2020-ൽ) സമർപ്പിച്ച ഒരു കോടി രൂപയുടെ വർക്ക് എസ്റ്റിമേറ്റിന്റെ കാലാവധി കഴിഞ്ഞതിനാൽ വർക്ക് എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള നടപടികൾ ടി ഗ്രാമപഞ്ചായത്തിൽ പുരോഗമിച്ചുവരികയാണ്. കൂടാതെ പ്രസ്തുത നിർമ്മാണത്തിനുവേണ്ടി നിശ്ചയിച്ചിട്ടുള്ള സ്ഥലത്ത് നിലനിൽക്കുന്ന കാവശ്ശേരി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പഴകിയ കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനുവേണ്ടിയുള്ള നടപടികൾ പഞ്ചായത്ത് ഡയറക്ടർ മുഖാന്തരം പഞ്ചായത്ത് സ്വീകരിച്ചുവരികയാണ്.

**സിനിമാമേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം**

355(1088) ശ്രീ. വി. ശശി:

ശ്രീ. മുഹമ്മദ് മുഹസിൻ:

ശ്രീ. വി. ആർ. സുനിൽ കുമാർ:

ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടെ പ്രശ്നങ്ങളെ സംബന്ധിച്ച് പഠിക്കുന്നതിനുവേണ്ടി ഹൈക്കോടതി ജഡ്ജിയുടെ അദ്ധ്യക്ഷതയിൽ കമ്മിറ്റി രൂപീകരിച്ചിരുന്നുവോ; എങ്കിൽ കമ്മിറ്റിയുടെ പരിഗണനാ വിഷയങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദീകരിക്കുമോ?

01-07-2017-ലെ സ.ഉ.(കൈ)നം. 16/2017/സാം.കാ.വ ഉത്തരവ് പ്രകാരം ജസ്റ്റിസ് കെ. ഹേമ അദ്ധ്യക്ഷയായി ഒരു മൂന്നംഗ സമിതി രൂപീകരിച്ചിരുന്നു. പ്രസ്തുത സമിതിയുടെ പരിഗണനാ വിഷയങ്ങൾ ചുവടെ ചേർക്കുന്നു.

i. സിനിമാ മേഖലയിലെ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ, സുരക്ഷ തുടങ്ങിയ വിഷയങ്ങളിലുള്ള പരിഹാര നിർദ്ദേശങ്ങൾ സമർപ്പിക്കുക.

ii. സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച നിർദ്ദേശം സമർപ്പിക്കുക.

iii. സിനിമയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തന മേഖലകളിലും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക.

iv. സിനിമയുടെ സാങ്കേതിക പഠന മേഖലകളിൽ സ്ത്രീകൾക്ക് സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള ആനുകൂല്യം നൽകി കൂടുതൽപ്പേരെ കൊണ്ടുവരുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക.

v. പ്രസവം, ശിശുപരിചരണം, ശാരീരിക അവശതകൾ തുടങ്ങിയവമൂലം തൊഴിലിൽ വിട്ടുനിൽക്കേണ്ടിവരുന്ന സാഹചര്യത്തിൽ സ്ത്രീകളെ സഹായിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക.

vi. സിനിമയുടെ ഉള്ളടക്കത്തിൽ ലിംഗനീതി പാലിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക.

vii. 30 ശതമാനം സ്ത്രീകൾ നിർമ്മാണ പ്രവർത്തനത്തിൽ ഏർപ്പെട്ടിട്ടുള്ള സിനിമകളെ പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിക്കേണ്ട നടപടി നിർദ്ദേശങ്ങൾ സമർപ്പിക്കുക.

(ബി) പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ;

(സി) സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകൾ നേരിടുന്ന ചൂഷണം അവസാനിപ്പിക്കുന്നതിനും അവരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

(ബി & സി) പ്രസ്തുത കമ്മിറ്റി 31-12-2019-ൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, കേരള സംസ്ഥാന

ചലച്ചിത്ര വികസന കോർപ്പറേഷൻ, സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ അഭിപ്രായം ആരാഞ്ഞ് ആയത് പരിശോധിച്ചുവരികയാണ്. ഈ വിഷയത്തിലുള്ള തുടർനടപടികൾ ആലോചിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം, സാംസ്കാരിക വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 13-07-2021-ന് ബന്ധപ്പെട്ടവരുടെ യോഗം ചേർന്നിരുന്നു. ഇതുപ്രകാരം സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകൾ നേരിടുന്ന ചൂഷണം അവസാനിപ്പിക്കുന്നതിനും അവരുടെ സുരക്ഷ ഉറപ്പാക്കുന്നതിനും സർക്കാർ ഫലപ്രദമായ കർമ്മപരിപാടികൾ ആലോചിച്ചുവരികയാണ്.

**ഹേമ കമ്മീഷൻ റിപ്പോർട്ട്**

356(1089) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാള സിനിമയിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി നിയമിച്ച ഹേമ കമ്മീഷൻ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചതെന്നാണെന്നും റിപ്പോർട്ടിലെ പ്രധാനപ്പെട്ട കണ്ടെത്തലുകളും ശിപാർശകളും

എന്തൊക്കെയായിരുന്നുവെന്നും വിശദമാക്കാമോ?

ജസ്റ്റിസ് ഹേമ കമ്മിറ്റിയെയാണ് സർക്കാർ നിയോഗിച്ചിട്ടുള്ളത്. ജസ്റ്റിസ് കെ. ഹേമ കമ്മിറ്റി 31-12-2019-നാണ് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചത്. സമിതിയുടെ ശിപാർശകളുടെ സംക്ഷിപ്തം അനുബന്ധമായി+ ചേർക്കുന്നു.

(ബി) കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് എന്തായിരുന്നു; കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുക എത്രയായിരുന്നു; വിശദാംശങ്ങൾ നൽകാമോ?

പ്രസ്തുത സമിതിയുടെ ടേംസ് ഓഫ് റഫറൻസ് ചുവടെ ചേർക്കുന്നു.

i) സിനിമാ മേഖലയിലെ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾ, സുരക്ഷ തുടങ്ങിയ വിഷയങ്ങളിലുള്ള പരിഹാര നിർദ്ദേശങ്ങൾ സമർപ്പിക്കുക.

ii) സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച നിർദ്ദേശം സമർപ്പിക്കുക.

iii) സിനിമയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തന മേഖലകളിലും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

iv) സിനിമയുടെ സാങ്കേതിക പഠന മേഖലകളിൽ സ്ത്രീകൾക്ക് സ്കോളർഷിപ്പ് ഉൾപ്പെടെയുള്ള ആനുകൂല്യം നൽകി കൂടുതൽപേരെ കൊണ്ടുവരുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക.

v) പ്രസവം, ശിശുപരിചരണം, ശാരീരിക അവശതകൾ തുടങ്ങിയവമൂലം തൊഴിലിൽ വിട്ടുനിൽക്കേണ്ടിവരുന്ന സാഹചര്യത്തിൽ സ്ത്രീകളെ സഹായിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക.

vi) സിനിമയുടെ ഉള്ളടക്കത്തിൽ ലിംഗനീതി പാലിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുക.

vii) 30 ശതമാനം സ്ത്രീകൾ നിർമ്മാണ പ്രവർത്തനത്തിൽ ഏർപ്പെട്ടിട്ടുള്ള സിനിമകളെ പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിക്കേണ്ട നടപടി നിർദ്ദേശങ്ങൾ സമർപ്പിക്കുക. ഹേമ കമ്മിറ്റിയുടെ ചെലവുകൾക്കായി 1,06,55,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) സിനിമാ ചിത്രീകരണ സ്ഥലങ്ങളിൽ സ്ത്രീകൾ നേരിടുന്ന മനുഷ്യാവകാശ ലംഘനങ്ങളെക്കുറിച്ചും ശുചിമുറി, വസ്ത്രം മാറാനുള്ള ഇടം തുടങ്ങിയവയുടെ അഭാവത്തെക്കുറിച്ചും ഗൗരവകരമായ കണ്ടെത്തലുകൾ കമ്മീഷൻ നടത്തിയിട്ടുണ്ടോ; കമ്മീഷന്റെ കണ്ടെത്തലുകളുടെ

അടിസ്ഥാനത്തിൽ ഇതിനോടകം സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ചലച്ചിത്ര രംഗത്തേയ്ക്ക് കടന്നുവരുന്ന സ്ത്രീകൾ ലൈംഗിക പീഡനത്തിന് ഇരയാകുന്ന അനുഭവങ്ങൾ കമ്മീഷൻ തെളിവുസഹിതം ചൂണ്ടിക്കാണിക്കുകയുണ്ടായോ; എങ്കിൽ ഈ തെളിവുകളുടെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ എന്തൊക്കെ നിയമനടപടികളാണ് ഇതിനോടകം സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകാമോ?

(സി & ഡി) സിനിമാ മേഖലയിലെ സ്ത്രീകൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച ജസ്റ്റിസ് കെ. ഹേമ സമിതിയുടെ റിപ്പോർട്ട് പരിശോധിച്ചുവരികയാണ്. സിനിമാ മേഖലയിൽ സ്ത്രീകൾ ഉൾപ്പെടെയുള്ളവർക്കെതിരെയുള്ള ചൂഷണം തടയുന്നതിനുള്ള ഫലപ്രദമായ കർമ്മപരിപാടികൾ തയ്യാറാക്കിവരുന്നു. ഹേമ സമിതിയുടെ ടേംസ് ഓഫ് റഫറൻസിൽ ഉൾപ്പെടുത്തിയിട്ടുള്ള വിഷയങ്ങളാണ് കമ്മിറ്റി പരിഗണിച്ചിട്ടുള്ളത്. ഇതിൻപ്രകാരം സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

**കോന്നി നിയോജകമണ്ഡലത്തിൽ സാംസ്കാരിക നിലയം**

357(1090) <u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിൽ സാംസ്കാരിക നിലയം സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കുമെന്നും അറിയിക്കാമോ?

2016-2017 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ നവോത്ഥാന സാംസ്കാരിക നായകരുടെ നാമധേയത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കിഫ്ബി പദ്ധതി പ്രകാരമുള്ള സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. പ്രസ്തുത സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണത്തിന് ഓരോ ജില്ലയിലും 50 കോടി രൂപ വീതം മൊത്തം 700 കോടി രൂപയിൽ അടങ്കൽ നിജപ്പെടുത്തി 27-04-2017-ലെ സ.ഉ.(സാധാ)നമ്പർ.318/2017/സാം.കാ.വ പ്രകാരം ഭരണാനുമതി പുറപ്പെടുവിക്കുകയുമുണ്ടായി. പത്തനംതിട്ട ജില്ലയിൽ ചട്ടമ്പിസ്വാമിയുടെ നാമധേയത്തിൽ സ്ഥാപിക്കുന്ന സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുവാനുള്ള സത്വര

നടപടി സ്വീകരിച്ചുവരുന്നു.

(ബി) പദ്ധതി നടത്തിപ്പിനായി നിയോഗിക്കപ്പെട്ടിട്ടുള്ള ഏജൻസി ഏതാണെന്ന് വ്യക്തമാക്കാമോ?

സാംസ്കാരിക സമുച്ചയ നിർമ്മാണ പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) ആയി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനെയാണ് (കെ.എസ്.എഫ്.ഡി.സി) നിയോഗിച്ചിട്ടുള്ളത്.

(സി) ഇതിനായി അനുവദിച്ചിരിക്കുന്ന തുക എത്രയെന്ന് വെളിപ്പെടുത്താമോ?

പ്രസ്തുത സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണത്തിന് ഓരോ ജില്ലയിലും 50 കോടി രൂപ വീതം മൊത്തം 700 കോടി രൂപയിൽ അടങ്കൽ നിജപ്പെടുത്തി 27-04-2017-ലെ സ.ഉ.(സാധാ)നമ്പർ. 318/2017/സാം.കാ.വ പ്രകാരം ഭരണാനുമതി പുറപ്പെടുവിക്കുകയുമുണ്ടായി.

**നാട്ടരങ്ങ് പദ്ധതി**

358(1091) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര നിയമസഭാമണ്ഡലത്തിലെ തഴക്കരയിൽ നാട്ടരങ്ങ് പദ്ധതി നടപ്പിലാക്കുവാൻ സാംസ്കാരികകാര്യ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മാവേലിക്കര നിയോജകമണ്ഡലത്തിൽപ്പെട്ട തഴക്കര ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ വരുന്ന പമ്പ ഇറിഗേഷൻ പ്രോജക്ട് (പി.ഐ.പി) വക റീ. സർവ്വേ നം. 556/14-ൽപ്പെട്ട 30 സെന്റ് സ്ഥലത്താണ് സാംസ്കാരിക വകുപ്പിന്റെ " നാട്ടരങ്ങ് " പദ്ധതി നടപ്പിലാക്കാൻ സ്ഥലം കണ്ടെത്തിയിരുന്നത്. എന്നാൽ ടി സ്ഥലത്ത് നാട്ടരങ്ങ് പദ്ധതി നടപ്പിലാക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ മാവേലിക്കര നിയോജകമണ്ഡലത്തിൽ നാട്ടരങ്ങ് പദ്ധതി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

**കൊടക്കാട് ഫോക്‌ലോർ വില്ലേജ്**

359(1092) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടക്കാട് ഫോക്‌ലോർ വില്ലേജ് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) ഫോക്‌ലോർ അക്കാദമിയുടെ ആഭിമുഖ്യത്തിൽ ഈ പദ്ധതി നടപ്പിൽ വരുത്താൻ സമയബന്ധിതമായി നടപടികൾ ഉണ്ടാകുമോ; വിശദമാക്കാമോ?

(എ & ബി) 2021-22-ലെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II-ൽ ഭരണാനുമതിയില്ലാത്ത പ്രവൃത്തികളുടെ ഇനം 1894-ആയി കൊടക്കാട് ഫോക്‌ലോർ വില്ലേജ് പദ്ധതിക്ക് 5054-80-800-66 എന്ന ശീർഷകത്തിൽ അടങ്കൽ തുകയായ അഞ്ചുകോടി രൂപയുടെ 20 ശതമാനമായ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കണ്ണപ്പെരുവണ്ണാൻ സ്മാരക നിർമ്മാണത്തിനായി കൊടക്കാട് ഗ്രാമത്തിൽ റീ. സർവ്വേ നമ്പർ 298/3-ൽപ്പെട്ട 3 ഏക്കർ ഭൂമി അനുവദിക്കുന്നതിന് വിശദമായ ഭൂമി കൈമാറ്റ പ്രൊപ്പോസൽ ലഭ്യമാക്കാൻ കാസർഗോഡ് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. 16-02-2022-ന് തൃക്കരിപ്പൂർ എം.എൽ.എ-യുടെ അദ്ധ്യക്ഷതയിൽ കൊടക്കാട് ഫോക്‌ലോർ വില്ലേജുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചർച്ച ചെയ്യാൻ യോഗം ചേർന്നിരുന്നു. ടി വില്ലേജിന്റെ മുഖ്യഘടകമായ ഇന്റർനാഷണൽ തെയ്യം പഠനകേന്ദ്രം സ്ഥാപിക്കുന്നതിന് 27-02-2022-ന് അക്കാദമിയുടെ നേതൃത്വത്തിൽ ഒരു സെമിനാർ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. ഫോക്‌ലോർ വില്ലേജിന് ടൂറിസം

മേഖലയിലെ സാദ്ധ്യതകൾകൂടി കണക്കിലെടുത്ത് പദ്ധതിയുടെ ഡി.പി.ആർ തയ്യാറാക്കാൻ ടൂറിസം വകുപ്പിനെ ചുമതലപ്പെടുത്താൻ 18-02-2022-ന് കൂടിയ ഫോക്‌ലോർ അക്കാദമി നിർവ്വാഹക സമിതി തീരുമാനിച്ചിട്ടുണ്ട്. സ്ഥലം അനുവദിക്കുകയും ഡി.പി.ആർ. തയ്യാറാക്കി ഭരണാനുമതി ലഭിച്ചതിനുശേഷം ബഡ്ജറ്റ് വിഹിതം ലഭ്യമാകുന്ന മുറയ്ക്ക് ഫോക്‌ലോർ വില്ലേജ് സ്ഥാപിക്കുന്ന പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**വൈപ്പിൻകരയിൽ ഫോക്‌ലോർ അക്കാദമിയുടെ ശാഖ**

360(1093) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എറണാകുളം ജില്ലയിൽ നാടൻ കലകൾ പഠിക്കാനും പരിപോഷിപ്പിക്കാനും ഗവേഷണങ്ങൾ നടത്തുന്നതിനുമായി വൈപ്പിൻകരയിൽ ഫോക്‌ലോർ അക്കാദമിയുടെ ഒരു ശാഖ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**തലശ്ശേരി തെയ്യം കലാ അക്കാദമിയുടെ ഭരണസമിതിക്ക് അംഗീകാരം**

361(1094) <u>ശ്രീ. എ. എൻ. ഷംസീർ</u>: താഴെ കാണുന്ന ചോദ്യത്തിന്

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരി നിയോജകമണ്ഡലത്തിലെ തെയ്യം കലാ അക്കാദമിയുടെ ഭരണ സമിതിക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ച ഫയലിന്റെ (A3/238/18/CLAD/സാംസ്കാരിക വകുപ്പ്) നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; പ്രസ്തുത ഫയലിൽ അടിയന്തരമായി അനുകൂല നടപടികൾ സ്വീകരിക്കുമോ?

ഇതിന്റെ നിയമപരമായ വശം പരിശോധിച്ചുവരികയാണ്.

**ലളിതാംബിക സ്മാരക സാംസ്കാരിക സമുച്ചയം**

362(1095) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിൽ അനുവദിച്ച ലളിതാംബിക സ്മാരക സാംസ്കാരിക സമുച്ചയം പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ സ്ഥലമേറ്റെടുക്കൽ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും പദ്ധതി സംബന്ധിച്ച ഡി.പി.ആർ തയ്യാറാക്കുന്നത്

ഏത് ഘട്ടത്തിലാണെന്നും ഇത് എന്നത്തേയ്ക്ക് പൂർത്തിയാക്കി കിഫ്ബിയുടെ അംഗീകാരത്തിന് സമർപ്പിക്കാൻ സാധിക്കുമെന്നും വെളിപ്പെടുത്താമോ?

(എ & ബി) 2016-2017 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിലെ പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ നവോത്ഥാന സാംസ്കാരിക നായികയും എഴുത്തുകാരിയുമായ ശ്രീമതി ലളിതാംബിക അന്തർജ്ജനത്തിന്റെ നാമധേയത്തിൽ കോട്ടയം ജില്ലയിൽ ചങ്ങനാശ്ശേരി താലൂക്കിലെ കങ്ങഴ വില്ലേജിൽപ്പെട്ടതും അടുത്തടുത്ത് കിടക്കുന്നതുമായ ബ്ലോക്ക് നമ്പർ 20-ൽ 90/1, 90/1-1 എന്നീ സർവ്വേ നമ്പരുകളിൽപ്പെട്ട അഞ്ച് ഏക്കർ സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി നൽകി 26-10-2019-ലെ സ. ഉ. (സാധാ) നമ്പർ. 479/2019/സാം.കാ.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിന് 4.2 കോടി രൂപയാണ് കിഫ്ബി അനുവദിച്ചിട്ടുള്ളത്. പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിന് മുന്നോടിയായി 11 (1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സ്പെഷ്യൽ തഹസിൽദാർ എൽ.എ (കിഫ്ബി) കോട്ടയം ഭൂമിയുടെ വില നിശ്ചയിച്ച് നൽകിയിട്ടുണ്ട്. സ്പെഷ്യൽ തഹസിൽദാരുടെ റിപ്പോർട്ടിന്മേൽ നടപടി സ്വീകരിച്ചുവരികയാണ്.

(സി) നടപടികൾ ത്വരിതപ്പെടുത്തി പദ്ധതി എത്രയുംവേഗം പൂർത്തിയാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കാമോ?

പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചുവരുന്നു.

**മലബാർ കൾച്ചറൽ അക്കാദമി**

363(1096) <u>ശ്രീ. യു. എ. ലത്തീഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ പ്രദേശത്തെ സാംസ്കാരിക ഉന്നമനത്തിനുവേണ്ടി ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളും നയപരിപാടികളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

മലബാർ പ്രദേശത്തെ സാംസ്കാരിക ഉന്നമനത്തിനുവേണ്ടി സാംസ്കാരിക കാര്യവകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. കേരളത്തിലെ കലാസാംസ്കാരിക പാരമ്പര്യത്തെ സംരക്ഷിക്കുക, യുവ കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ലക്ഷ്യത്തോടെ വിവിധ കലാരൂപങ്ങളിൽ കലാപരിശീലനം നൽകുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങളുടെകൂടി

സഹായത്തോടെ സാംസ്കാരിക വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി. ഈ പദ്ധതിയിൽ മലബാറിലെ വിവിധ മുനിസിപ്പൽ/ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകളിൽ നാടൻ കലകളുൾപ്പെടെ വിവിധ കലാവിഭാഗങ്ങളിൽ പരിശീലനം നൽകിവരുന്നു. ഗ്രാമീണ കലാകാരന്മാരുടെയും കരകൗശല വിദഗ്ധരുടെയും നൈപുണ്യം ശക്തിപ്പെടുത്തുക, ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുക, അവർക്ക് ഉപജീവന സുസ്ഥിരത ഉറപ്പാക്കുക, സർവ്വോപരി സമ്പന്നമായിരുന്ന കേരളത്തിന്റെ ഗ്രാമീണ കരകൗശല പൈതൃകത്തെ സംരക്ഷിക്കുക തുടങ്ങിയ ലക്ഷ്യപ്രാപ്തിക്കായി സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഒരു പദ്ധതിയാണ് 'ഗ്രാമീണ കലാകേന്ദ്രം' പദ്ധതി. ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ 20 കരകൗശല പൈതൃക ഗ്രാമങ്ങളിൽ സ്വയംസഹായ സംഘങ്ങൾ രൂപീകരിച്ചുകൊണ്ട് ഗ്രാമീണ കരകൗശല കലാകാരന്മാർക്ക് നൈപുണ്യ പരിശീലനവും ഈടുറ്റ വിപണി ബന്ധങ്ങളും ഉറപ്പാക്കിവരുന്നു. ഗ്രാമീണ കലാകേന്ദ്രം (Rural Art Hub) പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിനും വൈവിദ്ധ്യവൽക്കരിക്കുന്നതിനുമുള്ള നടപടി സർക്കാർ സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതിയിൻകീഴിൽ മലപ്പുറം അരുവാക്കോട്, കണ്ണൂർ കുഞ്ഞിമംഗലം, വയനാട് തൃക്കൈപ്പറ്റ എന്നീ

പൈതൃക ഗ്രാമങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്. നവോത്ഥാന സാംസ്കാരിക നായകരുടെ നാമധേയത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും സാംസ്കാരിക സമുച്ചയം സ്ഥാപിക്കുന്നതിന് നടപടികൾ പുരോഗമിക്കുന്നു. കാസർഗോഡ് സുബ്രഹ്മണ്യം തിരുമുമ്പ് സാംസ്കാരിക സമുച്ചയത്തിന്റെ ഒന്നാംഘട്ടം ഉദ്ഘാടനം കഴിഞ്ഞു. മലപ്പുറം ജില്ലയിൽ അബ്ദുൽ റഹ്മാൻ സാഹിബിന്റെ നാമധേയത്തിൽ സാംസ്കാരിക സമുച്ചയം സ്ഥാപിക്കുന്നതിന് നടപടികൾ പുരോഗമിക്കുന്നു. മലബാറിന്റെ തനത് കലകളിൽ പ്രധാനപ്പെട്ട മാപ്പിളകലകൾ പ്രോത്സാഹിപ്പിക്കുന്നതിനായി മലപ്പുറം കൊണ്ടോട്ടിയിലെ മഹാകവി മോയിൻകുട്ടി മാപ്പിളകലാ അക്കാദമി വിവിധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. മാപ്പിളപ്പാട്ട്, മാപ്പിളകലകൾ എന്നിവയുടെ പരിശീലന വ്യാപനത്തിനായുള്ള "സ്കൂൾ ഓഫ് മാപ്പിള ആർട്സ്'" പദ്ധതി ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെടുത്തിയാണ് നടത്തുന്നത്. ആയത് തദ്ദേശഭരണ വകുപ്പിന്റെ പരിഗണനയിലാണ്. ആദ്യം 14 ജില്ലാ പഞ്ചായത്ത് ആസ്ഥാനങ്ങളിലും തുടർന്ന് 126 നിയോജകമണ്ഡലങ്ങളിലും ലക്ഷ്യമിടുന്ന ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ സമാന്തരമായി പുരോഗമിക്കുന്നുണ്ട്. സാംസ്കാരിക വകുപ്പ് നടത്തുന്ന പരിപാടികൾ താഴെത്തട്ടിലുള്ള ജനങ്ങളിൽ എത്തിക്കുന്നതിനുവേണ്ടി ഓരോ ഗ്രാമത്തിലും 'ഗ്രാമസന്ധ്യ' എന്ന പരിപാടി

ഫോക്‌ലോർ അക്കാദമി ആവിഷ്കരിച്ചിട്ടുണ്ട്. പ്രഭാഷണങ്ങൾ, അതാത് ഗ്രാമത്തിലെ കലാകാരന്മാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള കലാപരിപാടികൾ (അതാത് ഗ്രാമത്തിലെ കലാകാരന്മാരെ ആദരിക്കലാണ് ഉദ്ദേശിക്കുന്നത്), സമം പരിപാടിയുടെ സന്ദേശം ഉൾക്കൊണ്ടുകൊണ്ട് പൊതുരംഗത്തുള്ള സ്ത്രീകളെ ആദരിക്കൽ എന്നിവ ഗ്രാമസന്ധ്യാ പരിപാടിയിൽ ഉൾക്കൊള്ളുന്നു. ഈ സാമ്പത്തിക വർഷം 100 ഗ്രാമങ്ങളിൽ പരിപാടികൾ സംഘടിപ്പിക്കുവാനാണ് ഫോക്‌ലോർ അക്കാദമി ഉദ്ദേശിക്കുന്നത്. 'നല്ല സിനിമ നാട്ടിൻപുറങ്ങളിലേയ്ക്ക്'' എന്ന ലക്ഷ്യവുമായി കണ്ണൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ കേരള ചലച്ചിത്ര അക്കാദമിയുടെ മേഖലാ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. ഈ മേഖലാ കേന്ദ്രങ്ങൾ പ്രാദേശികതലത്തിൽ സാമൂഹിക പ്രസക്തമായ നല്ല സിനിമകൾ പ്രദർശിപ്പിച്ചുവരുന്നു. കുട്ടികളിൽ ഉയർന്ന ചലച്ചിത്രാസ്വാദന ബോധം വളർത്തുന്നതിനായി ഈ മേഖലാകേന്ദ്രങ്ങളുടെ സഹകരണത്തോടെ കേരളത്തിന്റെ വിവിധ ഭാഗങ്ങളിലായി ചലച്ചിത്രാസ്വാദന ക്യാമ്പുകളും അക്കാദമി നടത്തിവരുന്നു. സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന വിവിധ സാംസ്കാരിക സംഘടനകൾക്ക് ആവർത്തന അനാവർത്തന സ്പെഷ്യൽ ഗ്രാന്റുകൾ അനുവദിച്ചിട്ടുണ്ട്. മ്യൂസിയം വകുപ്പിനുകീഴിൽ മലബാറിന്റെ അനുഷ്ഠാന

കലയായ തെയ്യത്തെ ആധാരമാക്കിയും ആചാരങ്ങൾ, വിവിധ തെയ്യക്കോലങ്ങൾ, ചരിത്രം എന്നിവ വിശദമായി പ്രതിപാദിച്ചുകൊണ്ടും കണ്ണൂർ കടന്നപ്പള്ളി - പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ ചന്തപ്പുരയിൽ തെയ്യം മ്യൂസിയം, മലബാറിന്റെ തനതായ പാരമ്പര്യം ഉൾക്കൊള്ളുന്ന ഗോത്ര സമൂഹത്തിന്റെ നേർക്കാഴ്ചയായി വയനാട് കുങ്കിച്ചിറയിൽ മ്യൂസിയം, കണ്ണൂർ ടൗണിൽ കൈത്തറി മ്യൂസിയം എന്നീ മൂന്നുപദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) മഞ്ചേരി നിയോജകമണ്ഡലത്തിൽ സാംസ്കാരിക വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ?

സാംസ്കാരിക വകുപ്പിന്റെ വജ്രജൂബിലി പദ്ധതിയുടെ ഭാഗമായി മഞ്ചേരി നിയോജകമണ്ഡലത്തിലെ തൃക്കലങ്ങോട്, പാണ്ടിക്കാട്, കീഴാറ്റൂർ, എടപ്പറ്റ എന്നീ ഗ്രാമപഞ്ചായത്തുകളിൽ സൗജന്യ കലാപരിശീലനം നടപ്പിലാക്കി വരുന്നു.

(സി) മലബാർ കൾച്ചറൽ അക്കാദമിക്ക് (ബാബുരാജ് അക്കാദമി) കെട്ടിടം നിർമ്മിക്കാൻ രണ്ടുകോടി രൂപ അനുവദിക്കണമെന്ന് അക്കാദമി സെക്രട്ടറി അപേക്ഷ നൽകിയിരുന്നുവോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

അപേക്ഷ ലഭിച്ചിരുന്നു. ഇക്കാര്യത്തിൽ സാംസ്കാരിക വകുപ്പ് ഡയറക്ടറോട് റിപ്പോർട്ട് തേടിയിട്ടുണ്ട്.

(ഡി) പ്രസ്തുത അക്കാദമിക്ക് പ്രവർത്തിക്കാനാവശ്യമായ തുക 2022-23 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിഗണിക്കുന്നതാണ്.

**മലപ്പുറം ജില്ലയിലെ സാംസ്കാരിക വകുപ്പിന് കീഴിലെ പദ്ധതികൾ**

364(1097) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ സാംസ്കാരികകാര്യ വകുപ്പിനുകീഴിൽ നടപ്പാക്കുന്ന പുതിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ?

കേരളത്തിലെ കലാസാംസ്കാരിക പാരമ്പര്യത്തെ സംരക്ഷിക്കുക, യുവ കലാകാരന്മാരെ പ്രോത്സാഹിപ്പിക്കുക തുടങ്ങിയ ലക്ഷ്യത്തോടെ വിവിധ കലാ രൂപങ്ങളിൽ കലാപരിശീലനം നൽകുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ കൂടി സഹായത്തോടെ സാംസ്കാരിക വകുപ്പ് നടപ്പിലാക്കുന്ന

വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതി മലപ്പുറം ജില്ലയിലും നടപ്പിലാക്കി വരുന്നു. മലപ്പുറം ജില്ലയിൽ വിവിധ ബ്ലോക്കുകളിൽ കലാകാരന്മാരെ വിന്യസിക്കുകയും പ്രസ്തുത കലാകാരന്മാർ അതാത് ബ്ലോക്കുകൾക്കുകീഴിലുള്ള വിവിധ കേന്ദ്രങ്ങളിൽ വിവിധ കലാരൂപങ്ങളിൽ സൗജന്യ പരിശീലനം നൽകിവരികയും ചെയ്യുന്നുണ്ട്. ഓരോ കലാകാരനും സാംസ്കാരിക വകുപ്പിൽനിന്നും 10,000/- രൂപയും തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്ന് നൽകുന്ന 5,000/- രൂപയുമുൾപ്പെടെ 15,000/- രൂപ വീതം പ്രതിമാസം ഫെലോഷിപ്പായി നൽകിവരുന്നുണ്ട്. നവോത്ഥാന നായകരുടെ നാമധേയത്തിൽ ഓരോ ജില്ലയിലും കിഫ്ബി ധനസഹായത്തോടെ സാംസ്കാരിക സമുച്ചയം സ്ഥാപിക്കുന്ന പദ്ധതി പ്രകാരം മലപ്പുറം ജില്ലയിൽ ഏറനാട് താലൂക്കിൽ നവോത്ഥാന നായകൻ അബ്ദുറഹ്മാൻ സാഹിബിന്റെ നാമധേയത്തിൽ 39.67 കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണത്തിനുള്ള നടപടികൾ പുരോഗമിക്കുന്നു. ഗ്രാമീണ കലാകാരന്മാരുടെയും കരകൗശല വിദഗ്ധരുടെയും നൈപുണ്യം ശക്തിപ്പെടുത്തുക, ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുക, അവർക്ക് ഉപജീവന സുസ്ഥിരത ഉറപ്പാക്കുക, സർവ്വോപരി സമ്പന്നമായിരുന്ന കേരളത്തിന്റെ ഗ്രാമീണ കരകൗശല പൈതൃകത്തെ സംരക്ഷിക്കുക തുടങ്ങിയ

ലക്ഷ്യപ്രാപ്തിക്കായി നിലമ്പൂർ നഗരസഭയിലെ അരുവാക്കോട് മൺപാത്ര നിർമ്മാണ ഗ്രാമത്തിനെ സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ‘ഗ്രാമീണ കലാകേന്ദ്രം’ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൻകീഴിൽ കരകൗശല കലാകാരന്മാർക്ക് നൈപുണ്യ വികസന പരിശീലനം നൽകിയിട്ടുണ്ട്. കൊണ്ടോട്ടി കേന്ദ്രമായി പ്രവർത്തിക്കുന്ന മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിളകലാ അക്കാദമി മാപ്പിളപ്പാട്ട്, മാപ്പിളകലകളുടെ പരിശീലനം, ഒപ്പന, തിരുവാതിരക്കളി, മാർഗ്ഗംകളി, അറബി, മലയാളം കോഴ്സ്, വിവിധ കലാ സാംസ്കാരിക പരിപാടികൾ എന്നിവ സംഘടിപ്പിക്കുന്നുണ്ട്.

(ബി) മാപ്പിളകലാ പരിശീലനങ്ങൾക്കായി എല്ലാ ജില്ലകളിലും ജില്ലാ പഞ്ചായത്തുമായി സഹകരിച്ച് നടപ്പിലാക്കുന്ന 'സ്കൂൾ ഓഫ് മാപ്പിള ആർട്സ്" മലപ്പുറം നിയോജകമണ്ഡലത്തിൽ ആരംഭിക്കുന്ന കാര്യം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഇതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

മാപ്പിളപ്പാട്ട്, മാപ്പിളകലകൾ എന്നിവയുടെ പരിശീലന വ്യാപനത്തിനായുള്ള 'സ്കൂൾ ഓഫ് മാപ്പിള ആർട്സ്'' പദ്ധതി ജില്ലാപഞ്ചായത്തുമായി ബന്ധപ്പെടുത്തി നടത്തുന്നതിനായാണ്

ലക്ഷ്യമിടുന്നത്. ആയത് തദ്ദേശഭരണ വകുപ്പിന്റെ പരിഗണനയിലാണ്. ആദ്യം 14 ജില്ലാ പഞ്ചായത്ത് ആസ്ഥാനങ്ങളിലും തുടർന്ന് 126 നിയോജകമണ്ഡലങ്ങളിലും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

**മൊയ്യാരത്ത് ശങ്കരൻ ചരിത്ര ഗ്യാലറിക്കുള്ള ഫണ്ട്**

365(1098) **ശ്രീ. എ. എൻ. ഷംസീർ**: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-2022 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തലശ്ശേരി നിയോജകമണ്ഡലത്തിലെ മൊയ്യാരത്ത് ശങ്കരൻ ചരിത്ര ഗാലറിക്ക് അനുവദിച്ച 2 കോടി രൂപയുടെ ഫണ്ട് അനുവദിക്കുന്ന പ്രൊപ്പോസൽ സംബന്ധിച്ച ഫയലിൽ ഇതുവരെ സ്വീകരിച്ചുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) മൊയ്യാരത്ത് ശങ്കരൻ ചരിത്ര ഗ്യാലറിക്ക് അനുവദിച്ച ഫണ്ട് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ & ബി) കണ്ണൂർ ജില്ലയിൽ തലശ്ശേരിയിൽ മൊയ്യാരത്ത് ശങ്കരൻ

ചരിത്ര ഗ്യാലറി നിർമ്മിക്കുന്നതിന് ചൊക്ലി ഗ്രാമപഞ്ചായത്ത് ചൊക്ലി വില്ലേജിൽ റീ സർവ്വെ 44/3 എ 3 എ 1 എ 2-ൽപ്പെട്ട 25 സെന്റ് സ്ഥലം വാങ്ങിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്തിനോട് ചേർന്നുകിടക്കുന്നതും അതേ സർവ്വെ നമ്പരിൽപ്പെട്ടതുമായ 50 സെന്റ് സ്ഥലംകൂടി ഏറ്റെടുക്കുന്നതിനായി 50,00,000/- രൂപ അനുവദിക്കണമെന്നും ചൊക്ലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മെയ്യാരത്ത് ശങ്കരൻ ചരിത്ര ഗ്യാലറി നിർമ്മിക്കുന്നതിനായി മേൽപ്പറഞ്ഞ സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടി 50,00,000/-രൂപ ചൊക്ലി ഗ്രാമപഞ്ചായത്തിന് 12-08-2021-ലെ സ. ഉ. (സാധാ) 296/2021/സാം.കാ.വ നമ്പർ പ്രകാരം അനുവദിച്ച് സർക്കാർ ഉത്തരവായിരുന്നു. സ്മാരക നിർമ്മാണത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 200 ലക്ഷം രൂപ അനുവദിച്ച് നൽകുന്നതിലേയ്ക്കായി ചൊക്ലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാംസ്കാരിക വകുപ്പദ്ധ്യക്ഷന് കത്ത് നൽകിയിരുന്നു. അതുപ്രകാരം സ്മാരക നിർമ്മാണവുമായി ബന്ധപ്പെട്ട പ്ലാനും എസ്റ്റിമേറ്റും അടിയന്തരമായി ലഭ്യമാക്കാൻ ചൊക്ലി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് വകുപ്പദ്ധ്യക്ഷൻ നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ ഈ പദ്ധതിക്കായി അനുവദിച്ച 50 ലക്ഷത്തിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സഹിതം വിശദമായ

പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കേരളാ ഫോക്‌ലോർ അക്കാദമിയുടെ വെള്ളാവൂർ ഉപകേന്ദ്രം**

366(1099)ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ഫോക്‌ലോർ അക്കാദമിയുടെ വെള്ളാവൂർ ഉപകേന്ദ്രത്തിൽ ഏതൊക്കെ കോഴ്സുകൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

നാടൻപാട്ട് പരിശീലനമാണ് ഇപ്പോൾ ഉപകേന്ദ്രത്തിൽ നടക്കുന്നത്. പുതിയ കലാപരിശീലനങ്ങൾ ആലോചിച്ചിട്ടില്ല.

(ബി) പ്രസ്തുത സ്ഥാപനത്തിൽ ഏതൊക്കെ തസ്തികകളിൽ സ്ഥിരം ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്നും നിലവിൽ എത്ര ഒഴിവുകളുണ്ടെന്നും വ്യക്തമാക്കാമോ?

സ്ഥിരം തസ്തിക അനുവദിച്ചിട്ടില്ല. സ്ഥാപനത്തിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി ഒരു അക്കാദമിക് കോ-ഓർഡിനേറ്ററേയും

സ്വീപ്പറേയും ദിവസ വേതനാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്.

(സി) അക്കാദമി പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും നടപടികൾ സ്വീകരിക്കാമോ?

തസ്തിക സൃഷ്ടിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

**ആറാലുംമൂട് കെ.എസ്.എഫ്.ഡി.സി.യുടെ സിനിമാ തിയേറ്റർ**

367(1100) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ആറാലുംമൂട്ടിൽ കെ.എസ്.എഫ്.ഡി.സി. ആരംഭിക്കാൻ പോകുന്ന സിനിമാ തിയേറ്ററിന്റെ ഡി.പി.ആർ. പൂർത്തീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എത്രകോടി രൂപയുടെ ഡി.പി.ആർ. ആണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

(എ & ബി) ഉണ്ട്. നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ തിയേറ്റർ നിർമ്മാണത്തിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് (16.37 കോടി

രൂപയുടെ) തയ്യാറാക്കിയിട്ടുണ്ട്.

(സി) ഡി.പി.ആർ. പ്രകാരം കിഫ്ബിയിൽനിന്നും അംഗീകാരം ലഭ്യമായിട്ടുണ്ടോ; വ്യക്തമാക്കാമോ?

പ്രസ്തുത തിയേറ്റർ പദ്ധതിയുടെ ഡി.പി.ആർ.-ന് കിഫ്ബി അംഗീകാരം ലഭ്യമായിട്ടില്ല. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**സിനിമാ റഗുലേറ്ററി അതോറിറ്റി**

368(1101) ഡോ. കെ. ടി. ജലീൽ:
ശ്രീമതി ദെലീമ:
ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാംസ്കാരിക രംഗത്ത് ഏറ്റവും സ്വാധീനം ചെലുത്തുന്ന സിനിമാ വ്യവസായം വിവിധതരത്തിലുള്ള പ്രശ്നങ്ങൾ നേരിടുന്നത് പരിശോധിച്ചിരുന്നോ; സിനിമാ റഗുലേറ്ററി അതോറിറ്റി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

സിനിമാ മേഖലയിലെ പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരനിർദ്ദേശങ്ങളും സംബന്ധിച്ച വിഷയങ്ങൾ സർക്കാർ വിശദമായി പരിശോധിച്ചുവരികയാണ്.

(ബി) സംസ്ഥാനത്ത് സിനിമാ വ്യവസായം അടുത്തകാലത്തായി ആശാസ്യമല്ലാത്ത സ്ഥിതിയിലേയ്ക്ക് നിലംപതിക്കുന്നതായ വാർത്തകളുടെ പശ്ചാത്തലത്തിൽ ശക്തമായ ഇടപെടലുണ്ടാകുമോ?

അത്തരം പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(സി) സംസ്ഥാന സിനിമാ വ്യവസായത്തിലെ കലാകാരികൾ നേരിടുന്ന ചൂഷണവും മറ്റ് പ്രശ്നങ്ങളും അവസാനിപ്പിക്കാൻ ചുമതലപ്പെടുത്തിയ കമ്മിറ്റി സമർപ്പിച്ച ശിപാർശയുടെ അടിസ്ഥാനത്തിൽ ഫലപ്രദമായ നടപടി സ്വീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ?

ജസ്റ്റിസ് കെ. ഹേമ സമിതിയുടെ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

**പയ്യന്നൂർ തിയേറ്റർ കോംപ്ലക്സ്**

369(1102) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) പയ്യന്നൂർ തിയേറ്റർ കോംപ്ലക്സ് പ്രവർത്തനം എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

പയ്യന്നൂർ തിയേറ്റർ കോംപ്ലക്സിന്റെ സിവിൽ, എം.ഇ.പി (മെക്കാനിക്കൽ, ഇലക്ട്രിക്കൽ, പ്ലംബിംഗ്) നിർമ്മാണ ജോലികൾ ഏപ്രിൽ മാസം അവസാനത്തോടുകൂടി പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. തുടർന്ന് പ്രസ്തുത പ്രോജക്ടിന്റെ തിയേറ്റർ എഞ്ചിനീയറിംഗ് വർക്കുകൾ പൂർത്തീകരിക്കുവാൻ കുറഞ്ഞത് മൂന്നുമാസക്കാലയളവ് വേണ്ടിവരും.

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദമാക്കാമോ?

നിലവിൽ നഗരസഭയിൽനിന്നും ലഭിച്ച 50 സെന്റ് സ്ഥലം പാർക്കിംഗ് സൗകര്യം ഒരുക്കുന്നതിന് പര്യാപ്തമല്ലാത്തതിനാൽ, 20 സെന്റ് സ്ഥലം കൂടി ലഭ്യമാക്കുന്നതിനായുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഈ സ്ഥലം ലഭ്യമായി, മറ്റ് നിയമാനുസൃത ഏജൻസികളിൽനിന്നും അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് തിയേറ്റർ പ്രവർത്തനം സജ്ജമാക്കുന്നതാണ്.

**കേരള സംഗീത നാടക അക്കാദമി ചെയർമാന്റെ നിയമനം**

370(1103) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംഗീത നാടക അക്കാദമി ചെയർമാനായി പുതുതായി ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആരെയാണ് നിയമിച്ചതെന്ന് വ്യക്തമാക്കുമോ?

(എ & ബി) നിയമിച്ചിട്ടില്ല.

**സിനിമാ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കാൻ കമ്മിറ്റി**

371(1104) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമാ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുവാൻ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾക്ക് നേരിടേണ്ടിവരുന്ന പ്രശ്നങ്ങളും തൊഴിൽ സാഹചര്യങ്ങളും പഠിച്ച് റിപ്പോർട്ട്

സമർപ്പിക്കുന്നതിനായി (റിട്ട) ജസ്റ്റിസ്.കെ.ഹേമ അദ്ധ്യക്ഷയായി ഒരു കമ്മിറ്റി 01-07-2017-ലെ സ.ഉ.(കൈ) നം.16/2017/സാം.കാ.വ ഉത്തരവ് പ്രകാരം സർക്കാർ നിയോഗിച്ചിരുന്നു.

(ബി) പ്രസ്തുത കമ്മിറ്റികൾ ഇതുമായി ബന്ധപ്പെട്ട റിപ്പോർട്ടുകൾ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. പ്രസ്തുത കമ്മിറ്റി സർക്കാരിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(സി) സിനിമാ മേഖലയുമായി ബന്ധപ്പെട്ട് റഗുലേറ്ററി അതോറിറ്റി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

സിനിമാ റഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതും ജസ്റ്റിസ്. കെ. ഹേമ കമ്മിറ്റി ശിപാർശകൾ നടപ്പാക്കുന്നതും സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

**ഹേമ കമ്മീഷൻ റിപ്പോർട്ട്**

372(1105) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന വനിതകളുടെ ക്ഷേമവുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിനായി നിയമിച്ച ഹേമ കമ്മീഷന്റെ റിപ്പോർട്ട് എന്തുകൊണ്ടാണ് പുറത്തുവിടാത്തതെന്ന് വിശദമാക്കുമോ; പ്രസ്തുത റിപ്പോർട്ട് എപ്പോൾ പുറത്തുവിടുമെന്ന് വ്യക്തമാക്കുമോ?

സിനിമാ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി ജസ്റ്റിസ് ഹേമ അദ്ധ്യക്ഷയായ സമിതിയെയാണ് സർക്കാർ നിയോഗിച്ചിട്ടുള്ളത്. സിനിമാ മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകൾ, തങ്ങളുടെ സ്വകാര്യ അനുഭവങ്ങൾ/ വിവരങ്ങൾ ജസ്റ്റിസ് കെ. ഹേമ സമിതിയോട് വെളിപ്പെടുത്തിയത് സമിതിയുടെ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതിനാൽ റിപ്പോർട്ട് കോൺഫിഡൻഷ്യലായി സൂക്ഷിക്കണമെന്ന് ജസ്റ്റിസ് കെ. ഹേമ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. കൂടാതെ വ്യക്തികളുടെ സ്വകാര്യ വിവരങ്ങൾ ഉൾക്കൊള്ളുന്നതിനാൽ റിപ്പോർട്ട് അതേപടി പൊതുരേഖയായി പ്രസിദ്ധീകരിക്കുവാൻ കഴിയില്ലെന്നും 22-10-2020-ലെ 236(1)2020/SIC നടപടിക്രമം വഴി സംസ്ഥാന വിവരാവകാശ കമ്മീഷൻ ഉത്തരവായിട്ടുണ്ട്. ആയതിനാൽ റിപ്പോർട്ട് അതേപടി പ്രസിദ്ധീകരിക്കാൻ നിർവ്വാഹമില്ല. കമ്മീഷൻ ഓഫ് എൻക്വയറീസിന്റെ പരിധിയിൽ ടി സമിതി വരുന്നില്ല.

(ബി) ഹേമ കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി സർക്കാർ

ഇതിനോടകം എത്ര തുകയാണ് ചെലവഴിച്ചതെന്ന് വിശദമാക്കുമോ?

ജസ്റ്റിസ് കെ. ഹേമ സമിതിയുടെ പ്രവർത്തനങ്ങൾക്കായി കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി മുഖേന 1,06,55,000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

**യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ**

373(1106) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം യുവജനക്ഷേമ ബോർഡ് വഴി നടപ്പിലാക്കിയ പ്രധാന പരിപാടികളുടെയും യുവജനങ്ങളുടെ പുരോഗതി ലക്ഷ്യമാക്കി ആവിഷ്കരിച്ച ക്ഷേമ പദ്ധതികളുടെയും വിശദാംശങ്ങൾ അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡുവഴി ചുവടെ ചേർക്കുന്ന പദ്ധതികളും പരിപാടികളും നടത്തിവരുന്നു:

1. കേരളോത്സവം.

2.യൂത്ത് ക്ലബ്ബുകൾ-കാർഷിക ക്ലബ്ബ്, ഭിന്നശേഷിക്കാർക്കുള്ള ക്ലബ്ബ്, യുവതി ക്ലബ്ബ്, ട്രാൻസ്ജെൻഡേഴ്സ് ക്ലബ്ബ്, യൂത്ത്-യുവ ക്ലബ്ബുകൾക്ക് ധനസഹായം.

3. ടീം കേരള (കേരള വോളണ്ടറി യൂത്ത് ആക്ഷൻ ഫോഴ്സ്).

4. പരീക്ഷാ പരിശീലന പദ്ധതി.

5. കലയും സംസ്കാരവും എന്ന പദ്ധതിയിൻകീഴിൽ യുവസാഹിത്യ സെമിനാർ, ഷോർട്ട് ഫിലിം ഫെസ്റ്റിവൽ, മണിനാദം (കലാഭവൻ മണി മെമ്മോറിയൽ ഓൺലൈൻ നാടൻ പാട്ട് മത്സരം) എന്നീ പരിപാടികൾ.

6. മറ്റ് യുവജന വികസന പരിപാടികൾ എന്ന പദ്ധതിയിൻകീഴിൽ സ്വാമി വിവേകാനന്ദൻ യുവപ്രതിഭ പുരസ്കാരം (യൂത്ത് അവാർഡ്), ഫോട്ടോഗ്രാഫി അവാർഡ്, യുവമാധ്യമ സെമിനാർ, ദിനാചരണങ്ങൾ എന്നീ പരിപാടികൾ.

7. യുവശക്തി.

മേൽപ്പറഞ്ഞ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

**സംസ്ഥാന യുവജന കമ്മീഷൻ**

374(1107) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാന യുവജന കമ്മീഷന്റെ ചുമതലകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

കേരള സംസ്ഥാന യുവജന കമ്മീഷന്റെ ചുമതലകൾ ചുവടെ ചേർക്കുന്നു:-

1. യുവാക്കളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുംവേണ്ടി ഭരണഘടനയിലോ മറ്റേതെങ്കിലും നിയമത്തിൻകീഴിലോ, സർക്കാർ ഉത്തരവിൻകീഴിലോ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ചൂഷണത്തിനെതിരെയും മറ്റ് തരത്തിലുമുള്ള വിവിധ സംരക്ഷണ വ്യവസ്ഥകളുടെ പ്രവർത്തന രീതിയും നടത്തിപ്പും അന്വേഷിക്കുകയും പരിശോധിക്കുകയും പരിഹാര നടപടികൾ ശിപാർശ ചെയ്യുകയും ചെയ്യുക.

2. യുവാക്കൾക്കിടയിൽ വർദ്ധിച്ചുവരുന്ന സാമൂഹ്യവിപത്തുകളായ മദ്യം, മയക്കുമരുന്ന്, പുകയില ഉൽപ്പന്നങ്ങൾ, നിരോധിക്കപ്പെട്ട മറ്റ് ലഹരി പദാർത്ഥങ്ങൾ എന്നിവയുടെ ഉപയോഗവും സൈബർ കുറ്റകൃത്യങ്ങളും തടയുന്നതിനാവശ്യമായ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ഏത് തൊഴിലും അന്തസ്സായി ചെയ്ത് ജീവിതമാർഗ്ഗം കണ്ടെത്തുന്നതിനുള്ള അറിവ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും അത്തരം കാര്യങ്ങളിൽ സർക്കാരിനാവശ്യമായ ശിപാർശകൾ നൽകുകയും ചെയ്യുക.

3. യുവാക്കൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസത്തിനും തൊഴിലവസരങ്ങൾ നേടിയെടുക്കുന്നതിനുംവേണ്ടി സർക്കാർ വകുപ്പുകളെ ഏകോപിപ്പിക്കുക.

4. പൂർണ്ണമായ ശാക്തീകരണവും മികവും നേടുന്നതിനുവേണ്ടി യുവാക്കളുടെ കഴിവ് വികസിപ്പിക്കുകയും നേർവഴിക്ക് നയിക്കുകയും ചെയ്യുക.

5. യുവാക്കൾക്ക് തൊഴിലവസരങ്ങൾ തേടുന്നതിനുള്ള മെച്ചപ്പെട്ട വഴികൾ സർക്കാരിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനായി പ്രോത്സാഹനപരവും വിദ്യാഭ്യാസപരവുമായ ഗവേഷണങ്ങൾ ഏറ്റെടുക്കുക.

6. യുവാക്കളുടെ, പ്രത്യേകിച്ചും ദുർബല വിഭാഗത്തിലും ഗോത്രവർഗ്ഗ വിഭാഗത്തിലുംപെടുന്നവരുടെ സാമൂഹിക –സാമ്പത്തിക വികസനത്തിന്റെ ആസൂത്രണ നടപടികളിൽ സർക്കാരിനെ ഉപദേശിക്കുക.

7. യുവാക്കളുടെ സർഗ്ഗാത്മകതയും നൈപുണ്യവും വികസിപ്പിച്ചുകൊണ്ട് ഉന്നത നിലവാരത്തിലുള്ള നേട്ടങ്ങൾ കൈവരിക്കുന്നതിന് പ്രാപ്തരാക്കുന്നതിന് എല്ലാ തലങ്ങളിലുമുള്ള പ്രവർത്തനങ്ങളിൽ അവരുടെ സാധ്യതകളും കഴിവുകളും കണ്ടെത്തുക.

8. അസംഘടിത മേഖലയിൽ യുവാക്കൾ നേരിടുന്ന തൊഴിൽപരമായ ദുരിതങ്ങൾ ശ്രദ്ധിച്ച് റിപ്പോർട്ട് ചെയ്യുക.

9. യുവാക്കളുടെ അവകാശങ്ങളും സംരക്ഷണ വ്യവസ്ഥകളും നിഷേധിച്ചതായി പറയുന്ന പരാതികളിന്മേലും പ്രഥമദൃഷ്ട്യാ ബോദ്ധ്യമാകുന്ന പ്രശ്നങ്ങളിന്മേൽ സ്വമേധയായും അന്വേഷണം നടത്തുകയും അത്തരം കാര്യങ്ങൾ ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരികയും നടപടികൾക്ക് ശിപാർശ ചെയ്യുകയും ചെയ്യുക.

10. പരിസ്ഥിതി സംരക്ഷണം, പൗരബോധം, ജനാധിപത്യബോധം, സാമൂഹിക ബോധം, നിയമസാക്ഷരത തുടങ്ങിയവ വളർത്തിയെടുക്കുന്നതിനാവശ്യമായ നടപടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

11. അതത് സമയം കമ്മീഷന്റെ പരിഗണനയ്ക്ക് അയയ്ക്കുന്ന മറ്റ് വിഷയങ്ങളിൽ സർക്കാരിനെ ഉപദേശിക്കുക.

(ബി) സമീപകാലത്തായി സ്ത്രീ പീഡനങ്ങളും സ്ത്രീധന പീഡനങ്ങളും ഗാർഹിക പീഡനങ്ങളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ യുവജന കമ്മീഷൻ നടത്തിയിട്ടുള്ള ഇടപെടലുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

സമീപകാലത്ത് സ്ത്രീ പീഡനങ്ങളിലും സ്ത്രീധന പീഡനങ്ങളിലും ഗാർഹിക പീഡനങ്ങളിലും ഇരയാക്കപ്പെട്ട വ്യക്തികളുടെ കുടുംബാംഗങ്ങളെ

ചെയർപേഴ്സൺ, കമ്മീഷൻ അംഗങ്ങൾ എന്നിവർ സന്ദർശിക്കുകയും ആവശ്യമായ നിയമസഹായവും ധാർമ്മിക പിന്തുണയും നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ഈ വിഷയത്തിൽ പോലീസ് അധികൃതരുമായി ബന്ധപ്പെട്ട് നിയമനടപടികൾ ത്വരിതപ്പെടുത്തുവാനും നടപടികൾ സ്വീകരിക്കുകയുണ്ടായി. സ്ത്രീ പീഡനങ്ങളും സ്ത്രീധന പീഡനങ്ങളും ഗാർഹിക പീഡനങ്ങളും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ടി വിഷയത്തിൽ കമ്മീഷനിൽ ലഭിച്ച പരാതികളിന്മേൽ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി 04-10-2021-ന് എറണാകുളം ജില്ലാ പഞ്ചായത്ത് ഹാളിൽ വച്ച് മെഗാ അദാലത്ത് സംഘടിപ്പിക്കുകയുണ്ടായി. കേരള സംസ്ഥാന യുവജന കമ്മീഷൻ, വനിതാ ശിശു വികസന വകുപ്പിന്റെ കീഴിൽ ഇരിങ്ങാലക്കുട ഗവൺമെന്റ് ഹോസ്പിറ്റലിൽ സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ നടക്കുന്ന അതിക്രമം തടയുകയെന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ഗവൺമെന്റ് സ്ഥാപനമായ 'സഖി വൺ സ്റ്റോപ്പ് സെന്റർ' എന്ന സ്ഥാപനവുമായി സഹകരിച്ചുകൊണ്ട് സ്ത്രീകൾക്കെതിരെയുള്ള അതിക്രമം തടയുകയെന്ന ലക്ഷ്യത്തോടെ “International Day for Elimination of all Kind of Violence Against Women”-ന്റെ ഭാഗമായി 2021 നവംബർ 25 മുതൽ ഡിസംബർ 10 വരെ വിവിധ പരിപാടികൾ തൃശ്ശൂർ ജില്ലയിലെ നെടുപുഴ ഗവൺമെന്റ്

വിമൻസ് പോളിടെക്നിക് കോളേജിൽവച്ച് വിദ്യാർത്ഥികളെ ഉൾക്കൊള്ളിച്ച് സംഘടിപ്പിച്ചു. കേരള സംസ്ഥാന യുവജന കമ്മീഷനും മാർഗ്രിഗോറിയസ് കോളേജ് ഓഫ് ലോ-യും സംയുക്തമായി "Reproductive Choice of Women : A Fundamental Right” എന്ന വിഷയത്തിൽ കോൺഫറൻസ് സംഘടിപ്പിച്ചു. സ്കൂൾ/കോളേജ് കരിക്കുലത്തിൽ ജെൻഡർ എഡ്യൂക്കേഷൻ ഉൾപ്പെടുത്തണമെന്ന ശിപാർശ ഉന്നതവിദ്യാഭ്യാസ വകുപ്പിനും പൊതുവിദ്യാഭ്യാസ വകുപ്പിനും യുവജന കമ്മീഷൻ നൽകിയിട്ടുണ്ട്.

(സി) ഇക്കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ യുവജന കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുക സാമ്പത്തികവർഷം അടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; ഇതിൽ ഓരോ വർഷവും കമ്മീഷൻ ചെലവഴിച്ച തുക എത്രവീതമാണെന്നും ശമ്പളം, മറ്റ് പദ്ധതികൾ തുടങ്ങി ഓരോ ഇനത്തിനുമായി പ്രതിവർഷം ചെലവഴിച്ച തുകയുടെ കണക്കും ഇനം തിരിച്ച് ലഭ്യമാക്കുമോ?

ഇക്കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ യുവജന കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ഗാർഹിക പീഡനങ്ങൾ, സ്ത്രീധന പീഡനങ്ങൾ, സ്ത്രീ പീഡനങ്ങൾ തുടങ്ങിയവയ്ക്കെതിരെ യുവതി-യുവാക്കളിൽ അവബോധം സൃഷ്ടിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് കമ്മീഷൻ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഗാർഹിക പീഡനങ്ങൾ, സ്ത്രീധന പീഡനങ്ങൾ, സ്ത്രീ പീഡനങ്ങൾ തുടങ്ങിയവയ്ക്കെതിരെ യുവതി-യുവാക്കളിൽ അവബോധം സൃഷ്ടിക്കുന്നതിനായി ബോധവൽക്കരണം, നിയമസഹായം, കൗൺസലിംഗ് എന്നിവ നൽകുന്നതിന് 2022-23 സാമ്പത്തിക വർഷത്തേയ്ക്ക് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

**യുവാക്കളിലെ ലഹരി ഉപയോഗം**

375(1108) <u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവാക്കൾ മദ്യവും മറ്റ് ലഹരി ഉൽപ്പന്നങ്ങളും ഉപയോഗിക്കുന്നത് തടയുന്നതിനായി യുവജനകാര്യ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ഈ വിഷയത്തിൽ പഞ്ചായത്തുതലത്തിൽ യുവജനകാര്യ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

(എ & ബി) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ജില്ലാ യുവജന കേന്ദ്രങ്ങളുടെ ആഭിമുഖ്യത്തിൽ യൂത്ത് ക്ലബ്ബുകളുടെ സഹകരണത്തോടെ ലഹരിവിരുദ്ധ ക്യാമ്പയിനുകൾ നടത്തുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ വാർഡുതല കൂട്ടായ്മകൾ രൂപീകരിച്ച് ജനങ്ങളുടെയും ജനപ്രതിനിധികളുടെയും സന്നദ്ധ പ്രവർത്തകരുടെയും സഹായത്തോടെ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്കും ബോധവൽക്കരണത്തിനും ഡി-അഡിക്ഷൻ പ്രവർത്തനങ്ങൾക്കും രൂപം നൽകുക, നാടകങ്ങൾ, ലഘു വീഡിയോ ചിത്രങ്ങൾ, മറ്റ് കലാരൂപങ്ങൾ എന്നിവയിലൂടെ ഈ വിപത്തിനെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക, കൂടാതെ ലഹരിക്കടിമപ്പെടുന്നവരെ ലഹരിമുക്തി കേന്ദ്രങ്ങളിലെത്തിച്ച് ചികിത്സ ലഭ്യമാക്കുക എന്നിവയാണ് ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. കേരള സംസ്ഥാന യുവജന കമ്മീഷൻ യുവാക്കളിൽ വർദ്ധിച്ചുവരുന്ന മദ്യം, മയക്കുമരുന്ന് ദുരുപയോഗത്തിനെതിരെ പ്രചരണ പരിപാടികളും വിദഗ്ധരുടെ നേതൃത്വത്തിൽ ബോധവത്കരണ പരിപാടികളും സംസ്ഥാനത്തെ കോളേജുകളിലും യുവാക്കൾക്ക് പ്രാതിനിധ്യമുള്ള വിദ്യാഭ്യാസ

സ്ഥാപനങ്ങൾ, ലൈബ്രറികൾ, യുവജന ക്ലബുകൾ എന്നിവിടങ്ങളിലും നടത്തുന്നുണ്ട്. യുവാക്കളായ സന്നദ്ധപ്രവർത്തകരെ തെരഞ്ഞെടുത്ത് വിദഗ്ധരുടെ നേതൃത്വത്തിൽ പരിശീലനം നൽകിയാണ് പദ്ധതി നടപ്പാക്കുന്നത്. ഓരോ ജില്ലയിൽനിന്നും ഒരു ജില്ലാ കോ-ഓർഡിനേറ്റർമാരെ വീതവും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി 2 സംസ്ഥാന കോ-ഓർഡിനേറ്റർമാരെയും തെരഞ്ഞെടുത്ത് പരിശീലനം നൽകി ഇവർ മുഖേന ബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

[10.00 am]

## II അടിയന്തരപ്രമേയ നോട്ടീസ്

<u>മി. സ്പീക്കർ</u>: ഓർഡർ..... ഓർഡർ..... റൂൾ 50 പ്രകാരം ഇന്ന് ലഭിച്ചിരിക്കുന്ന നോട്ടീസ് സ്വർണ്ണക്കടത്ത് കേസിലെ ഒരു പ്രതിയുടെ വെളിപ്പെടുത്തലിനെ സംബന്ധിച്ചാണ്. പ്രസ്തുത വിഷയം വിവിധ

അന്വേഷണ ഏജൻസികളുടെയും ബന്ധപ്പെട്ട നിയമ കോടതികളുടെയും പരിഗണനയിലിരിക്കുന്നതാണ്. മാത്രവുമല്ല, ഈ വിഷയത്തിൽ ഏതെങ്കിലും തരത്തിലുള്ള അടിയന്തര സാഹചര്യമുള്ളതായും കാണുന്നില്ല. ആകയാൽ നോട്ടീസ് പരിഗണനയ്ക്കെടുക്കാൻ നിർവ്വാഹമില്ലെന്ന് അറിയിക്കുകയാണ്.

(....ബഹളം....)

(അടിയന്തര പ്രമേയ നോട്ടീസ് പരിഗണനയ്ക്കെടുക്കാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം പ്രതിപക്ഷനേതാവിന്റെ സീറ്റിനരികിൽ വന്നുനിന്ന് ബഹളമുണ്ടാക്കി സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ കാര്യവിവരപ്പട്ടികയിലെ അടുത്ത നടപടികളിലേയ്ക്ക് കടന്നു.)

**[10.00 a.m]**

**III ശ്രദ്ധക്ഷണിക്കൽ**

<u>മണ്ണെണ്ണയുടെ ലഭ്യതക്കുറവുമൂലം മത്സ്യബന്ധന മേഖല നേരിടുന്ന പ്രതിസന്ധി</u>

<u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: സർ, ഇന്ന് കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾ മത്സ്യബന്ധനത്തിന് പോകാൻ കഴിയാത്ത ഗുരുതര

സാഹചര്യം നേരിടുകയാണ്. കേന്ദ്രസർക്കാർ ഇന്ധനവില അമിതമായി വർദ്ധിപ്പിക്കുന്നതിന്റെ ദോഷഫലം ഏറ്റവും കൂടുതൽ അനുഭവിക്കുന്നവരായി അവർ മാറുകയാണ്. മത്സ്യബന്ധനത്തിനാവശ്യമായ മണ്ണെണ്ണ പൊതുമാർക്കറ്റിൽനിന്നും വാങ്ങുന്നതിന് 100 രൂപയ്ക്ക് മുകളിൽ കൊടുക്കേണ്ട അവസ്ഥയാണുള്ളത്. സംസ്ഥാനത്തിന് ലഭിക്കേണ്ട മണ്ണെണ്ണയുടെ അളവ് കേന്ദ്രസർക്കാർ ഘട്ടംഘട്ടമായി വെട്ടിക്കുറച്ച് ഇപ്പോൾ ഏകദേശം 9200 കിലോ ലിറ്റർ മാത്രമായി മാറ്റിയിരിക്കുകയാണ്. റേഷൻ വിതരണത്തിനായി കിട്ടുന്ന മണ്ണെണ്ണയിൽനിന്നുപോലും മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ മണ്ണെണ്ണ ലഭിക്കാത്ത സാഹചര്യമാണുള്ളത്. ഇന്ന് റേഷൻ മണ്ണെണ്ണ ഒരു ലിറ്റർപോലും മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്നില്ല. കേന്ദ്രസർക്കാരിൽനിന്നും ലഭിക്കുന്ന സബ്സിഡി രഹിത മണ്ണെണ്ണയാണ് സിവിൽ സപ്ലൈസ് മുഖാന്തരം മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്നത്. കേന്ദ്രസർക്കാർ മണ്ണെണ്ണയുടെ വില ലിറ്ററിന് 8 രൂപ വീണ്ടും വർദ്ധിപ്പിച്ചിരിക്കുകയാണ്. 10 HP-യുടെ മോട്ടോറിന് ലഭ്യമാകുന്ന മണ്ണെണ്ണയുടെ അളവ് 136 ലിറ്ററും 15 HP-യ്ക്ക് മുകളിലുള്ള മോട്ടോറിന് ലഭ്യമാകുന്ന മണ്ണെണ്ണയുടെ അളവ് 180 ലിറ്ററുമാണ്. സബ്സിഡി രഹിത മണ്ണെണ്ണ ലഭ്യമാകുന്നത് ഏതാണ്ട് 15582

പെർമിറ്റുകൾക്കാണ്.

മി. സ്പീക്കർ: അംഗങ്ങൾ സീറ്റിലേയ്ക്ക് തിരിച്ചുപോകേണ്ടതാണ്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, സംസ്ഥാന സർക്കാർ ഏകദേശം 15000 മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് ഒരു ലിറ്റർ മണ്ണെണ്ണയ്ക്ക് 25 രൂപ സബ്സിഡി നൽകുന്നുണ്ട്. 140 ലിറ്റർ മുതൽ 190 ലിറ്റർ വരെ മണ്ണെണ്ണ മാത്രമാണ് ഇങ്ങനെ ലഭ്യമാകുന്നത്. മണ്ണെണ്ണയുടെ അളവ് വർദ്ധിപ്പിക്കണം എന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. മത്സ്യബന്ധനത്തിനാവശ്യമായ മണ്ണെണ്ണയുടെയും ഡീസലിന്റെയും നികുതി കേന്ദ്രഗവൺമെന്റ് കുറച്ചാൽ തന്നെ നിലവിലുള്ള വിലയുടെ 40 ശതമാനമെങ്കിലും കുറയ്ക്കാൻ കഴിയും. ഇതിനായി നടപടി സ്വീകരിക്കുന്നതിന് ഈ സഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടണമെന്ന് ഞാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്.

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിന് മുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുകയാണ്. അംഗങ്ങൾ അവരവരുടെ സീറ്റിലേയ്ക്ക് പോകണം.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി

(ശ്രീ. സജി ചെറിയാൻ): സർ, ബഹുമാനപ്പെട്ട ആലപ്പുഴ അംഗം ഉന്നയിച്ച വിഷയം മത്സ്യമേഖലയെ സംബന്ധിച്ചിടത്തോളം ഏറെ ഗൗരവമുള്ളതാണ്. കേന്ദ്രസർക്കാരിന്റെ നയങ്ങളാണ് പെട്രോളിയം ഉത്പന്നങ്ങളുടെ വില വർദ്ധിക്കുന്നതിനുള്ള പ്രധാന കാരണം. 2015-16 കാലഘട്ടത്തിൽ ഒരു ലിറ്റർ മണ്ണെണ്ണയുടെ പൊതുവിപണിയിലെ വില 56 രൂപയായിരുന്നത് ഇപ്പോൾ 102 രൂപയായി വർദ്ധിച്ചിട്ടുണ്ട്. 2022 ജനുവരി മാസം 18-ന് 92.96 രൂപയായിരുന്ന മണ്ണെണ്ണയുടെ വില 2022 ഫെബ്രുവരി 17 ആയപ്പോഴേയ്ക്കും 102.41 രൂപയായി വർദ്ധിച്ചിരിക്കുന്നു. ഒരു മാസത്തിനുള്ളിൽ മണ്ണെണ്ണയുടെ വിലയിലുണ്ടായ വർദ്ധനവ് 9 രൂപയാണ്. ഇത് കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് താങ്ങാവുന്നതിലും അധികമാണ്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾ പ്രധാനമായും മത്സ്യബന്ധനത്തിനുള്ള ഇന്ധനമായി ആശ്രയിക്കുന്നത് മണ്ണെണ്ണയാണ്. 9.9 HP, 25 HP, 40 HP എഞ്ചിനുകളാണ് കേരള തീരത്ത് മത്സ്യബന്ധനത്തിന് കൂടുതലായും ഉപയോഗിക്കുന്നത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിലിറങ്ങി ബഹളമുണ്ടാക്കിയാൽ പ്രതിപക്ഷനേതാവിന് മൈക്ക് കൊടുക്കാൻ സാധിക്കില്ല. നിങ്ങൾ സീറ്റിലേയ്ക്ക് ചെല്ലൂ. മന്ത്രിയുടെ മറുപടി കഴിഞ്ഞാൽ

മൈക്ക് നൽകാം. ബഹുമാനപ്പെട്ട മന്ത്രി മറുപടി പൂർത്തിയാക്കു....

(പ്രതിപക്ഷാംഗങ്ങൾ അവരവരുടെ ഇരിപ്പിടങ്ങളിലേയ്ക്ക് തിരികെ പോയി.)

ശ്രീ. സജി ചെറിയാൻ: ഒരു മണിക്കൂറിൽ 9.9 HP എഞ്ചിനുകൾക്ക് 7 ലിറ്റർ മണ്ണെണ്ണയും 25 HP എഞ്ചിനുകൾക്ക് 14 ലിറ്റർ മണ്ണെണ്ണയും 40 HP എഞ്ചിനുകൾക്ക് 20 ലിറ്റർ മണ്ണെണ്ണയുമാണ് ശരാശരി വേണ്ടിവരുന്നത്. ഒരു 9.9 HP എഞ്ചിൻ മാത്രമുപയോഗിക്കുന്ന വള്ളങ്ങൾ, രണ്ട് 9.9 HP എഞ്ചിൻ ഉപയോഗിക്കുന്ന വള്ളങ്ങൾ, ഒരു 9.9 HP എഞ്ചിനോടൊപ്പം 25 HP/40 HP-യുടെ മറ്റൊരു എഞ്ചിനുംകൂടി ഉപയോഗിക്കുന്ന വള്ളങ്ങൾ എന്നിങ്ങനെ മത്സ്യബന്ധനരീതി അടിസ്ഥാനമാക്കി ആവശ്യമാകുന്ന മണ്ണെണ്ണയുടെ അളവിലും ഏറ്റക്കുറച്ചിലുകളുണ്ട്. നമ്മുടെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന പന്ത്രണ്ടായിരത്തോളം വരുന്ന പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് പ്രതിവർഷം ആവശ്യമായി വരുന്നത് ഏകദേശം 98163 കിലോ ലിറ്റർ മണ്ണെണ്ണയാണ്. എന്നാൽ വിവിധ കാലഘട്ടങ്ങളിലായി കേന്ദ്രസർക്കാർ കേരളത്തിന് അനുവദിക്കുന്ന മണ്ണെണ്ണയിൽ ഗണ്യമായ കുറവ് വരുത്തിയതിനാൽ മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായി വരുന്ന

മണ്ണെണ്ണയുടെ കാൽഭാഗംപോലും ഇപ്പോൾ കുറഞ്ഞ വിലയ്ക്ക് ലഭിക്കുന്നില്ല. ആയതിനാൽ പരമ്പരാഗത തൊഴിലാളികൾ ഉയർന്ന വില നൽകി മണ്ണെണ്ണ പൊതുവിപണിയിൽനിന്നും വാങ്ങേണ്ട സ്ഥിതിവിശേഷമാണുള്ളത്. കേന്ദ്രസർക്കാർ 2019-20 സാമ്പത്തിക വർഷം രണ്ടാംപാദം മുതൽ സബ്സിഡി മണ്ണെണ്ണയുടെ പാദവിഹിതം 9264 കിലോ ലിറ്ററായി വെട്ടിക്കുറച്ചാണ് നൽകുന്നത്. 2021-22 സാമ്പത്തിക വർഷം മുതൽ വീണ്ടും വെട്ടിക്കുറച്ച് 6480 കിലോ ലിറ്ററാക്കിക്കഴിഞ്ഞു. യഥാർത്ഥ ആവശ്യകതയിൽനിന്നും 7420.34 കിലോ ലിറ്ററിന്റെ കുറവാണ് സംഭവിച്ചിരിക്കുന്നത്. ആയതിനാൽ കിട്ടുന്ന മണ്ണെണ്ണ AAY (Antyodaya Anna Yojana) PHH (Priority Households) എന്നീ വിഭാഗങ്ങൾക്ക് വിതരണം ചെയ്യുന്നതിന് മാത്രമേ തികയുകയുള്ളൂ. മുൻകാലങ്ങളിൽ പൊതുവിതരണ സമ്പ്രദായമനുസരിച്ചുള്ള സബ്സിഡി മണ്ണെണ്ണ 9.9 HP എഞ്ചിനുള്ള ഒരു പെർമിറ്റിന് 475 ലിറ്റർ വരെ കിട്ടിയിരുന്നു. കേന്ദ്രത്തിൽനിന്നും ഇത്തരത്തിലുള്ള സബ്സിഡി മണ്ണെണ്ണ ലഭിക്കാത്തതിനാൽ കാലക്രമേണ മത്സ്യബന്ധനത്തിനുള്ള സബ്സിഡി മണ്ണെണ്ണയുടെ വിതരണം നിലയ്ക്കുകയും ചെയ്തു. കാർഷികാവശ്യങ്ങൾക്കും ഉത്സവവേളകളിലെ മറ്റ് അനുബന്ധ ആവശ്യങ്ങൾക്കും മത്സ്യബന്ധനത്തിനുമായി സംസ്ഥാനത്തിന്

കേന്ദ്രസർക്കാർ അനുവദിക്കുന്ന പ്രത്യേക വിഹിതം മണ്ണെണ്ണയാണിത്. നിലവിൽ ഇത്തരത്തിൽ അനുവദിക്കുന്ന സബ്സിഡി രഹിത മണ്ണെണ്ണയുടെ വില 52.02 രൂപയാണ്. സിവിൽ സപ്ലൈസ് വകുപ്പുവഴിയാണ് ഇത് അനുവദിക്കുന്നത്. മത്സ്യബന്ധന പെർമിറ്റുകളുടെ അടിസ്ഥാനത്തിൽ സിവിൽ സപ്ലൈസ് വഴി ഓരോ യാനത്തിനും നിലവിൽ അനുവദിക്കുന്ന മണ്ണെണ്ണ വിഹിതം താഴെപ്പറയുംപ്രകാരമാണ്.

10 HP വരെ - 129 ലിറ്റർ

10 HP-15 HP -136 ലിറ്റർ

15 HP യ്ക്ക് മുകളിൽ - 180 ലിറ്റർ

ഇത് യഥാർത്ഥ ആവശ്യത്തിന്റെ 25% മാത്രമാണ്. ഇതേ ക്രമത്തിൽത്തന്നെ അനുവദിക്കണമെങ്കിൽ ഒരു വർഷം ആവശ്യമായി വരുന്ന നോൺസബ്സിഡൈസ്ഡ് മണ്ണെണ്ണയുടെ അളവ് 23760 കിലോ ലിറ്ററാണ്. 2021-22 വർഷത്തിൽ കേന്ദ്രത്തിൽനിന്നും ഇതുവരെ 21888 കിലോ ലിറ്റർ മണ്ണെണ്ണ ലഭിച്ചിട്ടുണ്ട്. ആയതിൽനിന്നും മത്സ്യബന്ധന മേഖലയ്ക്ക് ജനുവരി മാസംവരെ ക്വാട്ട അനുവദിച്ചിരുന്നു. മതിയായ അളവിൽ മണ്ണെണ്ണ ലഭ്യമല്ലാത്തതിനാൽ ജനുവരി മാസത്തിൽ പെർമിറ്റ് ഒന്നിന് അനുവദിക്കേണ്ട 129 ലിറ്ററിന് പകരമായി 89 ലിറ്റർ മാത്രമാണ്

അനുവദിക്കാൻ കഴിഞ്ഞിട്ടുള്ളത്. ഫെബ്രുവരി മാസത്തെ മണ്ണെണ്ണ ഇതുവരെ അനുവദിക്കാൻ കഴിഞ്ഞിട്ടില്ല. ഫെബ്രുവരി - മാർച്ച് മാസത്തിലെ മത്സ്യബന്ധന ആവശ്യത്തിനായി 3996 കിലോ ലിറ്റർ മണ്ണെണ്ണ ആവശ്യപ്പെട്ടിരുന്നെങ്കിലും ഇതുവരെ കേന്ദ്രത്തിൽനിന്നും ലഭിച്ചിട്ടില്ല. പെട്രോളിയം ഉത്പന്നങ്ങളുടെ വിലനിർണ്ണയാവകാശം എണ്ണക്കമ്പനികൾക്ക് നൽകിയതിനെത്തുടർന്നാണ് ഇത്തരത്തിൽ മണ്ണെണ്ണയടക്കമുള്ള എല്ലാ ഉത്പന്നങ്ങളുടെയും വില ഉയരുന്നത്. പരമ്പരാഗത തൊഴിലെന്ന നിലയിലും ഏറെ പിന്നോക്കാവസ്ഥയിലുള്ള ഒരു മേഖലയെന്ന നിലയിലും പ്രത്യേക പരിഗണന നൽകി പരമ്പരാഗത മത്സ്യത്തൊഴിലാളിക്ക് മത്സ്യഫെഡ് മുഖേന ആവശ്യാനുസരണം മണ്ണെണ്ണ നികുതി ഒഴിവാക്കി അനുവദിക്കുകയാണെങ്കിൽ മത്സ്യത്തൊഴിലാളിക്കും മത്സ്യമേഖലയ്ക്കും പ്രയോജനകരമാകുന്നതാണ്. ഇതിനായി നമ്മൾ ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ പ്രയത്നിക്കേണ്ടതാണ്. മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നതിനായി സബ്സിഡി രഹിത മണ്ണെണ്ണ വിഹിതം കൂട്ടിനൽകുവാൻ കേന്ദ്ര പെട്രോളിയം വകുപ്പുമന്ത്രിക്ക് കത്ത് നൽകിയെങ്കിലും അനുകൂല തീരുമാനം ലഭ്യമായിട്ടില്ല. മത്സ്യത്തൊഴിലാളിക്ക് ആവശ്യമുള്ള മണ്ണെണ്ണ കൃത്യതയും സുതാര്യതയും ഉറപ്പാക്കി ലാൻഡിംഗ്

സെന്ററുകളിൽത്തന്നെ ബങ്കുകൾ സ്ഥാപിച്ച് മത്സ്യഫെഡ് മുഖേന വിതരണം ചെയ്യുന്നതിനായി മത്സ്യഫെഡിനെ മൊത്തവിതരണ ഏജൻസിയാക്കുന്നതിനുള്ള അപേക്ഷ കേന്ദ്രഗവൺമെന്റിനും പെട്രോളിയം കമ്പനികൾക്കും നൽകിയിട്ടും യാതൊരു നടപടിയും ഇതുവരെ സ്വീകരിച്ചിട്ടില്ല. പ്രസ്തുത വിഷയം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽക്കൊണ്ടുവരുന്നതിന് എം.പി.മാരുടെ സമ്മേളനത്തിലും വിഷയം പ്രത്യേകമായി അജണ്ടയിലുൾപ്പെടുത്തി വ്യക്തമാക്കിയിരുന്നു. മത്സ്യത്തൊഴിലാളിക്കാവശ്യമായ 98163 കിലോ ലിറ്റർ മണ്ണെണ്ണ പ്രതിവർഷം അനുവദിച്ചുനൽകുന്ന വിഷയം കേന്ദ്രസർക്കാരിന്റെ അടിയന്തര ശ്രദ്ധയിൽപ്പെടുത്തുന്നതിനും ആയത് നോൺ-സബ്സിഡി പി.ഡി.എസ്. ആയെങ്കിലും അനുവദിക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തേണ്ടതാണ്. കേരളത്തോട് കാണിക്കുന്ന അവഗണനയുടെ മറ്റൊരു മുഖമാണിത്. കേന്ദ്രസർക്കാരിന്റെ ഈ നയത്തിനെതിരായി യോജിച്ച പ്രക്ഷോഭം മത്സ്യത്തൊഴിലാളി സംഘടനകളും മറ്റെല്ലാവരും നടത്തണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ കേരളത്തിലെ മുഴവൻ മത്സ്യത്തൊഴിലാളി

സംഘടനകളേയും ഒന്നിച്ച് നിർത്തി ഇക്കാര്യം നിയമസഭ ഐകകണ്ഠ്യേന കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്ന നിലയിലേയ്ക്ക് ഒരു തീരുമാനമുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അതോടൊപ്പം മത്സ്യഫെഡ് മുഖാന്തരം 25 രൂപ നിരക്കിൽ മണ്ണെണ്ണ നൽകാമെന്ന തീരുമാനം പ്രാവർത്തികമാക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കുമോയെന്നത് സംബന്ധിച്ചാണ് അറിയാനുള്ളത്.

<u>ശ്രീ. സജി ചെറിയാൻ:</u> സർ, മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമുള്ളത്രയും മണ്ണെണ്ണ 25 രൂപ നിരക്കിൽ വിതരണം ചെയ്യുന്നതിന് ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അക്കാര്യം നിയമസഭയിൽ പ്രഖ്യാപിച്ചിട്ടുമുണ്ട്. കേന്ദ്രസർക്കാരിന്റെ നിയന്ത്രണത്തിലുള്ള പൊതുവിതരണ സമ്പ്രദായം വഴി ലഭിക്കുന്ന മണ്ണെണ്ണയും കേന്ദ്രസർക്കാരിന് കീഴിലുള്ള എണ്ണക്കമ്പനികൾ വില നിശ്ചയിച്ച് മത്സ്യഫെഡ് വഴി വിതരണം ചെയ്യുന്ന മണ്ണെണ്ണയുമാണ് പ്രധാനമായും പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ആശ്രയിക്കുന്നത്. ആവശ്യത്തിന് മേൽപ്പറഞ്ഞ മണ്ണെണ്ണ കിട്ടാതെ വന്നാൽ മത്സ്യത്തൊഴിലാളികൾ കരിഞ്ചന്തയെ ആശ്രയിക്കുകയാണ് ചെയ്യുന്നത്. കുറേ നാളുകളായി തുടർന്നുവരുന്ന പ്രകൃതി ദുരന്തങ്ങളും കോവിഡ് മഹാമാരിയും മോശം കാലാവസ്ഥയും

മത്സ്യബന്ധനത്തിന് പോകുന്നതിനേർപ്പെടുത്തുന്ന നിരോധനങ്ങളും മത്സ്യലഭ്യതക്കുറവുമൂലം ജീവിതം പ്രതിസന്ധിയിലായിരിക്കുന്ന കേരളത്തിലെ മത്സ്യത്തൊഴിലാളി സമൂഹത്തെ ഇന്ധന ലഭ്യതക്കുറവും അടിക്കടിയുള്ള ഇന്ധന വിലവർദ്ധനവും കൂടുതൽ ദുരിതത്തിലേയ്ക്ക് തള്ളിവിടുന്ന അവസ്ഥയാണ്. തീരദേശത്തിന്റെ പ്രത്യേക അവസ്ഥയും പരമ്പരാഗത തൊഴിലെന്ന നിലയിലും മത്സ്യബന്ധനത്തിന് ആവശ്യമായത്ര അളവ് മണ്ണെണ്ണ അനുവദിക്കുന്നതിന് കേന്ദ്രസർക്കാർ തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. മൂന്ന് തവണ ഈ വിഷയം ചർച്ച ചെയ്യുന്നതിന് ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി ശ്രീ. ജി. ആർ. അനിലും ഞാനും എണ്ണക്കമ്പനികളുമായും മണ്ണെണ്ണ മൊത്ത വിതരണക്കാരുമായും പ്രത്യേക യോഗം നടത്തുകയുണ്ടായി. മത്സ്യഫെഡിനെ മണ്ണെണ്ണ വിതരണത്തിന്റെ മൊത്ത വിതരണ ഏജൻസിയായി അനുവദിക്കുന്നതിന് ഇതുവരെ കേന്ദ്രം തയ്യാറായിട്ടില്ല. ഇക്കാര്യം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടും തയ്യാറായിട്ടില്ല. കേരളത്തിലെ ഭൂരിപക്ഷം മണ്ണെണ്ണ മൊത്തവിതരണക്കാരും നിലവിൽ മണ്ണെണ്ണ സൂക്ഷിക്കുന്നത് ബാരലുകളിലാണ്. എന്നാൽ മത്സ്യഫെഡ് നിലവിലുള്ള 13 ബങ്കുകളിലും അണ്ടർഗ്രൗണ്ട് സ്റ്റോറേജുകളിലുമാണ്

സംഭരിക്കുന്നത്. മൊത്ത വിതരണ ലൈസൻസ് ലഭിക്കുന്നപക്ഷം തീരദേശത്ത് കൂടുതൽ മണ്ണെണ്ണ ബങ്കുകളാരംഭിച്ച് മത്സ്യഫെഡ് വഴി കൃത്യത നിശ്ചയിച്ച് മണ്ണെണ്ണ വിതരണം ഉറപ്പാക്കാവുന്നതാണ്. കേന്ദ്രസർക്കാർ സഹായിച്ചാൽ ഈ വിഷയത്തിൽ തുടർ ചർച്ചകൾ നടത്തി എത്രയുംവേഗം സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച 25 രൂപ നിരക്കിൽ മത്സ്യത്തൊഴിലാളികൾക്കാവശ്യമായ മണ്ണെണ്ണ ലഭ്യമാക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുമെന്ന് സഭയ്ക്ക് ഞാൻ ഉറപ്പുനൽകുകയാണ്.

മി.സ്പീക്കർ: നിയമസഭയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് എപ്പോൾ എഴുന്നേറ്റാലും മൈക്ക് കൊടുക്കുകയെന്ന കീഴ്വഴക്കം തന്നെയാണ് പാലിച്ചുവരുന്നത്. റൂൾ 50 നോട്ടീസ് ചെയർ നിരാകരിച്ചതാണ്. നിരാകരിച്ച സമയത്ത് അവിടെനിന്ന് കൂട്ടത്തോടെ എല്ലാവരും എഴുന്നേറ്റ് പ്രതിഷേധമായാണ് വന്നത്. അതുകൊണ്ടാണ് മൈക്ക് അങ്ങേയ്ക്ക് ലഭിക്കാതിരുന്നത്. അങ്ങയ്ക്ക് എന്താണ് പറയാനുള്ളത്?

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ചെയറുമായി ഒരു സമയത്തും ഞങ്ങൾ സംഘർഷത്തിന് ആഗ്രഹിക്കുന്നില്ല. റൂൾ 50 അനുസരിച്ചുള്ള നോട്ടീസിന് അനുമതി നിഷേധിച്ച സമയംതന്നെ ഞാൻ എഴുന്നേറ്റു. റൂൾ 50 നോട്ടീസിന് അനുമതി നിഷേധിക്കുമ്പോൾ എല്ലാ

പ്രതിപക്ഷനേതാക്കന്മാരും എഴുന്നേൽക്കുകയും എല്ലാ സ്പീക്കർമാരും അവർക്ക് അവസരം നൽകുകയും ചെയ്തിട്ടുണ്ട്. ആദ്യമായാണ് ഈ സഭയിൽ പ്രതിപക്ഷ നേതാവിന് മൈക്ക് നൽകാതെയിരിക്കുന്നത്.

<u>മി.സ്പീക്കർ</u>: ബഹളമുണ്ടായതുകൊണ്ട് മാത്രമാണ് മൈക്ക് അനുവദിക്കാതിരുന്നത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ദയവുചെയ്ത് പുതിയ കീഴ്വഴക്കങ്ങൾ സഭയിൽ ഉണ്ടാക്കരുതെന്ന് അഭ്യർത്ഥിക്കുന്നു. ഇവിടെ ഒരുപാട് സ്പീക്കർമാർ ആവശ്യമില്ല. അങ്ങ് സ്പീക്കറായി നിയന്ത്രിച്ചാൽ മതിയെന്നാണ് എന്റെ അഭ്യർത്ഥന.

<u>മി.സ്പീക്കർ</u>: (....ബഹളം....) റൂൾ 50 നോട്ടീസ് നിരാകരിച്ചപ്പോൾ പ്രതിപക്ഷാംഗങ്ങൾ കൂട്ടത്തോടെ പ്രതിഷേധമായാണ് വന്നത്. പ്രതിഷേധത്തിൽ മൈക്ക് ലഭിക്കാതിരിക്കുന്നത് സ്വാഭാവികമാണ്. ഇപ്പോൾ അങ്ങേയ്ക്ക് സംസാരിക്കാം.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞങ്ങളിവിടെ.... (....ബഹളം....)

<u>മി.സ്പീക്കർ</u>: അങ്ങ് ചെയറിനെ അഭിസംബോധന ചെയ്ത് സംസാരിക്കൂ.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ അങ്ങയെ നോക്കിയാണ്

സംസാരിക്കുന്നത്. ഞങ്ങൾക്ക് പ്രൊട്ടക്ഷൻ തരേണ്ട ബാദ്ധ്യതകൂടി അങ്ങേയ്ക്കുണ്ട്. ഇവിടെ നിരന്തരമായി, കഴിഞ്ഞ മൂന്ന് ദിവസവും മൃഗീയമായ ഭൂരിപക്ഷം ഉപയോഗിച്ച് ഞങ്ങളുടെ ശബ്ദത്തെ അടിച്ചമർത്താൻ നോക്കുകയാണ്. (....ബഹളം....)

മി.സ്പീക്കർ: അങ്ങ് സംസാരിക്കൂ. ഇരു ഭാഗത്തുനിന്നും ഇത്തരം സമീപനങ്ങൾ ഉണ്ടാകുന്നുണ്ട്. ദയവായി ചെയറിനെ അഭിസംബോധന ചെയ്ത് സംസാരിക്കൂ. ദയവായി അംഗങ്ങൾ ഇരിക്കൂ...

ശ്രീ. വി. ഡി. സതീശൻ: സർ, റൂൾ 50 നോട്ടീസിൽ കൊടുത്ത വിഷയത്തിൽ അന്വേഷണം നടക്കുകയാണെന്നതിന്റെ പേരിലും കോടതിയുടെ പരിഗണനയിലാണെന്നതിന്റെ പേരിലുമാണ് അങ്ങ് അനുമതി നിഷേധിച്ചത്. ഈ നിയമനിർമ്മാണ സഭയിൽ സോളാർ കേസുമായും ബാർകോഴ കേസുമായും ബന്ധപ്പെട്ട് അന്വേഷണതലത്തിലിരിക്കുമ്പോഴും കോടതികളിൽ കേസ് നിലനിൽക്കുന്ന സാഹചര്യത്തിലും നിരവധി തവണ റൂൾ 50-ന് അനുമതി നൽകിയിട്ടുണ്ട്. അങ്ങനെയുള്ള പ്രീസിഡന്റ് നിലനിൽക്കുന്ന ഒരു സഭയാണിത്. മദനകാമരാജൻ കഥകൾ പറഞ്ഞ് പൈങ്കിളിവൽക്കരിക്കാൻ ആഗ്രഹിച്ചുകൊണ്ടല്ല ഞങ്ങൾ ഈ വിഷയം കൊണ്ടുവരുന്നത്. ഒരു വിഷയം

കൊണ്ടുവരുമ്പോൾ അത് നിയമസഭയിൽ അവതരിപ്പിക്കാൻപോലും സമ്മതിക്കില്ലെന്ന് പറഞ്ഞാൽ, മുഖ്യമന്ത്രിയെ ഭരിക്കുന്നത് ഭയമാണെന്ന് ഞങ്ങൾക്ക് പറയേണ്ടി വരും. പ്രസ്തുത വിഷയം ചർച്ച ചെയ്യാതിരിക്കാൻ വേണ്ടിയാണ് ഓരോ കാര്യങ്ങൾ ഉന്നയിക്കുന്നത്. ഞാൻ അങ്ങയുടെ റൂളിംഗിനെ വിമർശിക്കുന്നില്ല. പക്ഷെ അങ്ങ് റൂളിംഗിൽ പറഞ്ഞ കാര്യം ഇവിടത്തെ പ്രീസിഡന്റിന് നിരക്കാത്ത കാര്യമാണ്. പ്രസ്തുത വിഷയം അവതരിപ്പിക്കാൻ ഞങ്ങൾക്ക് അനുമതി നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അങ്ങ് ഇക്കാര്യം പുന:പരിശോധിക്കണം.

മി.സ്പീക്കർ: പ്രസ്തുത വിഷയം നേരത്തെ ഡിസ്പോസ് ചെയ്തതാണ്.

ശ്രീ.വി.ഡി.സതീശൻ: സർ, മന:പൂർവ്വമായി അടിയന്തര പ്രമേയാവതരണത്തിന് അനുമതി നൽകാതിരിക്കുന്നത് സർക്കാർ ഈ വിഷയം ചർച്ച ചെയ്യാൻ സമ്മതിക്കാത്തതിനാലാണ്. ഇതിലെ വിഷയം സർക്കാരിനെ ഭയപ്പെടുത്തുന്നു.

മി.സ്പീക്കർ: യെസ്... ചർച്ചയില്ല. വിഷയം ഡിസ്പോസ് ചെയ്തതാണ്. അങ്ങയെ സംസാരിക്കാൻ അനുവദിച്ചതാണ്... (...ബഹളം...)

ശ്രീ. വി. ഡി. സതീശൻ: സർ, ഇത് ഒരു കാരണവശാലും സമ്മതിക്കാൻ

കഴിയില്ല. ഇത് ജനാധിപത്യവിരുദ്ധമാണ്.

<u>മി.സ്പീക്കർ</u>: ശ്രീ. എം. വിൻസെന്റ്....... അങ്ങ് സംസാരിക്കുന്നുണ്ടോ? ...(ബഹളം).......

(നോട്ടീസ് നൽകിയ ശ്രീ. എം. വിൻസെന്റ് സീറ്റിൽ ഇല്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചില്ല.)

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഇത് ജനാധിപത്യവിരുദ്ധമായ നടപടിയാണ്. സഭയിൽ ഞങ്ങളെന്തിനാണ് വരുന്നത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിൽ നടന്ന കാര്യങ്ങളെക്കുറിച്ച് നിയമസഭ ചർച്ച ചെയ്യണ്ടേ? കഴിഞ്ഞ അഞ്ച് വർഷം നടന്ന കാര്യങ്ങളെക്കുറിച്ച്... (മൈക്ക് ഓഫ്) ... (...ബഹളം...)

(അടിയന്തരപ്രമേയ നോട്ടീസ് പരിഗണനയ്ക്കെടുക്കാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷമൊന്നടങ്കം ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിന് മുന്നിൽവന്നുനിന്ന് ബാനർ ഉയർത്തി മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

**[10.10 a.m.]**

**IV സബ്മിഷൻ**

മി.സ്പീക്കർ: സബ്മിഷൻ.. ശ്രീ. എ. പി. അനിൽ കുമാർ...

(ശ്രീ. എ. പി. അനിൽ കുമാർ സീറ്റിൽ ഇല്ലാതിരുന്നതിനാൽ സബ്മിഷൻ അവതരിപ്പിച്ചില്ല).

(1) കുറ്റ്യാടിയിൽ ഫയർ സ്റ്റേഷൻ

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: സർ, കോഴിക്കോട് ജില്ലയിൽ ഫയർ സ്റ്റേഷനില്ലാത്ത നിയമസഭാ മണ്ഡലങ്ങളിലൊന്നാണ് കുറ്റ്യാടി. കുറ്റ്യാടിയിലും പരിസര പ്രദേശങ്ങളിലും തീ പിടിത്തവും മറ്റപകടങ്ങളുമുണ്ടാകുമ്പോൾ കുറ്റ്യാടിയിൽനിന്ന് 10 കിലോമീറ്റർ അപ്പുറമുള്ള ചേലക്കാട് താൽക്കാലികമായി സ്ഥിതി ചെയ്യുന്ന നാദാപുരം ഫയർസ്റ്റേഷനിൽ നിന്നാണ് അഗ്നിരക്ഷാ സേവനങ്ങൾ ലഭ്യമാകുന്നത്. നാദാപുരം ഫയർസ്റ്റേഷന് സ്ഥിരം കെട്ടിടത്തിനായി സ്ഥലം ലഭിച്ചിരിക്കുന്നത് ചേലക്കാടുനിന്നും 4 കിലോമീറ്റർ അപ്പുറമുള്ള വടകര - നാദാപുരം റോഡിലാണ്. അതായത് നാദാപുരം സ്റ്റേഷൻ പുതിയ കെട്ടിടത്തിലേയ്ക്ക് മാറുമ്പോൾ കുറ്റ്യാടിയിലേയ്ക്കുള്ള ദൂരം 14 കിലോമീറ്ററായി മാറും. അടുത്തുള്ള മറ്റൊരു സ്റ്റേഷനായ പേരാമ്പ്രയിൽനിന്നും കുറ്റ്യാടിയിലേയ്ക്ക് 13.5 കിലോമീറ്റർ ദൂരമുണ്ട്. 240 തീപിടിത്ത അപകടങ്ങളാണ് കഴിഞ്ഞ

4 വർഷത്തിനിടെ കുറ്റ്യാടി മേഖലയിലുണ്ടായിട്ടുള്ളത്. അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന കുറ്റ്യാടി - തൊട്ടിൽപ്പാലം ടൗണുകളിൽ, കടകളിലും വ്യാപാര സമുച്ചയങ്ങളിലും ചെറുതും വലുതുമായ തീപിടിത്തങ്ങൾ ഉണ്ടാകാറുണ്ട്. 05-02-2022-ന് കുറ്റ്യാടി ടൗണിലുണ്ടായ തീപിടിത്തത്തെത്തുടർന്ന് വലിയ നാശനഷ്ടമാണുണ്ടായത്. നാദാപുരം, പേരാമ്പ്ര ഫയർ സ്റ്റേഷനുകളിൽനിന്ന് ഫയർഫോഴ്സ് സംവിധാനങ്ങൾ എത്തുമ്പോഴേയ്ക്കും 5 കടകൾ കത്തിനശിച്ചിരുന്നു. പിറ്റേ ദിവസം കുറ്റ്യാടിക്കടുത്ത് ഒരു തേങ്ങാക്കൂടയ്ക്ക് തീ പിടിച്ചപ്പോഴും ഇതേ അനുഭവമാണുണ്ടായത്. 2021-ൽ കുറ്റ്യാടി ചുരത്തിൽ 3 വാഹനങ്ങൾക്ക് തീപിടിക്കുകയുണ്ടായി. ചുരത്തിൽ വാഹനാപകടങ്ങളും കാടിന് തീപിടിത്തവും പതിവാണ്. കുറ്റ്യാടി പുഴയിൽ മുങ്ങിമരണം പലപ്പോഴായി ഉണ്ടാകാറുണ്ട്. ജാനകിക്കാട് ഇക്കോ ടൂറിസം കേന്ദ്രത്തിൽ യുവാക്കളുടെ മുങ്ങി മരണം പതിവാണ്. മഴ പെയ്താൽ ഉരുൾപൊട്ടലും വെള്ളപ്പൊക്കവും ഉണ്ടാകാറുണ്ട്. മരം വീഴ്ച, കിണർ അപകടങ്ങൾ, കെട്ടിട നിർമ്മാണ അപകടങ്ങൾ, പുകപ്പുര തീപിടിത്തം എന്നിവയും പതിവാണ്. ഇക്കാര്യങ്ങൾ പരിഗണിച്ചുകൊണ്ട് കുറ്റ്യാടിയിൽ ഒരു ഫയർസ്റ്റേഷൻ സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് വിനയപൂർവ്വം

അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഓരോ പ്രദേശത്തെ ജനസാന്ദ്രത, റെസ്പോൺസ് ടൈം, ഭൂപ്രകൃതി സംബന്ധമായ പ്രത്യേകതകൾ, തീർത്ഥാടന കേന്ദ്രങ്ങൾ, വ്യാപാര-വാണിജ്യ സ്ഥാപനങ്ങളുടെ സാന്നിദ്ധ്യം, ജല ലഭ്യത തുടങ്ങിയവ അടിസ്ഥാനപ്പെടുത്തിയാണ് പൊതുവെ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നത്. കുറ്റ്യാടി മേഖലയിലെ രക്ഷാപ്രവർത്തനങ്ങൾ നിലവിൽ നടത്തുന്നത് നാദാപുരം, പേരാമ്പ്ര, വടകര എന്നീ അഗ്നിരക്ഷാ നിലയങ്ങളിൽനിന്നുമാണ്. അടുത്ത കാലത്ത് കുറ്റ്യാടി പ്രദേശത്തുണ്ടായ അഗ്നിബാധയിലും പ്രസ്തുത നിലയങ്ങൾ സമയബന്ധിതമായിത്തന്നെ നല്ല നിലയിൽ സേവനം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് നിലവിൽ തീരുമാനമെടുത്തിട്ടില്ല. പുതിയ സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് തീരുമാനമെടുക്കുന്ന ഘട്ടത്തിൽ കുറ്റ്യാടി മണ്ഡലത്തിലും ഫയർസ്റ്റേഷൻ അനുവദിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

(2) വാട്ടർ അതോറിറ്റി ജീവനക്കാരുടെ ശമ്പള പരിഷ്കരണം

ശ്രീ. ജി. എസ്. ജയലാൽ: സർ, കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ ശമ്പളവും പെൻഷനും കാലാനുസൃതമായി

പരിഷ്കരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ശ്രീ. കെ. മോഹൻദാസ് ഐ.എ.എസ്. (റിട്ടയേർഡ്) ചെയർമാനായിട്ടുള്ള ശമ്പള പരിഷ്കരണ കമ്മീഷന്റെ നാലാമത് റിപ്പോർട്ടായി കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ ശമ്പളവും പെൻഷനും പരിഷ്കരിക്കാനുള്ള നിർദ്ദേശങ്ങളടങ്ങിയ ശിപാർശ 2021 ജൂലൈ മാസം സർക്കാരിന് നൽകിയിരുന്നു. വിവിധ വിഭാഗങ്ങളുടെ പരിശോധനകൾക്ക് ശേഷം പരിഷ്കരണം നടപ്പിലാക്കാൻവേണ്ട അധിക തുക എങ്ങനെ കണ്ടെത്തുമെന്ന് റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് 2022 ജനുവരിയിൽ ധന വകുപ്പ് ഫയൽ മടക്കിയിരുന്നു. ആയതിന് വാട്ടർ അതോറിറ്റി ഫെബ്രുവരി രണ്ടാം വാരത്തിൽ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സർക്കാരിലേയ്ക്ക് റിപ്പോർട്ട് നൽകിയിട്ടുള്ളതാണ്. സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട ജനസേവനമായ കുടിവെള്ള വിതരണം നടത്തുന്ന സ്ഥാപനമാണ് കേരള വാട്ടർ അതോറിറ്റി. 5.5 ലക്ഷത്തിലധികം വരുന്ന സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും പരിഷ്കരിച്ച ശമ്പളവും പെൻഷനും നടപ്പിലാക്കി ഒരു വർഷം കഴിഞ്ഞിട്ടും സ്തുത്യർഹമായ കുടിവെള്ള വിതരണം നടത്തുന്ന വാട്ടർ അതോറിറ്റി ജീവനക്കാരുടെ ശമ്പളവും പെൻഷനും പരിഷ്കരിക്കാത്തത് ജീവനക്കാരുടെയിടയിൽ വലിയ പ്രതിഷേധമുണ്ടാക്കുന്ന കാര്യമാണ്.

അവരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ട് ഏഴ് വർഷമായി. അതുകൊണ്ട് ഈ വിഷയത്തിൽ അടിയന്തര പ്രാധാന്യം നൽകിക്കൊണ്ട് വാട്ടർ അതോറിറ്റി ജീവനക്കാർക്ക് ശമ്പളപരിഷ്കരണം നടപ്പിലാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, 06.11.2019-ലെ 414/2019-ാം നമ്പർ സർക്കാർ ഉത്തരവുപ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും പരിഷ്കരിക്കുന്നതിലേയ്ക്ക് 11-ാം ശമ്പള കമ്മീഷനെ നിയോഗിച്ചിരുന്നു. തുടർന്ന് കേരള വാട്ടർ അതോറിറ്റിയിലെ ജീവനക്കാരുടെ ശമ്പളവും ആനുകൂല്യങ്ങളും പരിഷ്കരിക്കുന്നതിലേയ്ക്ക് ഇതേ കമ്മീഷനെ 17.03.2020-ലെ സർക്കാർ ഉത്തരവു പ്രകാരം ചുമതലപ്പെടുത്തുകയും ശമ്പള പരിഷ്കരണ കമ്മീഷൻ ചെയർമാനായ ശ്രീ. കെ. മോഹൻദാസ്, ഐ.എ.എസ്. (റിട്ടയേർഡ്) കമ്മീഷന്റെ നാലാം റിപ്പോർട്ടായി കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ ശമ്പളവും പെൻഷനും പരിഷ്കരിക്കാനുള്ള നിർദ്ദേശങ്ങളടങ്ങിയ ശിപാർശകൾ 2021 ജൂലൈ മാസം സർക്കാരിന് സമർപ്പിക്കുകയും ചെയ്തു. കമ്മീഷൻ റിപ്പോർട്ടിന്റെ ശിപാർശകൾ പരിശോധിക്കുന്നതിനും തുടർ നടപടികൾക്കുമായി ഫയൽ C2/96/2021WRD പ്രകാരം ധനകാര്യ

വകുപ്പിലേയ്ക്ക് 2021 ജൂലൈ മാസം അയച്ചുകൊടുത്തു. ധനകാര്യ വകുപ്പിന്റെ 12-08-2015-ലെ സർക്കുലർ പ്രകാരമുള്ള വിവിധ രേഖകളും വിവരങ്ങളും തുടർന്നും ലഭ്യമാക്കിയിരുന്നു. ശമ്പളപരിഷ്കരണത്തിനുവേണ്ട അധികച്ചെലവ് എത്രയാണെന്നും വാട്ടർ അതോറിറ്റി ഈ അധികച്ചെലവ് എങ്ങനെയാണ് കണ്ടെത്തുന്നതെന്നും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാൻ ധനകാര്യ വകുപ്പ് ഭരണ വകുപ്പിനോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് സഹിതം ഫയൽ 16-02-2022-ന് ധനകാര്യ വകുപ്പിന് വീണ്ടും ലഭ്യമാക്കിയിരിക്കുകയാണ്. ചട്ട പ്രകാരമുള്ള പരിശോധനകളും അനുബന്ധ നടപടികളും പൂർത്തിയാകുന്ന മുറയ്ക്ക് കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ ശമ്പളവും പെൻഷനും കാലാനുസൃതമായി പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

(3) വൈദ്യുതി എത്തിക്കുന്നതിന് നടപടി

ശ്രീമതി ശാന്തകുമാരി.കെ. : സർ, കോങ്ങാട് നിയോജകമണ്ഡലത്തിലെ പൂഞ്ചോല പ്രദേശത്തുള്ള ഓടക്കുന്ന് നിവാസികൾക്ക് വൈദ്യുതി എത്തിക്കണമെന്ന് ആവശ്യപ്പെടുന്നതാണ് എന്റെ സബ്മിഷൻ. 32-ഓളം

കുടുംബങ്ങൾ ഈ പ്രദേശത്ത് താമസിച്ചുവരികയാണ്. 45-ഓളം കുടുംബങ്ങൾ താമസിച്ചിരുന്ന സ്ഥലത്താണ് ഇപ്പോൾ 32 കുടുംബങ്ങൾ താമസിക്കുന്നത്. ശ്രീ. എ. കെ. ബാലൻ വൈദ്യുതി വകുപ്പുമന്ത്രിയായിരുന്ന കാലഘട്ടത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണത്തിലുൾപ്പെടുത്തി ഈ പ്രദേശത്ത് വൈദ്യുതി എത്തിക്കുന്നതിനുവേണ്ടി കെ.എസ്.ഇ.ബി.-യുടെ സഹായത്തോടെ കാഞ്ഞിരം ടൗണിൽനിന്ന് 85-ഓളം ഇലക്ട്രിക് പോസ്റ്റുകൾ തദ്ദേശവാസികൾ സ്വന്തം ചെലവിൽ കൊണ്ടുപോയി ഓടക്കുന്ന് പ്രദേശത്ത് സ്ഥാപിച്ചിരുന്നു. ഇപ്പോഴും അത് പ്രവർത്തനക്ഷമമല്ലാതെ കിടക്കുന്നു. യഥാർത്ഥത്തിൽ ആ പ്രദേശത്തെ ജനങ്ങൾക്ക് വൈദ്യുതി കിട്ടാക്കനിയായി മാറിക്കൊണ്ടിരിക്കുകയാണ്. 1972-മുതൽ പട്ടയം ലഭ്യമാക്കി അവിടെ താമസിക്കുന്ന പല കുടുംബങ്ങളും നിയമാനുസൃതമായി...... (.......ബഹളം......)......

(ഡയസിന് മുന്നിൽനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്ന പ്രതിപക്ഷാംഗങ്ങൾ ബഹു. സ്പീക്കറുടെ മുഖം മറച്ചുകൊണ്ട് ബാനർ ഉയർത്തിക്കാട്ടി ബഹളമുണ്ടാക്കി സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

<u>മി. സ്പീക്കർ</u>: ബാനർ മാറ്റണം...... (.......ബഹളം.........) ബാനർ മാറ്റണം....

... (.......ബഹളം.........) ഇത് ചട്ടങ്ങൾക്കെതിരാണ്. ബാനർ മാറ്റണം, ഇത് ചട്ടവിരുദ്ധമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇതിന് കൂട്ടുനിൽക്കുന്നതും ഇത് അംഗീകരിക്കുന്നതും ഉചിതമല്ല....(ബഹളം) ...

(പ്രതിപക്ഷാംഗങ്ങൾ ബഹളം തുടരുന്നതിനിടെ ഭരണപക്ഷാംഗങ്ങളും ബഹു. ചീഫ് വിപ്പിന്റെ സീറ്റിനരികിൽ വന്നുനിന്ന് ബഹളം വച്ചു.)

ബാനർ ഇവിടെ നിന്ന് മാറ്റണം. (......ബഹളം.....) ചെയറിനെ മറയ്ക്കുന്നത് ശരിയല്ല.

(ബഹുമാനപ്പെട്ട സ്പീക്കറുടെ മുഖം മറയത്തക്കവിധം പ്രതിപക്ഷാംഗങ്ങൾ ബാനർ ഉയർത്തി മുദ്രാവാക്യം വിളിച്ച് സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നതിനാൽ സഭ രാവിലെ 10.28-ന് നിർത്തിവയ്ക്കുകയും 11.00 മണിക്ക് പുനരാരംഭിക്കുകയും ചെയ്തു.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട സഭാംഗങ്ങളേ, കക്ഷിനേതാക്കളുടെ യോഗം ചേർന്ന് സഭ തുടരുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സഭാ നടപടികളുമായി മുന്നോട്ടുപോകുകയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഇന്ന് വളരെ

ദൗർഭാഗ്യകരമായ സംഭവങ്ങളാണുണ്ടായത്. ഞാൻ നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ പ്രതിപക്ഷത്തിന്റെ അവകാശമാണ് റൂൾ 50. ആ റൂൾ 50-ലൂടെ കേരള സംസ്ഥാനത്തെ ബാധിക്കുന്ന പ്രധാനപ്പെട്ട ഒരു വിഷയം സഭയിൽ കൊണ്ടുവരാൻ ഞങ്ങൾ ശ്രമിച്ചപ്പോൾ അങ്ങ് മൂന്ന് കാരണങ്ങൾ പറഞ്ഞുകൊണ്ട് അത് നിഷേധിക്കുകയുണ്ടായി. ആ മൂന്ന് കാര്യങ്ങളും ഈ നിയമസഭയിലെ പ്രീസിഡന്റ്സുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കാര്യങ്ങളല്ല. ബാർ കോഴ, സോളാർ കേസ് എന്നിവയുമായി ബന്ധപ്പെട്ട് ഇൻവെസ്റ്റിഗേഷൻ നടക്കുന്ന സമയത്തും മറ്റ് പല ഘട്ടങ്ങളിലും ഒന്നിലധികം പ്രാവശ്യം, ചില കാര്യങ്ങൾ അര ഡസനിലധികം പ്രാവശ്യം ഈ സഭയിൽ വന്നിട്ടുണ്ട്. അന്നത് സഭയിൽ അനുവദിക്കപ്പെട്ടിട്ടുണ്ട്, ഈ സഭയിൽ ചർച്ച ചെയ്യപ്പെട്ടിട്ടുമുണ്ട്. ഇപ്പോൾ പ്രതിപക്ഷമെന്ന നിലയിലുള്ള ഞങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട ഒരവസരം നിഷേധിക്കപ്പെടുകയാണുണ്ടായത്. അതിൽ ഞങ്ങൾ അതിശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയാണ്. ഞങ്ങളുടെ പ്രതിഷേധം അങ്ങയുടെ മുമ്പാകെ രജിസ്റ്റർ ചെയ്യുകയാണ്. ഞങ്ങൾക്കുള്ള അവകാശങ്ങൾ നിഷേധിക്കപ്പെടുകയാണ്. മാത്രമല്ല, ഈ സഭാസമ്മേളനം തുടങ്ങിയ അന്നുമുതൽ ഭരണകക്ഷിയുടെ ഭാഗത്തുനിന്നും വളരെ നിഷേധാത്മകമായ സമീപനമാണുണ്ടാകുന്നത്. പ്രതിപക്ഷ

നേതാവിനുപോലും സ്വതന്ത്രമായി ഇവിടെനിന്ന് സംസാരിക്കാൻ കഴിയാത്ത തരത്തിൽ നിരന്തരമായ തടസ്സങ്ങളുന്നയിച്ചും ബഹളങ്ങൾ ഉണ്ടാക്കിയും ചില ആളുകൾ ഇതിന് ക്വട്ടേഷൻ എടുത്ത് സംസാരിക്കുന്നത് പോലെയാണ് ബഹളമുണ്ടാക്കുന്നത്. ....(ബഹളം)... ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നതും അതുതന്നെയാണ്. നിങ്ങളുടെ ഭാഗത്തുനിന്നും ശ്രീ. വി. എസ്. അച്യുതാനന്ദൻ ഉൾപ്പെടെയുള്ള പ്രഗത്ഭരായ നേതാക്കന്മാർ ഇരുന്ന കസേരകളിലാണ് ഞങ്ങളും ഇരിക്കുന്നത്. അവരൊക്കെ എഴുന്നേറ്റുനിന്ന് സംസാരിക്കുമ്പോൾ വളരെ മാന്യമായ സമീപനമാണ് അന്ന് ഞങ്ങൾ ഭരണകക്ഷി ബഞ്ചുകളിലിരുന്ന് സ്വീകരിച്ചിട്ടുള്ളത്. അന്നൊന്നും ഇല്ലാത്ത, ഈ സഭയ്ക്ക് യോജിക്കാത്ത തരത്തിൽ പ്രതിപക്ഷനേതാവിനെ പോലും സംസാരിക്കാൻ അനുവദിക്കില്ല എന്നൊരു നിലപാടാണ് നിങ്ങൾ സ്വീകരിക്കുന്നത്. ഞാൻ അതുകൊണ്ടാണ് ഭൂരിപക്ഷം ഉണ്ടാക്കിയ ധാർഷ്ട്യം, എണ്ണം കുറവാണെന്നതിന്റെ പേരിൽ ഞങ്ങളെ ശബ്ദംകൊണ്ട് അടിച്ചമർത്താൻ ശ്രമിക്കുന്നതെന്ന് നേരത്തെ സൂചിപ്പിച്ചത്. ഈ ജനാധിപത്യവിരുദ്ധമായ കീഴ്വഴക്കങ്ങളോട് ഞങ്ങൾക്ക് യോജിച്ചുപോകാൻ കഴിയില്ല. ഈ സഭ ഒരിക്കലും സ്തംഭിപ്പിക്കണമെന്നോ ബഹിഷ്കരിക്കണമെന്നോ ആഗ്രഹിക്കാതെ സഭ പൂർണ്ണമായും ചേരണമെന്നും ജനാധിപത്യ രീതിയിൽ അവിടെ ചർച്ച

നടക്കണമെന്നും ആഗ്രഹിക്കുന്നവരാണ് ഞങ്ങൾ. പക്ഷേ ഇന്ന് ഈ തീരുമാനത്തിന് ഞങ്ങളെ നിർബന്ധിതരാക്കിയത് ഭരണകക്ഷിയാണ്. ദൗർഭാഗ്യവശാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത്തരം ആളുകളെ നിയന്ത്രിക്കാൻപോലും തയ്യാറാകുന്നില്ലെന്നത് സങ്കടകരമായ ഒരു കാര്യമാണെന്നുകൂടി ഞാൻ സൂചിപ്പിക്കുന്നു. അതുകൊണ്ട് ഇന്നത്തെ സഭാ നടപടികളുമായി യോജിച്ചുപോകാൻ ഞങ്ങൾക്ക് കഴിയില്ല. ഇന്ന് റൂൾ 50-നുള്ള പ്രതിപക്ഷത്തിന്റെ അവകാശം നിഷേധിക്കപ്പെട്ടത് ആവർത്തിക്കപ്പെടുമെന്ന് ഞങ്ങൾക്ക് ഭീതിയുണ്ട്. അതുകൊണ്ട് ഞങ്ങളുടെ പ്രതിഷേധം അതിശക്തമായി പ്രകടിപ്പിക്കുന്നതിന്റെ ഭാഗമായി ഇന്നത്തെ സഭാനടപടികൾ ഞങ്ങൾ പൂർണ്ണമായും ബഹിഷ്കരിക്കുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷമൊന്നടങ്കം മുദ്രാവാക്യം മുഴക്കിക്കൊണ്ട് തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിച്ചു.)

മി. സ്പീക്കർ: ബാക്കിയുള്ള സബ്മിഷനുകളുടെ മറുപടികൾ ബന്ധപ്പെട്ട മന്ത്രിമാർക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.+

**[11.00 am]**

**V റിപ്പോർട്ട് സമർപ്പണം**

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പതിനേഴ് മുതൽ

\+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

പത്തൊൻപത് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പതിനേഴ് മുതൽ പത്തൊൻപത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

**[11.00 a.m.]**

**VI ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)**

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ബഹുമാന്യനായ ഗവർണ്ണർ നടത്തിയ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തിക്കൊണ്ട് ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. നവകേരള സൃഷ്ടിക്കായി പിണറായി വിജയൻ സർക്കാർ ചെയ്യാൻ പോകുന്ന നവീന വികസന കാഴ്ചപ്പാടാണ് ബഹുമാനപ്പെട്ട ഗവർണ്ണർ ഈ സഭയിൽ നടത്തിയ പ്രസംഗം. ഓരോ കേരളീയനും അഭിമാനകരമായ ചെറുത്തുനിൽപ്പിന്റെ കാലമായിരുന്നു കടന്നുപോയത്. ഉന്നതമായ ഒരു സമൂഹമെന്ന നിലയിൽ തലയുയർത്തിപ്പിടിക്കാൻ നമ്മെ പ്രാപ്തമാക്കിയ മനുഷ്യസ്നേഹത്തിന്റെ ശബ്ദം നമ്മുടെ കേരളത്തിൽ പലവുരു മുഴങ്ങിയതാണ്. കേരളത്തിലെ

എൽ.ഡി.എഫ്. സർക്കാർ ഇന്ത്യക്കും ലോകത്തിനും മാതൃകയാണ്. ഭാവിയുടെ വഴികാട്ടിയും പ്രചോദനവുമാണ് ഈ സർക്കാർ. മികച്ച ഉൽപ്പാദനത്തിലൂടെ, തൊഴിലവസരങ്ങൾ പരമാവധി സൃഷ്ടിച്ച്, മികച്ച യാത്രാസൗകര്യമൊരുക്കി കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥ പുനരുജ്ജീവിപ്പിക്കുകയെന്ന പ്രവർത്തനമാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. ഈ സർക്കാരിനോടുള്ള കേന്ദ്രത്തിന്റെ നിലപാട് നിഷേധാത്മകവും കേരളത്തിന്റെ വികസനത്തെ തടസ്സപ്പെടുത്തുന്നതുമാണെന്ന് എല്ലാവർക്കുമറിയാം. ഇക്കാര്യത്തിൽ യു.ഡി.എഫ്.-ന്റെ നിലപാട് വിചിത്രവും അത്ഭുതകരവുമാണ്. അവർ ഒരിക്കലും കേരളത്തിന്റെ കൂടെ നിൽക്കുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടുള്ള വിരോധം അവർ കേരള വിരോധമാക്കി മാറ്റുന്നു. ഫെഡറൽ സംവിധാനത്തെ തകർക്കുന്ന കേന്ദ്ര നിലപാടിനെ ഒരുമിച്ചുനിന്ന് അവർ എതിർക്കേണ്ടതായിരുന്നു. പക്ഷേ പ്രതിപക്ഷം അക്കാര്യത്തിൽ നിസ്സംഗതയാണ് പുലർത്തുന്നത്. സംസ്ഥാന ലിസ്റ്റിലും കൺകറന്റ് ലിസ്റ്റിലുംപെട്ട വിഷയങ്ങളിൽ ഏകപക്ഷീയമായി കൈകടത്തി നിയമനിർമ്മാണം നടത്തുന്നതിനെ കേരള ഗവൺമെന്റ് എതിർക്കുമ്പോൾ പ്രതിപക്ഷം അക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിനനുകൂലമായ നിലപാടാണ്

സ്വീകരിക്കുന്നത്. സംസ്ഥാനത്തിന് അർഹതപ്പെട്ട ജി.എസ്.ടി. വിഹിതം കേന്ദ്രം കുറച്ചുകൊണ്ടിരിക്കുകയാണ്. അപ്പോഴും പ്രതിപക്ഷം ഒരക്ഷരം മിണ്ടുന്നില്ല. കേരളത്തിന് ലഭിക്കേണ്ടുന്ന 6500 കോടി രൂപ നൽകാത്ത നിലപാട് കേന്ദ്രം സ്വീകരിച്ചപ്പോൾ യോജിച്ചുനിന്ന് എതിർക്കേണ്ടതിന് പകരം പ്രതിപക്ഷം അക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിനനുകൂലമായ നിലപാടാണ് സ്വീകരിച്ചത്. ധനക്കമ്മി കുറയ്ക്കാനുള്ള, ഗ്രാന്റിന്റെയും വായ്പയുടെയും പരിധി ചുരുക്കിയ നടപടി കേരളത്തെ സാരമായി ബാധിക്കുന്ന വിഷയമാണ്. അപ്പോഴും പ്രതിപക്ഷം കേരളത്തിന് അനുകൂലമായിട്ടല്ല നിന്നത്. സാമ്പത്തിക പ്രതിസന്ധിയുടെ കാലത്ത് കേന്ദ്രം കേരളത്തിന്റെ കൂടെ നിന്നില്ല. പരമാവധി കേരളത്തെ ദ്രോഹിച്ചു. അപ്പോഴും പ്രതിപക്ഷ നിലപാട് കേരളത്തിന് അനുകൂലമായിരുന്നില്ല. ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങൾക്ക് വീതിക്കുന്ന കേന്ദ്ര നികുതി വിഹിതം ഘട്ടംഘട്ടമായി കുറച്ചു. പത്താം ധനകാര്യ കമ്മീഷൻ 3.8 ശതമാനമായും പതിനാലാം ധനകാര്യ കമ്മീഷൻ 2.5 ശതമാനമായും പതിനഞ്ചാം ധനകാര്യ കമ്മീഷൻ അത് 1.92 ശതമാനമായും കുറച്ചു. ഈ സന്ദർഭത്തിലും പ്രതിപക്ഷം കേരളത്തിന് അനുകൂലമായ നിലപാടല്ല സ്വീകരിച്ചത്. പ്രതിപക്ഷം കേരളത്തോട് ഒരു പ്രത്യേക വിരോധം കാണിക്കുകയാണ്. ഒന്നാം

പിണറായി സർക്കാരിന്റെ ഭരണകാലത്ത് ഈ നിലപാടെടുത്തതിന്റെ ഫലമായാണ് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ജനങ്ങൾ പ്രതിപക്ഷത്തിനെ ഒരു പാഠം പഠിപ്പിച്ചത്. ആ അനുഭവത്തിൽനിന്നും അവർ ഒരു പാഠവും ഉൾക്കൊള്ളുന്നില്ല. ഇപ്പോഴും ഒരു കേരള വിരോധം ശക്തമായി പ്രകടിപ്പിക്കുന്ന നിലയിലാണ് അവർ പോകുന്നത്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

കേരളത്തിൽനിന്നും 19 എം.പി.-മാർ പാർലമെന്റിലേയ്ക്ക് പോയിട്ടുണ്ട്. അതിൽ 18 പേരും യു.ഡി.എഫ്.-ന്റെ എം.പി.-മാരാണ്. എന്താണ് അവർ അവിടെ ചെയ്യുന്നത്? കേരളത്തിനുവേണ്ടി എന്തെങ്കിലും ഒരു കാര്യം പാർലമെന്റിൽ ഉന്നയിക്കാൻ അവർ തയാറായിട്ടുണ്ടോ? വേണ്ടായെന്ന് പറഞ്ഞതല്ലാതെ കേരളത്തിന് വേണമെന്ന് പറഞ്ഞിട്ടുണ്ടോ? AIIMS (All India Institute of Medical Sciences)-ന്റെ പ്രശ്നം വന്നപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ച യോഗത്തിൽ കേരളത്തിന് AIIMS ലഭിക്കണമെന്ന ആവശ്യം ശക്തമായി പാർലമെന്റിൽ ഉന്നയിക്കണമെന്ന് എം.പി.-മാരോട് പറഞ്ഞു. കേരളം നിരവധി തവണ ആവശ്യപ്പെട്ടു. പക്ഷേ AIIMS കിട്ടാൻ വേണ്ടി ഈ 18 എം.പി.-മാർ ശബ്ദം ഉയർത്തിയോ? കേന്ദ്ര ബഡ്ജറ്റ്

പ്രഖ്യാപിച്ചപ്പോൾ കേരളത്തിന് അനുകൂലമായി എന്തെങ്കിലും നിലപാടെടുക്കാൻ ഈ 18 എം.പി.-മാർക്ക് കഴിഞ്ഞോ? ഇന്ന് 18 എം.പി.-മാരും കേരളത്തിന് ഒരു ശാപമായി മാറിയിരിക്കുകയാണ്. അവർ കേരള വിരുദ്ധ നിലപാടാണ് സ്വീകരിക്കുന്നത്. കേരളത്തിൽ പ്രതിപക്ഷമെടുക്കുന്ന നിലപാട് കേന്ദ്രത്തിൽ ഈ 18 എം.പി.-മാർ ആവർത്തിക്കുന്നു. കേരളത്തിന്റെ അഭിമാന പദ്ധതിയായ സിൽവർ ലൈൻ കേരളത്തിൽ നടപ്പിലാക്കും. അതിനെ യു.ഡി.എഫ്. എന്തിനാണ് എതിർക്കുന്നത്? അവർ പറഞ്ഞ ന്യായങ്ങളൊന്നുംതന്നെ കേരളീയ സമൂഹം അംഗീകരിക്കുന്നതല്ല. അവർ ചോദിക്കുന്നത് ആർക്കാണ് നാല് മണിക്കൂർ കൊണ്ട് ലക്ഷ്യസ്ഥാനത്തേയ്ക്ക് എത്തേണ്ടതെന്നാണ്. എന്നാൽ ഞങ്ങൾ ചോദിക്കുന്നത് ആർക്കാണ് നാലുമണിക്കൂർകൊണ്ട് എത്തണ്ടാത്തതെന്നാണ്. കേരളം അന്ധകാര യുഗത്തിൽത്തന്നെ കഴിയണമെന്നാണോ? നാം പുരോഗതിയിലേയ്ക്ക് പോയിക്കൊണ്ടിരിക്കുകയല്ലേ? അടുത്ത തലമുറയ്ക്ക് ഇതിനേക്കാൾ വേഗതയിൽ സഞ്ചരിക്കേണ്ടതല്ലേ? നാഷണൽ ഹൈവേ കൊണ്ടുമാത്രം തീരുന്ന വിഷയമല്ല ഇത്. നവകേരള സൃഷ്ടിക്ക് അത്യന്താപേക്ഷിതമായ, അഭിമാന പദ്ധതിയായ സിൽവർ ലൈനിനെ എതിർക്കുന്നത് അന്ധമായ രാഷ്ട്രീയ വിരോധംകൊണ്ടല്ലാതെ മറ്റെന്താണ്?

ശ്രീ. പിണറായി വിജയന്റെ ഭരണകാലത്ത് നടപ്പാക്കാൻ പാടില്ല, ഞങ്ങളുടെ കാലത്ത് നോക്കാം എന്നാണ് പ്രതിപക്ഷം ആഗ്രഹിക്കുന്നത്. സിൽവർ ലൈൻ എന്ന അർദ്ധ അതിവേഗ റെയിൽപ്പാതയെ എതിർക്കുന്ന നിങ്ങൾ എന്തിനുവേണ്ടിയാണ് ഹൈസ്പീഡ് കോറിഡോർ കൊണ്ടുവരാൻ ആലോചിച്ചത്? കാസർഗോഡ് മുതൽ തിരുവനന്തപുരം വരെ രണ്ട് മണിക്കൂർകൊണ്ട് എത്തുന്ന ഹൈസ്പീഡ് കോറിഡോർ കൊണ്ടുവരുമെന്ന് പറഞ്ഞ് ഫീസിബിലിറ്റി സ്റ്റഡി നടത്തി പ്രായോഗികമല്ലെന്ന് ബോദ്ധ്യപ്പെട്ടതുകൊണ്ടല്ലേ അത് ഉപേക്ഷിച്ചത്? അപ്പോൾ കേരളത്തിന് പ്രായോഗികമായി വരുന്നത് സെമി ഹൈസ്പീഡ് ആണെന്ന് കണ്ടെത്തിയപ്പോൾ നിങ്ങൾക്കത് അംഗീകരിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണ്? സിൽവർ ലൈൻ സർവ്വേയുടെ ഭാഗമായി സ്ഥാപിച്ച കുറ്റിയെടുത്ത് കളയുമെന്ന് നിങ്ങൾ പറഞ്ഞു. നിങ്ങൾ കുറ്റിയെടുക്കാൻ പുറപ്പെട്ടാൽ നിങ്ങളുടെ കുറ്റി ജനങ്ങൾ എടുക്കുമെന്നുള്ളത് നിങ്ങൾ മനസ്സിലാക്കണം. കുറ്റിയെടുത്താൽ മാത്രം തീരുന്ന പ്രശ്നമല്ല ഇത്. കേരളത്തിന്റെ ഈ അഭിമാന പദ്ധതിയെ പിന്താങ്ങുകയും കേരളത്തിന്റെ വികസനത്തിന് വലിയ മുതൽക്കൂട്ടാകുന്ന ഈ പദ്ധതിക്ക് അനുകൂലമായി നിൽക്കേണ്ടതിനുപകരം എതിർക്കുകയെന്ന നിലപാട് നിങ്ങൾ

കേരളത്തോട് കാണിക്കുന്ന വിരോധത്തിന്റെ ഭാഗം തന്നെയാണ്. യു.ഡി.എഫ്.-ന്റെ ഈ നിലപാട് തുറന്ന് കാണിക്കപ്പെടേണ്ടതാണ്. കേരളത്തിൽ ഒന്നാം പിണറായി സർക്കാർ അടിസ്ഥാന വികസന രംഗത്ത് വൻ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയത്. ബഡ്ജറ്റ്, കിഫ്ബി എന്നിവ മുഖേനയും മറ്റ് നിരവധി പദ്ധതികൾ മുഖേനയുമാണ് ഇതെല്ലാം നടപ്പാക്കിയത്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട പദ്ധതിയാണ് നാഷണൽ ഹൈവേ വികസിപ്പിക്കുകയെന്നത്. കഴിഞ്ഞ 25 കൊല്ലക്കാലമായി മാറിവരുന്ന സർക്കാരുകൾക്ക് നടപ്പാക്കാൻ കഴിയാതിരുന്ന ആ പദ്ധതി നടപ്പാക്കാൻവേണ്ടി ഗവൺമെന്റ് മുന്നോട്ടുവന്നു. കാസർഗോഡ് ജില്ലയിലെ കർണ്ണാടക അതിർത്തിയിലുള്ള നന്ദാരപടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല വരെ 1251 കിലോമീറ്റർ ദൈർഘ്യത്തിലാണ് മലയോര ഹൈവേയുള്ളത്. നാഷണൽ ഹൈവേയ്ക്ക് സമാന്തരമായി മലയോര ഹൈവേ, തീരദേശ ഹൈവേ, ജലപാത തുടങ്ങിയ പദ്ധതികളെല്ലാം കേരളത്തിന്റെ വികസനത്തിന് മുതൽക്കൂട്ടായ കാര്യങ്ങളാണെന്ന് എല്ലാവർക്കുമറിയാം. അതിന്റെകൂടെ സിൽവർ ലൈൻ കൂടി വന്നാൽ ലോകത്തെ നമ്പർ വൺ സംസ്ഥാനമായി കേരളം മാറുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുമൂലം ശ്രീ. പിണറായി വിജയൻ,

കേരളത്തിലെ കമ്മ്യൂണിസ്റ്റ് മുഖ്യമന്ത്രി ആകാശംമുട്ടെ ഉയരുമെന്ന് മനസ്സിലാക്കിയ പ്രതിപക്ഷം അസൂയകൊണ്ടാണ് ഈ പദ്ധതിയെ എതിർക്കുന്നതെന്ന് കേരളത്തിലെ ജനങ്ങൾക്ക് നല്ല ബോദ്ധ്യമുണ്ട്. ബി.ജെ.പി. ഭരിക്കുന്ന കേന്ദ്ര സർക്കാർ ഈ പദ്ധതിയെ അനുകൂലിക്കുന്ന നിലപാടല്ല ഇപ്പോൾ സ്വീകരിക്കുന്നതെന്നറിയാം. സിൽവർ ലൈൻ പദ്ധതിക്ക് അനുകൂലമായ നിലപാട് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കണം. ഇന്ന് രാജ്യം അതിവിപുലമായ സാമ്പത്തിക പ്രതിസന്ധിയിൽ നിൽക്കുകയാണ്. പക്ഷേ അങ്ങനെ നിൽക്കുമ്പോഴും ബി.ജെ.പി. എന്ന പാർട്ടിയുടെ ആസ്തി വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു. രാജ്യത്തെ ജനങ്ങളെ കൊള്ളയടിച്ചാണ് ആ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിക്കുന്നു, രാജ്യത്തിന്റെ പൊതുസമ്പത്ത് വിൽക്കുന്നു, ആസ്തി വിൽക്കുന്നു തുടങ്ങിയ കാര്യങ്ങളെല്ലാം രാജ്യത്ത് ബി.ജെ.പി. ഗവൺമെന്റ് ചെയ്തുകൊണ്ടിരിക്കുകയാണ്. ബി.ജെ.പി. എന്ന പാർട്ടിക്ക് ഒരു കുഴപ്പവുമില്ല. ബി.ജെ.പി.-യുടെ ആസ്തി 2019-20 വർഷത്തിൽ മാത്രം 4,847.78 കോടി രൂപയാണ് വർദ്ധിച്ചത്. അത് ദേശീയ പാർട്ടികളുടെ ആകെ ആസ്തിയുടെ 69.37 ശതമാനമാണ്. അതുകഴിഞ്ഞാൽ കോൺഗ്രസ്സും ബി.എസ്.പി.-യുമാണ്. ബി.ജെ.പി. സാമ്പത്തികമായി വളരുന്നു, രാജ്യം

സാമ്പത്തികമായി പാപ്പരാകുന്നു. ഈ നയത്തെ ചെറുത്ത് പരാജയപ്പെടുത്താൻ എന്തുകൊണ്ട് പ്രതിപക്ഷം മുന്നോട്ടുവരുന്നില്ല? മറ്റെല്ലാ കാര്യത്തിലും സ്വീകരിക്കുന്ന നിലപാടുപോലെ തന്നെ ഇക്കാര്യത്തിലും പ്രതിപക്ഷം ചിറ്റമ്മനയമാണ് സ്വീകരിക്കുന്നതെന്ന് കാണാം. പൊതുമേഖലാ സ്ഥാപനങ്ങളായ എയർ ഇന്ത്യ, ഭാരത് ഇലക്ട്രോണിക്സ്, ഭാരത് പെട്രോളിയം, റെയിൽവേ എന്നിവ വിറ്റുകഴിഞ്ഞു; എൽ.ഐ.സി., അശോക ഹോട്ടൽ തുടങ്ങിയവയെ വിൽപ്പനയ്ക്ക് വച്ചിരിക്കുന്നു, ബാങ്കിംഗ് മേഖല സ്വകാര്യവൽക്കരിക്കുന്നു; കേന്ദ്ര ഗവൺമെന്റിന്റെ ഇത്തരം നിലപാടിനെതിരായി രാജ്യത്ത് ശക്തമായ പ്രതിഷേധങ്ങളും സമരങ്ങളും ഉയർന്നുവരുമ്പോൾ കേരളത്തിലെ പ്രതിപക്ഷം ബി.ജെ.പി.-ക്ക് അനുകൂലമായ നിലപാടാണ് സ്വീകരിക്കുന്നത്. അല്ലാതെ രാജ്യത്തിനോ കേരളത്തിനോ അനുകൂലമായ നിലപാടല്ല സ്വീകരിക്കുന്നത്. ക്രമസമാധാനത്തിന്റെ പ്രശ്നമാണ് പ്രധാനമായും നിങ്ങൾ ഉന്നയിക്കുന്നത്. കഴിഞ്ഞ ദിവസം തലശ്ശേരിയിൽ ആർ.എസ്.എസ്.-പ്രവർത്തകർ സി.പി.എം. പ്രവർത്തകനായ ഹരിദാസിനെ അതിപൈശാചികമായി കൊലപ്പെടുത്തി. ഇടുക്കിയിൽ ധീരജിനെ കോൺഗ്രസ്സുകാർ കൊലപ്പെടുത്തി. ഇതുൾപ്പെടെ സംസ്ഥാനത്ത് കഴിഞ്ഞ അഞ്ചാറ് മാസത്തിനിടയിൽ നടന്ന

ഹീനമായ കൊലപാതകങ്ങളുടെ പ്രതികളെയെല്ലാം തന്നെ നിമിഷ നേരംകൊണ്ട് അറസ്റ്റ് ചെയ്യാനും അവരെ ജയിലിലടയ്ക്കാനും ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ധീരജിന്റെ കൊലപാതകം നടന്നപ്പോൾ എന്തായിരുന്നു കെ.പി.സി.സി. പ്രസിഡന്റിന്റെ പ്രതികരണം? കൊലയാളികളെ സംരക്ഷിക്കുന്ന നിലപാടല്ലേ സ്വീകരിച്ചത്? ഇവിടെ ചില സംഭവങ്ങൾ നടന്നപ്പോൾ തള്ളിപ്പറയുകയും അപലപിക്കുകയും ചെയ്യേണ്ടതിനുപകരം കൊലയാളികളെ പരസ്യമായി പിന്തുണച്ച് കൊലയ്ക്ക് കൂട്ടുനിൽക്കുന്ന നിലപാടെടുത്ത കോൺഗ്രസ്സാണ് ക്രമസമാധാനം തകർന്നുവെന്ന് പറയുന്നത്. അത് കേരള സംസ്ഥാനത്തെ ജനങ്ങൾക്ക് നല്ല ബോദ്ധ്യമുണ്ട്. നിങ്ങൾ ചെയ്യുന്ന പ്രവർത്തനങ്ങൾ ജനങ്ങൾ തള്ളിക്കളയുമെന്ന് പറഞ്ഞുകൊണ്ട് ഞാൻ നന്ദിപ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. വി. ശശി</u>: സർ, പതിനഞ്ചാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിന് ആരംഭം കുറിച്ചുകൊണ്ട് ബഹുമാനപ്പെട്ട ഗവർണ്ണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് അവതരിപ്പിച്ച പ്രമേയത്തെ സർവ്വാത്മനാ സ്വാഗതം ചെയ്യുന്നു. സർക്കാർ നേരിടേണ്ടി വന്ന പ്രതിസന്ധികളും പരീക്ഷണങ്ങളും കഷ്ടതകളും വിവരിച്ചുകൊണ്ടും കൈവരിച്ച മഹത്തായ നേട്ടങ്ങൾ ഒന്നൊന്നായി

അവതരിപ്പിച്ചുകൊണ്ടുമാണ് നയപ്രഖ്യാപന പ്രസംഗം അദ്ദേഹം ആരംഭിച്ചത്. കോവിഡ് 19-ന്റെ ഒന്നും രണ്ടും തരംഗങ്ങൾ പിന്നിട്ട നാം മൂന്നാം തരംഗത്തിലേയ്ക്ക് കടക്കുമ്പോൾ അതും നമ്മൾ ആത്മവിശ്വാസത്തോടെ അതിജീവിക്കുകയാണ്. കോവിഡ് പ്രതിസന്ധിയെ തരണം ചെയ്യാൻ സർക്കാർ സംവിധാനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ബഹുജനങ്ങളും വഹിച്ച പങ്ക് പ്രത്യേക പ്രശംസ അർഹിക്കുന്നതാണ്. പ്രതിരോധ കുത്തിവയ്പ് യജ്ഞം കുട്ടികളിലും മുതിർന്നവരിലും ഫലപ്രദമായി നടത്തി രാജ്യത്ത് നാം ഏറ്റവും മുന്നിലെത്തി. സാമ്പത്തിക പരിമിതികൾ ഉണ്ടായിരുന്നെങ്കിലും ജനങ്ങൾക്ക് ആശ്വാസം പകരുന്ന ഒട്ടേറെ പരിപാടികളും പദ്ധതികളും വിവിധ വകുപ്പുകൾവഴി സർക്കാർ നടപ്പാക്കി. അതിപ്പോഴും തുടരുകയാണ്. ഇതിന്റെയെല്ലാം ഫലമായി അഭിമാനകരമായ ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാൻ നമുക്ക് കഴിഞ്ഞു. ദേശീയ തലത്തിൽ തലയുയർത്തി നിൽക്കാൻ കഴിയുന്ന നേട്ടങ്ങൾ നമ്മളുണ്ടാക്കി. വിദ്യാഭ്യാസ വികസന സൂചികയിൽ, സുസ്ഥിര വികസന സൂചികയിൽ, ദേശീയ ആരോഗ്യ സൂചികയിൽ തുടങ്ങി മികച്ച ഭരണം കാഴ്ചവച്ച സംസ്ഥാനമെന്ന നിലയിലും ഒന്നാം സ്ഥാനത്ത് നിൽക്കുന്നത് കേരളമാണ്. അങ്ങനെ ഒട്ടേറെ മികവുകൾ ഈ രാജ്യത്ത് കരസ്ഥമാക്കാൻ

നമുക്ക് സാധിച്ചു. ഈ നേട്ടങ്ങളെല്ലാം നാം കൈവരിച്ചത് കോവിഡ് മൂലമുണ്ടായ സാമ്പത്തിക ഞെരുക്കത്തോടൊപ്പം കേന്ദ്ര സർക്കാർ സൃഷ്ടിച്ച കടുത്ത സാമ്പത്തിക പ്രതിസന്ധിയുടെയും അവഗണനയുടെയും സമ്മർദ്ദങ്ങൾ ഏറ്റുവാങ്ങിക്കൊണ്ടാണെന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കണം. കോവിഡ് മഹാമാരിമൂലം സംസ്ഥാനത്തിന്റെ കടം - ജി.ഡി.പി. അനുപാതം ഉയരാനിടയായ പ്രതിസന്ധി ഘട്ടത്തിൽ കേന്ദ്രത്തിൽനിന്നും കൂടുതൽ സഹായമാണ് നമ്മൾ പ്രതീക്ഷിച്ചത്. എന്നാൽ കേന്ദ്ര വിഹിതത്തിൽ ഗണ്യമായ കുറവുവരുത്തുന്ന നയമാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചത്. കേന്ദ്ര നികുതി വിഹിതത്തിൽനിന്ന് 10-ാം ധനകാര്യ കമ്മീഷൻ നൽകിയത് 3.8 ശതമാനമായിരുന്നെങ്കിൽ 14-ാം ധനകാര്യ കമ്മീഷൻ അത് 2.5 ശതമാനമായി കുറച്ചു. 15-ാം ധനകാര്യ കമ്മീഷൻ അത് വീണ്ടും 1.92 ശതമാനമായി കുറച്ചതായി നയരേഖയിൽ വ്യക്തമാക്കുന്നു. ആദ്യ വർഷംതന്നെ 6500 കോടി രൂപയുടെ കുറവാണ് ഇതുമൂലമുണ്ടാകാൻ പോകുന്നത്. ജി.എസ്.ടി. നഷ്ടപരിഹാരം 2021 ജൂണിൽ ഇല്ലാതാകുകയാണ്. ഇത് സംഭവിച്ചാൽ ഇന്നത്തെ സാഹചര്യത്തിൽ പതിനായിരം മുതൽ പന്ത്രണ്ടായിരം കോടി രൂപവരെ അധികമായി നഷ്ടമുണ്ടാകുമെന്നും

നയരേഖയിൽ ചൂണ്ടിക്കാണിക്കുന്നു. കൂട്ടത്തിൽ റവന്യൂ കമ്മി നികത്താനുള്ള ഗ്രാന്റുകളും കുത്തനെ കുറയുന്നു. മറ്റൊരു പ്രധാനപ്പെട്ട കേന്ദ്ര തീരുമാനമായി ചൂണ്ടിക്കാണിക്കുന്നത്, സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര നികുതി വിഹിതത്തിൽനിന്നും പ്രത്യക്ഷ നികുതിയിളവ് നൽകുന്നുവെന്നതാണ്. അതോടൊപ്പം സംസ്ഥാന സർക്കാരുകൾക്കുള്ള സെസ്സും സർചാർജ്ജും വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഇതെല്ലാം സംസ്ഥാനത്തെ അപകടകരമായ സാമ്പത്തിക പ്രതിസന്ധിയിലേയ്ക്കാണ് നയിക്കുന്നതെന്ന കാര്യം വ്യക്തമാണ്. കേന്ദ്ര സർക്കാരിന്റെ ഈ സാമ്പത്തികനയം കൊണ്ടാണ് ധനകമ്മി സംസ്ഥാനങ്ങൾക്കുണ്ടാകുന്നത്. ധനകമ്മി കേന്ദ്രത്തിന് 6 ശതമാനമായിരിക്കുമ്പോൾ സംസ്ഥാനങ്ങളുടെ ധനകമ്മി 3 ശതമാനമായി നിയന്ത്രിക്കുന്നു. സംസ്ഥാനത്ത് ദീർഘകാല പ്രോജക്ടുകളും പദ്ധതികളുമൊന്നും കേന്ദ്ര ബഡ്ജറ്റിൽ പരിഗണിക്കുന്നില്ല. ഇവിടെയാണ് കേന്ദ്ര സർക്കാർ കേരളത്തോട് കാണിക്കുന്ന അവഗണന നമുക്ക് തുറന്നുകാണിക്കേണ്ടിവരുന്നത്. കേരള വികസനത്തിന്റെ പ്രധാനപ്പെട്ട ദൗർബല്യങ്ങളിലൊന്നാണ് കാർഷിക വ്യാവസായിക മേഖല വികസിക്കുന്നില്ലെന്നുള്ളത്. ഇതിന് സർക്കാരിന്റെ ഇടപെടലും പങ്കാളിത്തവും വർദ്ധിപ്പിക്കണം. അതോടൊപ്പം നാടിന്റെ

താൽപ്പര്യത്തിനുതകുന്ന നിക്ഷേപങ്ങളും കൊണ്ടുവരണം. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കാനും ഈ സമീപനം ആവശ്യമാണ്. മൂലധന നിക്ഷേപം ആകർഷിക്കണമെങ്കിൽ പശ്ചാത്തല സൗകര്യ മേഖലയിൽ വലിയ കുതിപ്പുണ്ടാക്കേണ്ടത് അനിവാര്യമാണ്. കേന്ദ്ര സർക്കാരിന്റെ സഹായം ഇതിന് കൂടിയേ തീരുകയുള്ളൂ. ഇവിടെയാണ് കടുത്ത അവഗണന കേന്ദ്രത്തിൽനിന്നും നാം നേരിടുന്നത്. റെയിൽവേ മെഡിക്കൽ കോളേജ് സ്ഥാപിക്കുമെന്ന പ്രഖ്യാപനം ഇന്ന് പാഴ്‌വാക്കായി. റെയിൽവേ സോൺ നിഷേധിച്ചു. പാലക്കാട് കോച്ച് ഫാക്ടറി ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടും നിഷേധിച്ചു. 50 ശതമാനം ചെലവ് സംസ്ഥാന സർക്കാർ വഹിക്കാമെന്ന് അറിയിച്ചിട്ടും ശബരി റെയിൽ പദ്ധതി അനങ്ങുന്നില്ല. കോഴിക്കോട് കിനാലൂരിൽ ഭൂമി ഉറപ്പാക്കിയിട്ടും All India Institute of Medical Sciences (AIIMS) സ്ഥാപിച്ചില്ല. ഇതിനകം 22 AIIMS ഇതര സംസ്ഥാനങ്ങളിൽ സ്ഥാപിച്ചുകഴിഞ്ഞു. തിരുവനന്തപുരം ഔട്ടർ റിംഗ് റോഡ് ഭാരത്മാല ഫേസ്-1-ൽ ഉൾപ്പെടുത്താനുള്ള നിർദ്ദേശം തൊട്ടിട്ടില്ല. സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതി വിവിധ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കാനുള്ള അനുമതി ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും നൽകിയിട്ടില്ല. തിരുവനന്തപുരത്തെ റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ് അടച്ചുപൂട്ടി. തിരുവനന്തപുരം-ചെങ്ങന്നൂർ സബർബൻ

റെയിൽവേ പ്രോജക്ട് നിഷേധിച്ചു. തിരുവനന്തപുരം വിമാനത്താവളം അദാനി ഗ്രൂപ്പിന് നൽകി കേരളത്തിന്റെ ആവശ്യം നിരസിച്ചു. മൈസൂരിലേയ്ക്ക് റെയിൽ മാർഗ്ഗം എത്തിച്ചേരാനുള്ള റെയിൽപാതയുടെ കാര്യത്തിലും നിഷേധാത്മക നിലപാടാണ് കേന്ദ്രം സ്വീകരിച്ചത്. കാക്കനാട് ഇൻഫോ പാർക്ക് വരെയുള്ള കൊച്ചി മെട്രോയുടെ എക്സ്റ്റൻഷൻ പദ്ധതിയും അനുമതി കാത്തുകിടക്കുന്നു. ഇപ്പോൾ നാം വളരെ പ്രതീക്ഷയോടെയാണ് സിൽവർ ലൈൻ പദ്ധതിയുമായി മുന്നോട്ടുപോകുന്നത്. അതിന്റെ ഭാവിയിൽ തടസ്സമുണ്ടാകില്ലെന്നാണ് നാം പ്രതീക്ഷിക്കുന്നത്. കേന്ദ്ര അവഗണനകളും സാമ്പത്തിക പ്രതിസന്ധികളുമെല്ലാം മുന്നിലുണ്ടെങ്കിലും നാം മുന്നോട്ടുപോകുകയാണ്. കഴിഞ്ഞ സർക്കാരിന്റെ അഞ്ച് വർഷക്കാലം നാം സ്വീകരിച്ച സമീപനവും അതാണ്. പ്രതീക്ഷയോടെ ഒരുനിമിഷംപോലും പാഴാക്കാതെ സർവ്വതോന്മുഖമായ വികസനം ലക്ഷ്യമാക്കി നാം മുന്നോട്ടുപോകും. ഈ നയരേഖ വ്യക്തമാക്കുന്നതും അതാണ്. നിലവിലുള്ള പദ്ധതികൾ വിപുലീകരിച്ചും പുതിയ പ്രോജക്ടുകൾ നടപ്പാക്കിയും കാർഷിക മേഖലയെ സമ്പുഷ്ടമാക്കുമെന്ന് നയരേഖ വ്യക്തമാക്കുന്നു. Vegetable and Fruit Promotion Council Kerala (VFPCK)-യുടെ കീഴിൽ കൂടുതൽ Farmer Producer Organizations (FPO)-കൾ ആരംഭിക്കുന്നു. കൃഷി

ഭവനകൾക്കുകീഴിൽ അഞ്ച് ഏക്കർ ഭൂമിയിൽ 'കൃഷിശ്രീ' പദ്ധതി, വിളയുപകരം കൃഷി, ഭൂമിയധിഷ്ഠിത ബഹുവിള കൃഷി തുടങ്ങിയ പുതിയ പദ്ധതികൾ നടപ്പാക്കുന്നു. കേരളത്തെ ഇന്ത്യയുടെ Environmental, Social, and Governance (ESG) ഡെസ്റ്റിനേഷനാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നു. ഇലക്ട്രോണിക് നിർമ്മാണം, ലൈഫ് സയൻസ്, പെട്രോകെമിക്കൽ വ്യവസായം, വ്യോമയാനം, ഭക്ഷ്യസംസ്കരണം, ഇ-മൊബിലിറ്റി, പ്രതിരോധ മേഖല എന്നിവിടങ്ങളിലെല്ലാം നിക്ഷേപം ആകർഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നു. കൂടാതെ വൻതോതിലുള്ള നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനായി സംയോജിത ഉൽപ്പാദന കേന്ദ്രം Integrated Marketing Communication (IMC) വികസിപ്പിക്കുന്നതിനും കൊച്ചി-പാലക്കാട് വ്യാവസായിക ഇടനാഴി വികസിപ്പിക്കുന്നതിനും വ്യവസായ വകുപ്പ് ലക്ഷ്യമിടുന്നു. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് കേരളത്തിലെ വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങളിലും പഠന മികവിലും അഭൂതപൂർവ്വമായ കുതിച്ചുചാട്ടമാണുണ്ടായത്. അതിന് ആനുപാതികമായി ഉന്നത വിദ്യാഭ്യാസ രംഗത്ത് നേട്ടം കൈവരിക്കേണ്ടതുണ്ട്. ഇതിനായി ഉന്നത വിദ്യാഭ്യാസ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കണം. സർക്കാർ കോളേജുകളുടെയും

സർവ്വകലാശാലകളുടെയും അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കുന്നതിനും അവയെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും ഇതിനകം വിവിധ പദ്ധതികൾ ആവിഷ്കരിച്ചുകഴിഞ്ഞു. ഇതോടൊപ്പം ഉന്നത വിദ്യാഭ്യാസ മേഖലയിലേയ്ക്ക് പ്രത്യേകിച്ച് ഗവേഷണത്തിലേയ്ക്ക് യുവപ്രതിഭകളെ ആകർഷിക്കേണ്ടതുണ്ട്, അതിനുതകുന്ന ഫെല്ലോഷിപ്പുകൾ ഏർപ്പെടുത്തണം. അത്തരം ഫെല്ലോകളെ ഉൾപ്പെടുത്താൻ കഴിയുന്ന വിധത്തിൽ സെന്റർ ഓഫ് എക്സലൻസുകളും ഒരുക്കേണ്ടതാണ്. സമഗ്രമായ മാറ്റങ്ങളാണ് ഉന്നത വിദ്യാഭ്യാസ മേഖലയിൽ പ്രതീക്ഷിക്കുന്നത്. ഉന്നത വിദ്യാഭ്യാസ രംഗത്തെ എൻറോൾമെന്റ് അനുപാതം 37 ശതമാനമാണ്. ഇത് 75 ശതമാനമായി ഉയരണം. അതിനായി അധിക പഠന സൗകര്യങ്ങളും ഗവേഷണ സൗകര്യങ്ങളുമൊരുക്കുകയും പുതിയ കോഴ്സുകൾ ആരംഭിക്കുകയും വേണം. സീറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതായും വരും. സുസ്ഥിര സാമ്പത്തിക വളർച്ച കൈവരിക്കുന്നതോടൊപ്പം സാമൂഹ്യനീതി ഉറപ്പാക്കുക എന്നതുകൂടിയാണ് നവകേരളത്തിന്റെ സാരാംശം. ഇവ രണ്ടിനും ഉന്നത വിദ്യാഭ്യാസത്തിൽ കാര്യമായ പങ്ക് വഹിക്കാനുണ്ട്. ഉന്നത വിദ്യാഭ്യാസ മേഖല അത് ലക്ഷ്യമാക്കിയായിരിക്കും വളരുക. കാർഷിക മേഖലയിലെ നിലവിലുള്ള പദ്ധതികൾ വിപുലീകരിച്ചും ഈ മേഖലയെ

സമ്പുഷ്ടമാക്കുകയാണ്. റവന്യൂ സെക്രട്ടേറിയറ്റ്, ജില്ലാ റവന്യൂ അസംബ്ലി എന്നീ സംവിധാനങ്ങൾക്ക് തുടക്കമിട്ട റവന്യൂ വകുപ്പിനെ ഞാൻ അഭിനന്ദിക്കുന്നു. റവന്യൂ വകുപ്പിന്റെ പ്രവർത്തന മികവിന് ഈ പുതിയ സംവിധാനങ്ങൾ പ്രയോജനപ്പെടുമെന്ന് കരുതുന്നു. ആദ്യ 100 ദിവസങ്ങൾ കൊണ്ട് ലക്ഷ്യമിട്ട 12000 പട്ടയ വിതരണം 15354 ആയി ഉയർന്നു. 1966-ൽ ആരംഭിച്ച റീ-സർവ്വേ നടപടി 911 വില്ലേജുകളിലാണ് പൂർത്തിയാക്കിയത്. ഇതിൽത്തന്നെ 89 വില്ലേജുകൾ മാത്രമാണ് ഡിജിറ്റലൈസ് സർവ്വേയായി പൂർത്തിയാക്കാൻ കഴിഞ്ഞത്. റീ-സർവ്വേ പൂർണ്ണമായി ഡിജിറ്റലൈസ് ചെയ്ത് പൂർത്തിയാക്കുന്നതിനുള്ള 807.98 കോടി രൂപയുടെ പദ്ധതി നാല് വർഷംകൊണ്ട് പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. 1966-ൽ ആരംഭിച്ച റീ-സർവ്വേ 60 വർഷം പിന്നിടുമ്പോൾ, അതായത് 2026-ൽ ഇത് പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്തുകൊണ്ട് പ്രവർത്തനം പൂർത്തിയാക്കാൻ കഴിയട്ടേയെന്ന് ആശംസിക്കുകയാണ്. ക്ലസ്റ്റർ അടിസ്ഥാനത്തിൽ കേരള ഹാൻഡ്‌ലൂം ബ്രാൻഡ് വികസിപ്പിച്ച് കൈത്തറി ഉൽപ്പാദന രംഗത്ത് ഇടപെടുന്നുവെന്ന് കാണുന്നതിൽ സന്തോഷമുണ്ട്. ഇത് കൈത്തറി വ്യവസായ പുരോഗതിക്ക് സ്വീകരിക്കുന്ന ശരിയായ മാർഗ്ഗമാണ്. കയർ ജിയോ ടെക്സ്റ്റൈൽസ്, കയർപിത്ത് എന്നിവയുടെ കയറ്റുമതിയിൽ

സർക്കാർ ശ്രദ്ധിക്കണം. ആഭ്യന്തര വിപണിയെ മാത്രം ആശ്രയിക്കുന്ന സമീപനമാണ് ഇപ്പോഴുള്ളത്. അതുമാറ്റി കയറ്റുമതി രംഗത്തേയ്ക്കുകൂടി കയർ വ്യവസായത്തെ കൊണ്ടുപോകാനുള്ള ആത്മാർത്ഥമായ ശ്രമം വകുപ്പിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഈ പ്രമേയത്തെ ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

ശ്രീ. ജോബ് മൈക്കിൾ: സർ, ബഹുമാന്യനായ കേരള ഗവർണർ നടത്തിയ നയപ്രഖ്യാപന പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. വ്യക്തമായ കാഴ്ചപ്പാടും ദിശാബോധവുമുള്ള നയപ്രഖ്യാപനമാണ് ഇവിടെ അവതരിപ്പിച്ചത്. സർക്കാർ കുറേ വർഷങ്ങളായി അഭിമുഖീകരിച്ച പ്രകൃതിദുരന്തങ്ങളിലും കോവിഡ് മഹാമാരിയിലും അടിപതറാതെ മുന്നോട്ടുനയിച്ച ഗവൺമെന്റിന്റെ ഇച്ഛാശക്തി വ്യക്തമാക്കുന്ന നയപ്രഖ്യാപനമാണ് ഇവിടെ അവതരിപ്പിച്ചത്. കോവിഡ് കാലത്ത് വിവിധ സർക്കാർ വകുപ്പുകളെയും സാമൂഹിക-സന്നദ്ധ സേവകരെയും പൊതുജനങ്ങളെയും ഏകോപിപ്പിച്ച് നടത്തിയ പ്രവർത്തനങ്ങൾ വിജയം കണ്ടു. കോവിഡ് മരണനിരക്കുകൾ കുറയ്ക്കുന്നതിനും എല്ലാവർക്കുമാവശ്യമായ ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും

സർക്കാരിന് സാധിച്ചു. അതുപോലെ 18 വയസ്സിന് മുകളിലുള്ള എല്ലാവർക്കും കോവിഡ് പ്രതിരോധ കുത്തിവയ്പ്പിന്റെ ഒന്നാം ഡോസും 85 ശതമാനത്തിലധികം ആളുകൾക്ക് രണ്ടാം ഡോസും നൽകാൻ കഴിഞ്ഞു. കൂടാതെ കുട്ടികൾക്കുള്ള പ്രതിരോധ കുത്തിവയ്പ്പ് 73 ശതമാനത്തിലധികമായതും പ്രശംസനീയമായ നേട്ടമാണ്. കോവിഡ് വാക്സിൻ ഒരു തുള്ളിപോലും പാഴാക്കാത്ത സംസ്ഥാനമാണ് കേരളം. ഡോക്ടർമാരുടെയും നഴ്സുമാരുടെയും മികവാർന്ന പ്രവർത്തനങ്ങൾകൊണ്ട് ഈ നേട്ടം കൈവരിക്കാൻ നമുക്ക് സാധിച്ചു. കോവിഡുമൂലം മാതാവോ പിതാവോ നഷ്ടപ്പെടുന്ന ബി.പി.എൽ. കുടുംബങ്ങളിലെ കുട്ടികൾക്ക് മാസംതോറും 5,000/- രൂപ ധനസഹായമായി 36 മാസത്തേയ്ക്ക് ലഭിക്കുന്ന പുനരധിവാസ പാക്കേജ് പ്രഖ്യാപിച്ച സർക്കാരാണിത്. കോവിഡുമൂലം മരണപ്പെട്ട കുടുംബങ്ങളിലെ അവകാശികൾക്ക് 50,000/- രൂപ ധനസഹായമായി നൽകാൻ സർക്കാരിന് സാധിക്കുന്നു. സർക്കാരിന്റെ ആദ്യ നൂറുദിന പദ്ധതി പൂർത്തീകരിച്ചു. രണ്ടാമത്തെ നൂറുദിന പരിപാടികൾ ആരംഭിച്ച് ഈ മേയ് മാസത്തിനകം പൂർത്തീകരിക്കാൻ സാധിക്കുമെന്നത് അഭിനന്ദനാർഹമായ കാര്യമാണ്. മുല്ലപ്പെരിയാർ ഡാമിന്റെ സംഭരണശേഷി 136 അടിയായി നിലനിർത്തുമെന്നും പുതിയ ഡാം നിർമ്മിക്കുമെന്നുമുള്ള പ്രഖ്യാപനത്തെയും

വളരെയധികം സന്തോഷത്തോടെയാണ് കേരളത്തിലെ ജനങ്ങൾ കാണുന്നത്. കർഷകർക്ക് നിലവിലെ കുറഞ്ഞ പ്രീമിയത്തിൽ ആനുകൂല്യം ലഭിക്കത്തക്ക രീതിയിലും എന്നാൽ ഇൻഷ്വറൻസ് രംഗത്തെ പ്രമുഖരിൽനിന്ന് പ്രൊഫഷണൽ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്ന രീതിയിലും പുതിയ വിള ഇൻഷ്വറൻസ് പദ്ധതി ആസൂത്രണം ചെയ്തത് കർഷകർക്ക് ഗുണം ചെയ്യും. കേരളത്തിലെ കൃഷി ഭവനുകളെ സ്മാർട്ട് കൃഷി ഭവനുകളാക്കുമെന്നുള്ള പ്രഖ്യാപനം കൃഷിക്കാർക്ക് വളരെയധികം സന്തോഷമുളവാക്കുന്ന കാര്യമാണ്. സ്കൂൾ വിദ്യാർത്ഥികൾക്ക് കാർഷിക പ്രവർത്തനങ്ങളിൽ താൽപ്പര്യം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ 'അഗ്രി കേഡറ്റ് കോർ പ്രോഗ്രാം' സംഘടിപ്പിക്കുമെന്ന സർക്കാർ പ്രഖ്യാപനം അഭിമാനത്തോടെയാണ് ജനങ്ങൾ ശ്രവിച്ചത്. സംയോജിത പോഷകാഹാര ഉദ്യാനങ്ങൾ സ്ഥാപിക്കുന്നതിലൂടെ നിയമസഭാ നിയോജകമണ്ഡല തലത്തിൽ 'തരിശുരഹിത മണ്ഡലം' എന്ന പ്രഖ്യാപനം കേരള ജനത ഉൾക്കൊള്ളുമെന്ന കാര്യത്തിൽ സംശയമില്ല. കൃഷിക്കാർക്കുവേണ്ടിയുള്ള ഈ പ്രഖ്യാപനമൊന്നും പ്രതിപക്ഷം കേട്ടില്ല. അന്ധമായ രാഷ്ട്രീയ വിരോധം നിമിത്തമാണ് നന്ദിപ്രമേയത്തെ പ്രതിപക്ഷം എതിർക്കുന്നത്. സിൽവർ ലൈൻ പദ്ധതിയെ സംബന്ധിച്ചാണ് ഇപ്പോൾ പ്രതിപക്ഷത്തിന്

പറയാനുള്ളത്. എന്നാൽ കഴിഞ്ഞ പിണറായി സർക്കാർ ലൈഫ് പദ്ധതിയിലൂടെ ലക്ഷക്കണക്കിന് പാവപ്പെട്ട ആളുകൾക്ക് വീടുകൾ നൽകുമെന്ന് പ്രഖ്യാപിച്ചപ്പോൾ ഞങ്ങൾ അധികാരത്തിൽ വന്നാൽ എതിർക്കുമെന്ന് പറഞ്ഞ പ്രതിപക്ഷം ഇപ്പോഴും പ്രതിപക്ഷത്തുതന്നെയാണ് ഇരിക്കുന്നത്. സിൽവർ ലൈൻ പദ്ധതിയെ മറ്റൊരു രൂപത്തിൽ ആദ്യമായി പ്രഖ്യാപിച്ച് പദ്ധതി നടപ്പാക്കാൻ ശ്രമിച്ചത് ബഹുമാന്യനായ ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്താണ്. ഇപ്പോൾ കേരളത്തിന്റെ പിണറായി സർക്കാർ അത് നടപ്പാക്കുന്നതിന് ഇച്ഛാശക്തിയോടുകൂടി രംഗത്തേയ്ക്ക് വന്നപ്പോൾ അന്ധമായ രാഷ്ട്രീയ വിരോധംകൊണ്ട് പ്രതിപക്ഷം അതിനെ എതിർക്കാനാണ് ശ്രമിക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്......

ശ്രീ. ജോബ് മൈക്കിൾ: സർ, ഇപ്പോൾ നമുക്കറിയാം പ്രതിപക്ഷം അടിയന്തരപ്രമേയം ..........

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് ..........പ്ലീസ്.......

ശ്രീ. ജോബ് മൈക്കിൾ: സർ, ഒരിക്കൽപ്പോലും പ്രതിപക്ഷം നടത്തിയ പ്രഖ്യാപനത്തിൽ നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരത്തെ സംബന്ധിച്ചോ......... (മൈക്ക് ഓഫ്) ....... ഒരിക്കൽക്കൂടി ഈ

നന്ദിപ്രമേയത്തെ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. കെ. ആൻസലൻ</u>: സർ, ഫെബ്രുവരി 18-ാം തീയതി സംസ്ഥാന ഗവൺമെന്റിനുവേണ്ടി ബഹുമാനപ്പെട്ട ഗവർണർ അവതരിപ്പിച്ച നയപ്രഖ്യാപനത്തെ പിന്തുണച്ചുകൊണ്ട് ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ പിന്താങ്ങുന്നു. പ്രതിപക്ഷം സഭാനടപടികളിൽ പൂർണ്ണമായും സഹകരിക്കാൻ ഉത്തരവാദപ്പെട്ടവരാണ്. അവരുടെ അഭിപ്രായങ്ങൾ സഭയിൽ രേഖപ്പെടുത്താൻ ഉത്തരവാദിത്വമുള്ള പ്രതിപക്ഷം, ഇല്ലാത്ത ന്യായങ്ങൾ പറഞ്ഞ് സഭാനടപടികൾ ബഹിഷ്കരിച്ച് സർക്കാരിനെതിരെ വ്യാപകമായി നുണപ്രചരണം നടത്തുകയാണ്. അവർ അങ്ങനെതന്നെ പോകട്ടെയെന്നാണ് എന്റെ അഭിപ്രായം. കാരണം, കഴിഞ്ഞ ഒന്നാം പിണറായി സർക്കാരിനെതിരായി ഇതുപോലെ കിംവദന്തികൾ ഉയർത്തിയും നുണ പ്രചരണങ്ങൾ നടത്തിയും ആളുകളെ തെറ്റിദ്ധരിപ്പിച്ചും സ്വയം ഒറ്റപ്പെടുകയും ഇളിഭ്യരാകുകയും ചെയ്യുന്ന നിലപാടാണ് പ്രതിപക്ഷം സ്വീകരിച്ചിട്ടുള്ളത്. എന്നാൽ ബി.ജെ.പി.-യുടെ ഒരു നിയമസഭാംഗം കേരളത്തിലുണ്ടായിരുന്നത് ഇല്ലാതാകുകയും ബി.ജെ.പി. സംപൂജ്യരായി മാറുകയും ചെയ്ത നിയമനിർമ്മാണ സഭയിൽ ബി.ജെ.പി.-ക്കുവേണ്ടി വിടുപണി ചെയ്യുന്ന നിലപാടാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ

നേതാവ് ശ്രീ. വി. ഡി. സതീശൻ ഇന്ന് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ശ്രീ. വി. ഡി. സതീശന്റെ ദുർബുദ്ധി ഉപയോഗിച്ച് പ്രിയപ്പെട്ട ഗവർണറെപ്പോലും കുഴിയിൽ ചാടിക്കുന്ന കാഴ്ചയാണ് കഴിഞ്ഞ കുറെ ദിവസങ്ങളായി നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. അതിന്റെ ഒരു ഭാഗമാണ് വൈസ് ചാൻസലർ നിയമനവുമായി ബന്ധപ്പെട്ട് ഇവിടെ ഉയർത്തിയ ചില വിവാദങ്ങൾ. വി.സി. നിയമനത്തെ സംബന്ധിച്ച് വ്യക്തമായ മറുപടി ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രിയും ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയും സഭയിൽ പറഞ്ഞിട്ടുണ്ട്. സർവ്വകലാശാല വി.സി. നിയമനങ്ങളിൽ സംസ്ഥാന സർക്കാർ ഗവർണറുമായി കൂടിയാലോചനകൾ നടത്തണമെന്ന് വ്യവസ്ഥയുണ്ട്. കോൺഗ്രസ് ഭരിക്കുന്ന പല സംസ്ഥാനങ്ങളിലും കേരളത്തിൽ മുമ്പ് കോൺഗ്രസ് ഭരിച്ചിരുന്ന ചില ഘട്ടങ്ങളിലും അത്തരം ചില നിലപാടുകൾ സ്വീകരിക്കപ്പെട്ടിട്ടുണ്ടോ എന്നുള്ളത് അവർ പറയേണ്ടതാണ്. യു.ഡി.എഫ്. ഭരണകാലത്ത് കണ്ണൂർ സർവ്വകലാശാലാ വി.സി. ആയി നിയമിച്ചത് കോൺഗ്രസ് (ഐ.)-യുടെ കാസർഗോഡ് ഡി.സി.സി പ്രസിഡന്റായിരുന്ന ഡോ. ഖാദർ മാങ്ങാടിനെയായിരുന്നു. അദ്ദേഹം എയ്ഡഡ് കോളേജ് അദ്ധ്യാപകനാണ്. മതിയായ ക്വാളിഫിക്കേഷനും ടെസ്റ്റുമൊന്നുമില്ലാതെ

മാനേജ്മെന്റ് നിയമിക്കുന്ന അദ്ധ്യാപകരാണ് എയ്ഡഡ് കോളേജുകളിലുള്ളത്. അദ്ദേഹത്തിന്റെ ഗവേഷണ ബിരുദം വ്യാജമാണോയെന്നുള്ള ചർച്ച ഇപ്പോഴും അവസാനിച്ചിട്ടില്ല. കഴിഞ്ഞ ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത് കാലിക്കറ്റ് സർവ്വകലാശാലയുടെ വൈസ് ചാൻസലറായി നിയമിച്ചത് ലീഗ് നേതാവും മുൻപഞ്ചായത്ത് പ്രസിഡന്റുമായിരുന്ന ഡോ.വി.പി.അബ്ദുൾ ഹമീദിനെയാണെന്നതും നമ്മൾ ഓർക്കണം. അദ്ദേഹം പ്ലസ് ടു അദ്ധ്യാപകനായിരുന്നു. യു.ഡി.എഫ്. ഭരണകാലത്ത് ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ വി.സി. ആയി നിയമിച്ചത് എയ്ഡഡ് കോളേജ് അദ്ധ്യാപകനായിരുന്ന ഡോ. എം. സി. ദിലീപിനെ ആയിരുന്നു. കേരള ചരിത്രത്തിലാദ്യമായി അയോഗ്യതയുടെ പേരിൽ വൈസ് ചാൻസലറെ ഗവർണർ പുറത്താക്കിയത് യു.ഡി.എഫ്.-ന്റെ ഭരണകാലത്താണെന്നത് നമ്മൾ ഓർക്കണം. എം.ജി. സർവ്വകലാശാല വി.സി. ആയിരുന്ന ഡോ. എ. വി. ജോർജ്ജിനെയാണ് പുറത്താക്കിയത്. ഇവരുടെ പ്രശ്നം ചരിത്ര പണ്ഡിതനായ ഡോ. ഗോപിനാഥ് രവീന്ദ്രനോടുള്ള അമർഷമാണ്. അദ്ദേഹം എണ്ണമറ്റ സർവ്വകലാശാലകളിൽ പ്രവർത്തിച്ച വ്യക്തിയാണ്. രാജ്യത്തെ പ്രമുഖ യൂണിവേഴ്സിറ്റികളിലും കോളേജുകളിലും

അദ്ധ്യാപകനായിരുന്നു. ഗവേഷണ മേഖലയിൽ നിരവധി സംഭാവനകൾ നൽകിയിട്ടുണ്ട്. അദ്ദേഹം ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സ് പോലെ ലോകപ്രശസ്തമായ സ്ഥാപനത്തിലെ അക്കാദമിക് വിസിറ്ററായിരുന്നു. ലോകം ആദരിക്കുന്ന ചരിത്ര പണ്ഡിതനായ ഡോ. ഗോപിനാഥ് രവീന്ദ്രൻ കേരളത്തിലെ ഒരു സർവ്വകലാശാലയുടെ വി.സി. ആയി മാറുന്നത് നമുക്ക് അഭിമാനിക്കാൻ കഴിയുന്ന കാര്യമാണ്. എന്നാൽ അദ്ദേഹത്തോട് ബി.ജെ.പി.-ക്ക് രാഷ്ട്രീയ വിരോധമുണ്ട്. ബി.ജെ.പി.-യുടെ ശ്രമത്തിന്റെ ഭാഗമായാണ് ഈ വിവാദം ഇപ്പോൾ ഉണ്ടായിട്ടുള്ളത്. 2015-ൽ അദ്ദേഹം ഇന്ത്യൻ കൗൺസിൽ ഓഫ് ഹിസ്റ്റോറിക്കൽ റിസർച്ചിന്റെ മെമ്പർ സെക്രട്ടറിയായിരിക്കുമ്പോഴാണ് ഇതിന്റെ തുടക്കം. ശ്രീ. ഇർഫാൻ ഹബീബ്, പ്രൊഫ. റൊമില ഥാപ്പർ തുടങ്ങിയ പ്രഗൽഭരായ ചരിത്രകാരൻമാരുൾപ്പെട്ട ഐ.സി.എച്ച്.ആർ. (ഇൻഡ്യൻ കൗൺസിൽ ഓഫ് ഹിസ്റ്റോറിക്കൽ റിസർച്ച്)-ന്റെ ഉപദേശക സമിതിയെ പിരിച്ചുവിടണമെന്നായിരുന്നു കേന്ദ്ര സർക്കാരിന്റെ ആവശ്യം. അക്കാര്യത്തിൽ ഡോ. ഗോപിനാഥ് വിയോജിപ്പിച്ച് പ്രകടിപ്പിച്ചു. എന്നാൽ ബി.ജെ.പി. നിയമിച്ച, ആർ.എസ്.എസ്.-മായി അടുത്ത ബന്ധമുള്ള, അന്നത്തെ ഐ.സി.എച്ച്.ആർ. ചെയർമാനായിരുന്ന Yellapragada Sudharshan Rao അത് പരിഗണിക്കുകയോ

രേഖപ്പെടുത്തുകയോ ചെയ്തില്ല. അതിൽ പ്രതിഷേധിച്ച് ഡോ. ഗോപിനാഥ് രവീന്ദ്രൻ ആ പദവി രാജിവച്ചു. അതിനുശേഷമാണ് കേരള സർക്കാർ അദ്ദേഹത്തെ കണ്ണൂർ സർവ്വകലാശാലയിൽ നിയമിച്ചത്. അതുകൊണ്ട് ആ പദവിയിൽ ഡോ. ഗോപിനാഥിനെ തുടരാൻ അനുവദിക്കാതിരിക്കേണ്ടത് ബി.ജെ.പി.-യുടെ ശ്രമമാണ്. ബി.ജെ.പി.-ക്ക് ഒരു അധികാരവുമില്ലാത്ത കേരളത്തിൽ മുസ്ലീം ലീഗിനെയും കോൺഗ്രസ്സിനെയും ചേർത്തുപിടിച്ച് പ്രതിപക്ഷനേതാവിനെ ഉപയോഗപ്പെടുത്താനുള്ള ശ്രമമാണ് നടത്തിയിട്ടുള്ളത്. ബി.ജെ.പി.യുടെ ഒരു 'ബി ടീമായി' കോൺഗ്രസ് പ്രവർത്തിച്ചു. അതിന്റെ ഭാഗമായാണ് ശ്രീ. രമേശ് ചെന്നിത്തല ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിയായ ഡോ. ആർ. ബിന്ദുവിനെതിരെ ലോകായുക്തയിൽ പരാതി നൽകിയത്. പരാതിയിൽ കഴമ്പില്ലെന്ന് പറഞ്ഞ് ബഹുമാനപ്പെട്ട കോടതി കേസ് നിരുപാധികം തള്ളിക്കളഞ്ഞു. ഇന്നലെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഇതുസംബന്ധിച്ച് വളരെ വ്യക്തമായ ഉത്തരവിറക്കിയിട്ടുണ്ട്. സർവ്വകലാശാലകളിൽ വി.സി.മാരെ നിയമിക്കുന്നതിൽ വളരെ വ്യക്തമായ നിലപാടും അതിനനുസൃതമായ നടപടിയും എക്കാലത്തും സ്വീകരിച്ചിട്ടുള്ളത് കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റുകളും ഇടതുപക്ഷ നേതൃത്വവുമാണ്.

ഇവിടെ എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്? പ്രതിപക്ഷത്തിന്റെ അവസ്ഥ നമുക്കറിയാമല്ലോ? ശ്രീ. വി.ഡി. സതീശൻ ബഹുമാനപ്പെട്ട ഗവർണ്ണറെ തെറ്റിദ്ധരിപ്പിച്ച് കത്ത് നൽകുകയാണ്. ബഹുമാനപ്പെട്ട ഗവർണ്ണറെയും ബി.ജെ.പി.-യെയും കേന്ദ്രഗവൺമെന്റിനെയും ഉപയോഗപ്പെടുത്തി കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിനെ വിവാദങ്ങളിൽ കൊണ്ടെത്തിക്കുന്നതിനും കേരളത്തിലെ പൊതുസമൂഹത്തിൽ ഗവൺമെന്റിനെതിരായി തെറ്റിദ്ധാരണ പരത്തുന്നതിനുമുള്ള ഗൂഢാലോചനയുടെ ഭാഗമായാണ് പ്രതിപക്ഷത്തിന്റെ ഇത്തരം നീക്കങ്ങൾ. ഇന്നത്തെ അടിയന്തരപ്രമേയ നോട്ടീസ് ആ നീക്കത്തിന്റെ ഭാഗമാണ്. ആ നോട്ടീസിൽ വിവാദ സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട ഒരു സ്ത്രീയുടെ ചില ജൽപ്പനങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടാണ് പ്രതിപക്ഷം സംസാരിക്കുന്നത്. കഴിഞ്ഞ കാലഘട്ടത്തിൽ പൊതുസമൂഹത്തിൽ ഇവർ എന്താണ് പറഞ്ഞത്? ഇപ്പോൾ ആ സ്ത്രീയെ പരിശുദ്ധയായി പ്രഖ്യാപിച്ച് സംസ്ഥാന സർക്കാരിനെ ലക്ഷ്യംവച്ച് സ്വർണ്ണക്കടത്ത് വിവാദം ഉയർത്തുകയാണ്. അത് സഭയിൽ ചർച്ച ചെയ്തിട്ടുള്ളതാണ്. കസ്റ്റംസും മറ്റ് വിവിധ ഏജൻസികളുമുൾപ്പെടെ അര ഡസനോളം അന്വേഷണ ഏജൻസികൾ കേരളത്തിലെ

മന്ത്രിമാർക്കെതിരായി തലമുടിനാരിഴ കീറി നടത്തിയ അന്വേഷണത്തിൽ ഒരു കഴമ്പുമില്ലെന്ന് വ്യക്തമായ സമയത്താണ് പുതിയ വിവാദങ്ങൾ ഉയർത്തിക്കൊണ്ടുവരുന്നത്. അവരുടെ ലക്ഷ്യം എന്താണ്? ഇന്ന് ഈ സമ്മേളനം തീരുന്നതുവരെ ഇരിക്കാൻ പ്രതിപക്ഷത്തിന് കഴിയില്ല. കഴിഞ്ഞ രണ്ട് ദിവസമായി അവർ ഉയർത്തിക്കൊണ്ടുവന്ന കഴമ്പില്ലാത്ത ആരോപണങ്ങൾക്കെല്ലാം തന്നെ മന്ത്രിമാർ ശക്തവും വ്യക്തവുമായ നിലപാടുകൾ ഉയർത്തി മറുപടി പറയുന്നത് കേട്ട് ഇവിടെയിരിക്കാൻ കഴിയാത്തതുകൊണ്ടാണ് ഒരു കള്ളക്കഥയുണ്ടാക്കി സഭയിൽനിന്നും പുറത്തുപോയത്. ഇതിൽത്തന്നെ ചില യു.ഡി.എഫ്. അംഗങ്ങൾ വടക്കൻ കേരളത്തിലേയ്ക്ക് പോകുന്നതിന് ട്രെയിൻ ടിക്കറ്റ് എടുത്തുവച്ചുകൊണ്ടാണ് ഇരിക്കുന്നത്. മുൻകൂട്ടി തയ്യാറാക്കിയ ഒരു പരിപാടിയായിരുന്നു പ്രതിപക്ഷത്തിന്റെ സഭാ ബഹിഷ്കരണം. അവർ ബഹിഷ്കരിച്ചോട്ടേ; ഇവിടെ എന്താണ് പ്രശ്നം? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ടാർജറ്റ് ചെയ്യുകയാണ്. അതിന് അവർ ഉയർത്തിപ്പിടിക്കുന്നത് കേരളത്തിലെ പോലീസ് സംവിധാനത്തിന്റെ ഭാഗത്തുനിന്നും വരുന്ന പ്രശ്നങ്ങളാണ്. പോലീസ് സംവിധാനത്തിൽ ഇപ്പോഴാണോ പ്രശ്നങ്ങളുണ്ടാകുന്നത്? നമുക്കറിയാമല്ലോ, എത്രയോ കാലങ്ങളായുള്ള നിലപാടുകളും പ്രശ്നങ്ങളുമാണത്. അതെല്ലാം ഈ

അടുത്തകാലത്തുണ്ടായിട്ടുള്ളതല്ല. പോലീസിന്റെ നടപടികൾ പരിശോധിക്കുന്നതിനും പരിഹരിക്കുന്നതിനും വ്യക്തമായ നിലപാടുകൾ സ്വീകരിച്ചിട്ടുണ്ട്. കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആരാണ്? 1971-ൽ കെ. കരുണാകരൻ ആഭ്യന്തര വകുപ്പുമന്ത്രിയായിരിക്കുമ്പോൾ ശ്രീ. പിണറായി വിജയനെ കേസിൽ പ്രതിയാക്കി ഗുരുതര ആരോപണങ്ങൾ അദ്ദേഹത്തിന്റെ പേരിൽ ചുമത്തി, മൃഗീയ ആക്രമണങ്ങൾക്കിരയാക്കി മരണപ്പെടുമെന്ന് ഉറപ്പായപ്പോൾ കല്ലിൽകെട്ടി കായലിൽ താഴ്ത്തി കൊലപ്പെടുത്താൻ ശ്രമിച്ചിട്ടുണ്ട്. അങ്ങനെയുള്ള അദ്ദേഹത്തിനറിയാം പോലീസ് സംവിധാനത്തെ മെച്ചപ്പെടുത്തുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിക്കണമെന്ന്. കേരളത്തിൽ പോലീസിന്റെ ശാസ്ത്രീയ അന്വേഷണ രീതികളിൽ വലിയ മുന്നേറ്റമുണ്ടാക്കാൻ തീരുമാനിച്ചിരിക്കുകയാണ്. അതിന്റെ ഭാഗമായാണ് ഇന്ത്യയിലാദ്യമായി തിരുവനന്തപുരത്ത് ഡ്രോൺ ഫോറൻസിക് ലബോറട്ടറി സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുള്ളത്. എല്ലാ റവന്യൂ ജില്ലകളിലും ജില്ലാ ഫോറൻസിക് ലബോറട്ടറികൾ സ്ഥാപിക്കാൻവേണ്ടിയുള്ള തീരുമാനമെടുക്കുകയാണ്. ഡിജിറ്റൽ അഡിക്ഷനുമായി ബന്ധപ്പെട്ട് ബുദ്ധിമുട്ടനുഭവിക്കുന്ന വിദ്യാർത്ഥികളടക്കമുള്ള യുവജനങ്ങളെ അതിൽനിന്ന്

മോചിപ്പിക്കുന്നതിനായി നാല് പോലീസ് റേഞ്ചുകളിൽ ഡി-അഡിക്ഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നിലപാട് സ്വീകരിക്കുകയാണ്. ട്രാഫിക് പരിശോധനയ്ക്കുവേണ്ടി സംയോജിത 'ഡിജിറ്റൽ എൻഫോഴ്സ്മെന്റ്', 'ട്രാഫിക് ചെക്കിംഗ് ടു ഫൈൻ പേമെന്റ്' തുടങ്ങിയ സംവിധാനങ്ങൾ കേരളത്തിലെ പോലീസ് സംവിധാനത്തിൽ കൊണ്ടുവരികയാണ്. അഗ്നിരക്ഷാ സേനയെ മെച്ചപ്പെടുത്തുന്നതിനുവേണ്ടി കണ്ണൂരിൽ ഫയർ സേഫ്റ്റി സയൻസ് പോസ്റ്റ് ഗ്രാജുവേറ്റ് റിസർച്ച് സെന്റർ ആരംഭിക്കുന്നതിന് തീരുമാനമെടുത്തു. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്യുന്ന കേസുകൾക്ക് സമയബന്ധിതമായി തീർപ്പുകൽപ്പിക്കുന്നതിനായി ജുഡീഷ്യറിയിൽ 'ഡാറ്റാ സെന്റർ' രൂപീകരിക്കുന്നതിനുള്ള സുപ്രധാന തീരുമാനവുമെടുത്തു. 28 ഫാസ്റ്റ്ട്രാക്ക് സ്പെഷ്യൽ കോടതികളിൽ 14 എണ്ണം ഈ സാമ്പത്തിക വർഷത്തിൽ ആരംഭിക്കുന്നതിന് തീരുമാനമെടുത്തു. എയർഫോഴ്സ്, നേവി എന്നിവയ്ക്ക് തുല്യമായിട്ടുള്ള 'സ്പെഷ്യലി ട്രെയിൻഡ് ബ്രേവ് ബ്രിഗേഡ്' രൂപീകരണം സംസ്ഥാനത്തിന്റെ രക്ഷാപ്രവർത്തനങ്ങളിൽ സുപ്രധാനമായ മാറ്റം വരുത്തുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. ഔദ്യോഗിക ഭാഷയായ മലയാളത്തിൽ 'പോലീസ് മാന്വൽ' തയ്യാറാക്കുന്നതിനുള്ള നടപടി മറ്റൊരു ദിശാസൂചികയായി മാറുകയാണ്. പൊതുമരാമത്ത് വകുപ്പ് നടത്തുന്ന

പ്രവർത്തനങ്ങൾ കേരളത്തിന് പുതുജീവൻ നൽകുന്നതാണ്. റവന്യൂ വകുപ്പിന്റെ പരിഷ്കാരങ്ങളും പട്ടയം കൊടുക്കുന്നതടക്കമുള്ള പ്രവർത്തനങ്ങളും കേരളത്തിൽ മാറ്റമുണ്ടാക്കും. ആരോഗ്യ വകുപ്പിലുണ്ടായ മാറ്റങ്ങൾ ശ്രദ്ധേയമാണ്. ഈ പ്രത്യേക സമയത്തുപോലും ആരോഗ്യരംഗത്ത് വലിയതോതിലുള്ള മുന്നേറ്റമുണ്ടാക്കുന്നു. കേരളത്തിലെ വിദ്യാഭ്യാസ രംഗത്തുണ്ടായിരുന്ന മാറ്റങ്ങൾ ഇന്ത്യയ്ക്ക് മാതൃകയായി മാറുകയാണ്. ജലവിഭവ വകുപ്പിന്റെ 'ജൽജീവൻ' മിഷൻവഴി 2024-ഓടുകൂടി എല്ലാവീടുകളിലും കുടിവെള്ളമെത്തിക്കുന്ന പദ്ധതിക്ക് പ്രാധാന്യം നൽകുന്നു. വ്യവസായ വകുപ്പായാലും കെ.എസ്.ആർ.ടി.സി. ആയാലും ധനകാര്യ വകുപ്പായാലും കേരളത്തിലെ എല്ലാ വകുപ്പുകളും ഈ നയപ്രഖ്യാപനത്തിൽ പ്രഖ്യാപിച്ച പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകും. അതിനാൽ ബഹുമാനപ്പെട്ട ഗവർണർ അവതരിപ്പിച്ച നയപ്രഖ്യാപനത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു. നന്ദി, നമസ്കാരം.

ശ്രീമതി ദെലീമ: സർ, ബഹുമാനപ്പെട്ട ഗവർണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന ഈ പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുകയാണ്. വികസന നേട്ടങ്ങളുടെ ആകാശത്തേയ്ക്ക് ഇന്ത്യയ്ക്ക് മാതൃകയായി കേരളം വളരുകയാണ്.

പൊതുഭരണം, ആരോഗ്യ സംരക്ഷണം, കാർഷിക സമൃദ്ധി, സ്ത്രീ സംരക്ഷണം, ക്രമസമാധാനം, വിദ്യാഭ്യാസം തുടങ്ങിയ എല്ലാ രംഗങ്ങളിലും ജനകീയ സർക്കാർ മുന്നേറ്റം ഉറപ്പാക്കുന്നു. പ്രകൃതിദുരന്തങ്ങളും മഹാമാരിയുമുൾപ്പെടെയുള്ള വെല്ലുവിളികൾക്കിടയിലും വികസന സങ്കൽപ്പങ്ങൾ യാഥാർത്ഥ്യമാക്കിയാണ് ഈ സർക്കാരിന്റെ പ്രയാണം. പിണറായി സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള നേട്ടങ്ങളുടെ കണക്കെടുത്താൽ എന്റെ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങളെക്കുറിച്ച് മാത്രം പറയാൻപോലും ഈ സമയം തികയില്ല. അത്രയും വികസന പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. യു.ഡി.എഫ്. ഭരണകാലത്ത് രാഷ്ട്രീയ നേതൃത്വത്തിന്റെ അഴിമതിക്കായി മാത്രം സംരക്ഷിച്ചുപോന്ന പൊതുജനാരോഗ്യ സംവിധാനത്തെ ലോകോത്തരമാക്കുന്നതിൽ  കഴിഞ്ഞ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ, അന്താരാഷ്ട്ര ഏജൻസികളുടെയുൾപ്പെടെ ആദരവ് പിടിച്ചുപറ്റിയതാണ്. ആ സർക്കാരിന്റെ പ്രവർത്തനങ്ങളുടെയും ഈ സർക്കാർ നടത്തുന്ന തുടർപ്രവർത്തനത്തിന്റെയും ഫലമായി കേരളം നീതി ആയോഗിന്റെ ആരോഗ്യ സൂചികയിൽ ഒന്നാമതായി. എന്റെ നാട്ടിലെ ആശുപത്രികളുടെ വികസനം മാത്രമെടുത്താൽ എനിക്ക് ഏറെ അഭിമാനിക്കാം. യു.ഡി.എഫ്.

ഭരണകാലത്ത് ഒരു രോഗിയും കയറാതെ ചെറിയൊരു കെട്ടിടത്തിലായിരുന്ന തുറവൂർ ആശുപത്രി പ്രവർത്തിച്ചിരുന്നത്. ഇന്ന് അത് ദിനംപ്രതി 1500-ഓളം ഒ.പി.-യുള്ള താലൂക്കാശുപത്രിയായി വലുതായിരിക്കുകയാണ്. 45 പേർക്ക് ഡയാലിസിസ് നടത്താൻ കഴിയുന്ന 15 യൂണിറ്റുകളാണ് ഇന്ന് പ്രവർത്തനസജ്ജമായിരിക്കുന്നത്. ഈ സർക്കാർ ഭരണത്തിലേറിയതിനുശേഷം 10 പേർക്ക് വീതം ദിനംപ്രതി ഡയാലിസിസ് നടത്തുന്ന ഒരു ആശുപത്രിയായി അത് മാറിയിരിക്കുകയാണ്. അരൂർ മണ്ഡലത്തിൽനിന്ന് എറണാകുളത്തെ സ്വകാര്യ ആശുപത്രിയിലാണ് പാവപ്പെട്ട രോഗികൾ ഡയാലിസിസിനായി പോയിരുന്നത്. അവർക്ക് നിത്യവും കയ്യിൽ പതിനായിരം രൂപയെങ്കിലുമുണ്ടെങ്കിൽ മാത്രമേ ഈ ആശുപത്രിയിൽചെന്ന് ഡയാലിസിസ് ചെയ്യാൻ സാധിക്കുകയുള്ളൂ. ആ സമയത്താണ് തുറവൂർ ആശുപത്രിയിൽ ഇത്രയും രോഗികൾക്ക് സൗജന്യമായി ഡയാലിസിസ് ചെയ്യുന്നത്. ഇത് എന്റെ നാടിന്റെ വളർച്ച തന്നെയാണ്. പൊതുവിദ്യാഭ്യാസ രംഗത്ത് ASER (Annual Status of Education Report) വ്യക്തമാക്കുന്നതുപോലെ നമ്മുടെ സംസ്ഥാനം രാജ്യത്ത് ഒന്നാംസ്ഥാനത്തുതന്നെ തുടരുകയാണ്. പൊതുവിദ്യാലയങ്ങളുടെ മികവ് കാരണം അവ തേടി അധികമായി എത്തിയ വിദ്യാർത്ഥികളുടെ എണ്ണം

680000 ആണ്. 2016-ൽ അധികാരമേറ്റ എൽ.ഡി.എഫ്. സർക്കാരും തുടർന്നുവന്ന സർക്കാരും സ്വീകരിച്ച നയങ്ങൾ പൊതുവിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തി. പശ്ചാത്തല സൗകര്യമേഖലയിലും അക്കാദമിക് സൗകര്യമേഖലയിലുമടക്കം വലിയ മാറ്റങ്ങളുണ്ടാക്കി. യു.ഡി.എഫ്. ഭരണകാലത്ത് അടച്ചുപൂട്ടിയ പല സ്കൂളുകളും ഇന്ന് മികവിന്റെ വിദ്യാലയങ്ങളായി മാറി. ഞാൻ പഠിച്ചത് എന്റെ ഗ്രാമത്തിലെ ഒരു ചെറിയ വിദ്യാലയത്തിലാണ്. അത് യു.ഡി.എഫ്. ഭരണകാലത്ത് നിർമ്മിച്ച വിദ്യാലയമാണ്. ഇടിഞ്ഞുപൊളിഞ്ഞ് താഴെവീഴാൻ നിൽക്കുന്ന ഒരു കെട്ടിടമായിരുന്നു. അതിന്ന് വളർന്ന് പന്തലിച്ച് വലിയ കെട്ടിടങ്ങളും വലിയ സമുച്ചയങ്ങളുമൊക്കെയായി മാറി. ഹൈ-ടെക് നിലവാരത്തിലുള്ള എത്രയോ ക്ലാസ്സ് റൂമുകളാണ് അവിടെയുള്ളത്. അടച്ചുപൂട്ടലിന്റെ വക്കിലായിരുന്ന ഈ സ്കൂൾ കെട്ടിടത്തിലേയ്ക്ക് മാതാപിതാക്കൾ തങ്ങളുടെ കുട്ടികളെ എത്രയോ സന്തോഷത്തോടുകൂടിയാണ് പറഞ്ഞുവിടുന്നത്. നാടിന്റെ വികസനത്തിന്റെ ജീവനാഡിയായ റോഡ് വികസനത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതവും ജനകീയവുമാക്കി. സ്വപ്നമായി ഒതുങ്ങിനിന്ന ദേശീയപാതാ വികസനം സംസ്ഥാന സർക്കാർ ഭൂമി ഏറ്റെടുത്ത് നൽകി

യാഥാർത്ഥ്യമാക്കിക്കൊണ്ടിരിക്കുകയാണ്. ദേശീയപാതയ്ക്കുള്ള ഭൂമി ഏറ്റെടുക്കലിനായി കിഫ്ബിയിൽനിന്ന് നൽകിയത് 6769 കോടി രൂപയാണ്. ഹൈ-ടെക് നിലവാരത്തിലുള്ള റോഡുകളും പുതിയ പാലങ്ങളും സംസ്ഥാനത്തിന്റെ മുഖച്ഛായ തന്നെ മാറ്റി. എന്റെ നാട്ടിലെ പെരുമ്പളം പാലം, വാക്കയിൽ പാലം, വിളക്കുമരം പാലം, നേരെകടവ്-മാക്കേക്കടവ് പാലം, വയലാർ ഇൻഫോപാർക്ക് പാലം, കെൽട്രോൺ-കുമ്പളങ്ങി പാലം, കാക്കത്തുരുത്ത് പാലം ഇവയുടെയെല്ലാം നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ഇത് ഒരു നാടിന്റെ വികസനമല്ലേ? നമ്മുടെ സർക്കാർ ഭരണത്തിലേറിയതിനുശേഷമാണ് ഇത്രയും വികസന പ്രവർത്തനങ്ങൾ എന്റെ നാട്ടിൽ മാത്രം നടക്കുന്നത്. എനിക്ക് വളരെ അഭിമാനമുണ്ട്. തീരദേശത്തെ കുടിലുകളിൽ കടലിന്റെ കനിവോടെ മാത്രം കഴിഞ്ഞിരുന്ന മത്സ്യത്തൊഴിലാളികളുടെ അരക്ഷിതാവസ്ഥയ്ക്ക് അറുതി വരുത്താൻ 2,450 കോടി രൂപയുടെ പുനർഗേഹം പദ്ധതി തയ്യാറാക്കി. 18685 കുടുംബങ്ങളെ സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്നു. കടലോരത്തെ കൈവശഭൂമിയുടെ അവകാശം നിലനിർത്തിക്കൊണ്ടാണ് പദ്ധതി നടപ്പാക്കുന്നത്. വിഴിഞ്ഞം, ബീമാപള്ളി, പൊന്നാനി ഉൾപ്പെടെ വിവിധയിടങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് ആധുനിക രീതിയിലുള്ള

ഫ്ലാറ്റ് നിർമ്മിച്ചുനൽകി. വറുതിക്കാലത്ത് മത്സ്യത്തൊഴിലാളികളുടെ കണ്ണീരൊപ്പിയ ഒരു സർക്കാർ ഇതിനുമുമ്പ് ഉണ്ടായിട്ടുണ്ടോ? ഇതിനിടയിലും എന്റെ നാടിന്റെ ദു:ഖം പറയാതെ പോകാൻ സാധിക്കുന്നില്ല. ഒരു വശത്ത് കടലും മൂന്ന് വശങ്ങൾ കായലാലും ചുറ്റപ്പെട്ട എന്റെ കൊച്ചുഗ്രാമത്തിൽ താമസിക്കുന്നത് പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും മത്സ്യത്തൊഴിലാളികളുമാണ്. തീരദേശത്തെ വെള്ളക്കെട്ടിൽ താമസിക്കുന്ന ഇവർക്ക് ലൈഫ് മിഷൻവഴി വീടുകൾ അനുവദിച്ചാൽപ്പോലും അവിടെ വീട് നിർമ്മിക്കാൻ തീരദേശ നിയമം അനുവദിക്കുന്നില്ല. അക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കേന്ദ്രസർക്കാരിന്റെ നയങ്ങൾകൊണ്ടും പിടിപ്പുകേടുകൊണ്ടും രാജ്യത്തൊട്ടാകെ ഭീമമായ തോതിൽ വിലവർദ്ധനവുണ്ടാകുമ്പോഴും സംസ്ഥാനത്തിന് അത് പിടിച്ചുനിർത്താനായി. പൊതുമാർക്കറ്റിലെ വില നിയന്ത്രിക്കുന്നതിനായി സപ്ലൈകോ വഴി 15 ഇന അവശ്യവസ്തുക്കൾ 2016-ൽ നിശ്ചയിച്ച വിലയ്ക്കും മറ്റുൽപ്പന്നങ്ങൾ വിപണി വിലയേക്കാൾ കുറഞ്ഞ നിരക്കിലും നൽകുന്നു. ഇത് പരമാവധി ആളുകൾക്ക് പ്രയോജനപ്പെടുത്തുന്നതിനായി 700 കേന്ദ്രങ്ങളിൽ മൊബൈൽ വിൽപ്പനശാലകൾ ആരംഭിച്ചിട്ടുണ്ട്. എന്റെ നാട്ടിൽത്തന്നെ എത്രയോ കിടപ്പുരോഗികൾക്ക് 'വിശപ്പുരഹിത കേരളം' പദ്ധതിയിലൂടെ ഭക്ഷണം

നൽകുന്നു. അവരുടെ കണ്ണിൽനിന്ന് ഒഴുകുന്ന കണ്ണുനീരിന്റെ അനുഗ്രഹം മതിയല്ലോ, നമ്മുടെ പിണറായി സർക്കാരിന്റെ ശിരസ്സിൽവീണ് പതിക്കുവാൻ. ഇതിൽ ഞാൻ അഭിമാനം കൊള്ളുന്നു. സംസ്ഥാനത്തേയ്ക്ക് വ്യവസായ നിക്ഷേപങ്ങൾ ആകർഷിക്കുന്ന കഴിഞ്ഞ സർക്കാരിന്റെ നയത്തിന്റെ തുടർച്ചയായി ഈ സർക്കാർ നിയമ ഭേദഗതിയുൾപ്പെടെ വരുത്തി വ്യവസായികളെ ആകർഷിക്കാൻ നിരവധി നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഉദ്യോഗസ്ഥ തലത്തിലെ അനാസ്ഥ ഒഴിവാക്കുന്നതിനായി നിക്ഷേപങ്ങൾക്ക് അനുമതി നൽകുന്നതിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ പിഴ ചുമത്താനും വ്യവസ്ഥ ചെയ്തു. വൻകിട നിക്ഷേപങ്ങൾ ആകർഷിക്കുന്നതിന്റെ ഭാഗമായി 'മീറ്റ് ദ ഇൻവെസ്റ്റർ പ്രോഗ്രാം' ആരംഭിച്ചു. സർക്കാരിന്റെ നിരന്തര ഇടപെടലിന്റെ ഫലമായി ഏറ്റവും തൃപ്തികരമായി നിക്ഷേപം നടത്താവുന്ന സ്ഥലമായി കേരളം മാറിയെന്ന് ശ്രീ. എം.എ. യൂസഫലിയെപ്പോലുള്ള നിക്ഷേപകർ തുറന്നുപറയുന്നു. എന്റെ നാടിന്റെ സ്വപ്നമാണ് പള്ളിപ്പുറത്തെ മെഗാ ഫുഡ്പാർക്ക്. അനേകം തൊഴിലാളികൾക്ക് തൊഴിലവസരം സൃഷ്ടിക്കുന്ന ഈ ഫുഡ്പാർക്ക് എന്റെ അഭിമാനമാണ്. ദേശീയപാതാ വികസനവും ദേശീയ ജലപാതയും കപ്പൽ ഗതാഗത പ്രോത്സാഹനവും കെ-

റെയിൽപ്പാതയുമെല്ലാം നിക്ഷേപാന്തരീക്ഷം ഏറെ മെച്ചപ്പെടുത്തുന്നു. അതിൽ വേവലാതികൊണ്ട് സംസ്ഥാനത്തെ വികസനം തടസ്സപ്പെടുത്തുന്നതിനായി ബി.ജെ.പി.-യുമായി ഒത്തുകളിക്കുകയാണ് യു.ഡി.എഫ്. നാട് നശിച്ചാലും വേണ്ടില്ല, ഇടതുപക്ഷ സർക്കാരിനെ എങ്ങനെ മോശമാക്കാമെന്ന് ഗവേഷണം നടത്തുകയാണ് പ്രതിപക്ഷം. നമ്മുടെ നാടിന്റെ വികസനത്തെ തകർക്കരുതെന്ന അഭ്യർത്ഥന മാത്രമേ എനിക്കുള്ളൂ. വികസനം വെറും വായ്ത്താരിയോ അവകാശവാദങ്ങളോ അല്ലെന്ന് ഈ ജനകീയ സർക്കാർ തെളിയിച്ചുകഴിഞ്ഞു. അതിനുള്ള അംഗീകാരമായി ഒട്ടേറെ പുരസ്കാരങ്ങൾ നമുക്ക് ലഭിച്ചിട്ടുണ്ട്. അവയെല്ലാം തുടർഭരണത്തിന് സർക്കാരിന് പ്രചോദനവും ഓരോ കേരളീയനും അഭിമാനവുമാണ്. അഞ്ച് വർഷത്തിനിടെ കേരളം സ്വന്തമാക്കിയ ദേശീയവും അന്തർദേശീയവുമായ പുരസ്കാരങ്ങൾ, ഇന്ത്യയിലെ ഏറ്റവും മികച്ച ഭരണം കാഴ്ചവച്ച സംസ്ഥാനമാണ് കേരളമെന്നതിന് തെളിവാണ്. ഇതിൽ ഞാൻ അഭിമാനം കൊള്ളുന്നു. 'ഈ മനോഹരതീരത്ത് തരുമോ ഇനിയൊരു ജന്മംകൂടി' എന്ന വയലാർ രാമവർമ്മയുടെ വരികൾ എന്റെ ഹൃദയത്തിൽ ഞാൻ നിറയ്ക്കുകയാണ്. ഒരിക്കൽക്കൂടി ഈ നന്ദിപ്രമേയത്തെ ഞാൻ പിന്തുണയ്ക്കുന്നു.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, നന്ദിപ്രമേയത്തെ ഞാൻ

അനുകൂലിക്കുന്നു. ഇന്ന് ചർച്ചകൾക്ക് മറുപടി പറയുന്ന ദിവസമാണ്. ഇന്നത്തെ പ്രധാനപ്പെട്ട ഇനമെന്ന് പറയുന്നത് മൂന്ന് ദിവസമായി നടക്കുന്ന ചർച്ചകൾക്കുള്ള മറുപടിയാണ്. അതിനെ എന്തിനാണ് പ്രതിപക്ഷം ഭയക്കുന്നതെന്നും ഭയന്ന് ഓടേണ്ട സാഹചര്യമെന്താണെന്നും എനിക്ക് മനസ്സിലാകുന്നില്ല. ഈ ദിവസങ്ങളിലുണ്ടായ ചർച്ചയ്ക്കുശേഷം കേരളത്തെ എങ്ങോട്ടാണ് ഈ സർക്കാർ നയിക്കുന്നതെന്നുള്ള കൃത്യമായ മറുപടി പറയാനിരിക്കുമ്പോൾ അതിനെ ഭയന്നോടുന്നൊരു സ്ഥിതിവിശേഷമാണ് നമ്മൾ ഇന്ന് കണ്ടത്. 1993-ൽ പുലിസ്റ്റർ പ്രൈസ് നേടിയൊരു ചിത്രമുണ്ട്. 'The vulture and the little girl' എന്നാണ് ആ ചിത്രത്തിന്റെ പേര്. സൗത്ത് ആഫ്രിക്കക്കാരനായ കെവിൻ കാർട്ടർ എന്ന ഫോട്ടോ ജേർണലിസ്റ്റ് സുഡാനിലെ വരൾച്ചക്കാലത്തെടുത്ത ചിത്രമാണത്. ഭക്ഷണം ലഭിക്കാതെ കൊടും വരൾച്ചയിൽ മനുഷ്യനും മൃഗങ്ങളും ഒരുപോലെ തെരുവിൽ മരിച്ചുവീഴുന്ന അവസ്ഥാവിശേഷം ഏറ്റവും ഫലപ്രദമായി വരച്ചുകാട്ടുന്നൊരു ചിത്രമാണത്. വരൾച്ചക്കാലത്ത് ഭക്ഷണം ലഭിക്കാതെ ഒരു ബാലിക മരണാസന്നയായി കിടക്കുന്നു. ആ ബാലികയുടെ അടുത്തുവന്ന് ഒരു കഴുകൻ ഈ ബാലിക മരണപ്പെട്ടാലുടൻ തന്റെ ഭക്ഷണമാക്കാൻവേണ്ടി കാത്തുനിൽക്കുന്നൊരു ചിത്രം കെവിൻ കാർട്ടർ എടുത്തു. അദ്ദേഹത്തിന്റെ ആ

ചിത്രത്തിന് പുലിസ്റ്റർ പ്രൈസ് ലഭിക്കുകയുണ്ടായി. പ്രൈസ് ലഭിച്ചതിന്റെ ആഘോഷ ലഹരിയിൽ നിൽക്കുമ്പോൾ അദ്ദേഹത്തിന് ഒരു ഫോൺ കോൾ വന്നു. ആ ഫോൺ കോളിലൂടെ വന്ന ചോദ്യം ഇതാണ്, "എന്താണ് ആ പിഞ്ചുകുഞ്ഞിന്റെ ഇന്നത്തെ അവസ്ഥ?" അദ്ദേഹം മറുപടി പറഞ്ഞത് 'എനിക്കറിയില്ല, ഞാൻ ഫോട്ടോ എടുത്തതേയുള്ളൂ' എന്നാണ്. അപ്പോൾ ഫോൺ വിളിച്ചയാൾ ചോദിച്ചു "എത്ര കഴുകന്മാരുണ്ടായിരുന്നു അവിടെ?"പ്രൈസ് ജേതാവായിരുന്ന കെവിൻ കാർട്ടർ പറഞ്ഞു; "ഒന്ന്."ഫോൺ വിളിച്ചയാൾ പറഞ്ഞു, "അല്ല, രണ്ട് കഴുകന്മാർ ഉണ്ടായിരുന്നു. മറ്റെയാളിന്റെ കൈവശം ഒരു ക്യാമറ കൂടിയുണ്ടായിരുന്നു. ഈ അവസ്ഥയിലാണ് കേരളത്തിന്റെ പ്രതിപക്ഷം ഇന്ന്. കേരളത്തിലെ ജനങ്ങളെ ഞെക്കിക്കൊല്ലുവാൻവേണ്ടി കേന്ദ്രഗവൺമെന്റും ബി.ജെ.പി.യും പരമാവധി പരിശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ അതിന്റെ ഫോട്ടോയെടുത്ത് ആസ്വദിക്കാൻവേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ് കേരളത്തിലെ പ്രതിപക്ഷം. പുലിസ്റ്റർ പ്രൈസ് നേടിയ കെവിൻ കാർട്ടർ ഈ ഫോൺ കോളിനുശേഷം അസ്വസ്ഥനായി തന്റെ മുപ്പത്തിമൂന്നാമത്തെ വയസ്സിൽ ആത്മഹത്യ ചെയ്തു. കേരളത്തിലെ പ്രതിപക്ഷം ഈ നിലപാട് തുടരുകയാണെങ്കിൽ അത് അവരുടെ രാഷ്ട്രീയ ആത്മഹത്യയിൽ മാത്രമേ

അവസാനിക്കു എന്ന തിരിച്ചറിവ് എപ്പോഴെങ്കിലുമുണ്ടായാൽ നല്ലതായിരിക്കുമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഏതെല്ലാം തരത്തിലാണ് കേന്ദ്ര ഗവൺമെന്റ് ഈ സംസ്ഥാനത്തെ ബുദ്ധിമുട്ടിച്ചുകൊണ്ടിരിക്കുന്നത്? സംസ്ഥാനത്തിന് ന്യായമായി ലഭിക്കേണ്ട വിഹിതങ്ങൾ; പദ്ധതി വിഹിതങ്ങൾ, ജി.എസ്.ടി. വിഹിതങ്ങൾ എന്നിവ ലഭിക്കുന്നുണ്ടോ? നമുക്ക് ജി.എസ്.ടി.-യിൽ വന്ന നികുതി നഷ്ടം പരിഹരിച്ചുതരാനുണ്ടായിരുന്ന വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ? ഇതൊക്കെയുണ്ടാകുമ്പോൾ കാത്തുനിന്ന് ഫോട്ടോയെടുക്കുന്ന ഫോട്ടോഗ്രഫറുടെ അവസ്ഥയിലായി കേരളത്തിലെ പ്രതിപക്ഷം. എങ്ങനെയെങ്കിലും ഈ കേരളമൊന്ന് നശിക്കണം, അത് ആഘോഷിക്കണമെന്ന ചിന്താഗതിയിലാണ് അവർ. അതിന്റെ പല രൂപത്തിലുള്ള കാര്യങ്ങളാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. വെള്ളപ്പൊക്കക്കാലത്തും ബി.ജെ.പി.യും യു.ഡി.എഫ്.-ഉം ഒരേ നിലപാട് സ്വീകരിച്ചു. സാലറി ചലഞ്ച്, ലൈഫ് മിഷൻ എന്നിവയെ പൊളിക്കാൻ ശ്രമിച്ചു. കോവിഡ്-19 കാലത്ത് സൗജന്യ കിറ്റ് വിതരണത്തെ തടസ്സപ്പെടുത്താൻ ശ്രമിച്ചു. ഇവരെല്ലാം ഒരേതരത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ക്ഷേമരംഗത്തും വികസന രംഗത്തും

പശ്ചാത്തല സൗകര്യമൊരുക്കി 2016 മുതൽ മുന്നേറിക്കൊണ്ടിരിക്കുകയാണ് ഈ ഗവൺമെന്റ്. ഭരണത്തുടർച്ച ഞങ്ങളെ അഹങ്കരിപ്പിക്കുകയല്ല; ഞങ്ങളുടെ ഉത്തരവാദിത്വങ്ങൾ വർദ്ധിപ്പിക്കുകയാണ്. 2016-ൽ ആരംഭിച്ച വികസന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കാൻവേണ്ടി ജനങ്ങൾ നൽകിയ അവസരമെന്ന നിലയിൽ അത് ഫലപ്രദമായി വിനിയോഗിക്കാൻ ഈ സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഈ നന്ദിപ്രമേയ ചർച്ചയിൽ പ്രതിപക്ഷമെടുത്ത സമീപനം നമ്മൾ കണ്ടതാണ്. അവരെടുക്കേണ്ടത് ഇപ്പോഴത്തെ ചില ബഹുമാനപ്പെട്ട മന്ത്രിമാരെ ഒന്ന് പുകഴ്ത്തിപ്പറയുകയെന്ന സമീപനമാണ്. എന്നിട്ട് ഒന്നാം പിണറായി മന്ത്രിസഭയുടെ കാലത്തെ നടപടിയെ വിമർശിച്ച് ഇടതുപക്ഷ മുന്നണിക്ക് ഒരു ക്ഷീണമുണ്ടാക്കാൻ വേണ്ടിയുള്ളൊരു പ്രവണതയാണ് അവർ സ്വീകരിക്കുന്നത്. അതിലൊന്നും വീഴുന്നവരല്ല ഇന്നത്തെ മന്ത്രിമാരെന്നത് പ്രതിപക്ഷം തിരിച്ചറിയണം. യു.ഡി.എഫ്-ന്റെ കലത്തിൽ വേവുന്ന അരി എൽ.ഡി.എഫ്.-ന്റെ കലത്തിൽ വേവില്ല. എൽ.ഡി.എഫ്.-ന്റെ നയങ്ങളാണ് ഇവിടെ നടപ്പിലാക്കുന്നത്. എനിക്ക് അനുവദിച്ചിരിക്കുന്ന സമയം കുറവായതിനാൽ മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഇവിടെ ക്രിയാത്മകമായ വിമർശനം ഉന്നയിക്കാൻ ഉത്തരവാദപ്പെട്ടവരാണ്

പ്രതിപക്ഷം. അവർ ഇന്ന് ഇറങ്ങിപ്പോയിരിക്കുകയാണ്. അതുകൊണ്ട് ചില നിർദ്ദേശങ്ങൾ വയ്ക്കുകയാണ്. അത് അവർക്കുവേണ്ടിയല്ല. സെക്രട്ടേറിയറ്റിൽ പഞ്ചിംഗ് സംവിധാനം നടപ്പിലാക്കി. അതുകൊണ്ട് രാവിലെ കൃത്യം 10.00 മണിക്ക് ജീവനക്കാരെത്തുകയും വൈകുന്നേരം 5.15-ന് തിരിച്ചുപോകുകയും ചെയ്യും. അവർ ഓഫീസിൽ ഇരിക്കുന്ന സമയം ഫയലുകൾ പരിശോധിച്ച് ജോലികൾ ചെയ്യുന്നുണ്ടോയെന്ന് പരിശോധിക്കാനുള്ളൊരു സമ്പ്രദായം നമുക്കില്ല. ഫയലുകളുടെ കാലതാമസം തീരാശാപമായി നിൽക്കുകയാണ്. കൂടുതൽ വേഗത്തിൽ സെക്രട്ടേറിയറ്റിലേയും അനുബന്ധ ഓഫീസുകളിലേയും ഫയലുകൾ നീക്കാനുള്ള നടപടിക്രമം സർക്കാർ മുൻകയ്യെടുത്ത് നടപ്പിലാക്കണം. സേവനാവകാശ നിയമം യാതൊരു പ്രയോജനവുമില്ലാത്ത നിയമമായി മാറിയിരിക്കുകയാണ്. അത് കാലോചിതമായി പരിഷ്കരിച്ച് ഭേദഗതി ചെയ്യാൻ കഴിയണം. സെക്രട്ടേറിയറ്റ് മാത്രമല്ല നമ്മുടെ തദ്ദേശഭരണ സ്ഥാപന ഓഫീസുകളിലെയും വിവിധ വകുപ്പുതല ഓഫീസുകളിലെയും ചില ഉദ്യോഗസ്ഥരുടെ മേശപ്പുറത്ത് ഫയലുകൾ വന്നുകഴിഞ്ഞാൽ ആ ഫയൽ പിന്നീട് നീങ്ങില്ല. അതുകൊണ്ട് ഫയലുകളുടെ നീക്കമുറപ്പാക്കാൻ തക്കവണ്ണം ഒരു പരിധിയിൽ കൂടുതൽ, ഒരു കാലത്തിൽ കൂടുതൽ ഫയലുകൾ ഒരു

ഉദ്യോഗസ്ഥനും വച്ചുതാമസിപ്പിക്കാൻ പാടില്ലെന്ന കർശന നിർദ്ദേശം നൽകുകയും അത് പാലിക്കുകയും ചെയ്താൽ ഫയലുകളുടെ നീക്കം ജനങ്ങൾക്ക് മെച്ചപ്പെട്ട ജീവിതം പ്രദാനം ചെയ്യാൻ പര്യാപ്തമാവുമെന്ന സത്യം തിരിച്ചറിഞ്ഞ് പ്രവർത്തിക്കണം. എന്റെ മണ്ഡലത്തിൽ 2016-ൽ തുടങ്ങിയ ഒരു ഭൂമി ഏറ്റെടുക്കൽ നടപടി ഇപ്പോഴും മന്ദഗതിയിൽ നീങ്ങുകയാണ്. ഇപ്പോഴുണ്ടാകുന്ന പ്രയാസം ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ വിളിക്കുമ്പോൾ അദ്ദേഹം അവധിയിലാണ്, കോവിഡ് ആണെന്ന് പറയുകയാണ്. അദ്ദേഹം കോവിഡ് കഴിഞ്ഞ് വന്ന് ഫയൽ നീക്കി അടുത്ത മേശപ്പുറത്തേയ്ക്ക് എത്തുമ്പോൾ അവിടെ ഇരിക്കുന്ന ഉദ്യോഗസ്ഥനും കോവിഡ് ആണ്. ഇപ്പോൾ എല്ലാ കാര്യങ്ങൾക്കും കോവിഡ് എന്ന കാരണം പറഞ്ഞ് താമസിപ്പിക്കുന്ന പ്രവണത പൊതുവേ ഓഫീസുകളിലുണ്ട്. അത് മനഃപൂർവ്വമായ താമസിപ്പിക്കലാണോയെന്ന് പരിശോധിക്കുകയും ഫയലുകളുടെ നീക്കം വേഗത്തിലാക്കാൻ നടപടിയുണ്ടാകുകയും ചെയ്യണമെന്ന നിർദ്ദേശംകൂടി വയ്ക്കുന്നു. ക്രിയാത്മക പ്രവർത്തനവുമായി വികസന-ക്ഷേമ രംഗത്ത് മുന്നേറുന്ന സർക്കാരിനുവേണ്ടി നടത്തിയ നയപ്രഖ്യാപനത്തിന് ബഹുമാനപ്പെട്ട ഗവർണർക്ക് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

<u>ശ്രീ. എം. എം. മണി</u>: സർ, ബഹുമാനപ്പെട്ട ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച നന്ദിപ്രമേയത്തെ ഞാൻ സർവ്വാത്മനാ പിന്താങ്ങുന്നു. നിർഭാഗ്യവശാൽ ഈ ചർച്ച കേൾക്കേണ്ടവർ ഇവിടെയില്ല. യഥാർത്ഥത്തിൽ ഒളിച്ചോടുകയാണ് ചെയ്തതെന്ന് നമുക്ക് കാണാൻ കഴിയും. ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾക്ക് എങ്ങനെ തടസ്സമുണ്ടാക്കാമെന്നതാണ് പ്രതിപക്ഷത്തിന്റെ അജണ്ട. അവർ സ്വീകരിക്കുന്ന നിലപാടും അതാണ്. ബഹുമാനപ്പെട്ട ഗവർണ്ണർ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗത്തിൽ 212 നിർദ്ദേശങ്ങളാണുള്ളത്. കേരള സംസ്ഥാനത്തിന്റെ സർവ്വതോന്മുഖമായ പുരോഗതിക്ക് സഹായിക്കുന്ന വളരെ വ്യക്തമായ കാഴ്ചപ്പാടാണ് സംസ്ഥാന മന്ത്രിസഭ അംഗീകരിച്ച, ബഹുമാനപ്പെട്ട ഗവർണർ അവതരിപ്പിച്ച നയപ്രഖ്യാപന പ്രസംഗം. അത് ഈ ഗവൺമെന്റിന്റെ നയവും കാഴ്ചപ്പാടുമാണെന്ന കാര്യം ഞാൻ ഈ അവസരത്തിൽ ഓർമ്മപ്പെടുത്തുവാൻ ആഗ്രഹിക്കുകയാണ്. അതിനോട് സഹകരിക്കാൻ പ്രതിപക്ഷത്തിന് താൽപ്പര്യമില്ല. യഥാർത്ഥത്തിൽ വസ്തുതയിൽനിന്ന് അവർ ഒളിച്ചോടുകയാണ്. എന്തിന്റെ പേരിലാണ്? ഇക്കാലമത്രയും വിവാദ നായികയായി ജയിലിൽ കിടന്നശേഷം മഹാത്മാഗാന്ധിയുടെ കൂടെ ദേശീയ പ്രസ്ഥാനത്തിൽ പങ്കെടുത്തിട്ടുവന്ന വ്യക്തിയെന്ന നിലയിലുള്ള പ്രാധാന്യം

നൽകിയാണ് പ്രതിപക്ഷം ആ സ്ത്രീയുടെ പേരിൽ മഹത്തായ ഈ സഭയുടെ പ്രവർത്തനം ഇന്ന് തടസ്സപ്പെടുത്തിയിരിക്കുന്നതെന്ന് പറഞ്ഞാൽ ഏറ്റവും വലിയ അപമാനവും ഇതിൽപ്പരം നാണക്കേടും പ്രിയമുള്ളവരേ, മറ്റൊന്നിനുമില്ലെന്നാണ് എനിക്ക് തോന്നുന്നത്. ജയിലിൽ കിടന്നത് വിവാദ നായികയാണ്. ശ്രീ. എം. ശിവശങ്കരനും ജയിലിൽ കിടന്നു. അവർ ജയിലിൽനിന്നും വന്നുകഴിഞ്ഞപ്പോൾ ശ്രീ. എം. ശിവശങ്കരന്റെ കാര്യം വിട്ടെന്നുതോന്നുന്നു. ശ്രീമതി സ്വപ്ന സുരേഷ് മഹാത്മാഗാന്ധിയുടെ കൂടെ ദേശീയ പ്രസ്ഥാനത്തിൽ ജയിലിൽ കിടന്നിട്ട് വന്നുവെന്ന മട്ടിലാണ് ഇപ്പോൾ അവതരിപ്പിച്ചത്. ഈ സഭയുടെ വിലയേറിയ സമയം നഷ്ടപ്പെടുത്തുകയെന്ന അപമാനകരമായൊരു നിലപാടാണ് ഇക്കാര്യത്തിൽ പ്രതിപക്ഷം സ്വീകരിച്ചതെന്ന കാര്യം ഞാൻ ഈ അവസരത്തിൽ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. അവർക്ക് പറയാനുള്ളതെല്ലാം കഴിഞ്ഞ ദിവസങ്ങളിൽ പറഞ്ഞു. എന്നാൽ നമുക്ക് പറയാനുള്ളതുകൂടി കേട്ടിട്ട് പോകാനുള്ള സാമാന്യമര്യാദ, ജനാധിപത്യ മര്യാദ പ്രതിപക്ഷം കാണിച്ചില്ല. അതും ഒരു വിവാദ നായികയുടെ പേരിലാണെന്നതാണ് ഏറ്റവും വലിയ അപമാനം. കേരളത്തിനുതന്നെ വലിയ അപമാനമായിപ്പോയെന്നാണ് പ്രിയപ്പെട്ടവരെ, എനിക്ക് ഇതുസംബന്ധിച്ച് പറയാനുള്ളത്. അതുകൊണ്ട്

ഇതൊന്നും വകവച്ചുകൊടുക്കാൻ നമുക്ക് കഴിയില്ല. ഇതിനെയെല്ലാം ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഫലപ്രദമായി നേരിടുകതന്നെ ചെയ്യണമെന്നാണ് എന്റെ വിനീതമായ അഭിപ്രായമെന്ന് ഈ അവസരത്തിൽ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്.

[ അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റിന് തുടർഭരണം ലഭിച്ചത് വെറുതെയല്ലെന്ന് നമുക്കറിയാം. കഴിഞ്ഞ ഗവൺമെന്റ് 2016 മുതൽ ഈ സംസ്ഥാനത്ത് നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി ജനങ്ങൾ നൽകിയ അംഗീകാരമാണ് കഴിഞ്ഞ തവണത്തേക്കാളധികം വോട്ടും സീറ്റുകളും നേടി അധികാരത്തിലെത്താൻ ഇടയാക്കിയത്. അത് ഒരു നിലയിലും പ്രതിപക്ഷത്തിന് ഉൾക്കൊള്ളാൻ കഴിയുന്നില്ലെന്ന് ഈ അവസരത്തിൽ ഓർമ്മപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതിനാൽ ഗവൺമെന്റിന്റെ വികസന നയങ്ങളെയെല്ലാം എങ്ങനെ അട്ടിമറിക്കാമെന്നും അതിന് ബി.ജെ.പി.യുമായി, കേന്ദ്ര ഗവൺമെന്റുമായി കൂട്ടുകൂടിക്കൊണ്ട് എങ്ങനെ പ്രതിബന്ധമുണ്ടാക്കാമെന്നുമാണ് അവർ നോക്കുന്നത്. അതിവേഗ

റെയിൽപ്പാതയുടെയും ശബരിമല വിമാനത്താവളത്തിന്റെയും കാര്യത്തിൽ അവർ നേരത്തെ നിലപാട് വ്യക്തമായി പറഞ്ഞതാണ്. പക്ഷേ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അത് നടപ്പിലാക്കുന്നുവെന്ന് വന്നപ്പോൾ ഫലത്തിൽ ആ പരിപാടി പൊളിക്കുകയെന്നുള്ളതാണ് ലക്ഷ്യം. അതിന് പറയുന്ന ന്യായം അങ്ങേയറ്റത്തെ നിഷേധാത്മകമായ നിലപാടാണ്. ആയിരമാണ്ടുകളായി മനുഷ്യൻ സാമൂഹിക വളർച്ചയിലാണ്. കാളവണ്ടിയിൽ നമ്മൾ യാത്ര ചെയ്തിട്ടുണ്ട്. ആദ്യകാലത്ത് കാൽനടയായി സഞ്ചരിക്കുകയും മറ്റ് വഴിയില്ലാതെ വന്നപ്പോൾ കാളവണ്ടിയിലും കുതിരവണ്ടിയിലും യാത്ര ചെയ്യുകയും ചെയ്തു. ഇപ്പോൾ കാളവണ്ടി യുഗത്തിലേയ്ക്ക് വീണ്ടും പോകണമെന്നാണ് പ്രതിപക്ഷം പറയുന്നത്. അതിവേഗ റെയിൽവേയുടെ പ്രശ്നത്തിൽ പ്രതിപക്ഷം സ്വീകരിക്കുന്നത് അങ്ങേയറ്റത്തെ നിഷേധാത്മക നിലപാടാണ്. ലോകം മാറിക്കൊണ്ടിരിക്കുന്നു, ലോകത്ത് വലിയ മുന്നേറ്റമുണ്ടായിക്കൊണ്ടിരിക്കുന്നു. അതിനൊപ്പം കേരളവും നമ്മുടെ രാജ്യവും മുന്നേറണമെന്നതല്ല, എങ്ങനെ തടസ്സമുണ്ടാക്കാമെന്നാണ് നോക്കുന്നത്. അതിവേഗ റെയിൽവേയുടെയും ശബരിമല വിമാനത്താവളത്തിന്റെയും സർവ്വോപരി കേരളത്തിന്റെ വികസന പ്രവർത്തനങ്ങളുടെയും കാര്യത്തിൽ നിഷേധാത്മകമായ

നിലപാടാണ് പ്രതിപക്ഷം സ്വീകരിച്ചുകൊണ്ടിരിക്കുന്നതെന്ന കാര്യം ഈ അവസരത്തിൽ ഓർമ്മപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതിനാൽ ഗവൺമെന്റിന്റെ പ്രവർത്തനം തടസ്സമില്ലാതെ മുന്നോട്ടുകൊണ്ടുപോകേണ്ട ബാദ്ധ്യത നമുക്കുണ്ട്. ഈ ഗവൺമെന്റ് 900 കാര്യങ്ങൾ ചെയ്യുമെന്നാണ് കേരള ജനതയ്ക്ക് നൽകിയ വാഗ്ദാനം. കഴിഞ്ഞ ഗവൺമെന്റ് 600 കാര്യങ്ങൾ ചെയ്യുമെന്ന് പറഞ്ഞു. മഹാഭ്രരിപക്ഷം കാര്യങ്ങളും ചെയ്തു. കോവിഡിനെ ഫലപ്രദമായി നേരിട്ടു. അതുകൊണ്ടാണ് ആവേശപൂർവ്വം കേരള ജനത എൽ.ഡി.എഫ്.-ന് ഭ്രരിപക്ഷത്തോടെ വീണ്ടും അധികാരം നൽകിയതെന്ന് നമുക്ക് കാണാവുന്നതാണ്. ഇതൊക്കെ ഏറ്റവും ഫലപ്രദമായി നേരിടുന്നതിനും 900 കർമ്മപരിപാടികൾ നടപ്പിലാക്കുന്നതിനും ജനങ്ങളെ അണിനിരത്തേണ്ടതുണ്ട്. പ്രതിപക്ഷത്തിന്റെ വിതണ്ഡാവാദങ്ങളെയും നിഷേധാത്മക നിലപാടുകളേയും അവഗണിച്ചുകൊണ്ട് മുന്നേറേണ്ട ബാദ്ധ്യത, ചുമതല കേരള ജനതയോട് നമുക്കുണ്ടെന്നാണ് ഈ അവസരത്തിൽ ഓർമ്മപ്പെടുത്താനുള്ളത്. പ്രതിപക്ഷം പിന്മാറിയതിന് കാരണം നമുക്കറിയാം. ആങ്ങളയും പെങ്ങളും തമ്മിൽ യു.പി.-യിൽ തർക്കം നടക്കുകയാണ്. 'മുഖ്യമന്ത്രിയുടെ പടം കാണുന്നില്ലല്ലോ'യെന്ന് പെങ്ങളോട്

പത്രക്കാർ ചോദിച്ചപ്പോൾ, 'എന്റെ പടം എല്ലായിടത്തുമുണ്ടല്ലോ' എന്നുപറഞ്ഞ് അവർ സ്വയം മുഖ്യമന്ത്രിയായി പ്രഖ്യാപിച്ചു. അതിനാൽ ആങ്ങളയും പെങ്ങളും ഒന്നിച്ച് പ്രചരണത്തിൽ പങ്കെടുക്കുമെന്ന് പറഞ്ഞിരുന്ന ശ്രീ. രാഹുൽ ഗാന്ധി പരിപാടി റദ്ദ് ചെയ്ത് അവിടെനിന്ന് ഊളിയിട്ടു. ഇന്ന് ചാനലുകളിലെല്ലാം ആ വാർത്ത എഴുതിക്കാണിച്ചു. നിങ്ങളിൽ പലരും അത് കണ്ടുകാണുമെന്നാണ് ഞാൻ കരുതുന്നത്. അതെല്ലാം ഇവിടെ ചർച്ചയിൽ വരുമെന്നതുകൊണ്ട് പ്രതിപക്ഷം യഥാർത്ഥത്തിൽ ഒളിച്ചോടുകയാണ് ചെയ്തത്. ഇതിനെ ഒളിച്ചോട്ടമെന്ന് വിശേഷിപ്പിക്കുന്നതായിരിക്കും ശരിയെന്നാണ് എനിക്ക് തോന്നുന്നത്. ഗവൺമെന്റിന്റെ പ്രവർത്തനങ്ങളിൽ, നാടിന്റെ പുരോഗതിയിൽ തടസ്സമുണ്ടാക്കുന്നതിനുവേണ്ടി അങ്ങേയറ്റത്തെ നിഷേധാത്മകമായ നിലപാടും വാദവുമാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. അതിനെ തുറന്നുകാണിച്ചുകൊണ്ട് ജനങ്ങൾക്ക് നൽകിയ വാഗ്ദാനം പൂർണ്ണമായും നിറവേറ്റാൻ, വിട്ടുവീഴ്ചയില്ലാത്ത പ്രവർത്തനം സംഘടിപ്പിക്കണമെന്ന് ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. പ്രതിപക്ഷത്തിന്റെ നിലപാടിനെ തുറന്നുകാണിക്കാനുള്ള ബാദ്ധ്യത നമ്മളെ സംബന്ധിച്ചിടത്തോളമുണ്ട്. എന്തെല്ലാം നിഷേധാത്മകമായ നിലപാടാണ് അവർ സ്വീകരിക്കുന്നതെന്ന് നമുക്കറിയാം. അതിവേഗ റെയിൽവേയുടെ

കാര്യത്തിൽ മാത്രമല്ല, ഈ നാടിന്റെ സർവ്വതോന്മുഖമായ പുരോഗതിക്ക് ഇടതുപക്ഷ ജനാധിപത്യമുന്നണി മുന്നോട്ടുവച്ചിരിക്കുന്ന കർമ്മപരിപാടികൾ നടപ്പിലാക്കുന്ന ഓരോ ഘട്ടത്തിലും പ്രതിബന്ധവും പ്രതിസന്ധിയുമുണ്ടാക്കുന്നുവെന്ന് നമുക്ക് കാണാവുന്നതാണ്. അതുകൊണ്ട് ഇല്ലാത്ത നുണപ്രചാര വേലയെല്ലാം നടത്തുകയാണ്. ഇന്നലെ വൈദ്യുതി ബോർഡുമായി ബന്ധപ്പെട്ട് അനാവശ്യമായ വിവാദങ്ങൾ പറയുകയും അതിൽ മറുപടി പറയാനുള്ളതെന്താണെന്ന് കേൾക്കാതെ പ്രതിപക്ഷം ഇവിടെനിന്നും ഊളിയിടുകയുമാണ് ചെയ്തത്. ഇത് നാണക്കേടാണെന്ന കാര്യം ഈ അവസരത്തിൽ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഏറ്റവും ഫലപ്രദമായി വൈദ്യുതി ബോർഡിന്റെ പ്രവർത്തനം നടത്തിയെന്ന് ഈ നാടുതന്നെ സർവ്വസമ്മതമായി അംഗീകരിച്ച കാര്യമാണ്. സമ്പൂർണ്ണ വൈദ്യുതീകരണം നടത്തി വൈദ്യുതി വിതരണരംഗത്ത് ഏറ്റവും ശാസ്ത്രീയമായ, വളരെ വിപുലമായ പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തിയെന്ന കാര്യം ഈ അവസരത്തിൽ പ്രത്യേകിച്ചും ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. അതുപോലെ പുതിയ സ്കീമുകൾ, പദ്ധതികൾ എന്നിവയെല്ലാം കഴിഞ്ഞ ഗവൺമെന്റ് തന്നെ

അംഗീകരിച്ചിരുന്നു. കഴിഞ്ഞ ഗവൺമെന്റാണ് ഇടുക്കി പദ്ധതിയുടെ രണ്ടാം നിലയം സംബന്ധിച്ച പഠനത്തിനായി കേന്ദ്ര ഏജൻസിയെ ഏൽപ്പിച്ചത്. അത് പ്രാവർത്തികമാക്കാമെന്ന നിലയിലേയ്ക്ക് വന്നുവെന്നത് നമുക്ക് കാണാവുന്നതാണ്. പ്രിയപ്പെട്ട സുഹൃത്തുക്കളേ, ബഹുമാന്യരായ സഭാംഗങ്ങളെ, കഴിഞ്ഞ ഗവൺമെന്റ് വൈദ്യുതി ബോർഡിനെ ഫലപ്രദമായി പ്രവർത്തിപ്പിച്ചത് എന്തുകൊണ്ടാണ്? വൈദ്യുതി ബോർഡിലെ ആകെ ജീവനക്കാരുടെ വിശ്വാസം ആർജ്ജിച്ചതുകൊണ്ടാണ്. എല്ലാവിഭാഗത്തെയും; കോൺഗ്രസ്സിന്റെ സംഘടനയേയും ബി.ജെ.പി.-യുടെ സംഘടനയേയും സി.ഐ.ടി.യു., എ.ഐ.ടി.യു.സി., യു.ടി.യു.സി. എന്നിവയുൾപ്പെടെ വൈദ്യുതി ബോർഡിലെ ആകെ ഓഫീസർമാരെ, സാധാരണ ജീവനക്കാരെയടക്കം ഒരേ നിലയിൽ അണിനിരത്തിക്കൊണ്ടാണ് ആ വലിയ നേട്ടം അന്ന് കൈവരിച്ചതെന്ന കാര്യം ഞാൻ ഈ അവസരത്തിൽ പ്രത്യേകം ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ ദിവസം വൈദ്യുതി ബോർഡിന്റെ ചെയർമാൻ ഒരു ഫേസ്ബുക്ക് പോസ്റ്റിട്ടിരുന്നു. അത് അദ്ദേഹം തന്നെ പിൻവലിച്ചു. പിൻവലിച്ചുവെന്ന് പറയുന്നതിലൊന്നും ഒരു കാര്യവുമില്ല. ഒരുമാതിരി മോശം പണി കാണിച്ചിട്ട് ഞാൻ പിൻവലിച്ചുവെന്ന് പറയുന്നതിൽ എന്തെങ്കിലും കാര്യമുണ്ടോ? അതിന്റെ പേര്

മലയാള ഭാഷയിൽ പറയുന്നത് അൺപാർലമെന്ററിയാകുമെന്നതിനാൽ ആ ഭാഷ ഞാൻ ഉപയോഗിക്കുന്നില്ല. അതാണ് അദ്ദേഹം ചെയ്തത്. ഉദ്യോഗസ്ഥരെ നിർത്തേണ്ടിടത്ത് നിർത്തണം. 'ആണുങ്ങൾ ഇരിക്കേണ്ടയിടത്ത് ആണുങ്ങൾ ഇരുന്നില്ലെങ്കിൽ വല്ലവനും കയറിയിരിക്കും' അത്രയേയുള്ളൂ, വേറെ കാര്യമില്ല. നിർത്തേണ്ടിടത്ത് നിർത്തിയില്ലെങ്കിൽ പ്രശ്നം വളരെ ഗുരുതരമായിരിക്കുമെന്നതിൽ ഒരു സംശയവും വേണ്ട. കഴിഞ്ഞ ഗവൺമെന്റിൽ ഞാൻ ആറ് മാസം കഴിഞ്ഞാണ് മന്ത്രിയായത്. നാലര വർഷമായിരുന്നു എന്റെ കാലയളവ്. ഞാൻ വന്നുകഴിഞ്ഞ് ഏറ്റവും ഫലപ്രദമായ പ്രവർത്തനങ്ങൾ നടത്താൻ ശ്രമിച്ചു. എല്ലാവരെയും യോജിപ്പിച്ചാണ് പ്രവർത്തനം സംഘടിപ്പിച്ചത്. അക്കാര്യത്തിലൊന്നും ആർക്കും സംശയമുണ്ടാകില്ല. ഉമ്മൻചാണ്ടി ഗവൺമെന്റ് അവർക്കിഷ്ടപ്പെട്ട സ്വകാര്യ വ്യക്തികൾക്ക് മാട്ടുപ്പെട്ടിയിലും മൂന്നാറിലും കുണ്ടളയിലുമെല്ലാം ഭൂമി പതിച്ച് കൊടുത്തിരുന്നു. അതിന്റെയെല്ലാം പേരിൽ വലിയ തട്ടിപ്പ് നടന്നിട്ടുണ്ട്. നിരവധി പേർക്ക് കൊടുത്തു. അവസാനം ഇടതുമുന്നണി ഗവൺമെന്റ് വന്നപ്പോൾ എന്തുചെയ്യണമെന്ന പ്രശ്നം വന്നു. തുടർന്ന് സ്വകാര്യ വ്യക്തികൾക്ക് ടൂറിസം വികസനത്തിനായി ഭൂമി കൊടുക്കേണ്ടതില്ലെന്നും വ്യവസ്ഥാപിതമായി പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക്

കൊടുക്കാമെന്നും അതിനായി അപേക്ഷ ക്ഷണിച്ച് ഏറ്റവും മെച്ചപ്പെട്ട വിഹിതം ബോർഡിന് നൽകുന്നവർക്ക് കൊടുക്കാമെന്നും തീരുമാനിച്ചു. ടൂറിസം വികസനത്തിന്റെ ഭാഗമായി അതിന് ഞങ്ങൾ നടപടിയെടുത്തതാണ്. അതിന്റെ ഭാഗമായി പല ബാങ്കുകൾ അപേക്ഷകൾ നൽകി. അതിൽ ഏറ്റവും കൂടുതൽ സംഖ്യ നൽകാമെന്ന് പറഞ്ഞത് മൂന്നാർ സർവ്വീസ് സഹകരണ ബാങ്കാണ്. ആദ്യം 20 ശതമാനവും അഞ്ചുവർഷം കഴിഞ്ഞാൽ 31 ശതമാനവും. ആകെ വിൽക്കുന്ന ടിക്കറ്റിന്റെ തുകയാണ്, ലാഭത്തിന്റെ വിഹിതമല്ല. അതാണ് അത്ഭുതകരമായ കാര്യം. ഇതുതന്നെയാണ് പൊൻമുടിയിലും നടന്നത്. 20 ശതമാനമാണ്. അഞ്ചുവർഷം കഴിഞ്ഞാൽ സംഖ്യ കൂട്ടണം. കോൺഗ്രസ്സിന്റെ സഹകരണ സംഘത്തിനും കൊടുത്തിട്ടുണ്ട്. എല്ലക്കൽ സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രസിഡന്റ് കോൺഗ്രസ് നേതാവാണ്. ടൂറിസം പ്രവർത്തനത്തിന് ചെങ്കളം കാച്ച്മെന്റ് ഏരിയയിലും ഭൂമി കൊടുത്തിട്ടുണ്ട്. അതിന്റെ പിന്നിൽ ദുരാരോപണം ഉന്നയിച്ച് എന്റെ മരുമകന്റെ പേര് പറയുകയാണ്. യഥാർത്ഥത്തിൽ രാജാക്കാട് സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനം തുടങ്ങിയത് ശ്രീമതി ടി. എം. കമലയെന്ന പ്രസിഡന്റായിരുന്നു. അതുമായി ബന്ധപ്പെട്ട എല്ലാ ജോലിയും കഴിഞ്ഞ് തെരഞ്ഞെടുപ്പ് വന്നപ്പോൾ

ശ്രീ. വി. എ. കുഞ്ഞുമോൻ പ്രസിഡന്റായി തെരഞ്ഞെടുപ്പിൽ മത്സരിച്ച, ശ്രീമതി ടി. എം. കമല ഒഴിവായി. അങ്ങനെയാണ് ശ്രീ. വി. എ. കുഞ്ഞുമോൻ പ്രസിഡന്റായത്. അല്ലാതെ ശ്രീ. വി. എ. കുഞ്ഞുമോൻ അതിന്റെ ആദ്യ ഘട്ടത്തിലൊന്നും പങ്കെടുത്തിട്ടില്ല. ഇപ്പോൾത്തന്നെ അത് നഷ്ടമാണ്. കാരണം ടൂറിസ്റ്റുകൾ വരാതെ എങ്ങനെയാണ് കാര്യങ്ങൾ ചെയ്യാൻ കഴിയുന്നത്? ഇതിനെയാണ് ഏറ്റവും അപമാനകരമായ നിലയിൽ ചിത്രീകരിച്ചിരിക്കുന്നത്. ചുമ്മാ എഴുതി കൊടുത്തുവെന്ന മട്ടിലാണ്, മന്ത്രി ഒന്നും അറിഞ്ഞില്ലെന്നാണ് അദ്ദേഹം പറയുന്നത്. ഏതായാലും അത്രയും നന്നായിയെന്നാണ് എനിക്ക് പറയാനുള്ളത്. മന്ത്രി അറിഞ്ഞുകൊണ്ടാണെങ്കിൽ പരിതാപകരമായിരിക്കും. ശ്രീ. ആര്യാടൻ മുഹമ്മദിനെപ്പോലെയുള്ള ആളുകൾ 865 മെഗാവാട്ട് വൈദ്യുതി വാങ്ങി ഓരോ ദിവസവും കോടിക്കണക്കിന് രൂപയാണ് നഷ്ടം വരുത്തിയിരുന്നത്.

മി. സ്പീക്കർ: ദയവായി അവസാനിപ്പിക്കണം.

ശ്രീ. എം. എം. മണി: സർ, അങ്ങനെയെല്ലാം ചെയ്തവരാണ് ജനാധിപത്യത്തെപ്പറ്റിയും അഴിമതിരഹിത പ്രവർത്തനത്തെപ്പറ്റിയും ചിന്തിക്കുന്നത്. ഈ നന്ദിപ്രമേയത്തെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

**[12.12 pm]**

**VII വ്യക്തിപരമായ വിശദീകരണം**

**<u>കെ.എസ്.ഇ.ബി.-യിലെ പ്രശ്നങ്ങൾ</u>**

വൈദ്യുതി വകുപ്പുമന്ത്രി (<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>): സർ, ഇന്നലെ ശ്രീ. ഷാഫി പറമ്പിൽ ഇവിടെ ഉന്നയിച്ചതും എഴുതിക്കൊടുത്തതുമായ പ്രശ്നങ്ങളെക്കുറിച്ച് മറുപടി പറയാനാണ് ഉദ്ദേശിക്കുന്നത്. മറുപടി മണി ആശാൻ പറഞ്ഞുകഴിഞ്ഞു. എന്നാലും വസ്തുതകളുടെ അടിസ്ഥാനത്തിൽ ഞാൻ ചില കാര്യങ്ങൾ സൂചിപ്പിക്കുകയാണ്. വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിലുള്ള അഴിമതി ആരോപണങ്ങളൊന്നും തന്നെ ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചതായി കാണുന്നില്ല. മുമ്പ് ഉന്നയിച്ചവയാണ് മിക്കവയും. ഇന്നലെ പറഞ്ഞതിൽ പ്രധാനമായും ഭരണപരമായ നടപടിക്രമങ്ങളിലെ ചില പോരായ്മകളെപ്പറ്റിയാണ്.

1. ചില ടെണ്ടറുകളിൽ വേണ്ട മുൻകൂർ രഹസ്യാത്മകത നിലനിർത്താത്തത് ശ്രദ്ധയിൽപ്പെട്ടയുടൻ കെ.എസ്.ഇ.ബി.എൽ. അധികൃതർ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് രേഖാമൂലം താക്കീത് നൽകി പ്രസ്തുത പ്രശ്നം പരിഹരിച്ചിട്ടുള്ളതാണ്. മാത്രവുമല്ല, മാതൃകാ കോർപ്പറേറ്റ് ഗവേണൻസ് മാനദണ്ഡങ്ങൾ കേന്ദ്ര ഊർജ്ജ

മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം 65 ശതമാനത്തോളം കമ്പനി വിജയകരമായി നടപ്പിലാക്കിയിട്ടുള്ളതാണ്. ബാക്കി വേണ്ടതായ നടപടികളും ഒരു വർഷത്തിനുള്ളിൽ കമ്പനി പൂർത്തീകരിക്കുന്നതാണ്. ഡയറക്ടർ ബോർഡ് തലത്തിലും സർക്കാർ തലത്തിലും ഇതിനുവേണ്ട തുടർച്ചയായ വിലയിരുത്തലും നിരീക്ഷണവും നടത്തിവരുന്നു.

2. പ്രാഥമികമായി ട്രാൻസ്ഗ്രിഡ് പദ്ധതിയിലെ ചില പാക്കേജുകളിൽ കരാറിൽ ലഭ്യമാക്കാൻ സാധ്യതയുള്ള തുക വർദ്ധിപ്പിക്കാൻ കാരണം പദ്ധതിയിലാകെ 300 കോടിയിൽപ്പരം വിറ്റുവരവുള്ള, നിർവ്വഹണ ശേഷി കൂടുതലുള്ള കമ്പനികളെ മാത്രം യോഗ്യതാ റൗണ്ടിൽ പരിഗണിച്ചതുകൊണ്ടും അവയിൽനിന്നും സാധാരണ നിർമ്മാണ കരാറുകളെ അപേക്ഷിച്ച് പണം നൽകുന്ന സമയം പൂർണ്ണമായും പദ്ധതി നിർവ്വഹിച്ചതിന് ശേഷമാക്കി മാറ്റിയതും നിർമ്മാണത്തിന് ഏഴ് വർഷം കമ്പനി ഗ്യാരന്റി നൽകണമെന്നുമുള്ള പ്രത്യേക വ്യവസ്ഥകളാണ്. പദ്ധതിയുടെ താല്പര്യത്തിൽ വരുത്തിയ ബോധപൂർവ്വമായ ഗുണപരമായ മാറ്റങ്ങളാണ് അടങ്കൽ തുക ഉയർത്തുന്നത്. എന്തെങ്കിലും പ്രത്യേക ക്രമക്കേടുകളല്ല, ടെണ്ടറിംഗ് നിബന്ധനകളുടെ മാറ്റമാണ് മുഖ്യകാരണം.

3. കെ.എസ്.ഇ.ബി.എൽ.-ന്റെ കൈവശമുള്ള ഭൂമി ഫുൾ ബോർഡിന്റെ അനുമതി കൂടാതെ ചിലയിടങ്ങളിൽ 2015 മുതൽ ടൂറിസം വ്യവസായത്തിന് പാട്ടത്തിന് നൽകിയതായിട്ടാണ് കാണുന്നത്. ഹൈഡൽ ടൂറിസം പദ്ധതികളോടനുബന്ധിച്ച് സഹകരണ ബാങ്കുകളുമായുള്ള ഇടപാടുകളിൽ വന്നിട്ടുള്ള അപാകതകളെക്കുറിച്ച് ഊർജ്ജ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അന്വേഷിക്കുന്നതാണ്.
4. സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ച് നിയമനം നൽകാമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ സത്യവാങ്മൂലം സമർപ്പിക്കാനിടയായ സാഹചര്യത്തെക്കുറിച്ച് ഉചിതമായ തലത്തിൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുവാനും കെ.പി.എസ്.സി. അഡ്വൈസ് നൽകിയ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നത് സംബന്ധിച്ച വിഷയത്തിൽ നിലവിലുള്ള ചട്ടങ്ങൾക്ക് വിധേയമായി ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവുകളിന്മേൽ തുടർനടപടി സ്വീകരിക്കുവാനും 27-08-2021-ന് സർക്കാർ കത്ത് പ്രകാരം കെ.എസ്.ഇ.ബി.എൽ. ചെയർമാന് നിർദ്ദേശം നൽകിയിട്ടുണ്ട്.
5. ശമ്പളപരിഷ്കരണം സംബന്ധിച്ച് അക്കൗണ്ടന്റ് ജനറലിന്റെ പരാമർശം

പരിശോധിച്ച് യുക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

6. അനുമതിയില്ലാതെ ഔദ്യോഗിക വാഹനം സ്വകാര്യ ആവശ്യത്തിന് ഉപയോഗിച്ചത് സംബന്ധിച്ച് അന്വേഷണം നടത്തി ഉചിതമായ നടപടികൾ സ്വീകരിക്കാൻ കെ.എസ്.ഇ.ബി.എൽ. ചെയർമാനെ ചുമതലപ്പെടുത്തുന്നതാണ്.

ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച എല്ലാ വിഷയങ്ങളെ സംബന്ധിച്ചും അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ഊർജ്ജ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതാണ്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച (തുടർച്ച)**

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, വളരെ വിചിത്രമായ നിലപാടാണ് പ്രതിപക്ഷം സഭയിൽ സ്വീകരിച്ചിരിക്കുന്നത്. ഒരു ഗവൺമെന്റിന്റെ നയപ്രഖ്യാപനം സഭയെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ടതാണ്. സാധാരണഗതിയിൽ ആ നയപ്രഖ്യാപനം സഭയിൽ അവതരിപ്പിക്കുന്നത് ഗവർണറാണ്. ബഹുമാനപ്പെട്ട ഗവർണ്ണർ ഇവിടെ നയപ്രഖ്യാപന പ്രസംഗം നടത്തുമ്പോൾ, യഥാർത്ഥത്തിൽ ഗവർണറുടെ പ്രസംഗത്തിൽ ഗവൺമെന്റിന്റെ നയമാണല്ലോ പ്രതിപാദിക്കുന്നത്, ആ

സമയം മുഴുവൻ അവർ സഭ ബഹിഷ്കരിച്ചു. ഇത് അവർക്കറിയാത്തതല്ല, മന്ത്രിസഭ തയ്യാറാക്കി കൊടുക്കുന്ന പ്രസംഗമാണ് ഗവർണർ ഇവിടെ വായിക്കുന്നത്. ആ നയപ്രഖ്യാപനത്തിന്റെ ചർച്ച അവസാനിക്കുന്ന ദിവസമാണിന്ന്. ആ ദിവസവും പ്രതിപക്ഷം സഭ ബഹിഷ്കരിച്ചിരിക്കുന്നു. ഇതാണ് വിചിത്രമായ നിലപാടെന്ന് പറയാൻ കാരണം. അവർ രണ്ടുദിവസം ചർച്ചയിൽ പങ്കെടുത്തപ്പോൾ വസ്തുതാവിരുദ്ധമായ കുറേ കാര്യങ്ങൾ ഇവിടെ ഉന്നയിച്ചിരുന്നു. അതിന് സർക്കാരിന് പറയാനുള്ളതെന്താണെന്ന് കേൾക്കാൻ അവർ ഇവിടെയില്ല. ഇത് ഏതുതരം ജനാധിപത്യബോധമാണ്? ഇവിടെ ഉന്നയിച്ച കാര്യങ്ങൾ പ്രസക്തമായതാണെങ്കിൽ അതിന്റെ പ്രതികരണം കേൾക്കാനുള്ള ഗൗരവം അവർക്ക് വേണം. വിചിത്രമായ ഉത്തരവാദിത്വബോധമാണ് അവരെ നയിക്കുന്നത്. പറയുന്ന കാര്യങ്ങൾക്കൊന്നും ഒരു ഗൗരവവും കല്പിക്കുന്നില്ലെന്നതാണ് പ്രതിപക്ഷത്തിന്റെ നില. ഈ സഭാതലത്തെത്തന്നെ വല്ലാതെ അവമതിക്കുന്ന നിലപാടാണ് പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിരിക്കുന്നത്.

ഇന്ന് ലോകമാകെ ശ്രദ്ധിക്കുന്നത് യുക്രൈനെക്കുറിച്ചാണ്. യുക്രൈനിൽ യുദ്ധം ആരംഭിച്ചുവെന്നാണ് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്.

സ്വാഭാവികമായും നമുക്കും അതിൽ വലിയ ഉത്കണ്ഠയുണ്ട്. കാരണം, ഇന്ത്യൻ പൗരന്മാർ, കേരളത്തിൽ നിന്നുള്ളവർ, വിദ്യാർത്ഥികൾ ഒക്കെ അവിടെയുണ്ട്. ഈ പ്രശ്നം നേരത്തെതന്നെ ഇന്ത്യാ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. അതിന്റെ ഭാഗമായി ചില നടപടികൾ ഇപ്പോൾ ഇന്ത്യാ ഗവൺമെന്റ് സ്വീകരിക്കുന്നുണ്ട്. ചിലരെ അവിടെനിന്നും കൊണ്ടുവരാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. യുദ്ധം പൊട്ടിപ്പുറപ്പെട്ടുവെന്ന സാഹചര്യമുള്ളതുകൊണ്ട് ആ നടപടികൾ ത്വരിതപ്പെടുത്തേണ്ടതുണ്ട്. അതിന്റെ ഭാഗമായി ഇന്ത്യാ ഗവൺമെന്റിനെ സംസ്ഥാന ഗവൺമെന്റ് ബന്ധപ്പെടുന്ന നില സ്വീകരിക്കുകതന്നെ ചെയ്യും.

ഇവിടെ ഒരേ തരത്തിലുള്ള പ്രത്യേക നിലപാടാണ് കോൺഗ്രസ്സും ബി.ജെ.പി.-യും സ്വീകരിച്ചുപോരുന്നത്. വിവാദമുണ്ടാക്കി എല്ലാ വികസന പ്രവർത്തനങ്ങളെയും തടയുകയെന്നതാണ് കോൺഗ്രസ്സിന്റെ തന്ത്രം. എങ്ങനെയെല്ലാം ഇടങ്കോലിട്ട് ഭരിക്കാൻ അനുവദിക്കാതെ തടസ്സമുണ്ടാക്കാൻ കഴിയുമെന്നാണ് ബി.ജെ.പി. നോക്കുന്നത്. ഇവർ രണ്ടുപേരും പരസ്പരം യോജിച്ച് നീങ്ങുന്ന കാഴ്ചയാണ് നമുക്ക് കാണാൻ സാധിക്കുന്നത്.

ഇവിടെ ജനങ്ങൾക്ക് എൽ.ഡി.എഫ്.-ൽ വിശ്വാസമുണ്ട്. എൽ.ഡി.എഫ്. സർക്കാരിന്റെ പ്രവർത്തനം കാര്യക്ഷമമായി

മുന്നോട്ടുനീങ്ങുമെന്ന് ജനങ്ങൾ കരുതുകയാണ്. അങ്ങനെ വന്നാൽ ജനങ്ങളാഗ്രഹിക്കുന്ന തരത്തിലുള്ള വിസ്മയകരമായ വികസനത്തിലേയ്ക്ക് കേരളമുയരുമെന്നതും ജനങ്ങൾ കാണുകയാണ്. ഇത് അറിയാത്തവരല്ല കോൺഗ്രസ്സും ബി.ജെ.പി.-യും. ഇതറിയുന്നതാണ് അവർക്കുള്ള ഏറ്റവും വലിയ കുഴപ്പം. അത് അറിയുന്നതുകൊണ്ടുതന്നെ അതിനെ എങ്ങനെയൊക്കെ തടയാൻ കഴിയുമെന്നതിനാണ് കോൺഗ്രസ്സും ബി.ജെ.പി.-യും ശ്രമിക്കുന്നത്. നല്ല കാര്യങ്ങൾ വരുമ്പോൾ അതിനെ അട്ടിമറിക്കാൻ വലതുപക്ഷ ശക്തികൾ വല്ലാതെ ശ്രമിക്കുമെന്നുള്ളതാണ് കേരളത്തിന്റെ ഒരു ദുരനുഭവം. കേരള സംസ്ഥാനം രൂപംകൊണ്ട് ആദ്യ ഗവൺമെന്റ് ഭൂപരിഷ്കരണത്തിലേയ്ക്ക് കടന്നപ്പോൾ, അതിനെ അട്ടിമറിക്കാൻ വലതുപക്ഷത്തിന്റെയാകെ അവിശുദ്ധ കൂട്ടുകെട്ടുണ്ടായിരുന്നു. ഇപ്പോൾ നമ്മുടെ നാട് നല്ലതോതിലുള്ള വികസനത്തിലേയ്ക്ക് കുതിക്കാൻ ആഗ്രഹിക്കുമ്പോഴും അവിശുദ്ധ കൂട്ടുകെട്ട് കേരളത്തിൽ ഉയരുകയാണ്. കേരളത്തിന്റെ സാമൂഹികബന്ധങ്ങൾ പുരോഗമനപരമായി മാറുന്നതിനെയായിരുന്നു ഭൂപരിഷ്കരണത്തിന്റെ കാര്യത്തിൽ വലതുപക്ഷത്തെ ആശങ്കപ്പെടുത്തിയിരുന്നത്. ഇപ്പോൾ കെ-റെയിൽ അടക്കമുള്ള വികസന പദ്ധതികൾ പ്രാവർത്തികമായാൽ തങ്ങൾക്ക് കളിക്കാൻ ഒരു കളവും അവശേഷിക്കില്ലെന്ന ഉത്കണ്ഠയാണ്

എല്ലാ വലതുപക്ഷ ശക്തികളെയും ഒരുമിപ്പിക്കുന്നത്. ഈ അവിശുദ്ധ യോജിപ്പിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് കെ-റെയിലിനെതിരെ 100 ജനകീയ സദസ്സുകൾ സംഘടിപ്പിക്കുമെന്ന കെ.പി.സി.സി. പ്രസിഡന്റിന്റെ ആഹ്വാനം. ശ്രീ. ഇ. ശ്രീധരൻ അടക്കമുള്ളവരെ ഇതിൽ പങ്കെടുപ്പിക്കുമെന്നാണ് കെ.പി.സി.സി. പ്രഖ്യാപിച്ചത്. ശ്രീ. ഇ. ശ്രീധരനെ എല്ലാവർക്കും ഓർമ്മയുണ്ടല്ലോ; അദ്ദേഹം നേരത്തെ സാങ്കേതിക വൈദഗ്ദ്ധ്യത്തിന്റെ പേരിൽ മാത്രമായിരുന്നു അറിയപ്പെട്ടിരുന്നത്. എന്നാൽ അദ്ദേഹം കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ കേരളത്തിലെ ബി.ജെ.പി.-യുടെ മുഖ്യമന്ത്രി സ്ഥാനാർത്ഥിയായിരുന്നുവെന്നത് നമ്മളെല്ലാം കേട്ടകാര്യമാണ്. അതോടൊപ്പം കേരളത്തിന്റെ പൊതുവായ താല്പര്യങ്ങൾക്കെതിരെ കേന്ദ്രത്തിലേയ്ക്ക് ബി.ജെ.പി.-യുടെ സംഘത്തെ നയിച്ചതും ഇദ്ദേഹമായിരുന്നു. ആ വ്യക്തിയെയാണ് കോൺഗ്രസിന്റെ കണ്ണിൽ അവർക്ക് കൂട്ടുപിടിക്കാനുള്ള ഏറ്റവും പ്രധാനപ്പെട്ടയാളായി കണ്ടിട്ടുള്ളത്. അദ്ദേഹത്തെപ്പോലെയുള്ളവരുമായി ചേർന്നാണ് സംസ്ഥാന സർക്കാരിനെതിരായി സമരം സംഘടിപ്പിക്കാൻ കോൺഗ്രസ് പോകുന്നത്.

യു.ഡി.എഫ്-ഉം വലതുപക്ഷവും ഏതെല്ലാം തരത്തിലുള്ള വിവാദങ്ങളാണ് കേരളത്തിലുയർത്തിയതെന്നുള്ളതാണ് നാമിവിടെ

ഓർക്കേണ്ട കാര്യം. ആഴക്കടൽ മത്സ്യബന്ധനം, സെക്രട്ടേറിയറ്റിലെ ഫയൽ കത്തിക്കൽ, സ്വർണ്ണക്കള്ളക്കടത്തിന്റെ പേരിലുള്ള വിവാദം ഇതിനൊക്കെ ബി.ജെ.പി.-യും കൂട്ടിനുണ്ടായിരുന്നല്ലോ; ബി.ജെ.പി.-യുടെ കേന്ദ്രാധികാരത്തിന്റെ പക്കലല്ലേ സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങളുടെയും സമസ്ത അധികാരങ്ങളും നിൽക്കുന്നത്? കസ്റ്റംസ് മുതൽ അങ്ങോട്ടുള്ള എല്ലാ ഏജൻസികളെയും വച്ച് അന്വേഷിച്ചു. പക്ഷേ രണ്ട് ചോദ്യങ്ങൾ ഇപ്പോഴും അവശേഷിക്കുകയാണ്. ഒന്നാമത്തെ ചോദ്യം, ആരാണ് സ്വർണ്ണം കൊണ്ടുവന്നത്; രണ്ടാമത്തെ ചോദ്യം, ആർക്കുവേണ്ടിയാണ് സ്വർണ്ണം കൊണ്ടുവന്നത്? അതായത്, സ്വർണ്ണക്കടത്തിലെ ആദ്യകണ്ണിയും അവസാന കണ്ണിയും ആരാണെന്ന രണ്ട് ചോദ്യങ്ങൾക്കും ഇപ്പോഴും ഉത്തരമില്ല. ഈ ചോദ്യങ്ങൾക്കുത്തരം തേടാൻ കോൺഗ്രസ്സിനോ യു.ഡി.എഫ്.-നോ താല്പര്യവുമില്ല. സർക്കാരിനെ എങ്ങനെയൊക്കെ കരിവാരി തേയ്ക്കാൻ പറ്റുമെന്നത് മാത്രമാണ് യു.ഡി.എഫ്.-ന്റെ താല്പര്യം.

സംസ്ഥാനത്തിന്റെ വികസനത്തിന് കക്ഷി-രാഷ്ട്രീയത്തിനതീതമായി യോജിക്കുമെന്ന് പ്രസംഗിക്കുമ്പോൾ പറയും. എന്നാൽ കേരളത്തിന്റെ എല്ലാ വികസനത്തെയും തുരങ്കംവയ്ക്കുന്ന സമീപനമാണ് ഇവർ തുടർന്നുവരുന്നത്.

കേരളത്തിന്റെ പൊതുവായ ഏതെങ്കിലും ആവശ്യത്തിനോ നാടിന്റെ നല്ല ഭാവിക്കോ ഏതെങ്കിലും ഒരു പ്രശ്നമുയർത്താൻ ഈ സഭയിൽ പ്രതിപക്ഷം തയ്യാറായിട്ടുണ്ടോ? 18 എം.പി.-മാർ ലോക്സഭയിൽ കേരളത്തെ പ്രതിനിധീകരിച്ച് യു.ഡി.എഫ്-ന്റേതായുണ്ടെന്ന് ചില നിയമസഭാംഗങ്ങൾ ഇവിടെ സംസാരിക്കുമ്പോൾ പറഞ്ഞു. അതിലാണ് ശ്രീ. രാഹുൽ ഗാന്ധിയും ഉൾപ്പെടുന്നത്. കേരളത്തിന്റെ ഏതെങ്കിലുമൊരു ആവശ്യത്തിനുവേണ്ടി ശ്രീ. രാഹുൽ ഗാന്ധിയോ അദ്ദേഹത്തിന്റെ കൂട്ടാളികളോ ലോക്സഭയിൽ ശബ്ദമുയർത്തിയിട്ടുണ്ടോ?

ഇവിടെ മൂന്നുനാല് വർഷങ്ങൾക്കുമുമ്പ് ബി.ജെ.പി.-യുടെ നേതാക്കൾ നിരനിരയായി വന്നിരുന്നല്ലോ; ശ്രീ. അമിത് ഷാ, ശ്രീ. ശിവരാജ് സിംഗ് ചൗഹാൻ, ശ്രീ. യോഗി ആദിത്യനാഥ് തുടങ്ങിയ വലിയ ലിസ്റ്റായിരുന്നു അത്. കേരളത്തിൽ രാഷ്ട്രീയ സ്വാതന്ത്ര്യമില്ലെന്ന പ്രതീതിയുണ്ടാക്കി പ്രശ്നമുണ്ടാക്കാനായിരുന്നു അന്ന് അവർ ശ്രമിച്ചത്. ഇപ്പോൾ സമാനമായ ഒരു സാഹചര്യം വീണ്ടുമുണ്ടാക്കാനുള്ള ശ്രമം തുടങ്ങിയതായിട്ടാണ് കാണുന്നത്. അന്ന് കേരളം തള്ളിക്കളഞ്ഞ ആ തന്ത്രം പുതുരൂപത്തിൽ വീണ്ടും കൊണ്ടുവരാനാണ് ശ്രമിക്കുന്നത്. തീവ്രമായി പ്രകോപനമുണ്ടാക്കുകയും സംഘർഷാവസ്ഥയുണ്ടാക്കുകയും ചെയ്തശേഷം

ക്രമസമാധാന മുറവിളി കൂട്ടുകയാണവർ. ഇതിനുവേണ്ടി സംഘ്പരിവാർ ചോരയൊഴുക്കി ശ്രമം തുടരുകയാണ്. എന്താണ് കോൺഗ്രസ്സിന്റെ സമീപനം? കോൺഗ്രസ്സിന് ഇത് ആഹ്ലാദകരമാണ്. ബി.ജെ.പി. നിരത്തിൽ രക്തം ഒഴുക്കുമ്പോൾ, ക്രമസമാധാനം തകർന്നുവെന്ന് ഈ സഭയിലടക്കം മുറവിളികൂട്ടുന്നു. രണ്ടും സഹകരണാത്മകമായി മുന്നോട്ടുകൊണ്ടുപോകാമെന്നാണിവർ കരുതുന്നത്. ബി.ജെ.പി.-ക്കാർ നടത്തുന്ന കൊലപാതകങ്ങളെ അപലപിക്കാൻ കോൺഗ്രസ് തയ്യാറല്ല.

പ്രളയവും പ്രകൃതി ദുരന്തങ്ങളും നിപയും കോവിഡും ഒമിക്രോണുമൊക്കെ സാമൂഹിക ജീവിതത്തിന്റെ ക്രമംതന്നെ പാടെ മാറ്റിമറിച്ച ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. ഇത് അവർ ഓർക്കുന്നേയില്ല; ഒന്നിനുപിറകെ ഒന്നായി വലിയ ദുരന്തങ്ങളാണ് നമുക്ക് നേരിടേണ്ടി വന്നത്. അതിൽ കോവിഡുമായി ബന്ധപ്പെട്ടത് ലോകത്തെയാകെ ബാധിച്ചതാണ്. നമ്മുടെ നാടിനെ മാത്രമായി ബാധിച്ച ദുരന്തങ്ങളുമുണ്ട്. ഇവയുടെയൊക്കെ കൂട്ടായ ആഘാതത്തിന്റെ ഫലമായി സമസ്ത രംഗങ്ങളിലും വൻതകർച്ച ഉണ്ടാകേണ്ടതാണ്. ലോകത്തിന്റെ പല ഭാഗങ്ങളിലും സാമ്പത്തിക വരുമാനത്തിൽ വലിയ ഇടിവ് സംഭവിച്ചു; മനുഷ്യവിഭവ തകർച്ചയുണ്ടായി; സാമൂഹിക ജീവിതത്തിൽ

വൻപ്രതിസന്ധികളുണ്ടായി. നമ്മുടെ രാജ്യത്തുതന്നെ പല സംസ്ഥാനങ്ങളിലും ഇത് സംഭവിച്ചു. എന്നാൽ ലോകത്തെയാകെ ബാധിച്ച മഹാമാരിക്കൊപ്പം സംസ്ഥാനത്തെ മാത്രമായി ബാധിച്ച പ്രകൃതിദുരന്തങ്ങൾ കൂടിയുണ്ടായിട്ടും കേരളത്തിന് പിടിച്ചുനിൽക്കാൻ കഴിഞ്ഞു; പിടിച്ചുനിന്നുവെന്ന് പറഞ്ഞാൽ പോര, അതിജീവിച്ചു; അതും പോരാ, പുതുകേരളത്തെ പടുത്തുയർത്തിവരുന്നു. ഇത് പലരും പ്രതീക്ഷിച്ചതല്ല; പ്രതീക്ഷിച്ചതല്ലായെന്ന് പറഞ്ഞാൽ പോര; ലോകം അതീവ വിസ്മയത്തോടെയാണ് നമ്മുടെ കൊച്ചുകേരളത്തെ നോക്കിക്കണ്ടത്. വിദേശ നയതന്ത്രജ്ഞരുടെ അഭിപ്രായ പ്രകടനങ്ങൾ മുതൽ അന്താരാഷ്ട്ര പ്രസിദ്ധീകരണങ്ങളിലെ പംക്തികൾവരെ ഇതിന് തെളിവായുണ്ട്. ഒരു വശത്ത് ജനങ്ങളുടെ ജീവനും ജീവനോപാധികളും സംരക്ഷിച്ചുകൊണ്ട് വികസനത്തെ ശക്തിപ്പെടുത്തി നാം മുന്നോട്ടുപോകുന്നു. ഇതിൽ സന്തോഷിക്കുന്നവരുണ്ട്; അത് സ്വാഭാവികമാണ്. എന്നാൽ ഇതിൽ ദു:ഖിക്കുന്നവരുമുണ്ടെന്നതാണ് ഒരു പ്രത്യേകത. അവരെക്കുറിച്ചാണ് സഹകരണാത്മകമായി മുന്നോട്ടുപോകുന്നവരെന്ന് നേരത്തെ പറഞ്ഞത്. അവരുടെ കാര്യം നമുക്ക് വിട്ടുകളയാം. എന്തുകൊണ്ടാണ് കേരളത്തിന്റെ അതിജീവനം അത്ഭുതകരമായി പലരും കണ്ടത്? ഐക്യരാഷ്ട്ര

സഭാസമിതിയുടെ കണക്കുകൾ പ്രകാരം ഏറ്റവും ചുരുങ്ങിയ തോതുകൾ പ്രകാരംപോലും 31,000 കോടി രൂപയുടെ നാശനഷ്ടമാണ് പ്രളയത്തിലൂടെയുണ്ടായത്. കേരളത്തിന്റെ വാർഷിക പദ്ധതി അടങ്കലിന് സമാനമായ തുക. അതുകൊണ്ടുതന്നെ ഒരു വർഷത്തെ പദ്ധതിക്കാകെ അവധി കൊടുത്താൽപ്പോലും കരകയറാനാവുമോയെന്ന് പലരും ആശങ്കപ്പെട്ടു. തൊട്ടുപിന്നാലെ വെള്ളപ്പൊക്കം വന്നു. അതിന്റേതായ നാശനഷ്ടങ്ങൾ സംഭവിച്ചു. അതിനുപിന്നാലെ പകർച്ചവ്യാധികൾ, മഹാവ്യാധികൾ, തൊഴിൽ നഷ്ടങ്ങൾ, സാമ്പത്തിക നഷ്ടങ്ങൾ ഇത്രയൊക്കെ പോരെ, സമ്പദ്ഘടനയിൽ ഒരു സംസ്ഥാനം സമ്പൂർണ്ണ തകർച്ചയിലേയ്ക്ക് കൂപ്പുകുത്താൻ? പ്രത്യേകിച്ചും അർഹമായ നഷ്ടപരിഹാരം നിഷേധിക്കപ്പെടുമ്പോൾ, വാഗ്ദത്ത സഹായങ്ങൾ വാങ്ങാൻ വിലക്കുണ്ടാകുമ്പോൾ, അധിക സാമ്പത്തികഭാരങ്ങൾ തുടരെ വന്നുവീഴുമ്പോൾ, വായ്പാപരിധി സംസ്ഥാനം ആവശ്യപ്പെട്ട വിധത്തിൽ ഉയർത്താൻ കേന്ദ്രസർക്കാർ കൂട്ടാക്കാതിരിക്കുമ്പോൾ, അങ്ങനെ നമുക്ക് പ്രതികൂല ഘടകങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. അവയൊക്കെ അതിജീവിച്ചാണ് നാം പുതിയ കേരളം കെട്ടിപ്പടുക്കുന്നത്. ഈ പ്രതിസന്ധി ഘട്ടത്തിൽത്തന്നെയാണ് 50,000 കോടി രൂപയെന്ന ലക്ഷ്യത്തെ

അതിലംഘിച്ച് ബഡ്ജറ്റേതര വിഭവസമാഹരണവും വികസനാർത്ഥമുള്ള ധനവിനിയോഗവും 62,000 കോടി രൂപയിലേയ്ക്ക് കിഫ്ബിയുടെ വകയായി എത്തിച്ചത്. തകർന്നതൊക്കെ ഇനിയൊരിക്കലും ഒന്നിനും തകർക്കാനാകാത്ത തരത്തിൽ കൺമുന്നിൽ ഉയർന്നുവരുന്നത് ജനങ്ങൾ സംതൃപ്തിയോടെ കണ്ടുനിൽക്കുകയാണ്. ജനമനസ്സുകളിലെ ആ സംതൃപ്തിയാണ് ചരിത്രത്തിലാദ്യമായി തുടർഭരണം സംസ്ഥാനത്ത് സാധ്യമാകാൻ കാരണമായത്. പ്രതിസന്ധികളെ രാഷ്ട്രീയ ഇച്ഛാശക്തിയോടെ അതിജീവിച്ചതിനുള്ള അംഗീകാരമായിരുന്നു അത്. കേരളത്തെ കണ്ണിലെ കൃഷ്ണമണിപോലെ കാത്തുരക്ഷിച്ചതിനുള്ള അംഗീകാരം. നഷ്ടപ്പെട്ടതിനുമേൽ പുനർനിർമ്മാണം നടത്തി അതിന്മേൽ വികസനം സാധ്യമാക്കുന്ന വികസന ഇച്ഛാശക്തിക്കുള്ള അംഗീകാരം. കേരളത്തിന്റെ ഈയൊരു വ്യതിരിക്തതകൾക്ക് വേറെയും ചില മാനങ്ങളുണ്ട്. ജനങ്ങളുടെ വരുമാന സ്രോതസ്സ്, ജീവിത പുരോഗതി ഇവയെല്ലാം കോർപ്പറേറ്റ് ശക്തികളുടെ ആധിപത്യത്തിനുകീഴിൽ കൂടുതൽ കൂടുതൽ ഞെരിഞ്ഞമരുന്ന ദേശീയ-രാഷ്ട്രീയ-സാമ്പത്തിക സാഹചര്യത്തിനുള്ള പ്രായോഗിക രാഷ്ട്രീയ-സാമ്പത്തിക ബദൽ ജനങ്ങൾ കേരളത്തിന്റെ മാതൃകയിൽ കണ്ടു. വിഭാഗീയ ചിന്തകൾക്കതീതമായി ജനങ്ങളെയാകെ ഒരുമിപ്പിക്കുന്ന രാഷ്ട്രീയം

അധികാരത്തിലുണ്ടാകുന്ന മാറ്റമെന്താണെന്നത് അനുഭവങ്ങളിലൂടെ ജനങ്ങൾക്ക് ബോദ്ധ്യപ്പെട്ടു. ജനങ്ങളോട് ഉത്തരവാദിത്വമുള്ള സർക്കാർ, പറയുന്നത് പ്രവർത്തിക്കുന്നതിലെയും പ്രായോഗികമാക്കാൻ കഴിയാതെ വരുന്ന ഒറ്റപ്പെട്ട ചിലതിൽ ജനങ്ങളെ കാരണം ബോദ്ധ്യപ്പെടുത്തുന്നതിലെയും പ്രതിബദ്ധതയാർന്ന ജനകീയ ഭരണ സുതാര്യത ജനങ്ങൾക്ക് അനുഭവപ്പെട്ടു. അതുകൊണ്ടുതന്നെ ഈ ഭരണം തുടരണമെന്ന് ജനങ്ങൾ നിശ്ചയിച്ചു. അങ്ങനെയാണ് ഇവിടെ ഭരണത്തുടർച്ചയുണ്ടായതെന്ന് എൽ.ഡി.എഫ്.-ന് നന്നായറിയാം. ആ വികാരത്തെ പ്രതിഫലിപ്പിക്കുന്ന നടപടികൾ മാത്രമേ ഈ സർക്കാരിൽ നിന്നുണ്ടാകുകയുള്ളൂ. ഭരണത്തുടർച്ചയെ അപൂർവ്വമായി കൈവരുന്ന ഒരു അവസരമായാണ് പലരും കാണുന്നത്. ഇതുകൊണ്ടുള്ള പ്രയോജനം നാടിനും ജനങ്ങൾക്കുമാണ്. പ്രയോജനം എന്താണ്? ദീർഘകാലയളവിലേയ്ക്കുള്ള ആസൂത്രണത്തിനും നിർവ്വഹണത്തിനുമുള്ള അവസരം കൈവരുന്നുവെന്നുള്ളതാണ് ഇതിന്റെ പ്രയോജനം. അതാണ് ഏറ്റവും പ്രധാനപ്പെട്ടത്. മുമ്പ് എന്തായിരുന്നു സ്ഥിതി? പദ്ധതികളുടെ ആസൂത്രണം നടത്തി നിർവ്വഹണം നടത്താറാകുമ്പോഴേയ്ക്കും തെരഞ്ഞെടുപ്പ് വരികയും ഭരണം മാറുകയും ആസൂത്രണം ചെയ്തതൊക്കെ അവതാളത്തിലാകുകയും ചെയ്യുന്നു. ഇതാണ് ഇടതുപക്ഷ ഗവൺമെന്റ്

അധികാരത്തിലുണ്ടായിരുന്ന കാലഘട്ടത്തിലെ അനുഭവം. ഇങ്ങനെ പദ്ധതികൾ അവതാളത്തിലാകുന്നതിന് ജനങ്ങൾ അറുതി കുറിച്ചു. വികസന കാര്യങ്ങളിലെ ഈ സർക്കാരിന്റെ കൂറും പ്രതിബദ്ധതയും അനുഭവങ്ങൾകൊണ്ട് ജനങ്ങൾക്ക് ബോദ്ധ്യപ്പെട്ടതുകൊണ്ടാണിത്. അവസരം കിട്ടിയെന്നതുകൊണ്ടുമാത്രം കാര്യമില്ല. കിട്ടിയ അവസരം എങ്ങനെ ജനോപകാരപ്രദമായും വികസനോന്മുഖമായും ഉപയോഗിക്കുന്നുവെന്നതാണ് പ്രധാനം. തുടർ ഭരണത്തിന്റെ ഈ അവസരത്തെ ഫലപ്രദമായി എൽ.ഡി.എഫ്. സർക്കാർ ഉപയോഗിക്കുകയാണ്. ഹ്രസ്വകാല/ദീർഘകാല പദ്ധതികൾ, വികസന പരിപാടികൾ, ക്ഷേമപദ്ധതികൾ എന്നിങ്ങനെ വേർതിരിച്ച് പദ്ധതി നിർവ്വഹണത്തിന് സമയം നിശ്ചയിച്ച് ജനങ്ങളെ വിശ്വാസത്തിലെടുത്ത് മുന്നോട്ടുപോകുകയാണ് എൽ.ഡി.എഫ്. സർക്കാർ. 5 വർഷത്തെ ഭരണഘട്ടത്തെ പ്രത്യേക ഖണ്ഡങ്ങളായി തിരിച്ച് ഓരോ ഖണ്ഡത്തിലും പൂർത്തിയാക്കേണ്ട പദ്ധതികൾ നിർണ്ണയിച്ച് മുന്നോട്ടുപോകുകയാണ് ചെയ്യുന്നത്. ആദ്യമായാണ് കേരളത്തിൽ ഇങ്ങനെയൊരു ഭരണ സംസ്കാരം നടപ്പിലാക്കുന്നത്. ഈ സംസ്കാരത്തിന്റെ സംഭാവനയാണ് ഇപ്പോഴത്തെ നൂറുദിന ഘട്ടം. നൂറുനാൾകൊണ്ട് ആസൂത്രിത പദ്ധതികൾ നടപ്പിലാക്കുകയും

ഓരോ ചെറുഘട്ടത്തിലും അതിന്റെ പുരോഗതി വിലയിരുത്തി പോരായ്മയുണ്ടെങ്കിൽ അവ അപ്പോഴപ്പോൾ നികത്തി നൂറാം നാൾ ജനങ്ങളെ ഇതെല്ലാം ബോദ്ധ്യപ്പെടുത്തുകയുമാണ് ചെയ്യുന്നത്. ഈ നൂറുദിന പരിപാടി പൂർണ്ണതയിലെത്തുമ്പോൾ മന്ത്രിസഭയുടെ ഒന്നാം വാർഷികമാകും. വാർഷികം ആഘോഷിക്കണമെന്ന് കരുതുന്നവരുണ്ട്. ആഘോഷിക്കേണ്ടത് തന്നെയാണ്. എന്നാൽ വെറുതെ ആഘോഷമെന്ന് പ്രഖ്യാപിച്ചാൽ പോരാ. ആഘോഷത്തിന് അടിസ്ഥാനം നൽകുന്ന കാര്യങ്ങളുണ്ടാകണം. അതുണ്ടാക്കാൻ ഈ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അതിന്റെ ദൃഷ്ടാന്തങ്ങളാണ് ഇപ്പോൾ നടപ്പാക്കുന്ന നൂറുദിന പരിപാടികളിലുള്ളത്. കൃത്യമായ കർമ്മ പദ്ധതിയാണിത്. മുമ്പൊക്കെ രണ്ട് തെരഞ്ഞെടുപ്പുകൾക്കിടയ്ക്കുള്ള ഘട്ടങ്ങളിൽ ജനങ്ങൾക്ക് റോളില്ലായിരുന്നു. ആ അവസ്ഥയാണ് പുതിയൊരു ഭരണ സംസ്കാരത്തിലൂടെ മാറ്റുന്നത്. ജനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ടും അവർക്ക് വേണ്ടതെന്താണെന്ന് അറിഞ്ഞുകൊണ്ടും സമയബന്ധിതമായി നീങ്ങുകയാണ് ഈ സർക്കാർ. അത് ഫലപ്രാപ്തിയിലെത്തുമ്പോൾ ഗവൺമെന്റല്ല, ജനങ്ങൾതന്നെ ഭരണ വാർഷികം ആഘോഷിക്കും. ജനാധിപത്യ പ്രക്രിയയിൽ പ്രഖ്യാപനങ്ങൾ തെരഞ്ഞെടുപ്പിൽ ഉദിച്ച് തെരഞ്ഞെടുപ്പിൽത്തന്നെ അസ്തമിക്കുന്ന രീതിയാണ്

പൊതുവെയുള്ളത്. അതാണ് മാറ്റുന്നത്. ജനങ്ങൾക്ക് വികസനം കൺമുന്നിൽ കാണാനാകുകയാണ്. ഓരോ വർഷം കഴിയുന്തോറും പ്രോഗ്രസ്സ് റിപ്പോർട്ടിലൂടെ സർക്കാരിന്റെ പ്രവർത്തനം അവർക്ക് നേരിട്ട് വിലയിരുത്താൻ കഴിയും. ആ നിലയ്ക്ക് ജനാധിപത്യ സംവിധാനത്തെ തന്നെ കൂടുതൽ ജനകേന്ദ്രീകൃതമാക്കുകയാണ്, ജനങ്ങളാണ് യജമാനന്മാർ എന്ന കാഴ്ചപ്പാടിനെ ഊട്ടിയുറപ്പിക്കുകയാണ്. സർക്കാരുകൾക്ക് ജനങ്ങളോട് ഉത്തരം പറയാനുള്ള ബാദ്ധ്യതയുണ്ടെന്നതും അടിവരയിടുകയാണ്.

സർക്കാർ നടപ്പാക്കുന്ന ചില പദ്ധതികൾ സംവാദത്തിന് അടിസ്ഥാനമാകുന്നത് എന്തുകൊണ്ടാണ്? പേപ്പർ പദ്ധതികളാണെങ്കിൽ ആരെങ്കിലും സംവാദത്തിന് നിൽക്കുമോ? പദ്ധതികൾ ഉടൻ നടപ്പാക്കാൻ പോകുകയാണ്. ആ പട്ടികയിലാണ് കെ-റെയിലും വരുന്നത്. അതുകൊണ്ടുതന്നെയാണ് സംവാദം. എൽ.ഡി.എഫ്. സർക്കാർ പറഞ്ഞാൽ അത് നടപ്പാക്കുമെന്ന് അഞ്ചേമുക്കാൽ വർഷത്തെ അനുഭവത്തിലൂടെ പ്രതിപക്ഷത്തിന് ബോദ്ധ്യമുണ്ട്. ആ ബോദ്ധ്യമുള്ളതുകൊണ്ടാണ് പല പദ്ധതികളെയും ചൂഴ്ന്ന് എതിർപ്പുയർത്തുന്നത്. നടപ്പാക്കാൻ സാധിക്കാത്ത പ്രഖ്യാപനമാണെങ്കിൽ ആരെങ്കിലും എതിർക്കാൻ നിൽക്കുമോ? ഇത് നടപ്പാക്കുമെന്ന് അവർക്കറിയാം. അതുകൊണ്ടുതന്നെയാണ് ഈ

സംവാദങ്ങൾ നടത്തുന്നത്. പ്രഖ്യാപനങ്ങൾ വെറും പ്രഖ്യാപനങ്ങൾ മാത്രമല്ല പൂർത്തീകരിക്കാനുള്ള പദ്ധതികളുടെ രൂപരേഖ തന്നെയാണെന്ന് തെളിയിച്ച സർക്കാരാണ് കഴിഞ്ഞ അഞ്ച് വർഷം ഇവിടെയുണ്ടായിരുന്നത്. അതിന്റെ തുടർച്ചയായി ഇപ്പോഴുള്ള സർക്കാരും കേരളത്തിന്റെ വികസനത്തിനായുള്ള പദ്ധതികൾ, രേഖകൾ മുന്നോട്ടുവയ്ക്കുകയാണ്. സർവ്വതലസ്പർശിയായ വികസനമെന്നത് എൽ.ഡി.എഫ്.-ന്റെ പ്രഖ്യാപിത നയമാണ്. അതുകൊണ്ട് തന്നെയാണ് വൻകിട പദ്ധതികളും സാമൂഹ്യസുരക്ഷാ പദ്ധതികളും അതിന്റെ ഭാഗമാകുന്നത്.

ചർച്ചയുടെ ഭാഗമായി ചില പ്രശ്നങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ചിലതിന് അടിയന്തരപ്രമേയ ഘട്ടത്തിൽ മറുപടി നൽകിയിട്ടുള്ളതാണെങ്കിലും ചില കാര്യങ്ങൾ ഇവിടെ പരാമർശിക്കേണ്ടതുണ്ടെന്നാണ് തോന്നുന്നത്. കോവിഡ് ലോകത്തെമ്പാടും വലിയ ദുരിതങ്ങളാണ് വിതച്ചത്. ഈ മഹാമാരിയെ എങ്ങനെ പ്രതിരോധിക്കണമെന്നറിയാതെ മനുഷ്യസമൂഹം സ്തംഭിച്ചുനിന്ന ഘട്ടമായിരുന്നു അത്. ആരോഗ്യരംഗത്ത് ഉന്നത നിലയിലെത്തിയെന്ന് കരുതുന്ന രാഷ്ട്രങ്ങളിലുൾപ്പെടെ ആയിരക്കണക്കിനാളുകൾ ചികിത്സ ലഭിക്കാതെ പിടഞ്ഞുമരിക്കുന്ന ദയനീയ കാഴ്ച ലോകം കണ്ടു. സുരക്ഷാ ഉപകരണങ്ങളുടെ അഭാവമാണ് ഇതിനൊരു

പ്രധാനപ്പെട്ട പ്രശ്നമായി ലോകത്തെമ്പാടും ഉയർന്നുവന്നത്. മറ്റൊരു ഭാഗം, ആരോഗ്യ പ്രവർത്തകരുടെ ജീവൻ സംരക്ഷിക്കലാണ് പരമപ്രധാനമായി ലോകം മുഴുവൻ വിലയിരുത്തിയത്. ഈ ലോകാനുഭവങ്ങളുടെ പശ്ചാത്തലത്തിൽ വലിയ കരുതൽ എടുത്തുകൊണ്ടുമാത്രമേ ജനങ്ങളുടെ ജീവൻ രക്ഷപ്പെടുത്താൻ കഴിയുകയുള്ളൂവെന്ന് സംസ്ഥാന സർക്കാരിന് ബോദ്ധ്യമുണ്ടായി. ഇത് സർക്കാരിന്റെ മാത്രമല്ല കേരളത്തിന്റെ മൊത്തം ബോദ്ധ്യമായിരുന്നു. ഈ സാഹചര്യത്തിലായിരുന്നു ലോകത്തിന്റെ ഏത് ഭാഗത്തുനിന്നും എന്തുവില കൊടുത്തും സുരക്ഷാ ഉപകരണങ്ങൾ വാങ്ങുകയെന്ന തീരുമാനം റിവ്യൂ യോഗത്തിലെടുത്തത്. അതിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ഇതിന്റെ ചുമതല ഏൽപ്പിക്കുകയായിരുന്നു. ജനതയുടെ സുരക്ഷയ്ക്കായി ഉപകരണങ്ങൾ മുൻകൂട്ടി സംഭരിക്കണമെന്ന കർത്തവ്യം നിർവ്വഹിക്കാനുള്ള പ്രവർത്തനമാണ് തുടർന്നുണ്ടായത്. അസാധാരണമായ സാഹചര്യത്തെ നേരിടുന്നതിനുള്ള ഇടപെടലുകളാണ് ഈ ഘട്ടത്തിൽ നടത്തിയത്. ഇത്തരം സാഹചര്യത്തിൽ സ്വാഭാവികമായും അസാധാരണമായ നടപടികൾ വേണ്ടിവരുമെന്ന് ആർക്കും അറിയാവുന്നതാണ്. ഇവിടെ ശ്രദ്ധിച്ചാൽ മനസ്സിലാകുന്നൊരു കാര്യം, അത്തരമൊരു സാഹചര്യത്തിന് മാറ്റം

വന്നപ്പോൾ കുറഞ്ഞ ചെലവിൽ സുരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികളിലേയ്ക്കാണ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ കടന്നത്. അതും കാണാനാകും. ഈ പൊതുസമീപനത്തിൽനിന്നുകൊണ്ടുവേണം മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങൾ കാണേണ്ടത്. 2020 ജനുവരി മാസം കോവിഡ്-19 സ്ഥിരീകരിച്ചതിനുശേഷം അത് വ്യാപകമായി മാറുന്നതിനുമുമ്പ് പ്രതിരോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നിർദ്ദേശം നൽകി. ആദ്യഘട്ടത്തിൽ നിപ പ്രതിരോധത്തിന് വാങ്ങിയ ഉപകരണങ്ങളും പ്രാദേശികമായി ലഭിക്കുന്ന സാമഗ്രികളും ഉപയോഗിച്ച് പ്രതിരോധ പ്രവർത്തനത്തിനുള്ള നടപടികൾ സ്വീകരിക്കുകയാണ് ചെയ്തത്. എന്നാൽ 2021 മാർച്ച് മാസത്തോടെ കോവിഡിന്റെ രണ്ടാം ഘട്ടം വന്നു. അപ്പോൾ വലിയ തോതിലുള്ള തയ്യാറെടുപ്പ് അനിവാര്യമായിത്തീർന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖാന്തരം സംഭരിക്കേണ്ട സാമഗ്രികളുടെ വിശദമായ രേഖ ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സമർപ്പിച്ചു. അന്നത്തെ അടിയന്തര സാഹചര്യം കണക്കിലെടുത്ത് 275 കോടി രൂപയുടെ സാങ്കേതികാനുമതി സർക്കാർ നൽകി. ഇതിൽ 170640

പി.പി.ഇ. കിറ്റുകൾ വേണമെന്ന് നിശ്ചയിച്ചു. തദ്ദേശീയമായ വിതരണക്കാരും കേന്ദ്ര ഏജൻസിയായ എച്ച്.എൽ.എൽ.-ഉം അനുവദിക്കപ്പെട്ട കിറ്റുകൾ ആനുപാതികമായി വിതരണം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചു. ഈ സാഹചര്യത്തിൽ 2021 മാർച്ച് 29-ന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ യോഗം വിളിച്ചുചേർത്തു. സാഹചര്യം മോശമായി വരികയാണെങ്കിൽ പത്ത് ലക്ഷം പി.പി.ഇ. കിറ്റുകൾ വേണമെന്ന് വിലയിരുത്തി. ഇതിൽ എട്ട് ലക്ഷം പി.പി.ഇ. കിറ്റുകൾ രണ്ട് മാസത്തിനുള്ളിൽ സംഭരിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ യോഗം ചുമതലപ്പെടുത്തി. ഈ തീരുമാനം ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ക്രൈസിസ് മാനേജ്മെന്റ് ഗ്രൂപ്പ് ശരിവയ്ക്കുകയും ചെയ്തു. പുതിയ സാഹചര്യം നേരിടുന്നതിന് തദ്ദേശീയമായ വിതരണക്കാരെ ലഭ്യമാകാത്ത സാഹചര്യമുണ്ടായതിനാൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റിയിൽ ഇക്കാര്യം ചർച്ച ചെയ്തു. സാഹചര്യത്തിന്റെ ആവശ്യം കണക്കിലെടുത്ത് പുറത്തുനിന്ന് വിതരണക്കാരെ ലഭിക്കാൻ 50 ശതമാനം മുൻകൂർ തുക നൽകി വിവിധ വിതരണക്കാരിൽനിന്നും പി.പി.ഇ. കിറ്റ് സംഭരിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകി. ഈ അടിയന്തര

സാഹചര്യത്തിൽ ഒരു വിതരണ സ്ഥാപനത്തിന്റെ പി.പി.ഇ. കിറ്റ് സംബന്ധിച്ചുള്ള പ്രശ്നമാണ് ആരോപണമായി ഉയർന്നുവന്നിട്ടുള്ളത്. മേൽപ്പറഞ്ഞ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിവിധ സ്ഥാപനങ്ങളിൽനിന്ന് ഗുണനിലവാരമനുസരിച്ച് 1550 മുതൽ 1736 രൂപവരെ വിലനൽകി വാങ്ങുന്നു. ഇവിടെ ഓർക്കേണ്ട ഒരു കാര്യം, അടിയന്തര സാഹചര്യത്തിൽ പ്രാദേശികമായി വസ്തുക്കൾ ലഭിക്കാതെ പ്രതിസന്ധിയുണ്ടായപ്പോൾ അതിനെ നേരിടുന്നതിന് പൊതുവായെടുത്ത തീരുമാനത്തിന്റെ ഭാഗമായാണ് ഇങ്ങനെയുണ്ടായത്. അല്ലാതെ ആരുടെയെങ്കിലും വ്യക്തിപരമായ താൽപ്പര്യത്തിന്റെ ഭാഗമായല്ല. അടിയന്തര സാഹചര്യത്തിൽ ഗുണനിലവാരം കണക്കിലെടുത്ത് വ്യത്യസ്ത നിരക്കിലാണ് ഓരോരുത്തരും ആ ഘട്ടത്തിൽ നൽകിയത്. 30-03-2021-ൽ മെസേഴ്സ് സാൻ ഫാർമയ്ക്ക്, സാൻ ഫാർമയെന്ന് പറയുന്നത് ലോകോത്തര നിലവാരമുള്ളതും യൂറോപ്യൻ കമ്മീഷൻ സർട്ടിഫൈ ചെയ്തിട്ടുള്ളതുമായ ഒരു സ്ഥാപനമാണ്. മാത്രമല്ല, ഹിന്ദുസ്ഥാൻ ആന്റിബയോട്ടിക്സ് ലിമിറ്റഡ്, ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡ് തുടങ്ങിയ കേന്ദ്ര സ്ഥാപനങ്ങൾക്ക് 10 കൊല്ലത്തിലധികമായി ഇത്തരം ഉൽപ്പന്നങ്ങൾ നൽകുന്ന സ്ഥാപനം കൂടിയാണ്. 50,000 പി.പി.ഇ. കിറ്റുകൾ വിതരണം

ചെയ്യുന്നതിനുള്ള അനുമതിയാണ് നൽകിയത്. ഇതിൽ 15,000 പി.പി.ഇ കിറ്റുകൾ മാത്രമാണ് ഈ സ്ഥാപനത്തിൽനിന്ന് സംഭരിച്ചത്. അപ്പോൾ തദ്ദേശീയമായി പി.പി.ഇ. കിറ്റുകൾ ജി.എസ്.ടി. ഉൾപ്പെടെ 871.50 രൂപയ്ക്ക് ലഭിക്കുന്ന സാഹചര്യം ഉടലെടുത്തു. നേരത്തെയുള്ളതിൽനിന്നും വ്യത്യസ്തമായൊരു സാഹചര്യമാണിത്. ഈ സാഹചര്യത്തിൽ നേരത്തെ മെസേഴ്സ് സാൻ ഫാർമയ്ക്ക് നൽകിയ 35,000 ഓർഡർ ക്യാൻസൽ ചെയ്തു. അതായത് കുറഞ്ഞ വിലയ്ക്ക് പി.പി.ഇ. കിറ്റ് ലഭിക്കുമെന്ന സാഹചര്യം വന്നപ്പോൾ നേരത്തെ നൽകിയ ഓർഡർ റദ്ദ് ചെയ്യാൻ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ തയ്യാറായി. അന്നത്തെ സാഹചര്യത്തിന്റെ ആവശ്യം കണക്കിലെടുത്ത് കിട്ടാവുന്ന സ്ഥലത്തുനിന്നും ഉപകരണങ്ങൾ വാങ്ങുകയായിരുന്നു. കോവിഡ് പ്രതിരോധ പ്രവർത്തനത്തെ ശക്തിപ്പെടുത്താനുള്ള പ്രവർത്തനമാണ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഭാഗത്തുനിന്നുമുണ്ടായത്. അതേസമയം പിന്നീട് തദ്ദേശീയമായി കുറഞ്ഞ വിലയ്ക്ക് കിറ്റ് ലഭിക്കുമെന്ന സ്ഥിതി വന്നപ്പോൾ കുറഞ്ഞ വിലയ്ക്ക് വാങ്ങുന്നതിനും ഉയർന്ന വിലയ്ക്കുള്ള ഓർഡർ ക്യാൻസൽ ചെയ്യുന്നതിനും തയ്യാറായി. കേരള ജനതയെ കോവിഡ് ദുരിതത്തിൽനിന്നും രക്ഷപ്പെടുത്തുകയെന്ന അടിയന്തര സാഹചര്യം കണക്കിലെടുത്ത്

ഇടപെട്ടതിനെയാണ് അഴിമതിയായി ഇവിടെ ചിത്രീകരിച്ചത്. ഇത് ഒരു തരത്തിലും അംഗീകരിക്കാനാകില്ല.

തെർമോമീറ്ററുകളുടെ കാര്യത്തിലാണെങ്കിൽ, ആ ഘട്ടത്തിൽ സ്പർശന രഹിതമായി ശരീരോഷ്മാവ് അളക്കുന്ന ഉപകരണമാണ് വേണ്ടത്. ഇത്തരം തെർമോമീറ്ററുകൾക്ക് വലിയ ക്ഷാമമാണുണ്ടായിരുന്നത്. അതിന് വിതരണ ഉത്തരവുകൾ നൽകി. പക്ഷേ ഒരെണ്ണവും സംഭരിക്കാൻ സാധിക്കാത്ത സ്ഥിതിയുണ്ടായി. തുടർന്ന് പ്രാദേശികമായ സംഭരണ പ്രക്രിയയ്ക്കുള്ള ശ്രമങ്ങളാണ് നടന്നത്. അതും ഫലപ്രദമായില്ല. ഈ സാഹചര്യത്തിലാണ് 7500 രൂപ നിരക്കിൽ രണ്ടായിരം തെർമോമീറ്ററുകൾ വാങ്ങുന്നതിന് സർക്കാരിൽനിന്ന് അനുമതി തേടിയത്. ഇതുസംബന്ധിച്ച് ഒരു പരിശോധന നടത്തി. ആ പരിശോധനയിൽ ഉത്തർപ്രദേശ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ 8-04-2021-ന് 5928.20 രൂപ നിരക്കിലും 11-04-2021-ന് 5909 രൂപ നിരക്കിലും തെർമോമീറ്റർ വാങ്ങിയതായി വിലയിരുത്തി. ഇതിന്റെ അടിസ്ഥാനത്തിലാണ് തെർമോമീറ്റർ ഒന്നിന് എല്ലാ നികുതിയുമടക്കം 5928.20 രൂപ നിരക്കിൽ 1000 എണ്ണം വാങ്ങുന്നതിന് ഉത്തരവ് നൽകിയത്. പക്ഷേ ഇവയെല്ലാം നിരസിക്കപ്പെട്ടു. ഈ സാഹചര്യത്തിലാണ് 7500 രൂപ നിരക്കിൽ വീണ്ടും വിതരണ ഉത്തരവ്

നൽകുന്നത്. കാരണം ആദ്യത്തേത് കിട്ടുന്നില്ല. അതായത് എല്ലാ സാധ്യതകളും അടഞ്ഞതിനെത്തുടർന്ന് ഈ നിരക്കിൽ വാങ്ങാൻ നിർബന്ധിക്കപ്പെടുകയാണുണ്ടായത്. അടിയന്തര സാഹചര്യത്തെ മറികടക്കാനുള്ള ഇടപെടലായാണ് ആ വാങ്ങലുണ്ടായത്.

അടുത്തത് ഗ്ലൗസ് സംഭരണവുമായി ബന്ധപ്പെട്ട വിഷയമാണ്. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനാണ് ഗ്ലൗസുകൾ വിതരണം ചെയ്യുന്നത്. 2021-22 സാമ്പത്തിക വർഷത്തെ അവശ്യ മരുന്നുമായി ബന്ധപ്പെട്ട ദർഘാസിൽ വിതരണക്കാരെ കിട്ടാത്ത അവസ്ഥ വന്നു. ആ പശ്ചാത്തലത്തിൽ കാരുണ്യ ഫാർമസി ഡിവിഷൻ വഴി 2.50 കോടി സ്റ്റെറൈൽ ഗ്ലൗസുകളും 70 ലക്ഷം എക്സാമിനേഷൻ ഗ്ലൗസുകളും സംഭരിക്കാൻ തീരുമാനിച്ചു. ഇതുപ്രകാരം 12-04-2021-ന് ക്ഷണിച്ച ക്വട്ടേഷനനുസരിച്ച് M/s. Sylis Technologies എന്ന വിതരണ കമ്പനിക്ക് ഉത്തരവ് നൽകി. ഗ്ലൗസ് ജൂൺ ആദ്യവാരം മുതലും സ്റ്റെറൈൽ ഗ്ലൗസ് ജൂലൈ ആദ്യവാരവും വിതരണം ചെയ്യുമെന്ന് നിശ്ചയിച്ച് അനുമതി നൽകി. അപ്പോഴേയ്ക്കും കോവിഡ് വ്യാപനം വ്യാപകമായി. കരുതൽ ശേഖരം വളരെ വേഗത്തിൽ ഉപയോഗിച്ചുതീർന്നു. ഗ്ലൗസുകൾ കിട്ടാത്ത സാഹചര്യം വന്നു. നേരത്തെ നിശ്ചയിച്ച ഉത്തരവുപ്രകാരം ഓർഡറുകൾ വരാതിരുന്നു. ഇങ്ങനെയൊരു

സാഹചര്യം വന്നപ്പോൾ മറ്റുവഴികൾ അന്വേഷിക്കേണ്ട സാഹചര്യമുണ്ടാകുകയാണ്, അതിന് നിർബന്ധിതമാകുകയാണ്. ഈ സാഹചര്യത്തിൽ കേരളീയ കൂട്ടായ്മകൾ റിലീഫിന്റെ ഭാഗമായി ഇവ വാങ്ങുന്നതിനുള്ള ഉത്തരവാദിത്വം മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ഏൽപ്പിച്ചതിനെത്തുടർന്ന് ഇവർവഴി വിദേശത്ത് സുലഭമായി ലഭിക്കുന്ന നൈട്രൈൽ ഗ്ലൗസുകളുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തി. ഇതിന്റെ അടിസ്ഥാനത്തിൽ ലോകത്തിലെ പ്രമുഖ ഗ്ലൗസ് നിർമ്മാതാക്കളിലൊന്നായ യൂണിഗ്ലോവ്സ് (Unigloves), ഗ്ലൗസ് ഒന്നിന് 10.85 രൂപ + ജി.എസ്.ടി. നിരക്കിൽ ലഭ്യമാക്കുന്നതിനുള്ള ഓഫർ ലെറ്റർ അയച്ചു. 2021 ജൂൺ മാസം 15-ന് മുമ്പ് 20 ലക്ഷവും ജൂലൈ മാസം 15-ന് മുമ്പ് ഒരു കോടിയും ലഭ്യമാക്കുമെന്ന് ഉറപ്പും നൽകി. ഈ സാഹചര്യത്തിൽ മറ്റൊരു ഓഫർ കൂടിയുണ്ടായിരുന്നു. ഏറ്റവും കുറഞ്ഞ നിരക്കായ 10.55 രൂപ + ജി.എസ്.ടി.-യിൽ ഒരു കോടി എണ്ണം നൈട്രൈൽ ഗ്ലൗസുകൾ സംഭരിക്കുന്നതിന് തീരുമാനമെടുക്കുകയും അതിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നടപടി സ്വീകരിക്കുകയും ചെയ്തു. എന്നാൽ ഈ ഘട്ടത്തിൽ ആറ് കമ്പനികൾ ക്വട്ടേഷൻ തന്നു. ഇതിൽ Liberty Med Supplies Pvt. Ltd എന്ന കമ്പനി 7.84

രൂപ + ജി.എസ്.ടി. നിരക്കിൽ നൈട്രൈൽ ഗ്ലൗസ് വിതരണം ചെയ്യാമെന്ന് പറഞ്ഞു. ഇവരെ എൽ.1 ആയി തെരഞ്ഞെടുത്തു. തുടർന്ന് കമ്പനി 7 രൂപ + ജി.എസ്.ടി. നിരക്കിൽ 50 ലക്ഷം ഗ്ലൗസ് നൽകാമെന്ന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ എൽ.1-ന് നൈട്രൈൽ ഗ്ലൗസിന്റെ വിതരണ ഉത്തരവ് നൽകാൻ തീരുമാനിച്ചു. ബാക്കി 50 ലക്ഷം ഗ്ലൗസിന്റെ വിതരണ ഉത്തരവ് റദ്ദ് ചെയ്ത് കമ്പനിയെ അറിയിക്കുകയും ചെയ്തു. ഈ ഉത്തരവ് 07-07-2021-ന് അറിയിച്ചു. കമ്പനി മിച്ചമുണ്ടായിരുന്ന ഗ്ലൗസ് ജില്ലാ മരുന്ന് സംഭരണശാലയിൽ എത്തിച്ചിരുന്നു. എന്നാൽ വിതരണോത്തരവ് റദ്ദ് ചെയ്തതിനാൽ സ്റ്റോക്കിൽ ഉൾപ്പെടുത്തിയിരുന്നില്ല. ഈ സാഹചര്യത്തിൽ ജില്ലാ മരുന്ന് സംഭരണശാലകളിലെത്തിച്ച ഗ്ലൗസ് തിരികെയെടുക്കണം എന്നാവശ്യപ്പെട്ട് കത്ത് നൽകി. ഇവിടെയും അന്നത്തെ സാഹചര്യത്തിൽ ഏറ്റവും കുറഞ്ഞ നിരക്കിലുള്ള നൈട്രൈൽ ഗ്ലൗസിനാണ് ഓർഡർ നൽകിയത്. കൂടിയ നിരക്കിൽ അടിയന്തര സാഹചര്യത്തിൽ നൽകിയ വിതരണോത്തരവ് റദ്ദ് ചെയ്യുകയും ചെയ്തു. ഇതാണ് കോവിഡ് കാലത്ത് കോർപ്പറേഷൻ വാങ്ങിയ ഉപകരണങ്ങളുമായി ബന്ധപ്പെട്ട അവസ്ഥ. ഇതുമായി ബന്ധപ്പെട്ടാണ് ചില പ്രശ്നങ്ങൾ ഉന്നയിച്ചത്. അടിയന്തര സാഹചര്യം, പ്രത്യേക പ്രതിസന്ധി,

ഇതില്ലാതെ മുന്നോട്ടുപോകാൻ പറ്റാത്ത അവസ്ഥ, എവിടെനിന്നും കിട്ടുകയെന്നത് നമ്മുടെ ആവശ്യമായിരുന്നു. അങ്ങനെ കിട്ടുന്നു. അതോടൊപ്പം കുറഞ്ഞ വിലയുടെ സാഹചര്യം വരുമ്പോൾ അതിലേയ്ക്ക് നമ്മൾ കടക്കുകയും ചെയ്യും. ഇതാണ് സംഭവിച്ചത്.

ഇവിടെ കോവിഡുമായി ബന്ധപ്പെട്ട് മറ്റൊരു കാര്യം ഉന്നയിച്ചു. ലോകാരോഗ്യ സംഘടനയുടെയും ഐ.സി.എം.ആർ.-ന്റെയും കേന്ദ്ര ആരോഗ്യ മന്ത്രാലയത്തിന്റെയും മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായാണ് കോവിഡ്-19 മൂലമുള്ള മരണങ്ങൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെട്ടത്. വിവരങ്ങൾ മറച്ചുവച്ചുവെന്ന് ഇവിടെ ബഹുമാന്യനായ ഒരംഗം പറഞ്ഞു. ബഹുമാനപ്പെട്ട സുപ്രീംകോടതി പരിഗണിച്ച 539, 554 നമ്പർ കേസുകളിലെ വിധിയുടെ അടിസ്ഥാനത്തിൽ കോവിഡ് മരണത്തിന്റെ നിർവ്വചനങ്ങൾ ഇന്ത്യാ ഗവൺമെന്റ് മാറ്റി അത് വിപുലീകരിച്ചു. സാമ്പിൾ എടുത്ത നാൾ മുതലോ കോവിഡ് രോഗബാധ സ്ഥിരീകരിച്ച നാൾ മുതലോ 30 ദിവസം വരെയുള്ള മരണങ്ങളും കൂടാതെ ആശുപത്രിയിൽ/കിടത്തി ചികിത്സാ കേന്ദ്രത്തിൽ പ്രവേശിപ്പിക്കപ്പെട്ട കോവിഡ് ബാധിച്ച ഒരാൾ അതേ അഡ്മിഷനിൽ 30 ദിവസങ്ങൾക്കപ്പുറവും തുടരവേ മരണപ്പെടുകയാണെങ്കിൽ ആ മരണങ്ങളും കോവിഡ് മരണങ്ങളായി കണക്കാക്കുമെന്ന ഉത്തരവ് കേന്ദ്ര

സർക്കാരിൽനിന്നും വന്നു. അതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ പുതിയ മാർഗ്ഗരേഖ പുറപ്പെടുവിച്ചു. അതിന്റെ ഭാഗമായി അപ്പീലുകൾ സമർപ്പിക്കുന്നതിനും ജില്ലാ തലത്തിൽ രൂപീകരിക്കപ്പെട്ട സമിതി പരിശോധിച്ച് കോവിഡ് മരണമാണെന്ന് സ്ഥിരീകരിക്കുകയാണെങ്കിൽ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും നടപടി കൈക്കൊള്ളുകയുണ്ടായി. അതിന്റെ ഭാഗമായി കേരളത്തിൽ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. 2022 ഫെബ്രുവരി 23 വരെ സംസ്ഥാനത്ത് 64591 പേർ കോവിഡ് ബാധിച്ച് മരണപ്പെട്ടിട്ടുണ്ട്. അതിൽ 3779 മരണങ്ങൾ ആദ്യഘട്ടത്തിൽ മതിയായ വിവരങ്ങൾ ലഭ്യമല്ലാത്തതിനാൽ കോവിഡ് മരണപ്പട്ടികയിൽ ഉൾപ്പെടാതെ പോയത് പിന്നീട് പരിശോധിച്ച് കൂട്ടിച്ചേർക്കപ്പെട്ടതാണ്. 25779 മരണങ്ങൾ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമായ അപ്പീലുകൾ പരിശോധിച്ച് കോവിഡ് മരണമായി സ്ഥിരീകരിച്ച് പട്ടികയിൽ ഉൾപ്പെടുത്തിയതാണ്. ചിലത് ഒന്നിലധികം തവണ എൻട്രികൾ വന്നിട്ടുണ്ട്. അത് പരിശോധിച്ച് നീക്കം ചെയ്യാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. കേരളത്തെ സംബന്ധിച്ച് മറ്റ് ആക്ഷേപങ്ങളൊന്നും നിലനിൽക്കുന്നില്ല. ആശ്വാസ നടപടികൾക്കുള്ള സഹായധനത്തിനുള്ള

അപേക്ഷയുടെ നില നോക്കിയാൽ നമ്മൾ പറഞ്ഞ കണക്കിൽ കുറഞ്ഞവർ മാത്രമേ അപേക്ഷിക്കാൻ തയ്യാറായിട്ടുള്ളൂ. ചില സംസ്ഥാനങ്ങൾ പറഞ്ഞ കണക്കിന്റെ രണ്ടും മൂന്നും ഇരട്ടിയും മറ്റുചിലർ അതിനേക്കാൾ കൂടുതൽ ഇരട്ടിയും അപേക്ഷകൾ നൽകിയിരിക്കുകയാണ്. ആ അവസ്ഥ കേരളത്തിലുണ്ടായിട്ടില്ല. നാം എല്ലാവരെയും ഉൾക്കൊണ്ടുകൊണ്ടാണ് പോയിട്ടുള്ളത്.

ഇവിടെ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിനെപ്പറ്റി ചില പരാമർശങ്ങൾ വന്നു. 2019-20-ലും 2020-21-ലും 1000 കോടി രൂപ വീതവും നടപ്പ് സാമ്പത്തിക വർഷത്തിൽ 1830 കോടി രൂപയും ഇതിന് അവദിച്ചിട്ടുണ്ട്. ലോക ബാങ്ക് കേരളത്തെ വികസന പങ്കാളിയായി പ്രഖ്യാപിച്ചു. വികസന നയ വായ്പയുടെ ആദ്യഗഡുവായി 250 ദശലക്ഷം ഡോളർ 1779,58,00,000 (ആയിരത്തി എഴുന്നൂറ്റി എഴുപത്തിയൊമ്പത് കോടി അൻപത്തി എട്ട് ലക്ഷം) രൂപ നൽകുകയും ചെയ്തിട്ടുണ്ട്. വികസന നയ വായ്പയുടെ കോ-ഫിനാൻസിംഗ് മാതൃകയിൽ ജർമ്മൻ ബാങ്കായ കെ.എഫ്.ഡബ്ല്യു.-വിൽനിന്നും 100 മില്യൻ യൂറോ (868 കോടി രൂപ) ലഭ്യമായിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ പ്രളയബാധിത റോഡുകളുടെ അതിജീവനക്ഷമമായ നിർമ്മാണത്തിനായി കെ.എഫ്.ഡബ്ല്യു-വിൽനിന്നും

170 മില്യൻ യൂറോ (1260 കോടി രൂപ) ലഭ്യമാക്കുന്നതിനുള്ള കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് 14 വകുപ്പുകളിലായി 7910,20,00,000 (ഏഴായിരത്തി തൊള്ളായിരത്തി പത്ത് കോടി ഇരുപത് ലക്ഷം) രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയിൽ ഹ്രസ്വകാല/ദീർഘകാല പദ്ധതികളുണ്ട്. ചില പദ്ധതികൾ അഞ്ചും ആറും വർഷംകൊണ്ട് മാത്രം പൂർത്തിയാകുന്നതാണ്. 5428,18,00,000 (അയ്യായിരത്തി നാനൂറ്റി ഇരുപത്തിയെട്ട് കോടി പതിനെട്ട് ലക്ഷം) രൂപയുടെ പദ്ധതികൾ ടെണ്ടർ ചെയ്തിട്ടുണ്ട്. ഇതിൽ ഏകദേശം 1000 കോടി രൂപയാണ് ഇതുവരെ ചെലവഴിച്ചിട്ടുള്ളത്. അത് കൃത്യമായി മുന്നോട്ടുപോകുകയാണ്. ഏതെങ്കിലും തരത്തിലുള്ള ആശങ്ക ആ കാര്യത്തിൽ ഉണ്ടാകേണ്ടതില്ല.

കേരളം കടക്കെണിയിലാകുന്നുവെന്ന് മുൻ പ്രതിപക്ഷനേതാവ് ഇവിടെ ആരോപിക്കുകയുണ്ടായി. കഴിഞ്ഞ കുറച്ചുകാലമായി യു.ഡി.എഫ്. ഉന്നയിക്കുന്ന ഒരു ആരോപണമാണ്. ലോകത്തെമ്പാടുമുള്ള സർക്കാരുകൾ കോവിഡ് മഹാമാരിയുടെ പ്രത്യാഘാതം കാരണം വരുമാനത്തിലെ കുറവും ചെലവിന്റെ ആധിക്യവും നേരിടുകയാണ്. 2020-21 വർഷം കേന്ദ്ര സർക്കാരിന്റെ ധനകമ്മി ആഭ്യന്തര വരുമാനത്തിന്റെ 9.2 ശതമാനമാണ്.

കോൺഗ്രസ് ഭരിക്കുന്ന പഞ്ചാബ് ഉൾപ്പെടെയുള്ള പല സംസ്ഥാനങ്ങളുടെയും കടം/ആഭ്യന്തര വരുമാനാനുപാതം 40 ശതമാനത്തിലധികമാണ്. കേരളത്തിലിത് 30-31 ശതമാനമടുപ്പിച്ചാണ്. കോവിഡ് മഹാമാരിയുടെ ആഘാതത്താൽ കഴിഞ്ഞ സാമ്പത്തിക വർഷം അത് അൽപ്പം കൂടാം. വരുമാനം വർദ്ധിപ്പിച്ചാലും ചെലവുകൾ ക്രമീകരിക്കാൻ സംസ്ഥാന സർക്കാർ സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ട്. പശ്ചാത്തല വികസന സൗകര്യ പദ്ധതികളെ മുടക്കുവാനാണ് ഈ കടക്കെണി വിവാദം മുഴക്കുന്നത്. പശ്ചാത്തല വികസന സൗകര്യ പദ്ധതികൾ നടപ്പിലാക്കുമ്പോൾ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും, സാമ്പത്തിക വളർച്ചയുണ്ടാകും, അതിലൂടെ വരുമാന വർദ്ധനവുണ്ടാകും. പശ്ചാത്തല സൗകര്യ പദ്ധതികൾ കടമെടുത്ത് നടപ്പാക്കുമ്പോൾത്തന്നെ കൃത്യമായ മേൽനോട്ടത്തോടെ പുരോഗതി അവലോകനം ചെയ്യപ്പെട്ടാൽ കടക്കെണിയുണ്ടാകില്ല. മഹാമാരിക്ക് തൊട്ടുമുമ്പുള്ള 2019-20 സാമ്പത്തിക വർഷത്തിൽ കേരളത്തിന്റെ ധനകമ്മി 2.79 ശതമാനമാണ്. ഇതൊരു കടക്കെണിയുടെ ലക്ഷണമല്ല. ഇത്തരം വ്യാജ ആരോപണങ്ങൾക്ക് മുന്നിൽ അടിയറവ് പറഞ്ഞുകൊണ്ട് വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് ഭംഗം വരുത്താൻ സർക്കാർ തയ്യാറാകുകയില്ല. അക്കാര്യത്തിൽ ആർക്കുമൊരു സംശയവും വേണ്ട.

ഇവിടെ ബഹുമാന്യനായ ഒരംഗം മധു കൊലപാതക കേസ്സിൽ പബ്ലിക് പ്രോസിക്യൂട്ടറുടെ പ്രശ്നം ഉന്നയിച്ചതായി കണ്ടു. ഈ കേസ്സിൽ നേരത്തെ പബ്ലിക് പ്രോസിക്യൂട്ടറെ നിശ്ചയിച്ചത് മധുവിന്റെ അമ്മയുടെ നിർദ്ദേശ പ്രകാരമാണ്. അവർ നിർദ്ദേശിച്ചവരെ സർക്കാർ അംഗീകരിക്കുകയാണ് ചെയ്തത്. ഇങ്ങനെ നിർദ്ദേശിക്കപ്പെട്ട അഡ്വക്കേറ്റ് കേസ്സിന് ഹാജരാകാൻ തയ്യാറായില്ല. ആ പ്രശ്നമാണ് ഉയർന്നുവന്നത്. ഈ സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടപ്പോൾ അവരുടെ അമ്മ നിർദ്ദേശിച്ചതുപ്രകാരം പുതിയ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കുന്ന നടപടി സർക്കാർ സ്വീകരിക്കുകയാണുണ്ടായത്. കേസ്സിന്റെ വിചാരണ ആരംഭിക്കാത്തത് കൊണ്ടുതന്നെ ഇതുമായി ബന്ധപ്പെട്ട് കേസ് ദുർബലപ്പെട്ടുപോകുന്ന പ്രശ്നം ഉണ്ടായിട്ടേയില്ല. കേസിന്റെ വിചാരണ ആരംഭിക്കാൻ പോകുന്നതേയുള്ളൂ.

ലോകായുക്തയുടെ പ്രശ്നം അടിയന്തരപ്രമേയത്തിന്റെ ഭാഗമായി നാം വിശദമായി ചർച്ചചെയ്ത കാര്യമാണ്. അതുകൊണ്ട് അക്കാര്യം വീണ്ടും ആവർത്തിക്കേണ്ടതില്ലെന്നാണ് തോന്നുന്നത്. പഴയ പ്രതിപക്ഷനേതാവ് അത് ഇവിടെ ഉന്നയിച്ചിട്ടുണ്ട്. നേരത്തെ വ്യക്തമാക്കിയതുപോലെ ലോകായുക്ത നിയമത്തിലെ വകുപ്പ് 9 പ്രകാരം അന്വേഷണം നടത്താനും വകുപ്പ് 12 പ്രകാരം റിപ്പോർട്ട് സമർപ്പിക്കാനും വകുപ്പ് 14 പ്രകാരം ഒരു

പൊതുസേവകൻ സ്ഥാനത്തുനിന്നും ഒഴിയണമെന്ന് പ്രഖ്യാപിക്കാനും വകുപ്പ് 15 പ്രകാരം പ്രോസിക്യൂഷൻ ശിപാർശ ചെയ്യാനുള്ള അധികാരവുമെല്ലാം അതുപോലെതന്നെ നിലനിൽക്കുകയാണ്. അതുകൊണ്ട് നിലവിലുള്ള ഒരു അധികാരവും ഇവിടെ കുറച്ചിട്ടില്ല. അതിന്റെ എല്ലാ പ്രശ്നങ്ങളും ഇവിടെ വ്യക്തമാക്കിക്കഴിഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല.

ബഹുമാന്യനായ ഒരംഗം നൂറുദിന പരിപാടിയെപ്പറ്റി പ്രത്യേകമായി ഉന്നയിക്കുകയുണ്ടായി. പൊതുവായി ഇതുസംബന്ധിച്ച് ഞാൻ നേരത്തേ പറഞ്ഞതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആദ്യ നൂറുദിന പരിപാടി 2021 ജൂൺ 11 മുതൽ സെപ്തംബർ 19 വരെയാണ് നടപ്പാക്കിയിരുന്നത്. നിലവിലുള്ള നൂറുദിന പരിപാടി 2022 ഫെബ്രുവരി 10 മുതൽ മന്ത്രിസഭയുടെ ഒന്നാം വാർഷികമായ മേയ് 20 വരെയാണ് നടപ്പാക്കുന്നത്. കോവിഡ് കാലമായിരുന്നിട്ടുകൂടി ആദ്യ നൂറുദിന പരിപാടിയിൽ ലക്ഷ്യമിട്ട പദ്ധതികൾ ഉദ്ഘാടനം ചെയ്യാനും പൂർത്തീകരിക്കാനും കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ ഭാഗമായി പ്രത്യക്ഷമായും പരോക്ഷമായും 72000 തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിന പരിപാടികളുടെ പ്രഖ്യാപനവും നടപ്പാക്കുന്നതിലെ പുരോഗതിയും സർക്കാർ ജനസമക്ഷം അവതരിപ്പിക്കുന്നുണ്ട്. എല്ലാ വർഷവും സർക്കാർ വിവിധ

മേഖലകളിൽ കൈവരിച്ച പുരോഗതി ജനസമക്ഷം അവതരിപ്പിക്കാറുണ്ട്. ഈ രീതി തന്നെയാണ് നൂറുദിന പരിപാടിയുടെ കാര്യത്തിലും അവലംബിക്കുന്നത്. നടപ്പ് നൂറുദിന പരിപാടിയിൽ വിവിധ വകുപ്പുകളുടേതായി 1557 പദ്ധതികൾ, 17183,89,00,000 (പതിനേഴായിരത്തി ഒരുനൂറ്റി എൺപത്തിമൂന്ന് കോടി എൺപത്തിയൊൻപത് ലക്ഷം) രൂപയുടെ അടങ്കലോടെയാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നത്. നിർമ്മാണ പ്രവർത്തനങ്ങളിലൂടെയുള്ള തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് പുറമേ പ്രത്യക്ഷവും പരോക്ഷവുമായി 464000 തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ലക്ഷ്യമിടുന്നുണ്ട്. ഇതിൽ കൃഷി വകുപ്പിന്റേതായി 112000 പ്രത്യക്ഷ തൊഴിലവസരങ്ങളുണ്ട്. 56500 പരോക്ഷ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനാണ് ലക്ഷ്യമിടുന്നത്. സാമൂഹ്യ വനവത്കരണ പരിപാടി, ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി നടപ്പാക്കി 93750 തൊഴിലവസരങ്ങൾ സൃഷ്ടിക്കും. ഓരോ പരിപാടിയെക്കുറിച്ചും വിശദമായി പറയുന്നില്ല. പ്രതിപക്ഷം പല രീതിയിലും നടപ്പാക്കാനാകാത്ത പദ്ധതികളെന്ന് പറഞ്ഞ പലതും നമ്മുടെ നാട്ടിൽ യാഥാർത്ഥ്യമാകുകയാണ്. ഈ 100 ദിവസത്തിൽ 140 നിയമസഭാ മണ്ഡലങ്ങളിൽ 100 കുടുംബങ്ങൾക്കും 30000 സർക്കാർ ഓഫീസുകൾക്കും കെ-ഫോൺ കണക്ഷൻ നൽകും.

ലൈഫ് മിഷൻ പദ്ധതി വഴി 20000 വ്യക്തിഗത വീടുകളും 3 ഭവന സമുച്ചയങ്ങളും പൂർത്തീകരിക്കും. എല്ലാ ജില്ലകളിലും 'സുഭിക്ഷ' ഹോട്ടലുകൾ തുറക്കും. ഭൂരഹിതരായ 15000 പേർക്ക് പട്ടയം വിതരണം ചെയ്യും. കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 'ഞങ്ങളും കൃഷിയിലേയ്ക്ക്' എന്ന പദ്ധതി ആരംഭിക്കും. പതിനായിരം ഹെക്ടറിൽ ജൈവകൃഷി തുടങ്ങും. ഇതൊക്കെ ചില ഉദാഹരണങ്ങൾ മാത്രമാണ്. ബാക്കി പിന്നീട് വിശദമായി പറയുന്നതാണ്. 'സർക്കാർ കാര്യം മുറപോലെ' എന്ന ചൊല്ല് ഇനി കേരളത്തിൽ യാഥാർത്ഥ്യമല്ലെന്നാക്കിത്തീർക്കാനാണ് വകുപ്പുകൾ പശ്ചാത്തല സൗകര്യ സാമൂഹ്യക്ഷേമ വികസന പരിപാടികളും തൊഴിലവസരങ്ങൾ സൃഷ്ടിക്കലും സമയബന്ധിതമായി കൃത്യമായ മേൽനോട്ടത്തോടെ നടപ്പാക്കുന്നത്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്തെ രണ്ട് നൂറുദിന പരിപാടികളും ഈ സർക്കാരിന്റെ കാലത്തെ ആദ്യ നൂറുദിന പരിപാടിയും മികച്ച രീതിയിൽ പൂർത്തീകരിക്കാൻ കഴിഞ്ഞുവെന്ന് ചാരിതാർത്ഥ്യത്തോടെ ഈ സഭയെ അറിയിക്കുകയാണ്.

നാം ഓർക്കേണ്ട ഒരു കാര്യം, ഇന്ത്യയിൽ ഇന്നും പഞ്ചവത്സര പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നത് കേരളത്തിലാണ്. എൽ.ഡി.എഫ്. സർക്കാരാണ്. കോവിഡ് മഹാമാരിയുടെ കരിനിഴൽവീണ കാലഘട്ടം

ഉൾപ്പെട്ടിട്ടുകൂടി 2021-22 സാമ്പത്തിക വർഷത്തിൽ ഇതുവരെ സംസ്ഥാന പദ്ധതി ചെലവ് 73.78 ശതമാനമാണ്. ഇത് വല്ലാതെ കുറഞ്ഞുവെന്ന് ചിലർ പറയുന്നതുകൊണ്ടാണ് ഈ കണക്ക് പ്രത്യേകമായി പറയുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം 2020-21-ൽ പദ്ധതി അടങ്കൽ മുഴുവനായും ചെലവഴിക്കാൻ ഈ സർക്കാരിന് കഴിഞ്ഞു. കേരളത്തിൽ ജനക്ഷേമകരമായ പരിപാടികൾ തദ്ദേശഭരണ സ്ഥാപനങ്ങളിലൂടെയാണ് പഞ്ചവത്സര പദ്ധതികൾ മുഖാന്തരം നടപ്പാക്കുന്നത്. സാമ്പത്തിക ഞെരുക്കമെന്ന കാരണം പറഞ്ഞ് ഒരു ക്ഷേമപദ്ധതിയും ഈ സർക്കാർ മാറ്റിവച്ചിട്ടില്ല. സംസ്ഥാനത്തിന്റെ അവകാശങ്ങൾ കേന്ദ്ര ഗവൺമെന്റിനുമുമ്പിൽ ശക്തമായി ഉന്നയിക്കാനും സർക്കാർ മുൻകയ്യെടുത്തിട്ടുണ്ട്. എന്നാൽ ഇവിടത്തെ പ്രതിപക്ഷം, കേന്ദ്രം ഭരിക്കുന്ന കക്ഷിയുടെ ഇവിടത്തെ നേതാക്കളോടൊപ്പം ചേർന്ന് ഏതെല്ലാം വിധത്തിൽ കേരളത്തിലെ വികസന പദ്ധതികൾക്ക് അനുമതി നിഷേധിക്കാമെന്നാണ് നോക്കുന്നത്. അതിനാണ് അവർ മുൻഗണന നൽകുന്നത്. ജനങ്ങളെ വിശ്വാസത്തിലെടുത്ത് ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ നടപ്പാക്കി അതിന്റെ പുരോഗതി യഥാവസരം ജനങ്ങളെ അറിയിച്ചുകൊണ്ടാണ് എൽ.ഡി.എഫ്. സർക്കാർ മുന്നോട്ടുപോകുന്നത്. അതാണ് ഈ സർക്കാരിന്മേലുള്ള

ജനവിശ്വാസത്തിന്റെ അടിത്തറ. ജനങ്ങൾ അർപ്പിച്ച ഈ വിശ്വാസം നിലനിർത്താനുള്ള പ്രവർത്തനങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന സർക്കാരിനെതിരെ അടിസ്ഥാനരഹിതമായ ആരോപണങ്ങളുന്നയിച്ച് അന്തരീക്ഷത്തിൽ ധൂമപടലം പടർത്തുവാൻ ശ്രമിക്കുന്നവർക്ക് അർഹമായ മറുപടി ജനങ്ങൾതന്നെ നൽകും.

ഇവിടെ ഒരു കാര്യം മാത്രമെ ആവർത്തിച്ച് വ്യക്തമാക്കാനുള്ളൂ. സംസ്ഥാനത്തെ ജനങ്ങൾ നമ്മുടെ നാട് കൂടുതൽ നവീകരിക്കപ്പെടണമെന്ന് ആഗ്രഹിക്കുകയാണ്. സംസ്ഥാന സർക്കാർ നവകേരളം സൃഷ്ടിക്കുമെന്ന് പറഞ്ഞിട്ടുണ്ട്. ആ നവകേരളത്തോടൊപ്പം നമ്മുടെ നാട് ഒരു സന്തോഷ കേരളമായി മാറ്റുകയെന്നതാണ് ലക്ഷ്യമിടുന്നത്. ആബാലവൃദ്ധം ജനങ്ങളും സന്തോഷവാന്മാരാകുന്ന ഒരു നാട്, ഇന്ത്യയിൽ നമ്മുടെ നാടിനാണ് ആ സ്ഥാനം കരസ്ഥമാക്കാൻ കഴിയുക. സർവ്വമേഖലയും സന്തോഷപൂർണ്ണമായിരിക്കണം. ഇപ്പോൾ കാലാവസ്ഥാ വ്യതിയാനത്തിന്റേതായ പ്രശ്നങ്ങൾ നാം നേരിടുന്നുണ്ട്. ആ കാര്യങ്ങളിലടക്കം നമുക്ക് കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. അശരണരായിട്ടുള്ള ആളുകളെ ഈ സന്തോഷത്തിന്റെ ഭാഗമാക്കി മാറ്റുന്ന നിലയിലേയ്ക്ക് നമുക്ക് മാറാൻ സാധിക്കണം. അതിദരിദ്രരെ

ദാരിദ്ര്യാവസ്ഥയിൽനിന്ന് മോചിപ്പിക്കാനുള്ള നടപടികൾ നാം സ്വീകരിച്ചുവരികയാണ്. പലതരത്തിലുള്ള മാരകരോഗങ്ങൾ ബാധിച്ച കിടപ്പുരോഗികൾ, പ്രായാധിക്യംകൊണ്ട് കിടന്നുപോയവർ ഇവരെയെല്ലാം ഇതിന്റെ ഭാഗമായി ചേർത്തുപിടിക്കുകയെന്നുള്ളതാണ്. കുഞ്ഞുങ്ങൾ, വിദ്യാർത്ഥികൾ, യുവജനങ്ങൾ, മഹിളകൾ, മുതിർന്ന പൗരന്മാർ തുടങ്ങി ആബാലവൃദ്ധം ജനങ്ങളും സന്തോഷിക്കുന്ന ഒരു നാടായി കേരളത്തെ മാറ്റുകയെന്നതാണ് എൽ.ഡി.എഫ്. ലക്ഷ്യമിടുന്നത്. ഇത്രയുമാണ് എനിക്ക് ഈ ഘട്ടത്തിൽ പറയാനുള്ളത്. നന്ദിപ്രമേയം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. ടി. പി. രാമകൃഷ്ണൻ 2022 ഫെബ്രുവരി 22-ാം തീയതി സഭയിൽ അവതരിപ്പിച്ച, "2022 ഫെബ്രുവരി 18-ാം തീയതി ഗവർണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്നു"എന്ന പ്രമേയത്തിന് ഭേദഗതികൾ അവതരിപ്പിച്ച അംഗങ്ങളാരും സഭയിൽ ഹാജരായിട്ടില്ല.

ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച നന്ദിപ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ............

പ്രതികൂലിക്കുന്നവർ............

നന്ദിപ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു.

ഓർഡർ.......... ഓർഡർ.......... സഭ ഇപ്പോൾ പരിയുന്നതും 2022 മാർച്ച് 11-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2022 മാർച്ച് മാസം 11-ാം തീയതി വെള്ളിയാഴ്ചരാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 1.22-ന് പിരിഞ്ഞു.)

*********

**അനുബന്ധം – I**

നക്ഷത്ര ചിഹ്നമിട്ട 1(*61)-ാം നമ്പർ ചോദ്യത്തിന് വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ) നൽകിയ മറുപടിയിലെ മേശപ്പുറത്തുവച്ച ഭാഗം

വന്യജീവികൾക്കും അവയുടെ ആവാസവ്യവസ്ഥയ്ക്കും ദോഷകരമായി ഭവിക്കുന്ന കാട്ടുതീ തടയുന്നതിനായി വനമേഖലകളിലും വനാതിർത്തി പങ്കിടുന്ന ജനവാസ മേഖലകളിലും കാട്ടുതീ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. വന്യമൃഗശല്യം രൂക്ഷമായ പ്രദേശങ്ങളിലെ ഫോറസ്റ്റ് സെറ്റിൽമെന്റുകളിലെ താമസക്കാരെ സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പ്രകാരം കാടിനുപുറത്തേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ 620 കോടി രൂപയുടെ 5 വർഷത്തേയ്ക്കുള്ള ഒരു ബൃഹത് പദ്ധതി തയ്യാറാക്കി അംഗീകാരത്തിനായി സർക്കാരിന് 07-09-2021-ൽ സമർപ്പിച്ചിട്ടുണ്ട്. പദ്ധതിയെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 10-01-2022-ൽ യോഗം ചേർന്നിട്ടുള്ളതും തുടർനടപടികൾ

സ്വീകരിച്ചുവരുന്നതുമാണ്. മനുഷ്യ-വന്യജീവി സംഘർഷം അടുത്ത 10 വർഷത്തേയ്ക്ക് ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനാവശ്യമായ 1150 കോടി രൂപയുടെ ഒരു പദ്ധതിയും സംസ്ഥാന പ്ലാനിംഗ് ബോർഡിന് 25-01-2021-ന് സമർപ്പിച്ചിട്ടുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ 06-02-2021-ലെ F.No.8-60/20 WL (Part 1) അഡ്വൈസറിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന - ജില്ലാതലങ്ങളിൽ ഇന്റർ ഡിപ്പാർട്ടുമെന്റൽ കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിക്കുന്നതിന് 09-12-2021-ലെ സ.ഉ.(സാധാ)നം.. 402/2021/വനം പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) ഡെറാഡൂണിലെ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയും കേരള വനം വകുപ്പിലെ പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും ചേർന്ന് കാട്ടാന ഉൾപ്പെടെയുള്ള വന്യജീവികൾ ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് ഇറങ്ങുന്നതിനുള്ള കാരണങ്ങളെയും പ്രതിരോധ മാർഗ്ഗങ്ങളെയും കുറിച്ച് പഠനം നടത്തിവരുന്നുണ്ട്. ടി പഠനത്തിലെ കണ്ടെത്തലുകൾകൂടി ഉൾപ്പെടുത്തി പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും പറമ്പിക്കുളം ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനും 2021 ജൂലൈ-ആഗസ്റ്റ് മാസങ്ങളിൽ വിശദമായ ഒരു പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്.

ടി പ്രോജക്ട് പ്രൊപ്പോസലിൽ കേരളത്തിലെ മനുഷ്യ-വന്യജീവി സംഘർഷങ്ങൾ വർദ്ധിക്കാനുള്ള താഴെ പറയുന്ന കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ട്.

1. കാടിനുചുറ്റും കൃഷി ചെയ്യുന്ന കൃഷിയിടങ്ങളുടെ വിസ്തൃതി വർദ്ധിച്ചിരിക്കുന്നു. കൃഷി സമ്പ്രദായം മാറുകയും കർഷകർ കരിമ്പ്, വാഴ പോലുള്ള വാണിജ്യ വിളകൾ വർദ്ധിച്ച തോതിൽ കൃഷി ചെയ്യാനാരംഭിക്കുകയും ചെയ്തു.

2. വന്യജീവികളുടെ എണ്ണത്തിലും വർദ്ധന ഉണ്ടായിട്ടുണ്ട്.

3. മനുഷ്യരും വളർത്തുമൃഗങ്ങളും അസമയങ്ങളിൽ വന്യജീവി മേഖലകളിൽ സഞ്ചരിക്കുന്നതും തങ്ങുന്നതും ചിലപ്പോൾ അപകടങ്ങൾക്ക് ഇടയാക്കുന്നു.

4. ആവാസമേഖലകൾ ചെറുകഷണങ്ങളായി മുറിഞ്ഞു പോകുന്നതുമൂലം വന്യജീവികളുടെ സ്വൈരവിഹാരം തടസപ്പെടുന്നു.

5. അധിനിവേശ വിദേശ സസ്യങ്ങളും ജീവികളും വന്യജീവികൾക്ക് ഭക്ഷ്യ ലഭ്യത കുറയ്ക്കുന്നു.

6. യൂക്കാലിപ്റ്റ്സ്, അക്കേഷ്യ, മാഞ്ചിയം, വാറ്റിൽ മുതലായ വിദേശയിനം സസ്യങ്ങൾ പുൽമേടുകളിലും മറ്റും തോട്ടമായി നട്ടു

വളർത്തിയത് ആവാസ വ്യവസ്ഥകളുടെ ഗുണനിലവാരം നശിപ്പിച്ചു.

7. ആധുനിക വാർത്താവിനിമയ വിവര സങ്കേതിക സൗകര്യങ്ങൾ വൻതോതിൽ ഉപയോഗപ്പെടുത്തുന്നതുമൂലം മനുഷ്യ-വന്യജീവി സംഘർഷങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2022 ഫെബ്രുവരി 8-ാം തീയതി ചാലക്കുടിയിൽനിന്നും അതിരപ്പിള്ളിയിലേയ്ക്കുള്ള റോഡിൽ, സ്ഥിരമായി ആനകൾ റോഡ് മുറിച്ചുകടക്കുന്ന, കണ്ണംകുഴിത്തോട് മേഖലയിൽവച്ച് കാട്ടാനയുടെ ആക്രമണത്തിൽ 5 വയസ്സുള്ള ഒരു കുട്ടി (ആഗ്നേമിയ നിഖിൽ, കച്ചട്ടിൽ വീട്, പുത്തൻചിറ) മരണപ്പെടുകയുണ്ടായി. ഇതേത്തുടർന്ന് 14-02-2022-ന് വനം വകുപ്പുമന്ത്രി, പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ വകുപ്പുമന്ത്രി എന്നിവർ വാഴച്ചാലിലെത്തി, ചാലക്കുടി എം.പി, പുതുക്കാട്, ചാലക്കുടി, അങ്കമാലി എം.എൽ.എ-മാർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, വിവിധ പഞ്ചായത്ത് പ്രതിനിധികൾ, വി.എസ്.എസ് പ്രതിനിധികൾ എന്നിവരെയും വനം വകുപ്പ് ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി യോഗം വിളിച്ചുചേർത്ത് ഈ മേഖലയിലെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള ത്വരിത തുടർനടപടികൾ സ്വീകരിക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. സംഭവം നടന്ന കണ്ണംകുഴിത്തോടിലെ ജനവാസ മേഖലയ്ക്ക് ചുറ്റുമായി ശേഷിക്കുന്ന 6 കി.മീ.

സോളാർ ഫെൻസിംഗ് നിർമ്മാണം പൂർത്തിയാക്കുന്നതിനും കൂടാതെ ചാലക്കുടി, അങ്കമാലി നിയോജകമണ്ഡലങ്ങളിലെ വിവിധ പഞ്ചായത്തുകളിലെ മനുഷ്യ-വന്യജീവി സംഘർഷം ശാശ്വതമായി പരിഹരിക്കുന്നതിനായി ശാസ്ത്രീയ പഠനത്തിനും ശിപാർശകൾക്കുമായി പറമ്പിക്കുളം ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനെ ചുമതലപ്പെടുത്താനും തീരുമാനമായി.

(ഡി) തയ്യാറാകും. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (വൈൽഡ് ലൈഫ്) & ചീഫ് വൈൽഡ് ലൈഫ് വാർഡൻ സമർപ്പിച്ച 620 കോടി രൂപയുടെ 5 വർഷത്തേയ്ക്കുള്ള ബൃഹത് പദ്ധതി ചർച്ച ചെയ്യുന്നതിന് ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 10-01-2022-ൽ യോഗം ചേർന്നിട്ടുള്ളതും തുടർനടപടികൾ സ്വീകരിച്ച് വരുന്നതുമാണ്. സംസ്ഥാനത്ത് മനുഷ്യ-വന്യജീവി സംഘർഷം രൂക്ഷമായ 25 ടെറിട്ടോറിയൽ ഡിവിഷനുകളിലെയും 10 വൈൽഡ് ലൈഫ് ഡിവിഷനുകളിലെയും പ്രദേശങ്ങൾ കണ്ടെത്തിയിട്ടുള്ളതും സോളാർ പവർ ഹാങ്ങിംഗ് ഫെൻസ് (685 കി.മീ), ആന കിടങ്ങ് (132 കി.മീ) എന്നിവ പുതിയതായി നിർമ്മിക്കാനും നിലവിലുള്ളവയുടെ പരിചരണവും ഇതര

പരിഹാരമാർഗ്ഗങ്ങളും പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. താഴെ പറയുന്ന പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്.

1. വന്യജീവികൾ മനുഷ്യരുടെ വാസസ്ഥലങ്ങളിലേയ്ക്കും കൃഷിയിടങ്ങളിലേയ്ക്കും പ്രവേശിക്കുന്നത് തടയുന്നതിനായി പ്രതിരോധ സംവിധാനങ്ങൾ നിർമ്മിക്കുക.

2. മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷം ഒഴിവാക്കുന്നതിന് മുൻകൂർ മുന്നറിയിപ്പ് സംവിധാനമടക്കമുള്ള നൂതന മാർഗ്ഗങ്ങൾ നടപ്പിലാക്കുക.

3. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി ഫലപ്രദമായ അടിസ്ഥാന സൗകര്യങ്ങളും മാനവ-വിഭവശേഷിയും വികസിപ്പിക്കുക.

4. വന്യജീവിമൂലമുള്ള നാശനഷ്ടത്തിന് നഷ്ടപരിഹാരം, വിള ഇൻഷ്വറൻസ്, ലൈഫ് ഇൻഷ്വറൻസ്, എക്സ്-ഗ്രേഷ്യ എന്നിവ നടപ്പിൽ വരുത്തുക.

5. ലൈൻ ഡിപ്പാർട്ടുമെന്റുകളുടെ സേവനം ഉപയോഗപ്പെടുത്തുക.

6. ജനപങ്കാളിത്തത്തോടെയുള്ള നടപടികൾ ശക്തിപ്പെടുത്തുക.

7. പുൽമേട്ടുകളും ജലസ്രോതസുകളും ഉൾപ്പെടെയുള്ള ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തി വനത്തിനുള്ളിൽ ഭക്ഷണവും വെള്ളവും ലഭ്യമാക്കുക.

8. സംഘർഷം കുറയ്ക്കുന്നതിനുതകുന്ന അവബോധം സൃഷ്ടിക്കുന്നതിന് പരിശീലനങ്ങളും ഗവേഷണങ്ങളും നടത്തുക.

മനുഷ്യ-വന്യജീവി സംഘർഷം അടുത്ത 10 വർഷത്തേയ്ക്ക് ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനാവശ്യമായ 1150 കോടി രൂപയുടെ ഒരു പദ്ധതിയും സംസ്ഥാന പ്ലാനിംഗ് ബോർഡിന് 25-01-2021-ന് സമർപ്പിച്ചിട്ടുണ്ട്.

(ഇ) സ്വീകരിക്കും. വന്യജീവിശല്യം നേരിടുന്നതിനായി അതത് പ്രദേശത്തെ വനം വകുപ്പ് ഉദ്യോഗസ്ഥർ ഒരുമിച്ച് വന പ്രദേശങ്ങളിലൂടെ സഞ്ചരിച്ച് മൃഗങ്ങളുടെ സഞ്ചാരപഥം നിരീക്ഷിച്ച് തദ്ദേശീയർക്ക് നിർദ്ദേശം നൽകിവരുന്നു. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് വനാതിർത്തി പങ്കിടുന്ന പഞ്ചായത്തുകളിൽ തദ്ദേശീയരും ജനപ്രതിനിധികളും വനം വകുപ്പ് ഉദ്യോഗസ്ഥരും ചേർന്നുള്ള ജനജാഗ്രതാ സമിതികൾ 07-02-2017-ലെ സ.ഉ. (സാധാ) നം. 51/2017/വനം പ്രകാരം രൂപീകരിച്ച് 2017 മുതൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഗ്രാമ പഞ്ചായത്ത്

പ്രസിഡന്റ്/മുനിസിപ്പൽ ചെയർപേഴ്സൺ അദ്ധ്യക്ഷനും ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ്/മുനിസിപ്പൽ വൈസ് ചെയർപേഴ്സൺ ഉപാദ്ധ്യക്ഷനും ജില്ലാ പഞ്ചായത്ത് മെമ്പർ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ എന്നിവർ അംഗങ്ങളുമായ 261 ജനജാഗ്രതാ സമിതികൾ നിലവിൽ സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 204 ജനജാഗ്രതാ സമിതികൾ നിലവിലുണ്ടായിരുന്നു.

**അനുബന്ധം - II**

(1) <u>വൈദ്യുതി എത്തിക്കുന്നതിനുള്ള നടപടി സംബന്ധിച്ച ശ്രീമതി ശാന്തകുമാരി. കെ., എം.എൽ.എ.-യുടെ സബ്മിഷന് വൈദ്യുതി വകുപ്പുമന്ത്രി നൽകിയ മറുപടി.</u>

കാഞ്ഞിരപ്പുഴ പഞ്ചായത്തിലെ ഓടക്കുന്ന് പ്രദേശത്ത് വൈദ്യുതി ലൈൻ എത്തിക്കുവാൻ പൂഞ്ചോല പാമ്പൻതോട് ആദിവാസി കോളനിയിലേയ്ക്ക് വലിച്ചിട്ടുള്ള വൈദ്യുതി ലൈനിൽനിന്നും ഉദ്ദേശം 200 മുതൽ 500 മീറ്റർ വരെ നിക്ഷിപ്ത വനഭൂമിയിലൂടെ പോസ്റ്റുകൾ നാട്ടി ലൈൻ വലിക്കേണ്ടതുണ്ട്. ടി കുടുംബങ്ങൾ കൈവശം വയ്ക്കുന്ന സ്ഥലങ്ങൾക്ക് മുഴുവൻ നിക്ഷിപ്ത വനഭൂമിയുടെ സ്റ്റാറ്റസ് ഉള്ളതും ജിയോളജി വകുപ്പ് പരിസ്ഥിതി ദുർബല പ്രദേശമായി പ്രഖ്യാപിച്ചിട്ടുള്ളതുമാണ്.

മേൽപ്രദേശത്ത് കൂടുതൽ ആളുകൾക്ക് ഭൂമിയുണ്ടെങ്കിലും ഭൂരിഭാഗം

ആളുകളും മലയുടെ അടിവാരത്ത് താമസിക്കുന്നവരും വിളവെടുപ്പ് സമയത്ത് ഒന്നോ രണ്ടോ ദിവസം മാത്രം ചെറിയ ഷെഡ്ഡുകളിൽ താൽക്കാലികമായി താമസിച്ചുവരുന്നവരുമാണ്.

2008-ൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയ സമയത്ത് പ്രദേശവാസികൾ സ്വയം കുറച്ച് പോസ്റ്റുകൾ ഓടക്കുന്ന് ഭാഗത്തേയ്ക്ക് കൊണ്ടുവന്നിരുന്നു. എന്നാൽ മേൽകുടുംബങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് വനഭൂമിയിലൂടെ ലൈൻ വലിക്കുവാൻ അനുമതി നൽകുവാൻ കഴിയില്ലായെന്ന് വനം വകുപ്പിന്റെ 04-08-2017-ലെ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

വളരെ ദുർഘടവും ഗതാഗതയോഗ്യമല്ലാത്തതുമായ ഈ പ്രദേശത്ത് വൈദ്യുതി ലൈനുകൾ വലിക്കുന്നതും പരിപാലിക്കുന്നതും പ്രായോഗികമല്ല. സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി അനെർട്ട് ഈ വീടുകളിൽ സോളാർ പാനലുകൾ സ്ഥാപിച്ചിട്ടുണ്ട്.

2020 ഫെബ്രുവരി മാസത്തിൽ പാലക്കാട് നടത്തിയ വൈദ്യുതി അദാലത്തിൽ ഈ പ്രദേശത്തെ വൈദ്യുതീകരണത്തിനുള്ള നിവേദനം ലഭിച്ചിരുന്നുവെങ്കിലും ടി പ്രദേശത്തെ ദുർഘടാവസ്ഥ മനസ്സിലാക്കി ടി പ്രദേശം വൈദ്യുതീകരണത്തിന് അനുയോജ്യമല്ലെന്ന്

രേഖപ്പെടുത്തിയിട്ടുള്ളതാണ്.

ഇവിടെ സോളാർ പാനലുകൾ ഉപയോഗിച്ചുള്ള വൈദ്യുതീകരണമാണ് ഉചിതം.

## (2) കോമളം പാലത്തിന്റെ നിർമ്മാണം സംബന്ധിച്ച ശ്രീ. മാത്യു ടി. തോമസ് എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി നൽകിയ മറുപടി

തിരുവല്ല മണ്ഡലത്തിലെ കോമളം പാലവുമായി ബന്ധപ്പെട്ട വിഷയമാണ് ബഹുമാനപ്പെട്ട അംഗം സബ്മിഷനായി ഉന്നയിച്ചത്. കഴിഞ്ഞ പ്രളയത്തിൽ തകർന്ന പാലത്തിന് പകരമായി പുതിയ പാലം പണിയുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. എന്നാൽ അതിലൂടെ താത്കാലിക പാലം വേണമെന്ന് എം.എൽ.എ. അടക്കമുള്ളവർ ആവശ്യപ്പെട്ടതിന്റെ പശ്ചാത്തലത്തിൽ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയറോടും രൂപകൽപ്പന വിഭാഗം ചീഫ് എഞ്ചിനീയറോടും സംയുക്ത പരിശോധന നടത്താൻ നിർദ്ദേശം നൽകിയിരുന്നു. ഈ രണ്ട് ഉന്നത ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥതല സംഘം കഴിഞ്ഞ ദിവസം സ്ഥലം സന്ദർശിച്ചു. ലൈറ്റ് മോട്ടോർ വെഹിക്കിൾ കടന്നുപോകുന്ന തരത്തിൽ സ്റ്റീൽ സ്ട്രക്ച്ചർ മാതൃകയിൽ സിംഗിൾ വേ ട്രാഫിക്കിനുള്ള താത്കാലിക പാലം നിർമ്മിക്കുന്നത് പരിഗണനയിലാണ്.

ഭാര വാഹനങ്ങൾ കടന്നുപോകുന്നതിന് നിലവിലുള്ള പാലത്തിന് രണ്ട് കിലോമീറ്ററോളം അകലെയുള്ള പാലത്തെ ആശ്രയിക്കാനാകും. താത്കാലിക പാലത്തിനുള്ള രൂപകൽപ്പന പൊതുമരാമത്ത് രൂപകൽപ്പനാ വിഭാഗം തയ്യാറാക്കുകയാണ്. ഒരാഴ്ചയ്ക്കകം ഇത് തയ്യാറാക്കാനാകും. അത് ലഭ്യമായതിനുശേഷം തുടർ നടപടികൾ പരിശോധിക്കും.

(3) മയ്യഴി-കനകമല ടൂറിസം കോറിഡോർ സംബന്ധിച്ച ശ്രീ. എ. എൻ. ഷംസീർ എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്ത് - വിനോദസഞ്ചാര വകുപ്പുമന്ത്രി നൽകിയ മറുപടി

"കുറ്റ്യാടി മലകളുടെ മുകളിൽനിന്ന് ഉത്ഭവിച്ച്, പേരുമാറ്റി, കനകമലയുടെ നിഴലിലൂടെ, ദാസന്റെ കാൽക്കലൂടെ മയ്യഴിപ്പുഴ മയ്യഴിയിലേയ്ക്ക് ഒഴുകിക്കൊണ്ടിരുന്നു."മയ്യഴിപ്പുഴയുടെ തീരങ്ങളിൽ എന്ന നോവലിൽ പ്രിയപ്പെട്ട സാഹിത്യകാരൻ എം. മുകുന്ദൻ പുഴയെക്കുറിച്ച് ഇങ്ങനെ എഴുതിവയ്ക്കുന്നു. എം. മുകുന്ദനിലൂടെയാണ് മയ്യഴിപ്പുഴ പ്രസിദ്ധമാകുന്നത്. ആ മയ്യഴിപ്പുഴയുടെ തീരങ്ങളിലെ സൗന്ദര്യം സഞ്ചാരികൾക്ക് നേരിട്ട് ആസ്വദിക്കാൻ അവസരമൊരുക്കുന്നതിനെക്കുറിച്ചാണ് ശ്രീ. എ. എൻ. ഷംസീർ എം.എൽ.എ.-യുടെ സബ്മിഷൻ.

നിലവിൽ മലനാട്-നോർത്ത് മലബാർ റിവർക്രൂയിസ് പദ്ധതിയുടെ ഭാഗമായി ടൂറിസം വികസന പദ്ധതികൾ ഈ മേഖലയിൽ നടപ്പാക്കുന്നുണ്ട്.

മയ്യഴിപ്പുഴയോരത്ത് ന്യൂമാഹി, പാത്തിക്കൽ, കക്കടവ്, മോന്താൽ, കരിയാട്, പെരിങ്ങത്തൂർ എന്നിവിടങ്ങളെ ബന്ധിപ്പിച്ച് ബോട്ട്ജെട്ടികൾ നിർമ്മിക്കുന്നതാണ് പദ്ധതി. ഇതിൽ ന്യൂമാഹി, മോന്താൽ എന്നീ ബോട്ടുജെട്ടികൾ പൂർത്തിയായിക്കഴിഞ്ഞു. അവശേഷിക്കുന്ന ബോട്ടുജെട്ടികളുടെ നിർമ്മാണ പ്രവൃത്തി വേഗത്തിൽ പൂർത്തിയാക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതോടൊപ്പം മയ്യഴിപ്പുഴയോരത്തുതന്നെ ചൊക്ലിയിൽ ഒരു പുഴയോര ടൂറിസം പദ്ധതിയും തയ്യാറാക്കിവരുന്നു. ഈ പദ്ധതികളെല്ലാം ക്രോഡീകരിച്ച് "മാർഷ്യൽ ആർട്ട്സ് ആൻഡ് കളരി ക്രൂയിസ് "എന്ന റിവർ ക്രൂയിസ് പാക്കേജാണ് ടൂറിസം വകുപ്പ് വിഭാവന ചെയ്തിരിക്കുന്നത്. മയ്യഴിപ്പുഴയുടെയും തുരുത്തിന്റെയും ദൃശ്യഭംഗി ആസ്വദിച്ചും പുഴയോര ഗ്രാമങ്ങളിലെ സാംസ്കാരിക-പ്രാദേശിക വൈവിദ്ധ്യം അനുഭവിച്ചും തലശ്ശേരി പൈതൃക പദ്ധതി, കനകമല ഉൾപ്പെടെയുള്ള ഡെസ്റ്റിനേഷനുകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പാക്കേജുകൾക്ക് രൂപം നൽകാനാകും. "മാർഷ്യൽ ആർട്ട്സ് ആൻഡ് കളരി ക്രൂയിസ്"സർക്യൂട്ടിന് പ്രാധാന്യം നൽകിക്കൊണ്ട് യാത്രാ ബോട്ടുകളുടെ സർവ്വീസ് ആരംഭിക്കുവാൻ സംസ്ഥാന വാട്ടർ ട്രാൻസ്പോർട്ട് വിഭാഗത്തോട് ടൂറിസം വകുപ്പ് അഭ്യർത്ഥിക്കുന്നതാണ്. ഇതിനുള്ള മാർക്കറ്റിംഗ് സപ്പോർട്ട്

ടൂറിസം വകുപ്പ് നൽകും.

ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച മറ്റൊരു മേഖല വെള്ളിയാങ്കല്ലിലേയ്ക്കുള്ള ടൂറിസം സാധ്യതയെക്കുറിച്ചാണ്. എം. മുകുന്ദന്റെ നോവലിൽ ദാസൻ വാസൂട്ടിയോട് പറയുന്ന ഭാഗമുണ്ട്. "വാസൂട്ടി നീ വെള്ളിയാങ്കല്ലിനെക്കുറിച്ച് കേട്ടിട്ടില്ലേ? ജനിക്കുന്നതിനുമുമ്പ് നമ്മുടെ ആത്മാവുകൾ അവിടെ ആയിരുന്നു. വെള്ളിയിൽ തീർത്ത ആ പാറ ജനസ്മൃതികൾക്കിടയിലെ വിശ്രമ സ്ഥലമാണ്. അവിടെ ആത്മാവുകൾക്ക് ഭാരമില്ല. തുമ്പിയെപ്പോലെ നമുക്കവിടെ പാറി നടക്കാം. വാസൂട്ടി, വെള്ളിയാങ്കല്ല് എന്നെ വിളിക്കുന്നു."

എം. മുകുന്ദന്റെ ഭാഷയിൽ പറഞ്ഞാൽ 'സമുദ്രത്തിൽ പ്രകാശിച്ചുകൊണ്ടിരുന്ന വെള്ളിയാങ്കല്ല്', വെള്ളിയാങ്കല്ലിലേയ്ക്ക് സഞ്ചാരികളെ എത്തിക്കാൻ കേരള ടൂറിസത്തിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കാനാകുമോയെന്ന കാര്യവും ടൂറിസം വകുപ്പ് ഗൗരവമായി പരിശോധിക്കും.

(4) <u>ഗതാഗത നിയമലംഘന നിയന്ത്രണം സംബന്ധിച്ച് ശ്രീമതി യു. പ്രതിഭ, എം.എൽ.എ.-യുടെ സബ്മിഷന് ഗതാഗത വകുപ്പുമന്ത്രി നൽകിയ മറുപടി</u>

കേരളത്തിലെ ദേശീയ പാതകളിലും നഗരപ്രദേശങ്ങളിലും അമിത

വേഗതയിലും അനിയന്ത്രിതമായ ശബ്ദം പുറപ്പെടുവിച്ചുകൊണ്ടും അപകടങ്ങൾ ക്ഷണിക്കുംവിധം ഇരുചക്ര വാഹനങ്ങൾ ഓടിക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

State Crime Record Bureau-യുടെ 2017 മുതൽ 2021 വരെയുള്ള റോഡ് അപകട വിവരങ്ങൾ പരിശോധിച്ചതിൽ മൊത്തം സംഭവിച്ച അപകടങ്ങളുടെ 64 ശതമാനവും ഇരുചക്ര വാഹനങ്ങൾ ഉൾപ്പെട്ടിട്ടുള്ളവയാണ്. മൊത്തം അപകട മരണങ്ങളുടെ 40 ശതമാനവും ഇരുചക്ര വാഹന യാത്രികരാണ്.

നിയമവിരുദ്ധമായി ഹോണുകൾ ഉപയോഗിച്ചും സൈലൻസറുകളിൽ രൂപമാറ്റം വരുത്തിയും അമിത വേഗതയിലും അനിയന്ത്രിതമായ ശബ്ദം പുറപ്പെടുവിച്ചുകൊണ്ടും ഗതാഗത നിയമങ്ങൾ പൂർണ്ണമായി ലംഘിച്ചുകൊണ്ടുമാണ് പല ഇരുചക്ര വാഹനങ്ങളും ഓടിക്കുന്നത്.

മേൽപ്പറഞ്ഞ നിയമവിരുദ്ധ നടപടികൾ കണ്ടെത്തുന്നതിന് 03-08-2021 മുതൽ 09-08-2021 വരെയുള്ള കാലയളവിൽ 'ഓപ്പറേഷൻ റാഷ്' എന്ന പേരിൽ പരിശോധന നടത്തുകയും 11745 കേസുകളിലായി 36,93,040/- രൂപ പിഴ ഈടാക്കുകയും 143 പേരുടെ ഡ്രൈവിംഗ് ലൈസൻസുകൾ താൽക്കാലികമായി അയോഗ്യമാക്കുകയും ചെയ്തിരുന്നു.

നിയമവിരുദ്ധമായി ഹോണുകൾ ഉപയോഗിച്ചും സൈലൻസറുകളിൽ

രൂപമാറ്റം വരുത്തിയും അമിത ശബ്ദം പുറപ്പെടുവിക്കുന്ന ഇരുചക്ര വാഹനങ്ങൾ ഉൾപ്പെടെയുള്ളവയെ കണ്ടെത്തുന്നതിനായി 08-12-2021 മുതൽ 17-12-2021 വരെ 'ഓപ്പറേഷൻ ഡെസിബൽ' എന്ന പേരിൽ പ്രത്യേക പരിശോധന നടത്തുകയും 4369 കേസുകളിലായി 15,95,000/- രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

14-02-2022 മുതൽ സംസ്ഥാനത്ത് 'ഓപ്പറേഷൻ സൈലൻസ്' എന്ന പേരിൽ അമിത വേഗതയിൽ അനിയന്ത്രിതമായ ശബ്ദം പുറപ്പെടുവിച്ചുകൊണ്ട് ഗതാഗത നിയമങ്ങൾ ലംഘിക്കുന്ന വാഹനങ്ങളുടെ പരിശോധന മോട്ടോർ വാഹന വകുപ്പ് നടത്തിവരുന്നു.

പ്രസ്തുത പരിശോധനയിൽ 18-02-2022 വരെ 2262 വാഹനങ്ങളുടെ നിയമലംഘനങ്ങൾ കണ്ടെത്തുകയും 12,63,000/- രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്. പരിശോധനകൾ കൂടുതൽ ശക്തമായി തുടരുന്നതായിരിക്കും. പൊതുജനങ്ങൾക്ക് ഇങ്ങനെയുള്ള പരാതികൾ ശ്രദ്ധയിൽപ്പെടുത്തുന്നതിനും എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെ ഫോൺ നമ്പരും വാട്ട്സാപ്പ് നമ്പരുകളും പരസ്യപ്പെടുത്തിയിട്ടുള്ളതുമാണ്. ഇത്തരത്തിൽ ലഭിക്കുന്ന പരാതികളിന്മേൽ അന്വേഷണം നടത്തി കർശന നടപടി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

കൂടാതെ പൊതുജന ബോധവത്കരണത്തിനായി പത്രം, റേഡിയോ, ദൃശ്യ, സാമൂഹ്യ മാധ്യമങ്ങളിലൂടെ ശക്തമായ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.